ഘൃതം വാ പയോ മൂത്രകൃച്ഛ്രാദിരോഗേ
ഽപാനം പ്രദിഷ്ടം ഭിഷഗ്ഭ്രപധുര്യൈഃ. ൭

കല്ലൂർവഞ്ചി വെളുത്താവണക്കിൻവേരു ദർഭവേരു മൂവിലവേ
രു തമിഴാമവേരു താന്നിക്കാത്തോട് ഇവ കഷായംവച്ച് അതിൽ
എണ്ണയോ നെയ്യോ പാലോ ചേർത്തു കാച്ചി ഉപയോഗിക്കുക; മൂ
ത്രകൃച്ഛ്രം ശമിക്കും.

മൂത്രക്ഷയലക്ഷണം.

രൂക്ഷസ്യ ച ശ്രാന്തതനോർഹി വസ്തി-
സ്ഥിതാവുഭൗ പിത്തസമീരണൗ ച
മൂത്രക്ഷയം വൈ കുരുതഃ പ്രകാമം
രുഗ്ദാഹയുക്തം കില തത്ര നിത്യം.

രൂക്ഷനും ക്ഷീണശരീരനും ആയ പുരുഷൻെറ വസ്തിയിൽ
പിത്തവും വായുവും കോപിച്ച് സ്ഥിതിചെയ്ത് മൂത്രക്ഷയത്തെ ഉ
ണ്ടാക്കും. അതിനു വേദനയും ചുട്ടുനീററലും ഉണ്ടായിരിക്കയും
ചെയ്യും. ഇതു മൂത്രക്ഷയത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

വാരാഹികാശാലിശിരീഷകാനാം
ജംബ്വാസ്ഥികാപാടലികാവിദാരീ-
ഗോകണ്ടകാരുഷ്കരദർഭകാശ-
പാഷാണഭേദാദികരമാരടാനാം. ൯

സമാനി മൂലാനി നിഗൃഹ്യ ചൈഷാം
സംക്വാഥ്യ തസ്മിൻ ഖലു പാദഹീനേ
ദത്വാ ഘൃതം പ്രസ്ഥമിതം പ്രപാചേൽ
കല്ക്കാൻ പ്രദദ്യാപ്യഥ വക്ഷ്യമാണാൻ. ൧൦

നീലോല്പലസ്യാപി ശിലാജതോശ്ച
കൂശ്മാണ്ഡബീജസ്യ ച ത്രാപുസസ്യ
ഏർവ്വാരുബീജസ്യ ച തദ്വദേവ
കാകോളികായാ അപി കല്ക്കയുക്തം. ൧൧

ഭദ്രാവഹം സിദ്ധഘൃതം ച നാമ്നാ
ഭുക്തം ക്ഷയം മൂത്രജമാശു ഹന്തി
തഥോഷ്ണവാതം വിനിഹന്തി ശീഘ്രം
യഥോക്തകാലേഷു ച പീതമാത്രം. ൧൨

നിലപ്പനക്കിഴങ്ങ് ചെന്നെല്ലിൻവേര് നെന്മേനിവാകത്തൊ
ലി ഞാവൽത്തൊലി പാതിരിവേര് പാൽമുതക്കിൻകിഴങ്ങ് ഞെ
രിഞ്ഞിൽ ചേക്കുരു ശുദ്ധിചെയ്ത് ദർഭവേര് ആററുദർഭവേര് ക
ല്ലൂർവഞ്ചിവേര്. പെരുംകുരുമ്പവേര് ഇവ സമങ്ങളായെടുത്ത്
പന്ത്രണ്ടു ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് നാലൊന്നാക്കി ഇട
ങ്ങഴി നെയ്യും ചേർത്ത് കരിംകൂവളക്കിഴങ്ങ് കന്മദം കുമ്പളങ്ങായു
ടെ അരി തൗക്ക വെള്ളരിക്കായുടെ അരി കാകോളി ഇവ കല്ക്കമാ
ക്കി കാച്ചിവച്ചിരുന്ന് സമയങ്ങളിൽ ഉപയോഗിക്കുക; മൂത്രക്ഷയം,
ഉഷ്ണവാതം ഇവ ശമിക്കും.

മൂത്രഗ്രന്ഥിലക്ഷണം.

അന്തർവസ്തിമുഖേടല്പവൃത്തസരുജോ ഗ്രന്ഥിഃ സ്ഥിരോ ജായതേ-
ശ്മർയ്യേ യഃ പ്രഥിതസ്തദേവ സഹസാ മൂത്രസ്യ ഗ്രന്ഥിസ്തു സഃ
അശ്മര്യാസ്തു ക്രമേണ വൃദ്ധിരുദിതാ തസ്യ തഥാ കീർത്തിതാ
പേയം തത്ര ശിലാപ്രഭേദമസകൃദ്ദ്ഗുളേന ഘൃഷ്ടം ച സിതാം. നെ-

വസ്തിയുടെ മുഖത്തിൻെറ ഉള്ളിൽ അല്പമായും വൃത്തത്തിലും ഉറപ്പോടുകൂടിയും ഒരു മുഴയുണ്ടാകും. ആ മുഴയ്ക്കു് അശ്മരിയ്ക്കുള്ളപോലെ വേദനയും കാണും. ഇതാണു് മൂത്രഗ്രന്ഥി. എന്നാൽ അശ്മരി ക്രമേണയാണു് വളൎന്നുവരുന്നതു്. മൂത്രഗ്രന്ഥി എളുപ്പത്തിൽ വളൎന്നുവരികയും ചെയ്യും. കല്ലൂർവഞ്ചിയുടെ വേരിട്ടു പാൽകാച്ചി പഞ്ചസാരയും ചേൎത്തു് പല പ്രാവശ്യം സേവിച്ചാൽ മൂത്രഗ്രന്ഥി ശമിക്കും.

മൂത്രശുക്ലലക്ഷണം.

ജ്ഞായായാതോ മൂത്രതസ്യാശു ശുക്ലം
വായുഃ കൃത്വാ ചോദിതം തേന തച്ച
പ്രാക്പശ്ചാദ്വാ മൂത്രിതസ്യാപി ഭസ്മ-
നീരം യദ്വദ്യാപതേ മൂത്രശുക്ലേ.

മൂത്രം ഒഴിക്കണമെന്നു തോന്നുമ്പോൾ മൂത്രം ഒഴിക്കാതെ ഭാര്യാസംഗം ചെയ്യുകനിമിത്തം വായു, മൂത്രത്തെ ഇളക്കീട്ടു് മൂത്രം ഒഴിക്കുന്നതിനു മുൻപോ മൂത്രം ഒഴിച്ചതിനു ശേഷമോ ഭസ്മം കലക്കിയ വെള്ളംപോലെ ശുക്ലം വെളിക്കുപോകും. ഇതാണു് മൂത്രശുക്ലം.

തച്ചികിത്സ.

ഏലാശിലാജതുകണാപ്രഭവം ച ചൂൎണ്ണം
പാഷാണഭേദസഹിതം സഹ തണ്ഡുലാനാം
നീരേണ പീതമപഹന്തി ച മൂത്രശുക്ലം
സദ്യോ വദന്തി ഭിഷജോ ന ഹി തത്ര ചിത്രം.

ഏലത്തരി കന്മദം തിപ്പലി കല്ലൂർവഞ്ചിവേരു് ഇവ എല്ലാംകൂടി ഉണക്കിപ്പൊടിച്ചു് അരിക്കാടിയിൽ സേവിക്കുക; മൂത്രശുക്ലം ശമിക്കും.

ഉഷ്ണവാതലക്ഷണവും ചികിത്സയും.

വ്യായാമാദ്ധ്വാദിഭിരപ്യവശ്യം
പിത്തം ച വസ്താവനിലാവൃതം ചേൽ
മേഢ്റം ഗുദം വസ്തിമലം ദഹദ്വാ
വിദ്രാവയേന്മൂത്രസമം സരക്തം.

ഹാരിദ്രവൎണ്ണം രുധിരം തഥാ ച
കൃച്ഛ്രാന്മുഹുൎവാപ്യഥമസ്യ ജന്തോഃ
തമുഷ്ണവാതം പ്രവദന്തി വൈദ്യാ
ദഘ്ന്യംബുനാ തത്ര തൃടിം പിബേച്ച.

അതിവ്യായാമം, വെയിൽകൊള്ളുക, അധികമായി വഴി നടക്കുക ഈ കാരണങ്ങളാൽ പിത്തം വായുവിനോടുകൂടി മൂത്രവസ്തിയിൽ പ്രാപിച്ചു് ലിംഗം, ഗുദം, വസ്തി ഈ ഭാഗങ്ങളെ ഏററവും ദഹിപ്പിച്ചു് മഞ്ഞൾ കലക്കിയ നിറത്തിലോ ചുവന്ന നിറത്തിലോ കൂടക്കൂടെ മൂത്രം ഒഴിക്കുകയോ അല്ലെങ്കിൽ രക്തംതന്നെ ഒഴിക്കുകയോ ചെയ്യുന്നതാണു് ഉഷ്ണവാതം. അതിന്നു് ചിററാമം പൊടിച്ചു് തൈരിൻവെള്ളത്തിൽ സേവിക്കണം.

മൂത്രസാദം.

പിത്തം കഫോ വാപി സമീരണേന
സാദ്ധ്യം ഭവേത്താം ച തതോऽതികൃച്ഛ്രാൽ
പീതം ഘനം ശോണമതീവരക്തം
ചൂൎണ്ണേന ശംഖസ്യ സമം ച മൂത്രം

ശുഷ്കം ച നാനാവിധവൎണ്ണയുക്തം
സ്രവേൽ സദാഹം സ തു മൂത്രസാദഃ
ഏരണ്ഡഗോകണ്ടകസിംഹവക്ത്ര-
കണാത്രുടീനാം മധുകേന സാൎദ്ധം.

ക്വാഥം പിബേച്ചൈലജതുപ്രഗാഢം
പാഷാണഭേദേന സമേന സിദ്ധം
സമൂത്രകൃച്ഛ്രം ഖലു മൂത്രസാദം
പീതം ത്ര്യഹാദ്ധന്തി ന തത്ര ചിത്രം

പിത്തമോ കഫമോ വായുവിനോടുചേൎന്നു കോപിച്ചാൽ മഞ്ഞനിറത്തിലും കൊഴുത്തും ചുവന്നും, ശംഖിൻപൊടിയ്ക്കു തുല്യമായും, ശുഷ്കമായും ഇങ്ങനെ നാനാനിറത്തിൽ പലരെ പ്രയാസപ്പെട്ടു് ചൂടോടുകൂടി മൂത്രം സ്രവിക്കാൻ ഇടയാകും. ഇതിനെ മൂത്രസാദം എന്നു പറയുന്നു.

തച്ചികിത്സ.

വെളുത്താവണക്കിൻവേരു് ഞെരിഞ്ഞിൽ ആടലോടകത്തിൻവേരു് തിപ്പലി ഏലത്തരി ഇരട്ടിമധുരം കല്ലൂർവഞ്ചിവേരു് ഇവ കഷായംവച്ചു കന്മദം മേമ്പൊടിചേൎത്തു സേവിക്കുക. മൂത്രകൃച്ഛ്രത്തോടുകൂടിയ മൂത്രസാദം നിശ്ചയമായും മൂന്നു ദിവസത്തിനകം ശമിക്കും.

വിഡ്വിഘാതലക്ഷണം.

രൂക്ഷദുൎബലതനോൎയ്യദി ചോൎദ്ധ്വം
സ്രോതോऽനുപദ്യേതജന ന്യയസ്യ

മൂത്രസ്യ വിട്ത്വം വരവൈദ്യധുയ്യാ
വിഡ്വാതകൃച്ഛ്രം തു സമാദിശന്തി. ൨൩

രൂക്ഷവും ദുർബ്ബലവും ആയ ശരീരത്തോടുകൂടിയവൻെറ മ
ലം, വാതത്തിൻെറ ഗതിയാൽ മേൽപ്പോട്ടായിത്തീന്ന്, മൂത്രാശ
യത്തേയും വസ്തിയേയും കടന്ന് വസ്തിക്കകത്തു ചെന്നുചേര
ന്നു. അപ്പോൾ മലത്തോടുകൂടിയോ മലത്തിൻെറ ഗന്ധത്തോടുകൂടി
യോ പണിപ്പെട്ടു മൂത്രം സ്രവിക്കും. ഇതിനെയാണ് വിഡ്വി
ഘാതം എന്നു പറയുന്നത്. ഇവിടെ മൂത്രം മലത്തോടുചേർന്നോ,
മലത്തിൻെറ ഗന്ധത്തോടുകൂടിയോ പോകും എന്നുള്ളതിന് മൂല
ത്തിൽ കാണിച്ചിട്ടില്ലെങ്കിലും "മൂത്രംസ്രോതോനുപദ്യേതവിട് സം
സൃഷ്ടം തദാനരഃ വിഡ്ഗന്ധം മൂത്രയേൽ കൃച്ഛ്രം" എന്നുള്ള അ
ന്യശാസ്ത്രമനുസരിച്ച് വ്യാഖ്യാനിച്ചിട്ടുള്ളതാണ്.

തച്ചികിത്സ.

നിരൂഹണം ചാത്ര കഷായപാന-
മുക്തം ച യന്മൂത്രനിരോധഹാരി
തൽസ്ഥാനസമ്മർദ്ദനസേചനാനി
കുര്യാദ് ഭിഷക് ചംക്രമണാവധി പ്രാക്. ൨൪

തഥാശ്വകാരോഹണയാവനാനി
ഹിതാനി തദ്വച്ച കടാവരോഹൈഃ
ഫലത്രികക്വാഥമലം ഗുഡേന
ക്ഷീരേണ പേയം ച വിശോ വിഘാതേ. ൨൫

കഷായവസ്തിചെയ്യുക; മൂത്രത്തടവിനെത്തടുക്കുന്നതായ ക
ഷായങ്ങൾ കൊടുക്കുക; ഗുദം മുതലായ സ്ഥാനങ്ങളെ മർദ്ദിക്കുക;
വിയർപ്പിക്കുക; നടത്തുക; കുതിരപ്പുറത്തുകയററി ഓടിക്കുക;
വണ്ടിയിൽ കയററി സഞ്ചരിപ്പിക്കുക; ഇവകൊണ്ട് വിഡ്വിഘാതം
ശമിക്കും. ഇതുകൂടാതെ ത്രിഫല കഷായംവച്ച് ശർക്കരയും പാലും
ചേർത്തു കുടിക്കുകയും ചെയ്യണം.

വസ്തികുണ്ഡലലക്ഷണം.

സലംഘനായാസഭിഘാതദുഷ്ടയാനൈ-
സ്തഥാഭിഘാതാച്ച പ്രപീഡനാദ്വാ
ഉദ്വൃത്തവസ്തിസ്തു നിജാശയാച്ചേദ്
ഗർഭേണ തുല്യോ ഭവതി സ്ഥവിഷ്ഠഃ. ൨൬

സ്പന്ദേന ശൂലേന ച ദാഹയുക്തോ
ബിന്ദുംശ്ച ബിന്ദുംശ്ച സ്രവേൽ സരുക്സഃ
സംപീഡനാദ്വാഥ പ്രവാഹണാദ്വാ
ധാരാഃ സൃജേൽ സ്തംഭയുതോ മനുഷ്യഃ. ൨൭

ഉദ്വേഷ്ടനാത്തിഃ കില വസ്തിപൂർവ-
രോഗോസ്തി തസ്യൈവ ച കുണ്ഡലാഖ്യഃ
സശസ്ത്രകാകോളസമസ്തു തത്ര
വായുഃ പ്രഭുഃ പിത്തയുതോഽത്ര ദാഹഃ. ൨൮

വിവർണ്ണതാ വാപി ഭവേച്ച മൂത്രേ
കഫാദ് ഘനസ്നിഗ്ദ്ധസിതാനി മൂത്രേ
വർണ്ണാനി ശോഫോഽപ്യതിഗൌരവം ച
ദുർബ്ബോധമാഹുഃ ഖലു മൂഢവൈദ്യൈഃ. ൨൯

പൊക്കമുള്ള സ്ഥലത്തുനിന്നും ചാടുക; ആയാസകരങ്ങളായ
കർമ്മങ്ങൾചെയ്യുക; അതിവേഗം വഴിനടക്കുക; അടിയേൽക്കുക;
പിടിച്ചുഞെക്കുക; ഈ കാരണങ്ങളാൽ വസ്തി സ്വസ്ഥാനത്തിൽ
നിന്നു തെററി ഊർദ്ധ്വമുഖമായിട്ട് ഗർഭംപോലെ വളരെ ഉറപ്പോടു
കൂടി വീർത്തുനില്ക്കും. ഇളക്കം വേദന ചുട്ടു ഇവയും കാണും. വേദന
യോടുകൂടി മൂത്രം തുള്ളിതുള്ളിയായി പോകും. ഞെക്കുകയോ മുക്കു
കയോ ചെയ്താൽ മൂത്രം ധാരയായും പോകും. സ്തംഭം, അംഗം ചു
റ്റിനോവുക, ഇവയും ഉണ്ടായിരിക്കും. ഇതിനെ വാതകുണ്ഡലം എ
ന്നുപറയുന്നു. ഇതു ശസ്ത്രവിഷങ്ങളോടു തുല്യമാണ്. ഈ രോ
ഗത്തിൽ വായുവിനാണ പ്രാധാന്യം;പിത്തസംബന്ധം ഉണ്ടായിരു
ന്നാൽ സർവാംഗസന്താപവും മൂത്രത്തിനു നിറം മാററവും സംഭവി
ക്കും. കഫസംബന്ധം ഉണ്ടെങ്കിൽ മൂത്രം കൊഴുത്തും സ്നേഹമയ
മായും വെളുത്തും ഇരിക്കുന്നതു കൂടാതെ വസ്തിഭാഗത്തു നീരും കന
വും ഉണ്ടാകും. വളരെ വിഷമമായ ഈ രോഗം മൂഢവൈദ്യന്മാ
ക്ക് അറിയാൻ അസാദ്ധ്യമാണ്.

തച്ചികിത്സ.

സ്നേഹൈശ്ച സംസേദ്യ പുനശ്ച തൈല-
വിരേചനം ചാത്ര ഗദേ വിശേഷാൽ
ദദ്യാത്തഥാ ചോത്തരവസ്തി മാശു
യദ്വാൽ പുരോസ്തീതി വിചാര്യ സമ്യക്. ൩൦

സ്നേഹങ്ങൾകൊണ്ടു വിയർപ്പിച്ചതിനുശേഷം തൈലവിരേ
ചനം ഉത്തരവസ്തി (ലിംഗദ്വാരത്തിൽ കൂടെ ചെയ്യുന്ന വസ്തി ഇ
വയിൽ യഥായോഗ്യം ഏതാണ മുമ്പേ വേണ്ടതെന്നാലോചിച്ചു
ചെയ്താൽ വാതകുണ്ഡലം ശമിക്കും.

അന്യയോഗം.

സപാടലാതിന്ദിശനിംബരാത്രി-
ത്രികണ്ടകൈലാതപചപത്രകാണാം
കഷായഃ ഫലാനാം ത്രിതയൈർഗുഡേന
പീതോ നിഹന്യാൽ കില കുണ്ഡലാഖ്യം. ൧൫

പാതിരിവേര് കാട്ടുവെള്ളരിയരി വേപ്പിൻതൊലി മഞ്ഞൾ ഞെരിഞ്ഞിൽ ഏലത്തരി ഇലവർങ്ഗം പച്ചില ത്രിഫല ഇവ കഷായംവച്ചു ശക്കര മേമ്പൊടി ചേൎത്തു സേവിക്കുക. വാതകുണ്ഡലം ശമിക്കും.

രക്തബിന്ദുലക്ഷണം.

സ്ത്രീണാം പ്രസംഗാധികതോ നരസ്യ
സംസിച്യതേ ശോണിതമേവ യസ്യ
ചേന്മൈഥുനസ്യാപരമേ ച രക്ത-
ബിന്ദുഃ പ്രവൃദ്ധൈർഗദിതസ്തു വൈദ്യൈഃ. ൧൬

സ്ത്രീകളുടെ കാൎയ്യത്തെ കുറിച്ചു് അധികം പ്രസംഗിക്കുകനിമിത്തമോ മൈഥുനത്തിന്റെ അവസാനത്തിലോ ലിംഗദ്വാരത്തിൽകൂടെ ചോരവന്നാൽ അതിനെ വൃദ്ധവൈദ്യന്മാർ രക്തബിന്ദുവെന്നു പറയുന്നു.

തച്ചികിത്സ.

ചിത്രാദ്യംഘൃതം.

കൃശാനുപൎണ്ണീദ്വയഗോസ്തനീനാം
കണാവിശാലാത്രിഫലാബലാനാം
കടംകടേരീമധുകാമലാനാം
കഷായൈശ്ച കല്കൈശ്ച ഘൃതാഢകം ച. ൧൭

ദ്രോണേന ദുഗ്ദ്ധേന ജലേന തദ്വ-
ദിക്ഷുപ്രഭൂതേന രസേന സിദ്ധം
പ്രസ്ഥേന ഖണ്ഡേന ച വംശജേന
സംമിശ്ര്യ ഭുംജീത യഥാബലം ച. ൧൮

സരക്തബിന്ദുശ്ച സഗ്രന്ഥിരേതാഃ
സശ്ലേഷ്മരേതാശ്ച സവാതരേതാഃ
യാ വാപി വന്ധ്യാ ഹ്യബലാപി സാപി
സുതാസുതാനാം പ്രഭവായ സേവേൽ. ൧൯

യേ യോനിലിംഗപ്രഭവാശ്ച രോഗാ
അസൃഗ്ഭവാഃ കൃച്ഛ്രപുരസ്സരാശ്ച
ചിത്രാദികം തത്ര ഗദേഷ്വവശ്യം
മൂത്രാദികൃച്ഛ്രേഷു ഹിതം വിശേഷാൽ. ൨൦

കൊട്ടുവേലിക്കിഴങ്ങു കാട്ടുഴുന്നു കാട്ടുപയറു മുന്തിരിങ്ങാപ്പഴം തിപ്പലി കാട്ടുവെള്ളരിവേര ത്രിഫല കുറുന്തോട്ടിവേര മരമഞ്ഞത്തൊലി ഇരട്ടിമധുരം കീഴാനെല്ലി ഇവ കഷായംവച്ചു് ഈ മരുന്നുകൾതന്നെ കല്ക്കമായി നാലിടങ്ങഴി നെയ്യു് കാച്ചുക. ഇതിൽ ചെളിപാകത്തിൽ ൧൬ ഇടങ്ങഴി പാലും പതിനാറിടങ്ങഴി കരിമ്പിൻനീരും ചേൎക്കണം. പാത്രപാകമായി ഇടങ്ങഴി പഞ്ചസാരയും അത്രയും കൂവനൂറുംകൂടി ചേൎത്തുകൊള്ളണം. ഈ നെയ്യു സേവിച്ചാൽ രക്തബിന്ദു, ഗ്രന്ഥിശുക്ലം ശ്ലേഷ്മശുക്ലം വാതശുക്ലം ഇവ ശമിക്കും. വന്ധ്യയായ സ്ത്രീയുംകൂടി പുത്രികളേയും പുത്രന്മാരെയും പ്രസവിക്കും. യോനിരോഗം, ലിംഗരോഗം, രക്തജങ്ങളായ രോഗങ്ങൾ, ഇവയും ശമിക്കും. വിശേഷിച്ചും മൂത്രകൃച്ഛ്രങ്ങൾക്കു് വളരെ ഹിതമാണു്.

മൂത്രകൃച്ഛ്രോപദ്രവങ്ങൾ.

ഹൃൽപീഡനം വേപഥുശൂലമൂർച്ഛാ-
ദാഹോഽഗ്നികാർശ്യം രുധിരസ്രുതിശ്ച
ഭവന്ത്യുദാവൎത്തഗുരുത്വയുക്താ
ഹ്യുപദ്രവാദ്ധ്മാനപുരസ്സരാ ദിക്ഷ. ൨൧

ഹൃദയപീഡ, വിറയൽ, ശൂലം, മോഹാലസ്യം, സൎവ്വാംഗസന്താപം, അഗ്നിമാന്ദ്യം, രക്തസ്രവണം. ഉദാവൎത്തം, ശരീരത്തിനു കനം, വയറുവീൎപ്പു്, ഇങ്ങനെ പത്തു് ഉപദ്രവങ്ങൾ മൂത്രകൃച്ഛ്രത്തിൽ സംഭവിക്കും.

സാദ്ധ്യാസാദ്ധ്യലക്ഷണം.

കഫനിബദ്ധബിലോ ഭവതീഹ ചേ-
ദ്യദി തു വസ്തിരലം ബഹുമായുനാ
സമമുദീൎണ്ണതരോ ന ഹി സിദ്ധ്യതി
ന ച തഥാ ഖലു കുണ്ഡലികീകൃതഃ. ൨൨

അവിഭ്രാന്തബിലഃ പരിസാദ്ധ്യതേ
ന വിഭ്രാന്തബിലഃ പരിസാദ്ധ്യതേ
അവിഭ്രാന്തമലം യദി മൂത്രതേ
ഹ്യവിഭ്രാന്തമലം യുവതിഷ്യതേ. ൨൩

വസ്തിമുഖത്തിലെ ദ്വാരം കഫത്താലും ബദ്ധ പിത്തത്താലും തടുക്കപ്പെട്ടതായ മൂത്രകൃഛ്റവും; കഫത്താൽ മൂത്രദ്വാരം തടുക്കുകയാൽ അകത്തു് വായു കുണ്ഡലാകൃതിയിൽ ഇരിക്കുന്നതായ മൂത്രകൃഛ്റവും അസാദ്ധ്യമാണു്. കഫത്താൽ വിലദ്വാരം തടുക്കാതെയുള്ളതും, അതിവിഭ്രമം കൂടാതെ മൂത്രിക്കുന്നതും, സ്ത്രീസംഗത്തിൽ അധികവിഭ്രമം ഇല്ലാത്തതും ആയ മൂത്രകൃഛ്റം സാദ്ധ്യമാണു്.

മൂത്രകൃഛ്റം വിട്ടുമാറിയാലുള്ള ലക്ഷണം.

ഇതി മൂത്രഗദസ്യ നിവേദിതാ
വിഗതിരസ്യ തനോഃ ഖലു ദൂരതഃ
യദി ശോഥനിവൃത്തിരലം തഥാ
വ്യപിച കുക്ഷിമൃദുത്വമലം യഥാ. ൧൦൦

ദേഹത്തിലുള്ള നീരു് ഇല്ലാതാകുക; കുക്ഷിമാർദ്ദവം, ഇവ മൂത്രകൃഛ്റം വിട്ടുമാറിയാലുള്ള ലക്ഷണമാണു്.

ആയുർവേദവിദോ ജയന്തു സതതം
ശ്രീതാതവക്ത്രാംബുജ-
പ്രാദുർഭൂതകൃപാമരന്ദാപരിചിത
സ്നേഹോക്തയഃ ശാസ്ത്രജ്ഞാഃ
യജ്ജ്ഞാത്വാ ഖലു കാശിനാഥഭിഷജാ
യസ്യൗരസേന ധ്രുവം
ക്ലൃപ്താ മൂത്രഗദസ്യ കൃഛ്റസഹിത
സ്യാലം ചികിത്സാ സ്ഫുടം. ൧൦൧

ശ്രീ ഗുരുഭൂതനായ താതന്റെ മുഖപങ്കജത്തിൽനിന്നും ദയയോടുകൂടി പുറപ്പെട്ടതും, ആയുർവേദശാസ്ത്രപരിജ്ഞാനം സിദ്ധിച്ചതും ആയ സ്നേഹോക്തികൾ സർവ്വോൽക്കർഷേണ വർത്തിക്കുന്നു. ആ ഗുരുഭൂതനാൽ അരുളപ്പെട്ട ശാസ്ത്രമർമ്മങ്ങളെ അറിഞ്ഞു് അതനുസരിച്ചു് അദ്ദേഹത്തിന്റെ പുത്രനായ കാശിനാഥൻ മൂത്രകൃഛ്റരോഗത്തിന്റെ ചികിത്സയും ഇവിടെ പറഞ്ഞിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
മൂത്രകൃഛ്റാധികാരം എന്ന ൨൩-ാം
സ്തബകം കഴിഞ്ഞു.

അഥ സപ്തവിംശസ്തബകഃ.

അശ്മര്യധികാരം.

—:*:—

നത്വാ താതപദാരവിന്ദയുഗളം ദൃഷ്ട്വാ ച വൈദ്യാഗമം
കാശീനാഥഭിഷഗ്വരഃ പ്രകുരുതേ പ്രായോऽശ്മരീലക്ഷണം
ഉക്തം യച്ച ചികിത്സിതം സുവിദിതം രൂപം നിദാനാദികം
പ്രാഗ്രൂപപ്രശമാദികം സുമതിഭിഃ സമ്യഗ്വിലോക്യം സ്ഫുടം. ൧

അച്ഛന്റെ കാൽത്താമരകളെ വന്ദിച്ചു് വൈദ്യശാസ്ത്രങ്ങളെ പരിശോധിച്ചു് വൈദ്യവര്യനായ കാശിനാഥൻ അശ്മരീരോഗത്തിന്റെ ലക്ഷണം, ചികിത്സ നിദാനപ്രാഗ്രൂപാദികൾ ഇവയെ വിദ്വജ്ജനമതമനുസരിച്ചു് ഇവിടെ പറയാൻ പോകുന്നു.

അശ്മരീനിദാനം.

പിത്തം വായുഃ കഫോ വാ യദി ച ബദ്ധവിധാ
വസ്തിഗം ശുക്ലമാശു
മൂത്രം ചാപ്യഥ തദ്വൽ ഖലു നിയതമദഃ
ശോഷയേദ്യത്ര നിത്യം
തം രോഗം വൈദ്യവര്യാ ഋജുദള-
നപരാശ്ചാശ്മരീം പ്രാഹുരാര്യാ-
സ്തസ്യാഃ പൂർവ്വം തു രൂപം നിഖിലമപി തഥാ
തൽസ്വരൂപം ച വക്ഷ്യേ. ൨

വായു, പിത്തത്തോടും കഫത്തോടും ചേർന്നു് വസ്തിയിൽ ഇരിക്കുന്ന ശുക്ലത്തെയോ മൂത്രത്തെയോ നിത്യവും ശോഷിപ്പിക്കുന്നു. ഇതിനെയാണു് അശ്മരി എന്നു പറയുന്നതു്. ഇനിയും ആ അശ്മരിയുടെ പൂർവ്വരൂപം ലക്ഷണം മുതലായവയേയും പറയുന്നു.

അശ്മരിയുടെ പൂർവ്വരൂപം.

വസ്ത്യാദ്ധ്മാനം തദാ സ്യാദപിച ഖലു യദാ
തസ്യ ചാസന്നദേശേ-
ഷ്വാപീഡാ ബസ്തഗന്ധം പ്രസരതി ച തഥാ
മൂത്രകൃഛ്റം ച മൂത്രേ
യത്ര സ്യാൽ പൂർവ്വരൂപം നിഗദിതമഖിലം
ചാശ്മരീശർക്കരാണാം
വേഗസ്തദ്വജ്ജ്വരസ്യ പ്രഭവതി സഹസാ
ചാരുചിസ്തത്ര നിത്യം.

വസ്തിയുടെ മേൽഭാഗം വീക്കം; വസ്തിക്കടുത്തുള്ള ഭാഗത്ത് വേദന, മൂത്രത്തിന് ആട്ടിൻമൂത്രത്തിന്റെ ഗന്ധം, മൂത്രം പണിപ്പെട്ടുപോവുക, ജ്വരം, അരുചി, ഇവയെല്ലാം അശ്മരിയുടെ പൂർവ്വരൂപങ്ങളാണ്.

അശ്മരീലക്ഷണം.

തദ്നാഭിവസ്തിസ്സിരസീവനി ലിംഗ-
ദേശേ വിശീർണ്ണം യദി മൂത്രധാരം
അച്ഛം ച ഗോമേദനിഭം ക്ഷതാസ്ര-
സമാ സമായാസതജഃ സ്രവേച്ച. ൪

മാർഗ്ഗാവരോധം കുരുതേഽശ്മരീ സാ
ഗോരോചനാവാരിധിഫേനതുല്യാ
ഗോമേദകാഭാ ച ഭവേച്ച പിത്താൽ
കഫാച്ച വാതാച്ച ത്രിഭിർവിചിത്രാ. ൫

നാഭി, വസ്തി ഇവയുടെ അഗ്രഭാഗത്തും ലിംഗത്തിലും വേദന, അശ്മരിയാൽ മൂത്രമാർഗ്ഗം അടഞ്ഞിരിക്കുമ്പോൾ മൂത്രം ധാര മുറിഞ്ഞു പോകുക; അശ്മരി, മൂത്രദ്വാരത്തിൽനിന്നും മാറിയിരിക്കുമ്പോൾ നിർമ്മലമായും ഗോമേദകമണിക്കു തുല്യമായും സ്രവിക്കുക; ഇവ അശ്മരിയുടെ ലക്ഷണമാണ്. ആയാസകരങ്ങളായ ഏതെങ്കിലും കർമ്മം ചെയ്താൽ അതുനിമിത്തം അശ്മരി മുറിഞ്ഞ് രക്തത്തോടുകൂടി മൂത്രംപോകുകയും ദേഹായാസകരങ്ങളായ കർമ്മങ്ങൾകൊണ്ട് വേദനയുണ്ടാകുകയും ചെയ്യും. പിത്തത്താലുള്ള അശ്മരി ഗോരോചനനിറത്തിലും, കഫത്താലുള്ള അശ്മരി കടൽനുരയ്ക്കുതുല്യമായും വാതത്താലുള്ള അശ്മരി ഗോമേദകനിറത്തിലും ത്രിദോഷകോപത്താലുള്ള അശ്മരി നാനാവർണ്ണത്തിലും ഇരിക്കും. ഇവ മൂത്രത്തെ തടയുകയും ചെയ്യും.

അശ്മരിയിൽ ശീലിക്കേണ്ടവ.

ശ്യാമാകകോദ്രവയവാവരഷഷ്ടികാനാം
ഗോധൂമജീർണ്ണസിതതണ്ഡുലകാഢകീനാം
കൌലത്ഥക്രൌഞ്ചപലലൈരപി പത്ഥ്യമത്ര
കുര്യാച്ച വാതഹരദ്രവ്യവിശേഷസംഘൈഃ. ൬

ചാമ വരക് യവം ഞവര പഴകിയ ഗോതമ്പ് വെളുത്ത ചെറുചീര തുവര മുതിര ക്രൌഞ്ചപക്ഷിയുടെ മാംസം ഇവയും വാതഹരങ്ങളായ സകല ദ്രവ്യങ്ങളും അശ്മരീരോഗിക്കു പത്ഥ്യമാണ്.

അശ്മരിയുടെ സാമാന്യചികിത്സ.

ത്രികണ്ടബീജസംഭവം രജസ്സമം തു മാക്ഷികൈഃ
അജാപയോനുപീതം പിബേച്ച സപ്തധാശ്മരീപ്രണുൽ. ൧

ഞെരിഞ്ഞിൽ ഉണക്കി പൊടിച്ച് തേനും ചേർത്ത് ആട്ടിൻപാലിൽ സേവിക്കുക; എല്ലാ അശ്മരിയും ശമിക്കും.

അന്യയോഗം.

വരുണവല്ക്കലകല്ക്കകഷായകൈർ-
ഗുഡയുതൈരപി പീതതരൈരലം
പതതി ചാശ്മരികാ ശകലീകൃതാ
ദൃതമലം വിദൃതാഽവിദൃതാഥവാ. ൨

നീർമരുതിൻതൊലി കഷായംവച്ച് അതിൽ നീർമരുതിൻതൊലി അരച്ചു കലക്കി തിളപ്പിച്ച് ശർക്കരയുംചേർത്ത് സേവിക്കുക. അശ്മരി പൊടിഞ്ഞു തകർന്നുപോകും.

വേറൊരു യോഗം.

ശുണ്ഠിവേരകകാലേയകപത്ഥ്യാക്ഷാരകൈർയവഭവൈർദ്ധിമണ്ഡം
പീതമാത്രമപി ഹന്തി വിശേഷാദശ്മരീം ദൃഢതമാമപിശീഘ്രം.

ചുക്ക് പീതചന്ദനം കടുക്കാത്തോട് ചവക്കാരം ഇവ പൊടിച്ച് തൈരിൻതെളിയിൽ സേവിക്കുക; എത്ര കട്ടിയായ അശ്മരിയും വേഗത്തിൽ ശമിക്കും.

മറ്റൊരുയോഗം.

പലദ്വയൈഃ കുലത്ഥകൈഃ ശൃതം ച ബാണപുംഖജം
പലം ദ്വിമാസസമ്മിതം ച പീതമശ്മരീപ്രണുൽ. ൩

കൊടിക്കൊഴിഞ്ഞ (കൊഴുപ്പ) ഒരുപലം മുതിര രണ്ടുപലം ഇവ കഷായംവച്ച് മുടങ്ങാതെ രണ്ടുമാസം സേവിക്കുക; അശ്മരി ശമിക്കും.

ത്രിവിക്രമരസം.

അജാക്ഷീരൈഃ പാച്യം മൃതമപി ച താമ്രം മൃതരസം
സമം സൂതം ഗന്ധം സമമപി ച ശേഫാലികരസൈഃ
ദിനം മർദ്യം ഗോളീകൃതമപി ച പാച്യം തു സകലം
യഥാ യന്ത്രേ യാമം നിഖിലസികതാന്തർഗതമലം. ൪

ത്രിവിക്രമോ രസോ ധ്രുവം ദ്വിഗുഞ്ജസമ്മിതോഽശിതഃ
നിംബൂഷ്യ മാതുളുംഗജൈർജടാരസൈശ്ച നിത്യശഃ. ൫

നിപാതയേത്തഥാശ്മരീ ച മാസമാത്രപാനതഃ
ത്രിവിക്രമാനുപാനമേവ സർവ്വഥാ പ്രയോജിതം. ൧൩

ശുദ്ധമായ താമ്രഭസ്മം അതിനുസമം ശുദ്ധമായ രസവും ഗന്ധകവുംകൂടി ചേൎത്ത് ആട്ടിൻപാലിൽ പചിച്ചതിനുശേഷം കരിനൊച്ചിനീരിൽ ഒരുദിവസം അരച്ച് ഗോളാകൃതിയാക്കി വാലുകായന്ത്രത്തിൽ ഒരു യാമം പചിച്ച് മണ്ണിനടിയിൽ ഇട്ടിരുന്ന് അറിയാൽ എടുത്ത് രണ്ടുകുന്നിയിടവീതം ഗുളികയാക്കിവച്ച് മാതളനാരങ്ങയുടെ വേരിന്റെ നീരിൽ സേവിക്കുക; ഇങ്ങനെ ഒരുമാസകാലം ഈ രസം മുടങ്ങാതെ സേവിച്ചാൽ നിശ്ചയമായും അശ്മരി വീണുപോകും. ഈ രസത്തിന് ത്രിവിക്രമരസം എന്നു പേർ.

അന്യയോഗം.

തിലാനാമപാമാർഗ്ഗജം യൽ കദല്യാ
യവസ്യാപി കാണ്ഡം പലാശസ്യ ദാരു
സമം സർവ്വമേതൽ പുടേ ചാപി ദഗ്ദ്ധം
അജാമൂത്രപീതം തു നിഷ്കം തഥൈവ. ൧൪

എള്ളിൻകോച്ചിൽ ചെറുകടലാടി കദളിവാഴമാണം യവത്തിൻതണ്ട് പ്ലാശിൻതടി ഇവ എല്ലാംകൂടി ഒരു കലത്തിൽ ഇട്ട് വേറൊരു ചട്ടികൊണ്ടടച്ച് പുടംചെയ്ത് ക്ഷാരമാക്കി എടുത്ത് കാൽപലംവീതം ആട്ടിൻമൂത്രത്തിൽ സേവിക്കുക; അശ്മരി ശമിക്കും.

തഥാ വന്ധ്യാകർക്കോടികാമൂലകല്കം
സിതാക്ഷൌദ്രയുക്തം തു സപ്താഹപീതം
ഭിനത്ത്യശ്മരീം ശംഭുനാ ഭാഷിതോऽയം
ജയാം വാ ജയന്തീം തഥാ ധാന്യനീരൈഃ. ൧൫

കാട്ടുപാവലിൻവേർ മൂന്നുകഴഞ്ച് പൊടിച്ച് പഞ്ചസാരയും തേനും ചേൎത്ത് ഏഴ്ദിവസം സേവിക്കുക അശ്മരി ശമിക്കും. ഇത് ശംഭുവിനാൽ പറയപ്പെട്ടിട്ടുള്ളതാണ്. കാട്ടുകരയോ പുഴമുഞ്ഞയോ അരിക്കാടിയിൽ സേവിച്ചാലും അശ്മരി ശമിക്കും.

അന്യയോഗം.

രസപർപ്പടികേന്ദ്രവാരുണീജടയാ ഗോപയസംഭൃതേന നിത്യം
അപി സപ്തദിനാനി സേവതേ ശകലീകൃത്യ ഭിനത്തി ചാശ്മരീം ദ്രാക്. ൧൬

നറുംപശ കരിങ്കച്ചോലം കാട്ടുവെള്ളരിവേരു ഇവ പച്ചവെള്ളത്തിൽ അരച്ച് പശുവിൻപാലിൽ കലക്കി ഏഴ്ദിവസം മുടങ്ങാതെ സേവിച്ചാൽ നിശ്ചയമായും അശ്മരി പൊടിഞ്ഞുപോകും.

വാതാശ്മരി.

വാതാൽ ദന്താൻ ഖാദതി പീഡയാർത്തോ
നാഭിം പ്രായഃ പീഡയേല്ലിംഗദേശം
ഗൃഹ്ണൻ മൂത്രം ത്യജ്യതേ കിഞ്ചിദേവ
വായോർവേഗാൽ സംക്വണൻ ബിന്ദുശശ്ച. ൧൭

കിഞ്ചിൽ കിഞ്ചിദപാ മലം യത്ര രോഗേ
ശ്യാവാ രക്താ ചാശ്മരീ കണ്ടകാഢ്യാ
തസ്യാഃ പൂർവ്വേ രൂപ ഏവാത്ര വൈദ്യൈഃ
സ്നേഹാദ്യാ വൈ പ്രായശോ യോജനീയാഃ. ൧൮

വേദനയാൽ പരവശനായി പല്ലുകടിക്കുക; നാഭിയെ ഞെക്കുക; ലിംഗത്തിൽ പിടിക്കുക; തുള്ളിതുള്ളിയായി മൂത്രംപോകുക; അധോവായുവിനോടുകൂടി മലം വെളിക്ക പോകുക; ഇവ വാതാശ്മരിയുടെ ലക്ഷണമാണ്. വാതാശ്മരി, കറുവാളിച്ചും ചുവന്നും മുള്ളുകളാൽ വ്യാപിച്ചും ഇരിക്കും. ഈ വാതാശ്മരിയുടെ പൂർവ്വരൂപം കണ്ടുതുടങ്ങുമ്പോൾതന്നെ അതിന് സ്നേഹാദികർമ്മം പ്രയോഗിക്കണം.

തച്ചികിത്സ.

ശുണ്ഠ്യഗ്നിമന്ഥാശ്മഭിദപത്ഥ്യാ-
ഗോകണ്ടകാരഗ്വധവീരണാനാം
ശിഗ്രുശൃതോ ഹിംഗുയവാഗ്രജാഭ്യാം
വാതാശ്മരീം കൃച്ഛ്രതമാം ഭിനത്തി. ൧൯

ചുക്കു മുഞ്ഞവേരു കല്ലൂർവഞ്ചിവേരു കടുക്കാ ഞെരിഞ്ഞിൽ കൊന്നത്തൊലി രാമച്ചം മുരിങ്ങത്തൊലി ചവൎക്കാരം ഇവ കഷായംവച്ച് കായം മേമ്പൊടിചേൎത്ത് സേവിക്കുക; വാതാശ്മരി ശമിക്കും.

അന്യയോഗം.

വരുണവല്കലഗോക്ഷുരവിശ്വകൈർ-
ഗുഡയവാഗ്രശൃതൈരശിതൈർധ്രുവം
പ്രബലവായുഭവാശ്മരികാ ദ്രുതാ
ചരഭവാ കണശഃ കണശഃ പതേൽ. ൨൦

നീർമരുതിൻതൊലി ഞെരിഞ്ഞിൽ ചുക്ക ചവക്കാരം ഇവ കഷായംവച്ച് ശർക്കര മേമ്പൊടിചേർത്ത് സേവിക്കുക; വായുവി ന്റെ ശക്തിയാൽ ഉണ്ടായതും, ഉറപ്പോടുകൂടിയതും, പഴകിയതും ആയ അശ്മരിയും കുറേശ്ശക്കുറേശ്ശ വീണുപോകും.

പിത്താശ്മരി.

ദന്ദഹ്യതേ പിത്തഭവാസു വസ്തിർ-
ഭല്ലാതകാസ്ഥിപ്രമിതാ ച പീതാ
രക്താ സിതാ ചാശ്മരികാ വിശേഷാൽ
പാപച്യമാനേവ തദാത്ര കുഷ്ഠാൽ. ൨൪

പിത്തജമായ അശ്മരിക്ക് വസ്തി ദഹിക്കുന്നതുപോലെ ചൂ ടോടുകൂടിയിരിക്കും. അശ്മരി ചേക്കുരുവിന്റെ ആകൃതിയിലും, മ ഞ്ഞയോ ചുവപ്പോ കറുപ്പോ ആയ നിറത്തിലും ഇരിക്കും.

തച്ചികിത്സ (കുശാദിഘൃതം)

കുശകാശശരോൽകടാശ്മഭി-
ത്തൃപുസൈര്വാരുകബീജകാദിബീജൈഃ
സവിദാരിവരാഹമൂലികാഭിഃ
കമലാദ്യൈകശ്ശരപി മോരടേന ഗുന്ദ്രൈഃ. ൨൫

അഥ ദർഭകുരണ്ഡികാശിരീഷൈ-
രമൃതം ഗവ്യ മലം ത്തു പാടലാഭിഃ
മധുരൈർമ്മധുകേന പാഠയാ ചാ-
പ്യനവേപ്രനാഗപ്രസാധിതം ത്തു. ൨൬

ഗദിതം ദിനനാഥസൂനുനാ
സ്വഗദേശാരവരേണ ഭല്ലുകൈസ്തു
അശിതം ഖലു പിത്തജാശ്മരീണാ-
മപി പത്തൂരികസംയുതന്തു സംഘഃ. ൨൭

ശകലം ശകലീകരോത്യലം വാ
ജതുനാശ്മപ്രഭവേന സംയുതം ചേൽ
കുശകാദിഘൃതം തഥൈവ നിത്യം
ബഹുപിത്തപ്രഭവാശ്മരീഷു സേവ്യം. ൨൮

ദർഭവേരു ആറുദർഭവേരു മുഞ്ജപ്പുല്ലിൻവേരു ഇലവർങ്ഗം കല്ലൂർവഞ്ചിവേരു പച്ചനിറമുള്ള കക്കരിക്കാ വെള്ളരിക്കാ മുതലാ യവയുടെ അരി, പാൽമുതക്കിൻകിഴങ്ങു നിലപ്പനക്കിഴങ്ങു താമ ക്കായുടെ അരി പെരുങ്കുരുമ്പ അമ്പൊട്ടലിൻവേരു മഞ്ഞക്കുറുഞ്ഞി

നെന്മേനിവാകത്തൊലി പാതിരിവേരു മധുരദ്രവ്യങ്ങൾ ഇരട്ടിമധു രം പാടക്കിഴങ്ങു തഴിഴാമവേരു പലകപ്പയ്യാനിവേരു പത്തങ്ങം കന്മദം ഈ മരുന്നുകൾ കല്കമായി നെയ്യ്കാച്ചി നിത്യവും സേവി ക്കുക; പിത്തജാശ്മരി പൊടിഞ്ഞുപോകും. ഭാവപ്രകാശത്തിൽ കന്മദം ഇരട്ടിമധുരം നീലത്താമരയുടെ അരി കക്കരി വെള്ളരിക്കാ മുതലായവയുടെ അരി, ഇവ കല്കമായും, ദർഭവേരു ആറുദർഭവേ രു മുതലായ മരുന്നുകൾ കഷായമായും ചേക്കണം എന്നു പറഞ്ഞി രിക്കുന്നു. ഇതുകൂടാതെ കഷായത്തിൽ ചെന്നെല്ലിൻവേരും ഞെ രിഞ്ഞിലും കൂട്ടതലായും കാണുന്നു.

അശ്മരീഭേദിരസം.

സൂതം ശുദ്ധം ഗന്ധകം തദ്ദ്വിഭാഗം
ഭൂയോ ഭൂയശ്ശ്വേതവൃക്ഷീരസേന,
പിഷ്ട്വാ ഗോളം ഭൂധരേ തദ്ദിനൈകം
പക്ത്വാ പ്രോക്തശ്ചാശ്മരീഭേദിസംജ്ഞഃ. ൨൯

പാഷാണഭേദജരജസ്സമമാഷയുഗ്മ-
മശ്നൻ തദാശ്മ ബഹുധാശ്മരിഭേദനം സ്യാൻ.
ഗോപാലകക്കടകജാതജടാകുലിത്ഥ-
കാഥം പിബേന്നിശി ച ഗോക്ഷുരമൂലജാതം. ൩൦

ശുദ്ധിചെയ്ത രസം ഒരുഭാഗം, ഗന്ധകം ൨ ഭാഗം, ഇവ ര ണ്ടുംകൂടിചേർത്ത് പലപ്രാവശ്യം വെളുത്ത തവിഴാമക്കഷായത്തിൽ അരച്ച് ഗുളികയാക്കി ഭൂധരയന്ത്രത്തിൽ ഒരുദിവസം മുഴുവൻ (൬൦ നാഴിക) സ്ഫുടംചെയ്ത്, പൊടിച്ച് രണ്ട് ഉഴുന്നിൻപ്രമാണം ക ല്ലൂർവഞ്ചിവേരിൻപൊടിയും ചേർത്ത് സേവിക്കുക; എതുവിധത്തി ലുള്ള അശ്മരിയും ശമിക്കും. ഈ രസത്തിന് പകൽ ചെട്ടിവെ ള്ളരിവേരും പഴമുതിരയുംകൂടി കഷായംവച്ചും, രാത്രിയിൽ ഞെരി ഞ്ഞിൽ കഷായംവച്ചും അനുപാനമായി സേവിക്കണം.

കഫജാശ്മരി.

കഫേന ശീതാ ഗുരുതായുക്താ
വസ്തിസ്തു നിസ്തുദ്യത ഏവ തത്ര
ശ്ലക്ഷ്ണാ സിതാ വാ മധുവർണ്ണയുക്താ
പ്രായോ ഭവേൽ സാ ഖലു ബാലകാനാം. ൩൧

മഹാശ്മരീ സാശ്രയകാല്പകത്വാൽ
വസ്തേസ്തു ബാലസ്യ ഗൃഹീതമേഷാ

നചൈവ ചാസ്യോപചയാന്നിതാന്ത-
മുൽപാടനം ശസ്ത്രവരേണ കുര്യാൽ. ൧൯

തണുപ്പ്, ഗുരുത്വം, വസ്തിക്ക് സൂചികൊണ്ടു കുത്തുന്നപോലെ വേദന, അശ്മരി, വെളുത്തും, മിനുസമുള്ളതായും തേൻനിറമായും, വലുതായും ഇരിക്കുക; ഇവ കഫാശ്മരിയുടെ ലക്ഷണമാണ്. ഈ അശ്മരി മിക്കവാറും ബാലന്മാൎക്കാണ് ഉണ്ടാവുക. എന്നാൽ ബാലന്മാരുടെ വസ്തിയും അശ്മരിയും ചെറുതായിരിക്കുന്നതുകൊണ്ട് അവൎക്കുണ്ടാകുന്ന അശ്മരി ശസ്ത്രംകൊണ്ട് എടുക്കരുത്.

തച്ചികിത്സ.

ദ്രാക്ഷാശിലാജതുവിഷാണി ച ദന്തിനീ ച
പാഷാണഭേദരജനീദ്വയനൈശ്ശിവാ ച
മാഷൈകമാത്രമഖിലം തു നരേണ സേവ്യ-
മാശ്വശ്മരീഹരമിദം ചെലു നേമിബാലൈഃ. ൨൦

ക്ഷാരം തിലാനാമപി കാണ്ഡജാതം
ക്ഷീരൈസ്തഥാ നിഷ്കമലം ദ്വയം ച
തത്രാനുപേയം ദിവസേ ച ബാലൈര്‍-
നരൈസ്ത്വഥാസ്ത്രം ദിവസേ നിശായാം. ൨൧

മുന്തിരിങ്ങാപ്പഴം കന്മദം ശുദ്ധിചെയ്ത വത്സനാഭി നാഗദന്തിവേരു കല്ലൂർവഞ്ചിവേരു മഞ്ഞൾ കടുക്കാത്തോട് ഇവ പൊടിച്ച് കൊട്ടവേലിക്കഷായത്തിൽ അരച്ച് ഉഴുന്നിൻപ്രമാണം ഗുളികയുരുട്ടി ഉണക്കി സേവിക്കുക; അശ്മരി ഇല്ലാതാകും, ഈ രസത്തിന് എള്ളിൻകോച്ചിൽ ചുട്ട് ക്ഷാരമെടുത്ത് പാലിൽ കലക്കി രാത്രിയും പകലും അനുപാനമായി സേവിക്കണം.

ശുക്ലാശ്മരി.

ശുക്ലാശ്മരീ ശുക്ലവിധാരണാദ്വൈ
സംജായതേ സാ മഹതാം വിശേഷാൽ
സ്ഥാനാച്ച്യുതം ശുക്ലമമുഞ്ചതം തു
തം മുഷ്കയോരന്തരഗം ച വായുഃ. ൨൨

സംശോഷയത്യുപനിഗൃഹ്യ സമസ്തവീൎയ്യം
വ്യാലീയതേഽപ്യജജമൂത്രസമം ച മൂത്രം
തസ്യാം ച മുഷ്കഗതശൂനതരത്വമത്ര
സേവ്യം ച യോഗവരമാശു പരിബ്രവീമി. ൨൩

ശുക്ലവേഗത്തെ തടുക്കയാലാണ് ശുക്ലാശ്മരി ഉണ്ടാകുന്നത്.

വിശേഷിച്ചും ശുക്ലാശ്മരി വലിയവൎക്കാണുണ്ടാകുന്നത്. സ്ഥാനത്തിൽനിന്നിളകി വെളിക്കുപോകാത്ത ശുക്ലത്തെ വായു, വൃഷണങ്ങളുടെ മദ്ധ്യത്തിൽ തടഞ്ഞുനിറുത്തി ഉണക്കുന്നു. മൂത്രം ആട്ടിൻമൂത്രത്തിനു തുല്യമായിരിക്കും. വൃഷണത്തിന് നീരും കാണും. ഇതാണ് ശുക്ലാശ്മരി. ഇതിനുള്ള ചികിത്സ അടുത്തുതന്നെ പറയുന്നു.

കങ്കോളകേന്ദീവരകേംബുകാനാം
ഫലൈസ്തഥാ വാ കതകസ്യ വിദ്വാൻ
ശാകോദ്ഭവൈശ്ചാക്ഷഗുഡാംബുപീതം
ശുക്ലാശ്മരീം ശീഘ്രതരം ഭിനത്തി. ൨൪

തക്കോലത്തിൻകായ് കരിങ്കുവളക്കിഴങ്ങ് തിങ്ങളൂരിയുടെ കായ് തേററാമ്പരൽ നെന്മേനിവാകയരി ഇവ പൊടിച്ച് ചൂടുള്ള ശൎക്കരവെള്ളത്തിൽ കലക്കി സേവിക്കുക; ശുക്ലാശ്മരി ശമിക്കും.

അന്യയോഗം.

വിഷാശ്മഭേദാവപി സൈന്ധവേന
ഗോമൂത്രഗോദുഗ്ധയുതൌ ച സേവ്യൌ
ഭിന്ദന്തി ശുക്ലാശ്മരികാം തു സദ്യ-
ഭിന്നൈരലം തദ്ഭിഷജോ വദന്തി. ൨൫

താമരവളയം കല്ലൂർവഞ്ചിവേരു ഇവയുണക്കിപ്പൊടിച്ച് ചൂൎണ്ണംചെയ്ത് ഗോമൂത്രവും പാലുംകൂടി കലൎത്തി അതിൽ സേവിക്കുക; ഇങ്ങനെ മുടങ്ങാതെ ഏഴുദിവസം സേവിച്ചാൽ ശുക്ലാശ്മരി ശമിക്കും.

ശൎക്കര.

സംപീഡിതേ യൎഹ്യവകാശകേഽസ്മി-
ന്നശ്മൎയ്യതുല്യാ ബഹിരേതി മൂത്രൈഃ.
നിഗൃഹ്യതേ സാ പ്രതിലോമ ഏവ
കരോത്യഥോപദ്രവമത്ര രുധാ. ൨൬

അശ്മരി വലുതായി ലിംഗദ്വാരത്തിൻെറ പ്രദേശത്തിൽ നിറയുമ്പോൾ, അതു വായുവിനാൽ ഭിന്നയായിട്ട് വലുതും ചെറുതുമായ ശകലങ്ങളായിത്തീരുന്നു. അതിൽ വലിയ ശകലങ്ങളെ ശൎക്കരയെന്നു പറയുന്നു. അത് വായു അനുകൂലമായിരിക്കുമ്പോൾ മൂത്രത്തോടുകൂടി വെളിക്കുപോകുന്നു. വായു അനുകൂലനല്ലെങ്കിൽ ശൎക്കര തടഞ്ഞിരുന്ന് പല ഉപദ്രവങ്ങളെയും ഉണ്ടാക്കുന്നു. ഇതാണ് ശൎക്കര.

ശർക്കരാചികിത്സ.

തൃഷാംബുനാ യോ രജനീ ഗുഡേന
പിബേന്മനുഷ്യോ യദി മേഢ്റമാർഗ്ഗാൽ
പതന്തി തത്രാശു ച ശർക്കരാ യാ
രുധാ വിശേഷേണ ച താസ്തഥൈവ. ൧൨

യവത്തിൻെറ ഉമിയുടെ കാടിയെടുത്തു് അതിൽ മഞ്ഞളും ശർക്കരയും ചേർത്തു സേവിച്ചാൽ തടഞ്ഞിരിക്കുന്ന ശർക്കരകൾ വേഗത്തിൽ താഴെ വീണുപോകും.

അന്യയോഗം.

കുടജം ദധിസംയുതം പിബേ-
ദപി പഥ്യം തു യഥോക്തമാചരേൽ
ബഹുധാപി ച ശർക്കരാമലം
കുരുതേ ദൂരതരം തു മേഢ്റതഃ. ൧൩

കുടകപ്പാലയുടെ അരി തൈരിൽ അരച്ചുകലക്കി പഥ്യാനുസരണം സേവിച്ചാൽ ലിംഗത്തിൽനിന്നും ശർക്കര താഴെ വീണുപോകും.

സികതാ.

ശർക്കരൈവ മൃദിതാ സികതാഭാ
സ്വല്പമൂത്രസഹിതാപ്യതികൃച്ഛ്റാൽ
മേഢ്റതശ്ച സ്രവതേ ഖലു തസ്യാഃ
പാതനായ പരമൌഷധമേതൽ. ൧൪

അശ്മരിതന്നെ വലിയ ഖണ്ഡങ്ങളായി വായുവിനാൽ നുറുക്കപ്പെടുന്നതു് ശർക്കരയാണെന്നു് മുൻപു പറഞ്ഞിട്ടുണ്ടു്. വായുവിനാൽ ചെറിയ ശകലങ്ങളായി മണലിൻെറ ആകൃതിയിൽ നുറുക്കപ്പെട്ടു് സ്വല്പം മൂത്രത്തോടും വളരെ വേദനയോടുംകൂടി ലിംഗത്തിൽനിന്നു പുറപ്പെടുന്നതാണു് സികത. അതിനാൽ ഇതു് വീണുപോകുന്നതിനുള്ള സിദ്ധൌഷധം അടുത്തുതന്നെ പറയുന്നുണ്ടു്.

തച്ചികിത്സ.

ത്രികണ്ടകം ഗോക്ഷുരകോരുബൂകോ
ദ്വികണ്ടകാഖ്യം വൃഷമൂലദുഗ്ധൈഃ
ദധ്നാ പിബേൽ പിഷ്ടതമം സമസ്തം
സംപാതനാർത്ഥേ സികതാശ്മരീണാം. ൧൫

വലിയ ഞെരിഞ്ഞിൽ ചെറിയ ഞെരിഞ്ഞിൽ വെളുത്താവണക്കിൻവേരു് കണ്ടകാരിച്ചുണ്ട രണ്ടും ആടലോടകത്തിൻവേരു്

ഇവ നല്ലവണ്ണം പച്ചവെള്ളിൽ അരച്ചു് പാലിലോ തൈരിലോ സേവിക്കുക; സികതയും അശ്മരിയും ശമിക്കും.

രക്താശ്മരി.

യദാഭിഘാതതോ മേഢ്റഗം രക്തമാശു
സമീരസ്സംശോഷം നയേത്തേന തത്ര
ഭവേച്ചാശ്മരീ രക്തജാ ദാഹയുക്താ
മഹാശൂലകാഢ്യാ തു തസ്യാം പ്രകുര്യ്യാൽ. ൧൬

അടിമുതലായ ക്ഷതത്താൽ ലിംഗത്തിലുള്ള രക്തത്തെവായു ശോഷിപ്പിക്കുന്നു. അതിനാൽ സർവാംഗസന്താപം, ശൂലം ഇവയോടുകൂടി അശ്മരി ഭവിക്കും. ഇതാണു് രക്തജമായ അശ്മരി. ഇതിൻെറ ചികിത്സ അടുത്തുതന്നെ പറയുന്നുണ്ടു്.

തച്ചികിത്സ.

മൃണാളകാശേക്ഷു കുശോദകാനി
ബാലേക്ഷുരത്രാപുസബീജകാനി
വിദാരികാതാലകശേരുകാനി
സിതാമധുഭ്യാമിഹ സേവിതാനി. ൧൭

ക്ഷാരാണി ചാന്യാനി പലാഷ്ടകാനി
നീരേ സകൃത്ത്വക് പ്രയുതാനി തദ്വൽ
യവാഗ്രജേനാഢ്ക സമേന ചാദ്യം
ഗുഡേന ഹേമാംബുപാനപാനകഞ്ച. ൧൮

രക്താശ്മരീണാം ച വിനാശനായ
യോഗദ്വയം വൈദ്യവരൈഃ പ്രദിഷ്ടം. ൧൯

താമരവളയം ആററുദർഭവേരു് കരിമ്പിൻവേരു് കുശവേരു് ഉരുവേലി ഇളയ വയൽചുള്ളിയുടെ അരി മുള്ളൻവെള്ളരിയുടെ അരി പാൽമുതക്കിൻകിഴങ്ങു് താലീസപത്രം കഴിമുത്തങ്ങ ഇവ എല്ലാംകൂടി പൊടിച്ചു് പഞ്ചസാരയും തേനും ചേർത്തു സേവിക്കുക; രക്താശ്മരി ശമിക്കും.

അന്യയോഗം.

ക്ഷാരങ്ങൾ (തുവർച്ചിലക്കാരം ചവക്കാരം പൊൻകാരം) ഇവയെല്ലാം ശുദ്ധിചെയ്തതായിരിക്കണം. ഇവിടെ "ക്ഷാരാണി ചാന്യാനി" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് "ശിഗ്രുമൂലകപലാശചുക്രികാചിത്രകാർദ്രകസനിംബസംഭവൈഃ. ഇക്ഷുശൈലികമോചികോദ്ഭവൈഃ ക്ഷാരപൂർവദശകംപ്രകീർത്തിതം," എന്നിങ്ങനെ പത്തുവിധത്തിലുള്ള ഔഷധങ്ങളുടെ ക്ഷാരങ്ങളേയുംകൂടി

ഗ്രഹിച്ചുകൊള്ളണം. ക്ഷാരങ്ങൾ എല്ലാംകൂടി എട്ടുപലം, വെള്ളത്തിൽ കലക്കി തെളിച്ചെടുക്കണം. ഇലവർങ്ഗം പലം ൨, കുറാശാണി പലം ൧ ഇവ പൊടിച്ച് ൨ പലം ശക്കരയും ചേത്ത് ചൂടുവെള്ളത്തിൽ സേവിക്കുക; രക്താശ്മരി ശമിക്കും.

സഹജാശ്മരി.

മാതുഃ പിതുശ്ചാപി വിശേഷദോഷാ-
ദ്യാ ജായതേ സാ സഹജാ തു യൂനാം
സാധ്യാ ച ശസ്ത്രേണ ന ബാലകാനാം
സൂക്ഷ്മം യ ദേഷാമപി മേഹനാന്തഃ. ൧൩
തേഷാമപി പ്രാഗ്ഗരലം പുരാണാ
യോഗൈരലം ദ്രാവണമത്ര ശിഷ്ടൈഃ. ൧൪

മാതാപിതാക്കന്മാരുടെ ദോഷവിശേഷത്താൽ ഉണ്ടാകുന്ന അശ്മരിയാണ് സഹജാശ്മരി. യുവാക്കന്മാക്കുണ്ടാകുന്ന ഈ അശ്മരി ശസ്ത്രംകൊണ്ടു സാധിക്കാം. ബാലന്മാക്കുണ്ടാകുന്ന അശ്മരി അതിസൂക്ഷ്മമാകയാൽ ശസ്ത്രസാദ്ധ്യമല്ല. അതിനാൽ ആ അശ്മരിയെ ഔഷധങ്ങൾകൊണ്ടുതന്നെ ദ്രവിപ്പിച്ചുകളയണം.

അശ്മരിയിലെ ഉപദ്രവങ്ങൾ.

ദൌർബ്ബല്യകാർശ്യസദനാരുചികുക്ഷിശൂല-
പാണ്ഡുത്വതർഷവമിഹൃൽപരിപീഡനാനി
സന്ത്യത്ര ചോഷ്ണതരവാതപുരസ്സരാണി
ഘോരാശ്മരീഷു നിജദുർദ്ദിനകാരണാനി. ൧൫

ബലമില്ലായ്ക, കാർശ്യം, ക്ഷീണം, അരുചി, വയററിൽ വേദന, ദേഹത്തിനുവെളുപ്പ്, തണ്ണീർദാഹം, ഛർദ്ദി, നെഞ്ചിനു വേദന, ഉഷ്ണവായു ഇവ അശ്മരിയിലെ ഉപദ്രവങ്ങളാണ്.

അശ്മരിയുടെ അസാദ്ധ്യത്വം.

പ്രശൂനനാഭ വൃഷണസ്തു ബദ്ധ-
മൂത്രോ രുജാർത്തോഽശ്മരിശക്കരാദ്യൈഃ
സ സൂത്ഥജസ്യാശു ഗ്രഹം യിയാസുർ-
യ്യശോത്ഥിനാ വൈദ്യവരേണ ഹേയഃ. ൧൬

നാഭ, വൃഷണം ഈ സ്ഥാനങ്ങളിൽ നീരു്; മൂത്രത്തിനു തടസ്സം; അശ്മരി, ശക്കര ഇവയാൽ സഹിക്കവയ്യാത്ത വേദന ഈ ലക്ഷണങ്ങളോടുകൂടിയ അശ്മരി അസാദ്ധ്യമാകയാൽ യശസ്സിനെ ആഗ്രഹിക്കുന്ന വൈദ്യൻ ഈ ലക്ഷണമുള്ള രോഗിയെ ഉപേക്ഷിക്കണം.

അശ്മരി വിട്ടുമാറിയാലുള്ള ലക്ഷണം.

കൃച്ഛ്റം വിനാ മൂത്രവിനിർഗമഃ സ്യാത്
ദണ്ഡാധരത്വാന്ന ച പീഡിതേഽരുക്
മൂത്രം ച ഗോമേദനിഭം സ്വജേച്ഛ-
ഗതാശ്മരീണാം ഖലു ലക്ഷണാനി. ൧൭

മൂത്രം പ്രയാസംകൂടാതെ പോവുക, ലിംഗത്തിൽ ഞെക്കിയാൽ വേദനയില്ലാതിരിക്കുക; മൂത്രം ഗോമേദകരത്നത്തിന്റെ നിറത്തിൽ ഇരിക്കുക; ഇവയെല്ലാം അശ്മരി വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

ശ്രീമത്താതോ ജഗത്യാം ജയതി വരഭിഷക്-
ചക്രചൂഡാമണീന്ദ്രോ
നാനാകാവ്യാരവിന്ദപ്രഥിതദിനകരോ
ഗർഗവംശാവതംസഃ
യൽപുത്രഃ കാശിനാഥോ നിഖിലവരഭിഷക്-
ശാസ്ത്രമാലോക്യ തസ്മൈ
ദശ്മര്യ്യാദേ രുജായ അഖിലഗദഹരാം
സച്ചികിത്സാം ചകാര.

സകല കാവ്യാർത്ഥജ്ഞനും വൈദ്യലോക ചൂഡാമണിയും ആയ എന്റെ അച്ഛൻ യശസ്വിയായി വത്തിക്കുന്നു. അദ്ദേഹത്തിന്റെ പുത്രനായ കാശിനാഥൻ പല വൈദ്യശാസ്ത്രങ്ങളും നോക്കി പരിശോധിച്ച് ഇവിടെ അശ്മരി മുതലായ രോഗങ്ങളുടെ ചികിത്സയും പറഞ്ഞിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
അശ്മര്യധികാരം എന്ന
൨൭-ാം സ്തബകം കഴിഞ്ഞു.

അഷ്ടാവിംശസ്തബകം.

പ്രമേഹാധികാരം.

ആയുർവേദഗുരും സ്വതാതവിബുധം മാതൃദ്വയാന്തസ്ഥിതം
നാനാശാസ്ത്രകലാകലാപനിരതം സ്വാർത്ഥാദിവേദാത്മജം
നത്വാ തത്തനയഃ കരോതി ച ഭിഷക്പ്രീത്യൈ പ്രമേഹസ്യ വൈ
കാര്യം കാരണലക്ഷ്യലക്ഷണവിധിം യച്ചികിത്സാദികം. ൧

ആയുർവേദശാസ്ത്രഗുരുവും രണ്ടമ്മമാരുടെ മദ്ധ്യത്തിൽ സ്ഥിതനും പല ശാസ്ത്രകലകളിൽ നിപുണനും സ്വാത്മവേദപൂത്രനും ആയ അച്ഛനെ വന്ദിച്ച് അദ്ദേഹത്തിന്റെ പുത്രനായ കാശിനാഥൻ വൈദ്യന്മാരുടെ സന്തോഷത്തിനായി പ്രമേഹരോഗത്തിന്റെ നിദാനം ലക്ഷണം ചികിത്സ മുതലായവയെ പറയാൻ ഭാവിക്കുന്നു.

പ്രമേഹനിദാനം.

ദിവാ നിദ്രാസ്യാ യാ ദധിനിഖിലദുഗ്ദ്ധാനി ഭജതേ
ജലം വാ ഗ്രാമീണം പലമപി തഥാനൂപമസകൃൽ
നവാന്നം പാനീയം ഗുഡസഹിതമന്യച്ച കഫകൃൽ
പ്രമേഹസ്തസ്യാശു പ്രഭവതി ച വാ വിംശതിവിധഃ. ൧

പകലുറക്കം, വളരെനേരം ഒരിടത്തിരിക്കുക; തൈര്, പാൽ ഇവ അധികം ഉപയോഗിക്കുക, ഗ്രാമത്തിലുള്ള വെള്ളം അധികം കുടിക്കുക; ആനൂപദേശത്തിലുള്ള ജന്തുക്കളുടെ മാംസം ഉപയോഗിക്കുക; പുതിയ നെല്ലിന്റെ ചോറുണ്ണുക; ശക്കരകലക്കിക്കുടിക്കുക; ഇവയും മററു കഫകൃത്തുകളായ വസ്തുക്കളും പ്രമേഹരോഗത്തിന്റെ കാരണങ്ങളാണ്. ഈ പ്രമേഹംതന്നെ ഇരുപതുവിധത്തിൽ ഉണ്ടാകും.

പ്രമേഹത്തിന്റെ സംപ്രാപ്തി.

തദാ മേദോ മാംസം തനുജമഖിലം ക്ലേദമപി ച
കഫോ വസ്തിപ്രാപ്തോ സകലമപി സംദൂഷ്യ കുരുതേ
ഉദീർണ്ണൈസ്തൈരുഷ്ണൈസ്തു ച ബഹുപിത്തം ച സകലാൻ
പ്രമേഹാൻ വാകൃഷ്യ ന്[...]ിലതനുധാതൂംശ്ച പവനഃ. ൨

കഫം ശരീരത്തിലു[...] മേദസ്സിനേയും മാംസത്തേയും ക്ലേദത്തേയും എല്ലാം ദൂഷിപ്പി[...]ച്ചിട്ട് വസ്തിയിൽ പ്രാപിച്ച് പ്രമേഹത്തെ ഉണ്ടാക്കുന്നു. ഉഷ്ണദ്രവ്യങ്ങളെക്കൊണ്ട് കോപിച്ചിരിക്കുന്ന പിത്തവും മേദസ്സു മുതലായവയെ ദൂഷിപ്പിച്ച് വസ്തിയിൽ പ്രാപിച്ച് പ്രമേഹത്തെ ഉണ്ടാക്കുന്നു. ദോഷങ്ങൾ ക്ഷയിക്കുമ്പോൾ സകല ധാതുക്കളെയും ആകർഷിക്കയും ദൂഷിപ്പിക്കയും ചെയ്തിട്ട് വസ്തിയേ ആശ്രയിച്ച് വായു പ്രമേഹങ്ങളെ ഉണ്ടാക്കുന്നു.

പ്രമേഹങ്ങളുടെ ദോഷദൂഷ്യസംഗ്രഹം.

ശുക്ലാംബുമജ്ജാ സവസാ ലസീകാ
മാംസം രസൌജാംസി തഥാ പ്രദൂഷ്യ
ശ്ലേഷ്മാ ച പിത്തം തു തഥാ ച വായുഃ
കുര്യുഃ പ്രമേഹാനഖിലാൻ യഥാസ്വം. ൩

കഫം പിത്തം, വായു, ഇവ ദോഷങ്ങളും ശുക്ലം, അംബു, മജ്ജ, വസാ, ചോരവെള്ളം, മാംസം രസം, ഓജസ്സ് ഇവ ദൂഷ്യങ്ങളും ആകുന്നു. മുൻപറഞ്ഞ ദോഷങ്ങൾ ശുക്ലാദികളായ ദൂഷ്യങ്ങളെ ദൂഷിപ്പിച്ചിട്ടാണ് എല്ലാ പ്രമേഹങ്ങളേയും ഉണ്ടാക്കുന്നത്.

പ്രമേഹങ്ങളുടെ സാദ്ധ്യാസാദ്ധ്യവിഭാഗങ്ങൾ.

ദോഷോ യദാ വസ്തിഗമൂത്രസംസ്ഥഃ
സംദൂഷ്യ മൂത്രം കുരുതേ പ്രമേഹാൻ
തേഷ്വാശു സാദ്ധ്യാ ദശ യേ കഫോത്ഥാ
പിത്തോദ്ഭവാ യേ ഖലു കൃച്ഛ്റകാഃ ഷട്. ൪

തഥാസ്ത്വസാദ്ധ്യാശ്ചതുരോപി വാത-
പ്രഭൂതമേഹാ ഭിഷജോ വദന്തി
സമക്രിയത്വാം വിഷമക്രിയത്വാം
മഹാത്യയത്വാം ഹി യതോऽത്ര നിത്യം. ൫

വാതാദിദോഷങ്ങൾ വസ്തിയിൽ ഗമിച്ച് മൂത്രത്തിൽ സ്ഥിതമായിട്ടു മൂത്രത്തേ ദൂഷിപ്പിച്ചു പ്രമേഹരോഗങ്ങളെ ഉണ്ടാക്കുന്നു. അവയിൽ കഫോത്ഭവങ്ങളായ പത്തു പ്രമേഹങ്ങൾ സാദ്ധ്യങ്ങളും പിത്തോത്ഭവങ്ങളായ ആറുപ്രമേഹങ്ങൾ കൃച്ഛ്റസാദ്ധ്യങ്ങളും വാതോത്ഭവങ്ങളായ ൪ പ്രമേഹങ്ങൾ അസാദ്ധ്യങ്ങളും ആകുന്നു. കഫപ്രമേഹത്തിന്റെ ചികിത്സകൾക്കു വൈഷമ്യമില്ല. പിത്തപ്രമേഹത്തിന്റെ ചികിത്സകൾക്കു വൈഷമ്യമുണ്ട്. വാതോത്ഭവങ്ങളായ പ്രമേഹങ്ങൾ എല്ലാധാതുക്കളേയും അതിക്രമിച്ചുണ്ടാകുന്നവയാകയാൽ അതു ചികിത്സിച്ചാൽ ഭേദമാകുന്നതല്ല.

ശ്വേതം പീതം രക്തകം വാ ഹരിദ്വാ
കൃഷ്ണം വർണ്ണം പഞ്ചമം പഞ്ചഭൂതാൽ
ജാതേ ദേഹേ ദോഷസംഘോപി തദ്വൽ
ശ്വേതം പീതം കർബുരാദ്യാശ്ച വർണ്ണാഃ. ൬

നാനാവർണ്ണാ വർണ്ണയോഗാൽ ഭവന്തി
തസ്മാന്മേഹാ വിംശതിർന്നാമരൂപൈഃ. ൭

പഞ്ചഭൂതം നിമിത്തം ഉണ്ടായ ദേഹത്തിൽ, ദോഷങ്ങൾക്കും വെളുപ്പും മഞ്ഞയും ആയ നിറങ്ങൾ ഉണ്ടാകും. അതു നിമിത്തം മൂത്രവും വെളുത്തും മഞ്ഞച്ചും രക്തനിറത്തിലും പച്ചനിറത്തിലും കറുത്ത നിറത്തിലും സ്രവിക്കും. ഇങ്ങനെ പല നിറത്തിൽ മൂത്രങ്ങൾ സ്രവിക്കുകനിമിത്തം ഇരുപതു വിധത്തിൽ പ്രമേഹങ്ങൾ ഉണ്ടാകുന്നു.

പൂവ്വരൂപം.

ദന്താദികാ യത്ര മലേന യുക്താ
ദാഹോ ഭവേൽ പാണിപദോസ്തു തദ്വൽ
ചേൽ സ്നിഗ്ദ്ധതാ യത്ര തനൌ സതർഷഃ
ശ്വാസം പ്രമേഹസ്യ ച പൂവ്വരൂപം. ൯

പല്ല്, കണ്ണ്, ചെവി മുതലായ സ്ഥലങ്ങളിൽ അഴുക്കുപററുക; കൈകാലുകളിൽ ചുട്ടുനീറുക; ദേഹത്തിനു സ്നിഗ്ദ്ധത ഉണ്ടായിരിക്കുക; തണ്ണീർദാഹം ശ്വാസം ഇവ പ്രമേഹത്തിന്റെ പൂവ്വരൂപങ്ങളാണ്.

പ്രമേഹലക്ഷണം.

വീൎയ്യസ്രാവഃ ശോഷകാർശ്യേഽങ്ഗകേഷു
മൂത്രേ തദ്വദാ പ്രഭൂതാവിലത്വം
നോ വാ സ്വാസ്ഥ്യം സവ്വഗാത്രേഷു യത്ര
തത്സംപ്രോക്തം മേഹരോഗസ്യ രൂപം. ൧൦

ശുക്ലം സ്രവിക്കുക, ശരീരം ചടയ്ക്കുക, മൂത്രം അധികമായും കലങ്ങിയും പോകുക, ശരീരത്തിൽ എല്ലാഭാഗത്തും സ്വാസ്ഥ്യത ഇല്ലാതാകുക ഇവ പ്രമേഹരോഗത്തിന്റെ ലക്ഷണമാണ്.

പ്രമേഹത്തിൽ പത്ഥ്യമായിട്ടുള്ളവ.

ശ്യാമാകചീനകോദ്രവകാഃ കുലത്ഥാ
ഗോധൂമകോദ്ദാലചണാഃ പുരാണാഃ
സതീനമുദ്ഗാ വരധാന്യഷഷ്ട്യാഃ
പ്രമേഹിനാം പത്ഥ്യമലം പ്രദിഷ്ടാഃ. ൧൧

തിക്താനി ശാകാനി ച ജാംഗലാ യേ
പതത്രിണോ യേ ച മൃഗാസ്തഥൈവ
പത്ഥ്യാശ്ച മേഹേ പരിവർജ്ജനീയാ
ദുഗ്ദ്ധാജ്യമന്ഥാ ദധിമദ്യകാമ്ലാഃ. ൧൨

ഗുഡാനൂപമാംസസക്തുപിഷ്ടാന്നതക്രാ
ന ചൈവാത്ര യോഗ്യാ വിശേഷേണ മേഹേ
ഗുഡൂച്യാ രസശ്ചാത്ര സവ്വത്ര പേയം
പ്രമേഹാപഹം സേവിതം മാക്ഷികേണ. ൧൩

തഥാഗ്ന്യാ രജോ വാ ശിവായാസ്തഥൈവ
ശിലാജതുചലം ലോഹജം പഞ്ചയോഗാഃ. ൧൪

ചാമ, തുവര, വരക്, മുതിര, കോതമ്പ്, വരി, ചണം പയറ്, എല്ലാത്തരത്തിലുമുള്ള പഴകിയ ധാന്യങ്ങളുടെ അരി, ചെറുപയറ്,

ഞവര ഇവയും കയ്പുരസത്തിലുള്ള ശാകങ്ങൾ, ജാംഗലങ്ങളായ പക്ഷികളുടെയും മൃഗങ്ങളുടേയും മാംസങ്ങൾ ഇവയും മേഹരോഗിക്ക് പത്ഥ്യങ്ങളാണ്. പാൽ, നെയ്യ്, വെണ്ണ, തൈര, മദ്യം, പുളിയുള്ള സാധനങ്ങൾ, ശക്കര, ആനൂപമാംസങ്ങൾ കരിമ്പ്, പിട്ട മുതലായവ, മോര ഇവ മേഹരോഗിക്ക് അപത്ഥ്യങ്ങളാണ്.

പ്രമേഹചികിത്സ.

അമൃത് ഇടിച്ചുപിഴിഞ്ഞ നീരെടുത്തു തേനുംകൂട്ടി സേവിക്കുക. അപ്രകാരം തന്നെ ശുദ്ധിചെയ്ത കൊടുവേലിക്കിഴങ്ങിന്റെ പൊടി നെല്ലിക്ക, കന്മദം, ശുദ്ധിചെയ്ത ഉരുക്കിൻപൊടി ഇവ ഓരോന്നും, തേനിൽ സേവിക്കുക. ഇങ്ങനെ അഞ്ചു യോഗങ്ങൾ, ഇവിടെ കാണിക്കപ്പെട്ടു.

ചന്ദ്രപ്രഭാവടി.

ചന്ദ്രപ്രഭോഗ്രാഘനഭൂമിനിംബ-
ദാവീവിഷാദാരുനിശാഗ്നികൃഷ്ണാഃ
ത്രിവൃത്തചേലാത്രിഫലാവിഡംഗ-
ദന്തീപാഠീകൃഷ്ണാരസുരസഗ്രന്ഥികം. ൧൫

ദ്വിക്ഷാരകത്രിലവണത്രികടൂനി ടങ്ക-
മാത്രാണി സവ്വാണി പൃഥക് പൃഥക് സ്യുഃ
കർഷദ്വയം ചാപി മൃതം ച ലോഹം
ത്വക്ക്ഷീരികായാശ്ച പലേന വൈദ്യഃ. ൧൬

പലദ്വയം ചാപി ശിലാജതൂനാം
കർഷാഷ്ടകം ഗുല്ഗുലുമത്ര വൈദ്യഃ
കണാംഘ്രിനീരൈശ്ച സിതാപലേന
ടങ്കാമ്പിതൈശ്ചാപി വടീം വിധായ. ൧൭

ചന്ദ്രപ്രഭൈഷാഖിലമേഹഹന്ത്രീ
രോഗാനശേഷാനശിതാ നിഹന്തി
വാതപ്രഭൂതാനഖിലാംസ്തഥൈവ
വീൎയ്യസ്യ ദോഷാൻ രുധിരപ്രഭൂതാൻ. ൧൮

മേഹാംശ്ച വിംശതിവിധാനപി ചാഷ്ടകൃച്ഛ്രാൻ
വേദാശ്മരീം ത്രിദശമൂത്രഗദാംശ്ച തദ്വൽ
സ്ത്രീണാം രജോശ്രിതസമസ്തഭഗാദിരോഗാൻ
ഹന്ത്യാദടീ സകലവൈദ്യവരാ വദന്തി. ൧൯

പാണ്ഡുംച കാസരുധിരപ്രഭവാൻ വികാരാൻ
ശ്വാസാംസ്തഥാ വൃഷണവൃദ്ധിഭവാൻ വികാരാൻ

ഹലീമകം കാമിലകാഗ്നിമാന്ദ്യ ൨൦
ഹ്യരോചകം വാതജരോഗസംഘാൻ.
പിത്തോദ്ഭവാൻ വാ കഫജാൻ നിഹന്തി
സംരാദ്ധ്യ ശംഭും ശശിനാ പ്രലബ്ധാ
തയൈവ ദക്ഷപ്രതിശാപിതോऽപി ൨൧
ചന്ദ്രഃ ക്ഷയാൽ പൂൎണ്ണകലോ ബഭൂവ.

കാർകോകിലരി വയമ്പ് മുത്തങ്ങാക്കിഴങ്ങ് പൂത്തരിച്ചുണ്ടവേര മരമഞ്ഞൾ അതിവിടയം ദേവതാരം മഞ്ഞൾ കൊടുവേലിക്കിഴങ്ങ് തിപ്പലി ത്രികോല്പക്കൊന്ന ഇലവങ്ഗം ഏലത്തരി ത്രിഫല വിഴാലരി അത്തിത്തിപ്പലി പച്ചില സ്വൎണ്ണമാക്കീരക്കല്ല് ചവക്കാരം തുവർച്ചിലക്കാരം ഇന്തുപ്പ് വിളയുപ്പ് കടലുപ്പ് ചുക്ക മുളക തിപ്പലി ഇവ പ്രത്യേകം മുക്കാൽ കഴഞ്ചുവീതം, ശുദ്ധിചെയ്ത ഇരുമ്പിൻഭസ്മം കഴഞ്ച് ൩. കുവരുറു പലം, ൧. കല്ലദം പലം ൨. പഞ്ചസാര പലം ൧. ശുദ്ധിചെയ്ത ഗുല്ഗുലു കഴഞ്ച് ൨൪. എല്ലാംകൂടി പൊടിച്ച് യോജിപ്പിച്ച് കാട്ടുതിപ്പലിക്കഷായത്തിൽ അരച്ച് മുക്കാൽകഴഞ്ചു പ്രമാണത്തിൽ ഗുളികയുരുട്ടി ഉണക്കി യുക്തമായ അനുപാനത്തിൽ സേവിക്കുക; (യോഗരത്നാകരത്തിൽ ഗുല്ഗുലു ൧൦ പലം, കല്ലദം ൫ പലം, എന്നും, നെയ്യിലോ തേനിലോ സേവിക്കയും; മോര്, തൈരിൻവെള്ളം, പശുവിൻനെയ്യ്, തേൻ ഇവ ഏതെങ്കിലും മാത്രയനുസരിച്ച് അനുപാനമായി സേവിക്കയുംവേണം എന്നുംകാണുന്നു) സകല മേഹങ്ങളും ശമിക്കും. രക്തോദ്ഭവങ്ങളാ ഇതുകൂടാതെ വാതരോഗങ്ങൾ, ശുക്ലദോഷം, രക്തോദ്ഭവങ്ങളായ രോഗങ്ങൾ, ഇരുപതുവിധത്തിലുള്ള പ്രമേഹങ്ങൾ, എട്ടുവിധമുള്ള മൂത്രകൃച്ഛ്രങ്ങൾ, നാലുവിധത്തിലുള്ള അശ്മരി, പതിമ്മൂന്നുവിധമുള്ള മൂത്രരോഗങ്ങൾ, സ്ത്രീകൾക്ക രജസ്സ് സംബന്ധിച്ചുണ്ടാകുന്ന സകല രോഗങ്ങൾ, യോനിരോഗങ്ങൾ, പാണ്ഡു, ചുമ, രക്തവികാരങ്ങൾ, ശ്വാസങ്ങൾ, അണ്ഡവൃദ്ധി, ഹലീമകം, കാമല, അഗ്നിമാന്ദ്യം, അരോചകം, വാതപിത്തകഫോത്ഭവങ്ങളായ സകല രോഗങ്ങൾ, ഇവയും ശമിക്കും. ഈ വടി ശംഭുപ്രസാദത്താൽ ചന്ദ്രനു ലഭിച്ചിട്ടുള്ളതാകുന്നു. ഈ വടിയുടെ പ്രഭാവത്താൽ ചന്ദ്രൻ ദക്ഷശാപംനിമിത്തം ഉണ്ടായ ക്ഷയം നശിച്ച് പൂൎണ്ണകലനായി തീരുകയും ചെയ്തിട്ടുണ്ട്.

വംഗേശ്വരരസം.

രസഭസ്മസമം ച വങ്ഗഭസ്മ
മധുനാ മേഹവിധാനതോऽപി ലീഢം

പ്രബലാനപി വിംശതിപ്രമേഹാ- ൨൨
നയതം ഹന്തി യവേന നിത്യമേവ.

അപി മൂലകമുദ്ഗയോശ്ച യൂഷം
മഥിതേനാപി സമം ച പത്ഥ്യമത്ര
രസ ഏഷ ധരാതലപ്രസിദ്ധോ ൨൩
വരവങ്ഗേശ്വരനാമ സമ്പ്രരീയം.

ശുദ്ധിചെയ്ത രസഭസ്മവും വംഗഭസ്മവും സമമായി എടുത്ത്, തേനിൽ കുഴച്ച് സേവിക്കുക; എത്ര ശക്തിയുള്ള ഇരുപതുവിധം പ്രമേഹങ്ങളും വേഗത്തിൽ ശമിക്കും. ഈ രസം സേവിക്കുമ്പോൾ യവത്തിന്റെ ചോറാണ് ഉണ്ണേണ്ടത്. മൂലവരിക്കിഴങ്ങിന്റെയും ചെറുപയററിന്റെയും രസവും, പാടനീക്കി വെള്ളംചേക്കാതെ കലക്കിഎടുത്ത മോരും പത്ഥ്യമാണ്; ഈ രസത്തിന് വംഗേശ്വരരസം എന്നാണ് പേർ. ഇതു വളരെ പ്രസിദ്ധമായ ഒരു രസമാണ്.

കഷായയോഗങ്ങൾ.

ത്രിഫലാരജനീവിശാലികാ-
ഘനജകഷായമലം നിശാംശകഃ
മധുനാ വിലമേഹസംഭവാ ൨൪
പരിപീതഃ ശമയേച്ച താംസ്തഥാ.

ത്രിഫല മഞ്ഞൾ കാട്ടുവെള്ളരിവേര മുത്തങ്ങാക്കിഴങ്ങ് ഇവ കഷായംവച്ച് മഞ്ഞൾപ്പൊടിയും തേനും മേമ്പൊടിചേൎത്ത സേവിക്കുക; സകല മേഹങ്ങളും ശമിക്കും.

വേറൊരു യോഗം.

ത്രികടുകത്രിഫലാസഹിതം സമം
പുരമലം ഖലു ഗോക്ഷുരസംശ്രിതൈഃ
അഥ ജലൈരശിതോ ഗുഡികീകൃതഃ ൨൫
സകലമേഹഹരസ്തു യഥാബലം.

ചുക്ക മുളക തിപ്പലി ത്രിഫല ഇവ സമം എല്ലാംകൂടിയിടത്തോളവും ഗുല്ഗുലു ഇവ പൊടിച്ച് ഞെരിഞ്ഞിൽ കഷായംവച്ച് അതിൽ അരച്ച് ഗുളികയാക്കി ഉണക്കി ബലമനുസരിച്ച് സേവിക്കുക; സകല മേഹങ്ങളും ശമിക്കും.

ത്രികടുകാദിപുരഃ ഖലു സേവിതോ
ഹ്യപരിഹാര അലം ച യഥാരുചി

ഭജനഭോജനഭോഗയുജാപ്യലം
വിജയതേഽഖിലവാതഗദാനപി. ൨൬

പവനശോണിതമൂത്രഗദാനലം
പ്രദരവൃന്ദമഥോ ഭഗലിംഗജാൻ
അഖിലസംയമപഥ്യവിവർജ്ജിതോ
വിതനതേ ച തനൌ ശുഭരൂപതാം. ൨൭

മുൻപറഞ്ഞ ത്രികട്വാദിഗുളിക രുചി അനുസരിച്ചു സേവിച്ചാൽ പ്രമേഹരോഗങ്ങളെ ശമിപ്പിക്കുന്നതുകൂടാതെ അതു് വാതരോഗം, വാതരക്തം, മൂത്രാഘാതം, പ്രദരം, യോനിയിലും ലിംഗത്തിലും ഉണ്ടാകുന്ന രോഗങ്ങൾ, ഇവയേയും ശമിപ്പിക്കും. ശരീരം കാമസദൃശമായിത്തീരും. ഇതു സേവിക്കുന്നതിന് വിശേഷിച്ച് പത്ഥ്യമൊന്നും ആവശ്യമില്ല.

രസം.

ഖലേ സമാദായ വിശുദ്ധസൂതം
കർഷം ച രക്തസ്യ ഘടോദ്ഭവസ്യ
പ്രസൂനനീരേണ ച സപ്തവാരാൻ
വാശാരസേനാപി ചതാവരേവ. ൨൮

ദൂർവാരസേനാപി ച തദ്വദേവ
വാരാൻ വിമർദ്ദ്യാപ്യഥ ടങ്കണം ച
ദചിനിഷ്കമാത്രം ഖദിരസ്യ സാരം
കർഷപ്രമാണഞ്ച ശിവേന ചന്ദ്രഃ. ൨൯

തുല്യഃ പുനശ്ചന്ദനവാരിണാപി
സമ്മർദ്ദ്യ കുര്യാച്ച ഹരേണ തുല്യാം
ഛായാവിശുഷ്കാം ച വടീം പ്രഭുജ്യ
മേഹാൻ ജയേദാർദ്രകനീരഖണ്ഡൈഃ. ൩൦

സരക്തപിത്തം പിടകാംശ്ച ഹന്യാത്
പ്രമേഹജാൻ പ്രാതരലം മനുഷ്യഃ. ൩൧

ശുദ്ധിചെയ്ത രസം മൂന്നുകഴഞ്ചു് എടുത്തു് അമ്മിക്കല്ലിൽവ
ച്ചു് ചുവന്ന അകത്തിയുടെ പൂവിന്റെനീരിലും, ആടലോടകത്തിൻ
കഷായത്തിലും കറുകയുടെ നീരിലും പ്രത്യേകം ഏഴുദിവസംവീ
തം അരച്ചു് പൊൻകാരം ഏൽ കഴഞ്ചു്, കരിങ്ങാലിക്കാതൽ ന ക
ഴഞ്ചു്, രസത്തിനു സമം കർപ്പൂരം, എല്ലാം പൊടിച്ചുചേർത്ത്
ചന്ദനച്ചാറിൽ അരച്ചു് ഉരുട്ടി ഗുളികയാക്കി നിഴലിലുണക്കി

ഇഞ്ചിനീരിൽ കല്ക്കണ്ടംചേർത്തു സേവിക്കുക; രക്തപിത്തം, പ്രമേഹത്താൽ ഉണ്ടാകുന്ന കുരുക്കൾ, ഇവ ശമിക്കും.

കാമിനീമദവിധ്വംസനരസം.

ശിവാശിവസ്സച്ഛിന്നവിശുദ്ധബീജാ-
ന്യാദായ തുല്യാനി ശിവാശിവാഭ്യാം
വിമർദ്ദ്യ ചാഷ്ടാപദബീജതൈലൈ-
രസോ ഭവേദ്വാരവധൂവിലാസഃ. ൩൨

സസിതോഽപ്യശിതഃ ഖലു വല്ലയുഗോ
ഹരതേഽഖിലമേഹഗണം ബഹുധാ
ശതധാ സുരതം പ്രബലാസു സമം
കുരുതേഽവിരതം ച നരേണ യഥാ. ൩൩

ശുദ്ധിചെയ്ത ഗന്ധകം രസം ഇവ സമം, ഇവ രണ്ടുംകൂടി യിടത്തോളവും ശുദ്ധിചെയ്ത ഉമ്മത്തിൻകുരു എല്ലാംകൂടി പൊടിച്ചു് ഉമ്മത്തിൻകുരുവിന്റെ എണ്ണയിൽ അരച്ചു് ഗുളികയാക്കി വിഴാലരിപ്രമാണം പഞ്ചസാരചേർത്തു സേവിക്കുക, എല്ലാ പ്രമേഹങ്ങളും ശമിക്കും. വളരെ സ്ത്രീകളുമായി രമിക്കുന്നതിനുള്ള സാമർത്ഥ്യവും ഉണ്ടാകും. ഈ രസത്തിന് വാരവധൂവിലാസം എന്നു പേർ.

വംഗേശ്വരരസം.

രസവംഗഖഹേതിഭിസ്സമം തു
ജതു ചാശ്മപ്രഭവം മധുപ്രയുക്തം
സിതയാഖിലമേഹനാശനായ
ഖലു മാഷദ്വയസമ്മിതം നിഷേവേൽ. ൩൪

ശുദ്ധിചെയ്ത രസം വംഗം അഭ്രം ഇവ സമം എല്ലാംകൂടിയിടത്തോളവും കന്മദം ഇവ പൊടിച്ചു യോജിപ്പിച്ചു തേനും പഞ്ചസാരയും ചേർത്തു് രണ്ടു് ഉഴുന്നിൻപ്രമാണംവീതം സേവിക്കുക; എല്ലാമേഹങ്ങളും ശമിക്കും.

ജലമേഹലക്ഷണവും ചികിത്സയും.

അച്ഛം സിതം ശീതളമംബുവച്ച
നിർഗന്ധകം പിച്ഛിലമാവിലം ചേൽ
മേഹത്വലം കട്ഫലലോദ്ധ്രപത്ഥ്യാ-
ക്വാഥം പിബേദ്വൈ ജലമേഹവാൻ യഃ. ൩൫

നിർമ്മലമായും വെളുത്തും തണുപ്പോടുകൂടിയും വെള്ളംപോ

ചെയും മനമില്ലാതെയും വഴുവഴുപ്പോടുകൂടിയും കുറേശ്ശക്കലങ്ങിയും മൂത്രം പോകുന്നതു് ജലമേഹമാണു്.

തച്ചികിത്സാ.

കുമ്പിൾവേരു് പാതിരിത്തൊലി കടുക്ക ഇവ കഷായം വച്ചു് സേവിക്കുക; ജലമേഹം ശമിക്കും.

കഷായം.

യഷ്ടി പാരിജാതജടാശ്രിതം
ധവചന്ദനാഞ്ജനസാലജം
ജലമേഹിനാ പരിസേവിതം
ജലമേഹനാശകരം ജലം. ൨൬

മുരിക്കിൻവേരു് ഞമ ചന്ദനം നീർമരുതിൻതൊലി പയിനിൻതൊലി ഇവ കഷായംവെച്ചു് സേവിക്കുക; ജലമേഹം ശമിക്കും.

ഇക്ഷുമേഹലക്ഷണവും ചികിത്സയും.

യദീക്ഷുതുല്യം മധുരം രസേന
തസ്യൈവ മേഹത്യപി ചേക്ഷുമേഹീ
യവാഷവീരാസവിഡംഗപാഠാ-
കഷായം ഗുഡേനാപി പിബേജ്ജയായാഃ. ൨൭

കരിമ്പിൻനീരുപോലെ മധുരരസത്തിൽ മൂത്രിക്കുന്നതു് ഇക്ഷുമേഹമാണു്.

തച്ചികിത്സ.

കൊടിത്തൂവവേരു കോവക്കിഴങ്ങു വിഴാലരി പാടക്കിഴങ്ങു് കടുക്കാ ഇവ കഷായംവച്ചു് ശർക്കര മേമ്പൊടിചേർത്തു സേവിക്കുക; ഇക്ഷുമേഹം ശമിക്കും.

സാന്ദ്രമേഹം ലക്ഷണവും ചികിത്സയും.

സാന്ദ്രം ഭവേൽ പര്യുഷിതം ച സാന്ദ്ര-
മേഹേ തു സമ്മൂത്രിതമാശു തത്ര
നിശാദയം ജന്തുഹരൈർന്നതേന
സംകാഥ്യ നീരൈർമ്മധുനാ നിഷേവേൽ. ൨൮

മൂത്രം ഒരു രാത്രിമുഴുവൻ വച്ചിരുന്നാൽ കൊഴുക്കുന്നതു് സാന്ദ്രമേഹത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ.

മഞ്ഞൾ മരമഞ്ഞത്തൊലി വിഴാലരി തകരം ഇവ കഷായം വച്ചു് തേൻചേർത്തു സേവിക്കുക; സാന്ദ്രമേഹം ശമിക്കും.

വേറൊരുയോഗം.

ശാരദസംശ്രുതനീരം കണ്ഗുഡേന
സാന്ദ്രം കൃന്തതി മേഹം പീതമനേന. ൨൯

ചെറുപയറു് കഷായംവച്ചു മൂന്നുകഴഞ്ചു ശർക്കരയും ചേർത്തു് സേവിക്കുക; സാന്ദ്രമേഹം ശമിക്കും.

സുരാമേഹലക്ഷണവും ചികിത്സയും.

ഉപര്യച്ഛമധോഘനം സുരാമേഹ ഇവം തഥാ
സമം പാഠാമൃതതചക് ച സമോദീച്യജലം തഥാ
സകങ്കുവിശാലയാ ശൃതം ക്ഷൌദ്രയുതം നരഃ
ശൃതം തഥാ നിംബജലം ഗുഡൈരത്രയുതം പിബേൽ. ൩൦

മുകളിൽ തെളിഞ്ഞും അടിയിൽ ഊറലോടുകൂടിയും ഇരിക്കുന്നതു സുരാമേഹമാണു്.

തച്ചികിത്സ.

നീർമരുതിൻതൊലി ഇരുവേലി ശുദ്ധിചെയ്ത കങ്കുഷ്ഠം കാട്ടുവെള്ളരിവേരു ഇവ കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടി ചേർത്തു സേവിക്കുകയോ; വേപ്പിൻതൊലി കഷായംവച്ചു് ശർക്കര മേമ്പൊടിചേർത്തു് സേവിക്കുകയോ ചെയ്താൽ സുരാമേഹം ശമിക്കും.

പിഷ്ടമേഹലക്ഷണവും ചികിത്സയും.

സംഹൃഷ്ടരോമാ ഖലു പിഷ്ടമേഹീ
മേഹത്യലം പിഷ്ടസമം സിതം ച
ദാർവീവിഡംഗൈർധവപാദിരത്വക്
ശൃതം പിബേന്മാക്ഷികസംപ്രയുക്തം. ൩൧

അരി അരച്ചുകലക്കിയതുപോലെ കൊഴുത്തും വെളുത്തനിറത്തിലും രോമാഞ്ചത്തോടുകൂടി മൂത്രിക്കുന്നതു് പിഷ്ടമേഹമാണു്.

തച്ചികിത്സ.

മരമഞ്ഞത്തൊലി വിഴാലരി ഞമ കരിങ്ങാലിത്തൊലി ഇവ കഷായംവച്ചു് തേൻ മേമ്പൊടിചേർത്തു സേവിക്കുക; പിഷ്ടമേഹം ശമിക്കും.

അന്യയോഗം.

പത്ഥ്യാകഷായഃ പീതഃ ത്വരിതം കണ്ഗുഡേന
ശമയതി മേഹം പൈഷ്ടം പ്രബലമനേന. ൩൨

കടുക്ക കഷായംവച്ചു് അതിൽ മൂന്നുകഴഞ്ചു് ശർക്കര കലക്കി സേവിക്ക; വളരെ ശക്തിയുള്ള പിഷ്ടമേഹവും ശമിക്കും.

ശുക്ലമേഹലക്ഷണവും തച്ചികിത്സയും.

ശുക്ലോപമം ശുക്ലയുതം തു ശുക്ല-
മേഹീ പ്രമേഹത്യഥവാ പിബേൽ സഃ
കഷായം ദുജാചന്ദനദേവദാരു-
ശൃതം തഥാവാഗ്ഗുരുണാ മധുകൈഃ. ൨൩

ശുക്ലത്തിന്റെ നിറത്തിലോ ശുക്ലം കലൎന്നോ മൂത്രം ഒഴിക്കുന്നതു് ശുക്ലമേഹമാണു്. കൊട്ടം ചന്ദനം ദേവദാരം ഇവ കഷായംവച്ചോ അകിലും ഇരിപ്പക്കാതലുംകൂടി കഷായംവച്ചോ സേവിച്ചാൽ ശുക്ലമേഹം ശമിക്കും.

അന്യയോഗം.

ദൂൎവാമൂൎവാസമംഗാകുശജവരജടാ-
കാശജാദന്തിനീഭിഃ
പീതഃ ക്വഥോ നിതാന്തം പ്രബലഗദഹരഃ
ശാല്മലീവല്ക്കലേന
നിൎയ്യൂഹഃ ശുക്ലമേഹേ ഗദദളനപരൈ-
ൎവൈദ്യഭൂപൈൎന്നിരുക്തോ
ഹന്തി പ്രായസ്ത്രിഭിൎവ്വൈ ത്രിദശരിപുഗുരോ-
ൎന്നാമതുല്യം പ്രമേഹം. ൨൪

ചെറുകറുകവേരു പെരുങ്കുരുമ്പവേരു മഞ്ചട്ടിപ്പൊട്ടി കുശവേരു അറുകർഭവേരു നാഗദന്തിവേരു മുള്ളിലവിൻതൊലി ഇവ കഷായംവച്ചു സേവിക്കുക; ശുക്ലമേഹം ശമിക്കും.

സികതാമേഹലക്ഷണവും ചികിത്സയും.

മൂത്രേണ മേഹീ സികതാനുരൂപം
മലാംശ്ച മേദപ്രഭൃതീംശ്ച തത്ര
മേഹത്യലം ദാരുനിശാഗ്നിമന്ഥ-
പാഠാശിവാക്ഷീപ്രമിതം ഫലാനാം. ൨൫

കഷായഃ പ്രമേഹം സികതാഖ്യമുഗ്രം
നാശം നയേത്തത്ര ന കാപി ശങ്കാ
യദ്വാഗ്നിനീരം സഗുഡം ശൃതം ച
തഥാഗുണം വൈദ്യനൃപാ വദന്തി. ൨൬

മേദസ്സുതുടങ്ങിയ മലങ്ങൾ മണൽതരിക്കു തുല്യമായി മൂത്രിക്കുന്നതു് സികതാമേഹമാണു്. ദേവതാരം മഞ്ഞൾ മുഞ്ഞവേരു പാടക്കിഴങ്ങു ത്രിഫലത്തോടു് ഇവ കഷായംവച്ചു സേവിക്കയോ കൊടുവേലിക്കിഴങ്ങു കഷായം വച്ചു് അതിൽശൎക്കര അനുപാനം ചേൎത്തു് സേവിക്കയോ ചെയ്താൽ അത്യുഗ്രമായ സികതാമേഹം ശമിക്കും.

ശീതമേഹലക്ഷണവും ചികിത്സയും.

യഃ ശീതമേഹീ ബഹുശീതവീൎയ്യം
മേഹത്യലം വൈ മധുരം വിശേഷാൽ
സ ചവ്യമൂൎവായുതകണ്ടകാരീ-
കഷായം പിബേൽ ക്ഷൌദ്രയുതം പ്രഭാതേ. ൨൭

ശീതവീൎയ്യമായും മധുരരസത്തിലും വളരെ മൂത്രം പോകുന്നതു് ശീതമേഹമാണു്. കാട്ടുമുളകിൻവേരു പെരുങ്കുരുമ്പവേരു കണ്ടകാരിച്ചുണ്ട ഇവ കഷായം വച്ചു് അതിരാവിലെ തേൻ മേമ്പൊടിചേൎത്തു് സേവിക്കുക; ശീതമേഹം ശമിക്കും.

വേറൊന്നു്.

രസോ ഭൈരവാനന്ദസംജ്ഞോ ദ്വിഗുഞ്ജോ
ഗുഡേനാശു പീതോ വിശേഷേണ നിത്യം
ഹൃതം ശീതമേഹാപകൎഷം പ്രകുൎയ്യാൽ
പ്രകാമം തു പത്ഥ്യാശിനാ മാനവേന. ൨൮

ഭൈരവാനന്ദം എന്ന രസം രണ്ടു കുന്നിയിടവീതം ശൎക്കരയിൽ നിത്യവും സേവിച്ചാൽ നിശ്ചയമായും ശീതമേഹം ശമിക്കും. ഈ രസം സേവിക്കുമ്പോൾ പത്ഥ്യമായി ഭക്ഷണം കഴിക്കണം.

പാഠാവിഡംഗാൎജ്ജുനവല്കലാനാം
കഷായാനുപാനം മധുനാ പ്രകുൎയ്യാൽ
ഭുക്തഃ പാഠവാനന്ദരസം വിശേഷാ-
ന്നൈരാജ്യമാപ്നോതി ച ശീതമേഹീ. ൨൯

ഭൈരവാനന്ദരസം സേവിച്ചു കഴിഞ്ഞതിനുശേഷം, പാടക്കിഴങ്ങു വിഴാലരി നീർമരുതിൻതൊലി ഇവ കഷായംവച്ചു് തേൻമേമ്പൊടിചേൎത്തു കുടിച്ചാൽ ശീതമേഹം നിശ്ചയമായും ശമിക്കും.

ലാലാമേഹലക്ഷണവും ചികിത്സയും.

ലാലാതന്തുയുതം തു മേഹതി മുഹുൎമ്മൂത്രം തഥാ പിച്ഛിലം
ലാലാമേഹഗദാതുരോ നഖശിവാസപ്തച്ഛദാഗ്നിശൃതം
സക്ഷൌദ്രം പരിസേവ്യ പാചനമലം പ്രായഃ പരം ദീപനം
ലാലാമേഹഹരഞ്ച സൌഖ്യമതുലം നൈരുജ്യലക്ഷ്മീം ഭജേൽ. ൩൦

നൂലുപാകിയും പഴുപ്പോട്ടുകൂടിയും മൂത്രം പോകുന്നതു് ലാലാമേഹത്തിന്റെ ലക്ഷണമാണു്. പുലിച്ചുവടി (നാകണം) കട്ടക്കാ

ത്തോട്ട ഏഴിലമ്പാലത്തൊലി കൊട്ടവേലിക്കിഴങ്ങ ഇവ കഷായം വച്ച് ആറിയാൽ തേൻ മേമ്പൊടിചേർത്ത സേവിക്കുക; ലാലാമേഹം ശമിക്കും. ഇത് പാചനവും ദീപനവുമാണ്.

രസം.

മൃതാഭ്രസൂതവംഗകൈസ്സമൈസ്സമൈസ്ത്രിഭിസ്തു തൈ-
ർമ്മഹാദിനിംബബീജജം രജസ്സമം ച പേഷിതം
സമാക്ഷികം ച മാഷമാത്രമക്ഷതം തു ഭക്ഷിതം
വിനാശയേച്ച തം തു മേഹമുഖതം ഭിഷങ്മതം. ൧൫

ശോധിതവും മാരിതവും ആയ അഭ്രം, രസം, വംഗം, ഇവ സമാംശം, ഇവ എല്ലാംകൂടിയിടത്തോളവും വലിയ വേപ്പിന്റെ അരി, എല്ലാംകൂടി പൊടിച്ച് അരച്ച് തേനും ചേർത്ത് ഒരു ഉഴുന്നിൻ പ്രമാണം സേവിക്കുക. അതികഠോരമായ പ്രമേഹവും ശമിക്കും.

അന്യയോഗം.

മധുനാ രജനീ സേവ്യാ തന്തുയുതേന
മേഹേനാധികപീഡാ യസ്യ ച തേന. ൧൬

ലാലാമേഹത്താൽ വളരെ ഉപദ്രവമുള്ളവൻ മഞ്ഞൾ പൊടിച്ച് തേനിൽ കുഴച്ച് സേവിച്ചാൽ അവന്ന് അതുകൊണ്ടുള്ള ഉപദ്രവം ശമിക്കും.

ക്ഷാരമേഹലക്ഷണവും ചികിത്സയും.

ഗന്ധരാഗരസനീരസസ്പർശൈഃ
ക്ഷാരകസ്യ ച സമൈർയ്യദി മേഹീ
ക്ഷാരമേഹമപി മേഹതി തത്ര
അത്യുശീരശിശിരാമ്പപിലോധ്ര-
വീരവല്കവശ്യതൈർമ്മധുനാസഃ. ൧൭

മൂത്രത്തിന് ക്ഷാരത്തിന്റെ മണവും നിറവും രസവും സ്പർശവും ഉണ്ടായിരുന്നാൽ അത് ക്ഷാരമേഹമാണ്. അതിന്ന് രാമച്ചം ചന്ദനം പാച്ചോററിത്തൊലി നീർമരുതിൻതൊലി ഇവ കഷായം വച്ച് തേൻ മേമ്പൊടിചേർത്ത സേവിക്കണം.

അന്യയോഗം.

അമലകുലകനിംബൈഃ സംശൃതം കാഥമേകം
പിബതി ഖലു നരോ യോ ലോഹഭസ്മാവഗാഢം
മധുയുതമപി സദ്യഃ ക്ഷാരമേഹീ വിശേഷാ-
ദ്യദി ഭവതി വിരോഗഃ സത്വസൌഖ്യാനുകൂലം. ൧൮

നെല്ലിക്കാത്തോട്ട പടവലം വേപ്പിൻതൊലി ഇവ കഷായം വച്ച് അതിൽ ഉരുക്കിൻഭസ്മവുമിട്ട വച്ചിരുന്ന് തേൻ മേമ്പൊടി ചേർത്ത സേവിക്കുക; ക്ഷാരമേഹം ശമിക്കും.

നളദചന്ദനലോധ്രസമം ഭിഷഗ്-
വിജയവല്കലസംശൃതമത്ര വൈ
സമധു നിത്യമലം പരിപായയേദ്-
ബഹുളദുസ്തരഭസ്മകമേഹിനേ. ൧൯

രാമച്ചം ചന്ദനം പാച്ചോററിത്തൊലി നീർമരുതിൻതൊലി ഇവ കഷായംവച്ച് ആറിയാൽ തേൻ മേമ്പൊടിചേർത്ത സേവിക്കുക; വളരെ വർദ്ധിച്ചതും ദുസ്തരവും ആയ ക്ഷാരമേഹം ശമിക്കും.

നീലമേഹലക്ഷണവും ചികിത്സയും.

നീലാഭമൂത്രം യദി നീലമേഹേ
വിമൂത്രയേന്മൂത്രമലം മനുഷ്യഃ
ധാത്രീഫലാർണ്ണേന വിഭാവ്യ ധാത്രീ-
ചൂർണ്ണം തു തത്തുല്യമൃതാഭ്രസൂതൌ. ൨൦
സംഭാവ്യ സപ്തൈവ ദിനാകി ചപലേ
മാഷോന്മിതം തദ്ഗുളികാം ശരാവ്യം
ഭുഞ്ജീത നിത്യം ഖലു നീലമേഹ-
പ്രശാന്തയേ പഥ്യരതോ വിശേഷാൽ. ൨൧

നീലനിറത്തിൽ മൂത്രം പോകുന്നത്, നീലമേഹമാണ്. നെല്ലിക്കാത്തോടിന്നു സമം ശോധിതവും മാരിതവും ആയ അഭ്രവും രസവും ചേർത്ത് ഏഴുദിവസം നെല്ലിക്കാനീരിൽ അമ്മിക്കല്ലിൽ അരച്ച് ഉഴുന്നിൻ പ്രമാണം ഗുളികയുരുട്ടി ഉണക്കിവച്ചിരുന്ന് നിത്യവും സേവിക്കുക. നീലമേഹം ശമിക്കും. പത്ഥ്യമായ ആഹാരമേ കഴിക്കാവൂ.

അന്യയോഗം.

മഹാനിംബബീജാനി വാ പൂർവവച്ച
സധാന്യാമ്ലഹവ്യേന നിത്യം പിബേൽ സഃ
ഭവന്നീലമേഹേന മുക്തോ നിതാന്തം
പ്രഭുക്തോ ഭവേൽ പത്ഥ്യശാലീ മനുഷ്യഃ. ൨൨

വലിയ വേപ്പിന്റെ അരിയും അതിനുസമം ശോധിതവും മാരിതവുമായ അഭ്രവും രസവും ചേർത്ത് വേപ്പിൻതൊലിക്കഷായത്തിൽ ഏഴുദിവസം അരച്ച് ഉഴുന്നിൻപ്രമാണം ഗുളികയുരുട്ടി ഉണക്കിവച്ചിരുന്ന് പത്ഥ്യമായി സേവിക്കുക; നീലമേഹം ശമിക്കും.

കാലമേഹലക്ഷണവും ചികിത്സയും.

കാലാഭമൂത്രം ഖലു കാലമേഹീ
സമ്മൂത്രയേൽ തത്ര പിബേൽ കഷായം
ലോധ്രാബ്ജ്യനോശീരകചന്ദനാനാം
സക്ഷൌദ്രകം വൈരമവതീം ഹിമം വാ. ൫൯

മഷിപോലെ കറുത്ത നിറത്തിൽ മൂത്രം പോകുന്നതു് കാലമേഹമാണ്. അതിന്നു് പാച്ചോററിത്തൊലി, നീർമരുതിൻതൊലി, രാമച്ചം, രക്തചന്ദനം ഇവ കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കയോ; കടുക്കയും മുത്തങ്ങയുംകൂടി കഷായംവച്ചു തേൻ മേമ്പൊടിചേൎത്തു സേവിക്കയോ ചെയ്യണം.

ഉശീരാമലക്യോഃ കഷായസ്തഥൈവ
സമം മാക്ഷികേണാഥ കാലപ്രമേഹേ. ൬൦

രാമച്ചവും നെല്ലിക്കാത്തോടുംകൂടി കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കുക; കാലമേഹം ശമിക്കും.

ഹാരിദ്രമേഹലക്ഷണവും ചികിത്സയും.

ഹാരിദ്രമേഹീ കടുകം ഹരിദ്രാ-
നിഭം ദഹൻ മൂത്രയതേ നിതാന്തം
ലോധ്രേണ വാ ധാതകിചന്ദനാനാം
സബാലകാനാം മധുനാ ശൃതം സഃ. ൬൧

എരിവോടും ചൂടോടുംകൂടി മഞ്ഞൾവെള്ളത്തിന്റെ നിറത്തിൽ മൂത്രമൊഴിക്കുന്നതു് ഹാരിദ്രമേഹമാണ്. അതിന്നു് പാച്ചോററിത്തൊലിമാത്രം കഷായംവച്ചു തേൻ മേമ്പൊടിചേൎത്തു സേവിക്കയോ താതിരിപ്പൂവു ചന്ദനം ഇരുവേലി ഇവ കഷായംവച്ചു തേൻ മേമ്പൊടിചേൎത്തു സേവിക്കയോ ചെയ്യണം.

മറെറാരു യോഗം (പടോലാദി.)

പടോലനിംബാമലകാമൃതാനാം
കഷായകം ക്ഷൌദ്രയുതം മനുഷ്യഃ
ഹാരിദ്രമേഹീ ഖലു പത്ഥ്യഭോജീ
പിബേൽ പ്രഭാതേ രജനീം പ്രമേഹേ. ൬൨

പടവലം വേപ്പിൻതൊലി നെല്ലിക്കാത്തോടു് അമൃതു ഇവ കഷായംവച്ചു തേൻ മേമ്പൊടിചേൎത്തു സേവിച്ചാൽ ഹാരിദ്രമേഹം ശമിക്കും. പത്ഥ്യാഹാരങ്ങൾമാത്രമേ ഉപയോഗിക്കാവു. പ്രഭാതത്തിൽ മഞ്ഞൾ പൊടിച്ചു് വെള്ളത്തിൽ കലക്കി സേവിക്കുന്നതും ഹാരിദ്രമേഹത്തിനു നല്ലതാണ്.

മാഞ്ജിഷ്ഠമേഹലക്ഷണവും ചികിത്സയും.

മാഞ്ജിഷ്ഠനീരേണ ച വിസ്രവീഷ്യം
മാഞ്ജിഷ്ഠികേ മേഹതി തത്ര മേഹീ
മുസ്താഭയാ മുഷ്ടകവ്യക്ഷനീരം
മധുപ്രയുക്തം ച ശൃതം പിബേൽ സഃ. ൬൩

മഞ്ചട്ടിപ്പൊടി കലക്കിയ വെള്ളത്തിന്റെ നിറത്തിൽ ദുർഗ്ഗന്ധത്തോടുകൂടി മൂത്രം ഒഴിക്കുന്നതു് മാഞ്ജിഷ്ഠമേഹമാണ്. അതിന്നു് മുത്തങ്ങ കടുക്ക വെൺപാതിരി ഇവ കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കണം.

ധാതക്യാദി.

ധാതകിപുഷ്പനൃപദ്രുഫലാനാം
ലോധ്രയുതം യദി സംസ്കൃതമംബു
മാക്ഷികസാക്ഷികമാശ്രുനിപീതം
അരുണമേഹഹരം പ്രഥിതം ച. ൬൪

താതിരിപ്പൂവു് കൊന്നക്കായുടെ ഉള്ളിലെ പശ പാച്ചോററിത്തൊലി ഇവ കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കുക; മാഞ്ജിഷ്ഠമേഹം ശമിക്കും.

രക്തമേഹലക്ഷണവും ചികിത്സയും.

വിസ്രമുഷ്ണമഥവാ പടുരക്ത-
സന്നിഭം ച യദി മേഹതി മേഹീ
ബാലവത്സരസമേത്ത പിബേദ്വാ
ഖദിരകാഷ്ഠശൃതമംബു പിബേദ്വാ. ൬൫

ദുർഗ്ഗന്ധത്തോടും ചൂടോടും ഉപ്പുരസം കലൎന്നും രക്തനിറത്തിലും മൂത്രമൊഴിക്കുന്നതു് രക്തമേഹമാണ്. അതിന്നു്, കരിങ്ങാലിക്കാതലോ വേങ്ങക്കാതലോ കഷായംവച്ചു സേവിക്കണം.

വസാമേഹലക്ഷണവും ചികിത്സയും.

വസാമേഹയുക്തോ വസാമിശ്രമേവം
വസാഭം പ്രമേഹത്യഥോ തത്ര നിത്യം
പിബേദഗ്നിമന്ഥാകഷായം തഥാ വാ
തഥാ പാടലായാശ്ശൃതം മാക്ഷികേണ. ൬൬

വസ (നെയ്യല) കലൎന്നും വസയുടെ നിറത്തിലും മൂത്രം പോകുന്നതു് വസാമേഹമാണ്. അതിന്നു് മുഞ്ഞവേരോ പാതിരിയുടെ വേരോ കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടിചേൎത്തു കൊടുക്കണം.

മജ്ജാമേഹലക്ഷണവും ചികിത്സയും.

മജ്ജാനിഭം മജ്ജസമേതമത്ര
മജ്ജാപ്രമേഹേ യദി മേഹതീത്ഥം
കാശ്മര്യഖർജ്ജൂരകതിന്ദുച്ചിന്നാ-
ഹരീതകീകഷായമധുൻ പിബേൽ സഃ. ൭

മജ്ജയുടെ നിറത്തിലും മജ്ജ കലൎന്നും മൂത്രം ഒഴിക്കുന്നതു് മജ്ജാപ്രമേഹമാണ്. കുമ്പിൾവേര ചിററീന്തലിൻവേര പനച്ചിക്കാ ചിററമൃതു കടുക്ക ഇവ കഷായംവച്ചു് ആറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കുക; മജ്ജാപ്രമേഹം ശമിക്കും.

വേറൊന്നു്.

ഛിന്നാഗ്നിനീരേണ തഥൈവ പാഠാ-
തിക്താമയൈഃ കൌടജഹിംഗുചൂൎണ്ണം
മജ്ജാപ്രമേഹീ നിതരാം നിഷേവേൽ
കാലേ യഥോക്തേ തു തഥോക്തഭോജീ. ൮

ചിററമൃതു കൊട്ടുവേലിക്കിഴങ്ങു ഇവ കഷായംവച്ചു് അതിൽ പാടക്കിഴങ്ങു പുത്തരിച്ചുണ്ടവേര കുടകപ്പാലയരി കായം ഇവ പൊടിച്ചു മേമ്പൊടി ചേൎത്തു് സേവിക്കുക; മജ്ജാപ്രമേഹം ശമിക്കും. ഈ കഷായം കാലവും പത്ഥ്യവും അനുസരിച്ചു സേവിക്കണം.

ക്ഷൌദ്രമേഹലക്ഷണവും ചികിത്സയും.

രക്തം കഷായം മധുരം തഥാപി
ക്ഷൌദ്രപ്രമേഹേ യദി മേഹതീഹ
സൂതം മൃതം നാഗമഥോ മൃതം ച
തച്ഛിഞ്ജനസ്യാപി സമം സമസ്തം. ൯

സമ്മർദ്ദയൻ ശാല്മലികാംഘ്രിതോയൈർ.
ദിനം വടീം മാഷമിതം ച തസ്യ
കഷായേന വൈ ശാല്മലിമൂലകാനാം
സമാക്ഷികം മാക്ഷികമേഹരോഗേ. ൧൦

ക്ഷൌദ്രമേഹാന്തകശ്ചായം
ത്രിഫലാ വാ സമാക്ഷികാ
ക്ഷൌദ്രമേഹഹരാവേതൌ
യോഗൌ സേവ്യൌ വിശേഷതഃ. ൧൧

രക്തനിറത്തിലും ചവർപ്പുരസവും മധുരരസവും കലൎന്നും മൂത്രം പോകുന്നതു് ക്ഷൌദ്രമേഹമാണ്.

തച്ചികിത്സ.

ശോധിതവും മാരിതവും ആയ രസം നാഗം ഇവ സമം, രണ്ടുംകൂടിയിടത്തോളവും നീർമരുതിൻതൊലി ഇവ പൊടിച്ചു് ഒരുദിവസം മുഴുവനും (൬൦ നാഴിക) ഇലവിൻവേരിന്റെ കഷായത്തിൽ അരച്ചു് ഉഴുന്നിൻപ്രമാണം ഗുളിക ഉരുട്ടി ഇലവിൻകഷായത്തിൽ അരച്ചു് തേൻചേൎത്തു സേവിക്കുക; ക്ഷൌദ്രമേഹം ശമിക്കും. മുൻപറഞ്ഞ രസത്തിന്റെ പേരു് ക്ഷൌദ്രമേഹാന്തകരസം എന്നാണ്. ഇതുകൂടാതെ ത്രിഫല കഷായംവച്ചു് തേൻചേൎത്തു സേവിക്കുന്നതും ക്ഷൌദ്രമേഹത്തിനു വിശേഷമാണ്.

ഹസ്തിമേഹലക്ഷണവും ചികിത്സയും.

മൂത്രം വേഗവിവൎജ്ജിതം ത്യജതി യോ ഹസ്തീവ മത്തോ യദി
ലഘും വാ സലസീകമത്ര ബഹുധാ ഹസ്തിപ്രമേഹീ ജനഃ
പാഠാശൈലജതു ച കിംശുകമഥോ മൂൎവ്വാ തഥാ തിന്ദുകം
ദ്രുസ്പൃശം ച കപിത്ഥകം ച സകലേഷേകസ്യ നീരം പിബേൽ.

ഹസ്തിമേഹം ഉള്ളവൻ മദിച്ച ആനയേപ്പോലെ വേഗമില്ലാതെയും തടവോടുകൂടിയും ചോരവെള്ളം കലൎന്നും മൂത്രം ഒഴിക്കും. പാടക്കിഴങ്ങു് കല്മദം ഇവ രണ്ടുംകൂടി കഷായംവച്ചും, മുരുക്കിൻതൊലി പെരുംകുരുമ്പവേരു് പനച്ചിക്കാ കൊടിത്തൂവവേര വിളാർമരത്തിന്റെ കായ് ഇവയോരോന്നും വെവ്വേറെ കഷായംവച്ചു സേവിക്കുക; ഹസ്തിമേഹം ശമിക്കും. ഇങ്ങനെ ആറു യോഗങ്ങൾ.

മധുമേഹലക്ഷണവും ചികിത്സയും.

ഉപേക്ഷിതാ വിംശതിരേവ മേഹാ
മധുപ്രമേഹത്വമലം പ്രയാതി
അസാദ്ധ്യതാം യാന്തി പിപീലികാഭിർ-
ജുഗുപ്സ്യം യദി സ്യാന്മധുവൽ പ്രകാമം. ൧൨

തന്മേഹിനാമന്ത്യദശാ മധുത്വ-
മാപന്നമൃത്യുർവിജയായ തസ്യ
ഗോകണ്ടകം പഞ്ച സമസ്തകാംഗ-
ദ്രതം തു സംകുട്ട്യ പചേജ്ജലേ തൽ. ൧൩

തത്തോയശേഷേണ ചതുൎത്ഥകേന
ഭാഗേന ദദ്യാദഥവാ സിതായാഃ
പലാനി പഞ്ചാശദഥോ പലാനി
തദ്വൽ ഹി സംപാചിതസാദ്ധ്യകാലേ. ൧൪

ശൃങ്ഗീകണാ നാഗരമുസ്താഷണാനാ-
മേലാത്വചാത്രാപുസബീജമജ്ജാ
കോശേന ജാത്യാശ്ച കകുബ് ഭവൈശ്ച
ബീജൈശ്ചതുർഭിസ്സവിലാംശ്ചവിധ്യാൻ. ൬൩

പലാഷ്ടകം വംശജരോചനായാഃ
സംമിശ്ര്യ ഭുഞ്ജീത യഥാപ്രമാണം
പ്രായഃ പലം ചാമൃതകല്പമാശു
മൂത്രേऽതിദാഹം ച വിബന്ധമേഹാൻ. ൬൪

ശുക്ലാശ്മരീം മേഹഗണാംശ്ച സർവാൻ
വീര്യസ്യ ദോഷാൻ മധുലോഹിതാദീൻ
ഗുഞ്ജാംല്ലിഢ്വശേഷന തഥൈവ കേചി
പീതേന ഹന്ത്യന്മധുമേഹമുഗ്രം. ൬൫

ഇരുപതുവിധത്തിലുള്ള പ്രമേഹങ്ങളും ചികിത്സിക്കാതെയിരുന്നാൽ മധുമേഹമായിത്തീരും. തേനിന്റെ ചുറ്റും ഉറുമ്പുവന്നു ചേരുന്നതുപോലെ മൂത്രം ഒഴിക്കുന്ന സ്ഥലത്തും ഉറുമ്പുകൾ അടുത്തുതുടങ്ങും. ഈ സ്ഥിതിയിൽ ആയ പ്രമേഹം അസാദ്ധ്യമാകയാൽ മൃത്യുവിനെത്തന്നെ ചെയ്യും. എങ്കിലും ആ മധുമേഹത്തിനുള്ള ചികിത്സയെ അടുത്തുതന്നെ കാണിക്കുന്നു.

ഗോക്ഷുരപഞ്ചാംഗാമൃതാവലേഹം.

ആറുപലം ഞെരിഞ്ഞിൽ എലയോടും കായോടും വേരോടുംകൂടി എടുത്തു ചതച്ച് നാല ഇടങ്ങഴി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി ൧൦ പലം പഞ്ചസാരചേർത്ത് പചിച്ച് പാകമാകുമ്പോൾ ചുക്ക തിപ്പലി നാഗപ്പൂവു പച്ചില നല്ലമുളക എലത്തരി ഇലവർങ്ഗം കത്തിരിക്കായുടെ അരിയുടെമജ്ജ ജാതിക്ക നീർമരുതിൻകായുടെ അരി ഇവ ഓരോപലം വീതം (ഈ രണ്ടു പലം എന്നു ഭാവപ്രകാശത്തിൽ കാണുന്നു.) പൊടിച്ചുചേർത്ത് എട്ടുപലം ക്ഷൗദ്രവും ചേർത്ത യോജിപ്പിച്ച് ഒരുപലം വീതം സേവിക്കുക; ഈ ലേഹം അമൃതിനു തുല്യമാണ്. മൂത്രച്ചൂട് മൂത്രത്തടവ്, ശുക്ലാശ്മരി, സകല പ്രമേഹങ്ങൾ, ശുക്ലദോഷം, മധുമേഹം, രക്തമേഹം ഇവയും ശമിക്കും. കുന്നിയുടെവേരു അരച്ച് പാലിൽ കുടിച്ചാൽ മധുമേഹം ശമിക്കും എന്നു ചിലർ പറയുന്നു.

മേഹപിടകങ്ങൾ (ശരാവിക.)

അന്തോന്നതാ ചാപി ശരാവികാഭാ
ശരാവികാനിമ്നവിശേഷമല്പാ

സാ ശോഥവൽ പക്വതമാ വ്രണേന
ചികിത്സകൈസ്തുല്യമലം ചികിത്സ്യാ
പ്രശസ്യതേ ക്വാഥമലം തു ബസ്ത-
മൂത്രം ച തീക്ഷ്ണം പരിശോധനം ച ൬൯

വക്കുകൾ പൊങ്ങിയും നടുവ് കുഴിഞ്ഞും ശരാവത്തിന്റെ ആകൃതിയിൽ ഉണ്ടാകുന്ന കുരുവിന് ശരാവിക എന്നുപേർ. ഇതു ഉണ്ടാകുന്നത് പ്രമേഹം വരുമ്പോൾ അതിനെ ചികിത്സിച്ചു ശമിപ്പിക്കായ്കയാലാണ്. ഈ ശരാവിക പഴുക്കാതിരിക്കുമ്പോൾ നീരിനു പറഞ്ഞിരിക്കുന്ന ചികിത്സയും, പഴുത്താൽ വ്രണത്തിനുള്ള ചികിത്സയും ചെയ്യണം. കഷായവും ആട്ടിൻ മൂത്രവും നല്ലതാണ്. തീക്ഷ്ണവിരേചനവും പ്രയോഗിക്കാം.

കച്ഛപികാലക്ഷണവും ചികിത്സയും.

യാ കൂർമ്മതുല്യാ ഖലു കച്ഛപീ സാ
ദാഹാന്വിതാ വീരവചാകടംബൈഃ. ൭൦

ക്വാഥീകൃതൈഃ പീതതമൈർവിശേഷാ-
ദ്വാ ധാവയേന്നിംബനൃശിംശപാഭിഃ
കക്കോലനീരേണ ഭിഷഗ്വിശേഷാ-
ദ്വിനാശനായാശു ച കുംഭികായാഃ. ൭൧

ആമയുടെ ആകൃതിയിൽ ചൂടോടുകൂടി ഉണ്ടാകുന്ന കുരുവിന്നു കച്ഛപി എന്നുപേർ. കണവീരം (അരളി) വയമ്പ കടമ്പിൻതൊലി, ഇവ കഷായം വെച്ചു സേവിക്കയും, വേപ്പിൻതൊലി ഇരുവുളിൻതൊലി ചന്ദനമരത്തിന്റെ വേരിലെതൊലി പാതിരിയുടെ വേരു.(അല്ലെങ്കിൽ ചെറുകുമിഴിന്റെ വേരായാലും മതി) ഇവ കഷായംവച്ച് വ്രണത്തെ ശോധനചെയ്യുകയും ചെയ്താൽ കച്ഛപി എന്ന കുരു ശമിക്കും.

ജാലിനീലക്ഷണവും ചികിത്സയും.

സിരാജാലജാ ജാലിനീ തീവ്രദാഹാ
ഭവേൽ പാകമായാതി ചേത്തത്ര വൈദ്യഃ
വിശേഷേണ വാ ധാവയേദ്വാക്യമാനൈഃ
കദംബാർജ്ജുനത്വഗ്യുതൈസ്തിന്ദുകീനാം ൭൨

കഷായൈഃ പ്രപാകേऽനവേലം പ്രസിച്യ
തതോ ധാവയേത്തേന തേനൈവ ഭൂയഃ
വിധൂയാ വിശുഷ്യത്യലം ജാലിനീ സാ
പ്രഭൂതാ തു മേഹാന്തനാഡീഷു യാ വാ. ൭൩

ഞരമ്പിൻകൂട്ടത്താൽ ചുററിയും വലിയ ചൂടോടുകൂടിയും ഇരി
ക്കുന്നതു് ജാലിനി എന്ന കുരുവാണ്. അതു് നല്ലവണ്ണം പഴുത്തു
പൊട്ടിയാൽ കടമ്പിൻതൊലി നീർമരുതിൻതൊലി പനച്ചിയുടെ
കായ്, ഇവ കഷായംവച്ചു് തേച്ചുകഴുകണം. ഇങ്ങനെ പല പ്രാ
വശ്യം തേച്ചുകഴുകിയാൽ നാഡിയിൽ പ്രവേശിച്ച ജാലിനികൂടി
യും ചലം ഇല്ലാതായി ഉണങ്ങിപ്പോകും.

വിനതയുടെ ലക്ഷണം.

അവഗാഢരുജാർദ്രഭാവയുക്താ
യദി പൃഷ്ഠേഽപ്യുദരേഽപി വാ കച്ചിച്ച
പിടകാ മഹതീ ഭവേത്തു നീലാ
വിനതാ സാ ഖലു കത്ഥ്യതേ മുനീന്ദ്രൈഃ. ൪൪

പുറത്തോ വ
യററത്തോ ഉണ്ടാകുന്നതും വലുതായും നീലനിറത്തിലും ഇരിക്കുന്ന
തും ആയ കുരുവാണ് വിനതാ എന്നു പറയുന്നതു്.
കുഴിഞ്ഞും വേദനയോടും നനവോടും കൂടിയും

തച്ചികിത്സ.

പടോലനിംബാഗ്നിഭവൈവശ്ച പത്രൈർ-
നിഷേചയേൽ കാഞ്ജികഭംഗനീരൈഃ

പടവലം വേപ്പില കൊട്ടുവേലിയില ഇവയുടെ നീരോ കരി
ങ്ങമ്പയുടെ നീരോകൊണ്ടു് ധാരചെയ്താൽ വിനത എന്ന കുരു
ശമിക്കും.

അലജീലക്ഷണവും ചികിത്സയും.

രക്താചിതാ സ്ഫോടയുതാഽതിതീവ്രാ
രക്താ ചിതാ സ്ഫോടയുതാതിതീവ്രാ ൪൫
പ്യോതാ തതോഽന്യാപ്യലജീ ച തസ്യാഃ.
ഷഷ്ടീചന്ദനയുക്മക്കുഷ്ഠമധുകൈർദ്ദുഗ്ദ്ധേന ലേപോചിതൈർ-
ല്ലിപ്തോ യാതി വിനാശമാശു ച തതശ്ചാന്യാം മസൂരീം ബ്രുവേ
സംസ്ഥാനാ യദി ചേന്മസൂരസദൃശീ തസ്യാമുശീരം തഥാ
ശ്ലിഷ്ടം ഗോപയസാ മൃണാളമഥവാ വൈ ഗൈരികം കത്ഥണം. ൪൬

രക്തത്താൽ വ്യാപിച്ചും പൊള്ളലോടുകൂടിയും അതികഠിന
മായും ഇരിക്കുന്ന കുരുവിന്നു് അലജി എന്നു പേർ. ഞെവര വെൺ
ചന്ദനം രക്തചന്ദനം കൊട്ടം ഇരട്ടിമധുരം ഇവ പാലിലര
ച്ചു തേച്ചാൽ അലജി ശമിക്കും.

മസൂരികാലക്ഷണവും ചികിത്സയും.

ചണംപയറിന്റെ അകൃതിയിൽ പുറപ്പെടുന്ന കുരുവിന്

മസൂരികാ എന്നു പേർ. രാമച്ചമോ താമരവളയമോ കാവിമണ്ണോ
നാന്മുകപ്പുല്ലോ പാലിൽ അരച്ചു തേച്ചാൽ മസൂരിക ശമിക്കും.

സർഷപികാലക്ഷണവും ചികിത്സയും.

യാ ഗൌരസർഷപനിഭാ കില സാർഷപീ സാ
ഹൈയ്യംഗവീനപരിലേപിത ഏവ സദ്യഃ
ശീതാംബുനാ വ്രജതി നാശമലം ച സേകാ-
ച്ഛീഘ്രം പ്രമേഹപിടകാ കില സാർഷപീ തു. ൪൭

വെൺകടുകിന്റെ അകൃതിയിൽ കുരുക്കൾ ഉണ്ടാകുന്നതു് സ
ർഷപിയാണ്. വെണ്ണനെയ്യു തേച്ചു തണുത്ത വെള്ളംകൊണ്ടു
കഴുകിക്കളഞ്ഞാൽ സർഷപിക ശമിക്കും.

വേറൊരു ലേപനം.

നിചുളാർജ്ജുനപത്രലേപനാദ്വാ
പ്രതിഹന്യാച്ച തഥൈവ സർഷപീം ദ്രാക്
അഥവാ പരിപാചിതാപി സേയം
സചയമേവാശു വിനശ്യതി ധ്രുവം സാ. ൪൮

നീർക്കടമ്പു് നീർമരുതു ഇവയുടെ ഇല അരച്ചു തേക്കുകയോ
ഇവയുടെ തൊലി കഷായംവച്ചു് ധാരചെയ്കയോ ചെയ്താൽ സർഷ
പിക ശമിക്കും.

പുത്രിണീലക്ഷണവും ചികിത്സയും.

മഹത്യല്പിതാ വാചിതാ പുത്രിണീ സാ
ചികിത്സ്യാർജ്ജുനീരേണ മേഘാമ്ലപത്രൈഃ
പ്രപിഷ്ടൈഃ പ്രലിപ്തൈസ്തഥാ ധാത്രിപത്രൈ-
സ്തഥൈവാശു ഗായത്രികാപത്രലേപൈഃ. ൪൯

വലുതായും ചെറുതായും ഇരിക്കുന്ന കുരുക്കളാൽ വ്യാപിച്ചി
രിക്കുന്നതു് പുത്രിണി എന്ന പിടകയാണ്. മുത്തങ്ങാക്കിഴങ്ങ്
പുളിയില ഇവയോ നെല്ലിയില കരിങ്ങാലിഇല ഇവയോ അരച്ചു
തേച്ചാൽ പുത്രിക ശമിക്കും.

വിദാരികാലക്ഷണവും ചികിത്സയും.

വിദാരികാകന്ദനിഭാ വിദാരീ
ഭവേച്ച സാ പ്രസ്ഫുടനാച്ച തസ്യാഃ
സംസേചനം വൈ മഹിഷീമലേന ൫൦
കൃത്വാച്ച യാവൽ പരിപച്യതേ സാ.
തതസ്തു തസ്യാം ത്രിഫലാം വിചൂർണ്ണ്യ
സംപൂരയേൽ കാഞ്ജികവാരിണൈവ

പ്രക്ഷാളയേന്നാശമുപൈതിശീഘ്രം
പുനഃ പുനഃ ക്ഷാളനതഃ പ്രകാമം. ൻ൭

പാൽമുതക്കിൻകിഴങ്ങിൻെറ ആകൃതിയിൽ ഉണ്ടാകുന്ന കുരു വിന്ന് വിദാരിക എന്നു പേർ. അതു പഴുക്കുന്നതുവരെ കന്നിൻ ചാണകംകൊണ്ട് സേ്വദിപ്പിക്കണം. പഴുത്തു പൊട്ടിയാൽ കാടിയിൽ ത്രിഫല പൊടിച്ചിട്ട അതുകൊണ്ട് കൂടെക്കൂടെ കഴുകണം. ഈ പ്രയോഗംകൊണ്ട് വിദാരിക നശിക്കും.

വിദ്രധിലക്ഷണവും ചികിത്സയും.

ലക്ഷണൈർവിദ്രധേസ്സംപ്രയുക്താ തതഃ
കിം ച പാകാധികാ നാത്ര ഭേദോ ലവഃ
ജലാധീശവൃക്ഷീഭവൈഃ ശേ്വതമൂലൈഃ
കഷായം നിപീതം വിനാശായ തസ്യാഃ. ൻവ

വിദ്രധിയുടെ ലക്ഷണങ്ങളോട്ടുകൂടി ഉണ്ടാകുന്ന കുരുക്കൾക്ക് വിദ്രധി എന്നു പേർ. ഇതിന്നും വിദ്രധിയെപ്പോലെ പഴുപ്പും എല്ലാം ഉണ്ടായിരിക്കും. നീർമരുതിൻതൊലി തമിഴാമവേരു വെള്ളെരിക്കിൻവേരു ഇവ കഷായംവച്ചു സേവിച്ചാൽ വിദ്രധി എന്ന പിടക ശമിക്കും.

പ്രമേഹോപദ്രവങ്ങൾ.

അപാകോƨരുചിശ്ഛർദ്ദിനിദ്രാതികാസാ-
സ്തഥാ പീനസഃ ശ്ലേഷ്മമേഹേ ഭവന്തി
ഭവേന്മേഹനേ ചാപി വസ്തൗ ച തോദോ
ജ്വരോ ദാരണം മുഷ്കയോസ്തൃഷ്ണമൂർച്ഛാ. ൻ൩

ഭ്രമോ വിഡ്‌വിഭേദശ്ച പിത്തോത്തരേƨപി
പ്രമേഹേƨഥ വാതോദ്ഭവേ കമ്പഹൃദ്ഗ്രഹഃ-
ഉദാവർത്തരോഗാഗ്രഹോ ലോലതാഃ സ്യു-
സ്തഥാ ശോഷശൂലാനി കാസോ വിനിദ്രാഃ. ൻര

അമീ ശ്വാസപൂർവ്വാ പ്രമേഹേ ഭവന്തി
യഥോപദ്രവാ വാ യഥാസ്വം ച തേഷാം
തഥാ തൃഷ്ണമോഹൗ മദോ മർമ്മരോധോ
ജ്വരശ്ചാഥ ഹിക്കാ വിസർപ്പശ്ച തേഷാം. ൻ൫

പിടകാസു ഭവന്ത്യുപദ്രവാസ്തൈ-
രപി യുക്തോƨന്യതമൈർവിശേഷതശ്ച
അപി ഗാഢനിപീഡിതസ്ഥ സോƨപി
യമരാജസ്യ ഗൃഹം യിയാസുരേവ. ൻന

മൂർഛാവിസർപ്പജ്വരകാസഛർദ്ദി-
ശ്വാസൈഃ പ്രമേഹേ യദുപദ്രുതോƨന്യൈഃ
സ ദുശ്ചികിത്സ്യോ മധുമേഹതാം യോ
യാതശ്ച സർവ്വേ പിടകാസമേതാഃ. ൻ൬

യേ വീര്യ്യദോഷാഃ കുലജാശ്ച യേ തൈ-
ർമ്മാലയം ഗന്തുമലം പ്രവൃത്താഃ
തേ വൈദ്യഭൂപൈരഖിലാശ്ച ഹേയാ
യശോത്ഥിഭിഃ കർമ്മജമേഹഭാജഃ. ൻ൮

പിടകാഃ കില മൂർദ്ധ്നി പായുഗാ
യദി പൃഷ്ഠേƨപി ച മർമ്മസംഭവാഃ
കൃശവഹ്നിതനോരുപദ്രുതാഃ
പരിതസ്ത്യാജ്യതമാസ്തഥൈവ സർവ്വാഃ. ൻൻ

കഫപ്രമേഹോപദ്രവങ്ങൾ.

ദഹനമില്ലായ്ക; അരുചി ഛർദ്ദി, നിദ്ര, ചുമ, പീനസം ഇവ കഫമേഹത്തിൻെറ ഉപദ്രവങ്ങളാണ്. (ഉദകമേഹംമുതൽ ലാലാമേഹംവരെയുള്ള പത്തു മേഹങ്ങൾ കഫമേഹങ്ങളാണ്.)

പിത്തമേഹോപദ്രവങ്ങൾ.

ലിംഗത്തിലും വസ്തിയിലും കുത്തിനോവ്, ജ്വരം, വൃഷണങ്ങളിൽ വെണ്ടുകീറിനോവുക; തണ്ണീർദാഹം, മോഹാലസ്യം, തലകറക്കം, മലം അയഞ്ഞുപോകുക; ഇവ പിത്തമേഹത്തിൻെറ ഉപദ്രവങ്ങളാണ്. (നീലമേഹം മുതൽ രക്തമേഹംവരെ സ മേഹങ്ങൾ പിത്തമേഹങ്ങളാണ്.)

വാതമേഹോപദ്രവങ്ങൾ.

ഉദാവർത്തം, വിറയൽ, നെഞ്ചിനുപിടിത്തം, ലോലത്വം, ശോഷം, ശൂലം, ചുമ, ഉറക്കമില്ലായ്ക; ശ്വാസം ഇവ വാതമേഹത്തിൻെറ ഉപദ്രവങ്ങളാണ്. (വസാമേഹം, മജ്ജമേഹം, ക്ഷൌദ്രമേഹം, ഹസ്തിമേഹം ഇവനാലും വാതപ്രമേഹങ്ങളാണ്.) തണ്ണീർദാഹം മോഹം, മദം, മർമ്മരോധം, ജ്വരം, ഇക്കിൾ, വിസർപ്പം, ഇവയും പിടകങ്ങളിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണ്.

പ്രമേഹങ്ങളുടെ അസാദ്ധ്യത്വം.

മുൻപറഞ്ഞ ഉപദ്രവങ്ങളോട്ടും മററു വിശിഷ്ടോപദ്രവങ്ങളോട്ടുംകൂടിയവനും, മൂത്രഗതിയാൽ അധികം പീഡിതനും ആയ പ്രമേ

ഹരോഗി, യമഭവനത്തെ യാനംചെയ്യും. മൂർഛ, വിസർപ്പം, ജ്വരം, കാസം, ഛർദ്ദി, ശ്വാസം, ഈ ഉപദ്രവങ്ങളുള്ളവനെയും മധുമേഹിയെയും, പിടകങ്ങൾ ഉണ്ടാകുന്ന പ്രമേഹരോഗിയെയും, ബീജദോഷത്താലും കുലപാരമ്പര്യത്താലും കർമ്മശക്തിയാലും പ്രമേഹം ഉണ്ടാകുന്നവനെയും യശഃകാമന്മാരായ വൈദ്യശ്രേഷ്ഠന്മാർ ചികിത്സിച്ചുകൂടാത്തതാണ്. ശിരസ്സ്, ഗുദം, പുറം മുതലായ സ്ഥലങ്ങളിലും മർമ്മങ്ങളിലും ഉണ്ടാകുന്ന പിടകങ്ങളും അസാദ്ധ്യങ്ങളാണ്.

സ്ത്രീകൾക്ക് പ്രമേഹം ഉണ്ടാകാതിരിക്കാനുള്ള കാരണം.

യതോ മാസി മാസി രജോ യോഷിതാം തു
സ്രവത്യേവ ശുദ്ധഃസ്തു താസ്തേന നിത്യം
അതോ നോ പ്രമേഹന്തി രാമാഃ കദാപി
പുരാണാ ജഗുർവൈദ്യശ്രേഷ്ഠമുഖ്യാഃ. ൨൦൦

മാസംതോറും സ്ത്രീകൾക്ക് ഋതുകാലങ്ങളിൽ രക്തം സ്രവിക്കുന്നതിനോടുകൂടി സകലദോഷങ്ങളും വെളിക്കുപോകുന്നു. അതിനാൽ ശുദ്ധങ്ങളാകനിമിത്തം സ്ത്രീകൾക്ക് പ്രമേഹം സംഭവിക്കയില്ല.

പ്രമേഹം വിട്ടുമാറിയാലുള്ള ലക്ഷണം.

പ്രമേഹിണോ മൂത്രമനാവിലം പി-
ച്ഛിലം വാ വിശദം കടു ച
തിക്തം ഭവേദ്വാ ബലവൃന്ദവൃദ്ധിർ-
ഗതപ്രമേഹസ്യ ച ലക്ഷണാനി. ൨൦൧

പ്രമേഹരോഗിയുടെ മൂത്രം കലക്കലില്ലാതെയും വഴുവഴുപ്പോട്ടുകൂടാതെയും തെളിഞ്ഞും ഇരിക്കുക; എരിവുരസത്തോടൊ കയ്പുരസത്തോടൊകൂടിയിരിക്കുക; ബലം, ദേഹകാന്തി ഇവ വർദ്ധിക്കുക; ഇവ പ്രമേഹം വിട്ടുമാറിയാലുണ്ടാകുന്ന ലക്ഷണങ്ങളാണ്.

ആയുർവേദവിദാം സദസ്യതിസഭാദീക്ഷാചതുർവേദവിൽ
ആയുർവേദവിദാം സദസ്യതിസഭാദീക്ഷാചതുർവേദവിൽ
ശ്രീമത്താതപദാരവിന്ദയുഗളധ്യാനൈകതാനാത്മനാ
കാശീനാഥഭിഷഗ്വരേണ രചിതാ യാ സാ ചികിത്സാ പരാ
ഖ്യാതാഥോ ക്രമകല്പവല്ലിഫലിതം തസ്യാം പ്രമേഹൌഷധം. ൨൦൨

ആയുർവേദജ്ഞന്മാരുടെ സദസ്സിൽ വൈദ്യദീക്ഷാഗുരുവും ചതുർവേദജ്ഞനും ആയ താതന്റെ പാദപത്മയുഗളത്തെ ധ്യാനിക്കുന്നതിൽ നിഷ്ഠയോടുകൂടിയ ശ്രീകാശീനാഥഭിഷഗ്വരനാൽ പ്രമേഹരോഗത്തിന്നുള്ള ഔഷധവും ഈ ചികിത്സാക്രമകല്പവല്ലിയിൽ ഫലിപ്പിക്കപ്പെട്ടിരിക്കുന്നു. (പ്രമേഹരോഗത്തിന്റെ ചികിത്സയും പറയപ്പെട്ടിരിക്കുന്നു എന്നു സാരം.)

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
പ്രമേഹാധികാരം എന്ന ൨൮-ാം
സ്തബകം കഴിഞ്ഞു.

അഥ ഏകോനത്രിംശസ്തബകഃ.

മേദോരോഗാധികാരഃ.

നത്വാ ശ്രീഗുരുതാതമാതൃയുഗളം ധ്യാത്വാംഘ്രിപത്മം തതോ
സ്മൃത്വായുഃശ്രുതിമാപ്തവാക്യമസകൃദ്ധ്യാത്വാ സ്ഫുടം ചേതസി
കാശീനാഥഭിഷഗ്വരഃ പ്രകുരുതേ മേദോഗദാനാമലം
സമ്യക്കാരണലക്ഷ്യലക്ഷണയുതാം പ്രായശ്ചികിത്സാം പരാം. ൧

ഗുരുവായ താതനെയും മാതാവിനെയും നമസ്കരിച്ചും അവരുടെ പാദകമലങ്ങളെ ധ്യാനിച്ചും ആയുർവേദശാസ്ത്രത്തെയും ആപ്തവൈദ്യന്മാരുടെ ഉപദേശങ്ങളെയും നല്ലപോലെ മനസ്സിൽ ഓർമ്മിച്ചും കാശീനാഥൻ എന്ന വൈദ്യശ്രേഷ്ഠൻ മേദോരോഗങ്ങളുടെ കാരണം, ലക്ഷണം, ചികിത്സ ഇവയെ യഥാക്രമം പറയാൻ ഭാവിക്കുന്നു.

മേദോനിദാനം.

അവ്യായാമരതാ ദിവാ ച ശയനേ സശ്ലേഷ്മളാ ഹാരിണഃ
പ്രായോ യേ മധുരാന്നപാനനിരതാഃ സ്നിഗ്ദ്ധാശിനോ മാനവാഃ
തേ മേദോനിചയാവൃതാഖിലപഥാ നാന്തസ്സധാതൂന്നവം
പുഷ്ണന്ത്യേവ യതോഽത്ര മാംസളതനൌ മേദോ ന കർമ്മക്ഷമം. ൨

വ്യായാമം ചെയ്യാതിരിക്കുക; പകലുറങ്ങുക; കഫത്തെ വർദ്ധിപ്പിക്കുന്ന ആഹാരങ്ങൾ ഉപയോഗിക്കുക; മിക്കവാറും മധുരരസങ്ങളായ അന്നപാനങ്ങളിൽ തൽപരന്മാരായിരിക്കുക; സ്നിഗ്ദ്ധരസമുള്ള അന്നങ്ങളെ ഭക്ഷിക്കുക; ഇവയാൽ മേദസ്സ് വർദ്ധിക്കാനിടയാകും, ആ വർദ്ധിച്ച മേദസ്സ് മാർഗ്ഗങ്ങളെ തടയുകനിമിത്തം മററു ധാതുക്കൾക്ക് പുഷ്ടിയുണ്ടാകയില്ല. അതിനാൽ ദുർമ്മാംസങ്ങൾ വർദ്ധി

ച്ച് ഒരു കർമ്മവും ചെയ്യുന്നതിന് അവക്ക് ശക്തിയില്ലാതെയാകുക
യും ചെയ്യും. ഇങ്ങനെയാണ് മേദോരോഗം ഉണ്ടാകുന്നത്.

മേദസ്വിയുടെ ലക്ഷണം.

ക്ഷുദ്രശ്വാസസ്വപ്നമോഹാസ്സതൃഷാഃ
ക്ഷുദ്ദൌർഗ്ഗന്ധ്യസ്വേദമൂർച്ഛാശ്വാസരോധാഃ
അല്പപ്രാണോ മൈഥുനാല്പോ മനുഷ്യോ
മേദോഗന്ധാജ്ജന്തവോऽല്പാശ്ച പൂർവം. ൩

സർവ്വഭൂതജഠരേ കില മേദ-
സ്തിഷ്ഠതേऽത്ര കില വൃദ്ധിരതോऽസ്യ
മേദസാവൃതസുനിർഗ്ഗമമാർഗ്ഗഃ
കോഷ്ഠവായുരനലേന ച സർവം. ൪

ശോഷയത്യശിതസർവ്വരസൌഘം
ഭോജനാനി ജരയത്യഥ സദ്യഃ
പിത്തവാതകൃതമത്ര വിശേഷാ-
ച്ഛോഷണം ഭവതി ദൈത്യഗുരോശ്ച. ൫

മേദസ്സ് വർദ്ധിച്ചിരിക്കുന്നവന്, ക്ഷുദ്രശ്വാസം, ഉറക്കം, ബോധക്കേട്, തണ്ണീർദാഹം, വിശപ്പ്, ദുർഗ്ഗന്ധം, വിയർപ്പ്, ശ്വാസത്തിനുതടവ്, അല്പപ്രാണത ഇവ ഉണ്ടാകും. മൈഥുനത്തിൽ താല്പര്യം കുറഞ്ഞിരിക്കും. എല്ലാ പ്രാണികളുടെയും വയററിലാണ് മേദസ്സ് സ്ഥിതിചെയ്യുന്നത്. മററു ഭാഗങ്ങളിൽ മേദസ്സു കുറഞ്ഞും ഇരിക്കും. അതുകൊണ്ട് സാധാരണയായി മേദസ്വികളുടെ വയറ് വീർത്തും മററംഗങ്ങൾ അല്പങ്ങളായും ഇരിക്കും. മേദസ്സുകൊണ്ട് സ്രോതോമാർഗ്ഗങ്ങൾക്കു രോധംഭവിച്ചാൽ വായു വിശേഷിച്ചും കോഷ്ഠത്തിൽ സഞ്ചരിച്ച് ജഠരാഗ്നിയെ വർദ്ധിപ്പിച്ച് ഭക്ഷിക്കപ്പെട്ട വസ്തുക്കളുടെ രസത്തെ എല്ലാം ശോഷിപ്പിക്കും. അതുനിമിത്തം കഴിക്കുന്ന ഭക്ഷണങ്ങൾ എളുപ്പം ദഹിച്ചുപോകും. അതു കൂടാതെ വാതപിത്തസംബന്ധങ്ങളായ വികാരവും ശുക്ലശോഷണവും സംഭവിക്കയും ചെയ്യും

മേദോരോഗലക്ഷണം.

ചലൽസ്ഫിഗുദരസ്തനോ ഭവതി മേദസാ മാംസളോ
നരോऽബലപരാക്രമോ ജഠരതുന്ദിലോ വാऽക്ഷമഃ
പുരാണയവശാലയോऽപ്യഥ കുലത്ഥമുദ്ഗാ ഹിതാ
ഹിതാശ്ച ഖലു കോദ്രവാ വിവിധമേദസോ നാശനാഃ. ൬

മേദസ്സും മാംസവും അധികമായി വർദ്ധിക്കുകനിമിത്തം മേദോരോഗിയ്ക്ക് ആസനം വയറ്, മുല ഈ ഭാഗങ്ങൾ നടക്കുമ്പോൾ ഇളകും. ബലപരാക്രമങ്ങൾ കുറഞ്ഞും വയറുവീർത്തും ഇരിക്കും. ഒരു പ്രവൃത്തിയും ചെയ്യുന്നതിന് ശക്തിയില്ലാത്തവനായും തീരും. മേദോരോഗി പഴകിയ യവം ചെന്നല്ല്, മുതിര, ചെറുപയറ്, ഇവയും വരകും മേദോനാശകങ്ങളായവയും വേണം ശീലിക്കേണ്ടത്.

ലേഖനാശ്ച ഖലു വസ്തയ ഏവ
ശ്യാമകാശനമഥ ശ്രമചിന്തേ
മൈഥുനം ച യവഭോജനമുച്ചൈ-
സ്തർപ്പണം ച ഖലു ജാഗരമത്ര. ൧

ലേഖനവസ്തി, ചാമ, യവം ഇവയുടെ ഭക്ഷണം, ശ്രമം, ചിന്താ, മൈഥുനം, ഉറക്കമിളയ്ക്കുക; ഇവ ക്രമേണ വർദ്ധിപ്പിച്ചു ശീലിച്ചാൽ സ്ഥൌല്യം നശിക്കും.

മേദോരോഗചികിത്സ.

നിരന്തരായാതരിപോസ്തു പത്ര-
ക്ഷാരം സഹിംഗും ഖലു ഭക്തമണ്ഡൈഃ
മേദഃപ്രവൃദ്ധൌ മനുജൈർന്നിഷേവ്യ-
മാഹുഃ പുരാണാശ്ചരകാദയോऽന്യേ. ൨

വെള്ളത്താവണക്കിലയുടെ ക്ഷാരം, കായം, ഇവ കഞ്ഞിത്തെളിയിൽ കലക്കി സേവിച്ചാൽ മേദസ്സിന്റെ വർദ്ധനകൊണ്ടുള്ള രോഗം ശമിക്കും.

കഷായയോഗം.

ക്ഷൌദ്രേണ പേയം ത്രിഫലാകഷായം
ക്ഷൌദ്രേണ വാ പര്യുഷിതാംബു പേയം
വ്യോഷാഗ്നിമുസ്താത്രിഫലാവിഡംഗൈഃ
സമഃ പ്രസേവ്യോऽപ്യഥ ഗുഗ്ഗുലുർവാ. ൩

ത്രിഫല കഷായംവച്ച് ആറിയാൽ തേൻചേർത്ത് സേവിക്കയോ തിളപ്പിച്ച വെള്ളം ഒരുദിവസം രാത്രിമുഴുവനും വച്ചിരുന്ന് പിറേറദിവസം തേൻചേർത്തു സേവിക്കയോ; ചുക്കു മുളകു തിപ്പലി, കൊടുവേലിക്കിഴങ്ങ്, മുത്തങ്ങാക്കിഴങ്ങ്, ത്രിഫല, വിഴാലരി, ഇവസമം എടുത്ത് എല്ലാം കൂടിയടത്തോളവും ശുദ്ധിചെയ്ത ഗുഗ്ഗുലുവുംചേർത്ത് സേവിക്കുകയോ ചെയ്താൽ മേദോരോഗം ശമിക്കും.

അന്യയോഗം.

ചവ്യജീരകകടുത്രയഹിംഗു-
സ്വർജ്ജികാനലയുതാ യദി ഭക്താഃ

മധുനാ ച കില സക്തവ ഛ്ദ്വാ ൭൦
ദീപനാശ്ച ബഹുമാംസലതാംല്പാഃ.

കാട്ടുമുളകിൻവേരു്, ജീരകം, ചുക്കു മുളകു തിപ്പലി, കായം, ചവക്കാരം, കൊട്ടുവേലിക്കിഴങ്ങു്, ഇവപൊടിച്ചു് തേനിൽകുഴച്ചു സേവിച്ചാൽ മേദോരോഗം ശമിക്കും. ദീപനശക്തിയുമുണ്ടാകും.

വേറൊരു യോഗം.

ത്രികടുകത്രിഫലാലവണാന്വിതം
ഭജതി തൈലമലം യദി വത്സരാൽ
സമുപയാതി ദിനൈശ്ച ശതൈരലം ൭൧
ബഹുലമേദുരമാംസതനുസ്തനുഃ.

ചുക്കു, മുളകു, തിപ്പലി, ത്രിഫല, ഇന്തുപ്പു്, ഇവപൊടിച്ചു് എണ്ണയിൽ കുഴച്ചു് ഉപയോഗിച്ചാൽ നൂറുദിവസത്തിനകം മേദസ്സു വർദ്ധിച്ചിരിക്കുന്നവൻ കൃശശരീരനായിത്തീരും.

മറെറാരുയോഗം.

ജന്തുഘ്നനാഗരയവാമലകഃ പ്രയോഗഃ
ക്ഷാരേണ ലോഹരജസാ മധുനാ സമേതഃ
മേദസ്വിനാമഖിലരോഗദശാപഹാരീ ൭൨
വില്വാദിപഞ്ചജജടാശൃതമംബു തദ്വൽ.

വിഴാലരി, ചുക്കു്, യവം, നെല്ലിക്കാത്തോട്ടു്, ചവക്കാരം ശുദ്ധിചെയ്ത ഉരുക്കിൻപൊടി ഇവ പൊടിച്ചു് തേനിൽ കുഴച്ചു സേവിക്കുകയോ, ബൃഹൽപഞ്ചമൂലം (കുമ്പിൾവേരു്, കൂവളത്തിൻവേരു്, പാതിരിവേരു്, പലകപ്പയ്യാനിവേരു്, മുഞ്ഞവേരു്) കഷായംവച്ചു് തേൻചേർത്തു സേവിക്കുകയോ ചെയ്താൽ മേദസ്വികൾക്കുണ്ടാകുന്ന സകലരോഗങ്ങളും ശമിക്കും.

അന്യയോഗം.

ത്രികടുവഹ്നിവചാവിനവേല്ലകൈ-
രസിതമാഹിഷമേവ ഘൃതം സദാ
അഥ നിഹന്തി വലാസപ്രഭഞ്ജന- ൭൩
പ്രഭവമേദളരോഗഗണാനലം.

ചുക്കു മുളകു തിപ്പലി, കൊടുവേലിക്കിഴങ്ങു്, വയമ്പു്, മുത്തങ്ങാക്കിഴങ്ങു്, വിഴാലരി, ഇവപൊടിച്ചു് കന്നിൻനെയ്യിൽ സേവിച്ചാൽ കഫവാതകോപത്താൽ ഉണ്ടായ മേദോരോഗം ശമിക്കും.

ലോഹരസായനം.

പുരോലംബുഷാതാലമൂല്യഗ്നിശുണ്ഠീ
സനിർഗ്ഗുണ്ഡിമുണ്ഡീഫലാനാം ത്രയം ച
വൃഷം ചാദിരത്വക്പലാനാം ദശൈവ ൭൪
പ്രപാച്യം ജലേ ചാഢകേ പഞ്ചകേ ച.

തതഃ പാദശേഷേ പലദ്വാദശാംശഃ
സുചൂർണ്ണീകൃതം രുക്മലോഹം ച സർപ്പിഃ
പുരാണം ച പ്രസ്ഥൈകമാനം ച ഖണ്ഡം ൭൫
പലാഷ്ടം സുതാമ്രസ്യ പാത്രേ വിപാച്യം.

തതഃ ശീതളേ ƒസ്മിൻ പലാഷ്ടം മധോവാ
പലം ദ്വൈപലം വാ ശിലായാ ജതോശ്ച
പലാർദ്ധം പലാർദ്ധം തഥൈലാത്വചോശ്ച ൭൬
വിഡംഗോഷണാപിപ്പലീനാം ത്രയം ച.

പലാനാം ദ്വികം ദ്വൈഫലം ത്രൈഫലാനാം
സകാസീസകം ചാഞ്ജനം നാഗകൃഷ്ണാഃ
പൃഥക്സർവമേകത്ര സംമിശ്ര്യ തസ്മിൻ ൭൭
ഘൃതാഢ്യേ സുപാത്രേ വിമത്ഥ്യാശു രക്ഷ്യ.

തതശ്ശുദ്ധദേഹേƒക്ഷമാത്രം മനുഷ്യോ
വിഭുഞ്ജീത ദുഗ്ദ്ധാനുപാനേന നിത്യം
തഥാ ജാംഗലാനാം രസേനാപി മേദോ- ൭൮
ഹരം ശ്ലേഷ്മവാതോദ്ഭവാൻ ജാഠരാൻ വാ.

കാമലോദരഭഗന്ദരപാണ്ഡുസ്ഥൌല്യകുഷ്ഠവിഷമൂർച്ഛനമോഹാൻ
ശോഥജംഗമവിഷാനപി ഹന്തി കുക്ഷിമാശു കുരുതേ ച-
ഗഭീരം. ൭൯

ബല്യം ശ്രീകരമുത്തമം ച ബഹുധാ വാജീകരം സർവദാ
പുത്രാണാം ജനനം രസായനമിദം ലോഹസ്യ സങ്കീർത്തിതം
കൂശ്മാണ്ഡം കദളീകരീരമഖിലം യദ്വൽ കകാരാദികം
തൽ സർവം പരിഹേയമത്ര വിബുധൈസ്ത്വാവച്ച തൽസേവ്യതേ. ൮൦

ശുദ്ധിചെയ്ത ഗുഗ്ഗുലു, മുക്കുററി, നിലപ്പനക്കിഴങ്ങു്, കൊട്ടവേലിക്കിഴങ്ങു്, ചുക്കു, കരിനൊച്ചി ശ്രാവണി, ത്രിഫല, ആടലോടകത്തിൻവേരു്, കരിങ്ങാലിത്തൊലി, ഇവ പത്തുപലംവീതം, ൨൦ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് നാലൊന്നാക്കി ഉരുക്കിൻഭസ്മം പലം ൧൨ പഴകിയ നെയ്യു് ഇടങ്ങഴി, പഞ്ചസാര പലം ൮, ഇവ എല്ലാംകൂടി ചെമ്പുപാത്രത്തിൽ പചിച്ചു് പാക

മാകുമ്പോൾ വാങ്ങി അരിയാൽ ൧൨ പലം (ഇരുനാഴി) തേനും, ൨ പലം കന്മദവും അരപ്പലം വീതം വ്യോഷത്തരിയും ഇലവർങ്ഗത്തൊലി യും, മൂന്നുപലം വിഴാലരിക്കാമ്പും നല്ലമുളക്, തിപ്പലി, ത്രിഫല, ശുദ്ധിചെയ്ത അന്നഭേദി, അഞ്ജനം, അത്തിത്തിപ്പലി, ഇവ ഇരുരണ്ടു പലവുംവീതം നല്ലപോലെ പൊടിച്ചുചേർത്ത് നെയ്യുതേച്ചു മയ ങ്ങിയ പാത്രത്തിലാക്കി വെച്ചിരുന്ന്, വിരേചനത്താൽ ശുദ്ധതനു വായിട്ട് നെല്ലിക്കാപ്രമാണം സേവിക്കുക; പാലും ജാംഗലമാംസ രസവും അനുപാനമായി ഉപയോഗിക്കയും വേണം. മേദസ്സു ന ശിക്കും, കഫവാതോത്ഭവങ്ങളായ ഉദരവികാരങ്ങളും നശിക്കും. ഇ തുകൂടാതെ കാമല, മഹോദരം, ഭഗന്ദരം, പാണ്ഡു, സ്ഥൌല്യം (തടിച്ചിരിക്കുന്ന അവസ്ഥ) കുഷ്ഠം, വിഷം, മൂർച്ഛ, മോഹാല സ്യം, നീർക്കെട്ട്, ജംഗമവിഷം ഇവയും ശമിക്കും. വയറ് ദുർമ്മാം സങ്ങൾ നശിച്ച് ഗംഭീരമായി തീരും. ഈ രസായനം ബല കരവും ശ്രീകരവും വാജീകരണവും ആണ്. കൂശ്മാണ്ഡം, കദളി, കരീരം (മുളനാമ്പ്) മുതലായ ക-കാരം ആദിയിൽവരുന്നവയെല്ലാം ഈ രസായനം സേവിക്കുമ്പോൾ ഉപേക്ഷിക്കണം.

വാതജമേദസ്സിന്.

വാതേന മേദഃ കില തുന്ദിലോദരം
കുര്യാച്ച ബീജദ്രുമമധ്യമേവ വാ
ലീഢം യദാ ചിത്രകമേകമേവ ഹി
ക്ഷൌദ്രൈശ്ച മേദോനിലജം നിഹന്തി വാ. ൨൧

വാതജമായ മേദസ്സിനാൽ കുടവയറ് ഉണ്ടാകും. ചെക്കുരു വിന്റെ മധ്യഭാഗമോ വെള്ളത്താവണക്കിൻവേരോ പൊടിച്ച് തേ നിൽ സേവിച്ചാൽ വാതജമായ മേദോരോഗം ശമിക്കും.

തുമ്പുകമൂലാദി.

തുമ്പുകമൂലം മധുനാ ഹി ദിഗ്ധം
നവം നിശായാം സിതമംബു തജ്ജം
പീതം നരസ്തന്ദിലജാഠരത്വം
സമീരമേദഃപ്രഭവം നിഹന്തി. ൨൨

പുത്തനായ വെള്ളത്താവണക്കിൻവേര് ചതച്ച് തേൻപുരട്ടി ഒരുരാത്രി മുഴുവൻ വെള്ളത്തിൽ ഇട്ടിരുന്ന് പിറേറദിവസം അ വെള്ളം എടുത്തു സേവിക്കുക; വാതമേദസ്സിന്റെ ദോഷത്താൽ ഉണ്ടായ കുടവയറ് ശമിക്കും.

പിത്തമേദസ്സിന്ന്.

ഗാത്രേ ƒതിദൌർഗ്ഗന്ധ്യകരം ച പിത്ത-
മേദസ്തു വാശാദളശംഖചൂർണ്ണൈഃ
പ്രലേപനാച്ചിലച്ചദളദ്രവസ്യ
ദൌർഗ്ഗന്ധ്യനാശോപ്യഥവാപി തച്ചൽ. ൨൩

പിത്തജമായ മേദോരോഗത്തിന് ദുർഗന്ധമുണ്ടായിരിക്കും. ആടലോടകത്തിലയുടെ നീരിലോ, കൂവളത്തിലയുടെ നീരിലോ ശംഖചൂർണ്ണം കുഴച്ച് ദേഹത്തുതേച്ചാൽ ദുർഗന്ധം ശമിക്കും.

മഹാസുഗന്ധിതൈലം.

ചന്ദനാഗരുസകുങ്കുമചന്ദ്ര-
പത്മപത്മകതുരുഷ്കനഖാനാം
സപ്രിയംഗുസരളാമരദാരു-
കുഷ്ഠചോരകലവംഗനതാനാം. ൨൪

ശൈലവാലുകശിലാഭവജാതീ-
പൌണ്ഡരീകദമനപ്ലവചോളൈഃ
സപ്തപർണ്ണകഹരേണുസുജാതീ-
പത്രകേസരസുധാതകിപുഷ്പൈഃ. ൨൫

സ്പൃക്കയാ നളികയാ ത്രുടിഭിർവാ
ശാണശാണതുലിതൈസ്തുലിതാനാം
പ്രസ്ഥതൈലവിധിനാ വിധിവിജ്ഞൈഃ
പാചിതം ച മൃഗനാഭിമദേന. ൨൬

സ്ഥൌണേയകം കോലകപൂഗയോഗ-
ലാമജ്ജകസ്യാപി മഹാസുഗന്ധിഃ
പക്വം തദഭ്യംഗവശാച്ച വൃദ്ധോ
യുവേവ കാന്താഭിരതഃ പ്രസംഗൈഃ. ൨൭

പ്രസ്വേദദൌർഗന്ധ്യഹരം വിശേഷാൽ
കണ്ഡൂംശ്ച കുഷ്ഠാനപി ഹന്തി തദ്വൽ
യുവാ ശതസ്ത്രീഗമനോൽസുകഃ സ്യാൽ
സ്ത്രീയശ്ച വന്ധ്യാഃ ശതപുത്രികാഃ സ്യുഃ. ൨൮

ചന്ദനം, അകിൽ, കുങ്കുമപ്പൂവ്, കർപ്പൂരം, താമരവളയം, പ ത്മകം, കുന്തുരുക്കം, നഖം, താഴമ്പൂവ്, ചരളം, ദേവ താരം, കൊട്ടം, കച്ചോലം, ഇലവർങ്ഗം, തകരം, ഏലാവാലുകം, ക ന്മദം, ജാതിക്ക, പുണ്ഡരീകക്കരിമ്പിൻവേര്, മക്കിപ്പൂവ്, കഴിമു ത്തങ്ങ, നറുംപശ, ഏഴിലമ്പാലത്തൊലി, അരേണുകം, ജാതിപത്രി,

നാഗപ്പൂവ്, താതിരിപ്പൂവ്, ചോനകപ്പുല്ല്, പവിഴക്കൊടി, ഏലത്തരി, കസ്തൂരി, തുണിയാങ്കം, തക്കോലം, അടയ്ക്ക, രാമച്ചം, ഇവ ഓരോന്നും മുക്കാൽ കഴഞ്ചുവീതം കല്കമായി ഇടങ്ങഴി എണ്ണ കാച്ചി തേക്കുക; വൃദ്ധനും യുവാവിനെപ്പോലെ സ്ത്രീകളിൽ തല്പരനായിത്തീരും. വിയപ്പ്, ശരീരത്തിലുണ്ടാകുന്ന ദൌർഗ്ഗന്ധ്യം ചൊറിച്ചിൽ കുഷ്ഠം ഇവയും ശമിക്കും. ന്യൂറു സ്ത്രീകളിൽ ഗമിക്കുന്നതിന താല്പര്യമുള്ളവനായിത്തീരും. പ്രസവിക്കാത്ത സ്ത്രീകൾ ഈ തൈലം തേച്ചാൽ വളരെസന്താനങ്ങളെ പ്രസവിക്കും. വളരെ വിശിഷ്ടമായ ഇതിന് മഹാസുഗന്ധിതൈലം എന്നു പേർ.

കഫമേദസ്സിന്.

കക്ഷാവംക്ഷണസന്ധിഷു പ്രകുരുതേ ദൌർഗ്ഗന്ധ്യമേവം സ്ഫുടം
മേദശ്ശ്ലേഷ്മയുതേ കരോതി ച തഥാ മുഷ്കാദിഷു പ്രായശഃ
ശ്യാമാവിലചവിലേപനാദഥ തഥാ പൂതീകരഞ്ജോദ്ഭവോ
ലേപഃ പകചസുചിഞ്ചിണീഫലഭവഃ ചിഞ്ചാദളോത്ഥോ-
ഹരേൽ. ൧൯

കഫജമായ മേദസ്സിന് കക്ഷം, ഒടിവ്, സന്ധികൾ ഈ ഭാഗങ്ങളിലും മിക്കവാറും വൃഷണം മുതലായ സന്ധികളിലും ദുർഗ്ഗന്ധം ഉണ്ടായിരിക്കും. കടുക്കായും കൂവളത്തിലയും കൂടിയോ, പുങ്കിൻകുരുവോ ചുവന്ന കുന്നിക്കുരുവോ പുളിയിലയോ അരച്ചുതേച്ചാൽ കക്ഷം മുതലായ ഭാഗങ്ങളിലുണ്ടാകുന്ന ദുർഗ്ഗന്ധം ശമിക്കും.

സരസമേദസ്സിന്.

സ്വേദം മഹൽ പ്രകുരുതേ സരസഞ്ച മേദോ
ബബ്ബൂലപത്രജലപിഷ്ടവിലേപനേന
പശ്ചാച്ചവിപാഭിരുദവർത്യ വിപേഷിതാഭിഃ
സ്നായാജ്ജലൈശ്ച ബഹുധാ മജദോഷശാന്ത്യൈ. ൨൦

സരസമേദസ്സിന്റെ ലക്ഷണമാവളരെ വിയപ്പുണ്ടാകുന്നതു് സരസമേദസ്സിന്റെ ലക്ഷണമാണ്. വെൺവേലത്തിന്റെ ഇല പച്ചവെള്ളത്തിൽ അരച്ചു ദേഹത്തു തേച്ചതിനുശേഷം കടുക്കാത്തോട്ട് അരച്ചുതേച്ചു പിന്നീടു ചൂടുവെള്ളംകൊണ്ടു തേച്ചുകഴുകിക്കളഞ്ഞാൽ ബഹുസ്വേദജമായ ദോഷം ശമിക്കും.

വേറൊരു യോഗം.

സോശീരലാമജ്ജശിരീഷലോധ്രൈ-
സ്ത്വഗ്ദോഷാലമ്മോത്ഥഹരഃ പ്രഘർഷഃ
സോശീരചണ്ഡാംശുതിലൈസ്സലോധ്രൈഃ
ശിരീഷകാഷ്മയ്യുതൈസ്തഥൈവ. ൨൧

രാമച്ചം ലാമജ്ജകം (ചുവന്നരാമച്ചം) ഏരിക്കിൻവേര് നെന്മേനിവാകത്തൊലി പാച്ചോററിത്തൊലി ഇവയോ; രാമച്ചം എള്ള്, പാച്ചോററിത്തൊലി ഇവയോ അരച്ച് ലേപനം ചെയ്താൽ ത്വഗ്ദോഷത്താൽ ഉണ്ടാകുന്ന വിയപ്പ് ശമിക്കും.

സാസ്രമേദസ്സിന്.

സാസ്രേ ച മേദസി ജനോऽഖിലഗൌരഗാത്രഃ
കുഷ്ഠീവ ദൃശ്യത അലം ഖലു തത്ര കുഷ്ഠാൽ
ധാമൂത്രകുഷ്ഠപയസാം ഖലു പിഷ്ടലേപം
വർണ്ണോജ്ജ്വലത്വകരണായ നിശായുഗസ്യ. ൨൨

രക്തമേദസ്സിൽ കുഷ്ഠം വന്നതുപോലെ ശരീരമാസകലം വെളുത്ത നിറമാകും. കൊട്ടം, മഞ്ഞൾ, മരമഞ്ഞൾ, ഇവ ഗോമൂത്രവും പാലുംചേർത്ത് അതിൽ അരച്ച് ദേഹത്തിൽ തേയ്ക്കുക; രക്തമേദസ്സ് ശമിക്കുകയും ദേഹത്തിന് നിറമുണ്ടാകുയും ചെയ്യും.

അന്യയോഗം.

ശിവാ നിശായുഗ്മമരിഷ്ടപത്ര-
മമ്രത്വചോ ദാഡിമവല്കലാനി
ഏഷോऽങ്ഗരാഗോऽഖിലദേഹകക്ഷാ-
ദൌർഗ്ഗന്ധ്യനാശായ ച കാമിനീനാം. ൨൩

കടുക്ക മഞ്ഞൾ മരമഞ്ഞൾ, വേപ്പില, മാവിൻതൊലി, മാതളനാരകത്തിൻതൊലി, ഇവ പൊടിച്ച് അരച്ച് കുറിക്കൂട്ടുപോലാക്കി ശരീരത്തിൽ ഉദ്വർത്തനം ചെയ്താൽ കാമിനികളുടെ കക്ഷം മുതലായ ഭാഗങ്ങളിൽ ഉണ്ടാകുന്ന ദുർഗ്ഗന്ധം ശമിക്കും.

ജംബ്വാഃ കഷായേണ വിലേപനം ദ്രാ-
ങ്നരാധിപാനാം തനുഗന്ധഹാരീ
മേദോऽസ്രശുദ്ധ്യുത്ഥഹരഃ പ്രലേപോ
വൈദ്യാധിഭൂപാഃ പ്രവദന്തി സർവേ. ൨൪

മുൻപറഞ്ഞ മരുന്നുകൾതന്നെ ഞാവൽക്കഷായത്തിൽ അരച്ച് കുറിക്കൂട്ടുപോലെ ആക്കി ശരീരത്തിൽ തേച്ചാലും ശരീരദൌർഗ്ഗന്ധ്യം ശമിക്കും എന്ന് സകല വൈദ്യശ്രേഷ്ഠന്മാരും പറയുന്നു.

സമലമേദസ്സിന്.

സമലമേദസി നേത്രമലാദിഭി-
ർഭവതി ദുഷ്ടവിഗന്ധയുതോ നരഃ
സഫലപൂരകബില്വകപിത്ഥജൈർ-
ദളഫലൈരപി ജംബൂഫലൈർദ്ദളൈഃ. ൨൫

സജലപിഷ്ടതമൈരഖിലൈരലം
തദനുവിലേപനതോഽപി ശൃതൈരഥ
സപരിഷേകനിമജ്ജനതോഽപി വാ
സജലയോഗയുതൈരപി ശോധിതൈഃ. ൩൩

ചെവി, കണ്ണ്, മുതലായ സ്ഥലങ്ങളിലുള്ള മലങ്ങൾകൊണ്ട് ദൌർഗ്ഗന്ധ്യം ഉണ്ടാകുന്നതാണ് സമലമേദസ്സ്. മാതളനാരകം, കൂവളം, വിളാർമരം, ഞാവൽ ഇവയുടെ ഇലയും കായും എടുത്തു പച്ചവെള്ളത്തിൽ അരച്ച് ദേഹത്തു തേച്ചതിനുശേഷം ചൂടുവെള്ളം ദേഹത്തിലൊഴിച്ചു കുളിച്ചാൽ ദൌർഗ്ഗന്ധ്യം ശമിക്കും.

മലയധൂപം.

പത്ഥ്യാചന്ദനകുഷ്ഠസർജ്ജനഖിഭിഃ
സിദ്ധാർത്ഥകൃഷ്ണാഗുരു
മേദോഗന്ധഹരൈശ്ച ധൂപിതതനോ
നൃണാം തഥാ യോഷിതാം
വിഖ്യാതോ മലയാഭിധോഽഖിലഹൃദോ
ഹാരീഷ്വതാഽതോ ധ്രുവഃ
ധൂപോ മാംസളമേദസാം സുഖകരഃ
ശ്രീരാജ രാജോചിതഃ. ൩൪

കടുക്കാത്തോട് ചന്ദനം കൊട്ടം ചെഞ്ചല്യം നാകുണം കടുക് കാരകില് ഇവ പൊടിച്ചു നെയ്യിൽ കുഴച്ച് പുകച്ചാൽ മേദസ്സുകൊണ്ടുണ്ടാകുന്ന ദുർഗന്ധം ഇല്ലാതാകും. ഈ ധൂപം സ്ത്രീകൾക്കും പുരുഷന്മാൎക്കും കുബേരതുല്യന്മാൎക്കും ഉപയോഗിക്കത്തക്കതാണ്. ഇതിന് മലയധൂപം എന്നു പേർ.

കാർശ്യലക്ഷണം.

വാതാദ്രൂക്ഷാന്നപാനാദനശനഋശുചോർ-
ലംഘനാദേശഗരോധാ-
ന്നിത്യം രോഗാർദ്ദതേർവ്വാധനനിചയജാ
ച്ചാതിചിന്താപ്രസംഗാൽ
നിദ്രാഘാതാല്പഭോജ്യാദധികശ്രമയുജഃ
കാപി പുംസഃപ്രകാമം
കാർശ്യം ദേഹേ ഭവേച്ചദമൃതജലനിധിം
രസവരേത്തച്ഛ്രൂമഃ. ൩൫

വാതകോപം, രൂക്ഷാന്നപാനം, ഉണ്ണാതിരിക്കുക; ദുഃഖം, ലംഘനം (പട്ടിണികിടക്കുക) മലമൂത്രാദിവേഗങ്ങളെ തടുക്കുക; നിത്യം രോഗം ബാധിക്കുക; നിത്യം രതിചെയ്യുക; ധനത്തെക്കുറിച്ചുള്ള വിചാരം, ഉറക്കമില്ലായ്ക, വളരെക്കുറച്ചുണ്ണുക; വളരെ ശ്രമപ്പെടുക; ഈ കാരണങ്ങളാൽ കാർശ്യം (മെലിച്ചിൽ) ഉണ്ടാകും. അതിന്ന് അടുത്തു പറയുന്ന അമൃതാർണ്ണവരസത്തെ സേവിക്കണം.

അമൃതാർണ്ണവരസം.

ത്രൈഭാഗികം പാരദശുദ്ധഭസ്മ
ഹേമ്നസ്തു ഭസ്മൈകമിതം ഗൃഹീത്വാ
സതാം ച സർപ്പിർമ്മധുശർക്കരാഭ്യാം
സമ്മർദ്ദയേൽ ഖല്വഗതം ദിനൈകം. ൩൬

തന്മാഷമാത്രന്തു ഗവാം പയോഭിഃ
പലാർദ്ധമാത്രം തു രജോഽനുപേയം
പ്രായോഗ്രഗന്ധാപ്രഭവം വിശേഷാൽ
കൃശാങ്ഗയഷ്ടിം സബലം വിദധ്യാൽ. ൩൭

ശുദ്ധിചെയ്ത രസഭസ്മം മൂന്നുഭാഗം, സ്വർണ്ണഭസ്മം അതിൻ നാല് ഇവ ഓരോഭാഗം. ഇവ യോജിപ്പിച്ച് തേനും പഞ്ചസാരയും ചേർത്ത് ഒരുദിവസം (൬൦ നാഴിക) അമ്മിക്കല്ലിൽവെച്ചു മർദ്ദിച്ച് ഒരു ഉഴുന്നിൻപ്രമാണം വീതം സേവിക്കുക; ഈ രസം സേവിച്ചാൽ ഉടൻതന്നെ, അരപ്പലം അമുക്കുരം പൊടിച്ച് പശുവിൻപാലിൽ കലക്കി അനുപാനമായി ഉപയോഗിക്കണം. കൃശന്മാരുടെ ശരീരം തടിക്കും.

അന്യയോഗം.

സുചൂർണ്ണമശ്വഗന്ധികാഭവം തഥാർദ്ധമാസകം
ഘൃതേന തൈലസംയുതം പയോനപീതം പയോയുതം
നിഷേവയേൽ കൃശാങ്ഗയഷ്ടിമാനവോ നിരന്തരം
ലഭേച്ച ബാലവൃക്ഷവൽ പ്രസേചനാൽ ബലാധികം. ൩൮

അമുക്കുരം പൊടിച്ച് നെയ്യിലോ എണ്ണയിലോ പാലിലോ ശുദ്ധജലത്തിലോ അർദ്ധമാസക്കാലം (൧൫ ദിവസം) ഉപയോഗിച്ചാൽ, ചെറിയ വൃക്ഷം വെള്ളം ഒഴിച്ചാൽ വളർന്നുവരുന്നപോലെ ചടച്ച മനുഷ്യൻ തടിക്കും

സബലകൃശന്റെ ലക്ഷണം.

ആധാനകാലേ യദി യസ്യ ശുക്ലം
ഭാഗാധികോഽല്പോഽപ്യഥ മേദസഃ സ്യാൽ
കൃശാങ്ഗയഷ്ടിസ്സബലാധികഃ സ്യാ
ത്തസ്യാങ്ഗപുഷ്ട്യർത്ഥമതോ ബ്രവീമി. ൩൯

ഗർഭാധാനകാലത്ത് ശുക്ലഭാഗം അധികമായും മേദോഭാഗം അല്പമായും ഇരിക്കുന്നവൻ കൃശശരീരനാണെങ്കിലും ബലാധിക്യത്തോടുകൂടിയവനായിത്തീരും. അവന്റെ ശരീരപുഷ്ടിക്കുള്ള യോഗമാണ് ഇനിയും കാണിക്കുന്നത്.

ദശാംഘ്രിനീരേണ തഥാശ്വഗന്ധാ-
ക്വാഥേന കൽക്കേന ഗവാം പയോഭിഃ
സിദ്ധം തു തൈലം ഹി കൃശസ്യ ജന്തോ-
രഭ്യംഗതോ വജ്രതനും കരോതി. ൨൩

ദശമൂലം അമുക്കുരം ഇവ കഷായംവച്ച് ഇവതന്നെ കല്ക്കമായി പാലുംചേർത്ത് കാച്ചിയ തൈലം തേച്ചാൽ ചടച്ചവന്റെ ശരീരം വജ്രംപോലെ ഉറപ്പുള്ളതായി തീരും.

ക്ഷാരാദിവടികാ.

അമൃതഹാടകഭസ്മദരാനലം
ദ്വിഗുണിതാൻ ക്രമശശ്ച സഭാസ്കരാൻ
സമകടുത്രയസംയുതവെല്ലജാൻ
സരസമാർദ്രതരാൻ പരിമർദ്ദയേൽ. ൨൪

അഥ ച ഭൃംഗനൃപാക്ഷയുതാനഥോ
പരിവിമർദ്ദ്യ ച നിംബുരസാർദ്രകൈഃ
ദരയുഗാംശപടും ഖലു ചിഞ്ചികാ-
ഭവമഥോ ഖലു വാകുചികാരജഃ. ൨൫

സമവിമർദ്ദിതഗുഞ്ജമിതാ വടീ
സമശിതാഖിലഗുല്മശിവാസ്രുകാൻ.
കൃശകൃശാനുമലം ഗ്രഹണീരുജോ
ഗുദജരോഗമരോചകമാഹരേൽ. ൨൬

അദ്ധ്മാനമാധൂനയതി പ്രകാമം
കൃശാങ്ഗയഹ്നേരനലം പ്രദീപ്യ
ക്ഷാരാദികേയം വടികാ പ്രസിദ്ധാ
തനോസ്തനതോഽപി ബലപ്രദാ സാ. ൨൭

അമൃതിൻനൂറ് സ്വർണ്ണഭസ്മം ശുദ്ധിചെയ്ത ശംഖചൂർണ്ണം താമ്രഭസ്മം ഇവ ക്രമേണ ദ്വിഗുണമായി എടുത്ത്, എല്ലാററിനും സമം ചുക്കു മുളകു തിപ്പലി ഇവയുടെ പൊടിയും ചേർത്ത് അർദ്ധമാക്കി അമ്മിക്കല്ലിൽവെച്ചു മർദ്ദിച്ച് കൊന്നത്തൊലി ഏരുക്കിൻവേര് ഇവയും ശംഖുഭസ്മത്തിനു സമം ഇന്തുപ്പും ചുവന്ന കുന്നിവേരും കാർകോകിലരിയും ചേർത്ത് ചെറുനാരങ്ങാനീരിലും ഇഞ്ചിനീ

രിലും കയ്യോന്നിനീരിലും പ്രത്യേകം അരച്ച് കുന്നിക്കുരു പ്രമാണം ഗുളികയുരുട്ടി സേവിക്കുക; സകല ഗുല്മങ്ങളും, ശൂലം, അഗ്നിമാന്ദ്യം, ഗ്രഹണി, അർശസ്സ്, അരോചകം, വയറുവീർപ്പ് ഇവ ശമിക്കും. കൃശശരീരന്റെ അഗ്നി ദീപിച്ച് ദേഹത്തിനു ബലമുണ്ടാകും. ഇതിന്ന് ക്ഷാരവടിക എന്നു പേർ.

നിർബലസ്ഥൂലലക്ഷണം.

യസ്യാധികത്വം ഖലു മേദസഃ സ്യാദ്
ബീജാല്പകത്വം ച ശരീരമദ്ധ്യേ
സസ്നിഗ്ദ്ധപുഷ്ടാംഗസമാംസളശ്ച
ഹീനോ ബലേനൈവ ഭവേന്മനുഷ്യഃ. ൨൮

മേദസ്സ് അധികം ഉണ്ടായിരിക്കുക; ശുക്ലം കുറഞ്ഞിരിക്കുക; ശരീരത്തിന്റെ മദ്ധ്യഭാഗത്തിൽ സ്നിഗ്ദ്ധത, പുഷ്ടി, മാംസളത്വം ഇവയുണ്ടായിരിക്കുക; ബലമില്ലാതിരിക്കുക; ഇവയെല്ലാം നിർബലസ്ഥൂലന്റെ ലക്ഷണമാണ്.

തച്ചികിത്സ.

സൂതാഭ്രലോഹാംശ്ച മൃതാൻ പ്രഗൃഹ്യ
സതാപ്യജന്തുഘ്നശിലാജതൂംശ്ച
ക്ഷൌദ്രാദ്ധഭാഗേന ഘൃതദ്വയേന
സമ്മർദ്യ ഖല്വേഽപ്യശിതോ ബലായ. ൨൯

മാഷോന്മിതഃ ശാല്മലിപുഷ്പചൂർണ-
ക്ഷൌദ്രാനുപാനേന സമാംസളേന
നരേണ യദ്വൽ പരിപൂർണ്ണചന്ദ്രോ
ബലേന പൂർണ്ണോ ഭവതീഹ മാസാൽ. ൩൦

മാരിതവും ശോധിതവുമായ രസം അഭ്രം ഉരുക്ക് മാക്കീരക്കല്ല് വിഴാലരി കന്മദം ഇവ തുല്യാംശമായി എടുത്ത് എല്ലാററിലും പകുതി തേനും രണ്ടുഭാഗം നെയ്യുംചേർത്ത് അമ്മിക്കല്ലിൽ വെച്ചു മർദ്ദിച്ച് ഉഴുന്നിൻപ്രമാണം ഗുളികയുരുട്ടി സേവിക്കുക; ഇലവിൻപൂവിന്റെ ചൂർണ്ണം തേനിൽകുഴച്ച് അനുപാനമായി ഉപയോഗിക്കുകയും വേണം. ചന്ദ്രൻ പരിപൂർണ്ണനായിവരുമ്പോൾ ബലവാനായി വരുന്നതുപോലെ ഈ രസത്തിന്റെ സേവകൊണ്ട് മാംസളനായ നരൻ ബലവാനായിത്തീരും.

കാശ്യപീപോടലീരസം.

ഭസ്മ പാരദഭവം ബലിയുക്തം
ഗോജലേന പരിപേഷ്യ വരാടീഃ

പൂരയേച്ച ഖലു പീതതമായാഃ
പിഷ്ടടങ്കണവിമുദ്രിതവക്ത്രാഃ. ൧൧

ഭാണ്ഡമദ്ധ്യമവരുദ്ധ്യ വിമുദ്ര്യ
ശോഷ്യ പാച്യ ഗജസംപുടമദ്ധ്യാൽ
സ്വാംഗശീതമമുമാശു മരീചൈ-
സ്തദ്വിഭാഗതുലിതൈഃ പരിപേഷ്യ. ൧൨

കാശ്യപേന മുനിനാ ഭണിതേയം
നിഷ്ക്കമാത്രമശിതാ തു ഘൃതേന
അശ്വഗന്ധികരജഃ പയസാന്വ-
പാനമത്ര ഗദിതം ബലവൃദ്ധ്യൈ. ൧൩

പോടലീകാശ്യപീനാമാ ദുർബലേബലകാരിണീ
ബഹിഃസ്ഥൂലേന്തരേ സത്വഹീനാനാംചപ്രശസ്യതേ. ൧൪

രസഭസ്മം ശുദ്ധിചെയ്ത ഗന്ധകം ഇവ ഗോമൂത്രത്തിലരച്ച് കവിടികളിൽ നിറച്ച പൊൻകാരമരച്ച് ആ കവിടികളുടെ വായ് മുദ്രണംചെയ്ത്, ഒരു പാത്രത്തിൽവച്ച ശീലമൺചെയ്ത് ഉണക്കി ഗജപുടമിട്ട് ആറിയാൽ എടുത്ത ആ ഭസ്മത്തോളവും നല്ലമുളകിൻപൊടി ചേർത്ത് നല്ലവണ്ണം അരച്ച് മുക്കാൽ കഴഞ്ചുവീതം സേവിച്ചതിനുശേഷം അമുക്കുരത്തിൻെറ പൊടി പാലിൽ അനുപാനമായി സേവിക്കുക; ഈ രസത്തിൻെറ സേവകൊണ്ട് ബലമില്ലാത്തവന്ന് ബലം വർദ്ധിക്കും. ബഹിഃസ്ഥൂലനും അന്തർഭാഗത്തിൽ ബലമില്ലാത്തവനും ഈ രസം വളരെ നല്ലതാണ്. ഇത് കശ്യപമുനിയാൽ നിർമ്മിച്ചതാകകൊണ്ട് ഇതിന് കാശ്യപീപോടലീരസം എന്നു പേർ.

പിഷ്ട്വാ തു ഭ്രാതാവസഹസ്യ മൂലം
കൃഷ്ണാഗവീമൂത്രയുതം വിമർദ്യ
അംഗ്ശേഷണങ്ഗീകരണേ നരാണാം
യുദ്ധേഷ്വനേകാൻ ജയതേ സ മല്ലാൻ. ൧൫

താന്നിയുടെ വേര്, കറുത്ത പശുവിൻെറ മൂത്രത്തിലരച്ച് ദേഹത്തിൽ തേച്ചാൽ കാമനെപ്പോലെ സൌന്ദര്യം ഉണ്ടാകും. യുദ്ധത്തിൽ അനേകം മല്ലന്മാരെ ജയിക്കത്തക്ക സാമർത്ഥ്യവും ലഭിക്കും.

അന്യയോഗം.

ഹസ്തഭാനുദിവസേ കലനീയം മൂലമാത്രകലിനീകലിതംയൽ
മൂലമന്ത്രമഭിമന്ത്രിതമംഗേ മല്ലമർദ്ദനമദഃഖലുപൂർണ്ണം. ൧൬

അത്തംനക്ഷത്രത്തിൽ സൂര്യപ്രകാശമുള്ള ദിവസം മൂലമന്ത്രത്തോടുകൂടി താന്നിയുടെ വേരു പറിച്ച് കയ്യേൽ കെട്ടിയാൽ മല്ലന്മാരെ മർദ്ദിക്കത്തക്ക ശക്തിയുണ്ടാകും. മന്ത്രം അടുത്തുതന്നെ കാണിക്കുന്നു.

കാമയുദ്ധബലപ്രദമന്ത്രം.

ഓംനമോ മഹാബലപരാക്രമസമസ്തവിദ്യാവിശാരദ
അമുകസ്യ ഭുജബലം ഭഞ്ജയ; ദൃഷ്ടിംസ്തംഭയ;
അംഗാൻ വിധൂനയ; പാതയ; മഹീതലേഹ്ഹം;.

ഹരിക്രാന്താമൂലം ദിനകരദിനേ പുഷ്യസഹിതേ
ശയോന്നീതം കൃഷ്ണാഖിലതനുഗവീദുഗ്ധമിളിതം
നരഃ പീത്വാ ശശ്വദ്രജതി വനിതാ കോടിമസകൃ-
ദ്വ്യവായേ വ്യായാമേ ഭടശതകകോടീർ വിജയതേ. ൧൭

പൂയം നക്ഷത്രത്തിൽ സൂര്യപ്രകാശമുള്ള ദിവസം വിഷ്ണുക്രാന്തിയുടെ വേര് ഇരുമ്പുതൊടാതെ കയ്യുകൊണ്ടുതന്നെ പറിച്ചെടുത്ത് ദേഹമെല്ലാം കറുത്തിരിക്കുന്ന പശുവിൻെറ പാലിൽ അരച്ചു കലക്കി കുടിക്കുക; സംഭോഗത്തിൽ വളരെ സ്ത്രീകളെ രമിപ്പിക്കത്തക്ക ശക്തിയുണ്ടാകും. വളരെ ഭടന്മാരോട് മല്ലുപിടിക്കത്തക്ക ശക്തിയും ലഭിക്കും.

അന്യയോഗം.

ഉദ്ധൃത്യ ബ്രഹ്മദണ്ഡീ ഭവംമൂലമേവ
സപുഷ്പംസമുദ്ധൃത്യ ശുക്ലാഗവീ യാ
പയോഭിശ്ചതസ്യാഃ പ്രപീതാവിശേഷാൽ
കരോത്യാശുലിംഗം ച ദണ്ഡോപമാനം. ൧൮

വ്യാഴാഴ്ച്ദിവസം ബ്രഹ്മദണ്ഡിയുടെ വേരും പൂവും എല്ലാംകൂടി സമൂലം പറിച്ചെടുത്ത് വെളുത്ത പശുവിൻെറ പാലിൽ സേവിക്കുക; വളരെ സ്ത്രീകളോട് രമിക്കത്തക്ക ശക്തിയുണ്ടാകും. ബ്രഹ്മദണ്ഡി എന്നു പറയുന്നത് മരുഭൂമിയിൽ ഉണ്ടാകുന്നതും ഇലഅല്പം നീണ്ടതും മുള്ളുള്ളതും ആയ ഒരു ചെടിയാണ്. കായുടെപുറത്തും മുള്ളുണ്ടായിരിക്കും. കായ് തുമ്പക്കുടത്തിൻെറ ആകൃതിയിൽ അല്പം നീണ്ടിരിക്കും.

സൈഥല്യോപദ്രവങ്ങൾ.

ജ്വരവിസർപ്പഭഗന്ദരകാപചീ-
നിഖിലമേഹഗുദാംകുരപാദജാഃ

രൂക്ഷ ഭക്ഷം ച സമാംസളമാശ്രയ- ൩൦
ന്ത്യഥ തതസ്തു നമദ്ധ്യഗതഃ സുഖീ.

ജ്വരം, വിസൎപ്പം, ഭഗന്ദരം, അപചിഎന്ന വാതരോഗം, പ്രമേഹങ്ങൾ, അൎശസ്സ് ഇവ ശരീരം തടിച്ചാലുണ്ടാകുന്ന രോഗങ്ങളാണ്. അതിനാൽ മദ്ധ്യശരീരിയായിരിക്കുന്നതാണ് ഏററവും സുഖമായിട്ടുള്ളതു്.

കാൎശ്യോപദ്രവങ്ങൾ.

കൃശേ പ്ലീഹകാസൌ ക്ഷയശ്വാസഗുല്മാ
പ്യഥാർശോ രുജശ്ചോദരണ്യാശു നിത്യം
പ്രധാവന്ത്യതോ നൈവ കാൎശ്യേന യുക്തോ ൩൧
സുഖീ യോ ജനോ മദ്ധ്യമാംസാങ്കദേഹഃ.

പ്ലീഹ, ചുമ, ക്ഷയം, ശ്വാസം, ഗുല്മം, വയററിൽ വേദന ഇവ കൃശശരീരിക്കുണ്ടാകുന്ന രോഗങ്ങളാണ്. അതിനാൽ ഏ ചടച്ചിരിക്കുന്നതു് നല്ലതല്ല. മദ്ധ്യശരീരിയായിരിക്കുന്നതാണ് ഏററവും സുഖമായിട്ടുള്ളതു്.

സൎവ്വോപദ്രവസംയുക്തഃ പിത്തോദ്രിക്തഃ കൃശസ്സരുക
ജാഹ്നവീസേവനം കുൎയ്യാദ്ധരേന്നാമാനി കീൎത്തയേൽ. ൩൨

ഉപദ്രവങ്ങളെല്ലാം തികഞ്ഞും പിത്താധിക്യത്തോടും വേദനയോടുംകൂടിയിരിക്കുന്ന കൃശശരീരി, ഗംഗാസ്നാനം, വിഷ്ണുനാമകീൎത്തനം മുതലായ പുണ്യകൎമ്മങ്ങളെ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ശ്രീമത്താതോ ജയതി വിവിധാതങ്കപങ്കാങ്കമഗ്നാ-
നദ്ധൎത്തും യോ ഹരിരിവ മഹാവൈദ്യചൂഡാമണീന്ദ്രഃ
കാശീനാഥസ്തനയ ഇതി തഥാ തസ്യ വാക്യേന സമ്യക്
മേദോരോഗദ്വിപഹരിസമാം സച്ചികിത്സാം ചകാര. ൩൩

മഹാവിഷ്ണു പാപത്തിൽനിന്ന് ജനങ്ങളെ ഉദ്ധരിക്കുന്നപോലെ, പലവിധ രോഗങ്ങളിൽനിന്നും ജനങ്ങളെ ഉദ്ധരിക്കാൻ സമൎത്ഥനും മഹാവൈദ്യകലാനിധിയും ആയ എന്റെ അച്ഛൻ ജയിക്കുന്നു. അദ്ദേഹത്തിന്റെ ആദേശപ്രകാരം കാശീനാഥനായ ഞാൻ മേദോരോഗഹരങ്ങളായ ചികിത്സകളെ ഇവിടെ പറഞ്ഞിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
മേദോരോഗാധികാരം എന്ന
൨൯-ാം സ്തബകം കഴിഞ്ഞു.

അഥ ത്രിംശസ്തബകഃ

ഉദരാധികാരഃ.

നത്വാ ശ്രീഗുരുതാതപാദകമലം സ്മൃത്വാ ച വൈദ്യാഗമം
കാശീനാഥഭിഷഗ്വരഃ പ്രകുരുതേ സൎവ്വോദരാണാം പൃഥക്
കാൎയ്യം കാരണപൂൎവ്വരൂപസഹിതം പത്ഥ്യം ച രൂപാദികം
യദ്യദ്യത്ര ചികിത്സിതം തദഖിലം വൈദ്യൈൎവ്വിലോക്യം സ്ഫുടം. ൧

ശ്രീഗുരുതാതപാദപത്മത്തെ നമസ്കരിച്ചും വൈദ്യശാസ്ത്രങ്ങളെ ഓൎമ്മിച്ചും കാശീനാഥൻ എന്ന വൈദ്യവൎയ്യൻ ഉദരരോഗങ്ങളുടെ കാരണം, പൂൎവ്വരൂപം, പത്ഥ്യം, ലക്ഷണം ചികിത്സ മുതലായവയെ ഇവിടെ പറയാൻ പോകുന്നു.

ഉദരനിദാനം.

മന്ദാനലേ സൎവ്വരുജോ ഭവന്തി
തഥോദരാണ്യത്ര വിശേഷതഃ സ്യുഃ
അജീൎണ്ണയോഗാന്മലിനൈരഥാന്നൈർ-
മലസ്യ വൈ സഞ്ചയതോ നരാണാം. ൨

എല്ലാ രോഗങ്ങളും അഗ്നി മന്ദിക്കുമ്പോഴാണ് ഉണ്ടാകുന്നതു്. ഉദരങ്ങൾ വിശേഷിച്ചും ഉണ്ടാകുന്നു; അജീൎണ്ണത്താലും മലിനങ്ങളായ അന്നങ്ങളെ ഭക്ഷിക്കകൊണ്ടും മലത്തിന്റെ വൎദ്ധനയാലും മഹോദരം ഉണ്ടാകും.

ഉദരസമ്പ്രാപ്തി.

സ്വേദാംബുവാഹീനി ച യാനി താനി
സ്രോതാംസി രുദ്ധ്വാഖിലദോഷസംഘഃ
പ്രാണാഗ്ന്യപാനാംശ്ച പ്രദൂഷ്യ സദ്യഃ
പ്രാക്സഞ്ചിതശ്ചാപ്യുദരാണി കുൎയ്യാൽ. ൩

മുൻപിൽ വൎദ്ധിച്ചിരിക്കുന്ന ദോഷങ്ങൾ സ്വേദവാഹികളും ജലവാഹികളും ആയ സ്രോതസ്സുകളെ തടുത്തു് പ്രാണവായു, ജഠരാഗ്നി, അപാനവായു ഇവയേയും തടുത്തു് ഉദരത്തെ ഉണ്ടാക്കുന്നു.

ഉദരപൂൎവ്വരൂപം.

ബലസ്യ വൎണ്ണസ്യ തഥൈവ കാന്തേർ-
വല്യാ വിനാശോ ജഠരേപി രാജ്യഃ

ജീൎണ്ണാപരിജ്ഞാനവിദാഹയുക്താ
തദപസ്തിരുക് പാദഗതോത്ര ശോഥഃ. ൪

ബലം, നിറം, കാന്തി ഇവയുടെ നാശം, ത്രിവലിയുടെ നാശം; വയററത്തു് വരകൾ ഉണ്ടാകുക; ദഹിച്ചോ ഇല്ലയോ എന്നു് അറിയാൻവയ്യായ്ക; വിദാഹം, വസ്തിക്കുവേദന, കാലിൽ നീരു് ഇവ ഉദരരോഗത്തിന്റെ പൂൎവ്വരൂപമാണു്.

ഉദരത്തിന്റെ സാമാന്യലക്ഷണം.

ആദ്ധ്മാനദൌർബ്ബല്യകൃശാനുമാന്ദ്യ-
ശോഥാ ഭവേയുർഗമനേപ്യശക്തിഃ
പുരീഷവായോരപി സംഗമത്ര
ദാഹോഽങ്ഗസാദോഽത്ര വിജൃംഭണം സ്യാൽ. ൫

വയറുവീർപ്പു്, ദുർബലത്വം, അഗ്നിമാന്ദ്യം, നീരു്, നടക്കാൻ ശക്തിയില്ലാതാകുക, മലത്തിന്റെയും വായുവിന്റെയും തടസ്സം, സർവ്വാങ്ഗസന്താപം, ശരീരത്തിനു തളർച്ച, മൂരിവിടുക ഇവ ഉദരരോഗത്തിന്റെ സാമാന്യലക്ഷണമാണു്.

ഉദരത്തിന്റെ പത്ഥ്യാപത്ഥ്യം.

ഗോധൂമശാലിയവഷഷ്ടികമത്ര പത്ഥ്യം
നീവാരജം ച ബഹുരേകനിരൂഹണാനി
സർവ്വോദരേഷ്വഥ ഹിതാന്യഥ വർജ്ജിതാനി
ഹ്യാനൂപമാംസകപലം ശയനം ദിവാ ച. ൬

വ്യായാമപിഷ്ടാശനമാൎഗ്ഗയാന-
പടുന്യഥോഷ്ണാനി ഗുരൂണി ചാമ്ലം
ശീതാംബുപാനാനി വിദാഹി ഭക്ഷ്യാ-
ന്യേതാനി പുംഭിഃ പരിവർജ്ജിതാനി. ൭

ഗോതമ്പു ചെന്നെല്ലു യവം ഞവര തൃണധാന്യങ്ങൾ ഇവയും വിരേചനം വസ്തി ഇവയും ഉദരരോഗത്തിൽ പത്ഥ്യമാണു്. ആനൂപമാംസം പകലുറക്കം വ്യായാമം പിഷ്ടാശനം (അരിപ്പിട്ടു മുതലായവ ഭക്ഷിക്കുക) വഴിനടക്കുക ഉപ്പുരസങ്ങളായും ഉഷ്ണങ്ങളായും ഗുരുക്കളായും അമ്ല(പുളി)രസങ്ങളായും വിദാഹി (ഉൾപുഴുക്കുണ്ടാക്കുന്നവ)യായും ഇരിക്കുന്ന ഭക്ഷണങ്ങൾ, തണുത്തവെള്ളം കുടിക്കുക ഇവയെല്ലാം ഉദരരോഗി വർജ്ജിക്കണം.

മലായത്താസ്സർവ്വേപ്യുദരനിചയാസ്സന്തി ബഹുധാ
തതസ്തത്ര പ്രായഃ പുനരപി പുനശ്ശോധനമലം

പിബേൽ ക്ഷീരം പഞ്ചാംഗുലഭവസുതൈലം ച വിധിവൽ
ഗവാം മൂത്രൈരപ്യസകൃദിഹതഥാ ജാഠരഗദീ. ൮

എല്ലാ ഉദരരോഗങ്ങളും മലാധിക്യംകൊണ്ടാണു് ഉണ്ടാകുന്നതു്. അതിനാൽ ഉദരരോഗത്തിൽ മിക്കവാറും കൂടക്കൂടെ ശോധനക്രിയയാണു ചെയ്യേണ്ടതു്. ആവണക്കെണ്ണയിൽ പാലോ ഗോമൂത്രമോ ചേർത്തു് ഉദരരോഗി പലപ്രാവശ്യവും സേവിക്കണം. ഇതു് ശോധനക്രിയയാണു്.

ഉദരചികിത്സ.

നാരാചഘൃതം.

സ്നുഗ്ഭാനുമൂലത്രിഫലാത്രിവൃദ്ഭി-
സ്സിംഹീവിഡംഗാനലദന്തിനീഭിഃ.
പക്വം ഘൃതം തൽ കുഡുബപ്രമാണം
കല്കീകൃതാഭിസ്സജലാഭിരേവ. ൯

കർഷം പിബേദുഷ്ണജലൈർമ്മനുഷ്യോ
ഭരകേ ച പേയാമഥവാ രസം ച
നാരാചമേതദ്ഘൃതമാശു ശോഥ-
ഗുല്മോദരാനാഹഗദാൻ നിഹന്തി. ൧൦

കള്ളിപ്പാലയുടെ വേരു് എരിക്കിൻവേരു് ത്രിഫല ത്രികോല്പക്കൊന്ന ചെറുവഴുതിനവേരു വിഴാലരിക്കാമ്പു് കൊടുവേലിക്കിഴങ്ങു നാഗദന്തിവേരു ഇവ കല്കമായി നാഴി നെയ്യുകാച്ചി, മൂന്നു കഴഞ്ചുവീതം ഉഷ്ണജലത്തിൽ ചേർത്തു സേവിക്കുക; ശോഫം, ഗുന്മം, ഉദരം, ആനാഹം (വയറുവീർപ്പു്) ഇവ ശമിക്കും. ഈ മരുന്നുകൾതന്നെ കഞ്ഞിവെച്ചു കുടിക്കുകയോ കഷായംവെച്ചു സേവിക്കുകയോ ചെയ്യുന്നതു് വയറിളകുന്നതിനു നല്ലതാണു്.

വജ്രാങ്ഗീകല്കകർഷം ദധിലിപ്തം ഹി
സർവ്വോദരേഷു നിഗളേദംബുയുതം ഹി. ൧൧

മൂന്നുകഴഞ്ചു ചങ്ങലംപരണ്ട എടുത്തു് തൈരിൽ അരച്ചുകലക്കി സേവിക്കുക; എല്ലാ ഉദരങ്ങളും ശമിക്കും.

കഷായയോഗങ്ങൾ.

പുനർന്നവാശിവാനിശാപടോലനിംബദാരുഭിഃ
സുധാലതാജഗജ്ജലം ശ്രുതം ഗവാം ജലാന്വിതം
പുരാന്വിതം പ്രശസ്യതേ ച സർവ്വശോഥനാശനം
സശൂലപാണ്ഡുസോദരാർത്തിവായുരോധനാശനം. ൧൨

തമിഴാമവേര കടുക്കാത്തോടു മഞ്ഞൾ പടവലം വേപ്പിൻതൊലി ദേവതാരം അരുത ചുക്ക ഇവ ഗോമൂത്രവും ചേൎത്തു കഷായംവച്ചു ഗുൽഗുലു മേമ്പൊടിയായി പ്രഭാതത്തിൽ സേവിക്കുക; ശോഫം, ശൂലം, പാണ്ഡു, ഉദരം, വായുരോധം ഇവ ശമിക്കും.

അന്യയോഗം.

ജ്യോതിഷ്മതീതൈലമലം പയോഭിർ-
ദിനേ ദിനേ യോ പ്രപിബേന്മനുഷ്യഃ
സൎവോദരാണാം ച വിനാശനായ
സൎവോദരവ്യാധിവിനാശമിച്ഛൻ. ൧൩

ചെറുപുന്നയരി ആട്ടിയെടുത്ത എണ്ണ പാൽചേൎത്തു ദിവസംതോറും കുടിച്ചാൽ എല്ലാ ഉദരങ്ങളും വയററിലുണ്ടാകുന്ന മററു വ്യാധികളും ശമിക്കും.

പിപ്പലീയോഗം:

സ്നേഹീപയോഭാവിതപിപ്പലീനാം
പയോ യഥാവൽ പരിവൎദ്ധിതാനാം.
ദിഗ്രാമബാണാദിസഹസ്രകാന്ത-
മാശ്വാശ്നതാം വാ ജ്വരാണി നശ്യുഃ ൧൪

൩-൫-൧൦-൧൦൦. ഈ ക്രമത്തിൽ കൂട്ടിക്കൂട്ടി എടുത്തു ൧൦൦൦ തിപ്പലിവരെ കള്ളിപ്പാലിൽ ഭാവനചെയ്തു പൊടിച്ചു സേവിക്കുക; ഉദരങ്ങൾ എല്ലാം ശമിക്കും.

ശ്വാസകാസജ്വരാണി ഗുദാൎശോ-
വാതരക്തമഥവാ ജ്വരവേഗം
പിപ്പലീ ക്ഷയഗദാനപഹന്തി
സ്നക്പയോഭിരപി ഗോപയസേയം. ൧൫

മുൻപറഞ്ഞപ്രകാരം പിപ്പലി കള്ളിപ്പാലിലോ പശുവിൻപാലിലോ ഭാവനചെയ്തു സേവിച്ചാലും ശ്വാസം, കാസം, ഉദരം, അൎശസ്സ്, വാതരക്തം, ജ്വരം, ക്ഷയം ഈ രോഗങ്ങൾ എല്ലാം ശമിക്കും.

ബിന്ദുഘൃതം.

ത്രിവൃദ്ദന്തീപാഠാനലഗജകണാത്ര്യൂഷണഫല-
ത്രികൈരണ്ഡാമജ്ജാസമബ്ദ്യഹതികായുഗ്മസഹിതം
സ്നഹീക്ഷീരം രോഹിണ്യപി പലമിതാ സൎവമപി ച
ഘൃതപ്രസ്ഥേ ചൈതൽ സകലമപി സംപാച്യ വിധിവൽ. ൧൬

പിബേദ്യാവദ്ബിന്ദൂൻ ഘൃതമിദമപിഖാൻ ജാഠരഗദാൻ
നിഹന്തി ദ്രാക്താവന്മിതമലജവേഗൈശ്ചാപിഗുന്മാൻ
ഉദാവൎത്തം ശോഫം നിഖിലമലസംരോധജഗദാ-
ന്നിരാകുൎത്തും സദ്യഃപ്രഭവമപി തഥാഭ്യക്തമപി ച. ൧൭

ത്രികോല്പക്കൊന്ന നാഗദന്തിവേര പാടക്കിഴങ്ങു കൊടുവേലിക്കിഴങ്ങു അത്തിത്തിപ്പലി ചുക്ക മുളകു തിപ്പലി ത്രിഫല ആവണക്കരിയുടെ മജ്ജ ചെറുവഴുതിനവേര വെൺവഴുതിനവേര കള്ളിപ്പാലയുടെ കറ കടുകുരോഹിണി ഇവ ഓരോ പലം അരച്ചുകലക്കി ഇടങ്ങഴി നെയ്യുകാച്ചി തുള്ളിക്കണക്കനുസരിച്ചു സേവിക്കുക; സകലോദരങ്ങളും ശമിക്കും. ഈ ഘൃതബിന്ദുക്കളുടെ സംഖ്യകൊണ്ടു മലമിളകിപ്പോകും. ഗുന്മം, ഉദാവൎത്തം, ശോഫം, മലത്തിന്റെ തടവുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ ഇവയും ശമിക്കും. ഈ ഘൃതം ദേഹത്തിൽ തേച്ചാൽതന്നെയും വയറിളകുന്നതാണു (യോഗരത്നാകരത്തിൽ ഉള്ള ബിന്ദുഘൃതത്തിനു ഇതിൽനിന്നു വളരെ വ്യത്യാസം കാണുന്നുണ്ടു.)

രസം.

ദന്തീബീജരസേന ടങ്കണബലീൻ
സമ്മൎദ്യ വൈദ്യൈൎഗ്ഗുഡ-
ക്ഷീരൈരശ്ചോദരരോഗസംഹരണോ
പ്രഖ്യാതവീൎയ്യം ക്ഷിതൌ
ദദ്യാച്ഛൂലഗുദാങ്കുരാദിഷു സദാ
സമ്യഗ്വിരേകേ സതി
തക്രം ബൎബ്ബൂരനീരമേവമഥവാ
സദ്യോനുപാനം പിബേൽ. ൧൮

അപി രേകവിധൌ ച മുദ്ഗയൂഷം
ബഹുരേകേ ഖലു തക്ര മേകമേവ
അഥ ബൎബ്ബുരവല്കലസ്യ നീരം
കഥിതം പേയമഥോത്ര സൎവ്വദൈവ. ൧൯

ശുദ്ധിചെയ്ത പൊൻകാരം ഗന്ധകം ഇവ നീൎവാളരസത്തിൽ അരച്ചു ശൎക്കരയിലോ പാലിലോ സേവിക്കുക; ഈ രസം ഉദരരോഗങ്ങളെ നശിപ്പിക്കുന്നതിൽ വളരെ പ്രസിദ്ധമാണു. ശൂലം, അൎശസ്സ് ഈ രോഗങ്ങളിലും ഈ രസം കൊടുക്കാം. നല്ലപോലെ വയറിളകിക്കഴിഞ്ഞാൽ മോരോ വെൺവേലത്തൊലിക്കഷായമോ അനുപാനമായി ഉപയോഗിക്കണം. സാമാന്യമായി വയറിളകിയാൽ ചെറുപയറിൻചാറും, വളരെ വയറിള

കിയാൽ മോരും പാനം ചെയ്യണം. എപ്രകാരം വയറിളകിയാലും വെൺവേലത്തിൻതൊലിയിട്ടുവച്ച കഷായം കുടിക്കുന്നതിൽ വിരോധമില്ല.

വജ്രക്ഷാരം.

സാമുദ്രകം ടങ്കണകാചസിന്ധു-
യവാഗ്രജൈഃ സജ്ജികയാ ച വാച്യാ
അർക്കസ്നുഹീക്ഷീരവിഭാവിതം പ്രാഗ്
ദിനത്രയം തേന രവേർഗ്ഗ്ലാനി. ൨൦

സംലിപ്യ സംമൃദ്യ തതോ വിശേഷാൽ
വിശോഷ്യ തീവ്രാഗ്നിപുടേ പചേത്തൽ
തസ്യാർദ്ധഭാഗം ത്രിഫലോഷണാനാം
ജീരാഗ്നിരാത്രിപ്രഭവം തദർദ്ധം. ൨൧

സംമിശ്ര്യ സർവ്വം കില നിഷ്കയുഗ്മം
വാതാധികേ കോഷ്ണജലൈഃ പിബേച്ച
പിത്താധികേ ചാപി ഘൃതൈർഗ്ഗവാം വാ
മൂത്രൈഃ കഫാധിക്യയുതേ തു സേവേൽ. ൨൨

തഥാരനാളൈസ്ത്രിഭവേ തു ദോഷേ
സമസ്തോദരേ ചൈകഗുല്മം ഗ്രഹണ്യാം
ശ്ലേഷ്മീഭവം ചൂർണ്ണമലം നിഷേവേൽ
കപർദ്ദിനാ പ്രോക്തമിദം വിശേഷാൽ. ൨൩

ശോഫഗുല്മജ്വരാണി ച ശൂലാ-
ന്യാശു പീതമപി ഹന്തി വിശേഷാൽ
ശംഭുനാ ച കഥിതം ഖലു വജ്ര-
ക്ഷാരമത്ര ജനിതം കൃപയാലം. ൨൪

കടലുപ്പ് പൊൻകാരം കാരുപ്പ് ഇന്തുപ്പ് ചവക്കാരം സാർജ്ജക്ഷാരം തുവർച്ചിലക്കാരം ഇവ പൊടിച്ച് മൂന്നുദിവസം എരിക്കിന്റെയും കള്ളിപ്പാലയുടേയും കറയിൽ അരച്ച് ഉരുളയാക്കി ഒരു ചട്ടിയിൽ അതുകൊണ്ടു കട്ടിയിൽ പുറത്തുതേച്ച്, ഒരു വെയിലത്തുവച്ച് അതുകൊണ്ടു കട്ടിയിൽ പുറത്തുതേച്ച്, ഒരു വെള്ളത്തിലാക്കി വേറൊരു ചട്ടികൊണ്ടടച്ച് ശീലമൺചെയ്തു വെയിലത്തുണക്കി, ഗജപുടമിട്ട് ആറിയാൽ മണ്ണുകളഞ്ഞു അകത്തിരിക്കുന്ന ക്ഷാരമെടുത്ത് അതിൽപകുതി, ത്രിഫല കുരുമുളക് ജീരകം കൊടുവേലിക്കിഴങ്ങു മഞ്ഞൾപ്പൊടി ഇവയും ചേർത്ത് ഫൽ കഴഞ്ചുവീതം വാതാധികമായ ഉദരത്തിൽ ചൂടുവെള്ളത്തിലും പിത്താധികമായ ഉദരത്തിൽ പശുവിൻപാലിലും കഫാധികമായ ഉദരത്തിന്

ഗോമൂത്രത്തിലും സേവിക്കുക. ഈ ക്ഷാരം ചുക്കപൊടിചേർത്ത് ഒരുപലം ശർക്കരയിൽ സേവിച്ചാൽ എല്ലാ ഉദരങ്ങളും ഇല്ലാതാകും. ഇതുകൂടാതെ ശോഫം, ഗുന്മം, ജ്വരം, ശൂലം ഇവയും ശമിക്കും. ഈ വജ്രക്ഷാരം പരമശിവനാൽ പറയപ്പെട്ടിട്ടുള്ളതാണ്.

വാതോദരലക്ഷണം.

വാതോദരേ പാണിപാദേസ്തു കുക്ഷി-
ന്നാഭേശ്ച ശോഫഃ പ്രഭവേന്നിതാന്തം
കുക്ഷേശ്ച പാർശ്വോദരമദ്ധ്യപൃഷ്ഠ-
രുക് പർവ്വസംഭേദനശുഷ്കകാസൌ. ൨൫

സ്യാദംഗമർദ്ദോ ഗുരുതാ മലസ്യ
ഗ്രഹസ്തഥാധോരുണതാമന്യൽ
ത്വചാദ്യാവാതാകസ്മികവ്യധിമത്തൽ
സതോദഭേദം ജ്വരം ദ്രതേസ്ത്ര. ൨൬

തുല്യം ച ശബ്ദം കുരുതേ ററതം ച ചേ-
ദാദ്ധ്മാനമത്ര പ്രചലഃ സശബ്ദഃ
സരുക് ച സർവ്വത്ര ഗതിഃ പ്രകാമം
സിരാതതം കൃഷ്ണതനുത്വയുക്തഃ. ൨൭

കയ്യ് കാല് വയറ് നാഭി ഈ സ്ഥാനങ്ങളിൽ നീര്, കുക്ഷി പാർശ്വഭാഗം ഉദരമദ്ധ്യഭാഗം പുറം ഈ ഭാഗങ്ങളിൽ വേദന, സന്ധികൾ പിളർന്നപോവുക, ശുഷ്കകാസം, ശരീരം ഉടിച്ചു നുറുക്കിയപോലുള്ള വേദന, അടിവയററിൽ കനം, മലംപിടിത്തം, ത്വക്ക് നഖം മൂത്രം മുതലായവ ചുവന്നോ കറുവാളിച്ചോ ഇരിക്കുക, കാരണംകൂടാതെ വർദ്ധിക്കുക, കുത്തിനോവു, പിളർന്നനോവു, വയിററത്തു കൊട്ടിനോക്കിയാൽ ഊതിവീർപ്പിച്ച തോൽതുരുത്തിയുടെ ശബ്ദംപോലിരിക്കുക, വേദനയോടുകൂടി വായു വയററിൽ എല്ലായിടത്തും സഞ്ചരിക്കുക, കറുത്തനിറത്തിലുള്ള ചെറിയ നരമ്പുകൾ വയററത്തു കാണുക ഇവയെല്ലാം വാതോദരത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ദശമൂലകഷായമിശ്രിതം വൈ
ധ്രുവമേരണ്ഡഭവം ച തൈലമേകം
ത്രിഫലാകഥിതം ഗവാം ജലൈർവ്വാ
പരിപീതം ഖലു വാതജോദരഘ്നം. ൨൮

ദശമൂലം കഷായംവച്ച് അതിൽ ആവണക്കെണ്ണചേർത്തു

സേവിക്കയോ ത്രിഫല കഷായംവെച്ച് ഗോമൂത്രംചേർത്ത സേവിക്കയോ ചെയ്താൽ വാതോദരം ശമിക്കും.

അന്യയോഗം.

ധേനുമൂത്രദശമൂലജവാരി
കൃഷ്ണദന്തിനിയവാഗ്രജപാഠാ
ഉഗ്രയാ ച ലവണത്രയചൂർണ്ണീ
ഭക്ഷിതോഷ്ണപയസാപി ച തദ്വൽ. ൨൯

ദശമൂലം കഷായംവച്ച് ഗോമൂത്രംചേർത്ത സേവിക്കുക; കൊട്ടം നാഗദന്തിവേര ചവർക്കാരം പാടക്കിഴങ്ങു വയമ്പു ഇന്തുപ്പു വിളയുപ്പു കടലുപ്പു ചുക്കു ഇവ പൊടിച്ചു ചൂടുവെള്ളത്തിൽ സേവിക്കുക; വാതോദരം ശമിക്കും.

പിത്തോദരലക്ഷണം.

പിത്തോദരേ ജ്വരവിദാഹതൃഷാഭ്രമാശ്ച
ക്ഷിപ്രപ്രപാകകടുതാസ്യവിമൂർച്ഛനാനി
ധൂമായിതം ജഠരമത്ര ഹരിച്ഛിരാഭി-
രാനദ്ധമേവ ഖലു പീതവിലോഹിതാഭിഃ. ൩൦

രേചദ്വാ മൃദുസ്പർശമവം സരീഡം;
പൂർവ്വം ബലാഢ്യം ഖലു രേചയേത്തം
തം ദുർബ്ബലത്വേ തു നുവാസ്യ പൂർവ്വം
സംയോജയേൽക്ഷീരജവസ്തിനൈനം. ൩൧

സംജാതകായാഗ്നിബലം പുനസ്തം
സ്നിഗ്ദ്ധം വിശേഷേണ വിരേചയേച്ച
തുബൂകതൈലേന പയോന്വിതേന
ത്രിവൃൽസമേതേന ഘൃതേന ചാപി. ൩൨

ജ്വരം, സർവ്വാങ്ഗസന്താപം, തണ്ണീർദാഹം, തലകറക്കം, വേഗത്തിൽ പാകംവരിക; വായ്ക്ക് എരിപുരസം തോന്നുക; മൂർച്ഛ, പുകഞ്ഞുതികട്ടുക; പച്ചനിറത്തിലോ മഞ്ഞനിറത്തിലോ ചുവപ്പുനിറത്തിലോ ഉള്ള ഞരമ്പുകൾ വയററത്തുകാണുക; തൊട്ടാൽ മൃദുത്വം, വേദന ഇവയെല്ലാം പിത്തോദരത്തിന്റെ ലക്ഷണമാണ്. പിത്തരോഗി ബലമുള്ളവനാണെങ്കിൽ ആദ്യമായി വിരേചിപ്പിക്കണം. ബലമില്ലാത്തവനാണെങ്കിൽ ആദ്യമേ കഷായവസ്തിയും പിന്നീട് ക്ഷീരവസ്തിയും ചെയ്യണം. എന്നാൽ കായബലവും അഗ്നിബലവും ഉണ്ടാകും. ഇങ്ങനെ കായാഗ്നിബലം വന്നതിനശേഷം സ്നിഗ്ദ്ധശരീരനാക്കി അവനെ ആവണക്കെണ്ണയും പാ-

ലും ചേർത്തുകൊടുത്തോ; ത്രികോല്പക്കൊന്ന പൊടിച്ച് നെയ്യിൽ സേവിപ്പിച്ചോ വയറിളക്കണം.

തച്ചികിത്സ.

സത്രായമാണാ ശൃതസാതലാംബു
വാരഗ്വധാംബു പ്രപിബേച്ച പശ്ചാൽ
ദ്വിഗുണജകാം പപ്പടികാം പ്രഭുജ്യ
പൂർവ്വം ച പിത്തോദരഗുല്മകേഷു. ൩൩

ആദ്യം ശുദ്ധിചെയ്ത തുവരിമണ്ണു പ കുന്നിയിട സേവിച്ചതിനശേഷം ബ്രഹ്മി ചമ്മലന്ത ഇവയോ കൊന്നത്തൊലിയോ കഷായംവച്ചു സേവിപ്പിക്കുക; പിത്തോദരം ശമിക്കും.

കഫോദരലക്ഷണം.

ശ്ലേഷ്മോദരേഽങ്ഗസദനം ശ്വയഥുർഗ്ഗുരുത്വ-
കാസാരുചിശ്വസനശുക്ലനഖത്വചഃ സ്യുഃ
സ്നിഗ്ദ്ധം ഭവേച്ച ജഠരം ഖലു ശുക്ലരാജീ-
യുക്തം ഭവേൽ സ്തിമിതശീതളമത്ര തത്ര. ൩൪

ചിരാഭിവൃദ്ധിഃ സ്ഥിരതാ ഗുരുത്വ-
ശീതത്വനാശായ ച ശുദ്ധസൂതഃ
തത്തുല്യഗന്ധോ മൃതസൂര്യതുല്യ-
ശിലാജതുത്ര്യംബകകണ്ടഗേന. ൩൫

ഭാഗദ്വയേനാപി ച ലോഹകേന
ഭാഗൈകമാത്രേന കടുത്രയേണ
ചിത്രേണ കുഷ്ഠേന ഫലത്രയേണ
നിർഗ്ഗുണ്ഡികാതാലജടാരജോഭിഃ. ൩൬

തഥാജമോദാഭിരലം വിഷേണ
തുല്യാഭിരേവം ഖലു നിംബജേന
പഞ്ചാംഗനീരേണ വിഭാവ്യ സർവ്വാ-
ന്നേകാധികം വിംശതിരേവ വാരാൻ. ൩൭

സപ്തൈവ ഭൃംഗദ്രവഭാവനാഭിഃ
സംഭാവ്യ കുസ്ത്വാദ്ഗുഡികാസ്തു തസ്യ
സംലോലയേന്മാക്ഷികയുക്തപാത്രേ
വടീ ച കക്ഷ്യസമാപ്യതൈകാ. ൩൮

ഭുക്താ നിഹന്ത്യാശു കഫോദരം സാ-
വൈശ്വാനരീ മാസദിനാനി നിത്യം

ചേൽ സേവിതാ ഗുല്മശിവാസ്സ്രശോഫ-
വാതാമയാൻ വാ സകലാൻ നിഹന്തി. ൩൯

സദേവദാരുവഹ്നിമൂലകല്ക്കദ്ധമാശു വാ
കടുത്രികം കുലത്ഥകൈഃ ശൃതം പയോനുപായയേൽ. ൪൦

ശരീരത്തിനു തളൎച്ച, നീര്, കനം, ചുമ, അരുചി, ശ്വാസം, തൊലി മുതലായവ വെളുത്തിരിക്കുക, വയററിനു മിനുസവും നിശ്ചലതപവും ശീതതപവും ഉറപ്പും ഉണ്ടായിരിക്കുക, ഇവ കഫോദരത്തിന്റെ ലക്ഷണമാണ്.

ചൂളികാവടി.

ശുദ്ധിചെയ്ത രസം ഗന്ധകം താമ്രം കന്മദം ഇവ സമാംശം, വത്സനാഭി ൨ ഭാഗം ശുദ്ധിചെയ്ത ഉരുക്ക് ഒരുഭാഗം, ചുക്കുമുളക് തിപ്പലി കൊടുവേലിക്കിഴങ്ങു കൊട്ടം ത്രിഫല കരിനൊച്ചി അരിതാലം മാഞ്ചി അയമോദകം ഇവ വത്സനാഭിക്കു സമം, എല്ലാംകൂടി പൊടിച്ച് ൨൧ ദിവസം വെറ്റിൽകഷായത്തിലും ഏഴുദിവസം കയ്യോന്നിനീരിലും അരച്ച് ലന്തക്കുരുവിനുസമം ഗുളികയുരുട്ടി ഓരോ ഗുളികവീതം ദിവസവും സേവിക്കുക; കഫോദരം, ഗുല്മം, ശൂലം, നീര്, വാതരോഗങ്ങൾ ഇവ ശമിക്കും. ദേവതാരം കൊടുവേലിക്കിഴങ്ങ് ഇവ അരച്ചുകലക്കിയ പാലോ ത്രികടു പഴമുതിര ഇവ ഇട്ടുകുറുക്കിയ പാലോ അനുപാനമായി ഉപയോഗിക്കണം.

ബഡവാമുഖക്ഷാരം.

ഹിംഗ്വപകുല്യാത്രിഫലാനിശാഭിർ-
ഭല്ലാതശുണ്ഠീഗദശിഗ്രുമൂലൈഃ
തിക്താമൃതാവിഡ്വപദധിപ്രയുക്ത-
മന്തർവിദഗ്ദ്ധോ ബഡവാമുഖഃ സ്യാൽ. ൪൧

ക്ഷാരോ യഥാശക്തിമനേന പ്രയുക്തോ
മദ്യേന ചോഷ്ണേന ച കാഞ്ജികേന
കഫോദരം ചാപി ച വഹ്നിമാന്ദ്യം
ശോഫം തഥാ ഗുല്മരുജം നിഹന്തി. ൪൨

കായം തിപ്പലി ത്രിഫല മഞ്ഞൾ ചേർക്കുരു ചുക്കു കൊട്ടം മുരിങ്ങവേരിന്മേൽതൊലി, പുത്തരിച്ചുണ്ടവേര് അമൃത് കൂവളത്തിൻകായുടെ മജ്ജ ഇവയെല്ലാം കൂടി എടുത്തു ഒരു കലത്തിലിട്ടു മറെറാരു ചട്ടികൊണ്ടുമൂടി അടച്ചു ശീലമൺചെയ്ത് അന്തർധൂമമായി പാകംചെയ്തു ക്ഷാരമാക്കി ബലമനുസരിച്ചു മദ്യത്തിലോ

ചൂടുവെള്ളത്തിലോ കാടിയിലോ സേവിക്കുക; കഫോദരം, അഗ്നിമാന്ദ്യം, നീര്, ഗുല്മം ഇവ ശമിക്കും.

ദൂഷ്യോദരലക്ഷണം.

സ്ത്രിയോ ദൂഷിതാന്നം ജലം വാ നരാണാം
തഥാ ലോമമൂത്രാസൃഗ്വിട്പ്രയോഗൈഃ
ഗരം ശത്രുഭിർ വാ പ്രയുക്തം [illegible]
തഥാ ദുഷ്ടനീരാന്നമന്യച്ച യദ്വാ. ൪൩

തേനാശു രക്തം സഹദോഷാഃ പ്രകോപം
ഉപേത്യാശു കുര്യുസ്ത്രിലിംഗം വിശേഷാൽ
വിദൂഷ്യോദരേ ശീതവാതാഭ്രനാനാം
വിശേഷേണ സന്ദഹ്യതേ കോപമേത്യ. ൪൪

സ തേനാതുരോ മൂർച്ഛതി പ്രായശോഽത്ര
സപാണ്ഡുഃ കൃശഃ ശുഷ്യതി പ്രാപ്തതൃഷ്ണഃ
സരോമാളീതകായോഭയായാസ്യ [illegible]
ഫലാനാം ത്രയക പാദസംഭാവിതോഽയം. ൪൫

സ്ത്രീകൾ പുരുഷന്മാരെ വശീകരിക്കാൻവേണ്ടി നഖം രോമം മൂത്രം മലം ഇവയോടുചേർന്ന് ഉള്ളിൽ കൊടുക്കുന്ന അന്നഭക്ഷണമോ ജലപാനമോ ഹേതുവായിട്ടോ; ശത്രുക്കളാൽ കൊടുക്കപ്പെട്ട കൈവിഷത്താലോ; മറ്റുപ്രകാരത്തിൽ ദൂഷിച്ച അന്നം ഭക്ഷിക്കുകയോ ജലം കുടിക്കുകയോ ചെയ്തുകൊണ്ടോ; രക്തവും വാതാദിദോഷങ്ങളും കോപിച്ച് വാതോദരത്തിന്റെയും പിത്തോദരത്തിന്റെയും കഫോദരത്തിന്റെയും ലക്ഷണങ്ങളോടുകൂടി ഉദരത്തെ ഉണ്ടാക്കും. ഇതിനെ ദൂഷ്യോദരമെന്നും ത്രിദോഷോദരം എന്നും പറയുന്നു. ഈ ഉദരം തണുത്ത കാററോടുകൂടിയ സമയത്തിലും മേഘാവൃതകാലത്തിലും ആണ് വിശേഷിച്ചു കോപിക്കുന്നത്. ഇതിനു ചുട്ടുനീററലുണ്ടായിരിക്കും. [illegible] ഈ ദൂഷ്യോദരമുള്ളവന് മോഹാലസ്യം ഉണ്ടാകും. ശരീരം വെളുത്തും [illegible] ഉണങ്ങും. തണ്ണീർദാഹവും കാണും.

ത്രിഫല കഷായംവെച്ച് അതിൽ ചെമ്മരത്തിൻതൊലി കട്ടക്കാരത്തോട് ഇവ അരച്ചുകലക്കി സേവിച്ചാൽ ദൂഷ്യോദരം ശമിക്കും.

തച്ചികിത്സ.

പ്രദൂഷ്യോദരേ സപ്തലാശംഖിനീഭിർ-
ഘൃതം സിദ്ധമാശു പ്രസിദ്ധ്യൈ പിബേച്ച

തഥാ ദന്തികായാ ദ്രവന്ത്യാഃ ഫലാനാം
സുതൈലം ച ദൂഷ്യോദരേ ശോധനം ദ്രാക്. ൨൩

പാതിരിയുടെ വേര് ശംഖുപുഷ്പത്തിൻവേര് ഇവ കല്ക്കമായി കാച്ചിയ നെയ്യു സേവിപ്പിക്കുകയോ ചെറിയദന്തി വലിയദന്തി ഇവയുടെ കായ് കല്ക്കമായി എണ്ണകാച്ചി സേവിപ്പിക്കയോ ചെയ്താൽ ദൂഷ്യോദരം ശമിക്കും. എളുപ്പത്തിൽ ശോധനവുമുണ്ടാകും.

തൈലം.

തൈലാന്ധകം പ്രസ്ഥമിതേന ശുണ്ഠ്യാഃ
ഫലത്രികൈർമ്മസ്തു സുസാധിതം ച
സര്വോദരം ശ്ലേഷ്മസദാഗതിഭ്യാം
സഞ്ജാതഗുല്മം സഹസാ നിഹന്തി. ൨൪

ചുക്ക് ത്രിഫല ഇവ പ്രത്യേകം ഓരോ പലംവീതം എടുത്ത് തൈരിൻവെള്ളത്തിൽ അരച്ചുകലക്കി നാലിടങ്ങഴി എണ്ണകാച്ചി ദഹനമനുസരിച്ചു സേവിക്കുക; സകല ഉദരങ്ങളും ശമിക്കുന്നതുകൂടാതെ കഫവാതജമായ ഗുല്മവും ശമിക്കും. (ഈ മരുന്നുകൾതന്നെ കല്ക്കമായി നെയ്യുംകാച്ചി സേവിക്കാം എന്നു യോഗരത്നാകരത്തിൽ കാണുന്നു.)

പ്ലീഹോദരലക്ഷണം.

ഹൃദോ വാമതോऽധഃ ഖലു ശോണിതാദ്വാ
പ്ലീഹാ നൃണാം ശോണിതവാഹിനീനാം
മൂലം സിരാണാം ച വിദാഹിഭോജ്യ-
മാശ്വശ്നതാം ദുഷ്ടമസൃക് കഫശ്ച. ൨൫

അഭിഷ്യന്ദഭോജ്യാച്ച വൃദ്ധിം പ്രയാതി
ഗദം പ്ലീഹസംജ്ഞം പ്രകുര്യാൽ പ്രകാമം
സവാമേ ച പാർശ്വേ പ്രവൃദ്ധിം സമേതി
വിശേഷാൽ ഗദീ ചാത്ര സീദത്യതൈവ. ൨൬

സമന്ദജ്വരാഗ്നിഃ കഫേനാപി പിത്ത-
ഭവൈർല്ലക്ഷണൈർല്ലക്ഷിതോപദ്രുതശ്ച
ഭവേന്നിർബലഃ ക്ഷീണദേഹോऽതിപാണ്ഡുഃ
പിബേദ്ഭ്യാതിതഃ സിന്ധുശക്തിപ്രഭൃതം. ൨൭

കണാദുഗ്ധയുക്തഥവാ ഭാനുപത്രൈഃ
പുടേ ദഗ്ധമേകം പടും മസ്തുനാ വാ
പ്രപീതം തഥാ പ്ലീഹരോഗം ഭിനത്തി
യഥാ ചേന്ദ്രവജ്രം തു പക്ഷം ഗിരീണാം. ൨൮

ഹൃദയത്തിന്റെ ഇടത്തുഭാഗത്തു താഴെ രക്തവാഹിനികളായ ഞരമ്പുകളുടെ മൂലമാണ് പ്ലീഹ എന്നു പറയുന്നത്. ഉൾപ്പുഴുക്കുണ്ടാക്കുന്ന പദാർത്ഥത്തെയോ കഫസ്രവണകാരിയായ പദാർത്ഥത്തെയോ ഭക്ഷിക്കുകനിമിത്തം രക്തവും കഫവും ഏററവും ദുഷിച്ചിട്ട് ആ പ്ലീഹയെ വർദ്ധിപ്പിക്കുന്നു. ഇതാണ് പ്ലീഹോദരം. പ്ലീഹോദരത്തിൽ വിശേഷിച്ചും രോഗിക്കു തളർച്ച ഉണ്ടാകും. അല്പം ജ്വരം, അഗ്നിമാന്ദ്യം, കഫപിത്തോദരങ്ങളുടെ ലക്ഷണങ്ങൾ, ഉപദ്രവങ്ങൾ ഇവയും ഉണ്ടായിരിക്കും. ബലക്ഷയം, ദേഹത്തിനു വിളർച്ച ഇവയും കാണും. ഇന്തുപ്പും തിപ്പലിയുംകൂടി പൊടിച്ചു തൈരിൽ സേവിക്കുകയോ ഇന്തുപ്പു തനിച്ച് എരിക്കിലയിൽ പൊതിഞ്ഞ് പുടംചെയ്തെടുത്ത് തൈരിൻവെള്ളത്തിൽ സേവിക്കുകയോ ചെയ്താൽ പ്ലീഹോദരം ശമിക്കും.

വാതപ്ലീഹോദരലക്ഷണം.

ഭവേന്നിത്യമാനദ്ധകോഷ്ഠോ വിശേഷാൽ
പരീതസ്തഥാ വേദനാഭിസ്തു വാതാൽ
ഉദാവർത്തസംപീഡിതസ്ത്ര്യൂഷണേന
ഗദം ഹിംഗുസിന്ധൂൻ യവക്ഷാരമുംഗാൻ. ൨൯

ഭവേദ്ബ്രഹ്മജക്ഷാരതോയേന നിത്യം
കണാ ഭാവിതാ വാസിതാ മാക്ഷികേണ
ഗദം പ്ലീഹസംജ്ഞം സദായാതജാതം
നിഹന്ത്യാശു ഗുല്മാർത്തിവഹ്നിപ്രമാദ്യേ. ൩൦

വാതത്താൽ ഉണ്ടാകുന്ന പ്ലീഹോദരത്തിനു വിശേഷിച്ച് കോഷ്ഠത്തിനു വീർപ്പ്, വേദന, ഉദാവർത്തം, ഇവ ഉണ്ടായിരിക്കും. ചുക്കു മുളകുതിപ്പലി കൊട്ടം കായം ഇന്തുപ്പ് ചവക്കാരം മാതളനാരങ്ങാത്തോട് ഇവ പൊടിച്ച് അത്തിത്തൊലിയുടെ ക്ഷാരം എടുത്ത് ആ ക്ഷാരജലത്തിൽ മുടങ്ങാതെ സേവിക്കുകയോ; തിപ്പലികഷായത്തിൽ ഭാവനചെയ്ത പഞ്ചസാര തേൻചേർത്തു സേവിക്കുകയോ ചെയ്താൽ വാതജമായ പ്ലീഹോദരം, ഗുല്മം, അഗ്നിമാന്ദ്യം ഇവ ഇല്ലാതാകും.

പിത്തപ്ലീഹോദരലക്ഷണം.

തൃൺമോഹദാഹജ്വരപീതവർണ്ണം
പ്ലീഹോദരേ പിത്തഭവേ മനുഷ്യഃ
പ്രായസ്സു പകാത്മരസം പ്രസേവ്യ
സമാക്ഷികം സൌഖ്യമുപേതി സദ്യഃ. ൩൧

തണ്ണീർദാഹം മോഹം, സർവാംഗസന്താപം, ജ്വരം, മഞ്ഞനിറം ഇവ പിത്തജമായ പ്ലീഹോദരത്തിൻെറ ലക്ഷണമാണ്. പഴുത്ത മാങ്ങയുടെ രസം തേൻചേർത്തു സേവിച്ചാൽ മിക്കവാറും പിത്തജമായ പ്ലീഹോദരം ശമിക്കും.

തച്ചികിത്സ.

സ്വിന്നം ശാല്മലിപുഷ്പം നിശയാ വേഹി
രാജീ ചച്ചിതമശിതം പ്ലീഹഗദേ ഹി. ൧൭

ഇലവിൻപൂവു വാട്ടിപ്പിഴിഞ്ഞെടുത്ത നീരിൽ കരിങ്കടുകിൻ പൊടിചേർത്ത് ഒരുരാത്രി മുഴുവൻവെച്ചിരുന്നതിനുശേഷം സേവിക്കുക; പ്ലീഹോദരം ശമിക്കും.

കഫപ്ലീഹോദരലക്ഷണം.

കാഠിന്യഗൌരവയുതോ ഽപി ച മന്ദപീഡാ-
സ്ഥൂലത്വരോചകഗദേന കഫപ്രഭൂതാ
പ്ലീഹാ തു ശംഖഭവനാഭിരജഃ പ്രപീതം
താം ഹന്തി ജംബിരരസേന യുതം ഹി ശാണം. ൧൮

കഠിനത, ഗുരുത്വം, വേദനകുറഞ്ഞിരിക്കുക, സ്ഥൂലത, അരുചി, ഇവ കഫജമായ പ്ലീഹോദരത്തിൻെറ ലക്ഷണമാണ്. ശംഖിനകത്തുള്ള മാംസം ഉണക്കി പൊടിച്ച് മുക്കാൽ കഴഞ്ചുവീതം ചെറുനാരങ്ങാനീരിൽ സേവിക്കുക; കഫപ്ലീഹോദരം ശമിക്കും.

തച്ചികിത്സ.

ചേദ്ബാണപുംഖാഭവമൂലകല്കം
തക്രേണ ചാലോഡ്യ പ്രഗേ പ്രപീതം
പ്ലീഹോദരം ഹന്തി കഫപ്രഭൂതം
ശൈലപ്രമാണം പ്ലവതേ ജലേ ഹി. ൧൯

കൊടിക്കൊഴിഞ്ഞവേര് അരച്ചു മോരിൽ കലക്കി രാവിലെ സേവിക്കുക; വളരെ കട്ടിയായിക്കിടക്കുന്ന കഫപ്ലീഹോദരം ശമിക്കും.

സരക്തപ്ലീഹോദരം.

വൈവർണ്യശ്രമഗാത്രഗൌരവഭ്രമാ ദാഹഃ സരക്തോദരം
തത്രാശാസ്ത്രഗതോദരം ഗദമലം പ്ലീഹാഭവം വൈദ്യരാട്
ബദ്ധ്വാ തദ്ഭുജസവ്യമേവ ച ഗുരും ധ്യാത്വാ ച സംഭോജ്യ തം
വിധ്യേദ്വാമഭുജാന്തരാളജസിരാം മദ്ധ്യാം യകൃത്യാശു വാ
വാമേ പ്ലീഹ്നി ച ദക്ഷിണേ യകൃതി വാ ശ്രീവൈദ്യവിദ്യാഗുരുഃ.

നിറംമാറുക; ശ്രമം, ശരീരത്തിനു കനം, തലകറക്കം, സർവാംഗസന്താപം, വയററിൽ രക്തം ഉണ്ടാകുക; ഇത് രക്തപ്ലീഹോദരമാണ്. ഈ രോഗത്തിൽ ശാസ്ത്രജ്ഞനായ വൈദ്യശ്രേഷ്ഠൻ ഗുരുവിനെ ധ്യാനിച്ച് രോഗിയുടെ വലത്തുകൈ കെട്ടി, ഇടത്തുകയ്യിൻെറ മദ്ധ്യത്തിലുള്ള ഞരമ്പു കീറണം. യകൃദുദരത്തിൽ ഇടത്തുകൈ കെട്ടി വലത്തുകയ്യിൻെറ മദ്ധ്യത്തിലുള്ള ഞരമ്പാണ കീറേണ്ടത്.

പ്ലീഹാനം പരിപീഡയേൽ ദൃഢതരം ദുഷ്ടാസൃജോമുക്തയേ
വാമാംഗുഷ്ഠസിരാം ശരേണ ച തഥാ വാ സന്ദഹേൽ പൂർവതഃ
ഉന്നമ്യാപി ശരേണ ബന്ധമഥവാ ദീപ്യാഗ്നിഷഡ്ഗ്രന്ഥികാ-
ദന്തീമാഗധികായവാഗ്രജരജോ മസ്ത്വംബുമദ്യോഷ്ണകൈഃ. ൨൦

രക്തപ്ലീഹയോടുകൂടിയ രോഗിയുടെ പ്ലീഹയെ, ദുഷ്ടരക്തം വെളിക്ക പോകുന്നതിനുവേണ്ടി നല്ലവണ്ണം ഞെക്കണം. ഇടത്തുവശത്തുള്ള പെരുവിരലിൻെറ ഞരമ്പ്, കമ്പി പഴുപ്പിച്ചുവച്ച് പൊള്ളിക്കയോ അതിനെ കമ്പികൊണ്ടു പൊക്കി കെട്ടുകയോ ചെയ്യണം. ഇതുകൂടാതെ അയമോദകം കൊടുവേലിക്കിഴങ്ങ് വയമ്പ് നാഗദന്തിവേര് തിപ്പലി ചവർക്കാരം ഇവ പൊടിച്ചു തൈരിൻ വെള്ളത്തിലോ മദ്യത്തിലോ ചൂടുവെള്ളത്തിലോ സേവിക്കുന്നതും നല്ലതാണ്.

യകൃദുദരലക്ഷണം.

അധോ ഹൃദോ ദക്ഷിണതഃ സ്ഥിതിശ്ച
പ്രായസ്തഥാ വൈ യകൃതസ്തു വൈദ്യൈഃ
സ്ഥാനം ഹി തദ്രഞ്ജകമേവ പിത്ത-
ധാതോസ്തു രക്തസ്യ മുനിപ്രണീതം. ൨൧

സവ്യാപസവ്യസ്ഥിതിരേവ ഭേദോ
ദ്വയോന്നിരുക്തസ്തു ചികിത്സിതമ്പ്യേതഃ
തഥൈവ രക്തസ്രുതിഭേദമത്ര-
സവ്യാപസവ്യേ തു ഭിഷങ്നിരുക്തം. ൨൨

യകൃത്തെന്ന ആശയം നെഞ്ചിൻെറ താഴെ വലത്തുഭാഗത്താണ് ഇരിക്കുന്നത്. തദ്രഞ്ജകമായ പിത്തവും രക്തവുമാണ് ആ ആശയത്തിൽ ഉള്ളത്. ഇടത്തുഭാഗത്തിരിക്കുന്ന ആശയം പ്ലീഹയും വലത്തുഭാഗത്തു ഇരിക്കുന്ന ആശയം യകൃത്തും എന്നിങ്ങനെയാണ് ഇവ രണ്ടും തമ്മിലുള്ള ഭേദം. അപ്രകാരംതന്നെ രക്തസ്രവണവും വാമദക്ഷിണഭേദമനുസരിച്ചു ചെയ്തുകൊള്ളണം.

തച്ചികിത്സ.

കൃഷ്ണായസക്ഷാരവിഡാൻ വിചൂർണ്യ
പൂതീകനീരേണ ശൃതേന സേവേൽ
വിഡംഗസിന്ധൂഗ്നിവചായവാഗ്ര-
സക്തൂൻ പിബേദ്ദുഗ്ദ്ധപയോഭിരത്ര. ൩൨

തിപ്പലി ചവക്കാരം വിളയുപ്പു് ഇവ പൊടിച്ചു അവിത്തൊലിക്കഷായത്തിൽ സേവിക്കുക; വിഴാലരി ഇന്തുപ്പു് കൊടുവേലിക്കിഴങ്ങു് വയമ്പു ചവക്കാരം ഇവ പൊടിച്ചു് ചൂടുപാലിൽ സേവിക്കുക; യകൃദുദരം ശമിക്കും.

ബദ്ധഗുദോദരലക്ഷണം.

അഥ ബദ്ധഗുദോദരേഽന്ത്രമന്നൈ-
രുപലിപ്തം യദി ചോപലേപിഭിർവാ
അഥ സങ്കരവദ്ദൃഷദ്ഭിരേവ
പിഹിതം വാപി ച ചീയതേ സദോഷഃ ൩൩

ഇഹ ചാപി മലഃ ശനൈശ്ശനൈ-
ശ്ചുദി നാഡ്യാമവരുദ്ധ്യതേ നിരേതി
അതികൃച്ഛ്റതമാത്തഥാല്പമല്പം
ഹൃദയം നാഭിമഥോപി മധ്യമാശ്രു. ൩൪

പരിവൃദ്ധിമുപൈതി തത്ര വൈദ്യഃ
പ്രഥമം സ്വേദ്യ തതോ ഗവാം ച മൂത്രൈഃ
പടുതൈലയുതൈർന്നിരൂഹണം വൈ
പരികുർവ്വാദനുവാസനം തഥാ വാ. ൩൫

വഴവഴുപ്പുള്ള അന്നങ്ങളോ കല്ലോ വയററിനകത്തു ചെന്നു് കുടലിനെ ബന്ധിക്കുമ്പോൾ അവന്റെ മലം വാതാദിദോഷങ്ങളോടുകൂടി, അടിച്ചുകൂട്ടിയ തൃണാദികൾപോലെ പതുക്കപ്പതുക്കെ വർദ്ധിച്ചുവരികയും നാഡികളിൽ തടഞ്ഞു നിൽക്കയും ചെയ്യും. ഇതിൽ കുറേശ്ശ മലം പോകും. ഇതാണ് ബദ്ധഗുദോദരം. ഹൃദയത്തിന്റെയും നാഭിയുടെയും മദ്ധ്യത്തിലാണ് ഇതു വർദ്ധിക്കുന്നതു്. ഇതിന്റെ ശമനത്തിനായി വൈദ്യൻ ആദ്യം രോഗിയെ വിയർപ്പിക്കണം. അതിനുശേഷം ഗോമൂത്രത്തിൽ ഇന്തുപ്പും എണ്ണയും ചേർത്തു കഷായവസ്തിയോ അപ്രകാരംതന്നെ സ്നേഹവസ്തിയോ ചെയ്യണം.

സ്നിഗ്ദ്ധഭോജനമിഹാശു രേചനം
സ്നിഗ്ദ്ധതീക്ഷ്ണമപി സർവ്വദാ ഹിതം

യച്ച വായുശമനം ഖലു വായോ-
രുദ്ഗതിപ്രഹരണം ച വിശേഷാൽ. ൩൬

സ്നിഗ്ദ്ധമായ ഭോജനവും സ്നിഗ്ദ്ധതീക്ഷ്ണമായ വിരേചനവും വായുനാശകമായും വായുവിന്റെ ഉദ്ഗതിയെ ഹനിക്കുന്നതായും ഇരിക്കുന്ന ക്രിയകളും ബദ്ധഗുദോദരത്തിനു ഹിതമാണ്.

പരിസ്രാവ്യുദരലക്ഷണം.

ശല്യം യദന്നോപഹിതം യദാന്ത്രം
ഭുക്തം തദാ പ്രാഗശിതം ഭിനത്തി
തസ്മാൽ സ്രുതോഽന്ത്രാൽ സജലേന തുല്യഃ
സ്രാവഃ സ്രവേൽ പായുമുഖാച്ച ഭൂയഃ. ൩൭

നാഭേരധസ്താജ്ജഠരസ്യ വൃദ്ധിഃ
സംതുദ്യതേ ദാല്യതി ചാതിമാത്രം
വൈദ്യൈഃ പരിസ്രാവ്യുദരം പ്രദിഷ്ടം
ഛിദ്രോദരം ചാപി വദന്തി ചൈകേ. ൩൮

മുള്ളു് എല്ലു് പല്ലു് മുതലായ ശല്യങ്ങൾ ഭക്ഷണത്തോടുകൂടി വിലങ്ങത്തിൽ ഉള്ളിൽ പ്രവേശിച്ചു് കുടൽമാലയെ ഭേദിക്കുന്നു. അപ്പോൾ ആ കുടലിൽനിന്നു ഗുദംവഴി വെള്ളം ഒഴുകും. നാഭിയുടെ താഴെ വയറു വീർത്തുവരികയും ചെയ്യും. അധികമായി കുത്തിനോവുക; പിളർന്നുനോവുക ഇവയും ഉണ്ടായിരിക്കും. ഇതിനെ വൈദ്യന്മാർ പരിസ്രാവ്യുദരമെന്നും ഛിദ്രോദരമെന്നും പറയുന്നു.

തച്ചികിത്സ.

നഭോലോഹഗന്ധം ശിലാതാമ്രകുഷ്ഠം
രസവ്യോഷനിംബാഗ്നിദീപ്യൈശ്ച യുക്തം
വിഷം ശർവ്വരീ താലമല്പം ച പിഷ്ടം
സമം തദ്വടീ മാക്ഷികാംബുപ്രപീതം. ൩൯

കഫസ്യോദരോക്തം പ്രതീകാരമന്യൽ
തഥാഷ്ടൗ ച ബീജാനി ശുദ്ധാനി ദന്ത്യാഃ
ബലേർവ്വാ മരീചസ്യ ഭാഗദ്വയേന
ത്രയേണാപി ശുണ്ഠ്യേകഭാഗേന ശംഭോഃ. ൪൦

സുബീജേന വാ ടങ്കണേനാപി തദ്വ-
ദ്വടീ ഗുഞ്ജയാ തുല്യഭാഗേന ഭുക്താ
ജലം ശീതമസ്യാനുപാനേഽനുപീതം
സഛിദ്രോദരം ശോഫഗുന്മാന്നിഹന്തി. ൪൧

7

അഭ്രം ഉരുക്കഃഭസ്മം ഗന്ധകം കന്മദം താമ്രഭസ്മം കൊട്ടം രസഭസ്മം ചുക്ക മുളക തിപ്പലി വേപ്പരി കൊട്ടവേലിക്കിഴങ്ങ് അയമോദകം ശുദ്ധിചെയ്ത വത്സനാഭി മഞ്ഞൾ അരിതാരം ഇവയെല്ലാം കൂടി അരച്ച തേനിൽ സേവിക്കുക; ഛർദ്ദ്യോദരം ശമിക്കും. കഫോദരത്തിന് പറഞ്ഞിരിക്കുന്ന ചികിത്സകളും ഛർദ്ദ്യോദരത്തിന് ഹിതമാണ്. നേർവാളക്കുരു എട്ടുഭാഗം ഗന്ധകം നല്ലമുളക് ഇവ രണ്ടുഭാഗം, ചുക്ക മൂന്നുഭാഗം, രസം പൊൻകാരം ഇവ ഓരോഭാഗം എല്ലാംകൂടി അരച്ച കുന്നിക്കുരു പ്രമാണം ഗുളികയുരുട്ടി ഉണക്കി സേവിക്കുക. തണുത്ത ജലം ഇതിന് അനുപാനമായി ഉപയോഗിക്കണം. ഛർദ്ദ്യോദരം, ശോഫം, ഗുന്മം ഇവ ശമിക്കും. വിഷമുള്ള മരുന്നെല്ലാം ശുദ്ധിചെയ്ത ചേർത്തുകൊള്ളണം.

ജലോദരലക്ഷണം.

വിരിക്തോऽഥ വാന്തോऽഥവാ സ്നേഹപായീ
തഥാ ചാനുസംവാസിതോ വാ നിരൂഢഃ
പിബേച്ഛീഘ്രജലം ശീതമേവാശു തസ്യ
പ്രദുഷ്യന്തി സ്രോതാംസി വാ തദ്വഹാനി. ൧൨

അഥ സ്നേഹലിപ്തേഷു തേഷൂദകം വാ
വിശേഷാച്ച സംജായതേ ജാഠരം തു
തദാ സ്നിഗ്ദ്ധമേതത്തു സംവൃത്തനാഭി
സമം സന്തതം വൈ ജലേനൈവ പൂർണ്ണം. ൧൩

യഥാ വാ ദൃതിഃ ക്ഷുഭ്യതി പ്രായശോऽത്ര
സശബ്ദം തഥാ കമ്പതേ നീരയുക്തേ
ജലസ്യോദരേ മൃത്യുരേവാക്രിയായാം
ക്രിയായാം തഥാ സംശയശ്ചേതി പൂർവം. ൧൪

സമാഖ്യായ ചൈതം സുഹൃദ്ഭ്യോ ഭിഷക്താൻ
സുതാൻ ജ്ഞാനിനോ വൃദ്ധവൈദ്യാൻ ഗുരൂംശ്ച
ദ്വിജാംസ്തത്സദസ്യാംശ്ച സദൈവാദ്യഭൂപോ
ഹ്യനുജ്ഞാപ്യ കുര്യാച്ചികിത്സാം ച തജ്ജ്ഞഃ. ൧൫

സുചരിത്രാംബു സംബദ്ധസംജ്ഞേഷു സമ്യക്-
സുബദ്ധാഞ്ജ ഏവം ച ശസ്ത്രം നിഗൃഹ്യ
തഥാധഃപാടനേന വ്യധം നാഭ്യധസ്താ-
ച്ചതുസ്ത്ര്യംഗുലം ചാംഗുലീമദ്ധ്യമാത്രം. ൧൬

തഥാപൂർവമേവാസമാവേഷ്ട്യ വിദധ്യാം-
സ്തഥാ വ്രീഹിവക്ത്രേണ സംഭേദയേച്ച
തതശ്ചാഭയത്രാപി സംയോജ്യ ധാരാം
ഹരേച്ഛാശു നീരം തു നാഡ്യാ വിശേഷാൽ. ൧൭

നചൈകേ തഥാ വാസരേ സർവദോഷം
ഹരേദ്വാ തൃതീയേऽഥവാ പഞ്ചമേऽപി
തഥാ വാ ചതുർത്ഥേऽല്പശശ്ചാനുവേലം
ന ചേദേവമേകേ ഹി ദോഷാപഹാരാൽ. ൧൮

ജ്വരഃ ശ്വാസകാസൌ ച തൃഷ്ണാ തദാ
സഹൃല്ലാസദേഹപ്രഭംഗസ്തഥാ
അതീസാരദോഷോപ്യലം പൂര്യതേ
യദാ ജാഠരം തദ്വ്രണം ലിമ്പ്യ വൈ. ൧൯

സുപക്വതൈലേന സമ്യഗ് ഭിഷക്
പുനഃ സ്രാവയേദ്ദോഷമല്പം ക്രമാൽ
തഥാ നിസ്സൃതേ സർവദോഷേ തതഃ-
സമാഗൃഹ്യ തത്ര വ്രണം യുക്തിതഃ. ൨൦

ദൃഢം ബന്ധയേൽ പട്ടകൌശേയകൈർവ്വാ
തഥാ ഗവ്യമസ്മൈ പ്രദദ്യാത്തതഃ
തതഃ കോരദൂഷം ച ഭോജ്യം തഥാ
ശ്യാമകം ചാല്പമന്നം സദാ ഭക്ഷയേൽ. ൨൧

പടും വാ പയോഭിസ്തഥാ കർഷമാത്രം
ജലസ്യോദരം വൈ ജയേദൈവ്യദ്രുപഃ.

വിരേചനം, വമനം, സ്നേഹപാനം, സ്നേഹവസ്തി, കഷായവസ്തി ഇവയിൽ ഏതെങ്കിലും ഒരു കർമ്മം ചെയ്തവൻ തണുത്ത വെള്ളം കുടിച്ചാൽ അവൻെറ ജലവാഹികളായ സ്രോതസ്സുകൾ ദൂഷിക്കും. സ്രോതസ്സുകൾ സ്നേഹത്താൽ ലിപ്തങ്ങളാകുമ്പോൾ തണുത്തവെള്ളം കുടിച്ചാലും അവ ദൂഷിക്കും. അതു ഹേതുവായിട്ടും ജലോദരം ഉണ്ടാകുന്നു. അപ്പോൾ ഇതു സ്നിഗ്ദ്ധമായും വൃത്തമായ നാഭിയോടുകൂടിയും എല്ലായ്പ്പോഴും വെള്ളം നിറഞ്ഞും വയറൂത്ത കൊട്ടിയാൽ തോൽത്തുരുത്തിപോലെ ഇളക്കത്തോടും ഒച്ചയോടും കൂടിയും ഇരിക്കും. ജലോദരത്തിൽ ഒരു ചികിത്സയും ചെയ്യാതിരുന്നാൽ നിശ്ചയമായും മരണം സംഭവിക്കും. ചികിത്സിച്ചാൽതന്നെയും ജലോദരം സാദ്ധ്യമാകുന്നകാര്യം സംശയമാണ്. അതിനാൽ അസാദ്ധ്യമാണ് എന്നു പറഞ്ഞിട്ടുവേണം ജ

ലോദരത്തിന് ചികിത്സിക്കേണ്ടത്. അത്രയുമല്ല ബന്ധുക്കൾ,
രാജാവ്, ഭാര്യ, പുത്രന്മാർ, ജ്ഞാനികൾ, വൃദ്ധവൈദ്യന്മാർ, ഗുരു
ക്കൾ, ദ്വിജന്മാർ, സഭാവാസികൾ, ഇവരുടെ എല്ലാപേരുടേയും
അനുമതി വാങ്ങിയതിനുശേഷം വേണം ഛിദ്രോദരം, ജലോദരം,
ബദ്ധഗുദോദരം ഈ ഉദരങ്ങളിൽ വൈദ്യശാസ്ത്രപണ്ഡിതനായ
വൈദ്യൻ ചികിത്സയ്ക്കാരംഭിക്കേണ്ടത്. മുൻപറഞ്ഞ പ്രകാരം അ
നുവാദം ലഭിച്ച വൈദ്യൻ ആദ്യം നാഭിക്കുമുകളിൽ ഒരു മുണ്ടുകൊ
ണ്ട് ചുററിക്കെട്ടി നാഭിക്കു നാലംഗുലം താഴെയായി അംഗുലീമധ്യ
ത്തോളവും സ്ഥലം വ്രീഹിമുഖം എന്ന ശസ്ത്രംകൊണ്ട് കീറണം.
വൈദ്യൻ ശസ്ത്രക്രിയയ്ക്ക് വളരെ പാണ്ഡിത്യം സമ്പാദിച്ച ആളാ
യിരിക്കയും വേണം. അപ്രകാരം കീറിയ ദ്വാരത്തിൽ രണ്ടുവശ
ത്തും ദ്വാരമുള്ള ഒരു കുഴൽവച്ച് അതിൽകൂടി ഉദരത്തിലുള്ള ജ
ലത്തെ വെളിക്കു കളയണം. ഇപ്രകാരം ദോഷത്തെ വെളിക്കക
ളയുന്നതുതന്നെ ഒരു ദിവസംകൊണ്ട് ഒന്നിച്ചാകാമെന്നു ചിലർ
പറയുന്നു. മററുചിലർ ൧-൨-൩-൪-൫-ഈ ദിവസങ്ങളിലായി
അല്പാല്പം ദോഷം വെളിക്കു കളയണം എന്നു പറയുന്നു. ഇങ്ങനെ
പലദിവസമായി ദോഷങ്ങളെ വെളിക്കു കളഞ്ഞില്ലെങ്കിൽ ജ്വരം,
ചുമ, തണ്ണീർദാഹം, നെഞ്ചുരുക്കം, ശരീരത്തിൽ വേദന, അതി
സാരം മുതലായ രോഗങ്ങൾ ഉണ്ടാകാനിടയുണ്ട്. അതിനാൽ
പല ദിവസങ്ങളിലായി ദോഷങ്ങൾ കളയണം. അതിനുശേഷം
പിന്നെയും ശസ്ത്രംകൊണ്ടുകീറിയ വ്രണത്തിൽ ഇന്തുപ്പു ചേർത്തു കാ
ച്ചിയ തൈലം പുരട്ടി കുറേശ്ശെ ദോഷത്തെ കളയണം. ഇങ്ങനെ
ദോഷങ്ങൾ എല്ലാം സ്രവിച്ചുകഴിഞ്ഞാൽ യുക്തിപോലെ വ്രണ
ത്തെ സംഗ്രഹിച്ച് മാർദ്ദവമുള്ള വസ്ത്രംകൊണ്ട് ദൃഢമായി ബന്ധി
ക്കണം. പിന്നീടും ഉദരത്തിൽ ഉണ്ടാകുന്ന ജലത്തെ സ്രവിപ്പിച്ചു
കളഞ്ഞുകൊണ്ടിരിക്കണം. അതിനുശേഷം സ്നേഹമയവും ഉപ്പും
ചേർക്കാത്ത കഞ്ഞി രോഗിക്കു കൊടുക്കണം. അങ്ങനെ ആറുമാ
സം കഴിഞ്ഞതിനുശേഷം പാൽ ഉപയോഗിക്കാം. അങ്ങനെ മൂ
ന്നുമാസം കഴിഞ്ഞതിനുശേഷം വരക്, ചാമ ഇവയിട്ടു പാൽ കാ
ച്ചി അല്പം ഉപ്പുചേർത്ത് കൊടുക്കാം. ഇങ്ങനെ ഒരു സംവത്സ
രംകൊണ്ട് ജലോദരത്തെ ശമിപ്പിക്കാം.

തച്ചികിത്സ.

പലം സൂതം തസ്യ ദ്വിഗുണമഥ ശിലാത്ര്യൂഷണബലീ
പൃഥക് തദ്ധശ്ചാംശഭാന്ന്യനഫലയാ ചൂർണ്ണിതമിദം
സ്നുഹീ ദന്തീ ഭൃംഗപ്രഭവപയസാ ഭാവ്യ മുനിഭിർ-
ദിനൈർന്നിഷ്കാർദ്ധോദയം ജലജമുദരം ഹന്തിനിതരാം. വ്യവ

സതക്രം ഭക്തം വാ സമശിതമഥോ പേയമസകൃൽ
പ്രഭൃതേത്യസ്മിൻ ചോദ്ദിതം ലഘുതരമലം യച്ച സകലം
യഥാസത്വം ദേയം പുനരപി പുനശ്ചാപി ക്രമശ-
സ്തഥാ ശാന്തോ വ്യാധിർഭവതി നിതരാം നീരജഠരഃ. വ്യവ-

ശുദ്ധിചെയ്ത രസം ൧ പലം, മനയോല ചുക്കു മുളക് തിപ്പ
ലി ഗന്ധകം ത്രിഫല ഇവ പ്രത്യേകം ൧. പലംവീതം എല്ലാംകൂടി
പൊടിച്ച് കള്ളിപ്പാലയുടെ പാ നാഗദന്തികഷായം കയ്യോന്നി
നീര് ഇവയിൽ പ്രത്യേകം ഏഴേഴുദിവസം അരച്ച് ഗുളികയാക്കി
ഒരുകഴഞ്ചുവീതം സേവിക്കുക; ജലജോദരം ശമിക്കും.
ഈ രസം സേവിച്ചതിനുശേഷം മോരുകൂട്ടി ചോറുണ്ണ
ണം. അതിനുശേഷം ബലമനുസരിച്ച് ഉണ്ണുമായും ലഘുവായും
ഉള്ളവയെല്ലാം അനുപാനമായി സേവിക്കുക; ജലോദരം ശ
മിക്കും.

ശോഫോദരലക്ഷണം.

ത്രിദോഷാസ്രപ്രകോപശ്ച ശോഫേന യുക്തം
മഹാജ്വരം തദ്ധി ശോഫോദരാഖ്യം
കരോത്യത്ര സേവ്യം വിശേഷേണ നീരം
ശൃതം വക്ഷ്യതേ വൈദ്യഭൂപപ്രണീതം. വ്യവ

വാതപിത്തകഫങ്ങളുടേയും രക്തത്തിൻെറയും കോപവും നീ
രും ഉണ്ടായാൽ അത് ശോഫോദരം ആകുന്നു. അതിങ്കൽ സേ
വിക്കേണ്ടതും വൈദ്യവര്യന്മാരാൽ നിർമ്മിതവും ആയ കഷായം
അടുത്തുതന്നെ പറയുന്നുണ്ട്.

തച്ചികിത്സ. (പുനർന്നവാദി)

പുനർന്നവാപടോലനിംബശുണ്ഠികാമൃതാഭയാ-
സതിക്തകാസദാരുപത്രിസഞ്ചിതഃ കഷായകഃ
സമാക്ഷികസ്സമസ്തഗാത്രശോഥഹാ നിപീയതാം
സശോഫദുഷ്ടജാഠരം ഗദം നിഹന്തി സത്വരം. വ്യവ

തമിഴാമവേരു പടവലം വേപ്പിൻതൊലി ചുക്ക് അമൃതു കടു
ക്കാത്തോട് പുത്തരിച്ചുണ്ടവേര് മരമഞ്ഞത്തൊലി ഇവ കഷായം
വച്ച് അറിയാൽ തേൻ മേമ്പൊടിചേർത്തു സേവിക്കുക; സർവാം
ഗശോഫം, ശോഫോദരം ഇവ ശമിക്കും.

അന്യയോഗം.

ഗോജലം ച മഹിഷീപയസാ വാ
ഗോപയശ്ച ത്രിഫലാരജസാപി

ഗോപയോനാമശനം ച ഗവീനാം
മൂത്രപാനമസകൃജ്ജ്വരഘ്നം. ൪൬

ഗോമൂത്രവും എരുമപ്പാലും കൂടിയോ ഗോമൂത്രവും ത്രിഫല പ്പൊടിയും കൂടിയോ ഗോമൂത്രവും ചോറുംകൂടിയോ സേവിച്ചാൽ ജ്വരം ശമിക്കും. എല്ലാപ്രകാരം ഗോമൂത്രപാനം ജ്വരരോഗത്തെ ശമിപ്പിക്കുന്നതാണ്.

നാരായണചൂർണ്ണം.

ദീപ്യധാന്യഹപുഷാ ത്രിഫലാഗ്നി-
കൃഷ്ണജീരഗജകാരവികാപി
പിപ്പലീസചടയാപ്യജഗന്ധാ
ജീരകത്രികടുകം ശതമൂലാ. ൪൭

ജന്തുശത്രുശടികാസവചാഭിഃ
പഞ്ചകസ്യ ലവണസ്യ സമാനം
ക്ഷാരയുഗ്മമപി പുഷ്കരമൂലം
ദന്തികാത്ര ത്രിഗുണാ ദ്വിഗുണാ ച. ൪൮

ഇന്ദ്രവാരുണിജടാ ത്രിവൃതാപി
സാതലാ ച ചതു വേദഗുണാപി
ചൂർണ്ണിതോഽയമപി സർവ്വഗദേഷു
ജ്വാരരേഷു ച യഥാബലഭക്തഃ. ൪൯

നാരായണോ നാമ മഹാപ്രഭാവ-
ശ്ചൂർണ്ണസ്തഥാ ചോദരിഭിശ്ച തക്രൈഃ
സഗുല്മിഭിർവ്വാ ബദരാംബുനൈവ
വാനദ്ധവാതേ സുരയാ പിബേച്ച. ൫൦

സവാതരോഗേ ച പ്രസന്നയൈവ
മലേ വിബന്ധേ ദധ്നസ്തു വിശുദ്ധി സംഗേ
അർശസ്സു ചാലം ദാഡിമനീരപാനൈർ-
വൃക്ഷാമ്ലനീരൈഃ പരികർത്തികാസു. ൫൧

അജീർണ്ണകേ കോഷ്ണജലൈസ്തഥൈവ
സർവ്വോദരേ ചോഷ്ട്രിപയോഭിരേവ
ഭഗന്ദരേ പാണ്ഡുഗദേ ച കാസേ
ശ്വാസേ ഗളസ്യ ഗ്രഹണേഽപി തദ്വൽ. ൫൨

ഹൃദ്രോഗവേഗേ ഗ്രഹണീഗദേ ച
കുഷ്ഠേ ജ്വരേ മന്ദകൃശാനുകായേ

ദംഷ്ട്രാവിഷേ മൂലവിഷേ വിഷേ ച
വിഷേ തഥാ കൃത്രിമയോഗജാതേ. ൫൩

യഥാർഹമേകോഽഖിലരോഗഹാരീ
നാരായണശ്ചൂർണ്ണ അഥോ തഥൈവ
നാരായണോ ദാനവസംഘഹാരീ
തഥൈവ സർവ്വോദരവൃന്ദഹർത്താ. ൫൪

ജീരകം കൊത്തമ്പാലരി അടയ്ക്കാമണിയൻവേര് ത്രിഫല കരിഞ്ജീരകം കൊട്ടം അയമോദകം കാട്ടുതിപ്പലിവേര് അമുക്കുരം ജീരകം ചുക്ക് മുളക് തിപ്പലി ശതാവരിക്കിഴങ്ങ് കൃമിശത്രു കച്ചോലം വയമ്പ് ഉപ്പ് അഞ്ചും ചവക്കാരം തുവര്ച്ചിലക്കാരം പുഷ്കരമൂലം ഇവ സമാംശം, നാഗദന്തിവേര് മൂന്നുഭാഗം, കാട്ടുവെള്ളരിവേര് ത്രികോല്പക്കൊന്ന ഇവ ഈരണ്ടുഭാഗം, ചമ്മലത നാലുഭാഗം എല്ലാംകൂടി പൊടിച്ച് ബലമനുസരിച്ച് സേവിക്കുക; എല്ലാ ജ്വരങ്ങളും ശമിക്കും. മഹാപ്രഭാവമായ നാരായണചൂർണ്ണമാണ് ഇത്. ഈ ചൂർണ്ണം ഉദരരോഗികൾ മോരിലും ഗുല്മരോഗികൾ ലന്തക്കുരുക്കഷായത്തിലും വയറുവീർപ്പിൽ സുരാമദ്യത്തിലും വാതരോഗത്തിൽ പ്രസന്ന എന്ന മദ്യത്തിലും മലബന്ധത്തിൽ തൈരിൻതെളിയിലും അർശോരോഗത്തിൽ മാതളനാരങ്ങാനീരിലും അരിഞ്ഞുനോവുക എന്ന രോഗത്തിൽ വാളൻപുളിനീരിലും അജീർണ്ണരോഗത്തിൽ ചൂടുവെള്ളത്തിലും സേവിക്കണം. എല്ലാ ഉദരത്തിലും ഒട്ടകപ്പാലിൽ തന്നെയും സേവിക്കാം. ഭഗന്ദരം, പാണ്ഡു, കാസം, ശ്വാസം, ഗളഗണ്ഡം, ഹൃദ്രോഗം, ഗ്രഹണി, കുഷ്ഠം, ജ്വരം, മന്ദാഗ്നി, ദംഷ്ട്രാവിഷം, മൂലവിഷം, വിഷം, കൈവിഷം ഇവയ്ക്കും ചൂർണ്ണം വളരെ വിശേഷമാണ്. ശ്രീകൃഷ്ണൻ അസുരസമൂഹത്തെ നശിപ്പിക്കുന്നതുപോലെ നാരായണചൂർണ്ണമാകുന്ന ഒന്നുതന്നെ എല്ലാ രോഗങ്ങളേയും ഇല്ലാതാക്കും.

മഹാക്ഷാരതൈലം.

തിലാനാം യവാനാം സുധാസർഷപാണാം
തഥാ നിംബജാനാം ച വർഷാഭവസ്യ
സുനാളാനി ദിക്ക്മൂലകപ്പുരകാണാം
മധൂകാശ്വകീവൃശ്ചികാളിംഗിനീനാം. ൫൫

ഗവാക്ഷീത്രിവൃദ്ദന്തിനീരോഹിണീനാ-
മപാമാർഗ്ഗജാനാം പലാന്യത്ര ദിഗ്വാ
മിതാന്യഗ്നിദഗ്ധാനി ഗോമൂത്രനിർവ്വാ-
പിതാനി ധൃതം വാ പുനസ്സംസ്കൃതശ്ച. ൫൬

തതഃ പാചിതേഽസ്മിൻ സുവക്ഷ്യാണി സമ്യക്
വചാരാത്രിരുക്മൌഷധീപിപ്പലീനാം
വിഷായഷ്ടികാകുഷ്ഠഭല്ലാതകാനാം
ത്രിവൃജ്ജന്തുശത്രോശ്ച ശിഗ്രോശ്ച തദ്വൽ. ൯൭

സുബീജോദ്ഭവം ത്രൈഫലം ഹിംഗുമുസ്താ-
പടൂനാം തഥാ ക്ഷാരകമ്പില്ലകാനാം
അഥോഗ്ലാദികസ്യാത്ര വാ വേതസസ്യ
സകട്വാദികാ രോഹിണീചൂർണ്ണമേവ. ൯൮

സുദഗ്ധന്തു മണ്ഡാമ്ലകേനാപി തദ്വൽ
തതോ കാഞ്ജികേനാപി ഹവ്യേന തൈലം
സുപക്വം ബിഡാലസ്യ പാദപ്രമാണം
പിബേൽ കോഷ്ണനീരേണ സർവ്വോദരേഷു. ൯൯

ഗവീമൂത്രകൈർമ്മദ്യയുക്തം തഥോഷ്ണീ-
ഷ്ടയോഭിന്നിപീതം തഥാ ജാഠരാണി
ശിവാസ്ത്രാണി ഗുല്മാനി വാ പ്ലീഹരോഗം
പ്രമേഹം കൃമീൻ പാണ്ഡുരോഗം ച വൃദ്ധിം. ൧൦൦

ഉദാവർത്തകം മൂത്രകൃച്ഛ്രാണി യക്ഷ്മാ-
ണമേവം ഗ്രഹണ്യർശസാം സംഹമേകം
തഥാപസ്മൃതിം മണ്ഡലം ഹൃദ്ഗദം ച
ഭഗാദ്യം ദരം കുഷ്ഠരോഗാൻ ഭിനത്തി. ൧൦൧

മഹാക്ഷാരതൈലം തു ശാസ്ത്രപ്രസിദ്ധം
നിപീതം തഥാഽനേകരോഗാൻ നിഹന്തി
യഥാ വജ്രമൈന്ദ്രം തു പക്ഷം ഗിരീണാം
ന ശസ്ത്രം പ്രയോജ്യം ഭവേദ്യത്ര തത്ര. ൧൦൨

എള്ളു് യവം അമൃതു് കടുക് വേപ്പില തമിഴാമത്തണ്ടു് ദശമൂലം കച്ചോലം ഇരിപ്പക്കാതൽ തുവര തേക്കട ചെവിരലൻകോവ കാട്ടുവെള്ളരി ത്രികോല്പക്കൊന്ന നാഗദന്തി കടുകരോഹിണി ചെറുകടലാടി ഇവ പത്തുപലംവീതം ഒരു കലത്തിലിട്ടു തീകത്തിച്ചു് ഗോമൂത്രം തളിച്ചു് ഏഴുതവണ കെടുത്തി പാകമാക്കി അതിൽ വയമ്പു് മഞ്ഞൾ മരമഞ്ഞൾ ചുക്ക തിപ്പലി അതിവിടയം ഇരട്ടിമധുരം കൊട്ടം ശുദ്ധിചെയ്ത ചേർക്കുരു ത്രികോല്പക്കൊന്ന കൃമിശത്രു മുരിങ്ങയരി ത്രീഫല കായം മുത്തങ്ങാക്കിഴങ്ങു് ഇന്തുപ്പു് ചവക്കാരം കമ്പിപ്പാലത്തൊലി തൈരിഞ്ഞാന്യൂളിക്കിഴങ്ങു് കടുകരോഹിണി ഇവ പൊടിച്ചിട്ടു്, തൈരിൻവെള്ളം കാടി നെയ്യ് എണ്ണ ഇവ നന്നാലിടങ്ങഴിവീതം ചേർത്തു് പാകംചെയ്തു മുമ്മൂന്നുകഴഞ്ചുവീതം ചൂടുവെള്ളത്തിൽ സേവിക്കുക; എല്ലാ ഉദരങ്ങളും ശമിക്കും. അപ്രകാരംതന്നെ ഗോമൂത്രം മദ്യം ഒട്ടകപ്പാലു് ഇവയിൽ ഏതിലെങ്കിലും സേവിച്ചാൽ ഉദരം, ശൂലം, ഗുല്മം, പ്ലീഹരോഗം, പ്രമേഹം, കൃമി പാണ്ഡുരോഗം, വൃദ്ധി, ഉദാവർത്തം, മൂത്രകൃച്ഛ്റം, രാജയക്ഷ്മാവു്, ഗ്രഹണി, അശ്ശസ്സു്, അപസ്മാരം, മണ്ഡലകുഷ്ഠം, ഹൃദ്രോഗം, ഭഗന്ദരം, കുഷ്ഠം ഇവയും ശമിക്കും. ഈ ക്ഷാരത്തിനു് മഹാക്ഷാരതൈലം എന്നു പേർ. ഈ ക്ഷാരം സേവിച്ചാൽ മുൻപറഞ്ഞ രോഗങ്ങൾ ശമിക്കുന്നതുകൂടാതെ സകല രോഗങ്ങളും ശമിക്കും.

ഉദരരോഗോപദ്രവങ്ങൾ.

ആദ്ധ്മാനദൌർബല്യമലാവരോധ-
ശൂലജ്വരശ്വാസകവഹ്നിമാന്ദ്യാഃ
ദാഹശ്ച കാസശ്ച തൃഷാപി തദ്വ-
ദുപദ്രവാഃ സ്യുർജ്ജഠരസ്യ രോഗേ. ൧൦൩.

വയറുവീർപ്പു്, ദുർബലത്വം, മലത്തിന്റെ തടസ്സം, ശൂലം ജ്വരം, ശ്വാസം, അഗ്നിമാന്ദ്യം, സർവ്വാംഗസന്താപം, കാസം, തണ്ണീർദ്ദാഹം ഇവ ഉദരരോഗത്തിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണു്.

ഉദരത്തിന്റെ സാദ്ധ്യാസാദ്ധ്യത്വം.

സാമാന്യതശ്ചോദരമേവ കൃച്ഛ്റം
നവം തഥാഽജാതജലം ച സാദ്ധ്യം
ബലാധികസ്യാഥ ച ശൂനകാക്ഷ-
മസാദ്ധ്യമാഹുഃ കുടിലം ച ലിംഗേ. ൧൦൪.

മാംസാഗ്നിശോണിതബലൈ രഹിതം വിശേഷാൽ
ക്ലിന്നത്വചം ച ഖലു ഛിദ്രഗതാന്ത്രകം ച
ഗാത്രസ്യ ഭംഗമഥ ക്ലിന്നതനുത്വചോ ഹി
ഛിദ്രത്വമാശു ജഠരം തദസാദ്ധ്യമാഹുഃ. ൧൦൫

വിരിക്തേഽഥവാ പൂർണ്ണമാണോദരം യൽ
തഥാ പാർശ്വഭംഗാന്വിതം ശോഫയുക്തം
അതീസാരയുക്തം ത്രിലിംഗം വിശേഷാ-
ദസാദ്ധ്യം യശോത്ഥീ ത്യജേദ്വൈദ്യഭൂപഃ ൧൦൬

മിക്കവാറും എല്ലാ മഹോദരരോഗങ്ങളും അസാദ്ധ്യങ്ങളാണു്. പൂർണ്ണബലനായിരിക്കുന്നവനു് ആരംഭിച്ചിട്ടു വളരക്കാലമാകാത്തതും ഉള്ളിൽ വെള്ളം ഉണ്ടാകാത്തതും ആയ മഹോദരം സാദ്ധ്യമാണു്. കൺപോളയ്ക്കു നീരുണ്ടാകുക; ലിംഗം വളഞ്ഞിരിക്കു

ക; മാംസം ജാരാഗ്നി രക്തം ശരീരബലം ഇവ ഇല്ലാതിരിക്കുക; തൊലിക്ക് നലവ് കുടലിൽ ഛിദ്രങ്ങൾ ഉണ്ടാകുക; ശരീരം നു റുങ്ങിപ്പോവുക ഈ ലക്ഷണങ്ങളുള്ള മഹോദരവും; വിരേചിപ്പി ച്ചാലും വയറു വീർത്തുവരിക; ഇരുപുറവും നുറുങ്ങിപ്പോവുക; നീര്, അതിസാരം, ത്രിദോഷകോപം ഈ ലക്ഷണങ്ങളുള്ള ഉദരങ്ങളും അസാദ്ധ്യങ്ങളാകയാൽ യശഃകാംക്ഷിയായ വൈദ്യൻ ഉപേക്ഷി ക്കണം.

പ്ലീഹോദരം ദോഷസമസ്തലിംഗം
ത്യാജ്യം ച വൈദ്യൈഃ സ്ഫുടമാശു തസ്മൈ
ഗംഗാജലം വാലുകയാ പ്രകാമം
പ്രദാപയേദ്വൈ ഹരിനാമധേയം. ൧൦൭

മുൻപറഞ്ഞ ഉദരങ്ങൾ കൂടാതെ പ്ലീഹോദരവും ദോഷകോപങ്ങളെല്ലാം സംപൂർണ്ണമായിക്കാണുന്ന ഉദരവും അസാദ്ധ്യംതന്നെയാണ്. അതിനാൽ അസാദ്ധ്യങ്ങളായ ഉദരങ്ങളാൽ ബാധിതനായവന് ഗംഗാജലം കൊണ്ടുവന്നു കിണ്ടിയിലാക്കിവച്ചു കൊടുക്കയും അവനെക്കൊണ്ടു വിഷ്ണുനാമം ജപിപ്പിക്കയും ചെയ്യണം. അല്ലാതെ ഔഷധം ഒന്നും ഫലിക്കയില്ല എന്നു സാരം.

മഹോദരം വിട്ടുമാറിയാലുള്ള ലക്ഷണം.

ശോഫാദ്ധ്മാനനിവൃത്തിപൂർവമസകൃ-
ദ്യാതാ ഗതൌ പാടവം
സമ്യഗ്ഭുക്തതരാന്നപാചനമലം
പ്രായഃ പ്രകൃഷ്ടന്ത്വിദം
ഉക്തം ലക്ഷണമേവ വൈദ്യധരണീ-
പാലൈർന്നവൃത്തേരലം
വ്യാധേശ്ചോദരമദ്ധ്യഗസ്യ ഭിഷജാം
യത് സമ്മതം സർവദാ. ൧൦൮

നീര് വയറുവീർപ്പു ഇവ ഇല്ലാതാകുക; നടക്കുന്നതിനു സാമർത്ഥ്യമുണ്ടാകുക; ഭുജിക്കുന്ന അന്നം ദഹിക്കത്തക്കവിധത്തിൽ അഗ്നിബലം ഉണ്ടാകുക; ഇവയെല്ലാം മഹോദരരോഗം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ഗുർവ്വംഘ്രിപത്മാമലചിത്തവൃത്തിഃ
ശ്രീകാശിനാഥോ യുഗവേദവിദ്വാൻ
ശ്രീതാതപാദസ്യ സമാജ്ഞയൈവ
ചകാര ചാഷ്ടോദരസച്ചികിത്സാം. ൧൦൯

ഗുരുപാദാബ്ജത്തിൽ സക്തമായ ചിത്തവൃത്തിയോടുകൂടിയവനും ചതുർവേദജ്ഞനും ആയ ശ്രീ കാശിനാഥൻ വന്ദ്യനായ താതന്റെ കല്പനയാൽത്തന്നെ ഈ എട്ടുവിധത്തിലുള്ള മഹോദരചികിത്സയും ഇവിടെ പറഞ്ഞിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഉദരാധികാരം എന്ന
൩൦-ാം സ്തബകം കഴിഞ്ഞു.

അഥ ഏകത്രിംശസ്തബകഃ.

ശോഫാധികാരഃ.

നത്വാ ശ്രീഗുരുതാതം ശോഫഗദസ്യ
കുർവേ വിശദചികിത്സാം ഘോരതരസ്യ. ൧

ഗുരുവായ ശ്രീതാതനെ വന്ദിച്ച് അതിഘോരമായ ശോഫരോഗത്തിന്റെ ചികിത്സയെ ഇവിടെ ഞാൻ പറയാൻ ഭാവിക്കുന്നു.

ശോഫനിദാനം.

ശുദ്ധ്യാ ഭക്താമയകൃശതനോഃ ക്ഷാരതീക്ഷ്ണാമ്ലശാകാ-
ന്യാശ്നുർവാ ദധിഗുരുമൃദാം ശാലിപിഷ്ടാദരോഗാൽ
മത്സ്യക്ഷീരാദ്യഖിലവിഷമാൽപിഷ്ടഭോജ്യപ്രസംഗാൽ
ശോഫഃ പ്രായോ ഗുദജരുധിരസ്യാതിരോധാദശുദ്ധേഃ. ൨
അവ്യായാമാദപി ച വപുഷോ നിർബലസ്യാതിമാത്രാ-
ന്മർമ്മസ്ഥാനേ വികൃതിരനിതാസൂതികാദ്യാപചാരാൽ
ശാകാഹാരാദപി ച ബഹുധാ വായുരേവ പ്രദുഷ്ടോ
രക്തം പിത്തം കഫമപി തഥാ ദൂഷയിത്വാ സിരാസ്ഥാഃ. ൩
നീത്വാ രുദ്ധ്വാ ബഹിരപി ഗതിം തൈസ്തു കുഷ്ഠാസ്ഥ്യഗാദാ-
പൂരേസ്ഥം സംഹതമപി ച മാംസാശ്രയോത്ഥം പ്രകുര്യാൽ
ശോഫം ത്വങ്മാംസജമഥവാ സർവദേഹേ കൃശേ വാ
രൂപം പൂർവം തദനു വിബുധൈർവൈദ്യലോകൈർവിലോക്യം. ൪

വമനവിരേചനാദിശുദ്ധി, ഭക്ഷണമില്ലായ്മ, ജ്വരാദിരോഗം ഇവകൊണ്ട് ദേഹം ചടച്ചിരിക്കുമ്പോൾ ക്ഷാരങ്ങളായും തീക്ഷ്ണങ്ങളായും അമ്ലങ്ങളായും ശാകങ്ങളായും ഇരിക്കുന്ന അ

ന്നാദികളെ ഉപയോഗിക്കുക; തൈര് ഗുരുത്വമുള്ള പദാർത്ഥം മണ്ണ് ഇവ ഭക്ഷിക്കുക; ആമഗർഭം പതിക്കുക; മത്സ്യം ക്ഷീരം മുതലായ വിരുദ്ധാന്നങ്ങളെ ഭക്ഷിക്കുക; അരിപ്പിട്ട് മുതലായവ ഭക്ഷിക്കുക; അർശസ്സിൽ ചോരഅധികം തടയുക വമനവിരേചനാദികൾ ശരിയാകാതിരിക്കുക; വ്യായാമം ചെയ്യാതിരിക്കുക; ശരീരബലംഇല്ലാത്ത വറ് മർമ്മാദിസ്ഥാനങ്ങളിൽ അടി ചതവ് മുതലായവ ഏൽക്കുക; പ്രസവിച്ചുകിടക്കുമ്പോൾ മിഥ്യാഹാരവിഹാരാദികൾ ചെയ്യുക; ചീരഭക്ഷിക്കുക;ഇങ്ങനെ പലകാരണങ്ങളാൽവായുദൂഷിച്ച് രക്തം പിത്തം കഫംഇവയേയും ദൂഷിപ്പിച്ച് ഞരമ്പുകളിൽ പ്രാപിപ്പിച്ച് ബഹിർഭാഗത്തിലേക്കുള്ള ഗതിയെ തടഞ്ഞ് ത്വങ്മാംസങ്ങളെ ആശ്രയിച്ച് കട്ടിയായ ഊച്ച് ഉണ്ടാകും. ഇതിനെയാണ് ശോഫം എന്നു പറയുന്നത്. ഈ ശോഫംതന്നെ ചിലപ്പോൾ ദേഹമാസകലം ഉണ്ടായി എന്നും വരാം.

ശോഫത്തിൻെറ പൂർവ്വരൂപം.

തൽപൂർവ്വരൂപം ദവഥുഃ സിരാണാ-
മായാമരൂപം കില ഗൌരവം സ്യാൽ
കാന്ത്യാക്ഷമത്വം ചലിതംത്വശങ്കം
രുഗ്ഗ്ലാനിപൂർവ്വം ഭിഷജോ വദന്തി. ൫

ചൂട്ട ഞരമ്പുകൾ വലിക്കുന്നപോലെ തോന്നുക; കനം, ഒരു കാന്ത്യത്തിനും വയ്യാതാകുക; ദേഹത്തിന്നിളക്കം, വേദന, ക്ഷീണം, ഇവ ശോഫത്തിൻെറ പൂർവ്വരൂപമാണ്.

ശോഫലക്ഷണം.

സഗൌരവാനവസ്ഥസിതാനതോ ഃ-
ഷ്ണവത്വഃ സ്യുശ്ച സലോമഹർഷൈഃ
ശോഫസ്യ ലിംഗേഷ്വനവസ്ഥിതത്വ-
മൂഷ്മാത്മകത്വം ച ജഗുഃ പുരാണാഃ. ൬

ദേഹത്തിനുകനം, ഉയച്ച്, ഞരമ്പുകളുടെ അല്പത്വം, നിറംമാറുക, രോമാഞ്ചം, അസ്വാസ്ഥ്യം, ചൂട് ഇവ ശോഫത്തിൻെറ സാമാന്യലക്ഷണമാണ്.

ശോഫത്തിൽ ഉപേക്ഷിക്കേണ്ടവ.

വിദാഹീനി ചാമ്ലാന്യഥോ വാ പടൂനി
മൃദോ ഭക്ഷണം മദ്യപാനം ദിവാ ച-
ത്യജേൽ സ്വപ്നമത്ര പ്രകാമം ഹ്യതാനി
തഥാ തൈലദുഗ്ദ്ധാന്യഥോ വാ ഗുരൂണി. ൭

ഉൾപുഴുക്കുണ്ടാക്കുന്നവയും പുളിയുള്ളവയും ഉപ്പുരസമുള്ളവയും ശോഫരോഗി ഉപേക്ഷിക്കണം. മണ്ണുതിന്നുക; മദ്യപാനം, പകലുറക്കം നെയ്യ് തൈലം പാൽ ഗുരുക്കളായ പദാർത്ഥങ്ങൾ ഇവയും ശോഫരോഗിക്ക് അപത്ഥ്യങ്ങളാണ്.

ശോഫചികിത്സ.

ഹരീതകീനിശാമൃതാഗ്നിദേവദാരുവിശ്വകൈഃ
പുനർന്നവാ സഭാർങ്ഗികാ സുമൂർവ്വരാത്രിമാക്ഷികൈഃ
കഷായമാസ്യപാണിപാദജാഠരം ഹരേദ്ധ്രുതം
ചിരോത്ഥിതം കൃതം തഥാ നിപീതമേവ ശോഫകം. ൮

കടുക്ക മഞ്ഞൾ അമൃത് കൊടുവേലിക്കിഴങ്ങ് ദേവതാരം ചുക്ക് തമിഴാമവേര് ചെറുതേക്കിൻവേര് മരമഞ്ഞൾത്തൊലി ഇവ കഷായംവച്ച് ആറിയാൽ തേൻ മേമ്പൊടിചേർത്ത് സേവിക്കുക; മുഖം കയ്യ് കാല് ഉദരം ഈ സ്ഥാനങ്ങളിലുള്ള ശോഫം ശമിക്കും.

അന്യയോഗം.

പുനർന്നവാദാരുമഹൌഷധീഭിർ-
ദന്തീത്രിവൃ *പൃഷ്ണവഹ്നിഭിർവാ
സിദ്ധം ഗവീദുഗ്ദ്ധമലം നിപീതം
ശോഫാതുരാരോഗ്യകരം പ്രദിഷ്ടം. ൯

തമിഴാമവേര്, ദേവതാരം, ചുക്ക് ഇവയോ; നാഗദന്തിവേര് ത്രികോല്പക്കൊന്ന ചുക്ക മുളക് തിപ്പലി കൊടുവേലിക്കിഴങ്ങ് ഇവയോ ഇട്ട പശുവിൻപാൽ കാച്ചി സേവിക്കുക; ശോഫരോഗികൾക്ക് ആരോഗ്യം സിദ്ധിക്കും.

അന്യയോഗം.

സേകോരുക്വഷാഭവഭ്രമിനിംബ-
ക്വാഥേന ശോഫം വിനിഹന്തി സദ്യഃ
സുഖോഷ്ണമൂത്രൈശ്ച ഗവാം വിശേഷാ-
ന്നിംബൈശ്ശൃതൈശ്ശോഫഹരശ്ച സേകഃ. ൧൦

ഏരിക്കിൻവേര് തമിഴാമവേര് നിലവേപ്പ് ഇവ കഷായം വച്ചോ, വേപ്പിൻതൊലിഇട്ട് തിളപ്പിച്ചു കുറുക്കിയ ഗോമൂത്രം ചെറുചൂടാക്കിയോ ധാരചെയ്താൽ ശോഫം ശമിക്കും.

പ്രലേപം.

പുനർന്നവാദാരുമഹൌഷധാനാം
സിദ്ധാർത്ഥശിഗ്രോരപി ചാമ്ലപിഷ്ടൈഃ

സൂര്യപ്രോഷ്ണലേപോൽ വിലദേഹശോഫ-
വിനാശനായാശു ഭിഷക് പ്രദിഷ്ടഃ. ൫൫

തമിഴാമവേര് ദേവദാരം ചുക്ക് കടുക് മുരിങ്ങത്തൊലി ഇവ കാടിയിൽ അരച്ച് തിളപ്പിച്ച് ചെറുചൂടെ തേക്കുക; ദേഹമാസകലമുള്ള ശോഫം ശമിക്കും.

ഗുഡാർദ്രകം ഗുഡൌഷധം ഗുഡാഭയാം ഗുഡൈഃ കണാം
പലം പലം പൃഥക് പൃഥക് സകർഷവൃദ്ധിവർദ്ധിതം
ഭജേന്നരശ്ച ശോഫകാസപീനസാർശസാം തഥാ
ഗളഗ്രഹാരുചിജ്വരപ്രമേഹയോഗമീരിതം. ൫൬

ശ്വാസകാസപ്രതിശ്യായജീർണ്ണജ്വരവിനാശനം
വേദയോഗസമായോഗമേകം മാസാവധി ഭജേൽ. ൫൭

ഇഞ്ചി ശർക്കര; ചുക്ക ശർക്കര; കടുക്കാത്തോട്ട ശർക്കര; തിപ്പലി ശർക്കര; ഇവ വെവ്വേറെ മുമ്മൂന്നുകഴഞ്ചുവീതം വർദ്ധിപ്പിച്ച് ഒരുപലംവരെ സേവിക്കുക; ശോഫം, ചുമ, പീനസം, അർശസ്സ്, ഗളഗ്രഹം, അരുചി, ജ്വരം ഇവ ശമിക്കും. ഇതുകൂടാതെ വായുമുട്ടൽ, പീനസം, പഴകിയജ്വരം, ഇവയ്ക്കും വളരെ വിശേഷമാണ്. ഇവ ഒരുമാസക്കാലത്തോളവും ഉപയോഗിക്കണം. ഇങ്ങനെ നാലുയോഗം.

മഹൌഷധം ചാപി ഗുഡേന തുല്യം
പുനർന്നവായാശ്ച രസാനുപാനൈഃ
അഭ്യസ്തമാശേവ നിഹന്തി ശോഫം
വൃന്ദം ഘനാനാമിവ ചണ്ഡവായുഃ. ൫൮

ചുക്കപൊടിച്ച് സമം ശർക്കരയും ചേർത്ത് സേവിച്ചതിനുശേഷം തമിഴാമയുടെ നീര് അനുപാനമായി സേവിക്കണം. എന്നാൽ കൊടുംകാററ് മേഘക്കൂട്ടത്തെ അടിച്ചു പറത്തുന്നതുപോലെ ഈ ഔഷധം ശോഫത്തെ വേഗത്തിൽ ഇല്ലാതാക്കും.

മറ്റൊരു യോഗം.

സഗുഡനാഗരമാഗധികാരജോ-
പ്യശിതമാശു ച ശോഫഗദാപഹം
അഥ തഥാമശിവാസൃഗ്ഗദാപഹം
ബഹുളവസ്തിഗദോഷവിശോധനം. ൫൯

ചുക്ക് തിപ്പലി ഇവപൊടിച്ച് ശർക്കരയിൽ കുഴച്ച് സേവിക്കുക; ശോഫം, ആമം, (ദഹനക്കേട്) ശൂലം, ഇവ ശമിക്കും. വസ്തിയിലുള്ള ദോഷങ്ങൾക്കും ശുദ്ധിവരും.

അന്യയോഗം.

ഗുഡപലത്രയസമ്മിതമാർദ്രകം
ത്രിഫലയാ കണയാ ച പലസമ്മിതം
സതിലലോഹവിശാ ച സമന്വിതം
സകലശോഫഹരം ച രസോദ്ദിതം. ൬൦

ത്രിഫല തിപ്പലി എള്ള് ശുദ്ധിചെയ്ത പുരാണകിട്ടം ഇവ സമാംശമായി എടുത്ത് പൊടിച്ച് മൂ പലം ഇഞ്ചിയും മൂ പലം ശർക്കരയും ചേർത്ത യോജിപ്പിച്ചു വച്ചിരുന്ന് സേവിക്കുക; എല്ലാ നീരും ശമിക്കും.

അന്യയോഗം.

സദേവദാരീകട്ടുതുംബിനീഭിഃ
സംസേചനം കാഞ്ജികസംശ്രുതാഭിഃ.
ശോഫാപഹം കേവലദേവതാളീ-
സതുംബിനീസേചനമാഹുരന്യേ. ൬൧

ദേവതാളി പേച്ചുര ഇവ കാടിയിലിട്ട് തിളപ്പിച്ചു വിയപ്പിക്കുക; ശോഫം ശമിക്കും. ചിലർ മുൻപറഞ്ഞ മരുന്നുകൾ തനിച്ച് പച്ചവെള്ളത്തിൽ ഇട്ട തിളപ്പിച്ച് വിയപ്പിച്ചാലും ശോഫം ശമിക്കും എന്നു പറയുന്നു.

വാതശോഫലക്ഷണം.

ശോഫോ ഭവേച്ചലതി ചാണ്വതനുസ്തനുത്വക്-
പാരുഷ്യമാത്രമരുണാസിതമേവ സുപ്തം
ആസുപ്തിഹർഷയുതരുക്തമകാരണാത്
ശാമ്യേൽ ബലീ ച ദിവസേ പരിവൃദ്ധിമേതി. ൧

വാതാച്ച പ്രോന്നമതി പീഡിത ഏവ തത്ര
ശൂണ്ഠീരുബൂകശിവവക്രകുടാശ്രിതം ച
പൌനർന്നവം പരിഹരേച്ച നിപീതമേവ
പാകാശനേഷു ച പുനഃ പുനരേവ സേവേൽ. ൨

നീരിന് ഇളക്കം തൊലിക്ക മാർദ്ദവം പരുപരുപ്പ് ചുവന്നും കറുത്തുമിരിക്കുക മരവിപ്പ് രോമാഞ്ചം കാരണംകൂടാതെ വേദനശമിക്കുക പകൽസമയം അധികമാകുക; അമുക്കിയാൽ താഴുക ഇവയെല്ലാം വാതശോഫത്തിന്റെ ലക്ഷണമാണ്.

വാതശോഫചികിത്സ.

ചുക്ക വെളുത്താവണക്കിൻവേര വലിയപഞ്ചമൂലത്തിൻവേര് (കുമ്പിൾ കൂവളം പാതിരി പലകപ്പയ്യാനി മുഞ്ഞ ഇവയാണ്

വലിയപഞ്ചമൂലം) തമിഴാമവേര് ഇവ കഷായംവച്ച് ഊണിന്നു മ്പെയും ഭക്ഷണത്തിന്റെ ദഹനാവസ്ഥയിലും സേവിക്കുക; ഇങ്ങനെ കൂടക്കൂടെ സേവിച്ചാൽ വാതശോഫം ശമിക്കും.

അന്യയോഗം.

പിബേത്ത്രിവൃച്ചൂർണ്ണമഥോ വിശേഷാ-
ദേരണ്ഡതൈലേന ച വായുജാതേ
ശോഥേ ച ബന്ധേऽഖിലദേഹജാതേ
മാസാർദ്ധമാത്രം പ്രവദന്തി വൈദ്യാഃ. ൨൦

ത്രികോല്പക്കൊന്ന പൊടിച്ച് ആവണക്കെണ്ണയിൽ സേവിക്കുക; വാതജമായ സർവ്വാംഗശോഫം, മലബന്ധം, ഇവ ശമിക്കും. ഈ പ്രയോഗം പതിനഞ്ചുദിവസം ചെയ്യണം എന്നാണ് വൈദ്യന്മാരുടെ അഭിപ്രായം.

പിത്തശോഫലക്ഷണം.

മൃദുർഗ്ഗന്ധയുക്തോऽസിതഃ പീതരാഗ-
സ്തഥാമജ്വരസ്വേദതൃണ്ണാമദാഢ്യഃ
സ്പൃശന്തപ്യതേ സ്പർശനേ നേത്രരാഗോ
ഭൃശം ദാഹപാകാന്വിതഃ പിത്തശോഫഃ. ൨൧

നീരിന്നു മാർദ്ദവം, ഗന്ധം, കറുപ്പ്, മഞ്ഞ ചുവപ്പ് ഈ നിറങ്ങൾ, ദഹനക്കേട്, ജ്വരം, സ്വേദം, തണ്ണീർക്കാഹം, മദം, തൊട്ടാൽ വേദന, കണ്ണിന്നു ചുവപ്പ്, വലിയചൂട്, വളരെപ്പഴുപ്പ് ഇവ പിത്തശോഫത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ക്ഷീരാശീത്രിഫലാത്രിവൃൽസുധാലതാ
കഥിതാപിത്തഭവേച ശോഥരോഗേ
ഗോമൂത്രേണ തഥാഫലത്രികഞ്ചവാ
ത്രിഫലാരിഷ്ടപടോലദാർവികാഭിഃ. ൨൨

കഥിതം ഗുഗ്ഗുലുനാഥവാ കൃതം ച വൈ
ത്രിതയം നിത്യമിദം ച സേവയേച്ച. ൨൩

പാൽച്ചോറുണ്ടുശീലിക്കുകയും ത്രിഫല ത്രികോല്പക്കൊന്ന അമൃത് ഇവ കഷായംവച്ചോ; ത്രിഫലയും ഗോമൂത്രവുംകൂടിയോ; ത്രിഫല വേപ്പിൻതൊലി പടവലം മരമഞ്ഞത്തൊലി ഇവ കഷായംവച്ച് ഗുഗ്ഗുലു ചേർത്തോ സേവിക്കുകയും ചെയ്യുക; ഈ മൂന്നുയോഗവും ശോഫത്തെ ശമിപ്പിക്കുന്നതാകുന്നു.

കഫശോഫലക്ഷണം.

ശോഥോ ഗുരുസ്ഥിരതമോऽപി ച പാണ്ഡുരശ്ച
നിദ്രാപ്രസേകവമിവഹ്നികൃശത്വയുക്തഃ.
ശ്ലേഷ്മോത്ഭവോ നിശി ബലീ പ്രശമോऽസ്യ കൃച്ഛ്റാ-
ജ്ജന്മാപി പീഡിതതമോ ന നമേന്നിതാന്തം. ൨൪

നീരിന്നുഗുരുത്വം, ഉറപ്പ്, വെളുപ്പ്, ഉറക്കം, വായിൽകൂടിവെള്ളംവരിക ഛർദ്ദി അഗ്നിമാന്ദ്യം രാത്രിയിൽ നീരുവർദ്ധിക്കൽ നീരുവേഗം പോകുകയും വരികയും ചെയ്യുക ഞെക്കിയാൽ താഴാതെയിരിക്ക ഇവ കഫശോഫത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

വൃശ്ചീവത്രിവൃദ്ഗിശഠശിവാമൃതാനാം
സുരദ്രുശമ്യാകപുരാന്വിതാനാം
കല്ക്കം തഥൈഷാം കഥിതം യഥാ വാ
ഗോമൂത്രയുക്തം കഫശോഥഹാരീ. ൨൫

തമിഴാമവേര് ത്രികോല്പക്കൊന്ന ചുക്ക കടുക്കാ അമൃത് ദേവതാരം കൊന്നത്തൊലി ഗുഗ്ഗുലു ഇവ ഗോമൂത്രത്തിൽ അരച്ചുകലക്കിയോ പാകംചെയ്തോ സേവിക്കുക; കഫശോഫം ശമിക്കും.

അന്യയോഗം.

അയോരജോവ്യോഷത്രിവൃൽകഷായഃ
ഫലത്രയോത്ഥൈഃ കടുരോഹിണീഭിഃ
പീതം കഫോത്ഥം ച നിഹന്തിതദ്വൽ
ഹരീതകീഗോപയസാ ച ശോഫം. ൨൬

ഉരുക്കുപൊടി ചുക്ക മുളക തിപ്പലി ത്രികോല്പക്കൊന്ന ത്രിഫല കടുകുരോഹിണി ഇവകഷായംവച്ച് സേവിക്കയോ; കടുക്ക ഗോമൂത്രത്തിൽ സേവിക്കയോ ചെയ്യുക; കഫശോഫം ശമിക്കും.

വാതപിത്തജശോഫം.

ദവഥുതോദയുതശ്ച മൃദുശ്ചലഃ
ശവഥുഗന്ധയുതോ ഭവതീഹ ചേൽ
അപി സദാഗതിപിത്തഭവസ്തഥാ
ശമമുപൈതി ച ചന്ദനജമൂലം. ൨൭

അപി വിലേപനതോऽഥ കുലത്ഥികാ-
ജലജഗദ്വരയോന്ദജമൃത്തികൈഃ

വെളുത്തുള്ളി ...
ശമയത്യനാശനയോഗയുഗ്മം ത്വിദം. ൨൪

ചൂട്ട്, കുത്തിനോവ്, നീരിന്ന മാർദ്ദവവും ഇളക്കവും ഉണ്ടായിരിക്കുക; ഗന്ധം ഇവ വാതപിത്തശോഫത്തിന്റെ ലക്ഷണമാണ്. ഇതിന്ന് എരിക്കിൻവേരരച്ചു പുരട്ടുകയോ മുതിര ഇരുവേലി ചുക്ക് ഇവ അരച്ച് ഗോമൂത്രത്തിൽ കലക്കി ദേഹത്തിൽ ധാരചെയ്യുകയോ ചെയ്യണം.

ജീർണ്ണപിണ്യാകസികതാകൃഷ്ണാമാശിഗ്രുവല്കലൈഃ
പ്രലേപഃ ശോഫം ഹന്ത്യാശു വാതപിത്തസമുദ്ഭവം. ൨൫

പഴകിയ പിണ്ണാക്ക് ശുദ്ധിചെയ്ത മണൽ തിപ്പലി അകത്തിമുരിങ്ങത്തൊലി ഇവ അരച്ചുതേച്ചാൽ വാതപിത്തജമായ ശോഫം ശമിക്കും.

പിത്തകഫജശോഫലക്ഷണം.

സ്നിഗ്ദ്ധതാഗൌരവമദാഹാദവഘൃജ്ഞാരൈശ്ച
ശോഫശ്ച പിത്തകഫജഃ ഖലു തത്ര സേവേൽ
ത്ര്യൂഷണം വൃശ്ചികാടാരുഷ്ട
തപ്താംബുനാ നിത്യമേവ പ്രയോജ്യം. ൨൬

സ്നിഗ്ദ്ധത; ഗുരുത്വം ചുവന്ന ചൂട്ട്; ജ്വരം, ഇവ പിത്തകഫജമായ ശോഫത്തിന്റെ ലക്ഷണങ്ങളാണ്. തമിഴാമയുടെ വേരും ചുക്കു മുളകു തിപ്പലിയുംകൂടി പൊടിച്ച് അതിരാവിലെ ചൂട്ടവെള്ളത്തിൽ സേവിക്കുക; വാതകഫശോഫം ശമിക്കും.

സ്നുക്ക്ക്ഷീരഭാവിതകണാവസുവിംശതിർവാ
വാരാണ്യഥോ സമശതാ ശമയേദ്വിശേഷാൽ
പത്ഥ്യാ തഥൈവ ച ഗവാമപി മൂത്രകൈശ്ച
നാശം വ്രജേച്ച ക്രമശസ്തു നിരേ യോഗയുഗ്മം. ൨൭

കള്ളിപ്പാലയുടെ കായിൽ ഭാവനചെയ്ത തിപ്പലി എട്ടേം ഇരുപത്തിരണ്ടോ ദിവസം സേവിക്കുകയോ; അതുപോലെ കടുക്കാ ഗോമൂത്രത്തിൽ ഭാവനചെയ്ത് സേവിക്കുകയോ ചെയ്താൽ പിത്തകഫജമായ ശോഫം ശമിക്കും.

സന്നിപാതജശോഫം.

സർവ്വാത്മകസ്സർവ്വവിമിശ്രലക്ഷണഃ
ശോഫോ ഭവേത്തത്ര ഭിഷക്പ്രയുഞ്ജ്യാൽ
ശ്യാമാജഗച്ചിത്രകകണ്ടകാരീ-
നിശാകണാനാഗകണാവനാനാം. ൨൮

പാഠാകണാമൂലസുദാർവികാണാം
ചൂർണ്ണം സുഖോഷ്ണാംബുനിപീതമാശു
ഹന്യാത്ത്രിദോഷശ്വയഥും വിശേഷാൽ
കല്കസ്തു ഭനിംബമഥൈവ വാസ്യാം. ൨൯

വാതം, പിത്തം, കഫം ഇവ മൂന്നിനും ശോഫിച്ചാലുള്ള ലക്ഷണം എല്ലാംകൂടി ഇടകലർന്നുവന്നാൽ അത് ത്രിദോഷജമായ ശോഫമാണ്. നാല്പാമരത്തൊലി, ചുക്ക്, വെളുത്താവണക്കിൻവേര് കണ്ടകാരിച്ചുണ്ട മഞ്ഞൾ തിപ്പലി അരത്തിതിപ്പലി മുത്തങ്ങാക്കിഴങ്ങ് പാടക്കിഴങ്ങ് തിപ്പലിവേര് ... ഇവ പൊടിച്ച് ചൂട്ടവെള്ളത്തിൽ സേവിക്കുകയോ; പുത്തരിച്ചുണ്ടവേരും ചുക്കുംകൂടി അരച്ച് ചൂട്ടവെള്ളത്തിൽ സേവിക്കുകയോ ചെയ്താൽ ത്രിദോഷജമായ ശോഫം ശമിക്കും.

രസാർദ്രജം നാഗരസാധിതം വാ
പയഃ ശിലായുഗ്മമലം നിപീതം
കഷായേന നിത്യം ത്രിഫലാഭവേന
ശോഫം ത്രിദോഷപ്രഭവം നിഹന്തി. ൩൦

ചുക്കും ഇഞ്ചിനീരുംചേർത്ത ... ത്രിഫലക്കഷായത്തിൽ കന്മദം സേവിക്കുകയോ ചെയ്താൽ ത്രിദോഷജമായ ശോഫം ശമിക്കും.

അഭിഘാതജമായ ശോഫചികിത്സ.

ലോധ്രോ ഹരിദ്രാഖദിരാശ്ച ...
കുചന്ദനസ്യാപ്യഥവാ പലാശലേപാഃ
ശോഫം തഥാഘാതഭവം നിഹന്തി
വൃന്ദം ഘനാനാമിവ വായുരേവ. ൩൧

മരമഞ്ഞൾ രാമച്ചം ഇവ അരച്ച് ... പുരട്ടുകയോ; രക്തചന്ദനമോ വെളുത്തുള്ളിയോ അരച്ചുപുരട്ടുകയോ ചെയ്താൽ ആഘാതം (ചതവ്) കൊണ്ടുണ്ടായ ശോഫം ശമിക്കും.

അന്യയോഗം.

ഗോധൂമചൂർണ്ണം ച നിശാപടുഭ്യാ-
മാഘാതശോഫം വിനിഹന്തി സദ്യഃ
പ്രസേചനാദൈവ്യത്യയാ വദന്തി
സംപാച്യ നീരേണ ഘനീകൃതം ച. ൩൨

ഗോതമ്പിൻപൊടി മഞ്ഞൾ ഉപ്പ് ഇവ അരച്ച് വെള്ള

ത്തിൽ കലക്കി കുറുക്കി കൊഴുക്കുമ്പോൾ വിയർപ്പിക്കുക; അടി, ഇടി, ചതവു മുതലായവകൊണ്ടുണ്ടായ നീരു ശമിക്കും.

ശസ്ത്രാഘാതജമായ ശോഫം.

ശസ്ത്രാഘാതജശോഥം യാമൈകേന
മദിരാ ഹരതി ച നിത്യം സേകതമേന. ൩൭

ആയുധം തട്ടിയുണ്ടാകുന്ന നീക്കേട്ട് നിത്യവും മദ്യംകൊണ്ട് ധാരയൊഴുക്കിയാൽ ശമിക്കും.

വിലാപസ്യ പഞ്ചാംശരസം കവോഷ്ണം
ശസ്ത്രാഭിഘാതശ്വയഥോഃ പിബേദ്വാ
സിംചേച്ച തേനൈവ ച സോഷ്ണേന
തേനൈവ യുക്തം ച തഥാ മനുഷ്യഃ. ൩൮

കൂവളത്തിന്റെ വേരും പൂവും കായും എല്ലാംകൂടി ചതച്ച് നീരെടുത്ത് ചെറുചൂടെ കുടിക്കുകയോ അതുകൊണ്ടുതന്നെ ധാരയൊഴുക്കുകയോ ചെയ്താൽ ശസ്ത്രംകൊണ്ടു ചതഞ്ഞിട്ടുണ്ടായ ശോഫം ശമിക്കും.

ക്ഷതശോഫം.

കരഞ്ജപഞ്ചാംഗുലവൃശ്ചികാനാം
കഷായേന സോഷ്ണേന ച സേചയേച്ച
ക്ഷതപ്രവൃത്തേ ശ്വയഥൌ ച ഭാനു-
മാലീ ജഗാദ പ്രഥിതഃ സുവൈദ്യഃ. ൩൯

പുങ്കിൻതൊലി വെളുത്താവണക്കിൻവേരു തമിഴാമ ഇവ കഷായംവച്ച് ചെറുചൂടേ ധാര ഒഴുക്കിയാൽ ക്ഷതംകൊണ്ടുണ്ടായ നീക്കേട്ടു ശമിക്കും. ഇത് ഭാനുമാലി എന്നു പ്രസിദ്ധനായ വൈദ്യശ്രേഷ്ഠൻ പറഞ്ഞിരിക്കുന്ന ഒരു യോഗമാണ്.

സുവർച്ചലാം ക്ഷതാദ്യേഷു സപിഷ്ടാം പേഷ്യ ലേപയേൽ
ക്ഷതജേഷു തഥാ ശോഥേ പ്രവദന്തി ഭിഷഗ്വരാഃ. ൪൦

തുവർച്ചിവയറ്റു് കട്ടക് ഇവ അരച്ചുതേച്ചാൽ ക്ഷതജമായ ശോഫം ശമിക്കും.

പുനർന്നവാദിലേഹം.

ദശമൂലരസാഢകൈസ്ഥ്ഥാ-
പ്യൃഥ ചാർദ്രസ്വരസം ച പ്രസ്ഥകം
ഗുഡമേകതുലാം ച പാചയേൽ
നിയതം ചാപി പുനർന്നവാഢകൈഃ. ൪൧

അമൃതാസുരദാരുചിത്രകൈ-
സ്ത്രുടിഭിസ്ത്രൂഷണകല്കകൈഃ പൃഥക്
അപികർഷമിതൈശ്ച യോജിതൈ-
സ്തദി സിദ്ധം തു പുനർന്നവാദികം. ൪൨

മധുനഃ കുഡുബേന സംയുതം
ക്ഷതജം ശോഥമലം ഗുഡം തഥാ
ഉപസംഹരതേ്യശിതം തു വൈ
ശ്വസനം കാസമരോചകം തഥാ.
ജഠരാനലവർദ്ധനം ബലം
ജനയത്യാശു തനോസ്തു പുഷ്ടിദം. ൪൩

ദശമൂലകഷായം നാറിടങ്ങഴി ഇഞ്ചിയുടെ തനിനീര് ഇടങ്ങഴി. ശർക്കര തുലാം ഒന്ന്. ഇവ എല്ലാംകൂടി യോജിപ്പിച്ച് അതിൽ തമിഴാമവേരു മുത്തങ്ങാക്കിഴങ്ങ് അമൃത് ദേവദാരം, പച്ചില ചിറ്റേലം ചുക്ക മുളക് തിപ്പലി ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചു ചേർത്ത് പാകമായാൽ വാങ്ങി ആറിയാൽ നാഴി തേനുംചേർത്ത് സേവിക്കുക; ക്ഷതജമായ ശോഫം ശ്വാസം കാസം അരുചി ഇവ ശമിക്കും. അഗ്നി വർദ്ധിക്കും. ശരീരത്തിനു പുഷ്ടിയുണ്ടാകും.

അന്യയോഗം.

പുനർന്നവാജടാകൃശാനുദാരുവല്ലിഭീ രസോ
യവാഗ്രസംഭവഃ പയാംസി വാ തഥാ ധ്രുവം
ദപിപഞ്ചമൂലിസിദ്ധയൂഷമത്ര ശോഥനാശനം
നിഷേവയേദപിശേഷതോഽഥ വൈദ്യപുംഗവർണ്ണിതം. ൪൪

തമിഴാമവേര് കൊട്ടവേലിക്കിഴങ്ങ് ദേവതാരം അമൃത് ഇവകൊണ്ടുണ്ടാക്കിയ കഞ്ഞിയോ പാലോ സേവിക്കയോ ദശമൂലം കഷായംവച്ച് സേവിക്കയോ ചെയ്താൽ ശോഫം ശമിക്കും.

അഗ്നിജമായ ശോഫത്തിന്.

പ്രാലിപ്തയേദ്ഭൂലപനം തു ഭൂമൌ
പാത്രാന്തരേ ന്യസ്യ സുശോഭിതാശ്ച
ലിമ്പേച്ച ശോഥേഽഗ്നിഭവേ തഥൈവ
കുമാരികാന്താ തുവരീ നിശാഢ്യാ. ൪൫

ചാണകം എടുത്ത് ഒരു പാത്രത്തിലിട്ട് ചെറുചൂടെ ദേഹത്തു തേക്കുകയോ; കററാർവാഴനീര് അരേണകം തുവരിമണ്ണ് മഞ്ഞൾ ഇവ അരച്ചുതേക്കുകയോ ചെയ്താൽ തീപ്പൊള്ളലുകൊണ്ടുണ്ടാകുന്ന നീരു ശമിക്കും.

ചേക്കുരു പൊള്ളിയാലുണ്ടാകുന്ന നീരിന്.

ഭല്ലാതജം ശോഥമലം നിഹന്തി
കൃഷ്ണാ ച മൃൽ കൃഷ്ണതിലൈഃ പ്രലിപ്താ
കൃഷ്ണാ തിലാ വാ മഹിഷീഭവേന
ഹയ്യംഗവീനേന പയഃപ്രലേപാൽ. ൨൬

കറുത്തമണ്ണ് കറുത്ത എള്ള് ഇവ രണ്ടുംകൂടി അരച്ചു ദേഹത്തിൽ തേക്കുകയോ; കാരെള്ള് എരുമനെയ്യിലോ എരുമപ്പാലിലോ അരച്ചു ദേഹത്തു തേക്കുകയോ ചെയ്താൽ ചേക്കുരുവിന്റെ കറ പററിയുണ്ടായ നീരു ശമിക്കും.

ഘനാജലലേപനമഥവാ സർജ്ജരസേന
ധൂപനമത്ര വിശേഷാദൈദ്യതമേന. ൨൭

മുത്തങ്ങയും ഇരുവേലിയുംകൂടി അരച്ചുപുരട്ടുകയോ ചെഞ്ചല്യമിട്ടു പുകയ്ക്കുകയോ ചെയ്താലും ഭല്ലാതജമായ ശോഫം ശമിക്കും.

നായ്ക്കുരുണയുടെ പൊടിപററി ഉണ്ടാകുന്ന നീരിന്.

വിഭീതകാസ്ഥിലേപനാച്ച ഗാത്രശോഥനാശനം
കപിത്ഥപത്രയഷ്ടികാ ച ചന്ദനസ്യ കച്ഛുജം. ൨൮

വ്രണാംസ്തഥാ വിലേപനാദ്ധ്രുതന്തു വൈദ്യവർണ്ണിതം
വിനാശയേച്ച ശോഥകാംശ്ച യോഗയുഗ്മയുഗ്മകം. ൨൯

താന്നിക്കയുടെ അകത്തെ അണ്ടിയെടുത്തു തേക്കുകയോ; വ്ളാർമരത്തിന്റെ ഇല ഇരട്ടിമധുരം രക്തചന്ദനം ഇവ അരച്ചു തേക്കുകയോ ചെയ്താൽ നായ്ക്കുരുണയുടെ പൊടി പററിയുണ്ടായ നീരും വ്രണങ്ങളും ശമിക്കും.

അന്യയോഗം.

രാസ്നാമൂഷികകർണ്ണികാഗ്നിബൃഹതീനിംബാക്ഷ്യവാനബൈർ-
വൃശ്ചിത്രൈഫലജംത്രുശത്രുമഗധാശിഗ്രുത്വചാം ശോധിഷു
പിഷ്ടം ഗോപയസാ സുവർച്ചലയുതം ക്ഷുണ്ണ്യാ സകമ്പില്ലകൈഃ
ശസ്തം വൈ വിഷകാകമാചികസമം ചോദവർത്തനം നിത്യശഃ. ൩൦

അരത്ത എലിച്ചെവിയൻ കൊട്ടവേലിക്കിഴങ്ങ് ചെറുവഴുതിനവേര് വേപ്പില എരിക്കില പെരുംകുരുമ്പവേര് അസുരനഖം തമിഴാമവേര ത്രിഫല വിഴാലരി തിപ്പലി മുരിങ്ങത്തൊലി തുവച്ചിലക്കാരം ചുക്ക് കമ്പിപ്പാലവേരിന്റെതൊലി. ശുദ്ധിചെയ്ത വത്സനാഭി കറന്തകാളി ഇവയെല്ലാംകൂടി പൊടിച്ചു പാലിലരച്ച് നിത്യ

വും ദേഹത്തുതേച്ചു തിരുമ്മിയാൽ നായ്ക്കുരുണ തട്ടിയാലുണ്ടാകുന്ന ശോഥം ശമിക്കും.

വിഷജമായ ശോഫം.

ദംഷ്ട്രാദന്തനഖാവാഘാതജനിതഃ പ്രായോ വിഷപ്രാണിനാം
ദംശാന്മൂത്രപുരീഷവസ്ത്രമലവച്ഛ്രീശംഭുകന്യാശ്രയാൽ
തദ്വദ്വാ വിഷവൃക്ഷവായുനിഷവാദ്യാഗാശനാദ്വീന്ദ്രതഃ
ശോഥോദ്യസൗ വിഷജോവിഷഘ്നിഭിരിതോ ശാസ്ത്രപ്രവീണൈ
ർിഹ. ൩൧

വിഷമുള്ള പ്രാണികളുടെ ദംഷ്ട്രാദന്തനഖങ്ങൾ തട്ടിയും വിഷപ്രാണികൾ കടിച്ചിട്ടും അവയുടെ മൂത്രപുരീഷാദികൾവീണ മലിനമായ വസ്ത്രത്തെ ഉപയോഗിക്കകൊണ്ടും വിഷവൃക്ഷങ്ങളുടെ വായുവേല്ക്കുക വിഷവൃക്ഷം സ്പർശിക്കുക, ഇവകൊണ്ടും ഉണ്ടാകുന്ന ശോഫത്തെ വിഷജശോഫം എന്നു പറയുന്നു.

വിഷജശ്ച മൃദുശ്ചലോ വിലംബീ
വിഷവദിഹാംഗ്യ ദാഹരുഗ്യുതോ വൈ
പ്രഥമം പരിശോധനേന ശോഥോ
പരിതസ്തേന ജലേന നാശയേത്തം. ൩൨

വിഷജമായ നീര് മൃദുവായും ഇളകുന്നതായും തൂങ്ങിക്കിടക്കുന്നതായും വിഷശോഫംപോലെ ചുട്ട് ചുവപ്പ് ഇവയോടുകൂടിയതായും ഇരിക്കും. ആദ്യമായി ഗോമൂത്രംകൊണ്ട് ധാരചെയ്താൽ വിഷജമായ ശോഫം ശമിക്കും.

തതോ വചാതികതകജീരശുണ്ഠീ-
ധത്തൂരമൂലൈർവിഷമുഷ്ടിപിഷ്ടൈഃ
ലേപസ്സതോദ്ധ്രുത്യ ഗദശോധനോ വാ
ശോഥാപഹാരീ കടുതൈലമിശ്രം. ൩൩

ഗോമൂത്രംകൊണ്ടു ധാരകഴിച്ചതിനുശേഷം വയമ്പ് പുത്തരിച്ചുണ്ട ജീരകം ചുക്ക് ഉമ്മത്തിൻവേരു വേപ്പില ഇവയെല്ലാംകൂടി അരച്ച് ചെറുചൂടെ തേക്കുകയോ, ശുദ്ധിചെയ്ത രസം കടുകെണ്ണയിൽ ചേർത്തു തേക്കുകയോ ചെയ്താൽ വിഷജമായ ശോഫം ശമിക്കും.

അന്യയോഗം.

വിഷജശോഥഹരോട്യപ്യഥ നിർവിഷാ
പ്രഭവലേപ അലം ച വിഷായുതഃ
അഥ തഥാ നവനീതയുതാതരുണാ
ബഹുളഭല്ലജയോജഗശോഥഹാ. ൩൪

നിർവ്വേശി എന്ന ചെടിയുടെ കിഴങ്ങും അതിവിടയവുംകൂടി അരച്ചുതേക്കുകയോ, അതിവിടയം അരച്ച് വെണ്ണനെയ്യിൽ തേക്കുകയോ ചെയ്താൽ ഭല്ലാതവിഷജമായ ശോഫം ശമിക്കും.

സാരാദളരസലേപശ് ചൂർണ്ണയുതോ ഹി
ശ്വയഥുമരുഷ്കരജാതം ഗ്രസതി മതോ ഹി. ൧൫

കറുക ഇടിച്ചുപിഴിഞ്ഞ നീരിൽ ശുദ്ധിചെയ്ത ചുണ്ണാമ്പുകലക്കി തേച്ചാൽ ചേക്കുരുവിന്റെ കറപററിയുണ്ടായ നീരു ശമിക്കും.

ശോഫോപദ്രവങ്ങൾ.

ഛർദ്ദിഃ പ്രസേകോഽരുചിതൃഡ്വിദാഹാഃ
ശ്വാസശ്ച ദൌർബല്യകൃശാനുമാന്ദ്യാഃ
ജ്വരസ്തഥാ ശോഥഗദസ്യ സർവ്വേ
ഹ്യുപദ്രവാ ദിക്പ്രമിതാ ഭവന്തി. ൧൬

ഛർദ്ദി, വായിൽക്കൂടി വെള്ളംവരിക, അരുചി, തണ്ണീർദാഹം, കുത്തിനോവ്, ശ്വാസം, കാസം, ദുർബ്ബലത്വം, അഗ്നിമാന്ദ്യം, ജ്വരം ഇവ പത്തും ശോഫരോഗത്തിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണ്.

ശോഫത്തിന്റെ സാദ്ധ്യാസാദ്ധ്യത്വം.

ശ്വാസഃ പിപാസാവമികാർശ്യയുക്തഃ
ശോഥോ തഥാന്നാരുചിസജ്വരാഢ്യഃ
തം ശോഥിനം സംയമിനീം പ്രഗന്തും
പാഥേയമുക്തം ഹരിനാമധേയം. ൧൭

യോ മദ്ധ്യദേഹേ ശ്വയഥുഃ സ കഷ്ടോ
യോ സർവ്വദേഹാംഗഗതസ്ത്വസാദ്ധ്യഃ
അർദ്ധാംഗഗോഽരിഷ്ടകരശ്ച യോ വാ-
പ്യൂർദ്ധ്വം വിസർപ്പത്യഥവാ നരാണാം. ൧൮

ഊർദ്ധ്വാംഗഗോ യശ്ച നരസ്യ പാദാൽ
സ്ത്രിയോ മുഖാച്ചേദധരാംഗഗാമീ
തയോർദ്വയോർവസ്തിഗതഃ പ്രകുര്യ്യാൽ
പ്രാസ്ഥാനികം ശ്രീയമദർശനായ. ൧൯

ശ്വാസം, തണ്ണീർദാഹം, ഛർദ്ദി, ചടവ്, അരുചി, ജ്വരം ഇവയോടുകൂടിയ ശോഫം അസാദ്ധ്യമാണ്. ദേഹത്തിന്റെ മദ്ധ്യത്തിലുണ്ടാകുന്ന നീരും, സർവ്വാംഗം വ്യാപിക്കുന്ന നീരും ദേഹമദ്ധ്യത്തിൽ തുടങ്ങി മേല്പോട്ടു കയറുന്ന നീരും, പുരുഷന്നു കാലിൽനിന്നു തുടങ്ങി മേല്പോട്ടു വ്യാപിക്കുന്ന നീരും സ്ത്രീക്ക് മുഖത്തിൽനിന്നു

തുടങ്ങി കീഴ്പ്പോട്ടു വ്യാപിക്കുന്ന നീരും സ്ത്രീക്കും പുരുഷനും വസ്തിയിൽ ഉണ്ടാകുന്ന നീരും അസാദ്ധ്യമാണ്. ഈ ലക്ഷണങ്ങൾക്ക് വിപരീതമായ നീര് സാദ്ധ്യമാകുന്നു.

ശോഫം വിട്ടുമാറിയാലുള്ള ലക്ഷണം.

സിരാവിവിക്തത്വസമസ്തഗാത്ര-
സുപാടവം നോ വികൃതിഃ ക്വചിച്ച
നിപീഡിതേ ശോഥനിവൃത്തിരത്ര
ഖ്യാതാ ഭിഷഗ്ഭിർന്നിതരാം ച ശാസ്ത്രേ. ൨൦

ഞരമ്പുകൾ ശുദ്ധമാകുക, എല്ലാ ശരീരങ്ങൾക്കും സാമർത്ഥ്യം ഉണ്ടാവുക; ഞെക്കിയാൽ ഒരിടത്തും വികൃതി കാണാതിരിക്കുക ഇവ ശോഥരോഗം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ശ്രീമത്താതപദാരവിന്ദയുഗളദ്ധ്യാനൈകതാനാത്മനാ
കാശീനാഥഭിഷഗ്വരേണ രചിതാ യാസൌ ചികിത്സാപരാ
ഖ്യാതാ വൈ ക്രമകല്പവല്ലി വിശദാ തസ്യാം തു ശോഥോചിതം
ആയുർവ്വേദനിവേദിതം തു ഫലിതം സർവ്വൌഷധീനാം കുലം.

ശ്രീമാനായ താതന്റെ പാദപത്മദ്ധ്യാനനിരതനായ ശ്രീകാശീനാഥനാൽ ചികിത്സാക്രമകല്പവല്ലിയിൽ ശോഥരോഗത്തിന് വേണ്ടതായ എല്ലാ ഔഷധങ്ങളും നിറിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ശോഥാധികാരം എന്ന
൩൧-ാം സ്തബകം കഴിഞ്ഞു.

അഥ ദ്വാത്രിംശസ്തബകഃ.

വൃദ്ധ്യധികാരഃ.

നത്വാ താതം ഗുരും സമ്യഗായുർവ്വേദം വിലോക്യ ച
വൃദ്ധിരോഗപ്രതീകാരം കാശീനാഥോ കരോമ്യഹം. ൧

എന്റെ അച്ഛനായ ഗുരുവിനെ വന്ദിച്ചും മററ് ആയുർവ്വേദശാസ്ത്രത്തെ പരിശോധിച്ചും കാശീനാഥനായ ഞാൻ വൃദ്ധിരോഗത്തിന്റെ ചികിത്സയെ പറയുന്നു.

വൃദ്ധിനിദാനം.

ക്രുദ്ധോऽന്തർഗതിഃ കരോതി ച തഥാ
യശ്ശൂലശോഫാനപി
വായുഃ സോऽന്തചരഃ പ്രപീഡ്യ ധമനീഃ
പ്രായഃ പ്രകുര്യ്യാൽ കചിൽ
അംഗസ്യൈവ ച വൃദ്ധിമാശു ച തഥാ
തൽപൂർവ്വരൂപന്ത്വിദം
തോദശ്ശോഥയുതോപസംഹതിരഥോ
രൂപം പരം ലംബതേ. ൧

വായു കോപിച്ച് അധോഗതിയായിട്ട ശൂലം, നീര് ഇവയെ ഉണ്ടാക്കി ഉള്ളിൽ സഞ്ചരിച്ച് വൃഷണവാഹിനികളായ ഞരമ്പുകളെ പീഡിപ്പിച്ച് മിക്കവാറും അംഗത്തിൽ ഒരിടത്ത് (വൃഷണത്തിൽ) വൃദ്ധിയെ ഉണ്ടാക്കുന്നു. ഇതാണ് വൃദ്ധി. കുത്തിനോവ്, നീര് ഇവ ഇതിന്റെ പൂർവ്വരൂപമാണ്. ഈ നീര് എല്ലാം കൂടി ഒന്നിച്ചുചേർന്ന് തൂങ്ങുന്നതാണ് ഇതിന്റെ ലക്ഷണം.

വൃദ്ധിയിൽ പത്ഥ്യമായവ.

ഗോധൂമകോരദൂഷാദ്യമന്നം വാതാസ്രനാശനം
സുരാദ്യുന്മത്തതാകാരി യൽ പത്ഥ്യം തൽ സമാചരേൽ. ൨

അത്ത്യാശനം മാർഗ്ഗനിഷേവണം ച
ഗുർവ്വന്നഭോജ്യം ച തഥോപവാസം
വേഗാവഘാതം ഖലു പൃഷ്ഠയാനം
വ്യായാമമത്രൈവ ച നോ വ്യവായം. ൩

ഗോതമ്പു വരക മുതലായതും വാതരക്തനാശനമായ അന്നവും ഉന്മത്തതയെ ചെയ്യുന്ന സുരാദികളിൽ ഏതാണോ പത്ഥ്യമായിട്ടുള്ളതു അതും വൃദ്ധിയുള്ളവൻ ശീലിക്കണം. അത്ത്യശനം, വഴിനടക്കുക, ഗുരുക്കളായ അന്നങ്ങൾ ഭുജിക്ക, പട്ടിണികിടക്കുക, മലമൂത്രാദിവേഗങ്ങൾ തടുക്കുക, കുതിര മുതലായവയുടെ പുറത്തുകയറി യാനംചെയ്യുക, വ്യായാമം, മൈഥുനം ഇവയെല്ലാം വൃദ്ധിരോഗമുള്ളവൻ വർജ്ജിക്കണം.

വൃദ്ധിചികിത്സ.

വിശാലാജടാസംഭവം ചൂർണ്ണമാശു
സഗന്ധർവ്വതൈലം ഗവീദുഗ്ദ്ധയുക്തം
നിപീതം ച സപ്താഹമാത്രം ക്രമേണ
നിഹന്ത്യേവ വൃദ്ധിം ച മുഷ്കാദിജാതാം. ൪

കാട്ടുവെള്ളരിവേര പൊടിച്ച് ആവണക്കെണ്ണയും പശുവിൻപാലും ചേർത്ത് സേവിക്കുക; വൃദ്ധി ശമിക്കും.

പ്രലേപം.

ഭാർങ്ഗീജടാം യവജലേന വിലോഷ്യ ലേപാൽ
സദ്യഃ കുരണ്ഡമുപഹന്തി ച ഗണ്ഡമാലാം
ശംബൂകമദ്ധ്യഗതമാത്ര സംഗലിതം ച
ലേപാൽ കുരണ്ഡഹരമാശു ച സൈന്ധവേന. ൫

ചെറുതേക്കിൻവേര യവത്തിന്റെ ജലത്തിൽ അരച്ച് തേയ്ക്കയോ കക്കായ്ക്കകത്ത് നെയ്യൊഴിച്ച് ഏഴുദിവസം വെയിലത്തുവച്ച് ഇന്തുപ്പുംചേർത്ത അരച്ച തേക്കുകയോ ചെയ്താൽ കുരണ്ഡം ഗണ്ഡമാല ഇവ ശമിക്കും. (ശിശ്നത്തിന്റെ വൃഷണത്തിന്റെ വലത്തുവശത്ത ഉണ്ടാകുന്ന രോഗമാണ് കുരണ്ഡം)

അന്യലേപം.

ഘൃതാഭ്യക്തതാമ്രസ്യ പാത്രം വിലോഡ്യ-
ത്തഥാ സൈന്ധവാക്തം ച ചർമ്മപ്രതാപ്തം
നിംബ്വഷ്യാഥവാ തന്മലം സപ്ത ചൈവ
ദിനാന്ത്യാശു ലിപ്തം കുരണ്ഡം ച തേന. ൬

നെയ്യുപുരട്ടിയ ചെമ്പുപാത്രത്തിൽ ഇന്തുപ്പ് അരച്ച് തേച്ച് വെയിലത്തുവച്ചുണക്കി ചുരണ്ടി എടുത്ത് കാടിയിൽ അരച്ച് ഏഴു ദിവസം തേച്ചാൽ കുരണ്ഡം ശമിക്കും.

പുനർന്നവാപുനർമ്മാസമാത്രാന്ത്രവൃദ്ധിം
സമായാതി ബ്രധ്നഃ കാരണത്തിൽ കോപി
ദിവാരാത്രമേവ പ്രലിംപേച്ച സപ്ത
ദിനാത്യന്തരം തൽ പരിത്യജ്യ ഭൂയഃ. ൭

തമിഴാമവേര കാടിയിൽ അരച്ച് വൃദ്ധിയുള്ള സ്ഥലത്തു ഒരുമാസം ലേപനംചെയ്താൽ അന്ത്രവൃദ്ധി ശമിക്കും. ഇങ്ങനെ ഒരുമാസക്കാലം തേക്കുന്നതു ഏഴുദിവസം രാത്രിയും പകലും തേച്ചാൽ പിന്നെ ഏഴുദിവസം കഴിഞ്ഞേ തേക്കാവൂ.

അന്യയോഗം.

സലജ്ജാലുമൂലം ച ഗുഞ്ജാസ്യ വിദ്യാ
പ്രലേപാച്ച മാസേന ഹന്ത്യാൽ കുരണ്ഡം
തഥാ കൃഷ്ണഗോപാലികാമാസലേപാൽ
ഗതം യാതി നാശം ച വൃദ്ധിർവിശേഷാൽ. ൮

മുക്കുററിയുടെ വേരും കഴുകൻപാക്കിയുടെ കാമ്പുംകൂടി അരച്ചു ഒരു മാസം തേക്കുകയോ; കറുത്ത നറുനീണ്ടി അരച്ച് ഒരുമാസം തേക്കുകയോ ചെയ്താൽ കുരണ്ഡവും വൃദ്ധിയും ശമിക്കും.

പാനയോഗങ്ങൾ.

ത്രിനിംബകം ദാരുനിശാഭവം ച
ചൂർണ്ണം സഗോമൂത്രമലം പിബേദ്യഃ
ചിരോത്ഥിതസ്യാസ്യ കുരണ്ഡരോഗഃ
സദ്യോ വിനശ്യേദ്ഭിഷജോ വദന്തി. ൫൦

ദേവതാരം മഞ്ഞൾ ഇവ രണ്ടുകാൽ കഴഞ്ചുവീതം പൊടിച്ച് ഗോമൂത്രത്തിൽ സേവിക്കുക; വളരെ പഴകിയ കുരണ്ഡരോഗവും ശമിക്കും.

വേറൊരു യോഗം.

കമ്പില്ലകം തിലതൈലമാർദ്രകരസം സംമിശ്ര്യ ചൈകം പലം
പ്രാതസ്തു പ്രപിബേൽ കുരണ്ഡമസകൃന്നാശം പ്രജേത്തസ്യ വാ
സൂതം ഗന്ധകതാമ്രകാംസ്യസഹിതം രംഗം സലോഹം മൃതം
താലം തുത്ഥവരാടസംയുതമലം സംപേഷ്യ സർവം പുനഃ. ൫൧

കർപ്പൂരം കടുകത്രയം ത്രിഫലയാ ചവ്യം വിഡംഗം കണാം
പാഞ്ചാലീജടയാ ച പഞ്ചലവണം ഗീർവാണകാഷ്ഠം ത്രുടിം
അംബഷ്ഠാ റെറപുഷാ വചാ ച ജരണം ദാരും സമം പേഷയേൽ
കഷായേണൈവ ശിവാഭവേന ബഹുശഃ കൃത്വൈവ ടങ്കാവടിം.

ഏകാം യോ വടികാം ച ശീതപയസാ പ്രാതർഗ്ഗിളേന്നിത്യശ-
സ്തസ്യാശു പ്രലയം പ്രയാതി സഹസാ രോഗോണ്ഡവൃദ്ധേഃ പരം
നിത്യം പത്ഥ്യതരസ്യ ബ്രദ്ധ്നഹരിണീ ഖ്യാതാ വടീ നാമതഃ
ശ്രീമദ്വൈദ്യമഹീന്ദ്രശാസ്ത്രരചിതാ ബ്രദ്ധ്നദ്വിപേ സിംഹിനീ.

മൂന്നുകഴഞ്ചു് എള്ളെണ്ണയും ഒരുപലം ഇഞ്ചിനീരുംകൂടിച്ചേർത്തു പ്രഭാതകാലത്തിൽ സേവിക്കുക; കുരണ്ഡം ശമിക്കും.

ബ്രദ്ധ്നഹരിണീവടി.

ശുദ്ധിചെയ്ത രസം ഗന്ധകം ചെമ്പു് ഓട്ട് വങ്ഗം ഇരുമ്പു് അരിതാരം തുത്ഥ് കവിടി ഇവ എല്ലാംകൂടി അരച്ച് അതിൽ കച്ചോലം ചുക്ക് മുളക് തിപ്പലി ത്രിഫല കാട്ടുമുളകിൻവേര് വിഴാലരി തിപ്പലി കാട്ടുതിപ്പലിവേര് ഉപ്പു് അഞ്ചും ദേവതാരം ചിറെറലം പാടക്കിഴങ്ങ് അടയ്ക്കാമണിയൻ വയമ്പ് വൃദ്ധദാരകം ഇവ സമാംശം എടുത്ത് പൊടിച്ചു കടുക്കാക്കഷായത്തിൽ അരച്ച് വടകമാക്കി ഉണക്കി ഓരോ വടകംവീതം തണുത്തവെള്ളത്തിൽ സേവിക്കുക; ഈ രസം അണ്ഡവൃദ്ധിക്കു വളരെ വിശേഷമാണ്.

വാതകുരണ്ഡം.

അഹേതുരുഗ്വാതഭവം കുരണ്ഡം
സ്നിഗ്ദ്ധം വിരേകം ചാത്ര വിരേചനം ദ്രാക്
സക്ഷീരമേരണ്ഡജതൈലമേകം
സഗോജലം ഗുഗ്ഗുലുനാ തദേവ. ൫൨

കാരണംകൂടാതെ വേദനയുണ്ടാകുന്നതു് വാതകുരണ്ഡത്തിൻെറ ലക്ഷണമാണ്. അതിങ്കൽ വേഗത്തിൽ സ്നിഗ്ദ്ധമായ വിരേചനസാധനത്തെ ഉപയോഗിക്കണം. ആവണക്കെണ്ണയും പാലുംകൂടി ചേർത്തു സേവിക്കുന്നതും ഗുഗ്ഗുലുവും ഗോമൂത്രവും കൂടി കുടിക്കുന്നതും വാതകുരണ്ഡത്തിനു നല്ലതാണ്.

പിത്തകുരണ്ഡം.

പിത്തേന ദാഹോഷ്മയുതം വിപക്വ-
മുദുംബരാഭം തുണചന്ദനാഭ്യാം
സപത്മബ്രാഹ്മീമധുകൈഃ പയോഭിഃ
സനീലമൂലപ്രഭവഃ പ്രലേപഃ. ൫൩

പിത്തംകൊണ്ടുണ്ടാകുന്ന വൃദ്ധിക്കു് ചൂടു് ഊഷ്മാവു് പഴുപ്പു് ഇവയുണ്ടായിരിക്കും. അത്തിപ്പഴത്തിനു സദൃശമായും ഇരിക്കും. രാമച്ചം ചന്ദനം പത്മകം ബ്രാഹ്മി ഇരട്ടിമധുരം കരിങ്കുവളക്കിഴങ്ങ് ഇവപൊടിച്ചു പാലിൽ അരച്ചുതേക്കുക; പിത്തഭവമായ വൃദ്ധി ശമിക്കും.

തച്ചികിത്സ.

ന്യഗ്രോധകോദുംബരപീതനാനാം
പ്ലക്ഷസ്യ ചാശ്വത്ഥതരോസ്ത്വചാ വാ
ഘൃതേന കല്കസ്യ ച ലേപനം വാ
തൽകാഥനീരേണ നിഷേചനം ച. ൫൪

പേരാൽ അത്തി കല്ലാൽ ഇത്തി അരയാൽ ഇവയുടെ തൊലി എടുത്തു പൊടിച്ച് അരച്ച് നെയ്യുകൂട്ടി കുഴച്ചു തേക്കുകയോ ഇവയിട്ടു വെള്ളം വെന്തു ഒഴുക്കുകയോ ചെയ്താൽ പിത്തവൃദ്ധി ശമിക്കും.

കഫകുരണ്ഡം.

ശീതോ ഗുരുഃ സ്നിഗ്ദ്ധതരശ്ച കണ്ഡൂ-
കാഠിന്യയുക്തോƒല്പരുജഃ കഫേന

വ്യോഷത്രയാണാം സകടുത്രയാണാം
സക്ഷാരപടച്ചകതകഷായപാനം. ൧൭

കുഷ്ഠാദിചാസപ്തപലേപനം വാ
ശിഗ്രുത്വചഃ സപ്തപത്രം തഥൈവ
കഫപ്രസൂതസ്യ കുരണ്ഡകസ്യ
നാശായ സൎവ്വേ പ്രവദന്തി വൈദ്യാഃ. ൧൮

തണുപ്പ് ഗുരുത്വം സ്നിഗ്ദ്ധത ചൊറിച്ചിൽ കാഠിന്യം വേദന കുറഞ്ഞിരിക്കുക; ഇവ കഫവൃദ്ധിയുടെ ലക്ഷണമാണ്.

തച്ചികിത്സ.

ത്രിഫല ചുക്കു മുളകു തിപ്പലി ചവക്കാരം ഇവ കഷായംവച്ച് ഇന്തുപ്പു മേമ്പൊടിചേൎത്തു സേവിക്കുക; വയമ്പും കടുകുംകൂടിയോ മുരിങ്ങത്തൊലിയും കടുകുംകൂടിയോ അരച്ചു തേക്കുക; കഫവൃദ്ധി ശമിക്കും.

രക്തകുരണ്ഡം.

സ്ഫോടൈശ്ച കൃഷ്ണൈസ്സ സമാവൃതോ യഃ
സ പിത്തലിംഗോ രുധിരപ്രഭുതഃ.
സശൎക്കരം ക്ഷൌദ്രയുതം ത്രിവൃത്തു
വിരേചനേ വൈദ്യവരഃ പ്രകുൎയ്യാൽ. ൧൯

കറുത്ത നിറത്തിലുള്ള പൊള്ളലോടും പിത്തവൃദ്ധിയുടെ ലക്ഷണത്തോടുംകൂടിയിരിക്കുന്നതാണ് രക്തവൃദ്ധി.

തച്ചികിത്സ.

ത്രികോല്പക്കൊന്ന പൊടിച്ചു പഞ്ചസാരയും തേനുംകൂടി ചേൎത്തുകൊടുത്തു വയറിളക്കുക; രക്തവൃദ്ധി ശമിക്കും.

ശീതോപചാരം ച ജലാലയാഭിഃ
സദ്യഃ പ്രകുൎയ്യാദ്രുധിരസ്യ മോക്ഷം
ഏതൈരുപായൈൎയ്യദി നോപശാന്തിം
വിഭേദയേൽ കൎണ്ണസിരാധ്വാമാം. ൨൦

സവ്യാപസവ്യേ തു വിലോമഭേദം
കുൎയ്യാദ്ദചയോഃക്ഷണയോൎദ്ദചയോശ്ച
കൎണ്ണസ്യ നാഡ്യോശ്ച ക്രമേണ തത്ര
വിലേപനം പിത്തകുരണ്ഡകോക്തം. ൨൧

രക്തവൃദ്ധിയിൽ ശീതോപചാരം ചെയ്കയും അട്ടയിട്ടു രക്തം എടുത്തുകളകയും വേണം. ഇതുകൊണ്ടു രക്തവൃദ്ധി ശമിച്ചില്ലെങ്കിൽ കരണഞരമ്പു പകരിക്കപ്പെട്ട കീറണം. എന്നാൽ കീറുന്നതുതന്നെയും വലത്തെ ഞരമ്പ് ഇടത്തോട്ടും ഇടത്തെ ഞരമ്പു വലത്തോട്ടുമാണു കീറേണ്ടതു്. ഇതുപോലെ കട്ടുകളിലെ ഞരമ്പും കീറണം. ഇതുകൂടാതെ പിത്തവൃദ്ധിയിൽ പറഞ്ഞ ചികിത്സയും രക്തവൃദ്ധിയിൽ ചെയ്യാം.

മേദഃകുരണ്ഡം.

മേദഃകുരണ്ഡഃ കഫവച്ച താല-
ഫലോപമസ്തത്ര ഭിഷക് പ്രകുൎയ്യാൽ
വിലേപനം യൽ സുരസാദികം ത-
ദ്വിലോമമംഗുഷ്ഠസിരാം ദഹേദ്വാ. ൨൨

മേദോവൃദ്ധിക്കു കഫവൃദ്ധിയുടെ ലക്ഷണങ്ങൾ ഉണ്ടായിരിക്കും. വൃദ്ധി, പനംകായ്ക്കു സമമായും ഇരിക്കും. അതിന്നു സുരസാദിഗണം അരച്ചുതേക്കുകയോ; പെരുവിരലിന്റെ ഞരമ്പു പൊള്ളിക്കയോ ചെയ്യണം. (വലത്തെ ഞരമ്പ് ഇടത്തോട്ടും ഇടത്തേതു വലത്തോട്ടും ആണു പൊള്ളിക്കേണ്ടതു്)

മൂത്രകുരണ്ഡം.

മൂത്രസ്യ സംധാരണതസ്തു മൂത്ര-
കുരണ്ഡകഃ സോപി ച ഗച്ഛതസ്തു
അദ്ഭിൎദ്ദൃതീവ ക്ഷുഭിതോ മൃദുശ്ച
സമൂത്രകൃച്ഛ്റശ്ച സരുക് ച കോശേ. ൨൩

മൂത്രം വളരെനേരം പിടിച്ചുകൊണ്ടിരിക്കുക നിമിത്തമാണ് മൂത്രവൃദ്ധി ഉണ്ടാകുന്നതു്. മൂത്രവൃദ്ധിയാകട്ടെ നടക്കുന്ന സമയം വെള്ളംനിറഞ്ഞ തോൽതുരുത്തുപോലെ കുലുങ്ങിക്കൊണ്ടും മൃദുവായും ഇരിക്കും. മൂത്രകൃച്ഛ്റവും വൃഷണത്തിൽ വേദനയും ഉണ്ടായിരിക്കുകയും ചെയ്യും.

തച്ചികിത്സ.

വിരേചനദ്രവ്യചയൈഃ സമൂത്രൈഃ
സംസേദ്യ സംവേഷ്ട്യ ച പട്ടവസ്ത്രൈഃ
തതശ്ച വൈ സീവനിപാൎശ്വതോഽധോ
വിദ്ധ്യേച്ച വ്രീഹിമുഖശസ്ത്രകേണ. ൨൪

വിരേചനകരങ്ങളായ പല ദ്രവ്യങ്ങൾ ഗോമൂത്രത്തിലിട്ടു തിളപ്പിച്ച് അതിന്റെ ആവികൊണ്ടു വിയൎപ്പിച്ചതിനുശേഷം പട്ടവസ്ത്രംകൊണ്ടു വൃദ്ധിയെ ബന്ധിച്ചു സീവനി എന്ന ഞരമ്പിന്റെ

പാൎശ്വഭാഗത്തിൽ താഴെയായി വ്രീഹീമുഖം എന്ന ശസ്ത്രംകൊണ്ടു കീറണം. എന്നാൽ മൂത്രവൃദ്ധി ശമിക്കും.

അന്ത്രവൃദ്ധി.

വാതപ്രകോപകരഭോജനതോ നരസ്യ
ശീതാംബുനി കഥചിദപി പ്ലവതോऽവഗാഹാൽ
ഭാരാദ്ധ്വവാഹവിഷമാംഗവിവൎത്തനേഭ്യഃ
ക്ഷുദ്രാന്ത്രജം തദവയവം വ്യഭിതശ്ച വായുഃ. ൨൫

സംക്ഷോഭണൈർദ്വിഗുണിതം സ്വനിവേശതസ്തു
നീത്വാऽധഃ പ്രകുരുതേ യദി വംക്ഷണസ്യ
സന്ധിസ്ഥഗ്രന്ഥിനിഭശോഥമുപേക്ഷ്യമാണോ
മുഷ്കപ്രവൃദ്ധിമരുജം സരുജം തഥൈവ. ൨൬

ആദ്ധ്മാനശൂലേ ഭവതശ്ച തത്ര
സംപീഡ്യമാനഃ സ്വനവൽ പ്രയാതി
പ്രദ്ധ്മാപയന്നേതി പുനശ്ച മുക്ത-
സ്താനോ യഥാപൂൎവ്വമുപൈതി വൃദ്ധിഃ. ൨൭

വാതത്തെ കോപിപ്പിക്കുന്ന ആഹാരങ്ങൾ ഉപയോഗിക്കുക; തണുത്ത വെള്ളത്തിൽ കുളിക്കുക; ചുമടെടുക്കുക; വളരെ വഴിനടക്കുക; സമമല്ലാതെ ശരീരത്തെ ചേഷ്ടിപ്പിക്കുക; ദോഷകോപകരങ്ങളായ മററു പ്രവൃത്തികൾ ചെയ്യുക; ഇവയാൽ വായു കോപിച്ചു ചെറുകുടലിൻെറ ഒരു ഭാഗത്തെ ചുരുക്കി സ്വസ്ഥാനത്തിൽനിന്നും അധോഭാഗത്തിലേക്കാക്കി ഒടിവിൻെറ സന്ധിയിൽ നിന്നിട്ടു മുഴപോലെ നീരിനെ ഉണ്ടാക്കുന്നു. ഇതാണ് അന്ത്രവൃദ്ധി. ഇതിനെ ചികിത്സിക്കാതെ ഉപേക്ഷിച്ചാൽ വേദനയോടുകൂടിയും വേദന ഇല്ലാതെയും ഇരിക്കുന്ന വൃഷണവൃദ്ധിയെ ഉണ്ടാക്കും. ആ വൃഷണവൃദ്ധിയിൽ മേൽവയറുവീൎപ്പു്, ശൂലം ഇവ കാണും. മുഴ കൈകൊണ്ടമൎത്തിയാൽ വായു മൂളിക്കൊണ്ടു അകത്തേക്കു പോകും. കൈ അമൎത്താതെയിരുന്നാൽ വൃഷണം വീൎത്തു പൂൎവ്വസ്ഥിതിയിൽ ആകുകയും ചെയ്യും.

തച്ചികിത്സ.

ഏരണ്ഡതൈലം സ പിബേൽ ബലാഭിഃ
സിദ്ധൈഃ പയോഭിർബഹുധാന്ത്രവൃദ്ധൌ
രാസ്നാമൃതൈരണ്ഡബലാത്രികണ്ട-
യഷ്ട്യാഹ്വവാശാകുലകാംബ്രിഭദ്രൈഃ. ൨൮

കൃതം കഷായം രുബുതൈലമിശ്ര-
മാദ്ധ്മാനശൂലോപചിതം നിഹന്തി
അന്ത്രപ്രവൃദ്ധിം ബഹുധാ നിപീതം
പ്രാതസ്തഥാ സായമലന്തരേണ. ൨൯

കുറുന്തോട്ടിക്കഷായത്തിൽ പാൽചേൎത്തു കാച്ചി ആവണക്കെണ്ണയും കൂട്ടി സേവിക്കുക; അന്ത്രവൃദ്ധി ശമിക്കും. അരത്ത അമൃതു് വെളുത്താവണക്കിൻവേരു കുറുന്തോട്ടിവേരു ഞെരിഞ്ഞിൽ ഇരട്ടിമധുരം ആടലോടകത്തിൻവേരു പടവലത്തിൻവേരു കൊന്നത്തൊലി ഇവ കഷായംവെച്ചു ആവണക്കെണ്ണ മേമ്പൊടിചേൎത്തു സേവിക്കുക; വയറുവീൎപ്പു്, ശൂലം ഇവയോടുകൂടിയ അന്ത്രവൃദ്ധി ശമിക്കും.

ബ്രദ്ധ്നലക്ഷണം.

അഭിഷ്യന്ദിഗുൎവ്വന്നസംസേവനാദ്യൈ-
യദാ സംചിതോ വംക്ഷണസ്ഥശ്ച ദോഷഃ
തദാ ഗ്രന്ഥിവച്ഛോഥമേതൽ ജ്വരേണ
സ ശൂലാംഗസാദം തു ബ്രദ്ധ്നം വദന്തി. ൩൦

കഫസ്രുതികാരിയും ഗുരുവും ആയ അന്നത്തെ ശീലിക്കകൊണ്ടു് വൎദ്ധിച്ചതായ ദോഷം ഒടിയിൽ സ്ഥിതിചെയ്തിട്ടു് ജ്വരം, ശൂലം, ശരീരത്തിനു തളൎച്ച ഇവയോടുകൂടി നീരിനെ ഉണ്ടാക്കുന്നു. ഇതിനെ ബ്രദ്ധ്നരോഗം എന്നു പറയുന്നു.

തച്ചികിത്സ.

കല്ക്കോऽഭയായാശ്ച രുബൂകതൈല-
ഭൃഷ്ടഃ കണാസൈന്ധവമിശ്രിതശ്ച
ഭുക്തഃ പ്രഭാതേ വിനിഹന്തി ബ്രദ്ധ്നം
വായുസ്തഥാ മോഹചയം നഭസ്ഥം. ൩൧

കടുക്കാത്തോടു് അരച്ചു് ആവണക്കെണ്ണയിൽ വറുത്തു തിപ്പലിയും ഇന്തുപ്പുംകൂടി പൊടിച്ചു ചേൎത്തു പ്രഭാതത്തിൽ സേവിക്കുക; വായുവിൻെറ ശക്തിയാൽ മേഘങ്ങൾ പറന്നുപോകുന്നപോലെ ബ്രദ്ധ്നരോഗം ശമിക്കും.

ബ്രദ്ധ്നരോഗത്തിനു പ്രലേപം.

ജീരകകുഷ്ഠഹപുഷാദളപിഷ്ടം
കാഞ്ജികേന ബഹുധാ പരിലിപ്തം
ബ്രദ്ധ്നമാശു വിനിഹന്തി വിശേഷാ-
ല്ലേപമത്ര വരവൈദ്യഗണോക്തം. ൩൨

ജീരകം കൊട്ടം അടയ്ക്കാമണിയൻ പച്ചില ഇവ കാടിയി
അരച്ചു പല പ്രാവശ്യം തേക്കുക; ബ്രദ്ധ്നരോഗം ശമിക്കും.

വൃദ്ധിയിലെ ഉപദ്രവങ്ങൾ.

ദാഹോഽങ്ഗസാദജ്വരമോഹകണ്ഡു-
ശൂലാതിസാരാദ്യവിപാകതാ ച
സ്ഫോടാ ഹ്യുദാവൎത്തഗദസ്തഥൈവ
വൃദ്ധേരിഹോപദ്രവസംഘ ഉക്തഃ. ൩൩

ദേഹത്തിനു ചൂട്, ശരീരത്തിനു തളൎച്ച, ജ്വരം, മോഹാ
സ്യം, ചൊറിച്ചിൽ, ശൂലം, അതിസാരം, പാകംവരായ്ക, പൊള്ള
ഉദാവൎത്തം ഇവ വൃദ്ധിയിലെ ഉപദ്രവങ്ങളാകുന്നു.

അസാദ്ധ്യലക്ഷണം.

സ്യാദന്ത്രവൃദ്ധിഃ ഖലു മുഷ്കയോശ്ച
വായോശ്ച വൈ സഞ്ചയതോ നരസ്യ
സംശ്ലിഷ്ടയോൎവാതസമാകൃതിശ്ച
സാസാദ്ധ്യവൃദ്ധിഃ കഥിതാദ്യവൈദ്യൈഃ. ൩൪

അന്ത്രവൃദ്ധി, വൃഷണങ്ങളിൽ ഉണ്ടാകുന്ന വൃദ്ധി, വായുവി
ൻെറ വൎദ്ധനകൊണ്ടുണ്ടാകുന്ന വൃദ്ധി, ഈരണ്ടുദോഷങ്ങൾ കോ
പിച്ചുണ്ടാകുന്ന വൃദ്ധി, വാതസമാകൃതിയായ വൃദ്ധി ഇവയെല്ലാ
അസാദ്ധ്യങ്ങളാകുന്നു.

വൃദ്ധി വിട്ടുമാറിയാലുള്ള ലക്ഷണം.

ശോഫസംസ്തരണം കോശേ സൎവ്വോപദ്രവവൎജ്ജിതം
പീഡിതേഽപി ന പീഡാ സ്യാദ് ഗതവൃദ്ധേശ്ച ലക്ഷണം.

വൃഷണത്തിൽ ഉള്ള നീര് ഇല്ലാതാകുക, സകല ഉപദ്രവങ്ങ
ളും ശമിക്കുക, ഞെക്കിയാൽ വേദന ഇല്ലാതിരിക്കുക, ഇവ വൃദ്ധി
വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

കൃതാ ചികിത്സാക്രമകല്പവല്ലീ
ശ്രീതാതപാദാബ്ജ സമാജ്ഞയൈവ
ശ്രീകാശിനാഥേന ഹി തസ്യ തസ്യാം
വൃദ്ധേശ്ചികിത്സാസ്തബകഃ സമാപ്തഃ.

ശ്രീമാനായ താതൻെറ ആജ്ഞയാൽ ശ്രീകാശീനാഥൻ ചി
കിത്സാക്രമകല്പവല്ലി നിൎമ്മിച്ചു. ആ കാശിനാഥൻെറ കൃതിയായ
ആ ഗ്രന്ഥത്തിൽ വൃദ്ധ്യധികാരം എന്ന സ്തബകം സമാപ്തമായി.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
വൃദ്ധ്യധികാരം എന്ന ൩൨-ാം സ്തബകം കഴിഞ്ഞു.

അഥ ത്രയസ്ത്രിംശ സ്തബകഃ.

ഗളഗണ്ഡാധികാരഃ.

നരേന്ദ്രമൌലിം ഗിരിശേന്ദുമുഗ്രം
ഗുരും സ്വതാതം ച പ്രണമ്യ സമ്യക്
വിലോക്യ വൈദ്യാഗമമാപ്തവാക്യാൽ
കുൎവ്വേ ചികിത്സാം ഗളഗണ്ഡകാനാം. ൧

ചന്ദ്രചൂഡനും പാൎവ്വതീകാന്തനും ആയ പരമശിവനെയും
സ്വപിതാവായ ഗുരുവിനേയും നമസ്കരിച്ച് വൈദ്യശാസ്ത്രത്തെയും
പരിശോധിച്ച് ആപ്തവാക്യമനുസരിച്ചു ഗളഗണ്ഡരോഗങ്ങളുടെ
ചികിത്സയെ കാശിനാഥനായ ഞാൻ പറയാൻ പോകുന്നു.

ഗളഗണ്ഡനിദാനം.

ദുഷ്ടൌ യദാ വാതകഫൌ ഗളസ്ഥൌ
മേദോന്തരസ്ഥൌ ഗളഗണ്ഡരോഗം
വിശേഷതഃ സംകുരുതേ സ...
മാലംബമാനം ഗളദേശതോഽധഃ. ൨

വാതകഫങ്ങളും മേദസ്സും ദുഷിച്ചു കഴുത്തിൽ സ്ഥിതിചെയ്തി
ട്ട് കഴുത്തിലും കഴുത്തിൻെറ പിൻഭാഗത്തുള്ള ഞരമ്പുകളിലും നീരി
നെ ഉണ്ടാക്കുന്നു. ഇതാണ് ഗളഗണ്ഡം ... ഗളഗ
ണ്ഡം കഴുത്തിൽനിന്നും കീഴ്പ്പോട്ടു ...ങ്ങിയാൽ രോഗത്തി
ൻെറ ലക്ഷണത്തെ ചെയ്കയും ചെയ്യും.

ഗളഗണ്ഡപൂൎവ്വരൂപം.

ആയമ്യ കണ്ഠസ്യ സിരാഃ സമസ്താ
വായുഃ കഫേനാനുഗതഃ സപീഡഃ
ആനാമപൂൎവ്വം തു ഗളസ്യ കുൎയ്യാദ്-
ഭവിഷ്യതി ദ്രാഗ്ഗളഗണ്ഡരോഗേ. ൩

വായു, കഫത്തോടുചേൎന്ന് വേദനയെ ഉണ്ടാക്കീട്ട് കഴുത്തി
ൻെറ സകല ഞരമ്പുകളെയും വലിച്ചു കുറുക്കി ഗളഗണ്ഡത്തെ ഉ
ണ്ടാക്കുന്നു. ഇതാണ് ഗളഗണ്ഡത്തിൻെറ പൂൎവ്വരൂപം.

ഗളഗണ്ഡത്തിൻെറ ലക്ഷണം.

ഹ്രസ്വോ മഹാൻ വാ യദി കണ്ഠദേശേ
മുഷ്കേ ച ശോഫഃ പ്രതിലംബതേ യഃ

തമാദിശന്തി പ്രഥിതം പുരാണാഃ
ശ്രീസുശ്രുതാദ്യാ ഗളഗണ്ഡരോഗം. ൪

കഴുത്തിൽ ചെറുതായോ വലുതായോ ഇരിക്കുന്ന നീര് വൃഷണത്തിന്റേതുപോലെ തൂങ്ങിക്കിടക്കും. അതിനെ പുരാണന്മാരായ സുശ്രുതാദികൾ ഗളഗണ്ഡരോഗം എന്നു പറയുന്നു.

ഗളഗണ്ഡത്തിൽ ശീലിക്കേണ്ടവ.

യവമുദ്ഗപടോലകാനി രൂക്ഷ-
മശനം വൈദ്യമഹീപവർണ്ണിതം
വമനം രുധിരസ്രുതിം തഥാ വാ
ഗളഗണ്ഡേ പ്രഥമം തു കാരയേദ്ധി. ൫

യവം ചെറുപയറു പടവലങ്ങ രൂക്ഷമായ ഭക്ഷണം ഇവ ഗളഗണ്ഡത്തിൽ പത്ഥ്യമാണ്. ഗളഗണ്ഡത്തിൽ ആദ്യമായി ഛർദ്ദിപ്പിക്കുക, രക്തം സ്രവിപ്പിക്കുക, ഈ ക്രിയകൾ ചെയ്യാം.

ഗളഗണ്ഡചികിത്സ. (ലേപനം)

സിദ്ധാർത്ഥശിഗ്രുശണബീജയവാതസീനാം
തക്രാമ്ലപിഷ്ടമപി മൂലകബീജയുക്തം
ആലേപനം ച ഗളഗണ്ഡമഥോപി കണ്ഠ-
മാലാം ജയേച്ച ചിരജാമപി ഗ്രന്ഥിമുഗ്രാം. ൬

കടുക് മുരിങ്ങയരി ചണംപയറ് യവം അകത്തി മൂലവരിയുടെ അരി ഇവയെല്ലാംകൂടി പുളിച്ച മോരിൽ അരച്ചു തേച്ചാൽ ഗളഗണ്ഡം, കണ്ഠമാലാ, പഴകിയ ഗ്രന്ഥി ഇവ ശമിക്കും.

രക്ഷോഘ്നതൈലേന ച വാരികുംഭീ-
ഭസ്മാവലേപാദ് ഗളഗണ്ഡരോഗഃ
ശ്വേതാപരാദ്യാജിതമൂലഹവ്യ-
പാനാദപിനംക്ഷ്യന്ത്യഥവാപി തദ്വൽ. ൭

കുടംപായലിന്റെ ഭസ്മം കടുകെണ്ണയിൽ കുഴച്ചു തേക്കുകയോ വെളുത്ത ശംഖുപുഷ്പത്തിന്റെ വേരരച്ചു നെയ്യിൽ സേവിക്കുകയോ ചെയ്താൽ ഗളഗണ്ഡം ശമിക്കും.

തിക്താലാബുഫലാന്തരാള ഉഷിതം നീരം പിബേൽ പത്ഥ്യഭുഗ്
ദത്വാ വാ ഗളഗണ്ഡകേ ബഹുതരാന്യാശു പ്രഛന്നാന്യലം
പിഷ്ട്വാ തത്ര ച ലേപയേൽ ബഹുതരം ഗോപാലികാനാം പലം
സദ്യോ വൈ ഗളഗണ്ഡനാശനകരം യോഗദ്വയം സർവ്വദാ. ൮

കയ്പൻചുരയ്ക്കായുടെ അകത്ത് വെള്ളം ഒഴിച്ച് ഏഴു

ദിവസം വച്ചിരുന്നതിനുശേഷം കുടിക്കുക; പലവിധത്തിൽ രക്തം കുത്തിക്കളയുക; നറുനീണ്ടി അരച്ചുതേക്കുക; ഈ രണ്ടുയോഗവും ഗളഗണ്ഡത്തെ നശിപ്പിക്കും.

പട്ടം നീരകുംഭ്യാഃ കണാചൂർണ്ണയുക്തം
പ്രഭാതേ പ്രസക്തം ച ഗണ്ഡാപഹാരീ. ൯

കുടംപായൽ ഭസ്മമാക്കി അതും തിപ്പലിപ്പൊടിയുംകൂടി രാവിലെ സേവിക്കുക; ഗളഗണ്ഡം ശമിക്കും.

അന്യയോഗം.

താമ്രതാപ്യവിമലാശിവവീര്യ-
ത്ര്യൂഷണോത്ഭവസുഖോഷ്ണവിലേപാൽ
സൈന്ധവേന ച ഗവാം ജലപിഷ്ടാൽ
ഗണ്ഡഗ്രന്ഥിശമനം ത്രിദിനാച്ച. ൧൦

ശുദ്ധിചെയ്ത താമ്രം മാക്കീരക്കല്ല് ചമ്മലന്ത രസം ചുക്കു മുളകു തിപ്പലി ഇന്തുപ്പ് ഇവ ഗോമൂത്രത്തിൽ അരച്ചുതിളപ്പിച്ച് ചെറുചൂടെ മൂന്നുദിവസം തേക്കുക; ഗളഗ്രന്ഥി ശമിക്കും.

വിഷമുഷ്ടിജഗച്ഛ്രിവാവടീ മധുനാ കഷ്മിതാ മുഖസ്ഥിതാ
അപി സപ്തദിനാനി ഗണ്ഡരോഗം ശമയത്യത്ര ന ചിത്രമസ്തി കിഞ്ചിൽ. ൧൧

മലങ്കാര ചുക്ക് കട്ടക്കാരത്തൊട്ടു ഇവ അരച്ചു വടകമാക്കി മൂന്നു കഴഞ്ചുവീതം ഏഴുദിവസം സേവിക്കുക; ഗണ്ഡരോഗം ശമിക്കും.

വേറൊരു യോഗം.

വരാഹപുച്ഛാഗ്രമലം പ്രദഗ്ദ്ധം
നിധായ തൈലേന സമം പ്രലേപം
ചിരസ്യ ഗണ്ഡസ്യ ഗളാദികസ്യ
സദ്യഃ പ്രണാശായ വദന്തി വൈദ്യാഃ. ൧൨

പന്നിയുടെ വാലിന്റെ അററം കരിച്ചു തൈലത്തിൽ കുഴച്ചു തേക്കുക; പഴകിയ ഗളഗണ്ഡവും തൽക്ഷണം ശമിക്കും.

വാതജഗളഗണ്ഡം.

പ്രഭഞ്ജനാൽ കൃഷ്ണസിരാവബദ്ധഃ
ശ്യാവോഽരുണസ്തോദയുതഃ കഠോരഃ
യദൃച്ഛയാ പാകമുപൈതി കാലേ
ചിരാൽ പ്രവൃദ്ധോ നചിരാൽ പ്രപാകീ. ൧൩

കറുത്ത ഞരമ്പുകളാൽ വ്യാപിച്ചിരിക്കുക; കുരുവാളിച്ചും ചുവ

ന്നം ഇരിക്കുക; കുത്തിനോവു്, കഠോരതാം, വളരെക്കാലംകൊണ്ടു വൎദ്ധിക്കുക; വളരെക്കാലംകൊണ്ടും പഴുക്കാതിരിക്കുക; യദൃച്ഛയാൽ ചില സമയം പഴുക്കുക; ഇവ വാതഗണ്ഡത്തിന്റെ ലക്ഷണമാണു്.

ഗണ്ഡമാലാ ചലഗണ്ഡകാപചിഭ്യോ
യദി മാംസക്ഷയതോല്പമാംസദേഹഃ
സുരതഃ സ്ത്രീഷു ച കണ്ഠതാലുശോഷോ
ലഭതേƽതോ ബഹുധാ സ്ത്രിയം ന ഗച്ഛേൽ. ൧൪

ഗണ്ഡമാലയാൽ അപചി എന്ന ഒരു രോഗമുണ്ടാകാനിടയുണ്ടു്. അങ്ങനെ അപചി ഉണ്ടായാൽ മാംസക്ഷയം, ദേഹത്തിൽ മാംസം കുറഞ്ഞിരിക്കുക ഇവയുണ്ടാകും. ഗളഗണ്ഡമുള്ളവൻ സ്ത്രീസക്തനായിത്തീൎന്നാൽ താലുശോഷം (അണ്ണാക്കു വരളുക) ഉണ്ടാകും. അതുകൊണ്ടു് ഗളഗണ്ഡരോഗി സ്ത്രീസംഗം വൎജ്ജിക്കണം.

തച്ചികിത്സ.

സമീരജാതം ഗളഗണ്ഡരോഗം
സമീരണഘ്നൌഷധിയോഗവിദ്വാൻ
പ്രസാദ്ധ്യ പശ്ചാദചിരേണ ചാസ്യ
യനോ ഭവേൽ ചികിത്സാമപരാം ബ്രവീമി. ൧൫

വാതജമായ ഗളഗണ്ഡരോഗത്തെ വാതഹരങ്ങളായ മരുന്നുകൾ ഇട്ടു തിളപ്പിച്ച വെള്ളംകൊണ്ടു വിയൎപ്പിച്ചു് ശമിപ്പിക്കണം. അങ്ങനെ ശമിപ്പിപ്പതിൽ മറു ചികിത്സയെയും പറയുന്നു.

വിഡംഗാഗ്രാരാസ്നാസുരതരുയവക്ഷാരപടുഭിർ-
യവൈസ്ത്രീക്ഷ്താലാരവാഃ കടുകവരതൈലം ച വിപചേൽ
പ്രഭുക്തസ്തദ്രവ്യം ഹരതി നിതരാം ഗണ്ഡമസകൃൽ
തഥാ നസ്യം തസ്യ പ്രബലഗളഗണ്ഡം വിജയതേ. ൧൬

വിഴാലരി വയമ്പു് അരത്ത ദേവതാരം ചവൎക്കാരം ഇന്തുപ്പു് യവം കൈപ്പൻകോവ ഇവ കല്ക്കമായി കടുകെണ്ണ പാകംചെയ്തു് സേവിക്കുക; ഗളഗണ്ഡം ശമിക്കും.

കക്കാരുകസ്യ ജരഠസ്യ രസം വിധേന
സിന്ധൂദ്ഭവേന പടുനാ കില തസ്യ യോഗാൽ
സദ്യോ നിഹന്തി ഗളഗണ്ഡരുജം ഹി വാതോ-
ദ്ഭൂതം സമസ്തഭിഷജസ്തു വദന്തി നിത്യം. ൧൭

മൂത്ത കുമ്പളങ്ങയുടെ നീരെടുത്തു് അതിൽ വിളയുപ്പും ഇന്തുപ്പുംകൂടി ചേൎത്തു സേവിക്കുക; ഗളഗണ്ഡം ശമിക്കും.

കഫജഗളഗണ്ഡം.

സ്ഥിരഃ ശുക്ലവൎണ്ണോ ƽതിഗണ്ഡു...
ഗുരുഃ ശീതസ്പൎശോ ... കഫോത്ഥഃ
ചിരാദ്വൃദ്ധിമാൻ ... പാകമേതി
കദാചിദ്ഭവേന്മന്ദപീഡസ്തു ഗണ്ഡഃ. ൧൮

ഭവേത്തേന മാധുൎയ്യമാസ്യേ തഥൈവ
തതോ താലുകണ്ഠേ പ്രലേപം കഫേന

ഉറപ്പു്, വെളുത്തനിറം, വളരെ ചൊറിച്ചിൽ, ഗുരുത്വം, തണുപ്പു്, വലുതായിരിക്കുക; വളരെക്കാലംകൊണ്ടു വൎദ്ധിക്കുക; വളരെക്കാലംകൊണ്ടു പഴുക്കുക; ചിലപ്പോൾ വേദന കുറഞ്ഞിരിക്കുക; വായ് മധുരിക്കുക; അണ്ണാക്കിലും ... കഫം പറ്റിയിരിക്കുക; ഇവ കഫഗളഗണ്ഡത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ.

ദപിപാദ്യശ്രുതിർബ്രഹ്മമൂലേന ലേപ്യാ
തതസ്തണ്ഡുലാനാം ച നീരേ പ്രപിഷ്ടാ. ൧൯

മാറാമ്പിൻകിഴങ്ങു് ബ്രഹ്മദണ്ഡിമൂലം ഇവ ... അരച്ചുതേക്കുക; കഫഗളഗണ്ഡം ശമിക്കും.

ശസ്ത്രക്രിയ.

ജിഹ്വായാഃ ... ധമനിരാഃ
പ്രോക്താസ്താ ...-
സ്താസാം മൂലസിരേ ...
ഹരിദ്രാഭ്യാം ...
തദാ ബഡിശേന ... മാൻ
ദൎഭാസ്യകേന ...
രക്തേ ചാപി ... ഗളഗണ്ഡക്രമേണ
ദദ്യാദ്വ്രണേ വൈദ്യരാട്ടു്. ൨൦

അനഭിഷ്യന്ദിഭോജ്യാനി ... യൂഷമേവ ച
ദേയാന്യസ്യൈ ച ... ഗളഗണ്ഡസ്യ ശാന്തയേ.

നാക്കിന്റെ ഇരുപുറത്തും കീഴ്ഭാഗത്തായി പത്തു ഞരമ്പുകൾ ഉണ്ടു്. ആ ഞരമ്പുകളിൽ കറുത്ത നിറത്തിലുള്ള രണ്ടു മൂല ഞരമ്പുകളെ പതുക്കെ ... ചൂണ്ടൽപോലെയിരിക്കുന്ന ശസ്ത്രംകൊണ്ടോ പിടിച്ചു് കുശപത്രശസ്ത്രംകൊണ്ടു മുറിക്കണം. രക്തം പോയിക്കഴിഞ്ഞാൽ ശൎക്കരയും ഇഞ്ചിനീരുംകൂട്ടി വ്രണത്തിൽ ഒഴിക്കണം. കഫസ്രുതിയെ ഉണ്ടാക്കാത്ത ഭോജ്യങ്ങളും മു

തിരച്ചാറും രോഗിക്കു കൊടുക്കാം. എന്നാൽ കഫജമായ ഗളഗണ്ഡം ശമിക്കും.

മേദോജാതമായ ഗളഗണ്ഡം.

മേദോദ്ഭവഃ സ്നിഗ്ദ്ധമൃദുശ്ച പാണ്ഡു-
രനിഷ്ടഗന്ധോऽല്പരുജസ്തു തദ്വൽ
അലാബുവൽ ലംബതി ദേഹതുല്യ-
വൃദ്ധിക്ഷയാഭ്യാം സഹിതഃ കദാചിൽ. ൨൨

മിനുസമായും മൃദുവായും വെളുത്തും ദുർഗ്ഗന്ധത്തോടുകൂടിയും വേദന കുറഞ്ഞും ഇരിക്കുന്നതും ചുരയ്ക്കാപോലെ തൂങ്ങിക്കിടക്കുന്നതും മേദോജാതമായ ഗളഗണ്ഡമാണ്. അതു ദേഹം വണ്ണിച്ചിരിക്കുമ്പോൾ വർദ്ധിക്കയും ചെയ്യും.

സ്നിഗ്ദ്ധാസ്യതാ തത്ര ഭവേച്ച തസ്യ
ശബ്ദം പ്രകുര്യാച്ച ഗളേന നിത്യം
കണ്ഠദ്വയാത്തസ്യ ബഹിസ്തു സന്ധാ-
വഭ്യാശമദ്ധ്യസ്ഥിതരാമനാഡ്യഃ.
താശ്ചോപരിഷ്ടാദ്ഭിഷഗത്ര ഛിന്ദ്യാ-
ന്മേദോദ്ഭവേ വൈ ഗളഗണ്ഡരോഗേ. ൨൩

മേദോജാതമായ ഗളഗണ്ഡത്തിനു മുൻപറഞ്ഞ ലക്ഷണങ്ങൾകൂടാതെ മുഖത്തിന്നു സ്നിഗ്ദ്ധതയും സംസാരിക്കുന്നതിനനുസരിച്ചു കണ്ഠത്തിൽനിന്നു ശബ്ദം ഉണ്ടാകുകയും ചെയ്യും.

ശസ്ത്രക്രിയ.

രണ്ടു ചെവിയുടെയും ബഹിർഭാഗത്തുള്ള സന്ധിയുടെ അടുത്തു നടുക്കുള്ള മൂന്നു ഞരമ്പുകളെ മുറിക്കണം. എന്നാൽ മേദോജാതമായ ഗളഗണ്ഡം ശമിക്കും.

മഹിഷീജലമിശ്രിതം ഘടേ തു
സ്ഥിതമേവാത്ര വിമുച്യ ലോഹകിട്ടം
അപി മാസദിനാനി വഹ്നിഗം ച
മധുനാ ലേഹ്യമലം ഗളാദിഗണ്ഡേ. ൨൪

ഇരുമ്പിൻകിട്ടം ഒരു കുടത്തിൽ ഇട്ടു എരുമമൂത്രവും ഒഴിച്ച് ഒരു മാസക്കാലം വച്ചിരുന്നു അഗ്നിയിൽ ശുദ്ധിചെയ്തു (ഇരുമ്പിൻകിട്ടം ഒലയിൽവച്ചു പഴുപ്പിച്ചു എരുമമൂത്രത്തിൽ പലപ്രാവശ്യം ഇട്ടു പൊടിയാക്കി) തേൻകൂട്ടി സേവിക്കുക; ഗളഗണ്ഡം ശമിക്കും.

ഗണ്ഡമാല.

ധാത്രീകർക്കന്ധുകോലപ്രതിമബഹുതരൈ-
ശ്ചാപി ഗണ്ഡൈസ്തു കക്ഷ-
ഗ്രീവാമന്യാസു വക്ഷസ്യപി ച യദി തദാ
ശ്ലേഷ്മണാ മേദസാത്ര
പ്രോക്താ സാ കണ്ഠമാലാ ചിരതരസമയാ-
ന്മന്ദപാകൈരഥാന്യാ
തദ്വൽ സവ്യേऽപസവ്യേ പ്രഭവതി നിതരാ-
മേകതശ്ചാപചീവ. ൨൫

കഫവും മേദസ്സുംകൂടി കലന്നു നെല്ലിക്ക ഞാറപ്പഴം ലന്തക്കുരു ഇവയുടെ ആകൃതിയിൽ കക്ഷം കഴുത്തു പിൻകഴുത്തു നെഞ്ചു ഈ സ്ഥാനങ്ങളിൽ വളരെ മുഴകൾ ഉണ്ടാകും. അവ വളരെക്കാലംകൊണ്ടേ പഴുക്കുകയുള്ളൂ. ഇതിനെ ഗണ്ഡമാല എന്നു പറയുന്നു. മാലപോലെ മുഴകൾ ഉണ്ടാകുന്നതുകൊണ്ടാണ് ഇതിനു ഗണ്ഡമാല എന്ന പേർ സിദ്ധിച്ചതു. ഇതുകൂടാതെ ഗണ്ഡമാലയ്ക്കു അപചിയെപ്പോലെ വലത്തുഭാഗത്തും ഇടത്തുഭാഗത്തും മുഴകൾ ഉണ്ടാകുകയും ചെയ്യും.

ഗണ്ഡമാലാചികിത്സ.

മാക്ഷികേണ വരുണസ്യ ജടായാ
ശുണ്ഠികാശ്രുതകഷായമലം യഃ
നിത്യമേവ തു പിബേൽ ഖലു സോऽയം
ഗണ്ഡകാദിതജരോऽപി വിമുച്യേൽ. ൨൬

നീർമരുതിൻവേരു ചുക്കു ഇവ കഷായംവച്ചു തേൻ മേമ്പൊടിചേർത്തു നിത്യം സേവിക്കുക; ഗണ്ഡമാല ശമിക്കും.

അന്യയോഗം.

പലം വാ പലാർദ്ധം തദർദ്ധം കാഞ്ചനാരം
പിബേൽ തണ്ഡുലാനാം ജലൈർന്നിത്യമേവ
ജയേൽ കണ്ഠമാലാം പ്രഭാതേ മനുഷ്യോ
ഹിതാശീ സമാശീ സദാശീ സദൈവ. ൨൭

വലിയ മലയകത്തിയുടെ തൊലി ഒരു പലമോ അരപ്പലമോ എടുത്തു കാടിയിൽ അരച്ചു സേവിക്കുക; ഇങ്ങനെ മുടങ്ങാതെ ഒരു സംവത്സരം പത്ഥ്യഭോജിയായി ശീലിച്ചാൽ ഗണ്ഡമാല നിശ്ചയമായും ശമിക്കും.

കാഞ്ചനാരഗുഗ്ഗുലു.

ത്രിഫലാപലസാൎദ്ധകം പലം
ത്രികടുവാരുണമക്ഷകം തഥാ
ത്രിസുഗന്ധിമിഹ ത്രിടങ്കകം
പരിപേഷ്യാഖിലചൂൎണ്ണസമ്മിതം. ൨൮

പുരമാശു വിമിശ്ര്യ പിണ്ഡമേകം
ഗുഡികാശ്ശാണമിതാശ്ച തസ്യ കൃത്വാ
പരിഭുജ്യ ച മുണ്ഡിനീകഷായൈർ-
ഗളമാലാഗളഗണ്ഡകാപചീംശ്ച. ൨൯

വ്രണഗുല്മഭഗന്ദരാസ്രവാതാൻ
ഖദിരസ്യാപി കഷായപാനകൈർവ്വാ
അപി ഹന്തി ശിവാകഷായപീതാ
ബഹുഗ്രന്ഥീനപകുഷ്ഠകുഷ്ഠരോഗാൻ. ൩൦

ത്രിഫല അരപ്പലം; ചുക്ക മുളക തിപ്പലി ഒരുപലം; നീർമരുതിൻതൊലി ൩ കഴഞ്ചു്, ഏലം ഇലവംഗം പച്ചില ഇവ മുക്കാലിക്കഴഞ്ചുവീതം. എല്ലാം കൂടിയിടത്തോളവും ശുദ്ധിചെയ്ത ഗുഗ്ഗുലു; ഇവ ഒന്നിച്ചരച്ചു മുക്കാൽ കഴഞ്ചുവീതം ഗുളിക ഉരുട്ടി സേവിക്കുക; ശ്രാവണിക്കഷായമോ കരിങ്ങാലിക്കഷായമോ കടുക്കാക്കഷായമോ അനുപാനമായി ഉപയോഗിക്കയുംവേണം. ഗണ്ഡമാല, ഗളഗണ്ഡം, വ്രണം, ഗുല്മം മുതലായ രോഗങ്ങൾ ശമിക്കും.

ചക്രമർദ്ദകതൈലം.

ചക്രമർദ്ദകജടാഭവകല്കൈർ-
ഭൃംഗരാജജജലേന സമേതൈഃ
തൈലമാശു കടുകം തു വിപക്വം
കാമിനീശിരവിഭൂഷണയുക്തം. ൩൧

ഗുഞ്ജാതൈലം.

തൈലമേതദപഹന്തി വിശേഷാദ്
ഗണ്ഡരോഗമപി നിത്യവിലേപാൽ
കൃഷ്ണലാഭവജടാഫലതൈലം
നീരഭാഗയുഗളേന വിപക്വം. ൩൨

നസ്യമർദ്ദനവിധിപ്രയോഗാൽ
പൂൎവ്വവച്ച ഗുണകാരി വിശിഷ്ടം
യോഗയുഗ്മമുദിതം വരവൈദ്യൈഃ
പത്ഥ്യകത്രയവരേണ സമാനം. ൩൩

ചക്രമർദ്ദകതൈലം.

നാഴിരട്ടി കയ്യോന്നിനീരിൽ തകരവേരു കല്കമായി വരവും ചേൎത്തു് കടുകെണ്ണ കാച്ചിയെടുത്തു് നിത്യവും തേക്കുക; ഗണ്ഡരോഗം ശമിക്കും.

ഗുഞ്ജാതൈലം.

രണ്ടിരട്ടി വെള്ളത്തിൽ കുന്നിവേരു അരച്ചുചേൎത്തു് എണ്ണ കാച്ചി നസ്യമോ മർദ്ദനമോ ചെയ്യുക; ഗണ്ഡമാല ശമിക്കും.

അപചീലക്ഷണം.

യേ ഗ്രന്ഥയഃ പൂൎവ്വവിപാകമാപ്താഃ
സ്രവന്തി നശ്യന്ത്യപരേ ഭവന്തി
തഥാ തഥാ ചൈവ തഥാ തഥൈവ
സൈവാപചീ സ്യാദ് ബഹുദുഃഖസാദ്ധ്യാ. ൧൨

മുൻപറയപ്പെട്ട മുഴകളിൽ ചിലതു പഴുത്തൊലിക്കയും ചിലതു് ഉണങ്ങുകയും ചിലതു പിന്നീട്ടുണ്ടാകയും ഇങ്ങനെ മുഴകൾ വളരെക്കാലം വിട്ടുപോകാതെനിന്നാൽ അതിനെ അപചി എന്നു പറയുന്നു.

അപചിചികിത്സ.

ചന്ദനതൈലം.

തൈലം ചന്ദനരോഹിണീസമഗ്രം പയസ്യാപാചാദിർത്തം
ലാക്ഷാഭിസ്സഹിതം ച പീതമസകൃൽ സിദ്ധം ജയേച്ചാപചീം
ദേവദാരൂഷവിഡംഗസൈന്ധവശൃതം കാഥേന നാകസ്യ വാ
നസ്യാച്ചാപി നിഹന്തി തൈലമസകൃൽ ദുഷ്ടാം സഹസ്രാമപി.

ചന്ദനം കടുകരോഹിണി കടുക്കാത്തോട്ട് വയമ്പു് കോലരക്ക് ഇവ കല്കമായി എണ്ണകാച്ചി സേവിക്കുക. അപചി ശമിക്കും.

വ്യോഷതൈലം.

ചുക്ക മുളക തിപ്പലി വിഴാലരി കൊടിത്തൂവ ഇന്തുപ്പ് ദേവതാരം ഇവ കല്കമായി പകത്തിൽ കാച്ചി അരിച്ചു് നസ്യം ചെയ്യുകയോ തേച്ചുകുളിക്കുകയോ ചെയ്താൽ ദുഷ്ടവും സഹസ്രവും ആയ അപചി നിശ്ചയമായും ശമിക്കും.

ഗ്രന്ഥിലക്ഷണം.

മാംസം സരക്തം ച തഥൈവ മേദഃ
സിരാശ്ച സംദൂഷ്യ പ്രഭഞ്ജനാദ്യാഃ
വൃത്തോന്നതം വൈ ഗ്രഥിതം വിശേഷാ-
ച്ഛോഥം പ്രകുൎവ്വന്ത്യഥ ഗ്രന്ഥിരേഷഃ. ൧൩

വാതാദിദോഷങ്ങൾ മാംസം രക്തം മേദസ്സ് ഇവയെയും ഞരമ്പുകളെയും ദൂഷിപ്പിച്ച് വൃത്തമായും ഉയൎന്നും ഉറപ്പോടുകൂടിയും ഇരിക്കുന്ന നീരിനെ ഉണ്ടാക്കുന്നു. ഇതാണ് ഗ്രന്ഥി.

ഗ്രന്ഥിചികിത്സ.

സസൎജ്ജികോ മൂലകസംഭവശ്ച
ക്ഷാരഃ സുശംഖസ്യ ച ചൂൎണ്ണയുക്തഃ
പ്രലേപനാദ് ഗ്രന്ഥിമലം നിഹന്തി
തഥാൎബ്ബുദം ചാപി വിനിശ്ചയേന. ൩൬

ചവക്കാരവും മൂലവരിക്കിഴങ്ങിന്റെ ക്ഷാരവും ശംഖിൻപൊടിയുംകൂടി അരച്ചുതേച്ചാൽ ഗ്രന്ഥിയും അൎബ്ബുദവും ശമിക്കും.

വാതഗ്രന്ഥിലക്ഷണം.

ആയമ്യതേ വൃശ്ച്യതി തുദ്യതേ ച
പ്രത്യസ്യതേ മഥ്യതി ഭിദ്യതേ ച
കൃഷ്ണോ മൃദുൎവസ്തിരിവാതതശ്ച
ഭിന്നഃ സ്രവേച്ചാനിലജോഽസ്രമച്ഛം. ൩൭

വലിച്ചു നീട്ടുന്നതുപോലെയും മുറിക്കുന്നതുപോലെയും കുത്തിനോവുന്നതുപോലെയും കോപിക്കുന്നതുപോലെയും മഥിക്കുന്നപോലെയും പിളരുന്നതുപോലെയും തോന്നുക; കറുത്തും മൃദുവായും ഇരിക്കുക; വസ്തിപോലെ നിറന്നിരിക്കുക; പൊട്ടിയാൽ തെളിഞ്ഞ രക്തം സ്രവിക്കുക; ഇവയെല്ലാം വാതഗ്രന്ഥിയുടെ ലക്ഷണമാണ്.

തച്ചികിത്സ.

ഹിംസ്രാമൃതാ രോഹിണികാ സഭാൎങ്ഗീ
ശ്യോനാകകൃഷ്ണാഗരുകൃഷ്ണഗന്ധാഃ
വിലേപനാചിതാ താലദളേന ഹന്തി
ഗോമൂത്രലേപേന ച വാതഗ്രന്ഥിം. ൩൮

മാഞ്ചി അമൃത് കടുകരോഹിണി ചെറുതേക്ക് ചോനകപ്പുല്ല് കാരകിൽ കരിമുരിങ്ങത്തൊലി കൂവളത്തിൻവേര് നിലപ്പനയില ഇവ ഗോമൂത്രത്തിൽ അരച്ചു തേച്ചാൽ വാതഗ്രന്ഥി ശമിക്കും.

ദന്തീമൂലകചിത്രവല്കലഗുഡസ്നുഗ്ഭാനുദുഗ്ദ്ധാന്വിതോ
ഭല്ലാതാസ്ഥിസമോഽനിലേന ജനിതേ കാസീസയുക്തോ യദി
ഗ്രന്ഥൌ ലേപിത ഏവ വാപി ദിവസൈഃ കാലേന ഹന്ത്യാദലം
രോഗാൻ വാ ഗളഗണ്ഡകാദിസകലാൻ കിം തത്ര ചിത്രം പുനഃ

നാഗദന്തിവേര് വെള്ളത്താവണക്കിൻതൊലി ശൎക്കര ചെക്കിന്റെ അരി അനാദേദി ഇവ പൊടിച്ച് കള്ളിപ്പാലക്കറയും എരുക്കിൻകറയുംകൂടി ചേൎത്ത് അരച്ചു തേക്കുക; വാതഗ്രന്ഥി, ഗളഗണ്ഡം മുതലായ സകല രോഗവും ശമിക്കും.

ശസ്ത്രക്രിയ.

പക്വം വിപാട്യാശു നിരസ്യ പൂൎവം
പ്രക്ഷാളയേച്ചാശു ഭിഷക്ക്ഷതോക്തൈഃ
തൈലൈസ്തഥൈരണ്ഡദളപ്രപിഷ്ടൈഃ
സംസേചയേൽ സൈന്ധവചൂൎണ്ണയുക്തൈഃ. ൩൯

മൎമ്മസ്ഥാനങ്ങളിൽ അല്ലാതെയുള്ള ഗ്രന്ഥിയെ, പഴുപ്പ് ശരിയായോ എന്നാലോചിച്ചുനോക്കി പഴുത്തെങ്കിൽ കീറിക്കളഞ്ഞു, വ്രണചികിത്സിതത്തിൽ പറഞ്ഞിരിക്കുന്ന തൈലം പുരട്ടി ശുദ്ധിയാക്കുകയും വെള്ളത്താവണക്കിന്റെ ഇല അരച്ച് ഇന്തുപ്പുംകൂടി ചൂടാക്കി വിയൎപ്പിക്കയും ചെയ്യണം.

പിത്തഗ്രന്ഥി ലക്ഷണം.

ദന്ദഹ്യമാനേവ ച ധൂപ്യതീവ
പാപച്യതേവ ജ്വലതീവ ഭൂയഃ
രക്തശ്ച പീതോപി ച പിത്തഗ്രന്ഥിൎ-
ഭിന്നഃ സ്രവേദുഷ്ണമതീവ ചാസ്രം. ൪൦

ദഹിപ്പിക്കുന്നപോലെയും പുകയുന്നപോലെയും ക്ഷാരംവെച്ചു പഴുപ്പിക്കുന്നപോലെയും തീ കത്തുന്നപോലെയും തോന്നുക; ചുവന്നും മഞ്ഞളിച്ചും ഇരിക്കുക; പൊട്ടിയാൽ ചൂടുള്ള രക്തം ഒലിക്കുക; ഇവ പിത്തഗ്രന്ഥിയുടെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ജലൌകസഃ പിത്തഭവേ പ്രശസ്താ
ക്ഷീരോദകാഭ്യാം പരിഷേചനാനി
ദ്രാക്ഷാരസേനേക്ഷുരസേന ചാപി
ചൂൎണ്ണം പിബേദ്വാപി ഹരീതകീനാം. ൪൧

പിത്തഗ്രന്ഥിയിൽ അട്ടയിടുകയും, പാലും ജലവുംകൂടി ധാര ചെയ്യുകയും, കടുക്കാ പൊടിച്ച് മുന്തിരിങ്ങാരസത്തിലോ കരിമ്പിൻനീരിലോ കുടിക്കുകയും ചെയ്യുക; പിത്തഗ്രന്ഥി ശമിക്കും.

വേതസാൎജ്ജുനമധൂകജംബൂക-
ത്വഗ്ജലൈശ്ച പരിഷേചയേന്മുഹുഃ
പിത്തഗ്രന്ഥിശമനായ വിജ്ഞവൈദ്യ-
യഥാനുപൂൎവ്വം കഥിതം വിശേഷാൽ. ൪൨

അററുവഞ്ചി നീർമരുത് ഇരിപ്പ ഞാവൽ ഇവയുടെ തൊലി ഇട്ടു തിളപ്പിച്ച വെള്ളംകൊണ്ട് കുടക്കുടെ ധാരയൊഴുക്കുക; പിത്ത ഗ്രന്ഥി ശമിക്കും. വിശുദ്ധിയും ഉണ്ടാകും.

കഫഗ്രന്ഥിലക്ഷണം.

വിവർണ്ണോഽല്പരുക്ശീതളശ്ചാതികണ്ഡൂ-
യുതശ്ചാശ്മവദ്ദീർഘകാലപ്രപാകീ
ഭവേച്ഛുക്ലപൂയം ഘനം ശ്ലേഷ്മജാതോ
വിശേഷേണ ഗ്രന്ഥിശ്ചികിത്സാസ്യ തദ്വൽ. ൨൩

ദേഹത്തിന്റെ നിറം അനുസരിച്ചും വേദനകുറഞ്ഞും തണുത്തും വളരെ ചൊറിച്ചിലോടുകൂടിയും കല്ലുപോലെ കട്ടിയായും വളരെക്കാലംകൊണ്ടു പഴുക്കുന്നതായും ഇരിക്കുന്നത് കഫഗ്രന്ഥിയാണ്. ഇതു പൊട്ടിയാൽ വെളുത്തും കൊഴുത്തും ഇരിക്കുന്ന ചലം ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യും. ഇനിയും തച്ചികിത്സയെ കാണിക്കുന്നു.

ശസ്ത്രക്രിയ.

വിദാര്യ പക്വം ച വിചാര്യ പൂർവം
പ്രസേചയേച്ചാഥ വനസ്പതീനാം
കഷായൈശ്ച തൈലൈർമ്മധുയഷ്ടികാനാം
ഘൃതൈസ്തഥാ വാ മധുരൈർവിപക്വൈഃ. ൨൪

കഫഗ്രന്ഥി പഴുത്തോ എന്നു പരിശോധിച്ച് പഴുത്തെങ്കിൽ കീറി, ചിററരയാലിന്റെ തൊലി ഇട്ട് തിളപ്പിച്ച വെള്ളംകൊണ്ടു ധാരയൊഴുക്കുകയും ഇരട്ടിമധുരം ഇട്ടു കാച്ചിയ എണ്ണയോ മധുരദ്രവ്യങ്ങൾ ഇട്ടു കാച്ചിയ നെയ്യോ പുരട്ടുകയും ചെയ്യുക; കഫഗ്രന്ഥി ശമിക്കും.

വികങ്കതാരഗ്വധകാകണന്തീ-
കാകാദനീയക്ഷതാപസമൂലൈഃ
അലാബുഭാർങ്ഗീമദനൈശ്ച കാലീ-
പിണ്ഡൈർഘൃതം ചാത്ര വിലേപനാനി. ൨൫

വയ്യൻകത കൊന്ന ഇവയുടെ തൊലി കാക്കത്തൊണ്ടി പേരാലിൻതൊലി ഇത്തിവേര് കൈപ്പൻകോവ ചെറുതേക്ക് മലങ്കാരച്ചു അമരിവേര് ഇവ എല്ലാംകൂടി കാടിയിൽ അരച്ചു തേക്കുക; കഫഗ്രന്ഥി ശമിക്കും.

മേദോഗ്രന്ഥിലക്ഷണം.

സ്നിഗ്ദ്ധോ മഹാൻ നീരുജ ഏവ കണ്ഡൂ-
യുക്തഃ ശരീരസ്യ ച വൃദ്ധിഹാനീ

മേദോത്ഥഗ്രന്ഥിസ്തു വിഭിന്നമാത്രോ
മേദഃ സ്രവത്യേവ തിലാഭ്യപിണ്യാകനിഭം. ൨൬

സ്നിഗ്ദ്ധത; വലുതായും വേദനയില്ലാതെയുമിരിക്കുക; ചൊറിച്ചിൽ, ശരീരം വർദ്ധിക്കുമ്പോൾ വർദ്ധിക്കയും ശരീരം ക്ഷയിക്കുമ്പോൾ ക്ഷയിക്കുകയും ചെയ്യുക; ഇവ മേദോഗ്രന്ഥിയുടെ ലക്ഷണമാകുന്നു. ഈ ഗ്രന്ഥി പാകംവന്ന് പൊട്ടിയാൽ എള്ളിൻ പിണ്ണാക്കുപോലുള്ള മേദസ്സ്, ഒലിക്കുകയും ചെയ്യും.

തച്ചികിത്സ.

മേദോത്ഥഗ്രന്ഥിം തു തിലാഭ്യ കല്കൈ-
രാലിപ്യ സംച്ഛാദ്യ ച പട്ടവസ്ത്രൈഃ
സംച്ഛേദയേത്തം തു സുലോഹശസ്ത്രൈർ-
ധീമാൻ സുപക്വം തമയേന ഭേദഃ ൨൭

മേദസ്സുകൊണ്ടുണ്ടായ ഗ്രന്ഥിയിൽ എള്ളരച്ചുതേച്ച് പട്ടവസ്ത്രംകൊണ്ടു മൂടിക്കെട്ടണം. അതിനുശേഷം പഴുത്താൽ ശസ്ത്രക്രിയയും ചെയ്യാം. എനിയും ശസ്ത്രക്രിയയിലുള്ള അല്പഭേദത്തെ കാണിക്കുന്നു.

സംദഹ്യ ലോഹാഗ്നിവിശേഷയോഗൈർ-
മർമ്മപ്രഭൂതാനപി ചാനലേന
സംലിഖ്യ പക്വാംശ്ച യഥോപദേശം
ക്ഷാരേണ ചൈനം പരിശോധയേച്ച. ൨൮

മർമ്മങ്ങളിൽ ഉണ്ടായ ഗ്രന്ഥികൾ പഴുത്താൽ ഇരുമ്പു പഴുപ്പിച്ചുവച്ചു പൊള്ളിച്ചതിനുശേഷം ഉപദേശമനുസരിച്ച് ക്ഷാരംകൊണ്ട് ആ ഗ്രന്ഥികളെ ശുദ്ധിയാക്കുകയും വേണം.

സിരാഗ്രന്ഥിലക്ഷണം.

വ്യായാമാദബലസ്യ വായുരപി വാ
സംവിശ്യ നാഡീഷ്വലം
സംപിണ്ഡ്യാശു സിരാഃ കരോതി ബഹുധാ
ഗ്രന്ഥിം ച വൃത്തോന്നതം
സോഽസാധ്യോഽപി ചലൈർവ്യഥാരഹിതഃ
പ്രായഃ കഫഗ്രന്ഥിവൽ
പ്രോക്തം ചാത്ര ചികിത്സിതം തു വിധിവൽ
കുര്യാദ് ഭിഷക്സർവദാ. ൨൯

ബലമില്ലാത്തവൻ അധികമായി വ്യായാമംചെയ്താൽ വായു അവന്റെ നാഡികളിൽ പ്രവേശിച്ച് നാളികളെ പിടിച്ചുവലി

ച്ച പിണ്ഡാകൃതിയിലാക്കിയിട്ട് വൃത്തമായും ഉന്നതമായും ഇരിക്കുന്ന ഗ്രന്ഥിയെ (മുഴയെ) ചെയ്യും. ഇതാണ് സിരാഗ്രന്ഥി. ഇതു മിക്കവാറും അസാദ്ധ്യംതന്നെയാണ്. എങ്കിലും കഫഗ്രന്ഥിയിൽ പറഞ്ഞിട്ടുള്ള ചികിത്സകൾ വിധിപോലെ വൈദ്യൻ ചെയ്യുകയും വേണം.

ഗ്രന്ഥിയിലെ ഉപദ്രവങ്ങൾ.

കോഥഃ കണ്ഡൂദാഹവിസ്ഫോടപാകാ-
സ്തോദോദ്ധ്മാധഃ സംക്ഷയോऽസ്രസ്രുതിശ്ച
ഭംഗസ്ത്വദ്വജ്ജായതേ വാ സ്വരസ്യ
ഗ്രന്ഥാവുക്താ ദിങ്മിതോപദ്രവാശ്ച. ൧൦

സങ്കോചം, ചൊറിച്ചിൽ, ചൂട്, പൊള്ളൽ, പഴുപ്പ്, കുത്തിനോവ്, മുകളിലും താഴെയും മാംസക്ഷയം, രക്തസ്രാവം, സ്വരഭംഗം ഇങ്ങനെ ഗ്രന്ഥിയിൽ പത്തുപദ്രവങ്ങൾ ഉണ്ടാകും.

ഗ്രന്ഥിയുടെ സാദ്ധ്യാസാദ്ധ്യത്വം.

ശ്വാസന്തം ച കൃച്ഛ്രാൻമൃദും സർവ്വഗാത്രേ
തഥാ വത്സരാതീതമേവം സുവൈദ്യഃ
തഥാരോചകാർത്തം കൃശാംഗം തു സദ്യോ
വിശേഷേണ ഭിന്നസ്വരം സന്ത്യജേച്ച. ൧൧

പുനർവാ പുനഃ പച്യമാനം ച പാർശ്വേ
മഹാശൂലയുക്തം ച കാസജ്വരാർത്തം
തഥാ ഛർദ്ദിയുക്തം ച കണ്ഠസ്യ ഗണ്ഡം
ശിരോസ്ഥം ച ഗ്രന്ഥിം വിശേഷാച്ച കൃച്ഛ്രം. ൧൨

തഥാ പഞ്ചഗ്രന്ഥീംശ്ച മർമ്മാശ്രിതാൻ വാ
ഗളസ്ഥാൻ കപോലസ്ഥിതാൻ മർമ്മജാംശ്ച
തഥാ വാപി മന്യാഭവാൻ സന്ധിജാതാം-
സ്ത്യജേദ്വൈദ്യഭൂപസ്തതോ ദുശ്ചികിത്സ്യാൻ. ൧൩

പണിപ്പെട്ടു ശ്വാസംവിടുന്നതായും മൃദുവായും ദേഹത്തിലെല്ലാം വ്യാപിച്ചതായും ഒരു വത്സരം കഴിഞ്ഞതായും അരുചിയോടുകൂടിയതായും ശരീരം ചടപ്പിക്കുന്നതായും സ്വരഭേദത്തെ ഉണ്ടാക്കുന്നതായും ഇരിക്കുന്ന ഗ്രന്ഥിയെ വൈദ്യൻ ഉപേക്ഷിക്കണം. കൂടക്കൂടെ പഴുക്കുന്നതും പാർശ്വഭാഗങ്ങളിൽ വേദനയുള്ളതും വലിയ വേദന, ചുമ, ജ്വരം, ഛർദ്ദി ഇവയോടുകൂടിയതും, കഴുത്ത്, ശിരസ്സ് ഈ ഭാഗങ്ങളിൽ ഉണ്ടാകുന്നതും ആയ ഗ്രന്ഥികൾ കൃച്ഛ്രസാദ്ധ്യങ്ങളാണ്. മർമ്മങ്ങൾ, കഴുത്ത്, ചെള്ള, ഞരമ്പുകൾ,

സന്ധികൾ ഈ അസ്ഥിഭാഗങ്ങളിലുണ്ടാകുന്ന ഗ്രന്ഥികളും അസാദ്ധ്യങ്ങളാകയാൽ ഉപേക്ഷിക്കേണ്ടവയാണ്.

ഗ്രന്ഥി വിട്ടുമാറിയാലുള്ള ലക്ഷണം.

ശോഥാഭാവോ വേദനായാപ്യഭാവഃ
സമ്യഗ്ഗ്രാസസ്യാപി കണ്ഠേ ഗതിശ്ച
ജ്ഞാതാ വൈദ്യൈഃ കണ്ഠഗണ്ഡാന്നിവൃത്തിഃ
പ്രായഃ കണ്ഠേ ലംബതേ യസ്യ ഗണ്ഡഃ. ൧൪

നീക്കെട്ട് വേദന ഇവ ഇല്ലാതാകുക; ഭക്ഷിക്കുന്ന ചോറ് വഴിപോലെ കഴുത്തിൽനിന്നു കീഴ്പോട്ടിറങ്ങുക; ഇവ ഗളഗണ്ഡം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്. മിക്കവാറും ഗളഗണ്ഡത്തിൽ കഴുത്തിൽ മുഴ തൂങ്ങിക്കിടക്കും.

ശ്രീതാതപാദാബ്ജസമാജ്ഞയാ യാ
കൃതാ ചികിത്സാക്രമകല്പവല്ലീ
ശ്രീകാശിനാഥേന ച തത്ര കണ്ഠ-
ഗണ്ഡ ചികിത്സാസ്തബകഃ സമാപ്തഃ. ൧൫

ശ്രീമാനായ താതപാദൻെറ കല്പനയാൽ കാശിനാഥനാൽ കൃതമായ ഈ ചികിത്സാക്രമകല്പവല്ലിയിൽ ഗളഗണ്ഡാധികാരം എന്ന സ്തബകം സമാപ്തമായി.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഗളഗണ്ഡാധികാരം എന്ന
൩൩-ാം സ്തബകം കഴിഞ്ഞു.

അഥ ചതുസ്ത്രിംശസ്തബകഃ

അർബുദാധികാരഃ.

ക്വചിദ്ദേഹേ ദോഷാഃ ക്വചിദപി ച മൂർച്ഛന്തി യദി ചേൽ
പ്രകുപ്യൈഃ സന്ദൂഷ്യ പ്രഥമമസൃജം മാംസമഖിലം
സ്ഥിരം വൃത്തം ദീർഘം ബഹുലതരഗാഢാർബുദഗദം
പലാശീ യോ നിത്യം പ്രഭവതി ജനസ്തസ്യ നിയതം. ൧

ദേഹത്തിൻെറ ഏതെങ്കിലും ഒരുഭാഗത്ത് വാതാദിദോഷങ്ങൾ വർദ്ധിച്ച് ആദ്യം രക്തത്തെയും മാംസത്തെയും എല്ലാം ദൂഷ

പ്പിച്ച ഉറപ്പോട്ടുകൂടിയും വൃത്തത്തിലും നീണ്ടും അഗാധമായും ഇരി ക്കുന്ന മാംസഗ്രന്ഥികളെ ഉണ്ടാക്കും. അതാണ് അർബ്ബുദം. ഈ രോഗം മാംസാശിയായ ജനത്തിനാണ് മിക്കവാറും ഉണ്ടാകുന്നത്.

അർബ്ബുദത്തിൻെറ പൂവ്വരൂപം.

പ്രസേകോൎബ്ബുദേ ചാപി ശോഫോ ഭവിഷ്യ-
ത്യഥവാ വാ പ്രസേകഃ ക്ലേദോƒപി പ്രകാമം
ഭവേദസ്യ രൂപം സരിരം മന്ദപീഡം
മഹാന്തം ഹ്യനല്പോച്ചമാംസം തഥാഗാധം. ൨

വായിൽകൂടി വെള്ളംവരിക, നീക്കെട്ട്, ക്ഷീണം ഇവ അർ ബ്ബുദത്തിൻെറ പൂവ്വരൂപമാണ്. ഉറപ്പോട്ടുകൂടിയും വേദന കുറ ഞ്ഞും വലുതായും വളരെ ഉന്നതമായ മാംസത്തോട്ടുകൂടിയും അഗാ ധമായും ഇരിക്കുന്നതാണ് അർബ്ബുദത്തിൻെറ ലക്ഷണം.

അർബ്ബുദത്തിൻെറ പത്ഥ്യം.

ഗുർവ്വന്നം പിഷ്ടമന്നം പിശിതമപി തഥാ
ശുഷ്കമിക്ഷോർവ്വികാരാൻ
സന്ത്യജ്യ പ്രായശോ യൽ കഫകരമഖിലം
ഭോജ്യമന്നം തഥാത്ര
സ്നുഗ്ഗുണ്ഡീരൈരഥോ വാ ലവണനിചയകൈഃ
സീസകൈർവ്വാർബ്ബുദാനി
സംസേവ്യാശു പ്രകാമം നയതി ച പ്രശമം
വൈദ്യഭൂപോ ചിരാദ്വാ. ൩

ഗുരുത്വമുള്ള അന്നം, പിഷ്ടാന്നം, ശുഷ്കമാംസം, ശക്കര മുതലായ കരിമ്പിൻവികൃതികൾ, കഫസ്രുതികാരിയായ അന്നം ഇവ യെല്ലാം അർബ്ബുദരോഗി ഉപേക്ഷിക്കണം. ചതുരക്കള്ളി മാങ്ങാ നാറി ഇവകൊണ്ടോ പഞ്ചലവണങ്ങൾകൊണ്ടോ ശുദ്ധിചെയ്ത കാരീയംകൊണ്ടോ വിമർപ്പിച്ച് വൈദ്യൻ അർബ്ബുദത്തെ ശമിപ്പി ക്കണം.

അർബ്ബുദചികിത്സ.

ക്ഷാരോ ഹരിദ്രാപ്രഭവശ്ച മൂല-
ക്ഷാരേണ ശംഖസ്യ ച ചൂൎണ്ണയുക്തഃ
ലേപേƒർബ്ബുദാനാം ച വിനാശഹേതു-
രുപോദകീനാം രസമജ്ജനാനി. ൪

മഞ്ഞൾ പുഷ്കരമൂലം ഇവയുടെ ക്ഷാരവും ശംഖിൻപൊടി

യുംകൂടി ചേർത്ത് അരച്ച് തേക്കുകയും വശളച്ചീരയുടെ നീരുകൊ ണ്ട് കഴുകുകയും ചെയ്യുക; അർബ്ബുദം ശമിക്കും.

വടസ്യ ദുഗ്ദേന ച ശാഖോടകാ-
വാലിപ്യമാനാർബ്ബുദകേ പ്രകാമം
ഉപോദകീപത്രവിവേഷ്ടനാച്ച
ഹന്ത്യാശു വൈ വാർബ്ബുദരോഗസംഘാൻ. ൫

കൊട്ടവും പൊടിയുപ്പുംകൂടി പേരാലിൻകറയിൽ അരച്ച് തേ ച്ച് വശളച്ചീരയിലകൊണ്ട് കെട്ടിയാൽ അർബ്ബുദവും നീരും ശ മിക്കും.

അന്യയോഗം.

ബലിശിഖാകൃമിശത്രുകവൈഭവൈഃ
ഫണിജഭസ്മജചൂർണ്ണയുതൈരലം
അഥ തഥാ കൃകലാസജരക്തകൈർ-
ഹരതി ലേപിതമാശു മഹാർബ്ബുദം. ൬

ഗന്ധകം മനയോല (ശുദ്ധിചെയ്തത്) കൃമിശത്രു മുതൽ നാ ഗഭസ്മം ഇവ പൊടിച്ച് ഓന്തിൻെറ രക്തത്തിൽ തേക്കുക; വലുതാ യ അർബ്ബുദവും ശമിക്കും.

മറെറാരു യോഗം.

ശിഗ്രുമൂലകഭവം ഖലു ബീജം
രാക്ഷസഘ്നസുരസാസുരസാംശൈഃ
അശ്വമാരസഹിതാ സഹ തക്രൈഃ
പേഷ്യ ചാർബ്ബുദഗദഘ്നവിലേപഃ. ൭

മുരിങ്ങയരി മുള്ളങ്കിയരി കടുക് തുളസി വയമ്പ് കണവീരം ഇവ മോരിൽ അരച്ചുതേക്കുക; അർബ്ബുദം ശമിക്കും.

വേറൊരുയോഗം.

പടോലജടാപട്ടുതാത്രജസീസൈ-
രായസപട്ടലതാതനബദ്ധാ
യവാഗ്രജമഗ്നിജമുഖകമസ്ത്രാ-
ണ്യേകതമം ഖലു തത്ര ഭിഷക്. ൮

പുനഃപുനരന്യതമം ച വിദധ്യാ
ദ്യാവദസാവുപജാതരുജാപി.
അനദച്ഛിജ്ഞിതേനാർബ്ബുദനാശാ-
യസച്ഛപ്രമത്തമനാഃ പ്രയതഃ. ൯

പടവലം ജടാമാഞ്ചി ഇന്തുപ്പ് താമ്രഭസ്മം വങ്കഭസ്മം ചവക്കാരം ഇവ ഇതന്യാകടിൽ അരച്ചുതേച്ചു വെച്ചുകെട്ടുകയോ പൊള്ളിക്കയോ ശസ്ത്രക്രിയ ചെയ്യുകയോ ചെയ്യുക; അർബുദം നശിക്കും. ഈ ക്രിയ അർബുദരോഗിക്ക് അധികം വേദനവരാത്തവിധം വൈദ്യൻ മനസ്സുവച്ചു പ്രവർത്തിച്ചുകൊള്ളണം.

ആസ്ഫോടാതകച്ഛൂരകജാതിഭാനാം
പിണ്ഡൈശ്ച പത്രൈസ്സ കഷായസിദ്ധൈഃ
ജലൈശ്ച പ്രക്ഷാള്യ വിഡംഗപാഠാ-
ഫലത്രയൈഃ ശുദ്ധശാകസിദ്ധം.

തൈലം വിസന്ധീത ഭിഷഗ്വിശേഷാ-
ദ്ദ്വേപാദികാകാഞ്ജികതക്രപിഷ്ടൈഃ
തത്താപനാഹം ലവണേന കുര്യാ-
ന്മർമ്മോപജാതാർബുദകോടിഹത്യൈ. ൧൦

എരിക്ക് കടച്ചാവൽ പിച്ചകം ഇവയുടെ ഇല അരച്ചുതേച്ചു ഈ മരുന്നുകൾ ഇട്ടുവച്ച കഷായംകൊണ്ടു കഴുകി വിഴാലരി പാടക്കിഴങ്ങ് ത്രിഫല ചെറുതേക്ക ഇവ കല്ക്കമായി കാച്ചിയ എണ്ണ പുരട്ടുക; അർബുദം ശമിക്കും. വിശേഷിച്ചും വശളച്ചീര ഇന്തുപ്പു ഇവ കാടിയും മോരും കൂട്ടിച്ചേർത്തു അരച്ചുവെച്ചു കെട്ടിയാൽ മർമ്മങ്ങളിൽ ഉണ്ടാകുന്ന ഏതർബുദവും ശമിക്കും.

വാതാർബുദലക്ഷണം.

സംഭിദ്യതീവാത്യുയമാശു തോദ-
യുക്തം തതം വസ്തിരിവ പ്രകാമം
ഭാതീവ ചായമ്യത ഏവ വാത-
ജാതം തു വൈദ്യോഽർബുദകം വ്യചക്ഷീത. ൧൧

അർബുദം ഉള്ള സ്ഥലം പിളരുന്നപോലെ തോന്നുക; കുത്തിനോവ് വസ്തിപോലെ ഏററവും വിസ്താരമുള്ളതായിരിക്കുക; വലിയുക; ഇവ വാതാർബുദത്തിൻെറ ലക്ഷണങ്ങളാണ്.

നിദാനദേശാകൃതിദോഷദൂഷ്യൈർ-
ഗ്രന്ഥ്യർബുദാനാം ന യതോ വിശേഷഃ
അതോഽർബുദാന്യേവ ഭിഷക് ചികിത്സേദ്-
ഗ്രന്ഥ്യുക്തയോഗൈരൗഷധിഭിർവിനിദ്രഃ. ൧൨

ഗ്രന്ഥികൾക്കും അർബുദങ്ങൾക്കും തമ്മിൽ നിദാനം ദേശം ആകൃതി ദോഷദൂഷ്യങ്ങൾ ഇവയ്ക്കു യാതൊരു വ്യത്യാസവും ഇല്ല.

അതിനാൽ ഗ്രന്ഥിക്കു പറഞ്ഞ ചികിത്സതന്നെ വൈദ്യൻ അർബുദത്തിനും ജാഗ്രതയോടുകൂടി ചെയ്തുകൊള്ളണം.

തച്ചികിത്സ.

ഏർവാരുകക്കാരുകശീഷമജ്ജാ-
പ്രിയാളുവാതാരിജബീജചൂർണ്ണൈഃ
പയോഽന്വിതാഭ്യാമുപനാഹയേത
വാതാർബുദം ചാഥ സുഖോഷ്ണസിദ്ധൈഃ. ൧൩

വെള്ളരിക്ക കത്തിരിക്ക ഇവയുടെ മജ്ജ മുരൾമരത്തിൻകായുടെ അരി ആവണക്കരി ഇവ പൊടിച്ചു പാലിൽ പുഴുങ്ങി നെയ്യും ചേർത്തു ചെറുചൂടെ വച്ചുകെട്ടുക; വാതാർബുദം ശമിക്കും.

പിത്താർബുദലക്ഷണം.

രക്തോഷ്ണപീതോഽപി ച ദാഹയുക്ത-
സ്സാമ്രസ്രവോ ധൂപ്യതി പാകയുക്തഃ
പിത്തോദ്ഭവശ്ചാർബുദ ഏഷ തസ്മിൻ
ലേപം പ്രയുഞ്ജീത ഭിഷക് യഥാവൽ. ൧൪

ചുവപ്പ് ചൂട് മഞ്ഞനിറം സർവാംഗസന്താപം രക്തസ്രാവം പുകച്ചിൽ പഴുപ്പ് ഇവ പിത്താർബുദത്തിൻെറ ലക്ഷണമാണ്. ഇതിൽ ഇനിയും പറയുന്ന ലേപനം ഉപയോഗിക്കണം.

ലേപനം.

നിംബ്വപ്ലചോദുംബരശാകജാതീ-
ദളൈർദൃഢം ക്ഷൗദ്രയുതം പ്രലിമ്പേൽ
ശ്ലക്ഷ്ണീകൃതം സർജ്ജരസം പ്രിയംഗു-
യഷ്ടീസമംഗാഞ്ജനലോധ്രമിശ്രൈഃ. ൧൫

ഇത്തി തേക്ക് പിച്ചകം ഇവയുടെ ഇലകൊണ്ടു ഉരസി ചെഞ്ചല്യം താഴൽപൂവ് ഇരട്ടിമധുരം മഞ്ചട്ടി നീർമരുതിൻതൊലി പാച്ചോററിത്തൊലി ഇവ അരച്ചു തേനുംകൂട്ടി തേക്കുക; പിത്താർബുദം ശമിക്കും.

കഫാർബുദലക്ഷണം.

ശീതോ വിവർണ്ണോഽല്പരുജോ ദൃഢശ്ച
പാഷാണവച്ചോച്ചൂഷവിദ്രധിശ്ച
ശുക്ലം ഘനം പൂയമലം സ്രവേച്ച
രക്തം വിരിക്തം ഖലു തത്ര കുര്യാൽ. ൧൬

തണുത്തും ശരീരത്തിൻെറ നിറംപോലെയും വേദനകുറഞ്ഞും കല്ലുപോലെ ഉറപ്പോടുകൂടിയും കഫവിദ്രധിപോലെ വെളുത്തനിറ

ത്തിൽ കൊഴുത്ത ചലം ഒഴുകിക്കൊണ്ടും ഇരിക്കുന്നതു് കഫാർബ്ബുദമാണു്. അതിന്നു രക്തം കളയുകയാണു ചെയ്യേണ്ടതു്.

തച്ചികിത്സ.

കാകസ്യ നീലീശുകലാങ്ഗലീനാം
കാകാദനീമൂലകപൌരവിദ്ഭിഃ
പാഠാവരസ്യാപി വിശാ യവാഗ്ര-
ക്ഷാരേരണ ലേപം കഫജാർബ്ബുദേ തു. ൧൭

കാകജംഘ അമരി ചണ്ണക്കിഴങ്ങു് നിലപ്പനക്കിഴങ്ങു് ചുവന്നകുന്നിവേരു മൂലവരിക്കിഴങ്ങു് നാന്മുകപ്പുല്ലു് മാടപ്രാവിൻകാഷ്ഠം ചവക്കാരം ഇവ അരച്ചുതേക്കുക; കഫാർബ്ബുദം ശമിക്കും.

മേദോർബ്ബുദലക്ഷണം.

സ്നിഗ്ദ്ധോ മഹാൻ കണ്ഡുയുതോതിവൃദ്ധ-
ദേഹേ വിശേഷാദപി വദ്ധതേ സഃ
മേദഃ സ്രവേന്മേദജാർബ്ബുദശ്ച
മേദോദ്ഭവസ്തം പ്രഥമം തു വൈദ്യഃ. ൧൮

സംസ്വേദയിത്വാ ച തതോ വിദാര്യ
സംശോധയേത്തം നിശയാ സരോധ്രൈഃ
അംഗാരധൂമേന പതംഗകേന
മനഃശിലാകൈഃ ഗുഗ്ഗുലുയുതൈശ്ച വിലേപൽ. ൧൯

മിനുസമായും വലുതായും ചൊറിച്ചിലോടുകൂടിയും ഇരിക്കുന്നതു് മേദോർബ്ബുദമാണു്. ഇതു് വിശേഷിച്ചും ദുർമ്മേദസ്സു വദ്ധിച്ചവരുടെ ദേഹത്തിലാണു് ഉണ്ടാകുന്നതു്. മേദസ്സ ഒലിച്ചിരിക്കയും ചെയ്യും. ഇതിനെ വൈദ്യൻ ആദ്യമായി സ്വേദിപ്പിച്ചു പിന്നെ കീറിയതിനുശേഷം മഞ്ഞൾകഷായംകൊണ്ടു കഴുകി ശുദ്ധമാക്കി പാച്ചോററിത്തൊലി പുകയിറ പത്തങ്ഗം മനയോല ഇവ അരച്ചു തേനുംകൂട്ടി ലേപനം ചെയ്യണം; മേദോർബ്ബുദം ശമിക്കും.

രക്താർബ്ബുദലക്ഷണം.

ദോഷാ ദുഷ്ടാ രുധിരനിചയം യാശ്ച സർവ്വാസ്സിരാശ്ച
താഃ സംകോച്യ പ്രഥമരുധിരസ്യാർബ്ബുദം പീഡയിത്വാ
സാസ്രം മാംസം വൈഹ്വളപരിഭസ്യാങ്കുരൈർജ്ജുഷ്ടമേവാ-
പാകം പിണ്ഡം രുധിരമനിശം സംസ്രവത്യാശ്വസാധ്യം ൨൦

വാതാദിദോഷങ്ങൾ ദുഷിച്ചു് രക്തസമൂഹത്തെയും ഞരമ്പുകളെയും ചുരുക്കി പിണ്ഡാകൃതിയാക്കി ചുരേശു പഴപ്പോടും അല്പമായ സ്രാവത്തോടുംകൂടി മാംസപിണ്ഡത്തെ ഉയർത്തിക്കൊണ്ടുവരും. അതു് വളരെ മാംസാങ്കുരങ്ങളാൽ വ്യാപിച്ചും എല്ലായ്പ്പോഴും രക്തസ്രാവത്തോടുകൂടിയും ഇരിക്കും. ഈ രക്താർബ്ബുദം അസാദ്ധ്യമാകുന്നു.

രക്തക്ഷയോപദ്രുതപാണ്ഡുദേഹഃ
സംപീഡിതശ്ചാർബ്ബുദരോഗയുക്തഃ
യസ്താതിദിസ്സംയമനീം യിയാസു-
സ്തസ്മൈ വിബോദ്ധ്യം ഹരിനാമധേയം. ൨൧

രക്തക്ഷയത്താൽ ശരീരം വെളുത്തും പിണ്ഡാകൃതിയായും ഇരിക്കുന്നവനുണ്ടാകുന്ന അർബ്ബുദരോഗം അസാദ്ധ്യമാകുന്നു. അതിനാൽ അവൻ വിഷ്ണുനാമസംകീർത്തനം ചെയ്യുകയാണു് ചെയ്യേണ്ടതു്. (അല്ലാതെ ഔഷധം ഇല്ല എന്നുസാരം.)

മാംസാർബ്ബുദലക്ഷണം.

അംഗേഷു മുഷ്ട്യാദിഭിരർദ്ദിതേഷു
കുചചിൽ പ്രഹാരൈർദ്ദുഷ്ടമാംസം
ശോഫം വ്രജേൽ സ്നിഗ്ദ്ധമനന്യവർണ്ണ-
മവേദനാശ്മപ്രമിതം സ്ഥിരം ച. ൨൨

മുഷ്ടിയുദ്ധം അടി മുതലായവകൊണ്ടു് അംഗങ്ങളിൽ വല്ലിടെയെങ്കിലും ചതവുണ്ടായി മാംസം ദുഷിച്ചു് നീരുണ്ടാകും. അതു് മിനുസമായും ശരീരത്തിന്റെ നിറത്തോടുകൂടിയും വേദനയില്ലാതെയും കല്ലുപോലെ ഉറപ്പുള്ളതായും ഇരിക്കും. ഇതാണു് മാംസാർബ്ബുദം.

അർബ്ബുദത്തിലെ ഉപദ്രവങ്ങൾ.

രക്തസ്രാവഃ കീടപാതശ്ച തോദഃ
പാകോ ഹാനിർവൈ ബലസ്യ ക്ഷയശ്ച.
ശോഫഃ പാണ്ഡുഃ ശംഭശസ്സൃജ്വരാദ്യാ
വൈദ്യൈഃ പ്രോക്താപദ്രവാശ്ചാർബ്ബുദാനാം. ൨൩

രക്തം ഒലിക്കുക പുഴുക്കളുണ്ടാകുക കുത്തിനോവു് പഴുക്കായ്ക ബലക്ഷയം നീരു് ശരീരത്തിനു വെളുപ്പു് ശൂലം ജ്വരം മുതലായവ രക്താർബ്ബുദത്തിലെ ഉപദ്രവങ്ങളാണു്.

അർബ്ബുദത്തിന്റെ അസാദ്ധ്യത്വം.

അസാദ്ധ്യമാഹുഃ പവലാർബ്ബുദം ച
സ്രോതസ്സു ജാതം ചല്യ മർമ്മജം ച

സംപ്രസ്നുതം ചാപി ഭവേദചാല്യം
ജാതേ പുനർജാതമപാകമേതി. ൨൪

കഫാധികത്വാദപി മേദസോऽപി
ബാഹുല്യതോ ദന്ദ്വഭവം ക്രമാച്ച
തല്ലൈകശഃ സംബഹുലാർബുദാനി
ജാതാനി യത്താനി നിസർഗ്ഗതശ്ച. ൨൫

മാംസാർബുദവും സ്രോതസ്സുകളിലും മർമ്മങ്ങളിലും ഉണ്ടാകുന്ന അർബുദവും ഒഴുകുന്നതും ഇളകാത്തതും ആദ്യം ഉണ്ടായ സ്ഥാനത്തുതന്നെ പിന്നീടുണ്ടാകുന്നതും പഴുക്കാത്തതും ആയ അർബുദവും അസാദ്ധ്യമാണ്. കഫാധിക്യത്താൽ മേദസ്സു വർദ്ധിച്ച് ഈരണ്ടു ദോഷങ്ങളുടെ കോപത്തോടുകൂടിയുണ്ടാകുന്നത് ദ്വന്ദ്വാർബുദമാണ്. അതും ഒരുമിച്ചുതന്നെ വളരെ അർബുദമുണ്ടാകുന്നതും സ്വഭാവേന അസാദ്ധ്യമാണ്.

കീടോപദ്രവചികിത്സ.

മാംസൈഃ പ്രഗാഢം പരിമർദ്ദിതാനി
നിഷ്പാവപിണ്യാകകുലത്ഥകാനി
കല്ക്കീകൃതാന്യാശു വിലേപിതാനി
താന്യാശു .... കീടാഃ. ൨൬

ജഗ്ദ്ധം ച കീടൈരവശിഷ്ടമല്പ-
മഗ്നിം ച തത്രാശു ദഹേത പശ്ചാൽ
ശേഷാണി ദോഷാണി പുനർഭവാനി
കുര്യുർബുദാന്യാശു തതോ വിശേഷാൽ.
തസ്മാദശേഷാണി സമുദ്ധരേച്ച
യസ്മാദപിനഷ്ടാനി ന സംഭവന്തി. ൨൭

ഉഴുന്ന് പിണ്ണാക്ക് മുതിര ഇവ അരച്ചു മാംസത്തോടു ചേർത്ത് ഗാഢമായി മർദ്ദിച്ചു തേച്ചാൽ ഈച്ച പൊതിഞ്ഞ് പുഴുക്കൾ വീണുപോകും. പുഴുക്കൾ ഭക്ഷിച്ചതിൽനിന്ന് ശേഷിച്ചുകിടപ്പുള്ളതിനെ അല്പം തീവച്ചു പൊള്ളിക്കണം. അങ്ങിനെ പൊള്ളിച്ചില്ലെങ്കിൽ ശേഷിച്ചുകിടക്കുന്ന ദോഷങ്ങൾ രണ്ടാമതും കോപിച്ച് അർബുദത്തെ ഉണ്ടാക്കും. ഇങ്ങനെ ദോഷങ്ങളെ എല്ലാം നശിപ്പിച്ചാൽപിന്നെ അവിടെ അർബുദം ഉണ്ടാകുകയില്ല.

അർബുദം വിട്ടുമാറിയാലുള്ള ലക്ഷണം.

നിപീഡിതേ ചാർബുദകപ്രദേശേ
രുജശ്ച ശോഫസ്യ നിവർത്തനം ചേൽ

അന്യത്ര ദേഹേന സമം ച തത്ര
ശോഷോऽനലേപാദിഷു തന്നിവൃത്തൌ. ൨൮

അർബുദം ഉണ്ടായിരുന്ന സ്ഥലത്തു ഞെക്കിയാൽ വേദനയില്ലാതിരിക്കുക; നീരില്ലാതാകുക എന്നെങ്കിലും അർബുദം ഉണ്ടായ സ്ഥലത്ത് തേച്ചാൽ മററു ഭാഗത്തെപ്പോലെ ഉണങ്ങുക, ഇവ അർബുദം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ശ്രീതാതപാദാബ്ജസമാജ്ഞയാ യാ
കൃതാ ചികിത്സാക്രമകല്പവല്ലീ
ശ്രീകാശിനാഥേന ഗതാസ്യ തസ്യാം
രുജോऽർബുദസ്യ സ്തബകശ്ചികിത്സാ. ൨൯

ശ്രീമാനായ താതന്റെ പാദാബ്ജത്തെ വന്ദിച്ചു കാശിനാഥനാൽ ഉണ്ടാക്കപ്പെട്ട ഈ ചികിത്സാക്രമകല്പവല്ലിയിൽ അർബുദരോഗത്തിന്റെ ചികിത്സയെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ സ്തബകം സമാപ്തമായി.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ അർബുദാധി
കാരം എന്ന ൩൪-ാം സ്തബകം കഴിഞ്ഞു.

അഥ പഞ്ചത്രിംശസ്തബകഃ.

ശ്ലീപദാധികാരഃ.

ശ്ലീപദനിദാനം.

യേ വൈ പുരാണോദകസംപ്രയുക്താ
ദേശാശ്ച സർവർത്തുഷു ശീതളാശ്ച
തേഷ്വേവ നിത്യം പ്രഭവന്തി പുംസാം
പ്രായസ്തഥാ ശ്ലീപദകാനി യാനി. ൧

പഴകിയ വെള്ളം ഉള്ളതും എല്ലാ ഋതുക്കളിലും തണുപ്പുള്ളതും ആയ ദേശങ്ങളിലാണ് മിക്കവാറും ശ്ലീപദ (മന്ത്) രോഗം ഉണ്ടാകുന്നത്.

ശ്ലീപദപൂർവ്വരൂപം.

ഊർദ്ധ്വാദിപാദാവധി ഗൌരവം ചേൽ
തോദസ്തഥാ ശ്ലീപദപൂർവ്വരൂപേ

ത്രൂപം ജ്വരോ വംക്ഷണയോർഭൃശാർത്തിഃ
ശോഫോ ഭവേൽ പാദഗതഃ ക്രമേണ. ൫

തൽ ശ്ലീപദം വൈ കരകർണ്ണനേത്ര-
ശിശ്നോഷ്ഠനാസാസ്വപി കേചി വൈദ്യാഃ
വദന്തി തത്രോപശമം ബ്രവീമി
യവാഃ പുരാണാസ്തഥ ശാലയശ്ച. ൬

മുദ്ഗാസ്തഥാ കൂർമ്മപതത്രിണാം ച-
മാംസാനി വസ്തുകപുനർന്നവാനാം
ശാകാനി യദ്വാ ... വാതഹാരി
വിരേചനച്ഛർ... നാനി
രക്തസ്യ വാ മോ...ക്ഷവിധിം പ്രകുര്യാൽ. ൭

മുകളിൽനിന്ന് കീഴ്... പാദംവരെ കനം തോന്നുക കു...ത്തിനോവ് ഇവ ശ്ലീപദത്തി...ന്റെ പൂർവ്വരൂപമാണ്. ജ്വരം, ഒടി...കളിൽ വേദന, കാലിൽ ന...ര് ഇവ ശ്ലീപദത്തിന്റെ ലക്ഷണമാണ്. ശ്ലീപദത്തിൽ കയ്യ്, ...ചെവി, കണ്ണ് ലിംഗം, ചുണ്ട്, മൂക്ക് ഈ സ്ഥാനങ്ങളിലും ക്രമേ... നീരുവരും എന്നാണ് ചിലരുടെ അഭിപ്രായം.

ശ്ലീപദത്ത...ർ ശീലിക്കേണ്ടവ.

പഴകിയ യവങ്ങളും, ...ചെന്നെല്ല്, ചെറുപയറ്, ആമയുടെയും പക്ഷിയുടേയും മാംസ...ം വസ്തച്ചീര തമിഴാമയില വാതഹരങ്ങളായ സാധനങ്ങളും ...വ ശ്ലീപദരോഗിക്കു പഥ്യങ്ങളാണ്. വിരേചനം, ഛർദ്ദിപ്പിക്ക... ...ട്ടിക്കയിട്ടുക, രക്തംകളയുക ഇവയും ശ്ലീപദരോഗത്തിൽ ചെ...യ്യാം.

ശ്ലീ...ദചികിത്സ.

പ്രായസ്ഥ...ദാ ...ശ്ലേഷ്മഹരൈഃ പ്രയോഗൈ-
രസ്ത്ര...ർഭിഷ... സംവിദധീത പൂർവ്വം
നിർഗ്ഗുണ്ഡികേ...വത്തപുനർനവാണാം
സിദ്ധാർത്ഥശിഗ്രു...പ്രയുതഃ പ്രലേപഃ. ൮

ശ്ലീപദത്തിൽ ആദ്യമാ...ി മിക്കവാറും കഫഹരങ്ങളും ഉഷ്ണങ്ങളും ആയ പ്രയോഗങ്ങളാണ്... ചെയ്യേണ്ടത്.

ലേപം.

കരിനൊച്ചി ഉമ്മത്ത്...തമിഴാമ, കടുക് മുരിങ്ങത്തൊലി ഇവ അരച്ചുതേയ്ക്കുന്നത് ശ്ലീപദര...ിന് വളരെ വിശേഷമാണ്.

മററു ഭക്ഷ്യയോഗങ്ങൾ.

കൃഷ്ണാ കർഷം ചിത്രകം ച ദ്വികർഷം
ദന്ത്യാസ്തദ്വദ്വൈ പലം വിംശതിശ്ച
തദ്വൽ പ്രോക്തം സച്ഛിന്നാനാം ഗുഡസ്യ
പ്രോക്തം വൈദ്യൈസ്ത്രിംശന്മാനം തുലായാഃ. ൯

കൃത്വാ താസാം മോദകം മാക്ഷികേണ
ഭുക്തഃ സദ്യഃ ശ്ലീപദം ഹന്ത്യമത്താൽ
ലേപസ്തദ്വദ്വൈ ഗുഡൂചീവിഡംഗ-
ശുണ്ഠീതിക്താഗോജലൈർദ്ദേവദാര്യൈഃ. ൧൦

തിപ്പലി കഴഞ്ച് ൧. വെളുത്താവണക്കിൻവേര് കഴഞ്ച് ൨ നാഗദന്തിവേര് പലം ൧ (൪൦ കഴഞ്ച്) ശർക്കര പലം ൨൦. ശർക്കര തുലാം ൨. ഇവ എല്ലാംകൂടി ഇടിച്ച് മോദകമാക്കി തേൻ ചേർത്തു സേവിക്കുക. ശ്ലീപദം ശമിക്കും.

ലേപനം.

അമൃത് വിഴാലരി ചുക്ക് പുത്തരിച്ചുണ്ടവേര് ദേവതാരം ഇവ ഗോമൂത്രത്തിൽ പചിച്ച് ലേപനം ചെയ്യുക. ശ്ലീപദം ശമിക്കും.

വേറൊരു ലേപനം.

ലേപഃ സിദ്ധാർത്ഥശുണ്ഠീജരദമരതരുർന്ന പേഷ്യ ധേനോഃ പയോയുക്തസ്സൌഭഞ്ജനേന പ്രശമയതി ഭൃശം ശ്ലീപദം സദ്യ ഏവ (ഭിർ തദ്വൽ സിദ്ധാർത്ഥവൃശ്ചീരവ ... നാഗദൈഃ ...
ലേപഃ സദ്യോ ഹരി നൂനം നൃണാം ... ശ്ലീപദം ശാ-
(ന്തിമേവ. ൧൧

കടുക് ചുക്ക ദേവതാരം മുരിങ്ങത്തൊലി ഇവ ഗോമൂത്രത്തിൽ അരച്ചു തിളപ്പിച്ച് ചെറുചൂടെ തേയ്ക്കുക; കടുക് തമിഴാമ ചുക്ക് ഇവ കാടിയിലരച്ചു തേയ്ക്കുക; ശ്ലീപദം ഉടൻ ശമിക്കും.

അന്യയോഗം.

സ്ഥൂലാനി പത്രാണി ച സപ്തലായാഃ
കല്കീ കൃതാന്യാശു സുരാപ്ലുതാനി
സംസൃജ്യ പൂർവ്വം ...
രോഗം ധ്രുതം ശ്ലീപദജം നിഹന്യാൽ. ൧൨

വെളുത്ത കുന്നിയുടെ വലിയ ഇല അരച്ച് ചൂടുവെള്ളത്തിൽ കലക്കി ഇന്തുപ്പും ചേർത്തു സേവിക്കുക; ശ്ലീപദം ശമിക്കും.

വേറൊരു യോഗം.

ശാഖോടത്വക്കഷായേ ഗോപയസാ ഹി
പീതേ ശ്ലീപദനാശോ ഭവതി തഥാഹി. ൧൮

പരുവത്തൊലി കഷായംവച്ച് അതിൽ പാൽ ചേൎത്തു സേവിക്കുക; ശ്ലീപദം ശമിക്കും.

വേറൊരു യോഗം.

ഗോമൂത്രേണ ച രജനീം നിത്യമവേഹി
ശ്ലീപദദദ്രുകുഷ്ഠാൻ ഹരതി പിബേദ്ധി. ൧൯

മഞ്ഞൾ അരച്ച് ഗോമൂത്രത്തിൽ കലക്കി സേവിക്കുക; ശ്ലീപദം, ദദ്രുകുഷ്ഠം ഇവ ശമിക്കും.

മറ്റൊരു യോഗം.

വൎഷാഭ്രുത്രിഫലാകണാഭവാമഥവാ ചൂൎണ്ണം തഥാ മാക്ഷികൈ-
രേരണ്ഡസ്യ ച തൈലസാധിതശിവാചൂൎണ്ണം ച ഗോമൂത്രകൈഃ
ലീഢം ഭുക്തമിദൈവ സപ്തദിവസൈൎഹന്തി ദൃതം ശ്ലീപദം
ദുഷ്ടം വാ ബഹുധാ ചിരോത്ഥമസകൃദ്ദ്യോ യത്ര സന്തിഷ്ഠതേ. ൨൦

തമിഴാമവേര് ത്രിഫല തിപ്പലി ഇവ പൊടിച്ച് തേനിൽ സേവിക്കയോ ആവണക്കെണ്ണയിൽ കടുക്കാത്തോട് വറുത്തുപൊടിച്ച് ഗോമൂത്രത്തിൽ സേവിക്കുകയോ ചെയ്താൽ ഏഴുദിവസംകൊണ്ട് പഴകിയ ശ്ലീപദവും ശമിക്കും.

വാതജമായ ശ്ലീപദം.

കൃഷ്ണം രൂക്ഷം സ്ഫുടിതമപി വാ തീവ്രപീഡം ജ്വരാഢ്യം
വാതോദ്ഭൂതം ഭവതി നിതരാം ശ്ലീപദം തത്ര വൈദ്യഃ
സ്നേഹസ്വേദോപനാഹനവിധിം പ്രാഗ്വിധായാഥ ഗുല്ഫാ-
ദൂൎദ്ധ്വം വേദാംഗുലമിതതലേ തത്ര വിദ്ധ്യേൽ സിരാം ച

കറുത്തും, പരുപരുത്തും, വിണ്ടുകീറിയും വളരെ വേദനയോടുകൂടിയും ഇരിക്കുന്ന ശ്ലീപദം വാതജമാണ്. അതിന്ന് ആദ്യം, സ്നേഹം, സ്വേദം ഉപനാഹം (മരുന്നുവെച്ചു കെട്ടുക) ഇവ ചെയ്തു ഞെരിയാണിയുടെ നാലു വിരൽ മുകളിലുള്ള ഞരമ്പിനെ ഛേദിക്കണം.

തച്ചികിത്സ.

വാതശ്ലീപദമാശു വൈദ്യധരണീപാലസ്തു വാ വസ്തിഭി-
ൎമ്മാസം ചൈവ ഗവാം ജലൈരനുദിനം വാതാരിതൈലസ്യ വാ
പാനൈൎവ്വാ ത്രിവൃതസ്യ ചൂൎണ്ണസഹിതൈശ്ചൈവാഗ്നിനാമുംദഹേ-
ദത്ര പ്രാപ്തചികിത്സിതേന സഹസാ യോഗത്രയൈകേന വാ

വാതജമായ ശ്ലീപദത്തെ വൈദ്യവര്യൻ ഒരു മാസം വസ്തിപ്രയോഗിച്ചോ ഗോമൂത്രം കൊടുത്തോ ദിവസവും ആവണക്കെണ്ണയും ത്രികോല്പക്കൊന്നയും കൂടി ചേൎത്ത് സേവിപ്പിച്ചോ; ചികിത്സിക്കണം. അതിനുശേഷം വാതജമായ ശ്ലീപദത്തെ പൊള്ളിക്കയോ മൂന്നുയോഗം പറഞ്ഞതിൽ ഒരു യോഗംകൊണ്ട് ചികിത്സിക്കയോ ചെയ്യേണ്ടതാണ്.

അന്യയോഗം.

പുരാണകാസമൎദ്ദജാശിഫാം ഗവാം ജലൈൎഭൃശം
സുകല്ക്കിതാം പിബേജ്ജനസ്തു വാതജസ്യ നാശിനീം. ൨൧
പഴകിയ പൊന്നാരിവീരൻെറവേര് ഗോമൂത്രത്തിൽ അരച്ച് സേവിക്കുക, വാതജമായ ശ്ലീപദം ശമിക്കും.

പിത്തജമായ ശ്ലീപദം.

പിത്താൽ പീതം ശ്ലീപദം ദാഹയുക്തം
തദ്വന്നിത്യം സജ്വരം തത്ര വൈദ്യഃ
ഗുല്ഫസ്യാധസ്താൽ തൽസിരാം സാധു വിദ്ധ്യേൽ
പിത്താഘ്നീം താമൎബ്ബുദോക്താം ക്രിയാം ച. ൨൨

പിത്തംകൊണ്ടുണ്ടാകുന്ന ശ്ലീപദം മഞ്ഞനിറത്തിലും ചുട്ട്, നിത്യവും ജ്വരം, ഇവയോടുകൂടിയും ഇരിക്കും. അതിന്ന് വൈദ്യൻ ഞെരിയാണിയുടെ താഴെയുള്ള ഞരമ്പിനെ മുറിക്കുകയും പിത്താൎബ്ബുദത്തിന്ന പറഞ്ഞിരിക്കുന്നപോലെ പിത്തത്തെ നശിപ്പിക്കുന്നതായ ചികിത്സ ചെയ്യുകയും വേണം.

ലേപനം.

അരുണാ മധുകം ച രാസ്നയാ
സമവൃശ്ചീവസഹിംസ്രയാ ധ്രുവം
പരിലേപ്യ തഥാരനാളകൈ-
രനുലേപോടംഘ്രിഗദേ ച പിത്തജേ. ൨൩

മഞ്ചട്ടി ഇരട്ടിമധുരം അരത്ത തമിഴാമവേര് മാഞ്ചി ഇവ പൊടിച്ച് കാടിയിൽ അരച്ചുതേയ്ക്കുക. പിത്തശ്ലീപദം ശമിക്കും.

കഫജമായ ശ്ലീപദം.

സ്നിഗ്ദ്ധം പാണ്ഡുരം ച ഗൌരവയുതം ശ്ലേഷ്മോദ്ഭവം ച (സ്ഥിരം

പ്രായഃ ശ്ലീപദകത്രയം ന ച കഫോദ്രേകാദ്വിനാ ജായതേ
യസ്മാത്തേഷു മഹത്ത്വമേവ കഫതസ്തദ്വദ്ഭവേദ്ഗൌരവം
പാദാംഗുഷ്ഠസിരാം ച തത്ര ച ഭിഷഗ്വിദ്ധ്യേച്ച തീക്ഷ്ണാൻ
(ഭേഷജൈഃ. ൨൪

കഫാർദ്ദാൻ മാക്ഷികസംയുതാനപി തഥാ കല്കം ശിവായാഃ
(പിബേത്

ഗോമൂത്രേണ തതോऽന്യയോഗവിധിനാ തസ്യാന്നപാനം
(ചരേൽ. ൧൯

മിന്നുസമമായും വെളുത്തും കനത്തോട്ടകൂടിയും ഇരിക്കുന്നതു് കഫജമായ ശ്ലീപദം ആണു്. ഈ പറഞ്ഞ വിധത്തിലുള്ള ശ്ലീപദം മൂന്നും മിക്കവാറും കഫാധിക്യംകൊണ്ടാണു് ഉണ്ടാകുന്നതു്. അതിനാൽ ആ ശ്ലീപദങ്ങളിൽ കഫത്തിൻെറ മഹത്വവും കനവും ഉണ്ടായിരിക്കും. കഫജമായ ശ്ലീപദത്തിൽ കാലിൻെറ പെരുവിരലിലെ ഞരമ്പു കീറണം. അതു കൂടാതെ തീക്ഷ്ണങ്ങളായ മരുന്നുകൾ ഇട്ടു കാച്ചിയ കഷായങ്ങളും സേവിപ്പിക്കണം. കടുക്ക അരച്ചു ഗോമൂത്രത്തിൽ സേവിപ്പിക്കുന്നതും, മറേറതെങ്കിലും യോഗത്തിൽ ചേർത്തു സേവിപ്പിക്കുന്നതും, ശ്ലീപദത്തിനു നല്ലതാണു്.

മററു യോഗങ്ങൾ.

പിബേദ്ദേവദാരും തഥാ വാ ഗുഡൂചീം
തഥാ നാഗരം ഭദ്രദാരും തഥാപി.
ഭജേച്ഛ്ലീപദാനാം പ്രശാന്ത്യൈ വിശേഷാൽ
സുതൈലൈസ്തഥാ സാർഷപൈരേകമേവ. ൨൦

ദേവതാരം അമൃതു് ചുക്കു് മഞ്ഞനിറത്തിലുള്ള അകിൽ ഇവയിൽ ഏതെങ്കിലും ഒന്നു് കഷായംവച്ചു സേവിക്കുകയോ ഇവയിൽ ഒന്നെങ്കിലും കടുകെണ്ണയിൽ അരച്ചു് കാലിൽ തേക്കുകയോ ചെയ്യുക; ശ്ലീപദം ശമിക്കും.

സന്നിപാതജമായ ശ്ലീപദം.

വല്മീകവജ്ജാതമലം ച കണ്ടകൈഃ
സഞ്ചീയമാനം മഹദല്പകം ച യൽ
തദുർജ്ജനീയം ബഹുധാതു പണ്ഡിതൈഃ
ചികിത്സിതം തസ്യ യഥാവധിം ബ്രുവേ. ൨൧

പുററുപോലെയിരിക്കുന്നതും മുള്ളുകൾപോലുള്ള മാംസാങ്കുരങ്ങൾ ധാരാളമുള്ളതും ആയ ശ്ലീപദം വലുതായാലും ചെറുതായാലും അസാദ്ധ്യമാകയാൽ വൈദ്യൻ അതിനെ ഉപേക്ഷിക്കണം. എങ്കിലും അതിന്നു് വിധിപ്രകാരമുള്ള ചികിത്സയെ ഇവിടെ പറയുന്നുണ്ടു്.

തച്ചികിത്സ.

ഉന്മത്തബീജാനി ച ശീതതോയൈർ-
നിത്യൈകവൃദ്ധ്യാ പ്രപിബേന്മനുഷ്യഃ

വല്മീകസംജ്ഞം വിനിഹന്തി സദ്യോ
യച്ഛ്ലീപദേ ഹേയമപി ത്രിദോഷാൽ. ൨൨

ഉമ്മത്തിൻകുരു ശുദ്ധിചെയ്തു് ദിവസവും ഓരോന്നുവീതം കൂട്ടിക്കൂട്ടി തണുത്ത വെള്ളത്തിൽ അരച്ചു് സേവിക്കുക; പുററുപോലുള്ളതും ത്രിദോഷകോപത്താൽ ഉണ്ടായതും ആയ ശ്ലീപദം അസാദ്ധ്യമാണെങ്കിലും ഇല്ലാതാകും.

അന്യയോഗം.

പിഷ്ടം സൂരണകന്ദം സഹ മധുനാ ഹി
സംഘൃതം ശ്ലീപദമശിതം ഹരതി തഥാ ഹി. ൨൩

ശുദ്ധിചെയ്ത കാട്ടുചേന അരച്ചു് തേനോ നെയ്യോ ചേർത്തു് ഭക്ഷിക്കുക; ശ്ലീപദം ശമിക്കും.

ശ്ലീപദത്തിലെ ഉപദ്രവങ്ങൾ.

പാദയോഃ സ്ഫുടനം ജ്വരോऽഥ ഗാത്രപീഡാ
ദാഹസ്ഫോടപദപ്രശ്രുതാശ്ച
അഥ കണ്ഡൂസഖഞ്ജതാശ്ച
പ്രഭവന്ത്യത്ര ച പങ്ഗുതാദിദോഷാഃ. ൨൪

കാലുരണ്ടും വെണ്ടുകീറുക, ജ്വരം, ദേഹപീഡ, ചൂടു്, പൊള്ളൽ, കാലിൽ നീരു്, ചിറകിൽ, ചൊറിച്ചിൽ, അംഗവൈകല്യം മുടന്തു് ഇവയെല്ലാം ശ്ലീപദത്തിലെ ഉപദ്രവങ്ങളാണു്.

സ്ഫുടനത്തിനു് (വെണ്ടുകീറുന്നതിനു്)
ചികിത്സ.

മദനസിക്ഥകസിന്ധുവിലേപനാ-
ന്നവഘൃതേന ച സപ്തദിനാന്യലം
സ്ഫുടിതപാദയുഗം കമലോപമം
ഭവതി നിത്യമലം തു നൃണാം പരം. ൨൫

മെഴുകു് ഇന്തുപ്പു് ഇവ അരച്ചു പുതുവെണ്ണയിൽ ചാലിച്ചു് ഏഴുദിവസം തേയ്ക്കുക; വെണ്ടുകീറിയ കാലു് താമരപ്പൂപോലായിത്തീരും.

സ്ഫോടത്തിനു് (പൊള്ളലിനു്.)

ഗുഗ്ഗുലുസിന്ധുഗൈരികാ-
മധുരാമദനൈശ്ച മാക്ഷികൈഃ
ഘൃതസിക്ഥകപേഷിതൈസ്സമം
സതൃണം സ്ഫോടഹരം തു കോഷ്ണകം. ൨൬

ശക്കര ഗുഗ്ഗുലു (ശുദ്ധിചെയ്തതു്) ഇന്തുപ്പു് കാവിമണ്ണു് ചെ-

ഞ്ചല്യം മാക്കീരക്കല്ല് പൊന്മെഴുക് ചോനകപ്പുല്ല് ഇവ അരച്ചു തിളപ്പിച്ച് ചെറുചൂടെ തേനും നെയ്യും ചേർത്തു തേക്കുക; സ്ഫോടം ശമിക്കും.

പാദദാഹ(ചുട്ടുവാത)ത്തിന്.

നിശാഭാഗമേകം തഥാ വാകുചീനാം
ദ്വയം തദ്ദ്വികർഷം ഘൃതക്ഷൌദ്രയുക്തം
ത്രിദൈർവാകുചീ തൈലഹേതി കേചിൽ
പാദോ ദാഹഹന്ത്രൈ പ്രലിമ്പേച്ച യുക്തം. ൨൭

മഞ്ഞൾ ഒരുഭാഗം കാർകോകിലരി രണ്ടുഭാഗം ഇവ അരച്ച് നെയ് തേൻ ഇവ സ കുഴഞ്ഞു ചേർത്തു തേക്കുകയോ എള്ളും കാർകോകിലരിയുംകൂടി അരച്ചു തേക്കുകയോ ചെയ്താൽ പാദദാഹം ശമിക്കും.

ചൊറിച്ചിലിന്.

പ്രഥമതോ നവനീതവിലേപിതം
പദയുഗം ഹയശത്രുദളസ്യ വൈ
അഥ വിധൂപ്യ പുനർനവമൂത്രകൈ-
രപി വിധൂതമകണ്ഡുമുള്ളം ഭവേൽ. ൨൮

ആദ്യമേതന്നെ രണ്ടുകാലിലും വെണ്ണനെയ്യ് തേച്ച് പിന്നീട് കണവീരത്തിൻ ഇല തീയിൽ ഇട്ടു പുകച്ചു മനുഷ്യമൂത്രംകൊണ്ടു കഴുകിക്കളഞ്ഞാൽ ചൊറിച്ചിൽ ഇല്ലാതാകും.

അന്യയോഗം.

രസഗന്ധകയോസ്സമം സുവർണ്ണം
ദിനമേകം പരിമർദ്യ ചിത്രനീരൈഃ
പദഗുല്ഫസമാശ്രിതാർത്തികണ്ഡൂം
ത്വരിതം ഹന്തി വിലേപനേന നിത്യം. ൨൯

ശുദ്ധിചെയ്ത രസം ഗന്ധകം ഇവസമം; ഇവരണ്ടുംകൂടിയിടത്തോളവും സ്വർണ്ണം എല്ലാംകൂടി ആവണക്കിലനീരിൽ ഒരു ദിവസം അരച്ചു തേച്ചാൽ കാലിന്റെ മടമ്പിൽ ഉള്ള വേദന ചൊറിച്ചിൽ ഇവ ശമിക്കും.

ശ്ലീപദത്തിന്റെ അസാധ്യത്വം.

വല്മീകമിവ സംജാതം കണ്ടകൈരിവ സഞ്ചിതം
സർവാത്മകം മഹത്തച്ച വർജ്ജനീയം വിശേഷതഃ. ൩൦

പുറ്റുപോലെ ഇരിക്കുന്നതും മുള്ളുകൾപോലെ അങ്കുരങ്ങൾ

ഉണ്ടാകുന്നതും ആയ ശ്ലീപദവും ത്രിദോഷകോപത്താൽ ഉണ്ടായതും വലുതും ആയ ശ്ലീപദവും അസാധ്യമാണ്.

ശ്ലീപദം വിട്ടുമാറിയാലുള്ള ലക്ഷണം.

പദയോർലഘുതാ ഗതൌ തഥാ
ഗമനേ ശക്തിരലം കഫക്ഷയഃ
ഹൃദയേ യദി തർഹി നിശ്ചിതം
വിഗതശ്ലീപദലക്ഷണം സ്ഫുടം.

നടക്കുമ്പോൾ കാലിനു കനക്കുറവ്, നടക്കുന്നതിനു ബലം, ഹൃദയത്തിൽ കഫക്ഷയം ഇവ ശ്ലീപദം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ശ്ലീപദാധികാരം എന്ന
൩൫-ാം സ്തബകം കഴിഞ്ഞു.

അഥ ഷട്ത്രിംശസ്തബകഃ.

വിദ്രധ്യധികാരഃ.

വിദ്രധി നിദാനം.

പരുഷാദ്യുഷിതോഷ്ണശുഷ്കദൈര്യൈ-
രഥവാ ലോഹിതദൂഷണൈരപി
അശനൈരുപഭോഗ്യരണാദിഭിശ്ച
ശയനേ വക്രതയാ നിവേശിതൈഃ. ൧

ബഹിരന്തരമേവ കുത്രചിദപാ
പലമേദസ്ത്വഗസൃക്പ്രദൂഷിതം
പരിഗമ്യ ച കണ്ഡരാസു തച്ച
കുരുതേ വൃത്തമഥായതം കദാചിൽ. ൨

സരുജം യദി ശോഥമേകദേശേ
വരവൈദ്യൈർഭണിതശ്ച വിദ്രധിഃ
പ്രഭവിഷ്യതി തത്ര ചാസ്ഥിശോഥഃ
പ്രഥമം സ്ഫോടസമുദ്ഭവഃ കില. ൩

പരുഷങ്ങളായും വളിച്ചതായും ഉഷ്ണങ്ങളായും ശുഷ്കങ്ങളാ

യും രക്തദൂഷണങ്ങളായും ഇരിക്കുന്ന ഭക്ഷണങ്ങൾകൊണ്ടും, പള ബർഹണം (ചതവു മുതലായവ)കൊണ്ടും കിടക്കയിൽ വളഞ്ഞുകിടക്കുകകൊണ്ടും വെളിയിലോ ഉള്ളിലോമറേറതെങ്കിലും സ്ഥലത്തോ വാതാദിദോഷങ്ങൾ, മാംസം രക്തം ത്വക്ക ഇവയെ ദൂഷിപ്പിച്ച് ചെറുഞരമ്പുകളിൽ വ്യാപിച്ച് വൃത്താകൃതിയിലോ ദീർഘമായോ ഇരിക്കുന്നതും വേദനയോടുകൂടിയതും ആയ ശോഫത്തെ ഒരുഭാഗത്തു് ഉണ്ടാക്കുന്നു. ഇതാണ് വിദ്രധി.

വിദ്രധിയുടെ പൂർവ്വരൂപം.

അസ്ഥിയിൽ നീര്, സ്ഫോടം (പൊള്ളൽ) ഇവ വിദ്രധിയുടെ പൂർവ്വരൂപമാണ്.

വിദ്രധിയിൽ ശീലിക്കേണ്ടവ.

അപാകരൂപഃ കില തത്ര ഭോജ്യാ
ഗോധൂമശാലീചണകാഃ പുരാണാഃ
തഥാ കുലത്ഥാഃ പലമേകമേവ-
മാനൂപവർജ്ജ്യം കില ദുഗ്ദ്ധതൈലൈഃ. ൪

ബോളം പിബേത്താണ്ഡുലവാരിണൈവ
മാസം ച കർഷപ്രമിതം മനുഷ്യഃ
പ്രാതർദ്ധ്രുവം വിദ്രധിനാശനായ
സാമ്ലാദ്യഭക്ഷ്യാണി ച വർജ്ജയിത്വാ. ൫

അപക്വാവസ്ഥയിൽ പഴകിയ ഗോതമ്പ് ചെന്നെല്ല് ചണം പയറ് മുതിര ആനൂപമാംസം ഒഴിച്ചുള്ള മാംസം തൈര് എണ്ണ ഇവ പത്ഥ്യമാണ്. ഒരുമാസം മുടങ്ങാതെ രാവിലെ തേൻ കാടിചേർത്തു സേവിക്കുക; വിദ്രധി ശമിക്കും. പുളി മുതലായ അപത്ഥ്യസാധനങ്ങൾ ഉപേക്ഷിക്കണം.

കഷായയോഗങ്ങൾ.

ശിഗ്രുഗ്രാശ്വത്ഥജഃ ക്വാഥോ ഹിംഗുസൈന്ധവചർച്ചിതഃ
വിദ്രധിം ചിരജം ഹന്തി പ്രാതർന്നിത്യം നിഷേവിതഃ. ൬

മുരിങ്ങത്തൊലി വയമ്പ് അരയാലിൻതൊലി ഇവ കഷായംവച്ച് ഇന്തുപ്പും കായവും മേമ്പൊടിചേർത്തു ദിവസവും രാവിലെ സേവിക്കുക; പഴകിയ വിദ്രധി ശമിക്കും.

സൌഭഞ്ജനനിര്യൂഹോ സിന്ധുയുതോ ഹി
വിദ്രധിഹന്ത്രൈ യോഗോ ഹിംഗുയുതോ ഹി. ൭

മുരിങ്ങത്തൊലിമാത്രം കഷായംവച്ച് ഇന്തുപ്പും കായവും മേമ്പൊടിചേർത്തു സേവിക്കുക; വിദ്രധി ശമിക്കും.

ഭൂനിംബാദിചൂർണ്ണം.

പലാർദ്ധം ഭൂനിംബം പലമിതനിശാ ദാരുരജനീ-
ദ്വിമാനാ തസ്യാർദ്ധാ ജലദവരകാലോദ്ഭവജടാ
പലൈകാ ദുസ്പർശാ പലമിതപലാർദ്ധാ ത്രികടുകാ
പലാർദ്ധാ വിശാലായാ പലമമൃത മധ്യം സമുചിതം. ൮

സുവർച്ചല്യാഃ കർഷൈകം മുനിദളമഥോ വത്സകമപി
സമം ചൂർണ്ണീകൃത്യ ദ്വിപരിപുമൂലസ്യാപി ച രസഃ
പുരൈർദ്രാവീതുല്യൈഃ സമശിതമിദം ചൂർണ്ണമസകൃൽ
പ്രപീതം വാശായഃ സ്വരസസഹിതം വിദ്രധിഹരം. ൯

പുത്തരിച്ചുണ്ടവേര് അരപ്പലം മഞ്ഞൾ ഒരുപലം മരമഞ്ഞൾ രണ്ടുപലം മുത്തങ്ങാക്കിഴങ്ങ് പാതിരിവേര് ഉറി ഓരോപലം കൊടിത്തൂവ ഒരുപലം ചുക്ക മുളക തിപ്പലി അരഅരപ്പലം അതിവിടയം അരപ്പലം അമൃത് അരപ്പലം തുവർച്ചിലക്കാരം മൂന്നുകഴഞ്ച് കുടകപ്പാലയരി മൂന്നുകഴഞ്ച് ഗുല്ഗുലു ഒരു പലം എല്ലാംകൂടി പൊടിച്ച് ആടലോടകത്തിൻനീരിൽ സേവിക്കുക; വിദ്രധി ശമിക്കും.

പ്രിയംഗുരാത്രിലോധ്രകൾഫലാമ്ബു ധാതകീ തഥാ
സമം തു തൈലകം ശ്രൂതം ച വിദ്രധിപ്രരോഹണം
ദ്വിപഞ്ചമൂലശിഗ്രുകൈഃ പലത്രയൈഃ സ്ത്രിവൃല്ലവൈഃ
കുലത്ഥകൈശ്ച മൂലകൈഃ ശ്രൂതം തഥാ ഗണൈഃ സ്മൃതം. ൰

താഴൽപ്പൂവു മഞ്ഞൾ പാച്ചോററിത്തൊലി കമ്പിപ്പാലവേരു താതിരിപ്പൂവു ഇലവർങ്ങം ഇവ സമമായി എള്ളെണ്ണ കല്ക്കമായി എണ്ണകാച്ചി പുരട്ടുക; പഴുത്ത വിദ്രധി ഉണങ്ങും.

ദശമൂലം മുരിങ്ങത്തൊലി ത്രിഫല ത്രികോല്പക്കൊന്ന യവം പഴമുതിര മൂലവരിക്കിഴങ്ങ് ഇവ കല്ക്കമായി കാച്ചിയ എണ്ണയും പഴുത്ത വിദ്രധിയെ ഉണക്കും.

അന്യയോഗം.

നീരേശവല്കലകഷായസമം പിബേദ്യഃ
കാസീസസൈന്ധവശിലാജതുഹിംഗുഭിശ്ച
ശിഗ്രോർജടാഭവജലം മധുനാ പിബേദ്വാ
സദ്യോ നിഹന്തി ഖലു വിദ്രധിമേവ പീതം. ൧൧

നീർമരുതിൻതൊലി ശുദ്ധിചെയ്ത ധാതുകാസീസം (അന്നഭേദി) ഇന്തുപ്പ് കന്മദം ഇവ കഷായംവെച്ചു കായംചേർത്തു സേവിക്കുകയോ; മുരിങ്ങവേരിൻനീരും തേനുംകൂടി സേവിക്കുകയോ ചെയ്യുക; വിദ്രധി ശമിക്കും.

വാതവിദ്രധി.

കൃഷ്ണോഽരുണോ വാ വിഷമോ ഭൃശാത്ത-
ശ്ചിത്രോത്ഥിതോ വാപി വിചിത്രപാകീ
വാതോദ്ഭവോ വിദ്രധിരേവ തത്ര
വാതഘ്നഭൃതൌഷധിതൈലഹവ്യൈഃ. ൧൨

ലിമ്പേദ്വസാഭിശ്ച സുഖോഷ്ണയോഗൈഃ
പേയം ച ഹിങ്ഗ്മൂലപുനർനവാണാം
ശ്രീദേവദാർവ്വോരഭയാപുരാഭ്യാ-
മേരണ്ഡതൈലേന ച വാതജാതേ. ൧൩

കറുത്തോ ചുവന്നനിറത്തിലോ സമമല്ലാതെയോ ഇരിക്കുക, വളരെ വേദന, വിചിത്രമായ ഉത്ഭവം, വിചിത്രമായ പഴുപ്പ്, ഇവ വാതവിദ്രധിയുടെ ലക്ഷണമാണ്. അതിന്ന് വാതഹരങ്ങളായ ഔഷധികൾകൊണ്ട് ഉണ്ടാക്കിയ തൈലം, നെയ്യ്, വസ, (നെയ്യല) ഇവ ചെറുചൂടെ പുരട്ടുക, ദശമൂലം തമിഴാമവേര്, കുവളത്തിൻവേര്, ദേവതാരം, കടുക്ക, ഗുഗ്ഗുലു ഇവ പൊടിച്ച് ആവണക്കെണ്ണയിൽ സേവിക്കുക; വാതവിദ്രധി ശമിക്കും.

പിത്തവിദ്രധി.

ഔദുംബരാഭോ ജ്വരദാഹയുക്തഃ
ശ്യാവോഽരുണഃ ക്ഷിപ്രഭവപ്രപാകീ
പിത്തോദ്ഭവോ വിദ്രധിരേവ തത്ര
ത്രിവൃച്ഛിവാമാക്ഷികമാശു പായേൽ. ൧൪

അത്തിപ്പഴംപോലെയും ജ്വരം, ചൂട്, ഇവയോടുകൂടിയും ഇരിക്കുന്നതും കറുവാളിച്ചോ ചുവന്നോ ഇരിക്കുന്നതും വേഗത്തിൽ പഴുക്കുന്നതും ആയ വിദ്രധി പിത്തജമാണ്. ഇതിന്ന്, ത്രികോല്പക്കൊന്ന കടുക്ക, ഇവ പൊടിച്ച് തേനിൽ സേവിക്കണം.

കഷായം.

ത്രിവൃൽകല്കയുക്തം ഫലാനാം ത്രയസ്യ
കഷായം പിബേദ്വിദ്രധൌ പിത്തജാതേ. ൧൫

ത്രികോല്പക്കൊന്ന അരച്ച് ത്രിഫലക്കഷായത്തിൽ കലക്കി സേവിക്കുക; പിത്തവിദ്രധി ശമിക്കും.

ലേപനം.

ഘൃതകല്കിതപഞ്ചവല്ക്കലൈ-
രഥവാ ഗവ്യഘൃതൈസ്സഹസ്രധാ

അഥ ധൌതതരൈസ്തഥൈവ വാ
നവനീതൈരപി ലേപയേദ്ധ്രുവം. ൧൬

അരയാൽ, പേരാൽ, അത്തി, ഇത്തി, കല്ലാൽ, ഇവയുടെ തൊലി നെയ്യിൽ അരച്ചുതേക്കുകയോ, വളരെപ്രാവശ്യം ആവർത്തിച്ചനെയ്യ് തേക്കുകയോ വെണ്ണനെയ്യ് തേക്കുകയോ ചെയ്ക. വിദ്രധി ശമിക്കും.

കഫവിദ്രധി.

ശീതഗുരാവപ്രതിമോഽതിപാണ്ഡു-
സ്സ്നിഗ്ദ്ധോഽല്പപീഡോഽപി ചിരോത്ഥിതശ്ച
ചിരപ്രപാകീ കഫവിദ്രധിശ്ച
മാസാച്ചികിത്സ്യസ്തനുപീതശുക്ലഃ. ൧൭

തണുത്തും വലുതായിട്ടും വെളുത്തും സ്നിഗ്ദ്ധമായും വേദനകുറഞ്ഞും, ഇരിക്കുന്നത് കഫവിദ്രധിയാണ്. ഇത് ഉത്ഭവിക്കുന്നതിനും പഴുക്കുന്നതിനും വളരെക്കാലം വേണ്ടിവരും. അല്പമായും മഞ്ഞനിറത്തിലോ വെളുത്തനിറത്തിലോ ഇരിക്കുന്നതും ആയ വിദ്രധികൾ ഒരു മാസം കഴിഞ്ഞിട്ട് ചികിത്സിച്ചാൽ മതിയാകും.

തച്ചികിത്സ.

ഇഷ്ടകാഭിരഥവാ സികതാഭിർ-
ഗോമയേന തുഷയാ ഗവി നീരൈഃ
പേഷിതാഭിരലമേകതമാഭിഃ
സേദയേച്ച കഫവിദ്രധിമാശു. ൧൮

ഇഷ്ടികപ്പൊടി, മണൽ, ചാണകം, ഉമി ഇവയെല്ലാംകൂടി ഗോമൂത്രത്തിൽ ഇട്ട് തിളപ്പിച്ച് വിയർപ്പിക്കുക; കഫവിദ്രധി ശമിക്കും.

കഷായം.

വരുണത്രിഫലാദശമൂലശൃതം
ബഹുപത്രസമം പുരമൂത്രയുതം
കഫവിദ്രധിനാശകരം വിദിതം
വരവൈദ്യഗണൈരുദിതം പിബതം. ൧൯

നീർമരുതിൻതൊലി, ത്രിഫല, ദശമൂലം, മുരിങ്ങത്തൊലി, ഇവ ചതച്ച് ഗോമൂത്രം ചേർത്തു കഷായംവച്ച് ഗുഗ്ഗുലു മേമ്പൊടി ചേർത്തു സേവിക്കുക; കഫവിദ്രധി ശമിക്കും.

ആമവിദ്രധി.

ദോഷാപ്രവൃത്ത്യസമ്പൂർണ്ണാദ്യാ യത്ര സാമം ച തം വദേൽ
ഗോധൂമയവമുദ്ഗാഭിർഘൃതപിഷ്ടൈർവിലേപയേൽ. ൨൦

ദോഷം വെളിക്കു പ്രവൎത്തിക്കാതിരിക്കുക; ഉറക്കം ഇല്ലാതിരിക്കുക; ഇതു പഴുക്കാത്ത വിദ്രധിയുടെ ലക്ഷണമാണ്. ഗോതമ്പ്, യവം, ചെറുപയറ്, ഇവ അരച്ചു നെയ്യിൽ ചാലിച്ചു തേക്കുക; അപക്വവിദ്രധി ശമിക്കും.

തച്ചികിത്സ.

സവേസവാരൈഃ കൃശരാഭിരാമ-
സമുദ്ഭവം വിദ്രധിമാശു വൈദ്യഃ
തഥാ പയോഭിഃ കില പായസൈർവാ
വിശേഷതഃ സ്വേദ്യ വിരിക്തയേച്ച. ൧൦

നന്നീറച്ചിയോടുകൂടിയ എറിച്ചാറുകൊണ്ടോ; പാലുകൊണ്ടോ; പായസംകൊണ്ടോ സ്വേദിപ്പിച്ചു വിരേചിച്ചാൽ ആമജമായ വിദ്രധി ശമിക്കും.

സന്നിപാതജമായ വിദ്രധി.

നാനാവൎണ്ണരുജാകരോƒതിവിഷമഃ സ്രാവശ്ച നാനാവിധഃ
പാകം യാതി തഥൈവ യസ്തു വിഷമഃ കാലാച്ച ദോഷത്രയൈഃ
സംഭൂതം ഖലു വിദ്രധിം ഗദഹരൈരുക്തൈർഹൃതം നാശയേ-
ന്നാനാദോഷനികായനാശനപരോ വൃദ്ധോ ഭിഷഗ്ഭൂപതിഃ ൧൧

പലനിറം ഉണ്ടായിരിക്കുക; വേദന, പൊങ്ങിയും താണും ഇരിക്കുക; അല്പമായും മഞ്ഞനിറത്തിലും വെളുത്തും ചലം ഒഴുകുക; അററം ഉയൎന്നിരിക്കുക; ചിലപ്പോൾ പഴുക്കയും ചിലപ്പോൾ പഴുക്കാതിരിക്കയും ചെയ്യുക; ഇതു ത്രിദോഷകോപത്താൽ ഉണ്ടായ വിദ്രധിയുടെ ലക്ഷണമാണ്. ഇതിനെ ത്രിദോഷകോപശമനങ്ങളായ ഔഷധങ്ങൾകൊണ്ടു ചികിത്സിക്കണം.

ആഗന്തുകവിദ്രധി.

തൈസ്തൈൎഭാവൈരഭിഹതതരേ പത്ഥ്യഹീനക്ഷതേ ചേ-
ദായുഃ സംസ്ഥഃ ക്ഷതജമസകൃൽ പിത്തദുഷ്ടം കരോതി.
തൃഷ്ണാ ദാഹോ ജ്വര അപി തദാ ജായതേƒഗന്തുകോƒസൌ
ഖ്യാതോ വൈ വിദ്രധിഗദ അഥോ പിത്തവൽ സംചികിത്സ്യഃ.

തടി, മൺകട്ട മുതലായവകൊണ്ടോ ആയുധംകൊണ്ടോ മുറിവേററതിന്നശേഷം അപത്ഥ്യം ആചരിക്കയാൽ വായു, ആ മുറിവിൽ ഇരുന്നു പലപ്രാവശ്യം രക്തത്തേയും പിത്തത്തേയും ഇളക്കും. ആ രോഗിക്കു തണ്ണീർദാഹം, ജ്വരം, ചൂടു ഇവയുണ്ടായിരിക്കയും ചെയ്യും. ഇതാണ് ആഗന്തുകവിദ്രധി. ഇതിന്നു പിത്തവിദ്രധിക്കു പറഞ്ഞിരിക്കുന്ന ചികിത്സകൾ ചെയ്യണം.

രക്തജമായ വിദ്രധി.

കൃഷ്ണൈഃ സ്ഫോടൈഃ സംവൃതസ്തീവ്രദാഹഃ
ശ്യാവസ്തൃഡ്വാൻ തീവ്രപീഡാസമേതഃ
രക്തോദ്ഭൂതോ വിദ്രധിഃ പിത്തവദ്വാ
വൈദ്യൈസ്തദ്വൽ സംചികിത്സ്യസ്തു തസ്മാൽ. ൧൨

കറുത്ത പൊള്ളുകൾ, കഠിനമായ ചൂട്, കരുവാളിച്ച നിറം, വലിയവേദന, പിത്തവിദ്രധിയുടെ ലക്ഷണം കാണുക ഇവ രക്തവിദ്രധിയുടെ ലക്ഷണമാണ്. ഇതിന്നു പിത്തവിദ്രധിക്കു വിധിച്ച ചികിത്സ ചെയ്യണം.

അന്തൎവിദ്രധി.

അസാത്മ്യഗുൎവന്നവിരുദ്ധരൂക്ഷ-
ശാകാമ്ലഭോജ്യൈശ്ച [illegible]
ദോഷാ വിദാഹീനി [illegible]
ചിരാച്ചിതാ വിദ്രധിമന്തരോത്ഥം. ൧൩

കുൎയ്യുശ്ച വല്മീകനിഭം ഗുദേ [illegible]
വസ്തേർമ്മുഖേ വാപി [illegible] നാഭൌ
കുക്ഷൌ തഥാ വംക്ഷണയോശ്ച [illegible]
യുഗ്മേപി പ്ലീഹ്നി [illegible]. ൧൪

ഹൃദ്യപ്യഥോ ക്ലോമ്നി [illegible]
ബാഹ്യക്രമവ്യാധിചികിത്സിതാനി
കുൎയ്യാച്ച തൽസ്ഥാനവിശേഷലിംഗ-
മത്ര ബ്രുവേ യേന വിനിശ്ചയോƒസ്യ. ൧൫

ഗുദേ വായുരോധസ്തു വസ്തൌ ച കൃച്ഛ്രം
ഭവേന്മൂത്രതോ നാഭിജേ ചാതിഹിക്കാ
ഭവേച്ചൈവ കുക്ഷൌ ച സാടോപവായുഃ
പ്രകുപ്യേച്ച വൈ വംക്ഷണേ ചൈതദാനീം ൧൬

കടീപൃഷ്ഠയോർവൈ ഗ്രഹോ വിദ്രധൌ വാ
തഥാ വൃക്കയോഃ പാൎശ്വസങ്കോച ഉക്തഃ
ഭവേൽ പ്ലീഹ്നി ചോച്ഛ്വാസരോധോ നരസ്യ
പ്രകാമന്തു സൎവാംഗകേ ദുൎഗ്രഹശ്ച. ൧൭

ഹൃദി പ്രോതഹിതഃ കാസകാരീ ച തദ്വൽ-
ഭവേൽ ക്ലോമ്നി ജാതേ തു തോയം പിബേച്ച
ഭവേദ്വിദ്രധൌ നാഭിതശ്ചോർദ്ധ്വജാതേ
വികാരസ്രുതിശ്ചോർദ്ധ്വതോƒധസ്തു ജാതേ.

അധസ്താൽ സ്രവേന്നാഭിജോർദ്ധ്വം തഥാ ചാ-
പ്യധസ്താൽ സ്രവേന്മാഗ്ഗ്യയുഗ്മേന സദ്യഃ. ൧൬

ശീലിച്ചിട്ടില്ലാത്തതും ഗുരുവും ആയ അന്നം ഭക്ഷിക്കുക; വിരുദ്ധാന്നങ്ങൾ ഭക്ഷിക്കുക; ഉണങ്ങിയ ചീര, പുളിയുള്ള സാധനങ്ങൾ, ഇവ ഭക്ഷിക്കുക; ഈ കാരണങ്ങളാൽ ദോഷങ്ങൾ കോപിച്ചു വിദാഹികളായ മലങ്ങളിൽ പ്രാപിച്ച് വർദ്ധിച്ചു പുററുപോലെ അന്തർവിദ്രധിയെ ഉണ്ടാക്കുന്നു. ഇതു ഗുദം, വസ്തിമുഖം, നാഭി, വയറ്, ഒടിവുകൾ, വൃക്കകൾ (പ്രധാനമായ മാംസപിണ്ഡങ്ങൾ) പ്ലീഹ യകൃത്ത് ഈ രക്താശയങ്ങൾ, ഹൃദയം, ക്ലോമം (രക്തക്കുഴൽ) ഈ സ്ഥാനങ്ങളിൽ ഉണ്ടാകും. ഇതിന്നു ബാഹ്യവിദ്രധിയുടെ ലക്ഷണങ്ങളും ഉണ്ടായിരിക്കും. സ്ഥാനഭേദംകൊണ്ട് വിദ്രധിക്കു ലക്ഷണങ്ങളും ഭിന്നിച്ചിരിക്കും. അതിനെത്തന്നെ കാണിക്കുന്നു. വിദ്രധി, ഗുദത്തിലായാൽ വായുരോധമുണ്ടാകും. വസ്തിയിലായാൽ മൂത്രം പണിപ്പെട്ടുപോകും. നാഭിയിലുണ്ടായാൽ വളരെ ഇക്കിൾ ഉണ്ടാകും. വയററിൽ ആയാൽ പൊട്ടുകയും വായു കോപിക്കയും ചെയ്യും. ഒടികളിലായാൽ അരയും പുറത്തും പിടിത്തം ഉണ്ടാകും. വൃക്കകളിലായാൽ പാർശ്വഭാഗങ്ങൾ ചുരുങ്ങും. പ്ലീഹയിലായാൽ ഉച്ഛ്വാസത്തിന് തടവുണ്ടാകും. ഹൃദയത്തിലായാൽ അംഗങ്ങൾ തോറും വേദനയും ചുമയും ഉണ്ടാകും. ക്ലോമത്തിൽ ഉണ്ടായാൽ കൂടക്കൂടെ വെള്ളംകുടിക്കും. നാഭിയുടെ മേൽഭാഗത്ത് ഉണ്ടായ വിദ്രധിപൊട്ടിയാൽ മേൽഭാഗത്തൂടെ ചലംവരും. നാഭിയുടെ അധോഭാഗത്ത് ഉണ്ടായ വിദ്രധിപൊട്ടിയാൽ താഴക്കൂടെ ചലംവരും നാഭിയിൽ ഉണ്ടായ വിദ്രധിപൊട്ടിയാൽ മേൽഭാഗത്തൂടെയും താഴക്കൂടെയും ചലംവരും.

തച്ചികിത്സ.

പാഠാമൂലം തണ്ഡുലാംബുപ്രപീതം
അന്തർജ്ജാതം വിദ്രധിം ക്ഷൌദ്രയുക്തം
ഹന്തി പ്രായോ നാന്യഥാ യോഗവിദ്ഭി-
സ്സംവൈരുക്തം ക്വാഥമേതൽ പ്രസിദ്ധം. ൧൭

പാടക്കിഴങ്ങ് അരിക്കാടിയിൽ അരച്ചുകലക്കി കുടിക്കുക. അന്തർവിദ്രധി ശമിക്കും ഇതിനു മററു ചികിത്സ കാണുന്നില്ല. ഈ ക്വാഥം എല്ലാ വൈദ്യന്മാരും സമ്മതിച്ചിട്ടുള്ളതാണ്.

അന്യയോഗം.

സഹിംഗുകാസീസശിലാജതൂനാം
സസൈന്ധവാനാം ച രജസ്സമേതം

ശൃതന്തു നീരേശജവല്ക്കലാനാ-
മന്തഃസ്ഥിതം വിദ്രധിമാശു ഹന്തി. ൧൮

കാസീസം (അന്നഭേദി) കന്മദം നീർമരുതിൻതൊലി ഇവ കഷായംവച്ചു ഇന്തുപ്പും കായവും മേമ്പൊടിചേർത്തു സേവിക്കുക. അന്തർവിദ്രധി ശമിക്കും.

വിദ്രധിയിലുണ്ടാകുന്ന ഉപദ്രവങ്ങൾ.

ആദ്ധ്മാനം മൂത്രകൃച്ഛ്രം വമനമപി തഥാ തൃഷ്ണഹിക്കാജ്വരാദ്യാഃ
ശ്വാസഃ കാസോ വിദാഹഃ പ്രഭവതി സഹസാ പാകതാ ചാസ്യ ജന്തോഃ
വൈദ്യൈഃ ഖ്യാതാ ഭവന്തി പ്രബലതരഗദാ വിദ്രധേർവിഘ്നഭൂതാ-
സ്തൈസ്സവൈരേവ യുക്തോ ഭവതി യദി തദോപദ്രുതോഽസാവസാദ്ധ്യഃ. ൧൯

വയറുവീപ്പ് മൂത്രകൃച്ഛ്രം ഛർദ്ദി തണ്ണീർദാഹം ഇക്കിൾ ജ്വരം ശ്വാസം ചുമ വിദാഹം പെട്ടന്നു പഴുക്കായ്ക ഇവ വിദ്രധിയിലുണ്ടാകുന്ന ഉപദ്രവങ്ങളാണ്. ഈ എല്ലാ ഉപദ്രവങ്ങളോടുംകൂടിയ വിദ്രധി അസാദ്ധ്യമാണ്.

വിദ്രധിയുടെ സാദ്ധ്യാസാദ്ധ്യത്വം.

അധഃസ്രുതോ വിദ്രധിരേവ സാദ്ധ്യോ
ഭവേദസാദ്ധ്യോർദ്ധ്വമുഖസ്രുതശ്ച
ഹൃന്നാഭിവസ്തിപ്രഭവശ്ച ഹിത്വാ
ഹ്യന്യേഷു ബാഹ്യസ്രുതിരപ്യസാദ്ധ്യാ. ൨൦

യകൃതി പ്ലീഹ്നി ച ക്ലോമ്നി ജാതോ ഹ്യന്യത്ര വിദ്രധിഃ
തത്ര തത്രാശു ശസ്ത്രേണ കുര്യാൽ ബാഹ്യസ്രുതിം ബുധഃ ൨൧

സാദ്ധ്മാനം ബദ്ധമൂത്രം ബഹുലതരരുജംഛർദ്ദിഹിക്കാതൃഷാർത്തം
ത്യക്ത്വാ സമ്യഗ്ഭിഷഗ്വാ ജയതി ച നിതരാം പഞ്ചകം വിദ്ര-
(ധീനാം
ശ്വാസാഢ്യം സന്നിപാതപ്രഭവമപി തഥാ ചാമജം ശോഫയുക്തം
ത്യാജ്യം രോഗം വിശേഷാദപി വരഭിഷജാം സമ്മതം സർവ്വതശ്ച.

നാഭിക്കു താഴെ ഉണ്ടാകുന്നതും കീഴ്പോട്ട് ഒഴുകുന്നതും ആയ വിദ്രധി സാദ്ധ്യമാകുന്നു. നാഭിയുടെ മുകളിൽ ഉണ്ടാകുന്നതും മേൽപോട്ട് ഒഴുകുന്നതും ആയ വിദ്രധി അസാദ്ധ്യമാണ്. ഹൃദയം നാഭി വസ്തി ഈ സ്ഥാനങ്ങളിലല്ലാതെ യകൃത്ത് പ്ലീഹ ക്ലോമം മുതലായ മററുസ്ഥാനങ്ങളിൽ ഉണ്ടാകുന്ന വിദ്രധി പുറത്തു പൊട്ടി

യാൽ അസാദ്ധ്യമാണ്. മററു സ്ഥാനങ്ങളിൽ ഉണ്ടാകുന്ന വിദ്രധി ശസ്ത്രംകൊണ്ട് കീറിക്കളയണം. വയറുവീപ്പ് മൂത്രത്തിന്നതടവ് വളരെ വേദന ഛർദ്ദി ഇക്കിൾ തണ്ണീർദാഹം ഇവയുള്ള വിദ്രധിയും അസാദ്ധ്യമാണ്. അഞ്ചുവിദ്രധികൾ സാദ്ധ്യങ്ങളാണ്. ശ്വാസം ഉള്ളതും സന്നിപാതജം ആമജം ഇവയും ശോഫമുള്ളതും ആയ വിദ്രധി വിശേഷിച്ചും ത്യാജ്യമാണ്.

വിദ്രധി വിട്ടുമാറിയാലുള്ള ലക്ഷണങ്ങൾ.

അശേഷസ്രുതേ ശോഫഹീനേ വ്രണേ ച
വിസമ്മർദ്ദിതേ നീരുജത്വം ഭവേച്ച
അകണ്ഡൂത്വമേവ സ്ഫുടം വിദ്രധേശ്ച
നിവൃത്തിസ്തദാ വൈദ്യധുര്യൈഃ പ്രദിഷ്ടാ. ൩൧

പഴുപ്പ് വ്രണത്തിലുള്ള നീര് ഇവ ഇല്ലാതാകുക, അമർത്തിയാൽ വേദന തോന്നാതിരിക്കുക; ചൊറിച്ചിൽ ഇല്ലാതാകുക; ഇവ വിദ്രധി വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ വിദ്രധ്യധികാരം
എന്ന ൩൬-ാം സ്തബകം കഴിഞ്ഞു.

അഥ സപ്തത്രിംശസ്തബകഃ

വ്രണാധികാരഃ.

വ്രണനിദാനം.

ദുഷ്ടാംബുഭോജനനിഷേവണതോഽതികോപാൽ
സാരാശനാദഥ തഥാ നിയതം ച ശോഥാൽ
രക്തസ്യ വാ പരിവിദൂഷണതോ നരാണാം
ദുഷ്ടവ്രണപ്രഭവകാരണമുക്തമാദ്യൈഃ. ൧

ദുഷ്ടമായ വെള്ളം ഭക്ഷണം ഇവ ഉപയോഗിക്കുക; വളരെ കോപിക്കുക; കട്ടിയുള്ള സാധനം ഭക്ഷിക്കുക നിത്യമായി നീര് ഉണ്ടായിരിക്കുക; രക്തം ദൂഷിക്കുക; ഇവ ദുഷ്ടവ്രണങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളാണ്.

വ്രണപൂർവ്വരൂപം.

ദേഹൈകദേശസ്ഥിതോ യത്ര ശോഥോ
വ്രണാനാം ഭവേൽ പൂർവ്വരൂപസ്തു തത്ര
സശോഥം സപിണ്ഡം ഭവേത്തത്ര യത്തു
തദുക്തം ച വൈദ്യൈർവ്രണസ്യ സ്വരൂപം. ൨

ദേഹത്തിൽ എവിടെ എങ്കിലും ഒരിടത്തു നീര് ഉണ്ടായാൽ അത് വ്രണത്തിന്റെ പൂർവ്വരൂപമാണ്. നീര് ഉരുണ്ടുകൂടി കിടക്കുന്നതും വ്രണത്തിന്റെ ലക്ഷണമാണ്.

വ്രണത്തിൽ പത്ഥ്യമായവ.

നാത്യുഷ്ണം ച ദ്രവോത്തരം ച ബഹുധാജീർണ്ണം ച ശാല്യോദനം
നോഷ്ണം സ്നിഗ്ധമഥോഽത്ര ജാംഗലപലൈർവാസ്തൂകജീവന്തി
(കൈഃ
വാർത്താകൈശ്ച പടോലമൂലകഭവൈർബ്ബാലൈശ്ച കാർവ്വേല്ലകൈ-
സ്തണ്ഡുലീയമജ്ജൈന്നിഷേവണകഭവൈ-
ർമ്മുദ്ഗാരസൈഃ സൈന്ധവൈഃ. ൩

അന്യൈർമ്മോചരവാദിഭിർവ്രണഹരൈർഭക്ഷ്യൈ-
ശ്ച കാലോദ്ഭവൈഃ
സദ്യോ വൈദ്യവരഃ സമം ച വ്രണിനേ ദദ്യാ
ദ്വ്രണാരോപണം
ത്യക്തവ്യാമ്ലം ദധിശാകമേവമഥവാ ക്ഷീരം
ച ഗുർവ്വന്നകം
ആയാസാച്ച ദിവാ ച ശയനം ത്യാജ്യം
സദാ മൈഥുനം. ൪

പഴകിയ ചെന്നെല്ലിൻചോറ് അത്യുഷ്ണമല്ലാതെയും ദ്രവത്തോടുകൂടാതെയും സ്നിഗ്ധമായും ഭക്ഷിക്കുക; ജാംഗലമാംസം വസ്തച്ചീര തണ്ടൻചീര തഴുതാമ മുതലായവ മുള്ളങ്കിയില (മൂലവരിയുടെ ഇല) കയ്പൻപടവലം മാതളനാരങ്ങ ചെറുപയറിൻചാറ് ഇന്തുപ്പ് ചെറുചീര തുടങ്ങിയ വ്രണഹരങ്ങളായ ഭക്ഷ്യങ്ങൾ ഇവയെല്ലാം വ്രണരോഗിക്ക് പത്ഥ്യമാണ്. മരപ്പുളി തൈര് ഇലക്കറി പാൽ ഗുരുത്വമുള്ള ചോറ് ഇവയും ആയാസത്താൽ നീരുണ്ടാവാനിടയുള്ളതുകൊണ്ട് ആയാസവും, പകലുറക്കം, മൈഥുനം ഇവയും വ്രണരോഗിക്ക് അപത്ഥ്യമാണ്.

ദിവാസ്വാപാൽ ഭവേദ്രാഗഃ
ശോഥശ്ചായാസതോ ഭവേൽ

മൈഥുനാച്ച വ്രണീ സദ്യഃ
സൂര്യജസ്യ ഗൃഹം വ്രജേൽ. ൭

പകലുറങ്ങിയാൽ വ്രണത്തിനു ചുവപ്പും അയാസത്താൽ നീരും, ഉണ്ടാകും. മൈഥുനത്താൽ വ്രണരോഗി പെട്ടെന്നു മരിക്കാനും മതി. അതിനാൽ ഇവയെല്ലാം വ്രണരോഗി ഉപേക്ഷിക്കണം.

ബന്ധനാദ്വ്രണശുദ്ധിഃ സ്യാ-
ന്മൃദുത്വം ചോപഗച്ഛതി
രോഹത്യപി വ്രണസ്സദ്യ-
സ്തസ്മാൽ പൂർവ്വം ച ബന്ധയേൽ. ൮

വ്രണം കെട്ടുന്നതുകൊണ്ടു് വ്രണശുദ്ധിയും മൃദുത്വവും ഉണ്ടാകും. വ്രണം ഉണങ്ങുകയും ചെയ്യും. അതിനാൽ ആദ്യമായി വ്രണം മൂടിക്കെട്ടിവയ്ക്കണം.

വ്രണം കെട്ടാനുള്ള വിധി.

ന്യഗ്രോധകാദേർമ്മൃദുഭിശ്ച പത്രൈ-
രാച്ഛാദ്യ പൂർവ്വം ച വ്രണം പ്രബധ്നീയാൽ
നിബന്ധനാദ്ഭഗ്നവിചൂർണ്ണിതാനി
സംവിച്ഛിദാന്യാശു വ്രണാനി യാനി. ൯

വ്രണം ആദ്യമായിത്തന്നെ പേരാൽ മുതലായവയുടെ മൃദുപത്രങ്ങൾകൊണ്ടു് മൂടിക്കെട്ടണം. ഇങ്ങനെ കെട്ടിയാൽ വ്രണങ്ങളിലുള്ള ദുർമ്മാംസങ്ങൾ നശിച്ചു് സമനിരപ്പിൽ ആയിത്തീരും.

രോഹന്തി ഛിന്നാന്യപി സദ്യ ഏവ
സ്നായുപ്രവൃത്താനി സിരാഹതാനി
അതോ നിബധ്നീത ഭിഷഗ് വ്രണം പ്രാക്
ന്യഗ്രോധകാദിർവ്രണഹാ ഗണോഽഗ്രേ. ൰

ചെറിയ ഞരമ്പുകളിൽ വ്യാപിച്ചിട്ടുള്ള വ്രണങ്ങൾ ചേർത്തിച്ചാലും ഞരമ്പു മുറിയുകയാൽ പിന്നെയും മുളയ്ക്കാൻ ഇടയുണ്ടു്. അതിനാലാണു് ആദ്യമായി വ്രണത്തെ കെട്ടണം എന്നു പറഞ്ഞതു്. ഇനിയും വ്രണനാശകമായ ന്യഗ്രോധാദിഗണത്തെ പറയുന്നു.

ന്യഗ്രോധാദിഗണം.

ന്യഗ്രോധകോദുംബരപീതനാനാ-
മശ്വത്ഥജംബൂദ്വയവഞ്ജുളാനാം

കദംബകശ്വേതകതിന്ദുകാനാം
ലോധ്രദ്വയനന്ദീദ്രുസുബാദരാണാം. ൰൧

പ്ലക്ഷസ്യ യഷ്ടീമധുയഷ്ടികാനാം
ഭല്ലാതബ്രഹ്മദ്രുസുപല്ലവാനാം
ന്യഗ്രോധകാദേർഗ്ഗണ ഏഷ ഉക്തോ
വ്രണ്യസ്തു ദാഹഘ്നഭഗ്നോത്ഥരോഗേ. ൰൨

പേരാൽ അത്തി ഇത്തി അരയാൽ ഞാവൽരണ്ടും, ആററുവഞ്ചി കടമ്പു് വെൺകടമ്പു് പനച്ചി പാച്ചോററി ചിററരയാലു് ലന്ത വാളൻപുളി ഇവയുടെ തൊലി ഇരട്ടിമധുരം ചെക്കുരുപ്ലാശിൻതളിരു് ഇവ ന്യഗ്രോധാദിഗണമാണു്. ഇതു് വ്രണത്തിനു ഹിതവും ചൂടിനെക്കളയുന്നതും യോനിയിൽ ഉണ്ടാകുന്ന രോഗത്തിനു് ഹിതവും ആകുന്നു. ഈ ഗണത്തിന്റെ മരുന്നുകൾ ചതച്ചിട്ടു് കഷായംവച്ചു് സേവിക്കയും ധാരയൊഴുക്കുകയും ചെയ്യാം. അതുകൂടാതെ ഇവ പൊടിയായും കല്ക്കമായി എണ്ണകാച്ചിയും മററും പലവിധത്തിലും ഉപയോഗിക്കാം.

വ്രണാവസ്ഥാ (ആമവ്രണലക്ഷണം.)

മന്ദോഷ്ണതാല്പത്വമഥാത്ര ശോഥേ
കാഠിന്യമേവ ത്വചി വർണ്ണസാമ്യം
രുജശ്ച മാന്ദ്യം ഖലു തത്ര ചേത്വാ
ഹ്യാമവ്രണാനാമിതി സാധ്വവസ്ഥാ. ൰൩

ചൂടു്, നീരു് ഇവ കുറഞ്ഞിരിക്കുക; കഠിനത, തൊലിക്കു തുല്യമായ നിറം വേദന കുറഞ്ഞിരിക്കുക; ഇവ പഴുക്കാത്ത നീരിന്റെ ലക്ഷണമാണു്.

പച്യമാനവ്രണശോഥലക്ഷണം.

കൃശാനുനേവ പ്രതിദഹ്യതേ യഃ
ക്ഷാരേണ യദ്വൽ പരിതപ്യതേ ച
പിപീലികാഭിർബഹുഭിശ്ചൈവ
സംദശ്യതേ ഛിദ്യത ഏവ യദ്വൽ. ൰൪

സംഭിദ്യതേ വൈവ തു ശസ്ത്രപാതൈർ-
ദണ്ഡേന വാ താഡ്യത ഏവ തത്ര
പ്രപീഡ്യതേ വൈവ ശയേന ചാന്നഃ
സൂചീഭിരത്ര പ്രതിതുദ്യതേവ. ൰൫

ശോഷോഽപി ചോഷോംഗുലിനേവ തദ്വൽ
പ്രപീഡ്യതേ വാ ശയനാസനേഷു

ന ശാന്തിമായാതി ച വൃശ്ചികേന
വിദ്ധോ യഥാധ്മാതമലം ച വസ്തിഃ.   ൫൪

ജ്വരോഽരുചിസ്തൃട് അലം ഭവേയുഃ
പാപച്യമാനവ്രണലക്ഷണാനി

അഗ്നികൊണ്ടു ദഹിപ്പിക്കുന്നപോലെയും ക്ഷാരംവെച്ചു പഴുപ്പിക്കുന്നപോലെയും ഉറുമ്പുകൾ കടിക്കുന്നപോലെയും ആയുധംകൊണ്ടു മുറിക്കുന്നപോലെയും വടികൊണ്ടടിക്കുന്നപോലെയും തോന്നുക; കൈകൊണ്ടു ഞെക്കുന്നപോലെയും സൂചികൊണ്ടു ഉള്ളിൽ കുത്തുന്നപോലെയും തോന്നുക; ശോഷം, ചൂട് ഇവയുണ്ടായിരിക്കുക; വിരലുകൊണ്ടു തട്ടുന്നപോലെ തോന്നുക; ഇരിക്കുകയോ കിടക്കുകയോ നിൽക്കുകയോ ചെയ്താൽ തേൾ കടിച്ചതുപോലെ തോന്നുക; വസ്തി വീർത്തപോലെ നീരിന് വിസ്താരമുണ്ടായിരിക്കുക; ജ്വരം, അരുചി, തണ്ണീർദാഹം ഇവയെല്ലാം പഴക്കാൻ ഭാവിക്കുന്ന നീരിന്റെ ലക്ഷണങ്ങളാണ്.

നീരിന്റെ പക്വാവസ്ഥ.

ശോഫേഽല്പഭാവോഽപൃഥ ലോഹിതത്വം
ത്വക്ശ്ച ശാന്തിർവലി സംഭവശ്ച.   ൫൫

അനുന്നതത്വം ഖലു നിമ്നതാ ചേ-
ത്തോദോഽനവേലം ച തഥൈവ കണ്ഡൂഃ
ഉപദ്രവാണാം പ്രശമസ്തഥാ ച
ഭവേത്തതഃ പ്രസ്ഫുടനം വിശേഷാൽ.   ൫൬

വസ്താവിവാംബുപ്രചരത്വമത്ര
ശോഫേഽങ്ഗുലിസ്പർശനിപീഡനാദ്രാക്
ഭവേൽ ബുഭുക്ഷാവ്രണപാകതായാം
സമ്യങ്മൃദുത്വം ഗതപൂയപീഡം.   ൫൭

നീരു പഴുത്താൽ നീരു കുറയും. ചുവപ്പ് വേദനക്കുറവ് ഇവ ഉണ്ടാകും. ഞൊറിവ്, പൊക്കമില്ലായ്ക, താഴ്ച, കൂടെക്കൂടെ നോവ്, ചൊറിച്ചിൽ ഉപദ്രവങ്ങൾക്കു ശമനം ഇവയും കാണും. വെണ്ടുകീറിയിരിക്കും. വിരലുകൊണ്ടു ഞെക്കിയാൽ വസ്തിയിൽ വെള്ളം സഞ്ചരിക്കുന്നതുപോലെ ചലം സഞ്ചരിക്കുന്നതായറിയാം. ഭക്ഷണത്തിൽ ആഗ്രഹം ജനിക്കും. നീരിനു മാർദ്ദവം വരും. ചലം കുറയുകയും പീഡ കുറയുകയും ചെയ്യും.

വ്രണദോഷനിരൂപണം.

ക്ഷതേ വ്യഥാ വാതകൃതാ പ്രപാകോ
ഭവേത്തഥാ പിത്തകൃതഃ കഫേന
പൂയോദ്ഗമോ വൈ ത്രയ ഏവ ദോഷാഃ
പചന്തി കാലേ വ്രണമേവ സർവ്വേ.   ൫൮

മുറിവിൽ വേദന വാതകൃതവും, പഴുപ്പു പിത്തകൃതവും, ചലം പുറപ്പെടുന്നതു കഫകൃതവുമാണ്. അതിനാൽ മൂന്നുദോഷങ്ങളുമൊരുമിച്ച് വ്രണത്തെയാശ്രയിച്ചാണു പഴുപ്പുണ്ടാകുന്നത്.

ഗംഭീരപാകത്വമസൃക്പ്രവൃത്തി
ശോഫേ കപോതേ ത്വചി ശീതതാ ച
ത്വചഃ സവർണ്ണം ച രുജോഽല്പതാ ച
സ്പർശേഽശ്മതുല്യത്വമലം വ്രണേഽസ്മിൻ.   ൫൯

പഴുത്താൽ കുഴിഞ്ഞിരിക്കുക, രക്തം ഒലിക്കുക; തൊലിക്കു തണുപ്പ്, നീരിനു തൊലിയുടെ നിറം ഉണ്ടായിരിക്കുക; വേദനക്കുറവ്; തൊട്ടാൽ കല്ലുപോലെ ഇരിക്കുക; ഇവ കഫജമായ ശോഫത്തിന്റെ ലക്ഷണമാണ്.

ത്രൈണം ഗൃഹം പ്രാപ്യ യഥാ ഹുതാശോ
വാതേരിതഃ സംദഹതേ സമസ്തം
തഥൈവ പൂയോഽപ്യവിനിസ്സൃതോഽസൗ
പലം സിരാസ്നായു ച ഖാദതേഽത്ര.   ൬൦

അഗ്നി, വായുവിന്റെ സഹായത്തോടുകൂടി പുല്ലുമേഞ്ഞ വീടിനെ എങ്ങനെ അശേഷം ദഹിപ്പിക്കുന്നതു് അതുപോലെ ചലം അല്പമായേ വെളിക്കു പോയുള്ളൂ എങ്കിൽ, മാംസം ഞരമ്പു ചെറുഞരമ്പ് ഇവയെ ചലം ഭക്ഷിച്ചുകളയും. അതുകൊണ്ടു വ്രണത്തിൽ നിന്നും കഴിയുന്നതു ചലം വെളിക്കു കളയുന്നതു നല്ലതാണ്.

ആമം വിദഗ്ധം ഖലു യസ്തു ശോഫം
സമ്യഗ്വിപക്വം ച സ വൈദ്യമുഖ്യഃ
യശ്ചാമമജ്ഞായ ഛിനത്തി മൂഢോ
ഹ്യുപേക്ഷതേ പക്വമലം തഥാ സഃ.   ൬൧

വ്രണത്തിന്റെ ആമാവസ്ഥ, വിദഗ്ധാവസ്ഥ, പക്വാവസ്ഥ ഇവയെല്ലാം ശരിക്ക് അറിയുന്നവൻ വൈദ്യന്മാരിൽ പ്രധാനിയാണ്. പാകംവരാത്ത ശോഫത്തെ കീറുകയും പാകംവന്നതിനെ കീറാതിരിക്കയും ചെയ്യുന്ന വൈദ്യൻ മൂഢനാം ആകുന്നു.

വാതവ്രണലക്ഷണം.

സ്തബ്ധസ്തഥാऽതികഠിനോऽതിരുജഃസ്തഥാ വാ
സംഭൃദ്യതേ വ്രണ അഥ സ്ഫുടതേ ച വാതാൽ
ശ്യാവോऽഥ പിത്തജവ്രണോ ജ്വരദാഹമോഹ-
ദുഷ്ട്യാവദാരണവിഗന്ധവിപൂയയുക്തഃ. ൨൨

സ്തബ്ധമായും അതികഠിനമായും, വളരെ വേദന, കുത്തിനോവ്, വെണ്ടുകീറൽ ഇവയോടുകൂടിയും കരുവാളിച്ചും ഇരിക്കുന്നതു് വാതവ്രണത്തിന്റെ ലക്ഷണമാണ്.

പിത്തവ്രണലക്ഷണം.

ജ്വരം, ചൂട്, മോഹാലസ്യം, ദുഷിക്കുക; പൊട്ടുക, ദുർഗ്ഗന്ധം, ചലംവാലുക ഇവ പിത്തവ്രണത്തിന്റെ ലക്ഷണമാണ്.

കഫവ്രണലക്ഷണം.

സ്തിമിതശ്ച ഗുരുശ്ച പിച്ഛില-
ശ്ചിരപാകീ സിതമന്ദവേദനഃ
കഫജശ്ച വ്രണോऽല്പകാർദ്രകഃ
പ്രഥിതോ വൈദ്യവരൈരുദീരിതഃ. ൨൩

കഫജമായ വ്രണം, ഉറച്ചും ഗുരുവായും വളരെ പഴപ്പോടുകൂടിയും ഇരിക്കും. താമസിച്ചേ പഴുക്കുകയുള്ളൂ. വെളുപ്പും വേദനക്കുറവും അല്പമായ നലവും ഉണ്ടായിരിക്കും.

ആമവ്രണചികിത്സ.

ലേപശ്ച സേകശ്ച തഥൈവ വൈദ്യൈഃ
കാര്യസ്തഥാ വിമ്ലാപനം സ്രുതിശ്ച
രക്തസ്യ ചത്വാരി ചികിത്സിതാനി
ഹ്യാമവ്രണാനാം പ്രഥിതാനി വക്ഷ്യേ. ൨൪

ലേപനം, സേചനം, വിമ്ലാപനം, രക്തസ്രവണം ഇങ്ങനെ നാലുവിധത്തിലാണ് ആമവ്രണത്തിനു ചികിത്സ വിധിച്ചിരിക്കുന്നതു്. അവയെയാണ് ഇനിയും പറയുന്നതു്.

ലേപനം.

സുവർണ്ണപത്രമൂലകൈഃ പ്രപേഷിതൈഃ സസൈന്ധവൈഃ
കൃതോഷ്ണലേപ ഏഷ വൈ വ്രണോത്ഥദുഷ്ടശോഥഹാ. ൨൫

ഉമ്മത്തിൻവേരും ഇലയും ഇന്തുപ്പുംകൂടി അരച്ചു തിളപ്പിച്ചു ചെറുചൂടേ ലേപനംചെയ്യുക; വ്രണത്തിലുള്ള ദുഷ്ട്, നീരു് ഇവ ശമിക്കും.

വേറൊരു ലേപനം.

മാതുലുംഗസുരദാരുചിത്രകാ-
ഹിംസകാഗ്നിമഥിതേന പാചിതാഃ
രാസ്നയൌഷധിയുതാശ്ച പേഷിതാ
ലേപിതാസ്ത്വനിലശോഥനാശനാഃ. ൨൬

മാതളനാരകത്തിൻവേരു ദേവതാരം വെളുത്താവണക്കിൻവേരു മാഞ്ചി കൊട്ടവേലിക്കിഴങ്ങു അരത്ത ചുക്ക് ഇവ വെള്ളംചേക്കാതെ കലക്കിയെടുത്ത മോരിൽ അരച്ചു തിളപ്പിച്ചു തേക്കുക; വാതകോപത്താൽ ഉണ്ടായ നീരു ശമിക്കും.

പിത്തശോഫത്തിനു ലേപനം.

ദൂർവ്വയാ മധുകചന്ദനനീരൈഃ
പേഷിതൈശ്ച നലമൂലസമേതൈഃ
ലേപ ഏവ വ്രണപിത്തജശോഥ-
നാശനായ കഥിതോऽപ്യതിശീതഃ. ൨൭

കറുകനാമ്പു് ഇരട്ടിമധുരം ചന്ദനം രാമച്ചം ഇവ പച്ചവെള്ളത്തിൽ അരച്ചു തേക്കുക; പിത്തജമായ ശോഫം ശമിക്കും.

കഫശോഫത്തിനു ലേപം.

ലേപോऽശ്വഗന്ധാപ്രഭവോऽജശൃംഗ്യാ
മഞ്ജിഷ്ഠികായാ സരളസ്യ തദ്വൽ
ഏകൈക ഏതേഷു കഫോത്ഥശോഥ-
വ്രണാപഹാരീ പ്രഥിതോ വിശേഷാൽ. ൨൮

അമുക്കുരം ആട്ടുകൊട്ടപ്പാല, മഞ്ചട്ടി ചരളം ഇവ ഓരോന്നും പ്രത്യേകം അരച്ചു തേക്കുക; കഫശോഫം വ്രണം ഇവ ശമിക്കും.

വേറൊരു ലേപനം.

(ന്യഗ്രോധാദി.)

ന്യഗ്രോധകോദുംബരവേതസാനാം
പ്ലക്ഷസ്യ ചാശ്വത്ഥതരുദ്ഭവാനാം
സുവല്ക്കലാനാം സഘൃതഃ പ്രലേപോ
ഹ്യാഗന്തുകാനാം വ്രണിനാം ച ശോഥേ. ൨൯

രക്തവ്രണഭവശോഥേ ലേപിത ഏവ
തൽക്ഷണമേവ നികാമം ഹരതി തമേവ

പേരാൽ അത്തി അററുവഞ്ചി ഇത്തി അരയാൽ ഇവയുടെ തൊലി കാടിയിൽ അരച്ചു നെയ്യുകൂട്ടി ചാലിച്ചു തേക്കുക; ആഗ

ന്തുകമായും വ്രണജമായും രക്തജമായും ഇരിക്കുന്ന ശോഫം ശമിക്കും.

ലേപനവിധി.

ന നിശി ലേപനദാനവിധിഃ സ്മൃതോ
ന പതിതോഽപി പുനഃ പരിദീയതേ
അപി ച പര്യുഷിതം ന വിലേപയേൽ
ബഹളശുഷ്കമലം ന ച ധാരയേൽ. ൩൦

രാത്രിയിൽ ലേപനം ചെയ്യരുത്. ആദ്യം ലേപനം ചെയ്തത് പൊഴിഞ്ഞുവീണാൽ അതുതന്നെ എടുത്ത് പിന്നെയും തേയ്ക്കരുത്. വളിച്ചതും, വളരെ ആർദ്രവും, വളരെ ഉണങ്ങിയതും ആയ ലേപനവും ഉപയോഗിക്കരുത്.

രാത്രിയിൽ ലേപനനിഷേധത്തിനുള്ള കാരണം.

തമസാ പിഹിതോഽത്യൂഷ്മാ രോമകൂപസമുത്ഥിതഃ
വിനാ ലേപേന നിര്യാതി രാത്രൗ നാലേപയേദതഃ. ൩൧

രോമകൂപങ്ങളിൽനിന്നും ഉണ്ടാകുന്ന അത്യൂഷ്മാവ് രാത്രിയിൽ ഇരുട്ടിനാൽ മറയ്ക്കപ്പെടുന്നതിനാൽ ലേപനം കൂടാതെതന്നെ നശിക്കുന്നു. അതിനാൽ രാത്രിയിൽ പ്രലേപനം ഹിതമല്ല.

രാത്രാവപി പ്രലേപസ്തു വിധാതവ്യോ വിചക്ഷണൈഃ
അപാകിശോഫേ ഗംഭീരേ രക്തപിത്തസമുദ്ഭവേ. ൩൨

സമർത്ഥന്മാരായ വൈദ്യന്മാർ പഴുക്കാത്തുള്ളതും താഴ്ചയുള്ളതും രക്തജവും പിത്തജവും ആയ ശോഫത്തിൽ രാത്രിയിലും പ്രലേപം ചെയ്യാം.

സേചനം.

യഥാംബുസംസേചനതോഽതിചണ്ഡ-
വഹ്നിഃ പ്രശാന്തിം ഭജതി പ്രകാമം
തഥൈവ ദോഷാഗ്നിരപി പ്രചണ്ഡ-
സേകാൽ പ്രശാമ്യത്യചിരേണ നിത്യം. ൩൩

അതിക്രൂരനായ അഗ്നി, ജലസേചനത്താൽ ഏതുപ്രകാരം ശമിക്കുന്നോ; അപ്രകാരം ദോഷമാകുന്ന അഗ്നിയും മഹത്തായ ധാരകൊണ്ട് വേഗത്തിൽ ശമിക്കും.

രക്താവസേചനമലം പ്രഥമം പ്രകുര്യാൽ
ശോഫേ മഹത്യപി വ്രണേ രുജി വാതജാതേ

വാതഘ്നയോഗശൃതതൈലവരൈശ്ച സിഞ്ചേ-
ന്മാംസപ്രഭൃതജരസൈശ്ച ഘൃതൈരഥോഷ്ണൈഃ. ൩൪

വാതജവും മഹത്തും ആയ ശോഫത്തിലും വ്രണത്തിലും ആദ്യമായി കീറി രക്തം കളയണം. അതിനുശേഷം വാതഹരങ്ങളായ മരുന്നുകൾ ഇട്ടു കുറുക്കിയതും, ചെറുചൂടുള്ളതും ആയ തൈലം മാംസരസം നെയ്യ് ഇവകൊണ്ട് ഒഴുക്കുകയും (ധാരകോരുകയും) ചെയ്യണം.

വാതവ്രണഭവശോഫം കാഞ്ജികധാരാ
സേകാധരതി നിതാന്തം തൽക്ഷണമേവ. ൩൫

വാതവ്രണത്താൽ ഉണ്ടായ ശോഫത്തിന് കാടികൊണ്ട് ധാര ഒഴുക്കിയാൽ പെട്ടെന്നു ശമിക്കും.

പിത്തരക്തജനിതേഽപ്യഭിഘാത-
സംഭവേഽപി ച തഥാ വ്രണശോഫേ
ശീതളൈശ്ച മധുരൈർഘൃതൈർദ്രാ-
ഗിക്ഷുനീരനികരൈരപി സിഞ്ചേൽ. ൩൬

പിത്തവും രക്തവും കോപിച്ചും അഭിഘാതംകൊണ്ടും ഉണ്ടായ വ്രണശോഫത്തിൽ ശീതളങ്ങളായ ദ്രവ്യങ്ങൾകൊണ്ടും പാൽ, പാടൽ നെയ്യ് കരിമ്പിൻനീര് ഇവകൊണ്ടും ധാരചെയ്യണം.

അശീതൈശ്ച മൂലാദിഭിർമൂത്രവർഗ്ഗൈ-
കഫഘ്നൌഷധീനാം കഷായൈശ്ച കൢപ്തൈഃ
പ്രസിഞ്ചേൽ കഫോത്ഥേ ച ശോഫേ വിശേഷാൽ
ഭിഷക് ക്ഷീരവർഗ്ഗാദിഭിശ്ച പ്രകാമം. ൩൭

കഫം കോപിച്ചുണ്ടായ ശോഫത്തിൽ ഉഷ്ണവീര്യങ്ങളായ മൂലാദികൾ, മൂത്രവർഗ്ഗങ്ങൾ, കഫത്തെ നശിപ്പിക്കുന്ന മരുന്നുകൾ ഇട്ടു കുറുക്കിയ കഷായങ്ങൾ ക്ഷീരാദികൾ ഇവകൊണ്ട് ധാര ചെയ്യണം.

വിമ്ലാപനം.

പൂർവം ചാഭ്യജ്യ വേണുപ്രഭവനളികയാ പീഡ്രനിസ്പാതമുഷ്ണൈ-
സ്തത്ര പ്രായോ ഭിഷഗ്വാ തദപി നിയതം സേചയിത്വാ
(ശനൈർവ്വാ.
ഗൃഹ്ണീയാച്ച തലേന വാപി ബഹുധാ ചാങ്ഗുഷ്ഠകേന ധ്രുവം
തദ്വിമ്ലാപനമേവ വൈദ്യധരണീപാലോദിതം തു വ്രണേ. ൩൮

ആദ്യം വ്രണം കഴുകി തദനന്തരം മുളങ്കുഴലിന്റെ ദ്വാര

ത്തിൽക്കൂടി പുകപുറപ്പെടുവിച്ച് വിയർപ്പിച്ച് പാണിതലംകൊണ്ടോ അംഗുഷ്ഠം (പെരുവിരൽ)കൊണ്ടോ ഞെക്കി ചലം കളയുന്നതാണ് വിമ്ലാപനം എന്നു പറയുന്നത്.

രക്തമോക്ഷണം.

വേദനോപശമനായ ശാന്തയേ
പാകതാജനിതദോഷസംഹതേഃ
സദ്യ ഏവ ജനിതേ വ്രണശോഫേ
രക്തമോക്ഷണമലം ബഹുശസ്താൽ. ൩൯

വ്രണത്തിൽ ഉണ്ടാകുന്ന വേദനയുടേയും പഴുപ്പുനിമിത്തം ഉണ്ടായ ദോഷസംഘങ്ങളുടേയും ശമനത്തിനായിട്ട് തൽക്ഷണം ഉണ്ടായ വ്രണശോഫത്തിലാണ് വളരെ പ്രയാസപ്പെട്ടെങ്കിലും രക്തമോക്ഷണം ചെയ്യേണ്ടത്.

രക്തം മൂലം വേദനായാശ്ച തസ്യ-
ന്നാസ്തി പ്രായോ രുക് കുതസ്തത്ര ജന്തോഃ
തസ്മാൽ സ്നിഗ്ദ്ധസ്യാപി ജന്തോസ്സിരാഭി-
സ്തുംബീശൃംഗ്ഗീഭിർജ്ജലൗകാഭിരിത്ഥം. ൪൦

രക്തമാണ് പ്രധാനമായി വേദനയ്ക്കു കാരണം. ആ രക്തം ഇല്ലെങ്കിൽ വേദന ഉണ്ടാകുകയില്ല. അതിനാൽ സ്നിഗ്ദ്ധശരീരനായവൻെറ രക്തത്തെ കുഴലോ കൊമ്പോ വച്ചോ അട്ടയിട്ടോ എടുത്തുകളയണം.

ദോഷസ്ഥഃ നാഭ്രക്തമോക്ഷം പ്രകുര്യ്യാ-
ന്നീരസ്ഥാഭിർജ്ജാഡ്യവൈവർണ്ണ്യയുക്താൽ
ശ്യാവാൽ പീഡാസംയുതാച്ചാപ്യഗന്ധേ-
സ്തുല്യാൽ പ്രായഃ ശ്ലേഷ്മദോഷപ്രശാന്ത്യൈ. ൪൧

ജാഡ്യം, നിറംമാററം, കരുവാളിച്ച നിറം, വേദന ഇവയോടുകൂടിയതും, മുഴയ്ക്കു തുല്യമായും ഇരിക്കുന്ന ദോഷസ്ഥാനത്തുനിന്നും കഫദോഷം ശമിക്കുന്നതിനുവേണ്ടി അട്ടയെ കടിപ്പിച്ച് രക്തം എടുത്തുകളയണം.

വാതോദ്ഭൂതാദ്ദോഷദേശാച്ച ശൃംഗ്യാ
പിത്തോദ്ഭൂതാന്നീരഗേഹാഭിരേവ
നാഡീവക്ത്രാൽ സന്നിപാതസ്യ ദോഷാൽ
ക്രുദ്ധാൽ പ്രായോ രക്തമോക്ഷം പ്രകുര്യ്യാൽ. ൪൨

വാതത്തിൽ ഉണ്ടായ ദോഷത്തിൽ കൊമ്പുവച്ചും, പിത്തത്താൽ ഉണ്ടായ ദോഷത്തിൽ അട്ടയിട്ടും സന്നിപാതദോഷകോപത്തിൽ കുഴൽവച്ചും രക്തം എടുത്തുകളയണം. ഇങ്ങനെയാണ് മിക്കവാറും രക്തം കളയുന്നത്.

രുജോ യദാ ദാരുണതാ ച ശോഫേ
ജാഡ്യം ഭവേത്തത്ര ഭിഷക് പ്രകുര്യ്യാൽ
സംസ്വേദനം വാമയുതേ ച ശോഫേ
വിദഗ്ദ്ധശോഫേപി ച ലേപനാനി. ൪൩

നീരിന്ന് അതികഠിനമായ വേദനയുണ്ടെങ്കിൽ അവിടെ ജാഡ്യം ഉണ്ടാകും. ആ ജാഡ്യത്തിൽ സ്വേദനംചെയ്യണം. പാകംവരാത്തതും ഉറപ്പുകളുള്ളതും ആയ ശോഫത്തിൽ ലേപനമാണ് ചെയ്യേണ്ടത്.

അലം പ്രശാമ്യേദ വിദഗ്ദ്ധശോഫോ
വിദഗ്ദ്ധശോഫോഽപി ച പാകമേതി
സ്വേദാത്മമുക്തൈരൗഷധിവർഗ്ഗ അഗ്രേ
സംവക്ഷ്യതേ ശോഫവിനാശനായ. ൪൪

വിയർപ്പിച്ചാൽ വിദഗ്ദ്ധമല്ലാത്ത ശോഫം എളുപ്പത്തിൽ ശമിക്കും. വിദഗ്ദ്ധമായ ശോഫം പഴുക്കുകയുംചെയ്യും. അതിനാൽ ഇനിയും വിയർപ്പിക്കുന്നതിനുള്ള ഔഷധം അടുത്തുതന്നെ പറയാൻ പോകുന്നു.

ദിങ്മൂലവാതാരിജടാഫലോത്ഥ-
ബീജാനി സൌഭഞ്ജനസൈന്ധവാനി
സവാജിഗന്ധൌഷധിശാണബീജ-
കുഠേരമൂലാനി കുലത്ഥകാനി. ൪൫

കാർപ്പാസബീജാനി തിലാ യവാശ്ച
പ്രസാരിണീ ഗന്ധപരാതസീ ച
സസിന്ദുവാരഃ കണയാ മിസിശ്ച
പുനർന്നവാസപ്തപലാശദാരാണി. ൪൬

ഏതാ യഥാലാഭമലം തഥാമ്ല-
രസൈശ്ച പിഷ്ടാ വ്രണശോഫമുഗ്രം
വാതോദ്ഭവം സ്വേദനതോ നരാണാം
സദ്യോ വിനിഘ്നന്തി ന ചിത്രമത്ര. ൪൭

ദശമൂലം ആവണക്കിൻവേര് മലങ്കാരയ്ക്കായുടെ അരി മുരിങ്ങത്തൊലി ഇന്തുപ്പ് അമുക്കുരം ചുക്ക് ചണയരി ചെറുതുളസിയു.

ടെ വേര് എള്ള് യവം പ്രസാരിണീ (തലനീളി) ചന്ദനം അഗ
ശി കരിനൊച്ചി തിപ്പലി ചതകുപ്പ തമിഴാമവേര് കടുക് ലന്ത
ക്കുരു ഈ മരുന്നുകളിൽ ഏതെല്ലാം മരുന്നുകൾ കിട്ടുമോ ആ മരുന്നു
കൾ എല്ലാം എടുത്ത്, അമ്ലരസത്തിൽ അരച്ചു വിയർപ്പിക്കണം.
എന്നാൽ വാതോദ്ഭവമായ വ്രണശോഫം പെട്ടെന്നു ശമിക്കും.

കൃഷ്ണാഹിഭസ്മകടുതൈലവിലേപനേന
ഗണ്ഡഃ പ്രശാന്തിമധിഗച്ഛതി പാചയേതി
സദ്യസ്തഥാ സ്ഫുടജമാശു വ്രണഃ പ്രയാതി
ധത്തൂരമൂലപരിപേഷിതഹിംഗുലേപാൽ. ൨൪

കൃഷ്ണസർപ്പത്തിന്റെ തോൽ ചുട്ട ഭസ്മം കടുകെണ്ണയിൽ കുഴ
ച്ചുതേച്ചാൽ വ്രണശോഫം പഴുത്ത് പൊട്ടി ശമിക്കും. ഉമ്മത്തിൻ
വേരും കായവുംകൂടി അരച്ചുതേച്ചാൽ പൊട്ടിയ വ്രണം വേഗ
ത്തിൽ ഉണങ്ങും.

വേറൊരുയോഗം.

പുനർന്നവാസപ്തപദാരുശുണ്ഠീ-
ശിഗ്രുപ്രലേപോऽമ്ലരസപ്രപിഷ്ടഃ
സുഖോഷ്ണ ഏവ പ്രഥിതോ വിശേഷാൽ
ശോഥം നിഹന്യാൽ ഖലു സവ്യജാതം. ൨൫

തമിഴാമവേര് കടുക് ദേവതാരം ചുക്ക് മുരിങ്ങത്തൊലി ഇ
വ പുളിരസത്തിൽ അരച്ച് അനത്തി ചെറുചൂടെ ലേപനം ചെ
യ്താൽ സകല ശോഫവും ശമിക്കും.

പാചനം.

ന ശാന്തിമായാതി വിലേപനേന
നാന്യൈരുപായൈരപി യസ്യ ശോഫഃ
തൽപാചനാർത്ഥം വരയോഗമഗ്രേ
പ്രവക്ഷ്യതേ വൈദ്യമതേന സമ്യക്. ൨൬

വിലേപനംകൊണ്ടും മററുപായങ്ങൾകൊണ്ടും ശോഫം ശമി
ക്കാതിരുന്നാൽ ആ ശോഫത്തിന് പാചനക്രിയ ചെയ്യണം. അ
തിനുള്ള ഔഷധങ്ങളെ വൈദ്യമതം അനുസരിച്ച് അടുത്തുതന്നെ
പറയുന്നു.

ശണസ്യ ശിഗ്രോരപി മൂലകസ്യ
ബീജാനി സിദ്ധാർത്ഥതിലാതസീനാം
സകിണ്വമുഷ്ണം ഖലു സക്തുജാത-
മാലേപനം ശോഫവിപാചനായ. ൨൭

ചണംബീജം മുരിങ്ങയരി മുള്ളങ്കിയരി കടുക് എള്ള് അഗ
ശിയരി ഇവ കള്ളിന്റെ ഊറലിൽ അരച്ച് തേക്കുക; ശോഫം പഴു
ക്കും.

പഴുത്ത വ്രണത്തിന്റെ ചികിത്സ.

പുരോ ഭേദനം പീഡനം ശോധനം ച
തഥാ രോപണം വാ സവർണ്ണം പ്രകുര്യാൽ
ബുധഃ പാകമാപ്തേ വ്രണേ പഞ്ച നിത്യം
ക്രമാൽ സംപ്രവക്ഷ്യേऽഖിലാനത്ര യുക്ത്യാ. ൨൮

പഴുത്ത വ്രണത്തിൽ ഭേദനം, പീഡനം, ശോധനം, രോപ
ണം, സവർണ്ണകരണം ഇങ്ങനെ അഞ്ചുവിധമുള്ള കർമ്മങ്ങൾ ചെയ്യ
ണം. അവയെത്തന്നെ ക്രമത്തിൽ ഇവിടെ യുക്തിയനുസരിച്ച് പ
റയാൻപോകുന്നു.

ഭേദനം (പൊട്ടിക്കുക.)

ദ്വിധാ ഭേദനം ശസ്ത്രമാർഗ്ഗേണ ചൈകം
ദ്വിതീയം തഥാപ്യൗഷധീനാം പ്രയോഗാൽ
സിരാസന്ധിമർമ്മാണി സന്ത്യജ്യ പൂയ-
സ്ഥലാൽ പൂയശേഷം ന കുര്യാൽ കദാപി. ൨൯

ശോഫം ഭേദിക്കുന്നതുതന്നെ ശസ്ത്രംകൊണ്ടും ഔഷധംകൊ
ണ്ടും രണ്ടുവിധത്തിലുണ്ട്. ഞരമ്പ്, സന്ധി, മർമ്മങ്ങൾ ഇവ ഒ
ഴിച്ച് ചലം ഉള്ള സ്ഥലത്ത് കീറിയാൽ ചലം ഒട്ടുംതന്നെ ശേ
ഷിപ്പിക്കരുത്.

ഔഷധിഭേദനം.

ചിരിവില്വകൃശാനുചിത്രകൈർ-
ഹയമാരേണ കപോതഗൃധ്രജം
അപി ഗൃധ്രജമേവ വിട് സദാ
വ്രണലിപ്തം വ്രണഭേദനം പരം. ൩൦

ആവി കൊട്ടവേലി വെള്ളത്താവണക്ക് കണവീരം മാടപ്രാവ്
കങ്കപക്ഷി കഴുകൻപക്ഷി ഇവയുടെ കാഷ്ഠം, ഇവ അരച്ചു തേ
ച്ചാൽ നീര് പൊട്ടിപ്പോകും.

സംഘൃഷ്യ ദന്തം തു ഗജസ്യ നീരൈർ-
ബിന്ദുപ്രമാണം വ്രണശോഫമധ്യേ
ധൃതോപരിഷ്ടാൽ സുധയാ ച സജ്ജീ-
വിലേപനാദാശു വ്രണം ഭിനത്തി. ൩൧

ആനക്കൊമ്പ് പച്ചവെള്ളത്തിൽ അരച്ച് നീരിന്റെ നടു

ക്ക് ഒരു തുള്ളി ഒഴിച്ച് അതിന്റെ മുകളിൽ ചുണ്ണാമ്പും ചവക്കാരവും കൂടി അരച്ചു തേച്ചാൽ ശോഫം എളുപ്പത്തിൽ പൊട്ടും.

ബാലസ്യ വൃദ്ധസ്യ സസീദകസ്യ
തഥാ ബലായാശ്ച സുമർമ്മജസ്യ
വ്രണസ്യ വാ ദാരണമൌഷധീനാം
യോഗൈഃ പ്രകുര്യാൽ ഭിഷഗപ്രമത്തഃ. ൩൩

ബാലൻ, വൃദ്ധൻ, ക്ഷീണൻ ഇവക്കും സ്ത്രീകൾക്കും ഉണ്ടാകുന്ന വ്രണങ്ങളേയും മർമ്മങ്ങളിൽ ഉണ്ടാകുന്ന വ്രണങ്ങളേയും ഔഷധങ്ങൾകൊണ്ട് വൈദ്യൻ മനസ്സിനിത്തി പൊട്ടിക്കണം.

പീഡനം (ഞെക്കുക)

താവദ്വ്രണാന്തഃ സ്ഥിത ഏവ പൂയോ
യാവന്ന വൈദ്യഃ പരിപീഡയേത്തം
തസ്മാന്നിപീഡ്യാശു നിരസ്യ പൂവം
മുഖം പരിത്യജ്യ വിലേപയേത്തം. ൩൪

വ്രണത്തിന്റെ ഉള്ളിൽ ഇരിക്കുന്ന ചലത്തെ ഞെക്കിക്കളയാതെ ഇരുന്നാൽ അത് ആ വ്രണത്തിന്റെ ഉള്ളിൽ തന്നെ ഇരിക്കുകയേ ഉള്ളു. അതുകൊണ്ട് വൈദ്യൻ ആ ചലത്തെ ഞെക്കിക്കളഞ്ഞ് വ്രണത്തിന്റെ മുഖം ഒഴിച്ച് ഉള്ള സ്ഥലത്തു മരുന്ന് അരച്ചു തേക്കണം.

യവഗോധൂമമാഷജചൂർണ്ണമഥവാഹി
പീഡിതവ്രണപരിലേപാച്ഛോധനമേഹി. ൩൫

യവം ഗോതമ്പ് ഉഴുന്ന് ഇവ പൊടിച്ച് വെള്ളത്തിൽ കലക്കി കുറുക്കി, ചലം ഞെക്കിക്കളഞ്ഞ വ്രണത്തിൽവെച്ചു കെട്ടിയാൽ വ്രണം ശുദ്ധിയാകും.

കുലകനിംബദളാംബുനിഷേചനൈർ-
വ്രണമലം വരവൈദ്യമണിഃ സദാ
പരിവിശോദ്ധ്യ തതഃ ഖലു രോപണം
മലമലേപനതൈലവിധിം ചരേൽ. ൩൬

പടവലം വേപ്പില ഇവ കഷായംവെച്ച് ധാരകോരി വ്രണത്തെ ശുദ്ധിയാക്കിയതിനുശേഷം രോപണമായ ലേപനം തൈലവിധി ഇവയെ ആചരിക്കണം.

വാതികം ച ദശമൂലകഷായൈഃ
ക്ഷീരിണാം ച വരവല്ക്കലതോയൈഃ

പിത്തജം ച കഫജം ച കഷായൈഃ
രാജവൃക്ഷജസുവല്ക്കലജാതൈഃ. ൩൭

അശ്വത്ഥകോദുംബരവേതസാനാം
പ്ലക്ഷസ്യ തദ്വദ്വടവല്ക്കലാനാം
കഷായൈർന്നിഷിഞ്ചേദുപദംശശോഥ-
വിനാശനായാന്യവ്രണേഷു തദ്വൽ. ൩൮

വാതജമായ വ്രണത്തെ ദശമൂലകഷായങ്ങൾകൊണ്ടും, പിത്തജമായ വ്രണത്തെ നാല്പാമരത്തൊലിക്കഷായംകൊണ്ടും കഫജമായ വ്രണത്തെ കൊന്നത്തൊലിക്കഷായംകൊണ്ടും ശുദ്ധിയാക്കണം. അരയാൽ അത്തി ആററുവഞ്ചി ഇത്തി പേരാൽ ഇവയുടെ തൊലി ഇട്ടുവച്ച കഷായംകൊണ്ടു ധാരകോരിയാൽ മററു എല്ലാ വ്രണങ്ങളും ഉപദംശം ശോഥം ഇവയും ശമിക്കും.

ജടാ ശാരിബായാഃ പ്രകാമം വ്രണാനാം
ഭവേദ്രോപണീ ശോധനീ നിംബകല്ക്കം
തിലൈർമ്മാക്ഷികൈർവ്വാ വ്രണാനാം ച തദ്വദ്
വിലേപം ച തച്ഛോധനം രോപണം ദ്രാക്. ൩൯

നറുനീണ്ടിവേരു് അരച്ചുതേച്ചാൽ വ്രണം ശുദ്ധമാകുകയും ഉണങ്ങുകയും ചെയ്യും. അതുപോലെ, വേപ്പിൻതൊലിയും എള്ളും അരച്ചു തേൻകൂട്ടി തേച്ചാലും വ്രണം ശുദ്ധിയാകയും ഉണങ്ങുകയും ചെയ്യും.

യഥാലാഭയോഗങ്ങൾ.

ലോദ്ധ്രാശ്വഗന്ധാമധുയഷ്ടികാ ച
സമംഗയാ കട്ഫലകം മദായാഃ
പുഷ്പാണി വൈദ്യൈഃ കഥിതാശ്ച സവേ
വിശോധനാർത്ഥം പ്രതിരോപണായ. ൪൦

പാച്ചോററിത്തൊലി അമുക്കുരം ഇരട്ടിമധുരം മഞ്ചെട്ടി കുമിൾവേരു താതിരിപ്പൂവു ഇവ ശോധനത്തിനും രോപണത്തിനും നല്ലതാണെന്നു വൈദ്യന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

സബാണപുംഖം മധുസംപ്രലേപാൽ
ദുഷ്ടവ്രണാനാം ഖലു രോപണം സ്യാൽ
തഥാ യവാനാം സഘൃതശ്ച കല്ക്കോ-
വിലേപനാദ്വാ വ്രണരോപണാശ്ച. ൪൧

കൊഴുപ്പയുടെ വേരു് അരച്ചു തേനുംകൂട്ടി തേച്ചാൽ ദുഷ്ടവ്ര

ണങ്ങൾ ഉണങ്ങും. അതുപോലെ യവം അരച്ചു നെയ്യുംകൂട്ടി തേച്ചാലും ദുഷ്ടവ്രണം ഉണങ്ങും.

സവൎണ്ണകരണം (നിറം ഉണ്ടാക്കുക).

മുചുകുന്ദദളപ്രലേപനാൽ
കുശശാണ്ഡില്യജടാപ്രലേപനാൽ
കകുഭസ്യ ച ജംബൂകത്വചാ
സഹ ലോധ്രേണ ച കട്ഫലേന ച. ൩൭

പരിലേപനതഃ സവൎണ്ണതാ
വ്രണിനാം സത്വരമേവ ജായതേ
കുസുമാനി മധൂദ്ഭവാനി ലോധ്രൈഃ
പരിലിപ്താനി പ്രിയംഗുനാപി തദ്വൽ. ൩൮

മുചുകുന്ദത്തിന്റെ ഇലയോ കുശം കൂവളം ഇവയുടെ വേരോ നീർമരുതിൻതൊലി ഞാവൽതൊലി പാച്ചോററിത്തൊലി കുമ്പിൾവേരു് ഇവയോ താതിരിപ്പൂവു് പാച്ചോററിത്തൊലി ഞാഴൽപ്പൂവു് ഇവയോ അരച്ചുതേക്കുക; വ്രണത്തിനു സവൎണ്ണത ഉണ്ടാകും.

രക്തവ്രണം.

പക്വോപ്യപക്വോ രുധിരം സ്രവേദ്യോ
രക്തവ്രണഃ സ്യാദപി ഛിന്നസന്ധിഃ
സ്രവന്തി രക്തം ഖലു യേ വ്രണാസ്താൻ
സംസാധയേദാ ഹി വിധിജ്ഞവൈദ്യഃ. ൩൯

പഴുത്തതോ പഴുക്കാത്തതോ ആയ വ്രണത്തിൽനിന്നു രക്തം ഒലിക്കുന്നു എങ്കിൽ അതു് രക്തവ്രണമാണു്. രക്തവ്രണത്തിൽ സന്ധികൾ മുറിഞ്ഞിരിക്കും. ഇങ്ങനെ രക്തം സ്രവിക്കുന്നതായ വ്രണങ്ങളെ ശാസ്ത്രജ്ഞനായ വൈദ്യൻ ചികിത്സിക്കണം.

വാതാഭിഭൂതാനസൃജവ്രണാംസ്താൻ
വിധൂപയേദ് ഭ്രഷ്ടഘവാജ്യസിക്ഥൈഃ
ശ്രീവേഷ്ടദേവാഹ്വയുതൈർഭിഷക് പ്രാക്
പീഡാനിവൃത്ത്യൈ ച വിശോധനാൎത്ഥം. ൪൦

വാതം കോപിച്ചതായ രക്തവ്രണങ്ങളെ നെയ്യു് പൊന്മെഴുതിരുവട്ടപ്പശ ദേവതാരം ഇവ പൊടിച്ചിട്ടു പലപ്രാവശ്യം പുകയ്ക്കണം. എന്നാൽ വേദന നശിക്കയും വ്രണം ശുദ്ധിയാകയും ചെയ്യും.

ദുഷ്ടവ്രണലക്ഷണം.

അതിപൂതിയുതോ[illegible]
ചിരകാലപ്രഭവോഽപി കോടരാന്തഃ
അവിശുദ്ധിയുതോ വിവൎണ്ണതാഭിഃ
സഹിതോ വാതിതരോഽന്വിതോഽതിദുഷ്ടഃ. ൪൧

വളരെ ചലത്തോടുകൂടിയതും വളരെ ചലം ഒഴുകുന്നതും വളരെക്കാലമായതും ഉള്ളിൽ അളിയുന്നതും വിശുദ്ധിയും വൎണ്ണവും ഇല്ലാത്തതും വളരെ വേദനയോടുകൂടിയതും ആയ വ്രണം ദുഷ്ടവ്രണമാകുന്നു.

അതിദുഷ്ടവ്രണചികിത്സ.

ബലാസമംഗാമധുകോല്പലാനാം
സധാതകീചന്ദനദാൎവ്വികാനാം
മേദാതിലാഭ്യാം സഘൃത[illegible]
സദ്യോ ഭവേൽ ദുഷ്ടവ്രണ[illegible]. ൪൨

കുറുന്തോട്ടിവേരു് മഞ്ചട്ടി [illegible] ഞ്ഞു് താതിരിപ്പൂവു് ചന്ദനം [illegible] ഇവ അരച്ചു നെയ്യിൽ കുഴച്ചുതേച്ചാൽ ദുഷ്ടവ്രണം [illegible].

സഗുഗ്ഗുലും യസ്ത്രിഫലാകഷായം
പിബേന്നരഃ സപ്ത[illegible]
ദുഷ്ടവ്രണവ്യാധിവിമുക്തിമേത്യ
ദേവോക്തയോഗം പ്രവദന്തി [illegible]. ൪൩

ത്രിഫല കഷായംവെച്ചു് ഗുല്ഗുലു [illegible] ചേൎത്തു് ഏഴുദിവസം സേവിച്ചാൽ [illegible].

ആഗന്തുകവ്രണങ്ങൾ.

നാനാധാരൈർമുഖൈർമുഖൈ[illegible]രനേകൈ-
ൎന്നാനാസ്ഥാനപ്രപതിതൈ[illegible]
നാനാകാരാ നിഖിലവ്രണാ[illegible] ശല്യയുക്താ ഹ്യശല്യാ-
സ്തേഷാം താവദ്വിവിധ[illegible] ശല്യതന്ത്രോക്തമഗ്രേ.

പലവിധത്തിലുള്ള മുനകളോടും മുഖങ്ങളോടുംകൂടിയ ശസ്ത്രാസ്ത്രങ്ങൾ ദേഹത്തിൽ പല സ്ഥലങ്ങളിലും, ചിലപ്പോൾ ദേഹസന്ധിയിലും ഏല്ക്കുമ്പോൾ നാനാകാരങ്ങളായ വ്രണങ്ങൾ ശല്യയുക്തങ്ങളായും അശല്യങ്ങളായും ഉണ്ടാകും. അതിനു ശല്യവിധിയിൽ പറഞ്ഞിട്ടുള്ള പല വിധികളും ഇനിയും പറയാൻ പോകുന്നു.

സദ്യഃ ക്ഷതം വൈദ്യവരഃ സശൂലം
നിഷേചയേദ്യഷ്ടികയോഷ്ണഹവൈഃ
വിശേഷതോ വാ മധുകേന യുക്തൈർ-
ഘൃതൈസ്തഥാ മാക്ഷികസംയുതൈർവാ. ൬൩

ശ്രേഷ്ഠനായ വൈദ്യൻ വേദനയോടുകൂടിയ സദ്യോവ്രണത്തെ ഇരട്ടിമധുരക്കഷായത്തിൽ ചെറുചൂടുള്ള നെയ്യുചേർത്തോ ഇരട്ടിമധുരക്കഷായവും നെയ്യും തേനും ചേർത്തോ ധാരചെയ്യണം.

ശീതാം ക്രിയാം കിന്തു ഹിതാനിതാം ച
സരക്തപിത്തോഷ്മഹരാം പ്രയുഞ്ജ്യാൽ
സദ്യഃ ക്ഷതക്ഷീണവിനിഗ്രഹാർത്ഥം
സ്നിഗ്ദ്ധാഃ കഷായാ മധുരാഃ പ്രലേപാഃ. ൬൪

വേദനയോടുകൂടിയ സദ്യോവ്രണത്തിൽ തേനും നെയ്യുംചേർത്തു ശീതളങ്ങളായ ക്രിയകളും, രക്തം, പിത്തം, ഉഷ്ണം ഇവയെ ഹരിക്കുന്ന ക്രിയകളും സ്നിഗ്ദ്ധങ്ങളായ കഷായങ്ങളും മധുരങ്ങളായ ലേപനങ്ങളും പ്രയോഗിക്കണം.

ക്രുദ്ധേ വ്രണേ ഝടിതി മധുരാദിലേപ-
സേകൈർവമനവിരേചനാദ്യൈരാസ്ത്രാഃ
അഭോജനം ച ബലമസ്യ നിരീക്ഷ്യ ചാസ്ര-
സമ്മോക്ഷണം വിധിവച്ച ഭിഷക് പ്രകുര്യാൽ. ൬൫

സദ്യോവ്രണം കോപിച്ചാൽ മധുരദ്രവ്യങ്ങൾകൊണ്ടു ലേപസേകങ്ങളും വമനവിരേചനാദിക്രിയകളും ചെയ്തതിനുശേഷം ഭക്ഷണാദിബലം നോക്കിക്കണ്ട് രക്തമോക്ഷണവും ചെയ്യണം.

ഛിന്നവ്രണം.

തിര്യഗ് വിഛിന്ന ഋജുർവ്രണോ യ-
ശ്ചായതോ വാ ഗാത്രനിപാതനോഽപി
ഛിന്നവ്രണോഽസാവപി വാ പ്രവിദ്ധോ
ഭിന്നാധികം യോ രുധിരം സ്രവേച്ച. ൬൬

ഏതെങ്കിലും ഒരു അവയവമോ അവയവഭാഗമോ വിലങ്ങത്തിലോ നേരെയോ നീളത്തിലോ മുറിയുന്നതിനു ഛിന്നവ്രണം എന്നുപേർ. ഇതിന്നു മുറിവിൽകൂടി ഭിന്നവ്രണത്തേക്കാൾ അധികമായി രക്തം സ്രവിക്കും.

രക്തക്ഷയാത്തത്ര രുജാം കരോതി
വായുർഭൃശം തൽപ്രശമായ വൈദ്യഃ

സ്നേഹസ്യ പാനൈഃ പരിഷേചനൈശ്ച
വസ്ത്യാശ്ച തസ്യൈവ ജയേത്തമേവ. ൬൭

ഛിന്നവ്രണത്തിൽ രക്തക്ഷയം നിമിത്തം വായു വളരെ വേദനയെ ചെയ്യും. അതിന്റെ ശമനത്തിനായിട്ട് സ്നേഹപാനം, ധാര, വസ്തി ഇവ പ്രയോഗിക്കണം.

അതിവിനിർഗ്ഗതരക്തജനഃ പിബേ-
ദ്രുധിരമേവ കടുഷ്ണഘൃതൈരപി
സമധുകം ബഹുധാപി ച സാരുണം
രുധിരനിർഗ്ഗമവായുഗദാപഹം. ൬൮

സദ്യോവ്രണത്തിൽ രക്തം അധികം പോയാൽ കോഴി മുതലായവയുടെ രക്തംതന്നെ കുടിപ്പിക്കണം. ഇരട്ടിമധുരം മഞ്ചട്ടി ഇവ പൊടിച്ചിട്ടു കാച്ചിയ നെയ്യു ചൂടോടുകൂടി ധാരചെയ്യുകയും വേണം. എന്നാൽ രക്തസ്രാവംകൊണ്ടുണ്ടായ വായുകോപം ശമിക്കും.

ശീതാഃ കഷായാ മധുരാശ്ച സർവാഃ
ക്രിയാശ്ച സദ്യോവ്രണിനേ പ്രയോജ്യാഃ
രസൈരപാമാർഗ്ഗജപത്രജാതൈഃ
സേകഃ പ്രവൃത്തം രുധിരം രുണദ്ധി. ൬൯

സദ്യോവ്രണത്തിൽ ശീതങ്ങളായ കഷായങ്ങളുംമധുരങ്ങളായ എല്ലാ ക്രിയകളും പ്രയോഗിക്കാം. ഇതുകൂടാതെ ചെറുകടലാടിയുടെ ഇല ചതച്ചു നീരെടുത്തു ധാര ചെയ്യുകയും ചെയ്യാം. എന്നാൽ പുറപ്പെട്ടുകൊണ്ടിരിക്കുന്ന രക്തം വേഗത്തിൽ ശമിക്കും.

ഭിന്നവ്രണം.

കുന്തേഷു ഖഡ്ഗാഗ്രവിഷാണശക്തി-
പാഷാണകാഷ്ഠാദിഭിരാശയസ്തു
ഹതസ്തു കിഞ്ചിൽ സ്രവതേ സ ഭിന്ന-
വ്രണോ ഭിഷഗ്ഭിഃപ്രവരൈർനിരുക്തഃ. ൭൦

കുന്തം ബാണം വാൾ ഇവയുടെ മുനയേററിട്ടോ കൊമ്പ് വേൽ കല്ല് തടി ഇവയേററിട്ടോ വസ്ത്യാദികളായ ആശയം മുറിഞ്ഞ് അല്പാല്പമായി രക്തം സ്രവിക്കുന്നതു ഭിന്നവ്രണത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ആമാശയസ്ഥേ രുധിരേ വമേച്ച
പക്വാശയസ്ഥേ ച വിരേചനാനി.

വംശത്വഗേരണ്ഡയുതാശ്വദംഷ്ട്രാ-
ക്വാഥോƒശ്മഭേദേന സഹിംഗുസിന്ധുഃ. ൮൪

പീതസ്തു കോഷ്ഠസ്ഥമസൃക് പ്രയത്നാൽ
സംസ്രാവയേത്തത്ര ന കാപി ശങ്കാ. ൮൫

മുറിഞ്ഞ രക്തം ആമാശയത്തിലാണെങ്കിൽ വമനവും പക്വാശയത്തിലാണെങ്കിൽ വിരേചനവും ചെയ്യണം. മുളനാമ്പ് ഇലവർങം വെളുത്താവണക്കിൻവേര ഞെരിഞ്ഞിൽ കല്ലൂർവഞ്ചി ഇവ കഷായംവച്ച് ഇന്തുപ്പും കായവും മേമ്പൊടിചേർത്തു കൊടുക്ക; കോഷ്ഠത്തിൽ ഇരിക്കുന്ന രക്തം നിശ്ചയമായും സ്രവിച്ചുപോകും.

കോഷ്ഠഭേദം.

തസ്മിംശ്ച ഭിന്നേ രുധിരപ്രപൂർണ്ണേ
ജ്വരോƒതിദാഹോ ഭവതി പ്രകാമം
ലിംഗാച്ച പായോർവദനാച്ച തദ്വൽ
ഘ്രാണാച്ച രക്തം ബഹുലം പ്രയാതി. ൮൬

മൂർച്ഛാതൃഷാശ്വാസഗദാ ഭവന്തി
ഹ്യാധ്മാനമന്നാരുചിഗാത്രഗന്ധിഃ
വിൺമൂത്രയോർവാതസമന്വയശ്ച
സാദഃ പ്രസേകോƒക്ഷിവിലോഹിതത്വം. ൮൭

സലോഹഗന്ധത്വമലം മുഖേ ച
ശൂലം ഹൃദി സ്യാദപി പാർശ്വയോശ്ച. ൮൮

കോഷ്ഠം മുറിഞ്ഞു രക്തം നിറഞ്ഞാൽ ജ്വരം, വളരെ ചൂട് ഇവയുണ്ടാകും. ലിംഗം, ഗുദം, മുഖം, മൂക്ക് ഈ ഭാഗങ്ങളിൽകൂടി വളരെ രക്തം പുറപ്പെടും. മൂർച്ഛ, തണ്ണീർദാഹം, ശ്വാസം, വയറുവീർപ്പ്, രുചിയില്ലായ്ക, ശരീരത്തിനു ദുർഗ്ഗന്ധം, മലമൂത്രങ്ങൾക്കു തടവ്, വാതസംഗം, സ്വേദം, വായിൽകൂടി വെള്ളംവരിക, കണ്ണിനു ചുവപ്പ്, വായിൽ ഇരുമ്പിന്റെ ഗന്ധം, ഹൃദയശൂലം, പാർശ്വശൂലം ഇവയും ഉണ്ടാകും.

തച്ചികിത്സ.

പാദായുധം കൃഷ്ണതനും സമസ്തം
മുഖം ച തസ്യാശു നിബദ്ധതോയേ
കലാംശമാത്രേ പരിപാചയേത്തം
പാദാവശേഷം തു പിബേൽ പ്രകാമം. ൮൯

അനേന പീതേന ച കോഷ്ഠഗം യ-
ദ്രക്തം ദ്രവേൽ സ്വാസ്ഥ്യമവാപ്യതേ ച

കോലൈ കുലത്ഥൈശ്ച യവൈഃ കൃതം ച
നിസ്നേഹമത്രാശു രസം പിബേദ്വാ. ൯൦

ശരീരവും മുഖവും എല്ലാം കറുത്തതായ കോഴിയുടെമാംസത്തെ എട്ട ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലൊന്നാക്കി സേവിക്കുക; ഇതുകൊണ്ട് കോഷ്ഠത്തിലുള്ള രക്തം ദ്രവിച്ചു സ്വാസ്ഥ്യം ലഭിക്കും. ഇതുകൂടാതെ ലന്തക്കുരു മുഴമുതിര യവം ഇവ കഷായംവച്ചു സ്നേഹരസം ചേർക്കാതെ കുടിക്കുകയും ചെയ്യാം.

ആമാശയ ഗതരക്തലക്ഷണം.

ആമാശയസ്ഥേ രുധിരേ വിശേഷാ-
ദ്വമേന്നരോ രക്തമജസ്രമേവ
ആധ്മാനശൂലേ ഭവതഃ പ്രകാമം
തല്ലക്ഷണം വൈദ്യവരാ വദന്തി. ൯൧

രക്തം ആമാശയത്തിൽ നിൽക്കുമ്പോൾ രക്തം ഛർദ്ദിക്കുക, വയറുവീർപ്പ്, വയററിൽവേദന ഇവയുണ്ടായിരിക്കും.

പക്വാശയഗതരക്തലക്ഷണം.

സശൂലം ഗൌരവം പ്രായോ രക്തേ പക്വാശയാശ്രിതേ
അധഃകായേ വിശേഷേണ ശീതത്വം ച ഭവേത്തദാ ൯൨

രക്തം പക്വാശയത്തിൽ നിൽക്കുമ്പോൾ ശൂലം, ഗൌരവം, അരയ്ക്കു താഴെ തണുപ്പ് ഇവ ഉണ്ടായിരിക്കും.

വിദ്ധലക്ഷണം.

സൂക്ഷ്മാസ്യശല്യാഭിഹതം യദംഗം
വിനാശയം തുണ്ഡിതമപ്യജസ്രം
വിനിസ്സൃതം ശസ്ത്രമിതൈറവ വിദ്ധ-
മാഹുർവിശേഷേണ ച ശല്യവിജ്ഞാഃ. ൯൩

ആമാശയം മുതലായ ആശയങ്ങളൊഴിച്ച് ഏതൊരംഗമാണോ സൂക്ഷ്മമുഖമായ ശല്യംകൊണ്ടു മുറിയുകയും അതു ശല്യത്തോടുകൂടിയോ കൂടാതെയോ ഇരിക്കയും ചെയ്യുന്നത്; അതിനെ ശല്യജ്ഞന്മാരായ വൈദ്യവര്യന്മാർ വിദ്ധമെന്നു പറയുന്നു.

സശല്യവ്രണം.

സശോഫം ശ്യാമം വാ ഭവതി പിടകായുക്തമസകൃ-
ദ്വഹൻ രക്തം യത്ര പ്രചലനരുജോ ബുദ്ബുദസമം
ഭവേന്മാംസം തദ്വന്മൃദുതരമഥോƒപ്യുച്ഛ്രിതതമം
സശല്യം തൽ പ്രോക്തം വ്രണമിഹ ഭിഷഗ്ഭിഃ പ്രണിഗദൈഃ. ൯൪

നീരു്, കരുവാളിപ്പു്, കുരുക്കൾ, എല്ലായ്പോഴും രക്തം ഒഴുകുക, ഇളകിയാൽ വേദന, മാംസം കുമളപോലെയും മൃദുവായും പൊങ്ങിയും ഇരിക്കുക ഇവ ശല്യത്തോടുകൂടിയ വ്രണത്തിന്റെ ലക്ഷണമാകുന്നു.

കോഷ്ഠസ്ഥിതശല്യലക്ഷണം.

ഭിത്വാ വാ പരിഹൃത്യ വാ യദി സിരാദീനി ത്വചോതീത്യ ച
കോഷ്ഠസ്ഥഃ ഖലു ശല്യ ഏവ കുരുതേ താംസ്താനനേകാൻ ഗദാൻ
സപ്തൈവാപ്യഥവാ ക്ഷതസ്യ ച പരം ബ്രൂമോ വയം ലക്ഷണം
ഛിന്നം നാതി തഥൈവ ഭിന്നമഥവാ പ്രായഃ ക്ഷതം കീർത്തിതം.

ഏഴു തൊലികളേയും കടന്നു ഞരമ്പു് മാംസം നാഡി അസ്ഥി മുതലായവയെ പിളന്നിട്ടോ പരിഹരിച്ചിട്ടോ കോഷ്ഠത്തിൽ ചെന്നിരിക്കുന്നതായ ശല്യം അനേക രോഗങ്ങളെ ഉണ്ടാക്കുന്നു. ഇനിയും ക്ഷതത്തിന്റെ ലക്ഷണമാണു പറയുന്നതു്. അധികം മുറിയാതെയും അധികം പിളരാതെയും ഉള്ള വ്രണമാണ് മിക്കവാറും ക്ഷതം എന്നു പറയുന്നതു്.

വിഷമവ്രണലക്ഷണം.

വിഷമതാംഗഗതാം കുരുതേ ക്ഷതം
വിഷമമേവ ഭിഷക് പരികീർത്തിതം
പ്രഹരണാദപരസ്യ ച പീഡനാ-
ദ്രുധിരമജ്ജഗതം പിച്ഛിതമസ്ഥിഗം. ൯൩

വിപുലതാം ച ഗതം ഖലു മുദ്ഗരാ-
ദിഭിരലം പരിഘർഷിതമേവ വാ
അപി ച താഡിതമാശു ചികിത്സകൈർ-
നിഗദിതം ഖലു പിച്ഛിതമേവ തൽ. ൯൪

മുൻപറഞ്ഞ ലക്ഷണംകൂടാതെ അംഗത്തിനു വൈഷമ്യത്തെ ചെയ്യുന്ന വ്രണത്തെ വിഷമവ്രണമെന്നു പറയുന്നു.

പിച്ഛിതലക്ഷണം.

അന്യന്റെ അടിയോ പീഡനമോ ഹേതുവായിട്ടോ, ചുററിക മുതലായവയുടെ സംഘർഷമോ അടിയോ നിമിത്തമോ രക്തം അസ്ഥി മജ്ജ ഈ സ്ഥാനങ്ങളിൽ പ്രാപിച്ചു് അതിവിസ്താരത്തിൽ ഉണ്ടാക്കുന്ന വ്രണത്തെ പിച്ഛിതവ്രണമെന്നു പറയുന്നു.

ഘൃഷ്ടവ്രണലക്ഷണം.

ഗതത്വചോ ഘർഷണതോഽഭിഘാതാ-
ദൂഷ്മാസ്രവം ഘൃഷ്ടവ്രണം വദന്തി.

ഉരഞ്ഞിട്ടോ ചതഞ്ഞിട്ടോ രക്തം ചൂടോടുകൂടി പുറപ്പെടുന്നതു് ഘൃഷ്ടവ്രണമാകുന്നു.

മർമ്മക്ഷതലക്ഷണം.

ഭ്രമഃ പ്രലാപഃ പതനം ച മോഹോ
വിചേഷ്ടനോഷ്ണത്വവിമൂർച്ഛനാനി. ൯൫

സ്രസ്താംഗതാ ഗ്ലാനിരഥോർദ്ധ്വവാത-
സ്തീവ്രാ രുജോ വാതകൃതാശ്ച യാസ്താഃ
സർവേന്ദ്രിയാർത്ഥോപരമശ്ച യത്ര
മാംസോദകാഭം രുധിരം സ്രവേച്ച. ൯൬

മാംസാസ്ഥിനാഡീഷു ച സന്ധിമദ്ധ്യേ
സ്നായൌ പ്രവിദ്ധോഽപി ച മർമ്മവിദ്ധഃ
ഘ്രാണാസ്യലിംഗശ്രവണാദിപായു-
പ്രവർത്തമാനം പ്രഭവേദ്വിശേഷാൽ. ൯൭

തലകറക്കം പേപറയുക മറിഞ്ഞുവീഴുക മോഹാലസ്യം കൈകാൽ താഴെയിട്ടടിക്കുക ഉഷ്ണസഞ്ചാരം മൂർച്ഛ അംഗസ്ഥാനങ്ങളിൽനിന്നു് ഇളകിവീഴുന്നപോലെ തോന്നുക ക്ഷീണം ഊർദ്ധ്വവാതം (ഏമ്പക്കം) വാതകൃതങ്ങളായ കഠിനവേദനകൾ ഇന്ദ്രിയങ്ങൾക്കു ഗ്രഹണശക്തി കുറയുക മാംസംകഴുകിയ വെള്ളംപോലെ രക്തം ഒലിക്കുക ഇവ മർമ്മവിദ്ധന്റെ ലക്ഷണങ്ങളാണ്. മാംസമർമ്മം അസ്ഥിമർമ്മം, നാഡീമർമ്മം, സന്ധിമർമ്മം, സ്നായുമർമ്മം ഇങ്ങനെ മർമ്മങ്ങൾ അഞ്ചുണ്ടു്. ഈ അഞ്ചുമർമ്മങ്ങളിലും മുറിവുണ്ടായാലുള്ള ലക്ഷണമാണ് മുൻപു പറഞ്ഞതു്. മർമ്മം മുറിഞ്ഞാൽ വിശേഷിച്ചു്, മൂക്കു്, വായു്, ലിംഗം, ചെവി, ഗുദം, ഈ സ്ഥാനങ്ങളിൽകൂടിയും രക്തം സ്രവിക്കുകയും ചെയ്യും.

സിരാവിദ്ധലക്ഷണം.

യദിന്ദ്രഗോപപ്രതിമം ച ഭൂരി
ക്ഷതോത്ഥവാതോ രുധിരം സ്രവേച്ച
സിരാസു വിദ്ധാസ്വഥവാ ക്ഷതാസു
സിരാഭിതാപാന്ധകതാദിരോഗാഃ. ൯൮

മർമ്മങ്ങളില്ലാതെയുള്ള ഞരമ്പുകൾക്കു് മുറിവുണ്ടായാൽ അതിൽനിന്നു ഇന്ദ്രഗോപത്തിനു സദൃശമായ നിറത്തിൽ വളരെ രക്തം ഒലിക്കും. സിരാഭിതാപം, അന്ധത മുതലായ രോഗങ്ങളും ഉണ്ടാകും.

13

സ്നായുവിദ്ധലക്ഷണം.

കൌബ്ജ്യം ച ദേഹാവയവാവസാദോ
രുജശ്ച നാനാസു ക്രിയാസ്വശക്തിഃ
ചിരാദ്വ്രണോ രോഹതി യസ്യ തം വൈ
സ്നായുപ്രവിദ്ധം ഭിഷജോ വദന്തി. ൩൯

കൂനുണ്ടാവുക, ദേഹവും അവയവങ്ങളും തളരുക, വേദന, പ്രവൃത്തിചെയ്യുന്നതിനു ശക്തിയില്ലാതിരിക്കുക, വ്രണംവളരെക്കാലംകൊണ്ടു നികരുക ഇവ സ്നായുവിദ്ധൻെറ ലക്ഷണമാണ്.

സന്ധിവിദ്ധലക്ഷണം.

ബഹുരുജശ്ച പൃഥുശ്വ്യദി സന്ധിഷു
ബലഹതിർവിചലാസ്വചലാസു ച
യദി ച സന്ധിജകർമ്മവിരാമതാ
ഭവതി സന്ധിസു വിദ്ധജലക്ഷണം. ൪൦

സന്ധികൾ വിചലകൾഎന്നും അചലകൾ എന്നും രണ്ടുവിധത്തിലുണ്ട്. വിചലകൾ ചേഷ്ടയുള്ളവയും അചലകൾ ചേഷ്ടയില്ലാത്തവയും ആണ്. ഇങ്ങനെ രണ്ടുവിധത്തിലുള്ള സന്ധികളിലും വലിയവേദന, വളരെ ബലക്ഷയം, കർമ്മങ്ങൾക്കു മുടക്കം ഇവ സന്ധിവിദ്ധൻെറ ലക്ഷണങ്ങളാണ്. (ശാഖകളിലും ഹനുക്കളിലും കടിപ്രദേശത്തും ഉള്ള സന്ധികൾ ചേഷ്ടയുള്ളവയും മററു പ്രദേശത്തുള്ള സന്ധികൾ ചേഷ്ടയില്ലാത്തവയും ആകുന്നു.)

അസ്ഥിവിദ്ധലക്ഷണം.

ന ദിവസേ ന നിശി ക്വചിദപ്യസൌ
ബഹുരുജോ ലഭതേ ന സുഖം യദി
തമലമസ്ഥിനി വിദ്ധമലം ജഗുഃ
സകലശല്യവിദോ ഭിഷജോ ധ്രുവം. ൪൧

പകലും രാത്രിയും വളരെ വേദന ഉണ്ടായിരിക്കുക; ആ വേദനയ്ക്കു് ഒരിക്കലും അല്പവും സുഖം കിട്ടാതിരിക്കുക; ഇവ അസ്ഥിയിൽ മുറിവുപററിയവൻെറ ലക്ഷണങ്ങളാണ്.

ഭിഷഗലം പരിഭാവ്യ യഥാതഥം
സകലമർമ്മസു ശല്യഗതിം ബുധഃ
അപി ഭവന്തി ച യാനി ച മർമ്മസു
നിവിശിതേഷു ച താനി സിരാസ്വപി. ൪൨

വൈദ്യൻ നല്ലപോലെ സൂക്ഷിച്ചു് മർമ്മങ്ങളിൽ കൊണ്ടിരിക്കുന്ന ശല്യഗതിയെ അറിയണം. മർമ്മങ്ങളിൽ ശല്യങ്ങൾ

കൊണ്ടാൽഉള്ള ലക്ഷണങ്ങൾ എല്ലാം സിരകളിൽ കൊണ്ടാലും ഉണ്ടായിരിക്കും.

അഗ്നിദഗ്ദ്ധലക്ഷണം.

തത്രാഗ്നിദഗ്ദ്ധം ദ്വിവിധം വിശേഷാദ്-
രൂക്ഷ്യം ച ലോഹാദികൃതം ദ്വിതീയം
സ്നേഹാദിദഗ്ദ്ധം പ്രവദന്തി വൈദ്യാഃ
സസ്നേഹമേതച്ച ചതുർവ്വിധം തൽ. ൪൩

പ്ലുഷ്ടം ച ദുർദ്ദഗ്ദ്ധമഥോ വിദഗ്ദ്ധ-
മാഹുഃ പുരാണാ ഭിഷജോऽതിദഗ്ദ്ധം
പ്ലുഷ്ടം വിവർണ്ണം ഭവതി പ്രകാമം
തത്രാഗ്നിനാ താപ്യമഥോഷ്ണസേകൈഃ. ൪൪

തോയൈസ്തഥോഷ്ണൈഃ പരിഷേചയേച്ച
ചികിത്സിതം സംവിദധീത വൈദ്യഃ
യതഃ സ്വഭാവാച്ഛിശിരം ച വാരി
പ്രസ്കന്ദയത്യാശു ച ശോണിതാനി. ൪൫

ലോഹാദിദഗ്ദ്ധം സ്നേഹാദിദഗ്ദ്ധം ഇങ്ങനെ അഗ്നിദഗ്ദ്ധം രണ്ടുവിധത്തിലുണ്ട്. പ്ലുഷ്ടം, ദുർദ്ദഗ്ദ്ധം, വിദഗ്ദ്ധം, അതിദഗ്ദ്ധം ഇങ്ങനെ സ്നേഹാദിദഗ്ദ്ധം നാലുവിധത്തിലുണ്ടാവാം. അതിൽ പ്ലുഷ്ടദഗ്ദ്ധത്തിനു് തൊലിയുടെ നിറം മാറിയിരിക്കും. അതിന്നു്, അഗ്നികൊണ്ടു ചൂടുപിടിപ്പിച്ചു് ചൂടുള്ള വെള്ളംകൊണ്ടു ധാരചെയ്യണം. സ്വഭാവേനതന്നെ തണുത്തവെള്ളം രക്തത്തെ കട്ടിയാക്കുന്നതാണ്. അതുകൊണ്ടാണ് ഉഷ്ണജലംകൊണ്ടു ധാരചെയ്യണം എന്നു പറഞ്ഞതു്.

ദുർദ്ദഗ്ദ്ധലക്ഷണം.

തീവ്രദാഹജരുജോ യദി തത്ര
സ്ഫോടജാലമഥ കാലവിപാകാൽ
ശാന്തിമേതി ചിരമുക്തമലം തദ്-
ദഗ്ദ്ധമേതദപി ദുർദ്ദഗ്ദ്ധമവേഹി. ൪൬

പൊള്ളിയസ്ഥലത്തു് അതിയായവേദന, കുമിളയുണ്ടാവുക, കുറച്ചുകാലംകൊണ്ടു ശമിക്കുക; ഇതു് ദുർദ്ദഗ്ദ്ധത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

ദുർദഗ്ദ്ധം ശീതമുഷ്ണം സകലമപി ഭിഷക്
കാരയേദൌഷധം പ്രാക്

ലേപം കുയ്യാദ്ദ്രുതാസ്യാപ്യതിശിശിരതരാം-
ശ്ചാപി സേകാൻ വിശേഷാൽ
തദ്വജ്ജീർണ്ണാം സുധാം വാ ഭിഷഗഥ ച തതോ-
ഭർജ്ജയിത്വാ ജലേന
ലേപം പിഷ്ട്വാം ജവേന പുനരപി ച പുനഃ
സ്ഫോടനാശായ കുർയ്യാൽ. ൨൦൭

ദുർദഗ്ദ്ധത്തിന് ശീതങ്ങളായ സകല ചികിത്സകളും വൈദ്യൻ വേഗത്തിൽ ചെയ്യണം. അതുകൂടാതെ ലേപനവും അതിശീതങ്ങളായ ധാരകളും ചെയ്യണം. പഴകിയ കുമ്മായം വറുത്ത് വെള്ളത്തിൽ ചാലിച്ച് കൂടക്കൂടെ ലേപനംചെയ്താൽ സ്ഫോടങ്ങൾ (കുമിളകൾ) നശിക്കും.

സമ്യഗ്ദഗ്ദ്ധ ലക്ഷണം.

സമ്യഗ്ദഗ്ദ്ധം ദാഹപീഡാസമേതം
വർണ്ണം താമ്രം സുസ്ഥിതം നോ ഗഭീരം
ഗ്രാമ്യാനൂപൈർമ്മാംസപിഷ്ടൈഃ പ്രദേഹാൽ
സമ്യഗ്ദഗ്ദ്ധം ശീഘ്രമായാതി ശാന്തിം. ൨൦൮

ചൂട്, വേദന, താമ്രവർണ്ണം, താഴ്ചയില്ലാതിരിക്കുക ഇവ സമ്യഗ്ദഗ്ദ്ധന്റെ ലക്ഷണമാണ്. ഗ്രാമ്യങ്ങളായും ആനൂപങ്ങളായും ഇരിക്കുന്ന ജന്തുക്കളുടെ മാംസങ്ങൾ അരച്ച് ലേപനംചെയ്താൽ സമ്യഗ്ദഗ്ദ്ധം ശമിക്കും.

അതിദഗ്ദ്ധലക്ഷണം.

ത്വചശ്ച മാംസം ഖലു യത്ര ദഗ്ദ്ധം
വിശ്ലേഷമാപ്തം ച വപുഃ സമസ്തം
സ്നായ്വസ്ഥിനാഡീതനുസന്ധിമദ്ധ്യ-
ഭേദോ ഭവേച്ചാപ്യതിദഗ്ദ്ധമുക്തം. ൨൦൯

ത്വക്കും മാംസവും ദഹിക്കയും ദേഹമാസകലം വിണ്ടുകീറുകയും ഞരമ്പ്, അസ്ഥി നാഡി, ശരീരത്തിന്റെ സന്ധിമദ്ധ്യങ്ങൾ ഇവ മുറിയുകയും ചെയ്യുന്നത് അതിദഗ്ദ്ധത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

വിശീർണ്ണമാംസാനി വിശേഷയത്നാ-
ദുദ്ധൃത്യ കുർയ്യാദതിശീതളാം ച
ക്രിയാം ഭിഷഗ് യാവദുപൈതി രക്ത-
സ്രാവഃ പ്രശാന്തിം ഖലു താവദേവ. ൨൧൦

ദഹിച്ചുപോയ മാംസങ്ങളെ പ്രയത്നപ്പെട്ട് എടുത്തു പിടിപ്പിച്ച് ശീതളമായ ക്രിയചെയ്യണം; എന്നാൽ രക്തസ്രാവം ശമിക്കും.

മധുകചന്ദനസർജ്ജരസൈസ്തഥാ
മധുനതാരുണികാഭിരലം ഭിഷക്
ഘൃതമിദം പരിപാച്യ ച മൂർച്ഛയാ
ഹരതി ദഗ്ദ്ധവ്രണം പരിലേപനാൽ. ൨൧൧

ഇരട്ടിമധുരം ചന്ദനം ചെഞ്ചല്യം തകരം മഞ്ചട്ടി ചെന്താമരവേര് ഇവ കല്ക്കമായി തേൻചേർത്തു നെയ്യുകാച്ചി പുരട്ടുക; അതിദഗ്ദ്ധവ്രണം ശമിക്കും.

അന്യയോഗം.

തിലതൈലവിമിശ്രിതസർജ്ജരസം
ബഹുധാ ശിശിരാംബുവിധൗതമലം
പരിലേപതി സപ്തദിനാനി ധ്രുവം
വിവിധദഗ്ദ്ധവ്രണസ്യ ച രോപണം. ൨൧൨

തണുത്ത വെള്ളംകൊണ്ടു കഴുകിയതിനുശേഷം ചെഞ്ചല്യം ചേർത്ത് എള്ളെണ്ണ ലേപനംചെയ്യുക. ഇങ്ങനെ ഏഴുദിവസം ചെയ്താൽ അതിദഗ്ദ്ധവ്രണം ശമിക്കും.

വ്രണഗ്രന്ഥി.

വാതോസ്രമസ്രുതിമലം പരിശോഷ്യ ദുഷ്ടം
കുർയ്യാൽ സദാഹവ്രണഗ്രന്ഥിമിതി പ്രസിദ്ധം
കണ്ഡൂയനാന്വിതം ച ബഹുധാ ഖലു തത്ര വൈദ്യഃ
സക്ഷാരമൂത്രമഥവാ പ്രയതോ പ്രയുഞ്ജ്യാൽ. ൨൧൩

സ്രവിച്ചുപോകാതെയുള്ള ദുഷ്ടരക്തത്തെ വായു ശോഷിപ്പിച്ച് ചുടോടും ചൊറിച്ചിലോടുംകൂടി വ്രണഗ്രന്ഥിയെ ചെയ്യുന്നു. അതിങ്കൽ വൈദ്യൻ ചവക്കാരം ഗോമൂത്രത്തിൽ കലക്കി ധാരചെയ്യണം.

കംപില്ലകം തു സുരദാരു ചാത്ര
വിഡംഗസിദ്ധം യദി തൈലമേകം
ഗ്രന്ഥൗ വിലിപ്തം വ്രണഗ്രന്ഥിമാശു
വിനാശയേൽ ത്വക് സമതാം പ്രകുർയ്യാൽ. ൨൧൪

കമ്പിപ്പാലത്തൊലി ദേവതാരം വിഴാലരി ഇവ അരച്ചുകലക്കി എണ്ണകാച്ചി ഗ്രന്ഥിയിൽ തേച്ചാൽ വ്രണഗ്രന്ഥി ശമിക്കും; തൊലിക്ക് സമതയും ഉണ്ടാകും.

ഭഗ്നവ്രണലക്ഷണം.

ഭഗ്നവ്രണം ദ്വിവിധമസ്തി തഥൈവ കാണ്ഡേ
സന്ധാവപീതമിഹ യുഗ്മഗതപ്രസന്ധൌ
ഉൽപിഷ്ടമേകമഥവാ പ്രഭവേത്തഥൈവ
വിശ്ലിഷ്ടമേവമപരം ച വിവർത്തിതം ച. ൧൧൩

തിര്യക് പരിക്ഷിപ്തമധശ്ച ഷട് ച
തത്രാഗ്നിവേശേ കഥിതാനി യാനി
ആകുഞ്ചനേ ഭവതി യത്ര വിലോമകേ സ്യാൻ
സ്പർശാസഹത്വമഥവാപി രുജോ ഭവന്തി. ൧൧൪

കാണ്ഡഭഗ്നമിദമുക്തമഥോപി
സന്ധിഭഗ്നമുഭയത്ര ച ശോഥേ
അസ്ഥിയുഗ്മപരിഘട്ടിതസന്ധിർ-
ഭാഗയോരുപരി ശോഥയുതത്വാൽ. ൧൧൫

ഉൽപിഷ്ടമേതന്ന ച യത്ര നിദ്രാ
രാത്രൌ ച വിശ്ലിഷ്ടമുദാഹൃതം തൽ
വിവർത്തിതേ പാർശ്വരുജോ ഭവന്തി
തിര്യഗ്ഗതേ തീവ്രരുജശ്ച തദ്വൽ. ൧൧൬

ക്ഷിപ്തേഽതിപീഡാ ച ദിവാനിശം ദ്രാക്
വൈഷമ്യമാപ്താപി നിരന്തരം ച.

ഭഗ്നം സവ്രണമെന്നും അവ്രണമെന്നും രണ്ടുപ്രകാരത്തിലുണ്ട്. അതിൽ സവ്രണത്തെ മുമ്പു പറഞ്ഞു. ഇനിയും അവ്രണത്തെയാണ് പറയുന്നത്. അത് കാണ്ഡഭഗ്നമെന്നും സന്ധിഭഗ്നമെന്നും രണ്ടുവിധമാണ്. അവയിൽ സന്ധിഭഗ്നം ഉൽപിഷ്ടം, വിശ്ലിഷ്ടം വിവർത്തിതം, തിര്യഗ്ഗതം, ഊർദ്ധ്വക്ഷിപ്തം, അധഃക്ഷിപ്തം ഇങ്ങനെ ആറുവിധം. ഈ വിവരണം അഗ്നിവേശൻ പറഞ്ഞിട്ടുള്ളതാണ്. മടക്കുകയോ നിവർക്കുകയോ ചെയ്താൽ തൊടാൻവയ്യാത്ത വേദനയുണ്ടാകുന്നത് കാണ്ഡഭഗ്നത്തിൻെറ ലക്ഷണമാണ്. രണ്ടു സന്ധികളുടെ സന്ധാനമാണ് സന്ധിഭഗ്നം. ഉൽപിഷ്ടത്തിൽ രണ്ടുഭാഗത്തും നീരുണ്ടായിരിക്കും. രാത്രിയും പകലും ഉറക്കമില്ലാത്തത്, വിശ്ലിഷ്ടമാണ്. വിവർത്തത്തിന് ഇരുപുറത്തും വേദനകാണും. തിര്യഗ്ഗതത്തിൽ കഠിനവേദനയും ഊർദ്ധ്വക്ഷിപ്തത്തിൽ അതിവേദനയും അസ്ഥികൾക്ക് വൈഷമ്യവും ഉണ്ടാകും.

തച്ചികിത്സ.

ആദൌ ച ഭഗ്നം വിനിരീക്ഷ്യ സദ്യോ
നിഷേചയേച്ഛീതളനീരസേകൈഃ. ൧൧൯

പങ്കേന ചാലിപ്യ യഥാസ്ഥിവിധാം
ശലാകികാഭിഃ ശിഥിലം ന ഗാഢം
യദ്ദൃശ്യഖണ്ഡോപരി സാധു ബദ്ധ്വാ
വിധിജ്ഞവൈദ്യഃ പരിബന്ധയേച്ച. ൧൨൦

ഭഗ്നവ്രണത്തെ നോക്കിയറിഞ്ഞ്, ആദ്യമേ തണുത്തജലംകൊണ്ടു ധാരചെയ്തതിനുശേഷം കാണാവുന്ന അസ്ഥിഖണ്ഡത്തിൻെറ ഉപരിഭാഗത്തിൽ ചെളിതേച്ച് ശലാകകൊണ്ടു നല്ലവണ്ണം കെട്ടി ച്ച് അധികം അയഞ്ഞും മുറുകിയും പോകാതെ കെട്ടണം.

മഞ്ജിഷ്ഠാ മധുകം തഥൈവ വിധിനാ
ചാമ്ലദ്രവൈഃ പേഷിതം
മിശ്രം തച്ഛതധൌതസർപ്പിഷാഥവാ
പിഷ്ടൈശ്ച ശാല്യുദ്ഭവൈഃ
ലേപേനൈവ ചിരാദ്ധി ഭംഗവിച്യുതൽ
കാണ്ഡേ പ്രകുര്യാത്തഥാ
ലേപം പിഷ്ടപടപ്രയുക്തമഥവാ
പ്രായോഽസ്ഥികാനാം തഥാ. ൧൨൧

ഭഗ്നാസ്ഥീന്യപി വജ്രവൽ പ്രകുരുതേ സന്ധായ പൂർവം യഥാ-
ശോഥം രാഗരുജശ്ച ഭഗ്നജനിതാ നാശം വ്രജേയുസ്തഥാ.

മഞ്ചട്ടി ഇരട്ടിമധുരം ഇവ അമ്ലദ്രവത്തിൽ അരച്ചു തേക്കുകയോ വളരെ പ്രാവശ്യം കടഞ്ഞെടുത്ത നെയ്യും ചെന്നെല്ലിൻെറ അരിപ്പിട്ടുംകൂടി അരച്ചു ഭംഗവ്രണത്തിൽ ലേപനംചെയ്യുകയോ, ഇന്തുപ്പ് പുളിയാറിലനീരിൽ അരച്ച് ലേപനംചെയ്യുകയോ ചെയ്താൽ ഒടിഞ്ഞ അസ്ഥി വജ്രംപോലെ ഉറപ്പുള്ളതായിത്തീരും. ഭംഗംകൊണ്ടുണ്ടായ നീര് ചുവപ്പ് ഇവ ശമിക്കുകയും ചെയ്യും.

അന്യലേപം.

കുടജകാരുജടാപ്യഥ ചിഞ്ചികാ-
ഫലദളാനി ച ശിഗ്രുഭവാനി ച
അപി ച കേംബുകമൂലയുതാന്യവാ
വരജടാ ഖലു വൃശ്ചിവസംഭവാ. ൧൨൨

സംക്ഷുദ്യ തക്രേണ സകാഞ്ജികേന
സംപേഷ്യ താസാം ച വിപാച്യ ലേപാൽ
ശോഫോ വ്രണാനാം വ്രണിനാം ച പീഡാ
വിനാശമായാതി ച കൌടജാദ്യൈഃ. ൧൨൩

കുടകപ്പാലവേരിന്മേലെത്തൊലി അമ്പഴത്തിൻവേര് പുളി

യുടെ കായ് മുരിങ്ങയില തിങ്കളരിവേര് തമിഴാമവേര് ഇവ ചെറുതായി നുറുക്കി കാടിയും മോരുംകൂടി ചേർത്ത് അതിൽ അരച്ചു തേയ്ക്കുക; വ്രണത്തിലുണ്ടാകുന്ന നീര്, വ്രണരോഗിക്കുണ്ടാകുന്ന ഉപദ്രവം ഇവ ശമിക്കും.

ഹവ്യാസ്ഥിസംഹാരപലംകഷാണാം
ഗോധൂമഗീരദ്രുമവല്കദാനാം
സന്ധ്യസ്ഥിഭഗ്നോ പയസോऽനുപാനാ-
ച്ചൂർണ്ണം പിബേൽ ഭഗ്നവിസന്ധനാർത്ഥം. ൧൨൮

ചങ്ങലംപരണ്ട ഞെരിഞ്ഞിൽ ഗോതമ്പ് നീർമരുതിൻതൊലി ഇവ പൊടിച്ചു നെയ്യിൽ കുഴച്ചു സേവിച്ചതിനുശേഷം പാൽ അനുപാനമായി ഉപയോഗിക്കുക; മുറിഞ്ഞഅസ്ഥി ഒന്നിച്ചുചേരും.

കാണ്ഡഭഗ്നലക്ഷണം.

സംപീഡ്യമാനസ്സഹസാ സശൂലഃ
സ്സ്പർശാസഹസ്സ്പന്ദനതോദയുക്തഃ
ന സർവ്വകാലേഷു ച ശർമ്മലാഭോ
ഭഗ്നസ്യ കാണ്ഡേ പ്രഭവേൽ കദാപി. ൧൨൯

ഭഗ്നശ്ച കാണ്ഡേ ഭവതി പ്രകാമം
സനാമത്രപോ ദ്വ്യധികം ദശൈവ
സപത്രുപയുക്തഃ ഖലു കർക്കടാഖ്യ-
സ്ത്വഥാശ്വകർണ്ണോऽതിവിചൂർണ്ണിതം ച. ൧൩൦

സംപിച്ചിതം ചാസ്ഥിവിചരല്ലിതം ച
കാണ്ഡപ്രഭഗ്നം വ്യതിപാതിതം ച
മജ്ജാഗതം വിസ്ഫുടിതം ച വക്രം
ഛിന്നം ദ്വിധാ ധ്വസ്തസമസ്തഗാത്രേ. ൧൩൧

ശോഫോധികശ്ചാതിരുജോ ഭവന്തി
ചികിത്സിതം വൈദ്യകശാസ്ത്രരീത്യാ
തേഷാം യഥാവൽ പരികീർത്തയിഷ്യേ
സമ്യഗ് ഭിഷഗ്ഭ്രപതിവർണ്ണിതം യൽ. ൧൩൨

ഞെക്കിയാൽ വേദന തൊടാൻവയ്യായ്ക വിറയൽ കുത്തിനോവ് ഒരിക്കലും സുഖമില്ലായ്ക ഇവ കാണ്ഡഭഗ്നത്തിന്റെ ലക്ഷണമാണ്. കർക്കടകം അശ്വകർണ്ണം അതിവിചൂർണ്ണിതംസംപിച്ചിതം അസ്ഥിവിചരല്ലിതം, കാണ്ഡഭഗ്നം അതിപാതിതം മജ്ജാഗതം വിസ്ഫുടതം വക്രം അണുവിദീർണ്ണം ഇങ്ങനെ അതു പന്ത്രണ്ടുവിധമുണ്ട്. വളരെ നീരു് വളരെവേദന ഇവയും മുൻപറഞ്ഞ കാണ്ഡഭഗ്നത്തി

ന്റെ ലക്ഷണമാണ്. ശാസ്ത്രരീതി അനുസരിച്ചുള്ള ഇതിന്റെ ചികിത്സയാണ് ഇനിയും പറയുന്നത്.

തച്ചികിത്സ.

യഥാ തഥാസ്ഥി പ്രഥമം പ്രകല്പ്യ
നിമ്നോന്നതം യത്ര തദൈവ തത്ര
പശ്ചാന്നിബധ്നീത ഭിഷക് പ്രകാമ-
മാരോഗ്യഹേതോऽദ്യ വിധീൻ പ്രകുര്യാൽ. ൧൩൩

അസ്ഥിയുടെ താഴ്ചയേയും ഉയർച്ചയേയും ആദ്യമായി അറിഞ്ഞു അതിനെ വേണ്ടപോലെ ബന്ധിച്ചിട്ട് പിന്നീട് ആരോഗ്യത്തിനായി മററു വിധികൾ ചെയ്തുകൊള്ളണം.

ലശുനമാക്ഷികഹവ്യപലംകഷാ-
ജനിതകല്കമലം ച സിതായുതം
പിബതി ഛിന്നമഥോऽസ്ഥിവിഭിന്നകം
ധ്രുതമിഹാശു ദൃഢം ഭവതി ത്വരം. ൧൩൪

വെളുത്തുള്ളി കോലരക്ക് ഇവ അരച്ച് തേനും നെയ്യും പഞ്ചസാരയും ചേർത്തു സേവിക്കുക; ഛിന്നഭിന്നമായ അസ്ഥി ദൃഢമായിഭവിക്കും.

അന്യയോഗം.

സ്സൃഗാലവിന്നോദ്ഭവമൂലചൂർണ്ണം
പീത്വാ നരോ മാംസരസേന തൂർണ്ണം
ഏകാധികൈർവിംശതിഭിർദ്ദിനാനാം
സന്ധാനമാപ്നോതി ച ഭഗ്നകാസ്ഥി. ൧൩൫

ഓരിലവേര് പൊടിച്ച് മാംസരസത്തിൽ ഇരുപത്തിഒന്നു ദിവസം സേവിക്കുക; ഒടിഞ്ഞഅസ്ഥി ഒന്നിച്ചുചേരും.

വേറൊരുയോഗം.

അഭാചൂർണ്ണം മാക്ഷികേണാശു പീത്വാ
സായം പ്രാതസ്ത്ര്യഹം ഭഗ്നകാസ്ഥി
കുര്യാച്ചശ്വദപ്രസാരം വിശേഷാൽ
സവൈർത്തകം വൈദ്യഭൂപാധിഭൂപൈഃ ൧൩൬

വെൺവേലത്തിൻതൊലി പൊടിച്ച് തേനുംചേർത്ത് രണ്ടുനേരവും മൂന്നുദിവസം സേവിക്കുക; ഒടിഞ്ഞ അസ്ഥി വജ്രതുല്യമാകും.

സേചനം.

കല്കോऽട്ടലികാഫലഭവഃ ഖലു തൈലമിശ്രഃ
സൌവീരമിശ്രിത അഥോ ബഹുധാ പ്രഭഗ്നേ

സ്വേദാദപി നാശയതി ശോഫവേദനാ രുജശ്ച
സന്ധാനമസ്ഥി ഭഗ്നജംവ്രണം പ്രയാതി. ൫൩൩.

പുളിയുടെ കായ് അരച്ച് എണ്ണയും സൌവീരാഞ്ജനവുംചേർത്ത് വിയർപ്പിച്ചാൽ ശോഫം വേദന ഇവ ശമിക്കും. മുറിഞ്ഞ അസ്ഥി ഒന്നിച്ചുചേരുകയും ചെയ്യും.

ആഭാഗുഗ്ഗുലു.

ആഭാഫലത്രികകടുത്രികതുല്യഭാഗഃ
സംസേവിതോ യദി പുരോ ബഹുധാ നരേണ
സന്ധ്യാസ്ഥിഭഗ്നമപി വജ്രസമം പ്രകുര്യാ-
ച്ചൂർണ്ണീകൃതം ച ബഹുധാ ത്രുടിതം വിശേഷാൽ. ൫൩൪.

വെൺവേലത്തിൻതൊലി ത്രിഫല ചുക്ക മുളക തിപ്പലി ഇവ സമാംശം എടുത്ത് എല്ലാംകൂടിയിടത്തോളവും ശുദ്ധിചെയ്ത ഗുഗ്ഗുലുവും ചേർത്ത് സേവിക്കുക; ഭഗ്നമായ സന്ധ്യസ്ഥി വജ്രതുല്യമായിത്തീരും.

അന്യയോഗം (ലാക്ഷാഗുഗ്ഗുലു)

ലാക്ഷാനാഗബലാസമം ച കകുഭോരസ്ഥ്നസ്സ സന്ധാനകം
സിദ്ധം ഗുഗ്ഗുലുനാശ്വഗന്ധികജ്ഞടാതുല്യം സമസ്തം പൃഥക്
ഏകീകൃത്യ വിധാനപൂർവ്വകമിദം ഭക്ഷ്യാസ്ഥിസന്ധാനതാം
കുര്യാൽ ഭഗ്നതരാസ്ഥിസന്ധിശകലം വജ്രേണ തുല്യംസദാ.

കോലരക്ക് വലിയകുറുന്തോട്ടി നീർമരുതിൻതൊലി ചങ്ങലംപരണ്ട അമുക്കുരം ഇവ സമാംശം, എല്ലാംകൂടിയിടത്തോളവും ശുദ്ധിചെയ്ത ഗുഗ്ഗുലു. ഇവ ഒന്നിച്ചുചേർത്ത് പൊടിച്ച് സേവിക്കുക. ഒടിഞ്ഞ അസ്ഥി ഒന്നിച്ചുചേരും.

നാഡീവ്രണലക്ഷണം.

പൂർവ്വം യഃ ശോഫമാമം ബഹുലതരമലം പൂയമജ്ഞോ വ്രണം ച
കാലാതീതം ചികിത്സാവിരഹിതമഥവാ വക്രമാമം ച തസ്യ
പൂയശ്ചാന്തർവിദാര്യ പ്രവിശതി ബഹുധാ പൂർവ്വമുക്താസ്ഥലേഷു
സ്ഥിത്വാ നാഡീവ നാഡീ പുനരപി നിതരാം തേന നാഡീപ്ര-
(ണോദയം.

വളരെ ചലമുള്ളതും പഴുക്കാത്തതും ആയ നീരിനെ പഴുത്തില്ലെന്നു വിചാരിച്ചും, വളരെക്കാലം ചികിത്സഇല്ലാതെയിരിക്കയാൽ പഴുത്തതായ വ്രണത്തെ പഴുത്തില്ലെന്നുംവിചാരിച്ച് ഉപേക്ഷിക്കനിമിത്തം അതിലെ ചലം മാംസധാതുക്കളെ പ്രാപിച്ച് അവയെ പിളന്ന് സുഷിരമുള്ളതാക്കിച്ചെയ്തിട്ട് ഉള്ളിലേക്ക പ്രവേശിക്കുന്നു.

ഈ വ്രണം സുഷിരമുള്ള കുഴലുപോലെ ഇരിക്കുകകൊണ്ട് ഇതിന് നാഡീവ്രണം എന്ന പേരുണ്ടായി.

തച്ചികിത്സാ (വർത്തി)

വർത്തിഃ സ്നുഹീക്ഷീരയുതേ ശാവീ-
കൃതാ തു നാഡീവ്രണശോധനാർത്ഥാ
ഏഷാ സമസ്താംശശരീരനാഡീം
ഹന്യാൽ പ്രയോഗേണ ശിലാദിപ്രയോഗഃ ൫൩൬.

കള്ളിപ്പാലക്കറ എരിക്കിൻപാൽ കുങ്കുമത്തൊലി ഇവകൊണ്ട് തിരി ഉണ്ടാക്കി നാഡീവ്രണത്തിൽ പ്രവേശിപ്പിച്ചാൽ ശരീരത്തിലുള്ള സകല നാഡീവ്രണങ്ങളും ശമിക്കും.

അന്യയോഗം.

ക്ഷൌദ്രേണ ചാരഗ്വധത്വക്കോല-
ചൂർണ്ണസ്യ വസ്തിഃ കില സൂത്രജാതാ
യോജ്യാ ച നാഡീവ്രണിനാംഞ്ജസ്സ
സംശോധിനീ പൂയഗതിപ്രഭേദ്യാ. ൫൩൭.

കൊന്നത്തൊലി മഞ്ഞൾ വയമ്പ് ഇവ പൊടിച്ച് തേനിൽ കുഴച്ച് ഉണ്ടാക്കിയ സൂത്രവർത്തി പ്രവേശിപ്പിച്ചാൽ സകല നാഡീവ്രണങ്ങളും ചലങ്ങൾ നശിച്ച് ശുദ്ധമായിത്തീരും.

ഭാഗോക്ത വർത്തി.

ജാതീഭാനുപയഃകരഞ്ജയവഭൃംഗപ്രഭാകൈര്യവാ സിന്ധൂദ്ഭവൈർ-
ദ്ദന്തീസർജ്ജിയുതൈശ്ച സൂത്രരചിതാ വർത്തിഃ സ്നുഹീദുഗ്ദ്ധകൈഃ
യുക്താ ചിത്രകചൂർണ്ണസംയുതമതോ ലോഹസംയോഗതാ
നാഡ്യാമന്തരതോ നിറന്തി സഹസാ പൂയോദ്ഗമം ഭൂരിശഃ

പിച്ചകത്തില എരിക്കിൻപാല് പുങ്കിൻതൊലി ചവക്കാരം ഇന്തുപ്പ് നാഗദന്തിവേര് സർജ്ജികക്ഷാരം കൊട്ടവേലിക്കിഴങ്ങ് വൻകൊന്നത്തൊലി ഇവ പൊടിച്ച് കള്ളിപ്പാലയുടെ കറ ചേർത്ത് അരച്ച് സൂത്രവത്തിയുണ്ടാക്കി പ്രയോഗിക്കുക; നാഡിയുടെ ഉള്ളിലുള്ള ചലങ്ങളെയെല്ലാം ശമിപ്പിക്കും.

നാഡ്യാ മുഖം ശോധയതാപി ശസ്ത്ര-
പാതേന പൂർവ്വം പ്രണനാശിതായ
ജാത്യാദിതൈലം പ്രയതേന്ദ്രദേവ
രസം തഥാ ശോധനപാചിതം വിശേഷാൽ. ൫൪൦

ആദ്യംതന്നെ വൈദ്യൻ നാഡീവ്രണത്തിന്റെ മുഖത്തെ ശ

സ്രൂംകൊണ്ടു വലുതാക്കിച്ചെയ്തിട്ട്, ജാത്യാദിതൈലമോ മററു വൈ ദ്യോ മുൻപറഞ്ഞ ഔഷധരസമോ അതിൽ പ്രയോഗിക്കണം.

നിവേശയേദ്വൈ ബഹുഹസ്തനാഭഃ
കർപ്പൂരസംസാധിതസാർഷപം ച
തൈലം ച സിന്ദൂരമലം ച ദുഷ്ട-
നാഡീഷു പൂയസ്യ ഗതിപ്രഹത്യൈ. ൨൮

ദുഷ്ടനാഡീവ്രണത്തിലുള്ള ചലം നശിക്കുന്നതിന് കർപ്പൂരം ഇട്ടു് ഉണ്ടാക്കിയ കടുകെണ്ണയോ സിന്ദൂരമോ പ്രയോഗിക്കണം.

വാതനാഡീലക്ഷണം.

പരുഷസൂക്ഷ്മമുഖീ ഹ്യനിലോദ്ഭവാ
ബഹുളഫേനിലപൂയസമുദ്ഗമാ
ഭവതി പൂയയുതാ ച നിശാ ഗതിഃ
പ്രബലവാതഭവാ ഖലു നാഡികാ. ൨൯

പരുഷമായും ചെറിയ മുഖത്തോടുകൂടിയുമിരിക്കുന്നതും, വേദനയോടും നുരയോടുംകൂടി രാത്രിയിൽ ചലം അധികമായി സ്രവിക്കുന്നതും, വാതനാഡീവ്രണത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

അനിലജാമുപനാഹ്യ തു നാഡികാ-
മഥ ച പൂയഗതിം പ്രവിദാര്യ വൈ-
അഹിളജാദ ഭവതണ്ഡുലസൈന്ധവൈ-
രപി ച പിഷ്ടതമൈഃ പരിപൂരയേൽ. ൩൦

വാതജമായ നാഡീവ്രണത്തിൽ മരുന്നുവെച്ചു കെട്ടിയതിനുശേഷം കീറി ചലത്തിൻെറ ഗതിയറിഞ്ഞു്, ചെറുകടലാടിയുടെ അരിയും ഇന്തുപ്പും കൂടി അരച്ചു് വ്രണത്തിൽ നിറയ്ക്കണം.

പ്രക്ഷാളയേദ്വാ തൃണപഞ്ചമൂലൈഃ
കഷായൈർമ്മഹാപഞ്ചജടാകഷായൈഃ
ഹിംസ്രാഹരിദ്രാകടുകാവചാഭിർ-
ഗോജിഹ്വയാ ബില്വജടാശൃതം ച. ൩൧

തൈലം ച വാതപ്രഭവം നിഹന്തി
പ്രപൂരണാച്ചോധനരോപണാനി
കുര്യാൽ സദാ വാതജനാഡികാനാം
നിശാസു പൂയസ്യ ഗതിം നിഹന്തി. ൩൨

മുൻപറഞ്ഞ പൂരണത്തിനുശേഷം തൃണപഞ്ചമൂലവും ബൃ

ഹത്പഞ്ചമൂലവുംകൂടി കഷായംവച്ചു വ്രണം കഴുകുകയും, മാഞ്ചി മഞ്ഞൾ കടുകുരോഹിണി വയമ്പ് മരമഞ്ഞത്തൊലി കൂവളത്തിൻ വേരു് ഇവ കല്ക്കമായി എണ്ണകാച്ചി വ്രണത്തിൽ പൂരണംചെയ്കയും വേണം. എന്നാൽ വ്രണശുദ്ധിയും വ്രണരോപണവും സംഭവിക്കും. രാത്രിയിൽ ഉള്ള ചലത്തിൻെറ ഗതിയും ഇല്ലാതാകും.

പിത്തനാഡീവ്രണലക്ഷണം.

ജ്വരദവഥുപിപാസാസംയുതാ പിത്തനാഡീ
സ്രവതി ബഹു ച പീതം ചോഷ്ണമേവം ദിനേഷു
പ്രഥമമഥ പയോഭിഃ ശീതളൈരുക്തനീരൈർ-
ഘൃതയുതപരിഷേകൈർവാപി സംശോധയേച്ച. ൩൩

ജ്വരം, ചൂടു്, തണ്ണീർദാഹം, ഇവയോടുകൂടിയിരിക്കുക. മഞ്ഞനിറത്തിലും ഉഷ്ണമായും ഇരിക്കുന്ന ചലം ഒഴുകുക. പകൽ അധികമായിരിക്കുക. ഇവ പിത്തനാഡീവ്രണത്തിൻെറ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

പിത്തനാഡീവ്രണത്തെ ആദ്യമായി തണുത്ത ജലംകൊണ്ടും, മുൻപറയപ്പെട്ട ജലത്തിൽ നെയ്യുചേർത്തും ധാരചെയ്തു് ശുദ്ധിയാക്കണം.

നാഡീമുഖം ശംഖമുഖേന ദാര്യ
കല്ക്കം തിലാനാം സമനാഗദന്ത്യാ
മഞ്ജിഷ്ഠയാ പേഷ്യ ച പൂരയേത്താം
പ്രക്ഷാളയേദ്രാത്രിരസോനനിംബൈഃ. ൩൪

കഷായീകൃതൈശ്ചാഥ നിശാത്രിഭാണ്ഡീ-
ഫലത്രയൈസ്തില്വകവൃക്ഷസിദ്ധൈഃ
ഘൃതൈസ്തഥാ തർപ്പണമാശു നാഡ്യാഃ
പിത്തോദ്ഭവായാഃ പ്രതിരോപണാർത്ഥം. ൩൫

പിത്തനാഡിയുടെ മുഖത്തെ ശംഖമുഖശസ്ത്രംകൊണ്ടു കീറി, എള്ളു് നാഗദന്തിവേരു് മഞ്ചട്ടിപ്പൊടി ഇവ അരച്ചു പൂരണംചെയ്തു് മഞ്ഞൾ വെളുത്തുള്ളി വേപ്പിൻതൊലി ഇവ കഷായംവച്ചു് കഴുകണം. അതിനുശേഷം മഞ്ഞൾ ത്രികോല്പക്കൊന്ന ത്രിഫല കുമ്മട്ടിത്തൊലി ഇവ കല്ക്കമായി കാച്ചിയ നെയ്യ് പുരട്ടുക; പിത്തനാഡീവ്രണം ഉണങ്ങും.

കഫനാഡീവ്രണലക്ഷണം.

നാഡീ ഘനാ പിച്ഛിലാ രാത്രിവൃദ്ധാ
കണ്ഡൂയുക്താ ശ്ലേഷ്മജാ ശുക്ലവർണ്ണാ

സ്തബ്ധാ പീഡാസംയുതാ കിഞ്ചിദേവ
മൃദൂകൃതാ നാഡികാം തച്ച ബ്രൂമഃ. ൧൮൯

പശപോലെയിരിക്കുന്ന ചലം ഒലിക്കുക; രാത്രിയിൽ അധികമാകുക; ചൊറിച്ചിൽ, വെളുത്തനിറത്തിലും സ്തംഭിച്ചും അല്പം വേദനയോടുകൂടിയും ഇരിക്കുക; ഇവ കഫനാഡീവ്രണത്തിന്റെ ലക്ഷണങ്ങളാണ്. നാഡിയെ മൃദുവാക്കിയിട്ടു വേണം അതിനു ചികിത്സിക്കേണ്ടത്. അതു് അടുത്തുതന്നെ പറയും.

കുലത്ഥസിദ്ധാത്മകസക്തുപിണ്ഡ-
വിലേപനാന്മാർദ്ദവമാശു യാതാം
വിദാര്യ ശസ്ത്രേണ മുഖം ച തസ്യാ
നിംബാഗ്നിദന്തീതിലപിപ്പലീനാം. ൧൯൦

സസൈന്ധവാനാം ച വിധായ വർത്തിം
വിദാരിതാസ്യേ ച വ്രണേ നിധായ-
പ്രക്ഷാളയേന്നിംബകരഞ്ജജാതീ-
പീലൂക്ജാതസുരസൈശ്ച നാഡീം. ൧൯൧

പഴമുതിര കടുക് മലർപ്പൊടി കുവളത്തിൻവേര് ഇവ അരച്ചുതേച്ചു മൃദുവാക്കിയ നാഡീവ്രണത്തിന്റെ മുഖം കീറി, ആ വ്രണത്തിൽ വേപ്പിൻതൊലി കൊടുവേലിക്കിഴങ്ങ് നാഗദന്തിവേര് എള്ള് തിപ്പലി ഇന്തുപ്പ് ഇവ അരച്ചുണ്ടാക്കിയ തിരിയെ പ്രവേശിപ്പിച്ച് [illegible]
[illegible] വ്രണം കഴുകണം.

മരിചാദ്യംതൈലം.

മരിചസൈന്ധവചിത്രകമാർക്കവൈ-
രജനികായുഗളാക്പദയാനചിതം
അപി ച സാധിതതൈലമലം തരം
ഹരതി പൂരണതോ കഫനാഡികാം. ൧൯൨

നല്ലമുളക് ഇന്തുപ്പ് കൊടുവേലിക്കിഴങ്ങ് കയ്യോന്നി മഞ്ഞളും മരമഞ്ഞളും എരിക്കിൻകറ ഇവ കല്ക്കമായി എണ്ണകാച്ചി പൂരണംചെയ്യുക. കഫനാഡീവ്രണം ശമിക്കും.

സന്നിപാതജനാഡീവ്രണലക്ഷണം.

ജ്വരോ മൂർച്ഛാ ദാഹഃ ശ്വസനമപി വക്ത്രസ്യ നിയതം
പ്രശോഷോ നാഡ്യാം സാ പ്രഭവതി ച ദോഷത്രയചയാൽ

ഗതിഃ ശ്ലിഷ്ടാ ഘോരാ നയതി യമഗേഹാന്തമചിരാൽ
പരിത്യാജ്യാ വൈദ്യൈഃ ശശികരയശോരാശിനിചയൈഃ ൧൯൩

ജ്വരം, മോഹാലസ്യം, സന്താപം, ശ്വാസം, മുഖശോഷം ഇവയും മുൻപു് ഓരോ ദോഷകോപങ്ങൾക്കു പറഞ്ഞ ലക്ഷണങ്ങളും സർവ്വും ഉണ്ടായിരുന്നാൽ അതു് സന്നിപാതജമായ നാഡീവ്രണത്തിന്റെ ലക്ഷണമാണ്. ഇതു അസാദ്ധ്യമാകയാൽ യശഃകാമന്മാരായ വൈദ്യന്മാരാൽ പരിത്യാജ്യമാണ്.

ശല്യനാഡീവ്രണലക്ഷണം.

സ്ഥാനേഷു പൂർവ്വോദിതേഷു വ്രണമാത്രമേവ
നഷ്ടം കദാചിദപി ശല്യമനല്പപീഡം
ശശ്വദ്ഗതിം പ്രകുരുതേ സ്രവമിശ്രപൂയ-
ഫേനാദിതുല്യമനിശം സ്രവതേ സശല്യാ. ൧൯൪

മുൻപറയപ്പെട്ട സ്ഥാനങ്ങളിൽ കൊണ്ടിരിക്കുന്ന ശല്യം മുഴുവനും പറിച്ചെടുക്കാതെ ഇരുന്നാൽ അതു് അവിടെ അല്പമായി സ്ഥിതിചെയ്ക നിമിത്തം ശല്യമായ നാഡീവ്രണത്തെ ഉണ്ടാക്കും. വളരെ വേദനയോടുകൂടി എപ്പോഴും രക്തത്തോടും നുരയോടും കൂടിയ ചലം പുറപ്പെടുകയും ചെയ്യും.

ശല്യനാഡിം വിദാര്യാശു ശല്യം വിശോധ്യ ച
ശുദ്ധമാർഗ്ഗമുഖാം ജ്ഞാത്വാ തൈലം വർത്തിം ചയോജ-
(യേൽ

ശല്യനാഡീവ്രണത്തെ കീറി ശല്യം കളഞ്ഞു് ശുദ്ധമാക്കിയതിനുശേഷം തൈലങ്ങളും വർത്തികളും പ്രയോഗിക്കണം.

മുസ്താം പ്രിയംഗും സരളം സലോധ്രം
സനാഗപുഷ്പം മദയാ സമേതാം
സൌഗന്ധികം ശാല്മലിസാരസം ച
സകാഥതൈലം ഖലു ശല്യനാഡ്യാഃ. ൧൯൬

മുത്തങ്ങാക്കിഴങ്ങു ഞാഴൽപ്പൂവു് ചരളം പാച്ചോററിത്തൊലി നാഗപ്പൂവു് താതിരിപ്പൂവു് സൌഗന്ധികപുഷ്പം ഇലവിൻപശ ഇവ കല്ക്കമായി കാച്ചിയ തൈലം പുരട്ടുക; ശല്യനാഡീവ്രണം ശമിക്കും.

പ്രരോപണം വാട നിശായുഗേന
രസാഞ്ജനം നിംബജപല്ലവാശ്ച
തേജോവതീ ചാപി ത്രിവൃൽ സകാളാ
കല്ക്കസ്തൈഷാമപി ശല്യനാഡ്യാഃ. ൧൯൭

മഞ്ഞൾ മരമഞ്ഞൾ ഇവയോ രസാഞ്ജനം വേപ്പിൻതളിര് ചെറുപ്പുന്നയരി ത്രികോല്പക്കൊന്ന ഉലുവാ ഇവയോ അരച്ചു തേച്ചാൽ വ്രണം ഉണങ്ങും.

വ്രണോപദ്രവങ്ങൾ.

വിസർപ്പോ ജ്വരഃ പക്ഷാഘാതോ രുജശ്ച
സിരാസ്തംഭകാസൌ ച മോഹശ്ച തൃഷ്ണാ
സഹിക്കാതിസാരോപതാനശ്ച കംപോ
വമിഃ ശ്വാസശോഷൌ ച ഉന്മാദകാശ്ച. ൯൬

ഷോഡശോപദ്രവാശ്ചൈതേ വ്രണാനാമഥവാ ബ്രുവേ
ശോകകണ്ഡൂതിദുർഗ്ഗന്ധിനിത്യസ്രാവാതിവേദനാഃ ൯൭

വിസർപ്പം, ജ്വരം, പക്ഷവധം, വേദന, സിരാസ്തംഭം, ചുമ, മോഹാലസ്യം, തണ്ണീർദാഹം, ഇക്കിൾ, അതിസാരം, അപതാനം വിറയൽ, ഛർദ്ദി, ശ്വാസം, ശോഷം, ഉന്മാദം ഇങ്ങനെ പതിനാറ് ഉപദ്രവങ്ങൾ വ്രണത്തിൽ ഉണ്ടാകും. ഇതുകൂടാതെ ശോഫം, ചൊറിച്ചിൽ, ദുർഗന്ധം, നിത്യസ്രാവം, അതിവേദന ഇവയും വ്രണത്തിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണ്.

അസന്നോപദ്രവാൻ വൈദ്യോ ദാഹാദീംശ്ചാപ്യുപക്രമേൽ
താവദ്ദാഹപ്രതീകാരം യഥാവൽ പ്രതിപാദയേ. ൯൮

സാധാരണയായി ഉണ്ടാകുന്ന വ്രണത്തിലെ ദാഹാദികളായ ഉപദ്രവങ്ങളെ വൈദ്യൻ ചികിത്സിക്കണം. അതിനാൽ ദാഹത്തിൻെറ ചികിത്സയെ അടുത്തുതന്നെ പ്രതിപാദിക്കുന്നു.

ദാഹചികിത്സ.

മധുകം യവചൂർണ്ണസർപ്പിഷാ
സഹ തൈലേന വിലേപിതം വ്രണേ
ദവഥും വിനിഹന്തി സത്വരം
സഹ ശൂലേന വ്രണസ്യ നിത്യശഃ. ൯൯

ഇരട്ടിമധുരവും യവവുംകൂടി പൊടിച്ച് എണ്ണയും നെയ്യുംകൂടി ചേർത്ത് യോജിപ്പിച്ചു വ്രണത്തിൽ പുരട്ടുക; വ്രണത്തിലുണ്ടാകുന്ന ചൂട്, വേദന ഇവ ശമിക്കും.

കൃമിരോഗചികിത്സ.

നിർഗ്ഗുണ്ഡികാരിഷ്ടകരഞ്ജലേപഃ
കൃമീന്നിഹന്യാദ്വ്രണജാംസ്തഥൈവ
രസോനകാരിഷ്ടഭവഃ സഹിംഗുഃ
പ്രലേപിതോ ജന്തുഹരോ യഥൈവ. ൱

കരിനൊച്ചിയില വേപ്പില പുങ്കിൻതൊലി ഇവ അരച്ച് ലേപനംചെയ്കയോ വെള്ളുള്ളി വേപ്പില കായം ഇവ അരച്ചു ലേപനംചെയ്കയോ ചെയ്താൽ കൃമികൾ ശമിക്കും.

കണ്ഡൂതിചികിത്സ.

നിംബപത്രപടുഹിംഗുവചാഭിഃ
സർഷപൈശ്ച വിധിനാ ഘൃതധൂപഃ
രൂക്ഷതാം ച കൃമിജാമപി കണ്ഡൂം
ഹന്തി സത്വരമയം വ്രണദാനാൽ. ൱൧

നാരകത്തില ഇന്തുപ്പ് കായം വയമ്പ് കടുക് ഇവ പൊടിച്ച് നെയ്യുംചേർത്ത് ധൂപിക്കുക; വ്രണത്തിൽ ഉണ്ടാകുന്ന രൂക്ഷതയും കൃമിയിൽനിന്ന് ഉണ്ടായ ചൊറിച്ചിലും ശമിക്കും.

ദുർഗ്ഗന്ധചികിത്സ.

വ്രണാ ഹ്യപാകസ്രുതിഗന്ധയുക്താ.
ശ്ചിരോത്ഥിതാ യേ ബഹുശോഥയുക്താഃ
തേ യാന്തി നാശം ത്രിഫലാകഷായ-
പാനേന നിത്യം സഹനാ പുരേണ. ൱൨

പഴുക്കാതെ ചലം ഒലിക്കുകയാൽ ദുർഗ്ഗന്ധത്തോടും വളരെ നീക്കേട്ടോടും കൂടിയതും പഴകം ചെന്നതുമായ വ്രണങ്ങൾ, ത്രിഫല കഷായംവച്ച് ഗുൾഗുലു മേമ്പൊടിചേർത്ത് സേവിച്ചാൽ ശമിക്കും.

നിത്യവേദനസ്യ ചികിത്സ.

മാസോത്തരാ നിത്യരുജോ വ്രണാ യേ
തേ ഭർജ്ജിതാനാം ച തിലാതസീനാം
വിലേപനാദ്രോപസമാ വിനാശം
വ്രജന്തി പീഡാരഹിതാ ഭവന്തി. ൱൩

ഒരു മാസത്തിൽ കൂടുതലായതും നിത്യവും വേദനയുള്ളതും ആയ വ്രണങ്ങളിൽ എള്ളും അഗശിയുംകൂടി വറുത്ത് അരച്ചു തേച്ചാൽ അവ ഉണങ്ങി വേദനയില്ലാതായിത്തീരും.

അധികം ചലം ഒലിക്കുന്നതിനു ചികിത്സ.

വാതാഭിഭൂതാംശ്ച വ്രണാംശ്ച നിത്യ-
സ്രാവാൻ ഭിഷക്നിത്യരുജശ്ചികിത്സ്യേൽ
യവാജ്യഭൂർജ്ജാഗരുദേവദാരു-
ശ്രീവാസശ്രീവേഷ്ടകഗുഗ്ഗുലൂനാം. ൱൪

മനോജ്ഞശാലോത്തമദാനചിതാനാം
വിധൂപനേനാപി വ്രജന്തി സദ്യഃ
സ്രാവാതികാഠിന്യവിരുഗ്വിമുക്താ
വ്രണാഃ പ്രശാന്തിം പ്രഭജന്തി ദുഷ്ടാഃ. ൧൩൫

വാതങ്ങളാൽ പീഡിതങ്ങളും നിത്യവും ചലം ഒലിക്കുന്നവയും നിത്യം വേദനയുള്ളവയും ആയ വ്രണങ്ങൾക്ക് യവം ഭൂർജ്ജപത്രം അകിൽ ദേവതാരം കൂവളക്കായുടെമജ്ജ തിരുവട്ടപ്പശ ഗുഗ്ഗുലു മനയോല താതിരിപ്പൂവ് ഇവ പൊടിച്ച് നെയ്യുംചേർത്ത് പുകയ്ക്കുക; വ്രണത്തിൽനിന്നുള്ള ചലസ്രവണം, കാഠിന്യം, വേദന ഇവ ശമിക്കും.

വ്രണശോഫചികിത്സ.

തിലസിതാമധുചന്ദനഗോപയാം-
സ്യഖിലമേവ തഥാ മധുകൈരപി
പരിഹരന്തി ച ലേപവിധാനതോ
വ്രണജശോഥമഥോ ദവഥുവ്യഥാം. ൧൩൬

എള്ള് പഞ്ചസാര ചന്ദനം ഇരട്ടിമധുരം ഇവ പശുവിൻപാലിൽ പുഴുങ്ങി അരച്ച് തേനും ചേർത്ത് ലേപനംചെയ്യുക; വ്രണശോഫം, ചൂട് ഇവ ശമിക്കും.

സാദ്ധ്യാസാദ്ധ്യവ്രണലക്ഷണം.

ത്വങ്മാംസജാതശ്ച സുഖപ്രദേശേ
താരുണ്യയുക്തസ്യ ച ധീമതസ്തു
കാലേ സുഖേ ചാഭിനവവ്രണോऽസൌ
സാദ്ധ്യോऽതികൃച്ഛ്രോ വിപരീതലിംഗഃ. ൧൩൭

ത്വക്കിനെയും മാംസത്തെയും ആശ്രയിച്ചും സുഖപ്രദേശത്തിലും ഉണ്ടാകുന്നവയും, യൌവനയുക്തനും ധീമാനും ആയവനുണ്ടാകുന്നതും, സുഖകാലത്തിലുണ്ടാകുന്നതും, പുതിയതും ആയ വ്രണങ്ങൾ സാദ്ധ്യങ്ങളാണ്. ഇതിനു വിപരീതങ്ങളായ വ്രണങ്ങൾ കൃച്ഛ്രസാദ്ധ്യങ്ങളാണ്.

യോ ദീർഘകാലാന്നിരുപക്രമശ്ച
മേദോവസാരക്തസമം സ്രവേച്ച
തഥൈവ മജ്ജാസദൃശം സ്രവേച്ചാ-
സാദ്ധ്യസ്തഥാഗന്തുജ ഏവ സദ്യഃ. ൧൩൮

ദീർഘകാലം ചികിത്സിക്കാതിരിക്കുക; മേദസ്സ്, വസ, രക്തം, മജ്ജ ഇവ ഒലിക്കുക; ഇങ്ങനെയുള്ള വ്രണങ്ങളും, പെട്ടെന്നുണ്ടായ ആഗന്തുകവ്രണവും അസാദ്ധ്യമാണ്.

കുഷ്ഠിനാം ച വിഷജുഷ്ടതാത്മനാം
ശോഷിണാം ച മധുമേഹയുതാനാം
യേ വ്രണാശ്ച വ്രണിനാം ച വ്രണാ സ്യു-
സ്തേ ഹി കൃച്ഛ്രതമസാദ്ധ്യവ്രണാ ഹി. ൧൩൯

കുഷ്ഠം, വിഷവ്യാപ്തി, ശോഷം, മധുമേഹം ഈ രോഗമുള്ളവർക്കുണ്ടാകുന്ന വ്രണങ്ങളും, വ്രണം ശമിച്ചതിനുശേഷം അതേസ്ഥാനങ്ങളിൽത്തന്നെ ഉണ്ടാകുന്ന വ്രണങ്ങളും കൃച്ഛ്രസാദ്ധ്യങ്ങളാണ്.

യേ ചാന്തരാത്യർത്ഥവിദാഹിനശ്ച
ശീതാ ബഹിശ്ചേऽപി വ്രണാ ഭവന്തി
യേ വാ ബഹിസ്താഹയുതാശ്ച ശീതാ
യേ ഹ്യന്തരാ വൈദ്യഗണൈഃ പ്രദിഷ്ടാഃ. ൧൪൦

ഉള്ളിൽ ഏററവും ചൂടും വെളിയിൽ ഏററവും തണുപ്പും ഉള്ള വ്രണങ്ങളും, വെളിയിൽ ചൂടും ഉള്ളിൽ തണുപ്പും ഉള്ള വ്രണങ്ങളും അസാദ്ധ്യങ്ങളാണ്.

യേ മർമ്മജാഃ പ്രാണബലക്ഷയാശ്ച
സശ്വാസകാസാരുചിപീഡിതാശ്ച
പ്രവൃദ്ധപൂയക്ഷതജാഃ ക്രിയാഭിർ-
ന സാദ്ധ്യതാമീയുരലം ച തേ ഹ്യാഃ. ൧൪൧

മർമ്മങ്ങളിൽ ഉണ്ടായവയും പ്രാണക്ഷയം ബലക്ഷയം ഇവയെ ചെയ്യുന്നവയും ശ്വാസം, കാസം, അരുചി ഇവയുള്ളവയും ചലവും ചോരയും അധികം വർദ്ധിച്ചവയും ആയ വ്രണങ്ങളും അസാദ്ധ്യങ്ങളാകയാൽ ത്യാജ്യങ്ങളാണ്.

മദ്യഹവ്യസുമനാഗുരുചന്ദനം
ചമ്പകൈശ്ച ശിശിരേണ ച തുല്യൈഃ
ഗന്ധദ്രവ്യപരദ്രവ്യസുഗന്ധൈഃ
സംയുതാശ്ച വ്രണിനാം തദഹത്യൈ. ൧൪൨

മദ്യം നെയ്യ് പൂവ് അകിൽ ചമ്പകം ചന്ദനം ദിവ്യഗന്ധം ഇവയുടെ ഗന്ധത്തോടുകൂടിയ വ്രണങ്ങളും അസാദ്ധ്യങ്ങളാണ്.

അസാദ്ധ്യകോഷ്ഠഗതരക്തപുരുഷലക്ഷണം.

കോഷ്ഠാന്തർഗ്ഗതരക്തം ച പാണ്ഡുശീതകരാനനം
ശീതോച്ഛ്വാസം രക്തനേത്രമാനദ്ധം ച ഭിഷക് ത്യജേൽ.

കോഷ്ഠത്തിന്റെ ഉള്ളിൽ രക്തം പ്രവേശിച്ചവനും കയ്യും മു

ഖവും വെളുത്തും തണുത്തും ഉതിക്കുന്നവനും തണുത്ത ശ്വാസത്തോടു കൂടിയവനും കണ്ണു ചുവന്നവനും വയറുവീർപ്പുള്ളവനും ആയ പുരുഷനെയും ഉപേക്ഷിക്കണം.

ഭഗ്നാസാദ്ധ്യം.

അല്പാശിനോഽനാത്മവതോ ഹി ജന്തോർ-
വാതാത്മകസ്യാപി ച ഭഗ്നമേവ
ഉപദ്രവൈർജ്ജുഷ്ടതമം വിശേഷാൽ
ന സിദ്ധ്യതീതി പ്രഥിതം ച ശാസ്ത്രേ. [illegible]

അല്പമായി ഭക്ഷിക്കുക; ആത്മബലമില്ലാതിരിക്കുക; വാതപ്രകൃതിയായിരിക്കുക; ജ്വരാദികളായ ഉപദ്രവങ്ങളോടുകൂടിയിരിക്കുക; ഇങ്ങനെയുള്ളവൎക്കുണ്ടാകുന്ന ഭഗ്നരോഗം അസാദ്ധ്യമാണ്.

ഭിന്നം കപാലം ച തഥൈവ കട്യാം
സന്ധിപ്രമുക്തം ച തഥാ ച്യുതം ച .
പ്രതിപ്രപിഷ്ടം ജഘനം ച വൈദ്യോ
യശോത്ഥകാമീ വ്രണിനം ത്യജേദ്വാ. [illegible]

അസംശ്ലിഷ്ടകപാലം ച ലലാടേ ഽപ്യവചൂർണ്ണിതം
ഭഗ്നം സ്തനാന്തരേ ശംഖേ മൂൎദ്ധ്നി ചൈവ വിവൎജ്ജയേൽ.

തലയോട്ടി പൊട്ടിയതും, അരപ്രദേശത്തിലെ എല്ല് ഉടഞ്ഞതും, സന്ധികളിൽനിന്നു വിട്ട് ഇളകിയ എല്ലോടുകൂടിയതും, അരയുടെ മുൻഭാഗത്തെ എല്ല് ഉടഞ്ഞതും ആയ വ്രണരോഗിയെ വൈദ്യൻ ഉപേക്ഷിക്കണം. തലയോട്ടി തമ്മിൽ ചേരാതെയും, നെററിയിലെ എല്ലുപൊടിഞ്ഞും സ്തനമദ്ധ്യം, ചെന്നി, ശിരസ്സ്, ഈ സ്ഥാനങ്ങൾ ഭഞ്ജിച്ചും ഇരിക്കുന്ന വ്രണരോഗിയേയും ഉപേക്ഷിക്കണം.

സമ്യക്സന്ധിതമസ്ഥി ചൈവ ഭിഷജാ
ദുർന്ന്യാസദുർബന്ധനാൽ
സംക്ഷോഭാദപി വിക്രിയാം ച ഭജതേ
ത്യാജ്യം സദാ സർവ്വഥാ
പ്രാഗ്ഘ്രാണാക്ഷിശ്രുതികൂടഗാനി മൃദുലാ-
ന്യസ്ഥീനി വക്രാണി ച
തദ്വദ്വാ നളകാനി ഭേദിതതമാ-
ന്യന്യാസമിഭിർവ്വാ ദൃതം. [illegible]

അസ്ഥി വേണ്ടപോലെ സന്ധിച്ചിരുന്നാലും ശരിക്കു വെച്ചു കെട്ടാതെയിരുന്നാൽ ഇളകി വികാരത്തെ പ്രാപിക്കും. അങ്ങിനെ

യുള്ള രോഗിയേയും ഉപേക്ഷിക്കണം. മൂക്ക് മുതലായ സ്ഥാനങ്ങളിലുള്ള അസ്ഥികൾ മൃദുക്കളാകയാൽ വളയുകയും നളികാസ്ഥികൾ മററസ്ഥികൾകൊണ്ട് പിളരുകയും ചെയ്താലും ആ രോഗിയേയും ഉപേക്ഷിക്കണം.

വ്രണരോഗം വിട്ടുമാറിയാലുള്ള ലക്ഷണം.

അസ്രവോഽതിമൃദുശ്ശ്യാമസ്ത്വക്സവർണ്ണോഽല്പവേദനഃ
വ്രണശ്ശല്യാദിനിർമ്മുക്ത ആരോഹതി ച ശീഘ്രതഃ. [illegible]

ചലം മുതലായതു ഒലിക്കാതിരിക്കുക, വ്രണത്തിനു മൃദുത്വം, തൊലിക്ക് മററു തൊലിയെപ്പോലുള്ള നിറം, വേദന കുറയുക, ശല്യാദികളില്ലാതായിട്ട് ഉണങ്ങുക ഇവ വ്രണം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

ശല്യതന്ത്രോക്തവ്രണചികിത്സ.

വ്രണാൻ സമസ്താൻ ഭിഷഗത്ര യുക്ത്യാ
ജയേത്തഥാ ഗുഗ്ഗുലുഭക്ഷണൈർവ്വാ
ഘൃതൈസ്തഥാ തൈലപിചുപ്രകാരൈർ-
ന്നാനാപ്രകാരൈൎമ്മലമാദിലേപൈഃ. [illegible]

എല്ലാ വ്രണങ്ങളേയും വൈദ്യൻ യുക്തിപോലെ, ഗുഗ്ഗുലു, ഘൃതം, തൈലം ഇവ സേവിപ്പിച്ചോ, തുണിയിൽ മുക്കിയിട്ടോ ധാര ചെയ്തോ, ലേപനംകൊണ്ടോ ശമിപ്പിക്കണം. അതിനാൽ ആദ്യമായി ഗുഗ്ഗുലുയോഗത്തെ പറയുന്നു.

അമൃതാദിഗുഗ്ഗുലു.

അമൃതാത്രിഫലാപടോലമൂലീ-
കൃമിശത്രുത്രികടുപ്രമാണഭാഗൈഃ
സകലൈശ്ച സമം പുരം പ്രകുൎയ്യാ-
ദ്വടികാശ്ചാക്ഷമിതാശ്ച നിത്യഭുക്താഃ. [illegible]

വ്രണശോഥപ്രഭഞ്ജനോത്ഥരോഗാ-
നഥ വാതാസ്രമലം തു ഗുല്മരോഗാൻ
അമൃതാദിരയം ച ഗുഗ്ഗുലുഃ
പരിഹന്യാദ്ദ്രുതമേവ ചോക്തരോഗാൻ. [illegible]

അമൃത് ത്രിഫല പടവലം കൃമിശത്രു ചുക്ക് മുളക് തിപ്പലി ഇവ സമം. എല്ലാം കൂടിയിടത്തോളവും ഗുഗ്ഗുലു; ഇവ പൊടിച്ച് വടകമാക്കി ദിവസവും താന്നിക്കാപ്രമാണം സേവിക്കുക; വ്രണശോഫം, വാതരോഗം, വാതരക്തം, ഗുല്മം ഈ രോഗങ്ങൾ ശമിക്കും.

ലാക്ഷാദിഗുല്ഗുലു.

ലാക്ഷാശംഖസ്ഥാകകുഭചാമാനാം
സമാസ്ഥിസംഹാരസമന്വിതാനാം
ചൂർണ്ണാദപടീന്നാഗബലാപുരാഭ്യാം
യുക്താസ്ഥിസഞ്ജാതരുജഃ ശമായ. ൨൪൧

കോലരക്ക് അമുക്കരം നീർമരുതിൻതൊലി ചങ്ങലംപരണ്ട വലിയകുറുന്തോട്ടി ഗുല്ഗുലു ഇവ പൊടിച്ച് വടകമാക്കി സേവിക്കുക; അസ്ഥി വേർപെട്ടതുകൊണ്ടുണ്ടായ ശോഫം ശമിക്കും.

ത്രിഫലാദിഗുല്ഗുലു.

ഗുല്ഗുലവശ്ച ഗുഡികാസ്ത്രിഫലാഭി-
സ്ത്ര്യൂഷണൈശ്ച രചിതാസ്സമഭാഗൈഃ
അക്ഷമാനതുലിതാശ്ച ഘൃതേന
ശീതവാരിരഹിതാഃ ഖലു ഭക്ഷ്യാഃ. ൨൪൨

നാഡികാദ്യഖിലദുഷ്ടവ്രണാനാമർശസാമഖിലഗുല്മഗദാനാം
നാശനായ ബഹുശ്ശൂലഗദസ്യ തദപദേവ ഹി ഭഗന്ദരശാന്ത്യൈ.

ഗുല്ഗുലു ത്രിഫല ത്രികട്ടു ഇവ സമഭാഗമായി എടുത്ത് അരച്ച് ഗുളികയാക്കി താന്നിക്കാപ്രമാണം സേവിക്കുക; നാഡീവ്രണം മുതലായവ ശമിക്കും.

കനകാരിഗുല്ഗുലു.

ത്രിഫലാ ത്രിഗുണാ കടുത്രയം
ദ്വിഗുണം തദ്വിഗുണം ച കട്ഫലം
കനകാരിജടശ്ച ഗുല്ഗുലു-
സ്സമഭാഗഃസകലൌഷധസ്യ ച. ൨൪൩
ദശഭാഗമിതൈശ്ച മാക്ഷികൈഃ
ഗുഡികീകൃത്യ നരൈശ്ച ഭക്ഷയേൽ
വ്രണകണ്ഠജഗണ്ഡകേഷു തഥാ
ദപഥ ഗണ്ഡേഷു ഭഗന്ദരേഷ്വപി. ൨൪൪
അയമേവ തു ഗുല്ഗുലുഃ പ്രസിദ്ധഃ
കനകാരിഃ ഖലു നാഡികാസു ച
പ്രഭവന്തി വ്രണാശ്ച താനജസ്രം
യദി ഭുക്തഃ ശമയേൽ പുരാതനം. ൨൪൫

ത്രിഫല മൂന്നുഗുണം, ത്രികട്ടു രണ്ടുഗുണം, അതിൽ രണ്ടുഗുണം കുമ്പിൾവേരും ഗന്ധകവും എല്ലാം കൂടിയിടത്തോളവും ഗുല്ഗുലു. എല്ലാ മരുന്നുകളുടേയും പത്തുഭാഗം തേൻ. ഇവ പൊടിച്ച് ഗുളികയാക്കി സേവിക്കുക; വ്രണം, കണ്ഠത്തിലുണ്ടാകുന്ന കുരുക്കൾ, ഭഗന്ദരം, നാഡീവ്രണം ഇവ ശമിക്കും.

ജാത്യാദിഘൃതം.

ജാതീദളൈർന്നിംബപടോലപത്രൈ-
ന്നക്താഹ്വസിക്ഥൈർമധുകൈസ്സകുഷ്ഠൈഃ
ഹരീതകീസിക്ഥപകശോഭികാഭിഃ
മഞ്ജിഷ്ഠയാ തുത്ഥകരോഹിണീഭിഃ ൨൪൬
സിദ്ധം ഘൃതം വൈ മധുകേന യുക്തൈർ-
മർമ്മാശ്രിതാ സൂക്ഷ്മമുഖാ വ്രണാ യേ
സസ്രാവിണോ നിത്യരുജാശ്ച യേ വൈ
ശുദ്ധ്യന്തി രോഹന്തി ച തേന ഗാഢം. ൨൪൭
ജാത്യാജ്യേ പരിസിദ്ധേ തഥൈന മദം ഹി
യോജ്യം വൈദ്യേന്ദ്ര യൈശ്ചർദ്ദിതം ഹി. ൨൪൮
ഗാംഭീര്യമാപ്താശ്ച തഥാസ്രവന്തി
ദുഷ്ടവ്രണാ മർമ്മഗതാശ്ച സദ്യഃ
ജാതീഘൃതേനാശു തു പൂരിതാസ്തേ
ശുഷ്യന്തി രോഹന്തി ച പൂരിതാസ്തേ. ൨൪൯

പിച്ചകത്തില വേപ്പില പടവലം പുങ്കിൻഅരി മഞ്ഞൾ മരമഞ്ഞൾ കടുക്ക പൊന്മെഴുക് നറുനീണ്ടിക്കിഴങ്ങ് മഞ്ചട്ടിപ്പൊടി തുത്ത് കടുകുരോഹിണി ഇരട്ടിമധുരം ഇവ കല്ക്കമാക്കി കാച്ചിയ നെയ്യ് വ്രണത്തിൽ പൂരണം ചെയ്യുക; മർമ്മാശ്രിതങ്ങളായും സൂക്ഷ്മമുഖങ്ങളായും പഴകിയതും ആയ വ്രണങ്ങൾ ശുദ്ധിയായി ഉണങ്ങും. ഈ ജാത്യാദിനെയ്യ് അരിക്കുമ്പോൾ പാത്രപാകമായി കസ്തൂരി കൂടി ചേർത്തുകൊള്ളണം.

ഗോരോചനാദിഘൃതം.

ഗോരോചനാനിംബപടോലജാതീ-
നിശാകരഞ്ജാരുണയഷ്ടികാഭിഃ
മാംസീമധൂച്ഛിഷ്ടപ്രപുണ്ഡരീകൈർ-
ഹ്രീബേരമുസ്താനതചന്ദനാനാം. ൨൫൦
മേദാമഹാദ്യാകടുരോഹിണീനാം
തോയേന വൈ വല്കലപഞ്ചകാനാം
പ്രസ്ഥം ഘൃതം വൈ മധുകേന സാർദ്ധം
സംപാചിതം വൈദ്യവരേണ നിത്യം. ൨൫൧

ഗോരോചനാദ്യം ഘൃതമേതദേവ
സഹോത്ഥിതാഗന്തുകഘാലജാനാം
നാഡീവ്രണാനാം ച വിനാശനായ
സംശോധനം സ്യാദഖിലവ്രണാനാം. ൧൯൨

ഗോരോചന വേപ്പിൻതൊലി പടവലം പിച്ചകത്തില മഞ്ഞൾ പുങ്കിൻതൊലി കുങ്കമപ്പൂവ് ഇരട്ടിമധുരം മാഞ്ചി പൊന്മെഴുക് പുണ്ഡരീകക്കരിമ്പിൻവേര് ഇരുവേലി മുത്തങ്ങ തകരം ചന്ദനം മഹാമേദ കടുകരോഹിണി ഇരിപ്പക്കാതൽ ഇവ കല്ക്കമായി നാല്പാമരത്തിൻതൊലിയും കല്ലാലിൻതൊലിയുംകൂടി കഷായംവച്ച് അതിൽ ഇടങ്ങഴി നെയ്യ് കാച്ചി ഉപയോഗിക്കുക; സഹജങ്ങളും, ആഗന്തുകങ്ങളും, പഴകിയതും ആയ വ്രണങ്ങൾ ശുദ്ധിവരികയും ശമിക്കയും ചെയ്യും.

വേറൊരു ഘൃതം. (ന്യഗ്രോധാദി)

ന്യഗ്രോധകോദുംബരപിപ്പലാനാം
പ്ലക്ഷസ്യ വൃക്ഷസ്യ ച ദാഡിമസ്യ
പൃഥക് പൃഥഗ് വൈ ദശപലോന്മിതാനാം
മൂലത്വചാതദ്വരപല്ലവാനാം. ൧൯൩

ദ്രോണേ ജലേ വൈ പരിപാചിതാനാം
പാദാവശേഷേണ ജലേന തേഷാം
പലാദ്ധമാനൈരഥ വക്ഷ്യമാണൈഃ
പ്രസ്ഥം ഘൃതസ്യാപി വിപാചയേത്തു. ൧൯൪

നിശാദ്വയാരിഷ്ടകരഞ്ജബീജ-
പത്രൈർമധൂച്ഛിഷ്ടപടോലപത്രൈഃ
കാലാഭയാഭ്യാമപി ശാരിബാഭ്യാം
മൂലപ്രസൂനൈഃ സുമനാഭവൈശ്ച. ൧൯൫

സചന്ദനാദിഃ കടുരോഹിണീഭി-
സ്തുല്യാഭിരാഭിർമ്മധുകേന വാപി
ന്യഗ്രോധകാദിർഘൃതമേതദേവ
പാനാദ്വ്രണാനാം പരിരോപണം ച. ൧൯൬

സശല്യസൂക്ഷ്മാസ്യഗഭീരനാഡീ-
ദുഷ്ടവ്രണസ്രാവവിവർജ്ജിതാനാം
സ്രാവാതിപൂതിത്വവിനാശനായ
പേയം ച ശല്യാദിനിപാതനാർത്ഥം. ൧൯൭

പേരാൽ അത്തി അരയാൽ ഇത്തി ഇവയുടെ തൊലി മാതള

നാരങ്ങാത്തോട് ഇവ ഈരണ്ടുപലംവീതം. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് ൪ ഇടങ്ങഴിയാക്കി മഞ്ഞൾ മരമഞ്ഞൾ വേപ്പിൻതൊലി പുങ്കിൻഅരി പച്ചില പൊന്മെഴുക് പടവലം തിപ്പലി കടുക്ക നറുനീണ്ടി രണ്ടും പിച്ചകത്തിൻവേരും പൂവും ചന്ദനം കടുകരോഹിണി ഇരട്ടിമധുരം ഇവ കല്ക്കംചേർത്ത് ഇടങ്ങഴി നെയ്യ്കാച്ചി ഉപയോഗിക്കുക; സകല വ്രണങ്ങൾക്കും നന്ന്.

വിപരീതമല്ലതൈലം.

കൃശാനുസിന്ദൂരരസോനകുഷ്ഠ-
സബാണപുംബാഹലിനീവിഷാണാം
സഹിംഗുസിദ്ധം കടുതൈലമേതൽ
പഥ്യേന ഭോക്തുശ്ച വ്രണാന്നിഹന്തി. ൧൯൮

യേ ഭേഷജാനാം ച ശതൈരസാദ്ധ്യാഃ
കുപത്ഥ്യശീലസ്യ ച തൈലലേപാൽ
രോഹന്തി സദ്യോ വിപരീതമല്ല-
മതോ മതം തൈലമിദം ഭിഷഗ്ഭിഃ. ൧൯൯

കൊടുവേലിക്കിഴങ്ങ് ശുദ്ധിചെയ്ത സിന്ദൂരം വെള്ളുള്ളി കൊട്ടം കൊഴിഞ്ഞിൽവേര് നിലപ്പനക്കിഴങ്ങു വത്സനാഭി കായം ഇവ കല്ക്കമായി കടുകെണ്ണ കാച്ചി പത്ഥ്യമായി സേവിക്കുക; സകല വ്രണങ്ങളും ശമിക്കും. വളരെ ഔഷധങ്ങൾ ഉപയോഗിച്ചിട്ടും സാദ്ധ്യമല്ലാത്ത വ്രണങ്ങളും ഈ തൈലത്തിന്റെ ലേപനംകൊണ്ട് നിശ്ചയമായും ഇല്ലാതാകും.

പടോലാദ്യം തൈലം.

കുലകപത്രജകല്ക്കകഷായകൈഃ
കടുകതൈലമലം പരിപാചിതം
ദഹനദഗ്ദ്ധവ്രണവ്രജരോപണം
നിഗദിതം ഗദിതം ദേവധൌ വ്രണേ. ൨൦൦

പടവലം സമൂലം കഷായംവച്ച് അതുതന്നെ കല്ക്കമായി കടുകെണ്ണ കാച്ചി ഉപയോഗിക്കുക; തീ പൊള്ളിയുണ്ടായ വ്രണം ശമിക്കും.

ദൂർവാദ്യം തൈലം.

ദൂർവാരസേനാപി സുസിദ്ധതൈലം
കമ്പില്ലകേനാപി തഥൈവ സിദ്ധം
ദാർവീത്വചശ്ചാപി തഥൈവ സിദ്ധം
തൈലത്രയം സ്യാദ്വ്രണരോപണം ദ്രാക്. ൨൦൧

കറുകയുടെ നീരോ കമ്പിപ്പാലത്തൊലിയോ മരമഞ്ഞത്തൊലിയോ കല്ക്കമായി എണ്ണകാച്ചി ഉപയോഗിക്കുക; വ്രണം ശമിക്കും. ഇങ്ങനെ മൂന്നുയോഗം.

വേറൊരു തൈലം.

ബലാമയൂരമൂലകം പ്രപേഷ്യ തൈലപാചിതം
വ്രണാപഹം സതൂലകം വിലേപിതം ച തൈലകം. ൨൦൨

കുറുന്തോട്ടിവേരു ചെറുകടലാടി പഞ്ഞിക്കുരു ഇവ കല്ക്കമായി എണ്ണകാച്ചി വ്രണത്തിൽ പുരട്ടുക; വ്രണം ശമിക്കും.

ചന്ദനാദ്യംതൈലം.

ചന്ദനം സവടശൃംഗദൂർവ്വയാ കാരയാ ച മധുകേന ധാതകീ
സർപ്പിഷാ സപയസാ പ്രപൌണ്ഡരീകേന തൈലപരിപാചിതം
(സമം.

വഹ്നിദഗ്ദ്ധവ്രണരോപണം പരം
സദ്യ ഏവ ച പതങ്ഗസംഗതം
ചന്ദനാദിവരതൈലസേചനം
വൈദ്യഭൂപഗദിതം വ്രണാപഹം. ൨൦൩

ചന്ദനം പേരാലിൻമൊട്ടു കറുക മഞ്ചട്ടി ഇരട്ടിമധുരം താതിരിപ്പൂവു പുണ്ഡരീകക്കരിമ്പിൻനീരു പത്തങ്ങം ഇവ കല്ക്കമായി പാലുംചേൎത്തു നെയ്യും എണ്ണയുംകൂടി കാച്ചി ഉപയോഗിക്കുക; തീപൊള്ളിയുണ്ടായ വ്രണം ശമിക്കും.

ഹിംസ്രാദിതൈലം.

ഹിംസ്രാഹരിദ്രാകടുകാവചാഭിർ-
ഗോജിഹ്വയാ വിലാജടാശ്രിതം ച
തൈലം വ്രണാനാം പരിപൂരണേന
കുര്യാൽ സദാ ശോധനരോപണാനി. ൨൦൪

മഞ്ചട്ടി മരമഞ്ഞൾ കടുകുരോഹിണി വയമ്പ് കൊഴുപ്പ കൂവളത്തിൻവേര് ഇവ കല്ക്കമായി എണ്ണകാച്ചി വ്രണത്തിൽ നിറയ്ക്കുക; വ്രണം ശുദ്ധിവന്ന് ഉണങ്ങും.

വേറൊരു തൈലം.

കർച്ചൂരജസ്വരസപാചിതസാർഷപം യൽ
സിന്ദൂരകല്ക്കിതമം കടുതൈലമേകം
ദുഷ്ടവ്രണം വ്രജതി സർവ്വജനാഡികാനാ-
മാശേപവ നാശനകരം ഭിഷജോ വദന്തി. ൨൦൫

കച്ചോലത്തിൻനീരു എടുത്ത് സിന്ദൂരം കല്ക്കമാക്കി കടുകെണ്ണകാച്ചി ഉപയോഗിക്കുക; ദുഷ്ടവ്രണങ്ങളും ത്രിദോഷജങ്ങളായ നാഡീവ്രണങ്ങളും ശമിക്കും.

ഭല്ലാതകാദി.

ഭല്ലീമരീചാൎക്കവിഡംഗരാത്രി-
ദന്തൈസ്സമം മാൎക്കവനീരചിത്രൈഃ
സസൈന്ധവം പക്വമദസ്തു തൈലം
നാഡീം കഫോത്ഥാമപചീം ച ഹന്യാൽ. ൨൦൬

ചേർക്കുരു നല്ലമുളക് എരുക്കിൻവേരു വിഴാലരി മഞ്ഞൾ മരമഞ്ഞൾ കൊടുവേലിക്കിഴങ്ങു ഇന്തുപ്പ് ഇവ കല്ക്കമായി കയ്യോന്നിനീരും ചേൎത്തു കാച്ചിയ തൈലം കഫവാതജമായ നാഡീവ്രണം അപചി ഇവയെ ശമിപ്പിക്കും.

മലഹരചികിത്സകൾ.

യന്മാതി പൂയാദിമലേഭ്യ ഏവ
സമ്യക്കരോത്യാശു ച രോപണം യൽ
വൈദ്യൈഃ പ്രദിഷ്ടം മലമം വ്രണാനാം
സംശോധനം രോപണമാശു കുര്യാൽ. ൨൦൭

ചലം മുതലായ മലങ്ങളെ കളയുന്നതിനു പല ചികിത്സകളും പറയപ്പെട്ടിട്ടുണ്ട്. ആ മലഹരമായ ചികിത്സ വ്രണങ്ങളെ ശുദ്ധിയാക്കുകയും ഉണക്കുകയും ചെയ്യും. അതിനാൽ ഇനിയും ആ മലഹരചികിത്സകളെയാണ് ഇവിടെ പറയാൻ പോകുന്നത്.

ഹരിശങ്കരമലമം.

ഗൈരികതുത്ഥകരാളാൻ
യാമൈകം പ്രകുട്ടയേച്ച തൈലേന
സിക്ഥക ഇവ ചേല്യ മാന്തം
മലമം തദ്ധരിശങ്കരാഖ്യമുദിതം ച. ൨൦൮

തദപിദ്രാവിതമനലേ
വ്രണശോധനരോപണാൎത്ഥമുദിതം വാ
മുനിനാ കശ്യപജേനാ-
ഖിലജനവ്രണജാതദുഃഖനാശായ. ൨൧൦

കാവിമണ്ണ് തുത്ത് ചെഞ്ചല്യം ഇവ ഒരു യാമം എണ്ണയിൽ വറുത്തെടുത്ത് അഗ്നിയിൽ ഉരുക്കി വ്രണത്തിൽ ഒഴിക്കുക; വ്രണശുദ്ധിയും വ്രണരോപണവും ഉണ്ടാകും.

വിഷഗർഭഘൃതം.

തചക്കക്ഷീരികാ ചന്ദനഗൈരികാണാം
വിഷസ്യ പ്ലക്ഷസ്യ ഘൃതേന കൢപ്താൽ
വഹ്നിപ്രദഗ്ദ്ധസ്യ വ്രണസ്യ കൃത്വാ-
ദാരോപണം വൈ വിഷഗർഭമേതൽ. ൨൰൧

കുവാരറ് ചന്ദനം കാവിമണ്ണ് വിഷം (വത്സനാഭി) അരത്തിത്തൊലി ഇവ കല്കമായി നെയ്യുകാച്ചി ഉപയോഗിക്കുക; തീപ്പൊള്ളൽനിമിത്തം ഉണ്ടായ വ്രണം ഉണങ്ങും.

ലവണാഗാരധൂമാഗ്നികക്ഷൌദ്രകം കിണ്വമർദ്ദിതം
തിലാഃ കൃഷ്ണാശ്ച മലമമേതദപി വ്രണരോപണം. ൨൰൨

ഇന്തുപ്പ് പുകയറ കൊട്ടവേലി തേൻ കാരെള്ള് ഇവ കള്ളിന്റെ ഊറലിൽ മർദ്ദിച്ചു തേച്ചാൽ വ്രണം ഉണങ്ങും.

ഹമ്മീരകമലമം.

മദാബലാചന്ദനയഷ്ടികാനാം
ദാവീതിലാനാം മധുകോൽപലാനാം
മേദാഘൃതാഭ്യാം മലമം പ്രകൢപ്താൽ
ഹമ്മീരകോക്തം ഖഡ്ഗവാവ്രണഘ്നം. ൨൰൩

താതിരിപ്പൂവു കുറുന്തോട്ടിവേര് ചന്ദനം ഇരട്ടിമധുരം മരമഞ്ഞൾ എള്ള് ഇരിപ്പക്കാതൽ ചെങ്ങഴിനീർക്കിഴങ്ങു മഹാമേദ നെയ്യ് ഇവകൊണ്ടുണ്ടാക്കിയ മലമം അഗ്നിദഗ്ദ്ധവ്രണത്തെ ഹനിക്കും.

വിശ്വകർമ്മപ്രോക്തമലമം.

നിംബസ്യ പത്രാണി തിലാനി ദന്തീ-
മധുത്രിവൃൽസൈന്ധവമർദ്ദിതാനി
തച്ഛോക്തമേതന്മലമം വിശേഷാൽ
ദുഷ്ടവ്രണാനാം പ്രതിരോപണം ച. ൨൰൪

വേപ്പില എള്ള് നാഗദന്തി ത്രികൊല്പക്കൊന്ന ഇന്തുപ്പ് ഇവ എല്ലാംകൂടി അരച്ചു തേനുംചേർത്തു വ്രണത്തിൽ ഉപയോഗിക്കുക; ദുഷ്ടവ്രണങ്ങൾ ശമിക്കും.

കപാലാദിമലമം.

കപാലം കപാലേ നരസ്യാസ്ഥിദഗ്ദ്ധ-
ന സംപേഷയച്ചാനുവേലം നൃമൂത്രൈഃ
വ്രണാ യേപ്യസാദ്ധ്യാശ്ശതൈര്യോഗവൃന്ദൈർ
വിനശ്യന്തി തേ ചൂർണ്ണവച്ചാസ്യ യോഗാൽ. ൨൰൫

മനുഷ്യന്റെ തലയോട്ടിയും അസ്ഥിയുംകൂടി നരമൂത്രത്തിൽ അരച്ചു ചട്ടിയിൽ ആക്കിവച്ചിരുന്ന് ഉപയോഗിക്കുക; വളരെ മരുന്ന് ഉപയോഗിച്ചിട്ടും ശമിക്കാത്ത വ്രണങ്ങളും ശമിക്കും.

ശരപുംഖാമലമം.

ജടാ ബാണപുംഖാഭവാ ശ്ലക്ഷ്ണപിഷ്ടാ
മധൂക്താ വ്രണേ സാധുലിപ്താ നരാണാം
ഗജശ്വാനകാശ്വാദികാനാം വിശേഷാൽ
പ്രകുർയ്യാത്തഥാ രോപണം ദുർവ്രണാനാം. ൨൰൬

കൊഴിഞ്ഞിൽവേരു നല്ലവണ്ണം അരച്ചു തേനുംചേർത്തു വ്രണത്തിൽ പൂശുക; ആന, പട്ടി, കുതിര മുതലായവയ്ക്കുണ്ടാകുന്ന വ്രണങ്ങളും ദുഷ്ടവ്രണങ്ങളും ശമിക്കും.

കർപ്പൂരമലമം.

വിഷനിശാസമഭാഗമവം ഭിഷക്
പരിവിമർദ്ദ്യ ച സർഷപതൈലകേ
അപി ച സപ്തദിനാനി ഖരാതപേ
സ്ഥിതമദോ മലമം വ്രണരോപണം. ൨൰൭

വത്സനാഭി മഞ്ഞൾ ഇവ സമമായി എടുത്തു നല്ലവണ്ണം പൊടിച്ചു കടുകെണ്ണയിൽ ഇട്ട് ഏഴുദിവസം കഠിനമായ വെയിലത്തുവച്ചു വ്രണത്തിൽ പുരട്ടുക; വ്രണം ഉണങ്ങും.

പൂഗമലമം.

ക്രമുകദഗ്ദ്ധരജസ്സു ഗവാം ഘൃതൈർ
ഭവതി ഘൃഷ്ടതമം മലമം നൃണാം
വ്രണഗണം സഹസോത്ഥനിമിത്തജം
ഹരതി ലേപിതമേതദസംശയം. ൨൰൮

കമുകിൻഫലം ഉണക്കി കത്തിച്ച് അതിന്റെ പൊടി എടുത്തു പശുവിൻനെയ്യിൽ കുഴച്ചു വ്രണത്തിൽ പുരട്ടുക; പെട്ടെന്നുള്ള കാരണത്താൽ ഉണ്ടായ വ്രണം നിശ്ചയമായും ശമിക്കും.

യവമലമം.

യവവിദഗ്ദ്ധരജസ്തിലതൈലയോ-
സ്സമമലം മലമം പരിലേപനാൽ
ദഹനദഗ്ദ്ധവ്രണം ഹരതി ത്വരം
നിഗദിതം തദിദം ഭിഷജാം ഗണൈഃ. ൨൰൯

യവം തീകത്തിച്ച് എടുത്ത പൊടിയും എള്ളെണ്ണയും തുല്യ

മായി എടുത്തു കഴച്ചു വ്രണത്തിൽ ലേപനം ചെയ്യുക; തീപ്പൊള്ളൽകൊണ്ടുണ്ടായ വ്രണം ശമിക്കും.

നവാങ്ഗമലമം.

ന്യഗ്രോധകോദുംബരപിപ്പലാനാം
പ്ലക്ഷസ്യ വാ വേതസജസ്ത്വ ചശ്ച
ഭസ്മാപി ശുക്തേർമദയാപി ചൈതൽ
സർവം വിമർദ്യം മധുനാ ഘൃതേന. ൧൧൦

തുല്യേന യാമത്രിതയം നവാംഗ-
മേതൽ പ്രസിദ്ധം മലമം ജനാനാം
യേƒന്യേƒപി നാനാവിധജീവസംഭവാ-
സ്തേഷാം വ്രണാനാം പ്രതരോപണം ദ്രാക്.

യേ ദുർവ്രണാ യേ വിഷസംഭവാശ്ച
യേ സൂക്ഷ്മവക്ത്രാ വിലയം പ്രയാന്തി
ശുദ്ധ്യന്തി വേഗേന കപാലത്വശില-
ജനവ്രജസ്യാപി വിലേപനേന. ൧൧൧

നാല്പാമരത്തൊലി അററുവഞ്ചിത്തൊലി മുത്തുച്ചിപ്പി താതിരിപ്പൂവു് ഇവയുടെ ഭസ്മം എടുത്തു നെയ്യും തേനും ചേർത്തു മൂന്നു യാമം മർദ്ദിച്ചു വ്രണത്തിൽ തേക്കുക; പലവിധത്തിലുള്ള വ്രണങ്ങളും ദുഷ്ടവ്രണങ്ങളും വിഷജങ്ങളായ വ്രണങ്ങളും സൂക്ഷ്മമുഖങ്ങളായ വ്രണങ്ങളും ശമിക്കും. ഇതിന്നു നവാംഗമലമം എന്നു പേർ.

പഞ്ചാംഗമലമം.

മനശ്ശിലാരാത്രിയുഗേന കാലാം
വിമർദ്ദയേദ് ഗോഘൃതമാക്ഷികാഭ്യാം
വിസ്ഫോടകക്ഷ്ഠദഗ്ധക്ഷതഭഗ്നനാഡ്യോ
രോഹന്തി പഞ്ചാംഗവിലേപനേന. ൧൧൨

മനയോല മഞ്ഞൾ മരമഞ്ഞൾ മഞ്ചട്ടി ഇവ പൊടിച്ചു പശുവിൻനെയ്യും തേനുംകൂടി ചേർത്തു വ്രണത്തിൽ ലേപനം ചെയ്യുക; വിസ്ഫോടം, ദഗ്ദ്ധം, ക്ഷതം ഇവയാൽ മുറിഞ്ഞ നാഡികൾകൂടി ഒന്നിച്ചുകൂടും.

സവർണ്ണീകരണമലമം.

അയോരജോ വൈ ത്രിഫലാപ്രസൂനൈഃ
കാസീസയുക്തം ച ഘൃതപ്രഘൃഷ്ടം
സവർണ്ണകൃദ്ദാഹവിദഗ്ദ്ധദേഹം
ത്വചി പ്രലിപ്തം മലമം വിശേഷാൽ. ൧൧൩

ഉരുക്കിൻപൊടി ത്രിഫല ത്രിഫലപ്പൂവ് അന്നഭേദി ഇവ നെയ്യുകൂട്ടി അരച്ചുതേച്ചാൽ തീപൊള്ളിയ ദേഹം നിറം ദേഹത്തിനോടു തുല്യമായിത്തീരും.

തിലതൈലവിമിശ്രിതസജ്ജരസം
ശതധാംബുനി ഘൃഷ്യ വിധൂതതമം
അപി സപ്തദിനാനി വിലിപ്യമഥ
പരിശുദ്ധ്യതി വഹ്നിവിദഗ്ദ്ധതനുഃ. ൧൧൪

എള്ളെണ്ണയിൽ ചെഞ്ചല്യം പൊടിച്ചിട്ടു പച്ചവെള്ളം ഒഴിച്ചു വളരെ പ്രാവശ്യം കടഞ്ഞെടുത്തു തീപൊള്ളിയ വ്രണത്തിൽ പുരട്ടുക; ഇങ്ങനെ ഏഴുദിവസം ചെയ്താൽ തീപ്പൊള്ളൽ കൊണ്ടുള്ള വ്രണം ശമിക്കും.

കാളമലമം.

തുത്ഥൈകഭാഗേന ച കർപ്പൂരസ്യ
ചത്വാരി ഭാഗാനി ത്രയശ്ച ദദ്യാഃ
സ്നേഹസ്യ ഗവ്യസ്യ ഘൃതസ്യ ചാപി
ചത്വാരി ഭാഗാന്യഖിലൌഷധിഭ്യഃ ൧൧൫

തൽകജ്ജളാഭം ച നിഘൃഷ്യ കുര്യാ-
ന്നാമ്നാ തു കാലം മലമം വിശേഷാൽ
നേത്രപ്രഭൂതാംശ്ച ഗദാന്നിഹന്യാ-
ജ്ജലസ്രുതിം വാ വ്രണജാതിദുഷ്ടാം. ൧൧൬

തുരിശ് ഒരു ഭാഗം അത്തിത്തൊലി നാലുഭാഗം ചെക്കുരു മൂന്നുഭാഗം എല്ലാംകൂടി കരിച്ചു് ഈ മരുന്നുകൾ എല്ലാം കൂടിയതിന്റെ നാലുഭാഗം എണ്ണയും പശുവിൻനെയ്യും ചേർത്തു് മർദ്ദിച്ചു മഷിയാക്കി ലേപനംചെയ്യുക; നേത്രത്തിന്നു ഉണ്ടാകുന്ന രോഗങ്ങൾ വ്രണത്തിൽനിന്നും ഒലിക്കുന്ന ദുഷിച്ച വെള്ളം ഇവ ശമിക്കും.

രോമകീർണ്ണവ്രണം.

രോമാകീർണ്ണവ്രണോ ന രോഹതി യദാ തത്ര്യരോമ്ണാം ഭിഷക്
ഭ്രമിം സൽക്ഷുരകർത്തികാഭിരഖിലാം സന്ദശ്യ സംസാധയേൽ
യോഗൈസ്സന്മലമൈരഥോ യദി തദാ രോമ്ണാം ന വാ സംഭവ-
സ്തത്രൈവം ഭിഷഗീശ്വരേണ ബഹുധാ കാര്യാ ച രോമ്ണാം
(ജനിഃ.
ബ്രാഹ്മീം സൈന്ധവചിത്രമൂലസഹിതാം ശീഘ്രം കപോതസ്യ ച
തദ്വച്ചാപി ശുനശ്ശിരോരുധിരമപ്യത്രാണ്ഡമേതദ്ദ്വയോഃ

പിഷ്ടം തത്ര വിലേപിതം തു ജനയേദ്രോമ്ണാം കുലം ഭൂരിശഃ
പാദേ പാണിതലേ കിമത്ര ച തഥാ യത്രാസ്തി രോമ്ണാം ജനിഃ.

വ്രണത്തിൽ രോമങ്ങൾ നിന്നാൽ വ്രണം ഉണങ്ങുകയില്ല. അതിനാൽ വൈദ്യൻ അവിടെയുള്ള രോമങ്ങളെ പതിഞ്ഞൊട്ടു മുറിച്ചുകളഞ്ഞു്, മുൻപിൽ പറഞ്ഞിട്ടുള്ള മലഹരങ്ങളായ യോഗങ്ങളെ വിലേപനംചെയ്യണം. അതുകൊണ്ടു് ആ വ്രണങ്ങൾ ഉണങ്ങും. അതിനുശേഷം ആ വ്രണം ഉണ്ടായിരുന്ന സ്ഥലത്തു് രോമങ്ങൾ മുളയ്ക്കുന്നില്ലെങ്കിൽ അവിടെ രോമങ്ങൾ ഉണ്ടാക്കണം. അതിനുള്ള ഒരു യോഗമാണു് അടിയിൽ കാണിക്കുന്നതു്. ബ്രഹ്മിനീര്‌ ഇന്തുപ്പു് വെളുത്താവണക്കിൻവേരു് മാടപ്രാവിൻതല, പട്ടിയുടെ ശിരസ്സിലെ രക്തം മാടപ്രാവിൻെറയും ശപാവിൻെറയും അണ്ഡം എല്ലാംകൂടി അരച്ചു് രോമം ഇല്ലാത്ത സ്ഥലത്തു തേക്കുക; രോമം കിളിച്ചുവരും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
വ്രണാധികാരം എന്ന ൩൭-ാം സ്തബകം കഴിഞ്ഞു.

അഥ അഷ്ടത്രിംശസ്തബകഃ

ഭഗന്ദരാധികാരഃ.

ഭഗന്ദരനിദാനം.

ബഹ്വാശിനോ മേദുരദേഹയഷ്ടേഃ
സംസ്ഥാരതസ്യാഥ പ്രകുപ്തശ്ച
സശ്ലേഷ്മപിത്തൈഃ പവനൈരധസ്താൽ
ഗതേ തു വൈ സീവനികാന്ത ഏവ. ൧

ഭഗന്ദരാഖ്യം പിടകാസ്വരൂപം
മന്ദാഗ്നിയുക്തസ്യ നരസ്യ നിത്യം
തൽപൂർവ്വരൂപം ച കടീകപാല-
നിസ്തോദകണ്ഡൂദവഥുവ്യഥാ ച. ൨

വളരെ ഭക്ഷിക്കുന്നവനും തടിച്ച ശരീരമുള്ളവനും ഇരിപ്പു് ശീലിച്ചവനും ആയ നരന്നു് വാതപിത്തകഫങ്ങൾ കോപിച്ചു് സീവനി എന്ന ഞരമ്പിൻെറ അവസാനത്തിൽ (ഗുദത്തിൻെറ രണ്ടുംഭാഗം മുകളിൽ) കുരുക്കളെ ഉണ്ടാക്കും. ഈ കുരു പൊട്ടിയാൽ അതിന്നു് ഭഗന്ദരം എന്നു പേർപറയുന്നു. ഈ ഭഗന്ദരം മന്ദാഗ്നിയായ നരനാണു് സാധാരണയുണ്ടാകുന്നതു്. അരക്കെട്ടു് തലയോട്ടി ഈ ഭാഗങ്ങളിൽ വേദന ചൊറിച്ചിൽ ചൂടു് ഇവ ഭഗന്ദരത്തിൻെറ പൂർവ്വരൂപങ്ങളാണു്.

ഭഗന്ദരത്തിൻെറ രൂപം.

അണ്ഡാദധസ്താദ്ഗുദതോഽപ്യതശ്ച
സന്ദാരയത്യേവ ഭഗേന തുല്യം
ഭഗന്ദരാഖ്യാ പിടികാ ജനാനാം
ഭവേൽ സദാ ക്ലേശകരീ നിതാന്തം. ൩

അണ്ഡത്തിൻെറ താഴെയും ഗുദത്തിൻെറ മുകളിലുംആയി ഭഗം പോലെ പിളർന്നുവരുന്നതുകൊണ്ടാണു് ഈ കുരുക്കൾക്കു് ഭഗന്ദരം എന്നു പറയുന്നതു്. ഈ കുരുക്കൾ എല്ലാപ്പോഴും വളരെ ക്ലേശത്തെ ചെയ്യുന്നതായിരിക്കും.

ഭഗന്ദരത്തിൽ ശീലിക്കേണ്ടവ.

പഥ്യം ച ഗോധൂമഭവം ച കോര-
ദൂഷാദികം ശോഷണകാരി യച്ച
വാസ്തുകശാകാദ്യമപി പ്രയോജ്യം
ത്യാജ്യേ തഥാ മൈഥുനപൃഷ്ഠയാനേ. ൪

വ്യായാമയുദ്ധേ ഗുരുഭക്ഷണാനി
വ്രണപ്രകോപേ ഗമനാനി നിത്യം
വർജ്ജ്യാനി വക്ഷ്യേഽപ്യഥ തച്ചികിത്സാം
യഥാമതി ശാസ്ത്രമതേന സമ്യക്. ൫

ഗോതമ്പു് വരക് മുതലായവ, ശോഷിപ്പിക്കുന്ന മററു വസ്തുക്കൾ, വസ്തുച്ചീര ഇവയെല്ലാംഭഗന്ദരരോഗിക്കു പത്ഥ്യമാണു്. മൈഥുനം, കുതിര മുതലായവയുടെ പുറത്തുകയറി നടക്കുക, വ്യായാമയുദ്ധം ഗുരുത്വമുള്ള ഭക്ഷണങ്ങൾ ഇവ വ്രണമായിത്തീർന്ന ഭഗന്ദരത്തിൽ വർജ്ജ്യങ്ങളാണു്. ഇനിയും ഭഗന്ദരചികിത്സയെ പറയുന്നു.

ഭഗന്ദരചികിത്സ.

സുമനാവടപത്രഭേഷജാനി പരിപിഷ്ടാനി സുധാലതായുതാനി
സഹ തക്രസുസൈന്ധവേന നിത്യം പരിലിപ്താനി ഭഗന്ദരാപഹാനി

പിച്ചകത്തില പേരാലിൻഇല ചുക്ക് അമൃത് ഇന്തുപ്പ് ഇവ മോരിൽ അരച്ച് കുരുവിന്റെ മുഖത്തുതേക്കുക; ഭഗന്ദരം ശമിക്കും.

തൈലം.

നിശാർക്കദുഗ്ദ്ധസൈന്ധവൈഃ പുരോട്ടശാശത്രുപത്രകൈഃ
സുസിദ്ധതൈലലേപനാദ് ഭഗന്ദരാർത്തരം നരേൽ. ൮

മഞ്ഞൾ എരിക്കിൻകറ ഇന്തുപ്പ് ഗുഗ്ഗുലു ഇവ അരച്ച് കണവീരത്തിന്റെ ഇലയുടെ നീരും ചേർത്ത് എണ്ണകാച്ചി പുരട്ടുക; ഭഗന്ദരം ശമിക്കും.

നവകാർഷികഗുഗ്ഗുലു.

ത്രിഫലാ ഹരനേത്രസമ്മിതാ ഹരവക്രൈശ്ച സമോ ഹി ഗുഗ്ഗുലു
ഗുടികാ കണയൈകഭാഗയാ ശമദാ ഗുല്മഭഗന്ദരാർശസാം. ൯

ത്രിഫല മൂന്നുകഴഞ്ച് ഗുഗ്ഗുലു ൫ കഴഞ്ച് തിപ്പലി ഒരു കഴഞ്ച് ഇവ എല്ലാംകൂടി അരച്ചു ഗുളികയാക്കി ഉപയോഗിക്കുക; ഗുല്മം ഭഗന്ദരം അർശസ്സ് ഇവ ശമിക്കും.

ലേപനം.

വടപത്രപുനർന്നവാഗുഡൂച്യഃപരിപിഷ്ടാഃ ശുണ്ഠീ ച കടുകാസമേതാഃ
സുഗന്ധൌഷധിസംയുതാഃ പ്രലിപ്താഃ പിടികായാം തു ഭഗന്ദരസ്യ ശാന്ത്യൈ.

പേരാലില തമിഴാമ അമൃത് ഇഷ്ടിക ചുക്ക് ഇവയെല്ലാംകൂടി കാടിയിലോ ഏതിലെങ്കിലും അരച്ച് കുരുവിന്റെ മുഖത്തു പുരട്ടുക. ഭഗന്ദരം ശമിക്കും.

അന്യലേപം.

ത്രിവൃത്തിലാരുണാ നാഗദന്തീ ക്ഷൌദ്രേണ സർപ്പിഷാ
സൈന്ധവേന സമം ഹ്യേഷ്ടം മലമം ച ഭഗന്ദരേ. ൧൦

ത്രികോല്പക്കൊന്ന എള്ള് മഞ്ചട്ടിപ്പൊടി നാഗദന്തി ഇന്തുപ്പ് ഇവ അരച്ച് തേനും നെയ്യും കൂട്ടിച്ചേർത്ത് ലേപനംചെയ്യുക; ഭഗന്ദരം ശമിക്കും.

മറെറാരു ലേപനം.

ജ്യോതിഷ്മതീഭദ്രധരകർണ്ണികാഭിഃ
സലാംഗലീകുഷ്ഠതിലൈർജ്ജനാനാം
ദന്തീ ശതാഹ്വാ ത്രിവൃതാ ച പിഷ്ടാഃ
സ്യുശ്ശോധനാർത്ഥം ച ഭഗന്ദരേഷു. ൧൧

ചെറുപ്പുന്നയരി മലയമുക്കി മേന്തോന്നി കൊട്ടം എള്ള് നാഗദന്തിവേര് ശതകുപ്പ ത്രികോല്പക്കൊന്ന ഇവ അരച്ച് ലേപനം ചെയ്യുക; ഭഗന്ദരം ശുദ്ധമാകും.

വേറൊരുലേപനം.

തിലശിവാഗദലോധ്രനിശാവചാ
ഗൃഹജധൂമയുതാഃ പിചുമന്ദജൈഃ
അപി ദളൈഃ പരിലേപ്യ ഭഗന്ദരേ
ഭഗജലിംഗഗദേ വ്രണരോപണം. ൧൨

എള്ള് കടുക്കാത്തോട് കൊട്ടം പാച്ചോററിത്തൊലി മഞ്ഞൾ വയമ്പ് പുകയറ വേപ്പില ഇവ അരച്ച് തേക്കുക; ഭഗന്ദരം ലിംഗവ്രണം ഇവ ശമിക്കും.

അന്യയോഗം.

വിഡാലാസ്ഥിപ്രലിപ്തം ഫലാനാം ത്രയസ്യ
രസേനാശ്രുലിപ്തം ഭഗാദ്യം ദരം ച
നിഹന്ത്യേവ ദുഷ്ടവ്രണാനന്യജാംശ്ച
സവർണ്ണീകരം രോപണം ദുർവ്രണാനാം. ൧൩

പൂച്ചയുടെ അസ്ഥി ത്രിഫലക്കഷായത്തിൽ അരച്ചുതേക്കുക; ഭഗന്ദരം ദുഷ്ടവ്രണം ഇവ ശമിക്കും. ഇത് സവർണ്ണീകരവും ആണ്.

ചിത്രകാദ്യം തൈലം.

ചിത്രകാർക്കഹയമാരയുഗാഭ്യാം
ലാംഗലീസത്രിവൃതാഹരിതാലൈഃ
സർജ്ജികാ ച സുധയാ തിലതൈലം
ജ്വാലയാ ച പരിപാച്യ വിലേപാൽ. ൧൪

നിസ്യന്ദനം തൈലമദോ വിശേഷാൽ
ഭഗന്ദരം ഹന്തി വിലേപനേന
സംശോധനം രോപണമാശു കുര്യാൽ
സവർണ്ണതാം സംവിദധാതി സദ്യഃ. ൧൫

കൊട്ടവേലിക്കിഴങ്ങ് എരിക്കിൻവേര് കണവീരം മേന്തോന്നി ത്രികോല്പക്കൊന്ന അരിതാരം ചവക്കാരം അമൃത് ഇവ കല്ക്കമായി എള്ളെണ്ണകാച്ചി വ്രണത്തിൽ പുരട്ടുക; ഈ തൈലം ഭഗന്ദരത്തെ ശമിപ്പിക്കും. ശോധനവും രോപണവും തൊലിക്കു തുല്യമായ നിറത്തെ ഉണ്ടാക്കുന്നതും ആണ്.

വാതജശതപോനകഭഗന്ദരലക്ഷണം.

അതിരൂക്ഷകഷായസേവനൈർ-
യദി വായുസ്തു ഗതസ്ത്വപാനകേ
പിടികാം പ്രകരോത്യുപേക്ഷിത-
സ്ത്വരിതം പാകമുപൈതി ദാരുണം. ൬൩
പിടികാതിരുജാന്വിതാ വിഭിന്നാ-
രുണഫേനം സ്രവതേ വിശേഷതഃ
അഥ മൂത്രപുരീഷരേതസഃ
സ്രവതേ യശ്ശതപോനകസ്തു സഃ ൬൭

അതിരൂക്ഷങ്ങളും കഷായരസമുള്ളവയും ആയ സാധനങ്ങൾ ഉപയോഗിക്കനിമിത്തം വായു കോപിച്ച് ഗുദസ്ഥാനത്തിൽ കുരുക്കളെ ഉണ്ടാക്കുന്നു. ഈ കുരുക്കൾ ചികിത്സിക്കാതെ ഉപേക്ഷിച്ചാൽ പൊട്ടി വളരെ വേദനയെ ഉണ്ടാക്കും. ചുവന്നനിറത്തിലുള്ള പതയെയുമൊഴുകും. ആ ദ്വാരത്തിൽകൂടി മൂത്രം മലം ശുക്ലം ഇവയും സ്രവിക്കും. ഇതിന് ശതപോനകം എന്നുപേർ.

അതിസൂക്ഷ്മമുഖൈർവ്രണൈരനേകൈർ-
ഗളിതശ്ശതപോനികാസമസ്തു
പ്രകരോതി വ്രണാംശ്ച നാഡികാസു
ഹ്യഥവാ തേഷു ചികിത്സിതം ബ്രുവേ. ൬൮

ഈ കുരുക്കൾ പൊട്ടിയാൽ വളരെ സൂക്ഷ്മമുഖങ്ങളായ വ്രണങ്ങൾ ഉണ്ടാകുകയാൽ ഇതിനെ വൈദ്യന്മാർ ശതപോനികംഎന്നു പറയുന്നു. ഇതുകൂടാതെ ഭന്ദരം പൊട്ടിയാൽ നാഡീവ്രണങ്ങളും ഉണ്ടാകും. ഇനിയും തച്ചികിത്സയെ പറയുന്നു.

തച്ചികിത്സ.

വ്രണനാഡീസദൃശം തു വൈദ്യഭേദോ-
ഹ്യഥവാ വൈ ശ്രുതിമാർഗ്ഗസംശ്രിതാം ച
വരശസ്ത്രമുഖേന പാട്യ സാധയേ-
ദതികൃത്വാച്ച ചികിത്സിതം തതശ്ച. ൬൯
ക്ഷാരേണ ചാഗ്നിനാ വാപി ദഹേൽ പശ്ചാച്ച രോപണം
പ്രകുര്യാദന്യദഥവാ പ്രതീകാരസ്തു പൂർവവൽ. ൭൦

ഭഗന്ദരത്തെ ശസ്ത്രംകൊണ്ടു കീറിയതിനുശേഷം നാഡീവ്രണത്തിനു പറഞ്ഞ ചികിത്സയോ, ശാസ്ത്രമനുസരിച്ചുള്ള മററു ചികിത്സകളോ ചെയ്യണം. പഴുക്കാത്ത വ്രണത്തെ ക്ഷാരംകൊണ്ടോ

അഗ്നികൊണ്ടോ പൊള്ളിച്ച് രോപണമായ ചികിത്സചെയ്യണം. ഇതുകൂടാതെ വ്രണത്തിനു മുൻപു പറഞ്ഞ ചികിത്സകളും ചെയ്യാം.

പിത്തജോഷ്ട്രശിരോധരലക്ഷണം.

പിത്തം സ്വകാരണമവാപ്യ ച കോപമേത്യ
കുര്യാച്ച രക്തപിടികാം ഗുദസംശ്രിതാം ച
സാ ചാശു പാകസഹിതാ ഹിമപൂതിവാഹാ
ഉഷ്ട്രസ്യ ശീർഷമിവ ചോഷ്ട്രശിരോധരാഖ്യാ. ൭൧

പിത്തകോപകരങ്ങളായ സാധനങ്ങളെ ഭക്ഷിക്കുകനിമിത്തം പിത്തം കോപിച്ച് ഗുദത്തിൽ ചുവന്ന കുരുക്കളെ ഉണ്ടാക്കുന്നു. അത് എളുപ്പം പഴുക്കുന്നതും വളരെ ദുർഗ്ഗന്ധത്തോടുകൂടിയതും ആണ്. ഒട്ടകത്തിൻെറ കഴുത്തുപോലെ മേല്പോട്ടുയർന്നും കീഴ്പോട്ടു കുനത്തും ഇരിക്കുന്നതുകൊണ്ട് ഇതിനു ഉഷ്ട്രശിരോധരം എന്നുപേർപറയുന്നു.

തച്ചികിത്സ.

തിലമധുകവിമിശ്രം നിംബപത്രപ്രലേപം
ഉപഹരതി വിശേഷാച്ഛീതലം പിത്തജാതം
സരുജമപി ച ശീഘ്രം ലേപനാദുഷ്ട്രശീർഷം
ഭഗയുതദരമേതദ്ധന്തി ദുഷ്ടം പുരസ്താൽ. ൭൨

എള്ള് ഇരട്ടിമധുരം വേപ്പില ഇവ പുഴുങ്ങി അരച്ചു തണുത്താൽ കുരുവിൽ ലേപനംചെയ്യു; പിത്തജമായ ഉഷ്ട്രശിരോധരം ശമിക്കും.

കഫജപരിസ്രാവിലക്ഷണം.

ഘനസ്രാവീ കണ്ഡൂയുതകഠിനശോഫോപി നിയതം
തതസ്തസ്മിൻ ഭിന്നേ വിധിവദഥ ഗായത്രിസലിലൈഃ
വിധൂതാ പീതാ വാ കഥിതത്രിഫലാവാരിപൂരയുക്
വിഡംഗാഢ്യം സദ്യോ ജയതി ഗദസംസ്രാവമധികം. ൭൩

കൊഴുത്ത വെള്ളമൊലിക്കുക, ചൊറിച്ചിൽ, കാഠിന്യം, വെളുപ്പ് ഇവ പരിസ്രാവി എന്ന ഭഗന്ദരത്തിൻെറ ലക്ഷണമാണ്. ഇതു പൊട്ടിയാൽ കരിങ്ങാലിക്കാതൽ കഷായംവച്ച് കഴുകുകയും ത്രിഫല വിഴാലരി ഇവ കഷായംവച്ച് ഗുഗ്ഗുലു മേമ്പൊടിചേർത്ത് സേവിക്കയും ചെയ്യണം.

സന്നിപാതജശംബൂകാവർത്തലക്ഷണം.

ശംഖാവർത്തനിഭാ ച യാ നിഗദിതാ നാഡീ തു പായുസ്ഥിതാ
തസ്യാം ഗോസ്തനസന്നിഭാ ച പിടകാ നാനാരുജാ കീർത്തിതാ

നാനാവൎണ്ണയുതാ സുവൈദ്യധരണീപാലൈശ്ച ശംഖാദികാ-
വൎത്താഖ്യാസ്തിയഥാ ചികിത്സിതമലം തസ്യാം തഥാവാചരേൽ.

ശംഖിൻെറ ചുഴികൾ തുല്യമായി ഗുദത്തിൽ ഒരു നാഡിയുണ്ട്. ആ നാഡിയിൽ പശുവിൻെറ മുലയുടെ ആകൃതിയിൽ വളരെ വേദനയോടും പല വൎണ്ണത്തിലും കുരുക്കൾ ഉണ്ടായാൽ അതിനെ വൈദ്യന്മാർ ശംഖാവൎത്തം എന്നു പറയുന്നു. അതിനു വേണ്ട ചികിത്സകൾ ചെയ്തുകൊള്ളണം.

ഉന്മാർഗ്ഗിഭഗന്ദരലക്ഷണം.

ക്ഷതാദ് ഗതിഃ പായുഗതാതിവൃദ്ധ്യാ
വിദാൎയ്യതേ ചേൽ കൃമിഭിഃ പ്രകൎഷ്യാൽ
ഉദേതിസൃമാണാ ബഹുധാ വ്രണാവാ-
മുന്മാർഗമുന്മാർഗിനമേതമാഹുഃ ൨൩

ഭക്ഷണത്തിൽ മുള്ള് എല്ല് മുതലായവ കലൎന്നു ദഹിക്കാതെ ഗുദത്തിൽ ചെന്നിരുന്ന് അവിടെ മുറിവിനെ ഉണ്ടാക്കും. അത് ചികിത്സിക്കാതെ ഉപേക്ഷിച്ചാൽ മുറിവ് ഗുദംവരെയായിത്തീരും. അതിനുശേഷം അതിൽ കൃമികളുണ്ടായി പിളൎന്ന് പല സുഷിരങ്ങളുള്ള വ്രണങ്ങളോടുകൂടിയ മാർഗ്ഗത്തെ ചെയ്യും. ആ മാർഗ്ഗത്തിൽകൂടി മലമൂത്രങ്ങൾ പോകനിമിത്തം ഈ ഭഗന്ദരത്തിന് ഉന്മാർഗ്ഗി എന്നു പേർപറയപ്പെട്ടിരിക്കുന്നു.

ഭഗന്ദരത്തിലുണ്ടാകുന്ന ഉപദ്രവങ്ങൾ.

അതീസാരമൂർച്ഛാതൃഷാശോഷമോഹാ-
സ്തഥാവിഡ്വമിൎമ്മാർഗ്ഗതോ മൂത്രരോധഃ
ഭവേദപിഡ്വിബന്ധോ മണേഃ പൂയപൂൎണ്ണം
പ്രകാമം ച കോപ്യം നവോപദ്രവാസ്സ്യുഃ. ൨൪

അതിസാരം, മോഹാലസ്യം, തണ്ണീർദാഹം, ശോഷം, മോഹം, മലംഛർദ്ദിക്കുക, മൂത്രരോധം, മലബന്ധം, മണിയിൽ ചലം നിറഞ്ഞിരിക്കുക ഇങ്ങനെ ഭഗന്ദരത്തിന് ഒൻപത് ഉപദ്രവങ്ങൾ ഉണ്ടായിരിക്കും.

ഭഗന്ദരത്തിൻെറ സാധ്യാസാധ്യത്വം.

സൎവ്വേ സാധയിതും ഭഗന്ദരഗദാ ദുഃഖേച്ഛ തേഷ്വപ്യലം
നോ സാധ്യാസ്ത്രിഭവസ്തഥാ ക്ഷതഭവോ വിൺമൂത്രശുക്ലാൻ കൃമീൻ
വായും ചാഥ തഥാ സ്രവന്തമസകൃന്നാശം നയേയുന്നരം
തസ്മാദ്വൈദ്യവരോ വിചാൎയ്യ സകലം കുൎയ്യാച്ചികിത്സാദികം. ൨൫

എല്ലാ ഭഗന്ദരങ്ങളും കൃച്ഛ്രസാധ്യങ്ങളാണ്. അതിലും വിശേഷിച്ച് ത്രിദോഷകോപത്താൽ ഉണ്ടായതും, ക്ഷതജവും, വ്രണത്തിൽനിന്ന് മലം മൂത്രം ശുക്ലം കൃമി വായു ഇവ സ്രവിക്കുന്നതും ആയ ഭഗന്ദരങ്ങൾ അസാധ്യങ്ങൾതന്നെ. അതിനാൽ വൈദ്യൻ ഭഗന്ദരത്തിൽ എല്ലാം നല്ലവണ്ണം ആലോചിച്ചുവേണം ചികിത്സിക്കേണ്ടത്.

ഭഗന്ദരം വിട്ടുമാറിയാലുള്ള ലക്ഷണം.

സമ്യഗ്വായുപുരീഷനിൎഗമവിധിർവേഗാദ്യഥ മൂത്രസ്യ ച
ലിംഗാധഃശ്വയഥുവ്യഥാ ച ന തഥാ പായ്വോഃ കരസ്പൎശതഃ
സൗഖ്യം ചാഥ നിവൃത്തിരത്ര ഗദിതാ വൈദ്യാധിപൈഃ സ്ഫുടം
ശ്രീതാതോ നിതരാം ജയത്യഥ മയാ യസ്യാജ്ഞയേയം കൃതാ. ൨൬

വായു മലം മൂത്രം ഇവ ശരിക്കു പുറപ്പെടുക; ലിംഗത്തിനു താഴെ നീര് വേദന ഇവ ഇല്ലാതിരിക്കുക; ഗുദത്തിൽതൊട്ടാൽ സുഖംതോന്നുക; ഇവ ഭഗന്ദരം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.
യാതൊരാളിൻെറ ആജ്ഞനിമിത്തമാണോ ഈ ഗ്രന്ഥം ഉണ്ടാക്കപ്പെട്ടത്; ആ മദീയജനകൻ സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
൩൮-ാംസ്തബകം കഴിഞ്ഞു.

അഥ ഏകോനചത്വാരിംശസ്തബകഃ.

ഉപദംശാധികാരഃ.

ഉപദംശനിദാനം.

ഹസ്താഭിഘാതനഖദന്തനിപാതധാവ-
ദ്യോനിദോഷത അഥോപ്യുപദംശഃ
സ്ത്രീസമൂഹഗമനാദതിലിംഗേ-
ധാവനേന ച തഥൈവ വിശേഷാൽ. ൧

ജായതേ ച ഖലു ഗന്ധഗദോƒയം
പൂർവ്വരൂപമപി തസ്യ യഥാ വാ.

ലിംഗത്തിൽ കൈകൊണ്ട് പിടിക്കുക മുതലായ ഉപദ്രവങ്ങൾ ചെയ്യുകകൊണ്ടും പല്ല്, നഖം ഇവ തട്ടുകകൊണ്ടും

യോനിദോഷം, അധികമായ സ്ത്രീഗമനം, അധാവനം (കഴുകായ്ക) ഇവകൊണ്ടും ലിംഗത്തിൽ ഉപദംശം എന്ന രോഗം ഉണ്ടാകും; ഇനിയും അതിൻെറ പൂർവ്വരൂപം കാണിക്കുന്നു.

പൂർവ്വരൂപം.

യദ്യന്തർമൂത്രണാദ്ദാഹോऽകസ്മാച്ചിമിചിമായനം
ഭിന്നവർണ്ണം ഭവേന്മൂത്രമുപദംശേ ഭവിഷ്യതി. ൨

മൂത്രം ഒഴിക്കുമ്പോൾ ഉള്ളിൽ ചുട്ടുനീററൽ; കാരണംകൂടാതെ ചെറുപ്രാണികൾ ഇഴയുന്നതുപോലെ തോന്നുക; മൂത്രത്തിനു നിറംമാററം ഇവ ഉപദംശത്തിൻെറ പൂർവ്വരൂപങ്ങളാണ്.

ഉപദംശലക്ഷണം.

വരടീദംശവൽ പീഡാ ലിംഗസ്ഫോടേ യദാ ഭവേൽ
ഉപദംശം തു തം വിദ്യാൽ ലിംഗസ്ഫോടസിതാരുണം. ൩

ലിംഗത്തിൽ വെളുത്തും ചുവന്നും ഇരിക്കുന്ന പൊള്ളലുകൾ ഉണ്ടാകുക; അതിന് കടന്നൽകുത്തിയതുപോലുള്ള വേദന; ഇവ ഉപദംശത്തിൻെറ ലക്ഷണങ്ങളാണ്.

ഉപദംശത്തിൽ പത്ഥ്യങ്ങളായവ.

ഉപദംശഗദേ യവാന്നമേവ പരിപേയാനി ജലാനി കൂപജാനി
ചണകാദി ച ശോഷകം ഭജേദപാ ഹരിതം ശാകമലം പരിത്യജേ-
ച്ച. ൪

ഉപദംശത്തിൽ യവാന്നംതന്നെ ഭക്ഷിക്കണം. കിണററിലെ വെള്ളമേ കുടിക്കാവൂ. ശോഷിപ്പിക്കുന്നതായ ചണംപയറു മുതലായതിനെയും ഉപയോഗിക്കാം. മഞ്ഞപ്പുറുള്ള മുരിങ്ങയില ഉപയോഗിക്കരുത്.

ഉപദംശചികിത്സ.

സ്നിഗ്ധസ്വിന്നസ്യാപി മേഢ്രസ്യ മദ്ധ്യ-
നാഡീം വിധ്യേദപാ ജലൌകാഭിരത്ര.
രക്തം ഹാര്യം ശോകപീഡാനിവൃത്ത്യൈ
പാകോ രക്ഷ്യോ യത്നതോ വൈദ്യഭൂപൈഃ. ൫

ഉപദംശരോഗിയെ സ്നേഹസ്വേദാദികൾചെയ്ത്, അവൻെറ ലിംഗമദ്ധ്യത്തിലുള്ള നാഡിയെ മുറിക്കണം. അട്ടയിട്ട് രക്തം കളയുകയും ചെയ്യാം. ശോകപീഡകൾ ഉണ്ടാകാതിരിക്കുന്നതിനായി പഴുപ്പ് അധികമാകാതെ സൂക്ഷിച്ചുകൊള്ളുകയുംവേണം.

വടരോഗാർജ്ജുനജംബൂലോധ്രപത്ഥ്യാ-
രചിതോ ലേപവരോ നിശാന്വിതശ്ച

ഉപദംശരുജം സശോഥകം
സകലം ഹന്തി വിലേപനാദ് ഘൃതം വാ. ൬

പേരാലിൻവേട്ട് നീർമരുതിൻതൊലി ഞാവൽതൊലി പാച്ചോററിത്തൊലി കടുക്കാത്തോട് മഞ്ഞൾ ഇവ പുഴുങ്ങിഅരച്ച് ലേപനംചെയ്യുക; ഉപദംശത്തിലുള്ള വേദന, നീക്കെട്ട് ഇവ ശമിക്കും.

പക്വേഷു വൈദ്യോऽപ്യുപദംശകേഷു
പ്രക്ഷാളനം വൈ ത്രിഫലാകഷായൈഃ
വാ ഭൃംഗരാജസ്യ രസേന കുര്യാ-
ദവ ഗുണ്ഠനം ബർബൂരപത്രചൂർണ്ണൈഃ. ൭

തത്രാവഗുണ്ഠനം കാര്യം ദാഡിമത്വഗ്ഭവൈരപി
സർവ്വേഷ്വപ്യുപദംശേഷു തൽപ്രദേശേഷു വാ ധ്രുവം. ൮

ഉപദംശം പഴുത്താൽ അതിനെ ത്രിഫലക്കഷായംകൊണ്ട് കഴുകി വെൺവേലത്തിന്നിലപൊടിച്ച പൊടിയോ മാതളനാരങ്ങാത്തോടിൻപൊടിയോ വിതറി അവഗുണ്ഠനംചെയ്യണം.

അന്യക്ഷാളനം.

ജയായാശ്ച ജാത്യശ്വമാരാർക്കജാനാം
ദളാനാം ച ശമ്യാകജാനാം കഷായൈഃ
പ്രകുര്യാച്ച സംക്ഷാളനം മേഢ്രപാകേ
ഭിഷഗ്ഭൂപവര്യോദിതം സോപദംശീ. ൯

മുഞ്ഞ പിച്ചകം കണവീരം എരിക്ക് കൊന്ന ഇവയുടെ ഇലകൊണ്ട് കഷായംവച്ച് ലിംഗത്തിൽ ഉള്ള പഴുപ്പിനെ കഴുകിക്കളയണം. എന്നാൽ ഉപദംശം ശമിക്കും.

പടോലാദികഷായം.

കുലകനിംബഫലത്രയസംഭവം
സമകിരാതയുതം ശൃതമംബു ച
പരിപിബേത്ത്രിഫലാപിബേദിരാസനൈ-
രപി പുരേണ യുതം രുജി ലിംഗഗേ. ൧൦

പടവലം വേപ്പിൻതൊലി ത്രിഫല പുത്തരിച്ചുണ്ടവേര് ഇവ കഷായംവച്ചോ; ത്രിഫല കരിങ്ങാലിക്കാതൽ വേങ്ങക്കാതൽ ഇവ കഷായംവച്ച് ഗുഗ്ഗുലു മേമ്പൊടിചേർത്തോ സേവിക്കുക; ലിംഗത്തിൽ ഉണ്ടാകുന്ന വേദന ശമിക്കും.

നീലോൽപലാനി കുമുദാനി ച പത്മകാനി
സൗഗന്ധികാനി പരിപേഷ്യ വിചൂർണ്ണിതാനി
ഉക്താനി വൈദ്യനികരൈശ്ച പ്രദേഹനേ തോർ-
ലിംഗോദ്ഭവേ ഭഗജദുഷ്ടവ്രണോപദംശേ. ൧൧

കരിംകൂവളം ആമ്പൽ താമര സൗഗന്ധികം ഇവയുടെ കിഴങ്ങ് അരച്ച് ഉണക്കിപ്പൊടിച്ച് പ്രദേഹം ചെയ്താൽ ലിംഗത്തിൽ ഉണ്ടായ ദുഷ്ടവ്രണങ്ങളും ഉപദംശവും ശമിക്കും.

പ്രലേപനം.

സൌരാഷ്ട്രികാഗൈരികതുത്ഥപുഷ്പ-
കാസീസതാർക്ഷ്യൈർല്ലവണോത്തമേന
ലോധ്രേണ താർക്ഷ്യേന മനശ്ശിലാഭിർ-
ഹരേണുകൈലാസഹചൂർണ്ണിതാഭിഃ. ൧൨

ക്ഷൌദ്രേണ കുര്യാന്മലമം നിഘൃഷ്യ-
ദാമോപദംശാനപഹന്തി ലേപാൽ

തുവരിമണ്ണ് കാവിമണ്ണ് തുരിശ് ശുദ്ധിചെയ്ത പുഷ്പകാസീസം രസാഞ്ജനം ഇന്തുപ്പ് പാച്ചോററിത്തൊലി മനയോല അരേണുകം ഏലത്തരി ഇവ എല്ലാംകൂടി പൊടിച്ച് തേനിൽ കുഴച്ച് ഉപയോഗിക്കുക; പഴക്കാത്തതായ ഉപദംശം ശമിക്കും.

അന്യലേപം.

സിംഹാസ്യപത്രോത്ഥരസൈഃ ശിരീഷ-
പത്രോദ്ഭവൈസ്താർക്ഷ്യരതീതംഗീഭ്യാം. ൧൩

സംമർദ്ദ്യ വസ്ത്രേശ്ച വിധായ ശുഷ്കം
ക്ഷൌദ്രേണ കുര്യാന്മലമം ച ശുദ്ധ്യൈ
ശിവോദിതം യോനിജലിംഗജാതാൻ
നാനോപദംശാനപഹന്തി ലേപാൽ. ൧൪

ആടലോടകത്തിന്റെ ... ത് നെന്മേനിവാകയുടെനീര് ഇവയിൽ രസാഞ്ജനവും കട്ടക്കാര... ... ിൻപൊടിയുംകൂടിച്ചേർത്ത മർദ്ദിച്ച് ഉണക്കി നെയ്യുചേർത്ത് ഉ... യോഗിക്കുക; യോനിയിലും ലിംഗത്തിലും ഉള്ള പലവിധ ഉപദംശങ്ങളും ശമിക്കും.

വാതജോപദംശലക്ഷണം.

സതോദഭേദസ്ഫുരണാനി യത്ര
സ്ഫോടാനി കൃഷ്ണാനി ഭവന്തി യത്ര
വാതോപദംശഃ കഥിതോ മുനീന്ദ്രൈ-
സ്തസ്യ പ്രതീകാരമതോ ബ്രവീമി. ൧൫

ലിംഗത്തിൽ കുത്തിനോവ് പിളർന്നനോവ് സ്ഫുരണം (തരിപ്പ്) കറുത്തനിറത്തിലുള്ള പൊള്ളങ്ങൾ ഉണ്ടാകുക ഇവ വാതോപദംശത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

പ്രപൌണ്ഡരീകാഗുരുദാരുയഷ്ടീ-
രാസ്നാധരാകുഷ്ഠപുനർന്നവാഭിഃ
നളാനിതൈർല്ലേപനധാവനാനി
കുര്യാദ് ഭിഷഗ് വാതഭവോപദംശേ. ൧൬

പുണ്ഡരീകക്കരിമ്പിൻവേര് അകിൽ ദേവതാരം ഇരട്ടിമധുരം അരത്ത മേദ കൊട്ടം തമിഴാമ രാമച്ചം ഇവ അരച്ചുതേക്കുകയോ കഷായംവച്ചു ധാരകോരുകയോ ചെയ്താൽ വാതോപദംശം ശമിക്കും.

പിത്തജോപദംശലക്ഷണം.

ബഹുക്ലേദയുക്താനി പീതാനി യത്ര
സദാഹാനി മാംസാവഭാസാനി യത്ര
യദാ സ്ഫോടസംഘാനി വൈദ്യാധിരൂപാ
ജഗുഃ പിത്തജാതോപദംശേ ഭവന്തി. ൧൭

വളരെ ചലവു്, മഞ്ഞനിറം, ചൂട്, മാംസംപോലെയുള്ള പൊള്ളങ്ങൾ ഇവ പിത്തജോപദംശത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ഗിരിമൃദഞ്ജനചന്ദനപത്മകൈഃ
നളദമൂൽപലമത്ര ച കാലയാ
അഥ ച പിത്തഗദേ ഭഗലിംഗജേ
ഘൃതയുതം പരിപേഷ്യ വിലേപയേൽ. ൧൮

കാവിമണ്ണ് രസാഞ്ജനം ചന്ദനം പത്മകം രാമച്ചം ചെങ്ങഴനീർക്കിഴങ്ങ് മഞ്ചട്ടി ഇവ അരച്ചു നെയ്യും ചേർത്ത് ലേപനം ചെയ്യുക; പിത്തോപദംശം ശമിക്കും.

അന്യയോഗം.

നിംബാശ്വത്ഥകദംബസാലവടകൈഃ
കഷായൈരലം വാഞ്ഛിതൈ-
ർജ്ജംബൂദുംബരവേതസാതസലിലൈഃ
പ്രക്ഷാളനം വാ ധൃതം
ഘൃതൈരേവ തു സാദ്ധ്യലേപനവിധിം
തൈരേവ കുര്യാദ് ഭിഷക്

തച്ചൂർണ്ണൈരവഗുണ്ഡനം പ്രതിദിനം
പിത്താസ്രജേ ലിംഗജേ. ൧൯

വേപ്പിൻതൊലി അരയാലിൻതൊലി കടമ്പിൻതൊലി പയ്യനിൻതൊലി പേരാലിൻതൊലി അശോകത്തിൻതൊലി ഞാവൽതൊലി അത്തിതൊലി അററുവഞ്ഞിതൊലി ഇവ കഷായംവെച്ച് കഴുകുകയോ ഇവ അരച്ചു ലേപനംചെയ്കയോ ഇവ പൊടിച്ചു വിതറുകയോ ചെയ്യുക; രക്തപിത്തജമായ ലിംഗരോഗം ശമിക്കും.

കഫജോപദംശലക്ഷണം.

കണ്ഡൂശോഫയുതൈർമ്മഹദ്ഭിരാചിതൈഃ
സ്ഫോടൈശ്ച ശുക്ലൈർഘനൈഃ
സവൈഃ സ്രാവയുതൈർഭിഷങ്നിഗദിതം
രോഗോ ബലാസോദ്ഭവഃ
പ്രക്ഷാള്യാശു ജലേന ലിംഗമസ്യ
തത്രാവഗുണ്ഡനം ചരേൽ
കാസീസസ്യ ച ചൂർണ്ണകേന സരസാ
നൈരുജ്യതാ ചാപ്യതേ. ൨൦

ചൊറിച്ചില്, നീർക്കെട്ട്, വലുതായും വെളുത്തും ഘനങ്ങളായും ഇരിക്കുന്ന പൊള്ളുകൾ, ചലം ഒലിക്കുക ഇവ കഫജമായ ഉപദംശത്തിന്റെ ലക്ഷണമാണ്. ഇതിന് വെള്ളംകൊണ്ടു പലപ്രാവശ്യം കഴുകിയതിനുശേഷം അന്നഭേദി പൊടിച്ച് വിതറണം.

കാവീരസ്യ ച മൂലം ജലപിഷ്ടം ഹി
ലിംഗദേശേപി വിലിപ്തം ഹരതി രുജം ഹി. ൨൧

കണവീരത്തിന്റെ വേര് വെള്ളത്തിൽ അരച്ചു തേക്കുക; കഫജമായ ഉപദംശത്താലുള്ള വേദന ശമിക്കും.

സന്നിപാതജമായ ഉപദംശലക്ഷണം.

അനേകധാനേകരുജോഽപ്യനേക-
വർണ്ണോഽപ്യനേകസ്രുതിമാർഗ്ഗഭിന്നഃ
അസാദ്ധ്യ ഉക്തസ്ത്രിദശോപദംശോ
വൈദ്യൈഃ പുരാണൈശ്ചരകാദിഭിശ്ച. ൨൨

പലപ്രകാരത്തിൽ പലവിധ വേദനകളോടും, പല നിറത്തിലും പലപ്രകാരം സ്രവണമാർഗ്ഗങ്ങൾ ഭേദിച്ചും ഉണ്ടാകുന്ന ഉപദംശം സന്നിപാതകോപജവും അസാദ്ധ്യവും ആകുന്നു.

തച്ചികിത്സ. (വരാദിഗുഗ്ഗുലു)

വരയാ നിംബവാശാഭ്യാം ഖദിരാസനപിപ്പലൈഃ
അഞ്ജനേന സമം സർവ്വൈർഗ്ഗുഗ്ഗുലും പേഷ്യ പാചയേൽ.
വടകാനക്ഷമാത്രാംശ്ച കൃത്വാത്ര വിചക്ഷണഃ
ഏകൈകം ഭക്ഷയേന്നിത്യമുപദംശേ ത്രിദോഷജേ. ൨൩

ത്രിഫല വേപ്പിൻതൊലി ആടലോടകത്തിൻവേര്, കരിങ്ങാലിക്കാതൽ വേങ്ങക്കാതൽ തിപ്പലി അഞ്ജനക്കല്ല് ഇവ സമം; എല്ലാംകൂടിയിടത്തോളവും ഗുഗ്ഗുലു; എല്ലാംകൂടി അരച്ച് നെല്ലിക്കാപ്രമാണം വടകം ഉണ്ടാക്കി ഓരോ വടകംവീതം ഭക്ഷിക്കുക; ത്രിദോഷജമായ ഉപദംശം ശമിക്കും.

കരഞ്ജേന നിംബാസനൈസ്സാലജംബൂ-
വടൈഃ കഷായകല്ക്കീകൃതൈഃ സിദ്ധഹവ്യം
സരാഗസ്രുതിഭ്യാം യുതം ദാഹയുക്തം
സപാകോപദംശം വിലേപാന്നിഹന്തി. ൨൪

പുങ്കിൻതൊലി വേപ്പിൻതൊലി വേങ്ങക്കാതൽ പയ്യനിൻതൊലി ഞാഴൽത്തൊലി പേരാലിൻതൊലി ഇവ കഷായംവെച്ച് ഇതുകൾതന്നെ കല്ക്കമായി കാച്ചിയ നെയ്യ് ലേപനംചെയ്താൽ ചുവപ്പ്, ജലസ്രാവം, ചൂട്, പഴുപ്പ് ഇവയോടുകൂടിയ ഉപദംശം നശിക്കും.

ലിംഗാർശസ്സ്.

സംജാതമംകുരഗണൈരിവ ചോപരിഷ്ടാ-
ദ്ദേഷാമുപര്യുപരി തൈരപി സംസ്ഥിതൈശ്ച
കോശാന്തരേവ യദി കുക്കുടചൂഡികേവ
സന്ധൌ ച സർവ്വഗതസന്ധിഭവാ കദാചിൽ. ൨൫

വർത്തിശ്ച ലിംഗഭവവർത്തിമനേനമേവ
ലിംഗാർശമാഹുരപരേ ത്രിഭവാപി തസ്യാം
സംപിഷ്ടിലാം ഗണപതുത്ഥരസാഞ്ജനാനാം
സസജ്ജിശൈലജശിലാഭവചൂർണ്ണയോഗാൽ.
ലിംഗാർശനാശമുപയാതി ച ശുക്രദോഷോ
യോ ലിംഗശോഫ സ ബലം സവിവൃദ്ധിമിച്ഛേൽ
യോ മൂർദ്ധ്നീശ്ച ഖലു തസ്യ ജലാദിശൂലം
ലേപേന ലിംഗമൃദുചർമ്മഭവസ്തു യോഽയം. ൨൬

മാംസാങ്കുരങ്ങൾ മുകളിൽ മുകളിൽ ചേന്ന് കോഴിപ്പൂപോ

ളെ ലിംഗാന്തർഭാഗത്തിങ്കലോ സുഷിരസന്ധിയിലോ എല്ലാ സന്ധിയിലുമോ ഉണ്ടാകും. ചിലർ ഇതിനെ ലിംഗവർത്തിയെന്നും മറ്റുചിലർ ലിംഗാർശസ്സെന്നും പറയുന്നു. ഇതിന്നു ചുവന്ന അരതളി തുത്ത് രസാഞ്ജനം സർജ്ജിക്ഷാരം കല്ലുപ്പ് ഇവ പൊടിച്ച് ലിംഗത്തിൽ വിതറണം.

ശൂകദോഷനിദാനം.

മൂഢബുദ്ധിയായവൻ ലിംഗത്തിന്നു ക്രമത്തിലധികം വൃദ്ധിയുണ്ടാക്കണമെന്നു വിചാരിച്ച് വിഷമുള്ള ജന്തുക്കളേയോ തീക്ഷ്ണദ്രവ്യങ്ങളേയോ ലിംഗത്തിൽ അരച്ചുതേച്ചാൽ അവന്ന് ശൂകജങ്ങളായ വ്യാധികൾ ഉണ്ടാകുന്നു.

തച്ചികിത്സ.

സ്ഫോടസ്ഥ ദാർവ്വീസുരസാരുണാനാം
ധൂപേന ഗോറസ്യ നിശായുതേന
പക്വേന തൈലേന വിലേപനാത്തു
മേഢ്റസ്യ രോഗാഃ പ്രളയം പ്രയാന്തി. ൨൧

മരമഞ്ഞൾത്തൊലി തുളസിക്കതിര് മഞ്ചട്ടിപ്പൊടി പുകയറമഞ്ഞൾ ഇവ കൽക്കമായി കാച്ചിയ എണ്ണ തേച്ചാൽ ലിംഗരോഗങ്ങൾ ശമിക്കും.

സർഷപികാലക്ഷണം.

ശൂകദുർഭഗഭവാപി ച ഗൌര-
സർഷപേന പിടികാ കഫവാതാൽ
ലിംഗദേശപ്രഭവാവരവൈദ്യൈഃ
സാരഭേതി ഗദിതാ നിജതന്ത്രേ. ൨൨

ദുഷ്ടങ്ങളായ ജലജന്തുക്കളെ അരച്ചു ലിംഗത്തിൽ തേക്കുന്നവന്നു കഫവാതങ്ങൾ കോപിച്ച് വെളുത്ത കടുകുമണിപോലെ ലിംഗത്തിന്റെ അന്തർഭാഗത്തിലോ ബഹിർഭാഗത്തിലോ കുരുക്കൾ ഉണ്ടാകുന്നു. ഇതിന് സർഷപിക എന്നു പേർ പറയുന്നു.

തച്ചികിത്സ.

ശൂകേഷു ശൂകജഭഗോരതഗദേഷു വൈദ്യഃ
കുഷ്ഠാദിപിഷ്ടവരഭേഷജരേചനാനി
രക്തസ്യ മോക്ഷണമതോƒപി വിലിഖ്യപൂർവ്വം
സൂക്ഷ്മൈഃ കഷായസഹിതൈരവചൂർണ്ണയേത്താം. ൨൩

ശൂകദോഷജങ്ങളായ രോഗങ്ങളിൽ വൈദ്യൻ വിഷഹരങ്ങളായ ഔഷധപ്രയോഗങ്ങളും വിരേചനവും ചെയ്യണം; അതുകൂടാതെ രക്തമോക്ഷവുമാകാം. സർഷപികയെ രോഗത്തെ ഉരസീട്ട് കഷായങ്ങൾകൊണ്ടും ചൂർണ്ണങ്ങൾകൊണ്ടും ചികിത്സിക്കണം.

അഷ്ഠീലാലക്ഷണം.

അഷ്ഠീലികേ ചാപി ച വായുജാതാ
ശൂക്ഷ്മാതികാഠിന്യയുതാ തു തസ്യാം
മേഢ്റസ്യ മധ്യസ്ഥസിരാ വിശോധ്യ
ജലൌകികാഭിശ്ച ക്രിയാ വിധേയാ. ൩൦

കുഴവിക്കല്ലുപോലെ പരുപരുത്തും കാഠിന്യത്തോടുകൂടിയും വായുകോപിച്ചുണ്ടാകുന്ന കുരുവിന് അഷ്ഠീലയെന്നു പറയുന്നു. അതിന്ന് ലിംഗത്തിന്റെ നടുക്കുള്ള ഞരമ്പുകളെ കീറിച്ച് അട്ടയിട്ടു രക്തം കളയണം.

മറെറാരുയോഗം.

ഗുഗ്ഗുലുമേകം ത്രിഫലാകഷായയുതം ഹി
അഷ്ഠീലാമഥ പീതം ഹരതി മതം ഹി. ൩൧

ത്രിഫല കഷായംവെച്ചു അതിൽ ശുദ്ധിചെയ്ത ഗുഗ്ഗുലു മേമ്പൊടിചേർത്തു സേവിക്ക അഷ്ഠീലിക എന്ന രോഗം ശമിക്കും.

ശൂകൈശ്ച വക്രൈർവ്വിഷമൈസ്സമന്താ-
ല്ലിംഗം യദാ വൈ ഗ്രഥിതം വിശേഷാൽ
വൈദ്യാസ്തമാഹുർഗ്രഥിതം തു നാഡീ-
സ്വേദേന സംസ്വേദ്യ സുഖോഷ്ണയോഗൈഃ. ൩൨

സ്നിഗ്ദ്ധൈഃ സുഖോഷ്ണൈരുപനാഹമേതൽ
ജംബൂഫലാസ്ഥിപ്രതിമാഥ കുംഭീ
സാ രക്തപിത്തപ്രഭവാപി തസ്യാം
പക്വാം വിലോക്യാഥ വ്രണം വിശോധ്യ. ൩൩

രക്തം ഹരേൽ തിന്ദുകലോധ്രപത്ഥ്യാ
ധാത്രീവിഭീതൈഃ പരിലേപയേൽ ച
പൂർവ്വോക്തദ്രവ്യൈരപി സാധ്യതൈല-
മഭ്യഞ്ജനം തത്രഭിഷക് പ്രയുഞ്ജ്യാൽ. ൩൪

വളഞ്ഞും വിഷമങ്ങളായും ഇരിക്കുന്ന ശൂകങ്ങൾകൊണ്ടും ലിംഗത്തിന്റെ ചുററിനും നിറഞ്ഞിരിക്കുന്നതുപോലെ തോന്നുന്നത് ഗ്രഥിതം എന്ന ശൂകദോഷമാകുന്നു. അതിങ്കൽ നാഡീസ്വേദംചെയ്ത് സ്നിഗ്ദ്ധങ്ങളായും സുഖോഷ്ണങ്ങളായുമിരിക്കുന്ന ഔഷധങ്ങൾ വെച്ചുകെട്ടണം.

കുംഭികാലക്ഷണം.

രക്തപിത്തങ്ങൾ കോപിച്ച് ഞാവൽപഴംപോലെ കറുത്ത കു
രുക്കൾ ഉണ്ടാകും. അതിന്നു കുംഭികയെന്നുപേർ. അതു പഴുത്താൽ
പ്രണം ശുദ്ധിയാക്കി രക്തം കളയണം. അതിന്നുശേഷം പനച്ചി
ത്തൊലി പാച്ചോററിത്തൊലി ത്രിഫല ഇവ അരച്ചുതേക്കണം. മുൻ
പറഞ്ഞ മരുന്നുകൾകൊണ്ട് എണ്ണകാച്ചി തേക്കുകയുമാകാം.

അലജീലക്ഷണം.

ഈദൃക് സ ത്രപാപ്യലജീ പ്രമേഹാ-
ജ്ജാതാ തഥാ യാ പിടികാ ച രക്താ
സിതാ തഥാ സ്ഫോട ചിതാതിതീവ്രാ
സരക്തപിത്തപ്രഭവാ ച തസ്യാം.

കുംഭീവൽ പ്രഥിതം ചികിത്സിതമലം
കാൎയ്യം ച രക്തസ്രുതാം
ജ്ഞാത്വാ താമലജീം പയോഭിരനിശം
ലേപാംശ്ച സേകാംശ്ചരേൽ
ശീതാംശ്ചാന്യതമാനഥോ ऽത്ര ബഹുധാ
സിപ്പിശ്ച വാ പായയേൽ
കാൎയ്യം രേചനമത്ര ചൈവ ബഹുഭിർ
വൈദ്യൈസ്സദാ വണ്ണിതം. ൩൬

അലജിയ്ക്ക് പ്രമേഹരോഗത്തിൽ പറഞ്ഞ അലജിയുടെ ല
ക്ഷണങ്ങൾ എല്ലാം ഉണ്ടായിരിക്കും. അതുകൂടാതെ ചുവന്നും
വെളുത്തും കുമിളകളാൽ വ്യാപിച്ചും അതികഠിനമായും ഇരിക്കും. ഇ
ത് രക്തവും പിത്തവും കോപിച്ച് ഉണ്ടാകുന്നതാണ്. ഇതിന്
കുംഭികയ്ക്കു പറഞ്ഞ ചികിത്സകൾ ചെയ്യണം. രക്തം സ്രവിപ്പി
ച്ചുകളഞ്ഞ് പാലുചേർത്ത് ശീതങ്ങളായ ലേപനസേകങ്ങളെ പ്ര
യോഗിക്കണം. നെയ്യ് കുടിപ്പിക്കുന്നതും നല്ലതാണ്. വിരേച
നവും ഇതിന്ന് ഹിതമാണ്.

മൃദിതലക്ഷണം.

മൃദിതപീഡിതമേവ യദാ തദാ
വ്രജതി ശോഥമലം മദനാങ്കുരേ
ഇഹ സദാഗതിനാത്ര ബലാൽകൃതൈർ-
മൃദിതമുക്തതൈരപി തൈലകൈഃ. ൩൭

ശുക്രം പതിച്ചതിനുശേഷം ലിംഗത്തെ കൈകൊണ്ട് അതിയാ
യി മർദ്ദിക്കയോ പീഡിപ്പിക്കുകയോ ചെയ്താൽ വാതം കോപിച്ച്

ലിംഗത്തിൽ നീരുണ്ടാകും. അതിനെ മൃദിതം എന്നു പറയുന്നു. ഇതി
ന് കുറുന്തോട്ടിക്കഷായത്തിൽ കുറുന്തോട്ടി കല്ക്കമായി എണ്ണകാച്ചി
ലേപനംചെയ്യണം.

സമ്മൂഢപിടകാലക്ഷണം.

പാണിഭ്യാമപി സമ്മൂഢസ്സമ്മൂഢപിടകാ ച യാ
വാതകോപേ ശുക്രദോഷേ വിശേഷാദപി പിച്ഛിലേ. ൩൮

മൂഢനായവൻ രണ്ടുകൈകൊണ്ടും ലിംഗം മർദ്ദിക്കുകനിമിത്തം
വാതകോപം ഹേതുവായിട്ട് കുരുക്കൾ ഉണ്ടാകും. അതിന്ന് സമ്മൂ
ഢപിടക എന്നു പേർ.

സമ്മൂഢപിടകായാം തു ക്രിയാ പിത്തവിസർപ്പവൽ
കാപ്പുപൂഗം ജലൈർഘൃഷ്ട്വാ പാദിരം സാരമേവ ച. ൩൯
ലിംഗരോഗഹരഃ പ്രോക്തഃ പ്രലേപോ ബഹുഭിർധ്രുവം
സമ്മൂഢപിടകായാസ്തു നാശനോ ഭിഷജാം മതഃ. ൪൦

സമ്മൂഢപിടകയ്ക്ക് പിത്തവിസർപ്പംപോലെ ചികിത്സചെയ്തു
കൊള്ളണം. കാപ്പുപൂഗവും കരിങ്ങാലിക്കാതലുംകൂടി വെള്ളത്തിൽ
അരച്ചുതേച്ചാൽ ലിംഗരോഗവും സമ്മൂഢപിടകയും ശമിക്കും.

അഗ്നിമന്ഥലക്ഷണം.

ദീൎഘാ ബഹ്വ്യശ്ച പിടകാഃ കഫാസൃഗ്ഭ്യാം സമുത്ഥിതാഃ
മീന്ദ്രേ മദ്ധ്യതോ യാശ്ച വേദനാരോമഹർഷകൃൽ. ൪൧

കഫരക്തങ്ങൾ കോപിച്ച് നീളത്തിൽ വളരെ കുരുക്കൾ ഉ
ണ്ടാകും. അവയുടെ മദ്ധ്യം വിണ്ടുകീറുകയും വേദനയും രോമാ
ഞ്ചവും ഉണ്ടാകുകയും ചെയ്യും. ഇതിന് അഗ്നിമന്ഥം എന്നു
പേർ.

തച്ചികിത്സ.

സോऽഗ്നിമന്ഥഃ ക്രിയാസ്തത്ര പൂൎവ്വമുക്താസ്സമാചരേൽ
ക്ഷാളയേൽ ത്രിഫലാതോയൈഃ പകപലിംഗം പുനഃ പുനഃ ൪൨

അഗ്നിമന്ഥത്തിൽ മുൻപറഞ്ഞ ചികിത്സകൾ ചെയ്യണം. പ
ഴുപ്പുണ്ടായിരുന്നാൽ ത്രിഫലക്കഷായംകൊണ്ട് കഴുകുകയും വേണം.

പുഷ്കരികാലക്ഷണം.

പിത്തശോണിതഭവാ പിടകാ യാ
സംഭവേച്ച പിടകാ ജലജസ്യ
കൎണ്ണികേവ വിതതാ ഖലു വൈദ്യൈഃ
പുഷ്കരീതി ഗദിതാऽഗദതന്ത്രേ. ൪൩

പിത്തരക്തങ്ങൾ കോപിച്ച് താമരപ്പൂവിന്റെ മദ്ധ്യത്തിലുള്ള ഇതളുകൾപോലെ വിസ്തൃതങ്ങളായിട്ട് വളരെ കുരുക്കൾ ഉണ്ടാകും. അതിനെ പുഷ്കരിക എന്നു പറയുന്നു.

തച്ചികിത്സ.

ചികിത്സിതം പുഷ്കരികാസു പിത്ത-
വിസർപ്പവൽ കിംശുകശ്രാവണീനാം
വചാശതാകൎണ്ണത്രിഫലാസരോധ്ര-
കാസീസചൂൎണ്ണൈഃ പ്രതിരോപണം ദ്രാക്. ൨൬

പുഷ്കരികയ്ക്ക് പിത്തവിസർപ്പത്തിന്നു പറഞ്ഞിട്ടുള്ള ചികിത്സകൾ ചെയ്തുകൊള്ളണം. അതുകൂടാതെ മുരിക്കിൻതൊലി ശ്രാവണി വയമ്പ് പെരുമരുതിൻതൊലി ത്രിഫല പാച്ചോററിത്തൊലി അന്നഭേദി ഇവ പൊടിച്ച് വ്രണത്തിൽ വിതറണം.

സ്പർശഹാനിലക്ഷണം.

ശൂകദൂഷിതതമം രുധിരം യൽ
സ്പർശഹാനി സദകാരി വിശേഷാൽ
തൈലമേവ ബലയാ ഖലു സിദ്ധം
ഉഷ്ണമേനമപഹന്തി ച സേകാൽ. ൨൭

ലിംഗബലം ഉണ്ടാകാൻവേണ്ടി വിഷജന്തുക്കളെ അരച്ചുതേച്ചാൽ അവിടെ രക്തം ദുഷിച്ച് തൊട്ടാൽ അറിയാൻ പാടില്ലാത്തതുപോലെ ആയിത്തീരും. ഇതിന്നു സ്പർശഹാനി എന്നു പേർ.

തച്ചികിത്സ.

ബലാതൈലം ചെറുചൂടോടുകൂടി ധാരചെയ്താൽ സ്പർശഹാനി എന്ന രോഗം ശമിക്കും.

ഉത്തമാലക്ഷണം.

ഭവേദ്രക്തപിത്തോദ്ഭവാ മുദ്ഗമാഷോ-
പമാ ചോത്തമാഖ്യാ ച ശൂകസ്യ ദോഷാൽ
അജീൎണ്ണാത്തു താം വൈദ്യധുര്യോ വിശേഷാൽ
സമുദ്ധൃത്യ വാ ബാഡിശേനൈവ പശ്ചാൽ. ൨൮

കഷായകല്കചൂൎണ്ണൈൎമ്മധൂച്ഛിഷ്ടതൈലൈൎവ്വിശേഷതഃ
സമാചരേച്ച വൈദ്യരാട് പ്രസേകലേപസാധനൈഃ. ൨൯

കൂടക്കൂടെ വിഷജന്തുക്കളെ അരച്ചുതേക്കുകനിമിത്തം രക്തപിത്തങ്ങൾ കോപിച്ച് ചെറുപയറിന്റെയോ ഉഴുന്നിന്റെയോ ആകൃതിയിൽ കുരുക്കൾ ഉണ്ടാകും. ഇതിന്ന് ഉത്തമ എന്നു പേർ. ഇതിന്ന് ശൂകങ്ങൾ സ്വതേ പൊടിഞ്ഞുപോകായ്കനിമിത്തം വൈദ്യൻ

ബഡിശയന്ത്രംകൊണ്ട് അതിനെ എടുത്തുകളഞ്ഞ് തേൻചേൎത്ത കഷായമോ കല്കമോ പൊടിയോ ധാര, ലേപനം മുതലായവയായി പ്രയോഗിക്കണം.

ശതപോനകലക്ഷണം.

രന്ധ്രൈശ്ച യദ്വ്രണമുഖൈശ്ചിതമേവ സർവ്വ-
ലിംഗം സമന്തത അധോ യദി വാതരക്താൽ
തം വൈദ്യഭൂപനികരാഃ ശതപോനകാഖ്യ-
രോഗം വദന്തി ഖലു തത്ര രസക്രിയാഃ സ്യുഃ. ൩൦
പൃഥക്പൎണ്ണ്യാദിഭിഃ ശൃതം തൈലമേകം
പ്രസേവ്യം ച പശ്ചാദതന്ദ്രൈശ്ച വൈദ്യൈഃ

വാതരക്തങ്ങൾ കോപിച്ച് ലിംഗത്തിൽ എല്ലായിടവും സുഷിരങ്ങൾ ഉണ്ടാകും. ഇതിന് ശതപോനകം എന്നു പേർ. ഇതിന്നു രസക്രിയകൾ പ്രയോഗിക്കണം. പിന്നീട് പൃഥക്പർണ്ണ്യാദിതൈലംകാച്ചി സേവിക്കയും വേണം.

ത്വക്പാകലക്ഷണം

ഭവേദ്വാതപിത്താൽ ത്വചഃ പാകരോഗോ
ജ്വരേണാപി ദാഹേന യുക്തഃ പ്രകാമം. ൩൧

വാതപിത്തങ്ങൾ കോപിച്ച് ലിംഗത്തിന്റെ തൊലിക്കു പഴുപ്പുണ്ടാകും. ജ്വരം, ചൂട് ഇവയും കാണും. ഇതിന്ന് ത്വക്പാകം എന്നു പേർ.

തച്ചികിത്സ.

നിംബാരുണാഖദിരചൂൎണ്ണവിലേപനം ദ്രാക്
ലിംഗത്വചശ്ച ഖലു പാകരുജം നിഹന്തി
ന്യഗ്രോധപ്ലക്ഷഗജഭോജനജംബുകാനാ-
മൗദുംബരസ്യ ച ജലൈരഭിഷേചയേച്ച. ൩൨

വേപ്പിൻതൊലി മഞ്ചട്ടിപ്പൊടി കരിങ്ങാലിക്കാതൽ ഇവ പൊടിച്ച് അരച്ചുതേച്ചാൽ ത്വക്പാകംകൊണ്ടുള്ള വേദന ശമിക്കും. പേരാലിൻതൊലി ഇത്തിത്തൊലി അരയാലിൻതൊലി ഞാവൽതൊലി അത്തിത്തൊലി ഇവ കഷായംവെച്ച് ധാരചെയ്യുക; ത്വക്പാകം ശമിക്കും.

ശോണിതാർബുദലക്ഷണം.

സ്ഫോടൈശ്ച കൃഷ്ണൈഃ പിടകാഭിരേവ
രക്താഭരേവം പരിപീഡിതം ച

തല്ലിംഗവസ്ഥേതജ്ഞാദധാനം
രക്താർബ്ബുദം വൈദ്യവൃപാ വദന്തി. ൨൦

ലിംഗം കറുത്ത പൊള്ളലുകളാലും ചുവന്ന കുരുക്കളാലും പീഡിതമായും വളരെ വേദനയോടുകൂടിയും ഇരിക്കും. ഇതിന്ന് രക്താർബ്ബുദം എന്നു പേർ.

തച്ചികിത്സ.

തദ്രക്തവിദ്രധിസമം ച ചികിത്സിതവ്യം
തദ്വൽ കുമാരിജരസോത്ഭവലേപനേന
ശാന്തിം നയേദ്രവഥപാകരുജാന്വിതം ച
രക്താർബ്ബുദം സകലവൈദ്യമഹീധരോക്തം. ൨൧

രക്താർബ്ബുദത്തിന്ന് രക്തവിദ്രധിപോലെ ചികിത്സിച്ചുകൊള്ളണം. കററാർവാഴപ്പോളയുടെ നീരെടുത്തു തേച്ചാൽ രക്താർബ്ബുദത്തിലുള്ള ചൂട്ട്, പഴുപ്പ്, വേദന ഇവ ശമിക്കും.

മാംസാർബ്ബുദമാംസപാകലക്ഷണം.

മാംസാർബ്ബുദം മാംസമലം വിദൂഷ്യ
ദോഷാസ്ത്രയശ്ചാപി ച മാംസപാകം
കുർവ്വന്തി മാംസാനി തഥൈവ നിത്യം
ശീർണ്ണാനി വൈ വേദനയാന്വിതാനി. ൨൨

അതിയായി മാംസം ദുഷിക്കകൊണ്ടു് മാംസാർബ്ബുദവും, മൂന്നു ദോഷങ്ങളും കോപിച്ചു് ലിംഗത്തിലെ മാംസങ്ങൾ പൊടിഞ്ഞു് അരിഞ്ഞു നോവുക മുതലായ വേദനയോടുകൂടി ഉണ്ടാകുന്ന രോഗം മാംസപാകവുമാകുന്നു.

തച്ചികിത്സ.

ഗുഞ്ജാതസീതാലമനശ്ശിലാനാം
ദാർവ്വീഹരിദ്രാമധുകാന്വിതാനാം
സക്ഷൌദ്രഹവിർഭിശ്ച വിലേപനം ദ്രാക്
വിശീർണ്ണമാംസപ്രതിരോപണം ഹി. ൨൩

കുന്നിക്കുരു അഗശി ഹരിതാലം മനയോല മരമഞ്ഞൾതൊലി മഞ്ഞൾ ഇരട്ടിമധുരം ഇവ പൊടിച്ചു് തേനും നെയ്യും ചേർത്തു ചാലിച്ചു് ലേപനംചെയ്യുക; പൊടിഞ്ഞുപോയ മാംസം ശരിയാകും.

വിദ്രധിലക്ഷണം.

വിദ്രധിം സന്നിപാതേന യഥോക്തം സമുപാചരേൽ
അന്യാംശ്ച സന്നിപാതോത്ഥാൻ ഗദാൻ വൈ കഥയാമ്യഹം. ൨൪

കൃഷ്ണാനി ശുക്ലാനി ഭവന്തി യാനി
ചിത്രാണി തദ്വൽ സവിഷാണി വാപി
വദന്തി വൈദ്യാസ്തിലകാളകാനി
ലിംഗസ്യ പാതായ ച സന്നിപാതാൽ. ൨൫

വിദ്രധി സന്നിപാതകോപം ഹേതുവായിട്ടാണ് ഉണ്ടാകുന്നതു്. അതിന്നു് വിദ്രധിനിദാനത്തിൽ പറഞ്ഞ സന്നിപാതവിദ്രധിയുടെ ലക്ഷണങ്ങൾ ഉണ്ടായിരിക്കുകയുംചെയ്യും. ഇതുകൂടാതെ സന്നിപാതകോപത്താൽ ഉണ്ടാകുന്ന മററു രോഗങ്ങളേയും പറയുന്നു.

തിലകാളകലക്ഷണം.

കറുത്തോ നാനാവർണ്ണമായോ ഇരിക്കുന്ന വിഷദ്രവ്യങ്ങളെ തേക്കുകനിമിത്തം വാതപിത്തകഫങ്ങൾ കോപിച്ചു് ലിംഗത്തെ അശേഷം പഴുപ്പിക്കയും അതുകൊണ്ടു് ലിംഗത്തിലെ മാംസങ്ങൾ അഴുകിപ്പോകുകയുംചെയ്യും. ഇതിന്ന് തിലകാളകം എന്നു പേർ.

ഫിരങ്ഗരോഗം.

ഫിരങ്ഗദേശേ ബഹുശോദ്ഭവത്വാൽ
ഫിരങ്ഗമാഹുർഭിഷജഃ പുരാണാഃ
ലിംഗസ്യ ച സ്ഫോടവിശാരദാ യേ
തേ ഗന്ധരോഗം ച ഫിരങ്ഗിണശ്ച. ൨൬

ഫിരങ്ഗ (പറങ്കി) ദേശത്തിൽ ധാരാളമായി ഉണ്ടാകുന്നതുകൊണ്ടു് ഇതിനെ പുരാണവൈദ്യന്മാർ ഫിരങ്ഗരോഗം എന്നു പറയുന്നു. ലിംഗത്തിന്ന പൊള്ളൽ ഉണ്ടാകുകകൊണ്ടു് ഇതിനെ ഫിരങ്ഗികൾ ഗന്ധരോഗം എന്നും പറയും.

ഫിരങ്ഗിണീ സ്ത്രീഗമനാന്നരാണാം
സ്ത്രീണാം ഭവേച്ചാപി ച തൽ പ്രസംഗാൽ
തേഷാം ച താസാമപി വാ ഫിരങ്ഗ-
നാശായ കർപ്പൂരരസഃ പ്രസേവ്യഃ. ൨൭

പുരുഷന്മാർക്ക് അതിയായ സ്ത്രീഗമനംകൊണ്ടും സ്ത്രീകൾക്ക് അതിയായ പുരുഷഗമനംകൊണ്ടും ആണ് ഫിരങ്ഗം (പറങ്കിപ്പുണ്ണ്) എന്ന രോഗം ഉണ്ടാകുന്നതു്. സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ആ ഫിരങ്ഗരോഗം ശമിക്കുന്നതിന്നായിട്ടു് കർപ്പൂരരസം സേവിക്കണം.

ഫിരങ്ഗരോഗചികിത്സ.

ടങ്കൈകപാരദമിതം ഖദിരാദ്ദ്വിടങ്കം
ആകാരകാദികരഭം ച വിശോഷ്യ സപ്ത

കൃത്വാ വടീശ്ച ചണക പ്രമാണികാഃ കടഭൈഃ
പ്രാതഃ ഫിരങ്ഗശമനായ ഗിളേച്ച നിത്യം. ൨൮

മുക്കാൽകഴഞ്ചു രസവും ഒന്നരക്കഴഞ്ചു കരിഞ്ചാലിക്കാതലും കൂടി അരച്ചു വെയിലത്തുവച്ചു് ഉണക്കി രണ്ടേകാൽ കഴഞ്ചു തേനും ചേർത്തു വടകമാക്കി പ്രാതഃകാലത്തിൽ സേവിക്കുക; പറങ്കിപ്പുണ്ണു ശമിക്കും.

ബാഹ്യഫിരംഗം.

ബാഹ്യഃ സ്ഫിരങ്ഗഃ ഖലു സ്ഫോടകേന
തുല്യോऽല്പപീഡഃ സ്ഫുടിതോ വ്രണേന
തുല്യോ ഭവിധ്യേऽസൌ സുഖസാധ്യ ഉക്തോ
വൈദ്യൈഃ പുരാണൈരഖിലൈർവിചാര്യ. ൨൯

ബാഹ്യമായ ഫിരങ്ഗത്തിനു കുമിളകൾ ഉണ്ടായിരിക്കും. പീഡ കുറഞ്ഞിരിക്കും. വ്രണത്താൽ വിണ്ടുകീറും. ഇതു സുഖസാധ്യമാണു്.

തച്ചികിത്സ.

കർഷദ്വയം ശ്രീശിവദേവ്യാശ്ച വീര്യം
അക്ഷപ്രമാണാനി ച തണ്ഡുലാനി
പിഷ്ട്വാ ബദര്യാഃ സ്വരസൈശ്ച സപ്ത
തദ്ഭക്ഷ്യമോഷധിഭിരൈന്ദ്രിയോദ്യൈഃ. ൩൦

രസം ഗന്ധകം ഇവ മുമ്മൂന്നുകഴഞ്ചുവീതം. വിഴാലരി നാലു കഴഞ്ചു്. ഇവ കുറുന്തോട്ടിനീരിൽ അരച്ചു് ഏഴുദിവസം സേവിക്കുകയും ഈ മരുന്നുകൾ എല്ലാംകൂടി ഏഴുദിവസം പുകയ്ക്കുകയും ചെയ്യുക; ബാഹ്യഫിരങ്ഗം ശമിക്കും.

അഭ്യന്തരഫിരങ്ഗം.

അഭ്യന്തരസ്സന്ധിഷു യഃ ഫിരങ്ഗ-
ശ്ചേല്ലക്ഷണൈശ്ചാപി ഭവേദ് ദ്വയോർവ്വാ
സകഷ്ടദോऽതിപ്രഥിതശ്ചിരസ്ഥോ-
വൈദ്യൈർന്നിരുക്തഃ ഖലു കൃച്ഛ്രസാധ്യഃ. ൩൧

സന്ധികളിൽ ഉണ്ടാകുന്ന ഫിരങ്ഗം അഭ്യന്തരഫിരങ്ഗമാകുന്നു. രണ്ടുകളുടെയും ലക്ഷണം ഉള്ളതായ ഫിരങ്ഗം കഷ്ടമാകുന്നു. വളരെക്കാലമായ ഫിരങ്ഗം കൃച്ഛ്രസാധ്യമാകുന്നു.

തച്ചികിത്സ.

പത്രാണി നിംബസ്യ പലോന്മിതാനി
പഥ്യാബ്ദമാംസീം രജനീം കലായാം

ത്രുത്രൃതാഃ പ്ര
വസാംശിഃ ക്ഷീണാന്തരചൂർണ്ണം
ശാണോന്മിതന്നനയോ വശ്യ നീരൈഃ. ൩൨

ഭുക്ത്വാ ഫിരംഗാ ബലഘ്നനാശനായ
പടോലമാശേഷായ ഫിര്യഗേച്ച
തദുച്ച ചൂർണ്ണംസഹ ശോഫചപിനീ.
ഭവം മധൂകൈരധുതം ശിവായാഃ. ൩൩

വേപ്പില ഒരുപലം. കടുക്ക മുത്തങ്ങാക്കിഴങ്ങു് ജടാമാഞ്ചി മഞ്ഞൾ കറുക നെല്ലിക്കാത്തോടു് ഇവ എട്ടുംശം എല്ലാംകൂടി പൊടിച്ചു് വെള്ളത്തിൽ കലക്കി സേവിക്കുകയോ ഉപചീനി ഇരിപ്പക്കാതൽ കടുക്കാത്തോടു് ഇവ പൊടിച്ചു് സേവിക്കുകയോ ചെയ്താൽ ഫിരങ്ഗരോഗം ശമിക്കും. ഈ ഔഷധം സേവിക്കുമ്പോൾ ഉപ്പും പുളിയും ഉപേക്ഷിക്കണം.

ഉഭയഫിരങ്ഗം.

ലിംഗസ്യ സന്ധാവപി സർവ്വലിംഗേ
സ്ഫോടാഭവേയുസ്തദി ചോഭയാഖ്യഃ
അസാധ്യലിംഗഃ സ ഫിരങ്ഗരോഗോ
യാപ്യസ്തഥാദ്യൌഷധിസേവിനാം ച. ൩൪

സർവ്വലിംഗമായ ഫിരങ്ഗത്തിൽ ലിംഗത്തിന്റെ സന്ധിയിൽ കുമിളകൾ ഉണ്ടാകും. അസാധ്യമായ ഈ ഫിരങ്ഗരോഗം ഔഷധം സേവിച്ചുകൊണ്ടിരുന്നാൽ യാപ്യമാണു്.

കർപ്പാസസൂതം ച കുരണ്ഡനീരൈഃ
ഖല്ലേ വിമർദ്യാഥ പലാർദ്ധകേന
പൂരേണ സാകം കരഭം ച കുഷ്ഠം
പലത്രയം ചാപ്യഥ കർഷമർദ്ധം. ൩൫

പൃഥക് പൃഥക് സമ്മിതം സമസ്തം
പലദ്വയാഭ്യാം ഘൃതമാക്ഷികാഭ്യാം
സമ്മർദ്യ കൃത്വാ ച വടീം നിഷേവേൽ
കർഷാർദ്ധമാനാം ച ഫിരങ്ഗരോഗേ. ൩൬

അന്യേ വ്രണാ യേऽപി ഫിരങ്ഗജാതാ
നൂനം വിനശ്യന്തി ച തേ ച സദ്യഃ
ഇമാം വടീം ഭക്ഷയതോ മുഖാന്തഃ
ശോഥഃ കദാചിന്നഹി ജായതേ ച. ൩൭

ലവണമമ്ലരസം ച പരിത്യജേ-
ദ്ദിനദശത്രയമേകദിനാധികം

അഥ പലാശജവൃന്തമാക്ഷികരാമ്ട
പ്രതിദിനം ദശമാഷമായ ഗിരേച്ച
അപി ജലേന ച ലിംനൗക്കഴഞ്ചേറാൽ
പ്രജതി തൈരിഹ നാശനക്കി രംഗദഃ ൯൰൮
ഉഭയജാപ്പഫിരങ്ഗവിനാശിൽ
നിഗദിതം വിദിതം ഭിഷഗ്ഗണൈഃ. ൯൰൯

ശുദ്ധിചെയ്ത രസം ഒന്നര കഴഞ്ചു് എടുത്തു് അമ്മിക്കല്ലിൽ വച്ചു മഞ്ഞക്കുറുഞ്ഞിനീരിൽ അരച്ചു ശുദ്ധിചെയ്ത ഗുഗ്ഗുലു പലം അര. നാകണം പലം ൫. കൊട്ടം കഴഞ്ചു് ഒന്നര. എല്ലാംകൂടി പൊടിച്ചു് ഒരുപലം നെയ്യും ഒരുപലം തേനുംചേൎത്തു് അരച്ചു വടകമാക്കി ഒന്നര കഴഞ്ചുവീതം സേവിക്കുക; ഫിരങ്ഗരോഗവും പഴുത്തുപൊട്ടിയുണ്ടായ വ്രണങ്ങളും ശമിക്കും. ഈ വടകം ഭക്ഷിക്കുന്ന മനുഷ്യന്റെ മുഖത്തിൽ ഒരിക്കലും നീക്കേട്ടു് ഉണ്ടാകുകയില്ല. ഉപ്പും പുളിയും വൎജ്ജിക്കണം. ഇങ്ങനെ ൩൧ ദിവസംവരെ ശീലിക്കണം.

പത്തുഴന്നിൻപ്രമാണം പ്ലാശിൻഞെട്ടെടുത്തു് അരച്ചു ദിവസംതോറും ലിംഗത്തിൽ തേച്ചാൽ ഫിരങ്ഗരോഗം ശമിക്കും.

ഫിരങ്ഗരോഗത്തിലെ ഉപദ്രവങ്ങൾ.

കാൎശ്യം ബലക്ഷയമഥോ വലു നാസികായാ-
ഭംഗോപ്യപി വഹ്നിലഘുതാസ്ഥിവിശോഷ ഉക്തഃ
വക്രത്വമസ്ഥി ഭിഷജഃ പ്രവദന്തി സൎവ്വേ
പ്രായഃ ഫിരങ്ഗഗദസംഭവ ഉപദ്രവാശ്ച. ൱

ദേഹത്തിനു ചടപ്പു്, ബലഹാനി, നാസികാഭംഗം, അഗ്നിമാന്ദ്യം, അസ്ഥിശോഷം, അസ്ഥിക്കു വളവു് ഇവ പറങ്കിരോഗത്തിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണു്.

അസാദ്ധ്യലക്ഷണം.

വിശീൎണ്ണം യന്മാംസം കൃമിഭിരപി ജുഷ്ടം ച ബഹുശോ-
പ്യശിഷ്ടം മുഷ്കം വാ നിപതിതമനോജാംകുശഗദം
പരിത്യാജ്യം വൈദ്യൈൎന്നിഖിലജനിതാ ബന്ധുഭിരതഃ
പരിത്യക്താ യോഗം നിജഗദഹരം സേവ്യമപി തൈഃ. ൱൧

മാംസം ദ്രവിച്ചതും കൃമികൾ മുഴുക്കെ ഭക്ഷിച്ചു് വൃഷണം ശേഷിക്കാതെയും ഇരിക്കുന്ന ലിംഗരോഗം അസാദ്ധ്യമാണു്. ത്രിദോഷകോപത്താൽ ഉണ്ടായ ലിംഗരോഗങ്ങളും അസാദ്ധ്യമാണു്. ഇതിനു ലിംഗരോഗഹരമായ യോഗം സേവിച്ചുകൊള്ളണം.

ആഭ്യന്തരഃ കൃച്ഛ്രതമഃ പ്രസിദ്ധോ
ബഹിർഭവഃ ക്ഷീണതരസ്യ ജീൎണ്ണഃ
ഉപദ്രുതശ്ചാനുനയോ വദന്തി
ഫിരംഗരോഗോ ബഹുധാപ്യസാദ്ധ്യഃ. ൱൨

പഴകിയ ആഭ്യന്തരമായ ഫിരങ്ഗരോഗവും ബഹിർഭവഫിരങ്ഗരോഗവും വളരെ പ്രയാസപ്പെട്ടു സാദ്ധ്യമാണു്. സകല ഉപദ്രവങ്ങളുമുള്ള ഫിരങ്ഗരോഗം അസാദ്ധ്യംതന്നെ.

ഫിരങ്ഗരോഗം വിട്ടുമാറിയാലുള്ള ലക്ഷണം.

സംഭോഗകാലേ ഭഗലിംഗയോശ്ച
ദാഹോ യദൈവ പ്രതിജായതേ ന
ശേതാച്ഛശുക്ലേ പതിതേ മനോജ-
ജ്വരേ നരാണാം ച ഫിരങ്ഗമുക്തിഃ. ൱൩

സംഭോഗകാലത്തിൽ യോനിക്കും ലിംഗത്തിനും ചൂടില്ലാതിരിക്കുക; വെളുത്ത നിറത്തിലും നിൎമ്മലമായും ശുക്ലം പതിക്കുക; കാമജ്വരം ഉണ്ടാകുക ഇവ ഫിരങ്ഗരോഗം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണു്.

ഉപദംശം ഫിരങ്ഗം മുതലായ രോഗങ്ങൾക്കു മറ്റു ശാസ്ത്രങ്ങളിൽനിന്നു സദ്യസ്സാദ്ധ്യങ്ങളായ ചില യോഗങ്ങളെ കാണിക്കുന്നു.

ശിഖീ പഥ്യാ പൂഗം സഹ ഖദിരകം തുല്യമഖിലം
അൎദ്ധാംശേ ജ്യേഷ്ഠം പിഷ്ട്വാ പ്രഥമശിഖിഭാഗാൎദ്ധമപി ച
ചതുൎയ്യാമം നിംബൂരസയുതമലം തസ്യ ഗുടികാ
പ്രഭുക്താ ടങ്കൈകാ ഹരതി ഭഗലിംഗോദ്ഭവരുജഃ. ൱൪

മയിൽതുത്തു് കട്ടക്കാത്തോടു ഇളയ കമുകിൻഫലം കരിങ്ങാലിക്കാതൽ ഇവസമം, മയിൽതുത്തിൽ പകുതി പുളി, ഇവ എല്ലാംകൂടി നാലുയാമം നാരങ്ങാനീരിൽ അരച്ചു മുക്കാൽ കഴഞ്ചുവീതം ഗുളിക ഉരുട്ടി സേവിക്കുക; യോനിലിംഗരോഗങ്ങൾ ശമിക്കും.

ധൂമപാനയോഗം.

പുരാണശാണപത്രൈകശ്ച ഹിംഗുലാഹിഫേണകൈഃ
പ്രകുട്ടിതാഹിപത്രൈകശ്ച ധൂമയാനപത്രകൈഃ
പിബേച്ച ധൂമമന്വഹം സദുഗ്ദ്ധഭക്തഭോജനം
കരോതി യസ്ത്ര്യഹം നരഃ സമുച്യതേ മനോജരോഗതഃ. ൱൫

പഴകിയ കഞ്ചാവിന്റെ ഇല ചായില്യം കറപ്പു് പുകയില

ഇവയെല്ലാംകൂടി പൊടിച്ചു ദിവസവും പുകപിടിക്കുകയും പാലുകൂട്ടി ചോറുണ്ണുകയും ചെയ്യുക; ലിംഗരോഗം ശമിക്കും.

അന്യയോഗം.

കേകിനം മർദ്ദയേന്മത്സ്യപിത്താസമാ
നിംബൂകദ്രാവയുക്തം ച യാമദ്വയം
തദ്വടീം ടങ്കമാനാം നരോ സേവയേ-
ച്ചോപദംശസ്യ നാശായ ശ്രുക്ഷാശനഃ. ൬

മയിൽതുത്തും മത്സ്യപിത്തവുംകൂടി രണ്ടുയാമം നാരങ്ങാനീരിൽ മർദ്ദിച്ചു മുക്കാൽകഴഞ്ചുവീതം വടകമുരുട്ടി സേവിക്കുക; രൂക്ഷഭക്ഷണം കഴിക്കയും വേണം. ഉപദംശം ശമിക്കും.

മറ്റൊരു യോഗം.

കർപ്പൂരകം ശങ്കരവീജ്യജാത-
മേലാലവംഗോഷണജാതപത്ര്യഃ
അർദ്രസ്യ നീരൈസ്ത്രിദിനം വിമർദ്ദ്യ
ടങ്കപ്രമാണാസ്യ വടീ പ്രഭുക്താ. ൭

അവേഷ്ട്യ നിത്യം ഘൃതമാക്ഷികാഭ്യാം
ദുഗ്ദ്ധോദനം പഥ്യമതം പ്രകുർവൻ
നരേണ കുഷ്ഠാച്ച മനോജരോഗ-
ഫിരങ്ഗരോഗാദിവിനാശമാശു. ൮

കർപ്പൂരം ശുദ്ധിചെയ്ത രസം ഏലത്തരി ഇലവർങ്ഗം കുരുമുളക് ജാതിപത്രി ഇവയെല്ലാംകൂടി പൊടിച്ച് ഇഞ്ചിനീരിൽ അരച്ചു മുക്കാൽ കഴഞ്ചുവീതം വടകമാക്കി തേനും നെയ്യുംചേർത്തു സേവിക്കുക; പാൽച്ചോറുണ്ണുകയും വേണം. കാമരോഗം, ഫിരങ്ഗരോഗം ഇവ ശമിക്കും.

അഥ പാനൌഷധിയോഗഃ.

ഭൂമിനിംബാംബുനിംബം സനിംബം
സദാ സേവിതം ശോഷണം പേഷിതം മാക്ഷികൈഃ
വാരിണാ കുഷ്ഠശൂലോപദംശാൻ ഹരേ-
ദൈദ്യഭൂപാ ജഗ്ഗുരേഷ്വ ന തസ്യ ധ്രുവം. ൯

പൂത്തരിച്ചുണ്ടവേര വേപ്പിൻതൊലി ഇവ കഷായംവച്ചു സേവിക്കുകയോ ഇവ ഉണക്കിപ്പൊടിച്ചു തേനിൽ കുഴച്ചു സേവിക്കുകയോ ചെയ്താൽ കുഷ്ഠം, ശൂലം, ഉപദംശം ഇവ ശമിക്കും.

ലിംഗരോഗത്തിൽപത്ഥ്യം.

സതുഷചണകദാളീ ഘോഡശാംശാംബുസിദ്ധാ
ഭവതി യദി വിപാകാൽ പാദശേഷാവശേഷാൽ
അശിതുമിഹ നരാണാം പാരദോത്ഥസ്യ ശോഷേ
സഭഗജഗദഹത്യൈ വൈദ്യഭൂപൈന്നിരുക്താ. ൨൦

ഉമിയോടുകൂടിയ ചണംപയറും താളിമാതളത്തിൻകായും കൂടി പതിനാറിരട്ടി വെള്ളത്തിൽ കഷായംവച്ചു നാലൊന്നാക്കി സേവിക്കുക; രസം ഭക്ഷിച്ചുണ്ടാകുന്ന നീരും യോനിരോഗവും ശമിക്കും.

നീരിനെയും പഴുപ്പിനെയും കളയുന്നതായ
ഗണ്ഡൂഷയോഗം.

കോവിദാരത്രിഫലാം കർപ്പൂ-
മൂലപൂഗഫലമാലതികാഭിഃ
കാഥിതൈശ്ച ഖദിരേണ ഗണ്ഡൂഷൈഃ
ശോഥമാസ്യഗമലം വിനിഹന്തി. ൨൧

മലയകത്തി ത്രിഫലത്തോട്ട ലന്തവേര ഇളയ കമുകിൻഫലം പിച്ചകപ്പൂവു കരിങ്ങാലിക്കാതൽ ഇരിപ്പക്കാതൽ ഇവ കഷായംവച്ചു കവിൾകൊള്ളുക; വായിലുള്ള നീരു ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ ശുക്രദോഷചികിത്സിതം എന്ന ൩൯-ാം സ്തബകം കഴിഞ്ഞു.

അഥ ചത്വാരിംശസ്തബകഃ

ത്വഗ്ദോഷാധികാരഃ.

ത്വഗ്ദോഷനിദാനം.

വിരുദ്ധാന്നപാനാനി തദ്വൽ ഗുരൂണി
ദ്രവസ്നിഗ്ദ്ധഭോജ്യാനി നിത്യം ജനാനാം
സദാ ചാശ്നതാം നിഗ്രഹതാം ഛർദ്ദിവേഗാ-
മഥോ ദന്യാംശ്ച വഹ്നിപ്രതാപാംശ്ച ഭുക്ത്വാ. ൧

ശ്രമാംശ്ചാപ്യഥോ കുർവതാമുഷ്ണശീതാൻ
തഥാ ലംഘനാഹാരസംസേവനാദ്വാ

അപക്വാശനാനാമജീൎണ്ണാശനാച്ച
തഥാ ഭീതിശ്രമശ്രമാർത്താ ജനാ യേ. ൨

ദ്രുതം ശീതനീരസ്യ പാനാച്ച തേഷാം
തഥാ പഞ്ചകൎമ്മാപചാരാന്നരാണാം
ദധീന്യശ്നതാം മാഷപിഷ്ടാദിമൂല-
കപിഷ്ടാന്നദുഗ്ധാശനാദപ്യതിഭാഗാം. ൩

ഗുഡസ്യാപ്യജീൎണ്ണേ ദിവാസ്വാപഭോഗാ-
ജ്ജനാനാം സദാ വിപ്രദവാൻ ഗുരൂംശ്ച
കുവാക്യാജ്ഞയാ ദുർവ്വിനീതാശ്ച മൂഢാ
ജനാശ്ചാപി ദോഷാസ്ത്രയസ്തേപി തേഷാം. ൪

ത്വചോ രക്തമാംസാംബു സന്ദൂഷയിത്വാ
പ്രകുർവ്വന്തി കുഷ്ഠാനി ചാഷ്ടാദശാനി.

വിരുദ്ധങ്ങളായ അന്നപാനങ്ങളേയും ദ്രവങ്ങളായും ഗുരുക്കളായും ഇരിക്കുന്ന പദാൎത്ഥങ്ങളേയും സേവിക്കുക; ഛർദ്ദി, മലമൂത്രാദിവേഗങ്ങൾ ഇവ തടുക്കുക; അധികമായി ഭക്ഷണം കഴിച്ചിട്ട് അധികമായി വ്യായാമം ചെയ്യുകയോ അധികമായി സന്തപിക്കുകയോ ചെയ്യുക; വെയിൽകൊണ്ടോ ശ്രമംകൊണ്ടോ ഭയംകൊണ്ടോ പാരവശ്യം ഉണ്ടായ ഉടനെ പച്ചവെള്ളം കുടിക്കുക; അപക്വമായ സാധനം ഭക്ഷിക്കുക; ദഹിക്കാതെ ഭക്ഷിക്കുക; വമനാദിപഞ്ചകൎമ്മങ്ങളിൽ അപഥ്യം ആചരിക്കുക; തൈര് ഉഴുന്ന് ഉപ്പ് മൂലകം പിഷ്ടാന്നം പാൽ എള്ള് ശൎക്കര ഇവ അധികമായി ഭക്ഷിക്കുക; ഭക്ഷിച്ച അന്നം ദഹിക്കുന്നതിനുമുമ്പേ പകലുറങ്ങുക; മൈഥുനംചെയ്യുക; വിപ്രന്മാർ ദേവന്മാർ ഗുരുക്കന്മാർ ഇവരെ നിന്ദിക്കുക; ഇങ്ങിനെയുള്ളവക്ക് മൂന്നു ദോഷങ്ങൾ തൊലി, രക്തം, മാംസം, ജലം ഇവയെ ദൂഷിപ്പിച്ച് പതിനെട്ടു വിധം കുഷ്ഠരോഗത്തെ ഉണ്ടാക്കുന്നു.

കുഷ്ഠത്തിന്റെ പൂൎവ്വരൂപം.

അതിശ്ലക്ഷ്ണസ്പർശോ ഭവതി ഖരവൽ സ്വേദവികൃതിർ
വിവൎണ്ണത്വം ദാഹസ്ത്വചി തുദനകണ്ഡൂതിശയനം
തഥാ കോഠൌന്നത്യം ശ്രമ അപി വ്രണേ ശൂലമധികം
ചിരസ്ഥായീ ശീഘ്രഃ പ്രഭവതി ച രൂക്ഷത്വമസകൃൽ. ൧

പ്രരൂഢാനാം രൌക്ഷ്യം ത്വചി ഭവതി രക്തത്വമസൃജ-
സ്തതഃ കാർക്ഷ്ണ്യം രോമ്ണാമനിശമപി ഹർഷോപ്യനിലയേ

നിമിത്തേഽല്പേ കോപോ ഭവതി ച മഹാൻ യത്ര ഭിഷജോ
മഹാകുഷ്ഠവ്യാധേർജഗദുരിതി പൂൎവ്വം ഭവതി യൽ. ൨

തൊലി തൊട്ടാൽ ഏററവും മിനുസമായോ പരുപരുത്തോ ഇരിക്കുക; അധികം വിയൎക്കുകയോ ഒട്ടുംതന്നെ വിയൎക്കാതിരിക്കുകയോ ചെയ്യുക; ദേഹത്തിന്റെ നിറം മാറുക; ചൂട്, കുത്തിനോവ്, ചൊറിച്ചിൽ, തരിപ്പ്, വട്ടപ്പുണ്ണുകൊണ്ടു തൊലി ഉയൎന്നിരിക്കുക; ക്ഷീണം, വ്രണത്തിൽ അധികം വേദന, വേഗത്തിൽ ഉദ്ഭവിക്കുകയും വളരെക്കാലം നിലനില്ക്കുകയും ചെയ്യുക; വ്രണങ്ങൾ ഉണങ്ങിയാലും രൂക്ഷത ഉണ്ടായിരിക്കുക; ചോരയ്ക്കു കറുപ്പുണ്ടായിരിക്കുക; രോമാഞ്ചം, അല്പകാരണംകൊണ്ടു വളരെ കോപിക്കുക ഇവ കുഷ്ഠം ഉണ്ടാകാൻ ഭാവിക്കുമ്പോൾ കാണുന്ന ലക്ഷണങ്ങളാണ്.

കുഷ്ഠത്തിന്റെ ലക്ഷണം.

ത്വങ്മാംസമാസാദ്യ സിരാശ്ച തിസ്ര-
സ്ത്രയാസ്തു മാംസം രുധിരം വിദൂഷ്യ
മാംസാസ്രമേവം ശ്ലഥയൻ ചരന്തോ
ബഹിസ്തതസ്ത്വഗ്വിപരീതരൂപം. ൧

ദോഷാഃ പ്രകുൎയ്യുഃ ഖലു യത്ര സൎവ്വേ
തൽ കുഷ്ഠരൂപം പ്രവദന്തി വൈദ്യാഃ

ദോഷങ്ങൾ ത്വക്കിനെയും മാംസത്തെയും വിലങ്ങത്തിലുള്ള ഞരമ്പുകളെയും പ്രാപിച്ച് മാംസത്തെയും രക്തത്തെയും ദൂഷിപ്പിച്ച് അവയെ വെളിയിൽ വ്യാപിപ്പിച്ച് തൊലിയുടെ സ്വതേ ഉള്ള നിറത്തെ നശിപ്പിക്കുന്നു. ഇതാണ് കുഷ്ഠത്തിന്റെ ലക്ഷണം.

കുഷ്ഠത്തിൽ ശീലിക്കേണ്ടവ.

യൽകുഷ്ഠകാരി പ്രഥമം നിദാനേ
തൽ സൎവ്വമേവാത്ര വിവൎജ്ജനീയം. ൨

പഥ്യം ച രൂക്ഷം ചണകാദി യദ്യൽ
പ്രോക്തം ഹി രക്താദിവിശോഷകം യൽ. ൩

കുഷ്ഠനിദാനത്തിൽ കുഷ്ഠത്തെ ഉണ്ടാക്കുന്നവയായി പറഞ്ഞതെല്ലാം കുഷ്ഠരോഗത്തിൽ വൎജ്ജിക്കണം. രൂക്ഷമായ ചണംപയറു മുതലായവയും രക്തശോഷകമായ പദാൎത്ഥവും കുഷ്ഠരോഗിക്കു ഹിതമാണ്.

കുഷ്ഠസാമാന്യചികിത്സ.

പത്ഥ്യാനിശാവല്ഗുകരഞ്ജസിന്ധു-
വിഡംഗസിദ്ധാൎത്ഥകമൂത്രലേപഃ
കാൎയ്യഃ പ്രയത്നാദഥ കുഷ്ഠദാരി-
പ്രലേപമന്യം ച തതോ ബ്രവീമി. ൧൦

കടുക്കാത്തോട്ട് മഞ്ഞൾ കാർകോകിലരി പൂങ്കിൻതൊലി ഇന്തുപ്പ് വിഴാലരി കടുക് ഇവ പൊടിച്ചു ഗോമൂത്രത്തിൽ അരച്ചു തേക്കുക; കുഷ്ഠം ശമിക്കും. ഇനിയും കുഷ്ഠഹരമായ മറ്റു പ്രലേപനത്തേയും പറയാൻ പോകുന്നു.

അന്യലേപം.

ഏലാവിഡംഗാനലകുഷ്ഠദന്തീ-
ശതാവരീനാഗബലാഞ്ജനാനാം
ലേപഃ പ്രകുൎയ്യാൽ ഖലു കുഷ്ഠനാശം
സുപത്ഥ്യശീലസ്യ ജനസ്യ സദ്യഃ. ൧൧

ഏലത്തരി വിഴാലരി കൊട്ടവേലിക്കിഴങ്ങ് കൊട്ടം നാഗദന്തി ശതാവരിക്കിഴങ്ങ് വലിയകുറുന്തോട്ടിവേര് രസാഞ്ജനം ഇവ അരച്ചുതേയ്ക്കുക; കുഷ്ഠം ശമിക്കും. പത്ഥ്യം ശീലിക്കയും വേണം.

വേറൊരു യോഗം.

അഥ പ്രഗ്രഹസ്യാശ്വമാരസ്യ പത്രൈ-
സ്തഥാകാകമാച്യുദ്ഭവൈഃ പേഷ്യ യത്നാൽ
നരസ്സൈലവിപ്ലാങ്ഗദേശേഷു കുൎയ്യാ-
ദ്വദോദ്വൎത്തനം കുഷ്ഠരോഗാൽ പ്രമുച്യേൽ. ൧൨

ചെറുകൊന്നയില കണവീരത്തിൻഇല കറുന്തകാളിയില ഇവ എല്ലാംകൂടി അരച്ച് എണ്ണതേച്ചതിനുശേഷം ദേഹത്തിൽ തിരുമ്മുക; കുഷ്ഠരോഗം ശമിക്കും.

അവാക്കുച്യാദിലേഹം.

അവൽഗുജാവിഡംഗപിപ്പലീഹവിർഭുജാം
സധാത്രകം സമാക്ഷികം സതൈലമേവ ഹി
സമസ്തകുഷ്ഠനാശനേ ച യോഗമാശു സർവ്വദാ.
വലേഹ അത്ര വൈദ്യഭൂപവൎണ്ണിതഃ. ൧൩

കാർകോകിലരി വിഴാലരി തിപ്പലി കൊട്ടവേലിക്കിഴങ്ങ് താതിരിപ്പൂവ് ഇവ പൊടിച്ച് തേനും എണ്ണയും ചേൎത്തു നക്കുക; കുഷ്ഠം നശിക്കും.

സ്വായംഭുവഗുഗ്ഗുലു.

ശശിലേഖാ ബാണപലാ
ഗിരിജം ച താവദേവാത്ര ഗൃഹ്ണീയാൽ
ദശഗുഗ്ഗുലോശ്ച ഭാഗാൻ
പലാനി ത്രീണി ഭസ്മനസ്താമ്രസ്യ. ൧൪
ഭാഗദ്വിതയം ലോഹം
ശ്രാവണികാ താവദേവ സംയോജ്യാ
ത്രിഫലാ താവന്മാനാ
ധനദസ്യാപി പത്രാണി താവന്തി. ൧൫
ഖദിരഗുഡൂചീ ദന്തീ രജനീ വിഡംഗചിത്രധനസംപാകാ
കുടജത്വഗ്ഫലനിംബാൻ പലദ്വയാംശ്ച പൃഥക്പൃഥക് പിഷ്ട്വാ
ഗുടികാ മധുനാ രചിതാ സഘൃതാപ്യശിതാ പ്രാതർഗവാം മൂ-
(ത്രേണ
കുഷ്ഠാനസൃക് സമീരം ചിത്രാണ്യുദരാണി പ്രമേഹഗുല്മാനി. ൧൬
സ്വായംഭുവം സമശ്നൻ ഗുഗ്ഗുലുമേകം ദദ്യാച്ച ഗോമൂത്രൈഃ
അശിതഃ പാണ്ഡുഗദാനപഹന്തി ച വലീപലിതാൻ സദ്യഃ. ൧൭

കാർകോകിലരി ൫ പലം, കന്മദം ൫ പലം, ഗുഗ്ഗുലു ൧൦ പലം, മാക്കീരക്കല്ലിൻഭസ്മം ൩. പലം, ഇരുമ്പിൻഭസ്മം ൨ ഭാഗം, ശ്രാവണികാ ൨ ഭാഗം, ത്രിഫല പൂഴിന്റെ ഇല ഇവ ഈരണ്ടുഭാഗം, കരിങ്ങാലിക്കാതൽ അമൃത് നാഗദന്തി മഞ്ഞൾ വിഴാലരി കൊട്ടവേലിക്കിഴങ്ങ് വൻകൊന്നത്തൊലി കുടകപ്പാലത്തൊലി മുത്തങ്ങാക്കിഴങ്ങ് വേപ്പിൻതൊലി ഇവ ഈരണ്ടു പലം. എല്ലാംകൂടി അരച്ച് ഗുളികയാക്കി തേനും നെയ്യും ചേൎത്ത് സേവിക്കുക; ഗുല്ഗുലുമാത്രം അതിരാവിലെ ഗോമൂത്രത്തിൽ സേവിക്കുക; കുഷ്ഠം, രക്തവാതം, മഹോദരം, പ്രമേഹം, ഗുല്മം ഈ രോഗങ്ങൾ ശമിക്കും.

പീയൂഷഭല്ലാതകം.

ഭല്ലാതകപ്രസ്ഥയുഗം ച ശസ്ത്രൈഃ
ഛിത്വാ പചേദ് ദ്രോണജലേ ഗുഡൂച്യാഃ
പ്രസ്ഥദ്വയം ക്ഷുണ്ണമലം പ്രദായ
പാദാവശേഷം പടപൂതനീരം. ൧൮
ദത്വാ കടാഹേഽഥ ശരാവമാത്രേ
ഗോസർപ്പിഷാ ഗോപയസാഢകേന
സിതാം തഥാ പ്രസ്ഥമിതാം പ്രദായ
സിതാൎദ്ധമാനേന ച മാക്ഷികേണ. ൧൯

മൃദ്വഗ്നിനാ പാച്യ തതോƒവതാര്യ
ക്ഷിപ്ത്വാനി വിലപാഗ്ന്യമൃതാഭയവാനി
ജന്തുഘ്നധാത്രീരജനീശിവാനാം
ശൃംഗീകണാപർപ്പടസിന്ധുപത്ര-
ത്രികണ്ടകോശീരഘനോഷണാനാം. ൨൧

കർപ്പൂരകാലാപി ച മന്ദതൈല-
ശ്രീചന്ദനാനാം ഗജകേസരസ്യ
ചൂർണ്ണാനി നിക്ഷിപ്യ പലാർദ്ധകാനി
പൃഥക് പൃഥക് ചാപി ച സോമരാജ്യാഃ. ൨൨

നിധായ പാത്രേ പ്രയതഃ പ്രഭാതേ
പലോന്മിതം ശീതജലേന സേവേൽ
കുഷ്ഠാന്യഥാഷ്ടാദശ വാതരക്താ-
ന്യർശാംസി സർവാണ്യപി ഹന്തി സദ്യഃ. ൨൩

വ്യായാമമാതപമനാവൃതാപജ്ജായാ-
ദധ്യാമ്ലമാംസാന്യപഹായ നിത്യം
തൈലസ്യ ചാഭ്യംഗമഥോതിനീര-
സ്നാനം പരിത്യജ്യമിഹാമൃതാഭേ. ൨൪

പീയൂഷഭല്ലാതകസംജ്ഞയായോ
വൈദ്യഃ പ്രദിഷ്ടോƒപ്യവലേഹയോഗഃ
സംസേവ്യമാനോƒഖിലകുഷ്ഠനാശം
കരോത്യതസ്തേന സമോ ന ചാന്യഃ. ൨൫

രണ്ടിടങ്ങഴി ചേർക്കുരു കത്തികൊണ്ടു മുറിച്ച് പന്ത്രണ്ടിടങ്ങഴി വെള്ളത്തിൽ പാകംചെയ്ത്, അതും രണ്ടിടങ്ങഴി അമൃത് നുറുക്കി പന്ത്രണ്ടിടങ്ങഴി വെള്ളത്തിൽ കഷായംവച്ച് നാലൊന്നാക്കി അതും കൂടി ഒരു മുണ്ടിൽ അരിച്ച് ഒരു പാത്രത്തിലാക്കി നാലിടങ്ങഴി പശുവിൻനെയ്യും നാലിടങ്ങഴി പശുവിൻപാലും ഇടങ്ങഴി പഞ്ചസാരയും ചേർത്ത് മൃദ്വഗ്നികൊണ്ടു പചിച്ച് പാകമാകുമ്പോൾ വാഴ്ത്തി കൂവളത്തിൻവേര് കൊടുവേലിക്കിഴങ്ങ് അമൃതിൻനൂറ് യവം വിഴാലരി നെല്ലിക്കാത്തോട് മഞ്ഞൾ കടുക്ക ചുക്ക് തിപ്പലി പർപ്പടകപ്പുല്ല് ഇന്തുപ്പ് പച്ചില ഞെരിഞ്ഞിൽ രാമച്ചം മുത്തങ്ങാക്കിഴങ്ങ് നല്ലമുളക് കർപ്പൂരം ഉലുവാ വേപ്പിൻതൈലം ചന്ദനം രണ്ടും, നാഗപ്പൂവ് കാർകോകിലരി ഇവ അരപ്പലം വീതം പൊടിച്ചിട്ട് ആറിയാൽ പഞ്ചസാരയിൽ പകുതി തേനും ചേർത്ത് സൂക്ഷിച്ചുവച്ചിരുന്ന് ഒരുപലം വീതം പ്രഭാതത്തിൽ ശീതജലത്തിൽ

സേവിക്കുക; പതിനെട്ടുവിധം കുഷ്ഠം, വാതരക്തം, അർശസ്സ് ഇവ ശമിക്കും. വ്യായാമം, വെയിലുകൊള്ളുക, മൈഥുനം, തൈര്, പുളി മാംസം എണ്ണതേച്ചുകുളി, അതിയായി ജലസ്നാനം, ഇവ വർജ്ജിക്കണം. ഈ അവലേഹത്തിന് പീയൂഷഭല്ലാതകം എന്നു പേർ.

കഷായയോഗം (മഞ്ജിഷ്ഠാദി.)

അരുണാ ത്രിഫലാ നിശാമൃതാ പിചുമന്ദകപിഹിതം സതിക്തകം
സവചം പരിപീതമേതദേവ സകലാൻ കുഷ്ഠഗദാൻ നിഹന്തി ച.

മഞ്ചട്ടി ത്രിഫല മഞ്ഞൾ അമൃത് വേപ്പിൻതൊലി പുത്തരിച്ചുണ്ടവേര് വയമ്പ് ഇവ കഷായംവച്ചു സേവിക്കുക; സകല കുഷ്ഠങ്ങളും ശമിക്കും.

അന്യയോഗം.

കുലകഖദിരനിംബശ്യാമവേത്രപ്രഭൃത-
ഹരനയനഫലാഭിഃ കാഥമേകം പ്രപീതാ
ഹരതി സകലകുഷ്ഠം തിക്തഭോജ്യേ രതസ്യ
വ്രണഗണമപി സർവം ഹന്തി ചിത്രം കപാലം. ൨൬

പടവലം കരിങ്ങാലിക്കാതൽ വേപ്പിൻതൊലി മഞ്ഞൾ ചൂരൽഇല ത്രിഫല ഇവ കഷായംവച്ചു സേവിക്കുക; സകല കുഷ്ഠവും ശമിക്കും. തിക്തരസമുള്ള പദാർത്ഥം ഭക്ഷിക്കുന്നവന് എല്ലാ വ്രണങ്ങളും കപാലകുഷ്ഠവും ശമിക്കും.

മരിചാദ്യം തൈലം.

മരിചം ത്രിവൃതാ മനശ്ശിലാ ഹരിതാലാമരദാരുചന്ദനൈഃ ൨൭
ഗദരാത്രിയുഗാർക്കദുഗ്ധഭൃംഗരസുഗന്ധാജലദാശപാമാരകൈഃ.
അപി കർഷഗതൈഃ പൃഥഗ്ഗവീശകൃദർക്കേണ സമം വിപാചയേൽ
കടുകം പലു പ്രസ്ഥസമ്മിതം വരതൈലം പയസാ ചതുർഗ്ഗുണൈഃ
അഥ കർഷവിശാലികാ സമം ദധിഗുണൈരേവ ഗവാം ച മൂത്രകൈഃ
മരിചാദ്യമിദം വിശേഷതോ ബൃഹദാദ്യംഗവിധാനതോ നൃണാം
അപഹന്തി ച ചിത്രകുഷ്ഠകാനഥ പാമാമപി സിദ്ധ്മദദ്രുകാൻ
ത്വചി ശൂന്യതരത്വമേവ വാപ്യഥ കണ്ഡൂതിവിസർപ്പകാദികാൻ.

നല്ലമുളക് ത്രികോല്പക്കൊന്ന മനയോല ഹരിതാലം ദേവതാരം ചന്ദനം കൊട്ടം മഞ്ഞൾ മരമഞ്ഞൾ എരിക്കിൻപാൽ മുരമാഞ്ചി മുത്തങ്ങ കണവീരം ചാണകം കാട്ടുവെള്ളരിവേര് ഇവ നമ്പ-കഴഞ്ചുവീതം അരച്ച് ഇടങ്ങഴി കടുകെണ്ണയും നാലിടങ്ങഴിപാ

വും രണ്ടിടങ്ങഴി ഗോമൂത്രവും ചേൎത്ത് കാച്ചി എടുത്ത് ഉപയോഗിക്കുക; കുഷ്ഠം സിദ്ധ്മം ദദ്രുകം ചൊറിച്ചിൽ വിസൎപ്പം ഇവ ശമിക്കും.

കരവീരാദിതൈലം.

ശ്വേതാശ്വമാരകസവേല്ലകൃശാനുഭിശ്ച
സംപാചിതം സകലകുഷ്ഠവിനാശഹേതോഃ
അഭ്യംജനായ ഗദിതം വരവൈദ്യവൎയ്യൈ-
സ്തൈലം സുപത്ഥ്യമശതാം ബഹുധാ ജനാനാം.

വെളുത്ത കണവീരത്തിൻവേരു് വിഴാലരി കൊടുവേലിക്കിഴങ്ങു് ഇവ കല്ക്കമായി എണ്ണകാച്ചി പത്ഥ്യമായി സേവിക്കുക; കുഷ്ഠം ശമിക്കും.

പാനയോഗം.

സോമരാജ്യാ രസം കോഷ്ണനീരൈഃ
പിബേൽ ധൎമ്മതപ്തസ്തതൈകാന്തഗേഹേ
പയോന്നം സമശ്നൻ ത്രിസപ്തം നിശാനാം
ഭവേൽ കുഷ്ഠമുക്തഃ പ്രകാമം സ യാവൽ. ൨൨

വെയിൽകൊണ്ടതിനശേഷം കാൎക്കോകിലരിയുടെ രസം ചൂടുവെള്ളംചേൎത്തു പാനംചെയ്യുകയും വിജനമായ ഗൃഹത്തിൽ ഇരുന്നു് ൨൧ ദിവസം പാൽചോറുണ്ണുകയും ചെയ്താൽ കുഷ്ഠം ശമിക്കും.

ത്രിഫലാമോദകം.

ദശ പഞ്ച പലാനി ത്രൈഫലം
സുരജോ ജന്തുഹരസ്യ സപ്ത വൈ
അപി ലോഹപലദ്വയം തഥാ
ശതഭല്യാസ്തു ദശൈവ വാകുചീ. ൨൩

പലമേവ ശിലാജതോരപി
ദ്വിപലം ചാപി തഥൈവ ഗുഗ്ഗുലോഃ
അഥ പുഷ്കരമൂലജം രജഃ
പലമേകം മരിചം സചിത്രകം. ൨൪

മഗധൌഷധിമേഘവല്ക്കലാ-
നപി പത്രേണ സമം ച കുങ്കുമം
അപി കൎഷമിതം സമം സമം
സകലം ചൂൎണ്ണമിദം തു ശൎക്കരാം. ൨൫

സമഭാഗമിതാം തു പാച്യ വൈ
പലികാംസ്തസ്യ ച മോദകാൻ ഭിഷക്

ഖല്വ തേഷ്വപി ചൈകമേകശോ
പ്രയതോ വാതഗദാൻ പ്രഭഞ്ജകം. ൨൬

അപഹന്ത്യശിതോ ഭഗന്ദരാ-
നഥവാഷ്ടാദശകുഷ്ഠഗുല്മകാൻ
കഫജാനഥ വിംശതിം ഗദാ
നപി വൈ തദ്ദ്വിഗുണാംശ്ച പിത്തജാൻ. ൨൭

ഗളതാലുശിരോക്ഷിഭ്രൂഗദാൻ
രസനാദന്തമഥോൎദ്ധ്വജത്രുജാൻ
ദ്വിഭവാനപി സന്നിപാതജാ
നഥ ദോഷൈകഭവാംശ്ച നാശയേൽ

തനുജാതസമസ്തകാളിമാമഥ
വാ ലോമവിനാശനാശനഃ ൨൯
ഊൎദ്ധ്വജത്രുജഗദേഷു ച ഭുക്തവാ
പ്രാതരേവ പ്രഥമം തനുരോഗ
ഔദരേഷു ച തഥാശനമദ്ധ്യ
ത്രൈഫലം ച ബഹുധാ ഖലു മോദേൽ. ൩൦

ത്രിഫല ൧൫ പലം വിഴാലരിയുടെ പൊടി ൭ പലം ഉരുക്കിൻപൊടി ൨ പലം ശേഖരു ൧൦ പലം കാൎക്കോകിലരി ൧൦ പലം കന്മദം ൧ പലം ഗുഗ്ഗുലു ൨ പലം, പുഷ്കരമൂലത്തിൻപൊടി ൧ പലം നല്ലമുളകു് കൊടിവേലിക്കിഴങ്ങു് തിപ്പലി ചുക്കു് മുത്തങ്ങാക്കിഴങ്ങു് ഇലവൎങ്ഗം പച്ചില കുങ്കുമപ്പൂവു് ഇവ മുമ്മൂന്നു കഴഞ്ചു് എല്ലാംകൂടിയിടത്തോളവും പഞ്ചസാര ഇവ പാകംചെയ്തു് ഒരു പലം വീതം മോദകം ഉരുട്ടി സേവിക്കുക; സകല വാതരോഗങ്ങളും ഭഗന്ദരം പതിനെട്ടുവിധം കുഷ്ഠം ഇരുപതുവിധത്തിലുള്ള കഫരോഗങ്ങളും ൪൦ വിധം പിത്തരോഗങ്ങളും ഇതുകൂടാതെ ശ്ലോകത്തിൽ പറയപ്പെട്ട "ഗളതാലു"ജാതങ്ങളായ പല രോഗങ്ങളെയും ശമിപ്പിക്കും. കഴുത്തിനുമുകളിലുള്ള രോഗങ്ങളിൽ ഈ മോദകം ഊണുകഴിഞ്ഞിട്ടും, കഴുത്തിനുതാഴെ ഉള്ള രോഗങ്ങളിൽ പ്രഭാതകാലത്തും, ഉദരരോഗങ്ങളിൽ ഊണിന്റെ മദ്ധ്യത്തിലും സേവിക്കണം.

പഞ്ചനിംബാദിചൂൎണ്ണം.

നിംബപുഷ്പദളമൂലഫലാനാം
വല്ക്കലസ്യ ച രജോ വരവൈദ്യഃ
ഖാദിരാസനശൃതൈശ്ച പയോഭിർ-
ഭാവയേച്ച പരിശോഷ്യ തതസ്തം. ൩൧

വക്ഷ്യമാണസകലൌഷധിവർഗ്ഗൈ-
ര്യോജ്യ താനപി ബ്രുവേഥ യഥാവൽ
വഹ്നിജന്തുരിപുചക്രമർദ്ദക-
വ്യാധിഘാതമഗധാമരിചാനാം. ൫൨

ഭല്ലികാമലകവിശചഗോക്ഷുര
ലോഹചൂർണ്ണകുടിലാദചിശിവാനാം
ചൂർണ്ണമത്ര രജനീസമഖണ്ഡ
തുല്യഭാഗതുലിതം പ്രഥമം തൽ. ൫൩

ഭൃംഗരാജജരസൈഃ പരിസിച്യ
സപ്തശശ്ച പരിശോഷ്യ നിധായ
പാത്രകേ തു പയസാ തു വിധാവ-
പാദമാപ്രമഥമാപിംഗ്യതേന. ൫൪

പ്രാതരേവ ഖദിരാസനതോയൈർ-
ഭക്ഷിതോऽപി നിയതം യദി മാസാൽ
കുഷ്ഠരോഗമഖിലം വിനിഹന്തി.
നാത്ര ചാസ്തി പരിഹാരവിചാരഃ ൫൫

പഞ്ചനിംബവരചൂർണ്ണമലം യഃ
സേവയേച്ച തലികാലകകുഷ്ഠാൻ
വ്യംഗമാശു തിലകക്ഷയരോഗാൻ
സംവിജിത്യ കഷ്ഠാദചരദേഹം. ൫൬

വേപ്പിൻെറ പൂവ് ഇല വേര് കായ് തൊലി ഇവ അഞ്ചും കൂടി ഉണക്കി പൊടിച്ച് കരിങ്ങാലിക്കാതൽ വേങ്ങക്കാതൽ ഇവ കഷായംവച്ച് ഏട്ടിലൊന്നാക്കി അതിൽ ഇട്ട ഭാവനചെയ്ത്, കൊട്ടവേലിക്കിഴങ്ങ് വിഴാലരി തകരവേര് കൊന്നത്തൊലി തിപ്പലി നല്ലമുളക് ചേക്കര നെല്ലിക്കാത്തോട് ചുക്ക് ഞെരിഞ്ഞിൽ ഇരുമ്പിൻപൊടി ചോനകപ്പുല്ല് കടുക്കാത്തോട് മഞ്ഞൾ പഞ്ചസാര ഇവ സമാംശം എടുത്ത് കയ്യോന്നിനീരിൽ ഏഴുതവണ ഭാവനചെയ്ത് പൊടിച്ച നിംബചൂർണ്ണത്തിൽ പകുതി ചേർത്ത് രാവിലെ മൂന്നുകഴഞ്ചുവീതം സേവിക്കുക; ഇങ്ങനെ ഒരു മാസം സേവിച്ചാൽ സകല കുഷ്ഠവും ശമിക്കും. ഇതുകൂടാതെ തിലകകുഷ്ഠം, കാലകകുഷ്ഠം, മുഖത്തുള്ള കറുപ്പ്, ക്ഷയരോഗം ഇവയും ഈ നിംബചൂർണ്ണം സേവിച്ചാൽ ശമിക്കും.

താമ്രകേശരാസനം.

താമ്രസ്യ പത്രാണി പൃഥക് പൃഥക് സ്യു-
രഭ്രസ്യ തുല്യാനി തു യസ്യ തത്ര
പുനർന്നവായാഃ സ്വരസൈർദ്ദിനൈകം
സമ്മർദ്ദ്യ കുഷ്ഠാദചരചക്രികാം ച. ൫൭

വിശോഷ്യ സമ്യഗ് പ്രഥമം തു തസ്യ
താമേവവൈദ്യസ്സ പുനർന്നവായാഃ
ക്ഷാരേണ വാ പൃഷ്ഠ ച പിംഡികാപാം
ക്ഷാരോദ്ധചമാധായ പിധാനപാത്ര്യാ. ൫൮

മൃദചസ്ത്രമുദ്രാം സുദൃഢാം വിധായ
വിശോഷ്യ ഘർമ്മേऽഥ വിധായ ചുല്ല്യാം
മന്ദം ദിവാരാത്രമനല്പമല്പ-
ക്രമം പരിത്യജ്യ ഹുതാശനം ഹി. ൫൯

പ്രജ്വാലയേദ്വൈദ്യവരഃ പ്രകാമം
സമക്രമേണാന്യദിനേ സ്വശീതം
നിഗൃഹ്യ പാത്രാദ്രസമുത്തമം തു
താമ്രേശചരാദ്യം തു ഗുഡൂചികാദ്യൈഃ ൬൦

ഗുഞ്ജാമിതം പകചജലൈർന്നിപീതം
രോഗാനിമാന്നാശയതി പ്രകാമം
കുഷ്ഠാനി ചാഷ്ടാദശവാതരക്ത-
ഫിരങ്ഗദേശോത്ഥരുജോ നിഹന്തി. ൬൧

അമ്ലം തഥാപോ ലവണം വിഹായ
ഭജേച്ച സാത്മ്യാത്മമിഹാല്പസിന്ധുൻ
കടചമ്ലപടചഗ്നിനിഷേവണാനി
സന്ത്യജ്യ മത്സ്യം ച രസായനം ദ്രാക്
താമ്രേശചരാഖ്യശ്ച സമസ്തകുഷ്ഠ-
വിനാശനാർത്ഥം സുഭിഷക്പ്രഗീതഃ. ൬൨

ചെമ്പിൻതകിട്ട് അഭ്രം ഇവ വെവ്വേറെ ചെറുതായി നുറുക്കി തമിഴാമനീരിൽ ഒരുദിവസം ഇട്ടിരുന്ന് ഉണക്കി ഒരു മൂശയുണ്ടാക്കി അതിൽ തമിഴാമക്ഷാരം നിറച്ച് അതിൻെറ മുകളിൽ തകിട്ടുകൾ പെറുക്കിവച്ച് ഒരു പാത്രംകൊണ്ട അടച്ച്, മൃദുവസ്ത്രത്താൽ മൂടി വെയിലിൽ ഉണക്കി അടുപ്പിൽവച്ച് പകൽ അല്പമായും രാത്രിയിൽ അല്പമല്ലാതെയും തീയെരിച്ച് പിറേറദിവസം മൂശ പൊട്ടിച്ച് അതിനകത്തുള്ള രസം എടുത്ത് കുന്നിക്കുരുവിൻപ്രമാണം ഒരു

മൃതിൻ കഷായത്തിൽ സേവിക്കുക; ഏവ വിധം കുഷ്ഠം, വാതരക്തം, പറങ്കിപ്പുണ്ണ് ഇവ ശമിക്കും. അമ്ലം ലവണം ഇവ ഉപേക്ഷിക്കണം. ഇന്തുപ്പ് കുറേശ്ശ കൂട്ടാം. മത്സ്യവും ഉപയോഗിക്കരുത്.

കപാലകുഷ്ഠലക്ഷണം.

കൃഷ്ണാരുണം ഭവതി യത്ര കപാലകാഭം
രൂക്ഷം ഭവേച്ച പരുഷം തനു വാതജം തൽ
തോദാന്വിതം ച വിഷമം വരവൈദ്യഭൂപാഃ
കാപാലികം ഗുരുമുശന്തി സ വാതരക്താൽ. ൫൩

കറുത്തും ചുവന്നും കലത്തിന്റെ ഓട്ടപോലെയും രൂക്ഷമായും പരുപരുത്തും കുത്തിനോവോടുകൂടിയും ഇരിക്കുന്നതു കപാലകുഷ്ഠത്തിന്റെ ലക്ഷണമാണ്. ഇത് ദുശ്ചികിത്സ്യവുമാകുന്നു. വാതവും രക്തവും കോപിച്ചാണ് ഉണ്ടാകുന്നത്.

കപാലകുഷ്ഠചികിത്സ.

ശ്രീവേഷ്ടകത്രികടുകുഷ്ഠവിഡംഗരോധ്രപോ
മൂത്രേണ കുഷ്ഠകിടിഭാനി കപാലകം ച
ദദ്രൂണി സിധ്മനിചയാനി തഥൈവ പാമാം
സദ്യോ നിഹന്തി ബഹുധാ പരിപേഷ്യ ലേപാൽ. ൫൪

തിരുവട്ടപ്പശ ചുക്ക് മുളക് തിപ്പലി കൊട്ടം വിഴാലരി ഇവ ഗോമൂത്രത്തിൽ അരച്ചു തേക്കുക. കിടിഭം, കപാലം, ദദ്രു, സിധ്മ, പാമ മുതലായ സകല കുഷ്ഠങ്ങളും ശമിക്കും.

സോമേശ്വരരസം.

സൂതം ശുദ്ധം താമ്രമഭ്രം മൃതം ച
ഗന്ധം ശുദ്ധം മർദ്ദയേൽ സപ്തരാത്രം
നിർഗ്ഗുണ്ഡീജദ്രാവയുക്തം തതശ്ച
രുദ്ധ്വാ പശ്ചാൽ ഭൂധരേ തദ്ദിനൈകം. ൫൫

പക്ത്വാ ധൃത്വാ വഹ്നിഗുണ്ഡൈഃ കഷായൈ-
സ്തസ്യാശ്ചൈകം ഭാവയേദ്വാ ദിനം ഹി
ഘർമ്മേ തസ്യ പ്രായശോ നിഷ്കമേകം
വാകുച്യാഢ്യം കാകമാച്യാഃ ഫലാനാം. ൫൬

ചൂർണ്ണം കർഷം മാക്ഷികാദ്യൈസ്സ്രുയാണാം
സമ്യ്... ഭുക്ത്വാ ഹന്തി കുഷ്ഠം കപാലം
പ്രോക്തോ വൈദ്യൈരേഷ സോമേശ്വരാഖ്യഃ
കുഷ്ഠാൻ ഹന്തും നിത്യമേവ പ്രസേവ്യഃ. ൫൭

ശുദ്ധിചെയ്തതും മൃതവും ആയ രസം താമ്രം അഭ്രം ഗന്ധകം ഇവ എല്ലാംകൂടി ഏഴുരാത്രി കരിനൊച്ചിനീരിൽ ഇട്ടുവച്ചിരുന്നു ഭൂധരയന്ത്രത്തിൽ ഒരുദിവസം പചിച്ച്, എടുത്തു കാർകോകിലരിയുടെ എണ്ണയിലോ കഷായത്തിലോ ഒരുദിവസം ഭാവനചെയ്ത്, വെയിലിൽ ഉണക്കി മുക്കാൽകഴഞ്ചു കാർകോകിലരിയുടെ പൊടിയും ൨ കഴഞ്ചു മണിത്തക്കാളിയുടെ പൊടിയും തേനും ചേർത്ത് സേവിക്കുക; കാപാലകുഷ്ഠം ശമിക്കും.

വംഗേശ്വരരസം.

ഭസ്മസൂതവിഷവിശ്വവചാനാം
ബ്രഹ്മബീജത്രിഫലാദഹനാനാം
ജന്തുശത്രുവരഭല്ലിഫലാനാം
ശൃംഗികാസഹസമം വരചൂർണ്ണം. ൫൮

കർഷമാത്രമശതാം ച ജനാനാ-
മബ്ദവർഷമപി ഹന്തി കപാലം
വംഗലേശ്വരരസഃ പ്രഥിതോയം
സേവിതോ ഹരതി മണ്ഡലമുഗ്രം. ൫൯

രസഭസ്മം വത്സനാഭിഭസ്മം ചുക്ക് വയമ്പ് ബ്രഹ്മബീജം ത്രിഫല കൊട്ടവേലിക്കിഴങ്ങ് വിഴാലരി ചേർക്കുരു ജീവകം ഇവ പൊടിച്ച് മുമ്മൂന്നുകഴഞ്ചുവീതം സേവിക്കുക; കപാലകുഷ്ഠം ശമിക്കും.

ഔദുംബരകുഷ്ഠം.

സദാഹദാതിരാഗം ച കണ്ഡൂസമേതം
തഥാ രോമഭിഃ പിഞ്ജരൈഃ ഛാദ്യമാനം
യഥോദുംബരം പക്വമേവം തഥാ ച
വദന്ത്യത്ര വൈദ്യാസ്തദൌദുംബരം തു. ൬൦

ചുട്ട്, വളരെ ചുവപ്പ്, പൊരിച്ചിൽ, ചൊറിച്ചൽ ഇവ ആകെ ആറും വ്യാപിച്ചിരിക്കുക; അത്തിപ്പഴംപോലെ ഇരിക്കുക; ഇവ ഔദുംബരകുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

താലസ്യ ഗന്ധസ്യ മനശ്ശിലായാ-
സ്തുല്യാനി ചൂർണ്ണാനി സുപക്വമാക്കൈഃ
അവൽഗുഗുഞ്ജാസ്വരസൈർദ്ദിനൈകം
പൃഥക് പൃഥക് മർദ്ദ്യ ച കംഗുനീനാം. ൬൧

തൈലൈശ്ച സമ്മർദ്ദ്യ ദിനൈകമേവ
നിഷ്പാദിമാനാം സ്വത്വമാകഷികാദ്യാം

ഔദുംബരം കുഷ്ഠമലം നിഹന്തി
ദീർഘം രചിതം ഉക്തരസഃ പ്രസിദ്ധഃ. ൩൧

ഹരിതാലം, ഗന്ധകം, മനയോല ഇവ സമാംശങ്ങളായിഎടുത്തു് കൊന്നയില എരിക്കില കാർകോകിലരി കുന്നിയില ഇവയുടെ ഓരോന്നിൻെറയും രസത്തിൽ പ്രത്യേകം പ്രത്യേകം അരച്ചു് ചെറുപ്പുന്നയരിയുടെ എണ്ണയിലും ഒരുദിവസം മർദ്ദിച്ചു്, ഒന്നരക്കുന്നിയിടവീതം നെയ്യും തേനും ചേർത്തു സേവിക്കുക; ഔദുംബരകുഷ്ഠം ശമിക്കും.

സംകോചഗോളരസം.

മൃതാഭ്രതാമ്രൌ സമഭാഗകൌ തു
തയോശ്ചതുർഭാഗമിതസ്തു സൂതഃ
ശുദ്ധശ്ച ഖല്വേ പരിമർദ്ദനീയോ
യാവദ് ഭവേദ്വാ ഖലു നഷ്ടപിഷ്ടഃ. ൩൨

തദ്ഗോളകം ചാപി വിധായ സമ്യക്
ഗോളോന്മിതം ഗന്ധകമേവ പേഷ്യ
ലോഹസ്യ പാത്രേ വിനിധായ തത്ര
മദ്ധ്യേ ച ഗോളം പരികല്പ്യ പശ്ചാൽ. ൩൩

മൃദ്വഗ്നിനാ പൈകദിനം വിപാച്യാദ്
ഗോളം യദാ ജീർണ്ണവഹിം നിരീക്ഷ്യ
യത്നാൽ സമുദ്ധൃത്യ വിശോഷ്യ നിംബ-
മസ്യാശിതം ഹന്തി ച കുഷ്ഠമുഗ്രം. ൩൪

ഔദുംബരം ഗുഗ്ഗുലുനിംബസർവ്വ-
ഫലത്രയാണാമമൃതാവിഷാണാം
സവ്യാധിഘാതേന പടോലകേന
ചൂർണ്ണം സമം മാക്ഷികസംപ്ലുതം ച. ൩൫

മൃതമായ അഭ്രവും താമ്രവും സമഭാഗങ്ങൾ. അതിൽ നാലിരട്ടി ശുദ്ധിചെയ്ത രസം. എല്ലാംകൂടി അമ്മിക്കല്ലിൽവച്ചു മർദ്ദിച്ചു് നല്ലവണ്ണം അരയുമ്പോൾ ഒരു ഗോളകമാക്കി ഗോളകത്തിനു തുല്യം ഗന്ധകം അരച്ചു് ഒരു ഇരുമ്പുപാത്രത്തിൽവച്ചു് അതിൻെറ മദ്ധ്യത്തിൽ ഗോളകംവച്ചു് മൃദ്വഗ്നികൊണ്ടു് പചിച്ചു് ഗോളകം ജീർണ്ണിച്ചുകഴിഞ്ഞാൽ എടുത്തു് ഉണക്കി പൊടിച്ചു് ഗുഗ്ഗുലു വേപ്പിൻതൊലി ത്രിഫല ബ്രഹ്മി അമൃതു് അതിവിടയം കൊന്നത്തൊലി പടോലം ഇവയും പൊടിച്ചുചേർത്തു് മൂന്നു കുന്നിയിടവീതം തേനിൽ കുഴച്ചു സേവിക്കുക; ഔദുംബരകുഷ്ഠം ശമിക്കും.

മഞ്ജിഷ്ഠാദിമഹാകഷായം.

മഞ്ജിഷ്ഠാഖദിരാമൃതാവിഷനിശാതിക്താവചാരേണുഭിർ-
യഷ്ടീനിംബകരഞ്ജകുഷ്ഠവകുചീദേവദ്രുരാജദ്രുമൈഃ
കാകോളീ സഹ ദേവികാ സബദരീയക്ഷൈഃ സപാഠഃകൃതോ
മഞ്ജിഷ്ഠാദിരയം ച ചന്ദനഘനാനന്താവിഡംഗാബ്ദജൈഃ. ൩൬

ദുസ്സ്പർശാത്രിഫലാകൃതഃ സമുദിതഃ കോശാതകീതിക്തക-
ശ്ചിഞ്ചാസിംഹമുഖീയവൈന്ദ്രിഗദിതസ്ത്വസ്യാനുപാനക്ഷമഃ
കപാലോഢ്യയം വരവൈദ്യഭൂപതിഗണൈരുക്തോ മഹാൻ വി-
(ശ്രുതഃ
പൂർവ്വാദ്ധ്യാ രസമാണിക്യസ്യ ച വിധൌ സമ്മർദ്ദിതം വർണ്ണിതഃ.

മഞ്ചെട്ടിപ്പൊടി കരിങ്ങാലിക്കാതൽ അമൃതു് അതിവിടയം മഞ്ഞൾ പുത്തരിച്ചുണ്ടവേരു് വയമ്പു് അരേണുകം ഇരട്ടിമധുരം വേപ്പു് പുങ്കിൻതൊലി കൊട്ടം കാർകോകിലരി ദേവതാരം കൊന്നത്തൊലി കാകോളി പൂവങ്കുറുന്തൽ ലന്തക്കുരു പേരാലിൻതൊലിപാടക്കിഴങ്ങു് ഇവ കഷായംവച്ചു സേവിയ്ക്കുക; അതിനുശേഷം ചന്ദനം മുത്തങ്ങാക്കിഴങ്ങു് കടുക്കാത്തോടു് വിഴാലരി കൊടിത്തൂവവേരു് ത്രിഫല കാട്ടുപീച്ചത്തിൻകായു് പുത്തരിച്ചുണ്ടവേരു് പുളിവേരിന്മേലെത്തൊലി ആടലോടകത്തിൻവേരു് യവം ഇവ കഷായംവച്ചു് അനുപാനമായി സേവിക്കുകയും വേണം. എന്നാൽ കുഷ്ഠം എല്ലാം ശമിക്കും. ഇവിടെ പൂർവ്വാദ്ധത്തിൽപറഞ്ഞ യോഗം രസമാണികൻ എന്ന ആചാര്യനാൽ പറയപ്പെട്ടിട്ടുള്ളതാണു്.

മണ്ഡലകുഷ്ഠലക്ഷണം.

ശ്വേതം രക്തം സ്ഥിരം സ്ഥാനമേവ സ്ഥിരം ച
സ്നിഗ്ദ്ധം തദ്വൽ കൃച്ഛ്രമന്യോന്യസക്തം
ഉത്സന്നം വാ മണ്ഡലം കുഷ്ഠമുഗ്ര-
ശ്ചക്രീഭൂതം വാ കപാലിദൈവജ്ഞ്യേഭ്യാഃ. ൩൭

വെളുത്തും ചുവന്നും തടിച്ചും ഉറച്ചും സ്നിഗ്ദ്ധമായും പരസ്പരം ചേർന്നും ഉയർന്നും മണ്ഡലത്തോടുകൂടിയും വട്ടത്തിലും ഇരിക്കുന്നതു് മണ്ഡലകുഷ്ഠമാണു്. ഇതു് കൃച്ഛ്രസാദ്ധ്യവും ആകുന്നു.

കാമധേനുരസം.

ശുദ്ധാൽ സൂതാൽ ഗന്ധകം തദ്ദ്വിഭാഗം
സമ്യങ് മിശ്രം ലോഹപാത്രേ ക്ഷണം തൽ
പക്ത്വാ ശീതം ചൂർണ്ണയിത്വാ ച വസ്ത്ര-
ഖണ്ഡേനൈവോന്മാനഖണ്ഡകഖണ്ഡേ. ൬

ബദ്ധ്വാ കുംഭേപ്യാരനാളാന്തരസ്ഥേ
ദോളായന്ത്രേ പാചയേദേക രാത്രം
പശ്ചാൽ ഘർമ്മേ ശോഷയിത്വാ ദശാംശം
പിഷ്ട്വാ ദത്വാ വത്സനാഭം തതശ്ച. ൧൨

തൈലേ ഭാവ്യം വാകുചീനാം ത്ര്യഹം തൽ
മാഷോന്മാനം കാമയോരഃ പ്രഭാതേ
ഭുക്ത്വാ തസ്യ ത്രൈഫലം ഗുഗ്ഗുലും ച
ഗന്ധം തൈലം ചാശ്നു പശ്ചാദ്ദധിനിഷ്ക്കം. ൧൩

പീത്വാ പശ്ചാദ്രക്തജാന്യാശ്ശു യാനി
ഹന്ത്യാത്താനി പ്രായശോ മണ്ഡലാനി
ശ്വേതസ്ഥ പ്രാനസ്നിഗ്ദ്ധകോശസയുക്താ-
ന്യന്യോന്യം വാ ദ്രുരജാനി സ്ഥിരാണി. ൧൪

ശുദ്ധിചെയ്ത രസം ഫ ഭാഗം, രസത്തിൽ ഇരട്ടി ഗന്ധകം; രണ്ടുംകൂടി ചേൎത്ത് ഇരുന്നുപാത്രത്തിൽ പചിച്ച് അറിയാൽ എടുത്തു പൊടിച്ച് ഒരു വസ്ത്രബന്ധത്തിൽ കെട്ടി കാടി നിറച്ച കുടത്തിൽ ദോളായന്ത്രത്തിൽ കെട്ടി നാലുരാത്രി പചിച്ച് എടുത്തു വെയിലത്തുണക്കി മരുന്നുകളുടെ പത്തിലൊരംശം വത്സനാഭിയും ചേൎത്ത് കാർകോകിലരിയുടെ തൈലത്തിൽ മൂന്നുദിവസം ഭാവന ചെയ്ത് അറുകുന്നിയിടവീതം രാവിലെ സേവിച്ചതിനുശേഷം, ത്രിഫല ഗുഗ്ഗുലു ചന്ദനം ഇവ മ കഴഞ്ചുവീതം എണ്ണയിൽ അനുപാനമായി സേവിക്കുക; രക്തങ്ങളായും ശ്വേതങ്ങളായും തടിച്ചും സ്നിഗ്ദ്ധമായും ഉയൎന്നും സ്ഥിരമായും ഇരിക്കുന്ന മണ്ഡലകുഷ്ഠവും ശമിക്കും.

സിദ്ധ്മലക്ഷണം.

ശ്വേതതാമ്രനിഭം സിദ്ധ്മം തനുംഘൃഷ്ടം രജസ്ത്യജേൽ
അലാബുകുസുമം യദ്വൽ പ്രായേണോരസി തദ്ഭവേൽ.

വെളുത്തും ചെമ്പിച്ചും നേൎത്തും ഇരിക്കുന്നതും ചൊറിഞ്ഞാൽ പൊടി പുറപ്പെടുന്നതും ചുരക്കപ്പൂവിനു തുല്യമായിരിക്കുന്നതും സിദ്ധ്മകുഷ്ഠത്തിന്റെ ലക്ഷണമാണ്. ഇതു മിക്കവാറും നെഞ്ചിലാണ് ഉണ്ടാകുന്നത്.

തച്ചികിത്സ.

കൂശ്മാണ്ഡികാം വാപ്യഥ കാരവെല്ലീം
സമൂലപുഷ്പച്ഛദകാണ്ഡദാർവ്വീം
ഉദ്ധൃത്യ സോമസ്യ ദിനേ പുടേച്ച
തദ്ഗോജലൈർല്ലിപ്തമസിദ്ധ്മകാരി. ൧൫

കുമ്പളം കയ്പപാവൽ ഇവ സമൂലം തിങ്കളാഴ്ച പറിച്ചെടുത്ത് പുടംചെയ്ത ഗോമൂത്രത്തിൽ ലേപനംചെയ്ക. സിദ്ധ്മകുഷ്ഠം ശമിക്കും.

അന്യയോഗം.

രാജവൃക്ഷദളടങ്കണചക്ര-
മർദ്ദബീജപരിലേപിതമന്ത്ര്യൈഃ
ലേപമാശ്ശു വിനിഹന്തി ച സിദ്ധ്മം
നിത്യമാശ്ശു പരിശീലിതമുഗ്രം. ൧൬

കൊന്നയില പൊൻകാരം തകരയരി ഇവ പുളിയിലനീരിൽ അരച്ചു നിത്യവും തേക്കുക; സിദ്ധ്മകുഷ്ഠം ശമിക്കും.

കാകണകുഷ്ഠലക്ഷണം.

യൽ കാകണന്തീസമവർണ്ണമേവ
ത്രിദോഷലിംഗംബഹുവേദനം സ്യാൽ
അപാകമേതന്നഹി സിദ്ധ്യതീതി
ജഗുഃ പുരാണാഃ കില കാകണാഖ്യം. ൧൭

കുന്നിക്കുരുവിന്റെ നിറമുണ്ടായിരിക്കുക; ത്രിദോഷം കോപിക്കുക; വളരെ വേദന പഴുപ്പ് ഇവയുണ്ടായിരിക്കുക; ഇതു കാകണകുഷ്ഠത്തിന്റെ ലക്ഷണമാണ്. ഈ കാകണകുഷ്ഠം അസാദ്ധ്യം തന്നെയാണ്.

കാകണഹന്ത്രിവടി.

ലോഹഭസ്മ കടുകാനലതുല്യം
ത്ര്യൂഷണം ച പരിഭാവ്യ കഷായൈഃ
നിംബബീജഖദിരാമൃതപത്ര്യാ-
വത്സകാദിശരദ്രവ്യഗണസ്യ. ൧൮

മാഷമാത്രവടികാ മധുനാപി
ഭക്ഷിതാ ഹരതി കാകണകുഷ്ഠം
ഇന്ദ്രവാരുണിജടാത്രിഫലാഗ്നി-
നിംബവഹ്നിമിസികൌഷധിചൂൎണ്ണം. ൧൯

വാകുചീഭവരജഃപരിയുക്തം
ചാനുപാനമിഹ ഗോജലമിശ്രം
ഹന്തി കാകണഗദം വടികേയം
നാമതോഽപി ഖലു കാകണഹന്ത്രീ. ൨൦

ലോഹഭസ്മം കടുകരോഹിണി കൊടുവേലിക്കിഴങ്ങു ചുക്കു മുളകു തിപ്പലി ഇവ പൊടിച്ച് വേപ്പുരി കരിങ്ങാലിക്കാതൽ അമൃത്

കട്ടക്കാത്തോട്ട കുടകപ്പാലയരി ഇവയുടെ കഷായത്തിൽ ഭാവന ചെയ്ത് ഉഴുന്നിൻപ്രമാണം വടിക ഉരുട്ടി തേനിൽ സേവിച്ചതിനു ശേഷം കാട്ടുവെള്ളരിവേര ത്രിഫല കൊട്ടുവേലിക്കിഴങ്ങു വേപ്പിൻതൊലി വട്ടകപ്പുളിനാരകം മാഞ്ചി കാർകോകിലരി ഇവ പൊടിച്ച് അനുപാനമായി സേവിക്കുക; കാകണകുഷ്ഠം ശമിക്കും.

പുണ്ഡരീകലക്ഷണം.

സശ്വേതമാരക്തമദസ്ഥിതാന്തേ
രാഗാന്വിതം ചാപ്യഥ പുണ്ഡരീകം
സോത്സേധമേതച്ച വലാസകോപാൽ
ശ്വേതേന പത്മേന സമാനരൂപം. ൪൧

നടുവു വെളുത്തും വക്കും മധ്യവും ചുവന്നും ഉയർന്നും വെളുത്ത താമരപ്പൂപോലെയും ഇരിക്കുന്നത് പുണ്ഡരീകകുഷ്ഠമാകുന്നു. ഇതു കഫകോപംകൊണ്ടുണ്ടാകുന്നതാണ്.

തച്ചികിത്സ.

മഹാതാലകേശ്വരരസം.

താലതാപ്യശിവവീര്യശിലാനാം
തുല്യഭാഗമഖിലം പരിശുദ്ധം
സൈന്ധവേന സഹിതം സമഭാഗം
ടങ്കണം ച സകലൌഷധിതുല്യം. ൪൨

പാരദാദ്ദ്വിഗുണഗന്ധകമത്ര
ഗന്ധകേന ച സമം മൃതതാമ്രം
സർവമേവ ജംബീരരസേന
മർദ്ദയേൽ ത്രിദിനപഞ്ചകമേതൽ. ൪൩

ഹെമ്മമധ്യഗതമാശു പുടൈർവാ
ഷഡ്ഭിരേവ പരിപാച്യ ക്രമേണ
പേഷ്യ പേഷ്യ ജംബീരരസേന
ചാന്ദ്രവേലമഥവാ ലഘുഭിസ്തം. ൪൪

ത്രിംശദംശമിതശുദ്ധവിഷേണ
യോജ്യ പേഷ്യ ച നിഷ്കമിതാദ്‌വ
മാഹിഷാജ്യപരിമിശ്രിതമേവ
പുണ്ഡരീകശമനം പരിഭുക്തം. ൪൫

വാകുചീഭവരജഃപരിയുക്തം
മാക്ഷികാജ്യസഹിതം വിലിഹേച്ച

അസ്യ ചാനു വിദിതശ്ച രസോഽയം
താലകേശ്വര ഇതി പ്രഥിതോഽലം. ൪൬

ശുദ്ധിചെയ്ത ഹരിതാലം മാക്കീരക്കല്ല് രസം മനയോല ഇന്തുപ്പ് ഇവ സമം പൊൻകാരം എല്ലാ മരുന്നുകൾക്കുംതുല്യം. രസത്തിൽ ഇരട്ടിഗന്ധകം. ഗന്ധകത്തിനു സമംമൃതമായ താമ്രം എല്ലാംകൂടി ൫ ദിവസം ജോനകനാരങ്ങാനീരിൽ മർദ്ദിച്ച് വെയിലത്തുവച്ചുണക്കി സ്ഫുടംചെയ്ത് പിന്നെയും ജോനകനാരങ്ങാനീരിൽ അരച്ചു സ്ഫുടംചെയ്യണം. ഇങ്ങനെ ആറു സ്ഫുടംചെയ്ത് എടുത്ത് മുപ്പതിലൊരുഭാഗം ശുദ്ധിചെയ്ത വത്സനാഭിയുംചേർത്ത് അരച്ച് ഒന്നരക്കുന്നിയിടവീതം കന്നിൻനെയ്യിൽ സേവിക്കുക; പുണ്ഡരീകം എന്ന കുഷ്ഠം ശമിക്കും. ഈ ഭസ്മവും കാർകോകിലരിയുടെ പൊടിയുംകൂടി യോജിപ്പിച്ച് തേനും നെയ്യും ചേർത്തു തേക്കുകയും ചെയ്യാം.

തൈലം.

പലവിംശതിരർക്കസംഭവം സുപയഃ ക്ഷീരമഥോ സ്നുഹീഭവം
പലവിംശതിമേവമത്ര വൈ ദ്രവമുന്മത്തഭവം ച ശൃംഗ്ഗിജം ൪൭

ജലമത്ര ഗവാം ദ്രവം തഥാ വരജംബീരഭവം സമം സമം
പലവിംശതിസമ്മിതം തിലാനാം വരതൈലം സഹതൈശ്ച
(പാചയേൽ. ൪൮

പരിപക്വമിദം വിലോക്യ തൈലം
രജസാ യോജ്യ ച വക്ഷ്യമാണജേന
പലമർദ്ധമിതേന കാഞ്ചനീനാ-
മഥ പുഷ്പപ്രഭവേന ധാതകീനാം. ൪൯

പടുപഞ്ചശതാവരീനിശാനാം
വലികാലാരജസാ ച വത്സനാഭൈഃ
പരിതശ്ച ച പേഷ്യ ഘർമ്മമധ്യ-
പ്യുപയുക്തം തു നിഹന്തി കുഷ്ഠമുഗ്രം. ൫൦

എരിക്കിൻപാൽ ൨൦ പലം, കള്ളിപ്പാൽ ൮൦ പലം, ഉന്മത്തിൻനീര് കർക്കടകശൃംഗിയുടെ നീര് ഗോമൂത്രം ഇലവർങ്ങത്തൊലിനീര് നീർമരുതിൻനീര് ഇവ സമം. എണ്ണപലം ൨൦ എല്ലാംകൂടി പചിച്ച് പാകമാകുമ്പോൾ വാങ്ങി മലഎരുമ താതിരിപ്പൂവ് ഉപ്പ്അഞ്ചും ശതാവരി മഞ്ഞൾ ഗന്ധകം ഉലുവാ വത്സനാഭി ഇവ അരപ്പലം വീതം പൊടിച്ചിട്ട് വെയിലത്തുവച്ച് യോജിപ്പിച്ച് ഉപയോഗിക്കുക; അതിഭയങ്കരമായ കുഷ്ഠം ശമിക്കും.

ഋശ്യജിഹ്വകുഷ്ഠലക്ഷണം.

അന്തശ്ശ്യാവം പ്രാന്തരക്തം കഠോരം
ഋശ്യസ്യൈവം ജിഹ്വയാ തുല്യരൂപം
പീഡായുക്തം കീർത്തിതം വൈദ്യമുഖ്യൈർ-
നാമ്നാ തുല്യം കുഷ്ഠമേതൽ പ്രസിദ്ധം. ൯൪

വക്കു കറുവാളിച്ചും ഉള്ളു ചുവന്നും പരുപരുത്തും മരമാനിന്റെ നാക്കിനു സമമായും വേദനയോടുകൂടിയും ഇരിക്കുന്ന കുഷ്ഠത്തെ ഋശ്യജിഹ്വകുഷ്ഠമെന്നു പറയുന്നു.

തച്ചികിത്സ.

സൂര്യാവർത്തരസം.

താപ്യഗന്ധകസുശുദ്ധരസാനാം
അശ്മജാതജതുനാ സഹതുല്യം
താമ്രഭസ്മകമിതശ്ച വിമിശ്ര്യ
ചാമ്ലവേതസഗുഡാജ്യമധൂകൈഃ. ൯൫

മാഷമാത്രമശിതോഽഖിലകുഷ്ഠാ-
ന്യൃശ്യജിഹ്വകമുഖാൻ വിനിഹന്തി. ൯൬

സൂര്യാവർത്തരസോഽയമത്ര ഗദിതസ്തസ്യാനുപാനം സദാ
മുണ്ഡീപഞ്ചസമസ്തചൂർണ്ണമഥവാ കല്കം തഥാ മാകന്ദികൈഃ
ചൂർണ്ണം വാകുചികാഫലത്രയഭവം ലീഢം ച കുഷ്ഠാനലം
ധാരാസാരവിമുക്തനീരനികരാരണ്യൈകദാവാനലം. ൯൭

ശുദ്ധിചെയ്ത മാക്കീരക്കല്ലു് ഗന്ധകം രസം കന്മദം കോലരക്കു് താമ്രഭസ്മം ഇവ സമമായി എടുത്തു പൊടിച്ചു് ഞെരിഞ്ഞാമ്പുളി ഇരിപ്പക്കാതൽ ഇവയുടെ പൊടിയും ചേർത്തു് ഒരു ഉഴുന്നിടവീതം നെയ്യും ശർക്കരയുംകൂടി ചേർത്തു സേവിക്കുക; ഋശ്യജിഹ്വം മുതലായ സകല കുഷ്ഠങ്ങളും ശമിക്കും. ഇതിന്നു് അനുപാനമായി മുന്നുകഴഞ്ചു ശ്രാവണി സമൂലം പൊടിച്ചതോ മുന്നുകഴഞ്ചു കാർകോകിലരിയുടെ പൊടിയോ തേനിൽ സേവിക്കയും വേണം.

ലേപനം.

മാസത്രയാൽ ശ്വേതപുനർന്നവായാ-
മൂലം ഗവീദുഗ്ദ്ധവിപേഷിതം ദ്രാക്
കുഷ്ഠം ച കൃത്സ്നം വിനിഹന്തി ലേപാൽ
തദ്വൽ പ്രദുഷ്ടം ഖലു ജിഹ്വകാഖ്യം. ൯൮

വെളുത്ത തമിഴാമയുടെ വേരു പശുവിൻപാലിൽ അരച്ചു മു-

ന്നുമാസം മുടങ്ങാതെ ലേപനംചെയ്യുക; എല്ലാ കുഷ്ഠവും ശമിക്കും. ഇതു ഋശ്യജിഹ്വകകുഷ്ഠത്തിന്നും നല്ലതാണു്.

മഹാകുഷ്ഠങ്ങൾ.

സാമാന്യകുഷ്ഠഞ്ച കപാലകുഷ്ഠ-
മൌദുംബരം മണ്ഡലമുഗ്രസിദ്ധം
യൽ കാകണം ജിഹ്വകമൃശ്യപൂർവ്വ-
മേതാനി സപ്തൈവ മഹാഗദാനി. ൯൯

സാമാന്യകുഷ്ഠം, കപാലകുഷ്ഠം, ഔദുംബരം, മണ്ഡലം, ഉഗ്രകുഷ്ഠം, കാകണം, ഋശ്യജിഹ്വകം ഈ ഏഴുകുഷ്ഠങ്ങൾ മഹാരോഗങ്ങളാണു്.

ഏകകുഷ്ഠലക്ഷണം.

ഭവേദേകകുഷ്ഠം മഹാവാസ്തു യച്ച
തഥാസ്വേദനം മത്സ്യശല്കോപമം ച
യഥാരുസ്യ പാദം തഥൈവ സന്തതം തം
ജഗുർവ്വൈദ്യഭൂപാഃ പുരാണാശ്ച സർവ്വേ ൧൦൦

അടിയിൽ പരപ്പോടുകൂടിയും വിയർപ്പില്ലാതെയും മത്സ്യശല്കത്തോടു സദൃശമായും ഇരിക്കുന്നതു് ഏകകുഷ്ഠത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ.

രസഗന്ധകതാപ്യഭാനുഭിഃ ശിലയാഽഥ ജതുനാശ്മജേന ച
അപി പേഷയ്യ തഥാശ്മവേതസൈർഗ്ഗുഡപഞ്ചാംശകാജ്യമാക്ഷികൈഃ. ൧൦൧

സംവൃതം പരിസേവ്യ ചൈകകുഷ്ഠമാഹന്ത്യാദന കുഷ്ഠമുഗ്രകം

ശുദ്ധിചെയ്ത രസം ഗന്ധകം സ്വർണ്ണമാക്കീരക്കല്ലു് താമ്രഭസ്മം മനശ്ശില കോലരക്കു് കന്മദം ഇവ എല്ലാംകൂടി പൊടിച്ചു ഞെരിഞ്ഞാമ്പുളിക്കിഴങ്ങിന്റെ നീരിൽ അരച്ചു് എട്ടിലൊരുഭാഗം ശർക്കരയും ചേർത്തു തേനും നെയ്യുംകൂട്ടി സേവിക്കുക; ഏകകുഷ്ഠവും ശമിക്കും.

ഗജചർമ്മകുഷ്ഠലക്ഷണം.

ഗജചർമ്മസമം തതം തഥൈവ സകലേഽസ്യത്വം ച കൃച്ഛ്രചികിത്സ്യകം
ഗജചർമ്മ വദന്തി കുഷ്ഠമുഗ്രം വരവൈദ്യാശ്ച പുരാഭവാസ്തു സർവ്വേ ൧൦൨

ആനത്തോലുപോലെ പരുപരുപ്പോടുകൂടി ദേഹമാസകലമോ ചിലെടത്തോ വരുന്ന കുഷ്ഠത്തിനു ചർമ്മകുഷ്ഠം എന്നുപേർ.

തച്ചികിത്സ.

സഗന്ധകം പാരദമേറനീലീ-
കൂഷ്മാണ്ഡതിലാമലകാമൃതാനാം
ഗന്ധാജ്യതുല്യം മധുനാഥ്വഷാ-
ദുദ്വർത്തനം വാരണകുഷ്ഠഹാരി. ൧൦൦

ശുദ്ധിചെയ്ത ഗന്ധകം രസം മുത്തങ്ങാക്കിഴങ്ങ് അമരിവേര തിപ്പലി എള്ള് ചെറുകടലാടി അമൃത് ചന്ദനം ഇവ അരച്ചു നെയ്യും തേനുംചേൎത്ത ആറുമാസം ശരീരത്തിൽ ഉദ്വൎത്തനം ചെയ്യുക; ഗജചർമ്മകുഷ്ഠം ശമിക്കും.

വടികാ.

ശുദ്ധസൂതവിഷഗന്ധകമുസ്താ-
ത്രൈഫലത്രികടുകാമൃതചൂൎണ്ണം
വേദഭാഗമിതജീൎണ്ണഗുഡേന
ഹന്തി മാസമശനാൽ ഗജചർമ്മ. ൧൦൧

ശുദ്ധമായ രസം വത്സനാഭി ഗന്ധകം മുത്തങ്ങാക്കിഴങ്ങ് ത്രിഫല ത്രികടുക് അമൃത് ഇവപൊടിച്ചു നാലിരട്ടി പഴകിയ ശൎക്കരയുംചേൎത്ത വടകമാക്കി ഒരുമാസം ഭക്ഷിച്ചാൽ ഗജചൎമ്മം എന്ന കുഷ്ഠം ശമിക്കും.

ചൎമ്മദളകുഷ്ഠലക്ഷണം.

രക്തം കണ്ഡൂസ്ഫോടയുക്തം സശൂലം
പ്രായശ്ചൎമ്മാണ്യേവ സന്ദാരയേദ്യൽ
പ്രോക്തം വൈദ്യൈശ്ചൎമ്മ പൂൎവം ദളാഖ്യം
കുഷ്ഠം സ്പൎശസ്യാസഹം ദൃഷ്ടമേതൽ. ൧൦൨

ചുവപ്പ്, ചൊറിച്ചിൽ, കുമിള, വേദന തൊലിവിണ്ടുകീറുക തൊട്ടാൽ സഹിക്കാൻ വയ്യാതിരിക്കുക; ഇവയെല്ലാം ചൎമ്മകുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ (പ്രലേപനം.)

വിഷജലസൈന്ധവലേപശ്ചൎമ്മദളം ഹി
ശമയതി ലേപാൽ സതതം കുഷ്ഠമലം ഹി. ൧൦൩

വത്സനാഭി, ഇരുവേലി, ഇന്തുപ്പ് ഇവ അരച്ചുതേച്ചാൽ ചൎമ്മദളം എന്ന കുഷ്ഠം ശമിക്കും.

അന്യലേപനം.

സ്നുഗക്ഷീരശുദ്ധം നവഗന്ധപാരദം
സടങ്കണം ചൎമ്മദളപ്രലേപനം

സപിപ്പലീചന്ദനകുഷ്ഠഹൈര്യൈഃ
സമാതുളുംഗാമ്ലരസൈഃ ശ്രുതം ച. ൧൦൪

ശുദ്ധിചെയ്ത ഗന്ധകം, രസം, പൊൻകാരം ഇവ കള്ളിപ്പാലും എരുക്കിൻപാലും ചേൎത്ത് അതിൽ അരച്ചു തേക്കുകയോ; തിപ്പലി; ചന്ദനം, കൊട്ടം ഇവ മാതളനാരങ്ങയുടെ നീരിൽ അരച്ച് തിളപ്പിച്ച് നെയ്യുംചേൎത്ത തേക്കുകയോ ചെയ്യുക; ചൎമ്മദളം ശമിക്കും.

തൈലം.

മരിചാമ്ലരസൈഃ സഭാനുദുഗ്ധൈഃ
ശിലയാ തൈലമിദം തു പാചിതം ഹി
പരിമൎദ്ദിതമാശു ചൎമ്മകുഷ്ഠം
ഉപഹന്ത്യാദഥ മാസമാത്രതശ്ച. ൧൦൫

നല്ലമുളക് മനയോല ഇവ പുളിനീരും എരിക്കിൻകറയും എണ്ണയും ചേൎത്ത പാകംചെയ്തു ഒരുമാസം ഉപയോഗിക്കുക. ചൎമ്മകുഷ്ഠം നിശ്ചയമായും ശമിക്കും.

ജ്യോതിഃപുഞ്ജരസം.

മൃതസൂതസമം തഥാഭ്രകം പരിമൎദ്യാഥ സുവിലപജദ്രവൈഃ
അഥ നീലികയാഗ്നികീലയാ പിചുമന്ദസ്യ ച കംഗുണീഭവൈഃ.
പരിമൎദ്യ തതശ്ച തൈലകൈരപി കാൎപ്പാസജബീജസംഭവൈഃ
അഥ മാഷമിതം ച ഭക്ഷിതം പരിലിപ്തം ഗജചൎമ്മനാശനം.

ജ്യോതിഃപുഞ്ജോ രസോഽയം സകലഗദഹരോ
നിംബാരാജദ്രുമൂല-
കപായൈരക്കോലയുക്തൈഃ പടിരയുതതമൈ-
ശ്ചാനുപാനപ്രയുക്തൈഃ
കുഷ്ഠം ഹന്യാൽ സമസ്തം നിഖിലഗദഹരൈർ-
വൈദ്യഭൂപൈഃ പ്രയുക്ത-
സ്തസ്മാൽ സേവ്യോ രസോഽയം നിജതനുവികൃതേർമുക്തി
കാമൈർവിശേഷാൽ. ൧൦൬

മാരിതവുംശോധിതവുമായ രസവും അഭ്രവുംകൂടി സമമായി എടുത്ത് കൂവളത്തിൻവേര കഷായംവച്ച് അതിൽ അരച്ച് അനന്തരം, അമരിവേരിൻ കഷായം താതിരിപ്പൂവിൻ കഷായം വേപ്പിൻതൊലിക്കഷായം വലിയവാലുഴവത്തിൻകഷായം ഇവയിൽ ഓരോന്നിലും അരച്ച് പഞ്ഞിക്കുരുവിന്റെ എണ്ണചേൎത്ത മൎദ്ദിച്ചു ഉഴുന്നിൻപ്രമാണം ഭക്ഷിക്കുക; ചൎമ്മദളം ശമിക്കും. ഈ മരുന്ന്

എല്ലാംകൂടി അരച്ച് ദേഹത്തിൽ തേക്കുകയും ആകാം. ഈ രസം സേവിച്ചു കഴിഞ്ഞതിനുശേഷം ചേറ്റുപിൻതൊലി കൊന്നത്തൊലി അരേണ്ടകാലത്തിൻതൊലി കരിങ്ങാലിക്കാതൽ ഇവ കഷായംവെച്ച് അനുപാനമായി ഉപയോഗിക്കുകയും വേണം. എന്നാൽ സകലകുഷ്ഠവികാരവും ശമിക്കും.

വിചർച്ചികാലക്ഷണം.

ശ്വേതാ രക്താശ്ചിത്രവർണ്ണാ ഘനാശ്ച
സ്ഫോടാഃ പ്രോക്താ വാതപിത്തോദ്ഭവാശ്ച
കണ്ഡൂദാഹൈർദ്ദന്ദസംയുതാസ്തു ഗ്രദോദ്യം
വ്യാതതാ വൈദ്യൈസ്തു വിചർച്ചീതി നാമ്നാ. ൧൦൯

വെളുത്തും രക്തവർണ്ണമായും ഘനമായും ഇരിക്കുന്ന പൊളുലുകൾ ഉണ്ടാവുക; ചൊറിച്ചിൽ, ചുട്ട് ഇവയോടുകൂടിയിരിക്കുക; ഇത് വാതപിത്തജമായ വിചർച്ചിയുടെ ലക്ഷണമാണ്.

തച്ചികിത്സ.

ശുദ്ധസൂതവിഷഗന്ധകതാമ്ര-
ശുല്ബതീക്ഷ്ണമൃതലോഹമശേഷം
അശ്മജാതജതുനാ സമഭാഗം
മർദ്ദയേച്ച ത്രിദിനം ചതുർഭാഗൈഃ. ൧൧൦

കാകമാചിപ്രഭവൈശ്ച ദേവ-
ദാളികാഭവരസൈശ്ച തഥൈവ
ഏവമേവ പരിമർദ്ദ്യ ച വക്ഷ്യ-
മാണദ്രവ്യജരസൈർബഹുധാദ്യം. ൧൧൧

കർക്കോടികായാശ്ച ഫലദ്രവേണ തദ്
ദധ്യാ ദിനാനാം ത്രിതയം പചേച്ച
തുഷാഗ്നിനാ കുഷ്ഠനികൃന്തനാഖ്യം
രസഃ സ നാമ്നോജ്ജിതകുഷ്ഠഹാരീ. ൧൧൨

ശുദ്ധിചെയ്ത രസം, വത്സനാഭി ഗന്ധകം മാക്കീരക്കല്ല് താമ്രഭസ്മം, ലോകഭസ്മം, കന്മദം ഇവ സമമായി എടുത്ത് മൂന്നുദിവസം മണിത്തക്കാളിയുടെ രസത്തിലും അത്രയും ദിവസം ദേവദാളീരസത്തിലും കരട്ടപാവലിൻനീരിലും അരച്ച് ഭൂധരയന്ത്രത്തിൽ മൂന്നുദിവസം ഉമിത്തീകൊണ്ടുപാചിച്ചെടുത്ത് ഉപയോഗിക്കുക; കുഷ്ഠം ശമിക്കും.

നിംബാശ്മമാനേനാപ്യശിതോ മധുകൈർ-
വിചർച്ചികാം ഹന്തി രസസ്യ ചൂർണ്ണം

ഭല്ലാതപത്ഥ്യാനിലവാകചീനാം
വിഡംഗകൃഷ്ണാഗുജടാസമാനാം. ൧൧൩

സജീരകം ലാങ്ഗലികാ സമം ച
ചൂർണ്ണം ഗുഡേനാശ്രു ച തേന സാദ്ധ്യം
വിചർച്ചികാകുഷ്ഠവിനാശഹേതോ-
ർവദന്തി വൈദ്യാ വിവിധാഃ പുരാണാഃ. ൧൧൪

മുൻപറഞ്ഞ രസം വേപ്പിൻകാതൽ കൊന്നക്കുന്നിയിടവീതം ഇരിപ്പക്കാതൽ കഷായംവെച്ച് അതിൽ സേവിച്ചാൽ വിചർച്ചിക ശമിക്കും. ശുദ്ധിചെയ്ത ചേർക്കുരു കടുക്കാത്തോട് എള്ള് കാർകോകിലരി വിഴാലരി കരട്ടപാവൽവേര് ജീരകം മേത്തോന്നി ഇവ പൊടിച്ച് പൊടി ശർക്കരയിൽ സേവിക്കുക; വിചർച്ചിക ശമിക്കും.

ലേപനം.

ചൂർണ്ണം തഥാ കാഞ്ചനികാജടാനാം
വിലേപയേ ലേപാച്ച ഗവാം ജലേന
മാസാർദ്ധമാത്രൈർദ്ദിവസൈസ്തദാനാം
വിചർച്ചികാം ഹന്തി ചിരപ്രരൂഢാം. ൧൧൫

മഞ്ഞപ്പാവട്ടയുള്ള മലയാമക്കിന്റെ വേര് പൊടിച്ച് ഗോമൂത്രത്തിൽ അരച്ച് ൧൫ ദിവസം തേച്ചാൽ പഴകിയ വിചർച്ചികയുംകൂടി ശമിക്കും.

വൈപാദികലക്ഷണം.

സപാണിപാദസ്ഫുടനം ച തീവ്ര-
രുജം ച വൈപാദികമാമനന്തി
സടങ്കണം പാരദതാമ്രലോഹ-
കണാഗദാനാം സുവിഭാവ്യ ചൂർണ്ണം. ൧൧൬

രസേന വൈ കാഞ്ചനപത്രജേന
പ്രതാപലങ്കേശ്വരനാമകോയം
ക്ഷൌദ്രേണ ഭുക്തോ വിനിഹന്തി സദ്യോ
വൈപാദികം കുഷ്ഠമുശന്തി വൈദ്യാഃ. ൧൧൭

കാലും കയ്യും വിണ്ടുകീറുക, കഠിനവേദനയുണ്ടായിരിക്കുക. ഇവ വൈപാദികം എന്ന കുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ലങ്കേശ്വരരസം.

ശുദ്ധിചെയ്ത പൊൻകാരം രസം ചെമ്പ് ഇരുമ്പ് ഇവയുടെ ഭസ്മവും തിപ്പലി കൊട്ടം ഇവയുടെ ചൂർണ്ണവും കൂടി മലയമക്കി

ടെ നീരിൽ ഭാവനചെയ്ത് തേനിൽ സേവിക്കുക; വൈപാദികം എന്ന കുഷ്ഠം ശമിക്കും.

പാമാലക്ഷണം.

സൂക്ഷ്മാശ്ച ബഹ്വ്യാ ബഹുദാഹകണ്ഡൂ-
സ്രാവനചിതാ യാഃ പിടികാ ഭവന്തി
പാമാ ച സാ കുഷ്ഠഗദാന്തരസ്ഥാ
പ്രകീർത്തിതാ ശോണിതവാഹിനീ സാ. ൧൧൮

ചെറുതായും വളരെ ചുടോടും ചൊറിച്ചിലോടും സ്രാവത്തോടും കൂടിയ കുരുക്കൾ ഉണ്ടാകുന്നു. അതിനെ പാമാകുഷ്ഠം എന്നും ശോണിതവാഹിനി എന്നും പറയുന്നു.

തച്ചികിത്സ.

നിശ്ശൈല്യകഗന്ധം തിലതൈലമിശ്രം
സദാ പിബേൽ ക്ഷീരസമേതഭക്തം
ഭുഞ്ജീത പാമാഗതജാതകണ്ഡൂ-
വിനാശനായൈവ വദന്തി വൈദ്യാഃ ൧൧൯

മൂന്നുകുന്നിയിട ഗന്ധകം എടുത്ത് എള്ളെണ്ണയിൽ കലക്കി സേവിക്കുകയും പാൽച്ചോറുണ്ണുകയും ചെയ്യുക; പാമാകുഷ്ഠത്താൽ ഉണ്ടായ ചൊറിച്ചിൽ ശമിക്കും.

പ്രലേപം.

ഗന്ധപ്രപാകം തിലതൈലമിശ്രം
ലേപേന പാമാം ച വിചർച്ചികാം ച
കുഷ്ഠം ച ദദ്രുപിടകാം ച ഹന്യാൽ
നിത്യം പ്രലിപ്തം ഭിഷജാദരേണ. ൧൨൦

ഗന്ധകം പാകംചെയ്ത് എള്ളെണ്ണയിൽ കലക്കി ലേപനം ചെയ്ക; പാമ, വിചർച്ചിക ദദ്രുപിടക ഇവ ശമിക്കും.

മൂന്നു ലേപങ്ങൾ.

അവൽഗുജബീജപ്രഭവം ച രാജ-
വൃക്ഷസ്യ ബീജോൽഭവതൈലമേകം
ലേപാച്ച പാമാമുപഹന്തി പുത്ര-
ജീവോത്ഥമജ്ജാപ്രഭവം തഥൈവ. ൧൨൧

കാർകോകിലരി ആട്ടിയെടുത്ത എണ്ണയോ കൊന്നയരി ആട്ടി എടുത്ത എണ്ണയോ പുത്തിലഞ്ഞിയുടെ മജ്ജ ആട്ടി എടുത്ത എണ്ണയോ തേച്ചാൽ പാമാകുഷ്ഠം ശമിക്കും.

ഗുളവടി.

ശുദ്ധപാരദകൃശാനമരീചൈഃ
പാരദാൽ ദ്വിഗുണഗന്ധകമത്ര
വന്യസംഭവമുദ്ഗംബരദുഗ്ധം
വാകുചീഭവകഷായചയൈർവാ. ൧൨൨

സംവിഭാവ്യ പരിപേഷ്യ ദിനൈകം
അക്ഷമാനവടകാഃ പരികല്പ്യ
മാക്ഷികൈസ്സമശിതാഖിലപാമാം
ഹന്തി ഗുളവടികാപ്യരസോദയം. ൧൨൩

ശുദ്ധിചെയ്ത രസം കൊടുവേലിക്കിഴങ്ങ് കുരുമുളക് ഇവ സമം. രസത്തിൽ ഇരട്ടി ഗന്ധകം. ഇവ എല്ലാംകൂടി പൊടിച്ച് കാട്ടത്തിയുടെ കറയ്ക്കുകത്തോ കാർകോകിലരിക്കഷായത്തിലോ ഭാവനചെയ്ത അരച്ച് താന്നിക്കാപ്രമാണം വടകം ഉണ്ടാക്കി തേനിൽ സേവിക്കുക; പാമാകുഷ്ഠം ശമിക്കും.

പ്രലേപം.

ഗന്ധകം പാരദം തുല്യം യാമൈകം പേഷ്യ പാചയേൽ
ഷഡ്ഗുണം സാർഷപം തൈലം പാമാം ഹന്തി വിചർച്ചികാം.

ഗന്ധകവും രസവുംകൂടി സമമായി എടുത്ത് ഒരുയാമം അരച്ച് ആറിരട്ടി കടുകെണ്ണയിൽ പചിച്ച് ദേഹത്തിൽ തേക്കുക. പാമാകുഷ്ഠവും, വിചർച്ചികാകുഷ്ഠവും ശമിക്കും.

കച്ഛർശുലക്ഷണം.

സ്ഫിജോഃ പാദപാണ്യോശ്ച ദാരൈർഉപേതാ-
സ്തഥാ സ്ഫോടസംഘാ മഹാന്തോ ഭവന്തി
അതിസ്രാവകണ്ഡൂസമേതാശ്ച കച്ഛർശു-
മഹാവൈദ്യവൃന്ദൈഃ സ തന്ത്രേ പ്രഗീതാ. ൧൨൪

രണ്ടു ചന്തിയ്ക്കും കാലിനും കയ്യും ചൂട്, വലിയ കുമിളകൾ ഉണ്ടാവുക, ചലം ഒലിക്കുക, ചൊറിച്ചിൽ ഇവയുണ്ടായാൽ പാമാകുഷ്ഠത്തെ കച്ഛർശുകുഷ്ഠമെന്നു പറയുന്നു.

തച്ചികിത്സ.

ധാത്രീസ്നുഹീസജ്ജരസൈസ്സഷാഡ്ഭി-
ശ്ചക്രാദിമർദ്ദപ്രഭവൈഃ പ്രലേപൈഃ
കച്ഛർശും ച ദദ്രും ച വിചർച്ചികാം ച
കണ്ഡൂം നിഹന്യാദചിരേണ ലേപാൽ. ൧൨൫

നെല്ലിക്കാത്തൊട്ട് കള്ളിപ്പാലയുടെ കറ ചെഞ്ചല്യം തകരയരി ഇവ ഉമിക്കളയാത്ത യവത്തിന്റെ കാടിയിൽ അരച്ചു തേക്കുക; കച്ഛു, ദദ്രു, വിചർച്ചികാ, ചൊറിച്ചിൽ ഇവ ശമിക്കും.

ദദ്രുമണ്ഡലലക്ഷണം.

സരാഗകണ്ഡൂപിടകാസമേതം
സമുദ്ഗതം മണ്ഡലമാഹുരാര്യാഃ
ദദ്രു ച ശൃംഗാടകകർക്കടീകാ-
മൂലം പിബേൽ തത്ര [illegible] ൧൨൭

ചുവപ്പും ചൊറിച്ചിലുമുള്ള കുരുക്കളോടുകൂടിയും തടിച്ചു വൃത്തമായും ഇരിക്കുന്നതു് ദദ്രുമണ്ഡലത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

വൻകൊട്ടത്തിന്റെ കിഴങ്ങും കരുട്ടപാവലിൻവേരുംകൂടി അരച്ചു് നെയ്യിൽ ചാലിച്ചു് ലേപനംചെയ്യുക; ദദ്രുമണ്ഡലകുഷ്ഠം ശമിക്കും.

പ്രലേപം.

അപാമാർഗ്ഗപഞ്ചാംഗമോ ചാദളാനാം
പുടേ ദഗ്ദ്ധഭസ്മപ്രലേപോ [illegible]
ജലൈസ്സാകമാലേപനാൽ കുഷ്ഠദദ്രൂൻ
നിഹന്ത്യാശു വൈദ്യാ ജഗുഃ ശാസ്ത്രദൃഷ്ട്യാ. ൧൨൮

ചെറുകടലാടി സമൂലം, അമരിവേര് പച്ചില ഇവ പുടം ചെയ്ത് എടുത്ത ഭസ്മം ഗോമൂത്രത്തിൽ കുഴച്ചു തേച്ചാൽ ദദ്രുകുഷ്ഠം ശമിക്കും.

അന്യപ്രലേപം.

കൂശ്മാണ്ഡദദ്രുഘ്നബീജപത്ര്യാ-
ലേപശ്ച ദ്രുഘ്ന സസൈന്ധവാസ്തു
വാ കാഞ്ജികേനാപ്യഥ സൈന്ധവേന
ദദ്രുവിനാശായ ച തക്രകേന. ൧൨൯

കുമ്പളത്തിൻതണ്ട് തകരയരി കട്ടക്കാത്തൊട്ട് ഇന്തുപ്പ് ഇവ പാലിലോ കാടിയിലോ അരച്ചു് തേക്കുക; ദദ്രുകുഷ്ഠം ശമിക്കും.

വേറൊരുലേപനം.

സചക്രമർദ്ദബീജകുഷ്ഠസൈന്ധവൈശ്ച സർഷപാഃ
പിഷ്ട്വാ ച ജന്തുശത്രുഭിസ്തക്രധാരനാളലേപിതാഃ
വിനാശയന്തി ദദ്രുകാ നിരന്തരം നിഷേവണാ-
ദ്വദന്തി വൈദ്യഭൂമിപാ വിലോക്യ ശാസ്ത്രമുത്തമം. ൧൩൦

തകരയരി കൊട്ടം വിഴാലരി കടുക് ഇവ കഷായംവെച്ചു് ഇന്തുപ്പു മേമ്പൊടിചേർത്തു സേവിക്കുകയോ ഈ മരുന്നുകൾ എല്ലാം കൂടി കാടിയിൽ അരച്ചു തേക്കുകയോ ചെയ്താൽ ദദ്രുകുഷ്ഠം ശമിക്കും.

മറ്റൊരു ലേപനം.

നിശാദ്വയേ മൂലക ചക്രമർദ്ദ-
ബീജൈർവിഡംഗൈസ്സഹ [illegible]
ലേപാച്ച ദദ്രുമുപഹന്തി ദീർഘ-
കാലപ്രരൂഢാമപി സാധു [illegible] ൧൩൧

മഞ്ഞൾ മരമഞ്ഞൾ തകരയരി വിഴാലരി ഇവ പൊടിച്ചു ഗോമൂത്രത്തിൽ അരച്ചു തേക്കുക; വളരെ പഴക്കംചെന്ന ദദ്രുകുഷ്ഠവും ശമിക്കും.

ഭക്ഷ്യയോഗങ്ങൾ.

വാകുചീബീജഭാഗാഢ്യ തുല്യാനി വൈ
മാക്ഷികാജ്യപ്രയുക്താനി കൃഷ്ണാനി പഞ്ച
ലേഹയേദ്ദദ്രുകാനാശനാർത്ഥം തിലാ-
ന്യാശു നിത്യം ജഗുഃ ശാസ്ത്രദൃഷ്ട്യാ [illegible] ൧൩൨

കാർകോകിലരിയിൽ പകുതിവീതം തേനും നെയ്യും ചേർത്ത് കാരെള്ളു പൊടിച്ചു നക്കുക; ദദ്രുകുഷ്ഠം ശമിക്കും.

വിസ്ഫോടകകുഷ്ഠം.

സ്നിഗ്ദ്ധാരുണം സ്ഫോടസമന്വിതം ച
സദാഹകണ്ഡൂയുതപാണ്ഡുരം ച
കക്ഷൌ സപാണൌ സ്ഫിജി സംഭവേച്ച
തല്ലക്ഷണം വിസ്ഫോടകകുഷ്ഠലിംഗം. ൧൩൩

സ്നിഗ്ദ്ധമായും ചുവന്നും കുമിള ചൂട്, ചൊറിച്ചിൽ, വെളുപ്പ്, നലവു് ഇവയോടുകൂടിയും കക്ഷം, കയ്യ്, ആസനം ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്നതു വിസ്ഫോടകകുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

പാരദം ശോധിതം ചൈകഭാഗം ദ്വിധാ
ഗന്ധകം ചാഥ ശേഫാലികായാ രസൈഃ
മർദ്ദയേത്തദ്ദിനം വാകുചീനാം രസൈ-
സ്ത്വാമമേകം തു തം പാചയേൽ സത്വരഃ.

യന്ത്രമദ്ധ്യേ പട്ടനാം ദ്രുതം പാചയേ-
ല്ലോഹപാത്രേ ച ബ്രഹ്മവൃക്ഷീരൈഃ ശൃതൈഃ
ചാദിരൈർവാപി നീരൈർഗ്ഗവാനാം തതഃ
പാച്യ കുഷ്ഠാദ്രിനൈകം ച നിഷ്ക്കാമ്പിതാം. ൧൨൫

ഭക്ഷയേത്തസ്യ മാസേന വിസ്ഫോടകം
ഹന്തി കുഷ്ഠാന്തകോഽയം രസഃ കീർത്തിതഃ
ഭാനതൈലേന സമ്മർദ്ദയേത്തച്ച ദപി-
ശ്ചാതപേ കുഷ്ഠവിസ്ഫോടനാശായ ച.

രസം ഒരുഭാഗം, ഗന്ധകം രണ്ടുഭാഗം രണ്ടുംകൂടി യോജിപ്പിച്ച കരിനൊച്ചിനീരിൽ ഒരുദിവസം അരച്ച് അനന്തരം ഒരുയാമം കാർകോകിലരിയുടെ രസത്തിലും അരച്ച യന്ത്രമദ്ധ്യത്തിൽ പചിച്ച് ഇരുമ്പുപാത്രത്തിലാക്കി അത്തിയുടെ നീരും കരിങ്ങാലിക്കഷായവും ഗോമൂത്രവുംചേർത്ത് ഒരുദിവസം പചിച്ച് എരിക്കിൻതൈലത്തിൽ മർദ്ദിച്ച നാ- കുന്നിയിടവീതം ഗുളിക ഉരുട്ടി വെയിലത്തുണക്കി ഉപയോഗിക്കുക; വിസ്ഫോടകുഷ്ഠം ശമിക്കും.

കിടിപകുഷ്ഠലക്ഷണം.

ശ്യാവം കിണസ്പർശഖരം ച രൂക്ഷം
കുഷ്ഠം ച വൈദ്യാഃ കിടിഭം വദന്തി
തത്രാശു ശുദ്ധസ്യ ച പാരദസ്യ
ഭാഗൈകമേവ ത്രയമേവ ഗന്ധാൽ. ൧൨൬

കടുത്രയം സൂതസമം ച ചിത്രം
പ്രത്യേകമാരണ്യഭവസ്യ ദ്രവൈഃ
ഉദുംബരസ്യ പ്രഹരം വിമർദ്ദ്യ
മധുപ്ലുതം മാഷമിതം ച ഖാദേൽ. ൧൨൭

ചിത്രസ്യ ചൂർണ്ണൈഃ സഹ വാകുചീനാം
നിംബസ്യ പഞ്ചാംഗസമം സദൈവ
നാശായ നൂനം കിടിപസ്യ വിദ്വാൻ
പത്ഥ്യാശനം നിത്യമവം പ്രകുർവൻ. ൧൨൮

കരുവാളിച്ചും തഴമ്പുപോലെ മാർദ്ദവമില്ലാതെയും ഇരിക്കുന്നത് കിടിപകുഷ്ഠത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ. (കിടിപഭഗ്നരസം.)

ശുദ്ധമായ രസം ഒരുഭാഗം, ഗന്ധകം മൂന്നുഭാഗം, ചുക്ക മുളക തിപ്പലി കൊടുവേലിക്കിഴങ്ങ് ഇവ രസത്തിനു തുല്യം. എല്ലാംകൂടി കാട്ടത്തിയുടെ കറയിൽ അരച്ച തേനുംചേർത്ത ചാലിച്ച് ഉഴു-

ന്നിൻപ്രമാണം ഗുളിക ഉരുട്ടി ഉണക്കി കൊടുവേലിക്കിഴങ്ങു കാർകോകിലരി വേപ്പ് സമൂലം എല്ലാംകൂടി പൊടിച്ച പൊടിയും ചേർത്ത സേവിക്കുക; കിടിപകുഷ്ഠം ശമിക്കും.

വജ്രപാണിരസം.

ശുദ്ധം സൂതം താലമഭ്രം മൃതം ച
സർവ്വം തുല്യം വാകുചീതൈലയുക്തം
കുഷ്ഠാദ്യാമം മർദ്ദ്യ ഗോളം ച തസ്യ
കൃത്വാ ലോഹേ പാത്രകേ ഗന്ധയുക്തം. ൧൨൯

തൈലേനൈവം പാചയേദ്യാമമേകം
യാവത്തൈലേ ജീർണ്ണതേ ഗന്ധകം തൽ
തദ്ഗോളാംശം മാരിതൈർല്ലോഹകാംശൈ-
രേകീകൃത്യ പ്രായശോ നിംബചൂർണ്ണൈഃ. ൧൩൦

പഞ്ചാംഗോത്ഥൈർമ്മാക്ഷികൈർന്നിഷ്കമാത്രോ
ഹന്ത്യാന്നിത്യം കൈടിപം വജ്രപാണിഃ
രാത്രിശ്യാമാ നാഗരോഗ്രൈലികാഗ്നി-
താപ്യാൻ പിഷ്ട്വാ യഃ പ്രഗേ ചാനു സേവേൽ. ൧൩൧

രജന്യാദ്യുത്തരഗണം ചാനുപാനം ഗവാം ജലൈഃ
വജ്രപാണിരസേ ഭുക്തേ കുഷ്ഠാൽ കിടിപനാശനം. ൧൩൨

മാരിതമായും ശോധിതമായും ഇരിക്കുന്ന രസം ഹരിതാലം അഭ്രം എല്ലാം സമാംശം എടുത്തു കാർകോകിലരിയുടെ എണ്ണയിൽ മർദ്ദിച്ച് ഉരുളയാക്കി ഇരുമ്പുപാത്രത്തിൽ ഇട്ടു ഗന്ധകംചേർത്ത് എണ്ണയിൽതന്നെ പചിച്ച ഗന്ധകം ഉരുകിയാൽ ഉരുളയ്ക്കു സമം മാരിതമായ ഇരുമ്പിൻചൂർണ്ണവും ചേർത്ത് ഒന്നിച്ച വേപ്പുസമൂലം പൊടിച്ചുചേർത്ത മൂന്നുകുന്നിയിടവീതം തേനിൽ കുഴച്ച സേവിക്കുക; കിടിപം എന്ന കുഷ്ഠം ശമിക്കും. ഈ രസം സേവിച്ചതിനുശേഷം മഞ്ഞൾ കടുക്ക ചുക്ക് വയമ്പ് ചിറ്ററത്ത കൊടുവേലിക്കിഴങ്ങ് സ്വർണ്ണമാക്ഷീകക്കല്ല് ഇവ അരച്ച അനുപാനമായി സേവിക്കണം.

അന്യരസം. (കിടിഭാരി.)

സൂതം മൃതം വാ നരികാഗ്നിമുണ്ഡീ-
സകാകമാച്യാ ച ഗവാം ജലേന
പിഷ്ട്വാ ദിനിനിഷ്കം കിടിഭാരിസംജ്ഞം
സമശ്നതസ്സ്യാൽ കിടിപസ്യ നാശഃ. ൧൩൩

മൃതമായ രസം നായ്ക്കുരുണഅരി കൊടുവേലിക്കിഴങ്ങു ശ്രാവ

ണി ഇവ മണിത്തക്കാളിയുടെ നീരിലും ഗോമൂത്രത്തിലും അരച്ചു ന കുന്നിപ്രമാണം ഗുളിക ഉണ്ടാക്കി ഭക്ഷിക്കുക; കിടിപകുഷ്ഠം ശമിക്കും.

ഉദ്വർത്തനം.

ഗുഞ്ജാഗ്നിഭല്ലാതകലാംഗലീനാം
സ്നുഹ്യർക്കമൂലേന പുനർന്നവായാഃ
ധൂമൈർഗൃഹസ്യാപ്യഥ ശംഖചൂർണ്ണ-
വിഡംഗസൂതൈസ്ത്രിശയാ ഗവീനാം. [illegible]

മൂത്രേണ സംപാച്യ മധുപ്രയുക്ത-
മുദ്വർത്തനം കൈടപസംപ്രഹാരി
വിചർച്ചികാം ഹന്തി യവേന തദ്വൽ
കണ്ഡൂം നിഹന്യാദപി കുഷ്ഠജാതാം. [illegible]

കുന്നിക്കുരു കൊട്ടവേലിക്കിഴങ്ങു ചേക്കുരു മേത്തോന്നി കള്ളി കുന്നിക്കുരു കൊട്ടവേലിക്കിഴങ്ങു .... ശംഖിൻപൊ ട്ടാലക്കറ എരിക്കിൻകറ തഴുതാമവേര് .... ശംഖിൻപൊ ട്ടാലക്കറ എരിക്കിൻകറ .... രസം ഇവയെല്ലാംകൂടി ഗോമൂത്രത്തിൽ ട്ടി വിഴാലരി ശുദ്ധിചെയ്ത രസം ഇവയെല്ലാംകൂടി ഗോമൂത്രത്തിൽ പചിച്ചു തേനുംചേർത്തു ദേഹത്തിൽ തിരുമ്മുക; കിടിപകുഷ്ഠം, വിചർച്ചിക ഇവ ശമിക്കും.

അലസകകുഷ്ഠലക്ഷണം.

ഗണ്ഡൈശ്ച കണ്ഡൂസഹിതൈശ്ചിതം യ-
ദ്രാഗാന്വിതം ചാലസകം വദന്തി
തത്രൈവ നിംബസ്യ ശതൈകപത്രം
പിഷ്ട്വാംബുനാ പീതമലം വിശേഷാൽ. [illegible]

കുഷ്ഠാനി ചാന്യാനി നിഹന്തി നിംബ-
യോഗോഽയമവ്യാക ദശമാസതോഽലം.
യഥൈവ ദാവാനലമംബുവൃഷ്ടിർ
ദഹന്തമാരണ്യജവീരുധാദീൻ. [illegible]

ചൊറിച്ചിലും ചുവപ്പും ഉള്ള മുഴകളാൽ വ്യാപിച്ചിരിക്കുന്നതു് അലസകകുഷ്ഠം എന്നു പറയുന്നു.

തച്ചികിത്സ.

നൂററിഒന്നു വേപ്പില എടുത്തു പച്ചവെള്ളത്തിൽ അരച്ചു കുടിക്കുക; ഇങ്ങനെ മുറയ്ക്കു ചെയ്താൽ പത്തുമാസത്തിനകം അലസക

ശതാരുകുഷ്ഠലക്ഷണം.

ബഹുവ്രണം സേദവിനഷ്ടരൂപം
ശ്യാവാരുണം ക്ലേദസമന്വിതം ച
ശതാരുകം വാതകഫോദ്ഭവം യൽ
കുഷ്ഠം സകണ്ഡൂതിയുതം വദന്തി. [illegible]

വളരെ വ്രണം, വിയർപ്പില്ലായ്ക, കറുപ്പും ചുവപ്പും ഇരിക്കുക; നലച്ചു്, ചൊറിച്ചിൽ, ഇവ ശതാരുകുഷ്ഠത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ. (വങ്കാധിപരസം.)

സൂതാഭ്രശുൽബാനി ച മാരിതാനി
സഗന്ധകം താപ്യശിലാജതുഭ്യാം
വിഷാമ്ലവേതൌ ച സമം സമസ്തം
ദിനത്രയം ചാമ്ലരസൈർവിമർദ്യ. [illegible]

സമാക്ഷികൈരേവ വിധായ കുഷ്ഠാ-
ദ്വടീം ദ്വിഗുഞ്ജാം ച ....
വങ്കാധിപാഖ്യോഽസ്ഥ രസഃ പ്രസിദ്ധോ
നിഹന്തി കുഷ്ഠാംശ്ച ശതാരുകാദീൻ. [illegible]

ഫലത്രയം നിംബവചാതണ്ഡാഭിഃ
പടോലമൂലം കടുകാനിശാഭ്യാം
കഷായീകൃതം ചാനുപിബേച്ച നിത്യം
വങ്കാധിപാഖ്യം തു രസം നിഷേവ്യ. [illegible]

മാരിതവും ശോധിതവും ആയ രസം അഭ്രം താമ്രഭസ്മം ഗന്ധകം മാക്കീരക്കല്ലു് കന്മദം വത്സനാഭി തെരിഞ്ഞതാന്നുളിക്കിഴങ്ങു് ഇവ എല്ലാം സമാംശം എടുത്തു മാതളനാരങ്ങാനീരിൽ അരച്ചു തേനും നെയ്യുംകൂടി ചേർത്തു രണ്ടു കുന്നിയിടവീതം ഗുളികയുരുട്ടി സേവിക്കുക; ശതാരുകുഷ്ഠം മുതലായവ ശമിക്കും. ഈ രസം സേവിച്ചുകഴിഞ്ഞതിനുശേഷം ത്രിഫല വേപ്പിൻതൊലി വയമ്പു മഞ്ചട്ടിപ്പൊടി പടവലത്തിൻവേരു കടുരോഹിണി മഞ്ഞൾ ഇവ കഷായംവച്ചു് അനുപാനമായി ഉപയോഗിക്കണം.

പ്രലേപം.

കരഞ്ജജന്തുഘ്നശിവാഗവീനാം
മൂത്രേണ പിഷ്ട്വാ ലവണോത്തമേന
അവൽഗുബീജൈശ്ച സമം വിലേപാൽ
ശതാരുകുഷ്ഠം ച നിവാരയന്തി. [illegible]

പുങ്കിൻതൊലി വിഴാലരി കട്ടക്കാരത്തോട്ട ഇന്തുപ്പ് തകരയരി ഇവ ഗോമൂത്രത്തിൽ അരച്ചുതേച്ചാൽ ശതാരുകുഷ്ഠം ശമിക്കും.

അന്യലേപനം.

സുചക്രമർദ്ദബീജമോദസർഷപൈഃ കണാമ്പിതൈ-
ന്നിശായുഗേന കുഷ്ഠകേന തക്രയോഗപേഷിതം
വിലേപിതം വിശേഷതോ സമസ്തകുഷ്ഠനാശനം
ശതാരുകം ഗദം ധ്രുവം ന തത്ര ചിത്രമണ്വപി. ൫൯൩

തകരയരി മുത്തങ്ങാക്കിഴങ്ങു കടുക് തിപ്പലി മഞ്ഞൾ മരമഞ്ഞൾ കൊട്ടം ഇവ എല്ലാംകൂടി പൊടിച്ചു മോരിൽ അരച്ചുതേക്കുക; ശതാരുകുഷ്ഠം ശമിക്കും.

വേറൊരു ലേപനം.

ഭൃംഗരാജഗദസൂര്യദളാനാം
ക്ഷാരവഹ്നിഗൃഹധൂമസുധാഭിഃ
സൈന്ധവേന ച പലൈസ്സഹിതേന
തുല്യഭാഗപരിപിഷ്ടതമാനാം. ൫൯൪

വേദവിംശതിമിതം കടുതൈലം
പാചിതം യുഗപലാധികനീരൈഃ
മർദ്ദനാൽ സകലകുഷ്ഠഗദാനാം
നാശനം ച വിനിഹന്തി ശതാരും. ൫൯൫

കയ്യോന്നി കൊട്ടം എരുക്കില ചവൎക്കാരം കൊട്ടവേലിക്കിഴങ്ങു പുകയറ അരുത്ത് ഇവ സമാംശം. ഇന്തുപ്പ് ഒരുപലം. ഇവ എല്ലാം കൂടിയതിന്റെ ൨൪ ഭാഗം കട്ടക്കെണ്ണയുംചേൎത്തു നാലുപലം വെള്ളത്തിൽ പചിച്ചു ദേഹത്തിൽ തേച്ചുപിടിപ്പിച്ചാൽ എല്ലാ കുഷ്ഠരോഗങ്ങളും ശമിക്കുന്നതു കൂടാതെ ശതാരുകുഷ്ഠവും ശമിക്കും.

ഗളൽകുഷ്ഠലക്ഷണം.

പാദയോഃ ശയഥുർദ്രവഗുഞ്ച ഭവേ-
ദഥവാ ഗുളികാദിഗളൽത്രിഭവം
സ്വരഭംഗയുതം ബഹു ഘ്രാണയുതം
വിഗളൽ പ്രഥിതം ബഹു കുഷ്ഠഗദം. ൫൯൬

രണ്ടുകാലിലും നീര്, ദേഹത്തിൽ അങ്ങുമിങ്ങും പൂട്ട്, സ്വരഭംഗം, ദുർഗ്ഗന്ധം ഇവ ഗളൽകുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ (കുഷ്ഠകുഠാരം.)

ഭസ്മസൂതേന തുല്യം സമം ഗന്ധകം
തേന ലോഹം മൃതം തുല്യതാമ്രം തഥാ
ഗുഗ്ഗുലും ത്രൈഫലം ചിത്രകം വൈ സമം
ശംഖകണ്ടസ്യ മുഷ്ടിം ശിലാജതുപലം. ൫൯൭

ചൂൎണ്ണിതം വൈ കലാനിഷ്കമേതൽ സമം
ഭാഗയുഗ്മം കരഞ്ജം മതം സർവ്വതഃ
അഭ്രകം വാ കലാനിഷ്കയുഗ്മം സ്ഫുടം
മാക്ഷികാജ്യാക്തമേതൽ സമം പാത്രകേ. ൫൯൮

സ്നിഗ്ദ്ധകേ ന്യസ്യ നിഷ്കദ്വയം ഭക്ഷയേൽ
കുഷ്ഠരോഗദ്രുമാരണ്യസംകൃന്തനം
ജാമദഗ്ന്യാസ്ത്രനാമ്നാ സുപ്രോക്താദിതം
നാശയേദ്വാ ഗളൽകുഷ്ഠരോഗം ധ്രുവം. ൫൯൯

രസഭസ്മം ഗന്ധകം ലോഹഭസ്മം താമ്രഭസ്മം ഗുഗ്ഗുലു ത്രിഫല കൊട്ടവേലിക്കിഴങ്ങു കന്മദം ഇവ ഓരോന്നും ൫൬ ഭാഗം. വത്സനാഭി ഒരുപിടി. പുങ്കിൻഅരി അഭ്രഭസ്മം ഇവ ൩൨ ഭാഗം. ഇവ പൊടിച്ചു തേനും നെയ്യുംകൂടിചേൎത്തു യോജിപ്പിച്ചു നെയ്തേച്ചുമയങ്ങിയ പാത്രത്തിൽ ആക്കി വച്ചിരുന്ന് അറുകുന്നിയിടവീതം സേവിക്കുക; സകല കുഷ്ഠവും ശമിക്കും.

ബ്രഹ്മരസം.

പലാശബീജാനി ഗവാം ഘൃതേന
തുല്യേന താഭ്യാം തു മൃതം ഹി സൂതം
തുല്യം ച ഭാണ്ഡേ വിനിധായ സമ്യക്
സ്നിഗ്ദ്ധേ സ്ഥിതി സംമൃഹ്യ സുധാന്യരാശൌ. ൬൦൦

മാസോഷിതം നിഷ്കമിതം പ്രഭുഞ്ജീ-
ദ്യഥാബലം നിത്യമലം പ്രവഗ്യ
ഘൃതോദനം ക്ഷീരമതോത്ര പഥ്യം
കുർവൻ ഗളൽകുഷ്ഠസമസ്തകുഷ്ഠാൻ. ൬൦൧

ഹന്യാൽ ജരാമൃത്യുഹരഃ പ്രസിദ്ധോ
ബ്രഹ്മേവ ബ്രഹ്മാഖ്യരസഃ പ്രസിദ്ധഃ
ത്വഗ്ദോഷസംഘട്ടനവഹ്നിരൂപോ
നാനാഗദാൻ നാശയതി പ്രകാമം. ൬൦൨

പ്ലാശിൻഅരി പശുവിൻനെയ്യ് ഇവസമം. രണ്ടുംകൂടിയിടത്തോളവും മാരിതവും ശോധിതവുമായ രസം. എല്ലാംകൂടി യോജി

പ്പിച്ചു നെയ് തേച്ചു മയങ്ങിയ കുടത്തിൽ ആക്കി ഒരുമാസം നെല്ലിൽ കുഴിച്ചിട്ടിരുന്ന് പിന്നീട്ട് എടുത്തു മൂന്നുകുന്നിപ്രമാണം സേവിക്കുക; ദിവസംതോറും ബലമനുസരിച്ചു മാത്ര വർദ്ധിപ്പിച്ചു കൊള്ളണം. നെയ്ച്ചോറും പാലുമാണ് ഇതിനു പത്ഥ്യം. ഇതു സകല കുഷ്ഠത്തെയും ശമിപ്പിക്കും.

അഗ്നിതുണ്ഡതൈലം.

ഭല്ലാതകാനാം ചണകാനിതാനാം
പാതാളയന്ത്രേണ നിഗൃഹ്യ തൈലം
പ്രസ്ഥപ്രമാണം ഹരിതാലഗന്ധ-
മനശ്ശിലാകുഷ്ഠനിശാപടൂനാം. ൧൩൨

സോമൈശ്ച ചൂർണ്ണൈശ്ച പൃഥക് പൃഥക് ച
കർഷപ്രമാണൈഃ സഹ സംവിപാച്യ
തദഗ്നിതുണ്ഡം ച വിലേപ്യ സദ്യോ
വ്രണാന്നിഹന്യാച്ച ഗളൽഗദസ്യ. ൧൩൩

ചേർക്കുരു കടല ഇവ ഇടങ്ങഴിവീതം ഭൂധരയന്ത്രത്തിൽ ആക്കി പചിച്ച് എണ്ണ എടുത്ത് ഹരിതാലം ഗന്ധകം മനയോല കൊട്ടം മഞ്ഞൾ ഇന്തുപ്പ് വയമ്പു ഇവ മൂന്നുകഴഞ്ചുവീതം കല്ക്കംചേർത്ത് കാച്ചി ഉപയോഗിക്കുക; ഗളൽകുഷ്ഠത്താൽ ഉണ്ടാകുന്ന വ്രണങ്ങൾ ശമിക്കും.

കരവീരാദ്യംതൈലം.

കരവീരകരഞ്ജനിംബരാജ-
ദ്രുമചിത്രൈശ്ച സമൈഃ പ്രപാച്യ തൈലം
വസുഭാഗമിതേ ഗവാം ച മൂത്രേ
പരിലേപാൽ ഗളിതം വിനാശയേത്തു. ൧൩൪

കണവീരത്തിൻവേര് പുങ്കിൻതൊലി വേപ്പിൻതൊലി കൊന്നത്തൊലി കൊട്ടവേലിക്കിഴങ്ങ് ഇവ സമാംശമെടുത്തു എട്ടിരട്ടി ഗോമൂത്രത്തിൽ അരച്ചുകലക്കി എണ്ണകാച്ചി തേക്കുക; ഗളൽകുഷ്ഠം ശമിക്കും.

പ്രലേപം.

വിലേപനാദ്ദന്തികദംബമൂലം
ബീജൈരപാമാർഗ്ഗഭവൈഃ പ്രകാമം
സതിന്ത്രിണീകാംഘ്രിയുതം വിശേഷാൽ
കുഷ്ഠം ഗളൽകുഷ്ഠമലം നിഹന്യാൽ. ൧൩൫

നാഗദന്തിവേരു കടമ്പിൻവേരു ചെറുകടലാടിയരി പുളിവേറിൻതൊലി ഇവ അരച്ചുതേക്കുക; ഗളൽകുഷ്ഠം ശമിക്കും.

പ്രസൂതികാകുഷ്ഠലക്ഷണം.

അംഗസ്പർശം നൈവ ജാനാതി യത്ര
തോദോഽത്യന്തം മണ്ഡലാനാം സമുത്ഥിഃ
അസ്പർശാഖ്യോ വായുനാ സംപ്രവൃത്തോ
മാഹുർവൈദ്യാസ്തൽ പ്രസൂതീതി കുഷ്ഠം. ൧൩൬

ദേഹത്തിൽ തൊട്ടാൽ അറിയാൻ വയ്യാതിരിക്കുക; അധികം കുത്തിനോവ്, വട്ടപ്പുണ്ണുകൾ ഉണ്ടാവുക; ഇവ പ്രസൂതികുഷ്ഠത്തിന്റെ ലക്ഷണങ്ങളാണ്. ഇത് അസ്പർശവായുവിൽനിന്നു ഉണ്ടാകുന്നതാണ്.

തച്ചികിത്സ.

ശുദ്ധം താലം മാരിതം ശുദ്ധസൂതം
ദ്വാഭ്യാം തുല്യാം താമ്രമാവ്യഞ്ജികാനാം
ഭ്രഷ്ടാ യോജ്യാ സർവ്വതുല്യം ഗുളം ച
നിഷ്കം ഭക്ഷ്യം സൂതികാകുഷ്ഠഹൃത്യൈ. ൧൩൭

വിജയേന്ദ്രഭക്ഷണേനാപാനം
പിചുമന്ദസ്യ ച വല്ക്കലസ്യ ദാർവ്യാഃ
ഖദിരസ്യ കഷായമേവ നിത്യം
പരിഹർത്തും ച പ്രസൂതികാദികുഷ്ഠം. ൧൩൮

മണ്ഡലാനി വിനിർല്ലിഖ്യ ചിത്രകൈ-
ർല്ലേപയേച്ച തദനന്തരമതഃ
ലേപയേദ്രസജശുദ്ധബീജകൈ-
മണ്ഡലാനി വിനിഹന്തി മാരിതൈഃ. ൧൩൯

ശുദ്ധിചെയ്ത അരിതാലം,മാരിതവും ശോധിതവും ആയ രസം ഇവ സമാംശം. ഇവയുടെ നാലിരട്ടി ചെമ്പുഭസ്മം; എല്ലാം കൂടിയിടത്തോളവും ശക്കര. ഇവ ഒന്നിച്ചു യോജിപ്പിച്ചു ൨ കുന്നിയിടവീതം സേവിക്കുക; സൂതികാകുഷ്ഠം ശമിക്കും. ഈ രസത്തിനു അനുപാനമായി വേപ്പിൻതൊലി ഇലവംഗത്തൊലി മരമഞ്ഞത്തൊലി കരിങ്ങാലിക്കാതൽ ഇവ കഷായംവച്ചു സേവിക്കണം. സൂതികാകുഷ്ഠത്തിൽ ഉണ്ടാകുന്ന മണ്ഡലങ്ങളെ കൊട്ടവേലികൊണ്ടുരസിയതിനുശേഷം മാരിതവും ശോധിതവുമായ രസം അരച്ചു ദേഹത്തിൽ ലേപനം ചെയ്യണം.

വൈശ്വാനരതൈലം.

ദുഗ്ദ്ധേന ഭാഗേനാശ്വ സമം ഹി തൈലം
മൂത്രേണ ധേനോർദ്വിഗുണേന സിദ്ധം
ശിഖ്യശ്വഗന്ധാദ്വയവാരുണീനാം
ഹയാരിതുണ്ഡ്യൈർബലിലേർപുരാണാം. ൧൭൧

ചൂർണ്ണം ച കർക്കോടകജം ച രക്തം
തുല്യം തു പാദാംശമിതം തു തൈലാൽ
തൈലേന സമ്മിശ്ര്യ വിലേപനാദ്ധി
വൈശ്വാനരോദ്യം വിനിഹന്തി കുഷ്ഠം. ൧൭൨

എരിക്കിൻകറയും എണ്ണയും സമമായി എടുത്തു്, അതിൽ ഇരട്ടി ഗോമൂത്രവും ചേർത്തു് കാച്ചി മയിൽതുത്തു് അമുക്കരം രണ്ടും ചെറിയ കാട്ടുവെള്ളരിവേരു് കണവീരം ഗന്ധകം ശോധിതമായ ചെർപരീതുതം പതുമുകം ഇവ തൈലത്തിന്റെ നാലിലൊരുഭാഗം പൊടിച്ചിട്ടു് യോജിപ്പിച്ചു് ലേപനം ചെയ്യുക; കുഷ്ഠം ശമിക്കും.

ലേപനം.

നീലീ സൂതം സൂരണം പേഷ്യ ലേപാൽ
സദ്യോ മുച്യേന്മണ്ഡലാനാം വിവർണ്ണാൽ
കുഷ്ഠാന്മുച്യേൽ സൂതികാദ്യോൽ പ്രകാമം
സദ്യോജാതം വർണ്ണമുന്മുച്യ നിത്യം. ൧൭൩

അമരിവേരു് ശുദ്ധിചെയ്തരസം കാട്ടുചേന ഇവ അരച്ചു ദേഹത്തിൽ തേച്ചാൽ വട്ടപ്പുണ്ണിന്റെ നിറം മാറും; സൂതികാകുഷ്ഠവും ശമിക്കും.

ശ്വേതകുഷ്ഠങ്ങൾ.

ശ്വിത്രം (പാണ്ഡു്)

സുവർണ്ണഹേയഗവീദ്വിജഹത്യാ-
കാരണമേവ ഹി ശ്വിത്രഗദസ്യ
ശുക്ലം വർണ്ണമിദം ഗതസ്രാവം
വൈദ്യഗണോദിതശ്വിത്രകുഷ്ഠം. ൧൭൪

ദാനം ചെയ്യാതിരിക്കുക; പശുക്കളെ കൊല്ലുക; ബ്രാഹ്മണരെ കൊല്ലുക ഇവയാണു് ശ്വിത്രം ഉണ്ടാകുന്നതിനുള്ള കാരണം. ഈ ശ്വിത്രം എന്ന രോഗം വെളുത്ത നിറത്തിലും വെള്ളമൊലിക്കാതെയും ഇരിക്കും.

തച്ചികിത്സ.

നിംബദളാനി നിശാമഗധാഭിഃ
പേഷ്യ സമം ശശിരാജസുബീജൈഃ
ഗോപയസാ വിനിപേഷ്യ പ്രഭാതേ
ശ്വിത്രഗദം വിനിഹന്തി ച ലേപാൽ. ൧൭൫

വേപ്പില മഞ്ഞൾ തിപ്പലി കാർകോകിലരി ഇവയെല്ലാംകൂടി പശുവിൻപാലിൽ അരച്ചു് പ്രഭാതത്തിൽ ലേപനം ചെയ്യുക; ശ്വിത്രം ശമിക്കും.

കാകോദുംബരികാരജസ്സു മതിമാംസ്തൈസ്സമം വാകുചീ-
ചൂർണ്ണൈസ്സു പിബേച്ച തൈലമസകൃദ്ഭോജ്യ്യ ലേമാധിതഃ
തക്രാശീ സ നിരന്തരം വിജയതേ കുഷ്ഠം ഹി ശ്വിത്രാഹ്വയം
ഗംഗാവാരി യഥാഘസംഘമസകൃൽ പേപീയമാനം സദാ. ൧൭൬

കാട്ടത്തി കാർകോകിലരി ഇവ പൊടിച്ചു് മോരിൽ കലക്കി കുടിക്കയും പല പ്രാവശ്യം എണ്ണതേച്ചു് വെയിലത്തു നില്ക്കുകയും ചെയ്യുക; എന്നാൽ ഗംഗാജലം കുടിച്ചാൽ പാപസംഘം ശമിക്കുന്നതുപോലെ ശ്വിത്രകുഷ്ഠം ശമിക്കും.

ശ്വിത്രനാഗാന്തകരസം.

ശുദ്ധസൂതം സമം ഗന്ധകം ഇതരകം
തൽസമം മാരിതം താമ്രകം പേഷയേൽ
വാകുചീക്വാഥയുക്തം ദിനം നിഷ്പേഷതൽ
ഭക്ഷിതം ശ്വിത്രകം നാശമേതൽ ധ്രുതം. ൧൭൭

ശ്വിത്രനാഗാന്തകം യോ രസം ഭക്ഷയേ-
ദ്വാകുചീതൈലകർഷം തഥാ മാക്ഷികൈഃ
സാനുപാനം നരോ നിത്യമേതദ് ഭജേൽ
ശ്വിത്രകുഷ്ഠസ്യ നാശായ നിത്യം പരം. ൧൭൮

മാരിതവും ശോധിതവുമായ രസം, രസത്തിനു തുല്യം ഗന്ധകവും തുത്തും, മൂന്നുംകൂടിയിടത്തോളം ശുദ്ധിചെയ്ത താമ്രം. എല്ലാംകൂടി കാർകോകിലരിയുടെ കഷായത്തിൽ അരച്ചുണക്കി മൂന്നു കുന്നിയിടവീതം സേവിക്കുക; ശ്വിത്രകുഷ്ഠം ശമിക്കും. ഈ രസത്തിനു് അനുപാനമായി കാർകോകിലരിയുടെ എണ്ണ മൂന്നുകഴഞ്ചുവീതം തേനും ചേർത്തു ഉപയോഗിക്കണം.

വാതശ്വിത്രലക്ഷണം.

രൂക്ഷാരുണം തോദസമന്വിതം ച
സസ്പന്ദമാഹുഃ കില വാതശ്വിത്രം

വചാശിലാതാലഗന്ധൈർവിഭീത-
ഭല്ലാതകൈശ്ച സാർഷപതൈലപിഷ്ടൈഃ.

ശ്വിത്രം സമുദ്ധ്വാസയതഃ പ്രകാമം
വാതോദ്ഭവം നിത്യവിലേപനേന
അഥോ സമൈഃ ഗന്ധകശുദ്ധസൂതൈഃ
ഭല്ലാതകൈസ്ത്രിഫലവാകുചീഭിഃ

സഭൃംഗരാജൈഃ പിചുമന്ദബീജൈഃ
കൃഷ്ണൈസ്തിലൈർഭൃംഗരസൈശ്ച ഭൂയഃ
സമ്മർദ്ദ്യ സംശോഷ്യ പുനസ്ത്രിസപ്ത-
ദിനാനി സംശോഷ്യ ച ഭാവനാഭിഃ.

നിഷ്കപ്രമാണം ഘൃതമാക്ഷികാഭ്യാം
ഖാദേദ്രസോഽയം കില ശ്വിത്രഹാരി
സംസേവനാദസ്യ ച വാതകുഷ്ഠം
ശ്വേതം വിനശ്യത്യചിരേണ പുംസാം.

രൂക്ഷത, ചുവപ്പ്, കുത്തിനോവ്, തരിപ്പ് ഇവയോടുകൂടിയിരിക്കുന്നത് വാതശ്വിത്രമാണ്.

തച്ചികിത്സ (ലേപനം.)

വയമ്പ് മനയോല ഹരിതാലം കൊട്ടം താന്നിക്കാത്തോട് ചേക്കുരു ഇവ പൊടിച്ച് കടുകെണ്ണയിൽ കുഴച്ച് ദിവസവും തേച്ചാൽ വാതശ്വിത്രം ശമിക്കും.

രസം.

ശുദ്ധിചെയ്ത ഗന്ധകവും രസവും സമാംശം, ചേക്കുരു ത്രിഫല കാർകോകിലരി കയ്യോന്നി വേപ്പരി കാരെള്ള് ഇവ എല്ലാംകൂടി പൊടിച്ചുചേർത്ത് കയ്യോന്നിനീരിൽ പിന്നെയും പിന്നെയും മർദ്ദിച്ച് വെയിലത്തുവച്ച് ഉണക്കി ൨൧ കുന്നിയിടവീതം സേവിക്കുക; വാതജമായ ശ്വിത്രം ശമിക്കും.

പിത്തശ്വിത്രം.

സദാഹം ഭവേദ്രോമവിധ്വംസി രക്തം
തഥാ കഞ്ജവൽ ശ്വേതകുഷ്ഠം ച പിത്താൽ
പിബേൽ കുഷ്ഠനിർഗ്ഗുണ്ഡികാമൂത്രമത്ര
ധ്രുവം വാകുചീചൂർണ്ണതൈലൈഃ സഹൈവ.

ചൂട്, രോമങ്ങളെ നശിപ്പിക്കുക; താമരപ്പൂപോലെ വെളുപ്പും ചുവപ്പും ഉണ്ടായിരിക്കുക; ഇവ പിത്തശ്വിത്രത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

കൊട്ടം കാട്ടുനൊച്ചി കാർകോകിലരി ഇവ പൊടിച്ച് ഗോമൂത്രവും മോരുംകൂടി ചേർത്ത് അതിൽ ലേപനം ചെയ്ക; പിത്തജമായ ശ്വിത്രം ശമിക്കും.

കഫശ്വിത്രം.

കഫാൽ ശ്വേതം ശ്വിത്രം ഗുരുഘനമലം കണ്ഡൂമപി
നിബോദ്ധ്യം രക്തസ്ഥം പലഗതമഥോ മേദസി ഗതം
സതാലം സംശുദ്ധം ബലിമപി പലം ചാഷ്ടപലികം
സുചൂർണ്ണം വാകുച്യാ മധുഘൃതയുതം ചാത്ര കഥിതം.

സിരാമോക്ഷം തദ്വന്നിയമമഥവാ വൈദ്യഭണിതം
കഫോദ്ഭൂതം ശ്വിത്രം ഹരതി സഹസാമിത്രകരസഃ.

വെളുത്തും, ഘനത്വം തിണർത്ത് ചൊറിച്ചിൽ ഇവയോടുകൂടിയും ഇരിക്കുന്നത് കഫജമാകുന്ന ശ്വിത്രത്തിന്റെ ലക്ഷണമാണ്. വാതശ്വിത്രം രക്തത്തെയും, പിത്തശ്വിത്രം മാംസത്തെയും, കഫശ്വിത്രം മേദസ്സിനെയും ആശ്രയിച്ചിരിക്കും.

അമിത്രകരസം (തച്ചികിത്സ)

ശുദ്ധിചെയ്ത ഹരിതാലവും ഗന്ധകവും ഓരോ പലം വീതം. കാർകോകിലരിയുടെ പൊടി ൮ പലം. എല്ലാംകൂടി യോജിപ്പിച്ച് തേനും നെയ്യുംകൂട്ടി സേവിക്കുക; കഫശ്വിത്രം ശമിക്കും. ഞരമ്പു കീറി രക്തംകളയുന്നതും കഫശ്വിത്രത്തിനു നല്ലതാണ്.

കിലാസകുഷ്ഠലക്ഷണം.

ഭവേച്ഛ്വിത്രവദ്രൂപതോഽപി ച കിലാസേതി കഥിതം
സമാചരന്നം ദേഹേ ഭവതി ബഹുശോ പാപനിചയാൽ.

വളരെ പാപംചെയ്യുകനിമിത്തം ശ്വേതകുഷ്ഠം ഉണ്ടാകും. അതിനെ കിലാസം എന്നുപറയുന്നു.

തച്ചികിത്സ.

അയശ്ചൂർണ്ണം കൃഷ്ണാഞ്ജനമമലകേ ദഗ്ദ്ധമപി ച
തിലാൻ കൃഷ്ണാൻ ഭൃംഗദ്രവയുതമഥാവദ്ഗുഞ്ജരജഃ
രസൈസ്തദ്വന്മേനോരഥ ച ശകൃതഃ ലേപ്യ മതിമാൻ
കിലാസം തല്ലേപാജ്ജയതി ബഹുധാ വൈദ്യഗദിതം.

ഉരുക്കരാക്കിപ്പൊടിച്ചപൊടി, ശുദ്ധിചെയ്ത രസാഞ്ജനം, കാരെള്ള്, കാർകോകിലരിയുടെ പൊടി ഇവ കയ്യോന്നിനീരിലും പശുവിൻചാണകനീരിലും അരച്ചു തേക്കുക; കിലാസം ശമിക്കും.

അന്വരസം.

രസസ്യൈകഭാഗം ബലേശ്ച ദ്വിഭാഗം
ത്രിഭാഗം ച ഭാനോർവിമർദ്ദ്യാഥ ഭൃംഗൈഃ
ദ്രവൈർവാകുചീനാം രസൈഃ പേഷ്യ സമ്യക്
പുടേ പാചിതഃ സേവിതശ്ചാമലക്യാ കഷായൈഃ ൱൰൭

കിലാസാരുണം മണ്ഡലം ഹന്തി നിത്യം
നിപീതോ നിതാന്തം സുതക്രാശിനശ്ച
കിലാസസ്യ ജേതാ രസോഽയം പ്രസിദ്ധഃ
സ്വനാമ്നാ പ്രണീതോ ജയീ തസ്യ നിത്യം. ൱൰൮

ശുദ്ധിചെയ്തരസം ഒരുഭാഗം, ഗന്ധകം ൨ ഭാഗം, താമ്രം മൂന്നുഭാഗം ഇവ കയ്യോന്നിനീരിലും കാർകോകിലരിയുടെ നീരിലും അരച്ച് പുടംചെയ്തെടുത്തു കീഴാനെല്ലിക്കഷായത്തിൽ സേവിക്കുക; കിലാസം മണ്ഡലകുഷ്ഠം ഇവ ശമിക്കും.

രസധാതുഗതകുഷ്ഠലക്ഷണം.

വിവർണ്ണമംഗേഷു രസസ്ഥകുഷ്ഠേ
രൌക്ഷ്യം ച ത്വക്സു ശുഷിരോമഹർഷാഃ
സ്വേദോദ്ഗമോ ഭൂരി ച തത്ര പഥ്യാ-
സിദ്ധാർത്ഥഗൌരാ ശശിരാജിയുക്തൈഃ ൱൰൯

സസൈന്ധവോ രാത്രിവിമംഗലേപഃ
ത്വക്കുഷ്ഠനാശായ ഭിഷക്പ്രണീതഃ

കുഷ്ഠം രസധാതുവിനെ (ത്വക്കിനെ) ആശ്രയിച്ചിരിക്കുമ്പോൾ നിറപ്പകർച്ച, രൂക്ഷത, തൊലിക്കു തരിപ്പ്, രോമാഞ്ചം, അധികമായി വിയർപ്പ് ഇവയുണ്ടാകും.

തച്ചികിത്സ.

കടുക്കാത്തോട് കടുക് വേങ്ങക്കാതൽ കാർകോകിലരി പുങ്കിൻതൊലി ഇന്തുപ്പ് മഞ്ഞൾ വിഴാലരി ഇവ അരച്ചുതേക്കുക; ത്വക്കിലുള്ള കുഷ്ഠം ശമിക്കും.

രക്തഗതകുഷ്ഠലക്ഷണം.

രക്തസ്ഥകുഷ്ഠേഷു വിപൂയതാ സ്യാൽ
കണ്ഡൂവിശേഷാൽ പ്രഭവേച്ച തത്ര. ൱൨൦

അധികമായ പഴുപ്പ് ചൊറിച്ചിൽ ഇവ കുഷ്ഠം രക്തധാതുവിനെ പ്രാപിച്ചാൽ ഉണ്ടാകുന്ന ലക്ഷണമാണ്.

തച്ചികിത്സ.

ശാഖാപ്രശാഖാസു ശിരസ്യഥോഽപി
സിരാവിമോക്ഷം ച വിധായ സമ്യക്
ചികിത്സിതം കുഷ്ഠഗദസ്യ കുര്യാ-
ദ്യഥോക്തസാമാന്യവിധിം ച രക്തേ. ൱൨൧

രക്തത്തിൽ പ്രാപിച്ച കുഷ്ഠത്തിന് ശാഖകളിലും പ്രശാഖകളിലും ശിരസ്സിലും ഉള്ള ഞരമ്പുകീറി രക്തം കളയുകയും കുഷ്ഠത്തിന്ന സാമാന്യമായി പറഞ്ഞിരിക്കുന്ന മറ്റു ചികിത്സ ചെയ്യുകയും വേണം.

മാംസഗതകുഷ്ഠലക്ഷണം.

വക്ത്രശോഷപുളകോദ്ഗമതോദാഃ
സ്ഫോടകാസ്തു ബഹുധാ കഠിനാംഗം
സംഭവന്തി പിടകാഃ ഖലു ശ്യാവാ
മാംസഗേ ത്വഥ ഹി കുഷ്ഠഗദേ ഹി. ൱൨൨

വായുവരൾച്ച രോമാഞ്ചം കുത്തിനോവ് പലപ്രകാരത്തിലുള്ള കുമിളകൾ കഠിനത്വം കരുവാളിച്ച കുരുക്കൾ ഇവ മാംസഗതമായ കുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ഭല്ലാതത്രിഫലാകടുത്രയഗണൈർഗ്ഗുഞ്ജാക്ഷതൈലൈസ്സമം
സംപാച്യാഥ വിധായ പഞ്ചപടുഭിരഭ്യംഗമംഗേ ചരേൽ
കുഷ്ഠേ മാംസഗതേ ഭിഷക് സമുദിതം മാംസേന മാംസഗതം
കുഷ്ഠം യാതി പരാഭവം ബഹുദിനം പത്ഥ്യാശിനഃ കുഷ്ഠിനഃ

ചേക്കുരു ത്രിഫല ത്രികടു കൊട്ടം കുന്നിവേര് ഇവ അരച്ച് ചേതാന്നിക്കായുടെ എണ്ണയിൽ പചിച്ച് അഞ്ചുവിധമുള്ള ഉപ്പും ചേർത്ത് തേച്ചുകുളിക്കുക; മാംസഗതമായ കുഷ്ഠം ശമിക്കും. പത്ഥ്യമായി മാംസം ഭക്ഷിച്ചാലും മാംസഗതമായ കുഷ്ഠം ശമിക്കും.

മേദോഗതകുഷ്ഠലക്ഷണം.

കൌണ്യം ഗതിക്ഷയ അഥോ സകലാംഗകാനാം
ദേഹേ ക്ഷതസ്യ പരിസർപ്പണതോദഭേദാഃ
മേദോഗതേ ച സകലാനി ഭവന്തി പൂർവ്വ-
മുക്താനി കുഷ്ഠഗദലക്ഷണസമ്മിതാനി. ൱൨൩

കയ്യും കാലിനും മുടന്ത്; നടക്കാൻവയ്യായ്ക; സകല അവയവങ്ങളും പിളരുക; വ്രണപ്പെട്ടുക; കുത്തിനോവ് ഇവയും രസാദിമൂ

ന്ധാതുക്കളിലും കുഷ്ഠം പ്രാപിച്ചാലുള്ള ലക്ഷണവും ഉണ്ടായിരുന്നാൽ അതു മേദസ്സിൽ വ്യാപിച്ച കുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ. (ധന്വന്തരീരസം)

സൂതഭസ്മതാമ്രവിശഗന്ധാനാം
രക്തചന്ദനകണാസമഭാഗാൻ
മാതുലുംഗപയസാ ച ദിനൈകം
മർദ്ദ്യ ശോഷ്യ ഖലു വല്ലമിതം യഃ ൧൯൫

ഗോഘൃതേന ശിവയാ ച വിഭേദാ
സിന്ധുവിശ്വസഹിതേന തഥൈവ
കുഷ്ഠമേദസി ഗതം വിനിഹന്തി
യോƒനുപാനം ച ഖലു തസ്യ തദാഢം. ൧൯൬

രസഭസ്മം താമ്രഭസ്മം ഗന്ധകം ചുക്ക് കൊട്ടം രക്തചന്ദനം തിപ്പലി ഇവ സമമായിച്ചെടുത്ത് മാതളനാരങ്ങാനീരിൽ ഒരുദിവസം അരച്ച് വെയിലത്തുവെച്ചുണക്കി വിഴാലരിപ്രമാണം ഗുളികയുരുട്ടി നെയ്യിലോ കടുക്കാക്കഷായത്തിലോ ഇന്തുപ്പും ചുക്കുംകൂടി കഷായംവച്ച് അതിലോ സേവിക്കുക; മേദസ്സിൽവ്യാപിച്ച കുഷ്ഠവും ശമിക്കും.

അസ്ഥിഗതകുഷ്ഠലക്ഷണം.

കുഷ്ഠേƒസ്ഥിസംസ്ഥേ സ്വരനേത്രനാസാ-
ഭേദകോപഘാതം ഖലു ജായതേƒത്ര
മജ്ജസ്ഥകുഷ്ഠേƒപി തഥൈവ ലിംഗം
കൃമ്യുദ്ഗമഃ സ്യാൽ ക്ഷതപൂയരക്തേ. ൧൯൭

ഒച്ചയടപ്പ് മൂക്കുവളയുക കണ്ണുചുവക്കുക വ്രണത്തിൽ കൃമിയുണ്ടാകുക; ഇവ കുഷ്ഠം അസ്ഥിയിലും മജ്ജയിലും പ്രാപിച്ചാൽ ഉണ്ടാകുന്ന ലക്ഷണങ്ങളാണ്.

ശുക്ലഗതകുഷ്ഠലക്ഷണം.

കുഷ്ഠസ്ഥബാഹുല്യതയാതിദുഷ്ട-
ശുക്ലാർത്തവാഭ്യാം ച യഥാ നൃനാര്യോഃ
സംജായതേ യദ്യദപത്യമേവ
തൽകുഷ്ഠിനം ശുക്ലഗതേ ച കുഷ്ഠേ. ൧൯൮

പുരുഷന്മാരുടെ ശുക്ലവും സ്ത്രീകളുടെ ആർത്തവരക്തവും കുഷ്ഠബാഹുല്യത്താൽ ദുഷിച്ചാൽ അവർക്കുണ്ടാകുന്ന സന്താനങ്ങളും കുഷ്ഠരോഗികളായിരിക്കും.

സവാതകുഷ്ഠലക്ഷണം.

ശ്യാവാരുണം ചാതിഖരം ച രൂക്ഷം
സവേദനം വാതഭവം ച കുഷ്ഠം
സൂതം സതാലം സശിലം സഗന്ധം
സകാഞ്ജികം പേഷ്യ ച [illegible] ൧൯൯

ലിപ്തം ച തൈലേന നിഷിച്യ വർത്തി
മുജ്ജ്വാല്യ കൃത്വാ ച പരാങ്മുഖീം താം
കാലാനലം തൈലമദഃ പ്രലേപാൽ
വാതോദ്ഭവം കുഷ്ഠഗദം നിഹന്തി. ൨൦൦

കറുവാളിപ്പ് ചുവപ്പ് ഏററവും പരുപരുപ്പ് രൂക്ഷത വേദന ഇവ വാതജമായ കുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ശോധിതവും മാരിതവുമായ രസം [illegible] ഗന്ധകം ഇവ പൊടിച്ച് കാടിയിൽ അരച്ച് വസ്ത്രത്തിൽതേച്ചുണക്കി എണ്ണയിൽ മുക്കി തീകത്തിച്ച് കീഴ്പോട്ടു മുഖമാക്കി പിടിച്ച് അതിൽനിന്നും വീഴുന്ന എണ്ണ എടുത്തുവച്ചിട്ടുള്ളതു തേക്കുക; വാത കുഷ്ഠം ശമിക്കും.

സപിത്തകുഷ്ഠലക്ഷണം.

സദാഹരാഗം ഖലു പിത്തകുഷ്ഠം
സസ്രാവയുക്തം ഭിഷജാം വരിഷ്ഠൈഃ
ഹൈയംഗവീനേന ച വക്ഷ്യമാണൈ-
രാലേപ്യ ശാന്തിം ച നയേൽ പ്രകാമം. ൨൦൧

ചൂട് ചുവപ്പ് വെള്ളമൊലിക്കുക ഇവ പിത്തകുഷ്ഠത്തിന്റെ ലക്ഷണമാണ്. ഇനിയും പറയാൻ പോകുന്ന വെണ്ണനെയ്യ തേച്ചാൽ പിത്തകുഷ്ഠം ശമിക്കും.

നവനീതയോഗം.

ശൈലേയയഷ്ട്യുല്പലസീഹരാലൈഃ
കമ്പില്ലസൌരാഷ്ട്രശിലാവചൂർണ്ണൈഃ
കുഷ്ഠം സപിത്തം നവനീതമേകം
സ്രവന്തമപ്യാശു നിരാകരോതി. ൨൦൨

കന്മദം ഇരട്ടിമധുരം ചെങ്ങഴിനീർക്കിഴങ്ങ് ചന്ദ്രരസപ്പശ ചെഞ്ചല്യം കമ്പിപ്പാലത്തൊലി കുന്തുരുക്കം മനയോല ഇവ പൊടിച്ച് വെണ്ണനെയ്യും ചേർത്ത് തേക്കുക; പിത്തകുഷ്ഠം ശമിക്കും.

കഫകുഷ്ഠലക്ഷണം.

സ്നിഗ്ദ്ധം ഘനം ക്ലേദസമന്വിതം ച
സഗൌരവം ശൈത്യയുതം കഫേന
സവ്യോമസത്വം ച സമം റസി സൂതം
ഗന്ധാദ്ദ്വിഭാഗേന വിധായ പിഷ്ടിം. ൨൦൩

ധത്തൂരനീരേണ വിധായ ഗോളം
സമ്യക്പചേൽ തൽ പുനരേഭിരേവ
വല്ലപ്രമാണൈസ്ത്രികടുപ്രയുക്തൈ-
സ്തൽഭാഗൈരപി വത്സനാഭൈഃ. ൨൦൪

സദാരുചിത്രൈ രസഭാഗകാദ്യൈഃ
ശൃംഗീഭിരിത്ഥം ച വിഷസ്യ മുഷ്ടൌ
ഗോളേന ഗുഞ്ജാപ്രമിതേന സാർദ്ധം
ഭുക്തഃ കഫോത്ഥം വിനിഹന്തി കുഷ്ഠം. ൨൦൫

മിനുസമായും ഘനമായും നലവോടും ഗുരുത്വത്തോടും തണുപ്പോടും കൂടിയിരിക്കുന്നതു കഫകുഷ്ഠത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ (കനകസുന്ദരരസം.)

ശുദ്ധിചെയ്ത അഭ്രം രസം ഇവ സമാംശം. ഗന്ധകം രസത്തിന്റെ രണ്ടുഭാഗം. ഇവ ഉമ്മത്തിൻനീരിൽ അരച്ചു ചുക്കു മുളകു തിപ്പലി ഇവ മൂന്നുകുന്നിയിടവീതം. ശുദ്ധമായ വത്സനാഭി അതിൽപകുതി ദേവതാരം കൊട്ടുവേലിക്കിഴങ്ങു ഇവ അതിൽ പകുതി. കൎക്കടശൃംഗി രസത്തിൽ പകുതി. എല്ലാംകൂടി ഉമ്മത്തിൻനീരിൽ അരച്ചു ഗോളമാക്കി കുന്നിപ്രമാണം സേവിക്കുക; കഫകുഷ്ഠം ശമിക്കും.

ദ്വന്ദ്വജകുഷ്ഠലക്ഷണം.

ദ്വിലിംഗം ഭവേൽ ദ്വന്ദ്വജം കുഷ്ഠരോഗം
ചികിത്സ്യം തഥാ ദ്വന്ദ്വജോക്തപ്രയോഗൈഃ
ത്രിജാതത്രിലിംഗം ത്രിജാതോക്തയോഗൈ-
ശ്ചികിത്സ്യം ച വൈദ്യാധിരാജോ വദന്തി. ൨൦൬

ഈരണ്ടു ദോഷങ്ങൾ കോപിച്ചാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ കണ്ടാൽ അതു ദ്വന്ദ്വജകുഷ്ഠമാണ്. അതിന് ഈരണ്ടു ദോഷകോപങ്ങൾ ശമിക്കുന്നതിനു പറഞ്ഞിരിക്കുന്ന ചികിത്സ ചെയ്തുകൊള്ളണം. മൂന്നുദോഷവും കോപിച്ചാൽ ഉള്ള ലക്ഷണങ്ങൾ കണ്ടാൽ അതു ത്രിദോഷജകുഷ്ഠമാണ്. അതിനു മൂന്നുദോഷകോപങ്ങൾ ശമിക്കുന്നതിനു പറഞ്ഞിരിക്കുന്ന ചികിത്സ ചെയ്തുകൊള്ളണം.

കുഷ്ഠത്തിൽ ഉണ്ടാകുന്ന ചൊറിച്ചിലിന്.

കുഷ്ഠം രാത്രിയുഗം പടോലസുവഹാകിംചാശ്വഗന്ധാനലൈഃ
സിദ്ധം സപ്തപദേവദാരുവിധുഭിഃ കുസ്തുംബരീശിഗ്രുജൈഃ
ബീജൈസ്തുംബുരുജൈർവിധായ വിധിവൽ സംപേഷ്യ ചോദ്വർത്തനം.
തക്രേണൈവ ഹയാരിമൂലസഹിതം കുഷ്ഠോത്ഥകണ്ഡൂം ഹരേൽ.

കൊട്ടം മഞ്ഞൾ മരമഞ്ഞൾ പടവലം അരത്ത അമുക്കുരം കൊട്ടുവേലിക്കിഴങ്ങു കട്ടക ദേവതാരം കർപ്പൂരം കൊത്തമ്പാലരി മുരിങ്ങയരി തുമ്പൂണലരി കണവീരം ഇവ നല്ലവണ്ണം അരച്ചു ദേഹത്തിൽ തിരുമ്മിയാൽ കുഷ്ഠംകൊണ്ടുണ്ടാകുന്ന ചൊറിച്ചിൽ ശമിക്കും.

കഫപിത്തകുഷ്ഠചികിത്സ.

ത്രിഫലോഗ്രാപിചുമന്ദസാരിണീ
രജനീലോഹിതയഷ്ടികാശൃതം
കുലകേന സമം വിശേഷതഃ
കഫപിത്തോദ്ഭവകുഷ്ഠസൂദനം. ൨൦൭

ത്രിഫല വയമ്പു വേപ്പിന്തൊലി പ്രസാരിണി മഞ്ഞൾ ഇരട്ടിമധുരം പടവലം ഇവ കഷായംവെച്ചു സേവിക്കുക; കഫപിത്തജമായ കുഷ്ഠം ശമിക്കും.

സന്നിപാതകുഷ്ഠചികിത്സ.

ത്രിഫലാ ഖദിരം സദേവകാഷ്ഠം
പിചുമന്ദേന ശൃതം സമസ്തകം
ത്രിഭവേഷു സമസ്തകുഷ്ഠകേഷു
പരിപേയം കരപാചനം ത്വിദം. ൨൦൮

ത്രിഫല കരിങ്ങാലിക്കാതൽ ദേവതാരം വേപ്പിൻതൊലി ഇവ കഷായംവച്ചു സേവിക്കുക; ത്രിദോഷജമായ കുഷ്ഠം ശമിക്കും.

രക്താംശകാദികുഷ്ഠാനാം കർമ്മണാ സംഭവഃ സ്മൃതഃ
പ്രായശ്ചിത്താനി ദാനാനി തേഷാം സമ്യക് ചികിത്സിതം.

രക്താംശകാദി കുഷ്ഠങ്ങൾ ഉണ്ടാകുന്നതു പൂൎവ്വജന്മപാപകൎമ്മംകൊണ്ടാണ്. അതിനാൽ അവയ്ക്കു ദാനം മുതലായ പ്രായശ്ചിത്തം ചെയ്യുകയാണു ചികിത്സ.

രോമം കിളിക്കുന്നതിന്.

ഗുഞ്ജാതമൂലാശ്വചൂരേണ ഭല്ലീ-
രസേന പുഷ്പേണ തിലോദ്ഭവേന

സമാക്ഷീകേണാപി ഘൃതേനലിപ്താ
രോമ്ണാം ജനിഃ സ്യാച്ച തലേ കരസ്യ. ൨൭൭

ചുവന്നകുന്നിവേര നാഗണം എള്ളിൻപൂവു ഇവ ചെക്കര കഷായത്തിൽ അരച്ചു തേനും നെയ്യുംചേൎത്തു തേക്കുക; ഉള്ളംകയ്യിൽകൂടി രോമം ഉണ്ടാകും.

അന്യയോഗം.

ഭൃംഗരാജരസപാചിതതൈലം
നാഗദന്തമസിഭിശ്ച വിലിപ്തം
യത്ര കുത്ര ചെലു തത്ര ച ലോമ്നാം
സംഭവഃ കരതലേ പി ന ചിത്രം. ൨൭൮

ആനക്കൊമ്പും മാഞ്ചിയുംകൂടി കൽക്കമായി കയ്യോന്നിനീരചേൎത്ത് എണ്ണകാച്ചി തേക്കുക; എവിടെയാണൊ രോമം വേണ്ടത് അവിടെയൊക്കെ രോമം ഉണ്ടാകും.

വേറൊരു യോഗം.

ഗജദന്തപുടദഗ്ധം പയസാജഭവേന സമാഞ്ജനകഃ
പരിപേഷ്യ വിലിപ്തമം ദതനേ മുനിഭിർദിവസൈസ്സരോമകരം. ൨൭൯

ആനക്കൊമ്പ് അഗ്നിയിൽവച്ചു പുടംചെയ്ത രസാഞ്ജനവുംകൂട്ടി ആട്ടിൻപാലിൽ അരച്ചു തേക്കുക; ഏഴുദിവസത്തിനകം രോമം കിളിൎക്കും.

അധികം ഉള്ള രോമങ്ങൾ നശിപ്പിക്കുന്നതിന്.

ദന്ത്യഗ്നികോശാതകിസിദ്ധതൈല-
മഭ്യഞ്ജനാദ്രോമഹരം പ്രസിദ്ധം
സ്നുഹീപയസ്താലപലാശഭസ്മ
പട്ടപ്രലേപാദപി രോമഹാനിഃ ൨൮൦

നാഗദന്തിവേര കാട്ടുപീച്ചും ഇവ കൽക്കമായി എണ്ണകാച്ചി തേക്കുകയോ പന പ്ലാശ് ഇവയുടെ ഭസ്മം ഇന്തുപ്പ് ഇവ കള്ളിപ്പാലക്കറയിൽ അരച്ചു തേക്കുകയോ ചെയ്താൽ രോമം നശിക്കും.

കാലിൽവേദനയ്ക്കു ചികിത്സ.

സാജ്യസക്തുഭിരലം പരിലിപ്തൌ
വ്യാഘ്രികാരസയുതൈരഥവാപി
ശാല്മലീജമൃദുവല്ക്കലകല്കൈ-
രക്ഷതശ്ച ബഹുതാപമയാംഘ്രി. ൨൮൧

ചെറുവഴുതിനയുടെ നീരിൽ നെയ്യും മലർപ്പൊടിയും ചേൎത്തോ ഇലവിൻെറ മാട്ടവമുള്ള തൊലി അരച്ചോ ലേപനം ചെയ്താൽ പാദത്തിൽ ഉണ്ടാകുന്ന വേദന ശമിക്കും.

അന്യയോഗം.

പലൈകരാലേന സമം ഘൃതം ച
താഭ്യാം സമം ചാഥ ഗുഡം വിപേഷ്യ
അക്കസ്യ ദുഗ്ധേന പലാൎദ്ധകേന
വിലേപനാൽ പാദരുജാപഹം സ്യാൽ. ൨൮൨

ഒരുപലം ചെഞ്ചല്യം, ഒരുപലം നെയ്യ്, ൨ പലം ശക്കര, അരപ്പലം എരിക്കിൻകറ, എല്ലാംകൂടി അരച്ചു തേക്കുക; കാലിൻെറ വേദന ശമിക്കും.

സാദ്ധ്യാസാദ്ധ്യ കുഷ്ഠലക്ഷണം.

ത്വഗ്രക്തമാംസസ്ഥമലം സവാത-
ശ്ലേഷ്മാധികം സാദ്ധ്യമുശന്തി വൈദ്യാഃ
മേദോഗതം ദ്വന്ദ്വജമേവ യാപ്യം
മജ്ജാസ്ഥിഗം ത്യാജ്യതമം വദന്തി. ൨൮൩

മന്ദാഗ്നിയുക്തം കൃമിഭിഃ പ്രജുഷ്ടം
ദാഹാന്വിതം യത്ത്രിഭവം ത്വസാദ്ധ്യം
സശ്ലേഷ്മവാതോത്ഭവമേവ ഹന്തി
ചർമ്മാലസാഭിന്നമഥോ വിനാശി. ൨൮൪

ഏതാനി നിത്യം കിടിഭാദികാനി
മജ്ജാസ്ഥിതാന്യേവ തഥാസ്ഥിഗാനി
സരക്തനേത്രം പ്രസൃതാംഗമേവ
ഹതാനലം ത്യാജ്യതമാനി ചാഹുഃ. ൨൮൫

ത്വക്ക്, മാംസം, രക്തം ഇവയെ ആശ്രയിച്ചും വാതശ്ലേഷ്മാധികമായും ഇരിക്കുന്ന കുഷ്ഠം സാദ്ധ്യമാകുന്നു. മേദസ്സിനെ ആശ്രയിച്ചും രണ്ടു ദോഷംകോപിച്ചും ഉണ്ടാകുന്ന കുഷ്ഠം യാപ്യമാണ്. അഗ്നിമാന്ദ്യത്തോടുകൂടിയും കൃമികളാൽ ഭക്ഷിച്ചും ദാഹയുക്തമായും ത്രിദോഷജമായും ഇരിക്കുന്ന കുഷ്ഠവും ശ്ലേഷ്മവാതകോപജങ്ങളായ ചർമ്മാലസങ്ങളും കിടിഭകുഷ്ഠവും കണ്ണുചുവന്നും, പഴുത്തൊഴുകുക ചെയ്തപ്പ് ഇവയോടുകൂടിയും ഇരിക്കുന്ന കുഷ്ഠവും വർജ്ജ്യങ്ങളാണ്.

കുഷ്ഠാനി യാന്യേവ തു പഞ്ചകർമ്മ-
ഹീനാനി ഹന്യുഃ കില കുഷ്ഠിനം ഹി

ശ്വിത്രംത്വക്ശുഷ്കം ബദ്ധരോമയുക്തം
ത്യാജ്യം തഥാ ചാഗ്നിവിദഗ്ധജംച. ൧൨.

വമനവിരേചനാദി പഞ്ചകർമ്മങ്ങൾ ചെയ്യാൻവയ്യാത്ത ക്ഷീണവും വെളുത്തും വളരെ രോമത്തോടു കൂടിയതും തീ പൊള്ളിയിടത്തുണ്ടാകുന്നതും ആയ ശ്വിത്രവും അസാദ്ധ്യമാകുന്നു.

കുഷ്ഠം വിട്ടുമാറിയാലുള്ള ലക്ഷണം.

കുഷ്ഠം വിട്ടുമാറിയാലുള്ള ലക്ഷണം
സമ്യഗ്ദേഹാംഗവർണ്ണഃ പ്രഭവതി നിയതം പൂർവ്വരൂപം യഥാവൽ
സാഗ്രത്വം ചാംഗഷൾകേ നിഗദിതമഖിലം ശാന്തകുഷ്ഠസ്യലക്ഷ്യം
യഃ കശ്ചിൽ കുഷ്ഠരോഗേ ന ഹി യദി ക്രിയതേ തൽ പുനസ്തസ്യ ദേഹേ
ജാതസ്യ ദ്രാങ് നിഗദിതമഥോ ചാപ്യസൃഷ്ടമന്യാന്യരോഗാൽ.

ദേഹത്തിനു നല്ലപോലെ നിറം ഉണ്ടാകുക; എല്ലാ ശരീരഭാഗവും മുൻപിൽ ഏതുസ്ഥിതിയിൽ ഇരുന്നുവോ ആ സ്ഥിതിയിൽ ആവുക; ഇവ കുഷ്ഠം വിട്ടുമാറിയാലുണ്ടാകുന്ന ലക്ഷണങ്ങളാണ്. ആരെങ്കിലും ഒരുവൻ കുഷ്ഠരോഗം നിമിത്തം മരിക്കാതിരിക്കുകയും അവൻെറ അംഗത്തിൽ ആരോഗ്യം കാണുകയും ചെയ്യുന്ന എങ്കിൽ അതു് അന്യരോഗങ്ങളാൽ ദൂഷിച്ചിട്ടാണെന്നു് അറിഞ്ഞുകൊള്ളണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ കുഷ്ഠരോഗാധികാരം എന്ന ൪൦-ാം അദ്ധ്യായം കഴിഞ്ഞു.

ഏകചത്വാരിംശസ്തബകഃ.

വിസർപ്പാധികാരഃ.

വിസർപ്പനിദാനം.

ലവണാമ്ലകട്ടുഷ്ണസേവനാദപി ദോഷാദിബലപ്രകോപതഃ
രുധിരം പരിദൂഷ്യ വൈസർപികാ ത്വചി ദോഷാസ്സൃജ ഏവ ധാരവഃ.
അപി ഹേതുതയാ ഭവന്തി ഹി ബദ്ധയാ തേ തു വിസർപ്പകാരിണഃ
വദന്തി വിസർപ്പപൂർവ്വജം ഖലു രൂപം ഭിഷജോ യഥാതഥം.

ഉപ്പു്, പുളി, എരുവു്, ചൂടു് ഈ തരത്തിലുള്ള സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടും വാതാദിദോഷകോപത്താലും വിസർപ്പം ഉണ്ടാകുന്നു. രക്തം, ചോരവെള്ളം, ത്വക്, മാംസം ഇവയും വാതപിത്തകഫങ്ങളും ആകുന്ന ഏഴു ധാതുക്കൾ വിസർപ്പത്തിൽ ഏററവും ദൂഷിച്ചിട്ടു് വിസർപ്പത്തിനു കാരണമായിത്തീരുന്നു. ഇനിയും വിസർപ്പത്തിൻെറ പൂർവ്വരൂപത്തെ കാണിക്കുന്നു.

വിസർപ്പത്തിൻെറ പൂർവ്വരൂപം.

അംഗേഷു യച്ചിമിചിമായനദാഹതോദൈ-
രുഷ്ണത്വമേവ ഖലു യത്ര തു കണ്ഡുരാശ്ച
ആകമ്പിതാ ഇവ ഭവന്തി ഹി തദ്വിസർപ്പ-
പൂർവ്വം തു രൂപമഖിലാ ഭിഷജോ വദന്തി. ൩.

ദേഹത്തിൽ ചെറുപ്രാണികൾ ഇഴഞ്ഞുനടക്കുന്നപോലെ തോന്നുക; ചൂടു് കത്തിനോവു് ഉഷ്ണത്വം ചൊറിച്ചിൽ ഇവ വിസർപ്പത്തിൻെറ പൂർവ്വരൂപങ്ങളാണ്.

വിസർപ്പലക്ഷണം.

നാനാസ്ഫോടാ ദാഹയുക്താസ്തു ദേഹേ
പ്രായഃ സർപ്പന്ത്യേ സർവ്വത്ര യത്ര
സോഽയം പ്രോക്തസ്സാലസീകസ്തു വൈദ്യൈ-
രുക്തോ രോഗോ വൈ വിസർപ്പാഖ്യ ഏവ. ൪.

ചൂടോടും ചോരവെള്ളത്തോടുംകൂടി പലവിധ കുമിളകൾ ശരീരത്തിൽ എല്ലാസ്ഥലത്തും വ്യാപിപ്പിക്കുന്നതു് വിസർപ്പത്തിൻെറ ലക്ഷണമാണ്.

വിസർപ്പത്തിലെ പത്ഥ്യാപത്ഥ്യം.

ഗോധൂമശാലിയവമുദ്ഗചണാശ്ച പത്ഥ്യാ
വൃന്താകമന്യദപി ശോഷകരോരദൂഷാഃ
സേവ്യാസ്തഥൈവ തു ബുധൈശ്ച വിസർപ്പരോഗേ
പ്രായസ്തതോഽസ്യ പ്രതികാര്യമഥം ബ്രവീമി. ൫.

ഗോതമ്പു് ചെന്നെല്ലു് യവം ചെറുപയറു് ചണംപയറു് തക്കാരിവഴുതിന ശോഷകരങ്ങളായ മററുപദാർത്ഥങ്ങൾ വരകു് ഇവ വിസർപ്പരോഗത്തിൽ പത്ഥ്യങ്ങളാണ്. ഇനിയും വിസർപ്പചികിത്സ പറയുന്നു.

വിസർപ്പചികിത്സ.

ശിരീഷരാത്രിചന്ദനൈർഗ്ഗുദാരുണാജലൈർജ്ജടാ
നതം ത്രുടിപ്രയുക്തഹവ്യസാധിതം വിലേപിതം

വിസർപ്പനാൽ പ്രശമിതാം ഭൃശാം ദാഹശ്ച സംശിതാം
തഥൈവ പഞ്ചവല്ക്കലൈഃ പ്രലേപയേന്നിഷേചയേൽ.

നെന്മേനിവാക മഞ്ഞൾരണ്ടും രക്തചന്ദനം കൊട്ടം ഇരട്ടിമധുരം ഇരുവേലി മാഞ്ചി തകരം ചിറ്റേലം ഇവ പൊടിച്ച് നെയ്യിൽകുഴച്ച് തേക്കുകയോ നാല്പാമരത്തിന്റെയും കല്ലാറിന്റെയും തൊലിപൊടിച്ച് നെയ്യിൽ കുഴച്ച് തേക്കുകയോ ചെയ്താൽ വിസർപ്പം ശമിക്കും.

കഷായയോഗം.

ഘനാ നിംബവാശാ പടോലപ്രയുക്തൈഃ
ഫലാനാം ത്രയേണ്ശ്ചന്ദനേന കൃതം നീരം
സതിക്തം ശൃതം പീതമേവ പ്രകാമം
വിസർപ്പം ച വിസ്ഫോടകണ്ഡൂതിഹാരി.

മുത്തങ്ങാക്കിഴങ്ങ് വേപ്പിൻതൊലി ആടലോടകത്തിൻവേര് പടവലം ത്രിഫല രക്തചന്ദനം ഇവ കഷായംവെച്ച് സേവിക്കുക; വിസർപ്പം സ്ഫോടം ചൊറിച്ചിൽ ഇവ ശമിക്കും.

തൈലം.

കരഞ്ജസ്നുഹീഭാനദുഗ്ദ്ധാനലാനാം
നിശായുഗ്മസപ്തഛദാനാം വിശേഷണ
ഫലിന്യാ സമം പാചിതം ധേനുമൂത്രൈ-
സ്തതോഭ്യഞ്ജനാത്തദ്വിസർപ്പം നിഹന്തി.

പുങ്കിൻതൊലി കള്ളിപ്പാലക്കറ എരിക്കിൻകറ കൊടുവേലിക്കിഴങ്ങ് മഞ്ഞൾ ഏഴിലമ്പാലവേര് നിലപ്പനക്കിഴങ്ങ് ഇവ കല്ക്കമായി കടുക്കാന്നീരും ഗോമൂത്രവും ചേർത്ത് എണ്ണകാച്ചി തേക്കുക; വിസർപ്പം ശമിക്കും.

ഘൃതം.

വാശാമൃതാഖദിരനിംബപടോലപത്ര-
ധാത്രീത്വചാമൃതപയോഭിരഥോടകൈശ്ച
സിദ്ധം ഘൃതം പ്രപിബതാം ച വിസർപ്പഗുല്മ-
കുഷ്ഠാനി ചാശു സകലാനി പ്രയാന്തി നാശം.

ആടലോടകത്തിൻവേര് അമൃത് കരിങ്ങാലിക്കാതൽ വേപ്പിൻതൊലി പടവലത്തില നെല്ലിത്തൊലി ഇവ കല്ക്കമായി കാച്ചി ... സേവിച്ചാൽ സകലകുഷ്ഠങ്ങളും ശമിക്കും.

വമനവിധി.

കുലകനിംബജലൈർമ്മദനോഗ്രയൈർ-
മഗധയാശ്ച വിസർപ്പഗദപ്രണൽ
വമനമേവ ഭിഷഗ് ഗദിതം ദ്രുതം
നിഖിലയോഗവരം പ്രഥിതം പരം. ൧൦

പടവലം വേപ്പിൻതൊലി ഉഴിഞ്ഞ മലങ്കാരയ്ക്ക കടകപ്പാലയരി തിപ്പലി ഇവയോ കഷായംവെച്ചുകൊടുത്ത് ഛർദ്ദിപ്പിക്കുക; വിസർപ്പം ശമിക്കും.

വിരേചനം.

ത്രിവൃതയാ ത്രിഫലാരസസംയുതം
ഘൃതമഥോ പിബതാം ച വിരേചനാൽ
ജയതി പീതമലം സവിസർപ്പകം
ജ്വരഭവപ്രഭവം ദവഥും തഥാ. ൧൧

ത്രിഫലക്കഷായത്തിൽ ത്രികോല്പക്കൊന്നകല്ക്കമായി നെയ്യുകാച്ചി സേവിക്കുക; ജ്വരം സർവാംഗസന്താപം മുതലായവയോടുകൂടിയ വിസർപ്പം ശമിക്കും.

വാതവിസർപ്പലക്ഷണം.

നിസ്തോദഭേദശോഥസ്ഫുരണായാസശ്ച
സംഹർഷവാതജ്വരശ്ശൂലയുതാഃ
ശിരോർത്തിഹൃദ്ഗാത്രരുജാസമേതോ
വിസർപ്പരോഗഃ പ്രഥിതശ്ച വാതാൽ. ൧൨

കുത്തിനോവ് നീര് തരിപ്പ് അംഗവിറയൽ രോമാഞ്ചം ഇവയും വാതജ്വരത്തിന്ന പറഞ്ഞിരിക്കുന്ന വേദനകളും ഉണ്ടായിരുന്നാൽ അതിനെ വാതവിസർപ്പമെന്നു പറയുന്നു.

തച്ചികിത്സ (രാസ്നാദി.)

രാസ്നാബലാദാരുഹ്രീബൈഃ സുദ്ധൈഃ
നീലോല്പലൈഃ ചന്ദനകാശ്ച ലേപാൽ
വിസർപ്പരോഗം മരുകാനചിതം ച
വാതപ്രഭൂതം സഹസാ നിഹന്തി. ൧൩

അരത്ത കുറുന്തോട്ടിവേര് ദേവതാരം കരിങ്കുവളക്കിഴങ്ങ് രക്തചന്ദനം ഇരട്ടിമധുരം ഇവപൊടിച്ച് തൈരിൽ അരച്ച് നെയ്യും കൂട്ടിതേക്കുക; വാതവിസർപ്പം ശമിക്കും.

പിത്തവിസർപ്പലക്ഷണം.

ദ്രുതഗതിഃ ഖലു പിത്തസമുദ്ഭവോ
ഭവതി തജ്ജ്വരലക്ഷിതലക്ഷണഃ
അപി ച പിത്തവിസർപ്പഗദസ്യ ച
പ്രതികൃതിം ച തതോഽസ്യ ബ്രുവേഽധുനാ. ൧൮

വേഗത്തിൽ ദേഹത്തിൽ വ്യാപിക്കുക; പിത്തജ്വരലക്ഷണങ്ങൾ കാണുക; ഇവ പിത്തവിസർപ്പലക്ഷണമാണ്.

തച്ചികിത്സ

വടാരോഹരുദ്രാബ്ജനാളാഗ്രമോചാ-
ശ്ശൃതം വാരധൌതേന ഹവ്യേന പിഷ്ടാഃ
വിലേപാന്നിഹന്ത്യാശു പിത്തപ്രഭൂതം
വിസർപ്പം തഥാ ഗൈരികം തേന നിത്യം. ൧൯

പേരാലിൻവേട്ട് രാമച്ചം താമരവളയത്തിൻെറ അററം കദളി വാഴമാണം കാവിമണ്ണ് ഇവ വളരെ പ്രാവശ്യം കടഞ്ഞെടുത്ത നെയ്യിൽ അരച്ചുതേച്ചാൽ പിത്തവിസർപ്പം ശമിക്കും.

കഫവിസർപ്പലക്ഷണം.

സ്നിഗ്ധശ്ച കണ്ഡൂസഹിതഃ കഫേന
കഫജ്വരോക്തസ്തു വിസർപ്പരോഗഃ.

സ്നിഗ്ദ്ധത ചൊറിച്ചിൽ ഇവയും കഫജ്വരത്തിനു പറഞ്ഞിരിക്കുന്ന ലക്ഷണങ്ങളും കണ്ടാൽ അത് കഫവിസർപ്പത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

ഗായത്രികാബ്ദാമരദാരുശിഗ്രു-
വാശാന്ദപത്രപ്രഭവൈഃ പ്രലേപഃ. ൨൦
കുടന്നടോത്ഥൈരപി ബീജസംഭൈ-
രുക്തഃ പ്രപിഷ്ടഃ ഖലു തന്നിഹന്തി
ഫലത്രയം പത്മകമശ്മശിഗ്രു-
മുശീരമപ്യന്ന ജലസ്യ മൂലം. ൨൧
അനന്തയാ പിഷ്ടമദഃ സമസ്തം
വിലേപനാത്തം നയതി പ്രശാന്തിം
വിസർപ്പരോഗം കഫജം വിശേഷാൽ
വൈദ്യാധിഭൂപാഃ പ്രവദന്തി കാമം. ൨൨

കരിങ്ങാലിക്കാതൽ മുത്തങ്ങാക്കിഴങ്ങു ദേവതാരം മുരിങ്ങത്തൊലി അടലോടകത്തിൻവേരു കൊന്നത്തൊലി പലകപ്പയ്യാനിയുടെ അരി ഇവയോ; ത്രിഫല പതുമുഖം കല്ലൂർവഞ്ചിവേരു മുരിങ്ങത്തൊലി രാമച്ചം ഇരുവേലി കൊടിത്തൂവവേര് ഇവയോ അരച്ചുതേച്ചാൽ കഫവിസർപ്പം ശമിക്കും.

അഗ്നിവിസർപ്പലക്ഷണം.

ശീഘ്രൈജ്വരഗ്നിദഗ്ധപ്രഭൈഃ സ്ഫോടകൈർ
വാതകോപാധികശ്ചാതിനീലൈഃ ക്വചിൽ
മർമ്മഭേദീ വ്യഥേതാംഗമേവ ധ്രുവം
ചേതനാമാഹരേച്ഛ്വാസഹിക്കാന്വിതഃ. ൨൩
ക്വാപി നിദ്രാം ലഭേന്നൈവ ശയ്യാദിഷു
ചേഷ്ടമാനോ രതിഃ ക്ലേശയുക്തസ്തദാ
ദൃഷ്ട്പ്രബോധോഽശ്നുതേ ക്വാപി നിദ്രാം ജന-
ശ്ചാഗ്നിവിസർപ്പ ഉക്തസ്തു വൈദ്യൈസ്തദാ. ൨൪

തീപ്പൊള്ളലിനു തുല്യമായും എളുപ്പത്തിൽ വ്യാപിക്കുന്നവയായും ഇരിക്കുന്ന കുമിളകളുണ്ടാവുക; വാതം അധികം കോപിക്കുക; വിസർപ്പം വ്യാപിക്കുന്ന സ്ഥലം കറുത്തിരിക്കുക; മർമ്മങ്ങളെ പിളക്കുകയും ചേതനയെ ഹരിക്കുകയും ചെയ്യുക; ശ്വാസം ഇക്കിൾ ഇവയുണ്ടാകുക; ഒരിക്കലും ഉറക്കം ഉണ്ടാകാതിരിക്കുക; കിടക്കയിൽ കിടന്നുരുളുകയും ദുഃഖിക്കയും ചെയ്തതിനുശേഷം ശ്രമംനിമിത്തം ഉണർന്നിയാലും ഉണരാത്തവിധം നിദ്രയുണ്ടാവുക ഇവയെല്ലാം അഗ്നിവിസർപ്പത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

ഗുഡൂചീനിംബപത്രൈഃ ഖദിരജലപാനീയമസകൃ-
ന്നിപീതം ലിപ്തം വാ ഹരതി സഹസാ സ്നായുജഗദം
രസം വാ ശേഫാലീഭവമഥ ഗവീഹവ്യസഹിതം
വിസർപ്പം നിഷ്പീതം ത്രിദിനമപി വൈ ലേപിതതമം. ൨൫

അമൃത് കടമ്പിൻതൊലി കുടകപ്പാലയരി കരിങ്ങാലിക്കാതൽ ഇവ കഷായംവച്ചു വളരെ പ്രാവശ്യം സേവിക്കയോ വെളുത്ത നൊച്ചിയുടെ നീരു പശുവിൻനെയ്യു ചേർത്തു സേവിക്കുകയോ; ചെയ്താൽ വിസർപ്പം ശമിക്കും. ഈ മരുന്നുകൾ അരച്ചു തേക്കുന്നതും വിസർപ്പത്തിനു നല്ലതാണ്.

ഗ്രന്ഥിവിസർപ്പലക്ഷണം.

കഫേന രുദ്ധഃ പവനസ്തമാശു
കഫം സരക്തം ത്വയി സംസ്ഥിതം ച

സ്നായ്വസ്ഥിതം മാംസഗതം സിരാസ്ഥം
സിന്ദൂഷയിത്വാ തനുവൃത്തകാനി ൨൨

സ്ഥൂലാനി ഗ്രന്ഥീനി സരുഗ് ജ്വരാണി
സശോഷഹിക്കാവമിവിഭ്രമാഭ്യാം
സമോഹവൈവർണ്ണ്യവിമൂർച്ഛനാദ്യൈ-
സ്തഥാങ്ഗഭേദൈസ്സദനൈന്നരാണാം. ൨൩

കുര്യാദലം ഗ്രന്ഥിവിസർപ്പരോഗം
സശ്ലേഷ്മവാതപ്രഭവം വിശേഷാത്
ശ്വാസേന കാസേന തഥാതിസാര
ദോഷേണ യുക്തം ഭണിതം മുനീന്ദ്രൈഃ ൨൪

കഫം വായുവിനെ തടയുമ്പോൾ വായു ആ കഫത്തെയോ, തൊലിയിലും ഞരമ്പുകളിലും നാഡികളിലും മാംസത്തിലും ഉള്ള രക്തത്തെയോ ദൂഷിപ്പിച്ച് വൃത്തങ്ങളായും സ്ഥൂലങ്ങളായും ഇരിക്കുന്ന പലവിധത്തിലുള്ള ഗ്രന്ഥികളെ (മുഴകളെ) ഉണ്ടാക്കും. അതോടുകൂടി വേദന, ജ്വരം, കാർശ്യം, ഇക്കിൾ, ഛർദ്ദി, തലകറക്കം, മോഹം, നിറംമാററം, വാടുങ്ങിപ്പോവുക, ഇന്ദ്രിയത്തിന്ന തളർച്ച, ശ്വാസം, കാസം, അതിസാരം ഇവയും ഉണ്ടാകും. അതിന്ന് ഗ്രന്ഥിവിസർപ്പം എന്നു പേർ. ഇതിന് കഫവാതങ്ങളുടെ കോപമാണ് കാരണം.

തച്ചികിത്സ.

സൂതം ഗന്ധം ദഗ്ധശംഖം നിശാഭ്യാം
കന്ദം തദ്വച്ചാമൃതം മാക്ഷികം ച
നീലീനീരൈശ്വാശ്മജത്വാദി സർവം
മധ്വാജ്യാഭ്യാം പേഷ്യ ലേപ്യം വിസർപ്പേ. ൨൫

ശുദ്ധിചെയ്ത രസം ഗന്ധകം ശംഖഭസ്മം മഞ്ഞൾ മരമഞ്ഞൾ താമരക്കിഴങ്ങ് അമൃത് കന്മദം ഇവ എല്ലാംകൂടി പൊടിച്ച് അമരിനീരിൽ അരച്ച് തേനും നെയ്യും ചേർത്ത് ലേപനംചെയ്യുക; ഗ്രന്ഥിവിസർപ്പം ശമിക്കും.

കർദ്ദമവിസർപ്പം.

കഫപിത്തഭവോ വിസർപ്പരോഗോ
ജ്വരനിദ്രാസഹിതഃ സതന്ദ്രികശ്ച
ശിരസശ്ച രുജാ തഥാങ്ഗസാദൈഃ
സഹ വിക്ഷേപപ്രലാപഗൌരവൈർവാ. ൨൬

അരുചിഭ്രമമൂർച്ഛനാഗ്നിഹാനി-
പ്രമുഖൈരാമവിലേപനാസ്ഥിഭേദൈഃ
തൃഷയാതി പ്രസർപ്പിതഃ പ്രകാമം
പിടകൈർല്ലോഹിതപീതപാണ്ഡുരൈശ്ച. ൨൭

അസിതഃ ഖലു മേചകാഭ ഏവ
മലിനസ്നിഗ്ദ്ധതരോതിശോഫ ഉക്തഃ
ഗുരുതാതിഗഭീരപാകതാഭിഃ
ശവഗന്ധേന യുതോഽതിപിച്ഛിലശ്ച. ൨൮

അപി ശീർണ്ണപ്രദേശോ വിസർപ്പ ഏവ
വിരുജശ്ചൈകതരം തഥാമദേശം
പ്രതിഗൃഹ്യ സിരാസു തദ്വദേവാ-
പ്യഥവാ സ്നായുഗണേഽപി കർദ്ദമാഖ്യഃ. ൨൯

കഫപിത്തങ്ങൾ കോപിച്ച് പനി, ഉറക്കം, മടി, തലവേദന, ശരീരത്തിന്ന തളർച്ച, ഞെട്ടൽ, പേപറയുക, ഗൌരവം, അരുചി, തലകറക്കം, മൂർച്ഛ, അഗ്നിമാന്ദ്യം, വയററിൽനിന്ന ദഹിക്കാതെ പോവുക, അസ്ഥിപിളരുക, തണ്ണീർദാഹം ഇവയോടുകൂടി ഉണ്ടാകുന്ന വിസർപ്പം കർദ്ദമവിസർപ്പമാണ്. ചുവന്നും മഞ്ഞളിച്ചും വെളുത്തുമിരിക്കുന്ന കുരുക്കളുമുണ്ടാകും. വിസർപ്പമുണ്ടാകുന്ന സ്ഥലം കറുത്തും മയിൽകഴുത്തിന്റെ നിറത്തിലും മലിനമായും മിനുസമായും വളരെ നീരോടുകൂടിയും ഇരിക്കും. ഗുരുത്വം, വളരെ പഴുപ്പ്, ശവഗന്ധം ഇവയും കാണും. കർദ്ദമവിസർപ്പത്തിൽ മാംസങ്ങൾ ദ്രവിക്കയും വേദന കുറഞ്ഞിരിക്കയും ചെയ്യും. ഇത് അമാശയത്തിന്റെ ഒരുഭാഗത്തെ ആശ്രയിച്ചാണ് ഉണ്ടാകുന്നത്. ഇതിൽ ഞരമ്പുകൾ എല്ലാം സ്പഷ്ടമായി കാണുകയും ചെയ്യും.

തച്ചികിത്സ.

അഷ്ടയവമാത്രാ ദ്വിരക്തികം ഫലത്രയേണ സംയുതം
സമശ്നതഃ ച കർദ്ദമം വിസർപ്പമാശു നാശയേത്. ൩൦

എട്ടു യവത്തിൻറിട ശുദ്ധിചെയ്ത ഇരുമ്പിൻപൊടിയും ത്രിഫലയുംകൂടി ഭക്ഷിക്കുക; കർദ്ദമവിസർപ്പം ശമിക്കും.

സന്നിപാതവിസർപ്പലക്ഷണം.

സമസ്തരൂപസംയുതസ്ത്രിദോഷജോ വിസർപ്പകഃ
സുശാന്തബീജഭല്ലികാസുതൈലമാശു ലേപനാത്. ൩൧

മൂന്നുദോഷങ്ങളും കോപിച്ചാലുള്ള ലക്ഷണങ്ങൾ ഉണ്ടായിരുന്നാൽ അത് ത്രിദോഷജമായ വിസർപ്പമാണ്.

തച്ചികിത്സ.

ചേക്കുരുവിൻതൈലത്തിൽ ചണവിത്തു പൊടിച്ചിട്ട് ലേപനംചെയ്യുക; സന്നിപാതജമായ വിസർപ്പം ശമിക്കും.

ക്ഷതജവിസർപ്പം.

ക്രുദ്ധസ്സമീരഃ ഖലു ബാഹ്യഹേതോഃ
ക്ഷതാദ്വിസർപ്പം രുധിരം സപിത്തം
കുര്യാൽ കുലത്ഥൈശ്ച ചിതം യഥൈവ
സമീരയൻ ശ്യാവതരം ച രക്തം. ൩൨

ക്ഷാരേണ ചാഗ്നിപ്രഭവൈശ്ച ദാഹൈ-
ന്ന രക്തമോക്ഷേണ സമം ച കിഞ്ചിൽ.

ബാഹ്യഹേതുക്കളാൽ (അടി ഇടി മുതലായവയാൽ) വായു കോപിച്ച് പിത്തത്തെയും രക്തത്തെയും ഇളക്കി മുതിരപോലുള്ള പൊള്ളലുകളോടുകൂടിയും കരുവാളിച്ചും ചുവന്ന നിറത്തിലും ഉണ്ടാകുന്ന വിസർപ്പം ക്ഷതവിസർപ്പമാണ്. ഇതിനു പ്രധാനമായ ചികിത്സ രക്തം കളയുകയാണ്.

വിസർപ്പോപദ്രവങ്ങൾ.

ജ്വരാതിസാരോ വമഥുഃ ക്ലമശ്ച
സരക്തമാംസേ ദരണം തഥൈവ
ഹൃദരോചകം ചാഥ വിപാകതാ ച
വിസർപ്പകോപദ്രവസംഘ ഏഷഃ. ൩൩

പനി, അതിസാരം, ഛർദ്ദി, മാംസം പിളരുക, അരുചി, ആഹാരം ദഹിക്കാതിരിക്കുക ഇവ വിസർപ്പത്തിലുണ്ടാകുന്ന ഉപദ്രവങ്ങളാണ്.

സാദ്ധ്യാസാദ്ധ്യലക്ഷണം.

വാതപ്രഭൂതാഃ കഫജാശ്ച പിത്ത-
സമുദ്ഭവാ യേ ച വിസർപരോഗാഃ
സിദ്ധ്യന്തി തേ നോ സവ്ഭവഃ ക്ഷതോത്ഥഃ
പിത്താദ്ഭവശ്ചാഞ്ജനസന്നിഭശ്ച. ൩൪

മർമ്മപ്രഭൂതാശ്ച വിസർപരോഗാഃ
കൃച്ഛ്രാശ്ച വൈദ്യൈഃ സമുദാഹൃതാശ്ച
വിസർപരോഗപ്രശമായ നാഗം
ദദ്യാൽ സുവർണ്ണസ്യ സപത്മരാഗം. ൩൫

വാതവിസർപം കഫവിസർപം പിത്തവിസർപം ഇവ സാദ്ധ്യങ്ങളും സന്നിപാതവിസർപവും ക്ഷതവിസർപവും അരിയായ പിത്തകോപത്തോടും മഷിപോലെ കറുത്തനിറത്തോടുംകൂടി ഉണ്ടാകുന്ന വിസർപവും മർമ്മങ്ങളിൽ ഉണ്ടാകുന്ന വിസർപവും അസാദ്ധ്യങ്ങളാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
വിസർപാധികാരം എന്ന ൪൧-ാം സ്തബകം കഴിഞ്ഞു.

ദ്വിചത്വാരിംശസ്തബകഃ.

വിസ്ഫോടകാധികാരഃ.

വിസ്ഫോടനിദാനം.

കടുതീക്ഷ്ണവിദാഹിരൂക്ഷഭക്ഷ്യൈ-
രശനാജീർണ്ണതരൈഃ ശനൈഃ പുനർനാ
ഋതുദോഷവിപര്യയേണ ദോഷാഃ
പവനാദ്യാ രുധിരാസ്ഥിമാംസമേവ. ൧

അപി ദൂഷ്യ തഥാ ത്വചം ഗതാശ്ച
ജ്വരവിസ്ഫോടഗദാനലം പ്രകുര്യുഃ

എരിവുള്ളവയും തീക്ഷ്ണങ്ങളും വിദാഹികളും രൂക്ഷങ്ങളും ആയ പദാർത്ഥങ്ങളെ ഭക്ഷിക്കുകകൊണ്ടും അപക്വദ്രവ്യത്തെ ഭക്ഷിക്കുകൊണ്ടും ശീതോഷ്ണാദികളുടെ അതിയോഗം ഹേതുവായിട്ടും ഋതുക്കൾ കാലംതെററി വരുന്നതുകൊണ്ടും വാതാദിദോഷങ്ങൾ കോപിച്ച് ത്വക്കിനെ ആശ്രയിച്ച് രക്തം, അസ്ഥി, മാംസം ഇവയെ ദൂഷിപ്പിച്ച് വിസ്ഫോടരോഗത്തെ ഉണ്ടാക്കുന്നു. ഈ വിസ്ഫോടം ഉണ്ടാകുന്നതിനു മുൻപിൽ പനിയും ഉണ്ടായിരിക്കും.

വിസ്ഫോടപൂർവ്വരൂപം.

സദനം ദവഥുസ്തഥോഷ്ണതാ വാ
പ്രഭവത്യംഗഗണേ തു ജാഡ്യമേവ. ൨

ക്വചിദപ്യഥവാ ഹി പൂർവ്വരൂപേ-
ഷ്വദിതം സ്ഫോടഗദസ്യ ലക്ഷണം ച

തളർച്ച, ചൂട്, ഉഷ്ണത്വം, ശരീരങ്ങൾക്കു ജഡത ഇവ വിസ്ഫോടരോഗത്തിന്റെ പൂർവ്വരൂപമാണ്.

വിസ്ഫോടലക്ഷണം.

യഥാഗ്നിദഗ്ദ്ധാഃ പ്രഭവന്തി ദേഹേ
സ്ഫോടാസ്തഥാ കോപിത സർവ്വദേഹേ
സരക്തപിത്തപ്രഭവാ ഭവന്തി
വിസ്ഫോടകം തം പ്രവദന്തി വൈദ്യാഃ ൩

രക്തപിത്തങ്ങളുടെ കോപംനിമിത്തം തീപ്പൊള്ളലുപോലുള്ള കുമിളകൾ ദേഹത്തിൽ മുഴുവനുമോ ചിലേടത്തോ ഉണ്ടായാൽ വൈദ്യന്മാർ അതിനെ വിസ്ഫോടം എന്നു പറയുന്നു.

വിസ്ഫോടത്തിൽ ശീലിക്കേണ്ടവ.

യവാശ്ശാലയഃ കോദ്രവാ വാ കുലത്ഥാ-
സ്തഥാ പഥ്യമേതേഷു ഗോധൂമകാശ്ച
സുപത്ഥ്യാദ്ധകീമാംസമസ്മിൻ പ്രജാതേ
സദാ വർജ്ജനീയാ ച ശാകാൻ പ്രവക്ഷ്യേ. ൪

യവം ചെന്നെല്ല് വരക് ഗോതമ്പ് ഇവ വിസ്ഫോടരോഗത്തിൽ പഥ്യമാണ്. മുതിര തുവര, മാംസം ഇവ വിസ്ഫോടരോഗത്തിൽ വർജ്ജ്യങ്ങളാണ്. ഇനിയും ശാകങ്ങളെ പറയുന്നു.

സനിംബകൈസ്സകാരവേല്ലകൈ-
രഥ വേത്രാഗ്രകതണ്ഡുലീയകൈഃ
അപി ശേംബുകകുലകൈസ്തഥാ-
പ്യുദിതം പഥ്യമഭീരുകൈരലം. ൫

വേപ്പില പാവലിന്റെയില ചൂരൽത്തളിര് ചെറുചീര തിങ്ങളി പടവലം ഇവ വിസ്ഫോടത്തിന് പഥ്യങ്ങളാണ്.

[illegible]

കിരാതതിക്തപിചുമന്ദയഷ്ടീ-
പടോലവാശാമലകൈരടജാനാം
ഫലത്രയോശീരകപർപ്പടാനാം
വിസ്ഫോടനാശായ പിബേൽ കഷായം. ൬

പൂത്തരിച്ചുണ്ടവേര വേപ്പിൻതൊലി ഇരട്ടിമധുരം പടവലം ആടലോടകത്തിൻവേര് മുത്തങ്ങാക്കിഴങ്ങ് കുടകപ്പാലയരി ത്രിഫല രാമച്ചം പർപ്പടകപ്പുല്ല് ഇവ കഷായംവച്ചു സേവിക്കുക; വിസ്ഫോടം ശമിക്കും.

വിസ്ഫോടത്തിനു ലേപനം.

ശിരീഷഹിംസ്രാഗജകേസരാണാം
സോശീരകാണാം ച വിലേപനേന
വിസർപ്പവിസ്ഫോടകജാ നരാണാം
സ്ഫോടാ വിശേഷാത്ഥഃ പ്രലയം പ്രയാന്തി. ൭

വാകത്തൊലി മാഞ്ചി നാഗപ്പൂവ് രാമച്ചം ഇവ അരച്ചു തേക്കുക; വിസർപ്പം, വിസ്ഫോടം ഇവയും മറ്റുവിധങ്ങളായ വിസ്ഫോടങ്ങളും ശമിക്കും.

മറ്റൊരു കഷായം.

പീയൂഷവല്ലീപിചുമന്ദമോവ-
ഗായത്രികാശക്രഭവാംബുവാരി
വിസ്ഫോടകം ഹന്തി നിപീതമാശു
വായുര്യഥാ മേഘചയം പ്രവൃദ്ധം. ൮

അമൃത് വേപ്പിൻതൊലി മുത്തങ്ങാക്കിഴങ്ങ് കരിങ്ങാലിക്കാതൽ കുടകപ്പാലയരി ഇരുവേലി ഇവ കഷായംവച്ചു സേവിക്കുക; വിസ്ഫോടം ശമിക്കും.

അന്യയോഗം.

അമൃതമാലപടോലനിശാദ്വയൈഃ
ഖദിരസിംഹമുഖീപിചുമന്ദകൈഃ
അസിതവേത്രമുനിച്ഛദസംയുതം
ശൃതജലം ഖലു പാപഗദം ജയേൽ. ൯

വിഷവിസർപ്പാഃ ച മസൂരികാം
ശിശിരപിത്തഭവം ജ്വരമാശു തൽ
അപി ച കുഷ്ഠഹരം ഗദിതഃ സദാ
ഹരതി കണ്ഡുതികാമപി പാമതാഃ. ൰

അമൃത് മുത്തങ്ങാക്കിഴങ്ങ് പടവലം മഞ്ഞൾ മരമഞ്ഞൾ കരിങ്ങാലിക്കാതൽ ആടലോടകത്തിൻവേര വേപ്പിൻതൊലി ചൂരൽകിളുന്ന് ഏഴിലമ്പാലത്തൊലി ഇവ കഷായംവച്ചു സേവിക്കുക; വിഷം, വിസർപ്പം, മസൂരി, ശീതപിത്തജ്വരം മുതലായവ ശമിക്കും.

ദശാംഗലേപനം.

ശിരീഷയഷ്ടീനതശിശിരരാത്രിദ്വയജലൈഃ
സകുഷ്ഠം ഹന്ത്യം വാ ഹരതി യദ്വാ ഭൃതജടയാ

ദശാംഗം സംലിപ്തം ദവഥുഗദമാതാപബഹുലം
വിസർപ്പേ വിസ്ഫോടേ നിഗദിതമദോ വൈദ്യനികരൈഃ.

വാകത്തൊലി വ്യുവത്താരി ഇരട്ടിമധുരം രാമരം ചന്ദനം മഞ്ഞൾ മരമഞ്ഞൾ ഇരുവേലി കൊട്ടം മാഞ്ചി ഇവ പൊടിച്ച് അരച്ചു തേക്കുക; വിസർപ്പം, ചൂട് മുതലായവ ശമിക്കും.

വാതവിസ്ഫോടലക്ഷണം.

ശിരോരുജഃ പർവ്വസു ഭേദപീഡേ
കാർശ്യം ഗുരുത്വം ഖലു യത്ര സോഽയം
വിസ്ഫോടകോ വാതഭവഃ പ്രകാമം
വദന്തി വൈദ്യാശ്ചരകാദയോ യേ. ൧൨

തലവേദന, സന്ധിപിളരുക, സന്ധിക്കു വേദന, കാർശ്യം, ഗുരുത്വം ഇവ വാതവിസ്ഫോടത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ദിങ്മൂലരാസ്നാഘനധാന്യകാനാം
ദുരാലഭോശീരഗുഡൂചികാനാം
ദാവ്യാനചിതാനാം പ്രപിബേൽ കഷായം
വാതോത്ഥവിസ്ഫോടകനാശനായ. ൧൩

ദശമൂലം അരത്ത മുത്തങ്ങ കൊത്തമ്പാലരി കൊടിത്തൂവവേരു രാമച്ചം അര്യുത്ത് മരമഞ്ഞൾത്തൊലി ഇവ കഷായംവച്ചു സേവിക്കുക; വാതവിസ്ഫോടം ശമിക്കും.

പിത്തവിസ്ഫോടലക്ഷണം.

ജ്വരദാഹരുജാനചിതോഽതിപാകീ
ബഹുധാ സ്രാവയുതോഽതിതർഷയുക്തഃ
അപി പീതതരോഽഹി ലോഹിതോ വാ
ഗദിതഃ സ്ഫോടഗദസ്തു പിത്തജോഽയം. ൧൪

പനി, ചൂട്, വേദന, വലിയ പഴുപ്പ്, പലപ്രകാരത്തിൽ ചലം ഒലിക്കുക, ദാഹം, മഞ്ഞനിറത്തിലോ ചുവന്നോ ഇരിക്കുക; ഇവ പിത്തവിസ്ഫോടത്തിന്റെ ലക്ഷണമാകുന്നു.

തച്ചികിത്സ.

ദ്രാക്ഷാപടോലപിചുമന്ദദുരാലഭാനാം
കാശ്മര്യവാസകയുതം ശൃതമംബു പാനാൽ
ഖർജ്ജൂരലാജമധുപിത്തസമനചിതാനാം
വിസ്ഫോടമാശു വിനിഹന്തി ച പിത്തജാതം. ൧൫

മുന്തിരിങ്ങാപ്പഴം പടവലം വേപ്പിൻതൊലി കൊടിത്തൂവവേരു കുമ്പിൾവേരു ആടലോടകത്തിൻവേരു ചിററീന്തലിൻവേരു മലര് ഇവ കഷായംവച്ചു സേവിക്കുക; പിത്തവിസ്ഫോടം ശമിക്കും.

കഫവിസ്ഫോടലക്ഷണം.

ഛർദ്ദ്യരോചകജഡതാഃ ഖലു യത്ര
പാണ്ഡുതാഽപ്യതി തഥൈവ ച കണ്ഡൂഃ
നോ ഭവന്തി ച രുജശ്ചിരപാകീ
സ്ഫോട ഏഷ ഗദിതഃ കഫജാതഃ. ൧൬

ഛർദ്ദി, അരുചി, ജഡത, വെളുപ്പ്, ഏററവും ചൊറിച്ചിൽ വേദന കുറഞ്ഞിരിക്കുക, വളരെക്കാലംകൊണ്ടു പഴുക്കുക; ഇവ കഫവിസ്ഫോടത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ഭൂനിംബനിംബേന്ദ്രജവാസകാനാം
പടോൽത്രുടിഭ്യാം മധുനാ ശൃതം ച
സത്രൈഫലം ക്വാഥമിദം നിപീതം
വിസ്ഫോടകം ഹന്തി കഫപ്രഭൂതം. ൧൭

പുത്തരിച്ചുണ്ടവേരു വേപ്പിൻതൊലി കടുകപ്പാലയരി ആടലോടകത്തിൻവേരു പടവലം ഏലത്തരി ത്രിഫല ഇവ കഷായംവച്ചു തേൻ മേമ്പൊടിചേർത്തു സേവിക്കുക; കഫവിസ്ഫോടം ശമിക്കും.

വാതപിത്തജവിസ്ഫോടം.

സവാതപിത്തപ്രഭവേ വിശേഷാൽ
പീഡാ ഭവേത്തത്ര ശിരീഷജംബ്വാഃ
ഉദുംബരസ്യാപി ച ലേപസേകോ
വിസ്ഫോടകം ഹന്തി കഫപ്രഭൂതം. ൧൮

വാതവും പിത്തവുംകൂടി കോപിച്ചുണ്ടാകുന്ന വിസ്ഫോടത്തിൽ വിശേഷിച്ചു പീഡ ഉണ്ടായിരിക്കും.

തച്ചികിത്സ.

വാകത്തൊലി ഞാവൽത്തൊലി ഇത്തിത്തൊലി ഇവ അരച്ചു തേക്കുകയോ ദേഹത്തിൽ ധാരചെയ്യുകയോ ചെയ്താൽ വാതപിത്തജവിസ്ഫോടം ശമിക്കും.

വാതകഫജ വിസ്ഫോടം.

സ്തൈമിത്യം ഗുരുതാ ച വാതകഫജേ കണ്ഡൂർഭവേത്തത്ര വൈ
വിസ്ഫോടേ ഹരിതാലഗന്ധകശിലാസിന്ദൂരരാത്രിദ്വയൈഃ
കല്ക്കീകൃത്യ സുവച്ചലേന വിധിവത്തൈലം ച വേദോന്മിതം
തസ്മാദേ ദമിതൈഃ പയോഭിരഥവാ സംപാചിതം മർദ്ദയേൽ. ൨൧

ഇളക്കമില്ലായ്ക, ഗുരുത്വം, ചൊറിച്ചിൽ ഇവ വാതകഫജമായ വിസ്ഫോടത്തിന്റെ ലക്ഷണമാകുന്നു.

തച്ചികിത്സ.

ഹരിതാലം ഗന്ധകം മനയോല സിന്ദൂരം മഞ്ഞൾ മരമഞ്ഞൾ ഇവച്ചിലയുപ്പ് ഇവ കല്ക്കമായി നാലിരട്ടി പാലുംചേർത്ത് എണ്ണകാച്ചി തേക്കുക; വിസ്ഫോടം ശമിക്കും.

കഫപിത്തജമായ വിസ്ഫോടം.

കണ്ഡൂദാഹവമിജ്വരാദിസഹിതഃ സശ്ലേഷ്മപിത്തോദ്ഭവൈഃ
ക്വാത്ഥൈഃ പടോലവാസവാരനോജ്ജന്മാഗ്രഗന്ധാകൃതൈഃ
കഷായൈർന്നിംബയുതൈർന്നിപീതവദ്ഭിതൈഃ പ്രായോഽനവേലം പുമാൻ
സദ്യഃ സ്ഫോടഗദാദ്വിമുക്തസകലോ ദേഹേപ്രഭാവാൻ ഭവേൽ.

ചൊറിച്ചിൽ, ചൂട്ട്, ഛർദ്ദി, ജ്വരം ഇവ കഫപിത്തജമായ വിസ്ഫോടത്തിന്റെ ലക്ഷണമാകുന്നു.

തച്ചികിത്സ.

പടവലം കുടകപ്പാലയരി മലങ്കാരയ്ക്ക വയമ്പ് വേപ്പിൻതൊലി ഇവ കഷായംവച്ചുകൊടുത്തു ഛർദ്ദിപ്പിക്കുക; കഫപിത്തജമായ വിസ്ഫോടം ശമിക്കും. ദേഹത്തിനു പ്രഭയുണ്ടാകയും ചെയ്യും.

സന്നിപാതജവിസ്ഫോടം.

മധ്യേ നിമ്നശ്ചോന്നതസ്ത്വന്തമന്താൽ
പ്രോച്ചഃ പ്രായഃ സംഭൃതപാകീ ജഡോഽപി
ദാഹസ്തൃഷ്ണാമോഹരാഗജ്വരാശ്ച
ഛർദ്ദിർമ്മൂർഛാ വേപഥുശ്ച പ്രലാപഃ. ൨൧

പീഡാത്യർത്ഥം സവ് എതേ ച യത്ര
സോഽയം പ്രോക്തസ്സന്നിപാതോദ്ഭവശ്ച
വിസ്ഫോടാഖ്യോ രോഗ ഏഷ ത്വസാധ്യ-
ശ്ചേഷാം വക്ഷ്യേ തച്ചികിത്സാം യഥാവൽ. ൨൨

നടുവു കുഴിഞ്ഞും അരുകു ഉയൎന്നും സമ്പൂൎണ്ണ പഴുപ്പോടുകൂടിയും ഇരിക്കുക; ചൂട്ട്, തണ്ണീർദാഹം, മോഹം, ചുവപ്പ്, ജ്വരം, ഛർദ്ദി, മൂർഛാ, വിറയൽ, പേപറയുക, വലിയവേദന ഇവയും സന്നിപാതജമായ വിസ്ഫോടത്തിന്റെ ലക്ഷണങ്ങളാണ്. ഇതു് അസാദ്ധ്യവും ആകുന്നു.

തച്ചികിത്സ.

കഫകനിംബപടോലത്രിഫലാവാസകൈഃ
രമൃതാസപ്തച്ഛദൈരപി സംസ്കൃതം
ത്രിഭവമാശു നിപീതതമം വാതേ-
ദഥിഷവിസർപ്പഗദം സരുജം തഥാ. ൨൩

പടവലം വേപ്പിൻതൊലി ത്രിഫല ആടലോടകത്തിൻവേര് അമൃത് ഏഴിലമ്പാലത്തൊലി ഇവ കഷായംവച്ചു സേവിക്കുക; ത്രിദോഷജമായ വിസ്ഫോടം ശമിക്കും.

രക്തജവിസ്ഫോടം.

രക്താ രക്തസമുദ്ഭവാശ്ച ഗദിതാ
ഗുഞ്ജാഫലാഭാസ്ത്വയേ
തേ പിത്തസ്യ ച ഹേതുനാ ഹി ജനിതാ
രക്തേന ച സ്ഫോടകാഃ
നോഽസാധ്യാഃ പ്രഭവന്തി യോഗശതകൈ-
സ്തേഷാം ചികിത്സാ തഥാ
ശ്രീമച്ഛീതലികാനമോദനമലം
തന്മന്ത്രപൂജാദിഭിഃ. ൨൪

ചുവന്നും കുന്നിക്കുരുവിന്റെ ആകൃതിയിലും ഉണ്ടാകുന്ന വിസ്ഫോടങ്ങൾ രക്തജങ്ങളാണ്. ഇതിനു കാരണം രക്തപിത്തങ്ങളുടെ കോപമാണ്. എത്രയൊക്കെ ചികിത്സിച്ചാലും ഇതു് അസാധ്യമാണ്. അതിനാൽ രക്തവിസ്ഫോടമുള്ളവൻ ഈശ്വരസേവ മുതലായവ ചെയ്തുകൊള്ളണം.

കാലസ്ഫോടം.

യോഽഭ്യന്തരഃ സ്ഫോട ഉദാഹൃതോഽസൌ
കാലാഖ്യ അസ്മിന്നധികവ്യഥാന്തഃ
തസ്മിൻ ബഹിർമ്മാർഗ്ഗഗതേ പ്രകാമം
ഭവേച്ചികിത്സാമപി തത്ര വച്മി. ൨൫

ഉള്ളിൽ ഉണ്ടാകുന്ന സ്ഫോടത്തിനു കാലസ്ഫോടമെന്നു പേർ. അതിന്നു വളരെ വേദനയുണ്ടായിരിക്കും. കാലസ്ഫോടം

ഉള്ളിൽനിന്നും വെളിക്കു പുറപ്പെട്ടാൽ ചികിത്സ ചെയ്യേണ്ടതാണ്. ഇനിയും അതിനുള്ള ചികിത്സയെത്തന്നെ പറയുന്നു.

തച്ചികിത്സ.

ബഹിർഗതം വാതവിസർപ്പവത്തു
വൈദ്യശ്ചികിത്സേദഥവാ പ്രലിമ്പേൽ
അക്രാന്തയാ കാഞ്ജികസിക്തമേവ
വിപേഷ്യ തസ്യാശു വിനാശനായ. ൨൬

വെളിയിൽവന്ന കാലവിസ്ഫോടത്തിന്, വാതവിസർപ്പം പോലെ ചികിത്സിക്കണം. അല്ലെങ്കിൽ കാടിയിൽ ചെറുവഴുതിനവേര് അരച്ചുതേക്കുകയോ ചെയ്യണം.

സ്നായുജവിസ്ഫോടം.

ശാഖാസു കോപമധിഗമ്യ ച ദോഷസംഘാഃ
കുര്യുർവിസർപ്പസദൃശം ഖലു ശോഥമസ്യ
തദ്ഭേദ്യ ശോഷ്യ പലമാശു ച തസ്യ സോഷ്മാ-
കുര്യാത്തു തന്തുനിഭമേതദലം പ്രയാതി. ൨൭

ദോഷസമൂഹങ്ങൾ ശാഖകളിൽ കോപിച്ച് വിസർപ്പം പോലെ നീർക്കെട്ടിനെ ഉണ്ടാക്കുന്നു. അതു മാംസത്തെ പിളന്നു ശോഷിപ്പിക്കും. നൂലുപോലിനെപോലെ ഇതിക്കുകയും ചെയ്യും.

തച്ചികിത്സ.

ഗവ്യം സർപ്പിസ്ത്രിദിനം പീത്വാ
നിർഗ്ഗുണ്ഡ്യർക്കം ത്രിദിനം യാവൽ
ഹന്തി സ്നായും കൃമിജം ശോഥം
സദ്യോ വൈദ്യൈരുദിതം യാവൽ. ൨൮

മൂന്നുദിവസം പശുവിൻനെയ്യ് കുടിച്ചതിനു ശേഷം കരിനൊച്ചിയിൽ നിന്നെടുക്കുന്ന അർക്കം മൂന്നുദിവസം സേവിക്കുക; സ്നായുജമായ വിസ്ഫോടം ശമിക്കും.

വേറൊരു യോഗം.

ശിഗ്രുമൂലദളകാഞ്ജികലേപഃ
സ്നായുജം ച വിനിഹന്തി വിപിഷ്ടഃ
കാഞ്ചനീ ച കില ഗോജലപിഷ്ടാ
തദ്വദേവ വിനിഹന്തി തമുഗ്രം. ൨൯

മുരിങ്ങയുടെ വേരും ഇലയുംകൂടി കാടിയിൽ അരച്ചുതേക്കുകയോ, മഞ്ഞൾ ഗോമൂത്രത്തിൽ അരച്ചുതേക്കുകയോ ചെയ്താൽ സ്നായുജമായ വിസ്ഫോടം ശമിക്കും.

മസൂരികാനിദാനം.

കട്വമ്ലക്ഷാരപടുഭിർവിരുദ്ധാഹാരപാനകൈഃ
ദുഷ്ടൈർന്നിഷ്പാവശാകാദ്യൈർദുഷ്ടവായൂദകൈരപി. ൩൦
ക്രൂരഗ്രഹേക്ഷണാദ്വാപി ദേശദോഷാൽ സമുദ്ധതാഃ
ജനയന്തി ശരീരേഽസ്മിൻ ദുഷ്ടാ ദോഷാ മസൂരികാം. ൩൧

എരിവ് പുളി ഉപ്പ് ക്ഷാരം ഇവയോടുകൂടിയ പദാർത്ഥങ്ങളെയും വിരുദ്ധങ്ങളായ ആഹാരപാനങ്ങളെയും ഭക്ഷിക്കകൊണ്ടും ദുഷിച്ച അമരയ്ക്ക ചീര മുതലായവ ഉപയോഗിക്കകൊണ്ടും ദുഷിച്ച കാറേറൽക്കുക, ദുഷിച്ച വെള്ളം കുടിക്കുക, ക്രൂരഗ്രഹങ്ങളുടെ ദർശനം ഇവകൊണ്ടും ചിലപ്പോൾ ദേശദോഷംകൊണ്ടും വാതാദിദോഷങ്ങൾ ദുഷിച്ച് ചണംപയറിന്റെ ആകൃതിയിൽ കുരുക്കളെ ഉണ്ടാക്കുന്നു. അതിനെ മസൂരി എന്നുപറയുന്നു.

മസൂരിയുടെ പൂർവ്വരൂപം.

പൂർവ്വരൂപം ജ്വരസ്താസാം ഭ്രമഃ കണ്ഡൂർവിവർണ്ണതാ
ത്വക്ശോഥോ നേത്രരാഗശ്ച ഭംഗത്വം ച തഥാ തനൌ.

മസൂരിലക്ഷണം.

മസൂരാകൃതിസംസ്ഥാനാഃ പിടകാസ്തത്ര വൈ യദി
രൂപം തത്തു മസൂരീണാം വൈദ്യശ്രേഷ്ഠൈരുദാഹൃതം. ൩൩

ജ്വരം, തലകറക്കം, ചൊറിച്ചിൽ, നിറംമാററം, തൊലിയിൽ നീര്, കണ്ണിനുചുവപ്പ്, ശരീരം നുറുങ്ങിനോവുക ഇവ മസൂരിയുടെ പൂർവ്വരൂപങ്ങളാണ്.

മസൂരിയുടെ ലക്ഷണം.

ചണംപയറിന്റെ ആകൃതിയിലുള്ള കുരുക്കൾ ദേഹത്തിൽ ഉണ്ടാകുന്നതു മസൂരിയുടെ ലക്ഷണമാണ്.

മസൂരിയിൽ ശീലിക്കേണ്ടവ.

മസൂരികാർത്തഃ ഖലു ശാലിമുദ്ഗ-
മസൂരികാൻ വാ മധുരം രസം ച
ഭുഞ്ജീത കിഞ്ചിൽ ലവണോത്തമം വാ
ക്രിയാ ഹിതാ ചാത്ര ച കുഷ്ഠഹാന്ത്രീ. ൩൪

വിരേചനാദിക്രമമത്ര തദ്വൽ
സശ്ലേഷ്മപിത്തോത്ഥവിസർപ്പവദ്ധി

മസൂരികാരോഗി ചെന്നെല്ലിൻഅരി ചെറുപയറ് ചണംപയറ് ഇവയും മധുരരസവും കുറഞ്ഞ ഉപ്പും ഉപയോഗിക്കാം. കുഷ്ഠരോഗത്തിന്നു പറഞ്ഞിട്ടുള്ള ലേപനാദിക്രിയകളും കഫവിസർപ്പം പിത്തവിസർപ്പം ഇവയ്ക്കു പറഞ്ഞ ക്രിയകളും മസൂരികാരോഗത്തിൽ ഹിതമാണ്.

ധൂപം.

വേണുത്വചാ കേകിവചായവാനാം
കാർപ്പാസബീജാസ്ഥിപലംകഷാണാം. ൨൩

ബ്രാഹ്മീതുളസ്യോർവിഷസദ്ഘൃതാഭ്യാം
സുവച്ഛലായാശ്ച വിധൂപമത്ര
പ്രയോജയേദ് ദ്രാക് പ്രസഭം ഭിഷക് ത-
ദ്ധൂപഭൃതോഷു വിഷം വിനാശായ. ൨൪

മുളയുടെ തൊലി ചെറുകടലാടി വയമ്പ് യവം പഞ്ഞിക്കുരി ഞെരിഞ്ഞിൽ ബ്രാഹ്മി തുളസി നെയ്യ് വത്സനാഭി തുവർച്ചിലയുപ്പ് ഇവയിൽ ഏതെല്ലാം മരുന്നുകൾ കിട്ടുമോ അവയെല്ലാംചേർത്തു പുകയ്ക്കുക; ചിലർ ഈ മരുന്നുകളിൽ വിഷത്തെ ഉൾപ്പെടുത്തുന്നില്ല.

ഛർദ്ദിപ്പിക്കുവാൻ.

പടോലവാശാപിചുമന്ദസിദ്ധൈ-
സ്തദ്വൽ വചാവത്സകഷായികാനാം
കഷായാൻ പ്രപീയാശ്ശു വമേൽ പ്രകാമം
ഫലത്രയാണാമപി കൽക്കയുക്താൻ. ൨൫

ബ്രാഹ്മീരസം ക്ഷൌദ്രയുതം പിബേദ്വാ
വാ ഫൈലമോചീസ്വരസം തഥൈവ

മസൂരിരോഗിയെ ആദ്യം പടവലം ആടലോടകത്തിൻവേര് വേപ്പിൻതൊലി വയമ്പ് കുടകപ്പാലയരി ഞെരിഞ്ഞിൽ ഇവ കഷായംവെച്ച് അതിൽ ത്രിഫലയുടെ തോട്ടം അരച്ചുകലക്കി കൊടുത്തു ഛർദ്ദിപ്പിക്കുകയോ ബ്രാഹ്മിനീരിൽ തേൻചേർത്തോ ചെറുചീരയുടെ നീരിൽ തേൻചേർത്തോ കൊടുത്തു ഛർദ്ദിപ്പിക്കുകയോ ചെയ്യണം.

വാതസ്യ ശസ്തം ച മസൂരികായാം
വിരേചനം ഹീനബലസ്യ നൈവ

കുര്യാത്തഥാ നിർബലദേഹയസ്യ
പ്രായോ ഭിഷഗ് വൈ ശമനം പ്രകുര്യാൽ. ൨൬

മസൂരികാരോഗിയെ ഛർദ്ദിപ്പിച്ചതിനുശേഷംവയറിളക്കണം. രോഗി ദുർബലനാണെങ്കിൽ വയറിളക്കിക്കൂടാ. അതിനാൽ ബലമില്ലാത്ത മസൂരികാരോഗിക്കു ശമനമായ ക്രിയ ചെയ്യുകൊള്ളണം.

വാതമസൂരികാലക്ഷണം.

കൃഷ്ണാരുണാസ്തീവ്രരുജസ്തഥൈവ
സ്ഫോടാശ്ച കാഠിന്യയുതാശ്ച രൂക്ഷാഃ
ചിരാച്ച പാകം പ്രതിയന്തി വാത-
മസൂരികായാം ഗദിതം മുനീന്ദ്രൈഃ. ൨൭

കറുത്തും ചുവന്നും വളരെ വേദനയോടു കൂടിയും ഇരിക്കുന്ന കുമിളകൾ ഉണ്ടാവുക; കാഠിന്യം, രൂക്ഷത, വളരെക്കാലംകൊണ്ടു പഴുക്കുക, ഇവ വാതമസൂരിയുടെ ലക്ഷണങ്ങളാണ്.

തച്ചികിത്സ (കഷായം.)

അമൃതാ മധുകം സമോരടം സഹദ്രാക്ഷാകചഫലിതം സപാഠധിമം
സഗുഡം പരിപീതമേവ തൽ ശമയേദ്വാതചയം ച നാശയേൽ.

അമൃത് ഇരട്ടിമധുരം നെന്മേനിവാക മുന്തിരിങ്ങപ്പഴം മാതളത്തോട് ഇവ കഷായംവെച്ചു ശർക്കര മേമ്പൊടിചേർത്തു സേവിക്കുക; വാതമസൂരി ശമിക്കും.

പിത്തമസൂരികാലക്ഷണം.

സിതാഃ പീതാഃ രക്താ ഭവന്ത്യസഹിതാശ്ചാപ്യതിരുജാ
ഭവന്തി സ്ഫോടാ യേ ഝടിതി പരിപാകം സമിതാഃ
ഭവേദ്വാ വിഡ്ഭേദോ രുചിരവഹനഞ്ചാശു സതതം
വിമർദ്ദോദ്ഗാനാം വാ ഭവതി നിതരാം പിത്തജനിതാ. ൨൮

വെളുത്തും മഞ്ഞനിറത്തിലും ചുവന്നും വളരെ ചൂടോടും വേദനയോടും കൂടിയും ഇരിക്കുന്ന സ്ഫോടങ്ങൾ ഉണ്ടാവുക; അവ വേഗത്തിൽ പഴുക്കുക; മലമയഞ്ഞുപോകുക; അരുചി, അംഗങ്ങളിലും ചുട്ട്, തണ്ണീർദാഹം, ശരീരം നുറുങ്ങിനോവുക; ഇവ പിത്തമസൂരിയുടെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

നിംബം പടോലം ശിശിരദ്വയം ച-
പാഠാജലം വർമ്മദ്രുരാലഭാ ച

ഉശീരവാശാ കടുകാസ്തഥൈവ
കഷായം സഘണ്ഡം ശിശിരം പിബേച്ച. ൨൨

വേപ്പിൻതൊലി പടവലം ചന്ദനം രണ്ടും പാടക്കിഴങ്ങു ഇരുവേറി പർപ്പടകപ്പുല്ലു കൊടിത്തൂവവേരു രാമച്ചം ആടലോടകത്തിൻവേരു കടുകരോഹിണി ഇവ കഷായംവച്ചു അറിയാൽ കല്ക്കണ്ടം മേമ്പൊടിചേൎത്തു സേവിക്കുക; പിത്തമസൂരി ശമിക്കും.

കഫമസൂരികാലക്ഷണം.

ശ്വേതാഃ സ്നിഗ്ധാഃ കണ്ഡുരാഃ സ്ഥൂലരൂപാഃ
ശ്ലേഷ്മോദ്ഭൂതാ മന്ദപീഡാശ്ചിരാൽ
പാകം പ്രായോ യാശ്ച ഗച്ഛന്തി താസാം
വൈദ്യൈരുക്താം തച്ചികിത്സാം ബ്രവീമി. ൨൩

വെളുപ്പ്, മിനുപ്പ്, ചൊറിച്ചിൽ ഇവ ഉണ്ടായിരിക്കും. തടിച്ചും വേദന കുറഞ്ഞും ഇരിക്കയും ചെയ്യും. വളരെക്കാലംകൊണ്ടേ പഴുക്കുകയുള്ളൂ. ഇവ കഫമസൂരിയുടെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ഭൂനിംബനിംബഘനവാസകത്രൈഫലാനാം
രാജീഫലവേദ്രയവ സാധിതനീരപാനാൽ
ക്ഷൌദ്രേണ നിത്യമുപയാതി വിനാശമാശു
ശ്ലേഷ്മോദ്ഭവഃ കില മസൂരിഗദഃ പ്രകാമം. ൨൪

പുത്തരിച്ചുണ്ടവേര് വേപ്പിൻതൊലി കൊത്തമ്പാലരി, ആടലോടകത്തിൻവേര് ത്രിഫല കടുക കുടകപ്പാലയരി ഇവ കഷായം വച്ചു അറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കുക. കഫജമായ മസൂരി ശമിക്കും.

ദ്വന്ദ്വജമസൂരി.

ദ്വന്ദ്വജം ലക്ഷണം ദ്വന്ദ്വജായാം യദ്ദോ-
ഷാദികം സംഭവേത്തിക്തകല്കം തദാ
ലേപയേത്തക്രകൈസ്സൌധവേതാമ്പിതൈർ-
ല്ലേപയേദ്ബാദരം സദ്രജോ വൈ ഗുഡൈഃ

ഈരണ്ടുദോഷങ്ങൾ കോപിച്ചാലുള്ള ലക്ഷണങ്ങൾ കണ്ടാൽ അതു ദ്വന്ദ്വജങ്ങളായ മസൂരികളാണ്. അതിങ്കൽ ചൂട് ഉണ്ടെങ്കിൽ പുത്തരിച്ചുണ്ട അമൃതു ചൂരൽകിളുന്ന് ഇവ മോരിൽ അരച്ചു തേക്കുകയോ ലന്തക്കുരുപ്പരിപ്പിൻെറ പൊടി ശൎക്കരയിൽ കുഴച്ചു തേക്കുകയോ ചെയ്യണം.

സന്നിപാതജമസൂരിയുടെ ലക്ഷണം.

നീലാ ഭവേയുശ്ചിപിടാവഭാസാ
നിമ്നാഃ സ്വമദ്ധ്യേ്യതിരുജഃ സ്രവന്തഃ
പൂയം ത്രിദോഷാച്ചിരപാകിനോ യേ
പ്രഭൂതദോഷാശ്ച മസൂരികാസ്തേ. ൨൫

നീലിച്ചും അവലുപോലെ പരന്നും, നടുവു് കുഴിഞ്ഞും വളരെ വേദനയോടുകൂടിയും ഇരിക്കുക; ചലം ഒലിക്കുക; വളരെക്കാലം കൊണ്ടു പഴുക്കുക; ഇവ ത്രിദോഷജമായ മസൂരിയുടെ ലക്ഷണമാണ്.

തച്ചികിത്സ.

നിംബോശീരപടോലവാശകവൃകീദുസ്പർശധാതൃശ്ശൃതം
ക്വാഥം വൈ കടുരോഹിണീ സമശൃതം പാടീരയുക്തം ത്വരം
പീതം ഹന്തി മസൂരികാം സകലജാം ഖണ്ഡേന സമ്മിശ്രിതം
തസ്യാഃ കോപസമുദ്ഭവം ച സഹസാ ജാതം ജ്വരംനാശയേൽ.

വേപ്പിൻതൊലി രാമച്ചം പടവലം ആടലോടകത്തിൻവേര് പാടക്കിഴങ്ങ് കൊടിത്തൂവവേര് താതിരിപ്പൂവു് കടുകരോഹിണി ചന്ദനം ഇവ കഷായംവച്ച് കല്ക്കണ്ടം മേമ്പൊടിചേൎത്തു സേവിക്കുക; ത്രിദോഷജമായ മസൂരി ശമിക്കും.

രസഗതമസൂരികാലക്ഷണം.

രസോദ്ഭവാ യേ ജലബുദ്ബുദാഭാ-
സ്ത്വചം ഗതാഃ സ്വല്പസമാനദോഷാഃ
തോയം സ്രവന്ത്യേവ ച തേ വിഭിന്നാ
മസൂരികാ വൈദ്യബുധാ ഭവന്തി. ൨൬

നീർകുമിളയുടെ ആകൃതിയിലും സ്വല്പദോഷങ്ങളോടുകൂടിയും ഉണ്ടാകുന്ന മസൂരിക, രസധാതുവിൽനിന്നുണ്ടാകുന്നതാണ്. അതു് പൊട്ടിയാൽ വെള്ളം ഒലിക്കുകയും ചെയ്യും.

തച്ചികിത്സ.

പടോലമൂലാരുണതണ്ഡുലീയം
ഗായത്രികാധാത്രികഷായകം ച
രസപ്രഭൂതാം സഹസാ മസൂരീം
ശീതം നിപീതം വിനിഹന്ത്യയത്നാൽ. ൨൭

പടവലത്തിൻവേര് മഞ്ചട്ടിപ്പൊടി ചെറുചീര കരിങ്ങാലിക്കാതൽ നെല്ലിക്കാത്തോട് ഇവ കഷായംവച്ച് തണുത്താൽ സേവിക്കുക; രസപ്രഭൂതമായ മസൂരി ശമിക്കും.

രക്തഗതമസൂരിയുടെ ലക്ഷണം.

താമ്രാശ്ച താ ലോഹിതവർണ്ണയുക്താ
രക്തോദ്ഭവാശ്ചാപ്യതിശീഘ്രപാകാഃ
നാത്യർത്ഥദുഷ്ടാസ്തു മസൂരികാസ്താഃ
സ്രവന്തി ഭിന്നാ രുധിരം വിശേഷാൽ. ൧൦

തൊലിക്കു മാർദ്ദവം ചുവന്ന നിറം വേഗത്തിൽ പഴുക്കുക ഇവ രക്തജങ്ങളായ മസൂരികളുടെ ലക്ഷണമാണ്. ഇത് അധികമായി ദുഷിക്കയില്ല. പൊട്ടിയാൽ രക്തം ഒലിക്കുകയും ചെയ്യും.

തച്ചികിത്സ.

രുധിരഭവായാം രുധിരവിരേകൈഃ
ശമമുപയാതീത്യഗദവിവേകഃ. ൧൧

രക്തജമായ മസൂരി രക്തംകളഞ്ഞാൽ ശമിക്കും.

മാംസജമസൂരിയുടെ ലക്ഷണം.

പലലജാഃ കഠിനാസ്തനവശ്ചി-
രതരപാകാ അതിഗാത്രശൂലകൈഃ
ബഹുതരഞ്ചവിദാഹമൂർച്ഛനൈ-
രതികണ്ഡൂരിയുതാസ്ത പിടകാഃ. ൧൨

മാംസത്തിൽനിന്നുണ്ടായ മസൂരിക്ക് കാഠിന്യം, തൊലിക്കു മാർദ്ദവം, വളരെക്കാലംകൊണ്ടു പഴുക്കുക, അരതി, ശരീരത്തിൽ വേദന, തണ്ണീർദാഹം, ഉൾച്ചുഴിച്ചിൽ, മോഹാലസ്യം, ചൊറിച്ചിൽ മിനമിനുപ്പ് ഇവയുണ്ടായിരിക്കും.

തച്ചികിത്സ.

മാംസാശിനാം മാംസമലം വിധാനാൽ
സംഭക്ഷണാൽ ശുദ്ധമനാംസി യേഷാം
മാംസേന മാംസസ്യ വിവർദ്ധനാദ്ധി
മാംസോദ്ഭവാ നാശമലം വ്രജന്തി. ൧൩

മാംസകരങ്ങളായ ഭക്ഷണത്താൽ ശുദ്ധമനസ്സുകളായവർക്ക് മാംസഭക്ഷണംകൊണ്ടു മാംസത്തെ വർദ്ധിപ്പിച്ചാൽ മാംസജമായ മസൂരി ശമിക്കും.

മേദസ്സിൽനിന്നുണ്ടായ മസൂരി.

മേദോദ്ഭവാ മണ്ഡലസന്നിഭാശ്ച
മൃദ്വുന്നതാ ഘോരതരജ്വരാർത്താഃ
സ്നിഗ്ദ്ധാ ഭവന്തി പ്രരുജഃ പ്രകാമം
സ്ഥൂലാ മസൂരാ ഗദിതാ മുനീന്ദ്രൈഃ. ൧൪

വൃത്താകാരത്തിലും അല്പം ഉയർന്നും ഇരിക്കുക, വലിയ പനി, മിനമിനുപ്പ്, വലിയ വേദന, സ്ഥൂലത ഇവ മേദസ്സിൽനിന്നുണ്ടായ മസൂരിയുടെ ലക്ഷണമാണ്.

തച്ചികിത്സ.

കുലകകണ്ഡലികാമലവാസകൈഃ
കുടിലമുസ്തവചാ കടുകാ സമം
സമവാപകരേണശൃതം ജലം
പ്രശമയേച്ച മസൂരിഗദം ത്വരം. ൧൫

പടവലം അമൃത് മുത്തങ്ങ ആടലോടകത്തിൻവേര് നിലവേപ്പ് കൊത്തമ്പാലരി കടുകരോഹിണി കൊടിത്തൂവവേര് ചെറുകൊന്നത്തൊലി ഇവ കഷായംവച്ചു സേവിക്കുക; മസൂരി ശമിക്കും.

അസ്ഥിയിലും മജ്ജയിലും ഉണ്ടാകുന്ന മസൂരിയുടെ ലക്ഷണം.

അസ്ഥിഗാ മജ്ജഗാ ഗാത്രതുല്യാ തഥാ
ചാതിരൂക്ഷോന്നതാ കിഞ്ചിദേവ സ്ഫുടം
മോഹപീഡാരതിഭ്രാമദാഹാദിഭിർ
മർമ്മസന്ധീതി ഛിന്ദന്തി പ്രാണാൻ നൃണാം. ൧൬

ദേഹത്തിനു സമമായും അതിരൂക്ഷമായും അല്പം ഉയർന്നും ഇരിക്കുക; മോഹാലസ്യം വേദന അരതി തലചുറ്റൽ ചുട്ടുനീറുക, മർമ്മങ്ങളെയും സന്ധികളെയും പിളർക്കുക; ഇവ അസ്ഥിയിൽനിന്നും മജ്ജയിൽനിന്നും ഉണ്ടായ മസൂരിയുടെ ലക്ഷണമാണ്. ഇതു മരിക്കുകതന്നെ ചെയ്യും.

തച്ചികിത്സ.

വിലപാത്രരസമൂർച്ഛിതസൂതോ
മാക്ഷികേണ ഹിലമോചികളാനാം
നിത്യമാശു ചരണൈഃ പരിപീതോ
ഹന്ത്യസ്ഥിസംഭവമസൂരിഗണംശ്ച. ൧൭

ശുദ്ധിചെയ്ത രസം വിലപാത്രത്തിന്റെ നീരിൽ അരച്ച് ചീരയുടെ നീരും തേനും ചേർത്ത് ദിവസവും സേവിക്കുക; അസ്ഥിമജ്ജകളിൽനിന്നുണ്ടായ മസൂരി ശമിക്കും.

ശുക്ലഗതമസൂരിലക്ഷണം.

പക്വേവ യാ സ്നിഗ്ദ്ധതരാ ഘനേന
ചാത്യർത്ഥപീഡാരതിമോഹദാഹൈഃ
സ്തൈമിത്യമുന്മാദമലം തു യാസു
താ മജ്ജഗാ ദുഷ്ടമസൂരികാഃ സ്യുഃ ൧൮

ഏതാനി സർവ്വാണി ച ശുക്ലജായാം
മസൂരികായാം മരണം വിശിഷ്ടം

പഴംപോലെ മിനുസമായിരിക്കുക അതിവേദന അരതി മോഹം ചുട്ട് ഉളുക്കമില്ലായ്ക ഉന്മാദം ഇവ മജ്ജയിൽ പ്രാപിച്ച ദുഷ്ട മസൂരിയുടെ ലക്ഷണങ്ങളാണ്. ശുക്ലജങ്ങളായ മസൂരികളും ഈ ലക്ഷണങ്ങൾ എല്ലാം ഉണ്ടായിരിക്കും. ഇതു് മരിക്കുകയേയുള്ളൂ.

ചർമ്മജമസൂരിയുടെ ലക്ഷണം.

യാശ്ചർമ്മജാസ്താഃ കില കണ്ഠരോധ-
തന്ദ്രാപ്രലാപാരതിദുശ്ചികിത്സ്യാഃ. ൩൯

ഒച്ചയടപ്പ്, മടി, പേപറയുക, അരതി ഇവ ചർമ്മജമസൂരിയുടെ ലക്ഷണങ്ങളാണ്. ഇതു് ദുഃഖേന ചികിത്സിച്ചു ഭേദപ്പെടുത്താവുന്നതാണ്.

രോമാന്തികാലക്ഷണം.

രോമകൂപോദ്ഭവാശ്ചാന്യാ
രാഗിണ്യഃ കഫപിത്തജാഃ
കാസാരുചിജ്വരൈര്യുക്താ ൪൦
രോമാന്തികമസൂരികാഃ.

രോമകൂപത്തിൽനിന്ന് ഉദ്ഭവിക്കുക; ചുവപ്പുണ്ടായിരിക്കുക; ചുമ, അരുചി, ജ്വരം ഇവയോടുകൂടിയിരിക്കുക; ഈ ലക്ഷണങ്ങളുണ്ടായിരുന്നാൽ രോമാന്തികമസൂരിയാകുന്നു. ഇതിൽ കഫപിത്തങ്ങളാണു കോപിക്കുന്നതു്.

തച്ചികിത്സ.

ഖദിരവാശകനിംബപടോലകൈ-
സ്ത്രിഫലയാ പിചുമന്ദസമം ശൃതം
സമധു വാരി വിസർപ്പനിവാരണം ൪൧
ഹരതി രോമജകച്ഛുജകണ്ഡുകാം.

കരിങ്ങാലിക്കാതൽ ആടലോടകത്തിൻവേര് വേപ്പിൻതൊലി പടവലം ത്രിഫല വലിയവേപ്പ് ഇവ കഷായംവച്ചു ആറിയാൽ തേൻചേർത്തു സേവിക്കുക; വിസർപ്പം രോമജകച്ഛം ഇവ ശമിക്കും.

കണ്ഠഗതമസൂരീചികിത്സ.

ധാത്രീഫലം സമധുകം ക്വഥിതം തു തോയേ
കണ്ഠേ മുഖേ വ്രണഗദേ മധുനാ സമേതം
ഗണ്ഡൂഷകസ്യ വിധിനാ മുഖകണ്ഠഗം ത-
ന്നിഷ്ഠീവനാദ്വ്രണഹരം ജലമേതദേവ. ൪൨

നെല്ലിക്കാ ഇരട്ടിമധുരം ഇവ കഷായംവച്ച് തേൻചേർത്തു കവിൾക്കൊണ്ടു തുപ്പുക; മുഖത്തിലും കഴുത്തിലും ഉള്ള മസൂരിവ്രണങ്ങൾ ശമിക്കും.

നേത്രഗതമസൂരിയുടെ ചികിത്സ.

സമധുകാംബുഗവേധുകനിർമ്മിതം
നയനയോരപി സേകമലം സ്മൃതം
സ്വമുപജാതഗദേ തു ദശോസ്തദാ ൪൩
ബഹുളപക്ഷ്മസു രോമതലവ്രണേ.

ഇരട്ടിമധുരം ഊരകത്തിൻവേര് ഇവ കഷായംവച്ച് കണ്ണിൽ ധാര കോരുക; കണ്ണിൽ ഉണ്ടാകുന്ന മസൂരി ശമിക്കും.

വേറൊരു യോഗം.

മധുകത്രിഫലാഗമൂരാനളദാ-
രുണനീലജലോദ്ഭവദാരുനിശാഃ
ത്വചയാ സഹിതാഃ പരിലേപ്യതമാ ൪൪
ദൃശി ജാതമസൂരഗദേഽപി സദാ.

ഇരട്ടിമധുരം ത്രിഫല മുരാമാഞ്ചി രാമച്ചം മഞ്ചട്ടിപ്പൊടി നീലത്താമരക്കിഴങ്ങ് ദേവതാരം മഞ്ഞൾ ഏലവർങ്ങം ഇവ കഷായം വച്ച് കണ്ണിൽ ധാര കോരുകയും നിത്തുകയും ചെയ്യുക; കണ്ണിലുണ്ടാകുന്ന മസൂരി ശമിക്കും.

ക്ലേദിനീമസൂരി.

നേത്രപ്രാന്തേ സാലസീകാ മസൂരീ
ചോക്താ വൈദ്യൈഃ ക്ലേദിനീനാമകാ സാ
ചൂർണ്ണൈർനിത്യം പഞ്ചവൃക്ഷത്വചാനാം ൪൫
പ്രായോ ശാന്തിം യാതി ചാത്ര്യാത്രയോഗാൽ.

കണ്ണിൻപോളയുടെ വക്കത്തു ചോരവെള്ളത്തോടുകൂടി മസൂരി ഉണ്ടാകും. അതിനെ ക്ലേദിനി എന്നു പറയുന്നു. നാല്പാമരത്തൊലി കല്ലാലിൻതൊലി ഇവയുടെ പൊടി തേനിൽ കുഴച്ചുതേച്ചാൽ അതു ശമിക്കും.

ശീതളാമസൂരി.

മസൂര്യേവ യാ ശീതളാക്രാന്തദേഹാ
ഭവേച്ഛീതളാ ഭൂതജാതജ്വരേണ
ഇവാധിഗുരിതാ ദൈവഷഭേദോ പൂർവ്വം
ബൃഹത്സ്ഫോടസംജ്ഞൈശ്ച ദേവീപ്രസിദ്ധാ. ൪൬

ശീതളാദേവി ഉദരത്തിൽ ആക്രമിച്ചിട്ട് ഉണ്ടാകുന്ന മസൂരിയെ ശീതളാമസൂരി എന്നു പറയുന്നു. അതിന്ന് ഭൂതജ്വരത്തിലെപ്പോലെയും വിഷമജ്വരത്തിലെപ്പോലെയും പനി ഉണ്ടായിരിക്കും. വളരെ കുമിളയുള്ള ശീതളാമസൂരിയെ സ്ഫോടകി എന്നു പറയുന്നു.

തഥാ സപ്തഭിർവാ ദിനൈർജ്ജായതേ സാ
വിശേഷാച്ച നിസ്സാരമേവം ച തസ്യാഃ
ദിനൈഃ സപ്തഭിഃ പൂർണ്ണതാ തത്ര ദേഹേ
പ്രയാച്ഛാഥ വന്യോപലാഭസ്മനാ ഹി. ൧൭

അഥോ മാല്യലുണ്ഠനം നിംബസൽപത്രശാഖാ-
ഭിരസ്യാപി വാ മാക്ഷികാദ്യശ്ചാപസാര്യാഃ
ജലം ശീതളം പായയേൽ സജ്വരേऽപി
ന ചേൽ പാചയേൽ ശീതളീം ജാതു വൈദ്യഃ. ൧൮

തതസ്യാ ച ശീതേऽഥ പൂതേऽതിരമ്യേ
നചൈവാശുചിഃ സംസ്പൃശേത്താം കദാപി
തദസ്യാന്തികം വൈ വ്രജേദ്ഭേഷജം ച
മഹാവൈദ്യഭൂപാസ്തദാ യോജയന്തി. ൧൯

ഈ ശീതളികാമസൂരി, ഏഴു ദിവസങ്ങൾകൊണ്ടു പുറപ്പെടുകയും ഏഴുദിവസങ്ങൾകൊണ്ടു ശരീരത്തിൽ നിറയുകയും ചെയ്യും. അത്തിമാനിന്റെ ചാണകം ചുട്ട ഭസ്മംകൊണ്ടു ശീതളികയിൽ വിതറണം. വേപ്പിൻകൊമ്പുകൊണ്ടുവേണം ഈച്ചയെ്യുാട്ടികളെ യേണ്ടതു്. ശീതളിയിൽ പനിയുണ്ടായാലും തണുത്ത വെള്ളമേ കൊടുക്കാവൂ. അതിനുശേഷം രോഗിയെ തണുപ്പുള്ളതും പരിശുദ്ധമായും ഇരിക്കുന്ന വിജനപ്രദേശത്തു കിടത്തണം. ഒരിക്കലും അവനെ അശുചി സ്പർശിക്കരുതു്. വളരെ വൈദ്യന്മാരും ഈ രോഗത്തിൽ ഔഷധം കൊടുക്കാറില്ല എങ്കിലും ചിലർ ഔഷധം കൊടുക്കുന്നുണ്ടു്. അതിനെ അടുത്തുതന്നെ പറയുന്നു.

തച്ചികിത്സ.

സുശീതവാരിപേഷിതാം നിശാം ച ചിഞ്ചികാദളൈ-
സ്സമം തു ബീജകൈഃ പിബേന്നശീതളാഭയം ഭവേൽ.

മഞ്ഞളും ചുവന്ന കുന്നിക്കുരുവുംകൂടി പച്ചവെള്ളത്തിൽ അരച്ചു കുടിക്കുക; ശീതളാമസൂരി ശമിക്കും.

അന്യയോഗം.

രോചാരസേന സിതചന്ദനമാപിബേന്തി
വാശാരസേന മധുകം മധുനാഥവാऽപി

ജാതീരസേന മധുകം കില പൂർവ്വരൂപേ
തേഷാം തനൌ ന പ്രഥമം ബഹു ശീതളാർത്തിഃ. ൨൦

കദളിവാഴമാണത്തിന്റെ നീരിൽ വെൺചന്ദനമോ ആടലോടകത്തിന്റെ നീരിൽ ഇരട്ടിമധുരമോ ജാതിയിലയുടെ നീരിൽ ഇരട്ടിമധുരമോ പൊടിച്ചു ചേർത്തു സേവിക്കുക; ശീതളാരോഗം ശമിക്കും.

ശീതളാരോഗത്തിന്റെ മന്ത്രം.

നമാമി ശീതളാം ദേവീം രാസഭസ്ഥാം ദിഗംബരീം
മാർജ്ജനീകലശോപേതാം ശൂർപ്പാലംകൃതമസ്തകാം.

ഈ മന്ത്രംകൊണ്ടു ശീതളാദേവിയെ പൂജിക്കണം.

ശീതളാഭേദങ്ങൾ.

കോദ്രവാ.

കോദ്രവാ ച ഖലു കോദ്രവതുല്യാ
ജായതേ സ കഫവാതപ്രകോപാൽ
സപ്തഭിശ്ച ദശഭിർദ്വ്യധികൈർവാ
വാസരൈരപി തു ശാന്തിമുപേയാൽ.

വരകിന്റെ ആകൃതിയിൽ ഉണ്ടാകുന്ന ശീതളാമസൂരിക്കു കോദ്രവ എന്നു പറയുന്നു. ഇതു് വാതവും കഫവും കോപിച്ചാണ്ടു് ഉണ്ടാകുന്നതു്. ഏഴോ പത്തോ പന്ത്രണ്ടോ ദിവസത്തിനകം ഇതു ശമിക്കുകയും ചെയ്യും.

തച്ചികിത്സ.

ഖദിരത്രിഫലാപടോലവാശാ-
മൃതനിംബോത്ഥകഷായസേവനാദ്വാ
അഥവാऽപി വിനൌഷധസ്യ പാനാൽ
ശമതാം യാതി ദിനൈശ്ച പൂർവ്വമുക്തൈഃ. ൨൧

കരിങ്ങാലിക്കാതൽ ത്രിഫല പടവലം ആടലോടകവേര അമൃതു് വേപ്പിൻതൊലി ഇവ കഷായംവെച്ചു സേവിച്ചാൽ കോദ്രവം ശമിക്കും. ഇതു് ഔഷധം സേവിക്കാതെതന്നെയും മുൻപറഞ്ഞ ദിവസത്തിനകം ശമിക്കുകയും ചെയ്യും.

പാണിസഹാലക്ഷണം.

ഊഷ്മണാ ജായതേ സൂക്ഷ്മാ
സകമ്പാ സ്പർശനപ്രിയാ
വൈദ്യൈഃ പാണിസഹാപ്രോക്താ
സപ്താഹാച്ഛമുഷ്യതി സ്വയം. ൨൨

ചൂടോട്ടും വിറയലോട്ടുംകൂടി സൂക്ഷ്മങ്ങളായ മസൂരികൾ ഉണ്ടാ യാൽ അതിനെ പാണിസഹ എന്നു പറയും. ഇതു്, സ്പർശന ത്തിൽ വളരെ പ്രിയമുണ്ടായിരിക്കും. ഏഴുദിവസംകൊണ്ടു ശമി ക്കുകയും ചെയ്യും.

സർഷപികാ ലക്ഷണം.

പീതസിദ്ധാർത്ഥതുല്യാന്യാ ചതുർത്ഥീ സാർഷപീ മതാ
തസ്യാമഭ്യഞ്ജനം വർജ്ജ്യം സാപി ശുഷ്യതി പൂർവ്വവൽ. ൨൧

ചുവന്ന കടുകിന്റെ ആകൃതിയിൽ ഉണ്ടാകുന്ന ശീതളയ്ക്കു സാ ഷപി എന്നുപേർ. ഇതു വന്നാൽ തേച്ചുകുളി വർജ്ജിക്കണം. ഇ തും ഏഴുദിവസംകൊണ്ടു് ഉണങ്ങും.

രാജികാലക്ഷണം.

കിഞ്ചിദൂഷ്മസമുദ്ഭൂതാ ജായതേ രാജികാകൃതിഃ
ബാലാനാം തനുജാ ചൈഷാ സുഖം ശാമ്യതി സാ സ്വയം. ൨൨

അല്പം ചൂടോട്ടുകൂടി കരിങ്കടുകിന്റെ ആകൃതിയിൽ ഉണ്ടാകു ന്ന ശീതളയ്ക്കു് രാജിക എന്നു പേർ; ഇതു കുട്ടികൾക്കാണു് ഉണ്ടാ കുന്നതു്. തനിയേതന്നെ ഇതു ശമിക്കുകയും ചെയ്യും.

ലോഹിതാലക്ഷണം.

കോലവജ്ജായതേ ഷഷ്ഠീ ലോഹിതോന്നതമണ്ഡലാ
ജ്വരവ്യഥാവതീ പൂർവ്വംജ്വരസ്തിസ്രോദിനത്രയം. ൨൩

ഉയർന്ന മണ്ഡലങ്ങളോട്ടുകൂടി ലന്തക്കുരുവിൻമജ്ജപോലെ ഉ ണ്ടാകുന്നതിനു ലോഹിത എന്നു പേർ. ഇതിന്നു ജ്വരവും പീഡ യും കാണും. പനിയും മൂന്നുദിവസംവരെ ഉണ്ടായിരിക്കുകയും ചെയ്യും.

ചർമ്മമോടീലക്ഷണം.

സ്ഫോടാനാം ബഹുസംഘാതാദേകസ്ഫോടേവ ശീതലാ
ചർമ്മമോടീ സമാഖ്യാതാ ക്രിയാ ചാത്രാപി പൂർവ്വവൽ. ൨൪

വളരെ കുമിളകളോട്ടുകൂടി ഏകസ്ഫോടപോലെ ഉണ്ടാകു ന്ന ശീതളയ്ക്കു്, ചർമ്മമോടീ എന്നു പേർ. ഇതിന്നും മുൻപേ പറ ഞ്ഞ ലോഹിതയുടെ ചികിത്സ ചെയ്തുകൊള്ളണം.

കുലത്ഥികാലക്ഷണം.

കുലത്ഥികാ കുലത്ഥികാസമാതതാ തന്വൌ
യദാ സദാ ഫലത്രയാടരൂഷകൈസ്സമം ശൃതം
ശിരീഷനിംബസപ്തപർണ്ണപത്രകൈർന്നിശാദ്വയം
സചന്ദനൈസ്സധന്വയാഷചർപ്പടാദിസംയുതം. ൨൫

സമൂസ്തകം ശൃതം ജലം സമാക്ഷികം ച പായയേൽ
മസൂരികാഗദേ ധ്രുവം മസൂരികാദിനാശനം
വിസർപ്പകുഷ്ഠകണ്ഡുകാദിചർമ്മദോഷഹാരകം
കദാചിൽ കദാചിൽ ഭിഷഗ്വരൈശ്ച ചിത്രകാദികീർത്തിതം.

മുതിരയുടെ ആകൃതിയിൽ ഉണ്ടാകുന്ന ശീതളയ്ക്കു് കുലത്ഥികാ എന്നു പേർ. ത്രിഫല ആടലോടകം വാകത്തൊലി വേപ്പിൻതൊ ലി ഏഴിലമ്പാലത്തൊലി പച്ചില മഞ്ഞൾ മരമഞ്ഞൾ ചന്ദനം കൊടിത്തൂവവേരു് പർപ്പടകപ്പുല്ലു് മുത്തങ്ങ ഇവ കഷായംവച്ചു് അറിയാൽ തേൻ മേമ്പൊടിചേർത്തു് സേവിക്കുക; മസൂരി, വിസർ പ്പം, കുഷ്ഠം മുതലായവ ശമിക്കും.

പാർശ്വസ്ഫോടം.

ഖരകാകാദിമാംസാനാം ഭക്ഷകഃ സ്ഫോടവാൻ ഭവേൽ.
പാർശ്വയോസ്തന്നിവൃത്ത്യർത്ഥം കൃച്ഛ്രം ചാന്ദ്രായണം തഥാ. ൨൬

അതികൃച്ഛ്രശ്ച കർത്തവ്യാ ജപശ്ചാപ്യോത്തരായുതം
ശിവസങ്കല്പസൂക്തസ്യ പാർശ്വസ്ഫോടാൽ പ്രമുച്യതേ. ൨൭

കഴുത, കാക്ക മുതലായവയുടെ മാംസം ഭക്ഷിക്കുന്നവനു് പാർ ശ്വസ്ഫോടം ഉണ്ടാകും. അതിന്റെ ശാന്തിക്കായിക്കൊണ്ടു് കൃ ച്ഛ്രമായ ചാന്ദ്രായണവ്രതവും അയിരത്തെട്ടിൽ കുറയാതെ ശിവസ ങ്കല്പസൂക്തജപവും ചെയ്യിക്കണം. എന്നാൽ പാർശ്വസ്ഫോടം ശമിക്കും.

ക്ഷുദ്രരോഗനിദാനം.

അജഗല്ലികാലക്ഷണം.

സ്നിഗ്ദ്ധാ സവർണ്ണാ ഗ്രഥിതാ ച മുദ്ഗ-
നിഭാ ഭവേദ്യാ ഖലു ബാലകാനാം
സശ്ലേഷ്മവാതപ്രഭവാജഗല്ലീ
ചികിത്സിതാവ്യാപി ച ഗ്രന്ഥിവൽ സാ. ൨൮

മന്ദവേഗമായും മഹാവേഗമായും ക്രൂരമായും ഉള്ള രോഗത്തെ യാണു് ക്ഷുദ്രരോഗമെന്നു പറയുന്നതു്. മിനുമിനുത്തും ദേഹത്തി ന്റെ നിറംപോലെയും ചെറുപയറിന്റെ ആകൃതിയിലും ബാലന്മാ ക്കുണ്ടാകുന്ന കുരുക്കൾക്കു് അജഗല്ലികാ (പാലുണ്ണി) എന്നു പറ യുന്നു.

തച്ചികിത്സ.

ശുക്തിസൌരാഷ്ട്രികാക്ഷാരകല്കൈ-
രിമാം ദലപയേച്ചാന്നവേലം യദാ പച്യതേ

ശ്യാമയാ ലാംഗലീം പേഷ്യ വൈ മൂർവ്വയാ
കല്ക്കിതാം ലേപയേദ്വാ തദാ ശാമ്യേദ്വിൽ. വന

അത്യം മൂത്തുച്ചിപ്പി, ഉറിക്കുന്ന് ചവൽക്കാരം ഇവ അരച്ചുതേയ്ക്കുകയും, പഴുത്താൽ മഞ്ഞൾ നിലപ്പനക്കിഴങ്ങ് പെരുംകുരുമ്പവേര് ഇവ അരച്ചുതേയ്ക്കുകയും ചെയ്യുക; അജഗല്ലിക ശമിക്കും.

വിവൃതാലക്ഷണം.

വിവൃതാം ച തതോ വക്ഷ്യേ പക്വോദുംബരസന്നിഭാം
മഹാദാഹാം ച പിത്തോത്ഥാം പരിമണ്ഡലലക്ഷിതാം
തസ്യാം പിത്തവിസർപ്പോക്തക്രിയാം വൈദ്യഃ സമാചരേൽ. വര

പഴുത്ത അത്തിക്കായുടെ ആകൃതിയിൽ വളരെ ചൂടോടുകൂടി പിത്തകോപം നിമിത്തം വട്ടത്തിൽ ഉണ്ടാകുന്ന കുരുക്കൾക്ക് വിവൃതാ എന്നു പേർ. ഇതിന്ന് പിത്തവിസർപ്പത്തിനു വിധിച്ചിരിക്കുന്ന ചികിത്സ ചെയ്തുകൊള്ളണം.

ഇന്ദ്രവിദ്ധാലക്ഷണം.

പദ്മസ്യ കർണ്ണികാ യദ്വൽ പിടകാഭിസ്സമാചിതാ
ഇന്ദ്രവിദ്ധാ സമാഖ്യാതാ വാതപിത്തസമുദ്ഭവാ. വ൩

താമരപ്പൂവിന്റെ അകത്തെ കർണ്ണികപോലെ താഴത്തെഭാഗം ചുരുങ്ങിയും മുകൾഭാഗം പൊന്തും വാതപിത്തകോപങ്ങൾ കോപിച്ച് ഉണ്ടാകുന്ന കുരുക്കൾക്ക് ഇന്ദ്രവിദ്ധ എന്നു പേർ. ഇവിടെ പിത്തവിസർപ്പത്തിന്റെ ചികിത്സ ചെയ്യണം.

ഗർദ്ദഭികാലക്ഷണം.

മണ്ഡലം വൃത്തമുൽസന്നം സരക്തം പിടകാചിതം
സാരുജാം ഗർദ്ദഭീം വിദ്യാദ്വാതപിത്തസമുദ്ഭവാം. വന്ന

വാതപിത്തങ്ങൾ കോപിച്ച് മണ്ഡലാകൃതിയിൽ ചുവന്നും വേദനയോടുകൂടിയും ഉണ്ടാകുന്ന കുരുക്കൾക്ക് ഗർദ്ദഭികാ എന്നു പേർ.

ജാലഗർദ്ദഭലക്ഷണം.

വിസർപ്പവൽ സർപ്പതി യശ്ശോഫസ്തനുരപാകവാൻ.
ദാഹജ്വരകരഃ പിത്താൽ സ ജ്ഞേയോ ജാലഗർദ്ദഭഃ വ൭

വിസർപ്പംപോലെ വ്യാപിക്കുക; നീര് അല്പമായിരിക്കുക; പഴുക്കായ്ക, ചൂട്, ജ്വരം ഇവ ജാലഗർദ്ദഭത്തിന്റെ ലക്ഷണങ്ങളാണ്. ഇത് പിത്തകോപത്താലാണുണ്ടാകുന്നത്.

തച്ചികിത്സ.

നീലീകരഞ്ജം ദലം ജലഭൃംഗം ...
ഘൃതമിശ്രിതമുപലേപനം ഹരതി ...ഗം ... വധ

അമരിവേര് പടവലത്തിൻവേര് ഇവ വെള്ളത്തിൽ അരച്ച് നെയ്യുകൂട്ടി ചാലിച്ചു തേയ്ക്കുക; ജാലഗർദ്ദഭം ശമിക്കും.

ഇരിവേല്ലികാലക്ഷണം.

പിടകാമുത്തമാങ്ഗസ്ഥാം വൃത്താമുഗ്രരുജം ജ്വരാം
സർവ്വാത്മികാം സർവ്വലിംഗാം ജാനീയാദിരിവെല്ലികാം. വൻ

വൃത്താകൃതിയിലും വളരെവേദനയോടും ജ്വരത്തോടുംകൂടിയും വാതപിത്തകഫസന്നിപാതമായും വാതാദിദോഷങ്ങളുടെ ലക്ഷണങ്ങളോടുകൂടിയും തലയിൽ ഉണ്ടാകുന്ന കുരുക്കൾക്ക് ഇരിവെല്ലികാ എന്നു പേർ പറയുന്നു. ഇതിനു പിത്തവിസർപ്പംപോലെ ചികിത്സിച്ചുകൊള്ളണം.

ഗന്ധനാലക്ഷണം.

പിടകാമേതാദൃശീമന്യാം ത്വഗ്ഗതാം സ്ഫോടസന്നിഭാം
ഗന്ധനാം പിത്തകോപോത്ഥാം തദ്വിസർപ്പേണ സാധയേൽ.

പിത്തകോപത്താൽ മുൻപറയപ്പെട്ട കുരുക്കളിൽ ഒരെണ്ണം, വലുതായും സ്ഫോടസദൃശമായും തൊലിയിലുണ്ടാകും. അതിന് ഗന്ധനാ എന്നു പേർ പറയുന്നു.

ഗന്ധാലജീലക്ഷണം.

സമണ്ഡലാം ഘനാമല്പപൂയാമുന്നതരൂപിണീം
ഗന്ധാലജീം സപാക്രാം താം വിദ്യാച്ഛ്ലേഷ്മവാതജാം. ൻ.റ

വൃത്താകൃതിയിൽ ഘനമായും അല്പം ചലത്തോടുകൂടിയും ഉയർന്നും ഇരിക്കുന്ന കുരുവിന്ന് ഗന്ധാലജി എന്നു പേർ.

തച്ചികിത്സ.

ഗന്ധാലജീം തു പ്രഥമം വൈദ്യഃ സ്വേദേന യോജയേൽ
മനോഹ്വാഗദദേവാഹ്വദാരുകല്കൈഃ പ്രലേപയേൽ. ൻവ

ഗന്ധാലജിയെ ആദ്യം വിയർപ്പിച്ച് മനയോല കൊട്ടം ദേവതാരം ഇവ അരച്ചു തേയ്ക്കണം.

യവപ്രഖ്യാലക്ഷണം.

ഗ്രഥിതാ തു യവാകാരാ കഠിനാ മാംസസംശ്രിതാ
പിടകാ ശ്ലേഷ്മവാതോത്ഥാ യവപ്രഖ്യേതി കഥ്യതേ. ൻമ

വാതകഫങ്ങൾ കോപിച്ച് മാംസാശ്രയങ്ങളായിട്ട് യവാകൃതിയിൽ കാഠിന്യത്തോടുകൂടി ഉണ്ടാകുന്ന കുരുക്കൾക്കു യവപ്രഖ്യ എന്നുപേർ. ഇതിനു ഗന്ധാലജികൾക്കു പറഞ്ഞിരിക്കുന്ന ചികിത്സ ചെയ്യണം.

പനസികാലക്ഷണം.

കർണ്ണാഭ്യന്തരസംഭൂതാം പിടകാം തീവ്രവേദനാം
സ്ഥിരാം പനസികാം പ്രാഹുർവാതശ്ലേഷ്മസമുത്ഥിതാം. ൯൨

വാതകഫങ്ങൾ കോപിച്ച് ചെവിക്കകത്ത് അതിവേദനയോടുകൂടി സ്ഥിരമായിട്ടുണ്ടാകുന്ന കുരുവിന്നു പനസികാ എന്നുപേർ. ഇതു പഴുക്കാതിരുന്നാൽ ഗന്ധാലജികപോലെയും പഴുത്താൽ വ്രണം പോലെയും ചികിത്സിക്കണം.

കച്ഛപികാലക്ഷണം.

ഷട് തഥാ പഞ്ച വാ ഗ്രന്ഥയോ ദാരുണാ
യത്ര വാ കച്ഛപോരസധരാൽ സംഗതാഃ
കച്ഛപീം ശ്ലേഷ്മവായുപ്രഭൂതാം ഭിഷക്
പൂർവ്വതഃ സോദനേദാ പ്രതിമേപത്തതഃ. ൯൩

കഫവായുക്കൾ കോപിച്ച് ആമയുടെ ആകൃതിയിൽ അഞ്ചോ ആറോ മുഴകൾ അതിഭയങ്കരങ്ങളായിട്ട് ഉണ്ടാകുന്നു. അതിനു കച്ഛപി എന്നുപേർ. ഇതിനെ വിയർപ്പിക്കുകയോ ഔഷധങ്ങൾകൊണ്ടു ലേപനം ചെയ്യുകയോ ചെയ്യണം.

തച്ചികിത്സ.

നിശാശിലാതാലകകുഷ്ഠദാത-
കല്ക്കൈഃ പ്രലിമ്പേദഥവാ തു പക്വാം
ചികിത്സകസ്താം വ്രണവൽ പ്രകാമം
പ്രസാധയേദൈദ്യമതേന സമ്യക്. ൯൪

മഞ്ഞൾ മനയോല ഹരിതാലം കൊട്ടം ദേവതാരം ഇവ അരച്ചുതേച്ചാൽ പഴുക്കാത്തതായ കച്ഛപിക ശമിക്കും. പഴുത്തതാണെങ്കിൽ വ്രണചികിത്സ ചെയ്തുകൊള്ളണം.

പാഷാണഗർദ്ദഭലക്ഷണം.

വാതശ്ലേഷ്മസമുദ്ഭൂതശ്ശോഫോ ഹനുസന്ധിജഃ
സ്ഥിരോ മന്ദരുജഃ സ്നിഗ്ദ്ധോ ജ്ഞേയഃ പാഷാണഗർദ്ദഭഃ.

വാതകഫങ്ങൾ കോപിച്ച് ഹനുസന്ധിയിൽ സ്ഥിരമായും വേദന കുറഞ്ഞും മിനുമിനുപ്പോടുകൂടിയും ഉണ്ടാകുന്ന നീരിന് പാഷാണഗർദ്ദഭം എന്നുപറയുന്നു.

തച്ചികിത്സ.

സംസേദ്യ പൂർവ്വം ഭിഷഗശ്മപൂർവ്വം
പരം തതോ വാതകഫഘ്നലേപൈഃ
കല്ക്കൈരനേകൈരപി ചോക്തയോഗൈഃ
സാദ്ധ്യാച്ച ഭൂയോ വ്രണവച്ചികിത്സേൽ. ൯൫

അതികഠിനമായിരിക്കുന്ന പാഷാണഗർദ്ദഭത്തെ വിയർപ്പിച്ച് വാതകഫനാശകങ്ങളായും ഉഷ്ണങ്ങളായും ഇരിക്കുന്ന യോഗങ്ങൾകൊണ്ടു ലേപനം ചെയ്തതിനുശേഷം വ്രണചികിത്സ ചെയ്യണം. അട്ടയിട്ടാൽ ഇത് ഔഷധവുംകൂടാതെ ശമിക്കും.

അനുശയീലക്ഷണം.

ഗംഭീരാമല്പസംരംഭാം സവർണ്ണാമുപരിസ്ഥിതാം
പദേ സാനുശയീം താം തു വിദ്യാദന്തഃ പ്രപാകിനീം. ൯൬

കുഴിഞ്ഞും അല്പമായ നീരോടും ദേഹത്തിന്റെ നിറത്തിലും ഉള്ളിൽ പഴുപ്പോടും കാലിന്മേൽ ഉണ്ടാകുന്ന കുരുവിന് അനുശയീ എന്നു പേർ പറയുന്നു. ഇതിനു വിദ്രധിക്കു പറഞ്ഞിട്ടുള്ള ചികിത്സ ചെയ്തുകൊള്ളണം.

വിദാരികാലക്ഷണം.

വിദാരീകന്ദവദ്വൃത്താം കക്ഷവങ്ക്ഷണസന്ധിഷു
വിദാരികേ തു താം വിദ്യാൽ സർവ്വജാം സർവ്വലക്ഷണാം. ൯൭

വാതപിത്തകഫങ്ങൾ കോപിച്ചു മുതക്കിൻകിഴങ്ങുപോലെ വൃത്തത്തിൽ കക്ഷത്തിലോ ഒടിയിലോ സന്ധികളിലോ ഉണ്ടാകുന്ന കുരുക്കൾക്ക് വിദാരിക എന്നു പറയുന്നു. ഇതിനും ആദ്യമായി വ്രണചികിത്സചെയ്ത്, അതിനുശേഷം ലേപനംചെയ്ത് രോപണൗഷധങ്ങൾ പ്രയോഗിക്കണം.

ശർക്കരാർബ്ബുദലക്ഷണം.

ശ്ലേഷ്മാനിലാശ്ചാപ്യഥ മാംസനാഡീ-
സ്നായൂനി മേദശ്ച തഥൈവ കൃത്വാൽ
വിദ്രാവ്യ ഗ്രന്ഥിം സ ച ഭിന്നമാത്രഃ
സ്രവത്യലം മാക്ഷികഹവ്യതുല്യം. ൧൦൦

വസാനിഭം കാപി ച തത്ര വായുഃ
പ്രവൃദ്ധമാനഃ പ്രകരോതി ശോഷ്യ
മാംസം തദാ സംഗ്രഥിതം വിധായ
വിസ്രാസ്രദുർഗ്ഗന്ധിമനേകവർണ്ണം. ൧൦൧

താം ശക്കരാഖ്യാം സ്രവതേ നിതാന്തം
ദുഷ്ടാശ്ച മേദോർബ്ബുദവച്ചികിത്സാം
തസ്യാ യഥാ സംവിധിയം പ്രയായാ-
ത്തഥാ തഥാ വാ പ്രതിരോപയേച്ച. ൨൦൮

കഫവും വായുവും മേദസ്സും, മാംസങ്ങളെയും നാഡികളെയും ആശ്രയിച്ചിട്ട് മുഴയെ ഉണ്ടാക്കുന്നു. അതു പൊട്ടിയാൽ അതിൽനിന്ന് തേൻ നെയ്യ് വസ ഇവയുടെ ആകൃതിയിൽ ചലം സ്രവിക്കും. പിന്നെ അവിടെ വായു കോപിച്ച് മാംസത്തെ വരട്ടി ചരൽക്കല്ലുപോലെ കഠിനമായ ശക്കരയെ ഉണ്ടാക്കുന്നു. അനന്തരം സിരകളെ ആശ്രയിച്ച് ദുർഗ്ഗന്ധിയായും നാനാവർണ്ണമായും നലവോട്ടുകൂടിയും ഇരിക്കുന്ന രക്തം അതിൽനിന്നും കൂടക്കൂടെ സ്രവിക്കുന്നു. ഇതിനെ ശക്കരാർബ്ബുദം എന്നുപറയുന്നു. ഇതിനു മേദോർബ്ബുദത്തിനു പറഞ്ഞിരിക്കുന്ന ചികിത്സ ചെയ്യണം.

കദരലക്ഷണം.

ശക്കരോന്മഥിതപാദതലേ വാ
കണ്ടകേന യദി കോപസമാനഃ
ഗ്രന്ഥിരേവ കദരഃ ഖലു തം വൈ
സന്ദഹേച്ച ദഹനൈർന്ന ച തൈലൈഃ ൨൦൯

ചരൽക്കല്ലുകൊണ്ടിട്ടോ മുള്ളുകൊണ്ടിട്ടോ കാലുകൾ മുറിഞ്ഞു ലന്തക്കുരുപോലെയുള്ള മുഴകൾ ഉണ്ടാകും. അതിനെ കദരം എന്നു പറയുന്നു. അതിനെ പൊള്ളിക്കയാണു ചെയ്യേണ്ടതു്.

ചിപ്പലക്ഷണം.

നഖമാംസമധിഷ്ഠിതശ്ച വായു-
സ്സഹ പിത്തേന ച ദേഹിനാം യദാ
കുരുതേ സദാഹപാകമേവ
ചിപ്പം തൽ പ്രവദന്തി വൈദ്യഭൂപാഃ ൨൧൦

വായുവും പിത്തവുംകൂടി നഖമാംസങ്ങളിൽ കോപിച്ച് ചുട്ടും പഴുപ്പും ഉണ്ടാകുന്നു എങ്കിൽ അതിനെ ചിപ്പമെന്നു പറയുന്നു.

തച്ചികിത്സ.

രുധിരമോക്ഷണശോധനലേപനൈ-
രുപചരേച്ച വിലോക്യ ഗതോഷ്മകം
പുനരഥോദ്ധൃത്യ കവോഷ്ണജലൈരലം
പരിനിഷേചനമാശു സമാചരേൽ. ൨൧൧

രക്തമോക്ഷണം, ശോധനം, ഉണക്കുക മുതലായവകൊണ്ട് ചൂടില്ലാതെയായാൽ കുറഞ്ഞൊന്നു ചൂടുള്ള വെള്ളംകൊണ്ടു കഴുകണം. എന്നാൽ ചിപ്പം ശമിക്കും.

സപരസൈരഭയാം ച നിശാപ്രഭവൈഃ
പരിഘൃഷ്യ തു ലോഹജപാത്രവരേ
അനുവേലമലം പരിലേപ്യ തഥാ
ഖിലചിപ്പഗദം ഖലു യസ്യ കരേ. ൨൧൨

മഞ്ഞൾ ഇടിച്ചുപിഴിഞ്ഞ നീരിൽ കടുക്ക ഇട്ട് ഇരുമ്പുപാത്രത്തിൽ വച്ചിരുന്ന് അതെടുത്തു അരച്ചുതേച്ചാലും ചിപ്പം ശമിക്കും.

അരുംഷികാലക്ഷണം.

അഥാരുംഷികാം ശ്ലേഷ്മരക്തപ്രകോപാൽ
കൃമീണാം പ്രകോപാജ്ജനാനാം ശിരസ്സു
ബഹുക്ലേദയുക്താനി നാനാമുഖാനി
ഭവന്തീതി തത്ര പ്രതീകാരമേവം. ൨൧൩

കഫം രക്തം കൃമികൾ ഇവയുടെ കോപം നിമിത്തം തലയിൽ വളരെ പഴുപ്പോടും വളരെ മുഖത്തോടും കൂടിയ വ്രണങ്ങൾ ഉണ്ടാകും. അതിന് അരുംഷിക എന്നുപേർ.

തച്ചികിത്സ.

അരുംഷി നശ്യന്തി ജലൌകികാഭി-
രക്തസ്യ പാനാദപി തത്ര താസാം
പ്രക്ഷാളനാത്തത്ര കഷായകൈശ്ച
സസൈന്ധവൈർവ്വാപി മുഹുർവ്വിലിപ്തേൽ. ൨൧൪

അട്ടയിട്ടു രക്തം കുടിപ്പിക്ക, കഷായംകൊണ്ടു കഴുകുക, ഉപ്പ് അരച്ചു തേക്കുക ഇവ ചെയ്താൽ അരുംഷിക ശമിക്കും.

ലേപനം.

പടോലവാശാപിചുമന്ദപത്രൈർ-
മ്മൂത്രേപി പിഷ്ടൈരപി ലേപയേച്ച
മുഹുർമ്മുഹുർവ്വാ ഖദിരസ്യ നിംബ-
ജംബ്വോശ്ച ... മൂത്രസമം പ്രലേപൈഃ ൨൧൫

പടവലം ആടലോടകത്തില വേപ്പില ഇവയോ കരിങ്ങാലിക്കാതൽ വേപ്പില ഞാവൽക്കിളുന്ന് ഇവയോ ഗോമൂത്രത്തിൽ അരച്ചുതേക്കുക. അരുംഷിക ശമിക്കും.

അഗ്നിരോഹിണീലക്ഷണം.

കക്ഷാഭാഗേഷു ജായന്തേ യേ മാംസേന തുല്യാഃ
സ്ഫോടാ വഹ്നേസ്തുല്യദാഹാന്തരസ്ഥാഃ
പക്ഷാന്മാസാദ്വാ സപ്തകാദ്വാ ദശാഹാ-
ന്മൃത്യും കുര്യാദ്രോഹിണീ വഹ്നിപൂർവാ. ൧൦

പിത്തരക്തപ്രധാനങ്ങളായ ദോഷങ്ങൾ കോപിച്ചു കക്ഷഭാഗങ്ങളിൽ അഗ്നിയേപ്പോലുള്ള അന്തർദ്ദാഹത്തോടുകൂടിയും മാംസതുല്യങ്ങളായും കുമിളകളെ ഉണ്ടാക്കുന്നു. ഇതാണ് അഗ്നിരോഹിണി. ഇതു ഏഴോ പത്തോ പതിനഞ്ചോ ദിവസത്തിനകം മരിക്കുകതന്നെ ചെയ്യും.

വല്മീകലക്ഷണം.

ഗ്രീവാകക്ഷാഹസ്തപാദപ്രദേശേ
സന്ധൗ കണ്ഠേ ജായതേ യസ്ത്രിദോഷൈഃ
ഗ്രന്ഥിർവൈദ്യാസ്തം ച വല്മീകമാഹുഃ
പ്രായസ്സർവേ ഹ്യക്രിയാണാം ജനാനാം. ൧൧

നാനാമുഖൈർദ്ദേസ്തോദയുക്തൈഃ പ്രയുക്തം
സ്രാവന്വിതം സർപ്പതി ചോന്നതോഗ്രം
വല്മീകമാഹുർഭിഷജഃ പ്രകാമം
നിഷ്പ്രത്യനീകം വിദിതം ജനാനാം. ൧൨

ത്രിദോഷങ്ങൾ കോപിച്ചു കഴുത്ത്, കക്ഷം, കയ്യ്, കാല്, സന്ധി ഈ ഭാഗങ്ങളിൽ മുഴയുണ്ടാകും. അതു വർദ്ധിച്ചു വളരെ മുഖങ്ങളോടും കുത്തിനോവോടും സ്രാവത്തോടും കൂടിയും അഗ്രം ഉയർന്നും വ്യാപിക്കും. ഇതിനെ വല്മീകം എന്നു പറയുന്നു. ഇതു പഴകിയാൽ ചികിത്സിക്കാൻ പ്രയാസമാണ്.

തച്ചികിത്സ.

ശസ്ത്രേണ ചോൽകൃത്യ ച വൈദ്യഭൂപോ
വല്മീകമഗ്നിപ്രയുതൈസ്തഥൈവ
ക്ഷാരൈർന്നിതാന്തം പരിസാധയേച്ച
തതോऽർബ്ബുദോക്തേന വിധാനകേന. ൧൩

വല്മീകത്തെ വൈദ്യവര്യൻ ശസ്ത്രംകൊണ്ടു ഛേദിച്ച് അഗ്നികർമ്മം, ക്ഷാരം മുതലായവ പ്രയോഗിക്കണം. അതിനുശേഷം അർബ്ബുദത്തിനു പറഞ്ഞിരിക്കുന്ന ചികിത്സയും ചെയ്യണം.

തൈലം.

മനശ്ശിലൈലാഗരുചന്ദനൈശ്ച
ഭല്ലാതജാതീദളനിംബപത്രൈഃ
തൈലം തു സിദ്ധം പരിലിപ്തമാശു
വല്മീകരോഗം ബഹുധാ സമസ്തം.

പാണ്യോഃ പദോർവാ ഗളകക്ഷയോർവാ
നാനാവ്രണം ശോധയിതും വിഹായ ൧൪

മനയോല ഏലത്തരി അകിൽ ചന്ദനം ചേക്കുരു പിച്ചകത്തില വേപ്പിൻതൊലി ഇവ കല്കമായിമോരുംചേർത്ത് എണ്ണകാച്ചി തേക്കുക; കയ്യ് കാല് കഴുത്ത് കക്ഷം ഈ ഭാഗങ്ങളിൽ ഉണ്ടാകുന്ന വല്മീകം ശമിക്കും.

സൂകരദംഷ്ട്രലക്ഷണം.

സദാഹോ ഭവേദ്രക്തപര്യന്ത ഏവ .
ത്വചോ ത്വക്പ്രപാകോ തഥാ തീവ്രപീഡഃ
സകണ്ഡൂതികാമണ്ഡലം സംപ്രകുര്യാൽ
ഭിഷഗ്വർണ്ണിതഃ ശൂകരോഗോऽഹിദംഷ്ട്രഃ. ൧൫

രക്തംവരെ ചൂട്, തൊലിപഴുക്കുക, വലിയവേദന, ചൊറിച്ചിലോടുകൂടിയ വട്ടപ്പുണ്ണ് ഇവ സൂകരദംഷ്ട്രം എന്ന ക്ഷുദ്രരോഗത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

അഥ ഭൃംഗരാജജടാനിശാവരചൂർണ്ണകേന വിലേപിതാ
ചലൂ്ശൂകരദംഷ്ട്രജതാം വിനിഹന്തി സപ്തമവാസരാൽ. ൧൬

ജടാമാഞ്ചി മഞ്ഞൾ ഇവ പൊടിച്ച് കയ്യോന്നിനീരിൽ അരച്ചുതേക്കുക; സൂകരദംഷ്ട്രം ശമിക്കും.

വിസ്ഫോടരോഗോപദ്രവങ്ങൾ.

തൃഡ്ശ്വാസദാഹജ്വരമർമ്മരോധ-
വിസർപ്പഹിക്കാബലസന്നികോപാഃ
മദസ്തദാമീ ദശകഃ പ്രയുക്താ-
ഹ്യുപദ്രവാ സ്ഫോടഗദസ്യ വൈദ്യ. ൧൭

തണ്ണീർദാഹം ശ്വാസം ചൂട് ജ്വരം മർമ്മരോധം വിസർപ്പം ഏക്കിൾ ബലമില്ലായ്മ ദേഹം ചുരുങ്ങുക മദം ഇങ്ങനെ പത്തുപദ്രവങ്ങൾ വിസ്ഫോടത്തിൽ ഉണ്ടാകും.

സ്ഫോടരോഗത്തിന്റെ സാദ്ധ്യാസാദ്ധ്യത്വം.

ഭവേദേകദോഷശ്ച സാദ്ധ്യോ ദ്വിദോഷ-
സ്തഥാ കൃച്ഛ്ര ഉക്തസ്ത്രിദോഷാദ് ഭവശ്ച
അസാദ്ധ്യസ്തു സോപദ്രവോ വൈദ്യഭൂപൈർ-
നിരുക്തസ്തതഃ സ്ഫോടരോഗോ നരാണാം. ൧൧൮

ഒരു ദോഷംകോപിച്ചുണ്ടാകുന്ന വിസ്ഫോടം സാദ്ധ്യവും, രണ്ടുദോഷം കോപിച്ചുണ്ടാകുന്ന വിസ്ഫോടം കൃച്ഛ്രസാദ്ധ്യവും, മൂന്നുദോഷവും കോപിച്ചും ഉപദ്രവങ്ങളോടുകൂടിയും ഇരിക്കുന്ന വിസ്ഫോടം അസാദ്ധ്യവും ആകുന്നു.

മസൂരിയുടെ സാദ്ധ്യാസാദ്ധ്യത്വം.

അഥോ ത്വഗ്ഗതാ രക്തജാഃ പിത്തജാശ്ച
തഥാ ശ്ലേഷ്മജാഃ ശ്ലേഷ്മപിത്തോദ്ഭവാശ്ച
മസൂര്യസ്തു സാദ്ധ്യാ വിനാപ്യൗഷധം വാ
തഥാ വാതജാ വാതപിത്തോദ്ഭവാശ്ച. ൧൧൯

തഥാ വാതജാഃ ശ്ലേഷ്മയുക്താസ്തു കൃച്ഛ്രാ-
സ്ത്വസാദ്ധ്യാസ്ത്രിദോഷാദ്ഭവാ യാസ്തഥാന്തഃ
പ്രപാകം പ്രയാതാശ്ച സദ്യോ നരാണാ-
മസാദ്ധ്യാഃ പ്രയുക്താ ഭിഷഗ്ഭിഃ പ്രകാമം. ൧൨൦

ത്വക്ക് രക്തം ഈ ധാതുക്കളിൽനിന്നും വാതം പിത്തം കഫം ഇവ ഓരോന്നു കോപിച്ചും കഫപിത്തങ്ങൾ കോപിച്ചും ഉണ്ടാകുന്ന മസൂരികൾ സുഖസാദ്ധ്യങ്ങളാണ്. വാതംനിമിത്തവും വാതപിത്തം നിമിത്തവും വാതകഫം നിമിത്തവും ഉണ്ടാകുന്ന മസൂരികൾ കൃച്ഛ്രസാദ്ധ്യങ്ങളാണ്. ത്രിദോഷംനിമിത്തം ഉണ്ടാകുന്നവയും ഉള്ളിൽ പഴുപ്പുള്ളവയും ആയ മസൂരികൾ അസാദ്ധ്യങ്ങളാണ്.

കാസസാ ഹിക്കാ മോഹദാഹപ്രലാപാ-
സ്തൃണ്മൂർച്ഛാപൂർണ്ണതാരതിജ്വരാശ്ച
അന്യാരക്തം പ്രസ്രവേദ്യസ്യ തദ്വൽ
ഘ്രാണാന്നേത്രാൽ കണ്ഠഗം ഘുർഘുരത്വം. ൧൨൧

ശ്വാസോ ഗച്ഛേൽ ഘ്രാണമാർഗ്ഗേണ നിത്യം
യസ്യ പ്രായോ വൈ മസൂരീഗദേഷു
സോऽയം ഗന്തും ധർമ്മരാജസ്യ ഗേഹം
മത്വാ തസ്മൈ ജാഹ്നവീവാരി ദേയം. ൧൨൨

മസൂരികാന്തേ യദി കൂർപ്പരേഷു
ശോഫോ ഭവേദ്വാ മണിബന്ധകേഷ്വപി

തദ്വച്ച നിത്യം ഫണികപ്രദേശേ
സ ദുശ്ചികിത്സ്യോ ഭവതി പ്രകാമം. ൧൨൩.

ചുമ ഇക്കിൾ മോഹാലസ്യം ചുട്ട് പേപറച്ചിൽ തണ്ണീർദാഹം മൂർച്ഛ വലിയജ്വരം; വായിൽനിന്നും മൂക്കിൽനിന്നും കണ്ണിൽനിന്നും രക്തംവരിക; കഫം കഴുത്തിൽഇരുന്ന് ഘുറുഘുറ ശബ്ദിക്ക; മൂക്കിൽകൂടി നിത്യവും ശ്വാസംപോകുക; ഈ ലക്ഷണങ്ങൾ ഉള്ള മസൂരിരോഗം അസാദ്ധ്യമാണ്. മസൂരിയുടെ അവസാനത്തിൽ മുട്ട് മണിബന്ധം മുതലായ സ്ഥാനങ്ങളിൽ നീരുവരുന്നതായ മസൂരിയും അസാദ്ധ്യമാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ സ്ഫോടാധികാരം എന്ന ൪൨-ാം അദ്ധ്യായം കഴിഞ്ഞു.

ത്രിചത്വാരിംശസ്തബകഃ.

ക്ഷുദ്രരോഗാധികാരം.

മുഖരോഗങ്ങൾ.

മുഖരോഗനിദാനം.

ആനൂപമാംസാശനദുഗ്ദ്ധപാന-
മാഷാന്നദധ്യാദിനിഷേവണേന
ദോഷാധരോഷ്ഠദ്വിജമൂലതാലു-
ജാ കണ്ഠജാശ്ചാസ്യഗദാൻ പ്രകുര്യുഃ. ൧

ആനൂപമാംസഭക്ഷണം ക്ഷീരപാനം ഉഴുന്നുകൂട്ടി ചോറുണ്ണുക തൈർഉപയോഗിക്കുക ഈ കാരണങ്ങളാൽ വാതാദിദോഷങ്ങൾ താഴത്തെ ചുണ്ട് ദന്തമൂലം അണ്ണാക്ക് കഴുത്ത് ഈ സ്ഥാനങ്ങളിൽ പ്രാപിച്ചു കോപിച്ച് മുഖരോഗങ്ങളെ ഉണ്ടാക്കുന്നു.

മുഖരോഗപൂർവ്വരൂപം.

ഭവേൽ പൂർവ്വരൂപസ്യ വൈരസ്യമേവാം
മുഖസ്യ പ്രസേകോ നരാണാം വിശേഷാൽ
അഥോ ത്യാജ്യമന്യച്ച സർവ്വം ബ്രുവേ
ചികിത്സാം യഥാശാസ്ത്രമത്ര ധ്രുവം. ൨

രസം അറിയാൻ വയ്യായ്ക, വായിൽക്കൂടി വെള്ളം ഒലിക്ക ഇവ മുഖരോഗത്തിന്റെ പൂർവ്വരൂപമാണ്. ഇനിയും മുഖരോഗത്തിൽ ഉപേക്ഷിക്കേണ്ടതിനെയും ശാസ്ത്രാനുസാരമുള്ള ചികിത്സയെയും പറയാൻ പോകുന്നു.

മുഖരോഗത്തിൽ ഉപേക്ഷിക്കേണ്ടവ.

ഫലാനി ചാമ്ലാന്യഥ ശീതവാരി
ഭക്ഷ്യം ഭവേദ്യൽ കഠിനം തഥൈവ
യദ്ദന്തസംശോധനദാരു ദന്ത-
രോഗീ വിശേഷേണ പരിത്യജേച്ച. ൨

പുളിയുള്ള ഫലങ്ങൾ, തണുത്ത ജലം, കഠിനമായ ഭക്ഷണസാധനം, പല്ലുതേക്കുന്നതിനുള്ള കമ്പ് ഇവയെല്ലാം ദന്തരോഗി ഉപേക്ഷിക്കണം.

മുഖരോഗചികിത്സ.

വചാമ്ബവാന്യഗ്നിപടൂനി ശ്ലക്ഷ്ണ്യാ
സസിന്ധുവാരേണ കവോഷ്ണകല്ക്കം
മുഖേ ധൃതം ദന്തഗതം നിഹന്തി
മുഖാമയാംശ്ചാന്യതമാൻ നിഹന്തി. ൩

വയമ്പ് ജീരകം കൊട്ടവേലിക്കിഴങ്ങ് ഇന്തുപ്പ് ചുക്ക് കരിനൊച്ചി ഇവ അരച്ച് തിളപ്പിച്ച് ചെറുചൂടേ വായിൽ ധരിക്കുക; മുഖരോഗം ശമിക്കും.

ഹരിദ്രാദിതൈലം.

നിശാദ്വയം ലോഹിതപല്ലവാനി
കണാവിഡംഗ ശൈലചന്ദനാനി
ബലാരുണാതേക്ഷാമൂലകാനി
സുഗന്ധസൌഗന്ധികകൈതകാനി. ൪

ഉശീരദേവദ്രുശതാഹ്വഹാര-
ഹൂരാസമാന്യേവ പൃഥക് പൃഥക് ച
വിധായ കല്കം മധുകേന പത്മ-
കാഢ്യേന താസാമപി വിലംഗസൈന്ധവൈഃ. ൫

തൈഃ കല്കസന്ധൈഃ സഹ പാചിതം യൽ
പ്രസ്ഥോന്മിതം തൈലമലം പയോഭിഃ
നസ്യാനി ഗണ്ഡൂഷവിലേപനാനി
തസ്യ പ്രകുര്യ്യശ്ച ശിരോർത്തിനാശം. ൬

ഉപജിഹ്വാഗദം ച ഗണ്ഡമാലാം
ശ്രുതിശാലൂകമഥാർബ്ബുദം വിദാരീം
പലപാകഗളഗ്രഹാസ്യശോഷാ-
ന്നൃപഹന്യാദനു ദന്തചാലനാനി. ൭

മഞ്ഞൾ മരമഞ്ഞൾത്തൊലി കൊന്നത്തളിര് തിപ്പലി വിഴാലരി കൊട്ടവേലിക്കിഴങ്ങ് ചന്ദനം കുറുന്തോട്ടി മഞ്ചട്ടി പൂക്കൈതവേര് രാമച്ചം ദേവതാരം കൂവളത്തിൻവേര് മുന്തിരിങ്ങാ ഇരട്ടിമധുരം പതുമുകം കൂവളത്തിൻകായുടെ മജ്ജ ഇവ കല്കമായി എണ്ണയ്ക്കു സമം പാലും ചേർത്തു ഇടങ്ങഴി എണ്ണ കാച്ചി നസ്യം, ഗണ്ഡൂഷം (കവിൾക്കൊള്ളുക) വിലേപനം മുതലായവ പ്രയോഗിക്കുക. തലവേദന ഉപജിഹ്വ എന്ന രോഗം ഗണ്ഡമാല ശ്രുതിശാലൂകം അർബ്ബുദം വിദാരി മാംസപാകം ഗളഗ്രഹം വാവരൾച്ച പല്ലിളക്കം മുതലായവ ശമിക്കും.

ഇരിമേദതൈലം.

ഇരിമേദഭവം ച വല്കലം സകലം ഖണ്ഡകൃതം പലം ശതം
കഥിതം ചതുരാഢകാംബുഭിഃ ശ്രുതശേഷം തു തദംബുപാദകം.

തിലതൈലമഥാർദ്ധമാഢകം
പരിപാച്യം തഥ വക്ഷ്യമാണകൈഃ
ഇരിമേദഭവൈശ്ച വല്കലൈ-
ഖദിരസ്യാപി തഥൈവ കല്കിതൈഃ. ൮

അരുണാ മധുകേന പത്മകൈ-
രഥലാക്ഷാഗരുഭിഃ പതംഗകൈഃ
ഗിരിമൃൽകുസുമൈർമദാഭവൈ-
സ്ത്രുടിജാതീഫലദേവപുഷ്പകൈഃ. ൯

വടവരാംഗയുതൈശ്ച സുകല്കിതൈ-
രപി കങ്കോലസമൈസ്തഥാക്ഷകൈഃ
പ്രതിസിദ്ധമിദം മുഖാമയാ-
നഖിലാംശ്ചാപി വിനാശയേദപി. ൧൦

വിശീർണ്ണദന്തവിദ്രധീഃ സദാന്തഹർഷസൌഷിരൌ
ഹി ദന്തശീതദന്തദാരുണാൻ വിനാശയത്യഥാ
വിചാലിതം പ്രദുഷ്ടമാംസദീർണ്ണതാം ച സത്വരം
കുപൂതിമാസ്യതോ ഹരേച്ച നിത്യമേവ സേവനാൽ.

കരിവേലപ്പട്ട നൂറുപലം നുറുക്കി ൧൬ ഇടങ്ങഴി വെള്ളത്തിൽ

കഷായംവച്ച് നാലിലൊന്നാക്കി ൨ ഇടങ്ങഴി എള്ളെണ്ണയും ചേൎത്തു കരിവേലപ്പട്ട കരിങ്ങാലിക്കാതൽ മഞ്ചട്ടി ഇരട്ടിമധുരം പത്തുമുകം കോലരക്ക് അകിൽ പത്തങ്ങം കാവിമണ്ണ് താതിരിപ്പൂവ് ചിറേറലം ജാതിക്ക ഇലവൎങ്ങപ്പൂവ് പേരാലിൻമൊട്ട് കങ്കോലം ഇവ മുമ്മൂന്നു കഴഞ്ചുവീതം കല്ക്കം ചേൎത്തു കാച്ചി തേക്കുക; സകല മുഖരോഗങ്ങളും ദന്തവിദ്രധി മുതലായ സകല ദന്തരോഗങ്ങളും ശമിക്കും.

ഖദിരവടി.

ഖദിരവല്ക്കലമേകതുലാമിതം
സമശ്രിതം ഖലു ദ്രോണജലേന തൽ
അഥ വസുപ്രമിതാംബുനി ശേഷിതേ
പ്രഥമസംസ്രുതവസ്ത്രവിപൂതകേ. ൭൪

പ്രവിധുള്ള ച പൂഗശശീരജാ-
സമരജഃ ഖലു കട്ഫലസംഭവം
അപി കങ്കോലഗകോല...ചാന്തിരാ
വിരചിതാ വടികാ സമജാതികാ. ൭൫

മുഖധൃതാ വടികാ ഗളതാലുജാ
ദ്വിജരദച്ഛദജാനഖിലാൻ ഗദാൻ
പ്രശമയേദ്രസനോദ്ഭവദ്ദുൎജ്ജയാൻ
വദനജാനഖിലാംശ്ച ഗദാംസ്തഥാ. ൭൬

ഒരു തുലാം കരിങ്ങാലിക്കാതൽ ൬൪ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് എട്ടിലൊന്നാക്കി, അലക്കിയ വസ്ത്രത്തിൽ അരിച്ച് അതിൽ അടയ്ക്കാ കൎപ്പൂരം കുമ്പിൾക്കുരു ഓരോ പലംവീതം കങ്കോലത്തിൻകായ് ഇവ പൊടിച്ചുവിതറി കുറുക്കി വടകമാക്കി ഉപയോഗിക്കുക; അണ്ണാക്കിലും പല്ലുകളിലും ചുണ്ടിലും ഉണ്ടാകുന്ന സകല രോഗങ്ങളും ശമിക്കും.

കാലകചൂൎണ്ണം.

ഗൃഹധൂമരസാഞ്ജനാഗ്നിലോധ്ര-
ത്രിഫലാവ്യോഷയവാഗ്രജൈഃ സപാഠം
കബളം മധുനാ മുഖസ്ഥിതം വാ
സമതേജഃപ്രഭവേന വല്ക്കലേന. ൭൭

രദകണ്ഠമുഖപ്രഭൃതരോഗാ-
നപി ഹന്യാൽ ഭൃശമേതദേവ ചൂൎണ്ണം

ഉദിതം ഭിഷജാ ച കാലികം യ-
ദുദിതം പഥ്യവരദ്വയേന യുഗ്മം. ൭൮

പുകയറ രസാഞ്ജനം കൊട്ടുവേലിക്കിഴങ്ങ് പാച്ചോററിത്തൊലി ത്രിഫല ചുക്ക് മുളക് തിപ്പലി ചവൎക്കാരം പാടക്കിഴങ്ങ് ചെറുപ്പുന്നയരിയുടെ തൊലി ഇവ പൊടിച്ചു തേനുംചേൎത്തു ഉരുളയാക്കി വായിൽ ധരിക്കുകയോ, പൊടിയായി ഉപയോഗിക്കുകയോ ചെയ്താൽ ദന്തം, കണ്ഠം, മുഖം മുതലായ [illegible] ശമിക്കും.

ഓഷ്ഠരോഗം.

കൎക്കശൌ ച പരുഷാവപി ശോഫ-
സംയുതൌ ച ഭവതി സ്ഫുടിതൌ ച
വാതപിത്തകഫകോപവശേന
ദ്വന്ദ്വജത്രിഭവദോഷചയേന. ൭൯

വാതംകൊണ്ടുള്ള ഓഷ്ഠരോഗം കഠിനമായും പരുഷമായും നീരോടുകൂടിയും പൊട്ടിയും ഇരിക്കും. ഇതുകൂടാതെ പിത്തം, കഫം ഇവ കോപിച്ചും, ദ്വന്ദ്വജമായും ത്രിദോഷജമായും ഓഷ്ഠരോഗങ്ങൾ ഉണ്ടാകും.

തച്ചികിത്സ.

പീയൂഷനിംബമഗധാ കടുഭിസ്സമേതാ
രാശ്യാസ്ഥിതാശ്ച കബളഗ്രഹചൂൎണ്ണയോഗാൽ
ഓഷ്ഠപ്രകോപമപി ഹന്ത്യചലം ച വാത-
സഞ്ജാതമാസ്യഗദമാശു സദാ നരാണാം. ൮൦

അമൃത് വേപ്പിൻതൊലി തിപ്പലി കട്ഫലം ... ഇവ പൊടിച്ച് കബളമോ ചൂൎണ്ണമോ ആയി ഉപയോഗിക്കുക; വാതംകൊണ്ടുള്ള ഓഷ്ഠരോഗം ശമിക്കും.

പിത്തജമായ ഓഷ്ഠരോഗം.

യദാ സരുകൈരപി കണ്ടകൈൎദ്ദാ-
ഗാവൌഷ്ഠ ച പിത്തേന സദാഹിയുക്തൌ
ഭിഷക്തദാ രക്തവിമോക്ഷണം ച
കുൎയ്യാദപിശേഷാന്മധുരൈൎവ്വിപാകൈഃ. ൮൧

ഗണ്ഡൂഷനസ്യപ്രതിസാരണാനി
പിത്തപ്രഭൃതൌഷ്ഠഗദേ നരാണാം.

പിത്തം കോപിച്ചുണ്ടാകുന്ന ഓഷ്ഠരോഗത്തിന് വേദനയോടുകൂടിയ കുരുക്കൾ നിറഞ്ഞിരിക്കും. ചൂട്, മഞ്ഞനിറം ഇവയും കാ

ണം. ഇതിന്ന രക്തം കളയുകയും മറ്റൌഷധങ്ങൾകൊണ്ട് ഗ
ണ്ഡൂഷം, നസ്യം, പ്രതിസാരണം ഇവ ചെയ്യുകയും വേണം.

കഫജമായ ഓഷ്ഠരോഗം.

കഫേന ചോഷ്ഠാവപി ഗൌരവേണ
യുക്തൌ തഥാ ശാല്മലികണ്ടകാഭൈഃ
ചൽ കണ്ടകൈരക്ഷതമൌതതസ്ത്വൌ
രക്തം വിലിഖ്യാ ച നിരസ്യ സമ്യക്. ൨൦

കുഷ്ഠാൽ കണാദിർമധുസംയുതോയ-
സ്തേനൈവ ഭൂയഃ പ്രതിസാരണാനി
മുഖേ ച ധാര്യം സിതസർഷപാണാം
സസൈന്ധവം വൈ കബളം തദൈവ. ൨൧

കഫംനിമിത്തമുണ്ടായ ഓഷ്ഠരോഗത്തിൽ ഓഷ്ഠങ്ങൾ കന
ത്തും ഇലവിൻമുള്ളിന്റെ നിറത്തിലുള്ള കുരുക്കളോടുകൂടിയും വേദ
ന ഇല്ലാതെയും ഇരിക്കും. ഇതിങ്കൽ കീറി രക്തംകളഞ്ഞ് കണാ
ദിചൂർണ്ണം തേൻകൂട്ടി വായിൽപുരട്ടി വെള്ളം വാർത്തുകളയണം.
വെൺകടുകും ഇന്തുപ്പും കൂടി കബളം ധരിക്കുന്നതും കഫജമായ ഓ
ഷ്ഠരോഗത്തിന്ന നല്ലതാണ്.

ദന്തപുപ്പുടലക്ഷണം.

ദന്തയോശ്ച ദ്വയോർവാ ത്രിഷു വാപി
ജായതേ ച സകലേഷ്വപി ശോഫഃ
ദന്തപുപ്പുടഗദഃ കഫരക്താൽ
തത്ര രക്തപരിമോക്ഷണമേവ. ൨൨

രണ്ടോ മൂന്നോ പല്ലുകൾക്കോ എല്ലാ പല്ലുകൾക്കുമോ കഫ
രക്തങ്ങൾ കോപിച്ച് നീരുണ്ടാകുന്നു. അതിനെ ദന്തപുപ്പുടം എ
ന്നു പറയുന്നു. ഇതിന് കീറി രക്തം കളയുകയാണ് ചികിത്സ.

ദന്തവേഷ്ടലക്ഷണം.

സ്രവന്തി പൂയം രുധിരം ച ചലാഃ
ദന്താളിമൂലാദ്രുധിരപ്രകോപാൽ.
തം ദന്തവേഷ്ടം രുധിരപ്രമോക്ഷാ-
ദാഹുശ്ച വക്ഷ്യേ പ്രതിസാരണാദീൻ. ൨൩

രക്തം കോപിച്ച് ചലം, ചോര, ഊത്ത ഇവ പല്ലിന്റെ
ചുവട്ടിൽനിന്ന് ഒലിക്കുന്നതിനെ ദന്തവേഷ്ടം എന്നു പറയുന്നു. ഇ
തിന്ന് ചെയ്യേണ്ടതായ പ്രതിസാരണാദി ചികിത്സയെ പറയുന്നു.

തച്ചികിത്സ (മുസ്താദിവടീ.)

ഭദ്രമുസ്താഭയാവ്യോഷനിംബച്ഛദൈർ-
ധേനുമൂത്രൈർദ്രുതം പേഷ്യ ജന്തുഘ്നകൈഃ
താം വടീമാസ്യഗാമഹ്ന്യഹഃശോഷിതാം
ശോഷിതാം ദന്തകം പാദികേഷ്വാശു വാ. ൨൪

പെരുമുത്തങ്ങാ കടുക്കാ ചുക്ക മുളക തിപ്പലി വേപ്പിൻഇല
വിഴാലരി ഇവ പൊടിച്ച് ഗോമൂത്രത്തിൽ ദ്രവിപ്പിച്ചു നിഴലുണ
ക്കി വടകമാക്കി വായിൽധരിക്കുക; പല്ലിളക്കം മുതലായവ ശമിക്കും.

സൌഷിരലക്ഷണം.

കഫരക്തഭവഃ ഖലു ദന്തതലേ
ശ്വയഥുഃ സരുജഃ സമകണ്ഡുരകഃ
സുഷിരഃ സ്രവതേ മുഖജാതജലം
രുധിരസ്രവണം ത്വിഹ തതോ ത്ര ഹിതം. ൨൫

കഫരക്തകോപംനിമിത്തം പല്ലിന്റെ ഊനിൽ നീര്, വേദ
ന, ചൊറിച്ചിൽ ഇവയോടുകൂടി വെള്ളം ഒലിച്ചുകൊണ്ടിരിക്കും.
അതിന്ന് സൌഷിരമെന്നു പേർ പറയുന്നു. ഇതിന്ന് രക്തം സ്രാവി
പ്പിക്കുകയാണ് ചികിത്സ.

തച്ചികിത്സ.

ലോധ്രരസാഞ്ജനമുസ്തമാക്ഷികമേറി
സൌഷിരികേ പ്രതിസാരണമേതദുദീരി. ൨൬

പാച്ചോറ്റിത്തൊലി രസാഞ്ജനം മുത്തങ്ങാ ഇവ പൊടിച്ചു
വായിൽപുരട്ടി വെള്ളം വാർത്തുകളയുക; സൌഷിരം എന്ന ദന്ത
രോഗം ശമിക്കും.

മഹാസൌഷിരലക്ഷണം.

വേഷ്ടേഭ്യഃ പ്രചലന്തി ദന്തനികരാസ്താലുശ്ച സന്ദീര്യതേ
യസ്മിംസ്ത്രിഭവോ ഭിഷങ്നിഗദിതോ രോഗോ മഹാസൌഷിരഃ
സോऽയം സപ്തദിനാന്തരാളമനയേൽ ഗേഹേ യമസ്യ ധ്രുവം
തസ്മാത്തം പരിവർജ്യ ഭേഷജചയം ഗംഗാജലം പായയേൽ. ൨൭

ത്രിദോഷകോപത്താൽ പല്ലുകൾ സ്വസ്ഥാനങ്ങളിൽനിന്ന്
ഇളകുകയും അണ്ണാക്കും ഓഷ്ഠവും പിളർന്നുപോകുന്നപോലെ തോന്നു
കയും ചെയ്യും. ഇതിന് മഹാസൌഷിരം എന്നു പേർ. ഈ രോ
ഗം ഏഴുദിവസത്തിനുള്ളിൽ മരിക്കും. അതിനാൽ മഹാസൌഷിര
രോഗിക്ക് ഗംഗാജലം കൊടുക്കുകയാണ് ചികിത്സ. (ഔഷധം
കൊണ്ടു ഫലമില്ല എന്നു സാരം.)

കഫകോപംനിമിത്തം കടവായിലെ താടിയെല്ലിനെ സംബന്ധിച്ചതായ പല്ലിന്റെ ചുവട്ടിൽ വലുതായ നീരും വേദനയും കഫസ്രാവവും ഉണ്ടാകും. അതിനെ അധിമാംസം എന്നു പറയുന്നു. അതിനെ ശസ്ത്രക്രിയകൊണ്ടു ചികിത്സിച്ചു ഭേദമാക്കണം.

തച്ചികിത്സ.

പാഠാമാക്ഷികതേജവല്ലപടുഭിഃ സചൂർണ്ണ്യാ
യവാഗ്രോദ്ഭവൈഃ
പാഠാമരീച ദിതയന ചൂർണ്ണിതൈരാസ്യാ-
ന്തരേ ധാരിതൈഃ
ഗണ്ഡൂഷം ത്രിഫലാപടോലനിചുളിഃ സമ്പാ-
ദിതൈരംബുഭിർ-
വാരംവാരമപോട്ടസ്യ ധാവനാവിധിഃ ശാന്ത്യാ-
ധിമാംസേ സദാ. ൩൮

പാടക്കിഴങ്ങ് ചെറുപുന്നയരി ഇന്തുപ്പ് സർജ്ജികക്ഷാരം ചവക്കാരം വലിയതിപ്പലിയും ചെറിയതിപ്പലിയും ഇവ പൊടിച്ചു തേനുംചേർത്ത് വായിൽധരിക്കുക; ത്രിഫല പടോലം കരള്പ്പുരത്തി ഇവ കഷായംവച്ച് ദിവസംതോറും കവിൾകൊള്ളുക; അധിമാംസം ശമിക്കും.

ദന്തനാഡീലക്ഷണം.

നാഡ്യോഷ്ട പഞ്ചാസ്യഗദാന്തമൂല-
ജാതാശ്ച വാതാദപി പിത്തതശ്ച
ശ്ലേഷ്മപ്രകോപാദപി സന്നിപാതാ-
ദാഗന്തുകാന്യാ ഖലു പഞ്ചമീ സാ. ൩൯

വാതം പിത്തം കഫം സന്നിപാതം ഇവയുടെ കോപം ഹേതുവായിട്ടും ആഗന്തുകമായിട്ടും അഞ്ചുവിധം നാഡീവ്രണം ഉണ്ടാകുമെന്നു പറഞ്ഞിട്ടുണ്ട്. ആ അഞ്ചുവിധവും ദന്തമൂലത്തിലും ഉണ്ടാകുമെന്ന് അറിഞ്ഞുകൊള്ളണം.

തച്ചികിത്സ.

യഥാസ്വമാലോക്യ ച ദന്തനാഡീം
നാഡീവ്രണോനൈവ സമം ചികിത്സേൽ
യദ്ദന്തമദ്ധ്യേ പ്രതിജായതേ സാ
തദ്ദന്തമുദ്ധൃത്യ ച മൂലമാംസാൻ. ൪൦
ശസ്ത്രേണ ഛേദയിത്വാ തു ഭഗ്നാസ്ഥി-
കീലം നിരാകൃത്യ തതോഗ്നികർമ്മ

ക്ഷാരക്രിയാം തത്ര സമാചരേദ്വാ
രക്തസ്രുതിസ്തത്ര കരോതി കാണം. ൪൧

തസ്മാന്നച്ഛേദ്യം ദന്തമുത്തരേച്ഛ
ക്ഷാരാഗ്നിയോഗേന ച നിർഹരേത്തം

ദന്തനാഡിയെ വഴിപോലെ ആലോചിച്ച് നാഡീവ്രണം പോലെ ചികിത്സിക്കണം. ഈ ദന്തനാഡി, ദന്തമദ്ധ്യത്തിൽ ഉണ്ടാകുകയാണെങ്കിൽ ആ പല്ലു പറിച്ചുകളഞ്ഞ് മൂലമാംസങ്ങളെ ശസ്ത്രംകൊണ്ട് എടുത്തു ഒടിഞ്ഞ അസ്ഥികളെ ഉപേക്ഷിച്ചതിനു ശേഷം പൊള്ളിക്കുകയോ ക്ഷാരംവയ്ക്കുകയോ ചെയ്യണം. മുകളിലെ വരിയിലുള്ള പല്ല് ആയുധംകൊണ്ട് എടുക്കരുത്. അതിനെ എടുത്താൽ രക്തസ്രവണം ഉണ്ടായിട്ട് രോഗി പൊട്ടനായിത്തീരും. അതുകൊണ്ട് മുകൾവരിയിലെ പല്ലുകളെ ക്ഷാരാഗ്നികർമ്മങ്ങൾകൊണ്ട് കളയണം.

കവിൾക്കൊള്ളുന്നതിനു തൈലം.

ജാതീത്രികണ്ടമദനൈഃ ഖദിരത്വചാപി
ക്ഷൌദ്രൈഃ കഷായനിചയൈരപി ജാതിപത്രൈഃ
കല്ക്കീകൃതൈഃ കനകപത്രയുതൈശ്ച കണ്ട-
കാരീത്രികണ്ടകനതൈഃ ഖദിരാത്മനാദ്യാം. ൪൨

സിദ്ധം ച തൈലമസകൃദ്വിനിഹന്തി നിത്യം
ഗണ്ഡൂഷധാരണവിധാനവശേന സദ്യഃ

പിച്ചകത്തില ഞെരിഞ്ഞിൽ മലങ്കാരയ്ക്ക കരിങ്ങാലിക്കാതൽ ജാതിപത്രി ഇവ കഷായംവച്ച് അതിൽ കണ്ടകാരി ഞെരിഞ്ഞിൽ തകരം കരിങ്ങാലിക്കാതൽ മഞ്ചട്ടി ഇവ കല്ക്കമായി ഉമ്മത്തിലയുടെ നീരുംചേർത്തു കാച്ചിയതൈലം പലപ്രാവശ്യം കവിൾകൊണ്ടാൽ ദന്തരോഗം ശമിക്കും.

ദന്തവിദ്രധിലക്ഷണം.

ദന്തമാംസമലസംഗതസ്രാവീ
ജായതേ ശ്വയഥുരേവ ച വാതാൽ
ദാഹരുഗ്രുധിരപൂയസംസ്രവാ-
ദ്വിദ്രധിശ്ച കഥിതോത്ര യഥാവത്. ൪൩

ദന്തമാംസങ്ങളിൽ അഴുക്കുപറ്റുക നിമിത്തം അകത്തും പുറത്തും ചുടോടും വേദനയോടുംകൂടി നീരുണ്ടാകും. ചോരയും ചലവും ഒഴുകുകയും ചെയ്യും. ഇതിനെ ദന്തവിദ്രധി എന്നു പറയുന്നു. ഇതിന്നു വാതകോപമാണു കാരണം.

തച്ചികിത്സ.

വിദ്ധ്യുക്തോ വിധിരപി സദാ വിദ്രധൌ ദന്തജാതേ
കുര്യ്യാൽ സമ്യക് സകലഭിഷജാം സമ്മതാം ശസ്ത്രകർമ്മ
ഏതാനുക്ത്വാ രദഗതമുഖാംദരാദന്നാദ്ഭുതരോഗാ-
നന്ന്യാൻ ബ്രൂമോ രദനജഗദാൻ ദാലനാദീൻ യഥാവൽ.

ദന്തവിദ്രധിയിൽ വിദ്രധിക്കു വിധിച്ച ചികിത്സയും ശസ്ത്രക്രിയയും ചെയ്യാം. ഈ പറഞ്ഞ രോഗങ്ങൾ കൂടാതെ ദാളനാദികളായ മററു ദന്തരോഗങ്ങളെ ഇനിയും പറയുന്നു.

ദാളനലക്ഷണം.

ദീര്യ്യമാണം യദാ ദന്തം യത്ര പീഡായുതം ഭവേൽ.
ദാളനോ നാമ സോ വ്യാധിഃ സദാഗതിസമുദ്ഭവഃ. ൨൫

വാതംകോപിച്ച് പല്ലുകൾ പിളരുന്നപോലെ വേദനയുണ്ടായാൽ അതു് ദാളനം എന്ന ദന്തരോഗമാകുന്നു.

തച്ചികിത്സ.

തൈലം തിലാനാം ച പയോ ഗവീനാം
ലാക്ഷാരസം ചാപി തു വക്ഷ്യമാണൈഃ
ദ്രവ്യൈഃ പലൈകപ്രമിതൈഃ പൃഥഗ് വാ
കാഥൈശ്ചതുർഭാഗമിതൈഃ പചേച്ച. ൨൬

ലോധ്രാദിനാഗരമഹാപത്മയഷ്ടീ-
ശ്രീഖണ്ഡകാശ്മീരജലോദ്ഭവാനാം
സപത്മകാഖ്യേന ജലം വിനായ
സിദ്ധം മുഖേധാരിതമേവ സദ്യഃ. ൨൭

ദന്താളിദാളനമഥോ രദചാലനം വാ
മോക്ഷം വ്രതസ്യ ശിശിരത്വമലം കപാലിം
വൈരസ്യമാസ്യഗമഥോപ്യരുചിം ച പൂതി-
ഭാവം ച വക്ത്രഗതമാശു നിരാകരോതി. ൨൮

പാച്ചോററിത്തൊലി മഞ്ചട്ടി കുമ്പിൾവേരു് ഓരിലത്താമര ഇരട്ടിമധുരം ചന്ദനം പുഷ്കരമൂലം താമരവളയം പത്തുമുകം ഇവ ഓരോപലംവീതം കഷായംവച്ചു നാലൊന്നാക്കി എള്ളെണ്ണയും കോലരക്കിൻനീരും പാലുംചേർത്തു കാച്ചിയെടുത്തു് കവിൾകൊള്ളുക; ദന്തദാളനം രസം അറിയാൻ വയ്യായ്ക, വായിലുള്ള ദുർഗന്ധം മുതലായവ ശമിക്കും.

ക്രിമിദന്തലക്ഷണം.

ദന്തഗമേചകഛിദ്രസ്ത്സ്രവതി ജലം ഹി
ക്രിമിദന്തകമിദമുദിതം തീവ്രരുജം ഹി. ൨൯

പല്ലുകൾക്കു് കറുത്തസുഷിരമുണ്ടാവുക; വെള്ളം ഒലിക്കുക; അതിവേദന ഉണ്ടായിരിക്കുക; ഇവക്രിമിദന്തത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ.

അഭയാചൂർണ്ണം മധുനാ ക്ഷണമേകം തു താമ്രപാത്രസംപാകം
ഗുടികാ കഠിനാ ഘടിതാ ദന്തേഷു ക്രിമിഗണാൻ ഹന്യാൽ. ൩൦

കടുക്കായുടെ പൊടി തേൻചേർത്തു് ചെമ്പുപാത്രത്തിൽ പചിച്ചു ഗുളികയാക്കി ദന്തങ്ങളിൽ പ്രയോഗിക്കുക; പല്ലുകളിലുള്ള ക്രിമികൾ ശമിക്കും.

ധൂപം.

അതിസന്താപിതലോഹേ
കടുതൈലദ്രവാതുണീഷലധൂപൈഃ
ദന്തവ്രണക്രിമിയോഗാൽ
സദ്യഃ സ്യാൽ ക്രിമിദന്തസ്യാശു നാശോ ഹി.

ഒരു ഇരുമ്പിൻകഷണം എടുത്തു് നല്ലവണ്ണം ചൂടുപിടിപ്പിച്ച് അതിൽ കടുകെണ്ണയും ചെറുവെള്ളരിയുടെ അരിയുംകൂടി ഇട്ടു പുകയ്ക്കുക; ക്രിമിദന്തം ശമിക്കും.

ഭഞ്ജനകലക്ഷണം.

വക്ത്രം ഭവേദപക്രമതോപി ദന്ത-
ഭംഗോ വലാസേന സവാതകേന
തം ഭഞ്ജനം വ്യാധിമുശന്തി ധീരാ
വൈദ്യാഃ പുരാണാശ്ചരകാദയോ ഹി. ൩൧

വാതകഫങ്ങൾ കോപിച്ച് മുഖം വളയുക; പല്ലു മുറിയുക; ഇവ ഭഞ്ജനകം എന്ന ദന്തരോഗത്തിന്റെ ലക്ഷണങ്ങളാണു്.

തച്ചികിത്സ.

കോലബീജസ്യ ദന്തപ്രയോഗോ നവം
ദന്തദാർഢ്യം ഭവേദശ്മഭേദസ്യ വാ
ധാരണാദ്ദന്തപാംക്തേസ്ഥിരം ദന്തജാ
പങ്ക്തിരേവം ഭവേദപജ്ഞ്യകല്പാ സദാ. ൩൨

ലന്തക്കുരുപ്പരിപ്പോ കല്ലുർവഞ്ചിയോ കഷായമായോ ചൂർണ്ണമായോ ദന്തത്തിൽ പ്രയോഗിച്ചാൽ പല്ലിന് ഉറപ്പുണ്ടാകും.

ദന്തഹർഷലക്ഷണം.

ശീതരൂക്ഷപ്രവാതാമ്ലസ്പർശാനാമസഹാ ദ്വിജാഃ
പിത്തമാരുതകോപേന ദന്തഹർഷസ്സ നാമതഃ. ൫൨

പല്ലുകൾക്ക് തണുപ്പ്, രൂക്ഷത, വലിയ കാററ്, അമ്ലസ്പർശം ഇവ സഹിക്കാൻ വയ്യാതെ വരുന്നത് ദന്തഹർഷമെന്ന രോഗമാണ്. ഇതിൽ പിത്തവും കഫവുമാണ് കോപിക്കുന്നത്.

തച്ചികിത്സ.

നിർഗ്ഗുണ്ഡീനിലഹന്താരോ ദന്തഹർഷനിഷൂദനാഃ
തിലകർഷം ദധിപ്രസ്ഥാംബു കഥിതം പ്രസ്ഥശേഷിതം. ൫൩

ദന്തചാഞ്ചല്യഹർഷാദീൻ മുഖരോഗാനശേഷതഃ
ഗണ്ഡൂഷധാരണാൽ നൃണാം സ്ത്രീണാം ചാപി വിശേഷതഃ ൫൪

വെളുത്താവണക്കിൻവേര് കഷായംവെച്ച് കവിൾക്കൊള്ളുകയോ, നല്ല കഴഞ്ച് എള്ള് രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച് ഇടങ്ങഴിയാക്കി കവിൾകൊള്ളുകയോ ചെയ്താൽ സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ദന്തഹർഷം മുതലായ രോഗങ്ങൾ ശമിക്കും.

കപാലികാലക്ഷണം.

ദീര്യതസ്സു ദന്തേഷു മലാനാചിതേഷു
കപാലികേയം കഥിതാ മുനീന്ദ്രൈഃ
ദന്തച്ഛവിദോഷാ രദരോഹിണീ സാ
തസ്യാം സമുദ്ധൃത്യ രദം പ്രയത്നാൽ. ൫൫

പല്ലുകളിൽ മലം പററുകയാൽ പല്ലുകൾ അടന്നുപോകുകയും നശിക്കുകയും ചെയ്യുന്നു. ഇതിനെ ദന്തകപാലിക എന്നു പറയുന്നു. ഇതിന് പല്ലു പറിച്ചുകളഞ്ഞതിനുശേഷം താഴെ പറയുന്ന ചികിത്സ ചെയ്യണം.

തച്ചികിത്സ.

ലാജാരജോഭിർമധുനാ സമേതൈഃ
പുനഃപുനർവാ പ്രതിസാരയേച്ച
യദ്ദന്തഹർഷേ കഥിതം വിചാര്യ
തദത്ര കാര്യം ഭിഷഗീശവര്യൈഃ. ൫൬

മലർപൊടിയും തേനും ചേർത്ത് കുഴച്ച് പല്ലിൽതേച്ച് വെളുപ്പിക്കുകയും, ദന്തഹർഷത്തിൽ പറയപ്പെട്ട ചികിത്സ ചെയ്യുകയും ചെയ്താൽ കപാലികാ എന്ന ദന്തരോഗം ശമിക്കും.

ശ്യാവദന്തകലക്ഷണം.

അസൃങ്മിശ്രേണ പിത്തേന ദഗ്ധോ ദന്തസ്ത്വശേഷതഃ
ശ്യാവതാം നീലതാം വാപി ഗതഃ സ ശ്യാവദന്തകഃ. ൫൭

രക്തപിത്തങ്ങളാൽ ദഗ്ധമായ പല്ലുകൾ മുഴുവനും കറുത്തിട്ടോ കറുത്തോ നീലനിറത്തിലോ ഇരിക്കും. അതിനു ശ്യാവദന്തകം എന്നു പേർ.

തച്ചികിത്സ.

ശ്യാവദന്തേ തു ദന്താനാമശക്യം വേഷ്യ സംഹരേൽ
സംശോധ്യ ക്ഷാരമേകം തു പ്രയുഞ്ജീത ഭിഷഗ്വരഃ. ൫൮

ശ്യാവദന്തത്തിൽ എടുക്കാൻ കഴിയാത്ത പല്ലിനെ ഉരച്ചുകളഞ്ഞു ശോധിച്ചതിനുശേഷം ക്ഷാരം പ്രയോഗിക്കണം.

കരാളലക്ഷണം.

ദന്താശ്രിതോ യദാ കുദ്ധൃാൽ കരാളാൻ വികടാൻ ചരേൽ
വായുഃ കരാളദന്തോऽസൗ നൈവ സിദ്ധ്യതി കർഹിചിൽ. ൫൯

വായു ദന്തങ്ങളിൽ ആശ്രയിച്ച് പല്ലുകളെ ഭയങ്കരങ്ങളാക്കിയും വികടങ്ങളാക്കിയും ചെയ്യുന്നു. അതിനു കരാളദന്തം എന്നു പേർ. ഇത് മിക്കവാറും അസാദ്ധ്യമാണ്.

ഗുളിക.

കാസീസബോല്ഹീകദിവ്യകാര-
സൌരാഷ്ട്രികാനാം ച വടീം വിധായ
ജലൈർമ്മുഖേ സന്ധാര്യന്ദന്തശൂലാൽ
ഭീതിർഭവേന്നൈവ കൃമിപ്രകൃതാ. ൬൦

ശുദ്ധിചെയ്ത അന്നഭേദി കായം ദേവദാരു തുവരിമഞ്ഞൾ ഇവ കൊണ്ടു വടകമുണ്ടാക്കി വെള്ളത്തിൽ കലക്കി വായിൽ ധരിക്കുക; ദന്തശൂലയും കൃമിപീഡയും ശമിക്കും.

ജിഹ്വാരോഗങ്ങൾ.

വാതജജിഹ്വാരോഗം.

രസനാ സ്ഫുടിതാ പ്രഭഞ്ജനേന
പ്രതിസുപ്താ പ്രഭവേച്ച ശാകതുല്യാ
അതിസുപ്തതരാ രസാനഭിജ്ഞാ
വിഹിതം ശോണിതമോക്ഷണം തു തത്ര. ൬൧

വാതജമായ ജിഹ്വാരോഗത്തിൽ നാക്ക് പൊട്ടിവിണ്ടുകീറിയും തരിമ്പോട്ടുകൂടിയും ശാകത്തിന്റെ ഇലപോലെ പരുപരുത്തും രസം അറിയാൻ വയ്യാതെയും ഇരിക്കും. അതിങ്കൽ രക്തം കളയുകയാണ് ചികിത്സ.

തച്ചികിത്സ.

അമൃതാപ്രതതീപിപ്പലമരിചൈണാ-
പടുഭിഃ കബളോ വിഹിതഃ കടുഭിഃ
രദനച്ഛദയോരനിലപ്രഭവേ
കലിതോ നിഹിതോഽപ്യുഗദേ ച ചരേൽ. ൩൪

അമൃത് വേപ്പിൻതൊലി തിപ്പലി ഇന്തുപ്പ് ചുക്ക മുളക് തിപ്പലി ഇവ പൊടിച്ച് കബളമാക്കി ഉപയോഗിക്കുക; വായുജമായ ഓഷ്ഠരോഗത്തിന് വിധിച്ചിട്ടുള്ള ചികിത്സയും ചെയ്യുക; വാതജജിഹ്വാരോഗം ശമിക്കും.

പിത്തജമായ ജിഹ്വാരോഗം.

സദാഹരക്തൈ രവികണ്ടകൈശ്ച
പിത്താൽ ബൃഹദ്ഭിർദ്ദ്വിധി ചീയതേ ച
നിർല്ലിഖ്യ തദ്രക്തവിനിസ്രുതൌ ച
ഗണ്ഡൂഷസാരണവിധിർമ്മധുരൈശ്ച നസ്യം. ൩൫

പിത്തകോപത്താൽ നാക്ക് തടിച്ചും ചുവന്നതും വലുതും ആയ മുള്ളുകളാൽ വ്യാപിച്ചും ഇരിക്കും. ഇതിന്ന് രക്തം ഉരച്ചു കളഞ്ഞിട്ട് മധുരരസങ്ങൾ കൊണ്ടുള്ള ഗണ്ഡൂഷം, പ്രതിസാരണം, നസ്യം ഇവ ചെയ്യണം.

കഫജമായ ജിഹ്വാരോഗം.

കഫേന വാ ശാല്മലികണ്ടകാഭൈർ-
മാംസോദ്ഗമൈർദ്ദീർഘതരൈശ്ചിതം ചേൽ
വിലിഖ്യ തൽ കണ്ടകജാലമത്ര
രക്തം വിനിസ്രാവ്യ കണാമധുഭ്യാം. ൩൬

കുര്യാത്തഥാ സാരണമേവ തത്ര
സസൈന്ധവം വാ കബളം മുഖേഽഥ
സന്ധാരയേദ് ഗൗരസുഷപാണാം
സംപേഷ്യ വിദ്വാൻ കഫജൌഷ്ഠരോഗേ. ൩൭

കഫജമായ ജിഹ്വാരോഗത്തിൽ നാക്ക്, ഇലവിൻമുള്ളുപോലെ നീണ്ട മാംസസമൂഹങ്ങളാൽ വ്യാപിച്ചിരിക്കും എങ്കിൽ നാക്ക വടിച്ച് രക്തം കളഞ്ഞു തിപ്പലിയും തേനുംകൂടി പുരട്ടി വെള്ളംവാ

ർത്തു കളയുകയും, വെൺകടുക് അരച്ച് ഇന്തുപ്പും ചേർത്തു കബളം ഉണ്ടാക്കി വായിൽ ധരിക്കുകയും ചെയ്യണം

അലാസലക്ഷണം.

ജിഹ്വാതലജശ്ശ്വയഥുർ
ഗാഢോയഃ കഫരക്തജഃ പ്രസിദ്ധോഽയം.

ജിഹ്വാസ്തംഭനപാകം.

കുരുതേഽതോ ഹേയസ്സ ദോഷത്രയധുതൈശ്ച. ൩൮

കഫരക്തങ്ങൾ കോപിച്ച് നാവിന്മേൽ ഭയങ്കരമായ നീരും നാവിന്ന സ്തംഭനവും നാവിന്റെ അടിയിൽ പഴുപ്പും ഉണ്ടാകും. ഇതിന്ന് അലാസം എന്നപേർ. ഇതു ത്രിദോഷകോപത്താൽ ഉണ്ടാകുന്നതാകയാൽ അസാദ്ധ്യമാകുന്നു.

ഉപജിഹ്വാകലക്ഷണം.

ജിഹ്വാഗ്രതുല്യാ കഫരക്തമൂർത്തിർ-
യോ ജായതേഽസൌ ശ്വയഥുപജിഹ്വഃ
ഉന്നമ്യ ജിഹ്വാം ദവഥുപ്രയുക്തഃ
കണ്ഡൂസമേതോഽപിച ഭിഷക്പ്രഗീതഃ. ൩൯

കഫരക്തങ്ങൾ കോപിച്ച നാവിന്റെ താഴെ നാവിന്റെ അഗ്രത്തോടു തുല്യമായ നീരുണ്ടാകയും ഒലിക്കയും ചൂടും ചൊറിച്ചിലും ഉണ്ടായിരിക്കയുംചെയ്യും. ഇതിനെ ഉപജിഹ്വം എന്നുപറയുന്നു.

തച്ചികിത്സ.

അകൃഷ്യ ചൈനം ബഡിശേന വിദ്വാൻ
സംഛേദയേന്മണ്ഡലകാഗ്രകേണ
തീക്ഷ്ണൌഷധൈർഘർഷണമത്ര കുര്യാൽ
തന്നാശനാർത്ഥം ഭിഷജോ വദന്തി. ൪൦

ഈ ഉപജിഹ്വകത്തെ ബഡിശശസ്ത്രംകൊണ്ട് പിടിച്ച് ഉയർത്തി മണ്ഡലാഗ്രം എന്ന ശസ്ത്രംകൊണ്ടു ഛേദിക്കണം. അതിനുശേഷം തീക്ഷ്ണങ്ങളായ ഔഷധങ്ങൾകൊണ്ടു ഘർഷണവുംചെയ്യണം.

വലയജിഹ്വാരോഗം.

കഫോന്നതം ശോഥമലം പ്രകുര്യാ-
ജ്ജിഹ്വാഗതം ചാന്നഗതിം നിവാര്യ
തമേധയമാഹുഃ പ്രതിവാര്യ വീര്യം
രോഗം പ്രദുഷ്ടം വലയം സുവൈദ്യാഃ. ൪൧

കഫത്താൽ നാവിൽ ഉയച്ച്യയോടുകൂടിയ നീരുണ്ടാകും. [illegible] ന്നത്തിന്റെ ഗതിയെ തടയുകയും ചെയ്യും. [illegible] [illegible] ത്തോടുകൂടിയതും [illegible] [illegible] ന്നു പറയുന്നു. ഇതു് അസാദ്ധ്യമാകുന്നു.

തച്ചികിത്സ.

ശിരോവിരേകേണ തഥൈവ വിഭോൻ
ഗണ്ഡൂഷധൂമാദിനിഷേവണൈശ്ച
വ്യോഷാഭയാക്ഷാരകൃശാനുചൂർണ്ണൈഃ
പ്രഘർഷണാത്തം പ്രശമം നയേച്ച.

ശിരോവിരേകം, ഗണ്ഡൂഷം, ധൂമം ഇവ പ്രയോഗിച്ചും [illegible] മുളക്, തിപ്പലി കടുക്ക ചവർക്കാരം [illegible] ഇവ പൊടിച്ചു ഘർഷണംചെയ്തും [illegible] ശമിപ്പിക്കണം.

ജിഹ്വാജാഡ്യവും ജിഹ്വാകണ്ടവും.

ജിഹ്വാജാഡ്യം ചാപി [illegible]
ഭസ്മ പ്രാതർമ്മ ഘർഷണ [illegible]
ഹന്യാത്തഥാൽ ക്ഷാരജംവിരേയോഗ
വാരം വാരം ചർവ്വണം [illegible].

ജിഹ്വാജാഡ്യവും ജിഹ്വാകണ്ടവും [illegible] ഇവകൊണ്ടും ഉപ്പുകൾകൊണ്ടും [illegible] ഇവ ദിവസംതോറും വായിൽഇട്ടു ചവച്ചും ശമിപ്പിക്കണം.

താലുരോഗങ്ങൾ.

ഗളശുണ്ഠി.

ശ്ലേഷ്മാസൃഗ്ഭ്യാം താലുമൂലാ [illegible]
ദീർഘശ്ശോഫോ ധ്മാതവസ്തിപ്രകാശഃ
തൃഷ്ണാകാസശ്വാസകൃത്തം വദന്തി
വ്യാധിം വൈദ്യാഃ കണ്ഠശുണ്ഠീതി നാമ്നാ.

കഫരക്തങ്ങൾമൂലം അണ്ണാക്കിൽ [illegible] വസ്തിപോലെ പ്രവൃദ്ധമായും ദീർഘമായും നീരുണ്ടാകും. ദാഹം, ചുമ, ശ്വാസം ഇവയും ഉണ്ടായിരിക്കും. ഇതിനെ ഗളശുണ്ഠി എന്നുപറയുന്നു.

തച്ചികിത്സ.

വ്യാധിവ്യാപ്തവസി [illegible]
ചൂർണ്ണമലം മധുപാഠസമേതം

[illegible] നിഹന്തി [illegible]
താലുഭവാമപി [illegible]

[illegible] പൊടിച്ചു തേനുംചേർത്തു തേച്ചിട്ടു [illegible] ഗളശുണ്ഠി ശമിക്കും.

തുണ്ഡികേരീലക്ഷണം.

[illegible]
പാകമേതി കഫരക്തഭവാ യാ
തുണ്ഡികേരിഗദിതാ വരവൈദ്യൈ-
സ്തത്രഹേതു കഫനാശനയോഗാഃ.

[illegible]
തുണ്ഡികേരീ [illegible]

കഫരക്തങ്ങൾ കോപിച്ചു [illegible] അണ്ണാക്കിൽ നീരുണ്ടാകും. ശൂലം, ചൂടു്, [illegible] ഇവയും ഉണ്ടായിരിക്കും. അതിനു തുണ്ഡി [illegible] ങ്ങളായ യോഗങ്ങൾകൊണ്ടും [illegible] വയാലും തുണ്ഡികേരി ശമിക്കും. [illegible] വൈദ്യൻ ഈ രോഗത്തിൽ ശസ്ത്രം പ്രയോഗിക്കരുതു്.

അദ്ധ്രുഷലക്ഷണം.

[illegible]
ശോണിതജ്ജാതദുഷ്ടശോഫഃ [illegible]
വാണീ രാസ്നാ [illegible]
[illegible]

[illegible] രക്ത [illegible]
പ്രായോ വൈദ്യൈ [illegible]

രക്തംനിമിത്തം അണ്ണാക്കിൽ ചുവന്ന നിറത്തിൽ വളരെ [illegible] ദനയോടുകൂടി നീരുണ്ടാകും. അതു് സ്തബ്ധവും [illegible] തിനു് അധ്രുഷം എന്നുപേർ. [illegible] വേരിലെത്തൊലി അടയ്ക്കാമണിയൻവേരു് [illegible] തൊലി ഇവ കഷായംവച്ചു കവിൾകൊള്ളുക; അധ്രുഷം എന്ന താലുരോഗം ശമിക്കും.

കച്ഛപലക്ഷണം.

കൂർമ്മോത്സേധഃ ശ്ലേഷ്മഭവോഽന്യോ
ജ്ഞേയോ വൈദ്യൈഃ കച്ഛപരോഗഃ.

സോ നിഷ്പീഡഃ കഫസംജ്ഞിതഃ
കുഷ്ഠപ്രവിഷാവാഗ്ഭിഃ പിഷ്ടൈഃ
സാകം ക്ഷൌദ്രൈഃ പടുഭിഃ കുര്യാ-
ന്മാരീചൈർവാ പടുഭിശ്ചൂർണ്ണൈഃ. ൮൦

കഫം കോപിച്ച് അണ്ണാക്കിൽ അല്പം വേദനയോടുകൂടി ആമയുടെ ആകൃതിയിൽ നീരുണ്ടാകും വേഗത്തിൽ വർദ്ധിക്കുകയും ചെയ്യും. ഇതിനു കച്ഛപം എന്നുപേർ. കൊട്ടം അതിവിടയം ബ്രഹ്മി ഇവ അരച്ചു തേനും ഉപ്പുകളും ചേർത്ത് വായിൽധരിക്കുകയോ നല്ലമുളകും ഉപ്പുകളുംചേർത്ത് പൊടിച്ചു വായിൽ ധരിക്കുകയോ ചെയ്താൽ കച്ഛപം എന്ന താലുരോഗം ശമിക്കും.

അന്യയോഗം.

പാഠാകുടന്നടക്ഷൌദ്രസൈന്ധവൈഃ സഹ വൈദ്യരാട്
പ്രതിസാരണമേവാശു കുര്യാൽ പൂർവ്വോദിതൈസ്സഹ. ൮൧

പാടക്കിഴങ്ങ് പവിഴപ്പുറ്റാനിവേത ഇന്തുപ്പ് ഇവയും മുൻപറയപ്പെട്ട ഔഷധങ്ങളുംകൂടി പൊടിച്ചു തേനുംചേർത്തു പ്രതിസാരണം ചെയ്യുക. (വായിൽ പുരട്ടി വെള്ളം വാർത്തുകളയുക).

താലുവർബുദലക്ഷണം.

താലൌ ശോഥഃ പത്മതുല്യോ ഭവേച്ചേ-
ദ്രക്താദ്ഭൂതേനാർബുദേനാപി തുല്യഃ
യദ്വൽ പത്മം കേസരാകീർണ്ണമദ്ധ്യം
തദ്വന്മാംസഃ സ്യാദ്കുരാകീർണ്ണമദ്ധ്യം. ൮൨

രക്തകോപത്താൽ അണ്ണാക്കിൽ താമരമൊട്ടുപോലെ നീരുണ്ടാകും. രക്താർബുദത്തിൻെറ ലക്ഷണങ്ങളും ഉണ്ടായിരിക്കും. ഇതിനു താലുവർബുദം എന്നുപേർ. മദ്ധ്യത്തിൽ അല്ലികൾ നിറഞ്ഞ താമരപ്പൂവുപോലെ ഈ അർബുദം മാംസാങ്കുരങ്ങളാൽ വ്യാപ്തമായിരിക്കും.

തച്ചികിത്സ.

താലുവർബുദം സിന്ധുവചാകടുനാം
ചൂർണ്ണൈസ്തഥാ സാദ്ധ്യമലം ഭിഷഗ്ഭിഃ
സമാക്ഷികൈരർബുദവദ്വിശേഷാ-
ച്ചികിത്സിതം തസ്യ വിധേയമേവം. ൮൩

ഇന്തുപ്പ് വയമ്പ് ചുക്ക് ഇവ പൊടിച്ച് തേനുംചേർത്ത് അണ്ണാക്കിൽ പുരട്ടി വായിലെ അഴുക്കുകളഞ്ഞ്, അർബുദത്തിനുപറഞ്ഞ ചികിത്സ ചെയ്തുകൊള്ളണം.

മാംസസംഘാതലക്ഷണം.

ഫലം ശ്ലേഷ്മണാ ദൂഷിതം താലുസംസ്ഥം
തഥാ നീരുജം മാംസസംഘാതമാഹുഃ
വിലിപ്തം പയോഭിശ്ച വാ വജ്രികായാ
വിനശ്യേച്ച ശുണ്ഠീപടുസ്നേഹയോഗാൽ. ൮൪

കഫംനിമിത്തം അണ്ണാക്കിൽ വേദനയോടുകൂടാതെ മാംസം ദൂഷിച്ചാൽ അതിനെ മാംസസംഘാതം എന്നുപറയുന്നു. അതിന്നു ചതുരക്കള്ളിയുടെ കറ തേയ്ക്കുകയോ ചുക്കും ഇന്തുപ്പുംകൂടി പൊടിച്ച് നെയ്യുംചേർത്തു തേക്കുകയോ ചെയ്യണം.

താലുപുപ്പുടലക്ഷണം.

താലുസ്ഥിതോ നീരുജ ഏവ കോല-
മാത്രഃ കഫാത്മാപ്യഥ മേദസാപി
യുക്തോഽഗ്നിമന്ഥേന ച വാസ്തുകസ്യ
കുര്യാത്തഥാ ചർവ്വണമേവ സദ്യഃ. ൮൫

കഫവും മേദസ്സും കോപിച്ച് അണ്ണാക്കിൻെറ മദ്ധ്യത്തിൽ വേദനയില്ലാതെ ലന്തക്കുരുപ്പരിപ്പിൻെറ ആകൃതിയിൽ നീരുണ്ടാകും. അതിനെ താലുപുപ്പുടമെന്നു പറയുന്നു.

തച്ചികിത്സ.

മുഞ്ഞവേരും വസ്തുച്ചീരയുംകൂടി വായിലിട്ടുചവച്ചാൽ താലുപുപ്പുടം ശമിക്കും.

താലുശോഷലക്ഷണം.

താലോശ്ശോഷോ ദീർഘ്യതേ യത്ര താലുർ-
വാതാച്ഛ്വാസോ ജായതേ യത്ര തത്ര
സ്നേഹസ്വേദൌ തദ്വിനിഘാതായ കാര്യൌ
ക്ഷാരൈസ്സിദ്ധൈർഭോജനം വാ ഘൃതൈശ്ച. ൮൬

വാതപിത്തങ്ങൾ കോപിച്ച് അണ്ണാക്ക് ഉണങ്ങുക; നുറുങ്ങുന്നോ എന്നുതോന്നുക; ഉഗ്രമായ ശ്വാസം ഉണ്ടാകുക; ഇവ താലുശോഷത്തിൻെറ ലക്ഷണങ്ങളാണ്. ഇതിന്നു സ്നേഹസ്വേദങ്ങളും ക്ഷാരദ്രവ്യങ്ങൾകൊണ്ടു സിദ്ധങ്ങളായ ഘൃതങ്ങളും പ്രയോഗിക്കണം.

താലുപാകലക്ഷണം.

താലുനി പാകം പിത്തകൃതം യൽ
തദ്വിനിഹന്യാൽ പിത്തഹരം യൽ
ധൌതമഥോ വാ വാരശതം ത-
ന്മൂർദ്ധ്നി വിലിപ്തം ഹവ്യമഥോ യൽ. ൮൭

പിത്തകോപത്താൽ അണ്ണാക്കിൽ ഏറ്റവും കഠിനമായ പഴുപ്പ് ഉണ്ടാകും. അതിന്നു താല്വപാകം എന്നുപേർ. ഇതിന്നു പിത്തഹരങ്ങളായ ക്രിയകൾ ചെയ്യുകയും പലപ്രാവശ്യം കടഞ്ഞെടുത്ത വെണ്ണ തലയിൽ തേക്കുകയും ചെയ്യണം.

ഗളരോഗങ്ങൾ.

രോഹിണി.

ഗളേ വായുഃ പിത്തം കഫ അപി ച മൂർഛരാമിതതമാഃ
പ്രദൂഷ്യാസ്രം മാംസം ഗളമഖിലമാരുധ്യ ബഹുഭിഃ
പലോദ്ഭൂതൈസ്സൂചീസമതരനിശാതാംകുരഗണൈഃ
സരുഗ്ജിഹ്വാ യസ്യാം ഭവതി നിഗദിതാ രോഹിണിഗദഃ.

തൊണ്ടയിൽ വാതപിത്തകഫങ്ങൾ കോപിച്ച് മാംസത്തെയും രക്തത്തെയും ദൂഷിപ്പിച്ച് കണ്ഠദ്വാരത്തെ രോധിക്കുമാറ് വളരെ മാംസാങ്കുരങ്ങളെ ഉണ്ടാക്കും. ഇതിങ്കൽ നാക്കിന്നു വേദനയും ഉണ്ടായിരിക്കും. ഇതാണ് രോഹിണി എന്ന രോഗം.

വാതരോഹിണി.

ജിഹ്വാ പരീതാ ബഹുവേദനാഭിർ-
മ്മാംസാങ്കുരൈർവാതസമുദ്ഭവൈശ്ച
സാ രോഹിണീ വാതഭവാ ച തസ്യാം
രക്തപ്രമോക്ഷം ബഹുധാ പ്രകുര്യാൽ. ൮൯

നാക്കിൽ എല്ലായിടവും വേദനയോടുകൂടി കണ്ഠദ്വാരത്തെ മറയ്ക്കുമാറു മാംസമുളകൾ ഉണ്ടാകും. അതാണു വാതരോഹിണി. ഇതിനു രക്തം കളയുകയാണ് ചികിത്സ. ഇതുകൂടാതെ ശസ്ത്രക്രിയയും ചെയ്യാം.

തച്ചികിത്സ.

സുസൈന്ധവാദ്യൈർല്ലവണൈർവിശേഷാൽ
സുഖോഷ്ണതൈലൈഃ കബളൈർജ്ജലൈശ്ച.
നിക്ഷേപസാധാരണധാരണാഭിർ-
വാതോദ്ഭവാം രോഹിണികാം ജയേച്ച. ൯൦

ഇന്തുപ്പു മുതലായ ഉപ്പുകൾ പൊടിച്ചിട്ടു ചൂടാക്കിയ തൈലങ്ങൾ കബളങ്ങൾ ഗണ്ഡൂഷങ്ങൾ മുതലായവ പ്രയോഗിച്ചു വാതരോഹിണിയെ ശമിപ്പിക്കണം.

പിത്തരോഹിണി.

ക്ഷിപ്രജാ ക്ഷിപ്രദാഹാന്വിതാ ക്ഷിപ്രപാ-
കാ ജ്വരേണാന്വിതാ സാ ച പിത്തോദ്ഭവാ .

രോഹിണീം താം ച വിസ്രാവ്യ പൂർവ്വം ഭിഷഗ്-
മാക്ഷികാദ്യൈസ്സിതാചൂർണ്ണകൈസ്സാരയേൽ. ൯൧

പിത്തരോഹിണി വേഗത്തിൽ വർദ്ധിക്കുകയും വേഗത്തിൽ ചുട്ടുനീറൽ ഉണ്ടാകുകയും വേഗത്തിൽ പഴുക്കുകയും ചെയ്യും. അതിനെ വൈദ്യൻ ആദ്യമായി പഞ്ചസാരയും തേനുംകൂടി പുരട്ടി സ്രവിപ്പിച്ചുകളയണം.

തച്ചികിത്സ.

സിതാക്ഷൌദ്രപ്രിയംഗ്വനാം കബളം മുഖധാരിതം
തദ്വന്മാക്ഷികപത്തംഗകബളം വാഥ വാ ശ്രുതം. ൯൨

ഞാഴൽപ്പൂ പൊടിച്ച് പഞ്ചസാരയും തേനും ചേർത്തു കബളം ധരിക്കുകയോ; പത്തംഗവും തേനും ചേർത്ത് കബളമോ പത്താംഗം കഷായംവച്ചു തേൻചേർത്തു ഗണ്ഡൂഷമോ ധരിക്കുകയോ ചെയ്യുക; പിത്തരോഹിണി ശമിക്കും.

വേറൊരുയോഗം.

ദ്രാക്ഷാപരൂഷസംജാതഃ ക്വാഥോ വാ മുഖധാരിതഃ
രോഹിണീം പിത്തജനിതാം കണ്ഠസ്ഥാം ഹന്തി സത്വരം.

മുന്തിരിങ്ങാപ്പഴവും ചിററീന്തലിൻവേരുംകൂടി കഷായംവെച്ച് കവിൾക്കൊണ്ടാലും പിത്തരോഹിണി ശമിക്കും.

കഫരോഹിണി.

സ്രോതോവിരോധിന്യപി തദ്വിഹീനാ
സ്ഥിരാ കഫോത്ഥാ ഖലു രോഹിണീ യാ
സാംഗാരധൂമൈഃ സകടുത്രയൈശ്ച
നിത്യം പ്രയത്നാൽ പ്രതിസാരയേച്ച. ൯൩

കഫരോഹിണി കണ്ഠത്തിലെ സ്രോതസ്സുകളെ തടുക്കുന്നു എങ്കിലും വേദനയില്ലാതെയും സ്ഥിരമായും ഇരിക്കും.

തച്ചികിത്സ.

പുകയറ ത്രികടു (ചുക്ക മുളക തിപ്പലി) ഇവ പൊടിച്ചു വായിൽ പുരട്ടി വെള്ളം സ്രവിപ്പിച്ചുകളയുക; കഫരോഹിണി ശമിക്കും.

തൈലം.

ശ്വേതാദന്തീവിഡംഗാനാം സിദ്ധം തൈലം സസൈന്ധവം
നസ്യേ വാ കബളേ ദേയം ദുഷ്ടാ ദോഷം കഫോത്ഥിതം. ൯൪

വെൺവയമ്പ് നാഗദന്തിവേരു വിഴാലരി ഇന്തുപ്പ് ഇവ ക

ല്പമായി എണ്ണകാച്ചി നസ്യമോ കബളമോ പ്രയോഗിക്കുക; കഫാധിക്യത്തോടുകൂടിയ രോഹിണി ശമിക്കും.

ത്രിദോഷജമായ രോഹിണി.

ഗംഭീരപാകാ ഽപ്യനിവാര്യവീര്യാ
ത്രിദോഷജാ സാദ്ധ്യതമാ പ്രദിഷ്ടാ.

അഗാധമായ പഴുപ്പ്, തടുക്കാൻവയ്യാത്ത വീര്യം ഇവ ത്രിദോഷജമായ രോഹിണിയുടെ ലക്ഷണമാണ്. ഇതു അസാദ്ധ്യവും ആകുന്നു.

രക്തജരോഹിണി.

സ്ഫോടാചിതാ പിത്തസമാനലിംഗാ-
സാദ്ധ്യാ പ്രദിഷ്ടാ രുധിരപ്രഭൂതാ. ൯൬

പൊള്ളലുകളും പിത്തരോഹിണിയുടെ ലക്ഷണങ്ങളും ഉണ്ടായിരുന്നാൽ അതു് രക്തജമായ രോഹിണിയാണ്. ഇതു സാദ്ധ്യവും ആകുന്നു. ഇതിനു പിത്തരോഹിണിക്കു പറഞ്ഞ ചികിത്സതന്നെ ചെയ്താൽ മതിയാകും.

കണ്ഠശാലൂകലക്ഷണം.

കഫജോ ഗളജോ ബദരാസ്ഥിസമോ
ഭവതി ഗ്രഥിതോ യദി ശൂകനിഭം
കുരുതേഽതിരുജം ഖരചരിഭ്രഗതോ
ഗളശാലിമലു ച തതോഽപി ച കഃ. ൯൭

കഫകോപത്താൽ കഴുത്തിൽ ലന്തപ്പുരിപ്പിന്റെ ആകൃതിയിലൊവിന്നുതുല്യമായിട്ട് വളരെ വേദനയോടുകൂടി മുഴ ഉണ്ടാകും. ഉറപ്പോടുകൂടിയും ഇരിക്കും. ഇതിനു കണ്ഠശാലൂകം എന്നു പേർ.

അധിജിഹ്വകലക്ഷണം.

ജിഹ്വോപരിഷ്ടാദ്രുധിരേണ യുക്തഃ
കഫോദ്ഭവോ യോ രസജാഗ്രവർത്തീ
തം ചാധിജിഹ്വം പ്രവദന്തി വൈദ്യാ-
ഹേയശ്ച പാകം ഗമിതോ വിശേഷാൽ. ൯൮

രക്തവും കഫവും കോപിച്ച് നാവിന്റെ ഉപരിഭാഗത്തിൽ ജിഹ്വാഗ്രത്തിന്റെ ആകൃതിയിൽ നീരുണ്ടാകും. ഇതിന് അധിജിഹ്വം എന്നു പേർ. ഇതു് പഴുത്തുപോയാൽ അസാദ്ധ്യമാണ്. ഇതിനു ഉപജിഹ്വത്തിനു പറഞ്ഞ ചികിത്സ ചെയ്തുകൊള്ളണം.

വലയലക്ഷണം.

കഫോന്നതം ശോഥമലം പ്രകുര്യാൽ
ഗളേഽന്നമാർഗ്ഗം ച രുണദ്ധി സദ്യഃ
തം വൈദ്യമുഖ്യാ ഹ്യനിവാര്യവീര്യം
ഹേയം വദന്തി പ്രതികാരഹീനം. ൯൯

കഫകോപത്താൽ തൊണ്ടയിൽ ഉയൎച്ചയോടുകൂടിയ നീരുണ്ടാകും. അതു് അന്നത്തിന്റെ ഗതിയെ തടുക്കും. തടുക്കാൻവയ്യാത്ത വീര്യത്തോടുകൂടിയുമിരിക്കും. ഇതിനെ വലയഗളരോഗം എന്നു പറയുന്നു. ഇതു ചികിത്സിച്ചാൽ ഭേദമാകാത്തതാണ്.

വലാസലക്ഷണം.

സശ്ലേഷ്മവായുഃ സരുജം ഗളം ചേൽ
ശോഥം പ്രകുര്യാൽ ശ്വാസനോപപന്നം
മർമ്മച്ഛിദം ഹേയതമം വലാസ-
രോഗം ജഗുർവൈദ്യകശാസ്ത്രവിജ്ഞാഃ. ൧൦൦

കഫവായുക്കൾ കോപിച്ച് കഴുത്തിൽ വേദനയോടും ശ്വാസഗതിയോടുംകൂടി മർമ്മങ്ങളെ പിളൎക്കുന്നതായ നീരുണ്ടാകും. അസാദ്ധ്യമായ ഈ രോഗത്തിന് വലാസം എന്നു പേർ.

വൃന്ദലക്ഷണം.

അമന്ദദാഹമുന്നതം മഹാജ്വരേണ സംയുതം
പ്രഭഞ്ജനാൽ സമുത്ഥിതം സപിത്തരക്തതോദ്ഭവം
സതോദകം ച കണ്ഠജേ ഗദേ സദാ ചികിത്സിതം
സമാചരേച്ച തീക്ഷ്ണകൈസ്സനസ്യകാദികർമ്മകൈഃ. ൧൦൧

പിത്തരക്തങ്ങൾ കോപിച്ച് തൊണ്ടയിൽ വലിയ ചൂടോടും മഹാജ്വരത്തോടുംകൂടി ഉന്നതമായ നീരുണ്ടാകും. ഇതിനു വായുസംബന്ധംകൂടി ഉണ്ടെങ്കിൽ കുത്തിനോവും കാണും. ഇതിനെ വൃന്ദം എന്നു പറയുന്നു. ഇതിന് തീക്ഷ്ണങ്ങളായ നസ്യകർമ്മങ്ങൾ ചെയ്യണം.

ഏകവൃന്ദലക്ഷണം.

വൃത്തോന്നതോഽന്തശ്വയഥുസ്സദാഹ-
സ്സകണ്ഡുരോ പാക്യമൃദുർഗ്ഗുരുശ്ച
നാമ്നൈകവൃന്ദഃ പരികീർത്തിതോഽസൌ
വ്യാധിർവലാസക്ഷതജപ്രസൂതഃ ൧൦൨

കഫരക്തങ്ങൾ കോപിച്ച് വൃത്തത്തിൽ ഉയൎച്ചയോടുകൂടി തൊണ്ടയിൽ നീരുണ്ടാകും. ചുട്ടം ചൊറിച്ചിലും അല്പമായ പഴു

ഷ്ണം മാർദ്ദവവും ശാന്തം. ഇതാണ് ഏകവൃന്ദം. ഇതിനെ ആദ്യമായി ശോധനചെയ്യണം.

തച്ചികിത്സ.

അധൈകവൃന്ദതരോഗശമേ ഹരീതകീശൃതം ജലം
സമാക്ഷികം ച പീതമേവ വൈദ്യപുംഗവൈർന്നിതം. ൨൦൮

കടുക്കാത്തോട് കഷായംവെച്ച് അതിൽ തേൻ മേമ്പൊടിചേൎത്തു സേവിപ്പിച്ചു ശോധനവരുത്തിയാൽ ഏകവൃന്ദം ശമിക്കും.

ശതഘ്നീലക്ഷണം.

ഘനാ വൎത്തിഃ കണ്ഠേ പ്രഭവതി യദാ കണ്ഠമഖിലം
രുണദ്ധി പ്രാസകൈരപി ചലഭവൈരങ്കുരഗണൈഃ
ത്രിയാമാൽ പ്രാണാൻ സംഹരതി സഹസാ സാപ്യതിരുജാ
ശതഘ്നീ തത്തുല്യാ പ്രതികൃതിവിധാനാദിരഹിതാ. ൨൦൯

തിരിപോലെ ഘനമായിട്ട് കണ്ഠത്തെ രോധിക്കുന്നതായി വളരെ മാംസാങ്കുരങ്ങളോ വേദനയോടുകൂടി കണ്ഠത്തിൻെറ ചുററും ഉണ്ടാകും. ഇതിന്ന് ശതഘ്നി എന്നു പേർ. ഇതു് അസാദ്ധ്യമാണ്.

ശിലായുലക്ഷണം.

ധാത്ര്യസ്ഥിതുല്യോ ഗളജസ്തു ഗ്രന്ഥിഃ
സ്ഥിരോऽതിരുക്ക സകമിവാശനം ച
സശ്ലേഷ്മരക്തപ്രഭവോ ശിലായു-
ശ്ശസ്ത്രേണ സാദ്ധ്യശ്ച ഭിഷക്പ്രദിഷ്ടഃ. ൨൧൦

കഴുത്തിൽ കഫരക്തങ്ങൾ കോപിച്ച് നെല്ലിക്കാക്കുരുവിനു തുല്യമായി ഉറപ്പോടും വലിയ വേദനയോടുംകൂടി മുഴയുണ്ടാകും. അതിനാൽ ഭക്ഷണത്തിനു തടവും സംഭവിക്കും. ഇതിന്ന് ശിലായു എന്നു പേർ. ഇതു് ശസ്ത്രക്രിയകൊണ്ട് സാദ്ധ്യമാകുന്നു.

തച്ചികിത്സ.

കടുകാതിവിഷാകലിംഗമുസ്താ-
ദിവിഷദ്ദാരുവൃക്ഷീശൃതം ഗവീനാം
ഹവിഷാ തു നിപീതമാത്രമേതൽ-
ഗളരോഗം വിനിഹന്തി ചാപി സദ്യഃ. ൨൧൧

കടുകുരോഹിണി അതിവിടയം കുടകപ്പാലയരി മുത്തങ്ങാ ദേവതാരം പാടക്കിഴങ്ങ ഇവ കല്ക്കമായി പശുവിൻനെയ്യുകാച്ചി സേവിക്കുക; ഗളരോഗം ശമിക്കും.

ഗളവിദ്രധിലക്ഷണം.

ഗളം സൎവ്വം വ്യാപ്യ പ്രഭവതി രുജാ യത്ര സകലാഃ
സമുദ്ഭൂതഃ സൎവ്വൈരപി ഗളഗതോ വിദ്രധിഗദഃ
നിശാതാർക്ഷ്യാഭ്യാം വൈ ഗിരിഭവമുദാ ലോദ്ധ്രമധുഭിഃ
സ്രുതേ പത്തംഗോഷ്ഠൈർജലമപി ശ്രുതൈഃ ധാന്യമസകൃൽ. ൨൧൨

ത്രിദോഷങ്ങൾ കോപിച്ച് കഴുത്തിലാസകലം വേദനയോടുകൂടി വ്യാപിച്ചുണ്ടാകുന്ന നീരാണ് ഗളവിദ്രധി. ഇതിന്ന്, മഞ്ഞൾ രസാഞ്ജനം കാവിമണ്ണ് പാച്ചോററിത്തൊലി പത്തംഗം ഇവ കഷായംവെച്ചു തേനും ചേൎത്ത് വായിൽ നിറുത്തുക; ജലസ്രാവം ശമിക്കും.

ഗളൌഘലക്ഷണം.

ജലരോധകരോ മഹാംശ്ച ശോഫോ
ജ്വരവാൻ വായുഗതിം നിഹന്തി യശ്ച
കഫരക്തഭവോ ഗളൌഘ ഏഷഃ
കഥിതോ വൈദ്യമഹേന്ദ്രശാസ്ത്രവിദ്ഭിഃ. ൨൧൩

കഫരക്തങ്ങൾ കോപിച്ച് കഴുത്തിൽ വലുതായും അന്നത്തെയും ജലത്തെയും രോധിച്ചും, പനിയോടുകൂടിയും ഉദാനവായുവിൻെറ ഗതിയെ തടഞ്ഞും നീരുണ്ടാകും. ഇതാണ് ഗളൌഘം.

തച്ചികിത്സ.

യവാഗ്രജസ്തേജവതീ സപാഠാ
രസാഞ്ജനം ദാരുനിശാകണാഭ്യാം
സമാക്ഷികം ചാസ്യഗതാ വടീ യാ
ഗളാമയധ്വംസകരീ സമേഷാം. ൨൧൪

ചവക്കാരം ചെറുപ്പുന്നയരി പാടക്കിഴങ്ങു രസാഞ്ജനം ദേവതാരം മഞ്ഞൾ തിപ്പലി ഇവ പൊടിച്ചു തേനും ചേൎത്ത് വടകമാക്കി വായിൽ ധരിക്കുക; ഗളൌഘം ശമിക്കും.

സ്വരഘ്നലക്ഷണം.

നരസ്താമ്യമാനഃ പ്രസക്താഭിഭാഷീ
ശ്വസേച്ശുഷ്കകണ്ഠോ ബലാസോപദിഷ്ടഃ
സഭിന്നസ്വരോ മുക്തകണ്ഠോऽനിലാത്മാ
ഭവേദ്യത്ര സോऽയം സ്വരഘ്നസ്ത്വസാദ്ധ്യഃ. ൨൧൫

കഫം വായുമാൎഗ്ഗത്തെ തടയുമ്പോൾ കണ്ണിരുട്ടുക; സംസാരിക്കാൻ വയ്യാതാകുക; കൂടക്കൂടെ ശ്വാസംവിടുക; തൊണ്ടവരളുക; ഒച്ചയടയ്ക്കുക; കഴുത്ത് അസ്വാധീനമായിത്തീരുക; ഈ ലക്ഷണ

ങ്ങളോടുകൂടിയ രോഗത്തിന് സ്വരഘ്നം എന്ന പേർ. ഇത് വാതകോപത്താലാ ണ ഉണ്ടാകുന്നത്. അസാദ്ധ്യവും ആകുന്നു.

മാംസതാനലക്ഷണം.

പ്രതാനൈഃ സംയുക്താഃ ശ്വയഥുരതി കഷ്ടോപ്യതി കൃതേ
ത്രിജാതോ രോധം വാ ഗളഗതമസൌ ചാത്ര ക്രമശഃ
സ മാംസാദ്യസ്താനോ നിഗദിത ഇഹ പ്രാണദശക-
പ്രഹാരീ സംഹാരീ ഗളഗതഗദാനാമനവരഃ. ൧൧൧

ത്രിദോഷങ്ങൾ കോപിച്ച് കഴുത്തിൽ വിസ്താരമുള്ളതും ദുഃഖകരവും ആയ നീര് ഉണ്ടായി ക്രമത്തിൽ വർദ്ധിച്ച് കണ്ഠത്തെ തടയുന്നു. ഇതാണ് മാംസതാനം. ഇതും പ്രാണാപഹാരിയും അതിനിന്ദ്യവും ആകുന്നു.

വിദാരീലക്ഷണം.

സദാഹതോദസംയുതോ വിശീർണ്ണപൂതിമാംസ-
സകോ ഗളേതഥിതോഽഥ ശോഥ ഏവ ലോഹിതഃ
പ്രകീർത്തിതഃ സപിത്തജോ വിദാരികാഗദോ
ജനോ വിശേഷതോഽത്ര പാർശ്വനിദ്ര ആക്രിയഃ. ൧൧൨

ചൂട് കുത്തിനോവ് ദുർഗ്ഗന്ധം ചുവപ്പ് ഇവയോടുകൂടി പിത്തകോപത്താൽ കഴുത്തിൻെറ ഉള്ളിലോ വായിലോ നീരുണ്ടാകും. എന്നാൽ ആ നീര് ഏതുവശത്താണോ ഉണ്ടാകുന്നത് ആ വശമേ രോഗി കിടക്കുകയുള്ളൂ. ഇതിന് വിദാരി എന്നപേർ. ഇതും അസാദ്ധ്യമാകുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ ഗളരോഗാധികാരം
എന്ന ൪൩-ാം സ്തബകം കഴിഞ്ഞു.

അഥ ചതുശ്ചത്വാരിംശസ്തബകഃ.

മുഖ രോഗാധികാരഃ.

വാതസ്വരലക്ഷണം.

സതോദൈഃ സസ്ഫോടൈർവ്വദനമഭിതോന്തർയ്യദി ചിതം
സവാതോ ഭൂതോഽയം സ്വരസര ഇതി വൈ വൈദ്യഗദിതഃ
തദാസ്യം ചൂർണ്ണൈർവ്വാ സപടുസഹിതൈശ്ച പ്രതിദിനം
പ്രതീസാര്യം സ്നേഹൈരനിലഹരകൈന്നസ്യകബളൈഃ. ൧

വാതകോപത്താൽ കുത്തിനോവോടുകൂടിയ പൊള്ളലുകൾ മുഖത്തിൻെറ ചുററിനും ഉള്ളിലും ഉണ്ടാകുന്നു. ഇതാണ് വാതസ്വരം എന്ന മുഖരോഗം. ഇതിന്ന് ഇന്തുപ്പ ചേൎന്ന ചൂർണ്ണങ്ങൾ വായിൽപുരട്ടി വെള്ളം ഒഴുക്കിക്കളയുകയും വാതഹരങ്ങളായ സ്നേഹങ്ങൾ നസ്യങ്ങൾ കബളങ്ങൾ ഇവ പ്രയോഗിക്കയും ചെയ്യണം.

തച്ചികിത്സ.

ഗൃഹധൂമകൃശാനുതാർക്ഷ്യപാഠാ-
ത്രിഫലാവ്യോഷയവാഗ്രജൈഃ സലോധ്രൈഃ
മധുനാ രചിതാ സതേജിനീ സാ
വടികാ ദന്തഗളാസ്യരോഗഹാരീ. ൨

പുകയറ കൊട്ടവേലിക്കിഴങ്ങ് രസാഞ്ജനം പാടക്കിഴങ്ങ് ത്രിഫല ചുക്ക് മുളക് തിപ്പലി ചവൎക്കാരം പാച്ചോററിത്തൊലി ചെറുപുന്നയരി ഇവപൊടിച്ചു തേനുംചേൎത്തു വടകമാക്കി ഉപയോഗിക്കുക; ദന്തരോഗം ഗളരോഗം മുഖരോഗം ഇവ ശമിക്കും.

പിത്തസ്വരലക്ഷണം.

തനുലോഹിതപീതവൎണ്ണകൈ-
സ്സഹ ദാഹേന സമന്വിതൈരപി
അഥ സർവ്വസരേ ച പിത്തജാതേ
ബഹുഭിഃ സ്ഫോടഗണൈശ്ചിതം മുഖം. ൩

ചുവന്നും മഞ്ഞനിറത്തിലും ചൂടോടും വളരെ ചെറിയ പൊള്ളലുകൾ മുഖത്തിൽ എല്ലായിടവും ഉണ്ടായാൽ അതിന് പിത്തസ്വരം എന്നപേർ. ഇതിന് പിത്തശമനമായ ക്രിയ ചെയ്യണം.

കഫസ്വരലക്ഷണം.

അവേദനൈഃ കണ്ഡുയുതൈഃ സവൎണ്ണൈ-
ര്യസ്യാചിതം ചാപി മുഖം കഫേന. ൪

വേദനയില്ലാതെയും ചൊറിച്ചിലോടും സവൎണ്ണനിറത്തോടും കൂടിയുംഇരിക്കുന്ന പൊള്ളലുകൾ വായിൽമുഴുവനും ഉണ്ടാകും. ഇതാണ് കഫസ്വരം.

മുഖപാകചികിത്സ.

ജാതീദളാമരലതാത്രിഫലായവാസാ-
ദാർവ്വീനിശാശ്രൃതകഷായമലം ഗവീനാം
സ്തന്യൈഃ സമാക്ഷികമിദം മുഖധാരിതം ചേൽ
സദ്യോ നിഹന്തി മുഖപാകഗദം നരാണാം. ൫

പിച്ചകത്തില ദേവതാരം ത്രിഫല കൊടിത്തൂവ മരമഞ്ഞൾ മഞ്ഞൾ ഇവ കഷായംവച്ച് പശുവിൻപാലും തേനുംചേർത്ത് വായിൽ കവിൾക്കൊള്ളുക; മുഖപാകം ശമിക്കും.

പല്ലവാദികഷായം.

പടോലനിംബാമ്രസുമാലതീനാം
കൃതഃ കഷായഃ കില പല്ലവാനാം
മുഖസ്യ പാകേ മുഖധാവനാർത്ഥം
ഗണ്ഡൂഷരീത്യാ പ്രഥിതഃ സുഖായ. ൬

പടവലം വേപ്പ് തേന്മാവ് പിച്ചകം ഇവയുടെ തളിരുകൊണ്ടു കഷായംവച്ചു കവിൾക്കൊള്ളുക; മുഖപാകം ശമിക്കും.

ഖദിരാവടി.

ഗായത്ര്യേകതുലാ ച ദ്രോണപയസാ സംപാച്യ വസ്വംശകേ
ജാതീകോശശശീമൃഗാണ്ഡജചതുർജ്ജാതാമ്രപൂഗൈസ്സമൈഃ
കല്യൈകപ്രമിതൈഃ പൃഥക് പൃഥഗഥോ പിഷ്ടൈർജ്ജലൈർമ്മി-
ശ്രിതൈഃ
കൃത്വാ തദ്വടികാം ചണേന സദൃശീമാസ്യസ്ഥരോഗാപഹാം. ൭

കരിങ്ങാലിക്കാതൽ [illegible] ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു എട്ടിലൊന്നാക്കി പിച്ചകത്തില തക്കോലപ്പുട്ടിൽ കർപ്പൂരം കസ്തൂരി ഏലം ഇലവർങ്ഗം പച്ചില നാഗപ്പൂവ് മാന്തളിര് കമുകിൻഫലം ഇവ മൂന്നുകഴഞ്ചുവീതം ചേർത്ത് അരച്ചു ചണംപയറിന്റെ ആകൃതിയിൽ വടകമാക്കി ഉരുട്ടി ഉണക്കി വച്ചിരുന്ന് ഉപയോഗിക്കുക; മുഖരോഗങ്ങൾ ശമിക്കും.

ജന്തുമണിലക്ഷണം.

വാതാദിഭിസ്സമുൽപന്നമരുജം മണ്ഡലം ബുധൈഃ
സ്നിഗ്ദ്ധം ച കൃഷ്ണമപി വാ പ്രോക്തോ ജന്തുമണിർഗദഃ. ൮

വാതാദികൾ കോപിച്ചു വേദനയില്ലാതെ സ്നിഗ്ദ്ധമായും കൃഷ്ണവർണ്ണമായും ഇരിക്കുന്ന വട്ടപ്പുള്ളികളെ ഉണ്ടാക്കും. ഇതാണ് ജന്തുമണി എന്ന രോഗം.

മശക(തിലകാളക)ലക്ഷണം.

സ്ഥിരമവേദനകൃഷ്ണമലം തനൗ
മലിനവത്തുളമേവ സമം തതം
മശകമേനമലം ജഗദുർബ്ബുധാ-
സ്തമനുകൃത്യ തഥാ തിലകാളകം. ൯

സ്ഥിരമായും വേദനയോടുകൂടാതെയും ദേഹത്തിൽ സമമായും എള്ളിൻമണിപോലെയും ഉണ്ടാകുന്ന കറുപ്പിനെ മശകമെന്നും തിലകാളകമെന്നും പറയുന്നു.

ജതുമണിചികിത്സ.

ജതുമണിം ഖലു ലക്ഷ്മ തഥാ ഭിഷഗ്
ദഹനദാഹയവാഗ്രജലേപനൈഃ
ഉപചരേച്ച തതോ മുഖകണ്ടകാൻ
യുവജനസ്യ തഥാ പിടകാഃ ബ്രുവേ. ൧൦

ജതുമണി എന്ന അടയാളത്തെ പൊള്ളിച്ചും ചവക്കാരം തേച്ചോ ചികിത്സിക്കണം. ഇനിയും യുവാക്കന്മാർക്കുണ്ടാകുന്ന മുഖകണ്ടകാദിരോഗങ്ങളെ പറയുന്നു.

യുവപിടക (മുഖക്കുരു)

കഫമാരുതസംഭവാ നരാണാം
പിടകാശ്ശാല്മലികണ്ടകാവഭാസാഃ
വദനേ പ്രഭവന്തി യൌവനേ വാ
മുഖസൌന്ദര്യ്യവിദൂഷകാശ്ച താഃ. ൧൧

കഫവും വായുവും കോപിച്ചു ഇലവിൻമുള്ളിന്റെ ആകൃതിയിൽ യൌവനകാലത്തോ അല്ലാത്ത സമയത്തോ മുഖസൌന്ദര്യത്തെ നശിപ്പിക്കുന്നതായ കുരുക്കൾ ഉണ്ടാകുന്നു. അതിന് യുവപിടക എന്നു പേർ.

തച്ചികിത്സ.

ലോധ്രധാന്യപരിലേപനമാശു
യൌവനോത്ഥപിടകാ വിനിഹന്തി
രോചനാ ച മരിചൈരപി ലേപനോർ
ല്ലേപനാദപി നിഹന്തി ച താ ഹി. ൧൨

പാച്ചോറ്റിത്തൊലി കൊത്തമ്പാലയരി ഇവയോ വയമ്പ് ഗോരോചന നല്ലമുളക് ഇവയോ പശുവിൻമൂത്രത്തിൽ അരച്ചു തേക്കുക; യൌവനജങ്ങളായ മുഖപിടകങ്ങൾ ശമിക്കും.

ന്യച്ഛലക്ഷണം

മഹദ്വാ സ്വല്പം വാ സിതമസിതമേവം തനു തതം
തഥാ ശ്യാവം കാപി പ്രഭവതി തഥാ മണ്ഡലമലം
സഹോത്ഥം ന്യച്ഛാഖ്യം ജയതി ഹി സിരാമോക്ഷ [illegible]
[illegible] ൧൩

വലുതായോ സ്വല്പമായോ കറുത്തോ വെളുത്തോ കരുവാളിച്ചോ ദേഹത്തിൽ സ്വതേ മണ്ഡലങ്ങൾ ഉണ്ടാകും. ഇതിന്നു ന്യച്ഛം എന്നു പേർ. ഇതിന്ന് ഞരമ്പുകീറി രക്തം കളയുകയും നാല്പാമരത്തിൻമൊട്ട് പാലിൽ അരച്ചുതേയ്ക്കുകയും ചെയ്യണം.

വ്യംഗ്യലക്ഷണം.

ക്രോധായാസപ്രകുപിതതമോ വായുരേവാത്ര സാകം
പിത്തേനാസ്യേ ഗത ഇഹ തതോ മണ്ഡലം വ്യാതനോതി
വ്യംഗ്യം പ്രാഹുസ്സകലഭിഷജോ നീരുജം ശ്യാവവർണ്ണം
ലേപാന്നാശം വ്രജതി തനു കങ്കാലയാ മാക്ഷികേണ. ൧൨

കോപം, ആയാസം ഇവയാൽ വായുവും പിത്തവുംകൂടി കോപിച്ച് മുഖത്തിൽ വേദനയോടുകൂടാതെ കരുവാളിച്ച നിറത്തിൽ മണ്ഡലത്തെ (വട്ടത്തിൽ ഉള്ള പാടിനെ) ചെയ്യുന്നു. ഇതാണ് വ്യംഗം. ഇതിന്ന് ശരീരാസ്ഥി തേനിൽ അരച്ചു തേയ്ക്കണം.

തച്ചികിത്സ.

സമസുരവടാങ്കുരപ്രലേപാ-
ദഥ രക്തേന ശശസ്യ വാ തഥൈവ
വരുണത്വചയാജമൂത്രകൈർവാ
പ്രശമം വ്യംഗ്യമലം പ്രയാതി സദ്യഃ. ൧൩

മുയലിൻചോരയിൽ കറുത്ത ചണംപയറും പേരാലിൻമൊട്ടുംകൂടി അരച്ചു തേയ്ക്കുക; നീറുമരത്തിൻതൊലി ആട്ടിൻമൂത്രത്തിൽ അരച്ചു തേയ്ക്കുക; വ്യംഗം (മുഖത്തുണ്ടാകുന്ന കറുപ്പ്) ശമിക്കും.

നീലികാലക്ഷണം.

ഏവംവിധം നീലതമം ച വക്ത്രേ
കദാചിദ് ഭവേദാഥ തനൌ നരാണാം
സ്ത്രീണാം ച ജാതീഫലവക്ത്രലേപാൽ
സദ്യോ വിനാശം വ്രജതി പ്രകാമം. ൧൪

ഇപ്രകാരം നീലനിറത്തിൽ മുഖത്തോ അല്ലെങ്കിൽ ദേഹത്തിലോ പിടകകൾ ഉണ്ടാകും. ഇതിന്നു നീലിക എന്നു പേർ. ജാതിക്ക അരച്ചുതേച്ചാൽ നീലിക എന്ന മുഖരോഗം ശമിക്കും.

തച്ചികിത്സ.

അർക്കക്ഷീരരജനീപരിലേപാ-
ന്നീലികാം ച വിജയേന്മുഖജാതാം
മാലതീശദക ചന്ദനലോധ്ര-
പീതദാരുവടപീതദളാനാം. ൧൫

ലേപനേന മുഖജാതനീലികാം
യൌവനോദ്ഭവമുഖപ്രഭവാനാം
സംഘമാശു ച തഥാ പിടകാനാം
വൈദ്യഭൂപതിവചാംസി യഥൈവ. ൧൬

എരിക്കിൻകറയിൽ മഞ്ഞൾ അരച്ചു തേയ്ക്കുക- പിച്ചകത്തില കൊട്ടം ചന്ദനം പാച്ചോററിത്തൊലി മരമഞ്ഞൾ പേരാലിൻമൊട്ട് ഇവ അരച്ചുതേയ്ക്കുക; നീലികയും മുഖത്തുണ്ടാകുന്ന കുരുക്കളും ശമിക്കും.

പത്മിനീകണ്ടലക്ഷണം.

ചിതം കണ്ടകൈർമ്മണ്ഡലം കണ്ഡുരം യൽ
കഫേന ധ്രുവം രക്തയുക്തേന ജാതം
ഭവേൽ പാണ്ഡുരം വർത്തുളം വൈദ്യഭൂപൈ-
രലം പത്മിനീകണ്ട ഉക്തസ്സ സദ്യഃ. ൧൮

കഫവും രക്തവും കോപിച്ച് മുള്ളുകൾ നിറഞ്ഞും വെളുത്തും വട്ടത്തിലും ചൊറിച്ചിലോടുകൂടിയും ഉള്ള മണ്ഡലങ്ങൾ ഉണ്ടായാൽ അതിനെ പത്മിനീകണ്ടം എന്നു പറയുന്നു.

തച്ചികിത്സ.

അഥോ പത്മിനീകണ്ടകേ നിംബപത്രോ-
ദ്ഭവൈർവാ ജലൈഃ ഛർദ്ദയേത്തം നരം വൈ
ഘൃതം നിംബകല്കേന സിദ്ധം ച തസ്മൈ
പ്രദേയം ച പാതും തഥാ മാക്ഷികേന. ൨൦

പത്മിനീകണ്ടം ഉള്ള നരനെ പച്ചവെള്ളത്തിൽ വേപ്പില അരച്ചുകൊടുത്തു ഛർദ്ദിപ്പിക്കുക; അതിനുശേഷം വേപ്പിൻതൊലി കല്ക്കമായി നെയ്യുകാച്ചി തേനുംചേർത്തു സേവിപ്പിക്കുക; പത്മിനീകണ്ടം ശമിക്കും.

അന്യയോഗം.

ഉദ്വർത്തനം നിംബശമ്പപത്രമാണാം
പത്രൈഃ സമം കല്കിതമാസ്യമാരാൽ
ചന്ദ്രദ്യുതിം സംവിദധാതി സമ്യക്
തത്ത്യരോഗാംശ്ച നിരാകരോതി. ൨൧

വേപ്പില കൊന്നത്തളിര് ഇവ അരച്ചു തേച്ചാൽ മുഖത്തുള്ള രോഗങ്ങൾ എല്ലാം ശമിക്കും. മുഖം ചന്ദ്രപ്രഭമായും തീരും.

പാദദാരീലക്ഷണം.

വായുഃ സദാ ചംക്രമണാന്നരാണാം
സംരുക്ഷണൈഃ പാദതലേ വിശേഷാൽ
ദാരീം രുജാദിഃ കുരുതേ ച തസ്യാം
സിരാം ച വിധ്യേത്തലശോധിനീം വാ. ൧൧

സദാ നടക്കുകകൊണ്ടു കാലിൽ രൂക്ഷങ്ങളായ വേദനകൾ ഉണ്ടാകും. അതിനു പാദദാരി എന്നു പേർ. ഇതിന്ന് പാദത്തിൽ ഉള്ള ഞരമ്പുകീറി രക്തം കളയണം.

തച്ചികിത്സ.

മധുസിക്ഥകഗൈരികാപുരാണാം
സഘൃതം സൈന്ധവസാലജദ്രവൈശ്ച
സലിലം മലമം പദദാരയോശ്ച
കുരുതേ പങ്കജകോശമാർദ്ദവം ച. ൧൨

പൊന്മെഴുക് കാവിമണ്ണ് ഗുഗ്ഗുലു ഇന്തുപ്പ് ചെഞ്ചല്യം കന്മദം ഇവ പൊടിച്ചു നെയ്യുകത്തിട്ട് മൂപ്പിച്ചു രണ്ടുകാലിലും തേയ്ക്കുക; പാദദാരി എന്ന രോഗം ശമിക്കും. കാലിനു മാർദ്ദവവും ഉണ്ടാകും.

പലിതലക്ഷണം.

ശോകശ്രമക്രോധകൃതസ്തഥോഷ്മാ
ദേഹസ്യ മൂർദ്ധ്നി പ്രഗതസ്സപിത്തഃ
കേശാൻ പചത്യേവ തദാറരത്ര
വൈദ്യാസ്തു രോഗം പലിതം വിശേഷാൽ. ൧൩

ദുഃഖം, ശ്രമം, കോപം ഇവയാൽ ഉണ്ടാകുന്ന ചൂടു പിത്തത്തോടുകൂടി ശിരസ്സിൽ പ്രാപിച്ചിട്ടു കേശങ്ങളെ പചിക്കുന്നു. അതിനെ പലിതരോഗമെന്നു പറയുന്നു.

തച്ചികിത്സ.

കർഷം ലോഹസ്യ ചൂർണ്ണം കലിസുതരുഫലം
ചൈകമേവം തു ധാത്ര്യാ
യുഗ്മം യുഗ്മം ശിവായാസ്തഥ പരിഗലിതാ
ചൂതമജ്ജാ ച ലോഹാൽ
അർദ്ധം ലോഹസ്യ പാത്രേ ഹ്യനിശമുഷിതമം പേഷിതം
തസ്യ ലേപാൽ
കേശാ നീലാ സ്തഥാ ച ഭ്രമരസദൃശാഃ ശ്മശ്രുജാസ്സംഭവന്തി.

ഇരുമ്പിൻചൂർണ്ണം ൩ കഴഞ്ചു് താന്നിക്കാ ൧ നെല്ലിക്കാ ൨ കടുക്കാ ൨ മാങ്ങായണ്ടിപ്പരിപ്പ് ഒന്നരക്കഴഞ്ചു് എല്ലാംകൂടി ഇരിമ്പു

പാത്രത്തിൽ ഇട്ടു വച്ചിരുന്നു എടുത്തരച്ചു തേച്ചാൽ തലമുടി നീല നിറമായും മുഖരോമങ്ങൾ വണ്ടിന്നു തുല്യങ്ങളായും സംഭവിക്കും.

വെളുത്ത രോമം കറുക്കുന്നതിനുള്ള തൈലം.

അമ്രാസ്ഥിഭല്ലാതകദാഡിമാമ്ല-
നീലീമഹേദാമൃതതുത്ഥലോഹൈഃ
കാസീസമാല്യഫലലോധ്രകാളാ-
ശ്യാമാതിലൈരാമലകീ ശിലാ ച. ൧൪

കാശ്മീരമോചാരസഭൃംഗനീരൈർ
ജാതീദളൈ രോചനയാ ഗവീനാം
ശംഖസ്യ ചൂർണ്ണൈഃ ഖദിരേണ സാകം
സഹോഷിതം സപ്തദിനാനി ധാന്യേ. ൧൫

തൽ പേഷ്യ യത്നാൽ പരിഗൃഹ്യ തൈലം
കേശേഷു ശുഭ്രേഷു വിലേപനീയം
രാജ്ഞാം ശിരഃശ്മശ്രുസ്വരജ്ജനാർത്ഥം
പത്രൈസ്ത്രിഭിർവ്വര്ണ്ണിതമത്ര പൂർവം. ൧൬

മാങ്ങായണ്ടിപ്പരിപ്പ് ചേർക്കുരു താളിമാതളത്തിൻകായ് അമരി മഹാമേദ അമൃത് തുത്ത് അന്നഭേദി കൂവളത്തിൻകായുടെമജ്ജ പാച്ചോററിത്തൊലി നറുനീണ്ടി കടുക്കാ എള്ള് നെല്ലിക്കാ കടുക്കാ പാഷാണം പിച്ചകത്തില ഗോരോചന ശംഖിൻപൊടി കരിങ്ങാലിക്കാതൽ ഇവയുടെ പൊടിയും, എണ്ണ, കററാർവാഴനീർ കയ്യോന്നിനീർ ഇവയും ചേർത്തു ഏഴുദിവസം നെല്ലിൽ വച്ചിരുന്നതിനുശേഷം എടുത്തരച്ചു കാച്ചി എടുത്ത് നരച്ച തലമുടിയിൽ പുരട്ടുക; രോമങ്ങൾ കറുക്കും.

പരിവർത്തികാലക്ഷണം.

അഭിഘാതാത്താഡനാദ്വാ വിമർദ്ദാദപി മേഢ്രജം
ചർമ്മ സംഭജതേ വായുസ്തദാ തൽ പരിവർത്തതേ. ൧൭

സശോഫം വാ സദാഹം വാ പാകം വ്രജതി കുത്രചിൽ
പരിവർത്തിം ച താം വിന്ദ്യാദ്വാതജാം സരുജാം ഭിഷക്.

ചതവോ അടിയോ മർദ്ദനമോകൊണ്ടു വായു ലിംഗത്തിന്റെ തൊലിയിൽ പ്രാപിച്ചു പരിവർത്തനം ചെയ്യുന്നു. അപ്പോൾ നീരോ ചൂടോ ഉണ്ടായിട്ടു ചിലടത്തു പഴുപ്പുണ്ടാകും. വേദനയും കാണും. ഇതിനു വാതജമായ പരിവർത്തിക എന്നുപേർ.

തച്ചികിത്സ.

കണ്ഡൂകാഠിന്യദാഹാദ്യൈഃ കഫജാം പിത്തജാം തഥാ
ജ്ഞാത്വാ യഥാസ്വമേതാസ്തു സേചയേച്ച ഘൃതൈസ്തഥാ
ഉപനാഹയേത്ത്രിരാത്രം വാ പഞ്ചരാത്രമഥോऽപി വാ. ന-ഫ

ചൊറിച്ചിൽ കാഠിന്യം ഇവയുള്ളതു കഫപരിവർത്തിയും ചൂട്ടുള്ളതു് പിത്തപരിവർത്തിയും എന്നു അറിഞ്ഞിട്ടു വിയർപ്പിക്കയും മൂന്നോ അഞ്ചോ രാത്രി നെയ്യുവെച്ചു കെട്ടുകയും ചെയ്യണം.

അവപാടീലക്ഷണം.

അല്പീയസീം ഹർഷബലാൽ പ്രകാമാൽ
സ്ത്രിയം പ്രഗച്ഛേദ്യദി വാ ഹസ്താഘാതാൽ
തച്ചർമ്മതോ വ്യത്ഥിതമേവ ലിംഗ-
മണേസ്തു മൂച്ഛർഭിഷജോऽവപാടീം. ന-വ

കാമാധിക്യം ഹേതുവായിട്ടു സന്തോഷം ഇല്ലാത്ത സ്ത്രീയെ ഗമിക്കുകയാലോ, ലിംഗമണിയിൽ കൈകൊണ്ടു അടിക്കുകകൊണ്ടോ, ആ ലിംഗമണിയുടെ തൊലിക്കു വേദനയുണ്ടാകുന്നു എങ്കിൽ അതിനെ അവപാടി എന്നു പറയുന്നു.

വാതാദ്യവപാടിയുടെ ലക്ഷണം.

വാതേന രൂക്ഷാ സരുജാതികൃഷ്ണാ
പിത്താച്ച പീതാ ച സദാഹരക്താ
തൃഷ്ണാന്വിതാऽതോ കഫജാ തു കണ്ഡൂ-
യുക്താതികാഠിന്യയുതാവപീഡാ. ന-ന

വാതംകൊണ്ടുള്ള അവപാടി, രൂക്ഷയായും വേദനയോടുകൂടിയും കറുത്ത നിറത്തിലും ഇരിക്കും. പിത്തംകൊണ്ടുള്ള അവപാടി, മഞ്ഞനിറത്തിലും ചൂട്, ചുവപ്പ് തണ്ണീർദാഹം ഇവയോടുകൂടിയും ഇരിക്കും. കഫജമായ അവപാടി, ചൊറിച്ചിൽ കാഠിന്യം, ഇവയോടുകൂടിയും വേദനയില്ലാതെയും ഇരിക്കും.

അവപാടീചികിത്സ.

സ്നേഹസേകൈരപി പ്രായോ യഥാസ്വം സമുപാചരേൽ
അവപാടീം ഭിഷക് സമ്യക് ജ്ഞാത്വാ ദോഷബലാബലം. ന-ര

അവപാടിയെ, സ്നേഹസേകങ്ങൾകൊണ്ടു ദോഷബലാബലത്തെ അറിഞ്ഞു വേണ്ടതുപോലെ ചികിത്സിക്കണം.

നിരുദ്ധപ്രകാശലക്ഷണം.

വാതേന മേഢ്റസ്യ ച ചർമ്മ യത്ര
മണിം സമന്താൽ ശ്രയതേ യദേവ

ചർമ്മോऽപി തദേതുമണൌ തു മൂത്ര-
സ്രോതോ നിരുദ്ധം രുണദ്ധി പ്രകാമം. ന-൭

സന്നിരുദ്ധപ്രകാശേऽസ്മിൻ നാഡീമുഭയതോമുഖീം
വിധായ ച ജതുനാ ദാർവീഘൃതാഭ്യാം വർത്തിമഥ വാ. ന-ന്ന
പ്രകാശയേദസാമഞ്ജാം ശശനാഗവരാഹജാം
സിഞ്ചേത്തൈലൈർവാതഘ്നൈരഥോऽപി ച.

വാതകോപത്താൽ ലിംഗത്തിലെ തൊലി മണിയുടെ ചുററിനും പ്രാപിക്കുന്നു. അപ്പോൾ മണിയിലെ തൊലിയുംകൂടി മൂത്രദ്വാരത്തെ തടയുന്നു. ഇതാണു നിരുദ്ധപ്രകാശം. ഈ രോഗത്തിൽ ഉഭയതോമുഖിയായ നാഡിയെ മുറിച്ചുകളഞ്ഞു കോലരക്കു മരമഞ്ഞത്തൊലി ഇവപൊടിച്ചു നെയ്യുംചേർത്തു തിരിയുണ്ടാക്കി മൂത്രദ്വാരത്തിൽ പ്രയോഗിക്കയും, മുയൽ, ആന, പന്നി ഇവയുടെ വസയും മജ്ജയും പ്രയോഗിക്കയും, വയമ്പു് ദേവതാരം ഇവ കൽക്കമായി മദ്യവും ചേർത്തു കാച്ചിയ എണ്ണകൊണ്ടു ലിംഗത്തിന്മേൽ ധാരയൊഴുക്കുകയും ചെയ്യണം.

വർത്തിം പ്രവേശ്യ മതിമാൻ മൂത്രസ്രോതോ വിവർദ്ധയേൽ
സ്നിഗ്ദ്ധമന്നം തതസ്തസ്മൈ ദത്വാ വ്രണവദാചരേൽ. ന-വ്വ

മുൻപറഞ്ഞ വർത്തി (തിരി) പ്രവേശിപ്പിച്ചു് മൂത്രസ്രോതസ്സിനെ വലുതാക്കണം. അതിനുശേഷം രോഗിക്കു് സ്നിഗ്ദ്ധമായ അന്നം കൊടുത്തു് വ്രണത്തിനു പറഞ്ഞിരിക്കുന്ന ചികിത്സകൾ ചെയ്യുകയും വേണം.

സന്നിരുദ്ധഗുദലക്ഷണം.

വായുർവേഗസ്യ രോധാദ്ഭ്രജതി ഗുദമസൌ
സംസ്ഥിതോ യന്മഹച്ച
സ്രോതഃ സംരോധ്യ കൃച്ഛ്രാൽ ഗതിമപി കുരുതേ
സ്വല്പഭോജ്യാന്മലസ്യ
കുര്യാത്തത്രപ്രസേകാ നഥ പവനഹരൈ-
സ്തൈലവസ്തിപ്രസംഗൈ-
രോഗോऽയം ബദ്ധമൂലൈന്നിഗദിത അനിശം ന-ൻ
നാമതോ ദുസ്തരഃ സഃ.

മലമൂത്രാദിവേഗത്തെ തടയുകനിമിത്തം വായു ഗുദത്തിൽ പ്രാപിച്ചു മഹത്തായ സ്രോതസ്സിനെ തടഞ്ഞു് ഭക്ഷണത്തിൻെറ കുറവുനിമിത്തം മലത്തിൻെറ ഗതിയെ നിരോധിക്കുന്നു. ഇതാണ് നിരുദ്ധഗുദം. ഇതിന്നു വാതഹരങ്ങളായ തൈലം വസ്തി ഇവ

പ്രയോഗിക്കണം. ഈ രോഗം ഭേദമാകുവാൻ വളരെ പ്രയാസമുള്ളതാണ്.

അഹിപൂതനാലക്ഷണം.

ശകൃന്മൂത്രസമായുക്തേ പാനേƒധൗതേ ശിശോഃ ഭവേൽ
തത്ര സ്ഫോടാ ഭവന്ത്യേവ മിളിതാസ്തേ പരസ്പരം
കണ്ഡൂദാഹരുജഃ സവൈവ്യ്കോതാ കണ്ഡൂയനാത്തതഃ
ഏകീഭൂതം വ്രണം ഘോരമഹിപൂതനികാ തു സാ: ൨൦

മലമൂത്രവിസർജ്ജനത്തിനുശേഷം കുട്ടികളുടെ ഗുദം നല്ലപോലെ കഴുകാതിരുന്നാൽ അവിടെ രക്തകഫങ്ങൾ കോപിച്ച് ചൊറിച്ചിൽ, വേദന, ചുവപ്പ് ഇവയോടുകൂടിയ പൊള്ളലുകൾ ഉണ്ടാകും. ചൊറിയുകനിമിത്തം ആ പൊള്ളലുകൾ ഒന്നിച്ചുചേരുകയും ചെയ്യും പിന്നീടു വ്രണവും ഗുദവും ഒന്നിന്ന് പൊട്ടി വ്രണമായിത്തീരും. ഭയങ്കരമായ ഈ രോഗത്തെ അഹിപൂതന എന്നുപറയുന്നു.

തച്ചികിത്സ.

ധാത്രീദുഗ്ദ്ധേന സംധൗതാ ത്രിഫലാഖദിരാംബുനാ
സൗവീരശംഖയഷ്ട്യാദ്യൈർലേപഃ കാര്യോƒഹിപൂതനൈഃ. ൨൧

അമ്മയുടെ മുലപ്പാൽ ശുദ്ധമാക്കി കൊട്ടകളുയും ത്രിഫല കരിങ്ങാലിക്കാതൽ ഇവയിട്ടു വെന്ത വെള്ളംകൊണ്ടു കഴുകിയതിനുശേഷം സൌവീരാഞ്ജനം, ശംഖചൂർണ്ണം ഇരട്ടിമധുരം ഇവ അരച്ചുതേക്കുകയും ചെയ്യുക; അഹിപൂതന എന്ന രോഗം ശമിക്കും.

കാസീസരോചനാതുത്ഥഹരിതാലമനശ്ശിലാഃ
സദ്ധ്യാംക്ഷ ഏഷ പരിലേപനതോ നിഹന്തി
യൗതൈർഘൃതൈശ്ച ശതധാ ശശിനാ സമേതൈഃ
സിന്ദൂരകൈസ്സഹ ശിശോരഹിപൂതനാം ച. ൨൨

ശുദ്ധിചെയ്ത അന്നഭേദി തുത്ഥ് ഹരിതാലം മഞ്ഞൾ കാട്ടത്തി ഇവ പുളിയിലനീരിൽ അരച്ചുതേക്കുക; വളരെ പ്രാവശ്യം കടഞ്ഞെടുത്ത നെയ്യിൽ കർപ്പൂരവും ശുദ്ധിചെയ്ത സിന്ദൂരവുംകൂടി യോജിപ്പിച്ചു തേക്കുക; അഹിപൂതന ശമിക്കും.

ഘൃതപാനം.

കുലകപത്രരസാഞ്ജനസാധിതം
ത്രിഫലയാ ഘൃതമാശു പിബൻ സദാ
ശിശുരലം ബഹുധാപ്യഹിപൂതനാം
വിജയതേ ജയതേƒന്യവ്രണാനപി. ൨൩

പടവലത്തില രസാഞ്ജനം ത്രിഫല ഇവ കല്ക്കമായി നെയ്യ് കാച്ചി സേവിക്കുക; അഹിപൂതനയും മററു വ്രണങ്ങളും ശമിക്കും.

ഖാലിത്യലക്ഷണം.

രോമകൂപാനുഗം രോഷണിതം നിത്യശഃ
പിത്തദോഷേണ [illegible]
രോമസംഘം സരക്തഃ കഫോ വൈ തദാ
രോമമാർഗ്ഗാവരോധം പ്രകുര്യാദലം. ൨൪

നാന്യരോമോദ്ഗമോ [illegible] തദാ
ചൈന്ദ്രലുപ്തം ച ഖാലിത്യമേതം [illegible]
തികതകാരേവതസ്യാപി [illegible] ഭവൈ-
രംബുഭിർമർദ്ദനാദ്രോമസംരോഹോ ഭവഃ. ൨൫

രോമകൂപത്തിനെ അനുസരിച്ചു ശമിക്കുന്ന രക്തം നിത്യവും പിത്തദോഷത്താൽ മൂർച്ഛിച്ചിട്ട് രോമങ്ങളെ [illegible]. അപ്പോൾ പിത്തവുംകൂടി രോമമാർഗ്ഗത്തെ എപ്പോഴും [illegible] ചെയ്യും. മററു രോമങ്ങളൊന്നും ഉണ്ടാകയും ഇല്ല. ഇതിനെ ഇന്ദ്രലുപ്തമെന്നും ഖാലിത്യം എന്നുംപറയുന്നു.

തച്ചികിത്സ.

പടവലത്തിന്റെയും കൊന്നക്കിളുന്നിന്റെയും നീരെടുത്ത് രോമമില്ലാത്ത സ്ഥലത്തു മർദ്ദിച്ചാൽ രോമമുണ്ടാകും.

അന്യയോഗം.

തിലഗോക്ഷുരയോശ്ച [illegible]
മധുനാ ഹവ്യസമേന പേഷിതാനി
ശിരസീഹ വിലേപിതാനി സദ്യോ
ബഹുകേശാനസിതാൻ പ്രകുര്യുഃ. ൨൬

എള്ളിൻപൂവ് ഞെരിഞ്ഞിൽപൂവ് ഇവ അരച്ചു തേനും നെയ്യുംചേർത്തു തലയിൽ തേക്കുക; വളരെ കറുത്ത തലമുടി ഉണ്ടാകും.

ഗജദന്തമഷിരസാഞ്ജനം പയസാ ഛാഗീഭവേന പേഷിതം
യദി ലിപ്തതരം തലേƒപി വാ ബഹുരോമ്ണാം പ്രകരം തനോതി തം. ൨൭

ആനക്കൊമ്പു ചുട്ടുകരിച്ച മഷി ശുദ്ധിചെയ്ത രസാഞ്ജനം

ഇവ ആട്ടിൻപാലിൽ അരച്ചു തേച്ചാൽ ഉള്ള കുഴിയും പുറം കൂടിയും നരമ്മുണ്ടാകും.

ദാരുണകഥനം.

ദാരുണാ കണ്ഡുരാ രൂക്ഷാ കേശഭൂമിഃ പ്രപാട്യതേ
ജായതേ വാതിശ്ലേഷ്മഭ്യാം തദാ ദാരുണം
മാക്ഷികൈർലേപനാ നശ്യതി പ്രായശ-
ശ്ചാന്യമത്ര പ്രതീകാരമാത്രം ബ്രുവേ. ൨൭

തലയിൽ അതികഠിനമായ ചൊറിച്ചിലും രൂക്ഷതയും ഉണ്ടായിരുന്നാൽ അതു താരണം എന്ന രോഗമാകുന്നു. തേൻ തലയിൽ തേച്ചാൽ ഈ രോഗം മിക്കവാറും ശമിക്കും. ഇതുകൂടാതെ വേറെ ചികിത്സയും പറയുന്നുണ്ട്.

തച്ചികിത്സ.

പ്രിയാളബീജാനി മധൂകസാരം
പത്ഥ്യാദ്വയം കുഷ്ഠം യാംസി മാഷാഃ
മൂർദ്ധ്നി പ്രദേപാദ്ദിപുമന സാർദ്ധം
ഘ്നന്തീവ രോഗം ചിരമാദാരുണാഖ്യം. ൨൮

മുരൾമരത്തിൻകായുടെ അരി ചെങ്ങാഴിക്കൊട്ടുപ്പുരിച്ചു കട്ടക്ക മുഞ്ഞവേര് കൊട്ടം ഉഴുന്ന് ഇരട്ടിമധുരം ഇവ പൊടിച്ച് പാലിൽ അരച്ച് തലയിൽ തേക്കുക; താരണം എന്ന ശിരോരോഗം ശമിക്കും.

അന്യയോഗം.

ഗുഞ്ജാഫലൈർഭൃംഗരസൈശ്ച സിദ്ധം
തൈലം ശിരസ്യാശു വിലിമ്പമാത്രം
കണ്ഡൂം സദാരുണകം ച ഹന്തി
സദ്യോ നിഹന്ത്യാദരാദ് കൃത്രിമാദ്യം. ൩൦

കുന്നിക്കുരു കല്ക്കമായി കയ്യോന്നിനീരു ചേൎത്തു കാച്ചിയെടുത്ത തൈലം ശിരസ്സിൽ തേച്ചാൽ ചൊറിച്ചിൽ താരണം ഇവയും കുഷ്ഠവും ശമിക്കും.

രോഗംകൂടാതെ വളരെക്കാലം ജീവിക്കേണ്ടുള്ള ഉപായങ്ങൾ.

ധാരോഷ്ണദുഗ്ദ്ധം സസിതം കണാഢ്യം
നിത്യം പിബേന്ത്യേവ ശതായുഷസ്തേ,
സമൃത്യപുത്രപ്രഭവാദ്യ ഗതാഃ
കാമ്യാ വദാന്യാ വിരജാ ഭവന്തി. ൩൧

കറക്കുമ്പോൾ ഉള്ള ചൂടുമാറാത്തതായ പാല് പഞ്ചസാരയും തിപ്പലിയും ചേൎത്തു മുടങ്ങാതെ കുടിച്ചാൽ നൂറുവർഷം പുത്രപൌത്രാദികളോടുകൂടി ജീവിച്ചിരിക്കാം.

അന്യയോഗം.

പലാശവൃന്താനി സമാക്ഷികാനി
കർഷപ്രമാണാനി സമാശിതാനി
നരം ശതായുഷ്യമരോഗഭാജ-
മസംശയം സംവിദധാതി സദ്യഃ. ൩൨

മൂന്നു കഴഞ്ചു പ്ലാശിൻഞെട്ട് പൊടിച്ച് തേനും ചേൎത്ത് സേവിക്കുക; യാതൊരു രോഗവുംകൂടാതെ നൂറുവർഷം ജീവിച്ചിരിക്കാം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ മുഖരോഗാധികാരം എന്ന ൪൪-ാം സ്തബകം കഴിഞ്ഞു.

അഥ പഞ്ചചത്വാരിംശസ്തബകഃ.

കൎണ്ണരോഗാധികാരഃ.

കൎണ്ണശൂലലക്ഷണം.

സമീരണഃ ശ്രുതിഗതോऽന്യഥാ ചരൻ സമന്തതഃ
യഥാസ്വമേവ ദോഷൈശ്ച കൎണ്ണശൂലകാരകഃ. ൧

ശ്രോത്രത്തിന്റെ ഉള്ളിൽ ഗതനായ വായു നിജദോഷങ്ങളാൽ അതാതു ദോഷങ്ങൾകൊണ്ടു കോപിച്ചിരിക്കുന്ന കഫപിത്തരക്തങ്ങളാൽ ദുഷ്ടകനിമിത്തം, പ്രതികൂലമായി സഞ്ചരിച്ച് ചെവിയിൽ എല്ലായിടവും വേദന ഉണ്ടാക്കുന്നു. ഇതാണ് കൎണ്ണശൂലം.

കൎണ്ണനാദലക്ഷണം.

കൎണ്ണസ്രോതഃസ്ഥിതേ വാതേ ശൃണോതി വിവിധാൻ സ്വരാൻ
ഭേരീമൃദംഗശംഖാനാം കൎണ്ണനാദസ്സ ഉച്യതേ. ൨

വായു കൎണ്ണങ്ങളുടെ സിരകളിൽ നില്ക്കുന്ന സമയം പെരുമ്പറ മൃദംഗം, ശംഖം ഇവയ്ക്കു സദൃശങ്ങളായ നാദങ്ങളെ കേൾക്കും. ഇതാണ് കൎണ്ണനാദം.

കർണ്ണബാധിര്യത്തിന്റെയും കർണ്ണക്ഷ്വേഡത്തിന്റെയും ലക്ഷണം.

സ്രോതോ യദാ ശബ്ദവഹാ ച വായു-
രാവൃത്യ തിഷ്ഠത്യഥവാ കഫേന
യുക്തസ്തു ബാധിര്യകരശ്ച പിത്ത-
യുക്തഃ സ്വനം വേണുസമം കരോതി.
ക്ഷ്വേഡം കരോത്യേവ ഹി കർണ്ണയോസ്തൽ
കർണ്ണാദികം ക്ഷ്വേഡമുദാഹരന്തി. ൩

വായു തനിച്ചോ, വായുവും കഫവുംകൂടിയോ ശബ്ദവാഹിയായ സിരയെ തടുത്തിട്ട് സ്ഥിതിചെയ്യുന്നു. അപ്പോൾ ബാധിര്യം (ചെവി കേൾക്കാൻ വയ്യായ്ക) എന്ന കർണ്ണരോഗം ഉണ്ടാകുന്നു.

കർണ്ണക്ഷ്വേഡലക്ഷണം.

വായു, പിത്തകഫങ്ങളോടുകൂടി ചെവിയിൽനിന്ന് മുളയുസദൃശമായ ശബ്ദത്തെ ഉണ്ടാക്കും. ഇതാണ് കർണ്ണക്ഷ്വേഡം.

കർണ്ണസ്രാവലക്ഷണം.

മൂർദ്ധ്നോഭിഘാതാദതിമജ്ജനാദ്വാ
ജലോതിപാകാദഥ വിദ്രധേശ്ച
പൂയം സ്രവേൽ കർണ്ണത ഏവ വായോഃ
പീഡാസമേതഃ ശ്രവണഃ ശ്രവസ്ഥഃ. ൪

തലയിൽ അടി ഏല്ക്കുകനിമിത്തം പഴുപ്പുണ്ടാകയോ; വെള്ളത്തിൽ അധികം മുങ്ങുകമൂലം പഴുപ്പുണ്ടാകയോ; കർണ്ണവിദ്രധി പഴുക്കുകയോ ചെയ്താൽ ചെവിയിൽനിന്നും പഴുപ്പ് ഒലിക്കും. കർണ്ണം വായുവിനാൽ പീഡിക്കപ്പെട്ടുമിരിക്കും. ഇതിനെ കർണ്ണസ്രാവം എന്നുപറയുന്നു.

കർണ്ണകണ്ഡൂലക്ഷണം.

വായുഃ കഫേന ശ്രുതിഗഃ കരോതി
കണ്ഡൂം തഥാ പിത്തവിശോഷിതശ്ച. ൫
ശ്ലേഷ്മൈവ ഗൂഥഃ കഥിതോ ഭിഷഗ്ഭി-
ർദ്ദോ വ്രജേച്ഛേദ്ഭവതാം സഗൂഥഃ
വിലാപിതോ ഘ്രാണമുഖം പ്രപന്നഃ
സകർണ്ണകാദ്യഃ പ്രതിനാഹരോഗഃ. ൬
കരോതി സോഽയം ശിരസോഽർദ്ധഭേദം.

വായുവും കഫവുംകൂടി ചെവിയിൽ ചൊറിച്ചിലിനെ ഉണ്ടാക്കും. ഇതിന് കർണ്ണകണ്ഡു എന്നു പേർ.

കർണ്ണഗൂഥലക്ഷണം.

പിത്തത്തോടുകൂടി ഉണങ്ങിയ കഫം ചെവിയിൽ മലത്തെ ഉണ്ടാക്കും. അതിനെ കർണ്ണഗൂഥം എന്നു പറയുന്നു.

കർണ്ണപ്രതിനാഹലക്ഷണം.

ചെവിയിലെ മലം ദ്രവിച്ച് മൂക്കിലും വായിലും പ്രാപിക്കുന്നതിന്ന് കർണ്ണപ്രതിനാഹം എന്നു പേർ. ഇത് ശിരസ്സിന്റെ പകുതിഭാഗത്തെ ഭേദിക്കുകയും ചെയ്യും.

കൃമികർണ്ണലക്ഷണം.

തദ്ഗന്ധയോഗാദഥ ജന്തവശ്ച
ജായന്ത ഏവം ഖലു മക്ഷികാശ്ച
സൃജന്ത്യപത്യാനി ച കർണ്ണരോധാൽ. ൭
കൃമിശ്രുതിരോഗം പരമിതി വൈദ്യാ
ജഗദുരലം തേ ശ്രുതിഗതശാസ്ത്രാഃ. ൮

ദുഷിച്ച മലങ്ങളുടെ ഗന്ധംനിമിത്തം കൃമികൾ വർദ്ധിക്കയോ ഈച്ചകൾ സ്വസന്താനത്തെ ജനിപ്പിക്കയോ ചെയ്യുന്നു. അതു സമയം ചെവിക്കു വളരെ വേദനയുമുണ്ടാകും. ഇതിനെ കൃമികർണ്ണരോഗം എന്നു പറയുന്നു.

കർണ്ണത്തിൽ പക്ഷി മുതലായവ കേറിയാലുള്ള ലക്ഷണം.

യദാ പതങ്ഗശ്ശതപദ്യകാശ്ച
സ്രോതഃ ശ്രുതേഃ സംപ്രവിശന്തി താഃ
കുർവന്തി പീഡാമരതിം തഥാ വാ
ഭൃശംശ്രുതോഽവ്യാകുലതാം നയന്തി. ൯
നിസ്തുദ്യതേ കർണ്ണമഥോഽത്ര കിഞ്ച
ചലത്യലം ഫർഫരതാമുപൈതി
സ്പന്ദേ രുജഃ സംപ്രഭവന്തി തീവ്രാ
ക്ഷതാഭിഘാതാ—ദഥവിദ്രധേശ്ച. ൧൦

പക്ഷി പഴുതാര മുതലായവ ചെവിക്കകത്ത് കയറിയിട്ട്, വേദന, അശ്രദ്ധ, സംഭ്രമം ഇവയെ ഉണ്ടാക്കുന്നു. ചെവിക്കകത്തു ശബ്ദത്തിനോടു, ചെറുപ്രാണികൾ ഇഴഞ്ഞു നടക്കുന്നപോലെ തോന്നുക; ഇവയും കാണും. ചെവിയിൽ പ്രാണികൾ സഞ്ചരിക്കുമ്പോൾ കഠിന വേദനയുണ്ടായിരിക്കും. 'ക്ഷതാഭിഘാതാൽ' എന്ന പാദം അടുത്ത ശ്ലോകത്തോട് അനുയിച്ചുകൊള്ളേണം.

കർണ്ണവിദ്രധിലക്ഷണം.

വാതാദിഭിർല്ലോഹിതപീതരക്ത-
മസ്രം സ്രവേത്തോദവിദാഹയുക്തഃ
ധൂമായനേനാപി ച ശോഷവാൻ സ
യഥാസ്വമസ്രസ്രവപാകതശ്ച. ൫൭

ചെവിക്കകത്തു മുറിവോ ചതവോ പററുകയും അതുകൊണ്ടു് വിദ്രധിയുണ്ടാകയും ചെയ്യും. ഇതുകൂടാതെ വാതപിത്തകഫങ്ങൾ കോപിച്ചും വിദ്രധിയുണ്ടാകും. അതു പൊട്ടിയാൽ ചെമ്പിച്ചോ മഞ്ഞനിറത്തിലോ ചുവന്നോ ഇരിക്കുന്ന ചോര ഒലിക്കയും, കുത്തിനോവു്, ചൂടു്, പുകച്ചിൽ, വരൾച്ച ഇവ ഉണ്ടാകയും ചെയ്യും. 'യഥാസ്വം' എന്ന നാലാംപദം അടുത്ത ശ്ലോകത്തോടു ചേർത്തുകൊള്ളണം.

കർണ്ണപാകാദിലക്ഷണം.

തഥാംബുനാ പൂരിതകർണ്ണദേശാൽ
പൂയം സപൂതി സ്രവതി സ്വദോഷാൽ
സപൂതികർണ്ണഃ കഥിതോ യഥോക്ത
ശോഫാർബ്ബുദാർശാംസി ച തത്ര കർണ്ണേ. ൫൮

കർണ്ണവിദ്രധി പഴുക്കുകകൊണ്ടും ചെവിയിൽ വെള്ളംകേറി നിറയുകകൊണ്ടും ആണു് കർണ്ണപാകം ഉണ്ടാകുന്നതു്.

പൂതികർണ്ണലക്ഷണം.

ദുർഗന്ധമുള്ള ചലം ചെവിയിൽനിന്നും ഒലിക്കുന്നതിനു് പൂതികർണ്ണം എന്നു പേർ.

കർണ്ണശോഥാദിലക്ഷണം

ചെവിയിൽ നീരു്, അർബ്ബുദം, അർശസ്സ് ഇവയുണ്ടാകും. അവയെ അതുകളുടെ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾകൊണ്ടു് അറിഞ്ഞുകൊള്ളണം.

വാതപിത്തകർണ്ണരോഗലക്ഷണം.

നാദോ രുജഃ കർണ്ണമലസ്യ ശോഷഃ
സ്രാവസ്തഥാ വാ ശ്രവണം ച വാതാൽ
രാഗസ്സശോഫോദരണം സദാഹം
പീതസ്യ പൂയസ്യ സ്രാവശ്ച പിത്താൽ. ൫൯

ചെവിയിൽ നാദം, വേദന, ചെവിക്കായം ഉണങ്ങിയിരിക്കുക; ചലം ഒലിക്കുക; ചെവി കേൾക്കായ്ക ഇവ വാതകർണ്ണരോഗത്തിന്റെ ലക്ഷണവും ചുവപ്പും ചൂടും ഉള്ള നീരുണ്ടായി പൊട്ടി മഞ്ഞ

നിറത്തിലു ചലം ഒലിക്കുന്നതു് പിത്തകർണ്ണരോഗത്തിന്റെ ലക്ഷണവും ആകുന്നു.

കഫകർണ്ണരോഗം.

കണ്ഡൂതിവൈശ്രുത്യയുതം സ്ഥിരത്വം
ശോഥസ്യ ശുക്ലസ്യ സ്രുതിർവിശേഷാൽ
സ്നിഗ്ദ്ധസ്യ പൂയസ്യ ച നീരുജത്വം
കഫപ്രഭൂതേ ശ്രുതിജേ ഗദേ സ്യുഃ. *൬൦

ചൊറിച്ചിൽ, ചെവിയിൽ വിപരീതമായ ശബ്ദം, നീരിനു് ഉറപ്പു്, വെളുത്തും സ്നിഗ്ദ്ധമായും ഇരിക്കുന്ന ചലമൊലിക്കുക; വേദനയില്ലാതിരിക്കുക; ഇവ കഫകർണ്ണരോഗത്തിന്റെ ലക്ഷണങ്ങളാണു്.

സന്നിപാതകർണ്ണരോഗം.

നാനാസ്വരൂപാണി ച സന്നിപാതാ-
ന്നാനാവിധസ്രാവവിവർണ്ണതാഭിഃ
പൂയസ്യ നിത്യം ശ്രുതിജേ ഗദേ ഹി
ദോഷാധികം വർണ്ണസമം ശ്രുതിശ്ച. ൬൧

ത്രിദോഷകോപലക്ഷണങ്ങൾ ഉണ്ടായിരിക്കുക; എല്ലാ വിധത്തിലുംചലം ഒലിക്കുക; എല്ലാനിറവും കാണുക, ഇതു് സന്നിപാതകർണ്ണരോഗലക്ഷണമാണു്. ഇതിൽ ഏതുദോഷമാണോ അധികം ഉള്ളതു് അതിന്റെ നിറത്തോടുകൂടിയായിരിക്കും ചലം ഒഴുകുന്നതു്.

കർണ്ണരോഗചികിത്സ.

സ്വിന്നശ്രുതിം ചാശു വിരേചയേദ്വാ
ഭുക്തോപരിഷ്ടാദപി സർപ്പിരത്ര
യോജ്യം ച വസ്തിശ്ച തഥൈവ തത്ര
ബ്രുവേ ചികിത്സാം ശ്രുതിരോഗഹന്ത്രീം. ൬൨

ചെവിവിയർപ്പിക്കുക, വിരേചിപ്പിക്കുക; ഊണു കഴിഞ്ഞതിനുശേഷം നെയ്യുസേവിപ്പിക്കുക; വസ്തി ഇവ ഏതാണു് വേണ്ടതെന്നാലോചിച്ചു ചെയ്തുകൊള്ളണം. ഇനിയും ശ്രുതിരോഗനാശകങ്ങളായ ചികിത്സയെ പറയുന്നു.

രവിജപീതദളം ഘൃതലേപിതം
ദഹനതപ്തമലം ശ്രുതിപീഡിതം
ശ്രുതിഗമാശു സുഖോഷ്ണമപാ തഥാ
ശ്രുതിജശൂലരുജോ ബഹുധാ ഹരേൽ. ൬൩

എരിക്കിന്റെ പഴുത്ത ഇല എടുത്ത് നെയ്യുപുരട്ടി തീയത്തു കാണിച്ചു വാട്ടിപ്പിഴിഞ്ഞു രസം എടുത്ത് ചെറുചൂടെ ചെവിയ്ക്കകത്തൊഴിക്കുക; വേദന ശമിക്കും.

ഹിംഗ്വാദിതൈലം.

ഹിംഗുതുംബുരുശുണ്ഠീഭിസ്തൈലം
സാർഷപം ശ്രവണം ശ്രവണസ്യ
വിശ്രുതിം രവമഥ ശ്രവണശൂലം
ഹന്തി സത്വരമഥേ ഭിഷജോക്തം. ൧൮

കായം തുമ്പൂണലരി, ചുക്ക്, ഇവ ഇട്ടു മൂപ്പിച്ച കടുകെണ്ണ ചെവിയിൽ ഒഴിക്കുക; ചെറികേൾക്കായ്ക ചെവിയിലുണ്ടാകുന്ന ശബ്ദം, ചലം ഒലിപ്പ്, ഇവ ശമിക്കും.

അപാമാർഗ്ഗതൈലം.

അപാമാർഗ്ഗജക്ഷാരതോയേന തദ്വ-
ദപാമാർഗ്ഗകല്കേന തൈലം തിലാനാം
ശൃതം കർണ്ണനാദാപഹം പൂരണാച്ച
ശ്രുതൌ ചാഥ ബാധിര്യസംഹാരികാരി. ൧൯

ചെറുകടലാടിക്ഷാരം കലക്കിയ വെള്ളത്തിൽ ചെറുകടലാടി കല്കമാക്കി കാച്ചി എടുത്ത എള്ളെണ്ണ ചെവിയിൽ നിർത്തിയാൽ കർണ്ണനാദം ചെവികേൾക്കായ്ക ഇവ ശമിക്കും.

വില്വാദിതൈലം.

ഗവാം മൂത്രേണ വില്വാനി പിഷ്ട്വാ തൈലം വിപാചയേൽ
സജലം ച സദുഗ്ദ്ധം ച തദ് ബാധിര്യഹരം പരം. ൨൦

കൂവളത്തിൻവേര് ഇതു ... ഇവ ഗോമൂത്രത്തിൽ അരച്ച് എണ്ണ കാച്ചി ഉപയോഗിക്കുക; ചെവി കേൾക്കായ്ക ശമിക്കും.

ഹിംഗ്വാദിക്ഷാരതൈലം.

ഹിംഗുദാരുമിസിമൂലഭസ്മ
ഭൂർജ്ജവല്കലജഭസ്മജൈഃ ...ഖൈഃ
സിന്ധുജീരകവചാഞ്ജ...ാംഭോ-
മൂലനീരമധുസൂക്തജൈഃ ...ിഃ. ൨൧

മാതുലുംഗജരസൈരപി ...വൈതൈഃ
ശിഗ്രുകോദ്ഭിദയുതൈരപി തൈലം
സാർജ്ജികായുതവിഡം ...നിഹന്തി
ഭൂശിരഃശ്രവണശ...ിശ്രുതം. ൨൨

കായം ദേവതാരം ചതകുപ്പ മൂലവരിക്കിഴങ്ങിന്റെ ഭസ്മം പുത്രണക്കിൻതൊലിയുടെ ഭസ്മം മുത്തങ്ങാ കരിനൊച്ചി ജീരകം വയമ്പ് അഞ്ജനക്കല്ല് ചുക്ക മുരിങ്ങത്തൊലി സർജ്ജികക്ഷാരം വിളയുപ്പ് ഇവ കല്കമായി കദളിവാഴമാണത്തിൻനീരും മാതളനാരങ്ങാനീരും മധുസൂക്തവും ചേർത്ത് കാച്ചിയ തൈലം പൂരിച്ചാൽ, ശിരസ്സ്, കർണ്ണശൂലി, കർണ്ണശൂലം ഇവയെ ശമിപ്പിക്കും. (ഇടങ്ങഴി ചെറുനാരങ്ങാനീര്, നാഴി തേൻ, ഒരുപലം തിപ്പലിപ്പൊടി ഇവ എല്ലാം കൂടി നെയ്യുതേച്ചു മയക്കിയ കുടത്തിൽ ആക്കി ഒരുമാസം നെല്ലിന കത്തു കുഴിച്ചുവച്ചിരുന്ന് എടുക്കണം. ഇതാണ് മധുസൂക്തം എന്നു പറയുന്നത്.)

അന്യയോഗങ്ങൾ.

അഷ്ടാംഗുലാന്യേവ ച പഞ്ചമൂലാ-
ന്മഹത്തരാച്ചാപി നിഗൃഹ്യ താനി
കാണ്ഡാനി ച ക്ഷൌമനിവേഷ്ടിതാനി
തൈലേന സംസിച്യ പ്രദീപിതാനി. ൨൩

യത്തൈലമേതച്ച്യവതേ തദേവ
ശ്രുതൌ നിഷിക്തം ശ്രുതിജാനനേകാൻ
ബാധിര്യപീഡാരവപൂതിസ്രാവാൻ
സദ്യോ നിഹന്യാദ് ഭിഷജോ വദന്തി. ൨൪

എട്ടങ്ഗുലം നീളമുള്ള മഹൽപഞ്ചമൂലങ്ങളുടെ വേരുകളെ എടുത്തുകൊണ്ടുവന്ന്, അവയിൽ തിരിശ്ശീല ചുററി എണ്ണയിൽ മുക്കി തീകത്തിച്ച് അതിൽനിന്നും ഊറിവരുന്ന എണ്ണ എടുത്ത് ചെവിയിൽ ഒഴിക്കുക; ചെവികേൾക്കായ്ക, കർണ്ണനാദം, ചലമൊഴുകുക; ഇവ ശമിക്കും.

അന്യയോഗം.

ഗോമൂത്രം തു കവോഷ്ണമേവ സതതം കർണ്ണസ്യ പ്രക്ഷാളനം
പത്ഥ്യാതിന്ദുകലോധ്രധാത്രിവികഷായകഃ പാഠഃ ശ്രുതിക്ഷാളനം
ജാതീപത്രരസൈശ്ച തൈലമഥവാ സിദ്ധഞ്ച നാരീപയഃ
കർണ്ണേ ക്ഷിപ്തമലം രസായനയുതം കർണ്ണസ്യ പൂതിപ്രണൽ. ൨൫

ഹിംഗ്വുഗ്രാഗദദാരുവിശ്വപടുഭിസ്സൈന്ധവം ...ഗൈ
ര്മൂത്രൈസ്സിദ്ധമലം തഥാ നിഗദിതം യോഗത്രയം പണ്ഡിതൈഃ.

ഗോമൂത്രം കുറഞ്ഞൊന്നു ചൂടാക്കിക്കൂടി ചെവിയിൽ ഒഴിച്ചു കഴുകുക; കടുക്ക പനച്ചിക്കാ പാച്ചോററിത്തൊലി നെല്ലിക്കാത്തോട് മഞ്ചട്ടി ഇവ കഷായംവച്ച് ചെവിയിൽ ഒഴിച്ചു കഴുകുക; പിച്ചക

ത്തിലനീർ ചേർത്ത് എണ്ണകാച്ചി ഉപയോഗിക്കുക; കുമ്പിട്ട് കാച്ചി ചെവിയിൽ ഒഴിക്കുക; കായം വയമ്പു കൊട്ടം ദേവദാരം ചുക്ക ഇന്തുപ്പ് ഇവ കല്ക്കമായി, ആട്ടിൻമൂത്രവും ചേർത്ത് എണ്ണകാച്ചി ഉപയോഗിക്കുക; ചെവിയ്ക്കകത്തുള്ള രോഗം ശമിക്കും.

ശ്രുതിനാഡീതൈലം.

ചൂർണ്ണഗന്ധകശിലാരജനീഭി-
രഷ്ടമാംശതുലിതൈഃ കടുതൈലം
സ്വർണ്ണപത്രരസതുല്യഫലാനി
സിദ്ധം ഹന്തി ചിരജാം ശ്രുതിനാഡീം. ൨൬

ചുണ്ണാമ്പ്, ഗന്ധകം, മനയോല, മഞ്ഞൾ ഇവ കടുകെണ്ണയുടെ എട്ടിലൊരുഭാഗം. കടുകെണ്ണയ്ക്കു സമം ഉമ്മത്തിൻനീര് ഇവ ചേർത്ത് കടുകെണ്ണ കാച്ചി ഉപയോഗിക്കുക; പഴകിച്ചെന്ന ശ്രുതിനാഡി എന്ന രോഗം ശമിക്കും.

കൃമികർണ്ണചികിത്സ.

വാർത്താകധൂമോऽഥ കടും ച തൈലം
ഗോമൂത്രപിഷ്ടഞ്ച ഹരിതാലം
നിക്ഷിപ്തമാത്രം ശ്രവണേ കൃമീണാം
യോഗത്രയം നാശകരം പ്രശസ്തം. ൨൭

തക്കാരിവഴുതിനയുടെ പുക ഏല്പിക്കുക; കടുകെണ്ണ ഉപയോഗിക്കുക; ഹരിതാലം ഗോമൂത്രത്തിൽ അരച്ച് ചെവിയിൽ ഒഴിക്കുക; കൃമികർണ്ണം ശമിക്കും.

പരിപോടലക്ഷണം.

അഥോ സൌകുമാര്യാച്ച വാ ബാലകാനാം
ചിരോൽസൃഷ്ടകർണ്ണേ തു വിശ്ലേ തു സദ്യഃ
വിസംവർദ്ധിതേ കർണ്ണശോഫശ്ച പാലീ-
മഭിവ്യാപ്യ സംജായതേ ബാലകാനാം. ൨൮

സരുക്ഷഃ പരിപോടകാഖ്യ സഃ
പരിപോടോരുണമേചകോ ഭവേൽ
ശ്രുതിപാളിഗതശ്ച ദാരുണോ
ജനിതഃ സ്തബ്ധ ശരീരേ തു വായുനാ. ൨൯

കുട്ടിക്കാലത്തു കാതുവളർത്താതെയിരുന്നു പിന്നെ വേഗത്തിൽ വളർത്തിയാൽ വാതം കോപിച്ച് കർണ്ണപാളിയിൽ വേദന, പൊള്ളല് ഇവയോടുകൂടിയ നീരുണ്ടാകും. ഇതിന്നു പരിപോടകം എന്നുപേർ. വാതജമായ പരിപോടം ചുവന്നും കറുത്തും സ്തംഭിച്ചും ഇരിക്കും.

ഉല്പാതലക്ഷണം.

ഗുരുതരാഭരണാദഥ ഘർഷണാ-
ദപി ച താഡയതഃ ശ്രുതിപാലികാ
ദവഥുപാകരുജാന്വിതശോണിത-
ശ്വയഥുനാ കലിതാപി ച മേചകാ. ൩൦

രുധിരപിത്തഭവഃ സ ഗദോ മതഃ
ഖലു സമുൽപതിതോऽപി ച നാമതഃ

കനം ഉള്ള ആഭരണങ്ങൾ കാതിൽ ഇടുകയോ അടി ഏൽക്കുകയോ അധികമായി ഉരസ്സുകയോ ചെയ്യുകനിമിത്തം കാതിന്റെ വള്ളിയിൽ ചൂട്ട്, പഴുപ്പ്, വേദന ഇവയോടുകൂടിയ നീരുണ്ടാകും. അതു കറുവാളിച്ചോ ചുവന്നോ ഇരിക്കും. രക്തപിത്തങ്ങൾ കോപിച്ചുണ്ടാകുന്ന ആ രോഗത്തിന് ഉൽപാതകം എന്നുപേർ.

ഉന്മഥകലക്ഷണം.

അഥ ബലാൽ ശ്രുതിവർദ്ധനമാചരേൽ
ശ്രവണപാലിഗതസ്തു സദാഗതിഃ. ൩൧

പ്രകുരുതേ പരിഗൃഹ്യ കഫം ബലാൽ
ശ്വയഥുസ്തബ്ധമവേദന മേവ ച
നിഗദിതഃ കഫപിത്തവികാരതഃ
സ ച തഥോന്മഥകോऽപി ച നാമതഃ. ൩൨

ബലമായി കാതുവളർത്തിയാൽ കാതിന്റെ വള്ളിയിൽ വായു കോപിച്ച കഫത്തോടുകൂടി നീരുണ്ടാകും. ആ നീര് സ്തംഭിച്ചും വേദനയോടുകൂടാതെയും ഇരിക്കും. കഫവാതകോപത്താൽ ഉണ്ടാകുന്ന ആ രോഗത്തിന്ന് ഉന്മഥകം എന്നുപേർ.

ദുഃഖവിവർദ്ധനലക്ഷണം.

ദുർവിധകർണ്ണേऽപ്യതിവർദ്ധമാനേ
ശോഥോ ഭവേദ്ദാഹരുജാന്വിതശ്ച
സപാകകണ്ഡൂസഹിതസ്ത്രിജാതോ
നാമ്നാ ഗദോ ദുഃഖവിവർദ്ധനശ്ച. ൩൩

സ്ഥാനംമാറി കാതുകുത്തി വളർത്തിയാൽ ത്രിദോഷങ്ങൾ കോപിച്ച് ചൂട്ട്, വേദന, പഴുപ്പ്, ചൊറിച്ചിൽ ഇവയോടുകൂടിയ നീരുണ്ടാകും. അതാണ് ദുഃഖവിവർദ്ധനം എന്ന കർണ്ണരോഗം.

പിടകാലക്ഷണം.

സകഫലോഹിതജന്തുഗണാ യദാ
പ്രകുപിതാ യദി സർഷപസന്നിഭാഃ
ദവഥുകണ്ഡുരുജാസഹിതാ ധ്രുവം
ശ്രവണപാലിഗതാഃ പിടകാസ്തദാ. ൩൪

കഫരക്തങ്ങളിൽനിന്നു കടുകുപോലുള്ള ക്രിമികൾകോപിച്ച് ചൂട്ട് ചൊറിച്ചിൽ വേദന ഇവയോടുകൂടിയ കുരുക്കളെ കാതിന്റെ വള്ളിയിൽ ഉണ്ടാക്കും. ഇതിനു പിടക എന്നുപേർ.

പരിലേഹീലക്ഷണം.

കർണ്ണപാലീം ലിഹേയുസ്തേ വിസൎപ്പ ഇവ തേ തദാ
പരിലേഹീതി രോഗോऽയം ശ്രുതേഃ പാലീം ഗതോ യഥാ.

മുൻപറഞ്ഞ ക്രിമികൾ വ്യാപിച്ച് ചെവിയുടെ അകത്തെ തട്ടിനേയും കർണ്ണപാളിയേയും മാംസഹീനങ്ങളാക്കി ചെയ്യും. ഇതിനു പരിലേഹി എന്നുപേർ.

കർണ്ണപാലികാചികിത്സ.

സവാജിഗന്ധാനിലശത്രുബീജകൈഃ
ശതാവരീദ്രാവപയസ്സമന്വിതം
ശ്രൃതം തു തൈലം വിനിലേപനേന വാ
ശ്രുതേശ്ച പാലീമതിപോഷയേച്ച വാ. ൩൫

അമുക്കുരം ആവണക്കരി ഇവ കല്ക്കമായി ശതാവരിനീരുചേർത്തു കാച്ചി എടുത്ത എണ്ണ പുരട്ടുക; ചെവിയുടെ വള്ളി വളരും.

തൈലയോഗം.

സുശീതലേപൈശ്ച ജളൌകികാഭി-
രുൽപാതകർണ്ണാദിഗദം ചികിത്സേൽ
ജീവന്തികാവാകുചികാശതാഗന്ധാ-
സിന്ധൂക്ഷൊസ്നാഫലിനീരസൈശ്ച. ൩൬
ഗോധാവസാകങ്കവസാസമേതം
പക്വം തഥോന്മന്ഥഹരം ച തൈലം
അഭ്യഞ്ജനാന്ന്യൃച്ഛതി പാലികാനാ-
മുപക്രമശ്ചാപി യഥാസമേവ. ൩൭

ശീതളങ്ങളായ ലേപനങ്ങൾകൊണ്ടും അട്ടയിട്ടും ഉൽപ്പാതം [illegible] ചികിത്സിക്കണം. അടപതിയൻകിഴങ്ങ്

കാർകോകിലരി അമുക്കുരം കരിനൊച്ചിവേര് എരിക്കിൻവേര് ഇവ കല്ക്കമായി നിലപ്പനക്കിഴങ്ങിൻനീര് ഉടുമ്പിൻവസ കഴുകൻ പക്ഷിയുടെ വസ ഇവയും ചേർത്ത് എണ്ണകാച്ചി പുരട്ടുക; കാതിന്റെ വള്ളികൾ വളരും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
കർണ്ണരോഗാധികാരം എന്ന
൪൫-ാം സ്തബകം കഴിഞ്ഞു.

അഥ ഷട്ചത്വാരിംശസ്തബകഃ

നാസാരോഗാധികാരഃ

നാസാരോഗനിദാനം.

ആനഹ്യതേ ധൂപ്യതി യസ്യ നാസാ
പ്രക്ലിദ്യതേ ചാപി വിശുഷ്യതേ ച
ന വേത്തി ഗന്ധം ച രസം മനുഷ്യഃ
സ്താപീനസം വാതകഫപ്രഭൂതം. ൧

മൂക്ക് അടയ്ക്കുക; പുകയുക; നനഞ്ഞിരിക്കുക ഉണങ്ങുക ഗന്ധരസങ്ങൾ അറിയാൻ വയ്യാതിരിക്കുക; ഇവ ലക്ഷണങ്ങളുള്ള രോഗത്തെ വാതകഫജമായ അപീനസരോഗമെന്നു പറയുന്നു.

പൂതിനസ്യലക്ഷണം.

പ്രദുഷ്ടദോഷൈർഗളതാലുമൂലേ
സമ്മൂർച്ഛിതോ നിത്യഗതിസ്തു യസ്യ
നാസാമുഖാഭ്യാമതിപൂതിരേതി
തം പൂതിനസ്യം ഗദമാമനന്തി. ൨

കഴുത്തിലും അണ്ണാക്കിലും ദുഷിച്ചിരിക്കുന്ന കഫപിത്തരക്തങ്ങൾ നിമിത്തം വായു കോപിച്ച് ദുർഗ്ഗന്ധത്തോടുകൂടി മൂക്കിൽനിന്നും വായിൽനിന്നും പുറപ്പെടുന്നു. അതിന് പൂതിനസ്യം എന്നുപേർ.

നാസാപാകലക്ഷണം.

ഘ്രാണേ സ്ഥിതം പിത്തമരുംഷി യത്ര
പാകം പ്രകുര്യാൽ സ തു ഘ്രാണപാകഃ

വിഷ്ക്ലദമോഘാദപി ദശദോഷൈർ-
ല്ലലാടദേശേ ട ദിവാരസ്യ ജന്തോഃ. ൩൨

നാസാ സ്രവന്തൈതരസ്രജം സപൂയം
തം രക്തപൂയസ്രാവമാഹുരാര്യ്യാഃ

പിത്തം മൂക്കിൽ സ്ഥിതിചെയ്തിട്ട് അവിടെ വ്രണങ്ങളെ ഉണ്ടാക്കും. വളരെ പഴുപ്പും ഉണ്ടായിരിക്കും. പഴുപ്പിന് ദുർഗ്ഗന്ധവും കാണും. ഇതിന്ന് നാസാപാകം എന്നു പേർ.

പൂയരക്തലക്ഷണം.

പിത്തരക്തങ്ങളുടെ ആധിക്യം നിമിത്തം വിദഗ്ധമായി പരിണമിച്ച ദോഷങ്ങൾ ഹേതുവായിട്ടോ നെററിയിൽ അടിയേൽക്കുക ഹേതുവായിട്ടോ, ദോഷകരങ്ങളായ മററു പ്രവൃത്തികൾ ഹേതുവായിട്ടോ; മൂക്കിൽനിന്ന് രക്തവും പഴുപ്പും ഒലിക്കും. അതിന് പൂയരക്തം എന്നു പേർ.

ക്ഷവഥുലക്ഷണം.

ഘ്രാണം ഗതേ മർമ്മണി യത്ര വായൗ-
നിലസ്സശബ്ദോ മുഖനാസികാഭ്യാം. ര

നിരേതി യത്രാശു കഫാനുയാതോ
ഗദം തമാഹുഃ ക്ഷവഥും സുവൈദ്യാഃ

മൂക്കിനെ ആശ്രയിച്ചിരിക്കുന്ന ശൃംഗാടകംഎന്ന മർമ്മത്തിൽ വായു ദുഷിപ്പിച്ച് കഫത്തോടും ശബ്ദത്തോടുംകൂടി മുഖത്തിൽനിന്നോ മൂക്കിൽനിന്നോ പുറപ്പെടുന്നു. ഇതിന് ക്ഷവഥു എന്നു **പേർ.**

ആഗന്തുകമായ ക്ഷവഥുലക്ഷണം.

വിജിഘ്രതസ്തീക്ഷ്ണകടൂംശ്ച സൂത്ര-
മാദിത്യസാംമുഖ്യരജഃപ്രസംഗാൽ. ൩

ഉദ്ഘാടിതേ വാ തരുണാസ്ഥിമർമ്മ-
ണ്യാഗന്തുകോ [illegible] ക്ഷവഥുഃ പ്രദിഷ്ടഃ.

കടുക് മുളക് മുതലായ തീക്ഷ്ണദ്രവ്യങ്ങളെ ഉപയോഗിക്കുകകൊണ്ടോ എരിവുരസമുള്ള പദാർത്ഥങ്ങളെ മണപ്പിക്കുകകൊണ്ടോ സൂര്യനെ നോക്കുക; മൂക്കിൽ ചരടു മുതലായവയിടുക ഇവകൊണ്ടോ തരുണാസ്ഥികളും ശൃംഗാടകം എന്ന മർമ്മത്തിനും ഇളക്കം തട്ടുമ്പോൾ തുമ്മൽ ഉണ്ടാകും. ഇതിന് ആഗന്തുജമായ ക്ഷവഥു എന്നുപേർ.

ഭ്രംശഥുലക്ഷണം.

നാസാബിലാഭ്യാമതിവാരിതോപി
സാന്ദ്രോ വിദഗ്ധോ ലവണോ നിരേതി. ന

കഫസ്തു പൂർവ്വം ശിരസീഹ സംസ്ഥഃ
സൂര്യപ്രതപ്തോ ഭ്രംശഥും വദന്തി.

തലയിൽ ആദ്യമേ വർദ്ധിച്ചിരിക്കുന്ന കഫം വെയിൽകൊണ്ട് ചൂടു പിടിച്ച് ഉപ്പുരസത്തോടുകൂടി പാകപ്പെടാതെയും കൊഴുത്തും മൂക്കിന്റെ രണ്ടു ദ്വാരങ്ങളിൽ നിന്നും പുറപ്പെടുന്നു. ഇതിനെ ഭ്രംശഥു എന്നു പറയുന്നു.

ദീപ്തലക്ഷണം.

ഘ്രാണേ സദാഹേ യദി ധൂമതുല്യോ
വായുശ്ച നിസ്സാരമുപൈതി യത്ര
ദീപ്തേവ നാസാ ഖലു യസ്യ തസ്യ
ദീപ്താഖ്യരോഗം കഥയന്തി വൈദ്യാഃ.

മൂക്കിൽ ഏററവും ചൂടുണ്ടാകുമ്പോൾ വായു പുകപോലെ സഞ്ചരിക്കയും മൂക്കു ജ്വലിച്ചിരിക്കുന്നോ എന്നു തോന്നുകയും ചെയ്യുന്നതായ രോഗത്തെ ദീപ്തരോഗം എന്നു പറയുന്നു.

പ്രതിനാഹലക്ഷണം.

കഫഃ സവാതോ യദി സന്നിരുധ്യാ
ദുച്ഛ്വാസമാർഗ്ഗം പ്രതിനാഹരോഗഃ. ല

കഫം വായുവിനോടുകൂടി ശ്വാസമാർഗ്ഗത്തെ തടുക്കുന്നതിനു പ്രതിനാഹരോഗമെന്നു പേർ.

നാസാപരിസ്രാവലക്ഷണം.

ഘനഃ സിതഃ പീതതനുഃ സ്രവേച്ച
ഘ്രാണാത്തു ദോഷോ യദി സ്രാവയുക്തഃ
നാസാപരിസ്രാവമുദാഹരന്തി
വൈദ്യാധിനാഥാ മുനയഃ പുരാണാഃ. ൻ

കഫം കട്ടിയായിട്ടും വെളുത്തും മഞ്ഞനിറത്തിലും നേർത്തും മൂക്കിൽനിന്ന് ഒലിക്കുന്നതിനെ [illegible]ാസാസ്രാവമെന്നു പറയുന്നു.

നാസാപരിശോഷലക്ഷണം.

യദാഘ്രാണസ്രോതഃ പവന അഖിലം ഗാഢമപി ച
പ്രകുപ്യാൽ സംശോഷ്യ ശ്വസനമുഭയം കൃച്ഛ്രവശഗം

അഥോൎദ്ധ്വം യസ്മിൻ വാ നിഖിലഭിഷജസ്തം നിജഗദുർ-
ഗദം നാസാശോഷം ത്രിഭവമഥ വാതയാർഗദമിതി. ൧൦

വായു മൂക്കിന്റെ എല്ലാ സ്രോതസ്സിനെയും ശോഷിപ്പിക്കയും ചെയ്യുമ്പോൾ മേല്പോട്ടും കീഴ്പോട്ടും തപിപ്പിക്കയുംപ്പെട്ടു ശ്വാസം വിടേണ്ടതായി വരും. ഇതിനെ നാസാപരിശോഷമെന്നും ത്രിദോഷജമായ ഇതിനെ വായുരോഗമെന്നും പറയുന്നു.

ആമപീനസലക്ഷണം.

ശിരോഗുരുത്വമരുചിർന്നാസാസ്രാവസ്തനുസ്വരഃ
ക്ഷാമഃ ഷ്ഠീവത്യഥാഭീക്ഷ്ണമാമപീനസലക്ഷണം. ൧൧

തലയ്ക്കുകനം, അരുചി, മൂക്കിൽകൂടി വെള്ളമൊലിക്കുക, സ്വരം തന്നവായും അസ്പഷ്ടമായും ഇരിക്കുക; കൂടക്കൂടെ മൂക്കിൽനിന്നു കഫം പുറപ്പെടുക; ഇവ ആമപീനസത്തിന്റെ ലക്ഷണങ്ങളാണ്.

പക്വപീനസലക്ഷണം.

ആമലിംഗാന്വിതഃ ശ്ലേഷ്മാ ഘനഃ ഖേഷു നിമജ്ജതി
സ്വരവർണ്ണവിശുദ്ധിശ്ച പരിപക്വസ്യ ലക്ഷണം. ൧൨

ആമപീനസലക്ഷണങ്ങളോടുകൂടിയ കഫം കട്ടിയായിട്ട് സ്രോതസ്സുകളിൽ ലയിക്കുക; സ്വരത്തിനും വർണ്ണത്തിനും വിശുദ്ധിയുണ്ടായിരിക്കുക ഇവ പക്വപീനസത്തിന്റെ ലക്ഷണമാകുന്നു.

പീനസനിദാനം.

അജീർണ്ണസന്ധാരണധൂളിഭാഷ്യ-
ക്രോധൎത്തുവൈഷമ്യശിരോഭിതാപൈഃ
ദിവാശയാജ്ജാഗരണാച്ച രാത്രൗ
നവീനശീതാംബുനിഷേവണാദ്വാ. ൧൩

സ്ത്രീയോऽതിസംഗാദതിബാഷ്പധൂമൈഃ
സസ്ത്യാനദോഷൈഃ പ്രബലഃ ശിരഃസ്ഥഃ
വായുഃ പ്രതിശ്യായഗദം പ്രകുര്യാ-
ന്നാസാസ്രവസ്തത്ര നിരന്തരം സ്യാൽ. ൧൪

ചയം ഗതാ മൂർദ്ധ്നി വാതപൂർവാ-
സ്സർവേ പൃഥഗ്വാ രുധിരം ച നസ്തഃ
പ്രവർത്തയന്തി സ്വനിദാനകോപ-
മാസാദ്യ വൈദ്യാഃ പ്രവദന്തി തം ച. ൧൫

രക്തഃ പ്രതിശ്യായഗദം ച തസ്യാ-
ഭ്യുപദ്രവാൻ പീനസജാൻ ബ്രുവേഥ

ദഹനക്കേട്, മലമൂത്രാദികളെ തടുക്കുക, പൊടി ഏല്ക്കുക, വളരെ സംസാരിക്കുക, കോപിക്കുക, ഋതുവൈഷമ്യം, ശിരസ്സിനു ചൂടുണ്ടാകുക, പകലുറങ്ങുക, രാത്രിയിൽ ഉറങ്ങാതിരിക്കുക, പുതിയ പച്ചവെള്ളം കുടിക്കുക, അതിൽ കുളിക്കുക, അതിയായ സ്ത്രീസംഗം ചെയ്യുക, കണ്ണുനീരു പുറപ്പെടുമ്പോൾ അടയ്ക്കുക; പുകയേല്ക്കുക, ഈ കാരണങ്ങളാൽ ശിരസ്സു കനത്തിരിക്കുന്ന സമയം വാതം വർദ്ധിച്ചു പീനസരോഗത്തെ ഉണ്ടാക്കുന്നു. ആ പീനസമുള്ളപ്പോൾ സദാസമയവും മൂക്കിൽകൂടി വെള്ളം ഒലിച്ചുകൊണ്ടിരിക്കും. ശിരസ്സിൽ സ്വസ്ഥാനത്തു വർദ്ധിച്ചിരിക്കുന്ന വാതാദിദോഷങ്ങളും രക്തവും ഓരോന്നായോ ഒരുമിച്ചോ തന്റെ കോപകാരണങ്ങളെക്കൊണ്ടു കോപിച്ചു പീനസത്തെ ഉണ്ടാക്കുന്നു. ഇനിയും പീനസോപദ്രവങ്ങളെ പറയുന്നു.

പീനസപൂർവരൂപം.

ക്ഷവഥുഃ ശിരസോऽതിപൂർണ്ണതാ ച
പരിഹൃഷ്ടാഖിലരോമതാൎങ്ഗമർദ്ദഃ
അപരേ ച പൃഥഗ്വിധാ ഹ്യുപാസ്യാം സ്യു-
സ്തനുജസ്തംഭപ്രതിശ്യായാതിയുക്താഃ. ൧൬

തുമ്മൽ, തലയ്ക്കു ഘനം, രോമാഞ്ചം, ദേഹം നുറുങ്ങിനോവുക, സ്തംഭനം, മററു പലവിധത്തിലുള്ള ഉപദ്രവങ്ങൾ ഇവ പീനസത്തിന്റെ പൂർവരൂപങ്ങളാണ്.

വാതപീനസലക്ഷണം.

ഗളതാലുരദച്ഛദേഷു ശോഷോ-
വ്യഥ തോദഃ ഖലു ശംഖയോശ്ച നിത്യം
സ്വരഘാത അഥോऽനിലാത്മകേ
പ്രഭവേച്ചാപി ഗദേ തു ഘ്രാണജേ. ൧൭

കഴുത്ത് അണ്ണാക്ക് ഓഷ്ഠം ഈ സ്ഥാനങ്ങൾക്കു വരൾച്ച ... ന്നിക്ക് കുത്തിനോവ് ഒച്ചയടപ്പ് ഇവ വാതപീനസത്തിന്റെ ലക്ഷണങ്ങളാണ്.

പിത്തപീനസലക്ഷണം.

ഉഷ്ണഃ സപീതഃ സ്രവതാ ഹി നിത്യം
ഘ്രാണാത്തതഃ (...) ... പിത്തേ
കൃശോऽതിപാണ്ഡുഃ പ്രഭവേൽ പ്രതപ്തഃ
സോഷ്ണസ്സധൂമാഗ്നിവമീ നരഃ സ്യാൽ. ൧൮

ചൂടോടും മഞ്ഞനിറത്തോടും കൂടിയ വെള്ളം മൂക്കിൽനിന്നു

ഒലിക്കുന്നതു പിത്തപീനസത്തിന്റെ ലക്ഷണമാണ്. പിത്തപീനസമുള്ളവൻ കൃശനായും വെളുത്ത ശരീരത്തോടു കൂടിയവനായും ഏററവും തപിക്കപ്പെട്ടവനായും ഇരിക്കും. അവൻ പുകയോടു കൂടിയ അഗ്നിയെ ഛർദ്ദിക്കുന്നുവോ എന്നു തോന്നും.

കഫപീനസലക്ഷണം.

ശീതം സപാണ്ഡും ച സ്രവേന്മുഹുശ്ച
കഫം ഹി നാസാ സ തു ശുക്ലവർണ്ണഃ
ശുക്ലാക്ഷികോ ഗൌരവയുക് ശിരോ സ്യ
താലോഷ്ഠമൂർദ്ധാഗളകണ്ഡുരശ്ച. ൧൮

കഫപീനസത്തിന് തണുത്തും വെളുത്തും ഇരിക്കുന്ന കഫം മൂക്കിൽ നിന്ന് സ്രവിക്കും. ശരീരവും കണ്ണും വെളുത്തിരിക്കും. തലയ്ക്കു കനം കാണും. അണ്ണാക്ക് ചുണ്ട് ശിരസ്സ് കഴുത്ത് ഈ സ്ഥാനങ്ങളിൽ ചൊറിച്ചിലുമുണ്ടാകും.

സന്നിപാതപീനസലക്ഷണം.

ഭൂത്വാ ഭൂത്വാ പ്രതിശ്യായോ യസ്യ കസ്മാന്നിവർത്തതേ
സംപക്വോ വാപ്യപക്വോ വാ സ സർവ്വപ്രഭവോ സ്മൃതഃ.

കാരണം കൂടാതെ കൂടക്കൂടെ പീനസം ഉണ്ടാകുകയും ശമിക്കയും ചെയ്യും. മൂക്കിൽനിന്നു പുറപ്പെട്ടുന്ന കഫം പഴുത്തും പഴുക്കാതെയും ഇരിക്കും. ഇത് ത്രിദോഷജമായ പീനസത്തിന്റെ ലക്ഷണമാണ്.

ദുഷ്ടപ്രതിശ്യായലക്ഷണം.

നാസാക്ലേദശ്ചാപി ശോഷഃ പുനശ്ച
യസ്യാകസ്മാന്നഹ്യതേ നഹ്യതേ ച
ശ്വാസോച്ഛ്വാസൈര്യസ്യ ദുർഗ്ഗന്ധിരേതി
ഗന്ധം സമ്യഗ് വേത്തി നോ ദുഷ്ടമാഹുഃ. ൨൦

മൂക്കിൽനിന്നു വെള്ളമൊഴുകുക; ചിലപ്പോൾ മൂക്കണങ്ങുക; ചിലപ്പോൾ മൂക്കടയ്ക്കുകയും, ചിലപ്പോൾ തുറന്നിരിക്കുകയും ചെയ്യുക; ശ്വാസത്തിന് ദുർഗ്ഗന്ധമുണ്ടായിരിക്കുക; മണമറിയാൻ വയ്യാതാവുക; ഇവയെല്ലാം ദുഷ്ടപീനസത്തിന്റെ ലക്ഷണമാണ്. ഇതു കൃച്ഛ്രസാദ്ധ്യവും ആകുന്നു.

രക്തപ്രതിശ്യായലക്ഷണം.

പ്രവർത്തതേ ഘ്രാണത ഏവ രക്ത-
സ്രാവസ്തഥാ ലോഹിതലോചനഃ സ്യാൽ
യസ്യാപ്യുരോഘാതജഖേദതീവ്രാ
ഉച്ഛ്വാസവക്ത്രൌ ന ച വേത്തി ഗന്ധം. ൨൧

തം രക്തജം ചാപി വദന്തി വൈദ്യാ
രോഗം പ്രതിശ്യായമലം തഥാ ച.

മൂക്കിൽകൂടി രക്തം ഒലിക്കുക; കണ്ണുചുവന്നിരിക്കുക, ഉരഃക്ഷതമുണ്ടായാലത്തെപ്പോലെ വേദന, ശ്വാസവും മുഖവും ദുർഗ്ഗന്ധത്തോടുകൂടിയിരിക്കുക; ഗന്ധമറിയാൻ വയ്യാതാകുക; ഇവയെല്ലാം രക്തപ്രതിശ്യായത്തിന്റെ ലക്ഷണമാണ്.

അസാദ്ധ്യലക്ഷണം.

സർവേ പ്രതിശ്യായഗദാശ്ചിരസ്ഥാ
ഹ്യസാദ്ധ്യതാം യാന്തി ചിരോപസൃഷ്ടാഃ. ൨൨

മൂർച്ഛന്തി ചാത്രൈവ ക്രിമിപ്രവേകാ
സ്നിഗ്ദ്ധാണവഃ ശ്വേതസിതാതിരക്താഃ
നാനാവിധാ ദോഷചയാനുകൂലാഃ
ശിരോഗതേ ജന്തുഭവേ സമാനാഃ. ൨൩

എല്ലാ പീനസരോഗങ്ങളും ചികിത്സചെയ്യാതെ പഴകിയാൽ ക്രമിച്ച് അസാദ്ധ്യങ്ങളായിത്തീരും. പീനസത്തിൽ വെളുത്തും സ്നിഗ്ദ്ധങ്ങളായും അണുക്കളായും ദോഷാനുകൂലങ്ങളായും ഇരിക്കുന്ന ക്രിമികളും ഉണ്ടാകും. ക്രിമികൾ ഉണ്ടാകുന്ന പീനസത്തിന്റെ ലക്ഷണം ക്രിമിജമായ ശിരോരോഗത്തിന്നു പറഞ്ഞിരിക്കുന്നതുപോലെയാകുന്നു.

ബാധിര്യമൂകത്വവിലോചനോത്ഥാൻ
ഗദാൻ പ്രകുര്യുർവിവിധാംസ്തഥാഗ്നേഃ
സാദം ച കാസാംശ്ച വിവർദ്ധമാനാ-
സ്തേ ജന്തവഃ പീനസസംപ്രഭൂതാഃ. ൨൪

പീനസത്തിൽനിന്നുണ്ടാകുന്ന ക്രിമികൾ വർദ്ധിച്ചാൽ ചെവികേൾക്കായ്ക, മൂകത്വം, നേത്രരോഗം, അഗ്നിമാന്ദ്യം, ചുമ മുതലായ പലവിധ രോഗങ്ങളും ഉണ്ടാകും.

അർബ്ബുദാനി ന ... ശോഥാ-
ന്യർശസാമപി സമസ്തഗദാ യേ
രക്തപിത്തമപി ഘ്രാണഗതേഷു
സംഭവന്തി ഹി ബ്രുവേ തഥ ചികിത്സാം. ൨൫

അർബ്ബുദങ്ങൾ, നീരുകൾ, അർശസ്സ്, രക്തപിത്തം ഇങ്ങനെയുള്ള രോഗങ്ങൾ മുൻപു പറയപ്പെട്ടിട്ടുണ്ട്. ആ രോഗങ്ങളെല്ലാം നാസാരോഗങ്ങളിലും സംഭവിക്കും.

പീനസചികിത്സ.

സർവേഷു പീനസഗദേഷു വിവാതദേഹേ
കുര്യാത്തഥൈവ ശിരസഃ പരിമർദ്ദനാനി
തൈലാദിഭിശ്ച കടുകാമ്ലരസപ്രഭോജ്യം
സംസേദനാനി വമനാനി ഘൃതാശനാനി. ൨൬

എല്ലാ പീനസരോഗങ്ങളിലും രോഗിയെ കാററുകേറാത്ത മുറിയിൽ ഇരുത്തി എണ്ണ മുതലായവകൊണ്ട് മർദ്ദിക്കണം. കടുരസവും പുളിരസവും ഭുജിപ്പിക്കാം. വിയർപ്പിക്കുക, ഛർദ്ദിപ്പിക്കുക, നെയ്യ് സേവിപ്പിക്കുക ഇവയും രോഗഗതിയനുസരിച്ച് ചെയ്യണം.

പത്ഥ്യം ച ഗോധൂമഘൃതപ്രയോഗം
ശസ്തം തഥാത്രൈവ ദധിപ്രയോഗം
സംജാതമാത്രേ ഗുഡസംയുതന്തു
മാരീചചൂർണ്ണേന ദധി പ്രസേവൽ. ൨൭

ഗോതമ്പും നെയ്യുംകൂട്ടി ഭക്ഷിക്കുക; നല്ലമുളകിൻപൊടിചേർത്ത് ശക്കര ഭക്ഷിക്കുക; നല്ലമുളകിൻപൊടിചേർത്ത തൈരുകുടിക്കുക; ഇവയെല്ലാം പീനസരോഗിക്കു പത്ഥ്യമാണ്.

ത്രികടുകാദിചൂർണ്ണം.

കടുകത്രിതയാമ്ലവേതസാനലതാലീസകരിപ്രിയാജീരചാം
ത്രുടിജീരകചവ്യസംയുതം സഗുഡം പീനസപാചനം രജഃ ൨൮

ചുക്ക മുളക തിപ്പലി തെരിഞ്ഞൊമ്പുളിക്കിഴങ്ങ് കൊട്ടവേലിക്കിഴങ്ങ് താലീസപത്രം പുളിവേരിൻതൊലി ഇലവർങ്ങം ഏലത്തരി ജീരകം കാട്ടുമുളകിൻവേര് ഇവപൊടിച്ച് ശക്കരയുംകൂട്ടി സേവിക്കുക; പീനസം പാകംവരും.

കട്ഫലാദിചൂർണ്ണവും കഷായവും.

കട്ഫലത്രികടുകത്രിഫലാനാം
പുഷ്കരാംഘ്രിശടികാമധുകാനാം
ഭാർങ്ഗികാസിതപടുപ്രയുതാനാം
ശൃംഗികാസമഹരേണഭിരേവ. ൨൯

ചൂർണ്ണമത്ര ച കഷായമഥാസാം
മൂത്രമൂർച്ഛിതമഥമൃദിതം വാ
വിസ്വരത്വമനിലത്രയകോപാൻ
ശ്വാസകാസകഫജാൻ വിനിഹന്തി. ൩൦

വാ ഹലീമകഗദം സ്വരഭേദം
പീതമാത്രമനിലം സകഫം തു
ഹന്തി ചാപി തമകം തു വിശേഷാൽ
പീനസം ച ശമമാശു നിഹന്തി. ൩൧

കുമ്പിഴിൻവേര് ചുക്ക മുളക തിപ്പലി ത്രിഫല പുഷ്കരമൂലത്തിൻവേര് കച്ചോലം ഇരട്ടിമധുരം ചെറുതേക്കിൻവേര് കറുത്തുളപ്പ് കക്കടകശൃങ്ഗി അരേണുകം ഇവ പൊടിയാക്കിയോ കഷായമാക്കിയോ ഗോമൂത്രംചേർത്ത് ഉപയോഗിക്കുക; ഒച്ചയടപ്പ് ത്രിദോഷകോപം ശ്വാസകാസം കഫകോപം ഹലീമകം, സ്വരഭേദം തമകശ്വാസം ഇവയേയും വിശേഷിച്ച് പീനസരോഗത്തെയും ശമിക്കും.

പീനസരോഗിക്കു പത്ഥ്യമായുള്ളവ.

കുലത്ഥമുദ്ഗാഢകിജാശ്ച യൂഷാഃ
സസൈന്ധവാ വ്യോഷസമന്വിതാശ്ച
വാർത്താകശാകം ച സദാ നിഷേവ്യ-
മപീനസേശ്ലേഷ്മഹരം സമസ്തം. ൩൨

മുതിര ചെറുപയറ് തൊമര ഇവയുടെ ചാറും ഇന്തുപ്പ് ചുക്ക മുളക തിപ്പലി ഇവയും തക്കാരി വഴുതിനങ്ങ ചീര ഇവയും പീനസത്തിൽ പത്ഥ്യമാണ്.

സ്നേഹനസ്യം.

പാഠാനിശായുഗ്മകണാസുജാതീ-
ദളൈശ്ച മൂർവാസമദന്തിനീഭിഃ
തൈലം പ്രസിദ്ധം ബഹുധാ പ്രയോഗാ-
ന്നസ്യസ്യ വാ പീനസരോഗഹാരീ. ൩൩

പാടക്കിഴങ്ങ് മഞ്ഞൾ മരമഞ്ഞൾ തിപ്പലി പിച്ചകത്തില പെരുംകുരുമ്പവേര് നാഗദന്തിവേര് ഇവ കല്ക്കമായി കാച്ചിയ എണ്ണകൊണ്ടു നസ്യംചെയ്യുക; പീനസരോഗം ശമിക്കും.

അന്യയോഗം.

സക്ഷീരദ്രുമബദരവീരവത്സകഭവൈസ്ത്വഗ്ഭിസ്സമം പാചിതൈഃ
ക്വാഥൈർധാവനതോഽഥവാ ശ്രുതജലൈഃ കല്കൈശ്ച താസാമപി
സിദ്ധം നസ്യവിധാനതോ ഘൃതമപി ഘ്രാണസ്യ പാകം ഹരേ-
ന്മിശ്രം ഗുഗ്ഗുലുനാ കപിത്ഥകഘൃതൈർധൂമഃ ക്ഷവധ്വംസനഃ.

ചെഞ്ചല്യം അത്തിത്തൊലി നീർമരുതിൻതൊലി കുടകപ്പാലത്തൊലി ഇവ കഷായംവച്ചു മൂക്കുകഴുകുകയോ ഇവ കല്ക്കമാക്കി

നെയ്യുകാച്ചി നസ്യംചെയ്യുകയോ കപിലഫലകത്തിൽ ഗുഗ്ഗുലു ചേർത്തു പുകയ്ക്കുകയോ ചെയ്താൽ ക്രിമികൾ ശമിക്കും.

പ്രതിശ്യായചികിത്സ.

പ്രായഃ പ്രതിശ്യായഗദേ പ്രകുര്യാ-
ന്നിവാതഗേഹസ്ഥിതിമസ്യ മൂർദ്ധ്നഃ
പ്രവേഷ്ടനം ചോഷ്ണതരൈശ്ച വസ്ത്രൈഃ
പിബേച്ച ധൂമം ച വക്ഷ്യമാണം. ൧൩

പ്രതിശ്യായരോഗമുള്ളവനെ കാററില്ലാത്തഗേഹത്തിൽ ഇരുത്തി ചൂടുള്ള വസ്ത്രങ്ങൾകൊണ്ടു (ഫ്ലാനൽമുതലായവ) തലയിൽ ചുററിക്കെട്ടുകയും ഇനിയും പറയുന്നതായ ധൂമംപിടിപ്പിക്കയും വേണ്ടതാണ്.

ധൂമം.

ജന്തുഘ്നബാലഹരീകമനശ്ശിലാനാം
വചാപടുഭ്യാം ച പുരേണ സാർദ്ധം
ധൂമം പ്രതിശ്യായഗദേƒപി ശക്തൈശ്ച
പിബേൽ പ്രതിശ്യായഗണം വിശേഷാൽ. ൧൪

വിഴാലരി കായം മനയോല വയമ്പു് ഇന്തുപ്പു് ഗുഗ്ഗുലു ഇവ പൊടിച്ചു തിരിതെറുത്തു് പുക പിടിക്കുക; പ്രതിശ്യായ രോഗം ശമിക്കും.

ചൂർണ്ണം.

ശടീവ്യോഷധാത്രീഭവം ചൂർണ്ണമേകം
ഗുഡേനാപി യുക്തം സഹവ്യം നരാണാം
പ്രഭക്തം പ്രതിശ്യായഹരം പാർശ്വശൂലം
നിഹന്ത്യേവ ഹൃദ്വസ്തിശൂലാനി സദ്യഃ. ൧൫

കച്ചോലം ചുക്കു മുളകു തിപ്പലി നെല്ലിക്കാത്തോടു് ഇവ പൊടിച്ചു ശർക്കരയും ചേർത്തു് സേവിക്കുക; പ്രതിശ്യായം പാർശ്വശൂലം വസ്തിശൂലം ഇവ ശമിക്കും.

ചിത്രകഹരീതകി.

കൃശാനുമൂലസ്യ ശതം പലാനാം
ശതം പലാനാം ച ഗുഡൂചികായാഃ
ധാത്രീപലാനാമപി പഞ്ചമൂല്യാഃ
ശതം ശതം ചാപി തഥാ പലാനാം. ൧൬

സംക്ഷുണ്ണമേതന്നിഹിതം ചതുർഭിർ-
ദ്രോണൈർജ്ജലാനാം ശ്രുതപാദശേഷം

ഗതാ ഗുഡസ്യൈകതുലാ ച പത്ഥ്യാ-
ഢകേന പക്ത്വാ ശ്രുതശീതളേƒസ്മിൻ ൧൭

ക്ഷിപ്ത്വാ ച പ്രസ്ഥാൎദ്ധകമാക്ഷികസ്യ
ത്രിഗന്ധകതൂഷണഷട്പലാനി
യവാഗ്രജസ്യാൎദ്ധപലം തദൈവ
ഗതാ പ്രഭുഞ്ജീത രസായനസ്ഥം. ൧൮

ശോഷേ പ്രതിശ്യായഗദേ കഫോത്ഥ-
ക്ഷീണേ പ്രവൃത്തേ ച മലേ നിഷേവ്യം
ഉരഃക്ഷതക്ഷീണനരേƒഗ്നിസാദേ
കഫപ്രഭൃതേഷു ശിരോഗദേഷു. ൧൯

കൊടുവേലിക്കിഴങ്ങു്, അമൃതു്, നെല്ലിക്കാ ബൃഹൽപഞ്ചമൂലം ഇവ ഓരോന്നും നൂറീതു പലംവീതം ചതച്ചു് നാലു ഇടങ്ങഴി വെള്ളത്തിൽ പാകം ചെയ്തു് നാലൊന്നാക്കി ഒരു തുലാം ശർക്കരയും നാലിടങ്ങഴി കടുക്കായും ചേർത്തു് പാകംചെയ്തു് ആറിയാൽ തേൻ ഇരുനാഴി, ഏലം, ഇലവർങ്ഗം, പച്ചില, ചുക്കു, മുളകു, തിപ്പലി ഇവ ൬ പലം (ഓരോന്നും ഓരോപലം) ചവക്കാരം അരപ്പലം, ഇവയും ചേർത്തു് രസായനമാക്കി ഉപയോഗിക്കുക; ശോഷം പ്രതിശ്യായം ഉരഃക്ഷതം ശിരോരോഗം മുതലായവ ശമിക്കും.

ഹിംഗ്വാദിതൈലം.

ഹിംഗുഗ്രഗന്ധാകുടജപ്രസൂന-
തക്രീകഷ്ണഗന്ധാസുപുനന്നവാഭിഃ
വിഡംഗലാക്ഷാത്രികടുപ്രയുക്തൈഃ
സകട്ഫലം ഗോജലസിദ്ധതൈലം. ൨൦

സുസാർഷപം നസ്യവിധിപ്രതീതം
നാസാമയാനാമഖിലാർത്തിഹന്തൃ.

കായം വയമ്പു് കുടകപ്പാലയരി തുമ്പിയാലം കൊട്ടം കരിങ്കുറിഞ്ഞി മുരിങ്ങത്തൊലി വിഴാലരി കോലരക്കു് ചുക്കു മുളകു തിപ്പലി കുമ്പിൾവേരു് ഇവ കൽക്കമായി ഗോമൂത്രവും കടുകെണ്ണയും ചേർത്തു കാച്ചിയെടുത്ത തൈലംകൊണ്ടു നസ്യം ചെയ്യുക; സകല നാസാരോഗങ്ങളും ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
നാസാരോഗാധികാരം എന്ന
൪൬-ാം സ്തബകം കഴിഞ്ഞു.

അഥ സപ്തചത്വാരിംശസ്തബകഃ.

നേത്രരോഗാധികാരഃ.

നേത്രരോഗനിദാനം.

ഉഷ്ണാഭിതപ്തസ്യ ജലപ്രവേശാ-
ദ്ദൂരേക്ഷണാത് സ്വപ്നവിപര്യയാച്ച
ദിവാ വാ നിശാജാഗരാൽ പ്രസേകാച്ച
രജോധൂമസംസേവനാച്ഛർദ്ദിഘാതാൽ. ൧

അഥോ വാതിഛർദ്ദിപ്രസംഗാന്നിശായാം
ദ്രവാന്നാശനാദ്വാതവിൺമൂത്രരോധാൽ
പ്രസക്താതിസംരോദനാച്ഛോകതഃ കോ-
പതോ മൂർദ്ധ്നി ജാതാതിഘാതാത്തഥാ വാ. ൨

ഋതൂനാം വിപര്യാസതോഽഥോ ക്ഷയാച്ചാ-
തിവാമാപ്രസംഗാതിഘാതാശ്രുരോധൈഃ
അഥോ സൂക്ഷ്മലക്ഷ്യാണി വാ പശ്യതാം വൈ
നരാണാം തു നേത്രേഷു ദോഷാ വികാരാൻ. ൩

സമുൽപാദയന്തീതരമത്രൈവ വാതാൽ
തഥാ പിത്തതഃ ശ്ലേഷ്മണോ രക്തകോപാൽ
അഭിഷ്യന്ദമേവം ചതുർധാക്ഷിരോഗഃ
സ്വയം ജായമാനസ്ത്വനേകാൻ പ്രകുര്യാൽ. ൪

വെയിൽകൊണ്ടു ചൂടുപിടിച്ചയുടൻ, വെള്ളത്തിൽ മുങ്ങുക; വളരെദ്ദൂരം നോക്കുക; പകലുറങ്ങുക; രാത്രിയിൽ ഉറക്കമിളയ്ക്കുക; വിയക്കുക; പൊടിയേല്ക്കുക; പുകയേല്ക്കുക; ഛർദ്ദി തടുക്കുക; അല്ലെങ്കിൽ ഛർദ്ദി അധികമാകുക; രാത്രിയിൽ ദ്രവമായ പദാർത്ഥത്തെ ഭക്ഷിക്കുക; മലമൂത്രാദികളെ തടുക്കുക; എല്ലായ്പോഴും കരയുക; ദുഃഖിക്കുക; കോപിക്കുക; തലയിൽ അടിയേല്ക്കുക; ഋതുക്കൾ വിപരീതമായിവരിക; ഋതുക്കൾ കുറഞ്ഞുവരിക; അതിമൈഥുനം ചെയ്യുക; കണ്ണുനീർ തടുക്കുക; സൂക്ഷ്മവസ്തുക്കളെ നോക്കുക; ഈ കാരണങ്ങളാൽ ദോഷങ്ങൾ നേത്രങ്ങളിൽ വികാരങ്ങളെ ഉണ്ടാക്കുന്നു. ഇതാണു നേത്രരോഗങ്ങൾക്കു കാരണം. വാതം, പിത്തം, കഫം, രക്തം ഇവയുടെ കോപത്താൽ അഭിഷ്യന്ദം എന്ന നേത്രരോഗം നാലുവിധത്തിലുണ്ടാകും.

വാതാഭിഷ്യന്ദലക്ഷണം.

നിസ്തോദനസ്തംഭനരോമഹർഷ-
സംഘർഷപാരുഷ്യശിരോഭിതാപാഃ
വിശുഷ്കഭാവശ്ശിശിരാശ്രുതാ ച
വാതാഭിപന്നേ നയനേ ഭവന്തി. ൫

കുത്തിനോവു്, സ്തംഭനം, രോമാഞ്ചം, തരിപ്പു്, പരുഷതാം, തലവേദന, പഴുപ്പില്ലായ്ക, തണുത്ത കണ്ണുനീരൊലിക്കുക; ഇവ വാതാഭിഷ്യന്ദത്തിന്റെ ലക്ഷണമാണു്.

പിത്താഭിഷ്യന്ദലക്ഷണം.

ഭവേതാം യദാ ദാഹപാകൌ ച നേത്രേ
തഥാ ശീതളേച്ഛാക്ഷിധൂമായനം ച
തഥോഷ്ണാശ്രുതാ പീതതാ ബാഷ്പസേകോ
ഭവേൽ പിത്തജാതേഽക്ഷിരോഗേ നരാണാം. ൬

കണ്ണിനു് ചൂടു്, പഴുപ്പു്, ശീതത്തിൽ ആഗ്രഹം, പുകച്ചിൽ, കണ്ണുനീരിനു ചൂടു്, മഞ്ഞനിറം, കണ്ണുനീർ വളരെ ഒലിക്കുക; ഇവ പിത്തജാഭിഷ്യന്ദത്തിന്റെ ലക്ഷണമാണു്.

കഫാഭിഷ്യന്ദലക്ഷണം.

ഉഷ്ണാഭിലാഷോ ഗുരുതാക്ഷികണ്ഡൂ
ശോഥോപദേഹാവതിശീതതാ ച
സ്രാവോഽശ്രുണഃ പിച്ഛിലതൈവ യത്ര
തം നേത്രരോഗം കഫജം വദന്തി. ൭

ചൂടിൽ ആഗ്രഹം, കനം, കണ്ണിനു ചൊറിച്ചിൽ, നീരു്, കണ്ണിൽ വെള്ളം പററിയിരിക്കുന്നപോലെ തോന്നുക; അതിശീതം, കണ്ണുനീരൊലിക്കുക; ആ കണ്ണുനീർ കൊഴുത്തിരിക്കുക; ഇവ കഫജമായ നേത്രരോഗത്തിന്റെ ലക്ഷണമാണു്.

രക്താഭിഷ്യന്ദലക്ഷണം.

അശ്രുസ്രാവോ ലോഹിതത്വം ച നേത്രേ
രാജ്യാസ്താമ്രാ രക്തവർണ്ണാസ്സമന്താൽ
അന്യൈഃ സർവൈസ്തു പിത്തേന തുല്യ-
മാഹുർവൈദ്യാ രക്തജം നേത്രരോഗം. ൮

കണ്ണുനീരൊലിക്കുക; കണ്ണിൽ ചുവപ്പു്, കണ്ണിലെ എല്ലാവരയും ചുവന്നിരിക്കുക; പിത്താഭിഷ്യന്ദത്തിനു് പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടായിരിക്കുക ഇവയെല്ലാം രക്താഭിഷ്യന്ദത്തിന്റെ ലക്ഷണങ്ങളാണു്.

അത്യുത്തമുൻപാട്ടുത ഏവ യദാ-
ന്നിർമ്മതൃതേ നേത്രമലം ശിരോഽഥം
സലക്ഷണൈസ്സ്തല്യതമാധിമന്ഥാ
ഭവന്ത്യഭിഷ്യന്ദഗദോദ്ഭവാ യേ. ൯

കണ്ണും ശിരസ്സിന്റെ അംശവും എററവും പിളർക്കപ്പെടുന്നപോലെയും മഥിക്കപ്പെടുന്നപോലെയും തോന്നുന്നത് അധിമന്ഥത്തിന്റെ ലക്ഷണമാണ്. വാതജാദ്യധിമന്ഥങ്ങളെ അതതിന്റെ ലക്ഷണങ്ങൾകൊണ്ടും അറിയണം.

അപത്ഥ്യസേവയാൽ കണ്ണ് എപ്പോൾ
നശിക്കുമെന്ന് കാണിക്കുന്നു.

ശ്ലേഷ്മാധിമന്ഥോ ഹന്തി രാത്രിതോഽന്ത
രക്താധിമന്ഥോ ഭവപഞ്ചരാത്രാൽ
ഷഡ്രാത്രിതോ വാതഭവഃ പ്രഹന്യാൽ
ദൃഷ്ടിം കുപത്ഥ്യാചരണാച്ച പൈത്തഃ. ൧൦

സദ്യോഹതം വൈ സമുദീർണ്ണവക്ത്രം
സരാഗശോഫാന്വിതനേത്രയുക്തം.
സംവൃഷ്ടിനിസ്തോദശിരാസ്രുബാഷ്പ-
രാമം വദേന്നേത്രഗദം വിപശ്ചിൽ. ൧൧

അപത്ഥ്യാചരണത്താൽ കഫാധിമന്ഥം ഏഴുരാത്രികൊണ്ടും രക്താധിമന്ഥം അഞ്ചുരാത്രികൊണ്ടും വാതാധിമന്ഥം ആറു രാത്രികൊണ്ടും പിത്താധിമന്ഥം പെട്ടെന്നും കണ്ണിനെ നശിപ്പിക്കും.

സാമലക്ഷണം.

ആമത്തോടുകൂടിയ കണ്ണ് വലിയ വേദനയോടുകൂടിയും ചുവപ്പുനീര് കരുകരുപ്പ്, കുത്തിനോവ്, ശൂലം, കണ്ണുനീര് ഇവയോടുകൂടിയുമിരിക്കും.

നിരാമലക്ഷണം.

കണ്ഡൂസമേതാല്പരുജാശ്രുശോഫ-
ശാന്തിഃ പ്രസന്നത്വമഥോഽക്ഷിമാർഗ്ഗേ
സംപക്വദോഷം നയനാമയം തം
ജഗുഃ പുരാണാ ജനകാദയോഽന്യേ. ൧൨

കണ്ണുകൾക്ക് ചൊറിച്ചിൽ, അല്പമായ വേദന, കണ്ണുനീര് വീക്കം ഇവ ശമിക്കുക, പ്രസന്നത ഇവ ദോഷങ്ങൾക്ക് പാകംവന്ന നേത്രരോഗത്തിന്റെ ലക്ഷണങ്ങളാണ്.

സശോഫാക്ഷിപാകലക്ഷണം.

കണ്ഡൂപദേഹാശ്രുയുതഃ പ്രപക്വ-
മുദുംബരാഭഃ പരിപച്യതേ യഃ
സംരംഭവാൻ നേത്രഗദസ്സശോഫ-
ജാതഃ സപാകഃ പ്രവദന്തി വൈദ്യാഃ. ൧൩

യദാ ശോഫഹീനാനി ലിംഗാനി നേത്ര-
പ്രപാകം ഹ്യശോഫോദ്ഭവേ സംഭവന്തി

കണ്ണിനു ചൊറിച്ചിൽ, ഏതോ പററിയിരിക്കുന്നപോലെ തോന്നുക; കണ്ണുനീര്, പഴുത്ത അത്തിക്കായുടെ നിറത്തിൽ ഇരിക്കുക; പഴുക്കുക; നീരോടുകൂടി ഇരിക്കുക; ഇവ സശോഫാക്ഷിപാകത്തിന്റെ ലക്ഷണങ്ങളാണ്. മുൻപറഞ്ഞ ലക്ഷണങ്ങൾ എല്ലാം ഉണ്ടായിരിക്കയും നീരില്ലാതിരിക്കയും ചെയ്താൽ അതിനെ അശോഫാക്ഷിപാകം എന്നു പറയുന്നു.

ഹതാധിമന്ഥലക്ഷണം.

തദോപേക്ഷണാദവാതജാതാധിമന്ഥഃ
പ്രകർഷേണ ചാസാദയന്ത്യേവ രുഗ്ഭിഃ.
അസാദ്ധ്യ ഏവം തു ഹതാധിമന്ഥോ
നാമ്നാ ഭിഷഗ്ഭിഃ പരികീർത്തിതസ്സഃ ൧൪

വാതാധിമന്ഥം ചികിത്സിക്കാതെ ഇരുന്നാൽ അത് വേദനയോടുകൂടി പീഡകളെ ഉണ്ടാക്കി കണ്ണിനെ ശോഷിപ്പിച്ച് ഹതാധിമന്ഥമായിത്തീരും. ഇത് അസാദ്ധ്യവുമാകുന്നു.

വാതപര്യയലക്ഷണം.

യത്രാനുവേലം ച ഭ്രുവൌ തു നേത്രേ
പര്യേതി വായുർബഹുരുക്സമേതഃ. ൧൫

ഉക്തോ ഗദോ വാതവിപര്യയോഽഥ
തൽകോണിതം യത്ര ച രൂക്ഷവർത്മ
പാരുഷ്യയുക്താവിലദർശനം ച
സന്ദഹ്യതേ ദാരുണമത്ര ശുഷ്കം. ൧൬

അക്ഷിപ്രപാകം വ്രജതി പ്രകാമ-
മഥോപി യസ്യ ശ്രുതിഗശ്ച വായുഃ
ശിരോക്ഷിമന്യാഹനുഗോഽന്യതോ വാ
കുര്യാദ്രുജം സോന്യത ഏവ വാതഃ. ൧൭

വായു, ദൃഷ്ടിപ്പോൾ പുരികങ്ങളിലും ചിലപ്പോൾ നേത്രങ്ങ

ളിവും പ്രാപിച്ച് വല്ലാത്ത വേദനയുണ്ടാകും. ഇതിന്ന് വാതവിപൎയ്യയം എന്നപേർ.

ശുഷ്കാക്ഷിപാകലക്ഷണം.

കണ്ണടച്ചിരിക്കുക; പോളകൾ രൂക്ഷങ്ങളായും കഠിനങ്ങളായും ഇരിക്കുക; കണ്ണു കലങ്ങിയും ചൂടോടുകൂടിയും ഇരിക്കുക; തുറക്കാൻ പ്രയാസമുണ്ടാകുക; ഇതു് ശുഷ്കാക്ഷിപാകത്തിന്റെ ലക്ഷണമാണ്.

അന്യതോവാതലക്ഷണം.

വായു, ചെറിയ ശിരസ്സ് കണ്ണ് ഉവയിൽനിന്നോ പിൻകഴുത്തിന്റെ ഞരമ്പ്, താടി ഈ സ്ഥാനത്തുനിന്നോ; മററുസ്ഥാനത്തുനിന്നോ; വേദനയെ ഉണ്ടാക്കുന്നു. ഇതിന്ന് അന്യതോവാതം എന്നപേർ.

അമ്ലാധ്യുഷിതലക്ഷണം.

ഭവേല്ലോഹിതാന്തം ച ശ്യാവം നരാണാം
സമസ്താക്ഷി കിം വാ തഥാ പച്യതേ ഹി
സദാഹം ച ശോഫേന യുക്തം തദാ തു
ഭവേൽ സ്രാവമമ്ലേന ചൈവാധ്യുഷതോപി. ൧൮

കണ്ണിന്റെ മദ്ധ്യം കരുവാളിച്ചും ചുവന്നും ഇരിക്കുക; കണ്ണെല്ലായിടവും പഴുക്കുക; ചൂട്, നീര് ഇവയുണ്ടാകുക; കണ്ണിൽനിന്ന വെള്ളം സ്രവിക്കുക; ഇവ അമ്ലാധ്യുഷിതത്തിന്റെ ലക്ഷണങ്ങളാണ്. ദോഷങ്ങൾ അന്നസാരത്തെ പുളിപ്പിച്ച് അക്ഷിസിരകളിൽകൂടി കൊണ്ടുവന്ന രോഗത്തെ ഉണ്ടാക്കുന്നതുകൊണ്ട്, ഇതിനെ അമ്ലാധ്യുഷിതംഎന്ന പറയുന്നു.

സിരോല്പാതലക്ഷണം.

അരുജസ്സരുജോഽഥവാക്ഷിരാജ്യോ
യദി താമ്രാശ്ച മുഹുർമുഹുർവിരക്താഃ
പ്രവദന്തി ഭിഷഗ്വരാശ്ച നേത്രേ-
ഷ്വജമുൽപാതമലംസിരാപരം. ൧൯

വേദനയോടുകൂടിയിട്ടോ കൂടാതെയോ ചെമ്പിച്ചിട്ടോ ചെമ്പിക്കാതെയോ കണ്ണിലെ രേഖകൾ പിന്നെയും പിന്നെയും വികൃതവൎണ്ണങ്ങളായിരിക്കും. രക്തജമായ ഇതിനെ സിരോൽപാതമെന്നു പറയുന്നു.

സിരാപ്രഹർഷലക്ഷണം.

ഉപേക്ഷിതഃ കദാപി ശദോ നരാണാം
മോഹാൽ സിരോല്പാത ഏഷ പ്ര

സിരാപ്രഹർഷഃ പ്രതിജായതേഽത്ര
താമ്രാഭമസ്രം ച സ്രവേന്ന പശ്യേൽ. ൨൦

സിരോല്പാതത്തെ ചികിത്സ ചെയ്യാതെ ഉപേക്ഷിച്ചാൽ അതു് സിരാപ്രഹർഷമായിത്തീരും. ആ സിരാപ്രഹർഷത്തിന് കണ്ണിൽനിന്ന ചെമ്പിച്ച നിറത്തിൽ രക്തം സ്രവിക്കും. ഒന്നിനേയും നോക്കാൻ കഴിയാതെയാകുകയും ചെയ്യും.

ഇങ്ങനെ നേത്രശുക്ലഗതരോഗനിദാനം കഴിഞ്ഞു.

അഥ നേത്രകൃഷ്ണഗതരോഗനിദാനം.

സവ്രണശുക്ലലക്ഷണം.

തോദം മഗ്നം കൃഷ്ണമദ്ധ്യേ ച സൂച്യാ
വിദ്ധം യദ്വത്തദ്വദേവ പ്രഭാതി
ഉഷ്ണം സ്രാവം ചേൽ സ്രവേൽ സവ്രണം തൽ
ശുക്ലം പ്രോക്തം വൈദ്യവൃന്ദൈഃ സമസ്തൈഃ. ൨൧

കണ്ണിലുള്ള കറുപ്പിന്റെ മദ്ധ്യത്തിൽ വെള്ളുത്തും, താഴ്‌ന്നും, സൂചികൊണ്ടു കുത്തിയതുപോലെ കാണുന്നതായും ചൂടുവെള്ളത്തിന്റെ സ്രവണത്തോടുകൂടിയും ഉണ്ടാകുന്ന രോഗത്തെ സവ്രണശുക്ലമെന്നു പറയുന്നു.

ന ദൃക്സമീപേ പ്രഭവേന്ന ഗാഢം
സ്രവേദധോ വേദനയാ വിഹീനം
തച്ഛുക്ലയുഗ്മം ഭിഷജോ വദന്തി
സാധ്യം ഭവേൽ ക്വാപി കദാചിദേവ. ൨൨

ദൃഷ്ടിയുടെ സമീപത്തിലല്ലാതെയുണ്ടായ ശുക്ലവും, കൃഷ്ണമണ്ഡലത്തിങ്കൽ മുഴുകി കിടക്കാത്ത ശുക്ലവും ജലം സ്രവിക്കാത്ത ശുക്ലവും വേദനയില്ലാത്ത ശുക്ലവും ചിലപ്പോൾ സാധ്യമായിത്തീരും.

അവ്രണശുക്ലലക്ഷണം.

സസ്യന്ദം തോദയുക്തം ശശിധരധവളം
കുന്ദപുഷ്പാവഭാസം
ആകാശാഭ്രപ്രകാശം തനു വിശദതരം
ചാവ്രണം സാധ്യമേതൽ
ഗംഭീരം ദീർഘകാലപ്രഭവബഹുതരം
കൃച്ഛ്രസാധ്യം ച ശുക്ലം
വിച്ഛിന്നം മദ്ധ്യദേശേ പലലപരിവൃതം
ദൃഷ്ടിനാശപ്രകാരി. ൨൩

അഭിഷ്യന്ദം ചൂട് ഇവയോടുകൂടിയും ചന്ദ്രൻ ശംഖ് മുല്ലപ്പൂവ് ഇവയെപ്പോലെ വെളുത്തും നിർമ്മലമായ ആകാശത്തിനു തുല്യമായും സൂക്ഷ്മമായും കൃഷ്ണമണ്ഡലത്തിൽ ഉണ്ടാകുന്ന ശുക്ലത്തിന് അവ്രണശുക്ലമെന്നുപേർ. ഇതു് സുസാദ്ധ്യമാണ്. വളരെ ആഴത്തോടും വളരെ കാലപ്പഴക്കത്തോടും കട്ടിയോടും കൂടിയ ശുക്ലം കൃച്ഛ്രസാദ്ധ്യമാകുന്നു. മാംസം പഴുക്കുക നിമിത്തം മദ്ധ്യത്തിൽ രന്ധ്രമുണ്ടാക, മാംസങ്ങൾ ചുററിയിരിക്കുക, ഇങ്ങനെയുള്ള ശുക്ലവും ദൃഷ്ടിയെ നശിപ്പിക്കും.

ദ്വിത്വഗ്ഗതം ലോഹിതമന്തതശ്ച
ചിരോത്ഥിതം ചാപി വിവർജ്ജനീയം

രണ്ടു പടലത്തെ ആശ്രയിച്ചും ചുററും ചുവന്നും ഉണ്ടാകുന്നതും വളരെക്കാലം ചെന്നതും ആയ ശുക്ലവും അസാദ്ധ്യമാണ്.

അസാദ്ധ്യലക്ഷണം.

ഉഷ്ണാശ്രുപാതഃ പിടകാ ച നേത്രേ
യസ്മിൻ ഭവേന്മുൽഗനിഭം ച ശുക്ലം
തദപ്യസാദ്ധ്യം പ്രവദന്തി കേചി-
ദന്യച്ച യത്തിത്തിരിപക്ഷതുല്യം. ൨൪

കണ്ണിൽനിന്ന് ചുട്ട കണ്ണുനീർ വീഴുന്നതും കണ്ണിൽ ചെറുപയറിനു തുല്യമായി കുരുക്കളുണ്ടാകുന്നതും ആയ ശുക്ലവും തിത്തിരിപ്പുള്ളിന്റെ ചിറകുപോലെയിരിക്കുന്ന ശുക്ലവും അസാദ്ധ്യമാകുന്നു.

അക്ഷിപാകാത്യയം.

അസിതമണ്ഡലമേവ സമന്തതോ
യദി ഭവേദവദാതതരം സിതൈഃ
സകലദോഷപരൈരഭിസം വൃതം
നിഗദിതം ഖലു പാകമിദം ത്യജേൽ. ൨൫

ത്രിദോഷങ്ങൾ കോപിച്ച് കൃഷ്ണമണ്ഡലം മുഴുവനും വെളുത്ത ശുക്ലം വ്യാപിക്കും. ഇതിന്ന് അക്ഷിപാകാത്യയം എന്നുപേർ. ഇതും വർജ്ജനീയം തന്നെയാണ്.

അജകാജാതം.

അജാപുരീഷസന്നിഭോ രുജാന്വിതശ്ച ലോഹിതഃ
സലോഹിതാഃ സുപിച്ഛിലോ ഽജകാഭിജാതമുച്യതേ. ൨൬

ആട്ടിൻകാഷ്ഠത്തിന്റെ നിറത്തിൽ വേദനയോടും അല്പമായ ചുവപ്പോടും വഴുവഴുത്തിരിക്കുന്ന രക്തത്തിന്റെ സ്രാവത്തോടും കൂടി

ചെമ്പിച്ച നിറത്തിൽ കൃഷ്ണമണ്ഡലത്തെ ഭേദിച്ചുണ്ടാകുന്ന രോഗത്തിന് അജകാജാതം എന്നുപേർ.

ഇങ്ങനെ നേത്രകൃഷ്ണഗതരോഗനിദാനം കഴിഞ്ഞു.

നേത്രദൃഷ്ടിഗതരോഗനിദാനം.

ദോഷോ യദാദ്യേ പടലേ പ്രവിശ്യ
ദൃഷ്ട്യന്തരേ ചേൽ സ്ഥിരതാമുപൈതി
അവ്യക്തരൂപാണി കദാചിദേവ
സംപശ്യതീതി പ്രവദന്തി വൈദ്യാഃ. ൨൭

ദോഷം സിരകളിൽക്കൂടി ദൃഷ്ടിമണ്ഡലത്തിന്റെ അന്തർഭാഗത്തിൽചെന്ന് ആദ്യപടലത്തെ പ്രാപിച്ച് സ്ഥിരമായി ഉറയ്ക്കുന്നു. അപ്പോൾ രൂപത്തോടുകൂടിയ ദ്രവ്യങ്ങൾ ചിലപ്പോൾ അസ്പഷ്ടരൂപങ്ങളായിട്ട് കാണപ്പെടും എന്നു വൈദ്യന്മാർ പറയുന്നു.

ദോഷം രണ്ടാമത്തെ പടലത്തിൽ പ്രാപിച്ചാലുള്ള ലക്ഷണം.

ദൃഷ്ടിർഭൃശം വിഹ്വലതാമുപൈതി
ദോഷേ ദ്വിതീയേ പടലേ പ്രവിഷ്ടേ
പശ്യത്യവശ്യം സ തു മാക്ഷികാണാം
ജാലാനി തദ്വന്മശകാൻ മരീചീൻ. ൨൮

പാരിപ്ലവാൻ കുണ്ഡലമണ്ഡലാനി
ഹ്യഭ്രാണി വാ വർഷതമാംസി പശ്യേൽ
ദൂരസ്ഥിതാന്യേവ തഥാന്തികേ ച
സമീപഗാൻ ദൂരചരാൻ പ്രപശ്യേൽ. ൨൯

ദൃഷ്ടിസ്ഥ വാ ഗൌരവവിഭ്രമേണ
ന സൂചിപാശം ഗ്രഹണയതോഽപി

ദോഷം രണ്ടാമത്തെ പടലത്തെ പ്രാപിക്കുമ്പോൾ ദൃഷ്ടി ഏററവും പരവശതയെ പ്രാപിക്കുന്നു. ഈച്ച കൊതുക് മരീചി കുണ്ഡലം മണ്ഡലം ഇവ ഇളക്കമുള്ളതായി കാണപ്പെടും. മേഘം വർഷം ഇരുട്ട് ഇവയും കാണപ്പെടും. ദൂരെയുള്ളവ അടുത്തും അടുത്തുള്ളവ ദൂരെയും കാണും. ദൃഷ്ടിയുടെ വിഭ്രമം നിമിത്തം വളരെ പ്രയത്നിച്ചാലും സൂചിയുടെ സുഷിരത്തെ കാണുകയില്ല.

ദോഷം മൂന്നാമത്തെ പടലത്തെ ആശ്രയിച്ചാലുള്ള ലക്ഷണം.

പശ്യേന്ന ചാധോഽപ്യമലം പ്രപശ്യേ-
ദ്ദോഷേ തൃതീയേ പടലേ ഗതേ ച. ൩൦

മഹാന്തി രൂപാണി ച [illegible]-
രാച്ഛാദിതാന്യേവ ഹി പശ്യതീവ
കർണ്ണാക്ഷിനാസാരഹിതാനി താനി
ജാനാതി [illegible]. ൨൦

ദോഷേ ബലീയസ്യപി [illegible]
യഥാസ്വമത്ര പ്രവിരജ്യതേ ച
അധഃസ്ഥിതേന്തസ്ഥമദൂരഭാജം
ദൂരം പ്രപശ്യേദപി [illegible]. ൨൧

നൈവ പ്രപശ്യേദ[illegible]
പാർശ്വസ്ഥിതം പശ്യതി നൈവ [illegible]
സമന്തതസ്സംസ്ഥിതദോഷ[illegible]
രൂപാണി പശ്യേദപി സംകുലാനി. ൨൨

ദൃഷ്ടേസ്തു മദ്ധ്യസ്ഥിത[illegible]
മഹാന്തി രൂപാണി [illegible]
ദ്വിധാ സ്ഥിതേ പശ്യതി വാ [illegible] വാ
[illegible]. ൨൩

ദോഷേ ച തിര്യഗ് [illegible]-
മേകം ദ്വിധാ പശ്യതി യച്ച യത്ര

ദോഷം മൂന്നാമത്തെ പടലത്തെ [illegible] അധോഭാഗത്തിലുള്ള വസ്തുക്കളെ കാണ[illegible] വസ്തുക്കളെ കാണുകയും ചെയ്യും. [illegible] മുണ്ടുകൊണ്ടു മറയ്ക്കപ്പെട്ടതുപോലെ കാണും. മനുഷ്യാകൃതികളെ ചെവി കണ്ണ് മൂക്ക് ഇവയോടുകൂടാതെയും മുറിക്കപ്പെട്ട കരചരണങ്ങളോടു കൂടിയപോലെയും കാണും. ഏതൊരു ദോഷം ബലവത്തായിരിക്കുന്നുവോ ആ ദോഷത്തെ [illegible]. എങ്ങിനെ എന്നുവച്ചാൽ വാതം ബലവത്താണെങ്കിൽ ദൃഷ്ടി ചുവന്നും പിത്തം ബലവത്താണെങ്കിൽ ദൃഷ്ടി മഞ്ഞനിറത്തിലും, കഫം ബലവത്താണെങ്കിൽ ദൃഷ്ടി വെളുത്തുമിരിക്കുമെന്നു സാരം. ദോഷം ദൃഷ്ടിയുടെ താഴെ നിൽക്കുമ്പോൾ [illegible] വസ്തുക്കളെ കാണുകയില്ല; ഉപരിഭാഗത്തു സ്ഥിതിചെയ്യുമ്പോൾ ദൂരത്തുള്ള വസ്തുക്കളെ കാണുകയില്ല; പാർശ്വത്തിൽ സ്ഥിതിചെയ്യുമ്പോൾ പാർശ്വഭാഗത്തുള്ള വസ്തുക്കളെ കാണുകയില്ല. ചുറ്റും നിൽക്കുമ്പോൾ എല്ലാം സമ്മിശ്രമായി കാണും. ദോഷങ്ങൾ ദൃഷ്ടിയുടെ മദ്ധ്യത്തിൽ നിന്നാൽ വലിയ രൂപങ്ങളെ ചെറുതായി കാണും. ദോഷം [illegible] പ്രകാരത്തിൽ നിന്നാൽ [illegible] പ്രകാരത്തിലായിരിക്കും. അനേകം പ്രകാരത്തിൽ സ്ഥിതിചെയ്താൽ അനേകം പ്രകാരം കാണും. വിലങ്ങത്തിൽ നിന്നാൽ കാണുന്നതെല്ലാം രണ്ടായി തോന്നും.

ദോഷം നാലാമത്തെ പടലത്തെ [illegible]
ലക്ഷണം.

തം വൈദ്യഭ്രപാസ്തിമിരം വദന്തി
തന്നാമ്നി ദൃഷ്ടിം പടലേ ചതുർത്ഥേ. ൨൪

[illegible]ലിംഗനാശേ ച [illegible]
ന ചാധിരൂഢേ തു മഹാഗ[illegible]
നക്ഷത്രതാരാരവിചന്ദ്രവിദ്യു-
ത്തേജാംസി ഭ്രാജിഷ്ണുതാനി [illegible]. ൨൫

[illegible] സ ച [illegible]
സ നീലികാകാച ഉദാഹൃതോന്യൈഃ

തിമിരം എന്ന പേരോടുകൂടിയ ദോഷം നാലാമത്തെ പടല[illegible] [illegible] ആശ്രയിക്കുമ്പോൾ ദൃഷ്ടിക്ക് [illegible] അനന്തരം ലിംഗനാശമെന്ന [illegible] മഹാരോഗം അധികം വർദ്ധിക്കാതിരിക്കുമ്പോൾ ആകാശത്തിൽ ശശിന്യാദി നക്ഷത്രങ്ങൾ മറ്റു താരകൾ ആദിത്യൻ ചന്ദ്രൻ [illegible] ഈ [illegible] ലിംഗനാശത്തിന് [illegible] പറയും.

ദോഷവിശേഷംകൊണ്ടുള്ള രൂപദർശനം.

വാതേന രൂപാണ്യ[illegible]
[illegible]. ൨൬

ശക്രസ്യ ചാപം ച [illegible] തഡിച്ച
ഖദ്യോതമപ്യത്ര ച പിത്തദോഷാൽ
ശിഖണ്ഡിനത്താനി ച നീല[illegible]
സർവ്വം പ്രപശ്യത്യപി [illegible]. ൨൭

കഫേന രൂപാണി സിതാനി പശ്യേ-
ജ്ജ്വലപ്ളുതാനീവ ച [illegible]
ശുഭ്രാഭ്രതുല്യാനി ച മന്യതേപി
വൃദ്ധം നഭഃ [illegible]. ൨൮

രക്തേന രക്താനി തമാംസി പശ്യേൽ
സിതാസിതാന്യേവ ച മേചകാനി
പീതാനി രക്താനി വിചിത്രിതാനി
ത്രിദോഷതഃ പശ്യതി വിപ്ളുതാനി. ൧൯

ദോഷസ്ത്ര്യഗ്നാനം ദിവസസ്യ മേസാദ്യം
ദ്വിധാ ത്രിധാ പശ്യതി ചാപി നിത്യം
ന്യൂനാധികാങ്ഗാനി സമസ്തരൂപാ-
ണ്യഥോപി തേജാംസി സമന്തതസ്തു. ൨൦

വാതംകൊണ്ടുണ്ടാകുന്ന തിമിരത്തിൽ രൂപങ്ങൾ ആവിലങ്ങളായും മുറിഞ്ഞും രക്തവർണ്ണങ്ങളായും കാണപ്പെടും. പിത്തജമായ തിമിരത്തിൽ ഇന്ദ്രചാപം ആദിത്യൻ മിന്നൽ മിന്നാമിനുങ്ങി ഇവയുടെ രൂപങ്ങളും മയിലിൻനൃത്തങ്ങളും എല്ലായിടവും നീലനിറവും കാണപ്പെടും. കഫജമായ തിമിരത്തിൽ രൂപങ്ങൾ വെളുത്ത നിറത്തിലും വെള്ളത്താൽ നനഞ്ഞപോലെയും പിച്ഛിലങ്ങളായും കാണും. മേഘമില്ലാത്ത ആകാശത്തിൽ മേഘമുണ്ടെന്നുതോന്നും. രക്തജമായ തിമിരത്തിൽ ഇരുട്ട് ചുവന്നും ബഹുവിധത്തിലും കാണപ്പെടും. രൂപങ്ങൾ അല്പം വെളുത്തും ചുവന്നും മഞ്ഞളിച്ചും കറുത്തും ഇങ്ങനെ വിചിത്രരൂപങ്ങളായി കാണപ്പെടും. ത്രിദോഷജമായ തിമിരത്തിൽ എല്ലാ ദ്രവ്യങ്ങളും രണ്ടുപ്രകാരത്തിലും മൂന്നുപ്രകാരത്തിലും അംഗങ്ങൾ കുറഞ്ഞും കൂടിയും തേജസ്സുകൾ പലപ്രകാരേണയും കാണപ്പെടും.

പരിമ്ലായി എന്ന തിമിരലക്ഷണം.

പിത്തം പരിമ്ലായി വിമൂർച്ഛിതം യ-
ദ്രക്തസ്യ ദൃഷ്ടാവപി തേജസാത്ര
പീതാ ദൃശഃ പശ്യതി സൂര്യ്യചക്ര-
മുദ്യന്തമേവ പ്രതിമന്യതേന്യൽ. ൨൧

ഖദ്യോതസംഘൈശ്ച വികീര്യ്യമാണാൻ
വൃക്ഷാംശ്ച തേജസ്സഹിതാംസ്തു യദ്വൽ
വക്ഷ്യാമി രാഗൈരപി ഷഡ്വിധം യൽ
തല്ലിംഗനാശം നയനപ്രഭൂതം. ൨൨

രക്തത്താൽ മിശ്രിതമായിരിക്കുന്ന പിത്തം പരിമ്ലായി എന്ന തിമിരത്തെ ഉണ്ടാക്കും. അതു വന്നാൽ ദിക്കുകൾ മഞ്ഞനിറമായി തോന്നും. സൂര്യ്യൻ ഉദിച്ചുവരുന്നതുപോലെയും വൃക്ഷങ്ങൾ മിന്നാമിനുങ്ങുകളാൽ മറയ്ക്കപ്പെടുന്നവയായോ ഓജസ്സുകളോടുകൂടിയവയായോ കാണപ്പെടും. ഇനിയും രാഗത്താൽ ഉണ്ടാകുന്ന ആറുവിധം ലിംഗനാശത്തെ പറയുന്നു.

വാതജാദിരാഗഭേദലക്ഷണം.

രക്തോ രാഗഃ പ്രഭവതി സദാ വാതജഃ പിത്തതോഽഥ
രാഗഃ പീതഃ കഥിത അപി വാ നീലവർണ്ണസ്തഥൈവ
ശുക്ലോ രാഗഃ കഫസുജനിതോ രക്തദോഷാച്ച രക്ത-
ശ്ചിത്രോ രാഗഃ പ്രഭവതി സദാ സന്നിപാതസ്യ ദോഷാൽ.

വാതജമായ രാഗം ചുവന്നിരിക്കും. പിത്തജമായ രാഗം മഞ്ഞളിച്ചും നീലവർണ്ണമായും ഇരിക്കും. കഫജമായ രാഗം വെളുത്തിരിക്കും. രക്തജമായ രാഗം രക്തത്തോടുകൂടിയും ത്രിദോഷജമായ രാഗം നാനാവർണ്ണമായും ഇരിക്കും.

വാതികാദിരാഗത്തിൻെറ വിശിഷ്ടലക്ഷണം.

സ്ഥൂലം കാചാരുണനിഭമലം മണ്ഡലം ദൃഷ്ടിമദ്ധ്യേ
നീലം കാചാപി പ്രഭവതി തഥാമ്ലായിനീരോഗദോഷേ
തസ്മിൻ പ്രായഃ കചചിദപി തഥാ ദർശനം ദോഷനാശാ-
ത്തത്തുല്യാംശാൽ സ്വയമപി ച വാ സർവ്വരൂപസ്യ പുംസാം.

പരിമ്ലായി എന്ന രോഗത്തിൽ ദൃഷ്ടിമണ്ഡലം സ്ഥൂലമായും കുന്നിക്കുരുവിൻെറ നിറത്തിലും ചിലപ്പോൾ നീലമായും ഇരിക്കും. അതിങ്കൽ മിക്കവാറും ദോഷം നശിച്ചുകഴിഞ്ഞാൽ താനേതന്നെ എല്ലാ രൂപവും കാണാറാകും.

ദൃഷ്ടിമണ്ഡലഗതരാഗലക്ഷണം.

അരുണം പരുഷം ച ചഞ്ചലം
പ്രഭവേന്മണ്ഡലമേവ വാതജം
അഥകാംസ്യനിഭം തഥൈവ ചാ-
പ്യതിപീതം ചലു പിത്തമണ്ഡലം. ൨൩

ശംഖേന്ദുകുന്ദപ്രതിമം കഫേന
സ്യാന്മണ്ഡലം സ്നിഗ്ദ്ധമലം ചപീതം
പത്മസ്ഥപത്രസ്ഥമിവാംഭസസ്തു
ബിന്ദുര്യ്യഥാ സർപ്പതി മൃജ്യമാനേ. ൨൪

പ്രവാളപത്മോദ്ഭവപത്രതുല്യം
സ്യാന്മണ്ഡലം രക്തനിഭം തഥൈവ
ത്രിദോഷജാതേഽപി ച ലിംഗനാശേ
ചിത്രോ ഭവേന്നേത്രഗതോ ഹി രാഗഃ. ൨൫

വാതത്താൽ ദൃഷ്ടിമണ്ഡലം ചുവന്നും പരുഷമായും ഇളക്കത്തോടുകൂടിയും ഇരിക്കും. പിത്തത്താൽ ദൃഷ്ടിമണ്ഡലം ഓട്ടുപാത്രത്തിൻെറനിറത്തിലും ചുവന്നും ഇരിക്കും. കഫത്താൽ ദൃഷ്ടിമണ്ഡലം ശംഖ് ചന്ദ്രൻ മുല്ലപ്പൂവ് ഇതിൻെറ നിറത്തിലും മഞ്ഞളിച്ചും താമരയിലയിലെ വെള്ളത്തുള്ളിപോലെ ഇളകിക്കൊണ്ടുമിരിക്കും. കൈകൊണ്ടു മദ്ദിക്കുന്ന സമയം ആ മണ്ഡലം പരക്കുകയും ചെയ്യും. രക്തജമായ മണ്ഡലം പവിഴംപോലെയും ചുവന്ന താമരപ്പൂപോലെയും ഇരിക്കും. ത്രിദോഷജമായ ലിംഗനാശത്തിൽ കണ്ണിൽ ഉള്ള ചുവപ്പ് നാനാവൎണ്ണമായിരിക്കും.

പിത്തവിദഗ്ദ്ധദൃഷ്ടിലക്ഷണം.

പിത്തദോഷപരിദുഷ്ടദൃഷ്ട്യാ
പീതരൂപചയദർശനമസ്യ
ജായതേ ച ഖലു പിത്തവിദഗ്ദ്ധാ
ദൃഷ്ടിരേവ ഗദിതോഽഖിലവൈദ്യൈഃ. ൨൮

പിത്തത്താൽ ദുഷ്ടമായ ദൃഷ്ടി മഞ്ഞനിറമായിരിക്കുകയും ആ ദൃഷ്ടികൊണ്ടു നോക്കുന്നതെല്ലാം മഞ്ഞനിറമായി തോന്നുകയും ചെയ്യുന്നതു് പിത്തവിദഗ്ദ്ധത്തിൻെറ ലക്ഷണമാണ്.

ദിവാന്ധ്യലക്ഷണം.

പടലമത്ര തൃതീയകമാഗതേ
നിശി ച പശ്യതി നൈവ ദിവാ കദാചിൽ
അപി ച ദോഷ ദിവാന്ധ ഇതീരിതം
നിശി ച പിത്തകൃശത്വനിമിത്തതഃ. ൨൯

ദോഷം മൂന്നാമത്തെ പടലത്തെ പ്രാപിക്കുമ്പോൾ രാത്രിയിൽ കാഴ്ചയുണ്ടാകും. പകൽ കാഴ്ചയുണ്ടാകയില്ല. ഇതു ദിവാന്ധ്യത്തിൻെറ ലക്ഷണമാണ്. രാത്രിയിൽ കാഴ്ചയുണ്ടാകുന്നതിനുള്ള കാരണം രാത്രിയിൽ തണുപ്പുകൊണ്ടും പിത്തത്തിൻെറ കുറവുകൊണ്ടും ആണ്.

ശ്ലേഷ്മവിദഗ്ദ്ധദൃഷ്ടിലക്ഷണം.

കഫവിദഗ്ദ്ധദൃശഃ സിതദർശനം
പടലമസ്യ ഗതേ ച തൃതീയകേ
നിശി ന ദർശനമേവ സമാദിശേ-
ദ്ദിവി സ സൂൎയ്യഗൃഹീതകഫാൽപതാ. ൩൦

ദുഷിച്ചിരിക്കുന്ന കഫത്താൽ ദൃഷ്ടിയെല്ലാപ്പോഴും വെളുത്തിരിക്കയും അതുകൊണ്ടു് എല്ലാ വസ്തുക്കളും വെളുത്തനിറത്തിൽ തോന്നുകയും ചെയ്യുന്നതു് കഫവിദഗ്ദ്ധദൃഷ്ടിയുടെ ലക്ഷണമാണ്.

Dr. SUBIN. V.R, M.D(Ay)
Reg. No: 7605
Professor
Dept. Of Panchakarma
VPSV Ayurveda College Kottakkal

രാത്ര്യാന്ധ്യലക്ഷണം.

ദോഷം മൂന്നാമത്തെ പടലത്തെ പ്രാപിച്ചാൽ രാത്രിയിൽ കണ്ണുകാണാൻ വയ്യാതാവുകയും സൂൎയ്യൻെറ സമ്പൎക്കത്താൽ കഫം ഉരുകി ലയിച്ചുപോകുന്നതിനാൽ പകൽ കാഴ്ചയുണ്ടാവുകയും, ചെയ്യും. ഇതു് രാത്ര്യാന്ധ്യത്തിൻെറ ലക്ഷണമാണ്.

ധൂമദർശിലക്ഷണം.

ജ്വരായാസസമുദ്ഭ്രാമിതാപാതിശോകൈ-
സ്തഥാഭ്യാഹതാ ദൃഷ്ടിരേവം ച യസ്യ
സധൂമ്രാംസ്തഥാ സർവ്വഭാവാൻ പ്രപശ്യേ-
ദസൌ ധൂമദർശീ ജനഃ സംപ്രദിഷ്ടഃ. ൩൧

ജ്വരം, ദേഹശ്രമം, ശിരോരോഗം, ശോകം ഇവയാൽ സന്തപ്തനായവൻെറ ദൃഷ്ടികൊണ്ടു കാണുന്ന വസ്തുക്കളെല്ലാം പുകപോലെ തോന്നും. രാത്രിയിൽ പിത്തത്തിൻെറ കുറവുനിമിത്തം എല്ലാം ശരിയായി കാണുകയും ചെയ്യും. ഇതിന്നു് ധൂമദർശി എന്നുപേർ.

ഹ്രസ്വദൃഷ്ടിലക്ഷണം.

തഥാ ഹ്രസ്വദർശീ ദിനേഷ്വപി ഹ്രസ്വം
സ്വരൂപാണി പശ്യത്യുത ഛേദ്ദൃഷ്ടിമസ്യ
വിശേഷേണ പിത്താസ്യ പശ്യേൽ പ്രകാമം
തതശ്ചാല്പഭാവാച്ച ഹ്രസ്വാനി നിത്യം. ൩൨

ഹ്രസ്വദർശിയായുള്ളവൻെറ ദൃഷ്ടിമൂലത്തിൽ പകൽ വലിയ രൂപങ്ങളെ ഹ്രസ്വങ്ങളായിട്ടു കാണും. പിത്തത്തിൻെറ അല്പഭാവം ഹേതുവായിട്ടു്, രാത്രിയിൽ കാണുകയില്ല.

നകുലാന്ധ്യലക്ഷണം.

വിദ്യോതമാനാ നകുലസ്യ യദ്വൽ
ദൃഷ്ടിർഹി ദോഷേണ ഭവേച്ച യസ്യ
സ ചിത്രരൂപാണി ദിവാ പ്രപശ്യേൽ
തദ്രോഗമാഹുർനകുലാന്ധ്യമേവ. ൩൩

ആരുടെ ദൃഷ്ടിയാണോ ത്രിദോഷങ്ങളാൽ വ്യാപിച്ചും കീരിയുടെ കണ്ണുപോലെയും ഇരിക്കുന്നു. അവൻ പകൽ നാനാവൎണ്ണങ്ങളായ രൂപങ്ങളെ കാണുകയും രാത്രിയിൽ കാണാതിരിക്കയും ചെയ്യുന്നു. അതാണ് നകുലാന്ധ്യം.

Dr. SUBIN. V.R. M.D(Ay)
Reg. No: 7605
Professor
Dept. Of Panchakarma
VPSV Ayurveda College Kottakkal

ഗംഭീരദൃഷ്ടിലക്ഷണം.

വായുർവ്വിഗുണോ വിദധാതി ദൃഷ്ടിം
സങ്കോചമഭ്യന്തരതസ്തു യാതി
തമക്ഷിരോഗം സതരുജം സുവൈദ്യാ
ഗംഭീരകാഖ്യം പ്രവദന്തി സർവേ. ൧൫

ദൃഷ്ടി, വാതത്താൽ പീഡിക്കപ്പെട്ടും വികൃതമായും ഉള്ളിലേക്ക ചുരുങ്ങും. വലിയ വേദനയും കാണും. ഇതിനെ ഗംഭീരദൃഷ്ടി എന്നു പറയുന്നു.

ആഗന്തുകലിംഗനാശം.

ബാഹ്യൗ പുനർദ്വാവപി സംപ്രദിഷ്ടാ-
വകാരണാൽ കാരണതസ്തഥാ ദ്വൗ
ശിരോഭിതാപാച്ച നിമിത്തഭൂതാ-
ദുക്തസ്ത്വഭിഷ്യന്ദനിദർശനാഖ്യഃ. ൧൬

കാരണംകൊണ്ടും കാരണമില്ലാതെയും ആഗന്തുകലിംഗനാശം രണ്ടുപ്രകാരത്തിലുണ്ട്. അവയിൽ ശിരോഭിതാപം ഹേതുവായും വിഷപുഷ്പവാഹിയായ വായുവിൻെറ സ്പർശം ഹേതുവായിട്ടും ഉണ്ടാകുന്നതു കാരണജമാണ്. അതിന്നു അഭിഷ്യന്ദത്തിൻെറ ലക്ഷണംകൂടിയും കാണും.

അകാരണലിംഗനാശലക്ഷണം.

ദേവർഷിഗന്ധർവ്വമഹോരഗാണാം
ഗന്ധർവ്വസന്ദർശനതോഽനിമിത്തം.
ദൃഷ്ടിർവിഹന്യേതദി ലിംഗനാശോ
ജനസ്യ സോയം ത്വനിമിത്തജാതഃ. ൧൭

വിസ്പഷ്ടനേത്രമിവ യത്ര വിഭാതി രാഗോ
വൈഡൂര്യവർണ്ണസദൃശമേവ തു തത്ര നേത്രേ
വ്യാകീർണ്ണതേഽത്ര വെറു സീദതി ഭിദ്യതേ ച
പുംസോഽഭിഘാതനിഹതാ ഖലു സാ തു ദൃഷ്ടിഃ. ൧൮

ദേവന്മാർ, ഋഷികൾ, സൂര്യൻ, സർപ്പങ്ങൾ, ഗന്ധർവ്വന്മാർ ഇവരെയാരെയെങ്കിലും സൂക്ഷിച്ചുനോക്കുകനിമിത്തം കാരണം കൂടാതെ കണ്ണിന്റെ കാഴ്ചയില്ലാതാകും. ഇതാണ് അകാരണ ലിംഗനാശം. ഈ രോഗത്തിൽ കണ്ണിന് പ്രസന്നതയും വൈഡൂര്യത്തിൻെറ നിറംപോലുള്ള നിറവും കാണും.

നേത്രദൃഷ്ടിഗതരോഗനിദാനം കഴിഞ്ഞു.

നേത്രശുക്ലഗതരോഗനിദാനം.

പ്രസ്താര്യാർമ്മാദികളുടെ ലക്ഷണം.

പ്രസ്താര്യാർമ്മസുവിസ്തരം സിതഗതം ശ്യാവം സരക്തംതഥാ
ശുക്ലാർമ്മപ്രഗതം ച ശുക്ലമസകൃൽ സംവർദ്ധമാനം ചിരാൽ
പത്മാഭം മൃദുരക്തമർമ്മപലലം തച്ചീയതേ വൈ സിതേ
സ്ഥൂലം മൃദ്വധിമാംസജാർമ്മബഹുലം പ്രോക്തം യകൃൽസന്നിഭം

കണ്ണിൻെറ ശുക്ലഭാഗത്ത് പരന്നും കരുവാളിച്ചും സരക്തമായും മാംസമുണ്ടാകും. അതിന്ന് പ്രസ്താര്യാർമ്മമെന്നു പേർ. ശുക്ലസ്ഥാനത്തു വെളുത്തും മൃദുവായും മാംസമുണ്ടാകുകയും വളരെക്കാലംകൊണ്ട് വർദ്ധിക്കുകയും ചെയ്യുന്നതു ശുക്ലാർമ്മത്തിൻെറ ലക്ഷണമാണ്. ശുക്ലത്തിൽ ചെന്താമരപ്പൂപോലെയും മൃദുവായും മാംസം വർദ്ധിച്ചുവരുന്നതിന്ന് രക്താർമ്മമെന്നുപേർ. ശുക്ലത്തിൽ തടിച്ചും പരന്നും മൃദുവായും യകൃത്തെന്ന മാംസത്തിന്നു സദൃശമായും മാംസമുണ്ടാകുന്നതിന്ന് അധിമാംസാർമ്മമെന്നു പേർ.

സ്നായ്വർമ്മാദിലക്ഷണം.

ശുക്ലം സ്നായ്വർമ്മവൈദ്യൈഃ പ്രസരിതപലലം
സുസ്ഥിരം പഞ്ചമം ച
ശ്യാവം മാംസേന തുല്യം സലിലസിതപരാ
ബിന്ദവോ യത്ര സോയം
ശുക്തിഃ സ്യാച് ഛുക്തിവർണ്ണാഹ്യഥ ച പരതരാ
കൃഷ്ണവർണ്ണാ പ്രദിഷ്ടാ
ശുക്ലേ ചൈകോ ഭവേച്ച്ച്ശശരുധിരസമോ
ബിന്ദുരാഹുഃ പ്രവീരം. ൧൯

കണ്ണിൻെറ വെള്ളയിൽ കഠിനമായും പ്രസ്താര്യാർമ്മോത്ഭവമായും വളരെ മാംസത്തോടുകൂടിയും വെളുത്തും ഉണ്ടാകുന്ന മാംസത്തിന് സ്നായ്വർമ്മമെന്നപേർ. കണ്ണിൻെറ വെള്ളയിൽ കരുവാളിച്ചും മാംസതുല്യമായും മുത്തുച്ചിപ്പിയുടെ നിറത്തോടുകൂടിയോ വെള്ളത്തോ ചില ബിന്ദുക്കൾ (പുള്ളികൾ) ഉണ്ടാകും. അതിന്ന് ശുക്തിക എന്നു പേർ. കണ്ണിൻെറ വെള്ളയിൽ മുയലിൻരക്തംപോലെ ചുവന്ന പുള്ളി ഉണ്ടാകും. അതിന്ന് അർജ്ജുനമെന്നു പേർ.

പിഷ്ടകലക്ഷണം.

സശ്ലേഷ്മവായോശ്ച യദൈവ കോപാൽ
ശുക്ലേ തഥോച്ചം ചപലം വിശേഷാൽ

തൽ പിഷ്ടവൽ പിഷ്ടമമും വദന്തി
മലാക്തമാദർശമിവ പ്രകാമം. ൩൦

കഫവാതങ്ങൾ കോപിച്ച് കണ്ണിൻെറ ശുക്ലത്തിൽ ഉയൎന്നും അരിപ്പിട്ടപോലെ വെളുത്തും മാംസമുണ്ടാകും. അതിന്ന് പിഷ്ടകം എന്നു പേർ. ആ പിഷ്ടകം കണ്ണാടിയിൽ മെഴുപറ്റിയപോലെ ഇരിക്കുകയും ചെയ്യും.

സിരാജാലലക്ഷണം.

ഭവതി ജാലനിഭഃ കഠിനഃ സിരാ-
തത അലം യദി രക്താഹിതസംഭവൈഃ
ശരുണ ഏവ സമാനഗദഃ സ്മൃതഃ
പുനരഥാന്യഗദാൻ സിതജാൻ ബ്രുവേ. ൩൧

ശുക്ലമണ്ഡലത്തിൽ വലപോലെ കഠിനങ്ങളായ ഞരമ്പുകളോടുകൂടിയും വലുതായും അല്പം ചുവന്നും സിരാസമൂഹങ്ങൾ ഉണ്ടാകും. അതിന്നു സിരാജാലമെന്നു പേർ. ഇനിയും വെള്ളയിൽ ഉണ്ടാകുന്ന മററു രോഗങ്ങളെ പറയുന്നു.

സിരാജാതമായ പിടകയുടെ ലക്ഷണം.

സിരാവൃതായാഃ പിടകാസ്സിതാഃ സ്യുഃ
സിതേസ്സിതസ്യൈവ സമീപനാദ്യാഃ
കാംസ്യാഭ ഏകോ മൃദുവാരിബിന്ദു-
കല്പോƒഥ ബിന്ദുഃ സിതഗോ വലാസഃ. ൩൨

ശുക്ലമണ്ഡലത്തിൽ കൃഷ്ണമണ്ഡലത്തിന്നടുത്ത് ഞരമ്പുകളാൽ വ്യാപ്തമായിട്ട് വെളുത്ത കുരുക്കളുണ്ടാകും. അതിന്ന് സിരാജപിടക എന്നു പേർ.

വലാസലക്ഷണം.

ശുക്ലമണ്ഡലത്തിൽതന്നെ ഓട്ടുപാത്രത്തിൻെറ പ്രഭയോടുകൂടി കഠിനമായ ജലബിന്ദുക്കൾപോലെ കുരുക്കൾ ഉണ്ടാകും. ഇതിന്ന് വലാസം എന്നു പേർ.

നേത്രസന്ധിഗതരോഗനിദാനം.

പൂയാലസലക്ഷണം.

പകഃ ശോഥസ്സന്ധിജാതഃ സതോദഃ
പൂയസ്രാവീ ചൈവ പൂയാലസാഖ്യഃ
ശ്ലേഷ്മസ്സന്ധൗ ഗ്രന്ഥികാ പാകഹീനാ
കണ്ഡുയുക്താ നീരുജാ സോപനാഹാ. ൩൩

കണ്ണിൻെറ സന്ധിയിൽ നീരുണ്ടായി പഴുത്ത് കുത്തിനോവോടുകൂടിയിരിക്കയും അതിൽനിന്ന് ദുൎഗ്ഗന്ധമുള്ള ചലം പുറപ്പെടുകയും ചെയ്യും. അതിന്ന് പൂയാലസം എന്നു പറയുന്നു.

ഉപനാഹലക്ഷണം.

മൂക്കിന്നടുത്തുള്ള കണ്ണിൻെറ സന്ധിയിൽ പഴുപ്പോടുകൂടാതെയും ചൊറിച്ചിലോടും അല്പമായ വേദനയോടുംകൂടി ഉണ്ടാകുന്ന മുഴയ്ക്ക് ഉപനാഹമെന്നു പേർ.

സ്രാവസമ്പ്രാപ്തി.

ഗത്വാശ്രുമാൎഗ്ഗേണ തു ദോഷാ സന്ധൗ
ദോഷാ യഥാസ്വം ബഹുധാ പ്രകുഷ്ടാഃ
സ്രാവം ച തം കേപി വദന്തി നേത്ര
നാഡീ ച സാപ്യത്ര ചതുൎവിധാ സ്യാൽ. ൩൪

ദോഷങ്ങൾ കണ്ണുനീരിനെ വഹിക്കുന്ന നാഡികളിൽകൂടി നേത്രസന്ധിയിൽ പ്രാപിച്ച് സ്വദോഷാനുകൂലമനുസരിച്ച് സ്രാവത്തെ ഉണ്ടാക്കുന്നു. അതിനെ ചിലർ നേത്രനാഡിയെന്നു പറയുന്നു. ആ നേത്രനാഡി നാലുവിധത്തിൽ ഭവിക്കും.

പൂയം സ്രവത്യേവ ച സന്ധിപാകാൽ
സ സൎവ്വജഃ സ്രാവഗദഃ പ്രദിഷ്ടഃ
ശ്വേതം സസാന്ദ്രം ച സപിഛിലം ച
ശ്ലേഷ്മപ്രകോപാൽ സ്രവതി പ്രകാമം. ൩൫

മൂക്കിന്നടുത്ത കണ്ണിൽ തൊലിയും മാംസവുംകൂടി പഴുത്ത് ചലമായി ഒലിക്കുന്നതിന്നു പൂയസ്രാവമെന്നു പേർ. ഇത് ത്രിദോഷജമാണ്.

കഫസ്രാവലക്ഷണം.

വെളുത്തും കൊഴുത്തും വഴുവഴുത്തും ഇരിക്കുന്ന കണ്ണുനീരൊലിക്കുന്നതിനെ കഫസ്രാവമെന്നു പറയുന്നു.

പിത്തസ്രാവലക്ഷണം.

പീതം ഹരിദ്രാനിഭമുഷ്ണതോയം
പ്രഭൂതസന്ധൗ സ്രവതീഹ പിത്താൽ
സാസ്രം ച തദ്വദ്രുധിരപ്രകോപാൽ
രക്തം സ്രവത്യേവ ഹി സന്ധിമധ്യാൽ. ൩൬

മഞ്ഞനിറത്തിലും മഞ്ഞളിൻെറ നിറത്തിലും ചൂടുവെള്ളം സ്രവിക്കുന്നത് പിത്തസ്രാവലക്ഷണമാണ്.

രക്തസ്രാവലക്ഷണം.

രക്തം കോപിച്ചു് രക്തത്തിൻെറ നിറത്തിൽ കണ്ണുനീരു സ്ര വിക്കയോ ദൂഷിച്ച രക്തം അധികമായി സ്രവിക്കയോ ചെയ്യുന്നതി ന്ന രക്തസ്രാവമെന്നു പേർ.

പര്വ്വണീലക്ഷണം.

താമ്രാ തനപീ ഭവതി തധിരാൽ പര്വ്വണീ വൃത്തശോഫാൽ
ജാതഃ സന്ധാവസിതസസിതേ ദാഫപാകോപപന്നാ
ഖ്യാതാ വൈദ്യൈർജ്ജനകസദൃശൈർന്നേത്രരോഗാലജീസാ ൯
തസ്യാമേവ പ്രഭവതി തഥാഖ്യോപിതാ പൂർവ്വലിംഗൈഃ.

കടക്കണ്ണിൻേയോ വാൽകണ്ണിൻേറയോ സന്ധികളെ ആശ്ര യിച്ചു ശുക്ലമണ്ഡലത്തിൽ ചെമ്പിച്ചും ചെറുതായും ചൂട്ട്, വഴുവഴു പ്പ്, വൃത്തത്തിലുള്ള നീര് ഇവയോട്ടകൂടിയും കുരുക്കൾ ഉണ്ടാകും. ഇതിന്നു പര്വ്വണിയെന്നു പേർ.

അലജീലക്ഷണം.

ശുക്ലമണ്ഡലത്തിൻെറയും കൃഷ്ണമണ്ഡലത്തിൻെറയും സന്ധി യിൽ പർവ്വണിയുടെ ലക്ഷണത്തോട്ടകൂടി ഉണ്ടാകുന്ന പിടകയ്ക്കു് അലജി എന്നുപേർ.

കൃമിഗ്രന്ഥിലക്ഷണം.

കൃമിഗ്രന്ഥിഞ്ച്വസ്തു പ്രഭവതി തഥാ വർത്മനി പരം
യഥാ പക്ഷ്മണ്യേവം സ്ഥതബാഹുളകണ്ഡൂച ക്രിമയഃ
പ്രകുർവ്വസ്തേ നാനാവിധബാഹുതരാഃ സന്ധിസിതജാഃ
ചരന്തസ്തേസ്ത്വന്തർന്നയനമഥവാ ദൂഷിതവരം.

പോളകളുടേയും അക്ഷിരോമങ്ങളുടേയും സന്ധിയെ പ്രാപി ച്ചിരിക്കുന്ന കൃമികൾ ചൊറിച്ചിലിനെ ഉണ്ടാക്കും. അവ നാനാ രൂപങ്ങളായിട്ടും കണ്ണിൻെറ അന്തർഭാഗത്തെ ദൂഷിപ്പിക്കുന്നവയായി ട്ടും ഇരിക്കും. ഈ കൃമികൾനിമിത്തമുണ്ടാകുന്ന നീരു പഴുക്കുകയും അതിൽനിന്നു ചലം ഒലിക്കുകയും ചെയ്യും. ഇതു് കൃമിഗ്രന്ഥി എ ന്ന രോഗമാകുന്നു.

നേത്രവർമ്മങ്ങളിലുള്ള രോഗങ്ങളുടെ നിദാനം.

ഉത്സംഗലക്ഷണം.

അഭ്യന്തരസ്ഥോപിച രോഹിതാ തു
യാ ബാഹ്യതോ വർത്മതയേവ രക്താ
കണ്ഡൂസമേതാ പിടകാ നിതാന്തം ൧൦
സോൽസംഗയുക്താ പൃഥുകാന്ധരാ ച.

പോളയുടെ അകത്തിരിക്കയാണെങ്കിലും താമ്രവർണ്ണമായും ഉയർന്നും വലിയ ചൊറിച്ചിലോട്ടകൂടിയു- കണ്ണിൻെറ വെളിയിൽ വരുന്ന കു രുക്കൾക്കു് ഉത്സംഗപിടക എന്നുപേർ. ഇതു് ത്രിദോഷജമാണു്.

കുംഭികാലക്ഷണം.

വർത്മാന്തേ പിടകാ ധ്മാതാ
ഭിദ്യന്തേ ച സ്രവന്തി ച
കുംഭീകാബീജസദൃശാഃ ൧൧
കുംഭീകാ സന്നിപാതജാഃ.

ത്രിദോഷകോപം ഹേതുവായിട്ടു് കൺപോളയുടെ അകത്തു് കുരു ക്കളുണ്ടായി പൊട്ടി ഒലിക്കയും പിന്നെയും പിന്നെയും ഊതിവീക്ക യും ചെയ്യും. അവ നാഗദന്തിക്കുരുക്കളോട്ടു തുല്യങ്ങളായിട്ടുമിരി ക്കും. ആ രോഗത്തെ കുംഭിക എന്നു പറയുന്നു.

പോഥകീലക്ഷണം.

രക്തസർഷപനിഭാഃ പിടകാ യാ
കണ്ഡുരാശ്ച ഗുരുജാഃ സ്രവയുക്താഃ
പോഥകീതി കഥിതാഃ സരുജസ്താ ൧൨
നേത്രപക്ഷ്മണി ശിശോർബഹുധാഃ സ്യുഃ.

ചൊറിച്ചിൽ, ഗുരുത്വം, കണ്ണുനീര് ഇവയോടും വേദന യോടുംകൂടി ചെങ്കടുകിന്നു തുല്യങ്ങളായ കുരുക്കൾ കുഞ്ഞുങ്ങളുടെ നേത്രരോമങ്ങളിൽ ഉണ്ടാകും. അതിന്നു് പോഥകി എന്നുപേർ.

വർത്മശക്കരാലക്ഷണം.

സ്ഥൂലാഃ സൂക്ഷ്മയുതാഃ ഖരാസ്തു പിടകാ വർത്മന്യലം ശക്കരാ
രോഗഃ സോയമലം ഭിഷഗ്‌നിഗദിതോ വർത്മാദിവൈദൂഷകഃ
വൈദ്യാതുപ്രഭവൈഃ പ്രകാമമഥവാ ബീജൈശ്ച തുല്യാസ്തു യാഃ
വർത്മസ്ഥാഃ പിടകാഃ ഖരാ നിഗദിതാസ്താ മന്ദപീഡാന്വിതാഃ.
അർശോവർത്മപ്രകീർത്തിതാ——————

തടിച്ചും സൂക്ഷ്മങ്ങളായും പരുപരുത്തും ഇരിക്കുന്ന കുരുക്കൾ പോളയിൽ ഉണ്ടാകും. ഇതിന്നു് വർത്മശക്കര എന്നുപേർ. ഇതു് പോളയെ ദൂഷിപ്പിക്കുന്നതാകുന്നു.

അർശോവർത്മലക്ഷണം.

സന്നിപാതകോപത്താൽ പോളയുടെ അകത്തോ പുറത്തോ

വെള്ളരിക്കാക്കുരുപോലെ ഉള്ള കുരുക്കൾ ഉണ്ടാകും. അതിന്ന് അർശോവർത്മം എന്നു പേർ.

——————————വ്യഥ തഥാ ദീർഘാങ്കുരോ യഃ ഖര-
സ്തബ്ധോ ദാരുണ ഏവ ചാന്തരഭവോ
വ്യാധിസ്തു ശുഷ്കഃ സ്മൃതഃ
അശോരോഗയുതാസ്തു ദാഹതുദനൈ-
ര്യുക്താ തു താമ്രാ തു യാ
വർത്മന്യേവ സമുദ്ഭവാ തു പിടകാ
മൃദ്വല്പപീഡായുതാ
ജ്ഞേയാ സാഞ്ജനനാമികാഥ യദി ച
ദ്വർത്മ ദ്രുതം ചീയതേ
സർവം വാ പിടകാഭിരേവ ബഹ്വീഭി-
ർവിസ്തീർണ്ണാഭിരിതി ദിഷ്ടൈഃ. ൧൮

ഉക്തം തൽ ബഹളാദിവർത്മ ച ———

പോളയുടെ അകത്തു പരുപരുത്തും സ്തബ്ധമായും ഭയങ്കരമായും നീളത്തിൽ മാംസാങ്കുരമുണ്ടാകും. അതിന്ന് ശുഷ്കാർശസ്സെന്നു പേർ.

അഞ്ജനനാമികാലക്ഷണം.

ചുട്ട്, കുത്തിനോവ് ഇവയോടുകൂടി ചെമ്പിച്ചും നേർത്തും, അല്പമായ വേദനയോടുകൂടിയും പോളയിൽ രക്തം ഹേതുവായിട്ട് കുരുക്കൾ ഉണ്ടാകും. അതിന്ന് അഞ്ജനനാമിക എന്നുപേർ.

ബഹളവർത്മലക്ഷണം.

പോളയുടെ നിറത്തിലുള്ളതും സ്ഥിരങ്ങളായും ഇരിക്കുന്ന പിടകകളെക്കൊണ്ട് കൺപോള മുഴുവൻ നിറയുന്നതിന്ന ബഹളവർത്മമെന്നുപേർ.

വർത്മബന്ധലക്ഷണം.

——————തഥാ കണ്ഡൂല്പതോദേന യഃ
ശോഫേനാഥ തു വർത്മജേന നയനം
നോ ചരാദ്യതേ ബന്ധനാൽ. ൧൯

മൃദ്വല്പവേദനമലം യദി വർത്മ താമ്രം
നിർഹേതുകം ഭവതി തൽ കില വർത്മസംജ്ഞം
ക്ലിഷ്ടാദികം തഥ പുനസ്ത്വദിപിത്തയുക്തം
രക്തം ദഹേദ്യദി ച വർത്മജകർദ്ദമാഖ്യം. ൨൦

സന്നിപാതത്താൽ ചൊറിച്ചിലോടും അല്പമായ കുത്തിനോവോടുംകൂടി പോളയിൽ നീരുണ്ടായാൽ കണ്ണു നല്ലവണ്ണം അടെയ്ക്കാൻ കഴിയാതെവരും. ഈ രോഗത്തിന്ന് വർത്മബന്ധം എന്നു പേർ.

ക്ലിഷ്ടവർത്മലക്ഷണം.

കണ്ണിന്റെ പോളകൾ രണ്ടും മൃദുവായും അല്പവേദനയോടുകൂടിയും ചെമ്പിച്ചും ഇരിക്കും. കാരണംകൂടാതെ രക്തം വരികയും ചെയ്യും. ഇതിന്നു ക്ലിഷ്ടവർത്മം എന്നുപേർ.

വർത്മകർദ്ദമലക്ഷണം.

രക്തംപിത്തത്തോടുകൂടി പോളയ്ക്ക് പഴുപ്പിനേയും ചൂടിനേയും ഉണ്ടാക്കും. അതിനാൽ പോളകളുടെ ചെളിപോലെയിരിക്കയും ചെയ്യും. അതിന്നു വർത്മകർദ്ദമം എന്നുപേർ.

ശ്യാവവർത്മലക്ഷണം.

യൽ ബാഹ്യതാന്തശ്ച ഭവേൽ പ്രകാമം
ശ്യാവം ച ശൂനം യദി വർത്മ യത്ര
തച്ഛ്യാവവർത്മേതി ജഗുഃ സുവൈദ്യാ
ദോഷൈർവർത്മരോഗപ്രവിഭാഗദക്ഷാഃ. ൨൧

ത്രിദോഷത്താൽ കണ്ണിന്റെ അകവും പുറവും കരുവാളിച്ചും നീരോടുകൂടിയും ഇരിക്കും. അതിന്നു ശ്യാവവർത്മം എന്നുപേർ.

പ്രക്ലിന്നവർത്മലക്ഷണം.

ശൂനം ഭവേച്ഛദരുജം ച ബാഹ്യം
യദ്വർത്മ പൂംസോന്തരതോഽപി തദ്വൽ
പ്രക്ലിന്നമാഹുർഭിഷജഃ പുരാണാ-
സ്തൽ ക്ലിഷ്ടമത്യന്തമദസ്തഥാ ച. ൨൨

പോളയ്ക്ക പുറത്തുവശത്ത് അല്പമായ വേദനയോടുകൂടി നീരും അകത്ത് അധികമായ പഴുപ്പുമുണ്ടായിരിക്കും. അതിന്ന് പ്രക്ലിന്നവർത്മമെന്നുപേർ.

അക്ലിന്നവർത്മലക്ഷണം.

ധൌതാന്യധൌതാനി പുനഃ പുനർന
പാകാനി വർത്മാനി നരസ്യ യത്ര
ദൃശ്യന്ത ഏവ പ്രവദന്തി വൈദ്യാ
അക്ലിന്നവർത്മേതി ഗദം പുരാണാഃ. ൨൩

കൺപോളകൾ എത്ര കഴുകിയാലും കഴുകിയില്ലെങ്കിലും പി

ന്നെയും പിന്നെയും ദഹിക്കുന്നതുപോലെ തോന്നും. എന്നാൽ പഴുപ്പുണ്ടായിരിക്കയില്ലതാനും. അതിന്ന് അക്ലിന്നവർത്മം എന്നുപേർ.

വാതാഹതവർത്മലക്ഷണം.

വിമുക്തസന്ധിപ്രതമകവിവർത്മ
വിചേഷ്ടിതം യസ്യ നിമീലതീതരം
ഉദീരിതം വാതഹതാദിവർത്മ
വൈദ്യൈശ്ച വർത്മാത്മഗദജ്ഞവിജ്ഞൈഃ. ൭൯

പോളകളുടേയും ശുക്ലമണ്ഡലത്തിന്റെയും സന്ധികൾ പരസ്പരം വേർപെട്ടുപോകനിമിത്തം കണ്ണ് അടയ്ക്കാനും തുറക്കാനും കഴിയാതെവരും. അതിനെ വാതാഹതവർത്മം എന്നു പറയുന്നു.

അർബുദലക്ഷണം.

വർത്മാന്തരസ്ഥം വിഷമം ച ഗ്രന്ഥി-
ഭൂതം ഭവേദ്യദപി രക്തം തഥൈവ
തമർബുദം പ്രാഹുരലം തു വൈദ്യാ-
യം വർത്മരോഗേ വിഷമം സുവിജ്ഞാഃ. ൮൦

പോളയ്ക്കകത്തു വിഷമമായും വേദനയോടുകൂടാതെയും ഉണ്ടാകുന്ന ഗ്രന്ഥിക്ക് അർബുദം എന്നുപേർ.

നിമേഷലക്ഷണം.

നിമേഷണീയാശ്ച സിരാസ്സു വായു-
രാവിശ്യ സന്ധിസ്ഥിതാ ഏവ പുംസാം
വർത്മാനി സഞ്ചാലയതീതരമേകതാ
നിമേഷനാമാ വിഹിതാക്ഷിവിജ്ഞൈഃ. ൮൧

പോളകളിൽ ഇരിക്കുന്ന വായു കണ്ണു തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന സിരകളിൽചെന്ന് പോളകളെയിളക്കും. അതിനാൽ കണ്ണ് അടച്ചാൽ തുറക്കാൻ കഴിയാതായിത്തീരും. അതിന് നിമേഷം എന്നു പേർ.

ശോണിതാർശോലക്ഷണം.

വർത്മസ്ഥിതം യന്മൃദ്വങ്കുരശ്ച
സലോഹിതം ലോഹിതജം തു ഛിന്നം
വിവർദ്ധതേ തൽ പുനരേവ വൈദ്യൈർ-
ഹ്യർശോഗദോ വർത്മഭവഃ പ്രദിഷ്ടഃ. ൮൨

കൺപോളയുടെ അകത്ത്, ചുവന്നും മൃദുവായും രക്തമൊലിച്ചും ഇരിക്കുന്ന ഒരു മാംസാങ്കുരം ഉണ്ടാകും. രക്തജമായ അതിനെ ശോണിതാർശസ്സ് എന്നു പറയുന്നു. ഇത്, മാംസാങ്കുരം മുറിച്ചാൽ പിന്നെയും വളർന്നുവരികതന്നെ ചെയ്യുന്നതുകൊണ്ട് അസാദ്ധ്യമാണെന്നാണ് വിദേഹന്റെ അഭിപ്രായം.

നഗണലക്ഷണം.

അപാകഃ കഠിനഃ സ്ഥൂലോ യോ ഗ്രന്ഥിർവർത്മജോത്ഭവഃ
നഗണാഖ്യോഗണസ്സോയം ലിംഗിതഃ കപാപി കീർത്തിതഃ. ൮൩

പോളയിൽ പഴുക്കാതെയും കഠിനമായും തടിച്ചും വേദനയോടുകൂടാതെയും ഉണ്ടാകുന്ന മുഴയ്ക്ക് നഗണം എന്നു പേർ.

വിസവർത്മലക്ഷണം.

ശോഫം ബഹിശ്ചജനയന്തി ദോഷാ-
സ്ത്രയശ്ച ഛിദ്രാണി തു വർത്മനോശ്ച
സ്രവന്തി നീരം വിഷവദപി ശേഷാൽ
തദ്ഗതമാദ്യൈർവിസവർത്മസംജ്ഞം. ൮൪

മൂന്നു ദോഷങ്ങളും പോളയുടെ വെളിയിൽ നീരിനെ ഉണ്ടാക്കുകയും പോളകളുടെ ഉള്ളിലെ ഛിദ്രങ്ങളിൽ നിന്ന് വെള്ളത്തെ ഒഴുക്കുകയും ചെയ്യുന്നു. അതിനെ വിസവർത്മം എന്നു പറയുന്നു.

കുഞ്ചനം.

സംകോചയന്ത്യാശു മലേന ദോഷാ
ദ്ദൃഗ്വർത്മ ദ്രഷ്ടും ന ച തത്ര ശക്തഃ
തൽകുഞ്ചനം പ്രാഹുരലം പുരാണാഃ
ശ്രീവൈദ്യഭൂപാ ജനകാദയോ യേ. ൮൫

വാതാദിദോഷങ്ങൾ പോളകളെ വലിച്ചു ചുരുക്കുകനിമിത്തം കാണുന്നതിനു ശക്തിയില്ലാതാകുന്നു. അതിനെ കുഞ്ചനം എന്നു പറയുന്നു.

പക്ഷ്മകോപലക്ഷണം.

വാതേന പക്ഷ്മാണി വിചാലിതാനി
യഥാക്ഷിണീ പ്രാപ്യ വിശന്തി തത്ര
ഘൃഷ്ടാനി ചാക്ഷ്ണോർമുഹുരേവ താനി
സംരംഭമേവം ജനയന്തി കൃഷ്ണേ. ൮൬

സിതേ ച ഭാഗേऽപി തഥൈവ മൂല-
കോശാൽ പതന്തീതി ച പക്ഷ്മകോപഃ
സവർത്മപക്ഷ്മാശയഗം ച പിത്തം
രോമാണി വാ പാതയതി പ്രകാമം. ൮൭

രം പക്ഷ്മശാതം നയനാമയജ്ഞാ
വദന്തി നാമ്നാക്ഷിഗദം സുവൈദ്യാഃ
അഥോ ചികിത്സാ നയനാമയാനാം
സമ്യഗ്‌ബ്രുവേ ലക്ഷിതലക്ഷണാനാം. ൮൮

അക്ഷിരോമങ്ങൾ വായുവിനാൽ ചലിതമായിട്ട്, കണ്ണിന്റെ ഉള്ളിൽവീണ് കൂടക്കൂടെക്കണ്ണിനെയുരസ്സും. അതുകൊണ്ട് കൃഷ്ണമണ്ഡലത്തിലും ശുക്ലമണ്ഡലത്തിലും നീരുണ്ടാകും. ഈ രോഗത്തിന് പക്ഷ്മകോപം എന്നു പേർ.

പക്ഷ്മശാതലക്ഷണം.

അക്ഷിരോമങ്ങളുടെ അധോഭാഗത്തിൽ ഇരിക്കുന്ന പിത്തം രോമങ്ങളെ പൊഴിക്കും. അതിന് പക്ഷ്മശാതമെന്നു പേർ. ഇനിയും കണ്ണിനുള്ള ചികിത്സയെ പറയാൻ പോകുന്നു.

നയനരോഗചികിത്സ.

അഥോ ലംഘനാലേപനസ്വേദനാദി
സിരാമോക്ഷണം രേചനം നേത്രരോഗേ
അഭിഷ്യന്ദകേ വൈദ്യമുഖ്യാഃ പ്രയുഞ്ജ്യാൽ
ക്രമാദഞ്ജനാശ്ച്യോതനാദി വ്രതം വാ. ൮൯

അഭിഷ്യന്ദകം എന്ന നേത്രരോഗത്തിൽ ലംഘനം ലേപനം സ്വേദനം, ഞെരമ്പുകീറി രക്തം കളയുക, രേചനം, അഞ്ജനം, ആശ്ച്യോതനം മുതലായ ചികിത്സകൾ ചെയ്യണം.

അഞ്ജനവിധി.

സംപക്വദോഷസ്യ യഥോക്തരീത്യാ
സമാചരേദഞ്ജനമക്ഷിരോഗേ
ഹേമന്തകാലേ ശിശിരേ ച മാദ്ധ്യ-
ദിനേഽഞ്ജനം പൂർവ്വദിനസ്യ ഭാഗേ. ൯൦

തഥാപരാഹ്ണേഽഥ നിദാഘകാലേ
ശരദ്യലം ചാഞ്ജനമിഷ്യതേഽത്ര
വർഷാസ്വനഭ്രേ ദിവസേഽതിശീതേ
കാലാതിരിക്തേ ച സദാ വസന്തേ. ൯൧

ലംഘനാദിക്രിയകൾകൊണ്ടു ദോഷപാകം വന്നതിനുശേഷം അക്ഷിരോഗത്തിൽ അഞ്ജനം പ്രയോഗിക്കണം. ഹേമന്തത്തിലും ശിശിരത്തിലും മദ്ധ്യാഹ്നകാലത്തിലുമാണ് അഞ്ജനം പ്രയോഗിക്കേണ്ടത്; ഗ്രീഷ്മകാലത്തിൽ രാവിലെയും ശരൽക്കാലത്തിൽ അപരാ

ഹ്നത്തിലും വർഷകാലത്തിൽ മേഘത്തിന്റെ മറവില്ലാത്ത ദിവസത്തിലും വസന്തകാലത്തിൽ അധികം ചൂടുള്ള സമയം കഴിച്ചു സദാസമയവും അഞ്ജനം പ്രയോഗിക്കാം.

പ്രാഗഞ്ജയിത്വാ നയനം ച വാമം
പശ്ചാത്തതോ ദക്ഷിണമഞ്ജയേദ്വൈ
ശ്ലോഷ്മാതകൈർവസ്ത്രഭൃതൈശ്ച നേത്ര-
ജാതേ ഹ്യഭിഷ്യന്ദഗദേ മനുഷ്യഃ. ൯൨

അഭിഷ്യന്ദം എന്ന നേത്രരോഗത്തിൽ നറുവരി കരിച്ചു വസ്ത്രത്തിൽവച്ചു ഞെക്കി മഷിയെടുത്ത് ആദ്യം ഇടത്തേക്കണ്ണ് എഴുതണം. പിന്നീട് വലത്തേക്കണ്ണും എഴുതണം.

ആശ്ച്യോതനം.

കാഥീസയുക്തൈർജ്ജലസംപ്ലുതൈർവാ
ഹ്യാശ്ച്യോതനം തത്ര മുഹുർമ്മുഹുശ്ച
ആശ്ച്യോതനോക്താ ത്രിഫലാ സരോധ്രാ
സചന്ദനൈർദ്ദാരുനിശാ പ്രശസ്താ. ൯൩

അന്നഭേദി വെള്ളത്തിൽ കലക്കിയോ ത്രിഫല പാച്ചോററിത്തൊലി രക്തചന്ദനം ദേവതാരം മഞ്ഞൾ ഇവ കഷായംവച്ചോ കണ്ണിൽ ധാരയൊഴിക്കണം.

കുമാരികാ ചാഹിമദേന ഭൃഷ്ടാ
നിശ്ച്യോതനാർത്ഥം തു വരീസമേതാ
ലവംഗയുക്താ പടസംഭൃതാ ഹി
നിത്യം ഹ്യഭിഷ്യന്ദരുജോ നിഹന്തി. ൯൪

കററാർവാഴപ്പോളനീരിൽ സർപ്പവിഷം വറുത്ത് ശതാവരി ഇലവങ്ഗം ഇവയുംചേർത്ത് മുണ്ടിൽവച്ചുഞെക്കി നീരെടുത്ത് ആശ്ച്യോതനം ചെയ്താൽ അഭിഷ്യന്ദം ശമിക്കും.

സസൈന്ധവം ഗൈരികതാർക്ഷ്യശൈലാ-
ഭയാഭവം കോഷ്ണജലം പ്രപിഷ്ടം
ആലേപനം നേത്രജരോഗഹാരീ
പക്ഷ്മാപരിഷ്ടാദ്ബഹിരേവ ദത്തം. ൯൫

ഇന്തുപ്പ് കാവിമണ്ണ് രസാഞ്ജനം ഇവ കടുക്കാത്തൊലിയോടുകൂടി ചൂടുവെള്ളത്തിൽ കലക്കി ചെറുചൂടെ നേത്രരോമത്തിന്റെ ഉപരിഭാഗത്തിൽ തേച്ചാൽ കണ്ണിലുള്ള രോഗങ്ങൾ ഇല്ലാതാകും.

അശ്ച്യോതനത്തിനുള്ള മാത്ര.

വസുദശാപി സംഖ്യാ ബിന്ദവോ ലേഖനാദി-
ഷ്വപി നിഗദിതമാത്രാ സ്നേഹനാരോപണേഷു
ക്രമശ അഥ തഥാത്രാശ്ച്യോതനാർത്ഥം ച തിസ്രോ
നയനഗദനിഹന്ത്രൈ വൈദ്യമുഖ്യൈഃ പ്രദിഷ്ടാഃ. ൯൬

ലേഖനാശ്ച്യോതനത്തിൽ ൮ തുള്ളിയും സ്നേഹനാശ്ച്യോതനത്തിൽ ൧൦ തുള്ളിയും രോപണാശ്ച്യോതനത്തിൽ ൧൨ തുള്ളിയും ആണ് ആശ്ച്യോതനത്തിനുള്ള മരുന്നുകളുടെ മാത്ര പറയപ്പെട്ടിരിക്കുന്നതു്. എങ്കിലും വൈദ്യന്മാർ സാധാരണയായി മൂന്നുതുള്ളിയാണ് ഉപയോഗിക്കാറുള്ളതു്.

ശോഥം ദാഹം രാഗമത്യുഗ്രകണ്ഡൂ-
ക്ലേദം ചാക്ഷ്ണോരശ്രുസംഘാതപ്രസേകം
ഹന്യാൽ സദ്യശ്ചോക്തമാർഗ്ഗൈർവിശേഷാൽ
തസ്മാൽ കുര്യാദേവ ചാശ്ച്യോതനാനി. ൯൭

ആശ്ച്യോതനത്താൽ കണ്ണിലുള്ള നീക്കെട്ടു് ചൂടു് ചുവപ്പു് വലിയ ചൊറിച്ചിൽ നലവു് കണ്ണിൽനിന്നുണ്ടാകുന്ന കണ്ണുനീരു് ഇവയൊക്കെയും ഇല്ലാതാകും.

അരുണാത്രിഫലാമൃതാശൃതം
സഹ ദാർവ്യാ മധുനാ ച സംയുതം
നയനദ്വയ നിഷേചമാനയോർ-
ഗദിതം വൈദ്യവരൈഃ കഷായമേതൽ. ൯൮

മഞ്ചട്ടി ത്രിഫല അമൃതു മരമഞ്ഞത്തൊലി ഇരട്ടിമധുരം ഇവ കഷായംവച്ചു കണ്ണിൽ ധാരകോരുക; നേത്രരോഗം ശമിക്കും.

ശ്വേതലോധ്രാജ്യഭർജ്ജിതചൂർണ്ണ-
മുഷ്ണനീരപടഗാളിതമേകം
അക്ഷിസേകത അലം നയനോത്ഥാ-
നാശുസർവ്വരുജോ വിനിഹന്തി. ൯൯

വെളുത്ത പാച്ചോറ്റിത്തൊലി നെയ്യിൽ വറുത്തുപൊടിച്ചു് ചൂടുവെള്ളത്തിൽ കലക്കി വസ്ത്രത്തിൽ അരിച്ചെടുത്തു കണ്ണു കഴുകിയാൽ കണ്ണിൽ ഉണ്ടാകുന്ന എല്ലാ വേദനകളും ശമിക്കും.

അരുണയാ പടുതാർക്ഷ്യജഗൈരികാ-
നപി ജലേന വിപേഷ്യ ബഹിസ്തഥാ
നയനയോരുപരിഷ്ടതരേവ ഹി-
ദ്യദി വിലേപിതമക്ഷിരുജോ ജയേൽ. ൧൦൦

മഞ്ചട്ടി ഇന്തുപ്പു് രസാഞ്ജനം കാവിമണ്ണു് ഇവ വെള്ളത്തിൽ അരച്ചു വെളിയിൽ കൺപോളയിൽ ഇട്ടാൽ കണ്ണിലുണ്ടാകുന്ന വേദനകൾ ശമിക്കും.

കുലകനാഗരമേഘവരാമൃതാ-
മധുകപഞ്ചജടാവൃഷനിംബജം
കഥിതമംബു സമീരവലാസജം
തിമിരശോഥരുജോऽസ്യസ്രുതിം ഹരേൽ. ൧൦൧

പടവലം ചുക്കു മുത്തങ്ങാ ത്രിഫല അമൃതു് ഇരട്ടിമധുരം വലിയ പഞ്ചമൂലത്തിൻവേരു ആടലോടകത്തിൻവേരു വേപ്പിൻതൊലി ഇവ കഷായംവച്ചു ധാരകോരിയാൽ വാതകഫജമായ തിമിരം നീക്കെട്ടു വേദന കണ്ണുനീരൊലിക്കുക ഇവ ശമിക്കും.

വൃഷമേഘശിവാംബിചുമന്ദശൃതം
ധനദാക്ഷകമൂലകധാത്രിയുതം
ദൃശി രക്തകഫപ്രഭവാംശ്ച ഗദാ-
നപഹന്തി നിപീതമഥാക്ഷിരുജഃ. ൧൦൨

ആടലോടകത്തിൻവേരു് മുത്തങ്ങ കടുക്ക വേപ്പിൻതൊലി നീർക്കടമ്പിൻതൊലി താന്നിത്തൊലി മുലവരിക്കിഴങ്ങു് നെല്ലിക്കാത്തോടു് ഇവ കഷായംവച്ചു സേവിച്ചാൽ രക്തകഫങ്ങൾ കോപിച്ചു് കണ്ണിൽ ഉണ്ടാകുന്ന എല്ലാരോഗങ്ങളും കണ്ണിലുള്ള വേദനയും ശമിക്കും.

വാസാ തിക്താ കുലകമമൃതാ വത്സകം ചന്ദനം ച
ദാർവ്വീ, ശുണ്ഠീ ജലദവിജയാ നിംബധാത്രീകലിംഗൈഃ
ക്ഷോണീനിംബാഗ്നിജലകലിങ്ങൈഃ കഥയിത്വാ ദി-
(നൈകം
അന്യേദ്യുസ്ഥാപിതമപി ദിനസ്യാഷ്ടഭാഗാവശേഷം. ൧൦൩
പീത്വാ തൂർണ്ണം പടലതിമിരാംച് ഛ്രുക്രകണ്ഡൂവ്രണാംശ്ച
ദാഹം പീഡാം നയനജനിതാനർബ്ബുദാനശ്രുപില്ലാൻ.
ജിത്വാ രോഗാന്നയനസുഖമാഗ്രേദ്ധ്രഷ്ടിം പ്രഭാതേ
ലബ്ധ്വാ സൂക്ഷ്മം ദൃതതരമലം ലക്ഷ്യമാശു പ്രപശ്യേൽ.

ആടലോടകം പുത്തരിച്ചുണ്ടവേരു് പടവലം അമൃതു് കുടകപ്പാലയരി ചന്ദനം മരമഞ്ഞത്തൊലി ചുക്കു് മുത്തങ്ങ കടുക്കാ

ത്തോട്ട് വേപ്പിൻതൊലി നെല്ലിക്കാത്തോട്ട് ആവിത്തൊലി നിലവേപ്പ് കൊട്ടവേലിക്കിഴങ്ങ് ഇരുവേലി താന്നിക്കാത്തോട്ട് ഇവ കഷായംവച്ച് ഒരു ദിവസം വച്ചിരുന്ന പിറേറദ്ദിവസം എടുത്ത് സേവിക്കുക; പടലം തിമിരം മുതലായ സകല രോഗങ്ങളും ശമിക്കും. കഴുവൻപക്ഷിയെപ്പോലെ കണ്ണിന് സൂക്ഷ്മറവുമുണ്ടാകും.

അഞ്ജനം.

പ്രത്യക്പ്രസൂനപ്രഭവാ ജടാ യാ
സമാക്ഷികാ സൈന്ധവതാമ്രപിഷ്ടാ
ചക്ഷുസ്സമേതാ ... പ്രകാരം
നേത്രാംഞ്ജിതാ കഞ്ജുളസന്നിഭാ സാ. ൧൦൪

വലിയ കടലാടിവേര് ഇന്തുപ്പ് താമ്രഭസ്മം ഇവ എല്ലാം കൂടി അരച്ച് തേനുംചേർത്ത് കണ്ണിൽ എഴുതുക, നേത്രകോപം ഇല്ലാതാകും.

തിമിരത്തിന് കഷായം.

കൃശാനുമൂലത്രിഫലായവാനാം
പടോലപത്രൈസ്സഹ സന്നിദഗ്ധ്യാൽ
കഷായം പിബേച്ചാപി ഘൃതേന രാത്രൗ
ചക്ഷുഷ്യമേതത്തിമിരംനിഹന്യാൽ. ൧൦൫

കൊട്ടവേലിക്കിഴങ്ങ് ത്രിഫലത്തോട്ട യവം പടവലം ഇവ കഷായംവച്ച് നെയ്യ് മേമ്പൊടിചേർത്ത് രാത്രിയിൽ സേവിക്കുക; തിമിരം ശമിക്കും.

യോഗാന്തരയോഗം.

ധാത്രീനിംബകപിത്ഥപത്രപടോലൈർ-
യഷ്ടീതിലൈഃ സാധിതം
കഷായം നേത്രശരദ ... സമതൈലം-
ലോദ്ധ്രേനചിതൈശ്ശീതളം
നേത്രേ സിക്തതമം സദൈവ നയനാ-
സക്തം ച ശുക്രാദികം
സദ്യോ ഹന്തി വദന്തി വൈദ്യനിവഹാ
യേ നേത്രരോഗ ... ൧൦൬

നെല്ലിക്കാത്തോട്ട വേപ്പിൻതൊലി വിളാർമരത്തിൻഇല കരിങ്ങാലിക്കാതൽ ഇരട്ടിമധുരം എള്ള് രാമച്ചം പാച്ചോററിത്തൊലി

ഇവ കഷായംവച്ച് തണുത്താൽ കണ്ണിൽ ധാരകോരുക; ശുക്ലാദി രോഗങ്ങൾ ശമിക്കും.

അഞ്ജനം.

കർപ്പൂരചൂർണ്ണം ച വടസ്യ ദുഗ്ദ്ധൈഃ
ശ്ലക്ഷ്ണം പ്രഘൃഷ്ടം നയനാഞ്ജിതം ചേൽ
ദിനൈഃ കിയദ്ഭിസ്സ ഘനോന്നതം യൽ
ശുക്ലം നിഹന്തീതി ന ചിത്രമത്ര. ൧൦൭

കർപ്പൂരം പൊടിച്ച് പേരാലിൻ കറയിൽ നല്ലവണ്ണം അരച്ച് കണ്ണിൽ എഴുതിയാൽ അല്പദിവസങ്ങൾകൊണ്ട് ഘനോന്നതമായ ശുക്ലം നശിക്കും.

ത്രിഫലാപ്രയോഗം.

നിശി മധുഘൃതയുക്തത്രൈഫലം ചൂർണ്ണമേകം
ഭജതി ഖലു നരോ യോ നിത്യപത്ഥ്യപ്രസേവീ
സ ജയതി ഗദജാതം നേത്രജം സർവ്വമേവ
നൃപ ഇവ നയസേവീ ശത്രുജാതം സമസ്താൽ. ൧൦൮

ത്രിഫലപൊടിച്ച് ശീലപ്പൊടി എടുത്ത് തേനും നെയ്യും കൂട്ടിക്കുഴച്ച് രാത്രിയിൽ അത്താഴത്തിനുശേഷം നിത്യവും പത്ഥ്യമായി സേവിക്കുക; സകല നേത്രരോഗങ്ങളും ശമിക്കും.

സൌഗതാഞ്ജനം.

ദ്വിനിശാചപലാഭയാഗദൈ-
രപി മാംസീസഹിതൈഃ പ്രപേഷിതൈഃ
ഇതി സൌഗതമഞ്ജനം ച നേത്ര-
പ്രഭവാൻ രോഗചയാൻ നിഹന്തി വൈ. ൧൦൯

മഞ്ഞൾ മരമഞ്ഞൾ തിപ്പലി കടുക്കാത്തോട്ട് കൊട്ടം മാഞ്ചി ഇവ അരച്ച് അഞ്ജനമെഴുതിയാൽ കണ്ണിലുള്ള സകലരോഗങ്ങളും ശമിക്കും.

ചന്ദ്രപ്രഭാവർത്തി.

ശിവോഗ്രാപാഞ്ചാലീമരിചകലിമജ്ജാഗദശിലാ-
ജപത്മാജാദുഗ്ദ്ധൈഃ പുനരപി പുനഃ പേഷിതതമാ
ഇയം വർത്തിർന്നേത്രേ ഹരതി തിമിരം കാചപടലേ
ധിമാംസേ പുഷ്പം വാ നയനഭവകണ്ഡ്വർബ്ബുദഗദാൻ.

കടുക്കാത്തോട്ട് വയമ്പ് തിപ്പലി നല്ലമുളക് താന്നിക്കായുടെ മജ്ജ കൊട്ടം കന്മദം ശംഖിൻചൂർണ്ണം ഇവ പൊടിച്ച് ആട്ടിൻ

പാലിൽ പിന്നെയും പിന്നെയും അരച്ച് തിരിയാക്കി പച്ചവെള്ളത്തിൽ അരച്ച് കണ്ണിൽ എഴുതുക; തിമിരം കാചം, പടലം, അധിമാംസം, കണ്ണിൽ ഉണ്ടാകുന്ന ചൊറിച്ചിൽ, അർബുദം ഇവ ശമിക്കും.

അഞ്ജനം.

പത്ഥ്യാവിഭീതാമലകീഫലാനാം
ത്രിദ്വ്യേകഭാഗമിതാ സുമജ്ജാ
തദഞ്ജനേനാഞ്ജനതോ നരാണാം
ശീഘ്രാക്ഷികോപോത്ഥരുജാ വിനശ്യേൽ. ൧൧൪

കടുക്ക ൩ ഭാഗം, താന്നിക്കാ ൨ ഭാഗം നെല്ലിക്കാ ൧ ഭാഗം ഇവയുടെ മജ്ജയെടുത്ത് തിരിയുണ്ടാക്കി കണ്ണിൽ എഴുതിയാൽ കണ്ണിൽ ഉണ്ടാകുന്ന വേദന ശമിക്കും.

വേറൊരു അഞ്ജനം.

സുസ്നിഗ്ദ്ധപട്ടേ കലിതാ വിഭീത-
ഫലസ്യ മജ്ജാ യുവതീപയോഭിഃ
പുഷ്പം നിഹന്ത്യാനയനോത്ഭവം തു
നൈശ്യാന്ധതാ ഭ്രംശനപാടവേകം. ൧൧൫

താന്നിക്കായുടെ മജ്ജ, നല്ല നേർമ്മയുള്ള മുണ്ടിൽ വച്ച് ഞെക്കിയെടുത്ത് മുലപ്പാലിൽ ചാലിച്ച് കണ്ണിൽ എഴുതുക; കണ്ണിൽ ഉണ്ടാകുന്ന പൂവ് ഇല്ലാതാകും.

മറ്റൊരഞ്ജനം.

മഗധാ ത്രിഫലാ പലംകഷാ
സഹ ലോധ്രേണ ച സൈന്ധവേന ച
അപി ഭൃംഗരസേന പേഷിതം
ഗുഡികാഖ്യം നയനാഞ്ജനം സ്മൃതം. ൧൧൬

തിപ്പലി ത്രിഫല ചെറിഞ്ഞിൽ പാച്ചോറ്റിത്തൊലി ഇന്തുപ്പ് ഇവ പൊടിച്ച് കയ്യോന്നിനീരിൽ അരച്ച് അഞ്ജനമെഴുതുക; കണ്ണിൽ ഉണ്ടാകുന്ന കാചം അർമ്മം, ചൊറിച്ചിൽ, തിമിരം, അർജ്ജുനം, ശുക്ലം ഇവ ശമിക്കും.

നാഗാർജ്ജുനീശലാക.

വിദ്രാവ്യ നാഗം ശതധാ കൃശാനൌ
നിർവ്വാപയേത്തത്ത്രിഫലാകഷായേ
പുനഃ പുനശ്ചാസ്യ തതഃ ശലാകാം
വിധായ ശുദ്ധേന രസേന ലിമ്പേൽ. ൧൧൭

നാഗാർജ്ജുനീ സാ ച തയാ ജിതാക്ഷഃ
സുപർണ്ണദൃഷ്ടിഃ പ്രഭവേന്മനുഷ്യഃ
അഥാധിമന്ഥാർജ്ജുനകാചപില്ല-
ഗദാനഭിഷ്യന്ദഗദാൻ ജയേൽ സാ. ൧൧൮

നാഗം പലപ്രാവശ്യം അഗ്നിയിൽ ഉരുക്കി ത്രിഫലക്കഷായത്തിൽ ഒഴിച്ച് ഒരു കമ്പിയാക്കി എടുത്ത്, അതിന്മേൽ ശുദ്ധിചെയ്ത രസം തേച്ചു വയ്ക്കുക; ഇതിന്ന് നാഗാർജ്ജുനീശലാക എന്നു പേർ. ഇതുകൊണ്ട് കണ്ണെഴുതിയാൽ ഗരുഡനെപ്പോലെ ദൃഷ്ടിക്ക സൂക്ഷ്മമുണ്ടാകും. അധിമന്ഥം മുതലായ നേത്രരോഗങ്ങളും ശമിക്കും.

ഘൃതം.

കഷായൈശ്ച കല്ക്കൈസ്ത്രിഫലാഭവൈശ്ച
ശൃതം ഘൃതം ഗോപയസാ മനുഷ്യഃ
ഭുക്തോപരിഷ്ടാൽ പ്രപിബേച്ച സായം
ദൃഷ്ട്യാ ഭവേൽ സോപി ഖഗേശതുല്യഃ. ൧൧൯

ത്രിഫലക്കഷായം വച്ച് ത്രിഫല കല്ക്കമായി പാലും ചേർത്ത് നെയ് കാച്ചി രാത്രിയിൽ ഊണു കഴിഞ്ഞതിന്ന ശേഷം സേവിക്കുക; ദൃഷ്ടിക്ക് ഗരുഡനേപ്പോലെ സൂക്ഷ്മതയുണ്ടാകും.

മറ്റൊരു ത്രൈഫലഘൃതം

ത്രിഫലാമലകീവൃഷാമൃതാ
ശതമൂലാസഹചരൈശ്ച ഭൃംഗജൈഃ
ഹവിഷഃ പരിപാചയേദ് ഭിഷക്
പയസാ കല്ക്കകൃതൈശ്ച പ്രസ്ഥകം ൧൨൦

മധുകോൽപലമാഗധീസിതാ-
മധുയഷ്ടീവരഗോസ്തനീസമൈഃ
അപി ദുഗ്ദ്ധധരാഭിപാചിതം
സഹ കണ്ടാരികയാ ഭിഷഗ്വരൈഃ. ൧൨൧

സകലനേത്രരുജോ വിനിഷേവിതം
വിജയതേ ത്രിഫലാദിമഹാഘൃതം
ദൃശമലം വിദധാതി ഖഗാധിപ-
പ്രതിമയോജനദൂരചരീം സദാ. ൧൨൨

ത്രിഫല ചിഴാനെല്ലി അടമ്പോടം മണിവേരത് കശ്മുള്ള ഇവ കഷായംവെച്ച ശതാവരിനീരും കശ്മോന്നിനീരുംകൂടി ചേൎത്ത് ഇരിപ്പക്കാതൽ ചെങ്ങഴിനീർക്കിഴങ്ങ് തിപ്പലി പഞ്ചസാര ഇരട്ടിമധുരം മുന്തിരിങ്ങാപ്പഴം കണ്ടകാരി ഇവ കല്ക്കമായി ഇടങ്ങഴിനെയ് കാച്ചി സേവിക്കുക; എല്ലാ നേത്രരോഗങ്ങളും ശമിക്കും. ഇതിന്ന് മഹാത്രൈഫലഘൃതം എന്നു പേർ.

പത്ഥ്യാപത്ഥ്യം.

ജീവന്തികാ വാസ്തുകമത്സ്യനേത്രാ-
പുനൎന്നവാമേഘനാദസുനിഷണ്ണകാദി
ശാകാന്യചാക്ഷുഷ്യകരാണി സൎവാ-
ണ്യത്ര വൈദ്യൈഃ പരികീൎത്തിതാനി. ൧൫

മാഷാരനാളാമ്ലവിദാഹശാക-
സിദ്ധാൎത്ഥകസ്നേഹവിരോധമദ്യം
ക്ഷുദ്രാക്ഷരാലോകനരോദനാദി-
മദ്ധ്യാശനം മൈഥുനമനിദ്രതാദ്യൈഃ. ൧൬

സൂൎയ്യാവലോകോപി ച നേത്രരോഗ-
ഹാനിം പ്രകുൎയ്യുഃ പരിവൎജ്ജിതാനി
ഗോധൂമശാലിയവമുദ്ഗയവമുഖ്യ-
ഗോദുഗ്ദ്ധഹവ്യമധുശൎക്കരസിതാത്ര പത്ഥ്യം. ൧൭

അടപതിയൻ വാസ്തുച്ചീര മീനാങ്ങാണി തഴുതാമ കടലാടി പുത്തരിച്ചുണ്ട കണ്ണിന്ന ഹിതങ്ങളായ ശാകങ്ങൾ ഉഴുന്ന് കാടി പുളിയുള്ളവ ചീര കടുക് സ്നേഹകം മുങ്ങിക്കുളി ചെറിയ അക്ഷരങ്ങൾ നോക്കുക കണ്ണീരൊഴുക്കൽ മദ്ധ്യാശനം മൈഥുനം ഉറക്കമില്ലായ്ക മോരു സൂൎയ്യനെ നോക്കുക; ഇവയൊക്കെയും കണ്ണിന്റെ ഹാനിയെച്ചെയ്യുന്നതാകയാൽ നേത്രരോഗി വൎജ്ജിക്കണം. ഗോതമ്പ് ചെന്നെല്ല് യവം ചെറുപയറ് ഉഴുന്ന് പശുവിൻപാൽ പശുവിൻനെയ്യ് തേൻ വെള്ളപ്പഞ്ചസാര ഇവ നേത്രരോഗിക്ക പത്ഥ്യങ്ങളാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
നേത്രരോഗാധികാരം എന്ന
൪൭-ാം സ്തബകം കഴിഞ്ഞു.

അഥ അഷ്ടചത്വാരിംശസ്തബകഃ.

ശിരോരോഗാധികാരഃ.

സാമാന്യ ശിരോരോഗനിദാനം.

അപ്രാപ്തകാലേ പലിതം ച പീഡാ-
ശിരസ്യലം സൂൎയ്യവിവൎത്തകാദ്യാഃ
ഇത്യാദയോ മൂൎദ്ധ്നി ഗതാശ്ച രോഗാ-
ശ്ചികിത്സിതവ്യാശ്ച യഥാസ്വദോഷം. ൧

കാലമാകാതെ ജരയുണ്ടാകുക തല വേദന സൂൎയ്യവിവൎത്തകം മുതലായി ശിരസ്സിൽ പല രോഗങ്ങളും ഉണ്ടാകും. ഇതിന്ന് ദോഷകോപമനുസരിച്ച ചികിത്സചെയ്യുകൊള്ളണം.

ചികിത്സ.

ഗന്ധൈരണ്ഡമൂലം ച കാഞ്ജികപിഷ്ടം
ശിരോൎത്തിം ജയേല്ലേപനാൽ സ്ത്രീനരാണാം
തഥാ മൌചുകുന്ദം പ്രസൂനം പ്രലിപ്തം
ശിരസ്യാൎത്തിപീഡാം ജയേന്നാത്ര ചിത്രം. ൨

കൊട്ടവും വെളുത്താവണക്കിൻവേരും കൂടി കാടിക്കൊണ്ടരച്ചു നെററിക്കുതേച്ചാൽ സ്ത്രീപുരുഷന്മാൎക്കുണ്ടാകുന്ന തലവേദന ശമിക്കും. അതുപോലെ മുചുകുന്ദത്തിൻ പൂവരച്ചു തേച്ചാലും തലവേദന ശമിക്കും.

വേറൊരു ലേപനം.

ദേവദാരുനതവിശ്വഭേഷജൈഃ
കുഷ്ഠതൈലനളദൈഃ സകാഞ്ജികൈഃ
പേഷിതൈഃ കൃതശിരോവിലേപനാ-
ച്ഛൂലമാശു ശിരസോ വിനാശയേൽ. ൩

ദേവതാരം തകരം ചുക്ക കൊട്ടം രാമച്ചം ഇവ കാടിയിൽ അരച്ചു നെററിക്കു തേച്ചാൽ തലവേദന ശമിക്കും.

മറെറാരു ലേപനം.

ശാരിബോൽപലഗദാനി ചാമ്ലകൈഃ
പേഷിതാനി ഘൃതതൈലവിമിശ്രൈഃ
സൂൎയ്യദക്ഷിണവിവൎത്തകാൎദ്ധഭേദ
നാശയന്തി പരിലേപിതാനി വൈ. ൪

നറുനീണ്ടിക്കിഴങ്ങ് ചെങ്ങഴിനീക്കിഴങ്ങ് കൊട്ടം പുളിവേരിൻതൊലി ഇവ അരച്ച് എണ്ണയും നെയ്യുംചേൎത്തു നെററിക്കു പൂശുക; സൂൎയ്യാവൎത്തം മുതലായ രോഗങ്ങൾ നശിക്കും.

നസ്യം.

മദനസിതയാ ഗവീപയോഭിർ-
വിനിംല്ലഷ്ടം നസി നസ്യവൽ ഗൃഹീതം
വിധിനാനുദിതേ രവൌ വിദഗ്ദ്ധൈഃ
ശിരസോൎദ്ധം വിഭിനത്തി ഭേദമുഗ്രം. ൮

മലങ്കാരയ്ക്ക പശുവിൻപാലിൽ അരച്ചെടുത്തു പഞ്ചസാരചേൎത്തു നസ്യംചെയ്യുക; അൎദ്ധവിഭേദം എന്ന ശിരോരോഗം ശമിക്കും.

കാശ്മീരമാജ്യേന സമം ച ഭൃഷ്ടം
സശൎക്കരം ലോഹിതയുക്തമാദരേ
ഭ്രൂഘ്രാണകൎണ്ണാക്ഷിശിരോൎദ്ധശൂലം
ദിനാദിവൃദ്ധ്യാദിഹൃൽ നസ്യമുക്തം. ൯

കുങ്കുമം നെയ്യുകൂട്ടി വറുത്തു പഞ്ചസാരയുംചേൎത്തു നസ്യം ചെയ്യുക; ദിനാദിയിൽ വൎദ്ധിക്കുന്നതായ പുരികംവദന ഘ്രാണശൂലം കൎണ്ണശൂലം അക്ഷിശൂലം ശിരോൎദ്ധശൂലം ഇവ ശമിക്കും.

അൎദ്ധഭേദത്തിനു (ബിന്ദുഷട്കനസ്യം.)

മൂലൈർവാതാരിജാതൈസ്തഗരശതജടാ-
സൈന്ധവൈർഭൃംഗരാജൈ-
രാസ്നാജീവന്തിവിശ്വാമധുകകൃമിഹരൈഃ
സാധിതം ഛാഗദുഗ്ദ്ധൈഃ
ക്ഷീണം തൈലം തിലോത്ഥം നസി കഥിതതമം
ബിന്ദുഷൾകം നരാണാം
ഹന്തി പ്രായഃ ശിരോത്ഥാനഖിലഗദചയാൻ
ദന്തകേശോത്ഥരോഗാൻ. ൰

വെളുത്താവണക്കിൻവേര് തകരം ശതാവരി ഇന്തുപ്പ് അരത്ത അടപൊതിയൻകിഴങ്ങ് ചുക്കു ഇരട്ടിമധുരം വിഴാലരി ഇവ കല്ക്കമാക്കി നാലിരട്ടി കയ്യോന്നിനീരും നാലിരട്ടി ആട്ടിൻപാലുംചേൎത്തു കാരെള്ളിൻ എണ്ണ കാച്ചിഎടുത്തു അറുതുള്ളിവീതം നസ്യം ചെയ്യുക; ശിരസ്സിലുണ്ടാകുന്ന സകല രോഗങ്ങളും ദന്തരോഗങ്ങളും കേശരോഗങ്ങളും ശമിക്കും.

ഗുഞ്ജാബീജം ഭൃംഗരാജദ്രവേണ
പൂൎവ്വം ഭാവ്യം പേഷ്യ തേനൈവ തൈലം
സിദ്ധം തസ്മിൻ ദേവദാരുത്രുടീനാം
ചൂൎണ്ണം ക്ഷിപ്ത്വാ സജ്ജടം കേശഭാരം.
കുൎയ്യാന്നിത്യം ലേപനാൽ സ്ത്രീനരാണാം
നീലാംസ്തദ്വല്ലംബിതാൻ കേശഭ്രമൌ ൰൧

കുന്നിക്കുരു ആദ്യമായി കയ്യോന്നിനീരിൽ ഭാവനചെയ്ത് അതുതന്നെ കൽക്കമാക്കി എണ്ണകാച്ചി എടുത്ത് അതിൽ ദേവതാരവും ഏലത്തരിയും പൊടിച്ചിട്ടു തേക്കുക; സ്ത്രീകളുടെയും പുരുഷന്മാരുടെയും തലമുടി നീലനിറത്തിൽ വളരുന്നതാം.

ഗുഞ്ജാഫലം ബൃഹതികാഫലജാതനീരൈർ-
മൂലേന ഹാടകഭവേന വിംല്ലപ്യ ലേപാൽ
ഇന്ദ്രപ്രലുപ്തമസകൃദപിനിഹന്തി കേശാൻ
നൂനം തനോതി ഭ്രമരപ്രതിമാനനകാൻ. ൰൨

കുന്നിക്കുരുവും ഉമ്മത്തിൻവേരുംകൂടി ചെറുവഴുതനങ്ങയുടെ നീരിൽ അരച്ചെടുത്തു തേക്കുക; ഇന്ദ്രലുപ്തം എന്നരോഗം ശമിക്കും.. വണ്ടിനെപ്പോലെ കറുത്തനിറത്തിലുള്ള തലമുടിയും ഉണ്ടാകും.

തലമുടി പൊഴിയാതിരിക്കുന്നതിനു്.

നീലോൽപലേന കലിജദ്രുഫലസ്യ മജ്ജാ-
മാധൂകവല്ക്കലതിലൈർഹയഗന്ധകാഭിഃ
യോ വാ പ്രിയംഗുലതയാ ശിരസഃ പ്രലേപം
കുൎയ്യാന്ന തസ്യ ച സദൈവ പതന്തി കേശഃ ൰൩

കരിങ്കുവളക്കിഴങ്ങ് താന്നിക്കായുടെ മജ്ജ ഇരിപ്പക്കാതൽ ഇലവർങ്ഗം എള്ള് അമുക്കുരം ഞാഴൽപ്പൂവ് ഇവ അരച്ചു തലയിൽ തേച്ചാൽ തലമുടി ഒരിക്കലും പൊഴിഞ്ഞുപോകയില്ല.

ശിരോരോഗത്തിൻെറ പൂൎവ്വരൂപം.

ദശോർദ്ധ്വാഹഃ കണ്ഡൂസ്ഫുരണമഥവാ ക്ഷേപ അപിവാ
ശിരോരോഗേ പൂൎവ്വം പ്രഭവതി ഭവേത്യേവ സകലാഃ

കണ്ണിനു ചുവപ്പ്, ചൊറിച്ചിൽ, തരിപ്പ്, തെറിപ്പ്, ഇവ ശിരോരോഗത്തിൻെറ പൂൎവ്വരൂപങ്ങളാണ്.

വാതജശിരോരോഗലക്ഷണം.

രുജസ്ത്രീവ്രാ മൂൎദ്ധ്നി ഭ്രമഥ നിശായാന്തു ഭിഷജോ
വദന്തോ വാതോത്ഥം ദഹനപടയോഗാദിശമിതം. ൰൪

കാരണം കൂടാതെ കഠിനമായ തലവേദന, അതു രാത്രി

യിൽ അധികമാകുക; പൊള്ളിക്കുകയോ വസ്ത്രംകൊണ്ടു കെട്ടുകയോ ചെയ്താൽ ശമനമുണ്ടാകുക; ഇവ വാതജശിരോരോഗത്തിന്റെ ലക്ഷണങ്ങളാണ്.

പിത്തജശിരോരോഗലക്ഷണം.

യദാങ്ഗാരപ്രാതൈശ്ചിതമിവ ശിരോ യത്ര സഹസാ
പ്രധൂമ്യന്നാസാക്ഷിപ്രഭവതി തഥാ ധൂമസഹിതാ
ശിരസ്താപസ്സോƒയം നിഗദിത ഇഹ പിത്തജനിതോ
നിശായാം ശീതാദ്യൈ പ്രശമി ശമനം യസ്യ ബഹുധാ. ൬൨

തലയിൽ തീക്കനൽവാരിയിട്ടന്നതുപോലെ തോന്നുക, മൂക്കും കണ്ണും പുകയുക, ശീതദ്രവ്യംകൊണ്ടു ധാരയോ ലേപനമോ ചെയ്താൽ ശമിക്കുക, രാത്രിയിൽ വേദന കുറഞ്ഞിരിക്കുക, ഇവ പിത്തജമായ ശിരോരോഗത്തിന്റെ ലക്ഷണങ്ങളാണ്.

കഫജശിരോരോഗലക്ഷണം.

കഫോപദിഗ്ധം തമഭോപഹാരത
സഗൌരവം ചേൽ കഫരജƒകാരിതം
ശൂനം ഭവേദ്യത്ര തു വൈദ്യമുഖ്യാഃ
ശിരോഗദം ശ്ലേഷ്മഭവം വദന്തി. ൬൩

ശിരസ്സിൽ കഫം പററിപ്പിടിരിക്കുന്നപോലെ തോന്നുക, തലയ്ക്കു ഘനം, കൺപോളയ്ക്കു നീര്, ഇവ കഫജശിരോരോഗത്തിന്റെ ലക്ഷണങ്ങളാണ്.

സന്നിപാതജശിരോരോഗലക്ഷണവും
രക്തജശിരോരോഗലക്ഷണവും.

യസ്സർവലിംഗസ്സകലപ്രഭൂതോ
രക്താത്മകഃ പിത്തസമാനലിംഗഃ
സ്പർശാസഹത്വം ശിരസോƒത്ര നിത്യം
സംജായതേ വൈദ്യവരാ വദന്തി. ൬൪

വാതാദിമൂന്നുദോഷങ്ങൾ കോപിച്ചാലുള്ള ലക്ഷണങ്ങൾ എല്ലാംകൂടി വന്നാൽ അതു സന്നിപാതജശിരോരോഗമാണ്. പിത്തജശിരോരോഗത്തിന്റെ ലക്ഷണവും തൊട്ടാൽ സഹിക്കാൻ വയ്യായ്കയും ഉണ്ടായാൽ അതു രക്തജശിരോരോഗത്തിന്റെ ലക്ഷണമാണ്.

ക്ഷയജശിരോരോഗലക്ഷണം.

അഥ രക്തവസാകഫനിത്യക്ഷീണാം
ക്ഷയതോƒപി ഭവേൽ ക്ഷയദാരുണശ്ച പ്രവൃത്തിഃ

സശിരോƒഭിഭവോƒപ്യതികഷ്ടതമശ്ച
പ്രഭവന്തി തജ്ജോƒത്ര ച തീവ്രതമാശ്ച. ൬൫

അസ്യൈവ ചർദ്ദനസേചനൈ രക്തമോക്ഷൈഃ-
സ്തഥാ ധൂപനൈശ്ചാതിവൃദ്ധിം സമേതി.

ശിരസ്സിങ്കലുള്ള രക്തം, വസ, കഫം, വായു ഇവ ക്ഷയിക്കുകയാലാണു ക്ഷയജമായ ശിരോരോഗം ഉണ്ടാകുന്നത്. ഇതിങ്കൽ ശിരസ്സിനു ദുസ്സഹമായ ചൂടും അധികമായ വേദനയും കാണും. സേചനം, ഛർദ്ദനം, ധൂമപാനം, നസ്യം, രക്തമോക്ഷം ഇവ ചെയ്താൽ ഇതു വളരെ വർദ്ധിക്കും.

ക്രിമിജശിരോരോഗലക്ഷണം.

അഥോ തുദ്യതേ ചാതിമാത്രം ശിരഃ
ക്രിമീണാം ഗണൈർജ്ജഗ്ധമേതൽ സ്ഫുടം ൬൬
സ്ഫുടത്യേവ യദ്വച്ച നാസാസ്രവേദ്വാ
സരക്തം ജലം ജന്തുജം രോഗമേത്യുഗ്രം.

ശിരസ്സിൽ ക്രിമികൾ ഉപദ്രവിക്കയാലാണു ക്രിമിനിമിത്തമായ ശിരോരോഗം ഉണ്ടാകുന്നത്. അതിൽ ശിരസ്സ സൂചികൊണ്ടു കുത്തുന്നപോലെ തോന്നും. ക്രിമികൾ ശിരസ്സിലെ രക്തത്തെ കുടിക്കയും മൂക്കിൽനിന്നു ക്രിമികളും രക്തത്തോടുകൂടിയ വെള്ളവും പുറപ്പെടുകയും ചെയ്യും. ഇതു ക്രിമിജമായ ശിരോരോഗലക്ഷണമാണ്.

സൂര്യാവർത്തലക്ഷണം.

സൂര്യോദയാദ്വൃദ്ധിമുപൈതി ഗാഢം
തത്തേജസഃ ശാന്തിമുപൈതി രോഗഃ ൬൭
തസ്യൈവ തേജസ്യപി നേത്രയോശ്ച
ഭ്രുവോ രുജഃ സംപ്രഭവന്തി യത്ര
ശിരോഗദം സർവഭവം തമൂചുഃ
സൂര്യോപവർത്തം ഭിഷജഃ പുരാണാഃ ൬൮

സൂര്യോദയം മുതൽ കണ്ണിലും പുരികത്തിലും വേദനയുണ്ടാകുകയും മദ്ധ്യാഹ്നംവരെ വർദ്ധിച്ചുവരികയും മദ്ധ്യാഹ്നത്തിനുശേഷം സൂര്യന്റെ തേജസ്സ ശമിച്ചാൽ ശമിക്കയും ചെയ്യും. ഏററവും കഷ്ടവുംത്രിദോഷജവും ആയ അതിനെസൂര്യാവർത്തമെന്നു പറയുന്നു.

അനന്തവാതലക്ഷണം.

അഥ പ്രദുഷ്ടാസ്ത്രയ ഏവ ദോഷാഃ
സംപീഡ്യ മന്യാം സരുജം ച ഗാഢം

സ്ഥിതിം പ്രകുര്യന്നയനഭ്രുശംഖ-
ദേശേ വിശേഷേണ തതസ്തു ഗണ്ഡാൽ. ൧൯

പാർശ്വേ ചാതികമ്പം സഹനുഗ്രഹം ച
നേത്രാമയാൻ വാ വിവിധാംശ്ച തദ്വൽ
ദോഷത്രയോത്ഥം തമനന്തവാത-
ശിരോഗദം വൈദ്യവരാ വദന്തി. ൨൦

ത്രിദോഷങ്ങൾ ദുഷിച്ചു പിൻകഴുത്തിലെ ഞരമ്പുകളെ പിടിപ്പിച്ചു് പിടലിയ്ക്കു് ദുസ്സഹമായ വേദനയുണ്ടാക്കും. കണ്ണുകൾ, പുരികങ്ങൾ, ചെന്നികൾ ഈ സ്ഥാനങ്ങളിൽ വിശേഷിച്ചു് വേദനയോടുകൂടി ആരംഭിച്ചു് കവിൾത്തടങ്ങളിൽ വിറയലിനേയും ഹനുഗ്രഹത്തേയും പലവിധത്തിലുള്ള നേത്രരോഗങ്ങളേയും ഉണ്ടാക്കുന്നു. ഈ ശിരോരോഗത്തെ ത്രിദോഷജമായ അനന്തവാതമെന്നു പറയുന്നു.

അർദ്ധാവഭേദലക്ഷണം.

രൂക്ഷാത്യദ്ധ്യശനപ്രാക്സമീരാ-
വശ്യായകാദ്ധ്യാശനമൈഥുനൈശ്ച
വേഗസ്യ സംധാരണതഃ കദാചിദ് വാ
വ്യായാമയോഗൈരഖിലൈഃ പ്രകുപ്യ. ൨൧

ഏകോ ഽപി വാതഃ സകഫോ ഽപി തദ്വ-
ദർദ്ധം ഗൃഹീത്വാ ശിരസഃ പ്രകാമം
മന്യാഭ്രുശംഖശ്രുതിനേത്രഫാലാ-
ദ്യർദ്ധം രുജോഭിശ്ച യഥാസ്ത്രശസ്ത്രൈഃ ൨൨

അർദ്ധാവഭേദഃ സ ശിരോഗദഃ സ്യാൽ
ഗൃഹ്ണാതി നൂനം പ്രവദന്തി വൈദ്യാഃ.
നേത്രം തഥാ ശ്രോത്രമസൌ നിഹന്യാ-
ദർദ്ധാവഭേദശ്ശിരസോ നരാണാം. ൨൩

രൂക്ഷപദാർത്ഥങ്ങളെ ഭക്ഷിക്കുക; കിഴക്കൻകാററു് മഞ്ഞു് ഇവയേൽക്കുക; അതിഭക്ഷണം കഴിക്കുക; അതിമൈഥുനം ചെയ്ക; മലമൂത്രാദിവേഗങ്ങളെ തടുക്കുക; അതിവ്യായാമം ചെയ്ക; ഇവയാൽ വാതം കോപിച്ചു് കഫത്തോടുകൂടി ശിരസ്സിൻെറ പകുതിഭാഗത്തെഗ്രഹിച്ചു് പിൻകഴുത്തിലെ ഞരമ്പു്, പുരികം, ചെന്നി, ചെവി, കണ്ണു്, നെററി ഈ സ്ഥാനങ്ങളിൽ ആയുധം കൊണ്ടു മുറിക്കുന്നപോലെ അതിയായ വേദനയുണ്ടാക്കും. ഇതാണു് അർദ്ധാവഭേദകം. ഇതു വർദ്ധിച്ചുവന്നാൽ ഒരു കണ്ണിനേയോ ഒരു ചെവിയേയോ നശിപ്പിക്കയും ചെയ്യും.

ശംഖകലക്ഷണം.

അഥോ ഽത്ര രക്തേന സപിത്തവായുഃ
ശംഖപ്രദേശേ യദി മൂർച്ഛിതഃ സ്യാൽ
തീവ്രാ രുജോ ഽങ്ഗപ്രഭവം ച ദാഹം
ശോഥം പ്രകുര്യാദ്വിഷവച്ച വേഗം. ൨൪

ഗളസ്യ രോധം ച വിധായ ശംഖോ
മൃത്യും പ്രകുര്യാത്ത്രിദിനാന്തരാളേ.
പ്രത്യാഖ്യായ ത്രിദിവസമിതം ജീവിതം ചാസ്യ ജന്തോർ-
വ്യാധൌ ശംഖേ ശിരസി ജനിതേ വൈദ്യവര്യൈരനിരുക്തം
കുര്യാച്ചൈവം സകലജനിതാ സമ്മതേന പ്രകാമം.
ശാസ്ത്രോക്തം യൽ ഗദഹരണശിരോരോഗ ഉക്തം ത്രിദോഷേ.

പിത്തവും വായുവും ദുഷിച്ചിരിക്കുന്ന രക്തത്തോടുകൂടി ചെന്നിപ്രദേശത്തിൽ ചെന്നു കോപിച്ചു് കഠിനവേദനയോടും ചുട്ടുനീറ്റലോടുംകൂടി ഭയങ്കരമായ നീരിനെ ഉണ്ടാക്കും. അതു് വിഷംപോലെ വേഗത്തോടുകൂടി ശിരസ്സിലും കഴുത്തിലും വ്യാപിച്ചു് തടഞ്ഞുനില്ക്കും. ശംഖകം എന്ന ആ രോഗം മൂന്നു ദിവസത്തിനകം പ്രാണഹാനിയെ ചെയ്യും. ശരിയായി ചികിത്സിച്ചാൽ മൂന്നുദിവസംകൊണ്ടു ശമിച്ചു എന്നും വന്നേക്കാം. എതായാലും ഈ രോഗം അസാദ്ധ്യം എന്നു പറഞ്ഞതിനു ശേഷം വൈദ്യൻ ചികിത്സിച്ചുകൊള്ളണം.

മുൻപറഞ്ഞരോഗങ്ങളുടെ ചികിത്സ.

വാതപ്രഭൂതേ ശിരസോ ഗദേ ച
സ്നേഹാവസേകാവനലേപ യുക്ത്യാ
സംസ്വേദനാദ്യഞ്ച സമസ്തവാത-
നാശാന്നപാനാനി തഥോപനാഹാൻ. ൨൫

സധാന്യമാംസപ്രഭവൈശ്ച പിണ്ഡൈഃ
കുര്യാച്ച ദിങ്മൂലജടാസു സിദ്ധൈഃ.
സംസേചനം വൈ ശിരസസ്തു ദുഗ്ദ്ധൈ-
ർധൂമം തഥാ സ്നൈഹികമത്ര യുഞ്ജ്യാൽ. ൨൬

വാതജമായ ശിരോരോഗത്തിൽ സ്നേഹം സേചനം ഇവയും യുക്തിപോലെ അഗ്നിസ്വേദവും ധന്യമാംസപിണ്ഡങ്ങൾകൊണ്ടു

ഉപനാഹവും (വെച്ചുകെട്ടുക) ശേഷം പാലിൽ കാച്ചിയ പാൽകൊണ്ട് സേചനവും സ്വേദനവും പ്രയോഗിക്കണം.

നസ്യം.

പഞ്ചമൂലാശൃതദുഗ്ദ്ധനസ്യം
ദേയമഥോദ്ദൃത ച വാതശിരോരോഗേ.

മഹൽപഞ്ചമൂലമിട്ടുകാച്ചിയ പാൽകൊണ്ട് നസ്യംചെയ്യുന്നതും വാതശിരോരോഗത്തിനു നല്ലതാണ്.

ലേപനം.

ദേവദാരു നളദം നതകുഷ്ഠം
ഭേഷജൈശ്ച ബഹു കാഞ്ജികപിഷ്ടം
തൈലസംയുതമിദം തു ശിരോർത്തിം
വാതജാം ച വിനിഹന്തി വിലേപാൽ. ൨൭.

ദേവതാരം രാമച്ചം തകരം കൊട്ടം ഇവ കാടിയിൽ അരച്ച് എണ്ണയുംചേർത്ത് ചെന്നിയിൽ വിലേപനം ചെയ്ക; വാതജമായ ശിരോരോഗം ശമിക്കും.

ശിരോവസ്തി.

ന രക്തമോക്ഷം ഭിഷഗത്ര കുര്യാ-
ദ്വാതപ്രകോപസ്യ യതോ ഽത്ര ഭീതിഃ
അതഃ ശിരോദേശനസ്യ ചാത്ര
വസാംഗ്രഹം തേന ശിരോവിഗാഹ്യ ച. ൨൮

മാഷസ്യ പിഷ്ടേന വിലേപയേദ് ദ്രാ-
ഗധസ്തതോ നിശ്ചലമൂർദ്ധ്നി തൈലൈഃ
പ്രപൂരയേദ്ദത്തവിധാനസിദ്ധ്യൈ
യാമാഷ്ടകം യാമമഥാപ്യപി തദ്വൽ. ൨൯

യാവദ്രുജോ നാശമലം പ്രയാതി
വസ്തിഃ പ്രധാനഃ പ്രബലേ ഽനിലേ തു
മന്യാക്ഷികർണ്ണപ്രഭവാ ഗദാ യേ
കമ്പം ച ഹസ്തേർദ്ദിതമാശു ഹന്തി. ൩൦

വിനാശമായാതി ച മൂർദ്ധ്നി മാത്രാ
ശതാനി പഞ്ചൈവ കഫേ ച തിസ്രഃ
പിത്തേഷ്ടമാത്രാ പ്രഥിതം പ്രധാനം
വാതേ തഥാ! ദിഷ്ടമിതമേവ ധാര്യം. ൩൧

വാതം കോപിച്ചിരിക്കുന്ന ശിരോരോഗത്തിൽ രക്തമോക്ഷം

ചെയ്യരുത്. തലയുടെ അളവു കണക്കാക്കി നാലംഗുലം വീതിയിൽ ഒരു തോൽവാറുണ്ടാക്കി ഉഴുന്നരച്ചതുകൊണ്ട് ചെവികളുടെ മുകളിലായി ശിരസ്സിൽ ചുററിക്കെട്ടണം. അതിന്റെ കീഴ്ഭാഗമെല്ലാം ഉഴുന്നരച്ച് അതുകൊണ്ടു സുഷിരമില്ലാത്തവിധം (എണ്ണ ഒഴിച്ചാൽ ചോരാത്ത വിധം) ലേപനം ചെയ്യണം. പിന്നീട്ട തല അനങ്ങാതെ വെച്ച് അതിൽ എണ്ണ നിറയ്ക്കണം. ഇങ്ങനെ വേദന ഇല്ലാതാകുന്നതുവരെ അരയാമമോ ഒരു യാമമോ വസ്തി ശിരസ്സിൽ ധരിച്ചുകൊണ്ടിരിക്കണം. എന്നാൽ പിൻകഴുത്തിന്റെ ഞരമ്പിലും കണ്ണിലും ചെവിയിലും ഉണ്ടാകുന്ന രോഗങ്ങളും കൈവിറയൽ, അർദ്ദിതം ഇവയും ശമിക്കും. കഫജമായ ശിരോരോഗത്തിൽ അഞ്ഞൂറുമാത്രയും പിത്തത്തിൽ എണ്ണൂറുമാത്രയും വാതത്തിൽ ആയിരം മാത്രയും വസ്തി ശിരസ്സിൽ ധരിച്ചുകൊണ്ടിരിക്കണം.

നേത്രശ്രോത്രപരിപൂരണവിധി-
രേഷ ഏവ ഗദിതോ ഽത്ര ഭിഷഗ്ഭിഃ
ഭോജനാദിസമയേ ശിരസസ്തു
വസ്തിരത്ര മുനിഭിഃ ശിവവക്ത്രൈഃ. ൩൨.

സമ്മിതൈശ്ച ദിവസൈരവധാര്യ
മോച്യ വസ്തിമഥവാ ശിരസോ ഹി
സ്നാനപേയയുഗളഹാലമുഖാനാം
സംവിധായ ഗ്രഹണം ച വിധേയം. ൩൩.

തൈലസ്യ ചോഷ്ണാംബുനിഷിക്തഗാത്രം
ശാലിം തഥാ ഷഷ്ടികദാഡിമാദ്യൈഃ
സഞ്ജാതഭാവാദപരൈസ്ച ഭുഞ്ജ്യാ-
ന്മാത്രാം ശിരോവസ്തിവിധൌ വിശേഷാൽ. ൩൪

നേത്രപൂരണം, ശ്രോത്രപൂരണം മുതലായ വിധികളും ശിരോവസ്തിവിധിപോലെയാണ് പറയപ്പെട്ടിരിക്കുന്നത്. ഭോജനാദിസമയത്തിൽ അഞ്ചുദിവസംവരെ ശിരോവസ്തി ധരിക്കാൻ യോഗ്യമാണ്. അല്ലെങ്കിൽ മൂന്ന്, ഏഴ്, ഒമ്പത്, നെറ്റി, മുഖം ഈ സ്ഥാനങ്ങളിൽ കൈകൊണ്ടു പിടിച്ച് വസ്തി എടുത്ത്, ദേഹമാസകലം ചെറുചൂടുള്ള വെള്ളംകൊണ്ട് കഴുകി ചെന്നെല്ല് ഞവര താളിമാതളത്തിൻ കായ് ഇവ ഭക്ഷിക്കയും ജാംഗലമാംസരസം അനൂപമാംസരസം ഇവ കുടിക്കയും ചെയ്യണം.

മായൂരഘൃതം.

സപക്ഷപിത്താന്ത്രശകൃദ്ഗുദാന്യ-
വിവർജ്ജിതം കേകിനമേകമേവ

ദശാംഘ്രിരാസ്നാമധുകൈർബലാഭിഃ
പലത്രയോന്മാനമിതൈഃ പൃഥക് ച. ൩൫

പക്ത്വാ ജലേനാഷ്ടഗുണേന തസ്യ
ചതുർത്ഥകാംശപ്രമിതാവശിഷ്ടേ
നീരേ സമക്ഷീരയുതേ ഘൃതസ്യ
പ്രസ്ഥം പചേദ്വാ മധുരസ്യ കല്കൈഃ. ൩൬

കർണ്ണാക്ഷിനാസാരസനാസ്യരോഗാ-
ന്നൂർദ്ധ്വം ച ജത്രോഃ പ്രഭവാന്നിഹന്തി
മായൂരമേതൽ ഘൃതമുഷ്ണകാലം
ത്യക്ത്വാ വസന്തേ ശിശിരേ ഹിമേ ച. ൩൭

സേവ്യം ന വർഷാസു നിദാഘകാലേ
ശരൽസുപത്ഥ്യം വിഷഭോജനത്വാൽ
ഉഷ്ണോ ഹി ബർഹീ തു ഭുജംഗഭോക്താ
യതോ ഭിഷഗ്ഭിഃ പരികീർത്തിതം ച. ൩൮

ചിറക്, പിത്തം, അന്ത്രം, മലം, വായ് മുതലായവ കളഞ്ഞ ഒരു മയിലിൻമാംസം. ദശമൂലം അരത്ത ഇരട്ടിമധുരം കുറുന്തോട്ടിവേര് ഇവ മുമ്മൂന്നുപലം. എട്ടിരട്ടി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി ഇടങ്ങഴി പാലും ഇടങ്ങഴി നെയ്യും ചേർത്ത് ജീവനീയഗണം കല്കമായി കാച്ചി സേവിക്കുക; ചെവി, കണ്ണ്, മൂക്ക്, നാക്ക്, വായ് മുതലായി കഴുത്തിനു മുകളിലുണ്ടാകുന്ന സകല രോഗങ്ങളും ശമിക്കും.

പിത്തശിരോഗചികിത്സ.

പിത്തപ്രഭൂതേ ശിരസോ ഗദേ ച
സ്നിഗ്ദ്ധം വിശേഷേണ വിരേചയേദ്വാ
മൃദ്വീകപൂകത്രിഫലേക്ഷുരസൈർവ്വാസ്തം
ഘൃതൈസ്സദുഗ്ദ്ധൈശ്ച ഘൃതൈർന്നിഷിഞ്ചേൽ. ൪൦

പിത്തത്താലുണ്ടായ ശിരോരോഗത്തിൽ വിശേഷിച്ചും സ്നിഗ്ദ്ധമാക്കി വിരേചിപ്പിക്കണം. മുന്തിരിങ്ങാപ്പഴം കരിമ്പ് ത്രിഫല ഇവയുടെ രസത്തിൽ നെയ്യു ചേർത്ത് ധാരചെയ്യുകയും പാലും നെയ്യുംകൂടി ചേർത്ത് ധാരചെയ്യുകയും ആകാം.

സശർക്കരൈർദുഗ്ദ്ധജലൈഃ ശിരശ്ച
നിഷേചയേച്ചാഥ ഘൃതം തഥാ വാ
വിധാരയേന്മൂർദ്ധ്നി ജലൈഃ ശതം ച
വാരാൻ പ്രധൗതം ശിരസോ ഗദേ ഹി. ൪൧

പഞ്ചസാരയും പാലുംകൂടി ചേർത്ത് തലയിൽ ധാരചെയ്യുക; തലയിൽ നെയ്യുവയ്ക്കുക; വെള്ളംകൊണ്ട് വളരെ പ്രാവശ്യം തല കഴുകുക; ഇവ പിത്തശിരോരോഗത്തിന് നല്ലതാണ്.

ഗർത്തേഷു ശീതൗഷധിപൂരിതേഷു
നിമജ്ജനം വാ ശിരസോऽനുവേലം
കല്ഹാരപത്മോൽപലചന്ദനാംബു-
സ്പർശൈശ്ച ശീതവ്യജനാനിലൈശ്ച. ൪൨

സംവീജയേൽ പിത്തശിരോഗദേ ച
സചന്ദനോശീരജലാർദ്രകാഭിഃ
നളോൽപലാഭ്യാം പയസാ പ്രദേഹോ
ജലൈഃ ശൃതാഭിഃ പരിഷേചനം സ്യാൽ. ൪൩

കുഴിയിൽ ശീതൗഷധികൾ നിറച്ച് വെള്ളം ഒഴിച്ച് ആ കുഴിയിൽ എപ്പോഴും തല മുക്കുക; കല്ഹാരം താമരപ്പൂ ചെങ്ങഴിനീർപ്പൂ ചന്ദനം ഇവ ഇട്ട വെള്ളത്തിന്റെ സ്പർശമേൽക്കുക; വിശറി വെള്ളത്തിൽ മുക്കി വീശുക; ചന്ദനം രാമച്ചം ഇരുവേലി മഞ്ചട്ടി അസൂരനഖം ചെങ്ങഴനീർക്കിഴങ്ങ് ഇവ പാലിൽ അരച്ച് ദേഹത്തു തേക്കുകയോ കഷായം വച്ച് ധാരചെയ്യുകയോ ചെയ്യുക; ഇവയെല്ലാം പിത്തശിരോരോഗത്തിനു വിശേഷമാണ്.

പിത്തശിരോരോഗത്തിനു നസ്യം.

സഷഷ്ടികാചന്ദനദുഗ്ദ്ധഹവ്യം
സാനന്തികം നസ്യവിധൗ ച സിദ്ധം
സശർക്കരം വാ മധുകം സരാസ്നം
പിത്തോദ്ഭവേ നസ്യമലം പ്രദിഷ്ടം. ൪൪

ഞവരയരി ചന്ദനം കൊടിത്തൂവവേര് ഇവയരച്ച് പാലും നെയ്യും ചേർത്ത നസ്യം ചെയ്യുക; പഞ്ചസാര ഇരട്ടിമധുരം അരത്ത ഇവ പൊടിച്ച് നസ്യം ചെയ്യുക; പിത്തശിരോരോഗം ശമിക്കും.

അന്യയോഗം.

കുഷ്ഠം സനീലോൽപലപത്മശുണ്ഠീ-
യുക്തം പ്രപിഷ്ടം സഘൃതം നരാണാം
ശിരഃപ്രഭൂതേ ച തഥൈവ ശൂലേ
പ്രദേഹ ഉക്തോ വൈ ചന്ദനാഢ്യഃ. ൪൫

കൊട്ടം കരിങ്കുവളക്കിഴങ്ങ് താമരക്കിഴങ്ങ് ചുക്ക് ഇവ അര

ച്ച് നെയ്ചേൎത്തു ചാലിച്ച് വെള്ളം വാറ്റിച്ച് തലയിൽ ഇടുക; തലവേദന ശമിക്കും.

രക്തജമായ ശിരോരോഗത്തിന്റെ ചികിത്സ

രക്തപ്രഭവേ ശിരസോ ഗദേ ച
സർവ്വം വിദധ്യാൽ ഖലു പിത്തജേ ച
അന്നാശനാലേപനസേചനാനി
പാനൌഷധീലോഹിതമോക്ഷണാനി. ൨൬

രക്തകോപത്താലുണ്ടായ ശിരോരോഗത്തിൽ പിത്തജശിരോരോഗത്തിനു പറഞ്ഞിട്ടുള്ള അന്നപാനാശനാദികളെ തന്നെ ചെയ്യണം. വിശേഷിച്ച് രക്തമോക്ഷണവും ചെയ്തുകൊള്ളണം.

കഫജമായ ശിരോരോഗത്തിന്റെ ചികിത്സ.

കഫോദ്ഭവം ലംഘനരൂക്ഷതീക്ഷ്ണ-
ധൂമാവപീഡൈരഥ തീക്ഷ്ണയോഗൈഃ
പുരാണഗോധൂമയവാന്നരൂക്ഷ-
സ്സമൂലകൈർജ്ജീർണ്ണഘൃതൈഃ പ്രസാധ്യം. ൨൭

ജയേത്തഥാ നസ്യവിധാനമത്ര
മധൂകസാരൈരതിസൂക്ഷ്മപിഷ്ടൈഃ
[illegible]
ദേവദ്രുമൈലാഗുരുഭിഃ ശിരശ്ച. ൨൮

[illegible]
[illegible]
കൃഷ്ണാഫലാശുണ്ഠീമധുകോൽപലാനാം
ശതാവരീനീരജലൈഃ പ്രപിഷ്ടം.

ശിരഃപ്രലേപശ്ശിരസോ [illegible]
സദ്യോ നിഹന്ത്യാനനഹിതം ച ചിത്രം. ൨൯

ലംഘനം, രൂക്ഷങ്ങളായും തീക്ഷ്ണങ്ങളായും ഇരിക്കുന്ന ധൂമം, അവപീഡം ഇവകൊണ്ടും, തീക്ഷ്ണയോഗങ്ങളും, പഴകിയ ഗോതമ്പ്, യവം ഇവയുടെ ചോറ് [illegible] ഭക്ഷിച്ചും പഴകിയ നെയ്യുപുരട്ടിയും നസ്യം ചെയ്തും കഫജമായ ശിരോരോഗത്തെ ചികിത്സിക്കണം. ഇരിപ്പക്കാതൽ [illegible] കന്മദം തകരം മുത്തങ്ങ അരത്ത ദേവതാരം [illegible] യാങ്കം രാമച്ചം ഇവ നല്ലവണ്ണം അരച്ച് [illegible] ഉരുകുടാതെ രൂക്ഷങ്ങളും ഉഷ്ണങ്ങളുമായ മററു യോഗങ്ങളും പ്രയോഗി

ക്കാം. കറുത്തതമിഴാമ ചുക്ക് ഇരട്ടിമധുരം ചെങ്ങഴിനീർക്കിഴങ്ങ് ഇവ ശതാവരിനീരിൽ നല്ലവണ്ണം അരച്ച് ശിരസ്സിൽ ലേപനം ചെയ്ക; ശിരഃശൂലം പെട്ടെന്നു ശമിക്കും.

യവഷഷ്ടികയോശ്ച പത്ഥ്യമന്നം
[illegible]
വരമുദ്ഗകുലത്ഥജം രസശ്ച
പ്രതിദദ്യാൽ ഖലു മാത്രയാ ഭിഷക്. ൩൦

യവം ഞവര [illegible] മാംസം [illegible] ചെറുപയറിൻ ചാറ് മുതിരച്ചാറ് ഇവയൊക്കെയും ശിരോരോഗ [illegible] പത്ഥ്യമാണ്.

ഹരിദ്രാദിതൈലം.

ഉഭേ ഹരിദ്രേ സരളം കണാ ച
വിഡംഗകശ്രീത്രിദശാഹ്വകാദ്യൈഃ
ദ്രാക്ഷാരുണാവേതസമൂലപത്ര-
കോശീരസൌവർച്ചലഗന്ധകാളൈഃ. ൩൧

ബലാ തഥാ രോഹിഷപല്ലവാശ്ച
സൌവർച്ചലം വൈ മധുകേന സാർദ്ധം
ബിലപ്രമാണൈരഖിലൈരമീഭിഃ
പ്രസ്ഥപ്രമാണം തിലതൈലമേകം. ൩൨

തൈലാൽ പയോഭിർദ്വിഗുണം പ്രപാച്യം
ശിരോരുജം നസ്യവിധാനയോഗാൽ
ശ്ലേഷ്മോദ്ഭവം വാ ത്രിഭവം ച ഹന്യാൽ
തഥോപജിഹ്വം ഖലു ഗണ്ഡമാലാം. ൩൩

കണ്ഠസ്യ ശാലൂകഗദം വിദാരീം
മുഖസ്യ ശോഷം ച പലസ്യ പാകം
ഗളഗ്രഹം സംചലനം രദാനാം
ഹനോഃ പ്രകമ്പം വിനിഹന്തി സദ്യഃ ൩൪

മഞ്ഞൾ മരമഞ്ഞൾ ചരളം തിപ്പലി വിഴാലരി കൂവളത്തിൻവേര് ദേവതാരം മുന്തിരിങ്ങാപ്പഴം മഞ്ചട്ടി ആററുവഞ്ചിവേര് പവേര് ദേവതാരം [illegible] ഇരുവേലി രാമച്ചം തുവർച്ചിലക്കാരം ചന്ദനം [illegible] കുറുന്തോട്ടിവേര് ഇരുമുകം രാമച്ചം തുവർച്ചിലക്കാരം [illegible] ത് നാന്മുകപ്പുല്ല് തുവർച്ചിലയുപ്പ് ഇരട്ടിമധുരം ഇവ ഓരോ പലം വീതം അരച്ചുകലക്കി രണ്ടിടങ്ങഴി പാലും ഇടങ്ങഴി എള്ളെണ്ണയും ചേൎത്ത് പാകത്തിൽ കാച്ചിയരിച്ചെടുത്ത് നസ്യം ചെയ്യുക; കഫജമായും ത്രിദോഷജമായും ഇരിക്കുന്ന തലവേദന, ഉപജിഹ്വം, ഗണ്ഡമാല മുതലായ പല രോഗങ്ങളും ശമിക്കും.

ത്രിദോഷജമായ ശിരോരോഗത്തിന്റെ ചികിത്സ.

ത്രിദോഷജേ ചാഥ ശിരോഗദേ ച
കാര്യാ ക്രിയാ യാ ച ത്രിദോഷഹന്ത്രീ
പാനം ച ജീർണ്ണസ്യ ഘൃതസ്യ വൈദ്യൈ-
രുക്തം തഥാസ്മിൻ ബഹുധാ വിചാര്യ. ൧൭

ത്രിദോഷകോപത്താൽ ഉണ്ടായ ശിരോരോഗത്തിൽ ത്രിദോഷഹരമായ ക്രിയ ചെയ്യണം. അതുകൂടാതെ പഴകിയ നെയ്യ് കുടിക്കുന്നതും നല്ലതാണ്.

നസ്യം.

കട്ടത്രികോഗ്രാസുരദാരുരാസ്നാ-
കാഥോ നിശാപുഷ്കരമൂലസിദ്ധഃ
നാസാനിപീതശ്ച ശിരോർത്തിമുഗ്രാം
കല്ക്കേന ശുണ്ഠ്യാസ്ത്രിഭവം നിഹന്യാൽ. ൧൮

ചുക്ക മുളക തിപ്പലി വയമ്പ് ദേവതാരം അരത്ത മഞ്ഞൾ പുഷ്കരമൂലം ഇവ കഷായംവെച്ചോ ചുക്ക് മാത്രം അരച്ചു കലക്കിയോ നസ്യം ചെയ്യുക; ത്രിദോഷജമായ ശിരോരോഗം ശമിക്കും.

മധുകാദിഘൃതം.

മധുകേന മധൂകനാഗരാണാം
സഹ ഭൃംഗദ്രവജന്തുശത്രുസിദ്ധം
ഘൃതമാശു ഷഡേവ ബിന്ദുഭിഃ
പ്രമിതം ഘ്രാണഗതം ശിരോർത്തിഹാരീ. ൧൯

ഇരട്ടിമധുരം ഇരിപ്പക്കാതൽ ചുക്ക് കൃമിശത്രു ഇവ കല്ക്കമായി കയ്യോന്നിനീരും ചേർത്ത് നെയ്കാച്ചി ആറുതുള്ളിവീതം നസ്യം ചെയ്യുക; തലവേദന ശമിക്കും

ക്ഷയജശിരോരോഗത്തിന്.

ക്ഷയപ്രവൃത്തേ ക്ഷയനാശകാരീ
കാര്യോ വിധിർബൃംഹണ ഏവ സദ്ഭിഃ
സർപ്പിർവസാ വാ മധുരൈശ്ച സിദ്ധം
പാനം ച വൈദ്യൈർമധുരൈഃ ശൃതം ച. ൨൦

ക്ഷയജമായ ശിരോരോഗത്തിൽ ക്ഷയത്തെ നശിപ്പിക്കുന്നതും തടിപ്പിക്കുന്നതും ആയ ക്രിയ ചെയ്യണം. അതുകൂടാതെ നെയ്യ് വസ ആട്ടിൻമാംസം ഇവയും, കുടിക്കുന്നതിന് മധുരദ്രവ്യങ്ങൾ കൊണ്ട് കുറുക്കിയ ജലവും ഉപയോഗിക്കാം.

കൃമിജമായ ശിരോരോഗത്തിന്.

വാതഘ്നമുക്തം കൃമിജേ കട്ടനാം
ത്രയം ച നക്താഹ്വജശിഗ്രുബീജൈഃ
മൂത്രൈരജാനാമപി നാവനം സ്യാൽ
കൃമിപ്രണാശായ വദന്തി വൈദ്യാഃ. ൨൧

കൃമിജമായ ശിരോരോഗത്തിൽ വാതഹരമായ ക്രിയചെയ്യണം. അതുകൂടാതെ ചുക്ക മുളക തിപ്പലി പുങ്കിൻഅരി മുരിങ്ങയരി ഇവ ആട്ടിൻമൂത്രത്തിൽ അരച്ചു നസ്യം ചെയ്യുക; കൃമികൾ നശിക്കും.

സൂര്യാവർത്തചികിത്സ.

സൂര്യാവർത്തഗദേ ച നസ്യമുദിതം സർപ്പിർഗ്ഗുഡൈസ്സാധിതം
ഭക്ഷ്യം ഹവ്യസുസിദ്ധമേവ ബഹുധാ പൂപാന്നമത്ര സ്ഫുടം
പാനം വാ ഘൃതദുഗ്ധയോരഥ തഥാ നസ്യം തഥാ കല്പയേൽ
ക്ഷീരേ മാത്രതിലാൻ പ്രപേഷ്യ മതിമാൻ കുര്യാൽ പ്രലേപം തഥാ

സൂര്യാവർത്തത്തിൽ മുൻപറഞ്ഞ നസ്യവും, നെയ്യ് ശർക്കര ഇവകൊണ്ട് സാധിതമായ ഭക്ഷ്യവും, നെയ്യാൽ ഉണ്ടാക്കിയ അപ്പം അന്നം ഇവയും ഉപയോഗിക്കണം നെയ്യ് പാൽ ഇവ കുടിക്കയും, നസ്യം ചെയ്കയും പാലിൽ എള്ള് പുഴുങ്ങി അരച്ച് ലേപനം ചെയ്യുകയുമാകാം.

അർദ്ധപ്രഭേദചികിത്സ.

തഥാ ജീവനീയൈഃ പ്രലേപോഽഥ നസ്യം
വിധേയം ച ഛാഗീപയോഭിഃ സമാനൈഃ
ദ്രവൈർഭൃംഗരാജസ്യ ധർമ്മപ്രതപ്തൈഃ
പ്രകുര്യാദിഹാർദ്ധപ്രഭേദസ്യ നാശം. ൨൨

ജീവനീയഗണങ്ങൾ അരച്ച് ലേപനം ചെയ്യുക; ആട്ടിൻപാലും കയ്യോന്നിനീരുംകൂടി ചേർത്ത് വെയിലത്തുവെച്ചു തിളപ്പിച്ച് ആറിയാൽ നസ്യം ചെയ്യുക; അർദ്ധപ്രഭേദം ശമിക്കും.

ശിരോരോഗത്തിനു കഷായം.

ശിവാധാത്രീരാത്രിത്രിദശവരഭാഗൈഃ കലിഫല-
ത്വചാ ഭൂനിംബാനാം ശൃതമപി ഗുഡാഢ്യം പിബതി യഃ
കഷായം ഭ്രൂശംഖപ്രഭവമഥ നേത്രാർദ്ധശിരജം
മഹാശൂലം സദ്യോ ജയതി നിതരാം സൂര്യശശിനോഃ. ൨൩

കടുക്കാത്തോട് നെല്ലിക്കാത്തോട് മഞ്ഞൾ അമൃത് താന്നിക്കാത്തോട് ഇലവങ്ഗം പൂത്തരിച്ചുണ്ടവേര് ഇവ കഷായംവച്ച് ശ

ക്കര മേമ്പൊടിചേൎത്തു സേവിക്കുക; പുതികം ചൊന്നി നേത്രാക്ഷം
ശിരസ്സ് ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന വേദനയും പകൽ ഉണ്ടാ
കുന്ന തലവേദനയും രാത്രിയിൽ ഉണ്ടാകുന്ന തലവേദനയും ശ
മിക്കും.

ശംഖകചികിത്സ.

ദാവീനിശാപത്മകനിംബകാനാം-
പ്രലേപനം വൈ നളദേന പിഷ്ടം
ശംഖപ്രഹാരി പ്രഥിതം ച ശീത-
ജലാഭിഷേകോऽപ്യഥവാ പയോഭിഃ. ൩൨

മരമഞ്ഞൾ മഞ്ഞൾ പത്മകം വേപ്പിൻതൊലി ഇവ രാമ
ച്ചം ഇവ അരച്ചു ലേപനം ചെയ്യുക; തണുത്ത വെള്ളംകൊണ്ടു ധാ
രചെയ്യുക; അല്ലെങ്കിൽ പാലുകൊണ്ടു ധാരചെയ്യുക; ശംഖകം ശ
മിക്കും.

സക്ഷീരവൃക്ഷത്വചഭിഃ പ്രപിഷ്ടൈർ-
ല്ലേപസ്തു ശംഖസ്യ വിനാശനായ
സമാക്ഷികാഭ്യാം മധുകസ്യ ചൂൎണ്ണം
നസ്യം തുരീയാംശവിഷാണമാത്രം. ൩൩

നാല്പാമരത്തിൻതൊലി അരച്ചു ലേപനംചെയ്യുക; ഇരട്ടിമധുരം ഇവ പൊടിച്ചു നാലിലൊരുഭാഗം ശുദ്ധിചെയ്ത
വാ ഇരട്ടിമധുരം ഇവ പൊടിച്ചു നാലിലൊരുഭാഗം ശുദ്ധിചെയ്ത
വിഷവുംചേൎത്തു നസ്യംചെയ്യുക; ശംഖകം ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ശിരോരോഗാധികാരം എന്ന
രണ്ടാംസ്തബകം കഴിഞ്ഞു.

അഥ ഏകോനപഞ്ചാശസ്തബകഃ.

സ്ത്രീരോഗാധികാരഃ.

പ്രദരരോഗനിദാനം.

വിരുദ്ധാന്നമദ്യാശനാൽ ഗൎഭപാതാ-
ദജീൎണ്ണാത്തഥാ മൈഥുനസ്യാതിയോഗാൽ
അഥോ ചാതിയാനാച്ച ശോകാദുപകൎശാ-
ദതീഭാരാഭിഘാതാൽ ദിവാസ്വാപതഃ. ൧

വിരുദ്ധാന്നം ഭക്ഷിക്കുക; സംയോഗവിരുദ്ധമായ മദ്യം സേ
വിക്കുക; അതിഭക്ഷണം കഴിക്കുക; ഗൎഭമലസുക; അജീൎണ്ണമായ അ
ന്നം ഭക്ഷിക്കുക; അതിമൈഥുനം ചെയ്ക; വാഹനത്തിൽ കയറി സ
ഞ്ചരിക്കുക; അധികമായി ദുഃഖിക്ക; അധികം വഴിനടക്കുക; അധി
കം പട്ടിണികിടക്കുക; വലിയ ചുമടെടുക്കുക, അടി ഏൽക്കുക, പക
ലുറങ്ങുക ഇവയൊക്കെയും പ്രദരരോഗത്തിൻെറ നിദാനങ്ങളാണ്.

അസൃഗ്ദരത്തിൻെറ സംഖ്യയും സാമാന്യരൂപവും.

ഭവേച്ശ്ലേഷ്മണഃ പിത്തവാതപ്രകോപാൽ
ത്രികോപാദ്ദരോऽസൃഗ്ഭവഃ സ്ത്രീഗണാനാം
സ്വദോഷാനുരൂപൈശ്ച വൎണ്ണൈസ്സവേദൈ-
ൎയ്യുതാ ചാങ്ഗമൎദ്ദേന യുക്താഃ പ്രകാരാഃ. ൨

കഫം പിത്തം വാതം ഇവ ഓരോന്നും കോപിച്ചും ത്രിദോഷ
ങ്ങൾ എല്ലാംകൂടി കോപിച്ചും ഇങ്ങനെ സ്ത്രീകൾക്ക പ്രദരം (അ
സൃഗ്ദരം) നാലുവിധം ഉണ്ടാകും. ഏതു ദോഷമാണോ കോപി
ച്ചിരിക്കുന്നത് ആ ദോഷത്തിനനുസരിച്ച നിറവും വേദനയും ശ
രീരത്തിനു കഴപ്പും ഉണ്ടായിരിക്കും.

കഫപ്രദരലക്ഷണം.

ആമം തു പിച്ഛിലമലം തു പുലാകതോയ-
തുല്യം ച പാണ്ഡു പ്രദരം ച കഫേന ചേഷൽ

ആമരസത്തോടുകൂടിയും ഇലവിൻപശപോലെയും ഉമി ക
ഴുകിയ വെള്ളത്തിൻെറ നിറത്തിലും വെളുത്തും ഇരിക്കുന്നതു കഫപ്ര
ദരത്തിൻെറ ലക്ഷണമാകുന്നു.

പിത്തപ്രദരലക്ഷണം.

പീതം ശിതം ച ബഹു നീലിമരക്തകൃഷ്ണ-
വൎണ്ണാത്മകം ച ഭൃശവേഗിരുജം ച പിത്താൽ. ൩

അല്പമായി മഞ്ഞളിച്ചും തീക്ഷ്ണമായും നീലിച്ചും ചുവന്നും
കറുത്തും വളരെ വേഗത്തോടും വേദനയോടുംകൂടിയിരിക്കുന്നതു പി
ത്തപ്രദരത്തിൻെറ ലക്ഷണമാണ്.

വാതപ്രദരലക്ഷണം.

രൂക്ഷാരുണം വാതഭവം തഥാല്പ-
മല്പം വിശേഷാദപി ഫേനിലം ച
സതോദമേനം പ്രദരം സുവൈദ്യാ
മാംസോദകാഭം പ്രവദന്തി സൎവ്വേ. ൪

രക്തം രൂക്ഷമായും ചെമ്പിച്ചും നുരപോലെയും കുത്തിനോ

വോട്ടുകൂടിയും മാംസം കഴുകിയ വെള്ളംപോലെയും കുറേശ്ശ സ്രവി ക്കുന്നതു് വാതപ്രദരത്തിൻെറ ലക്ഷണമാണ്.

സന്നിപാതപ്രദരലക്ഷണം.

ക്ഷൌദ്രഘൃതഹരിതാലസന്നിഭം
മജ്ജയാ ച കുണപം ത്രിദോഷജം
വർജ്ജയേച്ച പ്രദരം ഭിഷക് സദാ
ഭേഷജം ച നിഹിതം ന സമ്മതം. ൫

തേൻ നെയ്യ് ഹരിതാലം ഇവയുടെ നിറംപോലെയും മജ്ജയോടു തുല്യമായും ശവത്തിൻെറ ഗന്ധത്തോടുകൂടിയും ഇരിക്കുന്നതു സന്നിപാതാസൃഗ്ദരത്തിൻെറ ലക്ഷണമാണ്. ഇതു അസാദ്ധ്യമാകയാൽ ചികിത്സിക്കേണ്ട ആവശ്യമില്ല.

പ്രദരത്തിലെ ഉപദ്രവങ്ങൾ.

അതിപ്രവൃത്തൌ പ്രദരസ്യ കാർശ്യം
ശ്രമോഽഥ മൂർഛാ ച മദസ്തൃഷാ ച
ദാഹപ്രലാപോഽപ്യതി പാണ്ഡുതാ ച
വാതപ്രഭൂതാ വിവിധാ ഗദാഃ സ്യുഃ. ൬

പ്രദരത്തിൽ രക്തം അധികം സ്രവിച്ചുപോയാൽ കാർശ്യം ക്ഷീണം, മൂർച്ഛ, മദം, തണ്ണീർദാഹം, ചുട്ട്, അസംബന്ധം പറയുക, അതിയായ വിളർച്ച, വാതജങ്ങളായ പല രോഗങ്ങളും ഇവ ഉണ്ടാകും.

പ്രദരത്തിൻെറ അസാദ്ധ്യത്വം.

ശശ്വൽദ്രവന്തീമപി വേഗഹീന-
മാസ്രാവമസ്മിൻ പ്രദരേ കൃശാംഗീം
തൃഷ്ണാതിദാഹജ്വരതോകരക്താം
നാരീമസാദ്ധ്യാം പ്രവദന്തി വൈദ്യാഃ. ൭

എല്ലായ്പോഴും രക്തം സ്രവിക്കുക, ശരീരം ചടയ്ക്കുക, തണ്ണീർദാഹം, വലിയചുട്ട്, ജ്വരം, രക്തക്ഷയം ഇവയുണ്ടായിരിക്കുക, ഈ ലക്ഷണങ്ങൾ ഉള്ള അസൃഗ്ദരരോഗിണിയെ ഉപേക്ഷിക്കണം.

ശുദ്ധാർത്തവലക്ഷണം.

അപിച്ഛിലം ദാഹരുജാവിഹീനം
യൽ പഞ്ചരാത്രാനുവിബന്ധിനാല്പം
നൈവാധികം ശുദ്ധമിഹാർത്തവം യൽ
പൂർവം പ്രവൃത്ത്യാ ച പ്രവൃത്തിരേതി. ൮

പശപോലല്ലാതെയും ചുട്ട് വേദന ഇവയോടു കൂടാതെയും അഞ്ചുദിവസംവരെ തുടർന്നുനിൽക്കുന്നതും അത്യല്പവും അത്യധികവും അല്ലാതെ സ്രവിക്കുന്നതും ആയ രക്തം ശുദ്ധരക്തമാകുന്നു.

വാതപ്രദരചികിത്സ.

സൌവർച്ചലം ജീരകനീലപത്മം
സമാക്ഷികം വൈ മധുകേന സാർദ്ധം
ദധ്നാ പിബേദ്വാ വനിതാ പ്രകാമ-
മസൃഗ്ദരാദ്വാതഭവാൽ പ്രമുച്യേൽ. ൯

തുവർച്ചിലക്കാരം ജീരകം കരിങ്കൂവളക്കിഴങ്ങ് ഇരട്ടിമധുരം ഇവ പൊടിച്ചു തേനുംചേർത്തു തൈരിൽ സേവിക്കുക; വാതജമായ അസൃഗ്ദരം ശമിക്കും.

അന്യയോഗം.

മധുകം സസിതം ച കർഷയുഗ്മം
പ്രപിബേത്തണ്ഡുലവാരിണാത്ര നാരീ
പ്രദരാൽ പ്രതിമുച്യതേ നിതാന്തം
ധൃതമേഷാ ജനനീ ഭവേൽ സുതാനാം. ൧൦

മൂന്നുകഴഞ്ചു ഇരട്ടിമധുരം പൊടിച്ചു മൂന്നുകഴഞ്ചു പഞ്ചസാരയുംചേർത്തു അരിക്കാടിയിൽ സേവിക്കുക; പ്രദരം ശമിക്കുകയും സന്താനം ഉണ്ടാകയും ചെയ്യും.

പാൽകഷായം.

പ്രസ്ഥദ്വയേ വാരിണി പാച്യ സമ്യക്
ത്വചോ ഹ്യശോകസ്യ പലാഷ്ടശേഷേ
നീരേ ശൃതേ തുല്യപയോ ഗവീനാം
ദുഗ്ദ്ധാവശിഷ്ടം സുശൃതം പിബേദ്വാ. ൧൧

രണ്ടിടങ്ങഴിവെള്ളത്തിൽ അശോകത്തിൻതൊലി പചിച്ച് എട്ടിലൊന്നാക്കി അതിനുസമം പശുവിൻപാലുംചേർത്തു വററിച്ചു പാലാക്കി കുടിക്കുക; അസൃഗ്ദരം ശമിക്കും.

മററൊരുയോഗം.

ദാർവീകുചന്ദനകിരാതതിനേശപുഷ്പ-
വിശ്വാവൃഷാബ്ദകരസാഞ്ജനവാരിപക്വം
പീതം സമാക്ഷികമലം പ്രദരം നിഹന്തി
ശ്വേതാസിതം ച സരുജം ച വിലാസിനീനാം. ൧൨

മരമഞ്ഞൾത്തൊലി രക്തചന്ദനം പുത്തരിച്ചുണ്ടവേരു് എരിക്കിൻപൂവു് ചുക്കു ആടലോടകത്തിൻവേരു് മുത്തങ്ങാക്കിഴങ്ങു് ര

സാഞ്ജനം ഇവ കഷായംവച്ച് തേൻ മെഴുകൊടിച്ചു ചേൎത്തു സേവിക്കുക; മഞ്ഞനിറത്തിലും കറുത്തും വേദനയോടുകൂടിയും രക്തംപോകുന്ന പ്രദരം ശമിക്കും.

അന്യയോഗം.

ഏലാദ്രാക്ഷാനളദശിശിരം ശാരിബാ മത്സ്യപിത്താ
ലോധ്രം തദ്വൽ പട്ടമപി തഥാ കേചകം പാംശുകന്യാ
ഇക്ഷോൎന്നീരൈരഖിലമഥവാ യാ പിബേൽ കാമിനീ സാ
സദ്യോ മുച്യേൽ പ്രദരദരതോ വാതജാതാൽ പ്രകാമം. ൮൩

ഏലത്തരി മുന്തിരിങ്ങാപ്പഴം രാമച്ചം ചന്ദനം നറുനീണ്ടിക്കിഴങ്ങ് കടുകരോഹിണി പാച്ചോറ്റിത്തൊലി ഇരുവേലി സൌവീരാഞ്ജനം മൂവില ഇവ എല്ലാംകൂടി പൊടിച്ച് കരിമ്പിൻനീരിൽ സേവിക്കുക; വാതജമായ പ്രദരരോഗം ശമിക്കും.

നാലുയോഗങ്ങൾ.

സശൎക്കരം മാക്ഷികസംയുതം വാ
വാശാരസം വാ മധുശൎക്കരാഭ്യാം
സുധാലതായാഃ സ്വരസം തഥൈവ
വിദാരികായാശ്ച വരീഭവം സാ. ൮൪

പക്ഷസാരയും തേനും കൂടിയോ; ആടലോടകത്തിൻനീരിൽ തേനും പഞ്ചസാരയും ചേൎത്തോ; അമൃതിൻനീരിൽ തേനും പഞ്ചസാരയുംചേൎത്തോ; പാൽമുതക്കിൻനീരും ശതാവരീരസവും കൂടിയോ സേവിക്കുക; പ്രദരം ശമിക്കും.

കാഥിതവേണപ്രദളാനി പിഷ്ട്വാ
സമാനി ഭുക്താനി ച മാക്ഷികേന
സ്ത്രീണാമസൃക് പൂൎവ്വദരം നിഹന്യാൽ
തീവ്രം തഥാ ചന്ദനകാദിചൂൎണ്ണം. ൮൫

വിളാൎമരത്തിന്റെ ഇലയും മുളന്തിലയും കൂടി സമമായി എടുത്ത് അരച്ച് തേനുംചേൎത്തു സേവിക്കുകയോ ചന്ദനാദിചൂൎണ്ണംസേവിക്കുകയോ ചെയ്യുക; അസൃഗ്ദരം ശമിക്കും.

രണ്ടുയോഗങ്ങൾ.

കരുണ്ടവേരീജൈമധുകം സിതാം വാ
സുചന്ദനം പേഷ്യ പിബേദ്ധി രാമാ
സവേദനാൽ സാ പ്രദരാൽ പ്രമുച്യേ-
ദശോകജകാഥശൃതം പയോ വാ. ൮൬

മഞ്ഞക്കുറുഞ്ഞിയുടെ അരി ഇരട്ടിമധുരം വെൺചന്ദനം ഇവ അരച്ചുകുടിക്കുകയോ അശോകത്തിൻതൊലി കഷായംവച്ച് അതിൽ പാൽചേൎത്തു കുറുക്കി കുടിക്കുകയോ ചെയ്യുക; വേദനയോടുകൂടിയ പ്രദരം ശമിക്കും.

സമംഗാമദാലോധ്രനീലോൽപലാനി
യവക്ഷാരയുക്താനി വാമാ നിപീയ
ജയേല്ലോഹിതോദ്രേകവേഗം തരാ വാ
വനോദുംബരോത്ഥം ജലം മാക്ഷികേന. ൮൭

മഞ്ചട്ടി താതിരിപ്പൂവ് പാച്ചോറ്റിത്തൊലി കരിങ്കൂവളക്കിഴങ്ങ് ചവൎക്കാരം ഇവ കഷായംവച്ച് സേവിക്കയോ കാട്ടത്തി കഷായംവച്ച് തേൻചേൎത്തു സേവിക്കുകയോ ചെയ്യുക; രക്തത്തിന്റെ വേഗത്തോടുകൂടിയ ഗതി ശമിക്കും.

കഫജമായ അസൃഗ്ദരത്തിന്.

മധുകഫലത്രയലോധ്രഘനാനാം
സമധുസുരാഷ്ടികനിംബസുധാഭിഃ
കഫജമസൃഗ്ദരമുപഹന്യാ-
ദശിതമദോ രജരമലവധൂഭിഃ. ൮൮

ഇരട്ടിമധുരം ത്രിഫല പാച്ചോറ്റിത്തൊലി മുത്തങ്ങാക്കിഴങ്ങ് തുവരിമണ്ണ്, വേപ്പിൻതൊലി അമൃത് ഇവ പൊടിച്ച് തേനിൽ സേവിക്കുക; കഫജമായ അസൃഗ്ദരം ശമിക്കും.

പുഷ്യാനുഗചൂൎണ്ണം.

ജംബ്വാമ്രയോരസ്ഥിയുതാ ച പാഠാ
രസാഞ്ജനേനാശ്മഭിദാസമംഗാ
അംബഷ്ഠകീ മോചരസേന പത്മ-
ജാതം തഥാ കേസരമംബുവാഹം. ൮൯

ലോധ്രം വിഷാഗൈരികവില്വശുണ്ഠി
ദ്രാക്ഷാമദാപുഷ്പയുതാഞ്ജനാനി
ച ചന്ദനം വത്സകമത്സ്യപിത്താ-
നന്താ ച പുഷ്യേണ സമുദ്ധൃതാനി. ൯൦

സൎവ്വാണി തുല്യാനി വിചൂൎണ്ണിതാനി
നിത്യം ച ക്ഷൌദ്രേണ സമാശ്രിതാനി
സുതണ്ഡുലാനാമപി ധൌതനീരൈ-
രൎശസ്വതീസാരഗദേഷു ചാപി. ൯൧

യോന്യാമയേ ദോഷകൃതേപി ത
സിതാസിതേഷു പ്രദരേഷു പേയം

യേ ബാലദോഷാ അപി തത്ര തേഷു
പുഷ്യാനുഗം ചൂൎണ്ണമിദം പ്രദദ്യാൽ. ൪൨

അത്രേയപൂജിതം ചൂൎണ്ണമേതൽ പുഷ്യാനുഗം ഭജേൽ
യാ നാരീ പ്രദരാത്തുൎണ്ണാ നാനാവൎണ്ണാൽ പ്രമുച്യതേ.

ഞാവലിന്റെയും മാങ്ങയുടെയും അകത്തെ അസ്ഥി പാടക്കിഴങ്ങ് രസാഞ്ജനം കല്ലൂർവഞ്ചിവേര് മഞ്ചട്ടി പുളിയാരൽ ഇലവിൻപശ താമരയല്ലി മുത്തങ്ങാ പാച്ചോററിത്തൊലി അതിവിടയം കാവിമണ്ണ് കൂവളത്തിൻവേര് ചുക്ക് മുന്തിരിങ്ങാപ്പഴം താതിരിപ്പൂവ് സൌവീരാഞ്ജനം രക്തചന്ദനം കുടകപ്പാലയരി കടുകുരോഹിണി കൊടിത്തൂവവേര ഇവയെല്ലാം പൂയം നക്ഷത്രത്തിൽ പറിച്ചു സമഭാഗങ്ങളായെടുത്തു അരച്ചു തേൻകൂട്ടി അരിക്കാടിയിൽസേവിക്കുക; അർശസ്സ്, അതിസാരം, യോനിരോഗം, വെളുത്തും കറുത്തും ജലം സ്രവിക്കുന്ന പ്രദരം ഇവ ശമിക്കും.

ഘൃതയോഗങ്ങൾ.

പ്രസ്ഥമശോകജവൽക്കലമംബു-
ദ്രോണമിതേ പരിപാചിതശേഷേ
അംബുനി തണ്ഡുലവാരിസമാനം
പാദമിതോംബുസമാനമജായാഃ. ൪൩

ദുഗ്ദ്ധമഥോത്ര ച ഘൃതമപി പയസാ
തുല്യമതഃ സമമേവ ച ഭാണ്ഡേ
ജീവകരസമപി കേസരദ്രാക്ഷാ
ശോകരതുജവരമൂലവരീണാം. ൪൪

ജീവനഗണവരയുക്തപത്രൈഷൎ-
മ്മോഥരവഞ്ജുടയാതനയഷ്ടീ
ഔഷധിഗണമിദമേവ പ്രിയാളൈ-
രൎദ്ധതുലിതപലസമ്മിതമാനൈഃ. ൪൫

തുല്യരസജസമകല്പിതസൎവം
മൂൎച്ഛിതവസുപലഖണ്ഡസമേതം
പുഷ്യ വിദിതവരശുഭദിനേ തൽ
പാച്യമമൃതമഥ പ്രദരഘ്നം. ൪൬

വിപീതം തൽ സൎപ്പിൎമ്മൃദുദഹനസിദ്ധം സിതതരം
സുരക്തം പീതം വാ സരുജമഥവാ നീലമസകൃൽ
പ്രവൃത്തം രാമാണാം പ്രദരമനിശം ഹന്തി കൃശതാം
കടീശൂലം കുക്ഷിപ്രഭവമഥവാ യോനിജമലം. ൪൭

അരുചിമലനമാന്ദ്യം പാണ്ഡുതാമങ്ഗകാൎശ്യം
ശ്വസനകസനവേഗൈഃ പീഡിതാനാം ജനാനാം
ശമയതി ബഹുധായുഃപുഷ്ടിവൎണ്ണപ്രകാരീ
പ്രഗദിതമിഹ സുധന്യം വിഷ്ണുനാ ഭൂതഹേതോഃ. ൪൮

ഒരിടങ്ങഴി അശോകത്തിൻതൊലി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വച്ചു ൪ ഇടങ്ങഴിയാക്കി അത്രയും അരിക്കാടിയും ചേൎത്തു നാലൊന്നാക്കി അത്രയും ആട്ടിൻപാലും അത്രയും നെയ്യും ചേൎത്തു ഒരു പാത്രത്തിലാക്കി ജീവകരസം താമരയല്ലി മുന്തിരിങ്ങാപ്പഴം അശോകത്തിൻവേര് ശതാവരിക്കിഴങ്ങു ജീവനീയഗണം ചിററീന്തലിൻവേര് ചെറുകടലാടിവേര് കുങ്കുമപ്പൂവ് ഇരട്ടിമധുരം മുരൾമരത്തിൻഫലം ഇവ അരപ്പലം വീതം കല്കം ചേൎത്തു അരിക്കുന്ന പാത്രത്തിൽ എട്ടുപലം കല്ക്കണ്ടവും ഇട്ടു മൃദ്വഗ്നിയിൽ പൂയംദിവസം കാച്ചി എടുത്തു സേവിക്കുക; വെളുത്തും ചുവന്നും മഞ്ഞളിച്ചും വേദനയോടുകൂടിയും സ്രവിക്കുന്ന പ്രദരം, കൃശതാ, അരക്കെട്ടിനുള്ള വേദന, വയററിൽ വേദന, യോനിവേദന, അരുചി, അഗ്നിമാന്ദ്യം, വിളൎച്ച, ശ്വാസകാസം മുതലായ സകല രോഗങ്ങളും ശമിക്കും. ആയുസ്സ വൎദ്ധിക്കും. ഈ അശോകഘൃതം വിഷ്ണുവിനാൽ പറയപ്പെട്ടിട്ടുള്ളതാണ്.

ശീതകല്യാണഘൃതം.

കുമുദമൂൽപദ്മശാലി ബലാജടാ-
പൃതിബലാജടയാ മധുയഷ്ടികാ
യവനഭോജനധാന്യശതാവരീ-
കലശികാത്രപുസീകദളീഫലൈഃ. ൪൯

അപി ച മുദ്ഗദളാവരകാശ്മരീ
നളദജീവകപത്മകദുഗ്ദ്ധികാ
ഇഹ ച താലശിരശ്ച വിദാരികാ
സമമിദം പൃഥഗേവ പലാൎദ്ധകം. ൫൦

ദ്വിഗുണനീരമലം ച ചതുൎഗ്ഗുണം
പയ അഥോത്ര ഗവാമപി പ്രസ്ഥകം
ഘൃതമിദം ശൃതശേഷമലം സദാ
ജയതി യാ പ്രമദാ പ്രദരാദ് ധ്രുതം. ൫൧

രുധിരഗുന്മഗദാശ്ച വിമുച്യതേ
രുധിരപിത്തഹലീമകഗൎഭജാൽ

ബഹ്വളത്രുപകപിത്തഗദാൻ ധ്രുവം
മദമദഭ്രമദഭ്രമമാശു ച. ൨൫

അരോചകം ജീർണ്ണതാം ജ്വരം ച
മദം ഭ്രമം പാണ്ഡുഗദം നിഹന്തി
വാമാല്പപുഷ്പാ തരുണീ ന ഗർഭം
യാ വിന്ദതി പ്രാഗ് ലഭതേ സുഗർഭം. ൨൬

ആറാന്യമന്യേ ച ച കാമിനീനാം
പ്രീതിപ്രവൃദ്ധിം ച ദദാതി കർമ്മ
സുശീതകല്യാണമിദം ഘൃതം ച
രസായനം സ്ത്രീനരളക്തമാത്രം. ൨൭

നെയ്യാമ്പൽകിഴങ്ങ് ചെങ്ങഴിനീർകിഴങ്ങ് ചെറുനൊല്ലിൻവേര് കുറുന്തോട്ടിവേര് വലിയകുറുന്തോട്ടിവേര് ഇരട്ടിമധുരം ഗോതമ്പ് ശതാവരിക്കിഴങ്ങ് ഓരിലവേര കാട്ടുവെള്ളരിവേര് കദളിക്കാ കാട്ടുപയറ് കുമ്പിൾവേര രാമച്ചം ജീവകം പതുമുകം അടപതിയൻകിഴങ്ങ് നിലപ്പനക്കിഴങ്ങ് [illegible] ഇവ പ്രത്യേകം അരപ്പലം വീതം കല്ക്കം ചെയ്ത് [illegible]ിന്റെയും രണ്ടിരട്ടി വെള്ളവും പശുവിൻപാൽ നാലിരട്ടിയും നെയ്യ് ഒരിടങ്ങഴിയും ചേർത്ത് കാച്ചി അരിച്ച് സേവിക്കുക; പ്രദരം, രക്തഗുല്മം, രക്തപിത്തം, ഹലീമകം എന്നരോഗം, [illegible] രോഗം മുതലായി ശ്ലോകത്തിൽ പറഞ്ഞിട്ടുള്ള [illegible] എല്ലാം ശമിക്കും. ഋതുരക്തം കുറഞ്ഞും ഗർഭം [illegible]ായും ഇരിക്കുന്ന സ്ത്രീകൾ ഗർഭം ഉണ്ടാകും. [illegible] പ്രീതി വർദ്ധിക്കും.

മുദ്ഗഘൃതം.

യൂഷേണ മുദ്ഗപ്രഭവേണ മാഷ-
ജാതേന രാസ്നാനവനാഗരാണാം
സിദ്ധം കണാമോദ [illegible]-
ഘൃതം [illegible] ൨൮

ചെറുപയറ് ഉഴുന്ന് ഇവയുടെ ചാറെടുത്ത [illegible] അരത്ത കൊട്ടവേലിക്കിഴങ്ങ് ചുക്ക് തിപ്പലി മുത്തങ്ങ ഇവ കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; അസൃഗ്ദരം ശമിക്കും.

ഇങ്ങനെ പ്രദരചികിത്സ കഴിഞ്ഞു.

സോമരോഗം.

തന്നിദാനം.

നിധുവനേഽതിരതാ വനിതാ ച യാ
ശ്രമയുതാപ്യതിശോകയുതാ ത്രു യാ
അപിഗരസ്യ ച ദോഷയുതാ തഥാ
ബഹ്വളമന്ത്രജപാദതിസാരിതാ. ൧

താസാം ശരീരേഷു ചലീഭവന്തി ചാപഃ
ക്ഷുഭ്യന്തി താശ്ചൈവ ഭവന്തി താസാം
സംപ്രച്യുതാ സ്ഥാനത ഏവ മൂത്ര-
മാർഗ്ഗം പ്രജന്തീഹ ച നിർമ്മലാസ്താഃ ൨

നിർഗ്ഗന്ധശീതാ നിരുജാഃ സിതാശ്ച
നിരന്തരശ്ചാവകൃശാതിമാത്രം
കച്ചിന്ന വിന്ദന്തി സുഖം ച താസാം
ശക്നോതി [illegible] ച മൂർദ്ധ്നി [illegible]. ൩

ശൈഥില്യയുക്താ മുഖതാലുശോഷ-
മൂർച്ഛാംഗസംസ്തംഭയുതാതിത്രുക്താ
ഭക്ഷ്യൈഃ പ്രഭോജ്യൈരപി പേയപേയൈ-
ന്ന തൃപ്തിമായാതി ച സോമരോഗേ. ൪

ശരീരസംധാരണതശ്ച സോമ-
ഇതീരിതസ്തസ്യ ച സംക്ഷയാ ദ [illegible]
നിശ്ചേഷ്ടതാ നിർബലതാ ച കാർശ്യം
സംജായതേ സ്ത്രീതനൗ ച സോമേ. ൫

സ്ത്രീകൾക്ക മൈഥുനത്തിൽ അധികം താല്പര്യമുണ്ടാകുക; ഏററവും ക്ഷീണിക്കുക; ഏററവും ദുഃഖിക്കുക; വിഷദോഷം; അതിസാരം ഇവയാൽ അവരുടെ ശരീരത്തിൻ എല്ലായിടത്തും ഉള്ള ജലങ്ങൾ [illegible] ഒഴുകുന്നു. [illegible] സ്ഥാനത്തിൽനിന്നു [illegible]തങ്ങളായ ആ ജലങ്ങൾ മൂത്രമാർഗ്ഗത്തെ പ്രാപിക്കുന്നു.

സോമരോഗലക്ഷണം.

നിർമ്മലകളും മണമില്ലാത്തവയും ശീതങ്ങളും വേദനയില്ലാത്തവയും സിതങ്ങളും ആയ ആ ജലങ്ങൾ അതിമാത്രം സ്രവിക്കുന്നു. അവയുടെ വേഗത്തെ ധരിക്കുന്നതിനു ദുർബലയായ സ്ത്രീക്ക ശക്തി കാണുകയില്ല. ഒരിക്കലും സുഖവും ഉണ്ടായിരിക്കയില്ല. ഇതുകൂടാതെ

അവൾക്കു തലയ്ക്കു കനമില്ലായ്ക, മുഖശോഷം, താലുശോഷം, മൂർച്ഛ അംഗസ്തംഭം, തൊലിക്കു രൂക്ഷത ഇവയുണ്ടാകും. സോമരോഗമുള്ളവൾക്കു് ഭക്ഷണം കഴിച്ചാലും വെള്ളം കുടിച്ചാലും തൃപ്തിവരികയില്ല. ആ ജലങ്ങൾ ശരീരത്തെ സംധാരണം ചെയ്യുന്നതുകൊണ്ടാണു് ഈ രോഗത്തിനു സോമം എന്നു പേരുപറയുന്നതു്. അതിനാൽ സോമം ക്ഷയിച്ചാൽ ദേഹത്തിനു യാതൊരു ചേഷ്ടയും ബലവും ഇല്ലാതാകും. ദേഹം ചടയ്ക്കും. ഈ സോമജലം സവേദനമായി മൂത്രത്തോടുകൂടി സ്രവിക്കും. ഈ രോഗം അതിക്രമിച്ചാൽ മൂത്രാതിസാരമായിത്തീരുകയും ചെയ്യും.

സോമരോഗചികിത്സ.

പക്വേളിമം യൽ കദളീഫലം ച
ധാത്രീഫലാനാം സ്വരസം സിതാ ച
സമാക്ഷികം പീതമലം തദൂന്യാ
സോമസ്യ സന്ധാരണമുക്തമാദ്യൈഃ രഫ

പഴുത്ത കദളിപ്പഴം നെല്ലിക്കായുടെ നീരിൽ കലക്കി പഞ്ചസാരയും തേനും ചേർത്തു സേവിക്കുക; സോമം സ്രവിക്കുന്നതു ശമിക്കും.

മാഷചൂർണ്ണമധുയഷ്ടികാമധു-
ശർക്കരാശ്ച പയസാപി വിദാര്യാഃ
സേവിതാഃ പ്രമദയാ ഘൃതമേതാഃ
സോമവാരിപരിധാരണമുക്തം. രധ

ഉഴുന്നിൻപൊടി ഇരട്ടിമധുരം പാൽമുതക്കിൻകിഴങ്ങു് ഇവ പൊടിച്ചു തേനും പഞ്ചസാരയും പാലും ചേർത്തു സേവിക്കുക; ഇതു സോമജലത്തെ ധരിക്കുന്നതിനു് ഉത്തമമായ ഒരൌഷധമാണു്.

മൂത്രാതിസാരചികിത്സ.

സ ഏവ സോമഃ സരുജഃ സമൂത്ര-
സ്രാവം പ്രജേച്ചൈവ മുഹുർമ്മുഹുശ്ച
തത്ര തൃടീനാമപി പത്രകാണാം
ചൂർണ്ണേന മദ്യേന പിബേത്തയാ ച. രന്ന

സോമരോഗംതന്നെ വേദനയോടുകൂടി മൂത്രസ്രാവമായി തീർന്നാൽ ഏലത്തരി പച്ചില ഇവ പൊടിച്ചു മദ്യത്തിൽ ചേർത്തുകൊടുക്കണം.

താലകന്ദം ച ഖർജ്ജൂരം മധൂകം ച വിദാരികാം
സിതാമധുയുതാം ഖാദേന്മൂത്രാതിസാരനാശനം. രഢ

നിലപ്പനക്കിഴങ്ങു് ചിററീന്തലിൻവേരു് ഇരട്ടിമധുരം പാൽമുതക്കിൻകിഴങ്ങു് ഇവ പൊടിച്ചു പഞ്ചസാരയും തേനും ചേർത്തു സേവിക്കുക; മൂത്രാതിസാരം ശമിക്കും.

കദളീകന്ദഘൃതം.

കദളീകന്ദനിര്യ്യാസദ്രോണേ ശതപലാന്വിതം
കദളീകുസുമം പക്വം ക്വാഥം പാദാവശേഷിതം. ര൩

ഘൃതപ്രസ്ഥം പയസ്തുല്യം പിപ്പല്യേലാലവങ്ഗകം
ശാരിബാന്യ ഫലം മാംസീ കദളീകന്ദചന്ദനം ര൪

ന്യഗ്രോധാദിഗണൈസ്സാർദ്ധം സർവ്വാൻ വാരിസമുദ്ഭവാൻ
സർവ്വം സമം കർഷമാത്രം കല്ക്കീകൃത്വാ പചേച്ഛനൈഃ. ര൫

ഘൃതം ക്വാഥം ച കല്ക്കം ച പക്ത്വാ ചൈവാവതാരയേൽ
പ്രാതഃകാലേ പിബേന്നിത്യം സേവയേൽ കർഷമാത്രകം. ര൬

സോമരോഗം ഹരേദ്ദാഹം മൂത്രകൃച്ഛ്രാശ്മരീം തഥാ
പ്രമേഹാൻ വിംശതിം ഹന്യാൽ പ്രമേഹഗജകേസരീ. ര൭

മൂത്രാതിസാരമപ്യന്യം വ്യാധിം വിധ്വംസയേൽ ധ്രുവം
കദളീകന്ദനാമേദം ഘൃതം സർവ്വരുജാപഹം. ൩൦

പന്ത്രണ്ടിടങ്ങഴി കദളിവാഴമാണത്തിന്റെ നീരിൽ നൂറുപലം കദളീപുഷ്പം പചിച്ചു നാലൊന്നാക്കി തിപ്പലി ഏലത്തരി ഇലവർങ്ഗം വിളാങ്കായു് മാഞ്ചി വാഴമാണം ചന്ദനം ന്യഗ്രോധാദിഗണം ഇവ മുമ്മൂന്നു കഴഞ്ചുവീതം കല്ക്കമായി ഇടങ്ങഴി നെയ്യും ഇടങ്ങഴി പാലുംചേർത്തു കാച്ചിയെടുത്തു മൂന്നു കഴഞ്ചുവീതം അതിരാവിലെ സേവിക്കുക; സോമരോഗം, മൂത്രകൃച്ഛ്രം, അശ്മരി, ഇരുപതുവിധം പ്രമേഹങ്ങൾ, മൂത്രാതിസാരം ഇവ ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
സ്ത്രീരോഗാധികാരം എന്ന ൪൯-ാം സ്തബകം കഴിഞ്ഞു.

അഥ പഞ്ചാശത്തമസ്തബകഃ.

യോനിവ്യാപദധികാരഃ.

യോനിഭേദങ്ങൾ.

യോനിഃ പൂർവ്വാ ശ്ലേഷ്മളാ യാ കഫാഢ്യാ
ഖ്യാതാ ചാന്യാ ഷണ്ഡിനീ ചാപി ദീർഘാ
അന്യാ ഖ്യാതാ ശുലവക്ത്രാ ചതുർത്ഥീ
യോനിഃ പ്രോക്താ പഞ്ചമീ സാ ത്രിദോഷാ. ൧

ശ്ലേഷ്മളാ (കഫാഢ്യാ) ഷണ്ഡിനീ, ദീർഘാ, ശുലവക്ത്രാ, ത്രിദോഷാ ഇങ്ങനെ അഞ്ചുവിധത്തിലാണ് യോനികൾ.

മിഥ്യാചാരാദ്ദൂഷിതാം തു ഋതൗ വാ
പ്രായഃ പൂർവ്വം ...
ദോഷാദന്യാൽ ബീജജാദ്ദൈവയോഗാൽ
പഞ്ച പ്രോക്താ വ്യാപദോ യോനിസംസ്ഥാഃ. ൨

സ്ത്രീകൾക്ക മിഥ്യാചാരത്താലും രജസ്സ് ദുഷിച്ചും ദോഷങ്ങൾ കോപിച്ചും മററു കാരണങ്ങൾകൊണ്ടും ബീജദോഷംകൊണ്ടും ദൈവയോഗത്താലും ഇങ്ങനെ യോനിവ്യാപത്തുകൾ അഞ്ചുവിധത്തിലുണ്ടാകും. സുശ്രുതാദികളുടെ മതത്തിൽ യോനിവ്യാപത്തുകൾ ഇരുപതുവിധത്തിലുണ്ട്. എങ്കിലും അവയിൽ അഞ്ചാണ മുഖ്യങ്ങളായുള്ളത്. അതിനെയാണ ഇവിടെ പറവാൻ പോകുന്നത്.

ഉദാവർത്തികാലക്ഷണം.

യാ യോനിരുക്താ പ്രഥമം ച സാപി
സഫേനിലം മുഞ്ചതി വൈ രജശ്ച
കൃച്ഛ്റേണ യുക്താപ്യ...
ദുദാവർത്തിനീ ... ൩

ഏതൊരു യോനിയാണോ ആദ്യം പറയപ്പെട്ടത്, ആ കഫയോനി പതയോടുകൂടി പണിപ്പെട്ട ആർത്തവത്തെ മോചിക്കുന്നു. ഇതിന് ഉദാവർത്തികാ എന്നു പറയുന്നു.

വന്ധ്യാദിലക്ഷണം.

ജ്ഞേയാഥ വന്ധ്യാത്ര നിരാർത്തവാ യാ
പരിപ്ലുതാ നിത്യരുജാ ച ഭോഗേ

യാ വാതളാന്യാപ്യതികർക്കശാ സാ
സ്തബ്ധാ ച നിസ്തോദശിരാഽസ്രയുക്താ. ൪

ആർത്തവം ഇല്ലാത്തവൾക്ക വന്ധ്യയോനിയെന്നും, ഭോഗത്തിൽ നിത്യവും വേദനയുള്ളവൾക്ക പരിപ്ലുതയോനിയെന്നും, അതികർക്കശയായവൾക്ക വാതളയോനിയെന്നും, കുത്തിനോവ്, ശൂലം ഇവയുള്ളവൾക്ക് സ്തബ്ധയോനിയെന്നും പറയുന്നു.

ചതുർയോനയോ വർണ്ണിതാ യാസ്തു പൂർവ്വം
ഭവേദ്വാതജാ വേദനാസ്താസു നിത്യം
സദാഹം ച സംക്ഷീയതേ വാപി യസ്യാഃ
സദാ ലോഹിതം ലോഹിതക്ഷയാ സാ. ൫

മുൻപിൽ പറയപ്പെട്ട നാലുവിധം യോനികളിൽ വാതജയായ യോനിക്ക വേദനയുണ്ടായിരിക്കും. ചൂടും രക്തക്ഷയവും ഉണ്ടായാൽ ആ യോനിക്ക ലോഹിതക്ഷയാ എന്നു പേർ.

സവാതമുദ്ഗിരേൽ ബീജം കാമിനീ രജസാ യുതം
സ്ഥിതം സ്ഥിതം ഹന്തി ഗർഭം പുത്രഘ്നീ രക്തസംക്ഷയാൽ.

ബീജത്തെ, ആർത്തവരക്തത്തോടും വായുവിനോടുംകൂടി പുറപ്പെടീക്കയും ഉണ്ടാകുന്ന ഗർഭത്തെ രക്തക്ഷയത്താൽ ഹനിക്കയും ചെയ്യുന്ന യോനിക്ക പുത്രഘ്നി എന്നു പേർ.

യാ ദാഹപാകജ്വരസംപരീതാ
സപിത്തളാ യോനിരുദാഹൃതാ സാ
തസ്യാം ച പിത്തസ്യ സമാനലിംഗാ-
ക്ഷയോ ഭവേച്ചൈവ വദന്തി വൈദ്യാഃ. ൬

ചൂട്, പഴുപ്പ്, ജ്വരം ഇവയോടുകൂടിയ യോനിക്ക പിത്തളാ എന്നു പേർ. അതിൽ പിത്തത്തിൻെറ ലക്ഷണങ്ങൾക്ക് ആധിക്യം ഉണ്ടായിരിക്കുകയും ചെയ്യും.

കർണ്ണിനീലക്ഷണം.

സന്തോഷമാനന്ദമപി ച ഗ്രാമ്യ-
ധർമ്മേണ നാഗച്ഛതി കർണ്ണിനീ സാ
തസ്യാം വിശേഷാദപി കർണ്ണികാന്യാ
സശ്ലേഷ്മരക്തപ്രഭവാ ച സാത്ര. ൭

ഏതു മൈഥുനം ചെയ്താലും സന്തോഷമുണ്ടാകാത്ത യോനി കർണ്ണിനി എന്നു പേർ. കഫരക്തങ്ങൾ കോപിച്ചു യോ

നിയിൽ താമരമൊട്ടുപോലെ ഒരുവക മാംസാങ്കുരങ്ങളുണ്ടാകും. അതിനു കൎണ്ണിക എന്നു പേർ.

ചരണാതിചരണാ ലക്ഷണം.

പൂൎവ്വം തദാ മൈഥുനതോ നരാദപി
വിരിച്യതേ സാ ചരണാ ച ചാന്യാ
അനേകധാ മൈഥുനയോഗതോഽപി
ബീജം ന വിന്ദന്ത്യഖിലം തയോസ്സാ. ൯

മൈഥുനത്തിൽ പുരുഷനേക്കാൾ മുൻപിൽ സ്ത്രീയ്ക്കു സ്ഖലനമുണ്ടായാൽ ആ യോനിക്കു ചരണ എന്നും; പുരുഷൻ അതിമൈഥുനം ചെയ്താലും ഏതുവരെ തൃപ്തിപ്പെടാതെ ഇരിക്കുന്നുവോ അതുവരെ തൃപ്തി ഉണ്ടാകാത്ത യോനിക്ക് അതിചരണ എന്നും പേർ. ഈ രണ്ടുതരം യോനികളിലും എത്ര മൈഥുനം ചെയ്താലും ഗർഭം ഉണ്ടാകയില്ല.

ശ്ലേഷ്മളാലക്ഷണം.

സശ്ലേഷ്മളാ പിച്ഛിലിതാ ച കണ്ഡൂ-
ഗ്രസ്താതിശീതാ ച തസ്യാപ്യപീഹ
അഗ്ര്യാസു നിത്യം ച കഫാഗ്രതോഽപി
ഭവേൽ പ്രകാമം ഭിഷജോ വദന്തി. ൧൦

പശപോലെയും ചൊറിച്ചിലു്, ശൈത്യം ഇവയോടുകൂടിയും ഇരിക്കുന്ന യോനിക്കു ശ്ലേഷ്മള എന്നു പേർ. മുൻപറയപ്പെട്ട നാലുകൾക്കും (കൎണ്ണിനി, കൎണ്ണിക, ചരണ, അതിചരണ) കഫാധിക്യമുണ്ടായിരിക്കും.

അനാൎത്തവാ വാസ്തനികാ ഭവേദ്യാ
യോനിഃ ഖരസ്പർശയുതാ തു ഗ്രാമ്യേ
ധൎമ്മേഽഥവാന്യാ കഥിതാ തു ഷണ്ഡീ
മേഢ്റേണ ദീൎഘേണ ച ചാണ്ഡിനീ ഭവേൽ. ൧൧

വൃത്താ മഹായോനിരുദാഹൃതാ സാ
യാ സൂചിവക്ത്രാപ്യതിസംവൃതാ ച
യാ സൎവ്വലിംഗാ സകലപ്രകോപ-
ജാതാ ഭവേദ്യോനിരുദാഹൃതാ സാ. ൧൨

ആൎത്തവത്തോടും സ്തനത്തോടും കൂടാത്തവളും മൈഥുനത്തിൽ പരുപരുപ്പുള്ള യോനിയോടുംകൂടിയിരിക്കുന്നവൾക്ക് ഷണ്ഡി എന്നുപേർ. ദീർഘമായ ലിംഗത്തിൽ അഗ്രഹവും അണ്ഡംപോലെ പുറത്തുവരുന്ന യോനിയുമുള്ളവൾക്ക് അണ്ഡിനി എന്നുപേർ. വലിയ ദ്വാരത്തോടുകൂടിയ യോനി മഹായോനിയാകുന്നു. സൂക്ഷ്മവക്ത്രയായ യോനി സൂചിവക്ത്രയാകുന്നു. എല്ലാ ദോഷങ്ങളുടെ കോപവും ലക്ഷണവും ഉള്ള യോനിക്കു സൎവ്വലിംഗ എന്നു പേർ.

യോനികന്ദനിദാനം.

ദിവാ പ്രസ്വാപതഃ ക്രോധാദ്വ്യായാമാദപ്യതിമൈഥുനാൽ
നഖദന്തക്ഷതാച്ചാപി വാതാദ്യാഃ കുപിതാ യദി. ൧൩

പൂയശോണിതസങ്കാശം ലകുചസ്യ ഫലം യഥാ
യോനികന്ദഗദം ഘോരം ജനയന്തി ബ്രുവേഽഥ തൽ. ൧൪

പകലുറക്കം, അതികോപം, അതിവ്യായാമം, അതിമൈഥുനം നഖങ്ങൾകൊണ്ടും ദന്തങ്ങൾകൊണ്ടും ഉള്ള മുറിവു് ഈ കാരണങ്ങളാൽ വാതാദികൾ കോപിച്ചു ചലത്തിന്റെയും രക്തത്തിന്റെയും നിറത്തിൽ അഞ്ഞിലി (അയനി)ക്കാപോലെ വലുതായ കന്ദത്തെ ഉണ്ടാക്കും. ഇതാണ് യോനികന്ദം.

വാതാദിയോനികന്ദം.

വിവൎണ്ണം സ്ഫുടിതം രൂക്ഷം വാതജം തം വിനിർദ്ദിശേൽ
രാഗദാഹാന്വിതം പ്രോക്തം കന്ദം പിത്തസമുദ്ഭവം. ൧൫

തിലപുഷ്പനിഭം പ്രോക്തം കണ്ഡൂയുക്തം കഫോദ്ഭവം
സൎവ്വലിംഗം ച യൽ പ്രോക്തം സൎവ്വദോഷസമുദ്ഭവം. ൧൬

വാതയോനികന്ദം.

വൎണ്ണഭേദത്തോടും വിണ്ടുകീറലോടുംകൂടിയും രൂക്ഷമായും ഇരിക്കുന്നതു വാതയോനികന്ദമാണ്.

പിത്തയോനികന്ദം.

ചുവപ്പു് ചൂടു് ഇവയോടുകൂടിയതു് പിത്തയോനികന്ദമാണ്.

കഫയോനികന്ദം.

എള്ളിൻപുഷ്പത്തിന്റെ നിറത്തിലും ചൊറിച്ചിലോടുകൂടിയും ഇരിക്കുന്നതു കഫയോനികന്ദമാണ്.

സന്നിപാതയോനികന്ദം.

എല്ലാ ദോഷകോപങ്ങളുടെയും ലക്ഷണങ്ങളോടുകൂടിയതു സന്നിപാതയോനികന്ദമാണ്.

യോനിരോഗചികിത്സ.

നഷ്ടാൎത്തവാ യാ ഖലു സൈവ വന്ധ്യാ
മത്സ്യാംശ്ച സേവേത വദന്തി നിത്യം

ബൃഹത്യാത്വാ സ്യാദഥ കാഞ്ചികം വാ
തിലാംശ്ച മാഷാംശ്ച ദധി പ്രകാമം. ൯൭

ഋതുകാലത്തു രക്തമില്ലാത്തവൾ വന്ധ്യയാണ്. അവൾ നി
ത്യവും മത്സ്യത്തെയും, കാടി എള്ള് ഉഴുന്ന് തൈര് ഇവയേയും ഉ
പയോഗിക്കണം. എന്നാൽ വളരെ രക്തം ഉണ്ടാകും.

വർത്തി.

ഇക്ഷ്വാകുബീജൈശ്ച ഗുഡാഭ്യാം
ദന്തീയവക്ഷാരകകിണ്വകാദ്യൈഃ
സ്നുക്‌ക്ഷീരയുക്തൈശ്ച വിധായ വർത്തിം
യോനൌ പ്രദദ്യാൽ കുസുമപ്രവൃത്ത്യൈ. ൯൮

പേച്ചുരക്കരി തിപ്പലി ശർക്കര നാഗദന്തിവേരു ചവക്കാരം
കള്ളിന്റെ ഊറൽ മലങ്കാരയ്ക്ക കള്ളിപ്പാലൊ ഇവകൊണ്ടു തിരിയു
ണ്ടാക്കി യോനിയിൽ പ്രവേശിപ്പിക്കുക; ആർത്തവം പ്രവർത്തിക്കും.

വക്ഷ്യാപകുശമീവൃഷക്ഷീരകൃഷ്ണാ-
ജമോദികാസൈന്ധവയാ വചാഭിഃ
ഘൃതേന സംഭർജ്ജ്യ കൃശാനനാ ച
യുക്തൈഃ പ്രചിന്ത്യൈഃ സമശർക്കരാഭിഃ ൯൯

പ്രസന്നയാക്തൈരപി ഭക്ഷിതൈർവാ
യോന്യർശഗുന്മാൻ ഹൃദയസ്യ രോഗാൻ
ജയേൽ പ്രകാമം പ്രമദാജനാനാം
യേ യത്ര ദോഷാഃ പ്രഭവന്തി തേഷാം. ൧൦൦

വയമ്പു കരിംജീരകം ആടലോടകത്തിൻവേരു ജീരകം തിപ്പ
ലി അയമോദകം ഇന്തുപ്പ് ചവക്കാരം കൊട്ടവേലിക്കിഴങ്ങു ഇവ
നെയ്യിൽ വറുത്തു സമം പഞ്ചസാരയും ചേർത്തു അരച്ച് തെളിമദ്യ
ത്തിൽ സേവിക്കുക; യോനിരോഗം അർശസ്സ് ഗുല്മം ഹൃദ്രോഗം
ഇവ ശമിക്കും.

അന്യയോഗം.

കദംബമൂലപ്രഭവം ച കല്കം
സഹാദിരാജ്ഞാരയുതം വിഭേദാ
കാലേ വിശേഷാദ ... പ്രകാമം
സാ യോനിശൂലാൻ ജയേദജസ്രം. ൧൦൧

കടമ്പിൻവേരിലെത്തൊലി ... ങ്ങാറിപ്പാൽ ഇവയരച്ചു ...
ഋതുസ്നാനിനിരാൽ സേവിക്കുക; ... ശൂലം ശമിക്കും.

അമൃതാദിഘൃതം.

പായൂഷഭീരുത്രിഫലാശിവാഭിഃ
ശ്രീപർണ്ണികംപില്ലകകീരമല്ലാണൈഃ
ദ്രാക്ഷാപരുഷൈരപി കാസമർദ്ദ-
സ്ഥിരാന്വിതൈരക്ഷമിതൈഃ ശൃതം ച. ൧൦൨

ഘൃതം ച പ്രസ്ഥപ്രമിതം തു തേനാ-
പ്യാസംവൃതോ യോനിജവാതരോഗാൻ
ഹന്യാദ് ഭിഷഗ്ഭിഃ പ്രമദാജനാനാ-
മുക്തോഽഥ യോജ്യഃ ഖലു ഗർഭദോഽയം. ൧൦൩

അമൃതു് ശതാവരിക്കിഴങ്ങു് ത്രിഫല ഗോരോചന ചെറുക
ടുവ്വ കമ്പിപ്പാലത്തൊലി പലകപ്പയ്യാനിവേരു മുന്തിരി
കിഴിൻവേരു് കമ്പിപ്പാലത്തൊലി പലകപ്പയ്യാനിവേരു മുന്തിരി
ങ്ങാപ്പഴം ചിററീന്തലിൻവേരു പൊന്നാരിവീരൻവേരു ഓരിലവേ
രു ഇവ മൂന്നുകഴഞ്ചുവീതം. കല്കംചേർത്തു ഇടങ്ങഴി നെയ്യുകാ
ച്ചി ശീലയിൽ മുക്കി യോനിയിൽ ഇടുക; യോനിജങ്ങളായ വാത
രോഗങ്ങൾ ശമിക്കും.

നതഗദാമരദാരുപടൂത്തമൈർ-
ബൃഹതികാജടയാ ശൃതതൈലകൈഃ
പിചുരലം രചിതോ ഭഗധാരിതഃ
പ്രമദയാ വിരുജം കുരുതേ ഭഗം. ൧൦൪

തകരം കൊട്ടം ദേവതാരം ഇന്തുപ്പു ചെറുവഴുതിനവേരു് ഇ
വ കല്കമായി എണ്ണകാച്ചി തുണിയിൽ മുക്കി യോനിയിൽ ധരിക്ക
ക; യോനിശൂലം ശമിക്കും.

പിത്തയോനിരോഗചികിത്സ.

സേകാഭ്യംഗപിചുക്രിയാത്ര വിഹിതാ
യാ യോനയഃ പിത്തളാ
വാതേനാപി സമന്വിതാഃ ഖലു തദാ
താസാം സദാ ശീതളാഃ
സർവ്വാ പിത്തഹരാ ഘൃതാനി ബഹുധാ
വാശാബലാസാധിതം
തൈലം പിത്തഹരം ച ദോഷമഖിലം
ജ്ഞാത്വാ ദരാല്പ്യാഃ ക്രിയാഃ. ൧൦൫

പിത്തവർദ്ധനയോടുകൂടിയ യോനികൾക്കു ധാര അഭ്യംഗം പി
ചു (വസ്ത്ര)ധാരണം ഇവകൾ വിധിക്കപ്പെട്ടിട്ടുണ്ട്. അവ വാത
ത്തോടുകൂടിയതാണെങ്കിൽ എപ്പോഴും ശീതളങ്ങളായും പിത്ത

ഹരങ്ങളായും ഇരിക്കണം. പിത്തഹരങ്ങളായ ഘൃതങ്ങളും ആട ലോടകവും കുറുന്തോട്ടിയുംകൂടി കല്ക്കമായി കാച്ചിയ എണ്ണയും ഉപയോഗിക്കാം. ഇതുകൂടാതെ ദോഷഗതി അറിഞ്ഞു് പ്രദരത്തിനുള്ള ക്രിയകൾ ചെയ്യുകയും വേണം.

കഫയോനിരോഗചികിത്സ.

യോന്യാം വലാസേന ച ദൂഷിതായാം
രൂക്ഷോഷ്ണയോഗാംശ്ച ഭിഷഗ്വിദധ്യാൽ
തൈലം യവാനീസുപടുപ്രസിദ്ധം
പത്ഥ്യാദിസിദ്ധം ച തഥാപ്യരിഷ്ടം. ൨൬

യോനി കഫത്താൽ ദുഷിച്ചതായാൽ രൂക്ഷങ്ങളായും ഉഷ്ണങ്ങളായും ഇരിക്കുന്ന യോഗങ്ങളെ പ്രയോഗിക്കണം. ജീരകം ഇന്തുപ്പ് ഇവ കല്ക്കമായി കാച്ചിയ തൈലവും പത്ഥ്യാദ്യരിഷ്ടവും കഫദൂഷിതമായ യോനിരോഗത്തിൽ ഉപയോഗിക്കാം.

യോനിരോഗത്തിനു വത്തി.

കണോഷണാമാഷശതാവരീണാം
വത്തിർവിധേയാ ഗദസൈന്ധവാഭ്യാം
പ്രദേശിനീ മാത്ര ഭഗേ ഭഗസ്യ
സംശോധിനീ സവ്ഭിഷക്പ്രദിഷ്ടാ. ൨൭

തിപ്പലി കുരുമുളക് ഉഴുന്ന് ശതാവരിക്കിഴങ്ങ് ഇവകൊണ്ടു തിരിയുണ്ടാക്കി യോനിയിൽ പ്രവേശിപ്പിക്കുക; കഫയോനിരോഗം ശമിക്കും. കൊട്ടം ഇന്തുപ്പ് ഇവ പൊടിച്ചു ചൂണ്ടാണിവിരലിൽ പുരട്ടി യോനിയിൽ പ്രവേശിപ്പിച്ചാൽ യോനിക്കു ശുദ്ധിയുണ്ടാകും.

ത്രിദോഷയോനിചികിത്സ.

ത്രിദോഷകോപത്താൽ ഉണ്ടായ യോനിരോഗത്തിന് ദോഷങ്ങളുടെ ബലാബലത്തെ നോക്കി ചികിത്സചെയ്യണം.

ഫലഘൃതം.

ലക്ഷ്മണം ചന്ദനം പത്മകം ദേ നിശേ
മുസ്തകം ശാരിബേ ദേ ശടീ കേസരം
പത്മജന്തുഘ്നകം വീരണം ലോധ്രകം
ഭാരതീ മാംസികാ രേണുകാ ചോൽപലം. ൨൮
കാർഷികം കാർഷികം ഭാഗമേഷാം മിസിർ-
ദേവദാരുശതാദംഷ്ട്രാ ച യഷ്ടീമധു

പാചിതം സാധിതം തൈലമേഭിർഘൃതം
വാ തഥാ യോനിരോഗേഷു പലം പായയേൽ. ൨൯
പൂരണാല്ലേപനാദ്ധാരണാദ്വാ പിചോർ-
യോനിരോഗാപഹം ഭോഗസൌഖ്യപ്രദം
പുത്രദം കാന്തിദം സത്വദം ബുദ്ധിദം
കീർത്തിതം ശീലിതം ചേഷ്ടിതം വല്ലഭം. ൩൦

തിരുതാളി ചന്ദനം പത്മകം മഞ്ഞൾ മരമഞ്ഞൾ മുത്തങ്ങാക്കിഴങ്ങ് നറുനീണ്ടി രണ്ടും കച്ചോലം നാഗപ്പൂവ് താമരക്കിഴങ്ങു വിഴാലരി രാമച്ചം പാച്ചോറ്റിത്തൊലി ബ്രഹ്മി മാഞ്ചി അരേണുകം ചെങ്ങഴിനീർക്കിഴങ്ങ് ചതകുപ്പ ദേവതാരം ഞെരിഞ്ഞിൽ ഇരട്ടിമധുരം ഇവ ഓരോന്നും ൧ കഴഞ്ചുവീതം കല്ക്കമായി എണ്ണയോ നെയ്യോ കാച്ചി പാനംചെയ്കയോ യോനിയിൽ പൂരണംചെയ്കയോ തേക്കുകയോ തിരിശ്ശീലയിൽമുക്കിഇടുകയോ ചെയ്താൽ യോനിരോഗം ശമിക്കും. ഭോഗസൌഖ്യം ഉണ്ടാകും. പുത്രസമ്പത്തിനെയും കാന്തി, ബലം, ബുദ്ധി ഇവയേയും പ്രദാനം ചെയ്യും.

വന്ധ്യാചികിത്സ.

സിതബലാതിബലാഗജകേസരം
വടജശൃങ്ഗമധൂകസമന്വിതം
ഘൃതപയോമധുഭിഃ പ്രയുതഞ്ച യാ
പിബതി സാപ്യസുതാ സുസുതം ലഭേൽ. ൩൧

പഞ്ചസാര കുറുന്തോട്ടിവേര് വലിയകുറുന്തോട്ടിവേര് നാഗപ്പൂവ് പേരാലിന്മൊട്ട് ഇരിപ്പക്കാതൽ ഇവ അരച്ചു പാലിൽ കലക്കി തേനും ചേർത്തു സേവിക്കുക; പുത്രനില്ലാത്തവൾക്കു പുത്രനുണ്ടാകും.

വേറൊരു യോഗം.

യദ്യശ്വഗന്ധാശൃതതോയസിദ്ധ-
പയോഘൃതേനൈവ പിബേച്ച വന്ധ്യാ
സാപ്യാർത്തവസ്നാനദിനാൽ പ്രശുദ്ധാ
ഭൂത്വാ സഗർഭാ തനയം പ്രസൂതേ. ൩൨

അമുക്കുരം കഷായംവച്ച വെള്ളത്തിൽ പാലൊഴിച്ചു വററിച്ചു നെയ്യ് ചേർത്തു സേവിക്കുന്ന സ്ത്രീ ആർത്തവദിവസം മുതൽ ശുദ്ധയായിട്ട് ഗർഭത്തെ ധരിക്കയും ശ്രീമാനായ പുത്രനെ പ്രസവിക്കയും ചെയ്യും.

മറ്റൊരു പ്രയോഗം.

സവത്സൈകവൎണ്ണാ ഗവാം ദുഗ്ദ്ധയുക്താ
ജടാ ലക്ഷ്മണായാശ്ച കന്യാപ്രപിഷ്ടാ
സുപുഷ്യാദ്ധൃതാ പാത്രവിസ്ഥാനശുദ്ധാ
നിപീതാപി വന്ധ്യാഗണേ ഗൎഭദാ സ്യാൽ. ൬൫

തിരുതാളിയുടെ വേര് പൂയംദിവസം പറിച്ചെടുത്ത് കിടാവു ജീവിച്ചിരിപ്പുള്ളതും ഒരു നിറത്തിലുള്ളതും ആയ പശുവിന്റെ പാലിൽ കന്യകയെക്കൊണ്ടു അരച്ചു കലക്കി തീണ്ടായിരുന്നു കുളിച്ചതിനുശേഷം സേവിക്കുക; നിശ്ചയമായും പ്രസവിക്കാത്ത സ്ത്രീകൾക്കു ഗൎഭം ഉണ്ടാകും.

അന്യപ്രയോഗം.

കുരണ്ടമൂലം ച മദാഭവാനി
പുഷ്പാണി തദ്വച്ച വടാങ്കുരാണി
നീലോൽപലം ചാപി ഗവീപയോഭിർ-
വന്ധ്യാനിപീതാനി സുതപ്രദാനി. ൬൬

മഞ്ഞക്കുറിഞ്ഞിയുടെ വേര് താതിരിപ്പൂവ് പേരാലിൻമൊട്ടു കരിങ്കുവളക്കിഴങ്ങ് ഇവ പശുവിൻപാലിൽ അരച്ചു കലക്കി സേവിക്കുക; നിശ്ചയമായും ഗൎഭം ഉണ്ടാകും.

വിശദവിശിഖപുംഖാപിപ്പലം പാൎശ്വപുഷ്പം
ജരണയുതസമാനം പീയമാനം സപാകേ
ജനയതി ബഹുപുത്രാൻ കാമിനീനാമുദാരം
പരിമിതഹിതമന്നം പത്ഥ്യമേവാത്ര യാസാം. ൬൭

വെള്ളത്തകൊഴിഞ്ഞിൽവേര് അരയാലിൻമൊട്ട് ജീരകം ഇവ യഥാകാലം സേവിക്കുക; വളരെപുത്രന്മാർ ഉണ്ടാകും. ഹിതമായ അന്നം പരിമിതമായിട്ടുമാത്രമേ ഭുജിക്കാവൂ.

പത്രമേകം പലാശസ്യ പിഷ്ട്വാ ദുഗ്ദ്ധേന ഗൎഭിണീ
പീത്വാ പുത്രമവാപ്നോതി വീൎയ്യവന്തം ന സംശയഃ. ൬൮

പ്ലാശിൻപത്രമാകുന്ന ഒരു മരുന്നുതന്നെ പാലിൽ അരച്ച് സേവിക്കുക; വീൎയ്യവാനായ പുത്രനെ ലഭിക്കും.

സൽപുത്രനെ പ്രസവിക്കുന്നതിന്ന്.

ധീരാ സ്വനാഥസ്യ ച ദക്ഷിണസ്ഥേ
ഭാഗേ ച പൎയ്യങ്കഗതാ പ്രസുപ്യ
തൽസംഗമേഷ്ടാ സുമനാഃ സ്വനാഥം
ഭജൻ സ്വഗൎഭേ വിദധാതി പുത്രം. ൬൯

ഗൎഭാധാനകാലത്ത് ധീരയായ സ്ത്രീ സ്വഭൎത്താവിന്റെ വലത്തുപുറത്തുകൂടി കയറി കിടക്കയിൽ കിടന്നുറങ്ങി സന്തുഷ്ടയായിട്ട് സ്വഭൎത്താവുമായി ചേരുക; അവൾക്ക് പുത്രസന്താനം ലഭിക്കും.

ഫലസൎപ്പിസ്സ്.

മഞ്ജിഷ്ഠാ മധുകം കുഷ്ഠം ത്രിഫലാശൎക്കരാബലാ
മേദേ പയസ്യാ കാകോളീ മൂലംചൈവാശ്വഗന്ധജം;
അജമോദാ ഹരിദ്രേ ദ്വേ പ്രിയംഗുഃ കടുരോഹിണീ
ഉൽപലം കുമുദം ലാക്ഷാ കാകോള്യൌ ചന്ദനദ്വയം;
ഏതേഷാം കാൎഷികൈൎഭാഗൈൎഗ്ഘൃതപ്രസ്ഥം വിപാചയേൽ
ശതാവരീരസം ക്ഷീരം ഘൃതാദ്ദേയം ചതുൎഗ്ഗുണം; ൭൦

സൎപ്പിരേതന്നരഃ പീത്വാ സ്ത്രീഷു നിത്യം വ്യവായതേ
പുത്രാൻ ജനയതേ വീരാൻ മേധാഢ്യാൻ പ്രിയദൎശനാൻ. ൭൧

യാ ചൈവ സ്ഥിരഗൎഭാ സ്യാൽ പുത്രം വാ ജനയേന്മൃതം
അല്പായുഷം വാ ജനയേൽ യാ ച കന്യാം പ്രസൂയതേ. ൭൨

യോനിരോഗേ രജോദോഷേ പരിസ്രാവേ ച ശസ്യതേ
പ്രജാവൎദ്ധനമായുഷ്യം സൎവ്വഗ്രഹനിവാരണം. ൭൩

നാമ്നാ ഫലഘൃതം ഹ്യേതദശ്വിഭ്യാം പരികീൎത്തിതം
അനുക്തം ലക്ഷ്മണാമൂലം ക്ഷിപന്ത്യത്ര ചികിത്സകാഃ. ൭൪

ജീവദ്വത്സൈകവൎണ്ണായാ ഘൃതം തത്ര പ്രയുജ്യതേ
ആരണ്യഗോമയേനൈവ ദീപജ്വാലാ പ്രദീയതേ. ൭൫

മഞ്ചട്ടിപ്പൊടി ഇരട്ടിമധുരം കൊട്ടം ത്രിഫല പഞ്ചസാര കുറുന്തോട്ടിവേര് മേദ മഹാമേദ അടപതിയൻകിഴങ്ങ് കാകോളി, അമുക്കുരം അയമോദകം മഞ്ഞൾ മരമഞ്ഞൾ ഞാഴൽപ്പൂവ് കടുകുരോഹിണി ചെങ്ങഴിനീർക്കിഴങ്ങ് നെയ്താമ്പൽകിഴങ്ങ് കോലരക്ക് ക്ഷീരകാകോളി ചന്ദനം രക്തചന്ദനം ഇവ മൂന്നുകഴഞ്ചുവീതം കല്ക്കമായി ഇടങ്ങഴി നെയ്യും നെയ്യിൽ നാലിരട്ടി ശതാവരിനീരും പാലുംചേൎത്ത് കാച്ചി സേവിക്കുക; പുരുഷന് ശുക്ലവൎദ്ധനയുണ്ടായി നിത്യംസംഭോഗത്തിൽതാൽപൎയ്യംഉണ്ടാകും. ബുദ്ധിമാന്മാരായും ദൎശനീയന്മാരായും ഇരിക്കുന്ന പുത്രന്മാരെ ലഭിക്കും. സ്ഥിരഗൎഭയല്ലാത്തവളും കുട്ടിമരിച്ചവളും, അല്പായുസ്സായ പുത്രന്മാരെ ജനിപ്പിക്കുന്നവളും കന്യകകളെ പ്രസവിക്കുന്നവളും ഈ നെയ് സേവിച്ചാൽ അവരുടെ ദോഷങ്ങൾ ശമിക്കും. ഈഘൃതം യോ

നിരോഗംരജോദോഷം, ജലസ്രാവം ഇവയിൽദൃഷ്ടഫലമാണ്. പ്രജാവർദ്ധനവും ആയുഷ്യവും എല്ലാ ഗ്രഹദോഷങ്ങളെയും ശമിപ്പിക്കുന്നതും ആണ്. ഈ യോഗത്തിൽ പറഞ്ഞിട്ടില്ലെങ്കിലും തിരുതാളികൂടി ചികിത്സകന്മാർ ചേർക്കാറുണ്ട്. ഇതു വളരെ മൃദുവായ തീകൊണ്ടുവേണം കാച്ചിഎടുക്കേണ്ടത്. ഈ ഘൃതത്തിനു ചേർക്കുന്ന നെയ്യ് ഒരുനിറത്തിലുള്ള പശുവിൻെറ പാൽ കാച്ചി തൈരുണ്ടാക്കി അതിൽനിന്ന് എടുത്തതായിരിക്കണം.

ഗർഭനിവാരണചികിത്സ.

കണാവിഡംഗടങ്കണൈഃ പയഃ പിബേച്ച യാബലാ
ഋതൗ ന ഗർഭധാരണം കരോതി വാ കദാപി സാ. ൨൩

തിപ്പലി വിഴാലരി ശുദ്ധിചെയ്ത പൊൻകാരം ഇവ പൊടിച്ച് പാലിൽകലക്കി ആർത്തവകാലത്തു സേവിച്ചാൽ ഒരിക്കലും ഗർഭം ഉണ്ടാകയില്ല.

അന്യയോഗം.

അധാരനാളപേഷിതം ജപാപ്രസൂനമംഗനാ
ത്രിവാർഷികൈർഗ്ഗുഡൈഃ ഋതൗ പിബേന്ന ഗർഭഗാമിനീ

ചെമ്പരത്തിപ്പൂവ് കാടിയിൽ അരച്ച് മൂന്നുവർഷം പഴക്കം ചെന്ന ശർക്കരയുംചേർത്ത് തീണ്ടാരിന്നിരിക്കുന്ന മൂന്നു ദിവസവും സേവിക്കുക; ഗർഭമുണ്ടാകയില്ല.

ഗർഭിണീചികിത്സാ.

ഗർഭം ഇളകുന്നതിന്.

ഹ്രീബേരമുസ്താതിവിഷേന്ദ്രജാനാം
ക്വാഥം പിബേന്മോചരസാന്വിതാനാം
ഗർഭേ വിശേഷാച്ചലിതേ ച കുക്ഷി
ഗദേ തഥാസൃഗ്ദരകേ ച വാമാ. ൨൪

ഇരുവേലി മുത്തങ്ങ അതിവിടയം കുടകപ്പാലയരി ഇലവിൻപശ ഇവ കഷായംവച്ചു സേവിക്കുക; ഗർഭം ഇളകുന്നതും കുക്ഷിരോഗവും അസൃഗ്ദരവും ശമിക്കും.

ഗർഭിണിക്കുണ്ടാകുന്ന ജ്വരത്തിന്.

മധുകപത്മകപത്മസുചന്ദനൈർ-
ന്നളദശാലിബലാസഹിതൈഃ ശൃതം
സുമധുചണ്ഡയുതം ഖലു ഗർഭിണീ-
ജ്വരഹരം ഗദിതം പ്രതിസേവിതം. ൨൫

ഇരട്ടിമധുരം പതുമുകം താമരക്കിഴങ്ങ് വെൺചന്ദനം രാമച്ചം ചെന്നെല്ലിൻവേര് പച്ചില ഇവ കഷായംവച്ച് തേനും കല്ക്കണ്ടവും മേമ്പൊടിചേർത്ത് സേവിക്കുക. ഗർഭിണിക്കുണ്ടാകുന്ന ജ്വരം ശമിക്കും.

ഗർഭസ്രുതി മുതലായവയ്ക്ക്.

ഹ്രീബേരധാന്യകബലാരളുമോചവർണ്ണ-
വത്സാദനീനളദലോഹിതചന്ദനാനാം
ക്വാഥോ യവാഷകവിഷാസമഭാഗികാനാം
ഗർഭസ്രുതിജ്വരഗദാദിഷു ഗർഭിണീനാം. ൨൬

ഇരുവേലി കൊത്തമ്പാലരി കുറുന്തോട്ടിവേര് പലകപ്പയ്യാനിവേര് അമരിവേര് അമൃത് രാമച്ചം രക്തചന്ദനം കൊടിത്തൂവവേര് അതിവിടയം ഇവ സമഭാഗമായി എടുത്ത് കഷായംവച്ച് സേവിക്കുക; ഗർഭസ്രുതി ഗർഭിണിക്കുണ്ടാകുന്ന ജ്വരം മുതലായവ ശമിക്കും.

ഗർഭസ്രാവത്തിൻെറയും ഗർഭപാതത്തിൻെറയും നിദാനം.

ഗ്രാമ്യധർമ്മാദ്ധ്വയാനപ്രയാണജ്വരോ-
ല്പാതരേകപ്രഹാരാതിരൂക്ഷാ ശനൈഃ
വേഗസന്ധാരണൈർല്ലംഘനൈർദ്ധാവനൈഃ
പീഡനാജ്ജീർണ്ണതീക്ഷ്ണാശനൈരുഷ്ണകൈഃ. ൨൭

ഉഷ്ണതിക്തൈരസൈർഭക്ഷിതൈഃ സന്താപതഃ
കുത്രാപി വൈഷമ്യമഞ്ചേഷു ചലം വാ സ്ത്രിയഃ
ക്വാഥപാനൈർദ്ധ്രുവം ഛർദ്ദിവേഗേന വാ
ഭീതിയോഗേന ഗർഭസ്രുതിഃ പാതനം. ൨൮

അതിമൈഥുനം, അതിയായി വഴിനടക്കുക; വാഹനങ്ങളിൽ കയറിപ്പോകുക; ജ്വരോൽപാതം, വിരേകം, അടി, അതിരൂക്ഷഭക്ഷണം, മലമൂത്രാദിവേഗം തടുക്കുക; പട്ടിണികിടക്കുക ഓടുക; ഞെക്കുക; ദഹിക്കാത്തതും തീക്ഷ്ണവും ഉഷ്ണവും ആയ വസ്തുക്കളെ ഭക്ഷിക്കുക; ഉഷ്ണതിക്തങ്ങളായ രസങ്ങളെ ഭക്ഷിക്കുക; വിഷമമായ മഞ്ചങ്ങളിൽ കിടന്നുറങ്ങുക; കഷായംകുടിക്കുക; ഛർദ്ദിവേഗം, പേടിക്കുക; ഇവകൊണ്ടൊക്കെയും ഗർഭസ്രവണവും ഗർഭപതനവും ഉണ്ടാകും.

ഗർഭസ്രവണഗർഭപതനകാലം.

ചതുർത്ഥമാസാവധിരേവഗർഭ-
സ്രുതിസ്തഥാ പഞ്ചമതോƒഥ പാതഃ

സ്രുതൌ ച രക്തസ്യ ച ബിന്ദവഃ സ്യുഃ
പാതേ സലിംഗദ്രവഗർഭപാതഃ. ൧൨.

ഗർഭം ഉണ്ടായി നാലുമാസത്തിനകം സ്രവിക്കുന്നതിനു ഗർഭസ്രുതി എന്നും അഞ്ചാംമാസം തുടങ്ങി സ്രവിക്കുന്നതിനു ഗർഭപതനമെന്നും പറയുന്നു. ഗർഭസ്രാവത്തിൽ രക്തബിന്ദുക്കൾ കാണും. ഗർഭപാതത്തിൽ ശിശുവിൻെറ അടയാളത്തോടും ദ്രവത്തോടുംകൂടി ഗർഭം സ്രവിക്കും.

ഗർഭസ്രാവചികിത്സ.

ഗർഭസ്രവശ്ചേദ്യദി ഗർഭവത്യാ
ഗർഭാദ് ധൃതം ചാപി മുഹുർമുഹുർവാ
സനീലമാരക്തകമുൽപലം ച
കല്ഹാരശുഭ്രാംബുജമുൽപലം ച. ൧൩

സംശീലയേദ്വാ കുമുദേന സാകം
സ്രാവം ച ഗർഭസ്യ ച ദാഹതർഷൌ
ഏദാമയം ലോഹിതപിത്തമൂർച്ഛാ
മരോചകം ഛർദ്ദിഗദം ജയേദ്വാ. ൧൪

ഗർഭം ഉള്ളവൾക്ക് കൂടെക്കൂടെ ഗർഭസ്രാവം ഉണ്ടായാൽ കരിങ്ങവളക്കിഴങ്ങ് ചെന്താമരക്കിഴങ്ങ് [illegible] ഗന്ധികപുഷ്പം ആമ്പൽക്കിഴങ്ങ് [illegible] സേവിക്കണം. ഗർഭസ്രാവം ചൂട് തണ്ണീർദാഹം [illegible] ഇവ ശമിക്കും.

ഗർഭപാതോപദ്രവങ്ങൾ.

പ്രസ്രംസമാനേऽപി ച ഗർഭവത്യാ
ഗർഭേ തു ദാഹേऽപി ച പാർശ്വ [illegible]
ആനാഹകാസൃഗ്ദരമൂത്രസംഗഃ
സംജായതേऽസ്യാ പതതി പ്രകാമം. ൧൫

ഗർഭിണിയുടെ ഗർഭംസ്രവിച്ചാൽ [illegible], ഇരുപുറത്തും വേദന, വയറുവീർപ്പ്, [illegible] മൂത്രതടവ് ഇവയുണ്ടായതിനുശേഷം ഗർഭം പതിക്കയും ചെയ്യും.

ഗർഭം അന്യസ്ഥാനത്തുപോയാലുള്ള ഉപദ്രവങ്ങൾ.

സ്ഥാനം പരിത്യജ്യ യദൈവ ഗർഭോ
സ്ഥാനാന്തരം യാതി തദൈവ [illegible]
പക്വാശയാമാശയയോഃ പ്രകാമം
ക്ഷോഭസ്തു പൂർവോക്തഗദാസ്തഥാ സ്യുഃ. ൧൬

ഗർഭം സ്വസ്ഥാനത്തുനിന്നു മറെറാരു സ്ഥാനത്തു മാറിപ്പോയാൽ പക്വാശയത്തിലും ആമാശയത്തിലും ഇളക്കവും മുൻപറഞ്ഞ രോഗങ്ങളും ഉണ്ടാകും.

അവയുടെ ചികിത്സ.

സുസ്നിഗ്ധശീതക്രിയയാ ജയേത്താൻ
ദർഭസ്യ കാശസ്യ ശരേക്ഷുകസ്യ
ത്രികണ്ടകസ്യാപി ച മൂലസിദ്ധം
ദുഗ്ധം സിതാഭിഃ ഖലു പാർശ്വശൂലേ. ൧൭.

സ്നിഗ്ധങ്ങളായും ശീതങ്ങളായും ഇരിക്കുന്ന ക്രിയകൊണ്ട് ഗർഭപാതോപദ്രവങ്ങളെയും ഗർഭം അന്യസ്ഥാനത്തു ഗമിച്ചാലുണ്ടാകുന്ന ഉപദ്രവങ്ങളെയും ജയിക്കണം. അതുകൂടാതെ ദർഭവേര് ആററുദർഭവേര് വെള്ളത്താവണക്കിൻവേര് ഞെരിഞ്ഞിൽ ഇവകൊണ്ടു പാൽക്കഷായംവച്ചു സേവിക്കുക; പാർശ്വശൂലം ശമിക്കും.

ഗർഭത്തിൽ ഉണ്ടാകുന്ന വേദനയ്ക്ക്.

താസാം ശ്വദംഷ്ട്രാമധുകപ്രയുക്താ-
മമ്ലാനസിദ്ധം ച പയോ നിപീതം
സശർക്കരാം വൈ മധുസംയുതം വാ
സഗർഭകാനാമഥ വേദനാഘ്നം. ൧൯

ഞെരിഞ്ഞിൽ ഇരട്ടിമധുരം വൻകുറുഞ്ഞിപ്പൂവ് ഇവയിട്ടു പാൽകഷായംവച്ചു ആറിയാൽ പഞ്ചസാരയും തേനും ചേർത്തു സേവിക്കുക; ഗർഭത്തിൽ ഉണ്ടാകുന്ന വേദന ശമിക്കും.

ഗർഭിണിക്കുണ്ടാകുന്ന അസൃഗ്ദരം മുതലായവയ്ക്ക്.

സഗർഭികാസൃഗ്ദരനാശനായ
കശേരുശൃംഗാടകകല്ക്കയുക്തം
[illegible]
[illegible] ൨൦

നീർമുത്തങ്ങ വൻകൊട്ടവേര് ചെങ്ങഴിനീർക്കിഴങ്ങ് ഇവ അരച്ച് പാനംചെയ്ക; ഗർഭിണികൾക്കുണ്ടാകുന്ന അസൃഗ്ദരം ശമിക്കും.

ഗർഭിണിക്കുണ്ടാകുന്ന വയറുവീർപ്പിന്.

രസോനസൌവർച്ചലഹിംഗുയുക്തം
പക്വം പയോനാഹയുതാ സഗർഭാ

പീതാ ഹ്യനാഹാത്തരസാ പ്രമുക്താ
കാലപ്രസൂതാ സുസുതാ ച ഭൂയാൽ. ൩൭

വെളുത്തുള്ളി തുവച്ചിവക്കാരം ഇവ കഷായംവച്ചു കായം മേമ്പൊടിചേർത്തു സേവിക്കുക; ഗർഭത്തിൽ ഉണ്ടാകുന്ന മേൽവയറുവീപ്പു ശമിക്കും.

ഗർഭിണിക്കു മൂത്രം തടയുന്നതിന്.

യാ ഗർഭിണീ തൈ തൃണപഞ്ചമൂലം
കല്കേന സാകം തു പയഃ പിബേൽ സാ
സദ്യോ വിമുച്യേദപി മൂത്രസംഗാൽ
തൽ പഞ്ചമൂലം ച യഥാത്ര വക്ഷ്യേ. ൩൮

തൃണപഞ്ചമൂലം ചേർത്ത് പാൽകഷായംവച്ചു സേവിച്ചാൽ ഗർഭിണിക്കുണ്ടാകുന്ന മൂത്രതടസ്സം ശമിക്കും. (ചെന്നെല്ലിൻവേര് കരിമ്പിൻവേര് ദർഭവേര് അമവേര് ആറ്റുദർഭവേര് ഇവയാണു തൃണപഞ്ചമൂലം.) ഈ തൃണപഞ്ചമൂലം ചൂട്ട് തണ്ണീർദാഹം മൂത്രത്തടവ് രക്തപിത്തം ഇവയെ ശമിപ്പിക്കും.

ഗർഭിണിക്ക് ഓരോ മാസത്തിലും ഗർഭംസ്രവിച്ചാൽ
ചെയ്യേണ്ട ചികിത്സകൾ.

ദേവദാരു മധുകം ച പയസ്യാ
ശാകബീജസഹിതം പ്രഥമേ ച
കോവിദാരമരുണാ ശതമൂലീ
മേചകാനി ച തിലാനി ദ്വിതീയേ. ൩൯

ഗർഭിണിക്ക് ഒന്നാംമാസത്തിൽ ഗർഭംസ്രവിച്ചാൽ ദേവതാരം ഇരട്ടിമധുരം അടപതിയൻകിഴങ്ങ് ... ഇവ പാൽകഷായംവച്ചും, രണ്ടാംമാസത്തിൽ ഗർഭംസ്രവിച്ചാൽ മലയകത്തി മഞ്ചട്ടി ശതാവരിക്കിഴങ്ങ് കാരെള്ള് ഇവ പാൽകഷായംവച്ചും സേവിപ്പിക്കണം.

വൃക്ഷാദനീ ചോത്പലശാരിബാ ച
കാന്താ പയസ്യാ ച തൃതീയമാസേ
അഥോപ്യനന്താദിമശാരിബാ ച
രാസ്നാ സുപത്മാ മധുകം ചതുർത്ഥേ. ൪൦

ഗർഭിണിക്കു മൂന്നാംമാസത്തിൽ ഗർഭംസ്രവിച്ചാൽ ചെറിയ കാട്ടുവെള്ളരിവേര് ചെങ്ങഴിനീർകിഴങ്ങ് നറുനീണ്ടിക്കിഴങ്ങു താഴൽപ്പൂവ് അടപതിയൻകിഴങ്ങു ഇവ പാൽകഷായംവച്ചും; നാലാംമാസത്തിൽ ഗർഭംസ്രവിച്ചാൽ കൊടിത്തൂവവേര് നറുനീ

ണ്ടിക്കിഴങ്ങു അരത്ത ഓരിലത്താമര ഇരട്ടിമധുരം ഇവ പാൽകഷായംവച്ചും കൊടുക്കണം.

സക്ഷീരിശൃംഗാ ച തഥാ ബൃഹത്യൗ
സകാശ്മരീപഞ്ചമമാസിഹവ്യൈഃ
ബലാശ്വദംഷ്ട്രാമധുപർണ്ണിപർണ്ണീ
വൃശ്ചാദികാ ശിഗ്രുയുതാ ച ഷഷ്ഠേ. ൪൧

ഗർഭിണിക്കു അഞ്ചാംമാസത്തിൽ ഗർഭംസ്രവിച്ചാൽ നാല്പാമരമൊട്ടു ചെറുവഴുതിനവേര് വെൺവഴുതിനവേര് കുമ്പിൾവേരു ഇവ പാൽകഷായംവച്ചു നെയ്യുചേർത്തും; ആറാംമാസത്തിൽ ഗർഭംസ്രവിച്ചാൽ കുറുന്തോട്ടിവേരു ഞെരിഞ്ഞിൽ കുമ്പിൾവേര് കാട്ടുപയറിൻവേര് മുരിങ്ങത്തൊലി ഇവ പാൽകഷായംവച്ചും കൊടുക്കണം.

ശൃങ്ഗാടകം പത്മജമൂലദ്രാക്ഷേ
മാസേ തഥാ സപ്തമകേ സഗർഭാ
പദ്മാൽപകോകതാഃ ക്രമശശ്ച സർവ്വേ
കല്ക്കപ്രമാണാഃ ശിശിരാംബുപിഷ്ടാഃ. ൪൨

പലൈകദുഗ്ദ്ധേന വിലോഡിതാഃ സ്യുർ-
ഗർഭവ്യഥാനാശനപാനയോഗാഃ
മാസേഽഷ്ടമേ ചാഥ കപിത്ഥബില്വ-
നിദിഗ്ദ്ധികാഭിർബൃഹതീപടോലൈഃ. ൪൩

പലാഷ്ടകം ദുഗ്ദ്ധമിദം ദ്വിപ്രസ്ഥ
നീരേണ സിദ്ധം പ്രമദാ സഗർഭാ
പിബേച്ച ഗർഭസ്യ ച രക്ഷണായ
തത്രത്യ ശൂലസ്യ വിനാശനായ. ൪൪

ഏഴാംമാസത്തിൽ ഗർഭം സ്രവിച്ചാൽ വൻകൊട്ടവേര് താമരക്കിഴങ്ങ് മുന്തിരിങ്ങാപ്പഴം ഇവ പാൽകഷായം വച്ച് സേവിപ്പിക്കണം. മുൻപറഞ്ഞ ശ്ലോകങ്ങളിൽ രണ്ടാംശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന മരുന്നുകൾ മൂന്നുകഴഞ്ചുവീതം എട്ടുതുട്ട് തണുത്ത വെള്ളത്തിൽ അരച്ചുകലക്കി ഒരുപലം പാലുംചേർത്ത് കാച്ചിഎടുത്തുവേണം ഗർഭസ്രാവത്തിൽ സേവിപ്പിക്കേണ്ടതു്. അപ്രകാരം സേവിച്ചാൽ ഗർഭസ്രാവംകൊണ്ടുണ്ടാകുന്ന വേദനകൾ ശമിക്കും. എട്ടാംമാസത്തിൽ വിളാർമരത്തിൻകായ് കൂവളത്തിൻവേര് ചെറുവഴുതിനവേര് വെൺവഴുതിനവേരു പടവലം ഇവ രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ഇരുനാഴി പാലുംചേർത്ത് കാച്ചിപാലാക്കി

സേവിക്കുക; ഇതു ഗർഭരക്ഷണത്തിനും ശൂലനാശനത്തിനും നല്ലതാണ്.

പ്രാപ്യേഽഷ്ടമേ മാസി ന ഗർഭവത്യാ
കാര്യം കദാചിന്മൈഥുനമേവ ബുദ്ധ്യാ
വിപദ്യതേഽന്തഃ പതിതോഽപി ജീവേ
മൂകോഽന്ധകഃ കുബ്ജ അകർമ്മകോ വാ. ൩൯

എട്ടുമാസമായിക്കഴിഞ്ഞാൽ പിന്നെ ഗർഭിണി മൈഥുനത്തെ വർജ്ജിക്കണം. അല്ലാതെ മൈഥുനം ചെയ്താൽ ഗർഭത്തിലുള്ള പ്രജ മരിക്കുന്നതിനോ പതിക്കുന്നതിനോ മൂകനായോ അന്ധനായോ കൂനനായോ അംഗഹീനനായോ ജനിക്കുന്നതിനോ സംഗതി വരുന്നതാം.

മാസേ സഗർഭാ നവമേ പയസ്യാ-
നന്താ ച പർണ്ണീമധുകേന സാർദ്ധം
പിഷ്ട്വാ സലാജാൻ സഗുഡാൻ സദുഗ്ദ്ധാൻ
ഗർഭസ്യ സംരക്ഷണശൂലശാന്ത്യൈ. ൪൦

ഒമ്പതാംമാസത്തിൽ ഗർഭമുള്ളവർ അടപതിയൻകിഴങ്ങു കൊടിത്തൂവവേര് കാട്ടുപയറ് ഇരട്ടിമധുരം ഇവ അരച്ച് പാലും മലരും ചേർത്തു സേവിക്കുക; ഇത് ഗർഭരക്ഷണത്തിനും ഗർഭശൂലയ്ക്കും നന്ന്.

ശൃങ്ഗീപയസ്യാപരിസാധിതം യാ
ക്ഷീരം സഗർഭാ ദശമേ നിഷേവേൽ
മാസേ സിതാക്ഷീരമഥൌഷധം വാ
സദേവദാരും മധുകം പിബേച്ച. ൪൧

അഥവാ ക്ഷീരശൃങ്ഗീഭ്യാം ക്വഥിതം ദശമേ പിബേൽ
അഥവാ വിശ്വമധുകദേവദാരുഭിരൈഃ പയഃ. ൪൨

ചുക്ക് അടപതിയൻകിഴങ്ങു ഇവ കഷായംവെച്ച പാലും ചുക്ക് ദേവതാരം ഇരട്ടിമധുരം ഇവ കഷായംവെച്ച പാലുമായോ ചേർത്തോ ചുക്കമാത്രമോ; ദേവതാരം ഇരട്ടിമധുരം ഇവയോ പാൽക്കഷായംവച്ചു ഗർഭിണി പത്താംമാസത്തിൽ സേവിക്കണം.

ഏകാദശേ ദ്വാദശകേഽപി മാസേ
ക്ഷീരീസമംഗോല്പലശംഖരാംശ്ച
ഗർഭസ്യ ശൂലപ്രശമായ വാമാ
പിബേച്ച തന്ത്യൈവ ചരക്ഷണായ. ൪൩

പതിനൊന്നും പന്ത്രണ്ടും മാസങ്ങളിൽ നറുതാമരമൊട്ട് പാ

ച്ചുണ്ട ചെങ്ങഴിനീർക്കിഴങ്ങു കട്ടക്കാരത്തൊട്ട ഇവ കഷായംവച്ചു ഗർഭശൂലം ശമിക്കുന്നതിനും ഗർഭരക്ഷണത്തിനും ആയിട്ടു സേവിക്കണം.

സുഖപ്രസവത്തിന്.

യാ പോതകീമൂലകകല്ക്കയുക്ത-
തൈലേന തദ്വച്ച തിലോദ്ഭവേന,
യോന്യന്തരം വൈ യദി ലേപയേൽ സാ
പ്രസൂയതേ ചാശു സുഖേന നാരീ. ൪൪

വലിയവശളച്ചീര അരച്ച് അതും എള്ളെണ്ണയുംകൂടി ചേർത്തോ എള്ളെണ്ണ തനിച്ചോ യോനിയിൽ തേച്ചാൽ സ്ത്രീ സുഖമായി പ്രസവിക്കും.

അന്യയോഗം.

കൃഷ്ണാ വചാ ചാപി ജലേന പിഷ്ട്വാ
സൈരണ്ഡതൈലേന തു നാഭിലേപാൽ
സുഖപ്രസൂതിം കില ഗുർവ്വിണീനാം
സദ്യഃ പ്രകുര്യ്യാൽ ബഹുപീഡിതാനാം. ൪൫

തിപ്പലി വയമ്പ് ഇവ പച്ചവെള്ളത്തിൽ അരച്ച് ആവണക്കെണ്ണയിൽ ചാലിച്ചു നാഭിയിൽ തേക്കുക; വളരെ ഉപദ്രവങ്ങളുള്ള ഗർഭിണികളും സുഖമായി പ്രസവിക്കും.

സുഖപ്രസവത്തിനുള്ള മന്ത്രം.

"ക്ഷിതിർജ്ജലം വിയത്തേജോ വായുർവിഷ്ണുഃ പ്രജാപതിഃ
സഗർഭാം യാം സദാ പാന്തു വൈശല്യം ച ദധത്വപി.
പ്രസൂയതാമപി ക്ലിഷ്ടമവിഷ്ടാ ച ശുഭാനനേ!
കാർത്തികേയദ്യുതിം പുത്രം കാർത്തികേയാഭിരക്ഷിതം."

ഈ മന്ത്രം ഗർഭിണിയുടെ കർണ്ണത്തിൽ എഴുതവണ ജപിക്കണം.

വേറൊന്ന്.

ഗുഞ്ജാമൂലസ്യാഷ്ടൌ-
ഖണ്ഡാനാത്മനി മിതസൂത്രൈഃ കടിദേശേ
ബദ്ധ്വാ സദ്യഃസൂതിം
വാമാപ്രകുരുത ഏവ വദന്തി. ൪൬

കുന്നിയുടെവേര് എട്ടെണ്ണം പറിച്ചെടുത്ത് അരക്കെട്ടിൽ കെട്ടിയാൽ സുഖമായി പ്രസവിക്കും.

മറുപിള്ള പതിക്കുന്നതിന്.

ഇക്ഷ്വാകുസർഷപഭുജംഗമകഞ്ചുകാനാം
ധൂപസ്തഥാപി കൃതവേധനസംയുതാനാം
തൈലേന വാപി കടുനാപി ഭഗപ്രദത്തഃ
കുര്യാദഥോ വാഹ്യപരാപ്രപാതം. ൬൭

പാൽച്ചുര കടുകു; കൃഷ്ണസർപ്പത്തിന്റെ പടം ഇവ എണ്ണയും ചേർത്ത് പുകയ്ക്കുക; മറുപിള്ള പതിക്കും.

അന്യയോഗം.

കച്ഛനിഃവഷ്ടിതയാങ്ഗുലികായുതൈർ-
ഗളനിഘർഷണകൈരപരാ തഥാ
പതതി ചാഥ തഥൈവ തു ലാംഗലീ-
ഭവരജ്ജോരഥരസൈഃ കരപാദയോഃ. ൬൮

വിരലിൽ തലമുടിചുററി തൊണ്ടയ്ക്ക് ഉരസ്സിയാലും മറുപിള്ള പിറക്കും. മേന്തോന്നിയുടെ നീരു കൈയിലും കാലിലും തേക്കുക; മറുപിള്ള പിറക്കും.

വേറൊരുയോഗം.

മദ്യേന വാ ഗോപയസാ ച സിദ്ധൈ-
ര്യാ പായസൈഃ പശ്ചാദപി പ്രലിമ്പേൽ
ഹസ്തൌ തദാ സ്യാദപരാപ്രപാത
സ്തസ്യാസ്തു ശീഘ്രം ഖലു ശൂലശാന്തിഃ. ൬൯

മദ്യംകൊണ്ടോ പശുവിൻപാലുകൊണ്ടോ പായസമുണ്ടാക്കി രണ്ടു കാലിലും കയ്യിലും തേക്കുക, മറുപിള്ള പിറക്കുകയും ശൂലം ശമിക്കുകയും ചെയ്യും.

മറെറാരു യോഗം.

ബില്വമാക്കവഭവം യദി മൂലം
കല്കിതം മദിരയാപി ച പീതം
ശൂലമാശു ഭഗജം പ്രമദാനാം
ഹന്തി സൂതിജനിതം സുജവേന. ൭൦

കൂവളത്തിൻവേരു കയ്യോന്നിവേരു ഇവ അരച്ചു മദ്യത്തിൽ പാനം ചെയ്യുക; സ്ത്രീകൾക്കു യോനിയിൽ ഉണ്ടാകുന്ന ശൂലം ശമിക്കും.

അപരയോഗം.

ശാലിമൂലമഥവാക്ഷമലം വാ
പിപ്പലീമപി തഥാഹ്യപാകതൈഃ

ഗോജലേന ച തഥാപി തു വാപ്യൈർ-
യോനിശൂലശമനായ ച മദ്യൈഃ. ൭൧

ചെന്നെല്ലിൻവേരോ താന്നിക്കായോ തിപ്പലിയോ ഞൊട്ടാഞൊടിയനോ ഇവ ഗോമൂത്രത്തിലോ പുളിച്ച മദ്യങ്ങളിലോ സേവിക്കുക; യോനിശൂലം ശമിക്കും.

സൌവച്ചലേന ച സദാഗതിശത്രുസിദ്ധ-
ക്ഷീരം ദശാഹമബലാ പ്രസവം പ്രപന്നാ
യോനിപ്രഭൃതബഹുശൂലശമായ നിത്യ-
മന്നം ഭജേൽ പലരസൈശ്ച ശിരീഷസേകം. ൭൨

തുവച്ചിലയുപ്പ് വെളുത്താവണക്കിൻവേര് ഇവയിട്ടു പാൽ കാച്ചി പത്തുദിവസം സേവിക്കുക; മാംസരസവുംകൂട്ടി അന്നം ഭക്ഷിക്കുക; നെന്മേനിവാക ഇട്ടു വെന്തവെള്ളം ദേഹത്തിലൊഴിക്കുക; യോനിയിലുണ്ടാകുന്ന അതിമഹിന്മായ ശൂലം ശമിക്കും.

സ്തന്യപാനവിധി.

തഥാ പ്രകുര്യാദഥ ജാതകർമ്മാ-
ണ്യാശേഷവതുര്യോ ഹി തഥാ തൃതീയേ
സൂത്യം വധൂനാം തു പ്രവർത്തയൻ വൈ
തഥാദിമേ ഹി ത്രിസവം ഘൃതേന. ൭൩

സമാക്ഷികേനാപി വിലിപ്യ വാമാ
കുചം തു സമ്മന്ത്ര്യ തു പായയേത്തം
ശിശും പയോ മങ്ഗലഗീതമന്ത്രൈ-
ർമ്മന്ത്രം പ്രവക്ഷ്യാമി പുരാതനം യൽ. ൭൪

അപ്രകാരം ശിശുവിന്നു ഉടൻതന്നെ ജാതകർമ്മം ചെയ്യണം. അല്ലെങ്കിൽ മൂന്നാംദിവസമോ നാലാംദിവസമോ ജാതകർമ്മം ചെയ്യാം. അനന്തരം മൂന്നുദിവസം നെയ്യും തേനും മുലയിൽ പുരട്ടിയതിനുശേഷം മന്ത്രപുരസ്സരം കുട്ടിക്കു മുലകൊടുക്കണം. മന്ത്രം അടുത്തുതന്നെ കാണിക്കുന്നു.

സ്തനപ്രദാനമന്ത്രം.

"ചത്വാരഃ സാഗരാസ്തുഭ്യം സ്തനയോഃ ക്ഷീരവാഹിനഃ
സന്തു തേ ശുഭഗേ! നിത്യം ബാലസ്യാശു ഗ്രഹാപഹാഃ
പിബൻ ബാലോഽമൃതരസം പയസ്തവ ശുഭാനനേ!
ദീർഘമായുരവാപ്നോതി ദേവാഃ പ്രാശ്യ യഥാമൃതം."

ഈ മന്ത്രം ജപിച്ചു ശിശുവിനു മുലപ്പാൽ കൊടുക്കണം.

പ്രസവിച്ചവളുടെ യോനി, കുക്ഷി, ഞരമ്പുകൾ ഇവയുടെ പ്രകൃതീകരണം.

തുംബീദളം ലോധ്രമിദം ദ്വയം ച
സമാനഭാഗം പരിപേഷ്യ ദദ്യാൽ
ലേപം ഭഗസ്യാഥ യഥാ പ്രസൂതാ
ഭഗസ്യ തു സ്യാദഥ നിർമ്മലത്വം. ൧൩൮

പാൽച്ചുരയുടെ ഇല പാൽച്ചോററിത്തൊലി ഇവ രണ്ടും തുല്യമായി എടുത്ത് അരച്ചു യോനിയിൽ തേക്കുക; യോനി നിർമ്മലമായിത്തീരും.

വേറൊരുയോഗം.

പലാശകോദുംബരയോഃ ഫലാനാം
സമാക്ഷികസ്തൈലയുതഃ പ്രലേപഃ
പ്രസൂതികാനാം ച ഭഗസ്യ കുര്യാൽ
കന്യാഭഗസ്യാപി സമാനഭാവം. ൧൩൯

പ്ലാശിൻകായും അത്തിക്കായും കൂടി അരച്ചു തേനും എണ്ണയും കൂടി ചേർത്തു ചാലിച്ചു യോനിയിൽ തേക്കുക; പ്രസവിച്ചവളുടെ യോനി കന്യായോനിക്കു സമാനമായിത്തീരും.

അന്യയോഗം.

ഖഞ്ജരീടപലജാ ഗുളികൈകാ-
ർമ്മശോഷിതതമാ മധുയുക്താ
യോനിമദ്ധ്യനിഹിതാ ദശവാരാൻ
സൂതികാ ച വിദധാതി സകന്യാം. ൧൪൦

കരിംകുരീലിന്റെ മാംസം എടുത്തു ഗുളികയാക്കി നിഴലിൽ ഉണക്കി തേൻ ചേർത്തു പത്തുദിവസം യോനിമദ്ധ്യത്തിൽ ഇടുക; പ്രസവിച്ചവൾ കന്യകയെപ്പോലെയായിത്തീരും.

പ്രസവിച്ചവളുടെ വയറു ചുരുങ്ങുന്നതിന്.

മൂലം മാലതികാഭവം ച നിതരാം തക്രേണ സാകം പിബേ-
ത്ത്രാസായാശു പ്രസൂതികാഥ സജ്വരസ്യൈവ ധാത്രീം നിശാം
പീഷ്ട്വാ മാക്ഷികഹവ്യസംയുതതമാം ലാദ്യാ ച [illegible] സ്ഫുടം
ബാലായാഃ സദൃശം പ്രസൂയ ലഭതേ വാരാനനേകാൻ പ്രസൂഃ.

മണിത്തക്കാളിയുടെവേരു് അരച്ചു മോരിൽ സേവിക്കുക; നെല്ലി മഞ്ഞൾ ഇവ അരച്ചു തേനും നെയ്യും ചേർത്തു നക്കുക; പ്രസവിച്ചവളുടെ ജ്വരം ചുരുങ്ങുകയും സുഖമുണ്ടാകയും ചെയ്യും.

മക്കല്ലലക്ഷണവും ചികിത്സയും.

യദാ പ്രസൂതാ രുധിരം ച്യുതം യൽ
തൽസ്ഥാനതശ്ചാപ്യപരോദ്ധ്യ വായുഃ
മക്കല്ലരോഗം തു തതഃ പ്രകുര്യാ-
ദ്ധൃദ്വസ്തിമൂർദ്ധസ്വപി ശൂലരോഗം. ൧൪൧

പ്രസവിച്ചവൾക്കു വായു കോപിച്ചു സ്രവിച്ചുകൊണ്ടിരിക്കുന്ന രക്തത്തെ തടുത്തു, ഹൃദയം വസ്തി ശിരസ്സ് ഈ സ്ഥാനങ്ങളിൽ വേദനയോടുകൂടി മക്കല്ലരോഗത്തെ ഉണ്ടാക്കും.

വേശേ ധരണ്യാം പതിതേ വിശേഷാൽ
യോനേശ്ച നിഷ്പീഡനമിഷ്യതേ ത്ര
യദാ പ്രവേശോ ഖലു തത്ര വായോഃ
സംരക്ഷണേ ചാത്ര ക്രിയാ വിധേയാ: ൧൪൨

മറുപിള്ള പിറന്നുകഴിഞ്ഞാൽ യോനിനിഷ്പീഡനത്തെ ചെയ്യണം. അപ്പോൾ വായുവിന്റെ പ്രവേശം ഉണ്ടായേക്കും. അതുകൊണ്ടു വായുസംരക്ഷണത്തിനായുള്ള ക്രിയയും ചെയ്യണം.

ഹൃദ്വസ്തിശൂലം ച തഥൈവ തസ്യാ
ഹ്യാധ്മാനമേവം പ്രതിഷേധയേത്തു
തല്ലംഘനാഭ്യഞ്ജനകൈശ്ച താദൃൿ
ഭഗക്രിയാസേചനകൈഃ പ്രകുര്യാൽ. ൧൪൩

പ്രസവിച്ചവൾക്കു ഹൃദയശൂലം വസ്തിശൂലം വയറുവീർപ്പ് ഇവ ഉണ്ടാകുന്നു എങ്കിൽ അതിനെ തടുക്കാൻ ശക്തിയുള്ളതായ അഭ്യഞ്ജനം യോനിസേചനം ഇവയെ ചെയ്യണം.

ഉഷ്ണാം യവാഗൂം കടുതീക്ഷ്ണസിദ്ധാം
മധുപാനപീതാം ച ത്രിദിനാനി തസ്യൈ
പ്രപായയേച്ചാഥ ഭിഷക് പ്രകുര്യാ-
ദ്വിശോധനം തച്ച യഥാ വിധാനേ. ൧൪൪

മക്കല്ലരോഗം ഉള്ളവൾക്ക് കടുക്കളായും തീക്ഷ്ണങ്ങളായും ഇരിക്കുന്ന ഔഷധങ്ങൾ ഇട്ട് ഉണ്ടാക്കിയതും ചൂടുള്ളതും ആയ കഞ്ഞിയിൽ തേൻ ചേർത്തു മൂന്നുദിവസം കൊടുക്കണം. ഇതുകൂടാതെ വിശോധനമായ ക്രിയയും ചെയ്യണം.

ഘൃതേന ചോഷ്ണേന ജലേന ചാപി
യവാഗ്രജം ക്ഷാരസമം പിബേൽ സാ
ത്രിജാതകൈശ്ചൈകടുധാന്യചൂർണ്ണാ
ന്യാപായ്യ ജീർണ്ണേന ഗുഡേന താദൃൿ. ൧൪൫

ചൂടുള്ള നെയ്യിലോ ചൂടുവെള്ളത്തിലോ ക്ഷാരം കൊടുക്കുക; ഏലം ഇലവംഗം പച്ചില ചുക്കു മുളകു തിപ്പലി ഇവ പൊടിച്ചു പഴകിയ ശക്കരയിൽ സേവിപ്പിക്കുക; മക്കല്ലരോഗം ശമിക്കും.

മക്കല്ലരോഗസ്യ വിനാശനായ
ശിരോത്തിശാന്ത്യൈ ഭിഷഗത്ര ലേപം
ലുംഗസ്യ മൂലസ്യ സവിലപമേവം
മൂലസ്യ മല്ലീപ്രഭവസ്യ കുര്യാൽ. ൯൪

മക്കല്ലരോഗശാന്തിക്കും തലവേദന ശമിക്കുന്നതിനും അയിമാതളനാരകത്തിൻവേര് കൂവളത്തിൻവേര് മുല്ലവേര് ഇവ അരച്ചു ലേപനം ചെയ്യണം.

അന്യയോഗം.

ത്രികടുചിത്രകചവ്യപടത്രയ-
രജനിശകല്കമിദം ച കണാന്വിതം
സയവജം ച കവോഷ്ണജലേന വൈ
വരവിരേചനമത്ര മക്കല്ലകേ. ൯൫

ചുക്കു മുളകു തിപ്പലി കൊടുവേലിക്കിഴങ്ങ് ഉപ്പുമൂന്നും മഞ്ഞളും മരമഞ്ഞളും കാട്ടുതിപ്പലിവേര് യവക്ഷാരം ഇവ പൊടിച്ചു ചൂടുവെള്ളത്തിൽ സേവിക്കുക; മക്കല്ലരോഗം ശമിക്കും. വിരേചനവും ചെയ്യണം.

സ്തന്യശുദ്ധിക്ക്.

ധാത്രീപയഃ ശുദ്ധിമലം പ്രകർത്തും
മുസ്താദികം ദേവ്യമഥോ നിപീതം
മുദ്ഗസ്യ യൂഷം ച രസം പലസ്യ
തസ്യൈ പ്രദദ്യാദഥ ഭോജനാർത്ഥം. ൯൬

മുസ്താദിനെയ്യ് ചെറുപയറിൻചാറ് മാംസരസം ഇവ ഭോജനത്തിൽ ചേർത്തു കൊടുത്താൽ പ്രസവിച്ചവരുടെ മുലപ്പാലിനു ശുദ്ധിയുണ്ടാകും.

അന്യയോഗം.

ഭാർങ്ഗീദാരുവചാവിഷാശ്രുതശൃതം പീതം പയസ്ത്വാധുനാ
പാഠാദാരുകിരാതവിശ്വകടുകാനന്താവിശല്യാശ്രുതം
മൂർവാശക്രയുതം തഥാത്ര ഗദിതം സർസാരിബാമിശ്രിതം
ദുഗ്ദ്ധസ്യാത്ര വിശോധനം വരഭിഷഗ്ഗീതം ത്രയോഗദ്വയം. ൯൭

ചെറുതേക്ക ദേവതാരം വയമ്പ് അതിവിടയം ഇവ കഷായം വച്ചു സേവിക്കുക; പാടക്കിഴങ്ങ് ദേവദാരം പുത്തരിച്ചുണ്ടവേര

ചുക്കു കടുകുരോഹിണി കൊടിത്തുവവേര് മേറന്നി പെരുംകുരുമ്പവേര കടകപ്പാലയരി നറുനീണ്ടിക്കിഴങ്ങ് ഇവ കഷായംവച്ചു സേവിക്കുക; മുലപ്പാലിനു ശുദ്ധിയുണ്ടാകും. ഇങ്ങനെ രണ്ടു [illegible].

[illegible]

യാജകശ്വാണ്ഡമൂലപിഷ്ടം
ക്ഷീരേണ സാർദ്ധം പിബതി പ്രകാമം
പുഷ്ണാതി സാ സ്തന്യചയൈഃ സുതാനാം
വൃന്ദം സുഖേനൈവ സദാ പ്രസന്നാ. ൯൮

മേദ, കുമ്പളത്തിൻവേര് ഇവ പാലിൽഅരച്ചു സേവിക്കുക; മുലപ്പാൽ വദ്ധിക്കും.

കണാകണാമൂലവിഡംഗശുണ്ഠീ-
യവാനികാജീരകയുഗ്മചവ്യൈഃ
സൌവർച്ചലേനാപി നിശാദ്വയേന
പിഷ്ടൈശ്ച പിഷ്ടേന തഥാരനാളം. ൯൯

വിപാചിതം വൃഷ്യതമം നിപീതം
പ്രസൂതികാനാം ബഹ്വളാഗ്നികാരി
മക്കല്ലശൂലസ്യ വിനാശനം തൽ
കഫസ്യ തദ്വൽ ബഹുദുഗ്ദ്ധകാരി. ൧൦൦

സാമസ്യ വാതസ്യ വിനാശനം സ്യാൽ
വജ്രാദികം കാഞ്ജികമുക്തമാദ്യൈഃ
പ്രസൂതികാസ്തന്യചയം സുതാനാം
മസ്യ പ്രയോഗാദപി പാലിനീ സ്യാൽ. ൧൦൧

തിപ്പലി കാട്ടുതിപ്പലിവേര് വിഴാലരി ചുക്ക് കുറാശാണി ജീരകം കരിഞ്ജീരകം കാട്ടുമുളകിൻവേര് തുവർച്ചിലയുപ്പ് മഞ്ഞളും മരമഞ്ഞളും ഇവ അരച്ച് കാടിയിൽകലക്കി പാകംചെയ്തു സേവിക്കുക. ശുക്ലവൃദ്ധിയും പ്രസവിച്ചവർക്ക് അഗ്നിവദ്ധനയും ഉണ്ടാകും. മുലപ്പാൽ വദ്ധിക്കും. ആമവാതവും ശമിക്കും.

പ്രസവിച്ചവളുടെ സ്തനം നേരെനില്ക്കുന്നതിന്.

ശ്രീപർണ്ണികായാ രസകല്കസിദ്ധം
തൈലം തിലാനാം സ്തനയോഃ പ്രകാമം
പിചുപ്രദാനാം ധൃതമേവ കുര്യാ
ദുത്ഥാപനം ബാലകവൃന്ദമാതുഃ. ൧൦൨

കുമിഴിൻനീരിൽ കുമിഴിൻവേര് കല്ക്കമായി എണ്ണകാച്ചി തുണിയിൽമുക്കി സ്തനത്തിന് ഉയർച്ച പ്രസവിച്ചവളുടെ സ്തനം ദൃഢമായി ഉയർന്നുനില്ക്കും.

കാസീസാദ്യതൈലം.

കാസീസശാബരളജംഗകണാശ്വഗന്ധാ-
സിദ്ധം ച തൈലമചലാസ്തനയോഃ പ്രകാമം
വൃദ്ധിം ശ്രുതിസ്തനവരാംഗഭഗസ്യ ധത്താം
കുഷ്ഠാദിലേപനവിധാനപിചുപ്രദാനാൽ. ൧൦൪

അന്നഭേദി പാച്ചോററിത്തൊലി അത്തിത്തിപ്പലി അമുക്കരം ഇവ കല്ക്കമായി എണ്ണകാച്ചി പുരട്ടുകയോ തുണിയിൽ മുക്കിയിടുകയോ ചെയ്യുക; സ്ത്രീകളുടെ സ്തനം ചെവി യോനി പുരുഷലിംഗം ഇവ വർദ്ധിക്കും.

യോനിരോമങ്ങൾ നശിക്കുന്നതിന്.

ഹരിതാലമിതൈകഭാഗികം ദരചൂർണ്ണം പലപഞ്ചഭാഗികം
ഭസിതേന പലാശജേന തൽ പരിലിപ്തം ഭഗരോമശാതനം.

അരിതാരം ഒരുഭാഗം ശംഖിൻപൊടി അഞ്ചുഭാഗം പ്ലാശിൻഭസ്മം ഇവ ഒന്നിച്ചുചേർത്തു തേക്കുക; യോനിയിലുള്ള രോമങ്ങൾ എല്ലാം ഇല്ലാതാകും.

സൌഭാഗ്യശുണ്ഠി.

പ്രസ്ഥദ്വയം വൈദ്യവരശ്ച ശുണ്ഠ്യാഃ
പ്രസ്ഥദ്വയേനൈവ ഗവാംഘൃതേന
ചതുർഗ്ഗുണേനസ്യാശ്ച ഗവാംപയോഭിഃ
സംസാധ്യ ഖണ്ഡേന ചതുർഗ്ഗുണേന. ൧൦൫

ജാതീഫലൈലാത്രിഫലാദിഗന്ധ
കണാവിദാരീമുസലീച ചൂർണ്ണാനാം
കർപ്പൂരദ്രാക്ഷാജരണചൂർണ്ണാനാം
കാശ്മീരപത്രീശതമൂലകാനാം. ൧൦൬

പലം പലം ഗോക്ഷുരദേവപുഷ്പ-
ശതപ്രസൂനാകാരികച് വജ്രജാനാം
പ്രത്യേകമേവാദിചതുസ്സമാനാം
സപുഷ്കരാണാമപി സന്തിഗന്ധാ. ൧൦൭

പലാംശകേനാപി ച ശീർഷകജ്ജാ-
ഭാഗേന മഞ്ജാദിതയേന സമ്യക്
പലത്രയേനാഥ പലപ്രമാണ
ഖർജ്ജൂരദ്രാക്ഷാമരാഹാടകാനാം. ൧൦൮

കസ്തൂരികാലോഹജഭസ്മഭാഗാ
ദേശാനുകൂലാനുഭവേനയോജ്യാഃ

ഏതൽ സമസ്തവിധിനാ ഗുരുദർശിതേന
മാത്രാ യഥാ പലപലൈകമിതാ ദപിരുക്താ
ശുണ്ഠീ പ്രമോദജനികാ ശിവയോഃ പ്രകാമം
സൌഭാഗ്യദാ ബഹുസുതാ സുതസന്തദാത്രീ. ൧൦൯

ബ്രഹ്മാഖ്യാതാ നാരദായാഥ ദേവ്യൈ
ശംഭുപ്രോക്താ സൃഷ്ടിനിർബാധസിദ്ധ്യൈ.
തേ വൈ രോഗാ സ്ത്രീതന്വൌ സന്തി ചൈവ
യേ ചൈവാസ്യാഃസേവനാദേവ ന സ്യുഃ. ൧൧൦

അശീതിവാതോത്ഥഗദാസ്തഥൈവ
പിത്തപ്രഭൂതാഃ കഫജാസ്തഥൈവ
അഷ്ടൌ ജ്വരാദ്യാഃ ശ്രുതിശീർഷനേത്ര-
ജിഹ്വാസ്യനാസാഗളതാലുജാതാഃ. ൧൧൧

രണ്ടിടങ്ങഴി ചുക്കുപൊടി ൨ ഇടങ്ങഴി പാലിൽ പുഴുങ്ങി പാകമാകുമ്പോൾ ൨ ഇടങ്ങഴി നെയ്യും ൮ ഇടങ്ങഴി കൽക്കണ്ടവും ജാതിക്ക ഏലത്തരി ത്രിഫല മുത്തങ്ങ തിപ്പലി പാൽമുതക്കിൻകിഴങ്ങു നിലപ്പനക്കിഴങ്ങു പന്നിക്കിഴങ്ങു കർപ്പൂരം മുന്തിരിങ്ങ ജീരകം കരിഞ്ജീരകം കുങ്കുമപ്പൂവു് ജാതിപത്രി ശതാവരിക്കിഴങ്ങു ഞെരിഞ്ഞിൽ കരയാമ്പൂവു് ശതകുപ്പ നായ്ക്കുരണ എലം ഇലവർങ്ഗം നാഗപ്പൂവു പച്ചില പുഷ്കരം അമുക്കരം മാതളനാരങ്ങ കൂവളത്തിൻകായ് വ്ളാങ്കായ് ഇവയുടെ മജ്ജ ചിറ്റീന്തൽ വലിയ മുന്തിരിങ്ങാ ഉഴിഞ്ഞ മലങ്കാരയ്ക്കാ ഇവ ഓരോപലം, (ഭൈഷജ്യരത്നാവലിയിൽ ൩ കഴഞ്ചും ൩ കഴഞ്ചും പൊടിച്ചു ചേർത്താണ് ഈ യോഗം കാണിച്ചിരിക്കുന്നതു്) പൊടിച്ചു പൊടിയും കസ്തൂരി ലോഹഭസ്മം ഇവ ദേശകാലാവസ്ഥപോലെയും ചേർത്തു മോദകമാക്കി ഓരോപലം വീതം സേവിക്കുക. ധാരാളം സന്താനങ്ങളുണ്ടാകുന്നതു കൂടാതെ ൮൦ വിധം വാതങ്ങളും ൪൦ വിധം പിത്തരോഗങ്ങളും ൨൦ വിധം കഫരോഗങ്ങളും ശമിക്കും. ഇതു ബ്രഹ്മാവിനാൽ നാരദനും, അതിനുശേഷം പരമശിവനാൽ ദേവിക്കും ഉപദേശിക്കപ്പെട്ടിട്ടുള്ള ഒരു ദിവ്യയോഗമാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
സ്ത്രീരോഗാധികാരത്തിൽ യോനിവ്യാപദധികാരം എന്ന
൫൦-ാം സ്തബകം കഴിഞ്ഞു.

അഥ ഏകപഞ്ചാശസ്തബകഃ

ബാലരോഗാധികാരഃ.

ശിശുഭേദങ്ങൾ.

ക്ഷീരാശനാന്നാശനതോ ദ്വയാശീ
വൃന്ദഃ ശിശൂനാം ത്രിവിധഃ പ്രസിദ്ധഃ
സ്വാസ്ഥ്യം തു തസ്യാഽപ്യശനാദി സമ്യക്
പാകേ ഹ്യപാകേ ഖലു രോഗവൃദ്ധിഃ. ൧

ക്ഷീരാശനൻ, അന്നാശനൻ, ക്ഷീരാന്നാശനൻ ഇങ്ങനെ ബാലന്മാർ മൂന്നുവിധത്തിലുണ്ട്. ഇവർക്ക് അന്നാദികൾ വേണ്ടതുപോലെ പാകംവന്നാൽ അരോഗതയും പാകംവരാതെയിരുന്നാൽ രോഗവൎദ്ധനയും ഉണ്ടാകും.

വാതദുഷ്ടമായ മുലപ്പാലിന്റെ ദോഷം.

യോ വാതദുഷ്ടം സ്തനമംബു പിബേൽ
ബാലസ്സവാതോത്ഥഗദാതുരഃ സ്യാൽ
ക്ഷാമസ്വരശ്ചാപി ഭവേച്ച കാർശ്യം
വിൺമൂത്രവായുപ്രതിരോധശാലി. ൨

വാതത്താൽ ദുഷിച്ച മുലപ്പാൽ കുടിക്കുന്ന ശിശു വാതരോഗിയാകും. മലം മൂത്രം വായു ഇവയുടെ തടവിനാൽ ഒച്ചയടച്ചവനും കൃശശരീരനും ആയും തീരും.

പിത്തജമായ മുലപ്പാലിന്റെ ദോഷം.

യഃ പിത്തദുഷ്ടം ച പയഃ പിബേൽ സ
ബാലസ്സപിത്താതുരതാമുപൈതി
തൃഷ്ണാതുരഃ ശുഷ്കസമസ്തഗാത്രഃ
സകാമിലോ ഭിന്നമലസ്സഘൎമ്മഃ. ൩

പിത്തത്താൽ ദുഷിച്ച മുലപ്പാൽ കുടിക്കുന്ന ബാലൻ പിത്തരോഗിയായും തണ്ണീർദാഹത്തോടുകൂടിയവനായും സകല ശരീരങ്ങളും ശോഷിച്ചും കാമിലരോഗവും ഉഷ്ണത്തോടും കൂടിയവനും മലം ഇളകിപ്പോകുന്നവനും ആയിത്തീരും.

കഫജമായ മുലപ്പാലിന്റെ ദോഷം.

കഫപ്രദുഷ്ടം തു പയഃ പിബേദ്യോ
ലാലായുതഃ ശ്ലേഷ്മഗദീ ശിശുഃ സ്യാൽ

സവാന്തിനിദ്രീസിതനേത്രശൂലീ
ജാഡ്യേന യുക്തോ ഗദിതോ ഭിഷഗ്ഭിഃ. ൪

കഫത്താൽ ദുഷിച്ച മുലപ്പാൽ കുടിക്കുന്ന കുട്ടി, ഈത്താലോടും കഫരോഗത്തോടും കൂടിയവനായിത്തീരും. ഛൎദ്ദി, ഉറക്കം, കണ്ണിന്നു വെളുപ്പ്, ശൂലം, ജാഡ്യം ഇവയും ആ കുട്ടിക്ക് ഉണ്ടായിരിക്കും.

കുട്ടികളുടെ രോഗം അറിയാനുള്ള ഉപായം.

തീവ്രാമതീവ്രാമഥ ബാലകാനാം
വൈദ്യഃ പരീക്ഷേത വേദനാം താം
തദ്രോദനാത്തദ്രുജമാശു ദൃഷ്ട്വാ
ശാസ്ത്രം ചികിത്സാം വിദധീത തേഭ്യഃ. ൫

കുട്ടികൾ അധികം കരയുമ്പോൾ വേദന അധികം ഉണ്ടെന്നും കരയാത്തപ്പോൾ വേദന കുറവാണെന്നും നിശ്ചയിച്ചു വൈദ്യൻ ചികിത്സ ചെയ്തുകൊള്ളണം.

ദേശകാലബലാവിദൂരവൈദ്യോ
ബാലരോഗമഥ യച്ച വിചാൎയ്യ
തസ്യ ദോഷമവധിം ജ്വരകാദൌ
മാത്രയാ ഗദിതയാ തു ചികിത്സേൽ. ൬

വൈദ്യൻ ദേശകാലാദികളെ അറിഞ്ഞും ബാലരോഗത്തെ പരീക്ഷിച്ചും മാത്രയനുസരിച്ചുള്ള ചികിത്സ ചെയ്യും വേണം ബാലന്മാൎക്കുണ്ടാകുന്ന ജ്വരാദിരോഗങ്ങളെ ചികിത്സിക്കേണ്ടത്.

ഭൈഷജ്യയുക്തം മഹതാം യദേവ
തൽബാലവൃദ്ധേഷു ന യോജനീയം
യഥാമയം ദോഷചയപ്രകോപം
മാത്രാ വിചാൎയ്യാഥ കനീയസീ യാ. ൭

വലിയ ആളുകൾക്ക് (ബലവും യൌവനവും ഉള്ളവൎക്കു) കൊടുക്കുന്ന മാത്ര, ബാലന്മാൎക്കും വൃദ്ധന്മാൎക്കും കൊടുക്കാൻ പാടില്ല. അവൎക്കു രോഗത്തിന്നനുസരിച്ചും ദോഷകോപം നോക്കിയും ചെറിയ മാത്ര ഉപയോഗിക്കണം.

മാത്രയുടെ കണക്ക്.

സംജാതമാത്രസ്യ ശിശോശ്ച മാത്രാ-
ദ്ദേയാ വിഡംഗോന്മിതഭേഷജസ്യ
മാസേ ച മാസേ ച വിഡംഗവൃദ്ധ്യാ
കോലാസ്ഥിമാത്രാ തു ഭവേൽ വത്സരാൎദ്ധം. ൮

പ്രസവിച്ച ഉടൻ ശിശുവിന്നു കൊടുക്കേണ്ട മാത്ര, വിഴാലരിപ്രമാണമാണ്. പിന്നീട് ഓരോ മാസംതോറും ഓരോ വിഴാലരിയുടെ ഇട കൂട്ടിയെടുത്ത് ൯ മാസംകൊണ്ട് ലന്തക്കുരുവിന്റെ ഇടയോളവും കൊടുക്കാം.

ശിശോർന്നേത്രരോഗേ തഥാ ശോഷണേ
വിശേഷേണ ധാത്രീ ശിശും ലംഘയേൽ
യഥാ മാത്രയാന്നേന ദുഗ്ദ്ധം കൃചി-
ജ്ജനന്യാഗദേ ഗവ്യമാജം പയഃ. ൯

ബാലന്ന് നേത്രരോഗമോ ശോഷണമോ ഉണ്ടായാൽ മാതാവ് ശിശുവിനെ ലംഘനക്രിയ ചെയ്യണം. മാത്രയനുസരിച്ചുള്ള അന്നവും പാലും ചിലപ്പോൾ കൊടുക്കയും വേണം. മാതാവിന്നു വല്ല രോഗവും ആണെങ്കിൽ പശുവിൻപാലോ ആട്ടിൻപാലോ ശിശുവിന്നു കൊടുക്കണം.

കുട്ടിയുടെ പൊക്കിൾ ഉയർന്നിരിക്കുന്നതിന്.

മൃൽപിണ്ഡമഗ്നൌ പ്രതിതപ്യമഗ്നി-
പ്രഭം യദാ തം പയസി പ്രകാമം
പ്രക്ഷിപ്യ വൈദ്യശ്ച തദൂഷ്മണാ തം
സംസ്വേദയേദ്രുന്നതനാഭിദേശം. ൧൦

മൺകട്ട തീയിൽ ഇട്ടു ചുട്ടു തീയുപോലെ ആകുമ്പോൾ എടുത്തു വെള്ളത്തിൽ ഇട്ട് അതിന്റെ ഉഷ്ണംകൊണ്ട് ബാലന്റെ നാഭി വിയർപ്പിക്കുക; നാഭി ഉയർന്നിരിക്കുന്നതു ശമിക്കും.

കുട്ടികളുടെ നാഭിപഴുക്കുന്നതിന്.

ശിശോർന്നാഭിപാകേ വിശോഷാർത്ഥമേന
ഭിഷക് വഹ്നിദഗ്ദ്ധേന സച്ചൂർണ്ണമേനം
അഥോ ക്ഷീരവൃക്ഷത്വചശ്ചൂർണ്ണനം വാ
തഥാ ചന്ദനസ്യാപി നാഭൌ പ്രദദ്യം. ൧൧

കുട്ടിയുടെ നാഭിക്കുണ്ടാകുന്ന പഴുപ്പിന് ആട്ടിൻചാണകം ചുട്ടുപൊടിച്ച പൊടിയോ നാല്പാമരത്തിൻതൊലി പൊടിച്ചതോ ചന്ദനപ്പൊടിയോ നാഭിയിൽ ഇടണം. എന്നാൽ അതു ശമിക്കും.

പലയോഗങ്ങൾ.

തൈലം നിശാമധുകലോധ്രപ്രിയംഗുസിദ്ധ-
മഭ്യഞ്ജനം നിഗദിതം ശിശുനാഭിപാകേ
സഞ്ചൂർണ്ണനം ച ഭിഷജാത്ര തു തൈഃ പ്രകാമം
കാര്യം വിലോക്യ ശിശുതന്ത്രമലം വിചാര്യ. ൧൨

മഞ്ഞൾ ഇരട്ടിമധുരം പാച്ചോറ്റിത്തൊലി ഞാഴൽപ്പൂവ് ഇവ കല്ക്കമായി എണ്ണകാച്ചി പുരട്ടുകയോ ഈ മരുന്നുകൾ എല്ലാം കൂടി പൊടിച്ച് ഇടുകയോ ചെയ്താൽ ശിശുക്കൾക്കുണ്ടാകുന്ന നാഭിയിലെപ്പഴുപ്പ് ശമിക്കും.

കുട്ടികൾക്ക് നിറവും ആയുസ്സും ഉണ്ടാകുന്നതിന്.

ഘനാഭയാഭാരതികാവചാനാം
ചൂർണ്ണം സുവർണ്ണേന ഘൃതേന സമ്യക്
സമാക്ഷികം ലേഹമലം ശിശോശ്ച
വർണ്ണപ്രഭായുഃകരണം പ്രദേയം. ൧൩

മുത്തങ്ങ കടുക്കാത്തോടു ബ്രഹ്മി വയമ്പു ഇവ പൊടിച്ച് സ്വർണ്ണവും തേനും നെയ്യുംകൂടി ചേർത്ത് അരച്ച് കുട്ടിയുടെ നാക്കിൽ തേച്ചുകൊടുക്കുക; നിറം, കാന്തി, ആയുസ്സ് ഇവ വർദ്ധിക്കും.

മുലപ്പാലു ശുദ്ധിയാകുന്നതിന്.

മൂർവാ വചാ ത്ര്യൂഷണകോലബീജം ത്രു
ത്വഗ്ദാരുസിദ്ധാർത്ഥകസിദ്ധയോഗാഃ
എകൈകശസ്തേ മധുനാ സപാഠാഃ
സ്തന്യസ്യ ശുദ്ധ്യൈ പ്രഭവന്തി ലീഢാഃ. ൧൪

പെരുങ്കുരുമ്പവേരു വയമ്പ് ചുക്ക് മുളക് തിപ്പലി ലന്തക്കുരു പ്പരിപ്പ് ഇലവർങ്ഗത്തൊലി ദേവതാരം കടുക് ഇവ ഓരോന്നും പാടക്കിഴങ്ങും ചേർത്ത് തേനിൽ അരച്ചു നക്കുക; മുലപ്പാൽ ശുദ്ധിയാകും.

കുട്ടികൾക്കുണ്ടാകുന്ന കൃമികളുടെ ഉപദ്രവത്തിന്.

പ്രിയംഗുനാ സൈന്ധവമാക്ഷികാഭ്യാം
സുസഞ്ജികാജന്തുരിപുപ്രയുക്തം
ദുഗ്ദ്ധാശിനം ബാലമലം കൃമീണാം
നാശായ ധാത്രീ പ്രതിലേഹയേത്തം. ൧൫

ഞാഴൽപ്പൂവ് ഇന്തുപ്പ് ചവർക്കാരം കൃമിശത്രു ഇവ എല്ലാം കൂടി പൊടിച്ച് തേനിൽ കുഴച്ച് പാൽ കുടിക്കുന്ന കുട്ടികൾക്കു കൊടുക്കുക; അവക്കുണ്ടാകുന്ന കൃമികൾ ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന സകല രോഗങ്ങൾക്കും.

ലാജാതുഗാഞ്ജനസിതാഃ സമധൂകയുക്താ
ബാലസ്യ സർവഗദനാശകരോട്യവലേഹഃ
ധാത്ര്യാ സമാക്ഷിക അലം ബഹുധാ പ്രദേയോ
വൈദ്യാധിഭൂപതിഗണാഃ പ്രവദന്തി സർവേ. ൧൬

മലർ കൂവനൂറ് രസാഞ്ജനം ഇരിപ്പുക്കാതൽ ഇവ പൊടിച്ച് പഞ്ചസാരയിൽ കുഴച്ചു നക്കുക; ബാലന്മാൎക്കുണ്ടാകുന്ന സകലരോഗങ്ങളും ശമിക്കും. നെല്ലിക്കാനീരും തേനും കുട്ടികൾക്കു കൊടുക്കുന്നതും എല്ലാവിധത്തിലും നല്ലതാണ്.

കുട്ടികൾക്കുണ്ടാകുന്ന ജ്വരത്തിന്.

തിക്താഖണ്ഡമധൂപ്ലുതാ ച നിയതാം ബാലജ്വരം നാശയേൽ
ലീഢാ വാ ശിശുദേഹലേപിതതമാ കൽകീകൃതാ തജ്ജ്വരം. ൧൭

പുത്തരിച്ചുണ്ടവേര് പൊടിച്ചു കല്ക്കണ്ടവും തേനും ചേൎത്തു കുഴച്ചു [illegible] ചെയ്താൽ ബാലജ്വരം ശമിക്കും.

ജ്വരഘ്നമായ ധൂപം.

പലംകഷോഗ്രാഗദഹസ്തിചർമ്മാ
വിചർമ്മനിംബാ [illegible]
വിധൂപനം ബാലകവൃന്ദനാനാം
ജ്വരപ്രണാശായ വദന്തി വൈദ്യാഃ. ൧൮

ഞെരിഞ്ഞിൽ വയമ്പ് കൊട്ടം അനാത്തോൽ ആവിയാടിൻതോൽ വേപ്പില ഇവ പൊടിച്ച് [illegible] തേനും ചേൎത്തു പുകയ്ക്കുക; ബാലന്മാൎക്ക് പലവിധത്തിലുണ്ടാകുന്ന ജ്വരം ശമിക്കും.

ബാലന്മാൎക്കുണ്ടാകുന്ന ഗ്രഹദോഷത്തിന്.

രസോനഹിംഗു [illegible] ശമാക്ഷികൈഃ
മരിചേന ച സംയുക്തോ [illegible] ബാലഗ്രഹാപഹഃ. ൧൯

വെള്ളുള്ളി കായം [illegible], പശുവിൻകൊമ്പ് ഇവയും തേനുംകൂടി ചേൎത്ത് പുകയ്ക്കുക; ബാലന്മാൎക്കുണ്ടാകുന്ന ഗ്രഹദോഷം ശമിക്കും.

[illegible]

ദിങ്മുലകാശ്മീരശിരീഷ [illegible]
ബ്രഹ്മീവിശല്യാകടഭീഫലാനാം
ഫലത്രികങ്കുഷ്ഠ [illegible]
പ്രിയംഗുരാത്രിദ്വ [illegible]. ൨൦

കങ്കുഷ്ഠസിന്ധൂത്ഥമധൂകസാര
കൃമിഘ്നമൂലാമരദാരുകാനാം
സ്ഫോതോഗ്രഗന്ധാത്രുടിശംഖപുഷ്പീ-
രാജദ്രുനീലോല്പലദാരുണാനാം. ൨൧

തച്ഛ്ഫോലികുംഭോദ്ഭവപത്രഭാനു
സിദ്ധാർത്ഥഹിംഗുജംബൂദശമ്ബൂകാനാം
കഷായകല്കൈസ്സമുഖീനഖാനാം
തൈലം ഭിഷക് സാർഷപമാജ്യദുഗ്ദ്ധൈഃ. ൨൨

പാചേച്ച തത്തൈലമലം ശിശൂനാ-
മഭ്യഞ്ജനാൽ സർവ്വഗ്രഹാപഹാരി
അപസ്മൃതിം ഹന്തി ച ഡാകിനീനാ-
മാവേശമേവം ച പിശാചകാദേഃ. ൨൩

വേതാളകൃത്യാദികമൈന്ദ്ര [illegible]
ബാലഗ്രഹോന്മാദകശാകിനീനാം
ആവേശമാരാക്ഷസപൂതനാനാം
സദ്യഃ പ്രകുര്യാദ്വസുദേവസൂനോഃ. ൨൪

ഇന്ദ്രേണോക്തം നാരദായൈവ തേന
ഗുഹ്യം ചോക്തം വാസുദേവഗ്രഹാണാം
ശാന്ത്യൈ പ്രോക്തം നന്ദഗോപായ തദ്വൽ
കൃഷ്ണസ്യൈവം ഭീതിനാശായ സമ്യക്. ൨൫

ദശമൂലം പുഷ്കരമൂലം നെന്മേനിവാകത്തൊലി വേപ്പിൻതൊലി ബ്രഹ്മി മേന്തോന്നി വെളുത്ത പൂവുള്ള വെയമുക്കി ത്രിഫല കൊട്ടം നീർമരുതിൻതൊലി ഞാഴൽപൂവ് മഞ്ഞൾ മരമഞ്ഞൾ വെള്ളത്താവണക്കിൻവേര് ശുദ്ധിചെയ്ത കടുകു ഇന്തുപ്പ് ഇരിപ്പുക്കാതൽ വിഴാലരി ദേവതാരം വെളുത്ത നറുനീണ്ടി വയമ്പ് ചിറ്റേലം ശംഖുപുഷ്പത്തിൻവേര് കൊന്നത്തൊലി കരിംകൂവളക്കിഴങ്ങ് മഞ്ചട്ടിപ്പൊടി ഇലവർങ്ങം മുത്തങ്ങ അകത്തിയില എരിക്കിൻവേര് കടുക് കായം ചെറുകടലാടിവേര് ഇവ കഷായംവെച്ച് ഈ മരുന്നുകൾതന്നെ കല്ക്കമായി കടുകെണ്ണയും നെയ്യും പാലുംചേൎത്തു കാച്ചി എടുത്തു കുട്ടികളുടെ ദേഹത്തിൽ തേയ്ക്കുക; കുട്ടികൾക്കുണ്ടാകുന്ന ഗ്രഹപീഡ ഓൎമ്മക്കേട് ഡാകിനിയെന്ന ദേവതയുടെ ഉപദ്രവം പിശാചോപദ്രവം ഇവ എല്ലാം ശമിക്കും. ഈ തൈലം ഇന്ദ്രൻ നാരദനുപദേശിച്ചുകൊടുത്തതാണ്. അതിനുശേഷം നാരദൻ ശ്രീകൃഷ്ണനുണ്ടായതായ പൂതനാദിഗ്രഹങ്ങളുടെ ശാന്തിക്കായി വസുദേവനും ഉപദേശിച്ചുകൊടുത്തു.

കുട്ടികൾക്കുണ്ടാകുന്ന അതിസാരത്തിന്.

ശ്രീഫലാംബുഗജപിപ്പലികായാഃ
ലോധ്രകേന ച മദാഭവപുഷ്പൈഃ

കപാഥലേഹവിധിനാത്ര ശിശൂനാം
ഘ്നന്തി മാക്ഷികയുതാന്യതിസാരം. ൨൬

കൂവളത്തിൻകായുടെ മജ്ജ, ഇരുവേലി അത്തിത്തിപ്പലി പാച്ചോററിത്തൊലി താതിരിപ്പൂവ് ഇവ കഷായംവെച്ചു തേനുംചേൎത്തു സേവിക്കയോ ലേഹമാക്കി സേവിക്കയോ ചെയ്താൽ ബാലാതിസാരം ശമിക്കും.

അന്യയോഗം.

നാഗരാംബുഘനശക്രയവാഖ്യൈഃ
പാചിതാംബു ശിശുഭിഃ പരിപീതം
പ്രാതരേവ ശമയന്ത്യതിസാരം
ബാലതന്ത്രലിഖിതം ബഹുവാരം. ൨൭

ചുക്കു ഇരുവേലി മുത്തങ്ങ കടുക്കപ്പാലയരി അതിവിടയം ഇവ കഷായംവെച്ചു അതിരാവിലെ കൊടുക്കുക; ബാലാതിസാരം ശമിക്കും.

ബാലന്മാൎക്കുണ്ടാകുന്ന കുക്ഷിരോഗത്തിന്.

വാസകൌഷധിവിഷാ ...
ബാലകുക്ഷി ...
ഹന്തി കുക്ഷിജ ...
വിദ്യഗസ്ത്യമുനി ... ൨൮

ആടലോടകത്തിൻവേരു ചുക്കു അതിവിടയം മുത്തങ്ങാക്കിഴങ്ങു ഇവ കഷായംവെച്ചു സേവിക്കുക; ബാലന്മാൎക്കു ഉദരസംബന്ധമായി ഉണ്ടാകുന്ന എല്ലാ രോഗങ്ങളും ശമിക്കും.

ബാലന്മാൎക്കുണ്ടാകുന്ന ദഹനക്കേടിന്.

സമംഗാമദാശാരി ...
ശിശോർദ്ധൃതാതി ...
പടോലീജടാശൃംഗിവേരാ ...
വിഡംഗാജമോദാകണാകോണ്ടീനൈഃ.
വിലോദ്ധ്യാമശശൽപ്രാ ...
പ്രദേയാ ... ൨൯

പടച്ചുണ്ടവേരു താതിരിപ്പൂവു നറുനീണ്ടിക്കിഴങ്ങു പാച്ചോററിത്തൊലി ഇവ കഷായംവെച്ചു സേവിക്കുക; ശിശുക്കൾക്കു അധികമായി വയറിളകുന്നതു ശമിക്കും. ... വേരു ചുക്കു വയമ്പു വിഴാലരി അയമോദകം തിപ്പലി ഇവ പൊടിച്ചു ചൂടുവെള്ളത്തിൽ സേവിക്കുക; ശിശുക്കൾക്കുണ്ടാകുന്ന ദഹനക്കേടു ശമിക്കും.

ശിശുവിനുണ്ടാകുന്ന ജ്വരാതിസാരത്തിന്.

ദചിനിശേന്ദ്രയവാരുണാകൃതം യൽ
കഥിതം വാരി സുസിംഹികായുതം
ജ്വരമാശു ശിശോസ്തഥാതിസാര-
മഥവാ സ്തന്യജദോഷഹാരി പീതം. ൩൦

മഞ്ഞൾ മരമഞ്ഞൾത്തൊലി കുടകപ്പാലയരി അതിവിടയം ചെറുവഴുതിനവേരു ഇവ കഷായംവെച്ചു സേവിക്കുക; ശിശുവിനുണ്ടാകുന്ന ജ്വരവും അതിസാരവും ശമിക്കും. മുലപ്പാലിന്റെ ദോഷവും തീരും.

ശിശുവിനുണ്ടാകുന്ന ജ്വരം ഛൎദ്ദി മുതലായവയ്ക്ക്.

മധുസൎപ്പിവിഡംഗദേവദാരു
സരളൈഃ സപ്തകപത്രരോഹിതാം ഹരി
കുടജാരിഷ്ടപടോലദിപ്യകാദി-
ജ്ജ്വരഛൎദ്ദ്യതിസാരനാശികാം വൈ. ൩൧

വിഴാലരി ദേവതാരം ചരളം ഏഴിലമ്പാലത്തൊലി കുടകപ്പാലയരി വേപ്പിൻതൊലി പടവലം കറാശാണി ഇവപൊടിച്ചു തേനും നെയ്യുംചേൎത്തു നക്കുക; ശിശുവിനുണ്ടാകുന്ന ജ്വരം ഛൎദ്ദി അതിസാരം ഇവ ശമിക്കും.

കുട്ടികൾക്കു രക്തം പോകുന്നതിന്.

സമംഗാല്പലകിഞ്ജല്കൈഃ തണ്ഡുലവാരി
മാരസ്യന്ധീമധുയുക്തം രുധിരനിവാരി. ൩൨

മഞ്ചട്ടി ചെങ്ങഴിനീർക്കിഴങ്ങു താമരയല്ലി ഇവ അരിക്കാടിയിൽ കഷായംവെച്ചു മീൻകണ്ണി ശൎക്കരയും തേനുംചേൎത്തു സേവിക്കുക; ശിശുവിന്നു രക്തം പോകുന്നതു ശമിക്കും.

ശിശുക്കൾക്കു രക്തം അതിസരിക്കുന്നതിന്.

ലേഹസ്സൈന്ധവസിതാമധുപ്രതിയുതോ
യഷ്ടീതിലാഭ്യാം ശിശുഃ
കല്ക്കീകൃത്യ നിഷേവിതോ യദി തഥാ
രക്താതിസാരം ജയേൽ
ലാക്ഷാക്ഷൌദ്രസിതാഃ സമാഃ സമധുകാഃ
ക്ഷൌദ്രാന്വിതാ വാ തഥാ
രക്താതിസ്രുതിസംയുതാം ഗുദഗുദാം
തദ്വൽ പ്രവാഹീം ധ്രുവം. ൩൩

ഇരട്ടിമധുരം എള്ളു് ഇവ അരച്ചു് എണ്ണയും പഞ്ചസാരയും തേനും ചേൎത്തു സേവിക്കുക; രക്താതിസാരം ശമിക്കും. മലർ പൊടിച്ചു് തേനും പഞ്ചസാരയും ചേൎത്തു സേവിക്കുകയോ മലർപ്പൊടിയും ഇരട്ടിമധുരവും കൂടി പൊടിച്ചു തേൻ ചേൎത്തു സേവിക്കുകയോ ചെയ്യുക; അധികമായി രക്തം പോകുന്നതും മുക്കലും ഇല്ലാതാകും.

വേറൊരു യോഗം.

വില്വാംഘ്രിനീരൈഃ സുശൃതൈശ്ച ലാജാ-
ചൂൎണ്ണം സഖണ്ഡം വിനിലോഡ്യ പീതം
ഛൎദ്ദ്യാതിസാരം ബഹുധാ ശിശൂനാം
നിഹന്തി സദ്യഃ പ്രവദന്തി വൈദ്യാഃ. ൯൫

കൂവളത്തിൻവേർ കഷായംവച്ചു് മലർപ്പൊടിയും കൽക്കണ്ടവുംകൂടി ചേൎത്തു സേവിപ്പിക്കുക; ശിശുക്കൾക്കുണ്ടാകുന്ന ഛൎദ്ദിയും അതിസാരവും ശമിക്കും.

ശിശുക്കൾക്കുണ്ടാകുന്ന തണ്ണീർദാഹത്തിന്നു്.

ഹിംഗുസൈന്ധവപലാശസംഭവം
ചൂൎണ്ണമത്ര ഗദിതം സമാക്ഷികം
ബാലകസ്യ ച തൃഷാമതിമുഗ്രാം
ഹന്തി ലീഢ ഇതി കുംഭജ ആഹ. ൯൬

കായം ഇന്തുപ്പു് പ്ലാശിൻതൊലി ഇവ പൊടിച്ചു തേനും ചേൎത്തു കൊടുക്കുക; ബാലന്നുണ്ടാകുന്ന അതിയായ തണ്ണീർദാഹം ശമിക്കും.

ദാഡിമബീജജചൂൎണ്ണം മധുനാ ദേഹി
ജീരേഭപ്രസൂനയുതം ശിശുതൎഷേ ഹി. ൯൭

മാതളനാരങ്ങയുടെ അകത്തെ അരി ജീരകം നാഗപ്പൂവു് ഇവ പൊടിച്ചു തേൻ ചേൎത്തു കൊടുക്കുക; ശിശുക്കൾക്കുണ്ടാകുന്ന തണ്ണീർദാഹം ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന ചുമയ്ക്കു്.

പുഷ്കരായാഷശൃംഗീവിശ്വാണാം തജ്ജോ
മാക്ഷികൈർബാലകോ നിത്യമശ്നാതി യഃ
മുച്യതേ പഞ്ചകാസാദസൌ ബാലകഃ
കുംഭജന്മാ ഭിഷക് പ്രാഹ തന്ത്രേ സ്വയം. ൯൮

പുഷ്കരമൂലം കൎക്കടകശൃംഗി അതിവിടയം ഇവ പൊടിച്ചു തേനും ചേൎത്തു സേവിപ്പിക്കുക; ബാലകന്നുണ്ടാകുന്ന അഞ്ചുവിധ കാസങ്ങളും ശമിക്കും.

ക്ഷീരാദസ്യ ശിശോശ്ച ശുഷ്കകസനേ ജാതസ്യ ധാത്രീപിബേ-
ദ്ദൂഷം യാഷഭവം കണാഘൃതയുതം ഭാൎങ്ഗീയുതം ഭൎജ്ജിതം
ദ്രാക്ഷാപിപ്പലികാജഗദ്ഭവരജോ ഹവ്യാബ്ദസന്മാക്ഷികൈർ-
ല്ലീഢം പഞ്ചവിധം ച കാസമചിരാദ്ധന്ത്യേവ ബാലസ്യ തു. ൯൯

മുലപ്പാൽ കുടിക്കുന്ന കുട്ടിക്കു ശുഷ്കകാസം ഉണ്ടായാൽ ആ ശിശുവിന്റെ മാതാവു് കൊടിത്തൂവവേരു തിപ്പലി ചെറുതേക്കിൻവേരു് ഇവ കഷായംവച്ചു നെയ്യു മേമ്പൊടിചേൎത്തു സേവിപ്പിക്കുകയോ; മുന്തിരിങ്ങാപ്പഴം തിപ്പലി അത്തിത്തിപ്പലി ഇവ പൊടിച്ചു തേനും നെയ്യുംചേൎത്തു സേവിപ്പിക്കുകയോ ചെയ്യുക; ബാലന്നുണ്ടാകുന്ന അഞ്ചുവിധ കാസങ്ങളും ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന ശ്വാസത്തിന്നു്.

സദ്രാക്ഷാപാഞ്ചാവീയുഗളമപി യാഷപ്രതിയുതം
ശിവായുക്തം ബാലൈർഘൃതമധുയുതം ലീഢമസകൃൽ
ജ്വരം ശ്വാസം കാസം തമകമഥ തേഷാം പ്രതമകം
ത്രിരാത്രം വാ പഞ്ചൈവ ദിനമിദമലം സേവിതതമം. ൱

മുന്തിരിങ്ങാപ്പഴം തിപ്പലി കാട്ടുതിപ്പലിവേരു കൊടിത്തൂവവേരു കടുക്കാത്തോടു ഇവ പൊടിച്ചു തേനും നെയ്യുംചേൎത്തു പലപ്രാവശ്യം കൊടുക്കുക; കുട്ടികൾക്കുണ്ടാകുന്ന ജ്വരം, കാസം, തമകം, പ്രതമകം ഇവ ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന ഇക്കിൾ മുതലായവയ്ക്കു്.

ഹിംഗുനാ ഗൈരികം ലോകശൃംഗീജഗ-
ന്മാക്ഷികൈശ്ശുഷ്ഠികാമിഷ്ടചൂൎണ്ണം ഭിഷക്
ബാലകം ലേഹയേൽ ശ്വാസഹിക്കാപഹം
വംഗസേനോദിതം ബാലതന്ത്രേ സ്ഫുടം. ൱0

കായം കാവിമണ്ണു് കൎക്കടകശൃംഗി ചുക്കു് ഇരട്ടിമധുരം ഇവ പൊടിച്ചു തേനിൽ കുഴച്ചു സേവിപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന ശ്വാസം, ഇക്കിൾ ഇവ ശമിക്കും. ഈ യോഗം വംഗസേനനാൽ തന്റെ ശാസ്ത്രത്തിൽ പറയപ്പെട്ടിട്ടുള്ളതാണു്.

കഫഛൎദ്ദി കാസം മുതലായതിന്നു്.

നാഗരഭാൎങ്ഗീമരിചവിശല്യാ-
ലേഹ അലം ബാലകഗണലീഢഃ
ഹന്തി കണാമാക്ഷികപരിജുഷ്ടഃ
ശ്ലേഷ്മജകാസവമീഗദമേവം. ൱൧

ചുക്ക് ചെറുതേക്ക് നല്ലമുളക് മേന്തോന്നി തിപ്പലി ഇവ പൊടിച്ചു തേനിൽ കുഴച്ചു സേവിപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന കഫകാസം, ഛർദ്ദി ഇവ ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന തലവേദനയ്ക്ക്.

ഗാംഗേരുകീ ശിശുശിരോരുജി കാകമാചീ
ബീജാനി കോശവ്രതതീപ്രഭവാനി പിഷ്ട്വാ
നൂനം പ്രലേപിതതമാനി ശിരോഗദാനാം
നാശം വിദധ്യുരഥവാപ്യതിസാരകസ്യ. രംവ

ഊരകത്തിൻവേരു മണിത്തക്കാളി കാട്ടുപീച്ചത്തിൻഅരി ഇവ അരച്ചു തേക്കുക; കുട്ടികൾക്കുണ്ടാകുന്ന തലവേദന ശമിക്കും. അതിസാരത്തിനും നല്ലതാണ്.

ലാജാശ്രമജ്ജാപടുമാക്ഷികാനാം
ലേഹഃ ശിശൂനാമവലീഢമാത്രഃ
ഛർദ്ദിം നിഹന്യാന്ന ച തത്ര ചിത്രം
ശ്രീവംഗസേനോദ്ഗദിതഃ പ്രയോഗഃ. രംന

മലര് മാങ്ങായണ്ടിപ്പരിപ്പ് ഇന്തുപ്പ് ഇവ പൊടിച്ചു തേനിൽ കുഴച്ചു സേവിപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന ഛർദ്ദി നിശ്ചയമായും ശമിക്കും.

മധുകമധുകണാനാം ലേഹികാ മാതുലുംഗ-
രസസമവരഖണ്ഡൈർബാലകാനാം ച ഹിക്കാം
വമനമപി ച തേഷാം ഹന്തി ലീഢാ നിതാന്തം
സകലദുരിതജാലം ജാഹ്നവീവ പ്രലീഢാ. രംര

ഇരട്ടിമധുരം തിപ്പലി ഇവ പൊടിച്ചു മാതളനാരങ്ങയുടെ നീരും കൽക്കണ്ടവും തേനുംചേർത്തു കൊടുക്കുക; ബാലന്മാർക്കുണ്ടാകുന്ന ഛർദ്ദി ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന വിസർപ്പം.

വിസർപ്പഃ ശിശോർവസ്തിശീർഷോദ്ഭവഃ പത്മവ-
ന്മഹാപത്മകോ ദോഷസംഘോച്ചയാജ്ജായതേ
പ്രാണനാശക്ഷമഃ ശീഘ്രതശ്ചേദധിസ്ഥൗ യോ
ഗതോ വസ്തിതോ വാ യദാ പായുഗോ വാ തദാ. രംൌ

കുട്ടികൾക്കു വസ്തിയിൽനിന്നും ശിരസ്സിൽനിന്നും ചെന്താമരപ്പൂവിൻെറ ആകൃതിയിൽ ത്രിദോഷകോപത്താൽ ഒരുവക വിസർപ്പം ... ഇതിന് മഹാപത്മകം എന്നാണു പേർ. ഇത് ശിരസ്സിൽനിന്നു ഹൃദയത്തിലും വസ്തിയിൽനിന്നു ഗുദത്തിലും വ്യാപിക്കും. പ്രാണനാശകവും ആണ്.

വിസർപ്പത്തിനു ലേപനം.

ശാരിബാ സോൽപലാഭദ്രകോഹാടകേ
പൌണ്ഡരീകം ച യഷ്ടീദ്വയം സപ്തപം
ചന്ദനം ലോഹിതം വാ തഥോശീരകം
ബാലകാനാം വിസർപ്പേ പരം ലേപനം. രംന്ന

നറുനീണ്ടിക്കിഴങ്ങു ചെങ്ങഴിനീർക്കിഴങ്ങു ദേവതാരം നീലഉമ്മം പുണ്ഡരീകക്കരിമ്പ് ഇരട്ടിമധുരം രണ്ടും കടുക് രക്തചന്ദനം രാമച്ചം ഇവ അരച്ചു ദേഹത്തിൽ തേക്കുക; കുട്ടികൾക്കുണ്ടാകുന്ന വിസർപ്പം ശമിക്കും.

വിസർപ്പവിസ്ഫോടകപത്മകേഷു
പ്ലുതം വിശേഷാൽ ബഹുധാ ച ശൂണ്ഠീ
അന്യം സമസ്തം ച യദുഷ്ണമത്ര
തൽ സർവ്വമേവ പ്രതിവർജ്ജനീയം. രംൌ

ബാലന്മാർക്കുണ്ടാകുന്ന വിസർപ്പം, വിസ്ഫോടം, പത്മകം ഈ രോഗങ്ങളിൽ നെയ്യും വിശേഷിച്ചു ചുക്കും ഉപയോഗിക്കാം. വേറെ ഉഷ്ണപദാർത്ഥങ്ങളൊന്നും ഉപയോഗിക്കരുത്.

അന്യലേപനം.

ഉദുംബരാശ്വത്ഥവടത്വചശ്ച
പ്ലക്ഷത്വചാ വേതസജത്വചാ ച
യഷ്ട്യംബുജൈശ്ചന്ദനപത്മകൈശ്ച
ശിശും പ്രലിമ്പ്യാത്തു യഥാസപലാദ്യൈഃ. രംവ്വ

അത്തി അരയാൽ പേരാൽ ഇത്തി ആററുവഞ്ചി ഇവയുടെ തൊലി, ഇരട്ടിമധുരം താമരക്കിഴങ്ങു ചന്ദനം പത്മുകം ഇവ അരച്ചു ദേഹത്തിൽ തേക്കുക; കുട്ടികളുടെ വിസർപ്പം ശമിക്കും.

ഗൃഹധൂമാദിലേപനം.

ഗൃഹധൂമനിശേന്ദ്രരാജികാ-
ഗദപത്മൈന്നളദൈസ്സചന്ദനൈഃ
ശിശുസിദ്ധസുലേപനം ചരേ-
ദഥ പാമാസു തഥൈവ തത്ര തേഷാം. രംൻ

പുകയറ മഞ്ഞൾ കുടകപ്പാലയരി കടുക് കൊട്ടം താമരക്കിഴങ്ങു രാമച്ചം ചന്ദനം ഇവ അരച്ചു ലേപനംചെയ്ക; കുട്ടികൾക്കുണ്ടാകുന്ന പാമാ എന്ന രോഗം ശമിക്കും.

വചാകുഷ്ഠവിഡംഗാനാം കോഷ്ണതോയാവഗാഹനാൽ
കൃമികണ്ഡൂവിചർച്ചീഭിർദ്ദദ്രുഭിർമ്മുച്യതേ ശിശുഃ. ൫൦

വയമ്പ് കൊട്ടം ഴിഴാലരി ഇവയിട്ടു തിളപ്പിച്ച വെള്ളത്തിൽ ചെറുചൂടെ കുളിപ്പിച്ചാൽ കുട്ടികൾക്കുണ്ടാകുന്ന കൃമി, ചൊറി, വിചർച്ചിക ദദ്രു ഇവ ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന വയറുവീർപ്പിനും ശൂലയ്ക്കും.

കണൌഷണാക്ഷൌദ്രസിതാപട്വനാം
ലേപഃ ശിശോർമൂത്രഗ്രഹേഽസ്യ വസ്തൌ
ഭാർങ്ഗീജഗന്ധിംഗുപടുത്രുടീനാം
മാനാഹശൂലേഷു ഘൃതേന പാനം. ൫൧

തിപ്പലി നല്ലമുളകു പഞ്ചസാര ഇന്തുപ്പ് ഇവ പൊടിച്ചു തേനിൽ കുഴച്ചു തേക്കുക; ചെറുതേക്ക ചുക്കു കായം ഇന്തുപ്പ് ചിറ്റേലം ഇവ പൊടിച്ചു നെയ്യിൽ സേവിക്കുക; കുട്ടികൾക്കുണ്ടാകുന്ന വയറുവീർപ്പും ശൂലയും ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന കുക്കുണകം എന്ന
രോഗത്തിന്റെ ലക്ഷണം.

കുക്കുണകസ്തന്യജദോഷതസ്തു
സംജായതേ വർത്മനി ബാലകാനാം
തേനാത്ര നേത്രാണി സ്രവന്തി തേഷാം
സകണ്ഡുരാണ്യാശു നിമീലിതാനി. ൫൨

കുർവന്തി തേ ചാപ്യവകർഷണാനി
ലലാടനാസാനയനാദികാനാം
ന വർത്മകോന്മീലനതല്പരാശ്ച
ബാലാശ്ചികിത്സാമഥ തത്ര തേഷാം. ൫൩

മുലപ്പാലിന്റെ ദോഷത്താൽ കുട്ടികളുടെ കൺപോളയിൽ കുക്കുണകം എന്ന രോഗമുണ്ടാകും. അതുണ്ടായാൽ കണ്ണിൽനിന്നു വെള്ളമൊലിക്കയും കണ്ണു ചൊറികയും അടയുകയും; നെറ്റി, മൂക്ക്, കണ്ണ് ഇവ തിരുമ്മുകയും ചെയ്യും. പോള തുറക്കാൻ വലിയ പ്രയാസവും കാണും.

കുക്കുണകചികിത്സ.

ശൃംഗിവേരത്രിയാമാ തു ഭൃംഗപല്ലവകല്കിതൈഃ
ഖദിരൈർഗോശകൃതാ ലിപ്തൈഃ കുക്കുണം സേചയേദ്ധ്രുവം. ൫൪

ചുക്ക് മഞ്ഞൾ ഇവ കയ്യോന്നിയിലയരച്ച് അതിനകത്താ

ക്കി ചാണകംതേച്ച് അഗ്നിയിൽ ചൂടാക്കി കൺപോള വിയർപ്പിക്കുക; കുക്കുണകം ശമിക്കും.

ധാത്രീദളൈർധൈഃ കാഞ്ജികൈഃ സർഷപാനാം
തൈലം ഘൃഷ്ടം ദീപകീലാഭിതപ്തം
നേത്രേ ക്ഷിപ്തം ബാലകാനാം കുക്കുണം
സദ്യോ ഹന്തി പ്രായശോ നേത്രരോഗം. ൫൫

കടുകെണ്ണയിൽ മുലപ്പാലും കാടിയുംചേർത്ത് യോജിപ്പിച്ച് ദീപജ്വാലയിൽവച്ചു ചൂടുപിടിപ്പിച്ചു കണ്ണിൽ ഒഴിക്കുക; ബാലന്മാർക്കുള്ള കുക്കുണകം എന്നരോഗം ശമിക്കും.

ലേപനം.

ഫലത്രയവ്യാഘ്രിയുഗേന ലോധ്ര-
പുനർന്നവാലോകകൃതഃ സുഖോഷ്ണഃ
കുക്കുണകവ്യാധിഹരഃ പ്രലേപോ
നേത്രോപരിഷ്ടാദുദിതഃ ശിശൂനാം. ൫൬

ത്രിഫലത്തോട് ചെറുവഴുതിനവേര് വെൺവഴുതിനവേര് പാച്ചോറ്റിത്തൊലി തമിഴാമവേര് ചുക്ക് ഇവ അരച്ചുതിളപ്പിച്ച് ചെറുചൂടെ കണ്ണിന്റെ മുകളിൽ ലേപനംചെയ്ക; കുക്കുണകവ്യാധി ശമിക്കും.

അന്യലേപനം.

കൃമിഘ്നലാക്ഷാഗിരിമൃച്ഛിലാനാം
ദാർവീയുതം കാഞ്ജികപിഷ്ടചൂർണ്ണം
കുക്കുണകവ്യാധിശമായ ബാല-
നേത്രാഞ്ജനം കോണഗദേഷു ചാഹുഃ. ൫൭

വിഴാലരി കോലരക്ക് കാവിമണ്ണ് മനയോല മരമഞ്ഞൾത്തൊലി ഇവ കാടിയ്ക്കകത്ത് അരച്ച് കണ്ണിൽ അഞ്ജനംചെയ്യുക; കുക്കുണകം എന്ന വ്യാധി ശമിക്കും.

പാരിഗർഭരോഗലക്ഷണം.

മാതുഃ കുമാരോ യദി ഗർഭവത്യാഃ
സ്തന്യം പിബേച്ചേദ്യദി തർഹി തസ്യ
ശ്വാസശ്ച കാസോ വമഥുശ്ച തന്ദ്രാ-
രുചിർഭ്രമഃ കോഷ്ഠവിവൃദ്ധിരസ്യ. ൫൮

സംജായതേ തം ഖലു പാരിഗർഭം
ഗദം ജഗുസ്തത്ര തു ദീപനം യൽ

തദൌഷധം ശാസ്ത്രവിദഃ പുരാണാ
ബാലായ ദത്വാദിതി സംപ്രവൃത്താഃ. ൬൯

ഗർഭിണിയായ മാതാവിന്റെ മുലപ്പാൽ കുടിക്കുകനിമിത്തം ശൂലനു് ശ്വാസം ചുമ ഛർദ്ദി മടി അരുചി തലകറക്കം വയറു വീർക്കം ഇവയുണ്ടാകും. ഇതാണു് പാരിഗർഭം. ഇതിന്നു് ദീപനമായ ഔഷധം കൊടുക്കണം.

താലുകണ്ടകലക്ഷണം.

താലുമാംസേ കഫഃ ക്രുദ്ധഃ കുരുതേ താലുകണ്ടകം
തേന താലുപ്രദേശസ്യ നിമ്നതാ മൂർദ്ധ്നി ജായതേ. ൭൦
താലുപാതഃ സ്തനദ്വേഷഃ കൃച്ഛ്രാൽ പാനം ശകൃദ്ദ്രവം
തൃഡക്ഷികണ്ഠാസ്യരുജാ ഗ്രീവാദുർദ്ധരതാ വമിഃ. ൭൧

അണ്ണാക്കിലുള്ള മാംസത്തിൽ കഫംകോപിച്ചു് താലുകണ്ടകം എന്ന രോഗത്തെ ജനിപ്പിക്കുന്നു. അതുണ്ടായാൽ അണ്ണാക്കിലും ശിരസ്സിലും താഴ്ച്ചയുണ്ടാകും. അണ്ണാക്കു് ഇറങ്ങുകനിമിത്തം കുട്ടി മുലകുടിക്കയില്ല. കുടിച്ചാൽതന്നെയും വളരെ പണിപ്പെട്ടേ കുടിക്കുകയുള്ളൂ. മലം അയഞ്ഞുപോകും. തണ്ണീർദാഹം; കണ്ണു് കഴുത്തു് മുഖം ഈ ഭാഗങ്ങളിൽ വേദന; തലപൊക്കാൻ വയ്യാതിരിക്കുക, മുലപ്പാൽ ഛർദ്ദിക്കുക ഇവയുമുണ്ടാകും.

താലുകണ്ടകചികിത്സ.

ശിവാവചാഗദൈസ്സമം സുരാകിണ്വകം സുകല്കിതം
ശിശുഃ പിബേൽ സമധാത്രികാപയോയുതം ഹി കണ്ടകേ

കടുക്കാത്തോടു് വയമ്പു് കൊട്ടം ഇവ അരച്ചു് തേനും ചേർത്തു് മുലയിൽതേച്ചു മുലകുടിപ്പിക്കുക; താലുകണ്ടകം ശമിക്കും.

സൈന്ധവോദധിഫേനാഭ്യാം സാരണം പ്രാവിത മുഖേ. ൭൨
ശിശൂനാം ശാരിബാലോധ്രമധൂകാനാം കഷായതഃ
ധാവനാത്ഥം കൃതഃ കഫാദഃ ശസ്യതേ ച മുഖസ്യ ച
പാകേത്രസാരസംയുക്തമുക്തമാദ്യൈരയോരജഃ. ൭൩

ഇന്തുപ്പും കടൽനുരയുംകൊണ്ടു് അണ്ണാക്കു് ഉരസി വെള്ളം ഒലിപ്പിച്ചുകളഞ്ഞതിനുശേഷം നറുനീണ്ടികിഴങ്ങു് പാച്ചോററിത്തൊലി ഇരിപ്പത്തൊലി ഇവ കഷായംവെച്ചു് കവിൾകൊണ്ടു് ശിശുക്കളുടെ മുഖത്തെ ശുദ്ധിയാക്കണം. മുഖത്തിനു പഴുപ്പുണ്ടായാൽ ഇവ അരച്ചു് ലോഹഭസ്മവുംചേർത്തു ലേപ...

ശിശുക്കളുടെ മുഖപാകത്തിനു്.

അശ്വത്ഥവല്കലദളൈർമധുനാ ശിശൂനാം
പാകേസ്യഗേ നിഗദിതോ ഭിഷജാ പ്രലേപഃ
ദാർവീശിവാജരണലോഹിതയഷ്ടികാനാം
ക്ഷൌദ്രാന്വിതം മുഖഗദേ വരപഞ്ചകാദ്യം. ൭൪

അരയാലിന്റെ തൊലിയും ഇലയുംകൂടി അരച്ചു് തേൻചേർത്തു് തേക്കുക. മരമഞ്ഞൾതൊലി കടുക്കാത്തോടു് ജീരകം രക്തചന്ദനം ഇരട്ടിമധുരം ഇവ പൊടിച്ചു് തേനിൽകുഴച്ചു് മുഖത്തുതേക്കുക. ശിശുക്കൾക്കുണ്ടാകുന്ന മുഖപാകം ശമിക്കും.

ശിശുക്കൾക്കുണ്ടാകുന്ന അർശസ്സിനു്.

ഗോജിഹ്വാജലനിർമ്മലഃ ശ്രീഖണ്ഡം പേയമത്ര വൈ
ശിശൂനാം ച ഗുദാർശസ്സു ഭേഷജം പരമം മതം. ൭൫

കൊഴുപ്പയും... ശിശുക്കളുടെ ... ചന്ദനം കഷായംവെച്ചു് സേവിക്കയുംചെയ്താൽ ... അർശസ്സു ശമിക്കും.

ശിശുക്കൾക്കു് ഗുദംപഴുക്കുന്നതിനു്.

പിത്തഘ്നീ ച ക്രിയാ കാര്യാ ഗുദപാകേ ശിശോസ്സദാ
പാനലേപനയോർദ്ദേയാ... സാഞ്ജനമസംശയം. ൭൬

കുട്ടികൾക്കു ഗുദംപഴുക്കുന്നതിനു പിത്തത്തെ നശിപ്പിക്കുന്നതായ ക്രിയചെയ്യണം. കുടിക്കുന്നതിനും ലേപനംചെയ്യുന്നതിനും സാഞ്ജനം ഉപയോഗിക്കയുമാകാം.

ശിശുക്കൾക്കുണ്ടാകുന്ന പാർശ്വാരുണരോഗം.

വ്രണസ്യ പാർശ്വാരുണാ ഖ്യാതാ നാമ്നാ
തീവ്രോ ഗദസ്തത്ര ജലൌകികാനാം
സംപാതനം ക്ഷീരസമുദ്ഭവാശ്ച
ത്വക്ക്വാഥ... ഗ്രാഹ്യാഃ. ൭൭

കുട്ടികൾക്കു വ്രണം ഉണ്ടാകുമ്പോൾ "പാർശ്വാരുണം" എന്നപേരായി അതിതീവ്രമായ ഒരു രോഗമുണ്ടാകും. അതിനു് അട്ടയിടുകയും നാല്പാമരത്തിൻതൊലി ഇട്ടുവെന്ത കഷായംകൊണ്ടു് കഴുകുകയും ചെയ്യണം.

പാർശ്വാരുണത്തിനു ലേപനം.

ശംഖനാഭ്യഞ്ജനം യഷ്ടീമധുകം മധുരം ഗണം
... പാർശ്വാരുണാ... ലേപോ ബാലസ്യ ശസ്യതേ

ശംഖിനകത്തേമാംസം രസാഞ്ജനം ഇരട്ടിമധുരം മധുരഗണം ഇവ അരച്ചുതേക്കുക ബാലന്മാൎക്കുണ്ടാകുന്ന പാർശ്വാരുണം എന്നരോഗം ശമിക്കും.

പ്രസൂനചൂൎണ്ണാന്യശനസ്യവിദ്യാൻ
പാർശ്വാരുണേ ഭേഷജമത്ര ദദ്യാൽ
അലംബുഷാമൂലഭവശ്ച കല്ക്കഃ
സസർജ്ജചൂൎണ്ണഃ കടുതൈലയുക്തഃ. ൧൦

ഖേമസ്ഥിതോട്ടസൗവനതാം പ്രയാതോ
ലേപഃ പ്രയോജ്യഃ ഖലു പാർശ്വാരക്തേ
അഭ്യഞ്ജയേദ്വാ തിലതൈലകേന
ചോദ്ധൃത്യ സർജ്ജോത്ഥചൂൎണ്ണകേന. ൧൧

പാർശ്വാരുണം എന്ന രോഗത്തിൽ കുട്ടികൾക്ക് നാഗപ്പൂവിൻപൊടിചേൎത്തുവേണം ഭക്ഷണംകൊടുക്കേണ്ടതു്. മുക്കുറ്റിയുടെ വേരരച്ചു് ചെഞ്ചല്യവും ചിലതു കൂടെ ചേൎത്തു പതിച്ചു് കൊഴുത്താൽ അതു ലേപനംചെയ്ക; എണ്ണയിൽ ചെഞ്ചല്യത്തിൻ പൊടിവിതറി വെയിലത്തുവച്ചു് തേച്ചുകുളിക്കുക പാർശ്വാരുണം എന്ന രോഗം ശമിക്കും.

കുട്ടികളുടെ ഗുദത്തിലെ രോഗത്തിന്.

വാതാരിബീജാനി സിതാനി പിഷ്ട്വാ
വിലേപയേൽ പായുഗദേ ശിശൂനാം
ധാത്ര്യാഃ ഫലാന്യഷ്ടഗവീജലേന
ഘർമ്മേ ച സംഭാവ്യ ഗുദീഗദാർത്താൻ. ൧൨

വെളുത്താവണക്കിൻഅരി അരച്ചുതേക്കുക; എട്ടുപലം നെല്ലിക്കാത്തോട്ടപൊടിച്ചു് ഗോമൂത്രത്തിൽ ഇട്ടു് ഏഴുദിവസം വെയിലത്തുവച്ചു വററിച്ചു് പാകമാക്കി വിലേപനംചെയ്ക; കുട്ടികൾക്ക ഗുദത്തിലുണ്ടാകുന്ന രോഗം ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന ശോഷത്തിന്.

ശോഷഘ്നം മരിചം പ്രോക്തം ബാലാനാം നവനീതകൈഃ
ഭക്ഷിതം സർവ്വദാ പത്ഥ്യം തർപ്പണം തദ്ഗദാപഹി. ൧൩

നല്ലമുളകുപൊടിച്ചു് വെണ്ണയോടുകൂടി സേവിക്കുക. കുട്ടികൾക്കുണ്ടാകുന്ന ശോഷം ഇല്ലാതാകും. ഇതു് ഇന്ദ്രിയങ്ങൾക്ക് തർപ്പണവുമാണു്.

വേറൊന്നു്.

മുസ്താകുശ്ശാണ്ഡബീജൈർഗ്ഗതതരദ്വയൈഃ
ഖണ്ഡപിപ്പല്യാഃ കലിംഗൈ-
സ്തദ്വദ്വാ ഭദ്രദാരുപ്രയുതസമജലൈ-
ല്ലേപ ഏഷശ്ശിശൂനാം
വ്യോഷാഗ്ര്യാ സൎപ്പിർയുക്തം മധുലവണയുതം
ലീഢമേതത്തഥൈവ
ബാലാനാം ഗാത്രശോഷജ്വരഹരമുദിതം
വൈദ്യവിദ്യാപ്രവീണൈഃ. ൧൪

മുത്തങ്ങാ കുമ്പളങ്ങയുടെ അരി കുടകപ്പാലയരി ദേവതാരം ഇവ അരച്ചു് തേക്കുകയോ, ചുക്കു മുളകു തിപ്പലി, ത്രിഫല ഇവ പൊടിച്ചു് തേനുംനെയ്യും ചേൎത്തു നക്കുകയോ ചെയ്യുക, കുട്ടികൾക്കുണ്ടാകുന്ന ജ്വരം ശോഷം ഇവ ശമിക്കും.

ബാലന്മാരുടെ രോമം ഇല്ലാതാകുന്നതിന്.

സാൎദ്ധകാഞ്ജികപിഷ്ടാനി ബീജാനി ശതപുഷ്പയാ
കുഷ്ഠസൈന്ധവയുക്താനി ബാലാനാം രോമശാതനം ൧൫

ശതകുപ്പയുടെ അരി കൊട്ടം ഇന്തുപ്പു് ഇവ പുളിച്ച കാടിയിൽ അരച്ചുതേക്കുക. കുട്ടികളുടെ രോമങ്ങൾ ഇല്ലാതാകും.

കുട്ടികൾ ഉറക്കത്തിൽകിടന്നു മൂത്രമൊഴിക്കുന്നതിന്.

മൂഷകൈഃ ഖനിതാ മൃത്സ്നാ ഭൃഷ്ടാ ഖർപ്പരകേ തഥാ
കിഞ്ചിച്ച മധുനാ ഹവിഷ്യൈർലീഢാ ഭ്രമൗ വിമൂത്രണം. ൧൬

എലി മാന്തിഇട്ടിരിക്കുന്ന മണ്ണു് എടുത്തു ചട്ടിയിൽ വറുത്തു, അല്പം തേനും നെയ്യും ചേൎത്തു സേവിപ്പിക്കുക; കുട്ടികൾ ഉറങ്ങികിടന്നു മൂത്രം ഒഴിക്കുന്നതു ഇല്ലാതാകും.

കുട്ടികൾക്കുണ്ടാകുന്ന ഉപശീർഷകം എന്നരോഗം.

ശോഥസ്സവൎണ്ണശ്ച വിരുക്ശിശൂനാം
ഗദോ ഭിഷഗ്ഭിരുപശീർഷ ഉക്തഃ
കുൎയ്യാദ്യഥാദോഷഭവാൻ ഗദാംസ്താ-
ന്നാനാവിധാൻ വാപി ച കാർബുദാദീൻ. ൧൭

ദേഹത്തിന്റെ സമാനവൎണ്ണമായി വേദനകൂടാതെ കുട്ടികൾക്കുണ്ടാകുന്ന നീരിന്നു് ഉപശീർഷകം എന്നു പേർ. ഇതു് ദോഷകോപമനുസരിച്ചുണ്ടാകുന്ന രോഗങ്ങളെയും അർബുദാദികളായ മററു പലരോഗങ്ങളേയും ഉണ്ടാക്കും.

തച്ചികിത്സ.

ഉപശീർഷേ നാവനം ദദ്യാദ്വാതവ്യാധിചികിത്സിതം
പക്വേ ത്വത്ര വിദ്രധിവൽ ക്രമം കുര്യാദ് ഭിഷഗ്വരഃ. വൈ.

ഉപശീർഷകത്തിന് നസ്യവും വാതവ്യാധിക്ക് പറഞ്ഞ ചികിത്സയും ചെയ്യണം. ഉപശീർഷകം പഴുത്തുവെങ്കിൽ വിദ്രധിക്കു പറഞ്ഞ ചികിത്സയാണു ചെയ്യേണ്ടത്.

ശിവോഗ്രാരജനീകല്കം പീതം ദുഗ്ധേന ബാലകൈഃ
ദോഷം സഹേതുകം ഹന്യാത് കുര്യാദ്ദേഹം പടും ദൃഢം. ൻ

കടുക്കാത്തോട്, വയമ്പ്, മഞ്ഞൾ ഇവ അരച്ച് പാലിൽ സേവിപ്പിക്കുക; ഏതെങ്കിലും കാരണത്താൽ ഉണ്ടായ ദോഷം ശമിക്കുകയും ബാലൻ സമർത്ഥനും ദൃഢശരീരനും ആയി തീരുകയും ചെയ്യും.

കഫാവരോധനാ ശിശോരാർദ്രശയനാൽ
ശീതാദികാനാമപി സേവനാന്ന
ജ്വരേ രുചൌ വാപി തഥാ പ്രതിശ്യാ-
കാസേഷു തദ്വൽ ശ്വസനേ സശോഷേ. വ്യ

കട്വംബുകതിക്താനാം ചൂർണ്ണം [illegible]
ശിശവേ തദാ [illegible]. വൃ

കുട്ടികൾക്ക്, കഫംതടയുകയും ശീതാദി പ്രവൃത്തികളാൽ ജ്വരം അരുചി, പീനസം, കാസം, ശ്വാസം ഇവയുണ്ടാകയും ചെയ്താൽ ചുക്ക്, മുളക്, തിപ്പലി, കാട്ടുതിപ്പലിവേര്, കാട്ടുമുളകിൻവേര്, പുത്തരിച്ചുണ്ടവേര്, ഇവ പൊടിച്ചു തേനും നെയ്യും ചേർത്തു സേവിപ്പിക്കണം.

കുട്ടികൾക്കുണ്ടാകുന്ന ബലക്ഷയത്തിന്.

ശിശുർദുർബലതാം പ്രാപ്തഃ ക്ഷുധയാ പീഡിതോ [illegible]
വിദാര്യശ്വഗന്ധികഗോധൂമയവചൂർണ്ണം [illegible]. വൃ
അനുപാനം ഗവാം ക്ഷീരൈഃ ശൃതൈസ്സമധുശർക്കരൈഃ

കുട്ടികൾക്കു ബലക്ഷയവും വിശപ്പും ഉണ്ടെങ്കിൽ പാൽമുതക്കിൻകിഴങ്ങ്, അമുക്കുരം, ഗോതമ്പ്, യവം ഇവ പൊടിച്ചു നെയ്യിൽ കുഴച്ചു സേവിപ്പിക്കണം. പശുവിൻപാൽ കാച്ചി തേനും പഞ്ചസാരയും ചേർത്ത് അനുപാനമായും കൊടുക്കണം.

കുട്ടികൾക്കു പല്ലുമുളയ്ക്കുന്നതുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ.

ദന്തോദ്ഭേദശ്ശിശൂനാം സ്യാത് [illegible]. വൃ

വിശേഷാജ്ജ്വരോ വിഡ്ഭേദശ്ച കാസോ
വമിർവൈ ശിരോരുഗഭിഷ്യന്ദകഃ പോഥകീ ച
വിസർപ്പശ്ച സംജായതേ ദന്തഭേദേ
ശിശൂനാം ഗദേ ഹ്യത്ര സർവ്വേ യഥാസ്വം ചികിത്സാ.

കുട്ടികൾക്കു പല്ലുമുളയ്ക്കുമ്പോൾ പല രോഗങ്ങളും ഉണ്ടാകും. വിശേഷിച്ചും ജ്വരം, വയറിളക്കം, ചുമ, തലവേദന, അഭിഷ്യന്ദം, പോഥകീ, വിസർപ്പം ഈ രോഗങ്ങളും ഉണ്ടാകും. ഇതിന്നു ദോഷകോപം അനുസരിച്ചുള്ള ചികിത്സ പറയപ്പെടുന്നു.

പൃഷ്ഠസ്യ ഭംഗേ തു വിഡാലകാനാം
ശിഖോദ്ഗമേ ചാപി മയൂരകാണാം
ദന്തപ്രഭേദേ ച തഥാ ശിശൂനാ-
മായുഃപ്രകർഷോ വിജയത്യജസ്രം. വൃ

പൂച്ചകൾക്കു പൃഷ്ഠം ഭഞ്ജിക്കുന്നതും മയിലുകൾക്കു ശിഖ പുറപ്പെടുന്നതും കുട്ടികൾക്കു പല്ലുമുളയ്ക്കുന്നതും ആയുർവർദ്ധനയ്ക്കു കാരണമാണ്.

ശിശോരദനമൂലഗതശ്ച വായുർ-
യദി കുപിതോ ഹി തദൈവ തസ്യ
അപി സമകാലമഥാപി ദന്താ
ബഹിരുപയാന്തി ശിശോസ്തദൈവ. വൃ

വായു, കുട്ടികളുടെ പല്ലിന്റെ ചുവട്ടിൽ പ്രാപിച്ചിട്ട് എപ്പോൾ കോപിക്കുന്നോ അപ്പോൾ തന്നെ പല്ലുകൾ വെളിക്കുവരികയും ചെയ്യുന്നു.

ശിശോർദന്തപാളിം ച ദന്തോദ്ഗമാർത്ഥം
സുചൂർണ്ണേന നിത്യം ഭിഷക് സാധയേച്ച
കണാധാതകീപുഷ്പധാത്രീരസൈർവ്വാ
തഥാ തൈത്തിരൈർല്ലാവപുഷ്പൈർവ്വാ. വൃ

രസൈഃ പുഷ്ടൈഃ സാരണാദ് ബാലകാനാം
മുഖം ദന്തസംഘൈഃ കരോത്യേവ സദ്യഃ
യഥാ പംക്തിശോഭാകരൈർവ്വാ ഹരൈശ്ച
യഥാ സ്വം ശിശോർജ്ജായതേ ശീഘ്രമേവ. വൃ

കുട്ടികളുടെ ദന്തപാളിയെ പല്ലുപുറപ്പെടുന്നതിനായിട്ട് ചൂർണ്ണം പുരട്ടി നിത്യവും വെള്ളം പാത്തുകളയണം. ഇതുകൂടാതെ തിപ്പലി താതിരിപ്പൂവ് ഇവ പൊടിച്ചു നെല്ലിക്കാനീരിൽ കുഴച്ചു പ്രതിസാരണം ചെയ്കയോ തൈത്തിരിപ്പുള്ള് ചീവൽ പന്നി ഇവയുടെ

മാംസത്തിന്റെ രസംഎടുത്തു് തേനുംകൂട്ടിച്ചേർത്തു പ്രതിസാരണംചെയ്കയോ ചെയ്യ; എന്നാൽ കുട്ടികളുടെ പല്ലുകൾ നിരന്ന് ഭംഗിയിൽ വേഗം മുളച്ചുവരും.

പല്ലുമുളയ്ക്കുമ്പോൾ ഉണ്ടാകുന്നരോഗങ്ങളുടെ ശമനം.

ദന്തോത്ഥാനനിമിത്തജാ വ്യാധയഃ പ്രായഃ ശിശൂനാം ച യേ
തേ ശാമ്യന്തി വിനിർഗ്ഗതേഷു നിതരാം ദന്തേഷു തേഷാമപി
സദ്യോ ജാതശിശോശ്ച ദന്തനികരോത്ഥാനേ ശിശും രാക്ഷസം
വിദ്യാല്ലോകഭയാവഹം ച ജനനീ തസ്യാശു നാശം വ്രജേൽ.

പല്ലുമുളയ്ക്കുമ്പോൾ ബാധിക്കുമ്പോൾ ഉണ്ടാകുന്ന രോഗങ്ങൾ എല്ലാം പല്ലുമുളച്ചുകഴിഞ്ഞാൽ ഇല്ലാതാകും. ഏതുകുട്ടിക്കെങ്കിലും പ്രസവിച്ചാലുടനെ പല്ലുമുളച്ചിട്ടുണ്ടെങ്കിൽ അവനെ ലോകങ്ങൾക്കു ഭയത്തെ ഉണ്ടാക്കുന്ന രാക്ഷസനെന്നു അറിയണം. അതിനാൽ അവന്റെ പല്ലിനെ അമ്മ നശിപ്പിച്ചുകളയുകയാണെന്നു ചെയ്യേണ്ടതു്.

ഓരോമാസത്തിലും പല്ലുമുളച്ചാലുണ്ടാകുന്ന ഗുണദോഷങ്ങൾ.

യദ്യൈകമാസേപി തഥാ ദ്വിതീയേ
മാസേ തൃതീയേപി ശിശോശ്ച ദന്താഃ
ഉത്ഥാനമായാന്തി ഹരിന്ത്യ സദ്യഃ
ശീഘ്രം പ്രയായാദ്യമരാജഭൂത്യഃ. ൯൦

ഒന്നാംമാസത്തിലും രണ്ടാംമാസത്തിലും മൂന്നാംമാസത്തിലും കുട്ടിക്കു പല്ലുമുളച്ചാൽ ആ പല്ലുകളെ അപ്പോൾ ദയവില്ലാതെ പറിച്ചുകളയണം.

സഹോദരം ഹന്തി ചതുർത്ഥമാസേ
ദന്തോദ്ഗമേ മാതരമാശു തദ്വൽ
സഹോദരം പഞ്ചമകേഥ മാസേ
പിത്രോർധനം ഹന്തി ച ഷഷ്ഠമാസേ. ൯൧

നാലാംമാസത്തിൽ പല്ലുമുളച്ചാൽ സഹോദരാവിനും അമ്മയ്ക്കും ദോഷമാണ്. അഞ്ചാംമാസത്തിൽ ഭ്രാതാവിനുമാത്രം ദോഷമാണ്. ആറാംമാസത്തിൽ പല്ലുമുളച്ചാൽ അച്ഛനമ്മമാരുടെ ധനം നശിക്കും.

ദന്തോദ്ഗമശ്ചേദ്യദി സപ്തമേപി
മാസേ ച ദാസാംശ്ച നിഹന്തി ദാസീഃ
ഗുരുംസ്തഥാ ചാഷ്ടമകേ ച മാസേ
ജായന്ത ഏവം നവമേ തഥൈവ. ൯൨

ഏഴാംമാസത്തിൽ കുട്ടിക്കു പല്ലുമുളച്ചാൽ ദാസന്മാർക്കും ദാസിമാർക്കും അശുഭകാലമാണ്. എട്ടും ഒൻപതും മാസങ്ങളിൽ പല്ലുമുളച്ചാൽ ഗുരുക്കന്മാർക്കു ആപൽക്കാലമാണ്.

അകാലത്തിൽ പല്ലുണ്ടായാലുള്ള ദോഷത്തിന്റെ പരിഹാരം.

ദന്തോദ്ഗമോൽപാതശമായ ശാന്തിം
കുര്യാദ് ദ്വിജാനാം പരിപൂജനേന
സവത്സധേനോരപി ദാനപൂർവ്വം
മുഖം ച ബാലസ്യ നിചുംബ്യ മാതാ. ൯൩

അകാലത്തിൽ പല്ലുമുളച്ചാലുള്ള ദോഷശാന്തിക്കായിട്ടു്, ബ്രാഹ്മണരെ പൂജിച്ചു് അവർക്കായി കിടാവോടുകൂടിയ പശുവെ ദാനംചെയ്യണം.

ബാലാദിശതൈലം.

രാസ്നാശതാഹ്വാകൃമിശത്രുജീര-
യുഗ്മൈഃ പയസ്യാ സഹ മുദ്ഗപർണ്യാ
ശിശോരിദംസ്യ നവസ്യ തദ്വ-
ന്നിര്യൂഹയുക്തം വൃഷഭേന തൈലം. ൯൪

കാകോളികാകല്ക്കസമം വിപക്വ-
മഭ്യഞ്ജനാദ്പാനശനാച്ഛിശൂനാം
പുഷ്ടിപ്രദം കാർശ്യഹരം വിശേഷാൽ
തദ്രോഗനാശക്ഷമമാഹുരാര്യാഃ. ൯൫

അരത്ത അമുക്കുരം കൃമിശത്രു ജീരകം കരിഞ്ജീരകം അടപതിയൻകിഴങ്ങു ഇവ കഷായംവെച്ചു് അതിൽ ഇടവകവും കാകോളിയും കല്ക്കമായി എണ്ണകാച്ചിത്തേപ്പിക്കുകയോ സേവിപ്പിക്കയോ ചെയ്താൽ കുട്ടികൾക്കുള്ള കാർശ്യം ശമിച്ചു് പുഷ്ടിയുണ്ടാകും. അവർക്കുള്ള രോഗങ്ങളും ഇല്ലാതാകും.

ഗൗര്യാദിതൈലം.

ഗൗരീചന്ദനലോധ്രപത്മകവചാലാക്ഷാരുണാജീവകൈഃ
കാകോളീദശമൂലപത്മകമുദൈഃ പർണ്ണീദ്വയാംഭോജകൈഃ
പഞ്ചത്വഗ്വൃഷഭാംബുദുഗ്ദ്ധസഹിതം ക്വാഥൈശ്ച കല്ക്കൈരപി
മേദാപാർശ്വനപാദനൈരപി സിതായുക്തം ച പ്രസ്ഥം ഭിഷക്
സംപാച്യൈവ വിസർപ്പരോഗശമനം ബാലസ്യ ചാഭ്യഞ്ജനാ-
ന്നാനാരോഗഹരം മുഖസ്യ ച തഥാ പാകാദികം പിത്തജം. ൯൬

മഞ്ഞൾ ചന്ദനം പാച്ചോറ്റിത്തൊലി പത്മുകം വയമ്പു് കോലരക്കു് മഞ്ചട്ടി ജീവകം കാകോളി ദശമൂലം പുഷ്കരമൂലം അ

ന്മൽക്കിഴങ്ങ് കാട്ടുഴുന്ന് കാട്ടുപയറ് താമരക്കിഴങ്ങ് നാല്പാമരത്തി ന്റെതൊലി ആററുവഞ്ചിത്തൊലി ഇടമ്പിരി വലമ്പിരി ഇവ മുരൾമര ത്തിൻകായുടെ മജ്ജ പാലിനും ഇവ കഷായംവെച്ച് ഇതിൽ ക ല്ക്കമായി പാവുംചേത്ത് ഇടങ്ങഴി എണ്ണകാച്ചി തേപ്പിക്കുക; കുട്ടിക ൾക്കുണ്ടാകുന്ന വിസർപ്പരോഗം ഇല്ലാതാകും. അതുകൂടാതെ സക ലരോഗങ്ങളും ശമിക്കും.

ലാക്ഷാദിതൈലം.

ലാക്ഷാകുഷ്ഠവിഡംഗരാത്രിയുഗ [illegible] ഭൂനിംബയുക്-
തൈലം ദുഗ്ദ്ധദധിത്രിഫലാപത്മകഭവൈഃ കല്കൈഃ കഷായൈരപി
ശൈരീഷൈശ്ച ശിരീഷകേസരദളൈരുദ്ദാലകൈഃ പ്രസാധിതം
തൈലം വൈ സരളേന [illegible]

ലൂതാസ്ഫോടവിദംശസപ്പദശനാസ്ഫോടാദിവിസർപ്പാദിയുക്കാ-
ന്നാഡീജക്ഷതമൂത്രസംഭവഗദാൻ ഗണ്ഡാപചീന്നാശയേൽ. ൨൦൮

കോലരക്ക് കൊട്ടം വിഴാലരി മഞ്ഞൾമരമഞ്ഞൾ എരുക്കിൻ പാച്ചോററിത്തൊലി വേപ്പിൻകായുടെ [illegible] കവേരു നാഗപ്പൂവ് പച്ചില നറുവരി ചരളം ഇവ കഷായംവച്ച് ഇവതന്നെ കല്ക്കമായി പാലുംചേത്ത് ഇടങ്ങഴി എണ്ണകാച്ചി തേ പ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന [illegible]. സർപ്പം കടിച്ചതു കൊണ്ടുണ്ടാകുന്ന കുമള, വിസർപ്പം, [illegible] ഗ ണ്ഡമാല, അപചി ഇവ ശമിക്കും.

ചാർങ്ങേരീഘൃതം.

ചാർങ്ങേരീസ്വരസാർദ്ധകേന ച സമം പ്രസ്ഥം ഘൃതം രോഹിണീ-
ദുഗ്ദ്ധേനാപി യുതം ച ലോധ്രാതികഷായിതം [illegible]
സിദ്ധം [illegible]
ബാലാനാമതിസാരകഗ്രഹണികാനാശായ പത്ഥ്യാശിനാം. ൨൦൯

നാലിടങ്ങഴി പുളിയാരിലനീരിൽ പാച്ചോററിത്തൊലി മഞ്ചട്ടി കൂവളത്തിൻവേര് മുത്തങ്ങ ചുക്ക് [illegible] ഇവ കല്ക്കമായി ഇടങ്ങഴി ആട്ടിൻപാലുംചേത്ത് ഇടങ്ങഴി നെയ്യുകാച്ചി യെടുത്തു സേവിപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന അതിസാരം ശമിക്കും.

പാഠാദിഘൃതം.

[illegible]

ഉഗ്രാംബുസഞ്ജകട്ഫലാരനിശാവിഡംഗ-
ദേവദ്രുദാഡിമജവല്കലശ്രേയസീനാം.
കല്കൈഃ കഷായസഹിതൈരസനാദികാനാം
മൂലൈർഭൃശം ശ്രൃതമിദം സഹ മാതുലുംഗ്യാഃ ൨൧൦
രാത്രിദ്വയേന കുടജസ്യ ഫലൈഃ സുഗന്ധാ-
സഞ്ജ്ഞാഷണൈഃ സമമിദം ഘൃതതേജവല്ക്കൈഃ. ൨൧൧

സർപ്പിഃ കുമാരബലവർദ്ധനം തത്-
[illegible] ശ്രൃതം [illegible]
പാണ്ഡ്വാമയം [illegible] ശിശൂനാം
ഗുല്മാപഹം നിഗദിതം സ്വരഭേദഹാരി. ൨൧൨

[illegible]
[illegible] ശിശൂനാം [illegible]
അശിതമേതദേവം ശിശുഭിർധൃതം
സകലവൈദ്യകശാസ്ത്രവിശദാ വിദുഃ. ൨൧൩

അയമോദകം മാതളനാരകത്തിൻവേര് മഞ്ഞൾ മരമഞ്ഞൾ കുടകപ്പാലയരി കരിഞ്ചീരകം വേങ്ങക്കാതൽ ചുക്ക മുളക തിപ്പലി മുത്തവേരിലെത്തൊലി ഇവ കഷായംവച്ച് അതിൽ പാടക്കിഴങ്ങ് അതിവിടയം, ചരളം കൊട്ടംമഞ്ഞൾ മരമഞ്ഞൾതൊലി മാങ്ങാനാറി ചുക്ക് തിപ്പലി കാട്ടുതിപ്പലിവേര് കൊടുവേലിക്കിഴങ്ങ് വയമ്പ് ഇരുവേലി വേങ്ങക്കാതൽ കടുകരോഹിണി വിഴാലരി ദേവതാരം മാതളനാരങ്ങാത്തോട് കടുക്കാത്തോട് ഇവ കല്ക്കമായി പാലുംചേത്ത് നെയ്യുകാച്ചി കൊടുക്കുക; കുട്ടികൾക്ക ബലമുണ്ടാകും. കൃമിനശിക്കും; അഗ്നിവർദ്ധിക്കും. പാണ്ഡു, നീര് ഗുല്മം, സ്വരഭേദം അരുചി, കാർശ്യം ഇവയും ഇല്ലാതാകും.

അഷ്ടമംഗലഘൃതം.

വചാകുഷ്ഠബ്രാഹ്മീകണാസൈന്ധവാനാം
ഘൃതം ശാരിബാസർഷപാനാം വിപക്വം
നിപീതം ച മാസൈഃ [illegible] ശിശൂനാം
ശ്രുതിക്ഷിപ്രമേധാകരം മംഗലാഖ്യം. ൨൧൪

പിശാചാ ന ഭൂതാ ന രക്ഷാംസി തേഷാം
തനൌ വേശമേവം പ്രകുർവ്വന്തി പാനാൽ
ഘൃതസ്യാഷ്ടകാദേസ്തഥാ മംഗലസ്യ
ഘടോൽകചേന വാ വഹ്നിരസ്യ പ്രകാമം. ൨൧൫

വയമ്പ് കൊട്ടം ബ്രഹ്മി തിപ്പലി ഇന്തുപ്പ് നറുനീണ്ടി കടുക്

ഇവ കല്ക്കമായി നെയ്യ്കാച്ചി കൊടുക്കുക; കുട്ടികൾക്കുണ്ടാകുന്ന ചെവിക്കു വേദന ശമിക്കും. ബുദ്ധിവൎദ്ധിക്കും പിശാചഭൂതാദികളുടെ ബാധയുണ്ടാകയില്ല. ഈ ഘൃതത്തിന്ന് അഷ്ടമംഗലഘൃതം എന്നുപേർ.

കുമാരകല്യാണഘൃതം.

ശംഖപ്രസൂനത്രിഫലാഗദാനാം
ബ്രാഹ്മീവചാനാഗരഗോസ്തനീനാം
ജീവന്തികാജീവകമേദകാനാം
ശൃംഗീബലാവിലപട്ടോലഭാനാം. ൧൦൭

ത്രുടീഭകൃഷ്ണാനലിതപുഷ്കരാണാം
സകണ്ടകാരീകല്കിതൈഃ പയോഭിഃ
ചതുൎഗ്ഗുണൈർഹവ്യമലം സുസിദ്ധം
കല്ക്കൈഃ കഷായൈഃ ശിശുഭിർന്നിപീതം. ൧൦൮

കുമാരകല്യാണഘൃതം ച ധന്യം
ഛരായാഗ്രഹാവേശഗദാപഹാരി
പുഷ്ടിപ്രദം വൎണ്ണകരം [illegible]
മഗ്നിപ്രദം ദന്തഗദാപഹം ച. ൧൦൯

ശംഖുപുഷ്പത്തിൻവേര് ത്രിഫല കൊട്ടം ബ്രഹ്മി വയമ്പ് ഇഞ്ചി മുന്തിരിങ്ങാപ്പഴം അടപതിയൻകിഴങ്ങ് ജീവകം നാങ്ങനാരങ്ങയുടെ അല്ലി ചുക്ക് കുറുന്തോട്ടിവേര് പൂവാങ്കുറുന്തലിൻവേര കൊടിത്തൂവവേര് ഏലത്തരി അരത്തിത്തിപ്പലി പുഷ്കരമൂലം കണ്ടകാരി ഇവ കഷായംവച്ച് ഇവതന്നെ കല്ക്കമായി നാഴിരട്ടി കഷായത്തിൽ നെയ്യ്കാച്ചി സേവിപ്പിക്കുക; ബാലന്മാൎക്കുണ്ടാകുന്ന ഛരായാഗ്രഹത്തിന്റെ ആവേശം ഇല്ലാതാകും. പുഷ്ടി വൎണ്ണം ഇവയുണ്ടാകും. അഗ്നിദീപിക്കും ദന്തരോഗവും ശമിക്കും.

ഖദിരാദ്യഘൃതം.

ഖദിരമദാഞ്ജനതാലീസൈഃ
ചന്ദനരസഗോപയസാ സിദ്ധം
ശിശുഗണഛൎദ്ദിഹരം ഘൃതമാദ്യം
നിഗദിതമേവ തു വാ സിദ്ധം. ൧൧൦

കരിങ്ങാലിക്കാതൽ താതിരിപ്പൂവ് നീർമരുതിൻതൊലി താലീസപത്രം ചന്ദനം നറുമ്പശ ഇവ കല്ക്കമായി പശുവിൻപാലും ചേൎത്ത് നെയ്യ് കാച്ചികൊടുക്കുക; കുട്ടികൾക്കുണ്ടാകുന്ന ഛൎദ്ദി ശമിക്കും.

പഞ്ചലമൂലീഘൃതം:

ദിങ്മൂലദ്രാക്ഷാനതഭദ്രദാരു-
മധൂകാദിയഷ്ട്യുഷണജന്തുജിദ്ഭിഃ
ഗവാം പയോഭിഃ ശൃതഗവ്യഹവ്യം
ശിശ്വായുരാരോഗ്യമലം വിദധ്യാൽ. ൧൧൧

ദശമൂലം മുന്തിരിങ്ങാപ്പഴം തകരം ദേവതാരം ഇരട്ടിമധുരം നല്ലമുളക് വിഴാലരി ഇവ കല്ക്കമായി പശുവിൻപാലും ചേൎത്ത് നെയ്യ് കാച്ചിക്കൊടുക്കുക; കുട്ടികൾക്കു ആയുസ്സും ആരോഗ്യവുമുണ്ടാകും.

ശ്യാമാഘൃതം.

ശ്യാമാജപാപുഷ്പകഷായസിദ്ധം
ഗവ്യം ഘൃതം സാരുണമാശു പീതം
നിത്യം ശിശൂനാമുപഹന്തി കാസം
ശ്വാസം ച തൃഷ്ണാം സമരക്തപിത്തം. ൧൧൨

കടുക്കാത്തോട് ചെമ്പരത്തിപ്പൂവ് ഇവ കഷായംവച്ച് അതിവിടയംകല്ക്കമായി പശുവിൻനെയ്യ്കാച്ചി സേവിപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന ചുമ ശ്വാസം തണ്ണീർദാഹം രക്തപിത്തം ഇവ ശമിക്കും.

പുനൎന്നവാദ്യഘൃതം.

പുനൎന്നവാനാഗരകാകമാചീ
രാസ്നാത്രിവൃദ്ഭിർബ്ബൃഹതീദളാനാം
ഭാർങ്ഗീകദംബസ്യ ഫലോത്ഥകല്ക്കൈ-
രക്ഷോന്മിതൈരഷ്ടപലം ഗവീനാം. ൧൧൩

സിദ്ധം ഘൃതം ദുഗ്ദ്ധജലാന്വിതം ച
ശിശോശ്ച കാസം ശ്വസനാപതന്ത്രം
പീതം നിഹന്ത്യഷ്ടം ബഹുധാ ശരീരേ
ല്ലാതം ച നാസാവിവരദ്വയേന. ൧൧൪

തവിഴാമവേര് ചുക്ക് കറന്തകാളി അരത്ത ത്രികോല്പക്കൊന്ന ചെറുവഴുതിനയുടെ ഇല ചെറുതേക്ക് കടമ്പിൻകായ് ഇവ മൂന്നു കഴഞ്ചുവീതം കല്ക്കമാക്കി ഇരുനാഴി (എട്ടുപലം) നെയ്യ്കാച്ചി കൊടുക്കുക; കുട്ടികൾക്കുണ്ടാകുന്ന കാസശ്വാസം അപതന്ത്രം എന്ന വാതരോഗം ഇവ ശമിക്കും. ഈ നെയ്യ് ദേഹത്തു തിരുമ്മിപിടിപ്പിക്കയും ഈ നെയ്യ്കൊണ്ടു നസ്യം ചെയ്യുകയുമാകാം.

ക്ഷീരഷട്പലാദ്യംഘൃതം.

ക്ഷീരഷട്പലം ഗ്രന്ഥികദീപ്യബിൽവ-
ജാജീകണാചവ്യദിവേണുകാഷ്ഠൈഃ
കല്കീകൃതൈർമ്മാക്ഷികമദ്യയുക്തം
ഘൃതം ച സൌവീരയുതം വിപക്വം. ൧൧൭

പ്രയുക്തമാത്രം ച സദാ ശിശൂനാം
ഗദാൻ നിഹന്യാദഖിലാനജസ്രം
ക്ഷീരഷട്പലാദ്യം പരിഭാവസംജ്ഞാ-
ന്നേഷാം സമസ്താംശ്ച നിരാകരോതി. ൧൧൮

കാട്ടുതിപ്പലിവേര് [illegible] ജീരകം തിപ്പലി കൂവളത്തിൻവേര് [illegible] സൌവീരാഞ്ജനം ഇവ കൽക്കമായി ആട്ടിൻപാലും പശുവിൻപാലും തേനും മദ്യവും കൂട്ടിനെയ്യു കാച്ചിഎടുത്തു സേവിപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന സകലരോഗങ്ങളും ഇല്ലാതാകും.

വിഭീതകാദ്യംതൈലം.

വിഭീതകത്വഗ്ഘരിതാലകുഷ്ഠ-
മനശ്ശിലാസാധിതതൈലമേതൽ
ക്ഷിപ്തം ശിശൂനാമപി കർണ്ണരന്ധ്രേ
ഗദം നിഹന്യാദപി പൂതികർണ്ണം. ൧൧൯

താന്നിത്തൊലി ഹരിതാലം കൊട്ടം മനയോല ഇവ കല്ക്കമായി കാച്ചിയതൈലം ചെവിയിൽ ഒഴിച്ചാൽ കുട്ടികളുടെ ചെവിയിൽ ഉണ്ടാകുന്ന രോഗങ്ങളും പൂതികർണ്ണവും ശമിക്കും.

ലാക്ഷാദ്യംതൈലം.

ലാക്ഷാരസം തൈലസമം ച മസ്തു-
ചതുർഗ്ഗുണം പാച്യമിഭിഷക് സമസ്തൈഃ
രാസ്നാശതാഹ്വാഗദരാത്രിയഷ്ടി-
മൂർവ്വാശതാഹ്വാചന്ദനാതിവിഷാ. ൧൨൦

തികതാഹ്വരേണുപ്രയുതം വിപക്വ-
മഭ്യംഗതോ ബാലഗണസ്യ തൈലം
ജ്വരം നിഹന്യാദ് ബലവർണ്ണകാരി
രക്ഷോഘ്നമേതച്ച ഗ്രഹാപഹാരി. ൧൨൧

എണ്ണയ്ക്കു സമം കോലരക്കാട്ടിയെടുത്ത രസവും എണ്ണയിൽ നാലിരട്ടി തൈരിൻ വെള്ളവും ചേർത്തു അരത്ത അമുക്കരം കൊട്ടം മഞ്ഞൾ ഇരട്ടിമധുരം പെരുങ്കുരുമ്പവേര് ശതകുപ്പ ദേവതാരം

കടുകുരോഹിണി അരേണുകം ഇവ കല്ക്കമായി എണ്ണകാച്ചിതേപ്പിക്കുക; കുട്ടികൾക്കുണ്ടാകുന്ന ജ്വരംശമിക്കും. ബലത്തെയും നിറത്തെയും ഉണ്ടാക്കും. രക്ഷോബാധ ഗ്രഹാവേശം ഇവയേയും ഇല്ലാതാക്കും.

ഗ്രഹാവേശലക്ഷണം.

[illegible]
പശ്യത്യധോ രോദിതി യഃ പ്രകാമം
നഖൈശ്ച ദന്തൈരപി ദാരയേദ്വാ
ധാത്രീംസ്തഥാത്മാനമഥോ ദൃഢൈവ സൈവ. ൧൨൨

ദന്താവ്യ്രമേവം [illegible]
ഫേനസ്യ വാമീ നിശി ലുപ്തനിദ്രഃ
ക്ഷാമസ്വരഃ ശൂനതനുശ്ച മത്സ്യ-
മദ്യാസ്രഗന്ധോ ഗ്രഹദുഷ്ടയുക്തഃ. ൧൨൩

പെട്ടെന്നു ഭയപ്പെടുക; നോക്കുക; കരയുക; നഖംകൊണ്ടുമാന്തുക; പല്ലുകൊണ്ടുകടിക്കുക; പുരികംവളയ്ക്കുക; പല്ലും ചുണ്ടും കടിക്കുക; പത ഛർദ്ദിക്കുക; രാത്രിയിൽ ഉറക്കമില്ലാതിരിക്കുക; ചെറിയട്ടു ദേഹത്തിൽനീരു് വായിൽ മത്സ്യത്തിന്റെയോമദ്യത്തിന്റെയോ ചോരയുടെയോ ഗന്ധമുണ്ടായിരിക്കുക; ഇവയെല്ലാം ഗ്രഹാവിഷ്ടനായ ബാലന്റെ ലക്ഷണമാണു്.

ഗ്രഹാവേശചികിത്സ.

രസോനനിംബത്വചവംശജത്വഗ്-
ജതുപ്രധൂപഃസ്തു ഗ്രഹാപഹാരി
സിദ്ധാർത്ഥനിംബത്വചവംശജത്വഗ്
ജതുപ്രധൂപസ്സഘൃതസ്തഥാ വാ. ൧൨൪

വെളുത്തുള്ളി വേപ്പില മുളനെല്ലു് ഇലവർങ്ങം കോലരക്കു് ഇവകൊണ്ടോ; കടുകു് വേപ്പില മുളംനെല്ലു് ഇലവർങ്ങം കോലരക്ക ഇവകൊണ്ടോ പുകയ്ക്കുക; ബാലന്മാർക്കുണ്ടാകുന്ന ഗ്രഹാവേശം ഇല്ലാതാകും.

ഗ്രഹാവേശത്തിനു ധൂപം.

നാഗവ്യാഘ്രത്വഗുഗ്ഗുലുസിംഹരോമൈഃ
പൂതീകഹിങ്ഗുമൂലകൈഃ
കാദംബൈരപി ദീപ്യസർഷപവചാ-
ഭല്ലാതകൈശ്ചൈഃ കൃതഃ

ധൂപശ്ചായമസംശയം ശിശൂനാം
സ്യാപി ഗ്രഹാവേശനാ-
ദ്രക്ഷാം ചൈവ കരോതി നിത്യമഖിലം
കുര്യാച്ച സൌഖ്യം ദ്രുതം. ൧൨൪

ആന, പുലി, സർപ്പം, സിംഹം ഇവയുടെ രോമങ്ങൾ ആവിത്തൊലി ദശമൂലം കടമ്പിൻതൊലി അയമോദകം കടുക് വയമ്പ് ചെക്കുരു കൊട്ടം ഇവ പൊടിച്ചിട്ടു പുകച്ചാൽ കുട്ടികൾക്കുണ്ടാകുന്ന ഗ്രഹാവേശം ശമിക്കും. ദുർബലന്മാരായ കുട്ടികളെ ബലമുണ്ടാക്കുകയും ചെയ്യും.

വേറൊരു ധൂപം.

കാകജംഘാസദൃശധാന്യാനാം വൃക്ഷാണാം ചൈവ വല്ക്കലം
കപിത്ഥകകദംബാനാം മകരന്ദസ്യ പല്ലവൈഃ
ധൂപഃ സ്നാതസ്യ ബാലസ്യ സർവ്വഗ്രഹാപഹഃ സ്മൃതഃ
പ്രയോജ്യോऽയം വിശേഷേണ വൃദ്ധവൈദ്യോപദേശതഃ

കുട്ടിയെക്കുളിപ്പിച്ചതിനുശേഷം കാക്കത്തൊണ്ടി നാല്പാമരത്തൊലി വിളാർമരം കടമ്പ് കുരുക്കുത്തിമുല്ല ഇവയുടെ തളിര് ഇവയെല്ലാംകൂടി വൃദ്ധവൈദ്യന്റെ ഉപദേശമനുസരിച്ചു പുകയ്ക്കുക, എല്ലാ ഗ്രഹബാധകളും ശമിക്കും.

സ്കന്ദഗ്രഹം ആവേശിച്ചാലുള്ള ലക്ഷണം.

രക്താക്ഷിഗാത്രഃ സ്രുതരക്തനേത്രഃ
സസ്പന്ദനഃ കംപയുതോऽതിപുഷ്ട്യാ
പശ്യേച്ച വക്രേണ മുഖേന രക്ത-
ഗന്ധഃ പതത്യേവ ച നാഭിനാദൻ.

സ്കന്ദഗ്രഹാവേശയുതോ ഹി ബാലോ
വിശപസ്ത അശ്നാതി ച രോദിതീഹ
സ്വല്പം കദാചിൽ ഖലു തസ്യ സമ്യക്
ധൂപാദികം യച്ച ബ്രവീമി തസ്യ. ൧൨൫

കണ്ണും ദേഹവും ചുവന്നിരിക്കുക; കണ്ണീരൊലിക്കുക; അല്പമായും അധികമായും ഇളകുക; കണ്ണുമേല്പോട്ടാക്കി നോക്കുക; മുഖം വളഞ്ഞിരിക്കുക; രക്തത്തിന്റെ ഗന്ധമുണ്ടാകുക; മറിഞ്ഞുവീഴുക; മുല കുടിക്കാതിരിക്കുക, പല്ലുകടിക്കുക; അല്പമായി കരയുക ഇവയെല്ലാം സ്കന്ദഗ്രഹബാധിതനായ ശിശുവിന്റെ ലക്ഷണങ്ങളാണ്. ഇതിന്നു ചികിത്സയായി ധൂപം മുതലായവയെ പറയുന്നു.

സ്കന്ദഗ്രഹാവേശചികിത്സ.

സർഷപോഗ്രാഹിനിർമ്മോകോംസ്വാജാവിഗവാമപി
രാസ്നാകാകാദനീഹവൈർധൂപഃ സ്കന്ദഗ്രഹാപഹഃ ൧൨൬

കടുക് വയമ്പ് പാമ്പിൻപടം ഒട്ടകം ആട് ചെമ്മരിയാട് പശു ഇവയുടെ തോല് അരത്ത കാക്കത്തൊണ്ടി ഇവപൊടിച്ചു നെയ്യുംചേർത്തു പുകയ്ക്കുക; സ്കന്ദഗ്രഹാവേശം ശമിക്കും.

ലേപനം.

സോമേന്ദുവല്ലീഭവഹിലപഞ്ചാത-
വന്ദാകമാംസീഗദദേവകാദ്യൈഃ
ശ്രീവേഷ്ടരാസ്നാഗുരുചന്ദനൈലാ-
മൃഗാദനീമൂലഹരേണഭിശ്ച. ൧൨൭

ശിലാരുണാഭ്യാം സമസൈലവാലു
ജതുപ്രയുക്തോऽംഘ്രിഫ സാധുപിഷ്ടഃ
ലേപസ്സലാക്ഷഃ ശിശുദേഹലിപ്തഃ
സ്കന്ദഗ്രഹാവേശനിവാരണായ. ൧൨൮

കർപ്പൂരം സോമവള്ളി കുവളത്തിൻകായുടെമജ്ജ ഇത്തിക്കണ്ണി മാഞ്ചി കൊട്ടം ദേവതാരം തിരുവട്ടപ്പശ അരത്ത അകിൽ ചന്ദനം ഏലത്തരി വലിയ കാട്ടുവെള്ളരിവേര് അരേണുകം മനയോല അതിവിടയം ഏലാവാലുകം കോലരക്ക് ഇവ നല്ലവണ്ണം അരച്ചു കുട്ടിയുടെ ദേഹത്തിൽ തേക്കുക; സ്കന്ദഗ്രഹാവേശം ശമിക്കും.

സ്കന്ദഗ്രഹം ബാധിക്കാതിരിക്കാനുള്ള മന്ത്രം.

"തപസാം തേജസാം ചൈവ വപുഷാം യശസാമപി
വിധാനം യോജയേദ്ദേവഃ സ തേ സ്കന്ദഃ പ്രസീദതു.
ഗ്രഹസേനാപതിർദ്ദേവോ ദേവസേനാപതിർവിഭുഃ
ദേവസേനാരിപുഹരഃ പാതു ത്വാം ഭഗവാൻ ഗുഹഃ.
ദേവദേവസ്യ മഹതാം പാവകസ്യ ച യഃ സുതഃ
ഗംഗോമാകൃത്തികാനാം തു സ തേ ശർമ്മ പ്രയച്ഛതു.
രക്തമാല്യാംബരഃ ശ്രീമാൻ രക്തചന്ദനഭൂഷിതഃ
രക്തദിവ്യവപുർദേവഃ പാതു ത്വാം ക്രൌഞ്ചനാശനഃ."

ഈ മന്ത്രം നിത്യവും പാരായണം ചെയ്താൽ സ്കന്ദഗ്രഹം ബാധിക്കയില്ല.

സ്കന്ദാപസ്മാരലക്ഷണം.

വിസംജ്ഞോ യദാ ഫേനവാമീ ശിശുസ്തു
സസംജ്ഞസ്തു രോദിത്യതീവാത്ര നിത്യം

സപ്തരാത്രഗ്രഹസ്തോ ഭവേൽ സ്കന്ദകേന
കൃതാപസ്മൃതിസ്തച്ചികിത്സാം ബ്രുവേऽധുനാ. ൫൩൦

ബാലൻ ബോധമില്ലാതെ കിടക്കുക, വായിൽക്കൂടി നുരചർദ്ദിക്കുക; ബോധംവീണാൽ വളരെ കരയുക; ശിശുവിനു ചലത്തിന്റെയും രക്തത്തിന്റെയും ഗന്ധമുണ്ടാകുക ഇവ സ്കന്ദാപസ്മാരത്തിന്റെ ലക്ഷണമാണ്. അതിനുള്ള ചികിത്സയാണ് അടുത്തു പറയുന്നത്.

സ്കന്ദാപസ്മാര ചികിത്സ.

വില്വം ശിരീഷം സുരസാദിഭിശ്ച
ഗോലോമിഭിർവൈ പരിഷേചനം ഹിതം
ബസ്തസ്യ മൂത്രേണ വിപാചിതം തൈലം
മഭ്യംജനേऽപസ്മൃതിനാശനം സ്യാൽ. ൫൩൧

കൂവളത്തില നെന്മേനിവാകത്തൊലി കാട്ടുതുളസി കരിങ്കറുക ഇവയുടെ നീര് എടുത്തു ദേഹത്തിൽ ഒഴിച്ചു കുളിപ്പിക്കുക; മുൻ പറഞ്ഞ മരുന്നുകൾ കൽക്കമായി ആട്ടിൻമൂത്രം ചേർത്ത് എണ്ണ കാച്ചി തേപ്പിക്കുക, സ്കന്ദാപസ്മാരം ശമിക്കും.

ഘൃതം.

സക്ഷീരവൃക്ഷകാകോളീഗണകാഥവരൈഃ ഘൃതം
സപയസ്സു പയഃ സിദ്ധം ബാലാനാമപസ്മൃതൌ.

നാല്പാമരത്തിൻതൊലി ജീവനീയഗണം ഇവ കഷായംവച്ചു ഇവതന്നെ കല്കമായി പാലുംചേർത്തു നെയ്യുകാച്ചി സേവിപ്പിക്കുക; ബാലന്മാർക്കുണ്ടാകുന്ന സ്കന്ദാപസ്മാരം ശമിക്കും.

ധൂപനം.

വചാഹിംഗുഭിർഗൃധ്രകോലൂകകാനാം
വിശാകേശശ്ശുണ്ഡിനകൈർലോമഭിശ്ച
വൃഷസ്യാപി ഹവ്യൈസ്തഥാ ധൂപനം സ്യാ-
ദ്ഭവേൽ സ്കന്ദജാപസ്മൃതൌ ബാലകാനാം. ൫൩൨

വയമ്പ് കായം കഴുകൻപക്ഷിയുടെ കാഷ്ഠം മൂങ്ങയുടെ രോമം ആനയുടെ നഖം കാളയുടെ രോമം ഇവയെല്ലാംകൂടി നെയ്യും ചേർത്തു പുകയ്ക്കുക, സ്കന്ദാപസ്മാരം ശമിക്കും.

ചതുഷ്പഥേ ബലിം ദത്വാ സ്നാനം ബാലസ്യ കാരയേൽ
രക്ഷാമന്ത്രം പ്രവക്ഷ്യാമി യേന രക്ഷാം ച കാരയേൽ. ൫൩൩

നാൽകവലവഴിയിൽ സ്കന്ദഗ്രഹത്തിനു ബലികൊടുത്തതിനു

ശേഷം കുട്ടിയെ കുളിപ്പിച്ചു രക്ഷ ചെയ്യിക്കണം. അതിനുള്ള രക്ഷാമന്ത്രമാണ് ഇനിയും പറയുന്നത്.

രക്ഷാമന്ത്രം.

"സ്കന്ദാപസ്മാരസംജ്ഞോ യഃ സ്കന്ദസ്യ ദയിതഃ സഖാ
വിശാഖസംജ്ഞശ്ച ശിശോഃ ശിവോऽസ്തു വികൃതാനനഃ"

ശകുനീഗ്രഹം ബാധിച്ചാലുള്ള ലക്ഷണം

സസ്രാവപാകൈർവ്രണൈഃ പ്രയുക്തൈഃ
സ്ഫോടൈശ്ചിതഃ സ്രസ്തതനുശ്ച ഭീത്യാ
ബാലസ്സദാ യശ്ചകിതോ ജ്വരാർത്തോ
ജ്ഞേയഃ ക്ഷതോ നൈവ ബലേന ശകുന്യാ. ൫൩൪

പഴുത്തൊലിക്കുന്ന വ്രണങ്ങളുണ്ടാകുക, ചൂടോടുകൂടിയ കുമളകളുണ്ടാകുക, ശരീരം മെലിയുക ഭയപ്പെടുക, വേദനയുണ്ടായിരിക്കുക ഇവ ശകുനിഗ്രഹം ബാധിച്ചാലുണ്ടാകുന്ന ഉപദ്രവങ്ങളാണ്.

തച്ചികിത്സ.

വേതസാമ്രകപിത്ഥാനാം ത്വഗ്ഭിഃ
സംശൃതൈശ്ച പരിഷേചനമത്ര
തൈലമേവ മധുരൈശ്ച കഷായൈഃ
സിദ്ധമാശു ചരിതാ ച വിലേപ്യം. ൫൩൫

ആറുവഞ്ചി തേമ്പാവ് ഇവയുടെ തളിര് വിളാർമരത്തിൻ തളിര് ഇവയുടെ നീരെടുത്തു തിളപ്പിച്ചു ചെറുചൂടെ ദേഹത്തിൽ ധാര ചെയ്യുക; മധുരദ്രവ്യങ്ങൾകൊണ്ടുണ്ടാക്കിയ കഷായത്തിൽ കാച്ചിയെടുത്ത എണ്ണ തേക്കുക; ശകുനിഗ്രഹബാധ ശമിക്കും.

അന്യലേപനം.

മധുകനളദനീരൈഃ ശാരിബാപത്മലോധ്രൈഃ
കമലഗിരിജമൃദ്ഭിഃ സപ്രിയംഗുഃ പ്രദേഹഃ
ഉദിത ഇഹ യദാന്യൽ സ്കന്ദകാഖ്യഗ്രഹേ യ-
ന്നിഖിലമപി വ്രണാനാം ഉക്തപഥ്യാദികം ച. ൫൩൬

ഇരട്ടിമധുരം രാമച്ചം നറുനീണ്ടി പുഷ്കരമൂലം പാതിരിത്തൊലി താമരക്കിഴങ്ങ് കാവിമണ്ണ് തൊഴൽപ്പൂവ് ഇവ എല്ലാംകൂടി അരച്ചു തേക്കുകയും സ്കന്ദഗ്രഹത്തിനു പറഞ്ഞിരിക്കുന്ന ചികിത്സകളും വ്രണത്തിനു പറഞ്ഞ പഥ്യാദികളും ഉപയോഗിക്കുകയും ചെയ്യുക; ശകുനിഗ്രഹബാധ ശമിക്കും.

ലക്ഷ്മണാം ധാരയേച്ചാപി ദേവീം ച ബൃഹതീം തഥാ
ശിശോശ്ച ശകുനീശാന്ത്യൈ വക്ഷ്യമാണം ബലിം ഹരേൽ.

തിരുതാളി പൂവങ്കുറുന്തൽ ചെറുവഴുതിന ഇവ ദേഹത്തിൽ ധരിക്കുക, ശകുനിഗ്രഹബാധ ശമിക്കും. ഇതുകൂടാതെ ഇനിയും പറയുന്ന ബലിയും കഴിക്കണം.

ബലിക്രിയ.

തിലതണ്ഡുലമാല്യമനശ്ശിലാ-
[illegible]
[illegible]
ശകുനികാപ്രശമായ ശിശോർബലം. [illegible]

എള്ളു് അരി മാല മനയോല [illegible] ഇവയെല്ലാം കൂടി ചേർത്തു [illegible]
ഹത്തിനു ബലികൊടുക്കുക; [illegible] ബാധ ശമിക്കും.

സ്ഥാനം പ്രയോക്തവ്യമലം ശിശോശ്ച
വിധാനതോ നിഷ്കുടമധ്യ ഏവ
ശിരീഷഗന്ധാംബുഗണൈഃ [illegible]
[illegible] [illegible]

വിധിപ്രകാരം കുട്ടിക്കു് ഇരിക്കുന്നതിനു ഉദ്യാനമദ്ധ്യത്തിൽവേണം സ്ഥാനം കല്പിക്കേണ്ടതു്. നന്മേനിവാക ചന്ദനം ഇരുവേലി കൊട്ടം ഗുഗ്ഗുലു കടുകു് ഇവയിട്ടു മൂപ്പിച്ച എണ്ണ ദേഹത്തിൽതേച്ചു മർദ്ദിക്കണം.

കൃത്വാ ച പൂജാം കുസുമൈർവിചിത്രൈഃ
ശുഭൈശ്ശകുന്യാ [illegible]
യഥാതഥാ മന്ത്രമുദാഹൃതം ച
[illegible] [illegible]

പലനിറത്തിലുള്ള മംഗലപുഷ്പങ്ങൾകൊണ്ടു ശകുനിഗ്രഹത്തിനു പൂജ കഴിച്ചതിനുശേഷം ശിശുവിനു മന്ത്രരക്ഷ ചെയ്യണം. അതിനുള്ള മന്ത്രമാണു് ഇനിയും പറയുന്നതു്.

മന്ത്രം.

"അന്തരിക്ഷ ച യാ ദേവീ സർവാലങ്കാരഭൂഷിതാ
അധോമുഖീ തീക്ഷ്ണതുണ്ഡാ ശകുനീതേ പ്രസീദതു.
ദുർദ്ദർശിനീ മഹാകായാ പിംഗാക്ഷീ ഭൈരവസ്വരാ
ലംബോദരീ ശങ്കുകർണ്ണീ ശകുനീ തേ പ്രസീദതു."

രേവതീഗ്രഹം ബാധിച്ചാലുള്ള ലക്ഷണം.

സ്ഫോടൈർവ്രണൈശ്ചാസ്യ യുതം ച ഗാത്രം

ചിതം ഭവേൽ കർദ്ദമഗന്ധമസ്രം
സംഭിന്നവർച്ചാശ്ച സ്രവേൽ ജ്വരേണ
ദാഹേന ജുഷ്ടസ്സതു രേവതീഭിഃ. [illegible]

പൊള്ളലോടും വ്രണങ്ങളോടും കൂടിയിരിക്കുക; ചെളിയുടെ ഗന്ധമുണ്ടായിരിക്കുക, രക്തം ഒലിക്കുക, മലമയഞ്ഞുപോകുക ജ്വരം, ചൂടു് ഇവയുണ്ടായിരിക്കുക ഇവ രേവതീഗ്രഹം ബാധിച്ചാലുള്ള ലക്ഷണങ്ങളാണു്.

ചികിത്സ.

അജഗന്ധാസഹദേവി.

ശൃംഗീ [illegible] [illegible]
[illegible]
തോയേ രേവതീനിഷേചനം യുക്തം. [illegible]

ആട്ടുനാറിവേള പൂവാംകുറുന്തൽ കർക്കടകശൃംഗി നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും താമിഴാമരങ്ങും പാൽമുതക്കിൻ കിഴങ്ങു് ഇവയിട്ടു കുറുക്കിയവെള്ളംകൊണ്ടു കുട്ടിയെ കുളിപ്പിക്കുക, രേവതീഗ്രഹബാധ ശമിക്കും.

തൈലയോഗം.

അജഗന്ധാകഷായേണ തൈലമഭ്യംജനേ ശ്രുതം
കുഷ്ഠസർജ്ജരസം ലാക്ഷോശീരം ഗജകദംബകൈഃ

മുൻപറഞ്ഞ അജഗന്ധാദി മരുന്നുകൾ കഷായംവച്ചു കൊട്ടം ചെഞ്ചല്യം കോലരക്കു് രാമച്ചം അത്തിത്തിപ്പലി കടമ്പിൻതൊലി ഇവ കല്ക്കമായി എണ്ണകാച്ചി തേച്ചുകുളിപ്പിച്ചാലും രേവതീഗ്രഹബാധ ശമിക്കും.

ധവാദിഘൃതം.

ധവാശ്വകർണ്ണകകുഭൈസ്തിന്ദുകീധാതകീസമൈഃ
കാകോള്യാദിഗണൈഃ സർപ്പിഃ സിദ്ധം ച പേയമിഷ്യതേ.

ഞമമരുതിൻതൊലി നീർമരുതിൻതൊലി ചെറുചീര താതിരിപ്പൂവു് ജീവനീയഗണം ഇവ കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; രേവതീഗ്രഹബാധ ശമിക്കും.

കുലത്ഥശംഖചൂർണ്ണാനാം പ്രദേഹഃ സർവഗന്ധികഃ
ഗൃധ്രോലൂകവിശാ വാജ്യാ യവൈർഹരേവ്യന സന്ധ്യയോഃ.
ഉത്സൂപനം ശിശോഃ കാര്യം രേവത്യാശ്ച നിവൃത്തയേ
ശംഖപുഷ്പപയോധാന്യതണ്ഡുലൈശ്ച ബലിസ്തഥാ. [illegible]

മുതിര ശംഖിൻചൂർണ്ണം സർവ്വഗന്ധദ്രവ്യം ഇവ അരച്ചു തേക്കുക; കഴുകൻ മൂങ്ങ ഇവയുടെ കാഷ്ഠം ശ്രീവേഷ്ടം ഇവ പൊടിച്ചു നെയ്യുംചേർത്തു രണ്ടുസന്ധ്യയ്ക്കും പുകയ്ക്കുക; ശംഖുപുഷ്പം പാല് ധാന്യം അരി ഇവകൊണ്ടു ബലികൊടുക്കുക; രേവതീഗ്രഹബാധ ശമിക്കും.

രക്ഷാമന്ത്രം.

"നാനാവസ്ത്രധരാ ദേവീ ചിത്രമാല്യാനുലേപനാ
ചലൽകങ്കണശോഭാഢ്യാ രേവതീ തേ പ്രസീദതു
യാന്നമന്തി സദാ ദേവ്യോ നിര്യാന്തി വിഭ്രമേണ വാ
ലംബാകരാളാ വിനതാ രേവതീ ച [illegible]
ശുഷ്കനാസാ ച സാ ദേവീ രേവതീ തേ പ്രസീദതു."

പൂതനാഗ്രഹബാധാലക്ഷണം.

അതീസാരസ്തഥാ തൃഷ്ണാ ജ്വരോ ജാഡ്യമനിദ്രതാ
ഉദ്വേഗോ രോദനം യസ്യ ഗൃഹീതഃ പൂതനയാ ശിശുഃ.

അതിസാരം തണ്ണീർദാഹം ജ്വരം ജഡത ഉറക്കമില്ലായ്ക സംഭ്രമം കരച്ചിൽ ഇവ പൂതനാഗ്രഹം ബാധിച്ചാൽ ശിശുവിനുണ്ടാകുന്ന വികാരങ്ങളാണ്.

തച്ചികിത്സ.

അരളുവരുണയുക്തം പാരിഭദ്രം വിശേഷാൽ
ശിശുഗണപരിഷേകേ വങ്കപാരാവതാദ്യാഃ
വടകചടകമാംസം തിത്തിരസ്യാപി ചാത്ര
മധുരഗണസുസിദ്ധം വശ്യമാജ്യം [illegible]. ഹരൻ

പലകപ്പയ്യാനി നീർമരുതിൻതൊലി [illegible] ഇവയിട്ടു വെള്ളംവെന്തു കുളിപ്പിക്കുക; കുയിൽ മാടപ്രാവ് കാടക്കോഴി തിത്തിരിപ്പുള്ള് ഇവയുടെ മാംസരസത്തിൽ ജീവനീയഗണം കൽക്കമായി നെയ്യുകാച്ചി ദേഹത്തു പുരട്ടുക; പൂതനാഗ്രഹബാധ ശമിക്കും.

ധൂപനം.

മഞ്ജിഷ്ഠികാകുഷ്ഠനതൈശ്ച യുക്തൈഃ
കാളേയദൂർവാകുശമൂലസർജ്ജൈഃ
സതണ്ഡുലൈർഹവ്യയുതസ്തു ധൂപഃ
ബാലസ്യ വൈ പൂതനികാപഹശ്ച. ഹരിഃ

മഞ്ചട്ടി കൊട്ടം തകരം മഞ്ഞച്ചന്ദനം കറുക കുശവേര് ചെഞ്ചല്യം അരി ഇവ പൊടിച്ചു നെയ്യുംചേർത്തു പുകയ്ക്കുക; കുട്ടികൾക്കുണ്ടാകുന്ന പൂതനാഗ്രഹബാധ ശമിക്കും.

പൂതനാഗ്രഹബലി.

മത്സ്യൌദനം കൃസരയാ പലലം ശരാവ-
യുഗ്മേന സംപുടവിധാനബലിം വിദധ്യാൽ
ശൂന്യേ ഗൃഹേ ത്യജതി പൂതനികാ ച ബാലം
സംധാരയേച്ചിത്രഫലാം ച തഥൈവ ബിംബീം. ഹരിഃ

മീൻകഞ്ഞി കറുക എള്ളുപൊടി മാംസം ഇവ രണ്ടു പാത്രത്തിലാക്കി പുടവിധിചെയ്ത് ആരും താമസമില്ലാത്ത ഗൃഹത്തിൽ കൊണ്ടുചെന്നു ബലികൊടുക്കുകയും പൈവിരലൻകോവ നീലക്കോവ ഇവ ധരിക്കുകയും ചെയ്യുക; ശിശുവിനുണ്ടാകുന്ന പൂതനാഗ്രഹബാധ ശമിക്കും.

ഔഷധിധാരണം.

കാകാദനീം ച ഗുഞ്ജാം ച മഹാമാംഭം തു ധാരയേൽ
ബ്രഹ്മീം പൂതനികാവിഷ്ടഃ കുംഭജാതേന വർണ്ണിതം. ഹരിഃ

കാക്കത്തൊണ്ടി വെള്ളക്കുന്നി ബ്രഹ്മി ഇവയിൽ ഏതാണ് സാധാരണ കിട്ടുന്നത് അതു ധരിച്ചാലും പൂതനാഗ്രഹബാധ ശമിക്കും.

രക്ഷാമന്ത്രം.

"മാലിനീ ചപലാ ദേവീ മലിനാ രൂക്ഷമൂർദ്ധജാ
ശൂന്യാഗാരാ ച യാ ദേവീ രക്ഷതു പാതു പൂതനാ."

അന്ധപൂതനാഗ്രഹലക്ഷണം.

ഛർദ്ദിജ്വരാഭ്യാം കാസേന ബാല-
സ്തൃഷ്ണേന ഗന്ധേന വസാസമേന
കാർശ്യാതിസാരാരുചിഭിഃ സമേതോ
ജ്ഞേയോന്ധകാവേശവശേന ചാന്ധഃ. ഹരേ

ഛർദ്ദി പനി ചുമ തണ്ണീർദാഹം നെയ്യലപോലുള്ള ഗന്ധം കാർശ്യം അതിസാരം അരുചി ഇവ അന്ധപൂതനാഗ്രഹം ബാധിച്ചാലുള്ള ലക്ഷണമാണ്.

തച്ചികിത്സ.

തിക്തദ്രുമാണാം ദളജഃ കഷായഃ
കാര്യോഽഭിഷേകാർത്ഥമിഹ ശിശൂനാം
മൃഗാദനീ ചിത്രഫലാ ച ഗുഞ്ജാ
ധാര്യാ ശിരസ്യത്ര ച ബാലകാനാം. ഹരൈ

തിക്തദ്രുമങ്ങളുടെ (കൂവളം പടവലം കണ്ടകാരിച്ചുണ്ട അമൃത് ആടലോടകം) ഇലകൊണ്ടു കഷായംവെച്ചു കുട്ടിയെ കുളിപ്പിക്കുക;

വലിയ കാട്ടുവെള്ളരിക്കായ് ചെറിയ വില്വക്കായ് തൊണ്ട് ഇവ ബാലന്റെ ശരീരത്തിൽ ധരിപ്പിക്കുക. അന്ധപൂതനാഗ്രഹബാധ ശമിക്കും.

അന്ധപൂതനാബലി.

ആമം പലം പക്വതമം തഥൈവ
രക്തം നിവേദ്യം ച ചതുഷ്പഥേഷ്വസ്യൈ
അന്തർഗൃഹേ സർവ്വസുഗന്ധനീരൈഃ
സംസ്നാപ്യ ധൂപൈരപി ധൂപയേത്തം. ൧൫൫

പച്ചമാംസം പഴം രക്തം ഇവയെല്ലാം അന്ധപൂതനാഗ്രഹത്തിനു നാല്ക്കവലയിൽ നിവേദിച്ചതിന്നുശേഷം ഗൃഹാന്തർഭാഗത്തിൽ അഷ്ടസുഗന്ധജലംകൊണ്ടു ശിശുവിനെ സ്നാനംചെയ്യിപ്പിച്ചു ധൂപിക്കണം. ധൂപത്തിനുള്ള ഔഷധം അടുത്തുതന്നെ കാണിക്കുന്നു.

ധൂപനം.

രസോനഗോശൃംഗവിഡാലവിട്ഭിർ-
മയൂരപിഞ്ഛൈരഹികഞ്ചുകേന
കാർപ്പാസബീജൈർജ്ജ്വവസർപ്പൈശ്ച
നിർമ്മാല്യകേശൈർവ്വ തഥൈവ ചൂർണ്ണൈഃ. ൧൫൬

അന്ധപൂതനികാവിഷ്ടബാലകം സ്നാപ്യ ധൂപിതം
രക്ഷാമന്ത്രൈശ്ച തദ്രക്ഷാം കാരയേച്ച ബുധോ ധ്രുവം. ൧൫൭

വെളുത്തുള്ളി പശുവിൻകൊമ്പ് പൂച്ചക്കാഷ്ഠം മയിൽപ്പീലി പാമ്പിൻപടം പഞ്ഞിക്കുരു യവം കടുക് നിർമ്മാല്യം തലമുടി ഇവയെല്ലാംകൂടി ഒരു ചട്ടിക്കകത്താക്കി, ബാലനെ കുളിപ്പിച്ചതിനുശേഷം ധൂപിക്കണം. അന്ധപൂതനാബാധ ശമിക്കും. ധൂപിച്ചതിനുശേഷം രക്ഷാമന്ത്രം ധരിക്കുകയുംവേണം.

രക്ഷാമന്ത്രം.

"കരാളാ വികടാ മുണ്ഡാ ഘോരരൂപാ മഹോദരീ
ദേവീ ബാലമിമം പ്രീതാ സംരക്ഷതു അന്ധപൂതനാ."

ശീതപൂതനാലക്ഷണം.

വേപതേ കാസതേ നേത്രരോഗാർത്ത-
ശ്ഛർദ്യതീസാരശീതാപദ്ഗർജ്ജിതൈഃ
ബാലകഃ പൂതനാ ശീതശബ്ദാഖ്യാ
യാ തയാ ജുഷ്ട ഏവം യദാ ജായതേ. ൧൫൮

വിറയ്ക്കുക ചുമയ്ക്കുക നേത്രരോഗപീഡിതനാകുക ഛർദ്ദി അതി

സാരം തണുപ്പ് ദുർഗ്ഗന്ധം ഇവ ശീതപൂതനാഗ്രഹം ബാധിച്ചാലുള്ള ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ബിംബീകപിത്ഥകുശവഹ്നിമുഖൈശ്ച വില്വ-
പത്രൈർബലാസുരസയാ സഹ നന്ദിവൃക്ഷൈഃ
ബാലസ്യ ചാത്ര പരിഷേചനമാശു കുര്യാ-
ദേഭിർഭിഷക് സകലബാലകതന്ത്രവേത്താ. ൧൫൯

കോവക്കിഴങ്ങ് വിളാർമരത്തിൻകായ് കുശവേരു കൂവളത്തില കുറുന്തോട്ടിവേര് കരിനൊച്ചി അരയാലിൻതൊലി ഇവയിട്ടു വെന്തവെള്ളംകൊണ്ട് കുട്ടിയെ കുളിപ്പിക്കുക, ശീതപൂതനാഗ്രഹബാധ ശമിക്കും.

കുട്ടിയുടെ ദേഹത്തിൽ തേയ്ക്കുന്നതിന് എണ്ണ.

ഗോരോചനഗോമൂത്രസമേതം
ദേവദാരുഘനസർവ്വസുഗന്ധം
കുഷ്ഠയുക്തതിലതൈലവിപക്വം
അത്ര ബാലകതനൌ പ്രതിമർദ്യം. ൧൬൦

ആട്ടിൻമൂത്രം ഗോമൂത്രം ഇവ ചേർത്തു ദേവതാരം കൊത്തമ്പാലരി സുഗന്ധദ്രവ്യങ്ങളെല്ലാം കൊട്ടം ഇവ കൽക്കമായി എണ്ണ കാച്ചിയെടുത്തു കുട്ടിയുടെ ദേഹത്തിൽ തിരുമ്മുക; ശീതപൂതനാഗ്രഹബാധ ശമിക്കും.

ദേഹത്തിൽ തേയ്ക്കുന്നതിനു നെയ്യ്.

രോഹിണീഖദിരസർജ്ജപലാശൈ-
ർവ്വല്കലൈശ്ച ബകുളസ്യ പയോഭിഃ
ഗവ്യഹവ്യമപി സംശ്രുതമേവം
ബാലകസ്യ ച പ്രദേഹ ഇഹോക്തഃ. ൧൬൧

കടുകരോഹിണി കരിങ്ങാലിക്കാതൽ ചെഞ്ചല്യം പ്ലാശിൻതൊലി ഇലഞ്ഞിത്തൊലി ഇവ കല്ക്കമായി പാലുംചേർത്ത് പശുവിൻനെയ്യ് കാച്ചി കുട്ടിയുടെ ദേഹത്തിൽ തേയ്ക്കുക; ശീതപൂതനാഗ്രഹബാധ ശമിക്കും. ഇതുകൂടാതെ പൂതനാഗ്രഹബാധയ്ക്കു പറഞ്ഞ ഔഷധങ്ങളും ദേഹത്തിൽ ധരിക്കുന്നതും നല്ലതാണ്.

ധൂപം.

ഗൃധ്രോലൂകവിശാഹികഞ്ചുകയുതാ നിംബച്ഛദാ ചരസ്തജാ
ധൂപേ ബാലഗണസ്യ മാക്ഷികയുതാ ഹവ്യാന്വിതാ ധാരണേ

ഗുഞ്ജാ ബില്വമഥോ ബദരീ സമുചിതാ മുദ്ഗേന ഭക്തസ്യ ച
സ്നാനം ചാപി ജലാശയേ സമുദിതം ധൂപം തതോ ദാപയേൽ.

കഴുകൻപക്ഷിയുടെയും മൂങ്ങയുടെയും കാഷ്ഠം പാമ്പിൻപടം വേപ്പില ഇവ എല്ലാംകൂടി പൊടിച്ചു [illegible] നെയ്യും ചേർത്ത് പുകയ്ക്കുക; കുന്നിവേര് കൂവളത്തിൻവേര് ഇവ ധരിക്കുക; ചെറുപയറിൻപരിപ്പും ചോറും ചേർത്തു ബലികൊടുക്കുക, ശീതപൂതനാഗ്രഹബാധ ശമിക്കും. കുളത്തിൽ കുളിപ്പിച്ചതിശേഷം വേണം പുകയേല്പിക്കേണ്ടത്.

രക്ഷാമന്ത്രം.

"മുദ്ഗൌദനാശനാ ദേവീ സുരാശോണിതപായിനീ
ജലാശയാ ജലരതാ പാതു ത്വാം ശീതപൂതനാ"

മുഖമുണ്ഡികാഗ്രഹാവേശലക്ഷണം.

പ്രസന്നവർണ്ണാ [illegible]-
ഭവേന്മൂത്രഗന്ധശ്ച ബഹ്വാശനോ ഭവേത്
ശിശുർഗ്ഗൈ മുഖാദ്യാ [illegible]-
ഗ്രഹഃ [illegible]. എന്നും

മുഖത്തിൻറനിറം പ്രസന്നമായിരിക്കുക, ശരീരം ഞരമ്പുകളാൽ വ്യാപ്തമായിരിക്കുക; മൂത്രത്തിൻെറ ഗന്ധം ഉണ്ടായിരിക്കുക വളരെ ഭക്ഷിക്കുക ഇവ മുഖമുണ്ഡനികാഗ്രഹം ബാധിച്ചാലുള്ള ലക്ഷണങ്ങളാണ്.

തച്ചികിത്സ.

കപിത്ഥവാംശീതബൃഹതീപലാശൈഃ
കുബേരനിംബച്ഛദകോശിമന്ത്രൈഃ
കഷായമാ വിധേയഃ പരിഷേചനായ
ശിശോർഗ്രഹീതസ്യ ഗ്രഹേണ തസ്യാഃ. എന്നും

വിളാർമരത്തിൻറില ആടലോടകത്തില ആവണക്കില കൂവളത്തില പേരാലിൻഇല വേപ്പില മുഞ്ഞയില ഇവകൊണ്ടുകഷായംവെച്ച് കുട്ടിയെ കുളിപ്പിക്കുക; മുഖമുണ്ഡനികാഗ്രഹബാധ ശമിക്കും.

തൈലം.

ഭൃംഗരാജാശ്വഗന്ധാഭ്യാം പാരിജാതരസേന ച
വചാ തൈലം ശൃതം കുഷ്ഠാദ്യൈ [illegible] ശിശോഃ.

കയ്യോന്നിനീരിൽ [illegible] കല്ക്കമായി എണ്ണ കാച്ചി കുട്ടിയെ തേപ്പിക്കുക; മുണ്ഡനികാഗ്രഹബാധ ശമിക്കും.

ഘൃതം.

മധൂലികാപഞ്ചജടാപയോഭിർ-
ഗണേ തു ഗോകണ്ടികയാ സമേതേ
ഘൃതം ശൃതം യന്മധുകേന സാർദ്ധം
ബാലസ്യ ഭോജ്യം ച ഗ്രഹാപഹാരി. എന്നും

ഇരട്ടിമധുരം വലിയപഞ്ചമൂലത്തിൻവേര് ഇവ കഷായംവച്ച് ഇരട്ടിമധുരം കല്ക്കമായി പശുവിൻപാലും ചേർത്തു നെയ്യ് കാച്ചി സേവിപ്പിക്കുക; കുട്ടികൾക്കുള്ള ഗ്രഹബാധ ശമിക്കും.

ധൂപനം.

വചാഘൃതം സർജ്ജരസം സകുഷ്ഠം
ധൂപേഽത്ര ബാലസ്യ തഥാ നിയോജ്യം
ഗോജിഹ്വികാം ധാരയേദ്വാംശീം
തഥാ സർപസ്യ കഞ്ചുകം. എന്നും

വയമ്പ് ചെഞ്ചല്യം കൊട്ടം പാമ്പിൻപടം ഇവ പൊടിച്ച് നെയ്യും ചേർത്തു പുകയ്ക്കുക; കൊഴുപ്പയോ ആടലോടകത്തിൻവേരോ കഴുത്തിൽ ധരിക്കുക.

ബലിക്രിയ.

വർണ്ണകം ചൂർണ്ണകം മാലികാമഞ്ജനം
പാരദം വാ തഥാ സമശിലാം ഗോഷ്ഠകേ
ബലിം സംഹരേൽ ബാലകസ്യ ഗ്രഹാ-
ന്മോചനാർത്ഥം ഭിഷക് [illegible]. എന്നും

അരിതാരം ചുണ്ണാമ്പ് മാല അഞ്ജനം രസം മനയോല ഇവയെല്ലാംചേർത്തു എരുത്തിലിൽവച്ച് ബലികൊടുക്കണം. മുണ്ഡനികാഗ്രഹബാധ ശമിക്കും.

രക്ഷാമന്ത്രം.

"അലംകൃതാ രൂപവതീ സുഭഗാ കാമരൂപിണീ
ഗോഷ്ഠമദ്ധ്യാലയരതാ പാതു ത്വാം മുഖമണ്ഡികാ."

നൈഗമേയഗ്രഹാവേശലക്ഷണം.

ഛർദ്ദിഃ സ്പന്ദനയുക്തകണ്ഠമുഖയോഃ ശോഷശ്ച സമ്മൂർച്ഛനം
യസ്യ സ്യാച്ച വിഗന്ധതാപി വിദശേദ്ദന്തൈരധോർദ്ധ്വം ച യഃ
പശ്യേദ്യശ്ച ശിശുഃ സ ചാപി ഭിഷജാ വൈ നൈഗമേയഗ്രഹ-
ഗ്രസ്തശ്ച [illegible] ധ്രുവം. എന്നും

ഛർദ്ദി, സ്പന്ദനം, കണ്ഠശോഷം, മുഖശോഷം, മൂർച്ഛ, ദുർഗന്ധതാപം, പല്ലുകടിക്കുക, മേല്പോട്ടുനോക്കുക; ഇവ നൈഗമേയഗ്ര

ഹാവിഷ്ടനായ ബാലന്റെ വികാരങ്ങളാണ്. ഇതിന് അമൃത് മുഞ്ഞ കൊത്തമ്പാലരി ആവിത്തൊലി രാമച്ചം ഇവയിട്ടു വെള്ളംവെന്തു ശിശുവിനെ കുളിപ്പിക്കണം.

തച്ചികിത്സ (തൈലം)

പ്രിയംഗുനന്താസരളൈമ്മിസീനാം
കുടന്നടേരാദധിതക്രശുക്തൈഃ
തൈലം പചേൽ കാഞ്ജികയുക്തമേതൽ
ബാലഗ്രഹാവേശനിവാരണം സ്യാൽ. ൧൭൪

ഞാഴൽപൂവ് കൊടിത്തൂവവേര് ചരളം ശതകുപ്പ കഴിമുത്തങ്ങാ ഇവ കല്ക്കമായി സുരാ തൈര് മോര് ചുക്കപ്പുളി കാടി ഇവയും ചേർത്ത് എണ്ണകാച്ചിത്തേയ്ക്കുക, നൈഗമേയഗ്രഹാവേശം ശമിക്കും.

ഘൃതം.

ദിങ്മൂലകകഷായപേഷ്യാഭിരത്ര
ഖർജ്ജൂരമാക്ഷികയുതം ച ഹവ്യം
സിദ്ധം ച ഹവ്യം ശിശുനൈഗമേയ-
ഗ്രഹാപഹം വൈ കുശലേന സാധ്യം. ൧൭൫

ദശമൂലം കഷായംവച്ച് ചിറ്റീന്തൽവേര ഇരട്ടിമധുരം ഇവ കല്ക്കമായി നെയ്യുകാച്ചിയെടുത്ത് തേനും ചേർത്ത് സേവിപ്പിക്കുക; ബാലന്മാർക്കുണ്ടാകുന്ന നൈഗമേയഗ്രഹബാധ ശമിക്കും.

ധാരണൌഷധം.

വചാം പയസ്യാം ജടിലാം ച ബാലോ
ഗോലോമികാം ചാഥ വിധാരയേൽ സഃ
സ്നാനം പ്രകുര്യാദപടവ്യകിവാകസ്യാ-
പ്യധഃസ്ഥലേ ധൂപനമസ്യ നന്ദ്യാൽ. ൧൭൬

വയമ്പ് അടപതിയൻ കീഴാനെല്ലി ഇവയെ ബാലൻ ധരിക്കുക; പേരാലിൻ ചുവട്ടിൽവച്ചു പുകയ്ക്കുക; നൈഗമേയഗ്രഹാവേശം ശമിക്കും.

ധൂപം.

വിശോലൂകഗൃധ്രപ്രജാതേന ധൂപ-
സ്തഥാ മർക്കടസ്യാപി വാ പൂതനായാഃ
ശിശോർനൈഗമേയഗ്രഹാവേശശാന്ത്യൈ
പ്രദേയോ ഭിഷഗ്ഭിസ്തഥാ ചൈത്യഗേഹേ. ൧൭൭

മൂങ്ങ, കഴുകൻ ഇവയുടെയോ കുരങ്ങിന്റെയോ കാഷ്ഠംകൊ

ണ്ടോ മാഞ്ചിയുടെ വേരുകൊണ്ടോ പുകയ്ക്കുക; കുട്ടികൾക്കുണ്ടാകുന്ന നൈഗമേയഗ്രഹാവേശം ശമിക്കും.

നൈഗമേയഗ്രഹത്തിനുള്ള ബലി.

സതിലതണ്ഡുലമാല്യസമം തദാ
വിവിധഭോജനവസ്തുബലിം ബുധഃ
വടതരോശ്ച നിവേദ്യ തലേ ധ്രുതം
ശിശുഗണസ്യ ച രക്ഷണമാശു വൈ. ൧൭൮

എള്ള്, അരി, മാല, പലവിധത്തിലുള്ള ഭക്ഷണസാധനങ്ങൾ ഇവയെല്ലാം ചേർത്തു പേരാലിൻവൃക്ഷത്തിന്റെ ചുവട്ടിൽവച്ചു ബലികൊടുക്കുക; ശിശുക്കൾക്കുണ്ടാകുന്ന നൈഗമേയഗ്രഹബാധ ശമിക്കും. ഇതുകൂടാതെ രക്ഷയും ചെയ്യണം.

രക്ഷാമന്ത്രം.

"അജാനനശ്ചലൻവിഭ്രുഃ കാമരൂപീ മഹായശാഃ
ബാലം പാലയതാദ്ദേവോ നൈഗമേയോഽഭിരക്ഷതു."

കാമഗ്രഹപീഡാലക്ഷണം.

കൃശഃ സാസ്രദൃഗ്വശ്ച സാസ്രപ്രഗന്ധോ
സദാക്ഷീരകാഹാരപൂതിപ്രച്ഛർദ്ദിഃ
ശിശുസ്സാഹസീ കാമസഞ്ജാതപീഡോ
ഹ്യഭീഷ്ടാർത്ഥശാന്തോ ജനാനാം പ്രിയഃ സ്യാൽ. ൧൭൯

സശബ്ദം നിശായാം തു സംവീക്ഷ്യതേ യൽ
ന ചൈവാത്തി സോയം ക്ഷുധായാം കദാചിച്ച
ശിശുഃ ശുഷ്കവക്ത്രോ രതീശഗ്രഹീതോ
ഭവേൽ കൃച്ഛ്രസാദ്ധ്യോ ബലിസ്തത്ര കാര്യഃ.. ൧൮൦

ദേഹം ചടയ്ക്കുക; കണ്ണുനിറൊലിക്കുക; രക്തഗന്ധം മുലപ്പാൽ ആഹാരം ഇവ ഛർദ്ദിക്കുക; ഛർദ്ദിക്കുന്നതിനു ദുർഗ്ഗന്ധമുണ്ടായിരിക്കുക; സാഹസംചെയ്ക; ഇഷ്ടമായ വസ്തു കൊടുത്താൽ പീഡകൾ ശമിക്കുക; ജനങ്ങൾക്കു പ്രിയനായിരിക്കുക; രാത്രിയിൽ ശബ്ദത്തോടുകൂടി കണ്ണുമിഴിച്ചു നോക്കുക; വിശപ്പുണ്ടായാലും ഭക്ഷിക്കാതെയിരിക്കുക; മുഖം ശോഷിക്കുക ഇവ ബാലന്മാർക്കു കാമഗ്രഹം ബാധിച്ചാൽ ഉണ്ടാകുന്ന പീഡകളാണ്. ഈ കാമഗ്രഹാവേശം കൃച്ഛ്രസാദ്ധ്യമാണ്. ഇതിൽ ബലിക്രിയ ചെയ്യണം.

തച്ചികിത്സ.

കപാഠോ മഹാമുണ്ഡതികാ ഭവോ യഃ
സോശീരകഃ കാമഗ്രഹാപഹാരീ

മധൂകസപ്തച്ഛദശേലുപത്ര-
കഷായതോയൈപി ബാലസ്നപനാത്തഥൈവ. ൨൭

ശ്രാവണി രാമച്ചം ഇവ കഷായം വെച്ചു സേവിക്കുക; ഇരിപ്പ ഏഴിലമ്പാലത്തൊലി നറുവരിയുമ്പ ഇവയിട്ടു വെള്ളം വെന്തു കുട്ടിയെ കുളിപ്പിക്കുക; കാമഗ്രഹപീഡ ശമിക്കും.

ലേപനം.

സപ്തച്ഛദാമയനിശാശശിശൈലശിശുനാ-
മാലേപനം കാമരതിഗ്രഹദോഷഹാരി
സപ്തച്ഛദം പേഷ്യ ച മത്സ്യ പിത്താ-
യുക്തം സമൂലം ശിശുലേപനം സ്യാൽ. ൨൮

ഏഴിലമ്പാലത്തൊലി കൊട്ടം മഞ്ഞൾ ചന്ദനം ഇവയോ; ഏഴിലമ്പാലത്തൊലി കട്ടകരോഹിണി ചെറുതേക്കുരുമ്പ ഇവയോ അരച്ചു തേക്കുക; ശിശുക്കൾക്കു ഉണ്ടാകുന്ന കാമഗ്രഹബാധ ശമിക്കും.

ധൂപനം.

സപ്തച്ഛദഭാഗ്യശിശുനംസമൂല
സിദ്ധാർത്ഥനിംബച്ഛദമേഷശൃംഗീ
വിഡാലവിഡ്ലോമവചാശിശൂനാം
ധൂപോ മധൂകോ ഘൃതമിശ്രിതോയത. ൨൯

ഏഴിലമ്പാലത്തൊലി വെളുത്തുള്ളി ചെറുതേക്കുരുമ്പ കടുക് വേപ്പില ആട്ടുകൊട്ടപ്പാല പൂച്ചക്കാഷ്ടം പൂച്ചയുടെരോമം വയമ്പ് ഇവ എല്ലാംകൂടി പൊടിച്ചു തേനും നെയ്യുംചേർത്തു പുകയ്ക്കുക. കാമഗ്രഹബാധ ശമിക്കും.

അന്യധൂപം.

മൃതസ്യ ഗോഃ കുക്ഷിജഗോമയേന
ഗവ്യേന ഹവ്യേന യുതസ്യ ധൂപാൽ
സർവേ ഗ്രഹാ യാന്തി ശമം വിശേഷാ-
ജ്ജ്വരാദികാ യേ ച ഗദാശ്ശിശൂനാം. ൩൦

മരിച്ച പശുവിന്റെ വയററിൽനിന്നും എടുത്ത ചാണകം ഉണക്കിപ്പൊടിച്ചു പശുവിൻനെയ്യും ചേർത്തു പുകയ്ക്കുക. കുട്ടികൾക്കുണ്ടാകുന്ന ജ്വരാദികളായ സകല ബാധകളും ഗ്രഹബാധകളും ശമിക്കും.

അഗദസ്നാനാദേശം.

ഗ്രഹസ്യ ശാന്ത്യൈ ശിശുസഞ്ചയാനാം
സ്കന്ദോ ഗ്രഹേശോഽഖിലരോഗമദ്ധ്യേ

യാ രേവതീ സാ വിധിവൽ പ്രപൂജ്യാ
ബാലസ്യ സർവം ഹിതമിച്ഛതൈവ. ൩൧

കുട്ടികൾക്കുള്ള എല്ലാഗ്രഹബാധകളും രോഗങ്ങളും ശമിക്കുന്നതിനായി സകലഗ്രഹങ്ങൾക്കും അധിപനായ സ്കന്ദനെയും രേവതിയേയും പൂജിക്കണം.

രക്ഷാമന്ത്രം.

"ദിശസ്സൂര്യോന്തരിക്ഷം ച സ്വസ്തികുർവന്തുസർവദാ
തേജസാബ്രഹ്മണാശ്ചാഥ വിഷ്ണോരിന്ദ്രസ്യ തേജസാ
സിദ്ധാനാം തേജസാ ചൈവ രക്ഷിതോസി സുഖീഭവ."

ഈമന്ത്രംകൊണ്ടു വൈദ്യൻ ബാലകനു രക്ഷയെ ചെയ്യണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ബാലരോഗാധികാരം എന്ന
൫൧-ാം സ്തബകം കഴിഞ്ഞു.

അഥ ദ്വിപഞ്ചാശസ്തബകഃ.

വാജീകരണാധികാരഃ

നപുംസകത്വലക്ഷണം.

ഹൃദയാഹിതശോകഭീതിക്രോധൈ-
രഖിലൈർമ്മാനസദുഃഖദൈശ്ച ഭാവൈഃ
മനസീഹ തതോഥ രന്തുകാമോ
ധ്വജപാതാൽ പ്രഥമസ്സവീര്യഷണ്ഡഃ. ൧

മനസ്സിലുള്ള ദുഃഖം, ഭയം, കോപം, മനോദുഃഖത്തെ ഉണ്ടാക്കുന്ന വികാരങ്ങൾ ഇവയുള്ളവന്നു രമിക്കാൻ ആഗ്രഹം ജനിക്കുമ്പോൾ അവന്റെ ലിംഗം താണുപോകുന്നു. ഇതാണ് ആദ്യത്തെ ഷണ്ഡത.

ദ്വിതീയഷണ്ഡത.

അതികടൂനി പടൂനി രസാന്യലം
ഭജതി ചാമ്ലതരാണി ബഹൂന്യഥ
അപി ച ശാകവിരുദ്ധപയാംസി യോ
ഭവതി തസ്യ ച ഷാണ്ഡ്യമസംശയം. ൨

ഇതി ദ്വിതീയം ച തഥാ തൃതീയോ
വ്യവായശീലോऽതിതരാം ക്ഷയാച്ച
ക്ലൈബ്യം ച ശുക്ലസ്യ തദൈവ തസ്യ
വാജിക്രിയാം നൈവ പ്രകുർവ്വതസ്തു. ൩

എരിവും ഉപ്പും പുളിയും ക്രമത്തിലധികം ഭക്ഷിക്കുകയോ ചീര വിരുദ്ധങ്ങളായ ഫലാദികൾ ഇവ ചേർത്തു ഭക്ഷണം കഴിക്കുകയോ ചെയ്താൽ അവന്ന് ഷണ്ഡത്വമുണ്ടാകും. ഇതാണ് രണ്ടാമത്തെ ഷണ്ഡത. മൈഥുനം ശീലിച്ചവന്ന് ശുക്ലക്ഷയംകൊണ്ടും ശുക്ലവൃദ്ധികരങ്ങളായ ക്രിയ ചെയ്യായ്കകൊണ്ട് മൂന്നാമത്തെ ഷണ്ഡതയുണ്ടാകുന്നു.

നാലാമത്തെയും അഞ്ചാമത്തെയും ക്ലീബത്വം.

മഹാമേദരോഗേണ സഞ്ജായതേ
ക്ലൈബ്യമന്യദ്യഥാ യസ്യ സഃ
സമുക്തശ്ചതുർത്ഥസ്തഥാ പഞ്ചമഃ
ശുക്ലനാഡീപരിച്ഛേദനാൽ. ൪

മഹത്തായ മേദോരോഗത്താൽ ഉണ്ടാകുന്നതാണ് നാലാമത്തെ ഷണ്ഡത. ശുക്ലനാഡി മുറിയുകയാൽ അഞ്ചാമത്തെ ഷണ്ഡതയുണ്ടാകുന്നു.

ആറാമത്തെ ക്ലീബത്വം.

മദനോദീരിതസ്യ കാമാന്ധസ്യ
മനസഃ ക്ഷോഭനിരോധനാച്ച കാമാൽ
അതിബ്രഹ്മരതസ്യ വീര്യരോധാ-
ദപി ഷഷ്ഠഃ ഖലു ഷണ്ഡ ഏവ സഃ. ൫

കാമപീഡിതനായ മനുഷ്യന്ന് മനസ്സിന്റെ ക്ഷോഭത്തെ നിരോധനം ചെയ്കകൊണ്ടും കാമത്താലും ശുക്ലരോധത്താലും ആറാമത്തെ ഷണ്ഡത ഉണ്ടാകുന്നു.

ഏഴാമത്തെ ക്ലീബത്വം.

യൽ ക്ലൈബ്യം സഹജം [illegible]
സങ്കീർത്തിതം സപ്തമം
അന്യന്മർമ്മസിരാക്ഷതക്ഷയഭവം
ക്ലൈബ്യം ത്വസാദ്ധ്യം ദ്വയം.

സ്വാഭാവികമായി ഉണ്ടാകുന്ന ക്ലീബത്വമാണ് ഏഴാമത്തെ നപുംസകത്വം. ഇതുകൂടാതെ മർമ്മങ്ങളുടെയും ഞരമ്പുകളുടെയും ക്ഷതത്താലും ക്ലീബത്വം ഉണ്ടാകും. ഇതുരണ്ടും അസാദ്ധ്യമാകുന്നു.

ക്ലൈബ്യത്തിന്ന ചികിത്സ.

കാര്യോ ഹേതുവിപര്യയഃ പ്രഥമതഃ ക്ലീബസ്യ സാദ്ധ്യസ്യ ച
യസ്മാന്മുഖ്യചികിത്സിതം നിഗദിതം ത്യാഗോ നിദാനസ്യ യൽ.

ഏതുകാരണത്താലാണോ നപുംസകത്വം ഉണ്ടായതു്; ആ കാരണത്തെ ഉപേക്ഷിച്ചാൽ ആ നപുംസകത്വം നശിക്കും. അതിനാൽ നപുംസകത്വത്തിന്ന നിദാനത്തെ ഉപേക്ഷിക്കയാണ് പ്രധാനമായ ചികിത്സ.

വാജീകരണവിധി.

വാജീകരാൻ യോഗവരാൻ മനുഷ്യഃ
സമ്യഗ് വിശുദ്ധോപി നിരാമയോ യഃ
ആ ഷോഡശാൽ സപ്തതിവർഷപൂർത്തേ-
രർവ്വാഗ് ബലാദ്യാൻ സുവിചാര്യ കുര്യാൽ. ൧

വാജീകരണയോഗ്യങ്ങളായ യോഗങ്ങളെ വിശുദ്ധനാണെങ്കിലും രോഗഹീനനായ മനുഷ്യൻ പതിനാറുവയസ്സിന്നശേഷം എഴുപതുവയസ്സ പൂർത്തിയാകുന്നവരെ ബലം അനുസരിച്ച് ഉപയോഗിക്കണം.

ക്ഷയവൃദ്ധ്യുപദംശകാദിരോഗാഃ
പ്രഭവന്ത്യേവ ഹി കാമിനീപ്രസംഗൈഃ
അത ഏവ വിധാനതഃ പ്രകാമം
വിധിനാ വൃഷ്യവിവൃദ്ധയേ നിഷേവേൽ. ൨

ക്ഷയം വൃദ്ധി ഉപദംശം മുതലായ രോഗങ്ങൾ സ്ത്രീസംയോഗംനിമിത്തമാണ് ഉണ്ടാകുന്നതു്. അതിനാൽ അവക രോഗങ്ങളുടെ ശാന്തിക്കായി ശുക്ലവൃദ്ധികരങ്ങളായ ഔഷധങ്ങളെ വിധിയനുസരിച്ച സേവിക്കണം.

വിചിത്രപാനഭോജനാദിവസ്ത്രഗീതവാദ്യകൈഃ
സയാമിനീശയാമിനീഷു കാമിനീവനാനിലൈഃ
മനോജ്ഞഗന്ധനാഗവല്ലിപത്രകൈരസാവഹൈർ-
മനോജവഃ പ്രജായതേ നിഷേവിതൈരസംശയം. ൩

നാനാപ്രകാരത്തിലുള്ള അന്നപാനങ്ങൾ വസ്ത്രങ്ങൾ ഗീതങ്ങൾ വാദ്യങ്ങൾ ചന്ദ്രനോടുകൂടിയ രാത്രി യൌവനയുക്തയായ കാമിനി വനവായുക്കൾ മനോഹരങ്ങളായ ഗന്ധങ്ങൾ താംബൂലം ഇവയെല്ലാം ഉപയോഗിച്ചാൽ കാമവൃദ്ധിയുണ്ടാകും.

പായസം.

വിശ്രുദ്ധവത്സാസുഗവാപയോഭിഃ
സിദ്ധം ച യൽ പായസമേകമേവ

ഗോധൂമചൂർണ്ണം സസിതം സഹവ്യം
സമാക്ഷികം യൽ പയസാ സുഭ്രഷ്ടം. ൨൦

കിടാവോടുകൂടിയ പശുവിന്റെ പാൽകൊണ്ടുണ്ടാക്കിയ പായസമോ; ഗോതമ്പുപൊടി പാലിൽ ഇട്ടുകാച്ചി നെയ്യും തേനും ചേർത്തോ സേവിക്കുക; ശുക്ലവൃദ്ധിയുണ്ടാകും.

പാനകം.

ഈഷദമ്ലദധ്യാഢകമാഢകം
ശേതഖണ്ഡവരചൂർണ്ണപ്രസ്ഥകം
ക്ഷൌദ്രമത്ര പലസംമിതം ഘൃതം
തദ്ദ്വിഭാഗതുലിതം പടാവൃതം. ൨൧

വേദമാഷജഗതാ മരിചേന
താവതൈവ വിധിനാ ച ലവംഗൈഃ
കാർഷികൈശ്ച ത്രുടിഭിസ്സകലം തൽ
ഗാളിതം ച സുദൃഢേ വരപാത്രേ. ൨൨

ചന്ദ്രചന്ദനമൃഗോത്ഥിതനാഭീ-
ജാതജാതപരഗന്ധസമേതേ
സ്ഥാപിതാ ച ഖലു സൈവ രസാലാ
പാനതോത്യതനുവൃദ്ധിവിധാത്രീ. ൨൩

അല്പം പുളിയും മധുരവുമുള്ള തൈര് രണ്ടിടങ്ങഴി വെള്ളക്കല്ക്കണ്ടം ഒരിടങ്ങഴി തേൻ ഒരുപലം നെയ്യ് രണ്ടുപലം ചുക്ക് നല്ലമുളക് ഇലവർങ്ഗം ഇവ നന്നാലുഴന്നിൻപ്രമാണം ഏലത്തരി മൂന്നുകഴഞ്ച് ഈ മരുന്നുകൾ എല്ലാം പൊടിച്ച് തൈരിലിട്ട് ഒരു മുണ്ടിലാക്കി രസം ഞെക്കിയെടുത്ത് നല്ല മൺപാത്രത്തിലാക്കി കർപ്പൂരം ചന്ദനം കസ്തൂരി ഇവയും ചേർത്ത് അടച്ചുകെട്ടി അകിൽകൊണ്ടു പുകച്ചുവെച്ചിരുന്ന് സ്വസ്ഥനായവൻ കുടിക്കുക; കാമവൃദ്ധി ഉണ്ടാകും.

രതിവൃദ്ധികരമോദകം.

ഗോക്ഷുരേക്ഷുരബലേഭബലാനാം
താലമൂലശതമൂലയുതാനാം
നിസ്തുഷീകൃതസുവാനരബീജൈ-
രശ്വഗന്ധജജടാസഹിതാം തൽ. ൨൪

ചൂർണ്ണിതം ച പയസാ സുഗവീനാം
സിദ്ധമഷ്ടഗുണിതേന വിപാച്യ

സച്ചൂർണ്ണസമഹവ്യവിപാകം
സർവ്വതോ ദ്വിഗുണഖണ്ഡസമേതം. ൨൫

യാവദഗ്നിബലമത്തി നരോ യോ
മോദകീകൃതമലം പ്രമദാഭിഃ
രംസ്യതേ ച തനുതേ തനുജാനാം
വൃദ്ധിമൃദ്ധിമഥ ധൈര്യഗുരോശ്ച. ൨൬

ഞെരിഞ്ഞിൽ വയൽചുള്ളിയരി കുറുന്തോട്ടിവേര് വലിയ കുറുന്തോട്ടിവേര് നിലപ്പനക്കിഴങ്ങ് ശതാവരിക്കിഴങ്ങ് ഉമികളഞ്ഞ നായ്ക്കുരണയരി അമുക്കുരം ഇവ എല്ലാംകൂടി ഉണക്കിപ്പൊടിച്ച പൊടി എട്ടിരട്ടിപാലിൽ പചിച്ച് പൊടിയുടെ ഒപ്പം നെയ്യും എല്ലാ മരുന്നിന്റെയും രണ്ടിരട്ടി കല്ക്കണ്ടവും ചേർത്ത് മോദകമാക്കി അഗ്നിബലമനുസരിച്ച് ഭക്ഷിക്കുക; വളരെ സ്ത്രീകളോടു രമിക്കുന്നതിന് ശക്തിയുണ്ടാകും. പുത്രവൃദ്ധി ശുക്ലവൃദ്ധി ഇവയും സിദ്ധിക്കും.

അന്യയോഗം.

കണാലവണവത്സാണ്ഡ സാധിതം ച ഘൃതം നരഃ
പിബൻ വൃഷായതേ വീര്യസമ്പദാ മുദിതോ രതൌ. ൨൭

തിപ്പലി ഇന്തുപ്പ് കസ്തൂരി ഇവകൊണ്ടു നെയ്യുകാച്ചി സേവിക്കുക; ശുക്ലവൃദ്ധിയുണ്ടാകും.

അമൃതപാകം.

പക്വാമ്രജദ്രുമഫലം സുദൃഢഃ കടാഹേ
ദ്രോണോന്മിതേ ഭിഷഗഥാഢകസമ്മിതാം ച
ശുദ്ധാം സിതാം ച ഖലു പ്രസ്ഥമൃതേന ശുണ്ഠ്യാ
പ്രസ്ഥാർദ്ധയാ കുഡുബമാരിച ചൂർണ്ണയുക്താം. ൨൮

പലദ്വയേനാപി കണാഭവേന
ദുഗ്ദ്ധേന ധേനോരപി ചാഢകേന
പചേത്തു ദർവ്യാ ഖലു ദാരുമയ്യാ
പ്രചാലയേത്തദ്ധി ഘനം വിലോക്യ. ൨൯

ഭൃമൗ വതാർദ്ധാത്ര രജസ്യമീഷാം
കുസ്തുംബരീജീരകചിത്രകാനാം
ത്വഗ്മുസ്തകശ്രാവണികാപത്രകാനാം
ലവംഗജാതീഫലകേസരാണാം. ൩൦

ഏലാബൃഹജ്ജീരകസംയുതാനാം
പൃഥക് പൃഥക് ചാപി പലോന്മിതാനാം

സിദ്ധേത്ര ശീതേ മധുനോപയോജ്യ
മധ്യോഃ പ്രദദ്യാദ് ദ്വിപലം ച തസ്യ
യോ ഭക്ഷയേദ് ഭോജനതോ നരോഽഗ്രേ
യഥാനലം വാരശതം സമോ രതേ സ്യാൽ. ൨൧

നിത്യം നിരാമയകരോ ഗ്രഹണീപ്രശസ്താ
ശ്വാസാപഹോ ... കാസരോഗഹാരീ
രക്താദിപിത്തശമനോഽമ്ലപദാദിപിത്ത-
ഹന്താ ഗദസ്യ വനിതാരമണേ പ്രശസ്തഃ. ൨൨

പഴുത്തമാങ്ങയുടെ നീര് ... ഇടങ്ങഴി എടുത്തു ഒരു കല
ത്തിൽ ആക്കി നാഴിടങ്ങഴി ... നല്ലമുള
കിൻപൊടി നാഴി, തിപ്പലിപ്പൊടി രണ്ടുപലം ഇവ എല്ലാംകൂടി
ചേർത്തു ... ഇടങ്ങഴി ... ചേർത്ത് അടുപ്പത്തുവ
ച്ചു മരച്ചട്ടകംകൊണ്ടു ഇളക്കി കൊഴുത്താൽ വാങ്ങിവച്ചു കൊ
ത്തമ്പാലരി ജീരകം ... ഇലവംഗം മുത്ത
ങ്ങ കാട്ടുതിപ്പലിവേര് പച്ചില ... ജാതിക്ക നാഗ
പ്പൂവ് ഏലത്തരി ... ഓരോപലംവീതം
പൊടിച്ചുചേർത്ത് ആറിയാൽ ഇടങ്ങഴി തേൻകൂടി ചേർത്ത് അ
ഗ്നിബലംപോലെ ഉപയോഗിക്കാം ... സേവിക്കുക; അരി
യിരുൽ ... ഗ്രഹണി ശ്വാസം, അരു
ചി, ക്ഷയം, രക്തപിത്തം അമ്ലപിത്തം ഇവയും ശമിക്കും.

അന്യയോഗം.

ചൂർണ്ണം ഗോക്ഷുരസം ഭവം ...
...
... ഖണ്ഡമധുപ്ലുതം പ്രശമയേൽ
ഷാണ്ഡ്യം നരാണാം ദ്രുതം
യദ്വാന്തം ബഹുധാ സുവൈദ്യകഥിത
ദ്രവ്യൌഷധീനാം സദാ.
ജ്ഞാനാദാദരതോ നിരന്തരമ്പി വാ.
സംസേവനാൽ സംഭവം. ൨൩

ഞെരിഞ്ഞിൽ പൊടിച്ച് അട്ടിൻപാലിൽ പാകംചെയ്ത് തേ
നും കൽക്കണ്ടവും (പഞ്ചസാരയുമാകാം) ചേർത്ത് ഉപയോഗിക്കു
ക; നരന്മാർക്കുണ്ടാകുന്ന ... ശമിക്കും.

മഹാസുഗന്ധിതൈലം.

കർപ്പൂരാഗരുചോചപത്രനളികാ...ശടീധാതകീ-
പുഷ്പൈഃ സപ്തദളൈലാ...മാംസീപ്ലവൈഃ

ഏലാകുങ്കുമരോചനാദമനകൈഃ ശ്രീവാസജാതീഫലൈഃ
കങ്കോലക്രമുകോച്ചടാമദമുരാകാന്താവന്യംഗാമകൈഃ. ൨൪

ബാലോശീരഹരേണുകാമലയജസ്ഥൌണേയചണ്ഡാനകൈ-
ർജ്ജാതീകോശകുളീരപത്മകനതൈഃ സ്പൃക്കാനഖൈഃ പാലി
കൈഃ

വാകുചായോജനവല്ലിരോധ്രസഹിതൈസ്തൈലം വിപാച്യാഢകം
തൈലാഭ്യക്തതനുർജ്ജരന്നപി ഭവേൽ സ്ത്രീണാം പരം വല്ലഭഃ. ൨൫

ശുക്ലാഢ്യോ ദ്യുതിമാനനല്പതനയഃ ഷണ്ഡോഽപി രത്യുൽസുകോ
വന്ധ്യാ ഗർഭവതീ ഭവേദപി തഥാ വൃദ്ധാഽപി സൂതേ സുതം
കണ്ഡൂസേദവിചർച്ചികാമയഹരം ദൌർഗ്ഗന്ധ്യകുഷ്ഠാപഹം
അശ്വിഭ്യാം പരികീർത്തിതം ബഹുഗുണം തൈലം സുഗന്ധം മഹൽ.

കർപ്പൂരം അകിൽ ഏലവങ്ങം പച്ചില പവിഴക്കൊടി കോല
രക്ക കച്ചോലം താതിരിപ്പൂവ് ഏഴിലമ്പാലത്തൊലി ഏലാവാലു
കം ചരളം ചേലേയം മാഞ്ചി ഗന്ധതൃണം ഏലത്തരി കുങ്കുമം ഗോ
രോചന മക്കിപ്പൂവ് തിരുവട്ടപ്പശ ജാതിക്ക തക്കോലപ്പുട്ടിൽ കമു
കിൻവേരു കീഴാനെല്ലി കസ്തൂരി മുരാമാഞ്ചി പേരേലം കരയാമ്പൂ
വ് കൊട്ടം ഇളയരാമച്ചം അരേണുകം ചന്ദനം തുണിയാങ്കം ചണ്ണ
ക്കിഴങ്ങ് അസുരനാഖം പിച്ചകമൊട്ട് ഞണ്ടിൻമാംസം പത്മുകം
തകരം ചോനകപ്പുല്ല് കോലരക്ക മഞ്ചട്ടി പാച്ചോററിത്തൊലി ഇ
രുവേലി ഇവ ഓരോപലം (൧൨ കഴഞ്ചു)വീതം കല്ക്കമായി നാ
ലിടങ്ങഴി എണ്ണകാച്ചി തേക്കുക. ഈ തൈലം മുടങ്ങാതെ തേ
ച്ചാൽ വൃദ്ധനും യുവാവായി സ്ത്രീവല്ലഭനായും ശുക്ലാഢ്യനായും തീ
രും. അവനു വളരെ പുത്രന്മാരുണ്ടാകും. പ്രസവിക്കാത്തവൾ പ്ര
സവിക്കും. ചൊറിച്ചിൽ, വിയർപ്പ്, മലം, ദുർഗ്ഗന്ധം, കുഷ്ഠം ഇവ
യുമില്ലാതാകും.

അന്യയോഗം.

ബീജാനി വൈദ്യഃ കപികച്ഛുജാനി
പ്രസ്ഥൈകഗവ്യേ പയസി പ്രകാമം
സംസ്വേദ്യ താവൽ കുഡുബോന്മിതാനി
യാവത്തു തദ്വല്ക്കലമാർദ്രവതാം. ൨൬

വിധായ പിഷ്ടീമഥ നിസ്തുഷാണാം
വൈദ്യോ ഗവീഹവ്യസുസിദ്ധഭൃതഃ
ലേഹ്യശ്ച ഖണ്ഡദ്വിഗുണൈശ്ച പാകൈഃ
പുനസ്തു താമാക്ഷികചൂർണ്ണപാത്രേ. ൨൭

നിധായ താമ്രാമപി ചാബ്ദമേകം
മിതാമഥൈകാം തു നരഃ പ്രഭാതേ
സായം സമശ്നാതി പയോനുപാനൈഃ
സോശീതിവർഷം പ്രമിതായുരേവ. ൨൯

നാഴി നായ്ക്കുരുണയരി ഇടങ്ങഴി പശുവിൻപാലിൽ പാകം ചെയ്ത് അരിയുടെ തൊലിക്കു മാർദ്ദവം വന്നാൽ തൊലികളഞ്ഞ് അരച്ചു കൽക്കമായി നെയ്യുകാച്ചി നെയ്യിൽ ഇരട്ടി പഞ്ചസാര ചേർത്ത് അരിയതിനുശേഷം തേൻ നിറച്ചുവച്ചിരിക്കുന്ന പാത്രത്തിൽ ഇട്ട് ൧൦ ഉഴുന്നിൻപ്രമാണം പ്രഭാതത്തിലും വൈകുന്നേരവും സേവിക്കുക; പാൽ അനുപാനമായി ഉപയോഗിക്കണം. എന്നാൽ ൮൦ വർഷം ജീവിച്ചിരിക്കും.

വിദാരികാദിഘൃതം.

ദശഗുണപ്രമിതേ ച വിദാരികാ-
സ്വരസകേ ഘൃതമേകഗുണം പചേൽ
ശതഗുണേഽഥ പയസ്യഥവാ ഗവാം
പ്രഥമസാധിതമേവ വിസാധയേൽ. ൩൦

പയസ ഏവ തു പാദമിതേന താൻ
പരിപചേദ്വരഖണ്ഡരസേന ച
അപി ഘൃതാദഥ പാദമിതൈഃ ക്ഷണൈ-
ർമ്മധുഭിരത്ര സമൈഃ ഖലു വംശജൈഃ. ൩൧

മഗധജാശതപാദികഗന്ധികാ
സമസകൃൽ പരിപാച്യ ച മോദകാൻ
ഭിഷഗതോ വരമാനമിതാനിമാൻ
ഭജതി താൻ പ്രമദാഃ പ്രഭജന്നരഃ. ൩൨

പത്തിരട്ടി പാൽമുതക്കിൻനീരിലോ അല്ലെങ്കിൽ നൂറിരട്ടി പാലിലോ ഇടങ്ങഴി നെയ്യ് ചേർത്തു കാച്ചി അതു പാലിലൊന്നാക്കി നെയ്യുടെ നാലിലൊന്നു കൽക്കണ്ടവും നാലിലൊന്നു നെല്ലിക്കാനീരും മുളനെല്ലു തിപ്പലി അമുക്കുരം ഇവ പൊടിച്ചു പൊടിയും ചേർത്ത് അരിയാൽ നെയ്യുസമം തേനൊഴിച്ചു പലപ്രാവശ്യം പചിച്ചു മോദകമാക്കി ഉപയോഗിക്കുക; വളരെ സ്ത്രീകളെ പ്രാപിക്കത്തക്ക വീര്യവൃദ്ധി ഉണ്ടാകും.

അന്യയോഗം.

ഭിഷഗ്വരീഗർഭഗതം ശൃതം ച
ദുഗ്ദ്ധേ ഗവീനാം വിപചേച്ച താവൽ

ദിക്സമ്മിതോ യാവദലം വിപക്വം ൩൩
സശർക്കരം മാക്ഷികപിപ്പലീഭ്യാം.

വൃഷ്യം വിശേഷാദനരം നരം ച
കുര്യാൽ പ്രയുക്തം ബഹുകാമിനീനാം
ഭോക്താരമാറിഷ്ടകൃതപുത്രജാതം
വൃദ്ധം പ്രകുര്യാത്തരുണീരിരംസും. ൩൪

ശതാവരിനീരും അതിന്റെ പത്തിരട്ടി പശുവിൻപാലുംകൂടി ചേർത്തു പചിച്ചു പാകമാകുമ്പോൾ പഞ്ചസാര തിപ്പലി ഇവയും അരിയാൽ തേനും ചേർത്തു സേവിക്കുക; വളരെ കാമിനികളെ അനുഭവിക്കത്തക്ക ശുക്ലവൃദ്ധിയും പുത്രന്മാരും ഉണ്ടാകും.

കാമദേവഘൃതം.

തുരംഗഗന്ധാത്മജതാപലാനാം
ശതം തദർദ്ധം ഖലു ഗോക്ഷുരാണാം
ശതാവരീനാഗബലാമൃതാനാ
മശ്വത്ഥശൃംഗാംബുജബീജമാഷൈഃ. ൩൫

പുനർന്നവാകാശ്മരികാപലാനാം
സമം തദാ തദ്ദശകം പലാനാം
വൈദ്യഃ പൃഥക് ദ്രോണചതുഷ്ടവാരി-
ണ്യാപാച്യ ശേഷംബുനി ദ്രോണമാത്രേ. ൩൬

ദ്രാക്ഷാകണാപത്മകകുഷ്ഠനാഗ-
പുഷ്പാത്മഗുപ്താഫലപത്മകാനാം
കുചന്ദനേനാപി ച ജീവനീയ-
ഗണേന നീലോല്പലകേസരാണാം. ൩൭

പ്രദാപയേൽ കർഷസമാനമീഷാം
ഭാഗാൻ പൃഥക് ഖണ്ഡപലദ്വയം ച
പൌണ്ഡ്രേക്ഷുനീരാഢകസംയുതം ഗോ-
ഹവ്യം തു പ്രസ്ഥപ്രമിതം പയോഭിഃ. ൩൮

ഗവാം ചതുർഭാഗമിതൈശ്ച സമ്യക്
സംപാചയേൽ കാമദേവാഖ്യഹവ്യം
സരക്തപിത്തക്ഷതവാതരക്ത-
ഹലീമകാരോചകപാണ്ഡുരോഗാൻ. ൩൯

സ്വരക്ഷയം യത്തനുവർണ്ണഭേദം
മൂത്രസ്യ കൃച്ഛ്രം ഖലു പാർശ്വശൂലം

ഉരോവിദാഹം വിനിഹന്തി സദ്യഃ
സേവ്യോ നൃപാണാം പ്രമദാപ്രിയാണാം. ൩൯

ബഹ്വന്തഃപുരചാരിണാം ച ധനിനാം
രാജ്ഞാം പരം പുഷ്ടിദം
മേധാശുക്ലവിവർദ്ധനം ബലകരം
തേജസ്കരം ബൃംഹണം
സര്‍വേഷാം ച രസായനം നിഗദിതം
ശ്രീകാമദേവം ധ്രുവം
നൄണാം ദുർബലതാഹരം യദൈവ ജലമു-
ഗ്ധാരാഢ്യമാണാം ധ്രുതം. ൪൦

അമുക്കുരം ആറുപലം ശതാവരിയിൽ നിന്ന പലം ശതാവരി വലിയ കുറുന്തോട്ടിവേര അമൃത് ആവണക്കിൻമൊട്ട താമരയരി ഉഴുന്ന തമിഴാമ പുഷ്കരമൂലം ഇവ പത്തുപലംവീതം നാല ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് എന്ന ഇടങ്ങഴിയാക്കി പിന്നെയും പചിച്ച പാകമാകുമ്പോൾ മുന്തിരിങ്ങാപ്പഴം തിപ്പലി പത്തുമൂലം കൊട്ടം നാഗപ്പൂവ് നായ്ക്കുരണയരി കാർകോകിൽ രക്തചന്ദനം കാകോളി ക്ഷീരകാകോളി മേദ മഹാമേദ ജീവകം ഇടവകം അടപതിയൻകിഴങ്ങ കാട്ടുഴുന്ന കാട്ടുപയറ് ഇരട്ടിമധുരം കരിംകുറുവിളക്കിഴങ്ങ താമരവല്ലി ഇവ മൂന്നുകഴഞ്ചുവീതം കല്ക്കണ്ടം രണ്ടുപലം, പുണ്ഡരീകക്കരിമ്പിൻനീര ൪ ഇടങ്ങഴി, പശുവിൻനെയ്യ് ഒരിടങ്ങഴി, ൪ ഇടങ്ങഴി പശുവിൻപാൽ ഇവയും ചേർത്തു പാകമാക്കി ഉപയോഗിക്കുക; രക്തപിത്തം മുതലായി ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന സകല രോഗങ്ങളും ശമിക്കും. ശുക്ലവൃദ്ധി, ബുദ്ധി, തേജസ്സ്, ഇവയുമുണ്ടാകും. ഇത് ബൃംഹണവുമാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
വാജീകരണം എന്ന
൫൨-ാം സ്തബകം കഴിഞ്ഞു.

അഥ ത്രിപഞ്ചാശസ്തബകഃ.

രസായനാധികാരഃ.

ശുണ്ഠ്യാജ്യാജാജീപത്ഥ്യാകല്ക്കം യദി യോ ഭുംക്തേ ഭോജ്യസ്യാദൌ
ജലമേവാസൌ നാനാദേശേ സഹതേ നിത്യം പീതം ഭൂരി. ൧

ചുക്ക് അയമോദകം കടുക്ക ഇവ അരച്ച് ഊണിന്റെ ആദ്യം സേവിച്ചാൽ നാനാദേശങ്ങളിലെ വെള്ളം കുടിച്ചാലുണ്ടാകുന്ന ദോഷം ശമിക്കും.

നാഗരങ്ഗഫലമാതപശുഷ്കം
ഖണ്ഡിതം തു തനുചൂർണ്ണിതകർഷം
തസ്യ യോ ഭജതി ചാപി ഗുഡേന
വാതകർമ്മ കുരുതേ ന ജവേന. ൨

നാരങ്ങ മുറിച്ച് വെയിലത്തുവച്ചുണക്കി ചെറിയ കഷണങ്ങളാക്കി പൊടിച്ച മൂന്നുകഴഞ്ചുവീതം ശർക്കരയിൽ സേവിക്കുക; വാതം ഉണ്ടാകയില്ല.

സിതബലാഭവമൂലമലം ഗവീ-
സുപയസാ സഹ പായസമേവ യഃ
ഭജതി പുഷ്പദിനേ ന ച കന്യയാ
പരിവിനിർമ്മിതമേവ സദാ യുവാ. ൩

വെൺകുറുന്തോട്ടിയുടെ വേരും പശുവിൻപാലുംകൂടി വസന്തകാലത്തിൽ കന്യകയാൽ നിർമ്മിതമായ പായസത്തെ ഭുജിച്ചാൽ എന്നും യുവാവായിരിക്കും.

ദേവദാരുരജനീദലപത്മ-
കേസരൈശ്ച രചിതോ വരലേപഃ
ദുർഭഗാസ്യ സുഭഗാ പരിദാനാൽ
പ്രേയസീ ഭവതി ചാഥ ധവസ്യ. ൪

ദേവതാരം മഞ്ഞൾ മരമഞ്ഞൾ താമരയല്ലി ഇവ അരച്ച ദേഹത്തു തേച്ചാൽ ദുർഭഗയായവളും സുഭഗയായിട്ട ഭർത്താവിന് ഇഷ്ടയായിത്തീരും.

ധൂപനം.

ജംബൂജാതീപർണ്ണജകല്കൈർധൂപോ നാരീയോനിപ്രദത്തഃ
ശ്യാമനൌ യയ യോ സതി ച ദോഷാദസ്തു രതേ ന സ്യുർഭവതി
വിദോഷാ. ൫

തൊവരത്തൊലി പിച്ചകത്തില ഇവ അരച്ചു സ്ത്രീകളുടെ യോനിയിൽ പുരട്ടിയാൽ യോനിയിൽ ഉള്ള സകല ദോഷങ്ങളും ശമിക്കും.

ഉന്മേഷം ഉണ്ടാകുന്നതിന്.

യശ്ചാശ്വഗന്ധാഭവചൂർണ്ണമേകം
സിതായുതം ഗോഘൃതകേന ലേഹി
രസായനം വിനിദ്രാകരിമേവ വിദ്ധ്യാ
ജാഗർത്തി നിത്യം സകലേന്ദ്രിയാർത്ഥൈഃ. ൬

അമുക്കുരം പൊടിച്ചു പഞ്ചസാരയും ചേർത്തു പശുവിൻനെയ്യിൽ കുഴച്ചു നിത്യവും സേവിക്കുക; സകലേന്ദ്രിയങ്ങളിലും ഉന്മേഷം ഉള്ളവനായിത്തീരും.

ഉറക്കം ഉണ്ടാകുന്നതിന്.

യഃ കാകമാചീഭവമൂലമേകം
സൂത്രേണ ബദ്ധ്നാതി ശിരഃപ്രദേശേ
രസായനം വിശേഷാൽ ചിരകാലനഷ്ടാം
നിദ്രാം ച തൽക്കാലമുപൈതി സദ്യഃ. ൭

മണിത്തക്കാളി (കറുന്തക്കാളി)യുടെ വേരു പറിച്ച് ഒരു ചരടിൽ കോർത്തു ശിരസ്സിൽ ബന്ധിക്കുക; വളരെക്കാലമായിട്ട് ഉറക്കമില്ലാത്തവനു തൽക്കാലംതന്നെ ഉറക്കമുണ്ടാകും.

ലിംഗത്തിന് ഉണർച്ചയുണ്ടാകുന്നതിന്.

വജ്രപർണ്ണീ വചാ യാവശൂകൈസ്സമം
സപ്തഗന്ധായുതം കണ്ടകാരീരസൈഃ
ലിംഗലേപഃ കൃതഃ സ്തംഭനാദ ഉത്ഥാനകൃൽ സദാ
വാജിലിംഗേന ലിംഗം തഥാ ജായതേ. ൮

വയൽച്ചുള്ളി വയമ്പ് വഴുതിനവേര് മൂവിലവേര് വരക് ചവർക്കാരം അമുക്കരം ഇവ കണ്ടകാരിച്ചുണ്ടയുടെ നീരിൽ അരച്ച് ലിംഗത്തിൽ തേക്കുക; ലിംഗം കുതിരയുടെ ലിംഗംപോലെ ഉറപ്പുള്ളതായിത്തീരും.

ജംബീരശുക്തം.

മാഷാഢകം ദ്രോണജലേ വിപക്വ-
മഷ്ടാവശേഷം പടപൂതമേഷാം
യൂഷം ത്രിപ്രസ്ഥരസേന ചാമ്ല-
ദാർഢ്യസ്യ നീരേണ രസോന്മിതേന. ൯

സംയോജ്യ ഭാണ്ഡേ നിധായ

സജാതുമേതൽ ഘൃതവസ്തിതൈലാ-
ദിഷേചവ യോജ്യം ജഠരാഗ്നിവൃദ്ധ്യൈ. ൧൦

പക്വസ്യ ജംബീരഫലസ്യ നീരം
സമാക്ഷികം മാക്ഷികപാത്രമധ്യം
മാസം കണാഭിസ്സഹധാന്യരാശൌ
സംധാനിതം ജാതരസം തഥാ സ്യാൽ. ൧൧

നാലിടങ്ങഴി ഉഴുന്ന് പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ച് എട്ടിടങ്ങഴിയാക്കി ഒരു മുണ്ടിൽ അരിച്ചെടുത്ത് മൂന്നിടങ്ങഴി കരിമ്പിൻനീരും അത്രയും ഇഞ്ചിനീരും ചേർത്ത് ഒരു പാത്രത്തിലാക്കി വച്ചിരുന്ന് നെയ്യിലോ എണ്ണയിലോ വസ്തിചെയ്യുന്നതിലോ ഉപയോഗിക്കുക; പഴുത്ത ചെറുനാരങ്ങാനീരിൽ തിപ്പലിപ്പൊടിയും തേനും ചേർത്ത് ഒരുമാസം നെല്ലിനകത്തു കുഴിച്ചുവച്ചിരുന്ന് എടുത്ത് ഉപയോഗിക്കുക; അഗ്നിവൃദ്ധി ഉണ്ടാകും.

ഗുഡശുക്തം.

ഗുഡമാക്ഷികകാഞ്ജികൈശ്ച തക്രം
ദ്വിഗുണൈശ്ചാപി യഥോത്തരം ക്രമേണ
സകലൈസ്ത്രിദിനാനി ധാന്യരാശൌ
ഗുഡശുക്തം പ്രഭവേച്ച സന്നിധാനാൽ. ൧൨

ശർക്കര തേൻ കാടി മോര് ഇവ ക്രമേണ ദ്വിഗുണമായി യോജിപ്പിച്ച്, എല്ലാംകൂടി മൂന്നുദിവസം നെല്ലിൽകുഴിച്ചു വച്ചിരുന്ന് ഉപയോഗിക്കുക; ഇതിന് ഗുഡശുക്തം എന്നു പേർ.

കണാക്ഷീരസിദ്ധം ഘൃതം തേന വൈദ്യൈ-
ന്നിരുക്തം തഥാ സർവ്വരോഗാപഹാരി
ഹരിദ്രാദ്വയേനാപി കാളീയകേന
സുസിദ്ധം ഘൃതം കാമലാരോഗഹാരി. ൧൩

തിപ്പലി കല്ക്കമായി പാലും ചേർത്തു നെയ്യുകാച്ചി സേവിക്കുക; സകല രോഗങ്ങളും ശമിക്കും. മഞ്ഞളും മരമഞ്ഞളും മഞ്ഞച്ചന്ദനം ഇവ കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; പിത്തകാമലാരോഗം ശമിക്കും.

ഗുഗ്ഗുലുരസായനം.

ത്രിഫലാസനഗോക്ഷുരാമൃതൈസ്തു
ഖദിരവ്യാസയുതൈശ്ച ഭൃംഗരാജൈഃ
ക്വഥിതൈർവ്വസുഭാഗവാരിഭിശ്ച
പടപൂതക്വഥിതേത്ര പാദശേഷേ. ൧൪

പൂരമത്ര പലൈശ്ച ത്രിംശദേവ
മധുനാ ഹവ്യയുതം പഠ ചൂണ്ണിതൽ
ബലവണ്ണകരം രസായനം വാ-
പ്യശിതം വീയ്യകരം വയോധികേപ്യപി ഫ൫

ത്രിഫല ദേവതാരം ഇരട്ടിമധുരം ഇരട്ടിത്തിൽ അരത്ത് കരിഞ്ചാലി ക്കാതൽ ഇവ എട്ടിടങ്ങഴി വെള്ളത്തിൽ കഷായം വച്ച് ൨ ഇട ങ്ങഴിയാക്കി അരിച്ചെടുത്ത്, ൩൦ പലം ശുദ്ധിചെയ്ത ഗുഗ്ഗുലുവും നെയ്യും കയ്യോന്നിനീരും ചേത്ത് പാകമാകുമ്പോൾ വാങ്ങി ആ റിയാൽ തേനും ചേത്ത് സേവിക്കുക; വയസ്സധികം ഉള്ളവനും ബ ലം, നിറം ഇവയുണ്ടാകും.

ഗന്ധകരസായനം.

ശുദ്ധഗന്ധകപലാനി ച പഞ്ച
ഭൃംഗരാജജരസേന വിഭാവ്യ
തത്ത്രിഭാഗത്രുലിതേന വിമിശ്രം
ശോഷിതം മധുഹരേണുംവ്യതൈശ്ച. ഫന്ന

ശംഖനേത്രഫലകൈരശിതേ ത-
ന്മാസയുഗ്മമപി വൃദ്ധനരേണ
യൌവനേന ച മദേന ച വീയ്യ-
സത്വസാഹസബലൈശ്ച യുതഃ സ്യാൽ. ഫൈ

ശുദ്ധിചെയ്ത ഗന്ധകം ൫ പലം, മൂന്നിരട്ടി കയ്യോ ന്നിനീരിൽ ഇട്ട് വെയിലത്തുവച്ചുണക്കി തേൻ അരേണകം നെയ്യ്, ത്രിഫല ഇവ പൊടിച്ചുചേത്ത് രണ്ടുമാസം സേവിക്കുക; വൃദ്ധനും കൂടി യുവാവായിത്തീരും. വീയ്യവും ബലവും ഉണ്ടാവുകയും ചെയ്യും.

ശതാവരീതാലജടാഗുഡൂചീ-
നാഗശ്രുതിമ്മുണ്ഡനികാഭിരുവ്യാഃ
ഘൃതേന ലീഢാ ജഠരേണ സദ്യഃ
കുയ്യാൽ ബലൈശ്വയ്യയുതം യുവാനം. ഫവ

ശതാവരിക്കിഴങ്ങ് നിലപ്പനക്കിഴങ്ങ് അമൃതിൻവേറ് മാറാ മ്പിൻകിഴങ്ങ് ശ്രാവണി ഇവ പൊടിച്ച് നെയ്യിൽ സേവിക്കുക; വൃദ്ധനും ബലം, ഐശ്വയ്യം, ഇവയോടുകൂടിയവനായിത്തീരും.

ഘൃതേന തൈലേന ജലേന ദുഗ്ദ്ധ-
...... ന്നോടശ്നാതി ച സപ്തഗന്ധാം

മാസാദ്ധമാത്രേണ കൃശസ്യ പുഷ്ടിം
കുയ്യാദ്യഥാ വാരിദവാഗ്ദ്ധസ്യ. ഫൻ

അമുക്കുരം പൊടിച്ച് എണ്ണയിലോ വെള്ളത്തിലോ പാലി ലോ ൧൫ ദിവസം സേവിക്കുക; ചടച്ചവൻ തടിക്കും.

നരഃ സോമരാജീ സകാരം ച ചൂണ്ണം
ഗവീദുഗ്ദ്ധയുക്തം ച മാസം പിബേദ്യഃ
ഭവേദസ്ഥിശേഷോഽപി പീവാ സുപുഷ്ടോ
യുവാ വീയ്യസത്വോപയുക്തോ ബലാഢ്യഃ. വ൦

കാർകോകിലരി പൊടിച്ച് പശുവിൻപാലിൽ ഒരു മാസം കുടിക്കുക; അസ്ഥിമാത്രം ശേഷിച്ചവൻ കൂടിയും ദൃഢഗാത്രനായും യുവാവായും വീയ്യബലമുള്ളവനായും ഭവിക്കും.

ബുദ്ധിയുണ്ടാവുന്നതിന്.

വൃദ്ധദാരുജജടാഭവചൂണ്ണം
സപ്തധാ ച ശതമൂലിഭവേന
ഭാവിതം സ്വരസകേന നരാണാം
ഭുക്തമാശു വിദധാതി ച മേധാം. വഫ

മറിക്കുന്നിയുടെ വേര പൊടിച്ച് ശതാവരിനീരിൽ ഏഴു പ്രാവശ്യം ഭാവനചെയ്ത് സേവിക്കുക; ബുദ്ധിയുണ്ടാകും.

ഏതദേവ മധുഹവ്യസമം യോ
സപ്തവാസരമതോഽത്തി നരഃ സഃ
ക്ഷീരയൂഷകൃതഭോഷജനസേവീ
കിന്നരൈശ്ച സഹ ഗായതി ഗീതം. വവ

മുൻപറഞ്ഞ പൊടി നെയ്യുംതേനുംകൂടി ചേത്ത് ഏഴുദിവ സം സേവിക്കുകയും പാലോ ചാറോ ചേത്ത ഭക്ഷിക്കുകയും ചെ യ്യുക; പാട്ടു നന്നായിരിക്കും.

അന്യയോഗം.

പീയൂഷബാണോ ഗദനാഗശത്രു-
മാങ്ഗല്യപുഷ്ടീകൃമിശത്രുപത്ഥ്യാഃ
ശതാവരീ ചാപി ഘൃതേന ലീഢാ-
സ്ത്രീഭിർദിനൈഃ സംസ്മൃതിബുദ്ധിദാഃ സ്യുഃ. വന്ന

അമൃത് കൊഴിഞ്ഞിൽവേര് കൊട്ടം ചെറുവഴുതിനവേര ശംഖുപുഷ്പത്തിൻവേര് അമുക്കുരം കൃമിശത്രു കടുക്കാത്തോട് ശത

വരി ഇവ പൊടിച്ച് മൂന്നുദിവസം നെയ്യിൽ സേവിക്കുക; ബുദ്ധിയുണ്ടാകും.

അപരയോഗം.

വിശാലാപഞ്ചാംഗ പ്രഭവാരപൂർണ്ണം വസുപലം
സിതാഭിഃ സംയുക്തം മുനിപലമിതാഭിഃ പ്രതിദിനം
സിതാമൈഃസ്സുധവൈർമ്മധുഭിരഥ വാ സ്വാദ തുലിതൈ-
ർഘൃതൈര്യുക്തം മാസത്രയമശിതമേകാധികമിദം. ൨൩
പയോന്നാശീ നിത്യം പ്രഭവതി നരസ്തേന ച സദാ
വിമുക്തോऽസൌ രോഗൈർജരയപി താരുണ്യമഭിതഃ
പ്രപന്നോ ബാലാനാമനവരതമാസ്വാദമധുരം
പ്രഭോക്താ ബാലാനാമപി ജനയിതാ പുഷ്ടവപുഷാം. ൨൪

കാട്ടുവെള്ളരി സമൂലം പലം എടുത്തു പൊടിച്ച് പഞ്ചസാര ഏഴുപലം, നെയ്യ് മൂന്നരപ്പലം തേൻ മൂന്നരപ്പലം ഇവയും ചേർത്തു വച്ചിരുന്നു സേവിക്കുക; പാൽച്ചോറുണ്ണുകയും വേണം. എന്നാൽ രോഗങ്ങൾ മാറി നല്ല യൌവനം ഉണ്ടാകും. ഏററവും മധുരമായ ഇത് ബാലന്മാർക്കും പുഷ്ടിയെ ഉണ്ടാക്കുന്നതാണ്.

പീയൂഷവാണീശതമൂലികാനാം
വിഡംഗപത്ഥ്യാഗദശംഖിനീനാം
ഘൃതം ഹ്യപാമാർഗ്ഗയുതം ശൃതം ച
വാണീം സുവാണീം വിദധാതി ഭുക്തം. ൨൫

അമൃത് ബ്രഹ്മി ശതാവരി വിഴാലരി കടുക്കാത്തോട് കൊട്ടം ശംഖുപുഷ്പത്തിൻവേര് ചെറുകടലാടി വേര് ഇവ കല്ക്കമായി നെയ്യ് കാച്ചി സേവിക്കുക; വാക്കിനു ശുദ്ധിയുണ്ടാകും.

ബ്രാഹ്മീഘൃതം.

ബ്രാഹ്മീസമൂലാമുപഗൃഹ്യ നീരൈഃ
പ്രക്ഷാളയിത്വാ സ്വരസൈശ്ച തസ്യാഃ
ഉലൂഖലേ ക്ഷുണ്ണതരാം വിധായ
വസ്ത്രേണ നിഷ്പീഡ്യ തഥാ ഗൃഹീതൈഃ. ൨൬
ചതുർഗ്ഗുണൈഃ പ്രസ്ഥമിതം ഘൃതം ച
സംപാചയേദക്ഷ്യഗണൈഃ സുഭദ്രൈഃ

കണാവചാസൈന്ധവശർക്കരാശത്രു-
ഖണ്ഡാദികാനാമപി കാർഷികം തു
പ്രദായ സിദ്ധം ഖലു പ്രാശിതം തൽ
വാഗ്ബുദ്ധിവൃദ്ധിം സ്മൃതിമാശു ദദ്യാൽ. ൨൭
കുഷ്ഠാനി ചാർശാംസി നിഹന്തി ഗുല്മാൻ
കാസാൻ പ്രമേഹാനപി വീര്യവൃദ്ധിം
കുര്യാന്നരാണാമപി യോഷിതാം തു
വന്ധ്യാത്വമുന്മോച്യ പ്രസൂതിമുഗ്രം. ൨൮

ബ്രഹ്മി സമൂലം പറിച്ചെടുത്തു കഴുകി ഉരലിലിട്ടു ചതച്ച് നീരെടുത്ത് നാലിടങ്ങഴി നീരും ഏഴടങ്ങഴി നെയ്യും ചേർത്തു മഞ്ഞൾ ത്രികോല്പക്കൊന്ന, കൊട്ടം കടുക്കാത്തോട് നെല്ലിക്ക ഇവ ഓരോ പലം വീതം. തിപ്പലി വയമ്പ് ഇന്തുപ്പ് വിഴാലരി കൽക്കണ്ടം ഇവ മുമ്മൂന്നു കഴഞ്ചുവീതം കല്ക്കം ചേർത്ത് കാച്ചിയെടുത്ത് സേവിക്കുക; വാക്ക്, ബുദ്ധി, ഓർമ്മ ഇവയുണ്ടാകും. ഇതുകൂടാതെ കുഷ്ഠം, അർശസ്സ്, ഗുല്മം, ചുമ, പ്രമേഹം ഈ രോഗങ്ങളും ശമിക്കും. വീര്യവൃദ്ധി ഉണ്ടാകും. പ്രസവിക്കാത്ത സ്ത്രീകൾ പ്രസവിക്കുകയും ചെയ്യും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
രസായനാധികാരം എന്ന ൬൩-ാം സ്തബകം കഴിഞ്ഞു.

അഥ ചതുഃഷഷ്ട്യാശസ്തബകം.

മിശ്രപ്രകരണം.

ത്രിഫലയും അതിൻെറ ഗുണങ്ങളും.

ഏകാശിവാഭീതയുഗം ത്രയം ച
ധാത്ര്യാഃ സുവൈദ്യൈഃ "ത്രിഫലാ" നിരുക്താ
സേയം ച നേത്രാമയമേഹരോഗാ
നന്യാം ജ്വരാദീംശ്ച നിരാകരോതി. ൧

കടുക്ക താന്നിക്ക നെല്ലിക്ക ഇവ മൂന്നും കൂടിയതിന് ത്രിഫല എന്നു പേർ. ഈ ത്രിഫല നേത്രരോഗം, പ്രമേഹം, ജ്വരാദികളായ മററു രോഗങ്ങൾ, ഇവയെ ഇല്ലാതാക്കും.

ത്രികടുവും അതിൻെറ ഗുണങ്ങളും.

ജഗദ്ദൂഷണലംഘ്യ ചവ്യാദിസ്ത്ര്യൂഷണമേഹി ൨
...ദീപനമേതദ്വഹി.

ചുക്കു മുളകു ചെറുതിപ്പലി ഇവയ്ക്കു ത്ര്യൂഷണം(ത്രികടു)എന്നു പേർ. ഇതു് കഫം, പീനസം ഈ രോഗങ്ങളെ ശമിപ്പിക്കും. ദീപനവുമാണു്.

പഞ്ചകോലവും തൽഗുണങ്ങളും.

കണാകണാമൂലഹ്യഗ്നിജഗച്ചവ്യാഭിഃ
സപഞ്ചകോലോ രുചിവഹ്നികാരി
സംപാചകശ്ശോഷണസംയുതോऽയം
ഷട് കോല ഉക്തോऽഗ്നിവിവർദ്ധനകർത്താ. ൨

തിപ്പലി കാട്ടുതിപ്പലിവേരു കൊടുവേലിക്കിഴങ്ങു കാട്ടുമുളകിൻവേരു ഇവ അഞ്ചും കൂടിയതിനു് പഞ്ചകോലം എന്നുപേർ. ഇതു് രുചി, അഗ്നി ഇവയെ ഉണ്ടാക്കും. പഞ്ചകോലത്തിന്റെ കൂടെ നല്ലമുളകുകൂടി ചേർത്താൽ ഷട്കോല (ഷഡൂഷണ)മെന്നു പേർ. ഈ ഷട്കോലം ഏററവും അഗ്നിവർദ്ധനമാണു്.

ത്രിസുഗന്ധവും ചതുർജ്ജാതവും.

ഗജകേസരദളവല്ക്കലമേതദവേഹി
ത്രിസുഗന്ധികമേലാവച്ചതുർജ്ജാതമവേഹി. ൩

നാഗപ്പൂവു പച്ചില ഇലവർങ്ങം ഇവയ്ക്കു "ത്രിസുഗന്ധി" എന്നുപേർ. ഇവയോടു ഏലത്തരികൂടി ചേർത്താൽ "ചതുർജ്ജാത''മെന്നു പറയും.

ജീവനീയഗണവും തൽഗുണങ്ങളും.

കാകോളീ ക്ഷീരകാകോളീ ജീവകർഷഭമേദാ
മഹാമേദാ ജീവന്തീ മധുകമുദ്ഗപർണ്ണീ
മാഷപർണ്ണ്യ ഇതി ദിങ്മിതൈർജ്ജീവനീയഗണഃ
സ്വാദുർഗർഭസന്ധാനകൃൽ സ്തന്യകൃൽ ബൃംഹണോ
വൃഷ്യഃ സ്നിഗ്ധഃ ശീതസ്തൃർക്ഷതരക്തപിത്തക്ഷത-
ശോഷജ്വരദാഹാനിലാപഹഃ. ൪

കാകോളി ക്ഷീരകാകോളി ജീവകം ഇടവകം മേദ മഹാമേദ അടപതിയൻകിഴങ്ങു ഇരട്ടിമധുരം കാട്ടുഴുന്നു കാട്ടുപയറു ഇവ പത്തു കൾക്കുംകൂടി "ജീവനീയഗണം" എന്നുപേർ. ഇതു്, മധുരരസവും ഗർഭത്തെ സന്ധിപ്പിക്കുന്നതും മുലപ്പാലിനെ ഉണ്ടാക്കുന്നതും ബൃംഹണവും (തടിപ്പിക്കുന്നതും) ശുക്ലവൃദ്ധികരവും സ്നിഗ്ധവും ശീതഗുണവും തണ്ണീർദാഹം, രക്തപിത്തം, ക്ഷതം, ശോഷം, ജ്വരം, ചൂടു്, വാതം ഇവയെ ശമിപ്പിക്കുന്നതും ആകുന്നു. മേദ മഹാമേദ കാകോ

ളി ക്ഷീരകാകോളി ജീവകം ഇടവകം ഋദ്ധി വൃദ്ധി ഇവയ്ക്കു് അഷ്ടകവർഗ്ഗം എന്നുപേർ. ഗുണം ജീവനീയഗണംപോലെ.

ക്ഷീരിവൃക്ഷങ്ങൾ.

ഉദുംബരോ വടോऽശ്വത്ഥോ വേതസഃ പ്ലക്ഷ ഏവ ച
പഞ്ചൈതേ ക്ഷീരിണോ വൃക്ഷാസ്സംജ്ഞായാം സമുദാഹൃതാഃ. ൫

അത്തി പേരാൽ അരയാൽ ഇത്തി ആററുവഞ്ചി ഇവ "ക്ഷീരിവൃക്ഷ"ങ്ങളാണു്. ഇവയിൽ ആദ്യത്തെ നാലുകൾക്കു് "നാല്പാമരം" എന്നും പറയും.

ചതുരമ്ലവും പഞ്ചാമ്ലവും.

കോലദാഡിമവൃക്ഷാമ്ലൈരമ്ലവേതസസംയുതൈഃ
ചതുരമ്ലം തു പഞ്ചാമ്ലം മാതുലുംഗസമന്വിതം. ൬

ലന്തക്കുരു താളിമാതളം വാളൻപുളി തെരിഞ്ഞാൻപുളി ഇവനാലിനും "ചതുരമ്ല"മെന്നും ഇവ നാലും മാതളനാരങ്ങയുംകൂടി ചേർന്നാൽ പഞ്ചാമ്ലം എന്നും പേർ.

ബൃഹൽപഞ്ചഗവ്യം.

പഞ്ചഗവ്യം ദധിക്ഷീരഘൃതഗോമൂത്രഗോമയൈഃ

തൈരു് പാലു് നെയ്യു് ഗോമൂത്രം ചാണകം ഇവയ്ക്കു് പഞ്ചഗവ്യം എന്നുപേർ.

ലവണവർഗ്ഗം.

സിന്ധുസൌവർച്ചലം ചൈവ വിഡം സാമുദ്രമൌദ്ഭിദം
ഏകദ്വിത്രിചതുഃപഞ്ചലവണാനി ക്രമാദിഹ. ൭

ഇന്തുപ്പു് തുവർച്ചിലയുപ്പു്, വിളയുപ്പു് മരക്കലയുപ്പു് ഉവരുപ്പു് ഇവ ലവണവർഗ്ഗം.

പഞ്ചമൂലം ദശമൂലം.

കുമ്പിൾ കൂവളം പാതിരി പലകപ്പയ്യാനി മുഞ്ഞ ഇവ ബൃഹൽപഞ്ചമൂലം. ഓരില മൂവില കറുത്തചുണ്ട വെളുത്തചുണ്ട ഞെരിഞ്ഞിൽ ഇവ ചെറിയ പഞ്ചമൂലം. ഇവരണ്ടും കൂടിയതു് ദശമൂലം.

തൃണപഞ്ചമൂലം.

കുശഃ കാശഃ ശരോ ദർഭഃ ഇക്ഷുശ്ചൈവ തൃണോദ്ഭവം
പഞ്ചതൃണമിദം ഖ്യാതം തൃണാഖ്യം പഞ്ചമൂലകം. ൮

കുശ ആററുദർഭ അമ ദർഭ കരിമ്പു് ഇവ അഞ്ചും കൂടിയതു് തൃണപഞ്ചമൂലം.

സർവ്വഗന്ധം.

ചതുർജ്ജാതകകർപ്പൂരകക്കോലാഗുരുശിലകം
ലവങ്ഗസഹിതം ചൈവ സർവ്വഗന്ധം വിനിർദ്ദിശേൽ. ൧൦

ഏലം ഇലവർങ്ങം നാഗപ്പൂവു് പച്ചില കർപ്പൂരം തക്കോലം അകിൽ കുന്തുരുക്കം കന്മദം ലവങ്ഗം ഇവയ്ക്കു "സർവ്വഗന്ധം" എന്നു പേർ.

കിട്ടാത്ത ഔഷധിക്കു പകരം ചേർക്കേണ്ടവ.

മധ്വഭാവേ ഗുഡോ ജീർണ്ണഃ ശാല്യഭാവേ ച ഷഷ്ടികാ
നതം തഗരമൂലം സ്യാദഭാവേ കുഷ്ഠമേവ ച. ൧൧

തേനിനു പഴയ ശർക്കര, ചെന്നെല്ലിനു ഞവര, തകരത്തിന്നു കൊട്ടം ഇവ പകരമായി ചേർക്കണം.

വൃക്ഷാമ്ലം ദാഡിമാഭാവേ സിതായാഃ ഖണ്ഡമിഷ്യതേ
ചവികാഗജപിപ്പല്യൌ പിപ്പലീമൂലവൽ സ്മൃതൌ. ൧൨

താളിമാതളത്തിനു ഞെരിഞ്ഞാമ്പുളി, പഞ്ചസാരയ്ക്കു കല്ക്കണ്ടം, കാട്ടുമുളകിനും അത്തിത്തിപ്പലിക്കും തിപ്പലീമൂലം; ഇവ പകരമായി ചേർക്കണം.

സൌരാഷ്ട്രമൃദഭാവേ ച ഗ്രാഹ്യാ പങ്കസ്യ പർപ്പടീ
രസാഞ്ജനാപരിപ്രാപ്തൌ ദാർവ്വീക്വാഥഃ പ്രശസ്യതേ. ൧൩

തുവരിമണ്ണിനു പങ്കപർപ്പടി, രസാഞ്ജനത്തിനു മരമഞ്ഞൾ കഷായം ഇവ പകരം ചേർക്കണം.

ലോഹാഭാവേ തു മണ്ഡൂരം ദാർവ്വ്യഭാവേ തഥാ നിശാ
സുവർണ്ണരൂപ്യയോഗസ്യാഭാവേ ലോഹം പ്രയോജയേൽ. ൧൪

ലോഹത്തിനു പുരാണകിട്ടം, മരമഞ്ഞളിനു മഞ്ഞൾ, സ്വർണ്ണം വെള്ളി ഇവയ്ക്കു ലോഹം; ഇവ പകരം ചേർക്കണം.

അഭാവാൽ പൌഷ്കരേ മൂലേ കുഷ്ഠം സർവ്വത്ര ഗൃഹ്യതേ
സാമുദ്രം സൈന്ധവാഭാവേ വിഡം വാ ഗൃഹ്യതേ ബുധൈഃ. ൧൫

പുഷ്കരമൂലത്തിനു കൊട്ടം, ഇന്തുപ്പിനു കടക്കലയുപ്പു് അല്ലെങ്കിൽ വിളയുപ്പു് ഇവ പകരമായി ചേർക്കണം.

മേദാഭാവേട്ടശ്വഗന്ധാ സ്യാൽ മഹാമേദേ തു ശാരിബാ
ജീവകർഷഭകാഭാവേ ഗുഡൂചീ വംശലോചനാ. ൧൬

മേദയ്ക്കു് അമുക്കരം, മഹാമേദയ്ക്കു നറുനീണ്ടി, ജീവകത്തിനു അമൃതു്, ഇടവകത്തിനു വംശരോചന (കൂവനൂറു്) ഇവ പകരം ചേർക്കണം.

ഋദ്ധ്യഭാവേ ബലാ ഗ്രാഹ്യാ വൃദ്ധ്യഭാവേ മഹാബലാ
കാകോളീയുഗളാഭാവേ നിക്ഷിപേച്ച ശതാവരീം. ൧൭

ഋദ്ധിക്കു കുറുന്തോട്ടി, വൃദ്ധിക്കു വലിയ കുറുന്തോട്ടി, കാകോളിക്കും ക്ഷീരകാകോളിക്കും ശതാവരി ഇവ പകരം ചേർക്കണം.

യത്ര ച ദ്രവ്യമപ്രാപ്തം ഭേഷജേ പരപൂർവ്വതഃ
ഗ്രാഹ്യം തദ്ഗുണസാമ്യാത്തു ന തത്ര കശ്ചാപി ദൂഷണം. ൧൮

എവിടെ ഏതു ദ്രവ്യമാണോ കിട്ടാതെ വരുന്നതു്; അവിടെ അതിനു തുല്യഗുണമുള്ള ഔഷധം ചേർക്കുന്നതുകൊണ്ടു് ഒരു ദൂഷ്യവും സംഭവിക്കയില്ല.

ഔഷധലക്ഷണം.

പ്രശസ്തദേശസംഭവം പ്രശസ്തഹസ്തകോദ്ധൃതം
യദല്പകം മഹൽഗുണം സവർണ്ണഗന്ധസദ്രസം
പ്രഭാതകേ ച സത്തിഥൌ സുവാരകേ സമുദ്ധരേ-
ദ്ദദീചിദിക്പ്രരോഹിതം യഥോക്തയോഗ്യക്ഷകേ. ൧൯

പ്രശസ്തദേശത്തിൽ ഉണ്ടായതും പ്രശസ്തമായ അത്തം നക്ഷത്രത്തിൽ പറിച്ചെടുത്തതും ആയ ഔഷധം അല്പമായാലും മഹൽഗുണമായിരിക്കും. അതിന്റെ നിറവും ഗന്ധവും രസവും ഉണ്ടായിരിക്കുകയും വേണം. മരുന്നു പറിച്ചെടുക്കുന്നതുതന്നെ പ്രഭാതകാലത്തും, നല്ല തിഥി നല്ല ആഴ്ച ഇവ ഉള്ള ദിവസവും ആണു് ചെയ്യേണ്ടതു്. വടക്കേദിക്കിൽ ഉണ്ടാകുന്ന ഔഷധത്തിനാണു് ഗുണം കൂടുതൽ ഉള്ളതു്.

ഉക്തേ ചന്ദനശബ്ദേ തു ഗൃഹ്യതേ രക്തചന്ദനം
ലവണേ സൈന്ധവം വിദ്യാൽ മൂത്രേ ഗോമൂത്രമിഷ്യതേ. ൨൦

വിശേഷവിധിയില്ലാത്തിടത്തു് ചന്ദനത്തിനു് രക്തചന്ദനവും ലവണത്തിനു് ഇന്തുപ്പും മൂത്രത്തിനു് ഗോമൂത്രവും ചേർത്തുകൊള്ളണം.

ശകൃദ്രസപയഃസർപ്പിഃപ്രയോഗേ ഗവ്യമിഷ്യതേ
വിശേഷോ യത്ര നോക്തഃ സ്യാദേവ യത്ര വിധിഃ സ്മൃതഃ. ൨൧

Dr. SUDEV V.R. M.D(Ay)
Reg. No: 7605
Professor
Dept. of Panchakarma
VPSV Ayurveda College Kottakkal

ചാണകരസം പാൽ നെയ്യ് ഇവയ്ക്കു വിശേഷവിധിയില്ലാത്തിടത്തു് പശുവിന്റേതാണ ചേർക്കേണ്ടതു്.

സാരഃ സ്യാൽ ഖദിരാദീനാം നിംബാദീനാം ത്വചസ്തഥാ
ഫലം തു ദാഡിമാദീനാം പടോലാദേഃ ദളസ്തഥാ. ൨൨

ഖദിരാദികളുടെ കാതലും നിംബാദികളുടെ തൊലിയും ദാഡിമാദികളുടെ കായും പടോലാദികളുടെ ഇലയും ആണ് ചേർക്കേണ്ടതു്.

മൂലം ചിത്രകജം ച സൂരണഭവഃ കന്ദോട്യ നിംബഛദം
വാശായാശ്ച ഫലാനിചൈവ ത്രിഫലാജ്ഞാനി പുഷ്പാണ്യഥോ
ധാതക്യാദിഭവാനി ചൈവ ... തഥാ സാ... ... ചിൽ ഖാദിരഃ
ബാലം വില്വഫലം ച പക്വമുദിതം സ്യാദ്ദാഡിമോത്ഥം ഫലം.

അവണക്കിന്റെ വേരും, കാട്ടുചേനയുടെ കിഴങ്ങും, വേപ്പിന്റെയും ആടലോടകത്തിന്റെയും ഇലയും. കടുക്ക നെല്ലി താന്നി ഇവയുടെ ഫലവും, താതിരിയുടെ പുഷ്പവും, കരിങ്ങാലിയുടെ കാതലും; കൂവളത്തിന്റെ ഇളയകായും മാതളത്തിന്റെ പഴുത്തകായും ഉപയോഗിച്ചുകൊള്ളണം,

വിഡംഗകൃഷ്ണാഗുഡധാന്യഹവ്യ
താംബൂലകാഞ്ജീകമധൂൻ വിഹായ
അന്യാനി യോജ്യാനി നവാനി വൈദ്യൈർ-
ദ്രവ്യാണി ശുഷ്കാണി സമഗ്രയാനി. ൨൩

വിഴാലരി തിപ്പലി ശക്കര ധാന്യം നെയ്യ് താംബൂലം കാടി തേൻ ഇവയൊഴിച്ച് ഉള്ള ഔഷധങ്ങളൊക്കെയും പുതിയതുവേണം ഉപയോഗിക്കേണ്ടതു്.

പീയൂഷവാശാകുടജാശ്വഗന്ധാ
കൂശ്മാണ്ഡകാദ്യാഃ ശതമൂലികാ...
ശതപ്രസൂനാ സഹ... ...
പ്രസാരിണീ ചാദ്ര സദാർദ്രകാ... ...സ്യുഃ. ൨൪

അമൃതു് ആടലോടകം കുടകപ്പാല അമുക്കുരം കുമ്പളങ്ങ ശതാവരി ശതപുഷ്പം കരിങ്കുറിഞ്ഞി ഇവ എപ്പോഴും പച്ചയായിത്തന്നെ ഇരിക്കണം.

അംശേഽനുക്തേ ജടാ ഗ്രാഹ്യാ ഭാഗേഽനുക്തേഽഖിലം സമം
പാത്രേഽനുക്തേ മൃദഃ പാത്രം കാലേഽനുക്തേ തു പ്രഭാതകം. ൨൫

അവയവം പറയാതിരുന്നാൽ മരുന്നിന്റെ വേരുപയോഗിക്കണം. ഭാഗം പറയാതിരുന്നാൽ എല്ലാ ഭാഗവും, പചിക്കുന്നതിന്ന് പാത്രം പറയാതിരുന്നാൽ മൺപാത്രവും, ഔഷധസേവയുടെ കാലം പറയാതിരുന്നാൽ പ്രഭാതകാലവും ഉപയോഗിക്കണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
മിശ്രപ്രകരണം എന്ന ൫൪-ാം സ്തബകം കഴിഞ്ഞു.
ഉത്തരാർദ്ധം സമാപ്തം.

ശുഭം.

Dr. SUBIN. V.R, M.D(Ay)
Reg. No: 7605
Professor
Dept. Of Panchakarma
VPSV Ayurveda College Kottakkal

ഈ പുസ്തകത്തിന്റെ സർവ്വാവകാശവും കൊല്ലം വി. വി. പ്രെസ്സ് ഉടമസ്ഥരിൽ ഇരിക്കുന്നു.

കഫകോപംനിമിത്തം കടവായിലെ താടിയെല്ലിനെ സംബന്ധിച്ചതായ പല്ലിന്റെ ചുവട്ടിൽ വലുതായ നീരും വേദനയും കഫസ്രാവവും ഉണ്ടാകും. അതിനെ അധിമാംസം എന്നു പറയുന്നു. അതിനെ ശസ്ത്രക്രിയകൊണ്ടു ചികിത്സിച്ചു ഭേദമാക്കണം.

തച്ചികിത്സ.

പാഠാമാക്ഷികതേജോവല്ലീപടുഭിഃ സസർജ്ജികാ
യവാഗ്രജഭവൈഃ
പ്രതിസാരണമിഷ്യതേ ചൂർണ്ണിതൈരന്യാ-
ന്തരേ ധാരിതൈഃ
ഗണ്ഡൂഷം ത്രിഫലാപടോലപിചുമന്ദൈഃ സമ്പാ-
ദിതൈരംബുഭിർ-
വാരംവാരമഥോദ്ധൃത്യ ധാവനാവിധിഃ കാര്യോ-
ധിമാംസേ സദാ. ൨൪

പാടക്കിഴങ്ങു് ചെറുപ്പുന്നയരി ഇന്തുപ്പു് സർജ്ജികക്ഷാരം ചവക്കാരം വലിയതിപ്പലിയും ചെറിയതിപ്പലിയും ഇവ പൊടിച്ചു തേനുംചേർത്തു് വായിൽധരിക്കുക; ത്രിഫല പടോലം കയ്പ്പുള്ള ഇവ കഷായംവച്ചു് ദിവസംതോറും കവിൾക്കൊള്ളുക; അധിമാംസം ശമിക്കും.

ദന്തനാഡീലക്ഷണം.

നാഡ്യോƒ പഞ്ചാസ്യഗദാന്തമൂല-
ജാതാശ്ച വാതാദപി പിത്തതശ്ച
ശ്ലേഷ്മപ്രകോപാദഥ സന്നിപാതാ-
ദാഗന്തുകാന്യാ ഖലു പഞ്ചമീ സാ. ൨൫

വാതം പിത്തം കഫം സന്നിപാതം ഇവയുടെ കോപം ഹേതുവായിട്ടും ആഗന്തുകമായിട്ടും അഞ്ചുവിധം നാഡീവ്രണം ഉണ്ടാകുമെന്നു പറഞ്ഞിട്ടുണ്ടു്. ആ അഞ്ചുവിധവും ദന്തമൂലത്തിലും ഉണ്ടാകുമെന്നു് അറിഞ്ഞുകൊള്ളണം.

തച്ചികിത്സ.

യഥാസമാലോക്യ ച ദന്തനാഡീം
നാഡീവ്രണേനൈവ സമം ചികിത്സേൽ
യദ്ദന്തമദ്ധ്യേ പ്രതിജായതേ സാ
തദ്ദന്തമുദ്ധൃത്യ ച മൂലമാംസാൻ. ൨൬
ശസ്ത്രേണ ചോൽകൃത്യ തു ഭഗ്നമസ്ഥി-
കീലം നിരാകൃത്യ തതോƒഗ്നികർമ്മ

ക്ഷാരക്രിയാം തത്ര സമാചരേദ്വാ
രക്തസ്രുതിസ്സ്യാദാശു കരോതി കാണം. ൨൭
തസ്മാന്നചോദ്ധ്യം രദമുദ്ധരേച്ച
ക്ഷാരാഗ്നിയോഗേന ച നിർഹരേത്തം

ദന്തനാഡിയെ വഴിപോലെ ആലോചിച്ചു് നാഡീവ്രണം പോലെ ചികിത്സിക്കണം. ഈ ദന്തനാഡി, ദന്തമദ്ധ്യത്തിൽ ഉണ്ടാകുകയാണെങ്കിൽ ആ പല്ലു പറിച്ചുകളഞ്ഞു് മൂലമാംസങ്ങളെ ശസ്ത്രംകൊണ്ടു് എടുത്തു ഒടിഞ്ഞ അസ്ഥികളെ ഉപേക്ഷിച്ചതിന്റെശേഷം പൊള്ളിക്കുകയോ ക്ഷാരംവയ്ക്കുകയോ ചെയ്യണം. മുകളിലെ വരിയിലുള്ള പല്ലു് ആയുധംകൊണ്ടു് എടുത്തുകൂടാ. അതിനെ എടുത്താൽ രക്തസ്രവണം ഉണ്ടായിട്ടു് രോഗി പൊട്ടനായിത്തീരും. അതുകൊണ്ടു് മുകൾവരിയിലെ പല്ലുകളെ ക്ഷാരാഗ്നികർമ്മങ്ങൾകൊണ്ടു് കളയണം.

കവിൾക്കൊള്ളുന്നതിനു തൈലം.

ജാതീത്രികണ്ടമദനൈഃ ഖദിരത്വചാപി
ക്ഷൗദ്രൈഃ കഷായനിചയൈരപി ജാതിപത്രൈഃ
കല്ക്കീകൃതൈഃ കനകപത്രയുതൈശ്ച കണ്ട-
കാരീത്രികണ്ടകനതൈഃ ഖദിരാജനാഭ്യാം. ൨൮
സിദ്ധം ച തൈലമസകൃദ്വിനിഹന്തി നിത്യം
ഗണ്ഡൂഷധാരണവിധാനവശേന സദ്യഃ

പിച്ചകത്തില ഞെരിഞ്ഞിൽ മലങ്കാരയ്ക്കാ കരിങ്ങാലിക്കാതൽ ജാതിപത്രി ഇവ കഷായംവച്ചു് അതിൽ കണ്ടകാരി ഞെരിഞ്ഞിൽ തകരം കരിങ്ങാലിക്കാതൽ മഞ്ചട്ടി ഇവ കല്ക്കമായി ഉമ്മത്തിലയുടെ നീരുംചേർത്തു കാച്ചിയതൈലം പലപ്രാവശ്യം കവിൾക്കൊണ്ടാൽ ദന്തരോഗം ശമിക്കും.

ദന്തവിദ്രധിലക്ഷണം.

ദന്തമാംസമലസംഗതസ്രാവീ
ജായതേ ശ്വയഥുരേവ ച വാതാൽ
ദാഹരുഗ്രുധിരപൂയസംസ്രവാ-
ദ്വിദ്രധിശ്ച കഥിതോƒത്ര യഥാവൽ. ൨൯

ദന്തമാംസങ്ങളിൽ അഴുക്കുപററുക നിമിത്തം അകത്തും പുറത്തും ചൂടോടും വേദനയോടുംകൂടി നീരുണ്ടാകും. ചോരയും ചലവും ഒഴുകുകയും ചെയ്യും. ഇതിനെ ദന്തവിദ്രധി എന്നു പറയുന്നു. ഇതിന്നു് വാതകോപമാണു കാരണം.

തച്ചികിത്സ.

വിദ്ധ്യുക്തോ വിധിരപി സദാ വിദ്രധൌ ദന്തജാതേ
കുര്യ്യാൽ സമ്യക് സകലഭിഷജാം സമ്മതം ശസ്ത്രകർമ്മ
ഏതാനുക്താ ദശഗതപുടാദ്ദാദനോദ്ഭൂതരോഗാ-
നന്യാൻ ബ്രൂമോ രദനജഗദാൻ ദാലനാദീൻ യഥാവൽ.

ദന്തവിദ്രധിയിൽ വിദ്രധിക്കു വിധിച്ച ചികിത്സയും ശസ്ത്രക്രിയയും ചെയ്യാം. ഈ പറഞ്ഞ രോഗങ്ങൾ കൂടാതെ ദാലനാദികളായ മററു ദന്തരോഗങ്ങളെ ഇനിയും പറയുന്നു.

ദാലനലക്ഷണം.

ദീര്യ്യമാണം യദാ ദന്തം യത്ര പീഡായുതം ഭവേൽ.
ദാലനോ നാമ സോ വ്യാധിഃ സദാഗതിസമുദ്ഭവഃ. ൨൫

വാതംകോപിച്ച് പല്ലുകൾ പിളരുന്നപോലെ വേദനയുണ്ടായാൽ അതു് ദാലനം എന്ന ദന്തരോഗമാകുന്നു.

തച്ചികിത്സ.

തൈലം തിലാനാം ച പയോ ഗവീനാം
ലാക്ഷാരസം ചാപി തു വക്ത്രമാഗ്നൈഃ
ദ്രവ്യൈഃ പലൈകപ്രമിതൈഃപൃഥഗ് വാ
കടാഹൈശ്ചതുർഭാഗമിതൈഃ പചേച്ച. ൨൬

ലോധ്രാതുനാഗാഹ്വയപത്മയഷ്ടീ-
ശ്രീഖണ്ഡകാശ്മീരജലോദ്ഭവാനാം
സപത്മകാരാഹ്വ ജലം വിററായ
സിദ്ധം മുഖേ ധാരിതമേവ സദ്യഃ. ൨൭

ദന്താളിദാലനമഥോ രദചാലനം വാ
ശോകം ച്യുതസ്യ ശിശിരതപമലം കപാലിം
വൈരസ്യമാസ്യഗമഥോ പൃതുചിം ച പൂതി-
ഭാവം ച വക്ത്രഗതമാശു നിരാകരോതി. ൨൮

പാച്ചോററിത്തൊലി മഞ്ചട്ടി കമ്പിൾവേരു് ഓരിലത്താമര ഇരട്ടിമധുരം ചന്ദനം പുഷ്കരമൂലം താമരവളയം പത്തുമുകം ഇവ ഓരോപലംവീതം കഷായംവച്ചു നാലൊന്നാക്കി എള്ളെണ്ണയും കോലരക്കിൻനീരും പാലും ചേർത്തു കാച്ചിയെടുത്തു് കവിൾകൊള്ളുക; ദന്തദാലനം രസം അറിയാൻ വയ്യായ്ക, വായിലുള്ള ദുർഗന്ധം മുതലായവ ശമിക്കും.

ക്രിമിദന്തലക്ഷണം.

ദന്തഗമേചകഃ രിഭ്രസ്സ്രവതി ജലം ഹി
ക്രിമിദന്തകമിദമുദിതം തീവ്രരുജം ഹി. ൨൯

പല്ലുകൾക്കു് കറുത്തസുഷിരമുണ്ടാവുക; വെള്ളം ഒലിക്കുക; അതിവേദന ഉണ്ടായിരിക്കുക; ഇവ ക്രിമിദന്തത്തിൻെറ ലക്ഷണമാണു്.

തച്ചികിത്സ.

അഭയാചൂർണ്ണം മധുനാ ക്ഷണമേകം തു താമ്രപാത്രസംപാകം
ഗുടികാ കഠിനാ ഘടിതാ ദന്തേഷു ക്രിമിഗണാൻ ഹന്യാൽ. ൩൦

കടുക്കായുടെ പൊടി തേൻചേർത്തു് ചെമ്പുപാത്രത്തിൽ പചിച്ചു ഗുളികയാക്കി ദന്തങ്ങളിൽ പ്രയോഗിക്കുക; പല്ലുകളിലുള്ള ക്രിമികൾ ശമിക്കും.

ധൂപം.

അതിസന്താപിതലോഹേ
കടുതൈലദ്രവാതുണീഷലധൂപൈഃ
ദന്തവ്രണക്രിമിയോഗാൽ
സദ്യഃ സ്യാൽ ക്രിമിദന്തസ്യാശു നാശോ ഹി.

ഒരു ഇരുമ്പിൻകഷണം എടുത്തു് നല്ലവണ്ണം ചൂട്ടുപിടിപ്പിച്ചു് അതിൽ കടുകെണ്ണയും ചെറുവെള്ളരിയുടെ അരിയുംകൂടി ഇട്ടു പുകയ്ക്കുക; ക്രിമിദന്തം ശമിക്കും.

ഭഞ്ജനകലക്ഷണം.

വക്ത്രം ഭവേദ്വക്രമഥാപി ദന്ത-
ഭംഗോ ബലാസേന സവാതകേന
തം ഭഞ്ജനം വ്യാധിമുശന്തി ധീരാ
വൈദ്യാഃ പുരാണാശ്ചരകാദയോ ഹി. ൩൧

വാതകഫങ്ങൾ കോപിച്ചു് മുഖം വളയുക; പല്ലു മുറിയുക; ഇവ ഭഞ്ജനകം എന്ന ദന്തരോഗത്തിൻെറ ലക്ഷണങ്ങളാണു്.

തച്ചികിത്സ.

കോലബീജസ്യ ദന്തപ്രയോഗാ നവം
ദന്തദാർഢ്യം ഭവേദശ്മഭേദസ്യ വാ
ധാരണാദ്ദന്തപംക്തേസ്തഥാ ദന്തജാ
പംക്തിരേവം ഭവേദഞ്ജകല്പാ സദാ. ൩൨

ലന്തക്കുരുപ്പരിപ്പോ കല്ലുർവഞ്ചിയോ കാടിമായോ ചൂർണ്ണമാ യോ ദന്തത്തിൽ പ്രയോഗിച്ചാൽ പല്ലിന് ഉറപ്പുണ്ടാകും.

ദന്തഹർഷലക്ഷണം.

ശീതരൂക്ഷപ്രവാതാമ്ലസ്പർശാനാമസഹാ ദ്വിജാഃ
പിത്തമാരുതകോപേന ദന്തഹർഷസ്സ നാമതഃ. ൫൪

പല്ലുകൾക്ക് തണുപ്പ്, രൂക്ഷത, വലിയ കാറ്റ്, അമ്ലസ്പർശം ഇവ സഹിക്കാൻ വയ്യാതെ വരുന്നത് ദന്തഹർഷമെന്ന രോഗമാണ്. ഇതിൽ പിത്തവും കഫവുമാണ് കോപിക്കുന്നത്.

തച്ചികിത്സ.

നിർയ്യൂഹാനിലഹന്താരോ ദന്തഹർഷനിഷൂദനാഃ
തിലകർഷം ദധിപ്രസ്ഥാംബു ക്വഥിതം പ്രസ്ഥശേഷിതം. ൫൫
ദന്തചാഞ്ചല്യഹർഷാദീൻ മുഖരോഗാനശേഷതഃ
ഗണ്ഡൂഷധാരണാൽ നൃണാം സ്ത്രീണാം ചാപി വിശേഷതഃ ൫൬

വെളുത്താവണക്കിൻവേരു കഷായംവെച്ച് കവിൾക്കൊള്ളുകയോ, നറുക്കഴഞ്ഞ് എള്ള് രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച് ഇടങ്ങഴിയാക്കി കവിൾകൊള്ളുകയോ ചെയ്താൽ സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ദന്തഹർഷം മുതലായ രോഗങ്ങൾ ശമിക്കും.

കപാലികാലക്ഷണം.

ദീര്യന്തേ ദന്തേഷു മലാന്വിതേഷു
കപാലികേയം കഥിതാ മുനീന്ദ്രൈഃ
ദന്തച്ഛവിദോഷാ രദരോഹിണീ സാ
തസ്യാം സമുദ്ധൃത്യ രദം പ്രയത്നാൽ. ൫൭

പല്ലുകളിൽ മലം പറ്റുകയാൽ പല്ലുകൾ അടന്നുപോകുകയും നശിക്കുകയും ചെയ്യുന്നു. ഇതിനെ ദന്തകപാലിക എന്നു പറയുന്നു. ഇതിന് പല്ലു പറിച്ചുകളഞ്ഞതിനുശേഷം താഴെ പറയുന്ന ചികിത്സ ചെയ്യണം.

തച്ചികിത്സ.

ലാജാരജോഭിർമധുനാ സമേതൈഃ
പുനഃപുനർവാ പ്രതിസാരയേച്ച
യദ്ദന്തഹർഷേ കഥിതം വിചാര്യ
തദത്ര കാര്യം ഭിഷഗീശവര്യൈഃ. ൫൮

മലർപൊടിയും തേനും ചേർത്ത് കുഴച്ച് പല്ലിൽതേച്ച് വെളുപ്പിക്കുകയും, ദന്തഹർഷത്തിൽ പറയപ്പെട്ട ചികിത്സ ചെയ്യുകയും ചെയ്താൽ കപാലികാ എന്ന ദന്തരോഗം ശമിക്കും.

ശ്യാവദന്തകലക്ഷണം.

അസൃങ്മിശ്രേണ പിത്തേന ദഗ്ധോ ദന്തസ്ത്വശേഷതഃ
ശ്യാവതാം നീലതാം വാപി ഗതഃ സ ശ്യാവദന്തകഃ. ൫൯

രക്തപിത്തങ്ങളാൽ ദഗ്ധമായ പല്ലുകളശേഷം കരുവാളിച്ചോ കറുത്തോ നീലനിറത്തിലോ ഇരിക്കും. അതിന്നു ശ്യാവദന്തം എന്നു പേർ.

തച്ചികിത്സ.

ശ്യാവദന്തേ തു ദന്താനാമശക്യം ഹരണം സംഹരേൽ
സംശോധ്യ ക്ഷാരമേകം തു പ്രയുഞ്ജീത ഭിഷഗ്വരഃ. ൬൦

ശ്യാവദന്തത്തിൽ എടുക്കാൻ കഴിയാത്ത പല്ലിനെ ഉരച്ചുകളഞ്ഞു ശോധിച്ചതിനുശേഷം ക്ഷാരം പ്രയോഗിക്കണം.

കരാളലക്ഷണം.

ദന്താശ്രിതോ യദാ പശ്ചാൽ കരാളാൻ വികടാൻ കരോതി
വായുഃ കരാളദന്തോഽസൗ നൈവ സിദ്ധ്യതി കർഹിചിൽ. ൬൧

വായു ദന്തങ്ങളിൽ ആശ്രയിച്ച് പല്ലുകളെ ഭയങ്കരങ്ങളാക്കിയും വികടങ്ങളാക്കിയും ചെയ്യുന്നു. അതിന്നു കരാളദന്തം എന്നു പേർ. ഇതു് മിക്കവാറും അസാദ്ധ്യമാണ്.

ഗുളിക.

കാസീസബാല്ഹീകഹിംഗുകാദി-
സൗരാഷ്ട്രികാനാം ച വടീം വിധായ
ദന്തൈർമുഖേ സന്ധാപ്യ ദന്തശൂലാൽ
ഭീതിർഭവേന്നൈവ കൃമിപ്രഭൂതാ. ൬൨

ശുദ്ധിചെയ്ത അന്നഭേദി കായം തുവരിമണ്ണു ഇവ കൊണ്ടു വടകമുണ്ടാക്കി വെള്ളത്തിൽ കലക്കി വായിൽ ധരിക്കുക; ദന്തശൂലയും കൃമിപീഡയും ശമിക്കും.

ജിഹ്വാരോഗങ്ങൾ.

വാതജജിഹ്വാരോഗം.

രസനാ സ്ഫുടിതാ പ്രഭഞ്ജനേന
പ്രതിസുപ്താ പ്രഭവേച്ച ശാകതുല്യാ
അതിസുപ്തതരാ രസാനഭിജ്ഞാ
വിഹിതം ശോണിതമോക്ഷണം തു തത്ര. ൬൩

വാതജമായ ജിഹ്വാരോഗത്തിൽ നാക്ക് പൊട്ടിവിണ്ടുകീറിയും തരിച്ചോട്ടകൂടിയും തൊലിയിന്റെ ഇറച്ചിയുടെ പാതയിലൂടെ രസം അറിയാൻ വയ്യാതെയും ഇരിക്കും. അതിങ്കൽ രക്തം കളയുകയാണ് ചികിത്സ.

തച്ചികിത്സ.

അമൃതത്രിവൃതതീപിപ്പലീമരിചകണാ-
പടുഭിഃ കബളോ വിഹിതഃ കടുഭിഃ
രദനച്ഛദയോരനിലപ്രഭവേ
കലിതോ നിഹിതോഽപ്യഗദേ ച ചരേൽ. ൩൮

അമൃത് വേപ്പിൻതൊലി തിപ്പലി ഇന്തുപ്പ് ചുക്ക മുളക തിപ്പലി ഇവ പൊടിച്ച് കബളമാക്കി ഉപയോഗിക്കുക; വായുജമായ ഓഷ്ഠരോഗത്തിന് വിധിച്ചിട്ടുള്ള ചികിത്സയും ചെയ്യുക; വാതജജിഹ്വാരോഗം ശമിക്കും.

പിത്തജമായ ജിഹ്വാരോഗം.

സദാഹരക്തൈ രവികണ്ടകൈശ്ച
പിത്താൽ ബൃഹദ്ഭിശ്ചിതി ചീയതേ ച
നിർല്ലിഖ്യ തദ്രക്തവിനിസ്രുതൌ ച
ഗണ്ഡൂഷസാരണവിധിർമ്മധുരൈശ്ച നസ്യം. ൩൯

പിത്തകോപത്താൽ നാക്ക് ദഹിച്ചും ചുവന്നതും വലുതും ആയ മുള്ളുകളാൽ വ്യാപിച്ചും ഇരിക്കും. ഇതിന്ന് രക്തം ഉരച്ചു കളഞ്ഞിട്ട് മധുരരസങ്ങൾ കൊണ്ടുള്ള ഗണ്ഡൂഷം, പ്രതിസാരണം, നസ്യം ഇവ ചെയ്യണം.

കഫജമായ ജിഹ്വാരോഗം.

കഫേന വാ ശാല്മലികണ്ടകാഭൈർ-
മാംസോദ്ഗതൈർദ്ദീർഘതരൈരശ്ചിതം ചേൽ
വിലിഖ്യ തൽ കണ്ടകജാലമത്ര
രക്തം വിനിസ്സാര്യ കണാമധുഭ്യാം. ൪൰

കുര്യാത്തഥാ സാരണമേവ തത്ര
സസൈന്ധവം വാ കബളം മുഖേഽസ്യ
സന്ധാരയേദ് ഗൌരസുസർഷപാണാം
സംപേഷ്യ വിദ്വാൻ കഫജേഽപ്യരോഗേ. ൪൧

കഫജമായ ജിഹ്വാരോഗത്തിൽ നാക്ക്, ഇലവിൻമുള്ളുപോലെ നീണ്ട മാംസസമൂഹങ്ങളാൽ വ്യാപിച്ചിരിക്കും എങ്കിൽ നാക്കു വടിച്ച് രക്തം കളഞ്ഞു തിപ്പലിയും തേനുംകൂടി പുരട്ടി വെള്ളംവാ

ർത്തു കളയുകയും, വെൺകടുക് അരച്ച് ഇന്തുപ്പും ചേർത്തു കബളം ഉണ്ടാക്കി വായിൽ ധരിക്കുകയും ചെയ്യണം

അലാസലക്ഷണം.

ജിഹ്വാതലജശ്ശ്വയഥുർ
ഗാഢോഽയഃ കഫരക്തജഃ പ്രസിദ്ധോഽയം.

ജിഹ്വാസ്തംഭനപാകം.

കുരുതേഽതോ ഹേയസ്സ ത്രൈദോഷ്യശ്ച. നവ.

കഫരക്തങ്ങൾ കോപിച്ച് നാവിന്മേൽ ഭയങ്കരമായ നീരും നാവിന്ന സ്തംഭനവും നാവിന്റെ അടിയിൽ പഴുപ്പും ഉണ്ടാകും. ഇതിന്ന് അലാസം എന്നുപേർ. ഇതു ത്രിദോഷകോപത്താൽ ഉണ്ടാകുന്നതാകയാൽ അസാദ്ധ്യമാകുന്നു.

ഉപജിഹ്വികലക്ഷണം.

ജിഹ്വാഗ്രതുല്യാ കഫരക്തമൂർത്തിർ-
യോ ജായതേഽസൌ ശ്വയഥുരുപജിഹ്വഃ
ഉന്നമ്യ ജിഹ്വാം ദവഥുപ്രയുക്തഃ
കണ്ഡൂസമേതോഽപി ഭിഷക്പ്രഗീതഃ. സൻ

കഫരക്തങ്ങൾ കോപിച്ചു നാവിന്റെ താഴെ നാവിന്റെ അഗ്രത്തോടു തുല്യമായ നീരുണ്ടാകയും ദഹിക്കയും ചൂടും ചൊറിച്ചിലും ഉണ്ടായിരിക്കയുംചെയ്യും. ഇതിനെ ഉപജിഹ്വം എന്നുപറയുന്നു.

തച്ചികിത്സ.

ആകൃഷ്യ ചൈനം ബഡിശേന വിദ്വാൻ
സംഛേദയേന്മണ്ഡലകാഗ്രകേണ
തീക്ഷ്ണൌഷധൈർഘർഷണമത്ര കുര്യാൽ
തന്നാശനാർത്ഥം ഭിഷജോ വദന്തി. ൧൦

ഈ ഉപജിഹ്വകത്തെ ബഡിശശസ്ത്രംകൊണ്ട് പിടിച്ച് ഉയർത്തി മണ്ഡലാഗ്രം എന്ന ശസ്ത്രംകൊണ്ടു ഛേദിക്കണം. അതിനു ശേഷം തീക്ഷ്ണങ്ങളായ ഔഷധങ്ങൾകൊണ്ടു ഘർഷണവുംചെയ്യണം.

വലയജിഹ്വാരോഗം.

കഫോന്നതം ശോഥമലം പ്രകുര്യാ-
ജ്ജിഹ്വാഗതം ചാന്നഗതിം നിവാര്യ
തമേയമാഹുഃ പ്രതിവാര്യ വീര്യം
രോഗം പ്രദുഷ്ടം വലയം സുവൈദ്യാഃ. ൧൫

കഫത്താൽ നാവിൽ ഉയച്ചയോടുകൂടിയ നീരുണ്ടാകും. [illegible] ന്നതിൻെറ ഗതിയെ തടയുകയും ചെയ്യും. [illegible] ന്ദ്രത്തോടുകൂടിയതും [illegible] ന്നു പറയുന്നു. ഇതു് അസാദ്ധ്യമാകും.

തച്ചികിത്സ.

ശിരോവിരേകേണ തഥൈവ വിഭോൻ
ഗണ്ഡൂഷധൂമാദിനി[illegible]
വ്യോഷാഭയാക്ഷാരകൃശാനുചൂർണ്ണൈഃ
പ്രഘർഷണാത്തം പ്രശമം നയേച്ച. ൧൨

ശിരോവിരേകം, ഗണ്ഡൂഷം, ധൂമം ഇവ പ്രയോഗിച്ചും, ചു[illegible] മുളക, തിപ്പലി, കടുക്ക, ചവർക്കാരം, [illegible] ഇവ പൊടിച്ചു ഘർഷണം ചെയ്തും [illegible] ശമിപ്പിക്കണം.

ജിഹ്വാജാഡ്യവും ജിഹ്വാകണ്ടവും

ജിഹ്വാജാഡ്യം [illegible]
ഭസ്മ പ്രായേണ ഘർഷണ [illegible]
ഹന്യാത്തദാൽ ക്ഷാരജംവീരയോ[illegible]
വാരം വാരം ചർവ്വണം [illegible]. ൧൩

ജിഹ്വാജാഡ്യവും ജിഹ്വാകണ്ടവും [illegible] ഇവകൊ[illegible] ഉപ്പുകൾകൊണ്ടും [illegible] ഇവ ദിവസംതോറും വായിൽഇട്ടു ചവച്ചും ശമിപ്പിക്കണം.

താലുരോഗങ്ങൾ.

ഗളശുണ്ഠി.

ശ്ലേഷ്മാസൃഗ്ഭ്യാം താലുമൂലെ [illegible]
ദീർഘശ്ശോഫോ ധ്മാതവസ്തിപ്രകാശഃ
തൃഷ്ണാകാസശ്വാസകൃത്തം വദന്തി
വ്യാധിം വൈദ്യാഃ കണ്ഠശുണ്ഠീതി നാമ്നാ. ൧൪

കഫരക്തങ്ങൾമൂലം അണ്ണാക്കിൽ [illegible] വസ്തി[illegible] പോലെ പ്രവൃദ്ധമായും ദീർഘമായും നീരുണ്ടാകും. ദാഹം, ചുമ, ശ്വാസം ഇവയും ഉണ്ടായിരിക്കും. ഇതിനെ ഗളശുണ്ഠി എന്നുപറയുന്നു.

തച്ചികിത്സ.

വ്യാധിവ[illegible]
ചൂർണ്ണമലം മധുപാഠസമേതം
[illegible]
താലുരോഗം [illegible]

[illegible] തൊ[illegible] ചൂർണ്ണം വെച്ചു തേനിൽ ചാലിച്ചു [illegible] തൊട്ടു തേച്ചു [illegible] വായിൽ [illegible] കള[illegible] ശുണ്ഠി ശമിക്കും.

തുണ്ഡികേരീലക്ഷണം.

ശോഫഃ [illegible]
പാകമേതി കഫരക്തഭവാ യാ
തുണ്ഡികേരിഗദിതാ വരവൈദ്യൈ-
സ്തത്രഹേതു കഫനാശനയോഗഃ. ൧൫

കഫരക്തസഗണ്ഡൂഷ[illegible]
തുണ്ഡികേരീ [illegible]

കഫരക്തങ്ങൾ കോപിച്ചു [illegible] അണ്ണാക്കിൽ നീരുണ്ടാകും. ശൂലം, ചുട്ട്, [illegible] ഇവയും ഉണ്ടായിരിക്കും. അതിനെ തുണ്ഡി[illegible] കഫരക്തങ്ങളുടെ യോഗങ്ങൾകൊണ്ടും [illegible] വായാലും തുണ്ഡികേരി ശമിക്കും. ശസ്ത്ര[illegible] വൈദ്യൻ ഈ രോഗത്തിൽ ശസ്ത്രം പ്രയോഗിക്കരുത്.

അദ്ധ്രു[illegible]

[illegible] സ്തബ്ധ[illegible]
ശോണിതജാട്യധ്രുഷോ[illegible]
വാണീ രാസ്നാ രോഹിതകാദി[illegible]
ഹിത്വാ[illegible] ൧൬

[illegible] വക്രേ [illegible]
പ്രായോ വൈദ്യൈരതമിദം[illegible]

രക്തംനിമിത്തം അണ്ണാക്കിൽ ചുവന്ന നിറത്തിൽ വലിയ [illegible] ദനയോടുകൂടി നീരുണ്ടാകും. അതു് സ്ത[illegible] ഇരിക്കും. [illegible] തിന്ന് അധ്രൂഷം എന്നുപേർ. [illegible] വേരിലെതൊലി അടയ്ക്കാമണിയൻവേര് [illegible] തൊലി ഇവ കഷായംവെച്ചു കവിൾകൊള്ളുക; അധ്രൂഷം എന്ന താലുരോഗം ശമിക്കും.

കച്ഛപലക്ഷണം.

കൂർമ്മോത്സേധഃ ശീഘ്രഭവോ[illegible]
[illegible] വൈദ്യൈഃ കച്ഛപരോഗഃ. ൧൭

സോ നിഷ്പീഡഃ കഫസംജ്ഞിതഃ
കച്ഛപ്രവിഷാവാഗ്ഭിഃ പിഷ്ടാ
സാകം ക്ഷൌദ്രൈഃ പടുഭിഃ കുര്യാ-
ന്മാരീചൈർവാ പടുഭിശ്ചൂർണ്ണൈഃ. ൨൦

കഫം കോപിച്ച് അണ്ണാക്കിൽ അല്പം വേദനയോടുകൂടി ആമയുടെ ആകൃതിയിൽ നീരുണ്ടാകും വേഗത്തിൽ വർദ്ധിക്കുകയും ചെയ്യും. ഇതിന്നു കച്ഛപം എന്നുപേർ. കൊട്ടം അതിവിടയം ബ്രഹ്മി ഇവ അരച്ചു തേനും ഉപ്പുകളും ചേർത്ത് വായിൽ ധരിക്കുകയോ നല്ലമുളകും ഉപ്പുകളുംചേർത്ത് പൊടിച്ചു വായിൽ ധരിക്കുകയോ ചെയ്താൽ കച്ഛപം എന്ന താലുരോഗം ശമിക്കും.

അന്യയോഗം.

പാഠാകുടന്നടക്ഷൌദ്രസൈന്ധവൈഃ സഹ വൈദ്യരാട്
പ്രതിസാരണമേവാശു കുര്യാൽ പൂർവ്വോദിതൈസ്സഹ. ൨൧

പാടക്കിഴങ്ങ പവകപ്പയ്യാനിവേത ഇന്തുപ്പ് ഇവയും മുൻപറയപ്പെട്ട ഔഷധങ്ങളുംകൂടി പൊടിച്ചു തേനുംചേർത്ത പ്രതിസാരണം ചെയ്യുക. (വായിൽ പുരട്ടി വെള്ളം വാർത്തുകളയുക).

താലർബ്ബുദലക്ഷണം.

താലൌ ശോഥഃ പത്മതുല്യോ ഭവേച്ചേ-
ദ്രക്താദ്ഭൂതേനാർബ്ബുദേനാപി തുല്യഃ
യദ്വൽ പത്മം കേസരാകീർണ്ണമദ്ധ്യം
തദ്വന്മാംസഃ സ്യാദ്‌കുരാകീർണ്ണമദ്ധ്യം. ൨൨

രക്തകോപത്താൽ അണ്ണാക്കിൽ താമരമൊട്ടുപോലെ നീരുണ്ടാകും. രക്താർബ്ബുദത്തിന്റെ ലക്ഷണങ്ങളും ഉണ്ടായിരിക്കും. ഇതിന്നു താലർബ്ബുദം എന്നുപേർ. മദ്ധ്യത്തിൽ അല്ലികൾ നിറഞ്ഞ താമരപ്പൂവുപോലെ ഈ അർബ്ബുദം മാംസാങ്കുരങ്ങളാൽ വ്യാപ്തമായിരിക്കും.

തച്ചികിത്സ.

താലർബ്ബുദം സിന്ധുവചാകടുനാം
ചൂർണ്ണൈസ്തഥാ സാദ്ധ്യമലം ഭിഷഗ്ഭിഃ
സമാക്ഷികൈരർബ്ബുദവദ്വിശേഷാ-
ച്ചികിത്സിതം തസ്യ വിധേയമേവം. ൨൩

ഇന്തുപ്പ് വയമ്പ് ചുക്ക് ഇവ പൊടിച്ച് തേനുംചേർത്ത് അണ്ണാക്കിൽ പുരട്ടി വായിലെ അഴുക്കുകളഞ്ഞ്, അർബ്ബുദത്തിനുപറഞ്ഞ ചികിത്സ ചെയ്തുകൊള്ളണം.

മാംസസംഘാതലക്ഷണം.

പലം ശ്ലേഷ്മണാ ദൂഷിതം താലുസംസ്ഥം
തഥാ നീരുജം മാംസസംഘാതമാഹുഃ
വിലിപ്തം പയോഭിശ്ച വാ വജ്രികായാ
വിനശ്യേച്ച ശുണ്ഠീപടുസ്നേഹയോഗാൽ. ൨൪

കഫംനിമിത്തം അണ്ണാക്കിൽ വേദനയോടുകൂടാതെ മാംസം ദൂഷിച്ചാൽ അതിനെ മാംസസംഘാതം എന്നുപറയുന്നു. അതിന്നു ചതുരക്കള്ളിയുടെ കറ തേയ്ക്കുകയോ ചുക്കും ഇന്തുപ്പുംകൂടി പൊടിച്ച് നെയ്യുംചേർത്ത തേക്കുകയോ ചെയ്യണം.

താലുപുപ്പുടലക്ഷണം.

താലുസ്ഥിതോ നീരുജ ഏവ കോല-
മാത്രഃ കഫാത്മാപ്യഥ മേദസാപി
യുക്തോऽഗ്നിമന്ഥേന ച വാസ്തുകസ്യ
കുര്യാത്തഥാ ചർവ്വണമേവ സദ്യഃ. ൨൫

കഫവും മേദസ്സും കോപിച്ച് അണ്ണാക്കിന്റെ മദ്ധ്യത്തിൽ വേദനയില്ലാതെ ലന്തക്കുരുപ്പരിപ്പിന്റെ ആകൃതിയിൽ നീരുണ്ടാകും. അതിനെ താലുപുപ്പുടമെന്നു പറയുന്നു.

തച്ചികിത്സ.

മുഞ്ഞവേരും വസ്തുച്ചീരയുംകൂടി വായിലിട്ടുചവച്ചാൽ താലുപുപ്പുടം ശമിക്കും.

താലുശോഷലക്ഷണം.

താലോശ്ശോഷോ ദീര്യതേ യത്ര താലുർ-
വാതാച്ഛ്വാസോ ജായതേ യത്ര തത്ര
സ്നേഹസ്വേദൌ തദ്വിഘാതായ കാര്യൌ
ക്ഷാരൈസ്സിദ്ധൈർഭോജനം വാ ഘൃതൈശ്ച. ൨൬

വാതപിത്തങ്ങൾ കോപിച്ച് അണ്ണാക്ക് ഉണങ്ങുക; നുറുങ്ങുന്നോ എന്നുതോന്നുക; ഉഗ്രമായ ശ്വാസം ഉണ്ടാകുക; ഇവ താലുശോഷത്തിന്റെ ലക്ഷണങ്ങളാണ്. ഇതിന്നു സ്നേഹസ്വേദങ്ങളും ക്ഷാരദ്രവ്യങ്ങൾകൊണ്ടു സിദ്ധങ്ങളായ ഘൃതങ്ങളും പ്രയോഗിക്കണം.

താലുപാകലക്ഷണം.

താലുനി പാകം പിത്തകൃതം യൽ
തദ്വിനിഹന്യാൽ പിത്തഹരം യൽ
ധൌതമഥോ വാ വാരശതം ത-
ന്മൂർദ്ധ്നി വിലിപ്തം ഹവ്യമഥോ യൽ. ൨൭

പിത്തകോപത്താൽ അണ്ണാക്കിൽ ഏററവും കഠിനമായ പഴുപ്പ് ഉണ്ടാകും. അതിന്നു താലുപാകം എന്നുപേർ. ഇതിന്നു പിത്തഹരങ്ങളായ ക്രിയകൾ ചെയ്യുകയും പലപ്രാവശ്യം കടഞ്ഞെടുത്ത വെണ്ണ തലയിൽ തേക്കുകയും ചെയ്യണം.

ഗളരോഗങ്ങൾ.

രോഹിണി.

ഗളേ വായുഃ പിത്തം കഫ അപി ച മൂർച്ഛിതാമിതതമാഃ
പ്രദൂഷ്യാസ്രം മാംസം ഗളമഖിലമാരുധ്യ ബഹുഭിഃ
പലോദ്ഭൂതൈസ്സൂചീസമതരനിശാതാങ്കുരഗണൈഃ
സരുഗ്ജിഹ്വാ യസ്യാം ഭവതി നിഗദിതാ രോഹിണിഗദഃ.

തൊണ്ടയിൽ വാതപിത്തകഫങ്ങൾ കോപിച്ചു മാംസത്തെയും രക്തത്തെയും ദുഷിപ്പിച്ച് കണ്ഠദ്വാരത്തെ രോധിക്കുമാറു വളരെ മാംസാങ്കുരങ്ങളെ ഉണ്ടാക്കും. ഇതിങ്കൽ നാക്കിനു വേദനയും ഉണ്ടായിരിക്കും. ഇതാണ് രോഹിണി എന്ന രോഗം.

വാതരോഹിണി.

ജിഹ്വാ പരീതാ ബഹുവേദനാഭിർ-
മ്മാംസാങ്കുരൈർവ്വാതസമുദ്ഭവൈശ്ച
സാ രോഹിണീ വാതഭവാ ച തസ്യാം
രക്തപ്രമോക്ഷം ബഹുധാ പ്രകുര്യാൽ. ൮൯

നാക്കിൽ എല്ലായിടവും വേദനയോടുകൂടി കണ്ഠദ്വാരത്തെ മറയ്ക്കുമാറു മാംസമുളകൾ ഉണ്ടാകും. അതാണു വാതരോഹിണി. ഇതിനു രക്തം കളയുകയാണ് ചികിത്സ. ഇതുകൂടാതെ ശസ്ത്രക്രിയയും ചെയ്യാം.

തച്ചികിത്സ.

സുസൈന്ധവാദ്യൈർല്ലവണൈർവിശേഷാൽ
സുഖോഷ്ണതൈലൈഃ കബളൈർജ്ജലൈശ്ച.
നിക്ഷേപസാധാരണധാരണാഭിർ-
വാതോദ്ഭവാം രോഹിണികാം ജയേച്ച. ൯൦

ഇന്തുപ്പു മുതലായ ഉപ്പുകൾ പൊടിച്ചിട്ടു ചൂടാക്കിയ തൈലങ്ങൾ കബളങ്ങൾ ഗണ്ഡൂഷങ്ങൾ മുതലായവ പ്രയോഗിച്ചു വാതരോഹിണിയെ ശമിപ്പിക്കണം.

പിത്തരോഹിണി.

ക്ഷിപ്രജാ ക്ഷിപ്രദാഹാന്വിതാ ക്ഷിപ്രപാ-
കാ ജ്വരേണാന്വിതാ സാ ച പിത്തോദ്ഭവാ

രോഹിണീം താം ച വിസ്രാവ്യ പൂർവ്വം ഭിഷഗ്-
മാക്ഷികാദൈസ്സിതാചൂർണ്ണകൈസ്സാരയേൽ. ൯൧

പിത്തരോഹിണി വേഗത്തിൽ വളരുകയും വേഗത്തിൽ ചുട്ടുനീറൽ ഉണ്ടാകുകയും വേഗത്തിൽ പഴുക്കുകയും ചെയ്യും. അതിനെ വൈദ്യൻ ആദ്യമായി പഞ്ചസാരയും തേനുംകൂടി പുരട്ടി സ്രവിപ്പിച്ചുകളയണം.

തച്ചികിത്സ.

സിതാക്ഷൌദ്രപ്രിയംഗൂനാം കബളം മുഖധാരിതം
തദ്വന്മാക്ഷികപത്താംഗകബളം വാഥ വാ സ്മൃതം. ൯൨

ഞാഴൽപ്പൂ പൊടിച്ച് പഞ്ചസാരയും തേനും ചേർത്തു കബളം ധരിക്കുകയോ; പത്തംഗവും തേനും ചേർത്ത് കബളമോ പത്താംഗം കഷായംവച്ചു തേൻചേർത്തു ഗണ്ഡൂഷമോ ധരിക്കുകയോ ചെയ്യുക; പിത്തരോഹിണി ശമിക്കും.

വേറൊരുയോഗം.

ദ്രാക്ഷാപത്രൂഷസംജാതഃ ക്വാഥോ വാ മുഖധാരിതഃ
രോഹിണീം പിത്തജനിതാം കണ്ഠസ്ഥാം ഹന്തി സത്വരം.

മുന്തിരിങ്ങാപ്പഴവും ചിററീന്തലിൻവേരുംകൂടി കഷായംവെച്ച് കവിൾക്കൊണ്ടാലും പിത്തരോഹിണി ശമിക്കും.

കഫരോഹിണി.

സ്രോതോവിരോധിന്യപി രുഗ്വിഹീനാ
സ്ഥിരാ കഫോത്ഥാ ഖലു രോഹിണീ സാ
സാംഗാരധൂമൈഃ സകടുത്രയൈശ്ച
നിത്യം പ്രയത്നാൽ പ്രതിസാരയേച്ച. ൯൩

കഫരോഹിണി കണ്ഠത്തിലെ സ്രോതസ്സുകളെ തടുക്കുന്നു എങ്കിലും വേദനയില്ലാതെയും സ്ഥിരമായും ഇരിക്കും.

തച്ചികിത്സ.

പുകയറ ത്രികടു (ചുക്കു മുളകു തിപ്പലി) ഇവ പൊടിച്ചു വായിൽ പുരട്ടി വെള്ളം സ്രവിപ്പിച്ചുകളയുക; കഫരോഹിണി ശമിക്കും.

തൈലം.

ശ്വേതാദന്തീവിഡംഗാനാം സിദ്ധം തൈലം സസൈന്ധവം
നസ്യേ വാ കബളേ ദേയം ദൃഷ്ട്വാ ദോഷം കഫോച്ഛ്രയം. ൯൪

വെൺവയമ്പ് നാഗദന്തിവേരു വിഴാലരി ഇന്തുപ്പ് ഇവ ക

ല്പമായി എണ്ണകാച്ചി നസ്യമോ കബളമോ പ്രയോഗിക്കുക; കഫാധിക്യത്തോടുകൂടിയ രോഹിണി ശമിക്കും.

ത്രിദോഷജമായ രോഹിണി.

ഗംഭീരപാകാ ഽപ്യനിവാര്യവീര്യാ
ത്രിദോഷജാ സാദ്ധ്യതമാ പ്രദിഷ്ടാ.

അഗാധമായ പഴുപ്പു്, തടുക്കാൻവയ്യാത്ത വീര്യം ഇവ ത്രിദോഷജമായ രോഹിണിയുടെ ലക്ഷണമാണു്. ഇതു അസാദ്ധ്യവും ആകുന്നു.

രക്തജരോഹിണി.

സ്ഫോടാചിതാ പിത്തസമാനലിംഗാ-
സാദ്ധ്യാ പ്രദിഷ്ടാ രുധിരപ്രഭൂതാ. ൯൬

പൊള്ളലുകളും പിത്തരോഹിണിയുടെ ലക്ഷണങ്ങളും ഉണ്ടായിരുന്നാൽ അതു് രക്തജമായ രോഹിണിയാണു്. ഇതു സാദ്ധ്യവും ആകുന്നു. ഇതിനു പിത്തരോഹിണിക്കു പറഞ്ഞ ചികിത്സതന്നെ ചെയ്താൽ മതിയാകും.

കണ്ഠശാലൂകലക്ഷണം.

കഫജോ ഗളജോ ബദരാസ്ഥിസമോ
ഭവതി ഗ്രഥിതോ യദി ശൂകനിഭം
കുരുതേ ƒതിരുജം ഖരചരിഗതോ
ഗളശാദിമലു ച തതോപി ച കഃ. ൯൭

കഫകോപത്താൽ കഴുത്തിൽ ലന്തപ്പുരിപ്പിന്റെ ആകൃതിയിൽ ഓവിന്നുതുല്യമായിട്ടു് വളരെ വേദനയോടുകൂടി മുഴ ഉണ്ടാകും. ഉറപ്പോടുകൂടിയും ഇരിക്കും. ഇതിനു കണ്ഠശാലൂകം എന്നു പേർ.

അധിജിഹ്വകലക്ഷണം.

ജിഹ്വോപരിഷ്ടാദ്രുധിരേണ യുക്തഃ
കഫോദ്ഭവോ യോ രസജാഗ്രവർത്തീ
തം ചാധിജിഹ്വം പ്രവദന്തി വൈദ്യാ-
ഹേയശ്ച പാകം ഗമിതോ വിശേഷാൽ. ൯൮

രക്തവും കഫവും കോപിച്ചു് നാവിന്റെ ഉപരിഭാഗത്തിൽ ജിഹ്വാഗ്രത്തിന്റെ ആകൃതിയിൽ നീരുണ്ടാകും. ഇതിനു് അധിജിഹ്വം എന്നു പേർ. ഇതു് പഴുത്തുപോയാൽ അസാദ്ധ്യമാണു്. ഇതിനു ഉപജിഹ്വത്തിനു പറഞ്ഞ ചികിത്സ ചെയ്തുകൊള്ളണം.

വലയലക്ഷണം.

കഫോന്നതം ശോഥമലം പ്രകുര്യാൽ
ഗളേƒന്നമാർഗ്ഗം ച രുണദ്ധി സദ്യഃ
തം വൈദ്യധുര്യോ ഽപ്യനിവാര്യവീര്യം
ഹേയം വദന്തി പ്രതികാരഹീനം. ൯൯

കഫകോപത്താൽ തൊണ്ടയിൽ ഉയർച്ചയോടുകൂടിയ നീരുണ്ടാകും. അതു് അന്നത്തിന്റെ ഗതിയെ തടുക്കും. തടുക്കാൻവയ്യാത്ത വീര്യത്തോടുകൂടിയുമിരിക്കും. ഇതിനെ വലയഗളരോഗം എന്നുപറയുന്നു. ഇതു ചികിത്സിച്ചാൽ ഭേദമാകാത്തതാണു്.

വലാസലക്ഷണം.

സശ്ലേഷ്മവായുഃ സരുജം ഗളം ചേൽ
ശോഥം പ്രകുര്യാൽ ശ്വാസനോപപന്നം
മർമ്മച്ഛിദം ഹേയതമം വലാസ-
രോഗം ജഗുർവൈദ്യകശാസ്ത്രവിജ്ഞാഃ. ൧൦൦

കഫവായുക്കൾ കോപിച്ചു് കഴുത്തിൽ വേദനയോടും ശ്വാസഗതിയോടുംകൂടി മർമ്മങ്ങളെ പിളക്കുന്നതായ നീരുണ്ടാകും. അസാദ്ധ്യമായ ഈ രോഗത്തിനു് വലാസം എന്നു പേർ.

വൃന്ദലക്ഷണം.

അമന്ദദാഹമുന്നതം മഹാജ്വരേണ സംയുതം
പ്രഭഞ്ജനാൽ സമുത്ഥിതം സപിത്തരക്തതോദ്ഭവം
സതോദകം ച കണ്ഠജേ ഗളേ യഥാ ചികിത്സിതം
സമാചരേച്ച തീക്ഷ്ണകൈസ്സുനസ്യകാദികർമ്മകൈഃ. ൧൦൧

പിത്തരക്തങ്ങൾ കോപിച്ചു് തൊണ്ടയിൽ വലിയ ചുടോടും മഹാജ്വരത്തോടുംകൂടി ഉന്നതമായ നീരുണ്ടാകും. ഇതിനു വായുസംബന്ധംകൂടി ഉണ്ടെങ്കിൽ കുത്തിനോവും കാണും. ഇതിനെ വൃന്ദം എന്നു പറയുന്നു. ഇതിനു് തീക്ഷ്ണങ്ങളായ നസ്യകർമ്മങ്ങൾ ചെയ്യണം.

ഏകവൃന്ദലക്ഷണം.

വൃത്തോന്നതോന്തശ്വയഥുസ്സദാഹ-
സ്സകണ്ഡുരോ പാക്യമൃദുർഗ്ഗുരുശ്ച
നാമ്നൈകവൃന്ദഃ പരികീർത്തിതോƒസൌ
വ്യാധിർവലാസക്ഷതജപ്രസൂതഃ ൧൦൨

കഫരക്തങ്ങൾ കോപിച്ചു് വൃത്തത്തിൽ ഉയർച്ചയോടുകൂടി തൊണ്ടയിൽ നീരുണ്ടാകും. ചുട്ടം ചൊറിച്ചിലും അല്പമായ പഴു

ഷ്ടം മാർദ്ദവവും ഉണ്ടാം. ഇതാണ് ഏകവൃന്ദം. ഇതിന്നു ആദ്യമായി ശോധനചെയ്യണം.

തച്ചികിത്സ.

അധൈകവൃന്ദരോഗസ്യ ഹരീതകീശൃതം ജലം
സമാക്ഷികം ച പീതവ്യം വൈദ്യശ്രേഷ്ഠൈഃ പ്രകീർത്തിതം. ൨൦൩

കടുക്കാത്തോട് കഷായംവെച്ച് അതിൽ തേൻ മേമ്പൊടിചേർത്തു സേവിപ്പിച്ചു ശോധനവരുത്തിയാൽ ഏകവൃന്ദം ശമിക്കും.

ശതഘ്നീലക്ഷണം.

ഘനാ വർത്തിഃ കണ്ഠേ പ്രതിരുധതി യാ മാംസമചിരം
രുണദ്ധി പ്രാസകൈരപി വലഭവൈരങ്കുരഗണൈഃ
ത്രിയാമാൽ പ്രാണാൻ സംഹരതി സഹസാ സാപ്യതിരുജാ
ശതഘ്നീ തത്തുല്യാ പ്രതികൃതിവിധാനാദിരഹിതാ. ൨൦൪

തിരിപോലെ ഘനമായിട്ട് കണ്ഠത്തെ രോധിക്കുന്നതായി വളരെ മാംസാങ്കുരങ്ങൾ വേദനയോടുകൂടി കണ്ഠത്തിന്റെ ചുറ്റും ഉണ്ടാകും. ഇതിന്നു ശതഘ്നി എന്നു പേർ. ഇതു് അസാദ്ധ്യമാണ്.

ശിലായുലക്ഷണം.

ധാത്ര്യസ്ഥിതുല്യോ ഗളജസ്തു ഗ്രന്ഥിഃ
സ്ഥിരോ ऽതിരുക് സക്താമിവാശനം ച
സശ്ലേഷ്മരക്തപ്രഭവോ ശിലായു-
ശ്ശസ്ത്രേണ സാദ്ധ്യശ്ച ഭിഷക്പ്രദിഷ്ടഃ. ൨൦൫

കഴുത്തിൽ കഫരക്തങ്ങൾ കോപിച്ച് നെല്ലിക്കാക്കുരുവിനുതുല്യമായി ഉറപ്പോടും വലിയ വേദനയോടുംകൂടി മുഴയുണ്ടാകും. അതിനാൽ ഭക്ഷണത്തിനു തടവും സംഭവിക്കും. ഇതിന്നു ശിലായു എന്നു പേർ. ഇതു് ശസ്ത്രക്രിയകൊണ്ട് സാദ്ധ്യമാകുന്നു.

തച്ചികിത്സ.

കടുകാതിവിഷാകലിംഗമുസ്താ-
ദിവിഷദ്ദാരുവൃക്ഷീശൃതം ഗവീനാം
ഹവിഷാ തു നിപീതമാത്രമേതൽ-
ഗളരോഗം വിനിഹന്തി ചാപി സദ്യഃ. ൨൦൬

കടുകുരോഹിണി അതിവിടയം കുടകപ്പാലയരി മുത്തങ്ങാ ദേവതാരം പാടക്കിഴങ്ങു ഇവ കല്ക്കമായി പശുവിൻനെയ്യുകാച്ചി സേവിക്കുക; ഗളരോഗം ശമിക്കും.

ഗളവിദ്രധിലക്ഷണം.

ഗളം സർവ്വം വ്യാപ്യ പ്രഭവതി രുജാ യത്ര സകലാഃ
സമുദ്ഭൂതഃ സർവ്വൈരപി ഗളഗതോ വിദ്രധിഗദഃ
നിശാതാർക്ഷ്യാഭ്യാം വൈ ഗിരിഭവമൃദാ ലോധ്രമധുഭിഃ
സ്രുതേ പത്തംഗോത്ഥൈർജലമപി ശൃതൈഃ ധാന്യമസകൃൽ. ൨൦൭

ത്രിദോഷങ്ങൾ കോപിച്ച് കഴുത്തിലാസകലം വേദനയോടുകൂടി വ്യാപിച്ചുണ്ടാകുന്ന നീരാണ് ഗളവിദ്രധി. ഇതിന്ന്, മഞ്ഞൾ രസാഞ്ജനം കാവിമണ്ണ് പാച്ചോറ്റിത്തൊലി പത്തംഗം ഇവ കഷായംവെച്ചു തേനുംചേർത്ത് പൊറിയിൽ നിറുത്തുക; ജലസ്രാവം ശമിക്കും.

ഗളൌഘലക്ഷണം.

ജലരോധകരോ മഹാംശ്ച ശോഫോ
ജ്വരവാൻ വായുഗതിം നിഹന്തി യശ്ച
കഫരക്തഭവോ ഗളൌഘ ഏഷഃ
കഥിതോ വൈദ്യമഹേന്ദ്രശാസ്ത്രവിദ്ഭിഃ. ൨൦൮

കഫരക്തങ്ങൾ കോപിച്ച് കഴുത്തിൽ വലുതായും അന്നത്തെയും ജലത്തെയും രോധിച്ചും, പനിയോടുകൂടിയും ഉദാനവായുവിന്റെ ഗതിയെ തടഞ്ഞും നീരുണ്ടാകും. ഇതാണ് ഗളൌഘം.

തച്ചികിത്സ.

യവാഗ്രജസ്തേജവതീ സപാഠാ
രസാഞ്ജനം ദാരുനിശാകണാഭ്യാം
സമാക്ഷികം ചാസ്യഗതാ വടീ യാ
ഗളാമയധ്വംസകരീ സമേഷാം. ൨൦൯

ചവക്കാരം ചെറുപ്പുന്നയരി പാടക്കിഴങ്ങു രസാഞ്ജനം ദേവതാരം മഞ്ഞൾ തിപ്പലി ഇവ പൊടിച്ചു തേനും ചേർത്ത് വടകമാക്കി വായിൽ ധരിക്കുക; ഗളൌഘം ശമിക്കും.

സ്വരഘ്നലക്ഷണം.

നരസ്താമ്യമാനഃ പ്രസക്താഭിഭാഷീ
ശ്വസേച്ഛുഷ്കകണ്ഠോ വലാസോപദിഗ്ധഃ
സഭിന്നസ്വരോ മുക്തകണ്ഠോ ऽനിലാൽ
ഭവേദ്യത്ര സോ ऽയം സ്വരഘ്നസ്ത്വസാദ്ധ്യഃ. ൨൧൦

കഫം വായുമാർഗ്ഗത്തെ തടയുമ്പോൾ കണ്ണിരുട്ടുക; സംസാരിക്കാൻ വയ്യാതാകുക; കൂടക്കൂടെ ശ്വാസംവിടുക; തൊണ്ടവരളുക; ഒച്ചയടയ്ക്കുക; കഴുത്ത് അസ്വാധീനമായിത്തീരുക; ഇവ ലക്ഷണ

ങ്ങളോടുകൂടിയ രോഗത്തിന് സ്വരഘ്നം എന്നു പേർ. ഇതു് വാതകോപത്താലാ ര ഉണ്ടാകുന്നതു്. അസാദ്ധ്യവും ആകുന്നു.

മാംസതാനലക്ഷണം.

പ്രതാനൈഃ സംയുക്താഃ ശ്വയഥുരതീവ കണ്ഠോഽപി കുരുതേ
ത്രിജാതോ രോധം വാ ഗളഗതമസൌ ചാത്ര ക്രമശഃ
സ മാംസാദ്യസ്താനോ നിഗദിത ഇഹ പ്രാണദശക-
പ്രഹാരീ സംഹാരീ ഗളഗതഗദാനാമനവരഃ. ൧൧൧

ത്രിദോഷങ്ങൾ കോപിച്ചു് കഴുത്തിൽ വിസ്താരമുള്ളതും ദുഃഖകരവും ആയ നീരു് ഉണ്ടായി ക്രമത്തിൽ വദ്ധിച്ചു് കണ്ഠത്തെ തടയുന്നു. ഇതാണു് മാംസതാനം. ഇതും പ്രാണാപഹാരിയും അതിനിന്ദ്യവും ആകുന്നു.

വിദാരീലക്ഷണം.

സദാഹതോദസംയുതോ വിശീർണ്ണപൂതിമാം-
സകോ ഗളേഽതിതോഽഥ ശോഥ ഏവ ലോഹിതഃ
പ്രകീർത്തിതഃ സപിത്തജോ വിദാരികാഗദോ
ജനോ വിശേഷതോഽസ്യ പാർശ്വനിദ്ര ആക്രിയഃ. ൧൧൨

ചൂടു് കുത്തിനോവു് ദുർഗ്ഗന്ധം ചുവപ്പു് ഇവയോടുകൂടി പിത്തകോപത്താൽ കഴുത്തിന്റെ ഉള്ളിലോ വായിലോ നീരുണ്ടാകും. എന്നാൽ ആ നീരു് ഏതുവശത്താണോ ഉണ്ടാകുന്നതു് ആ വശമേ രോഗി കിടക്കുകയുള്ളു. ഇതിന്നു് വിദാരി എന്നുപേർ. ഇതും അസാദ്ധ്യമാകുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ ഗളരോഗാധികാരം
എന്ന ൪൩-ാം സ്തബകം കഴിഞ്ഞു.

അഥ ചതുശ്ചത്വാരിംശസ്തബകഃ.

മുഖ രോഗാധികാരഃ.

വാതസൎവ്വസരലക്ഷണം.

സതോദൈഃ സസ്ഫോടൈർവ്വദനമഭിതോന്തശ്ച്ഛദി ചിതം
സവാതോത്ഥോഽയം സവ്വസര ഇതി വൈ വൈദ്യഗദിതഃ
തദാസ്യം ചൂർണ്ണൈർവാ സപടുസഹിതൈശ്ചപ്രതിദിനം
പ്രതീസാര്യ്യം സ്നേഹൈരനിലഹരകൈർന്നസ്യകബളൈഃ. ൧

വാതകോപത്താൽ കുത്തിനോവോടുകൂടിയ പൊള്ളലുകൾ മുഖത്തിന്റെ ചുററിലും ഉള്ളിലും ഉണ്ടാകുന്നു. ഇതാണു് വാതസവ്വസരം എന്ന മുഖരോഗം. ഇതിന്നു് ഇന്തുപ്പു ചേർന്ന ചൂർണ്ണങ്ങൾ വായിൽ പുരട്ടി വെളളം ഒഴുക്കിക്കളയുകയും വാതഹരങ്ങളായ സ്നേഹങ്ങൾ നസ്യങ്ങൾ കബളങ്ങൾ ഇവ പ്രയോഗിക്കയും ചെയ്യണം.

തച്ചികിത്സ.

ഗൃഹധൂമകൃശാനുതാർക്ഷ്യപാഠാ-
ത്രിഫലാവ്യോഷയവാഗ്രജൈഃ സലോദ്ധ്രൈഃ
മധുനാ രചിതാ സതേജിനീ സാ
വടികാ ദന്തഗളാസ്യരോഗഹാരീ. ൨

പുകയറ കൊടുവേലിക്കിഴങ്ങു് രസാഞ്ജനം പാടക്കിഴങ്ങു് ത്രിഫല ചുക്കു മുളകു തിപ്പലി ചവക്കാരം പാച്ചോററിത്തൊലി ചെറുപ്പുന്നയരി ഇവപൊടിച്ചു തേനുംചേത്തു വടകമാക്കി ഉപയോഗിക്കുക; ദന്തരോഗം ഗളരോഗം മുഖരോഗം ഇവ ശമിക്കും.

പിത്തസവ്വസരലക്ഷണം.

താമ്രലോഹിതപീതവർണ്ണകൈ-
സ്സഹ ദാഹേന സമന്വിതൈരപി
അഥ സവ്വസരേ ച പിത്തജാതേ
ബഹുഭിഃ സ്ഫോടഗണൈശ്ചിതം മുഖം. ൩

ചുവന്നും മഞ്ഞനിറത്തിലും ചൂടോടും വളരെ ചെറിയ പൊള്ളലുകൾ മുഖത്തിൽ എല്ലായിടവും ഉണ്ടായാൽ അതിന്നു് പിത്തസവ്വസരം എന്നുപേർ. ഇതിന്നു് പിത്തശമനമായ ക്രിയചെയ്യണം.

കഫസവ്വസരലക്ഷണം.

അവേദനൈഃ കണ്ഡുയുതൈഃ സവർണ്ണൈ-
യസ്യാചിതം ചാപി മുഖം കഫേന. ൪

വേദനയില്ലാതെയും ചൊറിച്ചിലോടും സവർണ്ണനിറത്തോടുംകൂടിയുംഇരിക്കുന്ന പൊള്ളലുകൾ വായിൽമുഴുവനും ഉണ്ടാകും. ഇതാണു് കഫസവ്വസരം.

മുഖപാകചികിത്സ.

ജാതീദളാമരലതാത്രിഫലായവാസാ-
ദാവീനിശാശൃതകഷായമലം ഗവീനാം
സ്തന്യൈഃ സമാക്ഷികമിദം മുഖധാരിതം ചേൽ
സദ്യോ നിഹന്തി മുഖപാകഗദം നരാണാം. ൫

പിച്ചകത്തിലില ദേവതാരം ത്രിഫല കൊടിത്തൂവ മരമഞ്ഞൾ മഞ്ഞൾ ഇവ കഷായംവച്ച് പശുവിൻപാലും തേനുംചേർത്ത് വായിൽ കവിൾക്കൊള്ളുക; മുഖപാകം ശമിക്കും.

പല്ലവാദികഷായം.

പടോലനിംബാമ്രസുമാലതീനാം
കൃതഃ കഷായഃ കില പല്ലവാനാം
മുഖസ്യ പാകേ മുഖധാവനാർത്ഥം
ഗണ്ഡൂഷരീത്യാ പ്രഹിതഃ സുഖായ. ൩൬

പടവലം വേപ്പ് തേന്മാവ് പിച്ചകം ഇവയുടെ തളിരുകൊണ്ട കഷായംവച്ച കവിൾക്കൊള്ളുക; മുഖപാകം ശമിക്കും.

ഖദിരാവടി.

ഗായത്ര്യേകതുലാ ച ദ്രോണപയസാ സംപാച്യ വസ്വംശകേ
ജാതീകോശശശീമൃഗാണ്ഡജചതുർജ്ജാതാബ്ദപൂഗൈസ്സമൈഃ
കർഷൈകപ്രമിതൈഃ പൃഥക് പൃഥഗഥോ പിഷ്ടൈർജ്ജലൈർമ്മിശ്രിതൈഃ
കൃത്വാ തദ്വടികാം ചണേന സദൃശീമാസ്യസ്ഥരോഗാപഹാം. ൩൭

കരിങ്ങാലിക്കാതൽ ഒരുതുലാം ഒരു ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച എട്ടിലൊന്നാക്കി പിച്ചകത്തില തക്കോലപ്പുട്ടിൽ കർപ്പൂരം കസ്തൂരി ഏലം ഇലവർങ്ങം പച്ചില നാഗപ്പൂവ് മാന്തളിര് കമുകിൻഫലം ഇവ മൂന്നുകഴഞ്ചുവീതം ചേർത്ത് അരച്ച ചണംപയറിന്റെ ആകൃതിയിൽ വടകമാക്കി ഉരുട്ടി ഉണക്കി വച്ചിരുന്ന് ഉപയോഗിക്കുക; മുഖരോഗങ്ങൾ ശമിക്കും.

ജന്തുമണിലക്ഷണം.

വാതാദിഭിസ്സമുൽപന്നമരുജം മണ്ഡലം ബുധൈഃ
സ്നിഗ്ദ്ധം ച കൃഷ്ണമപി വാ പ്രോക്തോ ജന്തുമണിർഗദഃ. ൩൮

വാതാദികൾ കോപിച്ച വേദനയില്ലാതെ സ്നിഗ്ദ്ധമായും കൃഷ്ണവർണ്ണമായും ഇരിക്കുന്ന വട്ടപ്പുണ്ണുകളെ ഉണ്ടാക്കും. ഇതാണ് ജന്തുമണി എന്നരോഗം.

മശക(തിലകാളക)ലക്ഷണം.

സ്ഥിരമവേദനകൃഷ്ണമലം തനൌ
മലിനവത്തുളമേവ സമം തതം
മശകമേനമലം ജഗദുർബ്ബുധാ-
സ്തമനുകൃത്യ തഥാ തിലകാളകം. ൩൯

സ്ഥിരമായും വേദനയോടുകൂടാതെയും ദേഹത്തിൽ സമമായും എള്ളിൻമണിപോലെയും ഉണ്ടാകുന്ന കറുപ്പിനെ മശകമെന്നും തിലകാളകമെന്നും പറയുന്നു.

ജതുമണിചികിത്സ.

ജതുമണിം ഖലു ലക്ഷ്മ തഥാ ഭിഷഗ്
ദഹനദാഹയവാഗ്രജലേപനൈഃ
ഉപചരേച്ച തതോ മുഖകണ്ടകാൻ
യുവജനസ്യ തഥാ പിടകാഃ ബ്രുവേ. ൪൦

ജതുമണി എന്ന അടയാളത്തെ പൊള്ളിക്കുക ചവർക്കാരം തേച്ചോ ചികിത്സിക്കണം. ഇനിയും യുവാക്കന്മാർക്കുണ്ടാകുന്ന മുഖകണ്ടകാദിരോഗങ്ങളെ പറയുന്നു.

യുവപിടക (മുഖക്കുരു)

കഫമാരുതസംഭവാ നരാണാം
പിടകാശ്ശാല്മലികണ്ടകാവഭാസാഃ
വദനേ പ്രഭവന്തി യൌവനേ വാ
മുഖസൌന്ദര്യവിദൂഷകാശ്ച താഃ. ൪൧

കഫവും വായുവും കോപിച്ച ഇലവിൻമുള്ളിന്റെ ആകൃതിയിൽ യൌവനകാലത്തോ അല്ലാത്ത സമയത്തോ മുഖസൌന്ദര്യത്തെ നശിപ്പിക്കുന്നതായ കുരുക്കൾ ഉണ്ടാകുന്നു. അതിന് യുവപിടക എന്നു പേർ.

തച്ചികിത്സ.

ലോധ്രധാന്യപരിലേപനമാശു
യൌവനോത്ഥപിടകാ വിനിഹന്തി
രോചനാ ച മരിചൈരപി ധേനോർ
ല്ലേപനാദപി നിഹന്തി ച താ ഹി. ൪൨

പാച്ചോറ്റിത്തൊലി കൊത്തമ്പാലയരി ഇവയോ വയമ്പ് ഗോരോചന നല്ലമുളക് ഇവയോ പശുവിൻമൂത്രത്തിൽ അരച്ച തേക്കുക; യൌവനജങ്ങളായ മുഖപിടകങ്ങൾ ശമിക്കും.

ന്യച്ഛലക്ഷണം

മഹദ്വാ സ്വല്പം വാ സിതമസിതമേവം തനു തതം
തഥാ ശ്യാവം ക്വാപി പ്രഭവതി തഥാ മണ്ഡലമലം
സഹോത്ഥം ന്യച്ഛാഖ്യം ജയതി ഹി സിരാമോക്ഷ അഥ വിരാൽ
പയഃപിഷ്ടൈർദ്ദുഗ്ദ്ധൈസ്തരുഭവചയൈർല്ലേപനവിധി. ൪൩

വലുതായോ സ്വല്പമായോ കറുത്തോ വെളുത്തോ കരുവാളിച്ചോ ദേഹത്തിൽ സ്വതേ മണ്ഡലങ്ങൾ ഉണ്ടാകും. ഇതിനു ന്യച്ഛം എന്നു പേർ. ഇതിന്ന് ഞരമ്പുകീറി രക്തം കളയുകയും നാല്പാമരത്തിൻമൊട്ട് പാലിൽ അരച്ചുതേയ്ക്കുകയും ചെയ്യണം.

വ്യംഗ്യലക്ഷണം.

ക്രോധായാസപ്രകുപിതതമോ വായുരേവാത്ര സാകം
പിത്തേനാസ്യേ ഗത ഇഹ പി തനോ മണ്ഡലം വ്യാതനോതി
വ്യംഗ്യം പ്രാഹുസ്സകലഭിഷജോ നീരുജം ശ്യാവവർണ്ണം
ലേപാന്നാശം വ്രജതി തനു കങ്കാലയാ മാക്ഷികേണ. ൫൪

കോപം, ആയാസം ഇവയാൽ വായുവും പിത്തവുംകൂടി കോപിച്ച് മുഖത്തിൽ വേദനയോടുകൂടാതെ കരുവാളിച്ച നിറത്തിൽ മണ്ഡലത്തെ (വട്ടത്തിൽ ഉള്ള പാടിനെ) ചെയ്യുന്നു. ഇതാണ് വ്യംഗം. ഇതിന്ന് ശരീരാസ്ഥി തേനിൽ അരച്ചു തേയ്ക്കണം.

തച്ചികിത്സ.

സമസൂരവടാങ്കുരപ്രലേപാ-
ദഥ രക്തേന ശശസ്യ വാ തഥൈവ
വരുണത്വചയാജമൂത്രകൈർവാ
പ്രശമം വ്യംഗ്യമലം പ്രയാതി സദ്യഃ. ൫൫

മുയലിൻചോരയിൽ കറുത്ത ചണംപയറും പേരാലിൻമൊട്ടുംകൂടി അരച്ചു തേയ്ക്കുക; നീറുമരത്തിൻതൊലി ആട്ടിൻമൂത്രത്തിൽ അരച്ചു തേയ്ക്കുക; വ്യംഗം (മുഖത്തുണ്ടാകുന്ന കറുപ്പ്) ശമിക്കും.

നീലികാലക്ഷണം.

ഏവംവിധം നീലതമം ച വക്ത്രേ
കദാചിദ് ഭവേദാഥ തനൗ നരാണാം
സ്ത്രീണാം ച ജാതീഫലവക്ത്രലേപാൽ
സദ്യോ വിനാശം വ്രജതി പ്രകാമം. ൫൬

ഇപ്രകാരം നീലനിറത്തിൽ മുഖത്തോ അല്ലെങ്കിൽ ദേഹത്തിലോ പിടകകൾ ഉണ്ടാകും. ഇതിനു നീലിക എന്നു പേർ. ജാതിക്ക അരച്ചുതേച്ചാൽ നീലിക എന്ന മുഖരോഗം ശമിക്കും.

തച്ചികിത്സ.

അർക്കദുഗ്ദ്ധരജനീപരിലേപാ-
ന്നീലികാം ച വിജയേന്മുഖജാതാം
മാലതീഗദകചന്ദനലോധ്ര-
പീതദാരുവടപീതദളാനാം. ൫൭

ലേപനേന മുഖജാതനീലിമാം
യൗവനോദ്ഭവമുഖപ്രഭവാനാം
സംഘമാശു ച തഥാ പിടകാനാം
വൈദ്യഭൂപതിവചാംസി യഥൈവ. ൫൮

എരിക്കിൻകറയിൽ മഞ്ഞൾ അരച്ചു തേയ്ക്കുക- പിച്ചകത്തില കൊട്ടം ചന്ദനം പാച്ചോററിത്തൊലി മരമഞ്ഞൾ പേരാലിൻമൊട്ട് ഇവ അരച്ചുതേയ്ക്കുക; നീലികയും മുഖത്തുണ്ടാകുന്ന കുരുക്കളും ശമിക്കും.

പത്മിനീകണ്ടലക്ഷണം.

ചിതം കണ്ടകൈർമ്മണ്ഡലം കണ്ഡുരം യൽ
കഫേന ധ്രുവം രക്തയുക്തേന ജാതം
ഭവേൽ പാണ്ഡുരം വൃത്തളം വൈദ്യഭൂപൈ-
രലം പത്മിനീകണ്ട ഉക്തസ്സ സദ്യഃ. ൫൯

കഫവും രക്തവും കോപിച്ച് മുള്ളുകൾ നിറഞ്ഞും വെളുത്തും വട്ടത്തിലും ചൊറിച്ചിലോടുകൂടിയും ഉള്ള മണ്ഡലങ്ങൾ ഉണ്ടായാൽ അതിനെ പത്മിനീകണ്ടം എന്നു പറയുന്നു.

തച്ചികിത്സ.

അഥോ പത്മിനീകണ്ടകേ നിംബപത്രോ-
ദ്ഭവൈർവാ ജലൈഃ ഛർദ്ദയേത്തം നരം വൈ
ഘൃതം നിംബകല്ക്കേന സിദ്ധം ച തസ്മൈ
പ്രദേയം ച പാതും തഥാ മാക്ഷികേന. ൬൦

പത്മിനീകണ്ടം ഉള്ള നരനെ പച്ചവെള്ളത്തിൽ വേപ്പില അരച്ചുകൊടുത്തു ഛർദ്ദിപ്പിക്കുക; അതിനുശേഷം വേപ്പിൻതൊലി കല്ക്കമായി നെയ്യുകാച്ചി തേനുംചേർത്തു സേവിപ്പിക്കുക; പത്മിനീകണ്ടം ശമിക്കും.

അന്യയോഗം.

ഉദ്വർത്തനം നിംബദലപട്ടമാണാം
പത്രൈഃ സമം കല്ക്കിതമാസ്യമാരാൽ
ചന്ദ്രദ്യുതിം സംവിദധാതി സമ്യക്
തത്ത്യരോഗാംശ്ച നിരാകരോതി. ൬൧

വേപ്പില കൊന്നത്തളിര് ഇവ അരച്ചു തേച്ചാൽ മുഖത്തുള്ള രോഗങ്ങൾ എല്ലാം ശമിക്കും. മുഖം ചന്ദ്രപ്രഭയോടും തീരും.

പാദദാരീലക്ഷണം.

വായുഃ സദാ ചംക്രമണാന്നരാണാം
സംരൂക്ഷണൈഃ പാദതലേ വിശേഷാൽ
ദാരീം രുജാഢ്യാം കുരുതേ ച തസ്യാം
സിരാം ച വിധ്യേത്തലശോധിനീം വാ. ൧൧

സദാ നടക്കകകൊണ്ടു കാലിൽ രൂക്ഷങ്ങളായ വേദനകൾ ഉണ്ടാകും. അതിനു പാദദാരി എന്നു പേർ. ഇതിന്ന് പാദത്തിൽ ഉള്ള ഞരമ്പുകീറി രക്തം കളയണം.

തച്ചികിത്സ.

മധുസിക്ഥകഗൈരികാപുരാണാം
സഘൃതം സൈന്ധവസാലജദ്രവൈശ്ച
സലിലം മലമം പദദാരയോശ്ച
കുരുതേ പങ്കജകോശമാർദ്ദവം ച. ൧൨

പൊന്മെഴുക് കാവിമണ്ണ് ഗുഗ്ഗുലു ഇന്തുപ്പ് ചെഞ്ചല്യം കന്മദം ഇവ പൊടിച്ചു നെയ്യുകത്തിട്ടു മൂപ്പിച്ചു രണ്ടുകാലിലും തേയ്ക്കുക; പാദദാരി എന്ന രോഗം ശമിക്കും. കാലിനു മാർദ്ദവവും ഉണ്ടാകും.

പലിതലക്ഷണം.

ശോകശ്രമക്രോധകൃതസ്തഥോഷ്മോ
ദേഹസ്യ മൂർദ്ധ്നി പ്രഗതസ്സപിത്തഃ
കേശാൻ പചത്യേവ തദാറ്റരത്ര
വൈദ്യാസ്സു രോഗം പലിതം വിശേഷാൽ. ൧൩

ദുഃഖം, ശ്രമം, കോപം ഇവയാൽ ഉണ്ടാകുന്ന ചൂടു പിത്തത്തോടുകൂടി ശിരസ്സിൽ പ്രാപിച്ചിട്ടു കേശങ്ങളെ പചിക്കുന്നു. അതിനെ പലിതരോഗമെന്നു പറയുന്നു.

തച്ചികിത്സ.

കർഷം ലോഹസ്യ ചൂർണ്ണം കലിസുതരുഫലം
ചൈകമേവം തു ധാത്ര്യാ
യുഗ്മം യുഗ്മം ശിവായാസ്തഥ പരിഗളിതാ
ചൂതമജ്ജാ ച ലോഹാൽ
അർദ്ധം ലോഹസ്യ പാത്രേ ഹ്യനിശമുഷിതമം പേഷിതം
തസ്യ ലേപാൽ
കേശാ നീലാ സ്തഥാ ച ഭ്രമരസദൃശാഃ ശ്മശ്രുജാസ്സംഭവന്തി.

ഇരുമ്പിൻചൂർണ്ണം ൩ കഴഞ്ചു് താന്നിക്കാ ൧ നെല്ലിക്കാ ൨ കടുക്കാ ൨ മാങ്ങായണ്ടിപ്പരിപ്പു് ഒന്നരക്കഴഞ്ചു് എല്ലാംകൂടി ഇരിമ്പുപാത്രത്തിൽ ഇട്ടു വച്ചിരുന്നു എടുത്തരച്ചു തേച്ചാൽ തലമുടി നീലനിറമായും മുഖരോമങ്ങൾ വണ്ടിന്നു തുല്യങ്ങളായും സംഭവിക്കും.

വെളുത്ത രോമം കറുക്കുന്നതിനുള്ള തൈലം.

അമ്രാസ്ഥിഭല്ലാതകദാഡിമാമ്ല-
നീലീമഹേദാമൃതതുത്ഥലോഹൈഃ
കാസീസമാല്യഫലലോധ്രകാളാ-
ശ്യാമാതിലൈരാമലകീ ശിവാ ച. ൧൫

കാശ്മീരമോചാരസഭൃംഗനീലൈർ
ജാതീദളൈ രോചനയാ ഗവീനാം
ശംഖസ്യ ചൂർണ്ണൈഃ ഖദിരേണ സാകം
സഹോഷിതം സപ്തദിനാനി ധാന്യേ. ൧൬

തൽ പേഷ്യ യത്നാൽ പരിഗൃഹ്യ തൈലം
കേശേഷു ശുഭ്രേഷു വിലേപനീയം
രാജ്ഞാം ശിരഃശ്മശ്രുസ്വരഞ്ജനാർത്ഥം
പര്യ്യൈസ്ത്രിഭിർവ്വർണ്ണിതമത്ര പൂർവ്വം. ൧൭

മാങ്ങായണ്ടിപ്പരിപ്പു് ചേക്കുരു താളിമാതളത്തിൻകായ് അമരി മഹാമേദ അമൃതു് തുത്തു് അന്നഭേദി കൂവളത്തിൻകായുടെമജ്ജ പാച്ചോററിത്തൊലി നറുനീണ്ടി കടുക്കാ എള്ളു് നെല്ലിക്കാ കടുക്കാ കുങ്കുമം പിച്ചകത്തിന്റെ ഗോരോചനാ ശംഖിൻപൊടി കരിങ്ങാലികാതൽ ഇവയുടെ പൊടിയും, എണ്ണ, കററാർവാഴനീർ കയ്യോന്നിനീർ ഇവയും ചേർത്തു ഏഴുദിവസം നെല്ലിൽ വച്ചിരുന്നതിനുശേഷം എടുത്തരച്ചു കാച്ചി എടുത്തു് നരച്ച തലമുടിയിൽ പുരട്ടുക; രോമങ്ങൾ കറുക്കും.

പരിവത്തികാലക്ഷണം.

അഭിഘാതാത്താഡനാദ്വാ വിമർദ്ദാദപി മേഢ്രജം
ചർമ്മ സംഭജതേ വായുസ്തദാ തൽ പരിവർത്തതേ. ൧൮

സശോഫം വാ സദാഹം വാ പാകം പ്രജതി കുത്രചിൽ
പരിവത്തിം ച താം വിന്ദ്യാദ്വാതജാം സതജാം ഭിഷക്.

ചതവോ അടിയോ മർദ്ദനമോകൊണ്ടു വായു ലിംഗത്തിന്റെ തൊലിയിൽ പ്രാപിച്ചു പരിവത്തനം ചെയ്യുന്നു. അപ്പോൾ നീരോ ചൂടോ ഉണ്ടായിട്ടു ചിലടത്തു പഴുപ്പുണ്ടാകും. വേദനയും കാണും. ഇതിനു വാതജമായ പരിവത്തിക എന്നുപേർ.

തച്ചികിത്സ.

കണ്ഡൂകാഠിന്യദാഹാദ്യൈഃ കഫജാം പിത്തജാം തഥാ
ജ്ഞാത്വാ യഥാസ്വമേതാസു സ്വേദയേച്ച ഘൃതൈസ്തഥാ
ഉപനാഹയേത്ത്രിരാത്രം വാ പഞ്ചരാത്രമഥോऽപി വാ. ൩൬

ചൊറിച്ചിൽ കാഠിന്യം ഇവയുള്ളതു കഫപരിവൎത്തിയും ചൂടുള്ളതു് പിത്തപരിവൎത്തിയും എന്നു അറിഞ്ഞിട്ടു വിയൎപ്പിക്കയും മൂന്നോ അഞ്ചോ രാത്രി നെയ്യുവെച്ചു കെട്ടുകയും ചെയ്യണം.

അവപാടീലക്ഷണം.

അല്പീയസീം ഹൎഷബലാൽ പ്രകാമാൽ
സ്ത്രിയം പ്രഗച്ഛേദഥവാ ഹസ്തഘാതാൽ
തച്ചൎമ്മതോ ഹ്യൎത്തിതമേവ ലിംഗ-
മണേസ്തു മൂച്ഛൎഭിഷജോऽവപാടീം. ൩൭

കാമാധിക്യം ഹേതുവായിട്ടു സന്തോഷം ഇല്ലാത്ത സ്ത്രീയേ ഗമിക്കുകയാലോ, ലിംഗമണിയിൽ കൈകൊണ്ടു അടിക്കുകകൊണ്ടോ, ആ ലിംഗമണിയുടെ തൊലിക്കു വേദനയുണ്ടാകുന്നു എങ്കിൽ അതിനെ അവപാടി എന്നു പറയുന്നു.

വാതാദ്യവപാടിയുടെ ലക്ഷണം.

വാതേന രൂക്ഷാ സരുജാതികൃഷ്ണാ
പിത്താച്ച പീതാ ച സദാഹരക്താ
തൃഷ്ണാന്വിതാऽഥോ കഫജാ തു കണ്ഡൂ-
യുക്താതികാഠിന്യയുതാവപീഡാ. ൩൮

വാതംകൊണ്ടുള്ള അവപാടി, രൂക്ഷമായും വേദനയോടുകൂടിയും കറുത്ത നിറത്തിലും ഇരിക്കും. പിത്തംകൊണ്ടുള്ള അവപാടി, മഞ്ഞനിറത്തിലും ചൂടു്, ചുവപ്പു് തണ്ണീൎദാഹം ഇവയോടുകൂടിയും ഇരിക്കും. കഫജമായ അവപാടി, ചൊറിച്ചിൽ കാഠിന്യം, ഇവയോടുകൂടിയും വേദനയില്ലാതെയും ഇരിക്കും.

അവപാടീചികിത്സ.

സ്നേഹസ്വേദൈരപി പ്രായോ യഥാസ്വം സമുപാചരേൽ
അവപാടീം ഭിഷക് സമ്യക് ജ്ഞാത്വാ ദോഷബലാബലം. ൩൯

അവപാടിയെ, സ്നേഹസ്വേദങ്ങൾകൊണ്ടു ദോഷബലാബലത്തെ അറിഞ്ഞു വേണ്ടതുപോലെ ചികിത്സിക്കണം.

നിരുദ്ധപ്രകാശലക്ഷണം.

വാതേന മേഢ്രസ്യ ച ചൎമ്മ യത്ര
മണിം സമന്താൽ ശ്രയതേ യദേവ

ചൎമ്മോऽപി തദേതുമണൌ തു മൂത്ര-
സ്രോതോ നിരുദ്ധം ഭവതി പ്രകാമം. ൪൦

സന്നിരുദ്ധപ്രകാശേऽസ്മിൻ നാഡീമുഭയതോമുഖീം
വിധായ ച ജതുനാ ദാൎവ്വീംല്യതാഭ്യാം വൎത്തിമപ് വാ. ൪൧

പ്രകാശയേദസാമജ്ജാം ശശനാഗവരാഹജാം
സിഞ്ചേത്തൈലൈൎവ്വാതാദ്യൈരഥാപി ച.

വാതകോപത്താൽ ലിംഗത്തിലെ തൊലി മണിയുടെ ചുററി വന്നു മണിയിലെ തൊലിയുംകൂടി മൂത്രദ്വാരത്തെ തടയുന്നു. ഇതാണു നിരുദ്ധപ്രകാശം. ഈ രോഗത്തിൽ ഉഭയതോമുഖിയായ നാഡിയെ മുറിച്ചുകളഞ്ഞു കോലരക്കു് മരമഞ്ഞത്തൊലി ഇവപൊടിച്ചു നെയ്യുംചേൎത്തു തിരിയുണ്ടാക്കി മൂത്രദ്വാരത്തിൽ പ്രയോഗിക്കയും, മുയൽ, ആന, പന്നി ഇവയുടെ വസയും മജ്ജയും പ്രയോഗിക്കയും, വയമ്പു് ദേവതാരം ഇവ കൽക്കമായി മദ്യവും ചേൎത്തു കാച്ചിയ എണ്ണകൊണ്ടു ലിംഗത്തിന്മേൽ ധാരയൊഴുക്കുകയും ചെയ്യണം.

വൎത്തിം പ്രവേശ്യ മതിമാൻ മൂത്രസ്രോതോ വിവൎദ്ധയേൽ
സ്നിഗ്ദ്ധമന്നം തതസ്തസ്മൈ ദത്വാ വ്രണവദാചരേൽ. ൪൨

മുൻപറഞ്ഞ വൎത്തി (തിരി) പ്രവേശിപ്പിച്ചു് മൂത്രസ്രോതസ്സിനെ വലുതാക്കണം. അതിനുശേഷം രോഗിക്കു് സ്നിഗ്ദ്ധമായ അന്നം കൊടുത്തു് വ്രണത്തിനു പറഞ്ഞിരിക്കുന്ന ചികിത്സകൾ ചെയ്യുകയും വേണം.

സന്നിരുദ്ധഗുദലക്ഷണം.

വായുൎവേഗസ്യ രോധാദ്ഭ്രജതി ഗുദമസൌ
സംസ്ഥിതോ യന്മഹച്ച
സ്രോതഃ സംരോധ്യ കൃച്ഛ്രാൽ ഗതിമപി കുരുതേ
സ്വല്പഭോജ്യാന്നമലസ്യ
കുൎയ്യാത്തത്രപ്രസേകാ നഥ പവനഹരൈ-
സ്തൈലവസ്തിപ്രസംഗൈ-
രോഗോऽയം ബദ്ധമൂലൈൎന്നിഗദിത ഇനിശം
നാമതോ ദുസ്തരഃ സഃ. ൪൩

മലമൂത്രാദിവേഗത്തെ തടയുകനിമിത്തം വായു ഗുദത്തിൽ പ്രാപിച്ചു മഹത്തായ സ്രോതസ്സിനെ തടഞ്ഞു് ഭക്ഷണത്തിന്റെ കുറവുനിമിത്തം മലത്തിന്റെ ഗതിയെ നിരോധിക്കുന്നു. ഇതാണു് നിരുദ്ധഗുദം. ഇതിന്നു വാതഹരങ്ങളായ തൈലം വസ്തി ഇവ

പ്രയോഗിക്കണം. ഈ രോഗം ഭേദമാകുവാൻ വളരെ പ്രയാസമുള്ളതാണ്.

അഹിപൂതനാലക്ഷണം.

ശകൃന്മൂത്രസമായുക്തേഽധൌതേ പായൌ ശിശോർ ഭവേൽ
തത്ര സ്ഫോടാ ഭവന്ത്യേവ മിളിതാസ്തേ പരസ്പരം
കണ്ഡൂദാഹരുജഃ സക്ലേദ്യകതാ കണ്ഡൂയനാത്തഥാ
ഏകീഭൂതം വ്രണം ഘോരമഹിപൂതനികാ തു സാഃ ൭൦

മലമൂത്രവിസർജ്ജനത്തിനുശേഷം കുട്ടികളുടെ ഗുദം നല്ലപോലെ കഴുകാതിരുന്നാൽ അവിടെ രക്തകഫങ്ങൾ കോപിച്ച് ചൊറിച്ചിൽ, വേദന, ചുവപ്പ് ഇവയോടുകൂടിയ പൊള്ളലുകൾ ഉണ്ടാകും. ചൊറിയുകനിമിത്തം ആ പൊള്ളലുകൾ ഒന്നിച്ചുചേരുകയും ചെയ്യും. പിന്നീടു വ്രണവും ഗുദവും ഒന്നിച്ച് പൊട്ടി വ്രണമായിത്തീരും. ഭയങ്കരമായ ഈ രോഗത്തെ അഹിപൂതന എന്നുപറയുന്നു.

തച്ചികിത്സ.

ധാത്രീദുഗ്ദ്ധേന സംധൌതാ ത്രിഫലാഖദിരാംബുനാ
സൌവീരശംഖയഷ്ട്യാദ്യൈർലേപഃ കാര്യോഽഹിപൂതനൈഃ. ൭൧

അമ്മയുടെ മുലപ്പാൽ ശുദ്ധമാക്കി കൊടുക്കുകയും ത്രിഫല കരിങ്ങാലിക്കാതൽ ഇവയിട്ടു വെന്ത വെള്ളംകൊണ്ടു കഴുകിയതിനുശേഷം സൌവീരാഞ്ജനം, ശംഖചൂർണ്ണം ഇരട്ടിമധുരം ഇവ അരച്ചുതേക്കുകയും ചെയ്യുക; അഹിപൂതന എന്ന രോഗം ശമിക്കും.

കാസീസരുഗ്രഥരോചനതാലമനഃശിലാപിഷ്ടൈഃ
സഘൃതാംക്ഷ ഏഷ പരിലേപനതോ നിഹന്തി
യോഗൈർഘൃതൈശ്ച ശതധാ ശശിനാ സമേതൈഃ
സിന്ദൂരകൈസ്സഹ ശിശോരഹിപൂതനാം ച. ൭൨

ശുദ്ധിചെയ്ത അന്നഭേദി തുത്ഥ് ഹരിതാലം മഞ്ഞൾ കാട്ടത്തി ഇവ പുളിയിലനീരിൽ അരച്ചുതേക്കുക; വളരെ പ്രാവശ്യം കടഞ്ഞെടുത്ത നെയ്യിൽ കർപ്പൂരവും ശുദ്ധിചെയ്ത സിന്ദൂരവുംകൂടി യോജിപ്പിച്ചു തേക്കുക; അഹിപൂതന ശമിക്കും.

ഘൃതപാനം.

കുലകപത്രരസാഞ്ജനസാധിതം
ത്രിഫലയാ ഘൃതമാശു പിബൻ സദാ
ശിശുരലം ബഹുധാപ്യഹിപൂതനാം
വിജയതേ ജയതേഽന്യവ്രണാനപി. ൭൩

പടവലത്തില രസാഞ്ജനം ത്രിഫല ഇവ കല്കമായി നെയ്യുകാച്ചി സേവിക്കുക; അഹിപൂതനയും മറ്റു വ്രണങ്ങളും ശമിക്കും.

ഖാലിത്യലക്ഷണം.

രോമകൂപാനുഗം രോഷണിതം നിത്യശഃ
പിത്തദോഷേണ മൂർച്ഛിതം പ്രച്യാവയേൽ
രോമസംഘം സരക്തഃ കഫോ വൈ തദാ
രോമമാർഗ്ഗാവരോധം പ്രകുര്യാദലം. ൭൪

നാന്യരോമോദ്ഗമോ ജായതേ വൈ തദാ
ചൈന്ദ്രലുപ്തം ച ഖാലിത്യമേതം ജഗുഃ
തിക്തകാരേവതസ്യാപി പത്രോദ് ഭവൈ-
രംബുഭിർമർദ്ദനാദ്രോമസംഭോദ് ഭവഃ. ൭൫

രോമകൂപത്തിനെ അനുസരിച്ചു ഗമിക്കുന്ന രക്തം നിത്യവും പിത്തദോഷത്താൽ മൂർച്ഛിച്ചിട്ട് രോമങ്ങളെ വെളിയിലാക്കുന്നു. അപ്പോൾ പിത്തവുംകൂടി രോമമാർഗ്ഗത്തെ എല്ലാവും തടയുകയും ചെയ്യും. മറ്റു രോമങ്ങളൊന്നും ഉണ്ടാകയും ഇല്ല. ഇതിനെ ഇന്ദ്രലുപ്തമെന്നും ഖാലിത്യം എന്നുംപറയുന്നു.

തച്ചികിത്സ.

പടവലത്തിന്റെയും കൊന്നക്കിളുന്നിന്റെയും നീരെടുത്ത് രോമമില്ലാത്ത സ്ഥലത്തു മർദ്ദിച്ചാൽ രോമമുണ്ടാകും.

അന്യയോഗം.

തിലഗോക്ഷുരയോശ്ച പുഷ്പാണി
മധുനാ ഹവ്യസമേന പേഷിതാനി
ശിരസീഹ വിലേപിതാനി സദ്യോ
ബഹുകേശാനസിതപ്രഭാൻ പ്രകുര്യുഃ. ൭൬

എള്ളിൻപൂവ് ഞെരിഞ്ഞിൽപൂവ് ഇവ അരച്ചു തേനും നെയ്യുംചേർത്തു തലയിൽ തേക്കുക; വളരെ കറുത്ത തലമുടി ഉണ്ടാകും.

ഗജദന്തമഷിരസാഞ്ജനം പയസാ ഛാഗീഭവേന പേഷിതം
യദി ലിപ്തതരം തലേഽപി വാ ബഹുരോമ്ണാം പ്രകരം തനോതി തം. ൭൭

ആനക്കൊമ്പു ചുട്ടുണ്ടാക്കിയ മഷി ശുദ്ധിചെയ്ത രസാഞ്ജനം

ഇവ ആട്ടിൻപാലിൽ അരച്ചുതേച്ചാൽ ഉള്ള കുഴിൽകൂടിയും രോമമുണ്ടാകും.

ദാരുണലക്ഷണം.

ദാരുണാ കണ്ഡുരാ രൂക്ഷാ കേശഭൂമിഃ പ്രപാട്യതേ
ജായതേ ചാതിരൂക്ഷത്വാ തദാ ദാരുണം
മാക്ഷികൈർല്ലപനാ നശ്യതി പ്രായശ-
ശ്ചാന്യമത്ര പ്രതീകാരമാത്രം ബ്രുവേ. ൨൭

തലയിൽ അതികഠിനമായി ചൊറിച്ചിലും കഠിനരൂക്ഷതയും ഉണ്ടായിരുന്നാൽ അതു താരണം എന്ന രോഗമാകുന്നു. തേൻ തലയിൽ തേച്ചാൽ ഈ രോഗം മിക്കവാറും ശമിക്കും. ഇതുകൂടാതെ വേറെ ചികിത്സയും പറയുന്നുണ്ട്.

ചികിത്സ.

പ്രിയാളബീജാനി മധൂകസാരം
പത്ഥ്യാദയം കുഷ്ഠമയാംസി മാഷാഃ
മൂർദ്ധ്നി പ്രലേപാദ്ദൃഢകേശമൂലം
ഘ്നന്തീവ രോഗം ഖലു ദാരുണാഖ്യം. ൨൮

മുരൾമരത്തിൻകായുടെ അരി ചണ്ണാമ്പിലിട്ടുവിളിച്ച് കട്ടക്കമുഞ്ഞവേത് കൊട്ടം ഉഴുന്ന് ഇരട്ടിമധുരം ഇവ പൊടിച്ച് പാലിൽ അരച്ച് തലയിൽ തേക്കുക; താരണം എന്ന ശിരോരോഗം ശമിക്കും.

അന്യയോഗം.

ഗുഞ്ജാഫലൈർഭൃംഗരസൈശ്ച സിദ്ധം
തൈലം ശിരസ്യാശു വിലിമ്പിതാത്രം
കണ്ഡൂം സദാരൂണികാന്തം
സദ്യോ നിഹന്ത്യാദപി കുഷ്ഠതാരം. ൩൦

കുന്നിക്കുരു കല്ക്കമായി കയ്യോന്നിനീരു ചേർത്ത കാച്ചിയെടുത്ത തൈലം ശിരസ്സിൽ തേച്ചാൽ ചൊറിച്ചിൽ താരണം ഇവയും കുഷ്ഠവും ശമിക്കും.

രോഗംകൂടാതെ വളരെക്കാലം ജീവിക്കാനുള്ള ഉപായങ്ങൾ.

ധാരോഷ്ണദുഗ്ദ്ധം സസിതം കണാഢ്യം
നിത്യം പിബേന്ത്യോ ശതായുഷസ്സ്യു
സഭൃത്യപുത്രപ്രമദാഃ നരാഃ
കാമ്യാ വദാന്യാ വിതശോ ഭവന്തി. ൩൧

കറക്കുമ്പോൾ ഉള്ള ചൂടുമാറാത്തതായ പാല് പഞ്ചസാരയും തിപ്പലിയുംചേർത്തു മുടങ്ങാതെ കുടിച്ചാൽ നൂറുവർഷം പുത്രപൌത്രാദികളോടുകൂടി ജീവിച്ചിരിക്കാം.

അന്യയോഗം.

പലാശവൃന്താനി സമാക്ഷികാനി
കർഷപ്രമാണാനി സമാശിതാനി
നരം ശതായുഷ്യമരോഗഭാജ-
മസംശയം സംവിദധാതി സദ്യഃ. ൩൨

മൂന്നു കഴഞ്ചു പ്ലാശിൻഞെട്ട് പൊടിച്ച് തേനും ചേർത്ത് സേവിക്കുക; യാതൊരു രോഗവുംകൂടാതെ നൂറുവർഷം ജീവിച്ചിരിക്കാം.

ഇങ്ങിനെ ചികിത്സാക്രമകല്പവല്ലിയിൽ മുഖരോഗാധികാരം എന്ന ൪൪-ാം സ്തബകം കഴിഞ്ഞു.

അഥ പഞ്ചചത്വാരിംശസ്തബകഃ.

കർണ്ണരോഗാധികാരഃ.

കർണ്ണശൂലലക്ഷണം.

സമീരണഃ ശ്രുതിഗതോന്യഥാ ചരൻ സമന്തതഃ
ഭൃശാസ്യമേവ ദോഷൈശ്ച കർണ്ണശൂലകാരകഃ. ൧

ശ്രോത്രത്തിന്റെ ഉള്ളിൽ ഗതനായവായു നിജഹേതുക്കളാലും മറ്റു ദോഷങ്ങൾകൊണ്ടു കോപിച്ചിരിക്കുന്ന കഫപിത്തരക്തങ്ങളാൽ തടുക്കനിമിത്തം, പ്രതികൂലമായി സഞ്ചരിച്ച് ചെവിയിൽ എല്ലായിടവും വേദന ഉണ്ടാക്കുന്നു. ഇതാണ് കർണ്ണശൂലം.

കർണ്ണനാദലക്ഷണം.

കർണ്ണസ്രോതഃസ്ഥിതേ വാതേ ശൃണോതി വിവിധാൻ സ്വരാൻ
ഭേരീമൃദംഗശംഖാനാം കർണ്ണനാദസ്സ ഉച്യതേ. ൨

വായു കർണ്ണങ്ങളുടെ സിരകളിൽ നില്ക്കുന്ന സമയം പെരുമ്പറ മൃദംഗം, ശംഖം ഇവറ്റിന്റെ സദൃശങ്ങളായ നാദങ്ങളെ കേൾക്കും. ഇതാണ് കർണ്ണനാദം.

കർണ്ണബാധിര്യത്തിൻെറയും കർണ്ണക്ഷ്വേഡത്തിൻെറയും ലക്ഷണം.

സ്രോതോ യദാ ശബ്ദവാഹാ ച വായു-
രാവൃത്യ തിഷ്ഠത്യഥവാ കഫേന
യുക്തസ്തു ബാധിര്യകരശ്ച പിത്ത-
യുക്തഃ സ്വനം വേണുസമം കരോതി.
ക്ഷ്വേഡം കരോത്യേവ ഹി കർണ്ണയോസ്തൽ
കർണ്ണാദികം ക്ഷ്വേഡമുദാഹരന്തി. ൩

വായു തനിച്ചോ, വായുവും കഫവുംകൂടിയോ ശബ്ദവാഹിയായ സിരയെ തടുത്തിട്ട് സ്ഥിതിചെയ്യുന്നു. അപ്പോൾ ബാധിര്യം (ചെവി കേൾക്കാൻ വയ്യായ്ക) എന്ന കർണ്ണരോഗം ഉണ്ടാകുന്നു.

കർണ്ണക്ഷ്വേഡലക്ഷണം.

വായു, പിത്തകഫങ്ങളോടുകൂടി ചെവിയിൽനിന്ന് മുളയുടെ സദൃശമായ ശബ്ദത്തെ ഉണ്ടാക്കും. ഇതാണ് കർണ്ണക്ഷ്വേഡം.

കർണ്ണസ്രാവലക്ഷണം.

മൂർദ്ധ്നോഭിഘാതാദതിമജ്ജനാദ്വാ
ജലോതിപാകാദഥ വിദ്രധേശ്ച
പൂയം സ്രവേൽ കർണ്ണത ഏവ വായോഃ
പീഡാസമേതഃ ശ്രവണഃ ശ്രവസ്തു. ൪

തലയിൽ അടി ഏല്ക്കുകനിമിത്തം പഴുപ്പുണ്ടാകയോ; വെള്ളത്തിൽ അധികം മുങ്ങുകമൂലം പഴുപ്പുണ്ടാകയോ; കർണ്ണവിദ്രധി പഴുക്കുകയോ ചെയ്താൽ ചെവിയിൽനിന്നും പഴുപ്പ് ഒലിക്കും. കർണ്ണം വായുവിനാൽ പീഡിക്കപ്പെട്ടുമിരിക്കും. ഇതിനെ കർണ്ണസ്രാവം എന്നു പറയുന്നു.

കർണ്ണകണ്ഡൂലക്ഷണം.

വായുഃ കഫേന ശ്രുതിഗഃ കരോതി
കണ്ഡൂം തഥാ പിത്തവിശോഷിതശ്ച. ൫

ശ്ലേഷ്മൈവ ഗൂഥഃ കഥിതോ ഭിഷഗ്ഭി-
ര്യദാ വ്രജേച്ഛ്രവതാം സഗൂഥഃ
വിലാപിതോ ഘ്രാണമുഖം പ്രപന്നഃ
സകർണ്ണകാദ്യഃ പ്രതിനാഹരോഗഃ. ൬
കരോതി സോഽയം ശിരസോഽർദ്ധഭേദം.

വായുവും കഫവുംകൂടി ചെവിയിൽ ചൊറിച്ചിലിനെ ഉണ്ടാക്കും. ഇതിന് കർണ്ണകണ്ഡൂ എന്നു പേർ.

കർണ്ണഗൂഥലക്ഷണം.

പിത്തത്തോടുകൂടി ഉണങ്ങിയ കഫം ചെവിയിൽ മലത്തെ ഉണ്ടാക്കും. അതിനെ കർണ്ണഗൂഥം എന്നു പറയുന്നു.

കർണ്ണപ്രതിനാഹലക്ഷണം.

ചെവിയിലെ മലം ദ്രവിച്ച് മൂക്കിലും വായിലും പ്രാപിക്കുന്നതിന്ന് കർണ്ണപ്രതിനാഹം എന്നു പേർ. ഇത് ശിരസ്സിൻെറ പകുതിഭാഗത്തെ ഭേദിക്കുകയും ചെയ്യും.

കൃമികർണ്ണലക്ഷണം.

തദ്ഗന്ധയോഗാദഥ ജന്തവശ്ച
ജായന്ത ഏവം ഖലു മക്ഷികാശ്ച
സൃജന്ത്യപത്യാനി ച കർണ്ണരോധാൽ. ൧

കൃമിശ്രുതിരോഗം പരമിതി വൈദ്യാ
ജഗദുരലം തേ ശ്രുതിഗതശാസ്ത്രാഃ. ൨

ദുഷിച്ച മലങ്ങളുടെ ഗന്ധംനിമിത്തം കൃമികൾ വളരുകയോ ഈച്ചകൾ സ്വസന്താനത്തെ ജനിപ്പിക്കയോ ചെയ്യുന്നു. അ സമയം ചെവിക്കു വളരെ വേദനയുമുണ്ടാകും. ഇതിനെ കൃമികർണ്ണരോഗം എന്നു പറയുന്നു.

കർണ്ണത്തിൽ പക്ഷി മുതലായവ കേറിയാലുള്ള ലക്ഷണം.

യദാ പതങ്ഗശ്ശതപദ്യകാശ്ച
സ്രോതഃ ശ്രുതേഃ സംപ്രവിശന്തി താന്തു
കുർവന്തി പീഡാമരതിം തഥാ വാ
ഭൃശം ശ്രുതോഽവ്യാകുലതാം നയന്തി. ൩

നിസ്തുദ്യതേ കർണ്ണമഥോഽത്ര കിഞ്ച
ചലത്യലം ഫർഫരതാമുപൈതി
സ്പന്ദേ രുജഃ സംപ്രഭവന്തി തീവ്രാ
ക്ഷതാഭിഘാതാ—ദഥവിദ്രധേശ്ച. ൧൦

പക്ഷി പഴുതാര മുതലായവ ചെവിക്കകത്ത് കയറിയിട്ട്, വേദന, അശ്രദ്ധ, സംഭ്രമം ഇവയെ ഉണ്ടാക്കുന്നു. ചെവിക്കകത്തു കടന്നതിനാൽ, ചെറുപ്രാണികൾ ഇഴഞ്ഞു നടക്കുന്നപോലെ തോന്നുക; ഇവയും കാണും. ചെവിയിൽ പ്രാണികൾ സഞ്ചരിക്കുമ്പോൾ കഠിന വേദനയുണ്ടായിരിക്കും. 'ക്ഷതാഭിഘാതാൽ' എന്ന പാദം അടുത്ത ശ്ലോകത്തോട് അന്വയിച്ചുകൊള്ളണം.

കർണ്ണവിദ്രധിലക്ഷണം.

വാതാദിഭിർല്ലോഹിതപീതരക്ത-
മസ്രം സ്രവേത്തോദവിദാഹയുക്തഃ
ധൂമായനേനാപി ച ശോഷവാൻ സ
യഥാസമസ്രസ്രവപാകതശ്ച. ൧൭

ചെവിക്കകത്തു മുറിവോ ചതവോ പററുകയും അതുകൊണ്ട് വിദ്രധിയുണ്ടാകയും ചെയ്യും. ഇതുകൂടാതെ വാതപിത്തകഫങ്ങൾ കോപിച്ചും വിദ്രധിയുണ്ടാകും. അതു പൊട്ടിയാൽ ചെമ്പിച്ചോ മഞ്ഞനിറത്തിലോ ചുവന്നോ ഇരിക്കുന്ന ചോര ഒലിക്കയും, കുത്തിനോവ്, ചൂട്, പുകച്ചിൽ, വരട്ട് ഇവ ഉണ്ടാകയും ചെയ്യും. 'യഥാസ്വം' എന്ന നാലാംപദം അടുത്ത ശ്ലോകത്തോടു ചേർത്തുകൊള്ളണം.

കർണ്ണപാകാദിലക്ഷണം.

തഥാംബുനാ പൂരിതകർണ്ണദേശാൽ
പൂയം സപൂതി സ്രവതി സ്വദോഷാൽ
സപൂതികർണ്ണഃ കഥിതോ യഥോക്ത
ശോഫാർബ്ബുദാർശാംസി ച തത്ര കർണ്ണേ. ൧൮

കർണ്ണവിദ്രധി പഴുക്കുകകൊണ്ടും ചെവിയിൽ വെള്ളംകേറി നിറയുകകൊണ്ടും ആണ് കർണ്ണപാകം ഉണ്ടാകുന്നത്.

പൂതികർണ്ണലക്ഷണം.

ദുർഗന്ധമുള്ള ചലം ചെവിയിൽനിന്നും ഒലിക്കുന്നതിന് പൂതികർണ്ണം എന്ന പേർ.

കർണ്ണശോഥാദിലക്ഷണം

ചെവിയിൽ നീര്, അർബ്ബുദം, അർശസ്സ് ഇവയുണ്ടാകും. അവയെ അതുകളുടെ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾകൊണ്ട് അറിഞ്ഞുകൊള്ളണം.

വാതപിത്തകർണ്ണരോഗലക്ഷണം.

നാദോ രുജഃ കർണ്ണമലസ്യ ശോഷഃ
സ്രാവസ്തഥാ വാ ശ്രവണം ച വാതാൽ
രാഗസ്സശോഥോദരണം സദാഹം
പീതസ്യ പൂയസ്യ സ്രാവശ്ച പിത്താൽ. ൧൯

ചെവിയിൽ നാദം, വേദന, ചെവിക്കായം ഉണങ്ങിയിരിക്കുക; ചലം ഒലിക്കുക; ചെവി കേൾക്കായ്ക ഇവ വാതകർണ്ണരോഗത്തിന്റെ ലക്ഷണവും ചുവപ്പും ചൂടും ഉള്ള നീരുണ്ടായി പൊട്ടി മഞ്ഞനിറത്തിലു ചലം ഒലിക്കുന്നത് പിത്തകർണ്ണരോഗത്തിന്റെ ലക്ഷണവും ആകുന്നു.

കഫകർണ്ണരോഗം.

കണ്ഡൂതിവൈശ്രുത്യയുതം സ്ഥിരത്വം
ശോഥസ്യ ശുക്ലസ്യ സ്രുതിർവിശേഷാൽ
സ്നിഗ്ദ്ധസ്യ പൂയസ്യ ച നീരുജത്വം
കഫപ്രഭൂതേ ശ്രുതിജേ ഗദേ സ്യുഃ. ൨൦

ചൊറിച്ചിൽ, ചെവിയിൽ വിപരീതമായ ശബ്ദം, നീരിന് ഉറപ്പ്, വെളുത്തും സ്നിഗ്ദ്ധമായും ഇരിക്കുന്ന ചലമൊലിക്കുക; വേദനയില്ലാതിരിക്കുക; ഇവ കഫകർണ്ണരോഗത്തിന്റെ ലക്ഷണങ്ങളാണ്.

സന്നിപാതകർണ്ണരോഗം.

നാനാസ്വരൂപാണി ച സന്നിപാതാ-
ന്നാനാവിധസ്രാവവിവർണ്ണതാഭിഃ
പൂയസ്യ നിത്യം ശ്രുതിജേ ഗദേ ഹി
ദോഷാധികം വർണ്ണസമം ശ്രുതിശ്ച. ൨൧

ത്രിദോഷകോപലക്ഷണങ്ങൾ ഉണ്ടായിരിക്കുക; എല്ലാ വിധത്തിലുംചലം ഒലിക്കുക; എല്ലാനിറവും കാണുക, ഇതു സന്നിപാതകർണ്ണരോഗലക്ഷണമാണ്. ഇതിൽ ഏതുദോഷമാണോ അധികം ഉള്ളത് അതിന്റെ നിറത്തോടുകൂടിയായിരിക്കും ചലം ഒഴുകുന്നത്.

കർണ്ണരോഗചികിത്സ.

സ്വിന്നശ്രുതിം ചാശു വിരേചയേദ്വാ
ഭുക്തോപരിഷ്ടാദപി സർപ്പിരത്ര
യോജ്യം ച വസ്തിശ്ച തഥൈവ തത്ര
ബ്രുവേ ചികിത്സാം ശ്രുതിരോഗഹന്ത്രീം. ൨൨

ചെവിവിയർപ്പിക്കുക, വിരേചിപ്പിക്കുക; ഊണു കഴിഞ്ഞതിനുശേഷം നെയ്യുസേവിപ്പിക്കുക; വസ്തി ഇവ ഏതാണ് വേണ്ടതെന്നാലോചിച്ചു ചെയ്തുകൊള്ളണം. ഇനിയും ശ്രുതിരോഗനാശകങ്ങളായ ചികിത്സയെ പറയുന്നു.

രവിജപീതദളം ഘൃതലേപിതം
ദഹനതപ്തമലം ശ്രുതിപീഡിതം
ശ്രുതിഗമാശു സുഖോഷ്ണമ ഥാ തഥാ
ശ്രുതിജശൂലരുജോ ബധിരാ ഹരേൽ. ൨൩

എരിക്കിൻെറ പഴുത്ത ഇല എടുത്ത് നെയ്യുപുരട്ടി തീയത്തു കാണിച്ചു വാട്ടിപ്പിഴിഞ്ഞു നീര് എടുത്ത് ചെറുചൂടെ ചെവിയ്ക്കകത്തൊഴിക്കുക; വേദന ശമിക്കും.

ഹിംഗ്വാദിതൈലം.

ഹിംഗുതുംബുരുശുണ്ഠീഭിഃ സിദ്ധം തൈലം
സാർഷപം ശ്രവണ ശ്രവണസ്യ
വിശ്രുതിം രവമഥ ശ്രുതിശൂലം
ഹന്തി സത്വരമഥേ ഭിഷജോക്തം. ൧൦

കായം തുമ്പൂണലരി, ചുക്ക്, ഇവ ഇട്ടു മൂപ്പിച്ച കടുകെണ്ണ ചെവിയിൽ ഒഴിക്കുക; ചെവികേൾക്കായ്ക ചെവിയിലുണ്ടാകുന്ന ശബ്ദം, ചലം ഒലിപ്പ്, ഇവ ശമിക്കും.

അപാമാർഗ്ഗതൈലം.

അപാമാർഗ്ഗക്ഷാരതോയേന തദ്വ-
ദപാമാർഗ്ഗകല്ക്കേന തൈലം തിലാനാം
ശൃതം കർണ്ണനാദാപഹം പൂരണാച്ച
ശ്രുതൌ ചാഥ ബാധിര്യസംഹാരികാരി. ൧൧

ചെറുകടലാടിക്ഷാരം കലക്കിയ വെള്ളത്തിൽ ചെറുകടലാടി കല്ക്കമാക്കി കാച്ചി എടുത്ത എള്ളെണ്ണ ചെവിയിൽ നിർത്തിയാൽ കർണ്ണനാദം ചെവികേൾക്കായ്ക ഇവ ശമിക്കും.

വിലാദിതൈലം.

ഗവാം മൂത്രേണ വില്വാനി പിഷ്ട്വാ തൈലം വിപാചയേൽ
സജലം ച സദുഗ്ധം ച തദ്ബാധിര്യഹരം പരം. ൧൨

കൂവളത്തിൻവേര് ഇതരം ഇവ ഗോമൂത്രത്തിൽ അരച്ച് എണ്ണ കാച്ചി ഉപയോഗിക്കുക; ചെവി കേൾക്കായ്ക ശമിക്കും.

ഹിംഗ്വാദിക്ഷാരതൈലം.

ഹിംഗുദാരുമിസിമൂലഭസ്മ
ഭൂർജവല്കലജഭസ്മജൈഃ
സിന്ധുജീരകവചാഞ്ജനാഭ-
മൂലനീരമധുസൂക്തജൈഃ. ൧൧

മാതുലുംഗജരസൈരപീതൈഃ
ശിഗ്രുകോദ്ഭിദയുതൈരപി തൈലം
സാർജികായുതവിധം നിഹന്തി
ശിരഃശ്രവണശൂലം. ൧൧

കായം ദേവതാരം ചതകുപ്പ മൂലവരിക്കിഴങ്ങിൻെറഭസ്മം പുത്തനക്കിൻതൊലിയുടെ ഭസ്മം മുത്തങ്ങാ കരിനൊച്ചി ജീരകം വയമ്പ് അഞ്ജനക്കല്ല് ചുക്ക മുരിങ്ങത്തൊലി സർജ്ജിക്ഷാരം വിളയുപ്പ് ഇവ കല്ക്കമായി കദളിവാഴമാണത്തിൻനീരും മാതളനാരങ്ങാനീരും മധു സൂക്തവും ചേർത്ത് കാച്ചിയ തൈലം പൂരിക്കുക, ശിരസ്സ്, കർണ്ണശൂലി, കർണ്ണശൂലം ഇവയെ ശമിപ്പിക്കും. (ഇടങ്ങഴി ചെറുനാരങ്ങാനീര്, നാഴി തേൻ, ഒരുപലം തിപ്പലിപ്പൊടി ഇവ എല്ലാം കൂടി നെയ്യുതേച്ചു മയക്കിയ കുടത്തിൽ ആക്കി ഒരുമാസം നെല്ലിനകത്തു കുഴിച്ചുവച്ചിരുന്ന് എടുക്കണം. ഇതാണ് മധുസൂക്തം എന്നു പറയുന്നത്.)

അന്യയോഗങ്ങൾ.

അഷ്ടാംഗുലാന്യേവ ച പഞ്ചമൂലാ-
ന്മഹത്തരാച്ചാപി നിഗൃഹ്യ താനി
കാണ്ഡാനി ച ക്ഷൌമനിവേഷ്ടിതാനി
തൈലേന സംസിച്യ പ്രദീപിതാനി. ൧൧

യത്തൈലമേതച്ച്യവതേ തദേവ
ശ്രുതൌ നിഷിക്തം ശ്രുതിജാനനേകാൻ
ബാധിര്യപീഡാരവപൂതിസ്രാവാൻ
സദ്യോ നിഹന്യാദ്ഭിഷജോ വദന്തി. ൧൨

എട്ടങ്ഗുലം നീളമുള്ള മഹൽപഞ്ചമൂലങ്ങളുടെ വേരുകളെ എടുത്തുകൊണ്ടുവന്ന്, അവയിൽ തിരിശ്ശീലചുററി എണ്ണയിൽ മുക്കി തീകത്തിച്ച് അതിൽനിന്നും ഊറിവരുന്ന എണ്ണ എടുത്ത് ചെവിയിൽ ഒഴിക്കുക; ചെവികേൾക്കായ്ക, കർണ്ണനാദം, ചലമൊഴുകുക; ഇവ ശമിക്കും.

അന്യയോഗം.

ഗോമൂത്രം തു കവോഷ്ണമേവ സതതം കർണ്ണസ്യ പ്രക്ഷാളനം
പത്ഥ്യാതിന്ദുകലോധ്രധാത്രിവികഷാകപാഥഃ ശ്രുതിക്ഷാളനം
ജാതീപത്രരസൈശ്ച തൈലമഥവാ സിദ്ധഞ്ച നാരീപയഃ
കർണ്ണേ ക്ഷിപ്തമലം രസായനയുതം കർണ്ണസ്യ പൂതിപ്രണൽ. ൧൫

ഹിംഗുഗ്രാഗദദാരുവിശ്വപടുഭിസ്സൈന്ധവം ദശീച്ഛാഗതൈ-
ശ്ശുതൈസ്സിദ്ധമലം തഥാ നിഗദിതം യോഗത്രയം പണ്ഡിതൈഃ.

ഗോമൂത്രം കുറഞ്ഞൊന്നു ചൂടാക്കിക്കൂടി ചെവിയിൽ ഒഴിച്ചു കഴുകുക; കടുക്ക പനച്ചിക്കാ പാച്ചോററിത്തൊലി നെല്ലിക്കാത്തൊലി മഞ്ചട്ടി ഇവ കഷായംവച്ച് ചെവിയിൽ ഒഴിച്ചു കഴുകുക; പിച്ചക

ത്തിലരനീർ ചേർത്ത് എണ്ണകാച്ചി ഉപയോഗിക്കുക; കുഴമ്പാക്കി കാച്ചി ചെവിയിൽ ഒഴിക്കുക; കായം വയമ്പ് കൊട്ടം ദേവദാരം ചുക്ക ഇന്തുപ്പ് ഇവ കല്കമായി, ആട്ടിൻമൂത്രവും ചേർത്ത് എണ്ണകാച്ചി ഉപയോഗിക്കുക; ചെവിസ്സുകളിലുള്ള രോഗം ശമിക്കും.

പ്രതിനാഹചികിത്സ.

ചൂർണ്ണഗന്ധകശിലാരജനീഭി-
രഷ്ടമാംശതുലിതൈഃ കടുതൈലം
സ്വർണ്ണപത്രരസതുല്യഫലാനി
സിദ്ധം ഹന്തി ചിരജാം ശ്രുതിനാഡീം. ൨൬

ചുണ്ണാമ്പ്, ഗന്ധകം, മനയോല, മഞ്ഞൾ ഇവ കടുകെണ്ണയുടെ എട്ടിലൊരുഭാഗം. കടുകെണ്ണയ്ക്കു സമം ഉമ്മത്തിൻനീരു ഇവ ചേർത്ത് കടുകെണ്ണ കാച്ചി ഉപയോഗിക്കുക; പഴകിച്ചെന്ന ശ്രുതിനാഡി എന്ന രോഗം ശമിക്കും.

കൃമികർണ്ണചികിത്സ.

വാർത്താകധൂമോഽഥ കടും ച തൈലം
ഗോമൂത്രപിഷ്ടഞ്ച ഹരിതാലം
നിക്ഷിപ്തമാത്രം ശ്രവണേ കൃമീണാം
യോഗത്രയം നാശകരം പ്രശസ്തം. ൨൭

തക്കാളിവഴുതിനയുടെ പുക ഏല്പിക്കുക; കടുകെണ്ണ ഉപയോഗിക്കുക; ഹരിതാലം ഗോമൂത്രത്തിൽ അരച്ച് ചെവിയിൽ ഒഴിക്കുക; കൃമികർണ്ണം ശമിക്കും.

പരിപോടലക്ഷണം.

അഥോ സൌകുമാര്യാച്ച വാ ബാലകാനാം
ചിരോൽസൃഷ്ടകർണ്ണേ തു വിദ്ധേ തു സദ്യഃ
വിസംവർദ്ധിതേ കർണ്ണശോഥശ്ച പാലീ-
മഭിവ്യാപ്യ സംജായതേ ബാലകാനാം. ൨൮
സരുക്ഃ പരിപോടകാച്ച സഃ
പരിപോടോരുണമേചകോ ഭവേൽ
ശ്രുതിപാളിഗദശ്ച ദാരുണോ
ജനിതഃ സ്തബ്ധ ശരീരസ്യ തു വായുനാ. ൨൯

കുട്ടിക്കാലത്തു കാതുവളർത്താനായിട്ടു പിന്നെ വേഗത്തിൽ വളർത്തിയാൽ വാതം കോപിച്ച് കർണ്ണപാളിയിൽ വേദന, പൊള്ളല് ഇവയോടുകൂടിയ നീരുണ്ടാകും. ഇതിന്നു പരിപോടകം എന്നുപേർ. വാതജമായ പരിപോടം ചുവന്നും കറുത്തും സ്തംഭിച്ചും ഇരിക്കും.

ഉല്പാതലക്ഷണം.

ഗുരുതരാഭരണാദഥ ഘർഷണാ-
ദപി ച താഡയതഃ ശ്രുതിപാലികാ
ദവഥുപാകരുജാന്വിതശോണിത-
ശ്വയഥുനാ കലിതാപി ച മേചകാ. ൩൦
രുധിരപിത്തഭവഃ സ ഗദോ മതഃ
ഖലു സമുൽപതിതോഽപി ച നാമതഃ

കനം ഉള്ള ആഭരണങ്ങൾ കാതിൽ ഇടുകയോ അടി ഏല്ക്കുകയോ അധികമായി ഉരസ്സുകയോ ചെയ്യുകനിമിത്തം കാതിന്റെ വളളിയിൽ ചൂട്ട്, പഴുപ്പ്, വേദന ഇവയോടുകൂടിയ നീരുണ്ടാകും. അതു കറുവാളിച്ചോ ചുവന്നോ ഇരിക്കും. രക്തപിത്തങ്ങൾ കോപിച്ചുണ്ടാകുന്ന ആ രോഗത്തിന് ഉൽപാതകം എന്നുപേർ.

ഉന്മന്ഥകലക്ഷണം.

അഥ ബലാൽ ശ്രുതിവർദ്ധനമാചരേൽ
ശ്രവണപാലിഗതസ്തു സദാഗതിഃ. ൩൧
പ്രകുരുതേ പരിഗൃഹ്യ കഫം ബലാൽ
ശ്വയഥുസ്തബ്ധമവേദന മേവ ച
നിഗദിതഃ കഫപിത്തവികാരതഃ
സ ച തഥോന്മന്ഥകോഽപി ച നാമതഃ. ൩൨

ബലമായി കാതുവളർത്തിയാൽ കാതിന്റെ വളളിയിൽ വായു കോപിച്ചു കഫത്തോടുകൂടി നീരുണ്ടാകും. ആ നീരു സ്തംഭിച്ചും വേദനയോടുകൂടാതെയും ഇരിക്കും. കഫവാതകോപത്താൽ ഉണ്ടാകുന്ന ആ രോഗത്തിന് ഉന്മന്ഥകം എന്നുപേർ.

ദുഃഖവിവർദ്ധനലക്ഷണം.

ദുർവിദ്ധകർണ്ണേഽപ്യതിവർദ്ധമാനേ
ശോഥോ ഭവേദ്ദാഹരുജാന്വിതശ്ച
സപാകകണ്ഡൂസഹിതസ്ത്രിജാതോ
നാമ്നാ ഗദോ ദുഃഖവിവർദ്ധനശ്ച. ൩൩

സ്ഥാനംമാറി കാതുകുത്തി വളർത്തിയാൽ ത്രിദോഷങ്ങൾ കോപിച്ച് ചൂട്ട്, വേദന, പഴുപ്പ്, ചൊറിച്ചിൽ ഇവയോടുകൂടിയ നീരുണ്ടാകും. അതാണ് ദുഃഖവിവർദ്ധനം എന്ന കർണ്ണരോഗം.

പിടകാലക്ഷണം.

സകഫലോഹിതജന്തുഗണാ യദാ
പ്രകുപിതാ യദി സർഷപസന്നിഭാഃ
ദവഥുകണ്ഡുരുജാസഹിതാ ധ്രുവം
ശ്രവണപാലിഗതാഃ പിടകാസ്തദാ. ൩൮

കഫരക്തങ്ങളിൽനിന്നു കടുകുപോലുള്ള കൃമികൾ കോപിച്ച് ചൂട്ട് ചൊറിച്ചിൽ വേദന ഇവയോടുകൂടിയ കുരുക്കളെ കാതിന്റെ വള്ളിയിൽ ഉണ്ടാക്കും. ഇതിനു പിടക എന്നു പേർ.

പരിലേഹീലക്ഷണം.

കർണ്ണപാലീം ലിഹേയുസ്തേ വിസപ്പ ഇവ തേ തദാ
പരിലേഹീതി രോഗോഽയം ശ്രുതേഃ പാലീം ഗതോ യഥാ.

മുൻപറഞ്ഞ കൃമികൾ വ്യാപിച്ച് ചെവിയുടെ അകത്തെ തട്ടിനേയും കർണ്ണപാളിയേയും മാംസഹീനങ്ങളാക്കി ചെയ്യും. ഇതിനു പരിലേഹി എന്നു പേർ.

കർണ്ണപാലികാചികിത്സ.

സവാജിഗന്ധാനിലശത്രുബീജകൈഃ
ശതാവരീദ്രാവപയസ്സമന്വിതം
ശ്രുതം തു തൈലം വിനിലേപനേന വാ
ശ്രുതേശ്ച പാലീമതിപോഷയേച്ച വാ. ൩൯

അമുക്കുരം ആവണക്കുരി ഇവ കല്ക്കമായി ശതാവരിനീരുചേർത്തു കാച്ചി എടുത്ത എണ്ണ പുരട്ടുക; ചെവിയുടെ വള്ളി വളരും.

തൈലയോഗം.

സുശീതലേപൈശ്ച ജലൌകികാഭി-
രുൽപാതകർണ്ണാദിഗദം ചികിത്സേൽ
ജീവന്തികാവാകുചികാശതഗന്ധാ-
സിന്ധൂൽക്കരാസ്നാഫലിനീരസൈശ്ച. ൪൦

ഗോധാവസാകങ്കവസാസമേതം
പക്വം തഥോന്മന്ഥഹരം ച തൈലം
അഭ്യഞ്ജനാന്യച്ച് റുതി പാലികാനാ-
മുപക്രമശ്ചാപി യഥാസ്വമേവ. ൪൧

ശീതളങ്ങളായ ലേപനങ്ങൾകൊണ്ടും അട്ടയിട്ടും ഉൽപ്പാതം ... ചികിത്സിക്കണം. അടപതിയൻകിഴങ്ങ്

കാർകോകിലരി അമുക്കുരം കരിനൊച്ചിവേര് എരിക്കിൻവേര് ഇവ കല്ക്കമായി നിലപ്പനക്കിഴങ്ങിൻനീര് ഉടുമ്പിൻവസ കഴുകൻ പക്ഷിയുടെ വസ ഇവയും ചേർത്ത് എണ്ണകാച്ചി പുരട്ടുക; ... തിന്റെ വള്ളികൾ വളരും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
കർണ്ണരോഗാധികാരം എന്ന
൪൫-ാം സ്തബകം കഴിഞ്ഞു.

അഥ ഷട്ചത്വാരിംശസ്തബകഃ

നാസാരോഗാധികാരഃ

നാസാരോഗനിദാനം.

ആനഹ്യതേ ധൂപ്യതി യത്ര നാസാ
പ്രക്ലിദ്യതേ ചാപി വിശുഷ്യതേ ച
ന വേത്തി ഗന്ധം ച രസം മനുഷ്യ-
സ്തത്പീനസം വാതകഫപ്രവൃത്തം. ൧

മൂക്ക് അടയ്ക്കുക; പുകയുക; നനഞ്ഞിരിക്കുക ഉണങ്ങുക ഗന്ധ രസങ്ങൾ അറിയാൻ വയ്യാതിരിക്കുക; ഈ ലക്ഷണങ്ങളുള്ള രോഗത്തെ വാതകഫജമായ അപീനസരോഗമെന്നു പറയുന്നു.

പൂതിനസ്യലക്ഷണം.

പ്രദുഷ്ടദോഷൈർഗളതാലുമൂലേ
സമ്മൂർച്ഛിതോ നിത്യഗതിസ്തു യസ്യ
നാസാമുഖാഭ്യാമതിപൂതിരേതി
തം പൂതിനസ്യം ഗദമാമനന്തി. ൨

കഴുത്തിലും അണ്ണാക്കിലും ദൂഷിച്ചിരിക്കുന്ന കഫപിത്തരക്തങ്ങൾ നിമിത്തം വായു കോപിച്ച് ദുർഗ്ഗന്ധത്തോടുകൂടി മൂക്കിൽനിന്നും വായിൽനിന്നും പുറപ്പെടുന്നു. അതിന് പൂതിനസ്യം എന്നു പേർ.

നാസാപാകലക്ഷണം.

ഘ്രാണേ സ്ഥിതം പിത്തമരുംഷി യത്ര
പാകം പ്രകുര്യാൽ സ തു ഘ്രാണപാകഃ

വിക്ലേദകോഥാദപി ശേഷദോഷൈർ-
ല്ലലാടദേശേ ട ദിഹരസ്യ ജന്താഃ. ൩
നാസാ സ്രവത്യന്യജം സപൂയം
തം രക്തപൂയസ്രവമാഹുരാര്യാഃ

പിത്തം മൂക്കിൽ സ്ഥിതിചെയ്തിട്ട് അവിടെ വ്രണങ്ങളെ ഉണ്ടാക്കും. വളരെ പഴുപ്പും ഉണ്ടായിരിക്കും. പഴുപ്പിന് ദുർഗ്ഗന്ധവും കാണും. ഇതിന്ന് നാസാപാകം എന്നു പേർ.

പൂയരക്തലക്ഷണം.

പിത്തരക്തങ്ങളുടെ ആധിക്യം നിമിത്തം വിദഗ്ധമായി പരിണമിച്ച ദോഷങ്ങൾ ഹേതുവായിട്ടോ നെററിയിൽ അടിയേൽക്കുക ഹേതുവായിട്ടോ, ദോഷകരങ്ങളായ മററു പ്രവൃത്തികൾ ഹേതുവായിട്ടോ; മൂക്കിൽനിന്ന് രക്തവും ചലവും ഒലിക്കും. അതിന് പൂയരക്തം എന്നു പേർ.

ക്ഷവഥുലക്ഷണം.

ഘ്രാണം ഗതേ മർമ്മണി തത്ര വാതോ-
നിലസ്സശബ്ദോ മുഖനാസികാഭ്യാം. ൪
നിരേതി യത്രാശു കഫാനുയാതോ
ഗദം തമാഹുഃ ക്ഷവഥും സുവൈദ്യാഃ

മൂക്കിനെ ആശ്രയിച്ചിരിക്കുന്ന ശൃംഗാടകംഎന്ന മർമ്മത്തിൽ വായു ദുഷിപ്പിച്ച് കഫത്തോടും ശബ്ദത്തോടുംകൂടി മുഖത്തിൽനിന്നോ മൂക്കിൽനിന്നോ പുറപ്പെടുന്നു. ഇതിന് ക്ഷവഥു എന്നു പേർ.

ആഗന്തുകമായ ക്ഷവഥുലക്ഷണം.

വിജിഘ്രതസ്തീക്ഷ്ണകടൂംശ്ച സൂത്ര-
മാദിത്യസാംമുഖ്യരജഃപ്രസംഗാൽ. ൫
ഉദ്ഘാടിതേ വാ തരുണാസ്ഥിമർമ്മ-
ണ്യാഗന്തുകോന്യഃ ക്ഷവഥുഃ പ്രദിഷ്ടഃ.

കടുക് മുളക് മുതലായ തീക്ഷ്ണദ്രവ്യങ്ങളെ ഉപയോഗിക്കുകകൊണ്ടോ എരിവുരസമുള്ള പദാർത്ഥങ്ങളെ മണപ്പിക്കകൊണ്ടോ സൂര്യനെ നോക്കുക; മൂക്കിൽ ചരടു മുതലായവയിടുക ഇവകൊണ്ടോ തരുണാസ്ഥിക്കും ശൃംഗാടകം എന്ന മർമ്മത്തിനും ഇളക്കം തട്ടുമ്പോൾ തുമ്മൽ ഉണ്ടാകും. ഇതിന് ആഗന്തുജമായ ക്ഷവഥു എന്നുപേർ.

ഭ്രംശഥുലക്ഷണം.

നാസാവിലാഭ്യാമതിവാരിതോപി
സാന്ദ്രോ വിദഗ്ധോ ലവണോ നിരേതി. ൬
കഫസ്സ പൂർവം ശിരസീഹ സംസ്ഥഃ
സൂക്ഷ്മപ്രതപ്തോ ഭ്രംശഥും വദന്തി.

തലയിൽ ആദ്യമേ വർദ്ധിച്ചിരിക്കുന്ന കഫം വെയിൽകൊണ്ട് ചൂടു പിടിച്ച് ഉപ്പുരസത്തോടുകൂടി പാകപ്പെടാതെയും കൊഴുത്തും മൂക്കിന്റെ രണ്ടു ദ്വാരങ്ങളിൽ നിന്നും പുറപ്പെടുന്നു. ഇതിനെ ഭ്രംശഥു എന്നു പറയുന്നു.

ദീപ്തലക്ഷണം.

ഘ്രാണേ സദാഹേ യദി ധൂമതുല്യോ
വായുശ്ച നിസ്സാരമുപൈതി യത്ര
ദീപ്തേവ നാസാ ഖലു യസ്യ തസ്യ
ദീപ്താഖ്യരോഗം കഥയന്തി വൈദ്യാഃ.

മൂക്കിൽ ഏററവും ചൂടുണ്ടാകുമ്പോൾ വായു പുകപോലെ സഞ്ചരിക്കയും മൂക്കു ജ്വലിച്ചിരിക്കുന്നോ എന്നു തോന്നുകയും ചെയ്യുന്നതായ രോഗത്തെ ദീപ്തരോഗം എന്നു പറയുന്നു.

പ്രതിനാഹലക്ഷണം.

കഫഃ സവാതോ യദി സന്നിരുധ്യാ
ദുച്ഛ്വാസമാർഗ്ഗം പ്രതിനാഹരോഗഃ. ൭

കഫം വായുവിനോടുകൂടി ശ്വാസമാർഗ്ഗത്തെ തടുക്കുന്നതിനു പ്രതിനാഹരോഗമെന്നു പേർ.

നാസാപരിസ്രാവലക്ഷണം.

ഘനഃ സിതഃ പീതതനുഃ സ്രവേച്ച
ഘ്രാണാത്തു ദോഷോ യദി സ്രാവയുക്തഃ
നാസാപരിസ്രാവമുദാഹരന്തി
വൈദ്യാധിനാഥാ മുനയഃ പുരാണാഃ. ൮

കഫം കട്ടിയായിട്ടും വെളുത്തും മഞ്ഞനിറത്തിലും നേർത്തും മൂക്കിൽനിന്ന് ഒലിക്കുന്നതിനെ നാസാസ്രാവമെന്നു പറയുന്നു.

നാസാപരിശോഷലക്ഷണം.

യദാഘ്രാണസ്രോതഃ പവന അഖിലം ഗാഢമപി ച
പ്രകുപ്യാൽ സംശോഷ്യ ശ്വസനമുഭയം കൃച്ഛ്രവശഗം

അഥോർദ്ധ്വം യസ്മിൻ വാ നിഖിലഭിഷജസ്തം നിജഗദുർ-
ഗദം നാസാശോഷം ത്രിഭവമഥ വായ്വാർഗദമിതി. ൧൦

വായു മൂക്കിന്റെ എല്ലാ സ്രോതസ്സിനെയും തപിപ്പിക്കയും ശോഷിപ്പിക്കയും ചെയ്യുമ്പോൾ മേല്പോട്ടും കീഴ്പോട്ടും പണിപ്പെട്ടു ശ്വാസം വിടേണ്ടതായി വരും. ഇതിനെ നാസാപരിശോഷമെന്നും ത്രിദോഷജമായ ഇതിനെ വായുരോഗമെന്നും പറയുന്നു.

ആമപീനസലക്ഷണം.

ശിരോഗുരുത്വമരുചിർന്നാസാസ്രാവസ്തനുസ്വരഃ
ക്ഷാമഃ ഷ്ഠീവതി ചാഭീക്ഷ്ണമാമപീനസലക്ഷണം. ൧൧

തലയ്ക്കുകനം, അരുചി, മൂക്കിൽകൂടി വെള്ളമൊലിക്കുക, സ്വരം തന്നുവായും അസ്പഷ്ടമായും ഇരിക്കുക; കൂടക്കൂടെ മൂക്കിൽനിന്നു കഫം പുറപ്പെടുക; ഇവ ആമപീനസത്തിന്റെ ലക്ഷണങ്ങളാണ്.

പക്വപീനസലക്ഷണം.

ആമലിംഗാന്വിതഃ ശ്ലേഷ്മാ ഘനഃ ഖേഷു നിമജ്ജതി
സ്വരവർണ്ണവിശുദ്ധിശ്ച പരിപക്വസ്യ ലക്ഷണം. ൧൨

ആമപീനസലക്ഷണങ്ങളോടുകൂടിയ കഫം കട്ടിയായിട്ട് സ്രോതസ്സുകളിൽ ലയിക്കുക; സ്വരത്തിനും വർണ്ണത്തിനും വിശുദ്ധിയുണ്ടായിരിക്കുക ഇവ പക്വപീനസത്തിന്റെ ലക്ഷണമാകുന്നു.

പീനസനിദാനം.

അജീർണ്ണസന്ധാരണധൂളിഭാഷ്യ-
ക്രോധർത്തുവൈഷമ്യശിരോഭിതാപൈഃ
ദിവാശയാജ്ജാഗരണാച്ച രാത്രൗ
നവീനശീതാംബുനിഷേവണാദ്വാ. ൧൩

സ്ത്രീയോഽതിസംഗാദതിബാഷ്പധൂമൈഃ
സസ്ത്യാനദോഷൈഃ പ്രബലഃ ശിരസ്ഥഃ
വായുഃ പ്രതിശ്യായഗദം പ്രകുര്യാ-
ന്നാസാസ്രവസ്തത്ര നിരന്തരം സ്യാൽ. ൧൪

ചയം ഗതാ മൂർദ്ധനി വാതപൂർവ്വാ
സ്സർവ്വേ പൃഥഗ്വാ രുധിരം ച നസ്തഃ
പ്രവർത്തയന്തി സ്വനിദാനകോപ-
മാസാദ്യ വൈദ്യാഃ പ്രവദന്തി തം ച. ൧൫

രക്തഃ പ്രതിശ്യായഗദം ച തസ്യാ-
പ്യുപദ്രവാൻ പീനസജാൻ ബ്രുവേഥ

ദഹനക്കേട്, മലമൂത്രാദികളെ തടുക്കുക, പൊടി ഏൽക്കുക, വളരെ സംസാരിക്കുക, കോപിക്കുക, ഋതുവൈഷമ്യം, ശിരസ്സിനു ചൂടുണ്ടാകുക, പകലുറങ്ങുക, രാത്രിയിൽ ഉറങ്ങാതിരിക്കുക, പുതിയ പച്ചവെള്ളം കുടിക്കുക, അതിൽ കുളിക്കുക, അതിയായ സ്ത്രീസംഗം ചെയ്യുക, കണ്ണുനീരു പുറപ്പെടുമ്പോൾ അടക്കുക, പുകയേൽക്കുക, ഈ കാരണങ്ങളാൽ ശിരസ്സു കനത്തിരിക്കുന്ന സമയം വാതം വർദ്ധിച്ചു പീനസരോഗത്തെ ഉണ്ടാക്കുന്നു. ആ പീനസമുള്ളപ്പോൾ സദാസമയവും മൂക്കിൽകൂടി വെള്ളം ഒലിച്ചുകൊണ്ടിരിക്കും. ശിരസ്സിൽ സ്വസ്ഥാനത്തു വർദ്ധിച്ചിരിക്കുന്ന വാതാദിദോഷങ്ങളും രക്തവും ഓരോന്നായോ ഒരുമിച്ചോ തന്റെ കോപകാരണങ്ങളെക്കൊണ്ടു കോപിച്ചു പീനസത്തെ ഉണ്ടാക്കുന്നു. ഇനിയും പീനസോപദ്രവങ്ങളെ പറയുന്നു.

പീനസപൂർവ്വരൂപം.

ക്ഷവഥുഃ ശിരസോഽതിപൂർണ്ണതാ ച
പരിഹൃഷ്ടാഖിലരോമതാംഗമർദ്ദഃ
അപരേ ച പൃഥഗ്വിധാ ഗണാനാം സ്യു-
സ്തനുജസ്തംഭപ്രതിശ്യായാതിയുക്താഃ. ൧൬

തുമ്മൽ, തലയ്ക്കുഘനം, രോമാഞ്ചം, ദേഹം നുറുങ്ങിനോവുക, സ്തംഭനം, മറ്റു പലവിധത്തിലുള്ള ഉപദ്രവങ്ങൾ ഇവ പീനസത്തിന്റെ പൂർവ്വരൂപങ്ങളാണ്.

വാതപീനസലക്ഷണം.

ഗളതാലുരദച്ഛദേഷു ശോഷാ-
ദ്വ്യഥ തോദഃ ഖലു ശംഖയോശ്ച നിത്യം
സ്വരഘാത അഥോഽനിലാത്മകേ
പ്രഭവേച്ചാപി ഗദേ തു ഘ്രാണജേ. ൧൭

കഴുത്ത് അണ്ണാക്ക് ഓഷ്ഠം ഈ സ്ഥാനങ്ങൾക്കു വരൾച്ച, ചെന്നിക്ക് കുത്തിനോവ്, ഒച്ചയടപ്പ് ഇവ വാതപീനസത്തിന്റെ ലക്ഷണങ്ങളാണ്.

പിത്തപീനസലക്ഷണം.

ഉഷ്ണഃ സപീതഃ സ്രവതീഹ നിത്യം
ഘ്രാണാത്തതഃ [illegible] ച പിത്തേ
കൃശോഽതിപാണ്ഡുഃ പ്രഭവേൽ പ്രതപ്തഃ
സോഷ്ണസ്സധൂമാഗ്നിവമീ നരഃ സ്യാൽ. ൧൮

ചൂടോടും മഞ്ഞനിറത്തോടും കൂടിയ വെള്ളം മൂക്കിൽനിന്നു

ഒലിക്കുന്നതു പിത്തപീനസത്തിൻെറ ലക്ഷണമാണ്. പിത്തപീനസമുള്ളവൻ കൃശനായും വെളുത്ത ശരീരത്തോടു കൂടിയവനായും ഏററവും തപിക്കപ്പെട്ടവനായും ഇരിക്കും. അവൻ പുകയോടു കൂടിയ അഗ്നിയെ ഛർദ്ദിക്കുന്നുവോ എന്നു തോന്നും.

കഫപീനസലക്ഷണം.

ശീതം സപാണ്ഡും ച സ്രവേന്മുഹുശ്ച
കഫം ഹി നാസാ സ തു ശുക്ലവക്ത്രഃ
ശുക്ലാക്ഷികോ ഗൌരവയുക് ശിരാശ്ച
താലേ ചാസ്യമൂർദ്ധാഗളകണ്ഡുരശ്ച. ൧൯

കഫപീനസത്തിന് തണുത്തും വെളുത്തും ഇരിക്കുന്ന കഫം മൂക്കിൽ നിന്ന് സ്രവിക്കും. ശരീരവും കണ്ണും വെളുത്തിരിക്കും. തലയ്ക്കു കനം കാണും. അണ്ണാക്ക് ചുണ്ട് ശിരസ്സ് കഴുത്ത് ഈ സ്ഥാനങ്ങളിൽ ചൊറിച്ചിലുമുണ്ടാകും.

സന്നിപാതപീനസലക്ഷണം.

ഭൂത്വാ ഭൂത്വാ പ്രതിശ്യായോ യസ്യ കസ്മാന്നിവർത്തതേ
സംപക്വോ വാപ്യപക്വോ വാ സ സർവ്വപ്രഭവോ സ്മൃതഃ.

കാരണം കൂടാതെ കൂടക്കൂടെ പീനസം ഉണ്ടാകുകയും ശമിക്കയും ചെയ്യും. മൂക്കിൽനിന്നു പുറപ്പെടുന്ന കഫം പഴുത്തും പഴുക്കാതെയും ഇരിക്കും. ഇത് ത്രിദോഷജമായ പീനസത്തിൻെറ ലക്ഷണമാണ്.

ദുഷ്ടപ്രതിശ്യായലക്ഷണം.

നാസാക്ലേദശ്ചാപി ശോഷഃ പുനശ്ച
യസ്യാകസ്മാന്നഹ്യതേ ന ഹ്യതേ ച
ശ്വാസോച്ഛ്വാസൈർയത്ര ദുർഗ്ഗന്ധിരേതി
ഗന്ധം സമ്യക് വേത്തി നോ ദുഷ്ടമാഹുഃ. ൨൦

മൂക്കിൽനിന്നു വെള്ളമൊഴുകുക; ചിലപ്പോൾ മൂക്കുണങ്ങുക; ചിലപ്പോൾ മൂക്കടയ്ക്കുകയും, ചിലപ്പോൾ തുറന്നിരിക്കുകയും ചെയ്യുക; ശ്വാസത്തിന് ദുർഗ്ഗന്ധമുണ്ടായിരിക്കുക; മണമറിയാൻ വയ്യാതാകുക; ഇവയെല്ലാം ദുഷ്ടപീനസത്തിൻെറ ലക്ഷണമാണ്. ഇതു കൃച്ഛ്രസാദ്ധ്യവും ആകുന്നു.

രക്തപ്രതിശ്യായലക്ഷണം.

പ്രവർത്തതേ ഘ്രാണത ഏവ രക്ത-
സ്രാവസ്തഥാ ലോഹിതലോചനഃ സ്യാൽ
യസ്യാപ്യുരോഘാതതുല്യോ ƒതിതീവ്രാ
ഉച്ഛ്വാസവക്ത്രൌ ന ച വേത്തി ഗന്ധം. ൨൧

തം രക്തജം ചാപി വദന്തി വൈദ്യാ
രോഗം പ്രതിശ്യായമലം തഥാ ച.

മൂക്കിൽകൂടി രക്തം ഒലിക്കുക; കണ്ണുചുവന്നിരിക്കുക, ഉരഃക്ഷതമുണ്ടായാലത്തെപ്പോലെ വേദന, ശ്വാസവും മുഖവും ദുർഗ്ഗന്ധത്തോടുകൂടിയിരിക്കുക; ഗന്ധമറിയാൻ വയ്യാതാകുക; ഇവയെല്ലാം രക്തപ്രതിശ്യായത്തിൻെറ ലക്ഷണമാണ്.

അസാദ്ധ്യലക്ഷണം.

സർവ്വേ പ്രതിശ്യായഗദാശ്ചിരസ്ഥാ
ഹ്യസാദ്ധ്യതാം യാന്തി ചിരോപസൃഷ്ടാഃ. ൨൨

മൂർച്ഛന്തി ചാത്രൈവ കൃമിപ്രവേകാ
സ്നിഗ്ദ്ധാണവഃ ശ്വേതസിതാതിരക്താഃ
നാനാവിധാ ദോഷചയാനുകൂലാഃ
ശിരോഗതേ ജന്തുഭവേ സമാനാഃ. ൨൩

എല്ലാ പീനസരോഗങ്ങളും ചികിത്സചെയ്യാതെ പഴകിയാൽ ദുഃസാദ്ധ്യ അസാദ്ധ്യങ്ങളായിത്തീരും. പീനസത്തിൽ വെളുത്തും സ്നിഗ്ദ്ധങ്ങളായും അണുക്കളായും ദോഷാനുകൂലങ്ങളായും ഇരിക്കുന്ന കൃമികളും ഉണ്ടാകും. കൃമികൾ ഉണ്ടാകുന്ന പീനസത്തിൻെറ ലക്ഷണം കൃമിജമായ ശിരോരോഗത്തിനു പറഞ്ഞിരിക്കുന്നതുപോലെയാകുന്നു.

ബാധിര്യമൂകത്വവിലോചനോത്ഥാൻ
ഗദാൻ പ്രകുര്യുർവിവിധാംസ്തഥാഗ്നേഃ
സാദം ച കാസാംശ്ച വിവർദ്ധമാനാ-
സ്തേ ജന്തവഃ പീനസസംപ്രഭൂതാഃ. ൨൪

പീനസത്തിൽനിന്നുണ്ടാകുന്ന കൃമികൾ വർദ്ധിച്ചാൽ ചെവികേൾക്കായ്ക, മൂകത്വം, നേത്രരോഗം, അഗ്നിമാന്ദ്യം, ചുമ മുതലായ പലവിധ രോഗങ്ങളും ഉണ്ടാകും.

അർബ്ബുദാനി ന ... ശോഥാ-
ന്യർശസാമപി സമസ്തഗദാ യേ
രക്തപിത്തമപി ഘ്രാണഗദേഷു
സംഭവന്തി ഹി ബ്രുവേ ƒഥ ചികിത്സാം. ൨൫

അർബ്ബുദങ്ങൾ, നീരുകൾ, അർശസ്സ്, രക്തപിത്തം ഇങ്ങനെയുള്ള രോഗങ്ങൾ മുൻപ് പറയപ്പെട്ടിട്ടുണ്ട്. ആ രോഗങ്ങളെല്ലാം നാസാരോഗങ്ങളിലും സംഭവിക്കും.

പീനസചികിത്സ.

സർവ്വേഷു പീനസഗദേഷു വിവാതഗേഹേ
കുർയ്യാത്തഥൈവ ശിരസഃ പരിമർദ്ദനാനി
തൈലാദിഭിശ്ച കടുകാമ്ലരസപ്രഭോജ്യം
സംസേദനാനി വമനാനി ഘൃതാശനാനി. ൨൬

എല്ലാ പീനസരോഗങ്ങളിലും രോഗിയെ കാററുകേറാത്ത മുറിയിൽ ഇരുത്തി എണ്ണ മുതലായവകൊണ്ട് മർദ്ദിക്കണം. കടുരസവും പുളിരസവും ഭുജിപ്പിക്കാം. വിയർപ്പിക്കുക, ഛർദ്ദിപ്പിക്കുക, നെയ്യ് സേവിപ്പിക്കുക ഇവയും രോഗഗതിയനുസരിച്ച് ചെയ്യണം.

പത്ഥ്യം ച ഗോധൂമഘൃതപ്രയോഗം
ശസ്തം തഥാത്രൈവ ദധിപ്രയോഗം
സംജാതമാത്രേ ഗുഡസംയുതന്തു
മാരീചചൂർണ്ണേന ദധി പ്രശസ്തം. ൨൭

ഗോതമ്പും നെയ്യുംകൂട്ടി ഭക്ഷിക്കുക; നല്ലമുളകിൻപൊടിചേർത്ത് ശർക്കര ഭക്ഷിക്കുക; നല്ലമുളകിൻപൊടിചേർത്ത് തൈരുകുടിക്കുക; ഇവയെല്ലാം പീനസരോഗിക്കു പത്ഥ്യമാണ്.

ത്രികടുകാദിചൂർണ്ണം.

കടുകത്രിതയാമ്ലവേതസാനലതാലീസകതിന്ത്രിണീതചാം
ത്രുടിജീരകചവ്യസംയുതം സഗുഡം പീനസപാചനം രജഃ ൨൮

ചുക്ക മുളക തിപ്പലി തെറിഞ്ഞാമ്പുളിക്കിഴങ്ങ് കൊടുവേലിക്കിഴങ്ങ് താലീസപത്രം പുളിവേരിൻതൊലി ഇലവർങ്ഗം ഏലത്തരി ജീരകം കാട്ടുമുളകിൻവേര് ഇവപൊടിച്ച് ശർക്കരയുംകൂട്ടി സേവിക്കുക; പീനസം പാകംവരും.

കട്ഫലാദിചൂർണ്ണവും കഷായവും.

കട്ഫലത്രികടുകത്രിഫലാനാം
പുഷ്കരാംഘ്രിശടികാമധുകാനാം
ഭാർങ്ഗികാസിതപടുപ്രയുതാനാം
ശൃംഗികാസമരരേണുഭിരേവ. ൨൯

ചൂർണ്ണമത്ര ച കഷായമഥാസാം
മൂത്രമൂർച്ഛിതമഥമൃദിതം വാ
വിസ്വരത്വമനിലത്രയകോപാൻ
ശ്വാസകാസകഫജാൻ വിനിഹന്തി. ൩൦

വാ ഹലീമകഗദം സ്വരഭേദം
പീതമാത്രമനിലം സകഫം ച
ഹന്തി ചാപി തമകം ച വിശേഷാൽ
പീനസം ച ശമമാശു നിഹന്തി.

കുമ്പിൾവേര് ചുക്ക മുളക തിപ്പലി ത്രിഫല പുഷ്കരമൂലത്തിൻവേര് കച്ചോലം ഇരട്ടിമധുരം ചെറുതേക്കിൻവേര് കുറുന്തോട്ടി കക്കടകശൃങ്ങി അരേണുകം ഇവ പൊടിയാക്കിയോ കഷായമാക്കിയോ ഗോമൂത്രംചേർത്ത് ഉപയോഗിക്കുക; ഒച്ചയടപ്പ് ത്രിദോഷകോപം ശ്വാസകാസം കഫകോപം ഹലീമകം, സ്വരഭേദം തമകശ്വാസം ഇവയേയും വിശേഷിച്ച് പീനസരോഗത്തെയും ശമിക്കും.

പീനസരോഗിക്കു പത്ഥ്യമായുള്ളവ.

കുലത്ഥമുദ്ഗാഢകിജാശ്ച യൂഷാഃ
സസൈന്ധവാ വ്യോഷസമന്വിതാശ്ച
വാർത്താകുശാകം ച സദാ നിഷേവ്യ-
മപീനസേ ശ്ലേഷ്മഹരം സമസ്തം. ൩൨

മുതിര ചെറുപയറ് തൊമര ഇവയുടെ ചാറും ഇന്തുപ്പ് ചുക്ക മുളക തിപ്പലി ഇവയും തക്കാരി വഴുതിനങ്ങ ചീര ഇവയും പീനസത്തിൽ പത്ഥ്യമാണ്.

സ്നേഹനസ്യം.

പാഠാനിശായുഗ്മകണാസുജാതീ-
ദളൈശ്ച മൂർവ്വാസമദന്തിനീഭിഃ
തൈലം പ്രസിദ്ധം ബഹുധാ പ്രയോഗാ-
ന്നസ്യസ്യ വാ പീനസരോഗഹാരീ. ൩൩

പാടക്കിഴങ്ങ് മഞ്ഞൾ മരമഞ്ഞൾ തിപ്പലി പിച്ചകത്തില പെരുംകുരുമ്പവേര് നാഗദന്തിവേര് ഇവ കല്ക്കമായി കാച്ചിയ എണ്ണകൊണ്ടു നസ്യംചെയ്യുക; പീനസരോഗം ശമിക്കും.

അന്യയോഗം.

സക്ഷീരാദുംബരവീരവത്സകഭവൈസ്ത്വഗ്ഭിസ്സമം പാചിതൈഃ
ക്വാഥൈർധാവനതോഽഥവാ ശൃതജലൈഃ കല്കൈശ്ച താസാമപി
സിദ്ധം നസ്യവിധാനതോ ഘൃതമപി ഘ്രാണസ്യ പാകം ഹരേ-
ന്മിശ്രം ഗുഗ്ഗുലുനാ കപിത്ഥകഘൃതൈർധൂമഃ ക്ഷവധ്വംസനഃ.

ചെഞ്ചല്യം അത്തിത്തൊലി നീർമരുതിൻതൊലി കുടകപ്പാലത്തൊലി ഇവ കഷായംവച്ചു മൂക്കുകഴുകുകയോ ഇവ കല്ക്കമാക്കി

നെയ്യുകാച്ചി നസ്യംചെയ്കയോ കപിത്ഥകാഥത്തിൽ ഗുഗ്ഗുലു ചേർത്തു പുകയ്ക്കുകയോ ചെയ്താൽ തുമ്മൽ ശമിക്കും.

പ്രതിശ്യായ ചികിത്സ.

പ്രായഃ പ്രതിശ്യായഗദേ പ്രകുർയ്യാ-
ന്നിവാതഗേഹസ്ഥിതിമത്ര മൂർദ്ധ്നഃ
പ്രവേഷ്ടനം ചോഷ്ണഗുരൂണി വസ്ത്രൈഃ
പിബേച്ച ധൂമം ചവ നാസ്യമാനാം. ൧൩

പ്രതിശ്യായരോഗമുള്ളവനെ കാററില്ലാത്തഗേഹത്തിൽ ഇരുത്തി ചൂടുള്ള വസ്ത്രങ്ങൾകൊണ്ടു (പ്ലാൻമുതലായവ) തലയിൽ ചുററിക്കെട്ടുകയും ഇനിയും പറയുന്നതായ ധൂമംപിടിപ്പിക്കയും വേണ്ടതാണ്.

ധൂമം.

ജന്തുഘ്നബാലഹരീകമനശ്ശിലാനാം
വചാപടുഭ്യാം ച പൃഥേണ സാജ്യം
ധൂമം പ്രതിശ്യായഗദേƒപി ശക്ത്യാ
പിബേൽ പ്രതിശ്യായനാം വിശേഷാൽ. ൧൪

വിഴാലരി കായം മനയോല വയമ്പു് ഇന്തുപ്പു് ഗുഗ്ഗുലു ഇവ പൊടിച്ചു തിരിതെറുത്തു് പുക പിടിക്കുക; പ്രതിശായ രോഗം ശമിക്കും.

ചൂർണ്ണം.

ശടീവ്യോഷധാത്രീഭവം ചൂർണ്ണമേകം
ഗുഡേനാപി യുക്തം സഹവ്യം നരാണാം
പ്രഭക്തം പ്രതിശ്യാഹരം പാർശ്വശൂലം
നിഹന്ത്യേവ ഹൃദ്വസ്തിശൂലാനി സദ്യഃ. ൧൬

കച്ചോലം ചുക്കു മുളകു് തിപ്പലി നെല്ലിക്കാത്തോടു് ഇവപൊടിച്ചു ശക്കരയും ചേർത്തു് സേവിക്കുക; പ്രതിശ്യായം പാർശ്വശൂലം വസ്തിശൂലം ഇവ ശമിക്കും.

ചിത്രഹരീതകി.

കൃശാനുമൂലസ്യ ശതം പലാനാം
ശതം പലാനാം ച ഗുഡൂചികായാഃ
ധാത്രീപലാനാമപി പഞ്ചമൂല്യാഃ
ശതം ശതം ചാപി തഥാ പലാനാം. ൧൭

സംക്ഷുണ്ണമേതന്നിഖിലം ചതുർഭിർ-
ദ്രോണൈർജ്ജലാനാം ശ്രുതപാദശേഷം

ദത്വാ ഗുഡസ്യൈകതുലാം ച പഥ്യാ-
ഢകേന പക്വാ ശ്രുതശീതളേ ƒസ്മിൻ ൧൮

ക്ഷിപ്ത്വാ ച പ്രസ്ഥാർദ്ധകമാക്ഷികസ്യ.
ത്രിഗന്ധകത്ര്യൂഷണഷട്പലാനി
യവാഗ്രജസ്യാർദ്ധപലം തഥൈവ
ദത്വാ പ്രഭുഞ്ജീത രസായനസ്ഥം. ൨൦

ശോഷേ പ്രതിശ്യായഗദേ കഫോത്ഥേ
ക്ഷീണേ പ്രവൃത്തേ ച മലേ നിഷേവ്യം
ഉരഃക്ഷതക്ഷീണനരേƒഗ്നിസാദേ
കഫപ്രഭൃതേഷു ശിരോഗദേഷു. ൨൧

കൊടുവേലിക്കിഴങ്ങു്, അമൃതു്, നെല്ലിക്കാ ബൃഹൽപഞ്ചമൂലം ഇവ ഓരോന്നും നൂറീതു പലംവീതം ചതച്ചു് നാനൂറ് ഇടങ്ങഴി വെള്ളത്തിൽ പാകം ചെയ്തു് നാലൊന്നാക്കി ഒരു തുലാം ശക്കരയും നാലിടങ്ങഴി കടുക്കായും ചേർത്തു് പാകംചെയ്തു് ആറിയാൽ തേൻ ഇരുനാഴി, ഏലം, ഇലവർംഗം, പച്ചില, ചുക്കു്, മുളകു്, തിപ്പലി ഇവ ൬ പലം (ഓരോന്നും ഓരോപലം) ചവക്കാരം അരപ്പലം, ഇവയും ചേർത്തു് രസായനമാക്കി ഉപയോഗിക്കുക; ശോഷം പ്രതിശ്യായം ഉരഃക്ഷതം ശിരോരോഗം മുതലായവ ശമിക്കും.

ഹിംഗ്വാദിതൈലം.

ഹിംഗുഗ്രഗന്ധാകുടജപ്രസൂന-
തക്കരീകൃഷ്ണഗന്ധാസുപുനർന്നവാഭിഃ
വിഡംഗലാക്ഷാത്രികടുപ്രയുക്തൈഃ
സകട്ഫലം ഗോജലസിദ്ധതൈലം. ൨൨

സുസാർഷപം നസ്യവിധിപ്രതീതം
നാസാമയാനാമഖിലാർത്തിഹന്ത്രി.

കായം വയമ്പു് കുടകപ്പാലയരി തുമ്പിവേരു കൊട്ടം കരിങ്കുറിഞ്ഞി മുരിങ്ങവേരു് വിഴാലരി കോലരക്കു് ചുക്കു മുളകു് തിപ്പലി കുമ്പിൾവേരു് ഇവ കൽക്കമായി ഗോമൂത്രവും കടുകെണ്ണയും ചേർത്തു കാച്ചിയെടുത്ത തൈലംകൊണ്ടു നസ്യം ചെയ്യുക; സകല നാസാരോഗങ്ങളും ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
നാസാരോഗാധികാരം എന്ന
൪൬-ാം സ്തബകം കഴിഞ്ഞു.

അഥ സപ്തചത്വാരിംശസ്തബകഃ.

നേത്രരോഗാധികാരഃ.

നേത്രരോഗനിദാനം.

ഉഷ്ണാഭിതപ്തസ്യ ജലപ്രവേശാ-
ദ്ദൂരേക്ഷണാത് സ്വപ്നവിപര്യയാച്ച
പ്രസക്തസംരോദനകോപശോക-
ക്ലേശാഭിഘാതാദതിമൈഥുനാച്ച

ജനസ്യോഷ്ണതപ്തസ്യ ചാംബുപ്രവേശാ-
ത്തഥാ ദൂരതശ്ചേക്ഷണാൽ സ്വപ്നതോऽപി
ദിവാ വാ നിശാജാഗരാൽ സേവനാച്ച
രജോധൂമസംസേവനാച്ഛർദ്ദിഘാതാൽ. ൧

അഥോ വാതിഛർദ്ദിപ്രസംഗാന്നിശായാം
ദ്രവാന്നാശനാദശ്ച വിൺമൂത്രരോധാൽ
പ്രസക്താതിസംരോദനാച്ഛോകതഃ കോ-
പതോ മൂർദ്ധ്നി ജാതാതിഘാതാത്തഥാ വാ. ൨

ഋതൂനാം വിപര്യാസതോऽഥോ ക്ഷയാച്ചാ-
തിവാമാപ്രസംഗാതിഘാതാശ്രുരോധൈഃ
അഥോ സൂക്ഷ്മലക്ഷ്യാണി വാ പശ്യതാം വൈ
നരാണാം തു നേത്രേഷു ദോഷാ വികാരാൻ. ൩

സമുൽപാദയന്തീതരമത്രൈവ വാതാൽ
തഥാ പിത്തതഃ ശ്ലേഷ്മണോ രക്തകോപാൽ
അഭിഷ്യന്ദമേവം ചതുർദ്ധാക്ഷിരോഗഃ
സ്വയം ജായമാനസ്ത്വനേകാൻ പ്രകുര്യ്യാൽ. ൪

വെയിൽകൊണ്ടു ചൂടുപിടിച്ചയുടൻ, വെള്ളത്തിൽ മുങ്ങുക; വളരെദൂരം നോക്കുക; പകലുറങ്ങുക; രാത്രിയിൽ ഉറക്കമിളയ്ക്കുക; വിയർക്കുക; പൊടിയേല്ക്കുക; പുകയേല്ക്കുക; ഛർദ്ദി തടുക്കുക; അല്ലെങ്കിൽ ഛർദ്ദി അധികമാകുക; രാത്രിയിൽ ദ്രവമായ പദാൎത്ഥത്തെ ഭക്ഷിക്കുക; മലമൂത്രാദികളെ തടുക്കുക; എല്ലായ്പോഴും കരയുക; ദുഃഖിക്കുക; കോപിക്കുക; തലയിൽ അടിയേല്ക്കുക; ഋതുക്കൾ വിപരീതമായിവരിക; ഋതുക്കൾ കുറഞ്ഞുവരിക; അതിമൈഥുനം ചെയ്യുക; കണ്ണുനീർ തടുക്കുക; സൂക്ഷ്മവസ്തുക്കളെ നോക്കുക; ഈ കാരണങ്ങളാൽ ദോഷങ്ങൾ നേത്രങ്ങളിൽ വികാരങ്ങളെ ഉണ്ടാക്കുന്നു. ഇതാണു നേത്രരോഗങ്ങൾക്കു കാരണം. വാതം, പിത്തം, കഫം, രക്തം ഇവയുടെ കോപത്താൽ അഭിഷ്യന്ദം എന്ന നേത്രരോഗം നാലുവിധത്തിലുണ്ടാകും.

വാതാഭിഷ്യന്ദലക്ഷണം.

നിസ്തോദനസ്തംഭനരോമഹർഷ-
സംഘർഷപാരുഷ്യശിരോഭിതാപാഃ
വിശുഷ്കഭാവശ്ശിശിരാശ്രുതാ ച
വാതാഭിപന്നേ നയനേ ഭവന്തി. ൫

കുത്തിനോവു്, സ്തംഭനം, രോമാഞ്ചം, തരിപ്പു്, പരുഷത്വം, തലവേദന, പഴുപ്പില്ലായ്ക, തണുത്ത കണ്ണുനീരൊലിക്കുക; ഇവ വാതാഭിഷ്യന്ദത്തിന്റെ ലക്ഷണമാണു്.

പിത്താഭിഷ്യന്ദലക്ഷണം.

ഭവേതാം യദാ ദാഹപാകൌ ച നേത്രേ
തഥാ ശീതലേച്ഛാക്ഷിധൂമായനം ച
തഥോഷ്ണാശ്രുതാ പീതതാ ബാഷ്പസേകോ
ഭവേൽ പിത്തജാതേऽക്ഷിരോഗേ നരാണാം. ൬

കണ്ണിനു് ചൂടു്, പഴുപ്പു്, ശീതത്തിൽ ആഗ്രഹം, പുകച്ചിൽ, കണ്ണുനീരിനു ചൂടു്, മഞ്ഞനിറം, കണ്ണുനീർ വളരെ ഒലിക്കുക; ഇവ പിത്തജാഭിഷ്യന്ദത്തിന്റെ ലക്ഷണമാണു്.

കഫാഭിഷ്യന്ദലക്ഷണം.

ഉഷ്ണാഭിലാഷോ ഗുരുതാക്ഷികണ്ഡൂ
ശോഥോപദേഹാവതിശീതതാ ച
സ്രാവോऽശ്രുണഃ പിച്ഛിലതാ യുതം
തം നേത്രരോഗം കഫജം വദന്തി. ൭

ചൂടിൽ ആഗ്രഹം, കനം, കണ്ണിനു ചൊറിച്ചിൽ, നീരു്, കണ്ണിൽ വെള്ളം പററിയിരിക്കുന്നപോലെ തോന്നുക; അതിശീതം, കണ്ണുനീരൊലിക്കുക; ആ കണ്ണുനീർ കൊഴുത്തിരിക്കുക; ഇവ കഫജമായ നേത്രരോഗത്തിന്റെ ലക്ഷണമാണു്.

രക്താഭിഷ്യന്ദലക്ഷണം.

അശ്രുസ്രാവോ ലോഹിതത്വം ച നേത്രേ
രാജ്യാസ്താമ്രാ രക്തവൎണ്ണാസ്സമന്താൽ
അന്യൽ സൎവ്വം തു പിത്തേന തുല്യ-
മാഹുർവൈദ്യാ രക്തജം നേത്രരോഗം. ൮

കണ്ണുനീരൊലിക്കുക; കണ്ണിൽ ചുവപ്പു്, കണ്ണിലെ എല്ലാവരയും ചുവന്നിരിക്കുക; പിത്താഭിഷ്യന്ദത്തിനു് പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടായിരിക്കുക ഇവയെല്ലാം രക്താഭിഷ്യന്ദത്തിന്റെ ലക്ഷണങ്ങളാണു്.

അത്യുത്ഥമുൻപാട്യത ഏവ യദാ-
ന്നിർമ്മതത്യതേ നേത്രമലം ശിരോഽധം
സലക്ഷണൈസ്തുല്യതമാധിമന്ഥാ
ഭവന്ത്യഭിഷ്യന്ദഗദോദ്ഭവാ യേ. ൯

കണ്ണും ശിരസ്സിൻെറ അർദ്ധവും പറിച്ചെടുക്കപ്പെടുന്നപോലെയും മഥിക്കപ്പെടുന്നപോലെയും തോന്നുന്നത് അധിമന്ഥത്തിൻെറ ലക്ഷണമാണ്. വാതജാദ്യധിമന്ഥങ്ങളെ അതതിൻെറ ലക്ഷണങ്ങൾകൊണ്ടും അറിയണം.

അപഥ്യസേവയാൽ കണ്ണ് എത്രോടം
നശിക്കുമെന്ന് കാണിക്കുന്നു.

ശ്ലേഷ്മാധിമന്ഥോ നിശിസപ്തരാത്രാത്
രക്താധിമന്ഥോ ഭവപഞ്ചരാത്രാൽ
ഷഡ്രാത്രിതോ വാതഭവഃ പ്രഹന്ത്യാൽ
ദൃഷ്ടിം കുപഥ്യാചരണാച്ച പൈത്തഃ. ൧൦

സദ്യോഥ തം വൈ സമുദീർണ്ണവക്ത്രം
സരാഗശോഫാന്വിതനേത്രയുക്തം.
സംരംഭനിസ്തോദശിരാസ്രുബാഹ്യൈ-
രാമം വദേന്നേത്രഗദം വിപശ്ചിൽ. ൧൧

അപഥ്യാചരണത്താൽ കഫാധിമന്ഥം ഏഴുരാത്രികൊണ്ടും രക്താധിമന്ഥം അഞ്ചുരാത്രികൊണ്ടും വാതാധിമന്ഥം ആറു രാത്രികൊണ്ടും പിത്താധിമന്ഥം പെട്ടെന്നും കണ്ണിനെ നശിപ്പിക്കും.

സാമലക്ഷണം.

ആമത്തോടുകൂടിയ കണ്ണ് വലിയ വേദനയോടുകൂടിയും ചുവപ്പുനിറം കരുകരുപ്പ്, കുത്തിനോവ്, ശൂലം, കണ്ണുനീര് ഇവയോടുകൂടിയുമിരിക്കും.

നിരാമലക്ഷണം.

കണ്ഡൂസമേതാല്പരുജാശ്രുശോഥ-
ശാന്തിഃ പ്രസന്നത്വമഥോഽക്ഷിമാർഗ്ഗേ
സംപക്വദോഷം നയനാമയം തം
ജഗുഃ പുരാണാ ജനകാദയോഽന്യേ. ൧൨

കണ്ണുകൾക്ക് ചൊറിച്ചിൽ, അല്പമായ വേദന, കണ്ണുനീര് വീക്കം ഇവ ശമിക്കുക, പ്രസന്നത ഇവ ദോഷങ്ങൾക്ക് പാകംവന്ന നേത്രരോഗത്തിൻെറ ലക്ഷണങ്ങളാണ്.

സശോഫാക്ഷിപാകലക്ഷണം.

കണ്ഡൂപദേഹാശ്രുയുതഃ പ്രപക്വ-
മുദുംബരാഭഃ പരിപച്യതേ യഃ
സംരംഭവാൻ നേത്രഗദസ്സശോഫ-
ജാതഃ സപാകഃ പ്രവദന്തി വൈദ്യാഃ. ൧൩
യദാ ശോഫഹീനാനി ലിംഗാനി നേത്ര-
പ്രപാകം ഹ്യശോഫോദ്ഭവേ സംഭവന്തി

കണ്ണിനു ചൊറിച്ചിൽ, എന്തോ പററിയിരിക്കുന്നപോലെ തോന്നുക; കണ്ണുനീര്, പഴുത്ത അത്തിക്കായുടെ നിറത്തിൽ ഇരിക്കുക; പഴുക്കുക; നീരോടുകൂടി ഇരിക്കുക; ഇവ സശോഫാക്ഷിപാകത്തിൻെറ ലക്ഷണങ്ങളാണ്. മുൻപറഞ്ഞ ലക്ഷണങ്ങൾ എല്ലാം ഉണ്ടായിരിക്കയും നീരില്ലാതിരിക്കയും ചെയ്താൽ അതിനെ അശോഫാക്ഷിപാകം എന്നു പറയുന്നു.

ഹതാധിമന്ഥലക്ഷണം.

ഉപേക്ഷണാദപാതജാതാധിമന്ഥഃ
പ്രകർഷേണ ചാസാദയന്ത്യേവ രുഗ്ഭിഃ. ൧൪
അസാധ്യ ഏവം തു ഹതാധിമന്ഥോ
നാമ്നാ ഭിഷഗ്ഭിഃ പരികീർത്തിതസ്സഃ

വാതാധിമന്ഥം ചികിത്സിക്കാതെ ഇരുന്നാൽ അതു് വേദനയോടുകൂടി പീഡകളെ ഉണ്ടാക്കി കണ്ണിനെ ശോഷിപ്പിച്ച് ഹതാധിമന്ഥമായിത്തീരും. ഇതു് അസാധ്യവുമാകുന്നു.

വാതപര്യയലക്ഷണം.

യത്രാനുവേലം ച ഭ്രുവൌ തു നേത്രേ
പര്യേതി വായുർബഹുരുക്സമേതഃ. ൧൫
ഉക്തോ ഗദോ വാതവിപര്യയോഽഥ
തൽകോണിതം യത്ര ച രൂക്ഷവർത്മ
പാരുഷ്യയുക്താവിലദർശനം ച
സന്ദൃശ്യതേ ദാരുണമത്ര ശുഷ്കം. ൧൬
അക്ഷിപ്രപാകം വ്രജതി പ്രകാമ-
മഥോഽപി യസ്യ ശ്രുതിഗശ്ച വായുഃ
ശിരോക്ഷിമന്യാഹനുഗോഽന്യതോ വാ
കുര്യാദ്രുജം സോഽന്യത ഏവ വാതഃ. ൧൭

വായു, ദംഷ്ട്രകൾ പുരികങ്ങളിലും ചിലപ്പോൾ നേത്രങ്ങ

ളിവും പ്രാപിച്ച് വരുന്ന വേദനയുണ്ടാകും. ഇതിന്ന് വാതവിപൎയ്യയം എന്നുപേർ.

ശുഷ്കാക്ഷിപാകലക്ഷണം.

കണ്ണടച്ചിരിക്കുക; പോളകൾ രൂക്ഷങ്ങളായും കഠിനങ്ങളായും ഇരിക്കുക; കണ്ണു കലങ്ങിയും ചൂടോടുകൂടിയും ഇരിക്കുക; തുറക്കാൻ പ്രയാസമുണ്ടാകുക; ഇതു് ശുഷ്കാക്ഷിപാകത്തിന്റെ ലക്ഷണമാണ്.

അന്യതോവാതലക്ഷണം.

വായു, ചെറി ശിരസ്സ് കണ്ണ് ഇവയിൽനിന്നോ പിൻകഴുത്തിന്റെ ഞരമ്പ്, താടി ഈ സ്ഥാനത്തുനിന്നോ; മറ്റുസ്ഥാനത്തുനിന്നോ; വേദനയെ ഉണ്ടാക്കുന്നു. ഇതിന്ന് അന്യതോവാതം എന്നുപേർ.

അമ്ലാധ്യുഷിതലക്ഷണം.

ഭവേല്ലാഹിതാന്താം ച ശ്യാവം നരാണാം
സമസ്താക്ഷി കിം വാ തഥാ പച്യതേ ഹി
സദാഹം ച ശോഫേന യുക്തം തദാ തു
ഭവേൽ സ്രാവമശ്ലേന ചൈവാധ്യുഷിതോപി. ൫൮

കണ്ണിന്റെ മദ്ധ്യം കരുവാളിച്ചും ചുവന്നും ഇരിക്കുക; കണ്ണെല്ലായിടവും പഴുക്കുക; ചൂട്, നീര് ഇവയുണ്ടാകുക; കണ്ണിൽനിന്നു വെള്ളം സ്രവിക്കുക; ഇവ അമ്ലാധ്യുഷിതത്തിന്റെ ലക്ഷണങ്ങളാണ്. ദോഷങ്ങൾ അന്നസാരത്തെ പുളിപ്പിച്ച് അക്ഷിസിരകളിൽകൂടി കൊണ്ടുവന്നു രോഗത്തെ ഉണ്ടാക്കുന്നതുകൊണ്ട്, ഇതിനെ അമ്ലാധ്യുഷിതംഎന്നു പറയുന്നു.

സിരോല്പാതലക്ഷണം.

അരുജസ്സരുജോ ഽഥവാക്ഷിരാജ്യോ
യദി താമ്രാശ്ച മുഹുർമുഹുർവിരക്താഃ
പ്രവദന്തി ഭിഷഗ്വരാശ്ച നേത്രേ-
സ്വജമുൽപാതമലംസിരാപരം. ൫൯

വേദനയോടുകൂടിയിട്ടോ കൂടാതെയോ ചെമ്പിച്ചിട്ടോ ചെമ്പിക്കാതെയോ കണ്ണിലെ രേഖകൾ പിന്നെയും പിന്നെയും വികൃതവൎണ്ണങ്ങളായിരിക്കും. രക്തജമായ ഇതിനെ സിരോൽപാതമെന്നു പറയുന്നു.

സിരാഹർഷലക്ഷണം.

ഉപേക്ഷിതഃ കദാപി ഗദോ നരാണാം
മോഹാൽ സിരോല്പാത ഏഷ പുന:

സിരാപ്രഹർഷഃ പരിജായതേത്ര
താമ്രാഭമസ്രം ച സ്രവേന്ന പശ്യേൽ. ൬൦

സിരോല്പാതത്തെ ചികിത്സ ചെയ്യാതെ ഉപേക്ഷിച്ചാൽ അതു് സിരാപ്രഹർഷമായിത്തീരും. ആ സിരാപ്രഹർഷത്തിന്ന് കണ്ണിൽനിന്നു ചെമ്പിച്ച നിറത്തിൽ രക്തം സ്രവിക്കും. ഒന്നിനേയും നോക്കാൻ കഴിയാതെയാകയും ചെയ്യും.

ഇങ്ങനെ നേത്രഗതസന്ധിരോഗനിദാനം കഴിഞ്ഞു.

അഥ നേത്രകൃഷ്ണഗതരോഗനിദാനം.

സവ്രണശുക്ലലക്ഷണം.

രൂപം മഗ്നം കൃഷ്ണമദ്ധ്യേ ച സൂച്യാ
വിദ്ധം യദ്വത്തദ്വദേവ പ്രഭാതി
ഉഷ്ണം സ്രാവം ചേൽ സ്രവേൽ സവ്രണം തൽ
ശുക്ലം പ്രോക്തം വൈദ്യമുഖ്യൈഃ സമസ്തൈഃ. ൬൧

കണ്ണിലുള്ള കറുപ്പിന്റെ മദ്ധ്യത്തിൽ വെളുത്തും, താണും, സൂചികൊണ്ടു കുത്തിയതുപോലെ കാണുന്നതായും ചൂടുവെള്ളത്തിന്റെ സ്രവണത്തോടുകൂടിയും ഉണ്ടാകുന്ന രോഗത്തെ സവ്രണശുക്ലമെന്നു പറയുന്നു.

ന ദൃക്സമീപേ പ്രഭവേന്ന ഗാഢം
സ്രവേദഥോ വേദനയാ വിഹീനം
തച്ഛുക്ലയുഗ്മം ഭിഷജോ വദന്തി
സാദ്ധ്യം ഭവേൽ കദാപി കദാചിദേവ. ൬൨

ദൃഷ്ടിയുടെ സമീപത്തിലല്ലാതെയുണ്ടായ ശുക്ലവും, കൃഷ്ണമണ്ഡലത്തിങ്കൽ മുഴുകി കിടക്കാത്ത ശുക്ലവും ജലം സ്രവിക്കാത്ത ശുക്ലവും വേദനയില്ലാത്ത ശുക്ലവും ചിലപ്പോൾ സാദ്ധ്യമായിത്തീരും.

അവ്രണശുക്ലലക്ഷണം.

സസ്യന്ദം ശോഷയുക്തം ശശിദരധവളം
കുന്ദപുഷ്പാവഭാസം
ആകാശാഭ്രപ്രകാശം തനു വിശദതരം
ചാവ്രണം സാദ്ധ്യമേതൽ
ഗംഭീരം ദീർഘകാലപ്രഭവബഹുതരം
കൃച്ഛ്രസാദ്ധ്യം ച ശുക്ലം
വിച്ഛിന്നം മദ്ധ്യദേശേ പലലപരിവൃതം
ദൃഷ്ടിനാശപ്രകാരി. ൬൩

അഭിഷ്യന്ദം ചൂട്ട് ഇവയോടുകൂടിയും ചന്ദ്രൻ ശംഖ് മുല്ലപ്പൂവ് ഇവയെപ്പോലെ വെളുത്തും നിർമ്മലമായ ആകാശത്തിനു തുല്യമായും സൂക്ഷ്മമായും കൃഷ്ണമണ്ഡലത്തിൽ ഉണ്ടാകുന്ന ശുക്ലത്തിന് അവ്രണശുക്ലമെന്നു പേർ. ഇത് സുസാദ്ധ്യമാണ്. വളരെ താഴ്ചയോടും വളരെ കാലപ്പഴക്കത്തോടും കട്ടിയോടും കൂടിയ ശുക്ലം കൃച്ഛ്രസാദ്ധ്യമാകുന്നു. മാംസം പഴുക്കുക നിമിത്തം മദ്ധ്യത്തിൽ രന്ധ്രമുണ്ടാകുക, മാംസങ്ങൾ ചുററിയിരിക്കുക, ഇങ്ങനെയുള്ള ശുക്ലവും ദൃഷ്ടിയെ നശിപ്പിക്കും.

ദ്വിത്വഗ്ഗതം ലോഹിതമന്തതശ്ച
ചിരോത്ഥിതം ചാപി വിവർജ്ജനീയം

രണ്ടു പടലത്തെ ആശ്രയിച്ചും ചുററും ചുവന്നും ഉണ്ടാകുന്നതും വളരെക്കാലം ചെന്നതും ആയ ശുക്ലവും അസാദ്ധ്യമാണ്.

അസാദ്ധ്യലക്ഷണം.

ഉഷ്ണാശ്രുപാതഃ പിടകാ ച നേത്രേ
യസ്മിൻ ഭവേന്മുൽഗനിഭം ച ശുക്ലം
തദപ്യസാദ്ധ്യം പ്രവദന്തി കേചി-
ദന്യച്ച യത്തിത്തിരിപക്ഷതുല്യം. ൨൪

കണ്ണിൽനിന്ന് ചുട്ട കണ്ണുനീർ വീഴുന്നതും കണ്ണിൽ ചെറുപയറിനു തുല്യമായി കുരുക്കളുണ്ടാകുന്നതും ആയ ശുക്ലവും തിത്തിരിപ്പുള്ളിന്റെ ചിറകുപോലെയിരിക്കുന്ന ശുക്ലവും അസാദ്ധ്യമാകുന്നു.

അക്ഷിപാകാത്യയം.

അസിതമണ്ഡലമേവ സമന്തതോ
യദി ഭവേദവതുലമതോ സിതൈഃ
സകലദോഷ.... അക്ഷി-
ന്നിഗദിതം ഖലു പാകമിദം ത്യജേൽ. ൨൫

ത്രിദോഷങ്ങൾ കോപിച്ച് കൃഷ്ണമണ്ഡലം മുഴുവനും വെളുത്ത ശുക്ലം വ്യാപിക്കും. ഇതിന്ന് അക്ഷിപാകാത്യയം എന്നുപേർ. ഇതും വർജ്ജനീയം തന്നെയാണ്.

അജകാജാതം.

അജാപുരീഷസന്നിഭോ രുജാന്വിതശ്ച ലോഹിതഃ
സലോഹിതഃ സുപിച്ഛിലോƒജകാഭിജാതമുച്യതേ. ൨൬

ആട്ടിൻകാഷ്ഠത്തിന്റെ നിറത്തിൽ വേദനയോടും അല്പമായ ചുവപ്പോടും വഴുവഴുത്തിരിക്കുന്ന രക്തത്തിന്റെ സ്രാവത്തോടും കൂടി

ചെമ്പിച്ച നിറത്തിൽ കൃഷ്ണമണ്ഡലത്തെ ഭേദിച്ചുണ്ടാകുന്ന രോഗത്തിന് അജകാജാതം എന്നുപേർ.

ഇങ്ങനെ നേത്രകൃഷ്ണഗതരോഗനിദാനം കഴിഞ്ഞു.

നേത്രദൃഷ്ടിഗതരോഗനിദാനം.

ദോഷോ യദാദ്യേ പടലേ പ്രവിശ്യ
ദൃഷ്ട്യന്തരേ ചേൽ സ്ഥിരതാമുപൈതി
അവ്യക്തരൂപാണി കദാചിദേവ
സംപശ്യതീതി പ്രവദന്തി വൈദ്യാഃ. ൨൭

ദോഷം സിരകളിൽക്കൂടി ദൃഷ്ടിമണ്ഡലത്തിന്റെ അന്തർഭാഗത്തിൽചെന്ന് ആദ്യപടലത്തെ പ്രാപിച്ച് സ്ഥിരമായി ഉറയ്ക്കുന്നു. അപ്പോൾ രൂപത്തോടുകൂടിയ ദ്രവ്യങ്ങൾ ചിലപ്പോൾ അസ്പഷ്ടരൂപങ്ങളായിട്ട് കാണപ്പെടും എന്നു വൈദ്യന്മാർ പറയുന്നു.

ദോഷം രണ്ടാമത്തെ പടലത്തിൽ പ്രാപിച്ചാലുള്ള ലക്ഷണം.

ദൃഷ്ടിർഭൃശം വിഹ്വലതാമുപൈതി
ദോഷേ ദ്വിതീയേ പടലേ പ്രവിഷ്ടേ
പശ്യത്യവശ്യം സ തു മാക്ഷികാണാം
ജാലാനി തദ്വന്മശകാൻ മരീചീൻ. ൨൮

പാരിപ്ലവാൻ കുണ്ഡലമണ്ഡലാനി
വൃഭ്രാണി വാ വർഷതമാംസി പശ്യേൽ
ദൂരസ്ഥിതാന്യേവ തഥാന്തികേ ച
സമീപഗാൻ ദൂരചരാൻ പ്രപശ്യേൽ. ൨൯

ദൃഷ്ടിസ്ഥ വാ ഗൌരവവിഭ്രമേണ
ന സൂചിപാശം മൃഗയന്നപ്യാപി

ദോഷം രണ്ടാമത്തെ പടലത്തെ പ്രാപിക്കുമ്പോൾ ദൃഷ്ടി ഏറ്റവും പരവശതയെ പ്രാപിക്കുന്നു. ഈച്ച കൊതുക് മരീചി കുണ്ഡലം മണ്ഡലം ഇവ ഇളക്കമുള്ളതായി കാണപ്പെടും. മേഘം വർഷം ഇരുട്ട് ഇവയും കാണപ്പെടും. ദൂരെയുള്ളവ അടുത്തും അടുത്തുള്ളവ ദൂരെയും കാണും. ദൃഷ്ടിയുടെ വിഭ്രമം നിമിത്തം വളരെ പ്രയത്നിച്ചാലും സൂചിയുടെ സുഷിരത്തെ കാണുകയില്ല.

ദോഷം മൂന്നാമത്തെ പടലത്തെ ആശ്രയിച്ചാലുള്ള ലക്ഷണം.

പശ്യന്ന ചാധോമ്പമലം പ്രപശ്യ-
ദ്ദോഷേ തൃതീയേ പടലേ ഗതേ ച. ൩൦

മഹാന്തി രൂപാണി [illegible] വസ്ത്രസം[illegible]-
രാച്ഛാദിതാന്യേവ ഹി പശ്യതീവ
കർണ്ണാക്ഷിനാസാരഹിതാനി താനി
ജാനാതി [illegible] ൩൦

ദോഷേ [illegible] ദൃഷ്ടി[illegible]
യഥാസ്വമത്ര പ്രവിരജ്യതേ ച
അധഃസ്ഥിതേƒന്തഃസ്ഥമദൂരഭാജം
ദൂരം പ്രപശ്യേദപി [illegible] ൩൧

നൈവ പ്രപശ്യേദ[illegible]
പാർശ്വസ്ഥിതം പശ്യതി നൈവ [illegible]
സമന്തതസ്സംസ്ഥിത ദോഷ[illegible]
രൂപാണി പശ്യേദപി സങ്കരാണി. ൩൨

ദൃഷ്ടേസ്തു മധ്യസ്ഥിത[illegible]
മഹാന്തി രൂപാണി [illegible]
ദ്വിധാ സ്ഥിതേ പശ്യതി വാ [illegible] വാ
[illegible]നേകധാസ്ഥേ [illegible] ൩൩

ദോഷേ ച തിര്യഗ് [illegible]-
വേകം ദ്വിധാ പശ്യതി യച്ച യത്ര

ദോഷം മൂന്നാമത്തെ പടലത്തെ [illegible] അധോഭാഗ[illegible] വ[illegible]ളെ കാണ[illegible] വ[illegible]സ്തുക്കളെ കാണുകയും ചെയ്യും. [illegible] രൂപങ്ങളെ മൂടിക്കൊണ്ടു മറയ്ക്കപ്പെട്ടതുപോലെ കാണും. മനുഷ്യാകൃതികളെ ചെവി കണ്ണ് മൂക്ക് ഇവയോടുകൂടാതെയും മുറിക്കപ്പെട്ട കരചരണങ്ങളോടു കൂടിയപോലെയും കാണും. ഏതൊരു ദോഷം ബലവത്തായിരി[illegible] ആ ദോഷത്തിന്റെ [illegible] എ[illegible]ങ്ങിനെ എന്നുവച്ചാൽ വാതം ബലവത്താണെങ്കിൽ ദൃഷ്ടി ചുവന്നും പിത്തം ബലവത്താണെങ്കിൽ ദൃഷ്ടി മഞ്ഞനിറത്തിലും, കഫം ബലവത്താണെങ്കിൽ ദൃഷ്ടി വെളുത്തുമിരിക്കുമെന്നു സാരം. ദോഷം ദൃഷ്ടിയുടെ താഴെ നിൽക്കുമ്പോൾ [illegible] വസ്തുക്കളെ കാണുകയില്ല; ഉപരിഭാഗത്തു സ്ഥിതിചെയ്യുമ്പോൾ ദൂരത്തുള്ള വസ്തുക്കളെ കാണുകയില്ല; പാർശ്വത്തിൽ സ്ഥിതിചെയ്യുമ്പോൾ പാർശ്വഭാഗത്തുള്ള വസ്തുക്കളെ കാണുകയില്ല. ചുറ്റും നിൽക്കുമ്പോൾ എല്ലാം സമ്മിശ്രമായി കാണും. ദോഷങ്ങൾ ദൃഷ്ടിയുടെ മദ്ധ്യത്തിൽ നിന്നാൽ വലിയ രൂപങ്ങളെ ചെറുതായി കാണും. ദോഷം [illegible] പ്രകാരത്തിൽ നിന്നാൽ [illegible] പ്രകാരത്തിലായിരിക്കും. അനേകം പ്രകാരത്തിൽ സ്ഥിതിചെയ്താൽ അനേകം പ്രകാരം കാണും. വിലങ്ങത്തിൽ നിന്നാൽ കാണുന്നതെല്ലാം രണ്ടായി തോന്നും.

ദോഷം നാലാമത്തെ പടലത്തെ ആശ്രയിച്ചാലുള്ള ലക്ഷണം.

തം വൈദ്യരൂപാസ്തിമിരം വദന്തി
[illegible] ദൃഷ്ടിം പടലേ ചതുർത്ഥേ. ൩൪

[illegible]ലിംഗനാശേ ച [illegible]
ന ചാധിരൂഢേ തു മഹാ[illegible]
നക്ഷത്രതാരാരവിചന്ദ്രവിദ്യു-
ത്തേജാംസി ഭ്രാജിഷ്ണുതാനി [illegible] ൩൫

യത്രാന്തരിക്ഷേ സ ച [illegible]
സ നീലികാകാച ഉദാഹൃതോƒത്ര

തിമിരം എന്ന പേരോടുകൂടിയ ദോഷം നാലാമത്തെ പടല[illegible] ആശ്രയിക്കുമ്പോൾ ദൃഷ്ടിക്ക് [illegible] [illegible] ലിംഗനാശമെന്ന[illegible] മഹാരോഗം അധികം വർദ്ധിക്കാതിരിക്കുമ്പോൾ ആകാശത്തിൽ ചശിന്ദ്രാദി നക്ഷത്രങ്ങൾ മറ്റു താരകൾ ആദിത്യൻ ചന്ദ്രൻ [illegible]നാൽ [illegible] തേജസ്സുകളെ [illegible] [illegible] ലിംഗനാശത്തിന് നീലിക [illegible] പറയും.

ദോഷവിശേഷംകൊണ്ടുള്ള രൂപദർശനം.

വാതേന രൂപാണ്യ[illegible] [illegible] ൩൬
[illegible]

ശക്രസ്യ ചാപം ച [illegible]
[illegible] ച പിത്തദോഷാൽ
ശിഖണ്ഡി[illegible] ച നീല[illegible]
[illegible] ൩൭

കഫേന രൂപാണി സിതാനി പശ്യേ-
ജ്ജലപ്ലുതാനീവ ച [illegible]
ശുഭ്രാഭ്രതുല്യാനി ച [illegible]
[illegible] ൩൮

രക്തേന രക്താനി തമാംസി പശ്യേൽ
സിതാസിതാന്യേവ ച മേചകാനി
പീതാനി രക്താനി വിചിത്രിതാനി
ത്രിദോഷതഃ പശ്യതി വിപ്ലുതാനി. ൩൯

ദോഷസ്ഥ ഭ്രമാനം ദ്വിതയസ്യ ശേഷാ
ദ്വിധാ ത്രിധാ പശ്യതി ചാപി നിത്യം
ന്യൂനാധികാങ്ഗാനി സമസ്തരൂപാ-
ണ്യഥോപി തേജാംസി സമന്തതസ്ഥ. ൪൦

വാതംകൊണ്ടുണ്ടാകുന്ന തിമിരത്തിൽ രൂപങ്ങൾ ആവിലങ്ങളായും മുറിഞ്ഞും രക്തവർണ്ണങ്ങളായും കാണപ്പെടും. പിത്തജമായ തിമിരത്തിൽ ഇന്ദ്രചാപം ആദിത്യൻ മിന്നൽ മിന്നാമിനുങ്ങ് ഇവയുടെ രൂപങ്ങളും മയിലിൻനൃത്തങ്ങളും എല്ലായിടവും നീലനിറവും കാണപ്പെടും. കഫജമായ തിമിരത്തിൽ രൂപങ്ങൾ വെളുത്ത നിറത്തിലും വെള്ളത്താൽ നനഞ്ഞപോലെയും പിച്ഛിലങ്ങളായും കാണും. മേഘമില്ലാത്ത ആകാശത്തിൽ മേഘമുണ്ടെന്നുതോന്നും. രക്തജമായ തിമിരത്തിൽ ഇരുട്ട് ചുവന്നും ബഹുവിധത്തിലും കാണപ്പെടും. രൂപങ്ങൾ അല്പം വെളുത്തും ചുവന്നും മഞ്ഞളിച്ചും കറുത്തും ഇങ്ങനെ വിചിത്രരൂപങ്ങളായി കാണപ്പെടും. ത്രിദോഷജമായ തിമിരത്തിൽ എല്ലാ ദ്രവ്യങ്ങളും രണ്ടുപ്രകാരത്തിലും മൂന്നുപ്രകാരത്തിലും അംഗങ്ങൾ കുറഞ്ഞും കൂടിയും തേജസ്സുകൾ പലപ്രകാരേണയും കാണപ്പെടും.

പരിമ്ലായി എന്ന തിമിരലക്ഷണം.

പിത്തം പരിമ്ലായി വിമൂർച്ഛിതം യ-
ദ്രക്തസ്യ ദൃഷ്ടാവപി തേജസാത്ര
പീതാ ദിശഃ പശ്യതി സൂര്യചക്ര-
മുദ്യന്തമേവ പ്രതിമന്യതേഽന്യൽ. ൪൧

ഖദ്യോതസംഘൈശ്ച വികീര്യമാണാൻ
വൃക്ഷാംശ്ച തേജസ്സഹിതാംസ്ഥ യദ്വൽ
വക്ഷ്യാമി രാഗൈരപി ഷഡ്വിധം യൽ
തല്ലിംഗനാശം നയനപ്രഭൂതം. ൪൨

രക്തത്താൽ മിശ്രിതമായിരിക്കുന്ന പിത്തം പരിമ്ലായി എന്ന തിമിരത്തെ ഉണ്ടാക്കും. അതു വന്നാൽ ദിക്കുകൾ മഞ്ഞനിറമായി തോന്നും. സൂര്യൻ ഉദിച്ചുവരുന്നതുപോലെയും വൃക്ഷങ്ങൾ മിന്നാമിനുങ്ങുകളാൽ മറയ്ക്കപ്പെടുന്നവയായോ ഓജസ്സുകളോടുകൂടിയവയായോ കാണപ്പെടും. ഇനിയും രാഗത്താൽ ഉണ്ടാകുന്ന ആറുവിധം ലിംഗനാശത്തെ പറയുന്നു.

വാതജാദിരാഗഭേദലക്ഷണം.

രക്തോ രാഗഃ പ്രഭവതി സദാ വാതജഃ പിത്തതോഽഥ
രാഗഃ പീതഃ കഥിത അപി വാ നീലവർണ്ണസ്തഥൈവ
ശുക്ലോ രാഗഃ കഫസുജനിതോ രക്തദോഷാച്ച രക്ത-
ശ്ചിത്രോ രാഗഃ പ്രഭവതി സദാ സന്നിപാതസ്യ ദോഷാൽ.

വാതജമായ രാഗം ചുവന്നിരിക്കും. പിത്തജമായ രാഗം മഞ്ഞളിച്ചും നീലവർണ്ണമായും ഇരിക്കും. കഫജമായ രാഗം വെളുത്തിരിക്കും. രക്തജമായ രാഗം രക്തത്തോടുകൂടിയും ത്രിദോഷജമായ രാഗം നാനാവർണ്ണമായും ഇരിക്കും.

വാതികാദിരാഗത്തിൻെറ വിശിഷ്ടലക്ഷണം.

സ്ഥൂലം കാചാരുണനിഭമലം മണ്ഡലം ദൃഷ്ടിമധ്യേ
നീലം കാപി പ്രഭവതി തഥാമ്ലായിനീരോഗദോഷേ
തസ്മിൻ പ്രായഃ കചിദപി തഥാ ദർശനം ദോഷനാശാ-
ത്തത്തുല്യാംശാൽ സ്വയമപി ച വാ സർവ്വരൂപസ്യ പുംസാം.

പരിമ്ലായി എന്ന രോഗത്തിൽ ദൃഷ്ടിമണ്ഡലം സ്ഥൂലമായും കുന്നിക്കുരുവിൻെറ നിറത്തിലും ചിലപ്പോൾ നീലമായും ഇരിക്കും. അതിങ്കൽ മിക്കവാറും ദോഷം നശിച്ചുകഴിഞ്ഞാൽ താനേതന്നെ എല്ലാ രൂപവും കാണാറാകും.

ദൃഷ്ടിമണ്ഡലഗതരാഗലക്ഷണം.

അരുണം പരുഷം ച ചഞ്ചലം
പ്രഭവേന്മണ്ഡലമേവ വാതജം
അഥകാംസ്യനിഭം തഥൈവ ചാ-
പ്യതിപീതം ഖലു പിത്തമണ്ഡലം. ൪൩

ശംഖേന്ദുകുന്ദപ്രതിമം കഫേന
സ്യാന്മണ്ഡലം സ്നിഗ്ദ്ധമലം ച പീതം
പത്മസ്ഥപത്രസ്ഥമിവാംഭസസ്ഥ
ബിന്ദുര്യഥാ സർപ്പതി മൃജ്യമാനേ. ൪൪

പ്രവാളപത്മോദ്ഭവപത്രതുല്യം
സ്യാന്മണ്ഡലം രക്തനിഭം തഥൈവ
ത്രിദോഷജാതേഽപി ച ലിംഗനാശേ
ചിത്രോ ഭവേന്നേത്രഗതോ ഹി രാഗഃ. ൪൫

വാതത്താൽ ദൃഷ്ടിമണ്ഡലം ചുവന്നും പരുഷമായും ഉളളക്കത്തോടുകൂടിയും ഇരിക്കും. പിത്തത്താൽ ദൃഷ്ടിമണ്ഡലം ഓട്ടുപാത്രത്തിൻെറനിറത്തിലും ചുവന്നും ഇരിക്കും. കഫത്താൽ ദൃഷ്ടിമണ്ഡലം ശംഖ് ചന്ദ്രൻ മുല്ലപ്പൂവ് ഇതിൻെറ നിറത്തിലും മഞ്ഞളിച്ചും താമരയിലയിലെ വെള്ളത്തുള്ളിപോലെ ഉളുകിക്കൊണ്ടുമിരിക്കും. കൈകൊണ്ടു മർദ്ദിക്കുന്ന സമയം ആ മണ്ഡലം പരക്കുകയും ചെയ്യും. രക്തജമായ മണ്ഡലം പവിഴം പോലെയും [illegible] പോലെയും ഇരിക്കും. ത്രിദോഷജമായ ലിംഗനാശത്തിൽ കണ്ണിൽ ഉള്ള ചുവപ്പ് നാനാവർണ്ണമായിരിക്കും.

പിത്തവിദഗ്ദ്ധദൃഷ്ടിലക്ഷണം.

പിത്തദോഷപരിദുഷിതദൃഷ്ട്യാ
പീതരൂപചയദർശനമസ്യ
ജായതേ ച ഖലു പിത്തവിദഗ്ദ്ധ-
ദൃഷ്ടിരേവ ഗദിതോƽഖിലവൈദ്യൈഃ. ൩൨

പിത്തത്താൽ ദുഷ്ടമായ ദൃഷ്ടി മഞ്ഞനിറമായിരിക്കുകയും ആ ദൃഷ്ടികൊണ്ടു നോക്കുന്നതെല്ലാം മഞ്ഞനിറമായി തോന്നുകയും ചെയ്യുന്നതു് പിത്തവിദഗ്ദ്ധത്തിൻെറ ലക്ഷണമാണു്.

ദിവാന്ധ്യലക്ഷണം.

പടലമത്ര തൃതീയമലം ഗതഃ
നിശി ച പശ്യതി നൈവ ദിവാ കഥം [illegible]
അപി ച ദോഷ [illegible]
നിശി ച പിത്തകൃശത്വനിമിത്തതഃ. ൩൩

ദോഷം മൂന്നാമത്തെ പടലത്തെ പ്രാപിക്കുമ്പോൾ രാത്രിയിൽ കാഴ്ചയുണ്ടാകും. പകൽ കാഴ്ചയുണ്ടാകയില്ല. ഇതു ദിവാന്ധ്യത്തിൻെറ ലക്ഷണമാണു്. രാത്രിയിൽ കാഴ്ചയുണ്ടാകുന്നതിനുള്ള കാരണം രാത്രിയിൽ തണുപ്പുകൊണ്ടും പിത്തത്തിൻെറ കുറവു കൊണ്ടും ആണു്.

ശ്ലേഷ്മവിദഗ്ദ്ധദൃഷ്ടിലക്ഷണം.

കഫവിദഗ്ദ്ധദൃശഃ സിതദർശനം
പടലമസ്യ ഗതേ ച തൃതീയകേ
നിശി ന ദർശനമേവ സമാദിശേത്-
ദിവി സ സൂക്ഷ്മഗൃഹീതകഫാൽപതഃ. ൩൪

ദുഷിച്ചിരിക്കുന്ന കഫത്താൽ ദൃഷ്ടിയെല്ലാപ്പോഴും വെളുത്തിരിക്കയും

Dr. SUBIN. V.R, M.D(Ay)
Reg. No: 7605
Professor
Dept. Of Panchakarma
VPSV Ayurveda College Kottakkal

അതുകൊണ്ടു് എല്ലാ വസ്തുക്കളും വെളുത്തനിറത്തിൽ തോന്നുകയും ചെയ്യുന്നതു് കഫവിദഗ്ദ്ധദൃഷ്ടിയുടെ ലക്ഷണമാണു്.

രാത്ര്യാന്ധ്യലക്ഷണം.

ദോഷം മൂന്നാമത്തെ പടലത്തെ പ്രാപിച്ചാൽ രാത്രിയിൽ കണ്ണുകാണാൻ വയ്യാതാവുകയും സൂര്യൻെറ സമ്പർക്കത്താൽ കഫം ഉരുകി ലയിച്ചുപോകുന്നതിനാൽ പകൽ കാഴ്ചയുണ്ടാവുകയും, ചെയ്യും. ഇതു് രാത്ര്യാന്ധ്യത്തിൻെറ ലക്ഷണമാണു്.

ധൂമദർശിലക്ഷണം.

ജ്വരായാസമൂർദ്ധാമിതാപാതിശോകൈ-
സ്തഥാഭ്യാഹതാ ദൃഷ്ടിരേവം ച യസ്യ
സധൂമ്രാംസ്തഥാ സർവ്വഭാവാൻ പ്രപശ്യേ-
ദസൌ ധൂമദർശീ ജനഃ സംപ്രദിഷ്ടഃ. ൩൫

ജ്വരം, ദേഹശ്രമം, ശിരോരോഗം, ശോകം ഇവയാൽ സന്തപ്തനായവൻെറ ദൃഷ്ടികൊണ്ടു കാണുന്ന വസ്തുക്കളെല്ലാം പുക പോലെ തോന്നും. രാത്രിയിൽ പിത്തത്തിൻെറ കുറവുനിമിത്തം എല്ലാം ശരിയായി കാണുകയും ചെയ്യും. ഇതിന്നു് ധൂമദർശി എന്നുപേർ.

ഹ്രസ്വദൃഷ്ടിലക്ഷണം.

തഥാ ഹ്രസ്വദർശീ ദിനേഷ്വപി ഹ്രസ്വം
സ്വരൂപാണി പശ്യത്യസൌ ചേദ്ദൃഷ്ടിമദ്ധ്യ-
വിശേഷേണ പിത്താന്യപശ്യൻ പ്രകാമം
തതശ്ചാല്പഭാവാച്ച ഹ്രസ്വാനി നിത്യം. ൩൬

ഹ്രസ്വദർശിയായുള്ളവൻെറ ദൃഷ്ടി [illegible] പകൽ വലിയ രൂപങ്ങളെ ഹ്രസ്വങ്ങളായിട്ടു കാണും. പിത്തത്തിൻെറ അല്പഭാവം ഹേതുവായിട്ടു്, രാത്രിയിൽ കാണുകയില്ല.

നകുലാന്ധ്യലക്ഷണം.

വിദ്യോതമാനാ നകുലസ്യ യദ്വൽ
ദൃഷ്ടിർഹി ദോഷേണ ഭവേച്ച യസ്യ
സ ചിത്രരൂപാണി ദിവാ പ്രപശ്യൻ
തദ്രോഗമാഹുർന്നകുലാന്ധ്യമേവ. ൩൭

ആരുടെ ദൃഷ്ടിയാണോ ത്രിദോഷങ്ങളാൽ വ്യാപിച്ചും കീരിയുടെ കണ്ണുപോലെയും ഇരിക്കുന്നു. അവൻ പകൽ നാനാവർണ്ണങ്ങളായ രൂപങ്ങളെ കാണുകയും രാത്രിയിൽ കാണാതിരിക്കയും ചെയ്യുന്നു. അതാണു് നകുലാന്ധ്യം.

Dr. SUBIN. V.R. M.D(Ay)
Reg. No: 7605
Professor
Dept. Of Panchakarma
VPSV Ayurveda College Kottakkal

ഗംഭീരദൃഷ്ടിലക്ഷണം.

വായുഃ പ്രദുഷ്ടോ ഹി വിശ്രുതാ ദൃഷ്ടി
സങ്കോചമഭ്യന്തരതസ്തു യാതി
തമക്ഷിരോഗം സരുജം സുവൈദ്യാ
ഗംഭീരകാഖ്യം പ്രവദന്തി സർവേ. ൧൧

ദൃഷ്ടി, വാതത്താൽ പീഡിക്കപ്പെട്ടു വികൃതമായും ഉള്ളിലേക്ക ചുരുങ്ങും. വലിയ വേദനയും കാണും. ഇതിനെ ഗംഭീരദൃഷ്ടി എന്നു പറയുന്നു.

ആഗന്തുകലിംഗനാശം.

ബാഹ്യേന പ്രവിഷ്ടോഥ സംപ്രദിഷ്ടാ-
വകാരണാൽ കാരണതസ്തഥാ ദ്വൌ
ശിരോഭിതാപാച്ച നിമിത്തഭൂതാ-
ദുക്തസ്ത്വഭിഷ്യന്ദനിദർശനാഖ്യഃ. ൧൨

കാരണംകൊണ്ടും കാരണമില്ലാതെയും ആഗന്തുകലിംഗനാശം രണ്ടുപ്രകാരത്തിലുണ്ട്. അവയിൽ ശിരോഭിതാപം ഹേതുവായും വിഷപുഷ്പവാഹിയായ വായുവിന്റെ സ്പർശം ഹേതുവായിട്ടും ഉണ്ടാകുന്നതു കാരണജമാണ്. അതിന്നു അഭിഷ്യന്ദത്തിന്റെ ലക്ഷണംകൂടിയും കാണും.

അകാരണലിംഗനാശലക്ഷണം.

ദേവർഷിഭാനുരഗരാജദൃഷ്ട്യാ
ഗന്ധർവസന്ദർശനതോഽനിമിത്തം.
ദൃഷ്ടിർവിഹന്യേദ്യദി ലിംഗനാശോ
ജനസ്യ സോയം ത്വനിമിത്തജാതഃ. ൧൩

വിസ്പഷ്ടനേത്രമിവ യത്ര വിഭാതി രാഗോ
വൈഡൂര്യവർണ്ണസുമലേമവ തു തത്ര നേത്രേ
വ്യാകീർയ്യതേഽത്ര ഹി സീദതി ഭിദ്യതേ ച
പുംസോഽഭിഘാതനിഹതാ ഖലു സാ തു ദൃഷ്ടിഃ. ൧൪

ദേവന്മാർ, ഋഷികൾ, സൂര്യൻ, സർപ്പങ്ങൾ, ഗന്ധർവന്മാർ ഇവരെയാരെയെങ്കിലും സൂക്ഷിച്ചുനോക്കുകനിമിത്തം കാരണം കൂടാതെ കണ്ണിനു കാഴ്ചയില്ലാതാകും. ഇതാണ് അകാരണ ലിംഗനാശം. ഈ രോഗത്തിൽ കണ്ണിന്ന് പ്രസന്നതയും വൈഡൂര്യത്തിന്റെ നിറംപോലുള്ള നിറവും കാണും.

നേത്രദൃഷ്ടിഗതരോഗനിദാനം കഴിഞ്ഞു.

നേത്രശുക്ലഗതരോഗനിദാനം.

പ്രസ്താര്യർമ്മാദികളുടെ ലക്ഷണം.

പ്രസ്താര്യർമ്മസുവിസ്തൃതം സിതഗതം ശ്യാവം സരക്തം തഥാ
ശുക്ലാർമ്മപ്രഗതം ച ശുക്ലമസകൃൽ സംവർദ്ധമാനം ചിരാൽ
പത്മാഭം മൃദുരക്തമർമ്മപലലം തച്ചീയതേ വൈ സിതേ
സ്ഥൂലം മൃദ്വധിമാംസജാർമ്മബഹുലം പ്രോക്തം യകൃൽസന്നിഭം

കണ്ണിന്റെ ശുക്ലഭാഗത്ത് പരന്നും കരുവാളിച്ചും സരക്തമായും മാംസമുണ്ടാകും. അതിന്ന് പ്രസ്താര്യർമ്മമെന്നു പേർ. ശുക്ലസ്ഥാനത്തു വെളുത്തും മൃദുവായും മാംസമുണ്ടാകുകയും വളരെക്കാലംകൊണ്ട് വർദ്ധിക്കുകയും ചെയ്യുന്നതു ശുക്ലാർമ്മത്തിന്റെ ലക്ഷണമാണ്. ശുക്ലത്തിൽ ചെന്താമരപ്പൂപോലെയും മൃദുവായും മാംസം വർദ്ധിച്ചുവരുന്നതിന്ന് രക്താർമ്മമെന്നുപേർ. ശുക്ലത്തിൽ തടിച്ചും പരന്നും മൃദുവായും യകൃത്തെന്ന മാംസത്തിന്നു സദൃശമായും മാംസമുണ്ടാകുന്നതിന്ന് അധിമാംസാർമ്മമെന്നു പേർ.

സ്നായ്വർമ്മാദിലക്ഷണം.

ശുക്ലം സ്നായ്വർമ്മവൈവർണ്യൈഃ പ്രസരിതപലലം
സുസ്ഥിരം പഞ്ചമം ച
ശ്യാവം മാംസേന തുല്യം സലിലസിതപരാ
ബിന്ദവോ യത്ര സോയം
ശുക്തിഃ സ്യാച്ഛുക്തിവർണ്ണാഹ്യഥ ച പരതരാ
കൃഷ്ണവർണ്ണാ പ്രദിഷ്ടാ
ശുക്ലേ ചൈകോ ഭവേച്ചേച്ഛശരുധിരസമോ
ബിന്ദുരാഹുഃ പ്രവീരം. ൧൯

കണ്ണിന്റെ വെള്ളയിൽ കഠിനമായും പ്രസ്താര്യർമ്മോത്ഭവമായും വളരെ മാംസത്തോടുകൂടിയും വെളുത്തും ഉണ്ടാകുന്ന മാംസത്തിന് സ്നായ്വർമ്മമെന്നുപേർ. കണ്ണിന്റെ വെള്ളയിൽ കരുവാളിച്ചും മാംസതുല്യമായും മുത്തുച്ചിപ്പിയുടെ നിറത്തോടുകൂടിയോ വെള്ളത്തോടുകൂടിയോ ചില ബിന്ദുക്കൾ (പുള്ളികൾ) ഉണ്ടാകും. അതിന്ന് ശുക്തിക എന്നു പേർ. കണ്ണിന്റെ വെള്ളയിൽ മുയലിൻരക്തംപോലെ ചുവന്ന പുള്ളി ഉണ്ടാകും. അതിന്ന് അർജ്ജുനമെന്നു പേർ.

പിഷ്ടകലക്ഷണം.

സശ്ലേഷ്മവായോശ്ച യദൈവ കോപാൽ
ശുക്ലേ തഥോച്ചം ചപലം വിശേഷാൽ

തൽ പിഷ്ടവൽ പിഷ്ടമമും വദന്തി
മലാക്തമാദർശമിവ പ്രകാമം. ൨൦

കഫവാതങ്ങൾ കോപിച്ച് കണ്ണിന്റെ ശുക്ലത്തിൽ ഉയൎന്നും അരിപ്പിട്ടപോലെ വെളുത്തും മാംസമുണ്ടാകും. അതിന്ന് പിഷ്ടകം എന്നു പേർ. ആ പിഷ്ടകം കണ്ണാടിയിൽ ചെളിപററിയപോലെ ഇരിക്കുകയും ചെയ്യും.

സിരാജാലലക്ഷണം.

ഭവതി ജാലനിഭഃ കഠിനഃ സിരാ-
തത അലം യദി രക്താഹിതസംഭവൈഃ
അരുണ ഏവ സ ജാലസിരാഃ സ്മൃതഃ
പുനരഥാന്യഗദാൻ സിതജാൻ ബ്രുവേ. ൨൧

ശുക്ലമണ്ഡലത്തിൽ വലപോലെ കഠിനങ്ങളായ ഞെരമ്പുകളോടുകൂടിയും വലുതായും അല്പം ചുവന്നും സിരാസമൂഹങ്ങൾ ഉണ്ടാകും. അതിന്നു സിരാജാലമെന്നു പേർ. ഇനിയും വെളുപ്പിൽ ഉണ്ടാകുന്ന മററുരോഗങ്ങളെ പറയുന്നു.

സിരാജാതമായ പിടകയുടെ ലക്ഷണം.

സിരാവൃതായാഃ പിടകാസ്സിതാഃ സ്യുഃ
സിതെസ്സിതസ്യൈവ സമീപനാഡ്യാം
കാംസ്യാഭ ഏകോ മൃദുവാരിബിന്ദു-
കല്പോഽഥ ബിന്ദുഃ സിതഗോ വലാസഃ. ൨൨

ശുക്ലമണ്ഡലത്തിൽ കൃഷ്ണമണ്ഡലത്തിനടുത്ത് ഞെരമ്പുകളാൽ വ്യാപ്തമായിട്ട് വെളുത്ത കുരുക്കളുണ്ടാകും. അതിന്ന് സിരാജപിടക എന്നു പേർ.

വലാസലക്ഷണം.

ശുക്ലമണ്ഡലത്തിൽതന്നെ ഓട്ടുപാത്രത്തിന്റെ പ്രഭയോടുകൂടി കഠിനമായ ജലബിന്ദുക്കൾപോലെ കുരുക്കൾ ഉണ്ടാകും. ഇതിന്ന് വലാസം എന്നു പേർ.

നേത്രസന്ധിഗതരോഗനിദാനം.

പൂയാലസലക്ഷണം.

പകഃ ശോഫസ്സന്ധിജാതഃ സതോദഃ
പൂയസ്രാവീ ചൈവ പൂയാലസാഖ്യഃ
ദോഷൈസ്സന്ധൌ ഗ്രന്ഥികാ പാകഹീനാ
കണ്ഡൂയുക്താ നീരുജാ സോപനാഹാ. ൨൩

കണ്ണിന്റെ സന്ധിയിൽ നീരുണ്ടായി പഴുത്ത് കുത്തിനോവോടുകൂടിയിരിക്കയും അതിൽനിന്ന് ദുൎഗ്ഗന്ധമുള്ള ചലം പുറപ്പെടുകയും ചെയ്യും. അതിന്ന് പൂയാലസം എന്നു പറയുന്നു.

ഉപനാഹലക്ഷണം.

മൂക്കിന്നടുത്തുള്ള കണ്ണിന്റെ സന്ധിയിൽ പഴുക്കാതെയും ചൊറിച്ചിലോടും അല്പമായ വേദനയോടുംകൂടി ഉണ്ടാകുന്ന മുഴയ്ക്ക് ഉപനാഹമെന്നു പേർ.

സ്രാവസമ്പ്രാപ്തി.

ഗത്വാശ്രുമാൎഗ്ഗേണ തു ദോഷാ സന്ധൌ
ദോഷാ യഥാസ്വം ബഹുധാ പ്രകൃഷ്ടാഃ
സ്രാവം ച തം കേപി വദന്തി നേത്ര
നാഡീ ച സാപ്യത്ര ചതുൎവ്വിധാ സ്യാൽ. ൨൪

ദോഷങ്ങൾ കണ്ണുനീരിനെ വഹിക്കുന്ന നാഡികളിൽകൂടി നേത്രസന്ധിയിൽ പ്രാപിച്ച് സ്വദോഷലക്ഷണങ്ങളോടുകൂടി സ്രാവത്തെ ഉണ്ടാക്കുന്നു. അതിനെ ചിലർ നേത്രനാഡിയെന്നു പറയുന്നു. ആ നേത്രനാഡി നാലുവിധത്തിൽ ഭവിക്കും.

പൂയം സ്രവത്യേവ ച സന്ധിപാകാൽ
സ സൎവ്വജഃ സ്രാവഗദഃ പ്രദിഷ്ടഃ
ശ്വേതം സസാന്ദ്രം ച സപിച്ഛിലം ച
ശ്ലേഷ്മപ്രകോപാൽ സ്രവതി പ്രകാമം. ൨൫

മൂക്കിന്നടുത്ത കണ്ണിൽ തൊലിയും മാംസവുംകൂടി പഴുത്ത് ചലമായി ഒലിക്കുന്നതിന്നു പൂയസ്രാവമെന്നു പേർ. ഇത് ത്രിദോഷജമാണ്.

കഫസ്രാവലക്ഷണം.

വെളുത്തും കൊഴുത്തും വഴുവഴുത്തും ഇരിക്കുന്ന കണ്ണുനീരൊലിക്കുന്നതിനെ കഫസ്രാവമെന്നു പറയുന്നു.

പിത്തസ്രാവലക്ഷണം.

പീതം ഹരിദ്രാനിഭമുഷ്ണതോയം
പ്രഭൃതസന്ധൌ സ്രവതീഹ പിത്താൽ
സാസ്രം ച തദ്വൽ രുധിരപ്രകോപാൽ
രക്തം സ്രവത്യേവ ഹി സന്ധിമധ്യാൽ. ൨൬

മഞ്ഞനിറത്തിലും മഞ്ഞളിന്റെ നിറത്തിലും ചൂടുവെള്ളം സ്രവിക്കുന്നത് പിത്തസ്രാവലക്ഷണമാണ്.

രക്തസ്രാവലക്ഷണം.

രക്തം കോപിച്ചു് രക്തത്തിന്റെ നിറത്തിൽ കണ്ണുനീര് സ്ര
വിക്കയോ ദൂഷിച്ച രക്തം അധികമായി സ്രവിക്കയോ ചെയ്യുന്നതി
ന രക്തസ്രാവമെന്നു പേർ.

പർവ്വണീലക്ഷണം.

താമ്രാ തനുഃ ഭവതി തധിരാൽ പർവ്വണീ വൃത്തശോഫാൽ
ജാതഃ സന്ധാവസിതസസിതേ ദാഹപാകോപപന്നാ
വ്യാതാ വൈദ്യൈർജ്ജനകസദൃശൈർനേത്രരോഗാലജീസാ
തസ്യാമേവ പ്രഭവതി തഥാവ്യോപിതാ പൂർവ്വലിംഗൈഃ. ൬൭

കടക്കണ്ണിന്റേയോ വാൽകണ്ണിന്റേയോ സന്ധികളെ ആശ്ര
യിച്ചു ശുക്ലമണ്ഡലത്തിൽ ചെമ്പിച്ചും ചെറുതായും ചൂട്ട്, വഴുവഴു
പ്പു്, വൃത്തത്തിലുള്ള നീര് ഇവയോട്ടുകൂടിയും കുരുക്കൾ ഉണ്ടാകും.
ഇതിനു പർവ്വണിയെന്നു പേർ.

അലജീലക്ഷണം.

ശുക്ലമണ്ഡലത്തിന്റെയും കൃഷ്ണമണ്ഡലത്തിന്റെയും സന്ധി
യിൽ പർവ്വണിയുടെ ലക്ഷണത്തോട്ടുകൂടി ഉണ്ടാകുന്ന പിടകയ്ക്കു്
അലജി എന്നുപേർ.

കൃമിഗ്രന്ഥിലക്ഷണം.

കൃമിഗ്രന്ഥിസ്തു പ്രഭവതി തഥാ വർത്മനി പരം
യഥാ പക്ഷ്മണ്യേവം ദ്രുതബഹളകണ്ഡൂച ക്രിമയഃ
പ്രകുർവ്വന്തേ നാനാവിധബഹളതരാഃ സന്ധിസിതജാഃ
ചരന്തസ്തേസ്ത്വന്തർനയനമഥവാ ദൂഷിതവരം.

പോളകളുടേയും അക്ഷിരോമങ്ങളുടേയും സന്ധിയെ പ്രാപി
ച്ചിരിക്കുന്ന കൃമികൾ ചൊറിച്ചിലിനെ ഉണ്ടാക്കും. അവ നാനാ
രൂപങ്ങളായിട്ടും കണ്ണിന്റെ അന്തർഭാഗത്തെ ദൂഷിപ്പിക്കുന്നവയായി
ട്ടും ഇരിക്കും. ഈ കൃമികൾനിമിത്തമുണ്ടാകുന്ന നീരു പഴുക്കുകയും
അതിൽനിന്നു ചലം ഒലിക്കുകയും ചെയ്യും. ഇതു് കൃമിഗ്രന്ഥി എ
ന്ന രോഗമാകുന്നു.

നേത്രവർമ്മങ്ങളിലുള്ള രോഗങ്ങളുടെ നിദാനം.

ഉത്സംഗലക്ഷണം.

അഭ്യന്തരസ്ഥോപിച രോഹിതാ ത്ര
യാ ബാഹ്യതോ വർത്മതയേവ രക്താ

കണ്ഡൂസമേതാ പിടകാ നിതാന്തം
സോൽസംഗയുക്താ പൃഥുകാന്ധുരാ ച. ൬൮

പോളയുടെ അകത്തിരിക്കയാണെങ്കിലും താമ്രവർണ്ണമായും ഉയർന്നും
വലിയ ചൊറിച്ചിലോട്ടുകൂടിയും കണ്ണിന്റെ വെളിയിൽ വരുന്ന കു
രുക്കൾക്കു് ഉത്സംഗപിടക എന്നുപേർ. ഇതു് ത്രിദോഷജമാണു്.

കുംഭികാലക്ഷണം.

വർത്മാന്തേ പിടകാ ധ്മാതാ
ഭിദ്യന്തേ ച സ്രവന്തി ച
കുംഭീകാബീജസദൃശാഃ
കുംഭീകാ സന്നിപാതജാഃ. ൬൯

ത്രിദോഷകോപം ഹേതുവായിട്ട് കൺപോളയുടെകത്തു് കുരു
ക്കളുണ്ടായി പൊട്ടി ഒലിക്കയും പിന്നെയും പിന്നെയും ഊതിവീക്കു
കയും ചെയ്യും. അവ നാഗദന്തിക്കുരുക്കളോട്ടു തുല്യങ്ങളായിട്ടുമിരി
ക്കും. ആ രോഗത്തെ കുംഭിക എന്നു പറയുന്നു.

പോഥകീലക്ഷണം.

രക്തസർഷപനിഭാഃ പിടകാ യാ
കണ്ഡുരാശ്ച ഗുരുജാഃ സ്രവയുക്താഃ
പോഥകീതി കഥിതാഃ സരുജസ്താ
നേത്രപക്ഷ്മണി ശിരോർബുദ്ധധാഃ സ്യുഃ. ൭൦

ചൊറിച്ചിൽ, ഗുരുത്വം, കണ്ണുനീര് ഇവയോട്ടും വേദന
യോട്ടുംകൂടി ചെങ്കടുകിന്നു തുല്യങ്ങളായ കുരുക്കൾ കുഞ്ഞുങ്ങളുടെ
നേത്രരോമങ്ങളിൽ ഉണ്ടാകും. അതിനു് പോഥകി എന്നുപേർ.

വർത്മശർക്കരാലക്ഷണം.

സ്ഥൂലാഃ സൂക്ഷ്മയുതാഃ ഖരാസ്ത്ര പിടകാ വർത്മന്യലം ശർക്കരാ
രോഗഃ സോയമലം ഭിഷഗ്ഭിർനിഗദിതോ വർത്മാദിവൈദ്യൈഷകഃ
ഐർവ്വാരുപ്രഭവൈഃ പ്രകാമമഥവാ ബീജൈശ്ച തുല്യാസ്തു യാഃ
വർത്മസ്ഥാഃ പിടകാഃ ഖരാ നിഗദിതാസ്താ മന്ദപീഡാന്വിതാഃ.
അർശോവർത്മപ്രകീർത്തിതാ—

തടിച്ചും സൂക്ഷ്മങ്ങളായും പരുപരുത്തും ഇരിക്കുന്ന കുരുക്കൾ
പോളയിൽ ഉണ്ടാകും. ഇതിനു് വർത്മശർക്കര എന്നുപേർ. ഇതു്
പോളയെ ദൂഷിപ്പിക്കുന്നതാകുന്നു.

അർശോവർത്മലക്ഷണം.

സന്നിപാതകോപത്താൽ പോളയുടെ അകത്തോ പുറത്തോ

വെള്ളരിക്കാക്കുരുപോലെ ഉള്ള കുരുക്കൾ ഉണ്ടാകും. അതിന്ന് അർശോവർത്മം എന്നു പേർ.

—————————വ്യഥ തഥാ ദീർഘാങ്കുരോ യഃ ഖര-

സ്തബ്ധോ ദാരുണ ഏവ ചാന്തരഭവോ
വ്യാധിസ്സ ശുഷ്കഃ സ്മൃതഃ
അശോരോഗയുതാത്ര ദാഹതുദനൈ-
ര്യുക്താ തു താമ്രാ തു യാ
വർത്മന്യേവ സമുദ്ഭവാ തു പിടകാ
മൃദ്വല്പപീഡായുതാ
ജ്ഞേയാ സാഞ്ജനനാമികാഥ യദി ച
ദ്വർത്മ ധ്രുതം ചീയതേ
സവം വാ പിടകാഭിരേവ ബഹുഭി-
ർവ്വിസ്താരിതൈർദ്ദ്ശ്യതൈഃ. ൩൨

ഉക്തം തൽ ബഹളാദിവർത്മ ച————

പോളയുടെ അകത്തു പരുപരുത്തും സ്തബ്ധമായും ഭയങ്കരമായും നീളത്തിൽ മാംസാങ്കുരമുണ്ടാകും. അതിന്ന് ശുഷ്കാർശസ്സെന്നു പേർ.

അഞ്ജനനാമികാലക്ഷണം.

ചൂട്, കുത്തിനോവു് ഇവയോട്ടുകൂടി ചെമ്പിച്ചും മൃദുവും, അല്പമായ വേദനയോട്ടുകൂടിയും പോളയിൽ രക്തം ഹേതുവായിട്ട് കുരുക്കൾ ഉണ്ടാകും. അതിന്ന് അഞ്ജനനാമിക എന്നുപേർ.

ബഹളവർത്മലക്ഷണം.

പോളയുടെ നിറത്തിലുള്ളതും സ്ഥിരങ്ങളായും ഇരിക്കുന്ന പിടകകളെക്കൊണ്ട് കൺപോള മുഴുവൻ നിറയുന്നതിന്നു ബഹളവർത്മമെന്നുപേർ.

വർത്മബന്ധലക്ഷണം.

—————————തഥാ കണ്ഡ്വല്പതോദേന യഃ
ശോഫേനാഥ തു വർത്മജേന നയനം
നോ ഛാദ്യതേ ബന്ധനാൽ. ൨൪

മൃദ്വല്പവേദനമലം യദി വർത്മ താമ്രം
നിർഹേതുകം ഭവതി തൽ കില വർത്മസംജ്ഞം
ക്ലിഷ്ടാദികം തഥ പുനസ്ത്വദി പിത്തയുക്തം
രക്തം ദഹേദ്യദി ച വർത്മജ കർദ്ദമാഖ്യഃ. ൬൩

സന്നിപാതത്താൽ ചൊറിച്ചിലോടും അല്പമായ കുത്തിനോവോട്ടുംകൂടി പോളയിൽ നീരുണ്ടായാൽ കണ്ണു നല്ലവണ്ണം അടയ്ക്കുവാൻ കഴിയാതെവരും. ഈ രോഗത്തിന്ന് വർത്മബന്ധം എന്നു പേർ.

ക്ലിഷ്ടവർത്മലക്ഷണം.

കണ്ണിന്റെ പോളകൾ രണ്ടും മൃദുവായും അല്പവേദനയോട്ടുകൂടിയും ചെമ്പിച്ചും ഇരിക്കും. കാരണംകൂടാതെ രക്തം വരികയും ചെയ്യും. ഇതിന്നു ക്ലിഷ്ടവർത്മം എന്നുപേർ.

വർത്മകർദ്ദമലക്ഷണം.

രക്തംപിത്തത്തോട്ടുകൂടി പോളയ്ക്കു് പഴുപ്പിനേയും ചൂടിനേയും ഉണ്ടാക്കും. അതിനാൽ പോളകറുത്തു ചെളിപോലെയിരിക്കയും ചെയ്യും. അതിന്നു വർത്മകർദ്ദമം എന്നുപേർ.

ശ്യാവവർത്മലക്ഷണം.

യൽ ബാഹ്യതോന്തശ്ച ഭവേൽ പ്രകാമം
ശ്യാവം ച ശൂനം യദി വർത്മ യസ്യ
തച്ഛ്യാവവർത്മേതി ജഗുഃ സുവൈദ്യാ
സ്സർവ്വവർത്മരോഗപ്രവിഭാഗദക്ഷാഃ. ൬൮

ത്രിദോഷത്താൽ കണ്ണിന്റെ അകവും പുറവും കരുവാളിച്ചും നീരോട്ടുകൂടിയും ഇരിക്കും. അതിന്നു ശ്യാവവർത്മം എന്നുപേർ.

പ്രക്ലിന്നവർത്മലക്ഷണം.

ശൂനം ഭവേച്ചദരുജം ച ബാഹ്യം
യദ്വർത്മ പുംസോന്തരതോപി യദ്വൽ
പ്രക്ലിന്നമാഹുർഭിഷജഃ പുരാണാ-
സ്തൽക്ലിഷ്ടമത്യന്തമദസ്തഥാ ച. ൭൦

പോളയ്ക്കു പുറത്തുവശത്ത് അല്പമായ വേദനയോട്ടുകൂടി നീരും അകത്ത് അധികമായ പഴുപ്പുമുണ്ടായിരിക്കും. അതിന്ന് പ്രക്ലിന്നവർത്മമെന്നുപേർ.

അക്ലിന്നവർത്മലക്ഷണം.

യസ്യ താന്യക്ഷിവർത്മാനി പുനഃ പുനർന
പാകമായി വർത്മാനി നരസ്യ യത്ര
ദാഹ്യന്ത ഏവ പ്രവദന്തി വൈദ്യാ
അക്ലിന്നവർത്മേതി ഗദം പുരാണാഃ. ൭൧

കൺപോളകൾ എത്ര കഴുകിയാലും കഴുകിയ പ്രകാരവും പി

ന്നെയും പിന്നെയും ദഹിക്കുന്നതുപോലെ തോന്നും. എന്നാൽ പഴുപ്പുണ്ടായിരിക്കയില്ലതാനും. അതിന്ന് അക്ലിന്നവർത്മം എന്നുപേർ.

വാതാഹതവർത്മലക്ഷണം.

വിമുക്തസന്ധിപ്രതമകനിവർത്മ
വിചേഷ്ടിതം യത്ര നിമീലതീതരം
ഉദീരിതം വാതഹതാദിവർത്മ
വൈദ്യൈശ്ച വർത്മാത്മഗദജ്ഞവിജ്ഞൈഃ. ൮൯

പോളകളുടേയും ശുക്ലമണ്ഡലത്തിന്റെയും സന്ധികൾ പരസ്പരം വേർപെട്ടുപോകനിമിത്തം കണ്ണ് അടയ്ക്കുവാനും തുറക്കാനും കഴിയാതെവരും. അതിനെ വാതാഹതവർത്മം എന്നു പറയുന്നു.

അർബുദലക്ഷണം.

വർത്മാന്തരസ്ഥം വിഷമം ച ഗ്രന്ഥീ-
ഭൂതം ഭവേദ്യദചിരുജം തഥൈവ
തമർബുദം പ്രാഹുരലം തു വൈദ്യാ-
യം വർത്മരോഗേ വിഷമം സുവിജ്ഞാഃ. ൯൦

പോളയ്ക്കകത്തു വിഷമമായും വേദനയോടുകൂടാതെയും ഉണ്ടാകുന്ന ഗ്രന്ഥിക്ക് അർബുദം എന്നുപേർ.

നിമേഷലക്ഷണം.

നിമേഷണീയാശ്ച സിരാസ്തു വായു-
രാവിശ്യ സന്ധിസ്ഥിതാ ഏവ പുംസാം
വർത്മാനി സഞ്ചാലയതീതരമുക്താ
നിമേഷനാമാ വിവിധാകുവിവിജ്ഞൈഃ. ൯൧

പോളകളിൽ ഇരിക്കുന്ന വായു കണ്ണു തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന സിരകളിൽചെന്ന് പോളകളെയിളക്കും. അതിനാൽ കണ്ണ് അടച്ചാൽ തുറക്കാൻ കഴിയാതായിത്തീരും. അതിന്ന് നിമേഷം എന്നു പേർ.

ശോണിതാർശോലക്ഷണം.

വർത്മസ്ഥിതം യന്മൃദ്വങ്കുരശ്ച
സലോഹിതം ലോഹിതജം തു ഛിന്നം
വിവർദ്ധതേ തൽ പുനരേവ വൈദ്യൈർ-
ഹ്യർശോഗദോ വർത്മഭവഃ പ്രദിഷ്ടഃ. ൯൨

കൺപോളയുടെ അകത്ത്, ചുവന്നും മൃദുവായും രക്തമൊലിച്ചും ഇരിക്കുന്ന ഒരു മാംസാങ്കുരം ഉണ്ടാകും. രക്തജമായ അതിനെ ശോണിതാർശസ്സ് എന്നു പറയുന്നു. ഇത്, മാംസാങ്കുരം മുറിച്ചാൽ പിന്നെയും വളർന്നുവരികതന്നെ ചെയ്യുന്നതുകൊണ്ട് അസാധ്യമാണെന്നാണ് വിദേഹന്റെ അഭിപ്രായം.

നഗണലക്ഷണം.

അപാകഃ കഠിനഃ സ്ഥൂലോ യോ ഗ്രന്ഥിർവർത്മജോദ്ഭവഃ
നഗണാഖ്യഗണസ്സോയം ലിംഗിതഃ കാപി കീർത്തിതഃ. ൯൩

പോളയിൽ പഴുക്കാതെയും കഠിനമായും തടിച്ചും വേദനയോടുകൂടാതെയും ഉണ്ടാകുന്ന മുഴയ്ക്ക് നഗണം എന്നു പേർ.

വിസവർത്മലക്ഷണം.

ശോഥം ബാഹ്യേ ജനയന്തി ദോഷാ-
സ്ത്രയശ്ച ഛിദ്രാണി തു വർത്മനോശ്ച
സ്രവന്തി നീരം വിഷവദ്വിശേഷാൽ
തദ്ദുക്തമാദ്യൈർവിസവർത്മസംജ്ഞം. ൯൪

മൂന്നു ദോഷങ്ങളും പോളയുടെ വെളിയിൽ നീരിനെ ഉണ്ടാക്കുകയും പോളകളുടെ ഉള്ളിലെ ഛിദ്രങ്ങളിൽ നിന്ന് വെള്ളത്തെ ഒഴുക്കുകയും ചെയ്യുന്നു. അതിനെ വിസവർത്മം എന്നു പറയുന്നു.

കുഞ്ചനം.

സംകോചയന്ത്യാശു മലേന ദോഷാ
ദ്വഗ്വർത്മ ദ്രഷ്ടും ന ച തത്ര ശക്തഃ
തൽകുഞ്ചനം പ്രാഹുരലം പുരാണാഃ
ശ്രീവൈദ്യഭൂപാ ജനകാദയോ യേ. ൯൫

വാതാദിദോഷങ്ങൾ പോളകളെ വലിച്ചു ചുരുക്കുകനിമിത്തം കാണുന്നതിനു ശക്തിയില്ലാതാകുന്നു. അതിനെ കുഞ്ചനം എന്നു പറയുന്നു.

പക്ഷ്മകോപലക്ഷണം.

വാതേന പക്ഷ്മാണി വിചാലിതാനി
യഥാക്ഷിണീ പ്രാപ്യ വിശന്തി തത്ര
ഘൃഷ്ടാനി ചാക്ഷ്ണോർമുഹുരേവ താനി
സംരംഭമേവം ജനയന്തി കൃച്ഛ്റം. ൯൬

സിതേ ച ഭാഗേപി തഥൈവ മൂല-
കോശാൽ പതന്തീതി ച പക്ഷ്മകോപഃ
സവർത്മപക്ഷ്മാശയഗം ച പിത്തം
രോമാണി വാ പാതയതി പ്രകാമം. ൯൭

രാം പക്ഷ്മശാതം നയനാമയജ്ഞാ
വദന്തി നാമ്നാക്ഷിഗതം സുവൈദ്യാഃ
അഥോ ചികിത്സാ നയനാമയാനാം
സമ്യഗ്ബ്രുവേ ലക്ഷിതലക്ഷണാനാം. ൮൮

അക്ഷിരോമങ്ങൾ വായുവിനാൽ ചലിതമായിട്ട്, കണ്ണിന്റെ ഉള്ളിൽവീണ് കൂടക്കൂടെകണ്ണിനെയുരസ്സും. അതുകൊണ്ട് കൃഷ്ണമണ്ഡലത്തിലും ശുക്ലമണ്ഡലത്തിലും നീരുണ്ടാകും. ഈ രോഗത്തിന് പക്ഷ്മകോപം എന്നു പേർ.

പക്ഷ്മശാതലക്ഷണം.

അക്ഷിരോമങ്ങളുടെ അധോഭാഗത്തിൽ ഇരിക്കുന്ന പിത്തം രോമങ്ങളെ പൊഴിക്കും. അതിന്ന് പക്ഷ്മശാതമെന്നു പേർ. ഇനിയും കണ്ണിനുള്ള ചികിത്സയെ പറയാൻ പോകുന്നു.

നയനരോഗചികിത്സ.

അഥോ ലംഘനാലേപനസ്വേദനാദി
സിരാമോക്ഷണം രേചനം ഛർദ്ദനം ച
അഭിഷ്യന്ദകേ വൈദ്യമുഖ്യാഃ പ്രയുഞ്ജ്യുഃ
ക്രമാദഞ്ജനാശ്ച്യോതനാദീൻ കൃതം വാ. ൮൯

അഭിഷ്യന്ദകം എന്ന നേത്രരോഗത്തിൽ ലംഘനം ലേപനം സ്വേദനം, ഞരമ്പുകീറി രക്തം കളയുക, രേചനം, അഞ്ജനം, ആശ്ച്യോതനം മുതലായ ചികിത്സകൾ ചെയ്യണം.

അഞ്ജനവിധി.

സംപക്വദോഷസ്യ യഥോക്തകാലേ
സമാചരേദഞ്ജനമക്ഷിരോഗേ
ഹേമന്തകാലേ ശിശിരേ ച മാധ്യം
ദിനേഽഞ്ജനം പൂർവ്വദിനസ്യ ഭാഗേ. ൯൦

തഥാപരാഹ്ണേഽഥ നിദാഘകാലേ
ശരദ്യലം ചാഞ്ജനമിഷ്യതേഽത്ര
വർഷാസ്വനഭ്രേ ദിവസേഽതിശീതേ
കാലാതിരിക്തേ ച സദാ വസന്തേ. ൯൧

ലംഘനാദിക്രിയകൾകൊണ്ടു ദോഷപാകം വന്നതിനുശേഷം അക്ഷിരോഗത്തിൽ അഞ്ജനം പ്രയോഗിക്കണം ഹേമന്തത്തിലും ശിശിരത്തിലും മദ്ധ്യാഹ്നകാലത്തിലുമാണ് അഞ്ജനം പ്രയോഗിക്കേണ്ടത്; ഗ്രീഷ്മകാലത്തിൽ രാവിലെയും ശരൽക്കാലത്തിൽ അപരാ

ഹ്നത്തിലും വർഷകാലത്തിൽ മേഘത്തിന്റെ മറവില്ലാത്ത ദിവസത്തിലും വസന്തകാലത്തിൽ അധികം ചൂടുള്ള സമയം കഴിച്ചു സദാ സമയവും അഞ്ജനം പ്രയോഗിക്കാം.

പ്രാഗഞ്ജയിത്വാ നയനം ച വാമം
പശ്ചാത്തതോ ദക്ഷിണമഞ്ജയേദ്വാ
ശ്ലോഷ്മാതകൈർവസ്ത്രഭൃതൈശ്ച നേത്ര-
ജാതേ ഹ്യഭിഷ്യന്ദഗദേ മനുഷ്യഃ. ൯൨

അഭിഷ്യന്ദം എന്ന നേത്രരോഗത്തിൽ നറുവരി കരിച്ചു വസ്ത്രത്തിൽവച്ചു ഞെക്കി മഷിയെടുത്ത് ആദ്യം ഇടത്തേക്കണ്ണ് എഴുതണം. പിന്നീട് വലത്തേക്കണ്ണും എഴുതണം.

ആശ്ച്യോതനം.

കാഞ്ചീസയുക്തൈർജ്ജലസംപ്ലുതൈർവാ
ഹ്യാശ്ച്യോതനം തത്ര മുഹുർമ്മുഹുശ്ച
ആശ്ച്യോതനേ[?]ക്താ ത്രിഫലാ സലോധ്രാ
കുചന്ദനൈർദ്ദാരുനിശാ പ്രശസ്താ. ൯൩

അന്നഭേദി വെള്ളത്തിൽ കലക്കിയോ ത്രിഫല പാച്ചോറ്റിത്തൊലി രക്തചന്ദനം ദേവതാരം മഞ്ഞൾ ഇവ കഷായംവച്ചോ കണ്ണിൽ ധാരയൊഴിക്കണം.

കുമാരികാ ചാഹിമദേന ഭൃഷ്ടാ
നിശ്ച്യോതനാർത്ഥം തു വരീസമേതാ
ലവംഗയുക്താ പടസംസ്ഥിതാ ഹി
നിത്യം ഹ്യഭിഷ്യന്ദതമോ നിഹന്തി. ൯൪

കററാർവാഴപ്പോളനീരിൽ സർപ്പവിഷം വറുത്ത് ശതാവരി ഇലവങ്ഗം ഇവയുംചേർത്ത് മുണ്ടിൽവച്ചുഞെക്കി നീരെടുത്ത് ആശ്ച്യോതനം ചെയ്താൽ അഭിഷ്യന്ദം ശമിക്കും.

സസൈന്ധവം ഗൈരികതാർക്ഷ്യശൈലാ-
ഭയാഭവം കോഷ്ണജലം പ്രപിഷ്ടം
ആലേപനം നേത്രജരോഗഹാരീ
പക്ഷ്മാപരിഷ്ടാദ്ബഹിരേവ ദത്തം. ൯൫

ഇന്തുപ്പ് കാവിമണ്ണ് രസാഞ്ജനം ഇവ കടുക്കാത്തോടു വെള്ളത്തിൽ കലക്കി ചെറുചൂടെ നേത്രരോമത്തിന്റെ ഉപരിഭാഗത്തിൽ തേച്ചാൽ കണ്ണിലുള്ള രോഗങ്ങൾ ഇല്ലാതാകും.

അശ്ച്യോതനത്തിനുള്ള മാത്ര.

വസുദശാവി സംഖ്യാ ബിന്ദവോ ലേഖനാദി-
ഷപി നിഗദിതമാത്രാ സ്നേഹനാരോപണേഷു
ക്രമശ അഥ തഥാത്രാശ്ച്യോതനാർത്ഥം ച തിസ്രോ
നയനഗദനിഹന്ത്രൈ വൈദ്യമുഖ്യൈഃ പ്രദിഷ്ടാഃ. ൯൬

ലേഖനാശ്ച്യോതനത്തിൽ ൮ തുള്ളിയും സ്നേഹനാശ്ച്യോതനത്തിൽ ൧൦ തുള്ളിയും രോപണാശ്ച്യോതനത്തിൽ ൧൨ തുള്ളിയും ആണ് അശ്ച്യോതനത്തിനുള്ള മരുന്നുകളുടെ മാത്ര പറയപ്പെട്ടിരിക്കുന്നത്. എങ്കിലും വൈദ്യന്മാർ സാധാരണയായി മൂന്നുതുള്ളിയാണ് ഉപയോഗിക്കാറുള്ളത്.

ശോഥം ദാഹം രാഗമത്യുഗ്രകണ്ഡൂ-
ക്ലേദം ചാക്ഷ്ണാരശ്രുസ്രാതപ്രസേകം
ഹന്യാൽ സദ്യശ്ച്യോക്തമാർഗ്ഗൈർവ്വിശേഷാൽ
തസ്മാൽ കുര്യാദേവ വാശ്ച്യോതനാനി. ൯൭

അശ്ച്യോതനത്താൽ കണ്ണിലുള്ള നീക്കെട്ട് ചൂട് ചുവപ്പ് വലിയ ചൊറിച്ചിൽ നലവു് കണ്ണിൽനിന്നുണ്ടാകുന്ന കണ്ണുനീര് ഇവയൊക്കെയും ഇല്ലാതാകും.

അരുണാത്രിഫലാമൃതാശൃതം
സഹ ദാർവ്യാ മധുനാ ച സംയുതം
നയനദ്വ നിഷേവമാനയോർ-
ഗദിതം വൈദ്യവരൈഃ കഷായമേതൽ. ൯൮

മഞ്ചട്ടി ത്രിഫല അമൃത് മരമഞ്ഞത്തൊലി ഇരട്ടിമധുരം ഇവ കഷായംവച്ച് കണ്ണിൽ ധാരകോരുക; നേത്രരോഗം ശമിക്കും.

ശേതലോധ്രാഘൃതഭർജ്ജിതചൂർണ്ണ-
മുഷ്ണനീരപടഗാളിതമേകം
അക്ഷിസേകത അലം നയനോത്ഥാ-
നാശ്രുസവ്സരുജോ വിനിഹന്തി. ൯൯

വെളുത്ത പാച്ചോറ്റിത്തൊലി നെയ്യിൽ വറുത്തുപൊടിച്ച് ചൂടുവെള്ളത്തിൽ കലക്കി വസ്ത്രത്തിൽ അരിച്ചെടുത്തു കണ്ണു കഴുകിയാൽ കണ്ണിൽ ഉണ്ടാകുന്ന എല്ലാ വേദനകളും ശമിക്കും.

അരുണയാ പടുതാർക്ഷ്യജഗൈരികാ-
നപി ജലേന വിപേഷ്യ ബഹിസ്തഥാ
നയനയോരുപരിദ്രുതമേവ ച-
ദൃഢി വിലേപിതമക്ഷിരുജോ ജയേൽ. ൧൦൦

മഞ്ചട്ടി ഇന്തുപ്പ് രസാഞ്ജനം കാവിമണ്ണ് ഇവ വെള്ളത്തിൽ അരച്ച് വെളിയിൽ കൺപോളയിൽ ഇട്ടാൽ കണ്ണിലുണ്ടാകുന്ന വേദനകൾ ശമിക്കും.

കുലകനാഗരമോഹവരാമൃതാ-
മധുകപഞ്ചജടാവൃഷനിംബജം
ക്വഥിതമംബു സമീരബലാസജം
തിമിരശോഥരുജോട്ടസ്രമസ്രുതിം ഹരേൽ. ൧൦൧

പടവലം ചുക്ക മുത്തങ്ങ ത്രിഫല അമൃത് ഇരട്ടിമധുരം വലിയ പഞ്ചമൂലത്തിൻവേര ആടലോടകത്തിൻവേര വേപ്പിൻതൊലി ഇവ കഷായംവച്ച് ധാരകോരിയാൽ വാതകഫജമായ തിമിരം നീക്കെട്ട വേദന കണ്ണുനീരൊലിക്കുക ഇവ ശമിക്കും.

വൃഷമോഹശിവാം ചിചുമന്ദശൃതം
ധനദാക്ഷകമൂലകധാത്രിയുതം
ദൃശി രക്തകഫപ്രഭവാംശ്ച ഗദാ-
നപഹന്തി നിപീതമഹാകഷായജഃ. ൧൦൨

ആടലോടകത്തിൻവേര് മുത്തങ്ങ കടുക്ക വേപ്പിൻതൊലി നീർക്കടമ്പിൻതൊലി താന്നിത്തൊലി മൂലവരിക്കിഴങ്ങ് നെല്ലിക്കാത്തോട് ഇവ കഷായംവച്ച് സേവിച്ചാൽ രക്തകഫങ്ങൾ കോപിച്ച് കണ്ണിൽ ഉണ്ടാകുന്ന എല്ലാരോഗങ്ങളും കണ്ണിലുള്ള വേദനയും ശമിക്കും.

വാസാ തിക്താ കുലകമമൃതാ വത്സകം ചന്ദനം ച
ദാർവ്വീ, ശൃണ്ഠീ ജലദവിജയാ നിംബധാത്രീകലിംഗൈഃ
ക്ഷോണീനിംബാഗ്നിജലകലിങ്ങൈഃ ക്വാഥയിത്വാ ദി-
(നൈകം
അന്യേദ്യുസ്ഥാപിതമപി ദിനസ്യാഷ്ടഭാഗാവശേഷം. ൧൦൩

പീത്വാ തൂർണ്ണം പടലതിമിരാംച് ഛഷ്ക്രകണ്ഡൂവ്രണാംശ്ച
ദാഹം പീഡാം നയനജനിതാനർബ്ബുദാനശ്രുപില്ലാൻ.
ജിത്വാ രോഗാന്നയനസുഖമാഗ്രഹ്യദൃഷ്ടിം പ്രഭാതേ
ലബ്ധ്വാ സൂക്ഷ്മം ദ്രുതതരമലം ലക്ഷ്യമാശു പ്രപശ്യേൽ.

ആടലോടകം പുത്തരിച്ചുണ്ടവേര് പടവലം അമൃത് കുടകപ്പാലയരി ചന്ദനം മരമഞ്ഞത്തൊലി ചുക്ക് മുത്തങ്ങ കടുക്കാ

ത്തോട്ട് വേപ്പിൻതൊലി നെല്ലിക്കാത്തോട്ട് ആവിത്തൊലി നിലവേപ്പ് കൊട്ടവേലിക്കിഴങ്ങ് ഇരുവേലി താന്നിക്കാത്തോട്ട് ഇവ കഷായംവച്ച് ഒരു ദിവസം വച്ചിരുന്നു പിറേറദ്ദിവസം എടുത്ത് സേവിക്കുക; പടലം തിമിരം മുതലായ സകല രോഗങ്ങളും ശമിക്കും. കഴുവൻപക്ഷിയെപ്പോലെ കണ്ണിന് സൂക്ഷ്മവുമുണ്ടാകും.

അഞ്ജനം.

പ്രത്യക്പ്രസൂനപ്രഭവാ ജടാ യാ
സമാക്ഷികാ സൈന്ധവതാമ്രപിഷ്ടാ
[illegible]
നേത്രാഞ്ജിതാ കഞ്ജുളസന്നിഭാ സാ. ൧൦൪

വലിയ കടലാടിവേര് ഇന്തുപ്പ് താമ്രഭസ്മം ഇവ എല്ലാം കൂടി അരച്ച് തേനും ചേർത്ത് കണ്ണിൽ എഴുതുക, നേത്രകോപം ഇല്ലാതാകും.

തിമിരത്തിനു കഷായം.

കൃശാനുമൂലത്രിഫലായവാനാം
പടോലപത്രൈസ്സഹ സന്നിദഗ്ദ്ധ്യാൽ
കഷായം പിബേച്ചാപി ഘൃതേന രാത്രൌ
ചക്ഷുഷ്യമേതത്തിമിരം നിഹന്യാത്. ൧൦൫

കൊട്ടവേലിക്കിഴങ്ങ് ത്രിഫലത്തോട്ട യവം പടവലം ഇവ കഷായംവച്ച് നെയ്യ് മേമ്പൊടിചേർത്ത് രാത്രിയിൽ സേവിക്കുക; തിമിരം ശമിക്കും.

യോഗാന്തരം.

ധാത്രീനിംബോൽപലവ്യാഘ്രീപത്രൈർ-
യഷ്ടീതിക്തൈഃ സാധിതം
കഷായം നേത്രശോഥചക്രോദ്ഭാവി സംനാളൈ-
ലോധ്രം ചന്ദനൈശ്ശീതളം
നേത്രേ സിക്തമിദം സദൈവ നയനാ-
സക്തം ച ശുക്രാദികം
സദ്യോ ഹന്തി വദന്തി വൈദ്യനിവഹാ
യേ നേത്രരോഗം വിദുഃ. ൧൦൬

നെല്ലിക്കാത്തോട്ട വേപ്പിൻതൊലി വിളാർമരത്തിൻഇല കരിങ്ങാലിക്കാതൽ ഇരട്ടിമധുരം എള്ള് രാമച്ചം പാച്ചോററിത്തൊലി

ഇവ കഷായംവച്ച് തണുത്താൽ കണ്ണിൽ ധാരകോരുക; ശുക്ലാദി രോഗങ്ങൾ ശമിക്കും.

അഞ്ജനം.

കർപ്പൂരചൂർണ്ണം ച വടസ്യ ദുഗ്ദ്ധൈഃ
ശ്ലക്ഷ്ണം പ്രഘൃഷ്ടം നയനാഞ്ജിതം ചേൽ
ദിനൈഃ കിയദ്ഭിസ്സ ഘനോന്നതം യൽ
ശുക്ലം നിഹന്തീതി ന ചിത്രമത്ര. ൧൦൭

കർപ്പൂരം പൊടിച്ച് പേരാലിൻ കറയിൽ നല്ലവണ്ണം അരച്ച് കണ്ണിൽ എഴുതിയാൽ അല്പദിവസങ്ങൾകൊണ്ട് ഘനോന്നതമായ ശുക്ലം നശിക്കും.

ത്രിഫലാപ്രയോഗം.

നിശി മധുഘൃതയുക്തത്രൈഫലം ചൂർണ്ണമേകം
ഭജതി ഖലു നരോ യോ നിത്യപഥ്യപ്രസേവീ
സ ജയതി ഗദജാതം നേത്രജം സർവ്വമേവ
നൃപ ഇവ നയസേവീ ശത്രുജാതം സമസ്താൽ. ൧൦൮

ത്രിഫലപൊടിച്ച് ശീലപ്പൊടി എടുത്ത് തേനും നെയ്യും കൂട്ടിക്കുഴച്ച് രാത്രിയിൽ അത്താഴത്തിനുശേഷം നിത്യവും പഥ്യമായി സേവിക്കുക; സകല നേത്രരോഗങ്ങളും ശമിക്കും.

സൌഗതാഞ്ജനം.

ദ്വിനിശാചപലാഭയാഗദൈ-
രപി മാംസീസഹിതൈഃ പ്രപേഷിതൈഃ
ഇതി സൌഗതമഞ്ജനം ച നേത്ര-
പ്രഭവാൻ രോഗചയാൻ നിഹന്തി വൈ. ൧൦൯

മഞ്ഞൾ മരമഞ്ഞൾ തിപ്പലി കടുക്കാത്തോട്ട് കൊട്ടം മാഞ്ചി ഇവ അരച്ച് അഞ്ജനമെഴുതിയാൽ കണ്ണിലുള്ള സകലരോഗങ്ങളും ശമിക്കും.

ചന്ദ്രപ്രഭാവർത്തി.

ശിവോഗ്രാപാഞ്ചാലീമരിചകലിമജ്ജാഗദശിലാ-
ജപത്മാജാദുഗ്ദ്ധൈഃ പുനരപി പുനഃ പേഷിതതമാ
ഇയം വർത്തിർന്നേത്രേ ഹരതി തിമിരം കാചപടലേ
ധിമാംസേ പുഷ്പം വാ നയനഭവകണ്ഡ്വർബ്ബുദഗദാൻ.

കടുക്കാത്തോട്ട് വയമ്പ് തിപ്പലി നല്ലമുളക് താന്നിക്കായുടെ മജ്ജ കൊട്ടം കന്മദം ശംഖിൻചൂർണ്ണം ഇവ പൊടിച്ച് ആട്ടിൻ

പാലിൽ പിന്നെയും പിന്നെയും അരച്ച് തിരിയാക്കി പച്ചവെള്ളത്തിൽ അരച്ച് കണ്ണിൽ എഴുതുക; തിമിരം കാചം, പടലം, അധിമാംസം, കണ്ണിൽ ഉണ്ടാകുന്ന ചൊറിച്ചിൽ, അർബുദം ഇവ ശമിക്കും.

അഞ്ജനം.

പഥ്യാവിഭീതാമലകീഫലാനാം
ത്രിയുഗ്മഭ്രഭാഗമിതാ സുമജ്ജാ
തദംത്തിനേത്രാഞ്ജനതോ നരാണാം
ശീഘ്രാക്ഷികോപോത്ഥരുജാ വിനശ്യേൽ. ൧൧൦

കടുക്ക ൬ ഭാഗം, താന്നിക്കാ ൪ ഭാഗം നെല്ലിക്കാ ൨ ഭാഗം ഇവയുടെ മജ്ജയെടുത്ത് തിരിയുണ്ടാക്കി കണ്ണിൽ എഴുതിയാൽ കണ്ണിൽ ഉണ്ടാകുന്ന വേദന ശമിക്കും.

വേറൊരു അഞ്ജനം.

സുസ്നിഗ്ധപട്ടേ കലിതാ വിഭീത-
ഫലസ്യ മജ്ജാ യുവതീപയോഭിഃ
പുഷ്പം നിഹന്ത്യാനയനോത്ഭവം തു
നൈശ്യാന്ധതാ ഭ്രഷണപത്രമേകം. ൧൧൧

താന്നിക്കായുടെ മജ്ജ, നല്ല നേർമ്മയുള്ള മുണ്ടിൽ വച്ച് ഞെക്കിയെടുത്ത് മുലപ്പാലിൽ ചാലിച്ച് കണ്ണിൽ എഴുതുക; കണ്ണിൽ ഉണ്ടാകുന്ന പൂവ് ഇല്ലാതാകും.

മറ്റൊരഞ്ജനം.

മഗധാ ത്രിഫലാ പലംകഷാ
സഹ ലോധ്രേണ ച സൈന്ധവേന ച
അപി ഭൃംഗരസേന പേഷിതം
ഗുഡികാഖ്യം നയനാഞ്ജനം സ്മൃതം. ൧൧൨

തിപ്പലി ത്രിഫല തെരിഞ്ഞിൽ പാച്ചോററിത്തൊലി ഇന്തുപ്പ് ഇവ പൊടിച്ച് കയ്യോന്നിനീരിൽ അരച്ച് അഞ്ജനമെഴുതുക; കണ്ണിൽ ഉണ്ടാകുന്ന കാചം അർമ്മം, ചൊറിച്ചിൽ, തിമിരം, അർജ്ജുനം, ശുക്ലം ഇവ ശമിക്കും.

നാഗാർജ്ജുനീശലാക.

വിദ്രാവ്യ നാഗം ശതധാ കൃശാനൌ
നിർവ്വാപയേത്തത്ത്രിഫലാകഷായേ
പുനഃ പുനശ്ചാസ്യ തതഃ ശലാകാം
വിധായ ശുദ്ധേന രസേന ലിമ്പേൽ. ൧൧൩

നാഗാർജ്ജുനീ സാ ച തയാ ജിതാക്ഷഃ
സുപർണ്ണദൃഷ്ടിഃ പ്രഭവേന്മനുഷ്യഃ
അഥാധിമന്ഥാർജ്ജുനകാചപില്ല-
ഗദാനഭിഷ്യന്ദഗദാൻ ജയേൽ സാ. ൧൧൪

നാഗം പലപ്രാവശ്യം അഗ്നിയിൽ ഉരുക്കി ത്രിഫലക്കഷായത്തിൽ ഒഴിച്ച് ഒരു കമ്പിയാക്കി എടുത്ത്, അതിന്മേൽ ശുദ്ധിചെയ്ത രസം തേച്ചു വയ്ക്കുക; ഇതിന്ന് നാഗാർജ്ജുനീശലാക എന്നു പേർ. ഇതുകൊണ്ട് കണ്ണെഴുതിയാൽ ഗരുഡനെപ്പോലെ ദൃഷ്ടിക്കു സൂക്ഷ്മമുണ്ടാകും. അധിമന്ഥം മുതലായ നേത്രരോഗങ്ങളും ശമിക്കും.

ഘൃതം.

കഷായൈശ്ച കല്കൈസ്ത്രിഫലാഭവൈശ്ച
ശ്രുതം ഘൃതം ഗോപയസാ മനുഷ്യഃ
ഭുക്താപരിഷ്ടാൽ പ്രപിബേച്ച സായം
ദൃഷ്ട്യാ ഭവേൽ സോऽപി ഖഗേശതുല്യഃ. ൧൧൫

ത്രിഫലക്കഷായം വച്ച് ത്രിഫല കല്കമായി പാലും ചേർത്ത് നെയ് കാച്ചി രാത്രിയിൽ ഊണു കഴിഞ്ഞതിനു ശേഷം സേവിക്കുക; ദൃഷ്ടിക്ക് ഗരുഡനേപ്പോലെ സൂക്ഷ്മതയുണ്ടാകും.

മഹാത്രൈഫലഘൃതം

ത്രിഫലാമലകീവൃഷാമൃതാ
ശതമൂലാസഹചരൈശ്ച ഭൃംഗജൈഃ
ഹവിഷഃ പരിപാചയേദ് ഭിഷക്
പയസാ കല്കകൃതൈശ്ച പ്രസ്ഥകം ൧൧൬

മധുകോൽപലമാഗധീസിതാ-
മധുയഷ്ടീവരഗോസ്തനീസമൈഃ
അപി ദുഗ്ദ്ധധരാഭിപാചിതം
സഹ കണ്ടാരികയാ ഭിഷഗ്വരൈഃ. ൧൧൭

സകലനേത്രരുജാ വിനിഷേവിതം
വിജയതേ ത്രിഫലാദിമഹാഘൃതം
ദൃശമലം വിദധാതി ഖഗാധിപ-
പ്രതിമയോജനദൂരചരീം സദാ. ൧൧൮

ത്രിഫല [illegible] ഇവ കഷായംവച്ചു ശതാവരിനീരും കയ്യോന്നിനീരുംകൂടി ചേൎത്തു് ഇരിപ്പക്കാതൽ ചെങ്ങഴിനീർക്കിഴങ്ങു് തിപ്പലി പഞ്ചസാര ഇരട്ടിമധുരം മുന്തിരിങ്ങാപ്പഴം കണ്ടകാരി ഇവ കല്ക്കമായി ഇടങ്ങഴിനെയ് കാച്ചി സേവിക്കുക; [illegible] ശമിക്കും. ഇതിന്നു് മഹാത്രൈഫലഘൃതം എന്നു പേർ.

പത്ഥ്യാപത്ഥ്യം.

ജീവന്തികാ വാസ്തുകമത്സ്യനേത്രാ-
പുനൎന്നവാമേഘനാദാനി [illegible]
ശാകാന്യചാക്ഷുഷ്യകരാണി സൎവാ-
ണ്യത്രത്യവൈദ്യൈഃ പരികീൎത്തിതാനി. ൧൮

മാഷാരനാളാമ്ലവിദാഹശാക-
സിദ്ധാൎത്ഥകസ്നേഹ[illegible]
ക്ഷുദ്രാക്ഷരാലോകനഭവസവാര-
മദ്ധ്യാശനം മൌനമനിദ്രതാദ്യൈഃ. ൧൯

സൂക്ഷ്മാവലോകോ [illegible] ച നേത്ര[illegible]-
ഹാനിം പ്രകുൎയ്യുഃ [illegible]
[illegible]-
[illegible] ൨൦

അടപതിയൻ വസ്തുച്ചീര മീനാങ്ങാണി തഴുതാമ കടലാടി പൊന്നാങ്കണ്ണി തുടങ്ങിയ [illegible] ഉഴുന്നു് കാടിത്തരിച്ചുണ്ട കണ്ണിന്നു [illegible] കടുക് സ്നേഹം മുഞ്ഞക്കളി ചെറിയ പുളിയുള്ളവ ചീര കടുക് സ്നേഹം മുഞ്ഞക്കളി ചെറിയ അക്ഷരങ്ങൾ നോക്കുക നണ്ണിറച്ചി മദ്ധ്യാശനം മൌനം ഉറക്കമില്ലായ്ക മേൽ സൂക്ഷ്മനോക്കുക; ഇവയൊക്കയും കണ്ണിന്റെ ഹാനിയെച്ചെയ്യുന്നതാകയാൽ നേത്രരോഗി വൎജ്ജിക്കണം. ഗോതമ്പ് ചെന്നെല്ലു് യവം ചെറുപയറു് ഇന്തുപ്പു് പശുവിൻപാൽ പശുവിൻനെയ്യ് തേൻ വെള്ളപ്പഞ്ചസാര ഇവ നേത്രരോഗിക്കു പത്ഥ്യങ്ങളാണ്.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
നേത്രരോഗാധികാരം എന്ന
൪൭-ാം സ്തബകം കഴിഞ്ഞു.

അഥ അഷ്ടചത്വാരിംശസ്തബകഃ.

ശിരോരോഗാധികാരഃ.

സാമാന്യ ശിരോരോഗനിദാനം.

അപ്രാപ്തകാലേ പലിതം ച പീഡാ-
ശിരസ്യലം സൂൎയ്യവിവൎത്തകാദ്യാഃ
ഇത്യാദയോ മൂൎദ്ധ്നി ഗതാശ്ച രോഗാ-
ശ്ചികിത്സിതവ്യാശ്ച യഥാസ്വദോഷം. ൧

കാലമാകാതെ ജരയുണ്ടാകുക തല വേദന സൂൎയ്യവിവൎത്തകം മുതലായി ശിരസ്സിൽ പല രോഗങ്ങളും ഉണ്ടാകും. ഇതിന്നു് ദോഷഭേദാനുസരിച്ചു ചികിത്സചെയ്തുകൊള്ളണം.

ചികിത്സ.

ഗന്ധൈരണ്ഡമൂലം ച കാഞ്ജികപിഷ്ടം
ശിരോൎത്തിം ജയേല്ലേപനാൽ സ്ത്രീനരാണാം
തഥാ മൌചുകുന്ദം പ്രസൂനം പ്രലിപ്തം
ശിരസ്യാൎത്തിപീഡാം ജയേന്നാത്ര ചിത്രം. ൨

കൊട്ടവും വെളുത്താവണക്കിൻവേരും കൂടി കാടികൊണ്ടരച്ചു നെററിക്കുതേച്ചാൽ സ്ത്രീപുരുഷന്മാൎക്കുണ്ടാകുന്ന തലവേദന ശമിക്കും. അതുപോലെ മുചുകുന്ദത്തിൻ പൂവരച്ചു തേച്ചാലും തലവേദന ശമിക്കും.

വേറൊരു ലേപനം.

ദേവദാരുനതവിശ്വഭേഷജൈഃ
കുഷ്ഠതൈലനളദൈഃ സകാഞ്ജികൈഃ
പേഷിതൈഃ കൃതശിരോവിലേപനാ-
ച്ഛൂലമാശു ശിരസോ വിനാശയേൽ. ൩

ദേവതാരം തകരം ചുക്കു കൊട്ടം രാമച്ചം ഇവ കാടിയിൽ അരച്ചു നെററിക്കു തേച്ചാൽ തലവേദന ശമിക്കും.

മറെറാരു ലേപനം.

ശാരിബോൽപലഗദാനി ചാമ്ലകൈഃ
പേഷിതാനി ഘൃതതൈലമിശ്രിതൈഃ
സൂൎയ്യജക്ഷീണവിവൎത്തക[illegible]
നാശയന്തി പരിലേപിതാനി വൈ. ൪

നറുനീണ്ടിക്കിഴങ്ങ് ചെങ്ങഴിനീക്കിഴങ്ങ് കൊട്ടം പുളിവേരിൻതൊലി ഇവ അരച്ച് എണ്ണയും നെയ്യും ചേൎത്തു നെററിക്കു പുരട്ടുക; സൂൎയ്യാവൎത്തം മുതലായ രോഗങ്ങൾ നശിക്കും.

നസ്യം.

മദനസിതയാ ഗവീപയോഭിർ-
വിനിംല്പിഷ്ടം നസി നസ്യവൽ ഗൃഹീതം
വിധിനാനുദിതേ രവൌ വിദഗ്ദ്ധൈഃ
ശിരസോൎദ്ധം വിഭിനത്തി ഭേദമുഗ്രം. ൬

മലങ്കാരയ്ക്ക പശുവിൻപാലിൽ അരച്ചെടുത്തു പഞ്ചസാര ചേൎത്തു നസ്യംചെയ്യുക; അൎദ്ധവിഭേദം എന്ന ശിരോരോഗം ശമിക്കും.

കാശ്മീരമാജ്യേന സമം ച ഭൃഷ്ടം
സശൎക്കരം ലോഹിതയുക്തവാതേ
ഭ്രൂഘ്രാണകൎണ്ണാക്ഷിശിരോൎദ്ധശൂലം
ദിനാദിവൃദ്ധ്യാദിംനു നസ്യമുക്തം. ൭

കുങ്കുമം നെയ്യുകൂട്ടി വറുത്തു പഞ്ചസാരയുംചേൎത്തു നസ്യം ചെയ്യുക; ദിനാദിയിൽ വൎദ്ധിക്കുന്നതായ പുരികംവദന ഘ്രാണശൂലം കൎണ്ണശൂലം അക്ഷിശൂലം ശിരോൎദ്ധശൂലം ഇവ ശമിക്കും.

അൎദ്ധഭേദത്തിനു (ബിന്ദുഷട്കനസ്യം.)

മൂലൈർവാതാരിജാതൈസ്തഗരശതജടാ-
സൈന്ധവൈർഭൃംഗരാജൈ-
രാസ്നാജീവന്തിവിശ്വാമധുകകൃമിഹരൈഃ
സാധിതം ഛാഗദുഗ്ദ്ധൈഃ
കൃഷ്ണം തൈലം തിലോത്ഥം നസി കഥിതതമം
ബിന്ദുഷട്കം നരാണാം
ഹന്തി പ്രായഃ ശിരോത്ഥാനഖിലഗദചയാൻ
ദന്തകേശോത്ഥരോഗാൻ. ൮

വെളുത്താവണക്കിൻവേര് തകരം ശതാവരി ഇന്തുപ്പ് അരത്ത അടപൊതിയൻകിഴങ്ങ് ചുക്കു ഇരട്ടിമധുരം വിഴാലരി ഇവ കല്ക്കമാക്കി നാലിരട്ടി കയ്യോന്നിനീരും നാലിരട്ടി ആട്ടിൻപാലുംചേൎത്തു കാരെള്ളിൻ എണ്ണ കാച്ചിഎടുത്തു ആറുതുള്ളിവീതം നസ്യം ചെയ്യുക; ശിരസ്സിലുണ്ടാകുന്ന സകല രോഗങ്ങളും ദന്തരോഗങ്ങളും കേശരോഗങ്ങളും ശമിക്കും.

ഗുഞ്ജാബീജം ഭൃംഗരാജദ്രവേണ
പൂൎവ്വം ഭാവ്യം പേഷ്യ തേനൈവ തൈലം
സിദ്ധം തസ്മിൻ ദേവദാരുത്രുടീനാം
ചൂൎണ്ണം ക്ഷിപ്ത്വാ സജ്ജടം കേശഭാരം.
കുൎയ്യാന്നിത്യം ലേപനാൽ സ്ത്രീനരാണാം
നീലാംസ്തദാപ്യുല്ലംബിതാൻ കേശഭ്രമൌ ൯

കുന്നിക്കുരു ആദ്യമായി കയ്യോന്നിനീരിൽ ഭാവനചെയ്ത് അതുതന്നെ കൽക്കമാക്കി എണ്ണകാച്ചി എടുത്ത് അതിൽ ദേവതാരവും ഏലത്തരിയും പൊടിച്ചിട്ടു തേക്കുക; സ്ത്രീകളുടെയും പുരുഷന്മാരുടെയും തലമുടി നീലനിറത്തിൽ വളരുന്നതാണു.

ഗുഞ്ജാഫലം ബൃഹതികാഫലജാതനീരൈർ-
മൂലേന ഹാടകഭവേന വിംല്പിഷ്യ ലേപാൽ
ഇന്ദ്രപ്രലുപ്തമസകൃദപിനിഹന്തി കേശാൻ
നൂനം തനോതി ഭ്രമരപ്രതിമാനനകാൻ. ൧൦

കുന്നിക്കുരുവും ഉമ്മത്തിൻവേരുംകൂടി ചെറുവഴുതനങ്ങയുടെ നീരിൽ അരച്ചെടുത്തു തേക്കുക; ഇന്ദ്രലുപ്തം എന്നരോഗം ശമിക്കും.. വണ്ടിനെപ്പോലെ കറുത്തനിറത്തിലുള്ള തലമുടിയും ഉണ്ടാകും.

തലമുടി പൊഴിയാതിരിക്കുന്നതിനു.

നീലോൽപലേന കലിംഗഫലസ്യ മജ്ജാ-
മാധൂകവല്ക്കലതിലൈൎഹയഗന്ധകാഭിഃ
യോ വാ പ്രിയംഗുലതയാ ശിരസഃ പ്രലേപം
കുൎയ്യാന്ന തസ്യ ച സദൈവ പതന്തി കേശഃ ൧൧

കരിങ്കുവളക്കിഴങ്ങ് താന്നിക്കായുടെ മജ്ജ ഇരിപ്പക്കാതൽ ഇലവർങ്ങം എള്ള് അമുക്കുരം ഞാഴൽപ്പൂവ് ഇവ അരച്ചു തലയിൽ തേച്ചാൽ തലമുടി ഒരിക്കലും പൊഴിഞ്ഞുപോകയില്ല.

ശിരോരോഗത്തിൻെറ പൂൎവ്വരൂപം.

ദൃശോർദ്ദാഹഃ കണ്ഡുസ്ഫുരണമഥവാ ക്ഷേപ അപിവാ
ശിരോരോഗേ പൂൎവ്വം പ്രഭവതി ഭവന്ത്യേവ സകലാഃ

കണ്ണിനു ചുവപ്പ്, ചൊറിച്ചിൽ, തരിപ്പ്, തെറിപ്പ്, ഇവ ശിരോരോഗത്തിൻെറ പൂൎവ്വരൂപങ്ങളാണ്.

വാതജശിരോരോഗലക്ഷണം.

രുജസ്ത്വിപ്രാ മൂൎദ്ധ്നി ദൃഢമഥ നിശായാന്തു ഭിഷജോ
വദന്തോ വാതോത്ഥം ദഹനപടയോഗാദിശമിതം. ൧൨

കാരണം കൂടാതെ കഠിനമായ തലവേദന, അതു രാത്രി

യിൽ അധികമാകുക; പൊള്ളിക്കുകയോ വസ്ത്രംകൊണ്ടു കെട്ടുകയോ ചെയ്താൽ ശമനമുണ്ടാകുക; ഇവ വാതജശിരോരോഗത്തിന്റെ ലക്ഷണങ്ങളാണ്.

പിത്തജശിരോരോഗലക്ഷണം.

യദാങ്ഗാരപ്രാതൈശ്ചിതമിവ ശിരോ യത്ര സഹസാ
പ്രധൂമ്യന്നാസാക്ഷിപ്രഭവതി തഥാ ധൂമസഹിതാ
ശിരസ്താപസ്സോऽയം നിഗദിത ഇഹ പിത്തപ്രഭവോ
നിശായാം ശീതാദ്യൈ പ്രശമനമുപയാതി ബഹുധാ. ൧൨

തലയിൽ തീക്കനൽവാരിയിട്ടന്നതുപോലെ തോന്നുക, മൂക്കും കണ്ണും പുകയുക, ശീതദ്രവ്യംകൊണ്ടു ധാരയോ ലേപനമോ ചെയ്താൽ ശമിക്കുക, രാത്രിയിൽ വേദന കുറഞ്ഞിരിക്കുക, ഇവ പിത്തജമായ ശിരോരോഗത്തിന്റെ ലക്ഷണങ്ങളാണ്.

കഫജശിരോരോഗലക്ഷണം.

കഫോപദിഗ്ധം തമഃപാപഹാരേത
സഗൌരവം ചേൽ കഫരജ്ജ്വകാന്തം
ശ്രുതം ഭവേദ്ദ്യത്ര തു വൈദ്യമുഖ്യാഃ
ശിരോഗദം ശ്ലേഷ്മഭവം വദന്തി. ൧൩

ശിരസ്സിൽ കഫം പററി മിരിക്കുന്നപോലെ തോന്നുക, തലയ്ക്കു ഘനം, കൺപോളയ്ക്കു നീര്, ഇവ കഫജശിരോരോഗത്തിന്റെ ലക്ഷണങ്ങളാണ്.

സന്നിപാതജശിരോരോഗലക്ഷണവും
രക്തജശിരോരോഗലക്ഷണവും.

യസ്സർവലിംഗസ്സകലപ്രഭൂതോ
രക്താത്മകഃ പിത്തസമാനലിംഗഃ
സ്പർശാസഹത്വം ശിരസോऽത്ര നിത്യം
സംജായതേ വൈദ്യവരാ വദന്തി. ൧൪

വാതാദിമൂന്നദോഷങ്ങൾ കോപിച്ചുണ്ടാവുന്ന ലക്ഷണങ്ങൾ എല്ലാംകൂടി വന്നാൽ അതു സന്നിപാതജശിരോരോഗമാണ്. പിത്തജശിരോരോഗത്തിന്റെ ലക്ഷണവും തൊട്ടാൽ സഹിക്കാൻ വയ്യായ്കയും ഉണ്ടായാൽ അതു രക്തജശിരോരോഗത്തിന്റെ ലക്ഷണമാണ്.

ക്ഷയജശിരോരോഗലക്ഷണം.

അഥ രക്തവസാകഫാനിലാനാം
ക്ഷയതോऽപി ഭവേൽ ക്ഷയാന്നരാണാം പ്രവൃത്തിഃ

സശിരോऽഭിഭവോऽപ്രതികാരസ്തഥൈവ
പ്രഭവന്തി രുജോऽത്ര ച തീവ്രതരാശ്ച. ൧൫
അസ്യൈവ മർദ്ദനസ്വേദനൈ രക്തമോക്ഷൈ-
സ്തഥാ ധൂമപാനൈശ്ചാതിവൃദ്ധിം സമേതി.

ശിരസ്സിങ്കലുള്ള രക്തം, വസ, കഫം, വായു ഇവ ക്ഷയിക്കുകയാലാണ ക്ഷയജമായ ശിരോരോഗം ഉണ്ടാകുന്നത്. ഇതിങ്കൽ ശിരസ്സിനു ദുസ്സഹമായ ചൂട്ടും അധികമായ വേദനയും കാണും. സ്വേദനം, മർദ്ദനം, ധൂമപാനം, നസ്യം, രക്തമോക്ഷം ഇവ ചെയ്താൽ ഇതു വളരെ വർദ്ധിക്കും.

കൃമിജശിരോരോഗലക്ഷണം.

അഥോ തുദ്യതേ ചാതിമാത്രം ശിരഃ
കൃമീണാം ഗണൈർഭക്ഷ്യമാണം സ്ഫുടം ൧൬
സ്ഫുടത്യേവ യദാ ച നാസാസ്രവേദ്വാ
സരക്തം ജലം ജന്തുജം രോഗമേതു ശിരഃ.

ശിരസ്സിൽ കൃമികൾ ഉപദ്രവിക്കയാലാണ കൃമിനിമിത്തമായ ശിരോരോഗം ഉണ്ടാകുന്നത്. അതിൽ ശിരസ്സ് സൂചികൊണ്ടു കുത്തുന്നപോലെ തോന്നും. കൃമികൾ ശിരസ്സിലെ രക്തത്തെ കുടിക്കയും മൂക്കിൽനിന്നു കൃമികളും രക്തത്തോടുകൂടിയ വെള്ളവും പുറപ്പെടുകയും ചെയ്യും. ഇതു കൃമിജമായ ശിരോരോഗലക്ഷണമാണ്.

സൂര്യാവർത്തലക്ഷണം.

സൂര്യോദയാദഭ്യുദിമുപൈതി ഗാഢം
തത്തേജസഃ ശാന്തിമുപൈതി രോഗഃ ൧൭
തസ്യൈവ തേജസ്യപി മന്ദ്രയോശ്ച
ഭ്രുവോ രുജഃ സംപ്രഭവന്തി തത്ര
ശിരോഗദം സർവഭവം തമൂചുഃ
സൂര്യോപവർത്തം ഭിഷജഃ പുരാണാഃ ൧൮

സൂര്യോദയം മുതൽ കണ്ണിലും പുരികത്തിലും വേദനയുണ്ടാകുകയും മദ്ധ്യാഹ്നംവരെ വർദ്ധിച്ചുവരികയും മദ്ധ്യാഹ്നത്തിനുശേഷം സൂര്യന്റെ തേജസ്സു ശമിച്ചാൽ ശമിക്കയും ചെയ്യും. ഏററവും കഷ്ടവും ത്രിദോഷജവും ആയ അതിനെ സൂര്യാവർത്തമെന്നു പറയുന്നു.

അനന്തവാതലക്ഷണം.

അഥ പ്രദുഷ്ടാസ്ത്രയ ഏവ ദോഷാഃ
സംപീഡ്യ മന്യാം സരുജം ച ഗാഢം

സ്ഥിതിം പ്രകുര്യന്നയനഭ്രുശംഖ-
ദേശേ വിശേഷേണ തതസ്തു ഗണ്ഡാൽ. ൯

പാശ്ചാത്തികമ്പം സഹനുഗ്രഹം ച
നേത്രാമയാൻ വാ വിവിധാംശ്ച തദ്വൽ
ദോഷത്രയോത്ഥം തമനന്തവാത-
ശിരോഗദം വൈദ്യവരാ വദന്തി. ൧൦

ത്രിദോഷങ്ങൾ ദുഷിച്ചു പിൻകഴുത്തിലെ ഞരമ്പുകളെ പിടിപ്പിച്ച് പിടലിയ്ക്ക് ദുസ്സഹമായ വേദനയുണ്ടാകും. കണ്ണുകൾ, പുരികങ്ങൾ, ചെന്നികൾ ഈ സ്ഥാനങ്ങളിൽ വിശേഷിച്ച് വേദനയോടുകൂടി ആരംഭിച്ച് കവിൾത്തടങ്ങളിൽ വിറയലിനേയും ഹനുഗ്രഹത്തേയും പലവിധത്തിലുള്ള നേത്രരോഗങ്ങളേയും ഉണ്ടാക്കുന്നു. ഈ ശിരോരോഗത്തെ ത്രിദോഷജമായ അനന്തവാതമെന്നു പറയുന്നു.

അർദ്ധാവഭേദലക്ഷണം.

അത്ര്യാപി ത്വാധ്യാശനപ്രാക്സമീരാ-
വശ്യായകാദ്ധ്യാശനമൈഥുനൈശ്ച
വേഗസ്യ സംധാരണതഃ കദാചിദ്വാ
വ്യായാമയോഗൈരഖിലൈഃ പ്രകുപ്യ. ൧൧

ഏകോ ഽപി വാതഃ സകഫോഽപി തദ്വ-
ദർദ്ധം ഗൃഹീത്വാ ശിരസഃ പ്രകാമം
മന്യാഭ്രുശംഖശ്രുതിനേത്രഫാലാ-
ദർദ്ധം രുജോഭിശ്ച യഥാസ്ത്രശസ്ത്രൈഃ ൧൨

അർദ്ധാവഭേദഃ സ ശിരോഗദഃ സ്യാൽ
ഗൃഹ്ണാതി നൂനം പ്രവദന്തി വൈദ്യാഃ.
നേത്രം തഥാ ശ്രോത്രമസൌ നിഹന്യാ-
ദർദ്ധാവഭേദശ്ശിരസോ നരാണാം. ൧൩

രൂക്ഷപദാർത്ഥങ്ങളെ ഭക്ഷിക്കുക; കിഴക്കൻകാററു മഞ്ഞു് ഇവയേൽക്കുക; അതിഭക്ഷണം കഴിക്കുക; അതിമൈഥുനം ചെയ്ക; മലമൂത്രാദിവേഗങ്ങളെ തടുക്കുക; അതിവ്യായാമം ചെയ്ക; ഇവയാൽ വാതം കോപിച്ച് കഫത്തോടുകൂടി ശിരസ്സിൻെറ പകുതിഭാഗത്തെഗ്രഹിച്ച് പിൻകഴുത്തിലെ ഞരമ്പ്, പുരികം, ചെന്നി, ചെവി, കണ്ണ്, നെററി ഈ സ്ഥാനങ്ങളിൽ ആയുധം കൊണ്ടു മുറിക്കുന്നപോലെ അതിയായ വേദനയുണ്ടാകും. ഇതാണ് അർദ്ധാവഭേദകം. ഇതു വർദ്ധിച്ചുവന്നാൽ ഒരു കണ്ണിനേയോ ഒരു ചെവിയേയോ നശിപ്പിക്കയും ചെയ്യും.

ശംഖകലക്ഷണം.

അഥോ ഽത്ര രക്തേന സപിത്തവായുഃ
ശംഖപ്രദേശേ ഽപി മൂർച്ഛിതഃ സ്യാൽ
തീവ്രാ രുജോഽങ്ഗപ്രഭവം ച ദാഹം
ശോഥം പ്രകുര്യാദ്വിഷവച്ച വേഗം. ൧൪

ഗളസ്യ രോധം ച വിധായ ശംഖോ
മൃത്യും പ്രകുര്യാത്ത്രിദിനാന്തരാളേ.
പ്രത്യാഖ്യായ ത്രിദിവസമിതം ജീവിതം ചാസ്യ ജന്തോർ-
വ്യാധൌ ശംഖേ ശിരസി ജനിതേ വൈദ്യവര്യൈരന്ത്രിരുക്തം
കുര്യാച്ചൈവം സകലജനിതാ സമ്മതേന പ്രകാമം.
ശാസ്ത്രോക്തം യൽ ഗദഹരണശിരോരോഗ ഉക്തം ത്രിദോഷേ.

പിത്തവും വായുവും ദുഷിച്ചിരിക്കുന്ന രക്തത്തോടുകൂടി ചെന്നിപ്രദേശത്തിൽ ചെന്നു കോപിച്ച് കഠിനവേദനയോടും ചുട്ടോടുംകൂടി ഭയങ്കരമായ നീരിനെ ഉണ്ടാക്കും. അതു് വിഷംപോലെ വേഗത്തോടുകൂടി ശിരസ്സിലും കഴുത്തിലും വ്യാപിച്ച് തടഞ്ഞുനില്ക്കും. ശംഖകം എന്ന ആ രോഗം മൂന്നു ദിവസത്തിനകം പ്രാണഹാനിയെ ചെയ്യും. ശരിയായി ചികിത്സിച്ചാൽ മൂന്നുദിവസംകൊണ്ടു ശമിച്ചു എന്നും വരുന്നതാം. എന്തായാലും ഈ രോഗം അസാദ്ധ്യം എന്നു പറഞ്ഞതിനു ശേഷം വൈദ്യൻ ചികിത്സിച്ചുകൊള്ളണം.

മുൻപറഞ്ഞരോഗങ്ങളുടെ ചികിത്സ.

വാതപ്രഭൂതേ ശിരസോ ഗദേ ച
സ്നേഹാവസേകാവനലേപ യുക്ത്യാ
സംസ്വേദനാദ്യഞ്ച സമസ്തവാത-
നാശാന്നപാനാനി തഥോപനാഹാൻ. ൧൫

സധാന്യമാംസപ്രഭവൈശ്ച പിണ്ഡൈഃ
കുര്യാച്ച ഭിങ്ങ്മൂലജടാസു സിദ്ധൈഃ.
സംസേചനം വൈ ശിരസസ്തു ദുഗ്ദ്ധ-
ധൂമം തഥാ സ്നൈഹികമത്ര യുഞ്ജ്യാൽ. ൧൬

വാതജമായ ശിരോരോഗത്തിൽ സ്നേഹം സേചനം ഇവയും യുക്തിപോലെ അഗ്നിസ്വേദവും ധാന്യമാംസപിണ്ഡങ്ങൾകൊണ്ടു

ഉപനാഹവും (വെച്ചുകെട്ടൽ) ഒക്കെ ... കാച്ചിയ പാൽകൊണ്ട് സേചനവും ... പ്രയോഗിക്കണം.

നസ്യം.

പഞ്ചജടാശൃതദുഗ്ദ്ധജനസ്യം
ഭവേയമഥോദ്യത ച വാതശിരോരോഗേ.

മഹൽപഞ്ചമൂലമിട്ടുകാച്ചിയ പാൽകൊണ്ട് നസ്യംചെയ്യുന്നതും വാതശിരോരോഗത്തിനു നല്ലതാണ്.

ലേപനം.

ദേവദാരു നളദം ...
പേഷയിത്വാ ... കാഞ്ജികേന ...
തൈലസംയുതമിദം തു ശിരോർത്തിം
വാതജാം ച വിനിഹന്തി വിലേപാൽ. ൨൧.

ദേവതാരം രാമച്ചം ... ഇവ ... അരച്ചു എണ്ണയുംചേർത്ത് ചെന്നിയിൽ വിലേപനം ചെയ്ക; വാതജമായ ശിരോരോഗം ശമിക്കും.

ശിരോവസ്തി.

ന രക്തമോക്ഷം ഭിഷഗത്ര കുര്യാ-
ദ്വാതപ്രകോപസ്യ ...
അതഃ ശിരോദഗ്ധസുഖാർത്ഥ ...
വസ്തിം ... ശിരോവിരേകം. ൨൨.

മാഷസ്യ പിഷ്ടേന വിലേപയേദ് ...
ഗധസ്തതോ നിശ്ചലമൂർദ്ധ്നി തൈലൈഃ
പ്രപൂരയേദ്ദ്വ്യംഗുലവിധാനസിദ്ധ്യൈ
യാമാഷ്ടകം യാമമഥാപി ... ൨൩.

യാവദ്രുജോ നാശമലം പ്രയാതി
വസ്തിഃ പ്രയാത്യാ ...
മന്യാക്ഷികർണ്ണപ്രഭവാ ...
കമ്പം ച ഹസ്തേന്ദ്രിയമാത്ര ... ൨൪.

വിനാശമായാതി ച മൂർദ്ധ്നി ...
ശതാനി പഞ്ചൈവ കഫേ ...
പിത്തേഷ്ടമാത്രാ പ്രഥിതം പ്രയാത്യം
വാതേ തഥാ! ദിങ്മിതമേവ യാത്യം. ൨൫.

വാതം കോപിച്ചിരിക്കുന്ന ശിരോരോഗത്തിൽ രക്തമോക്ഷം ചെയ്യരുത്. തലയുടെ ... വീതിയിൽ ഒരു തോൽവാറുണ്ടാക്കി അതുകൊണ്ട് ചെവിക്കു മുകളിലായി ശിരസ്സിൽ ചുററിക്കെട്ടണം. അതിന്റെ കീഴ്ഭാഗമെല്ലാം ഉഴുന്നരച്ച് അതുകൊണ്ടു സുഷിരമില്ലാത്തവിധം (എണ്ണ ഒഴിച്ചാൽ ചോർന്നുപോകാത്ത വിധം) ലേപനം ചെയ്യണം. പിന്നീടു തല ... അതിൽ എണ്ണ നിറയ്ക്കണം. ഇങ്ങനെ ... ഇല്ലാതാകുന്നതുവരെ ... വസ്തി ശിരസ്സിൽ ധരിച്ചുകൊണ്ടിരിക്കണം. എന്നാൽ പിൻകഴുത്തിന്റെ ... കൈവിറയൽ, ലും കണ്ണിലും ചെവിയിലും ഉണ്ടാകുന്ന രോഗങ്ങളും ... അർദ്ദിതം ഇവയും ശമിക്കും. ... ശിരോരോഗത്തിൽ ... പിത്തത്തിൽ എണ്ണൂറു ... വാതത്തിൽ ... മാത്രയും വസ്തി ശിരസ്സിൽ ധരിച്ചുകൊണ്ടിരിക്കണം.

നേത്രശ്രോത്രപരിപൂരണവിധി-
രേഷ ഏവ ഗദിതോഽത്ര ഭിഷഗ്ഭിഃ
ഭോജനാദിസമയേ ശിരസസ്തു
വസ്തിരത്ര മുനിഭിഃ ശിവവക്ത്രൈഃ. ൨൬.

സമ്മിതൈശ്ച ദിവസൈരവധാര്യാ
മോച്യ വസ്തിമഥവാ ശിരസോ ...
സ്നാനപൂർവ്വ ...
സംവിധായ ഗ്രഹണം ച ... ൨൭.

...
ശാലിം തഥാ ഷഷ്ടികമാദധീതൈഃ
സഞ്ജാങ്ഗലാദ്യൈരപരൈഃ പ്രളഞ്ജ്യാ-
ന്മാത്രാം ശിരോവസ്തിവിധൌ വിശേഷാൽ. ൨൮.

നേത്രപൂരണം, ശ്രോത്രപൂരണം മുതലായ വിധികളും ശിരോവസ്തിവിധിപോലെയാണ് പറയപ്പെട്ടിരിക്കുന്നത്. ഭോജനാദിസമയത്തിൽ ... ശിരോവസ്തി ധരിക്കാൻ യോഗ്യമാണ്. അല്ലെങ്കിൽ ... ഈ സമാനങ്ങളിൽ കൈകൊണ്ടു പിടിച്ച് വസ്തി എടുത്ത്, ദേഹമാസകലം ചെറുചൂടുള്ള വെള്ളംകൊണ്ട് കഴുകി ചെന്നെല്ല് ഞവര താളിയാതളത്തിൻ കായ് ഇവ ... ജാംഗലമാംസരസം ആനൂപമാംസരസം ഇവ കുടിക്കയും ചെയ്യണം.

മായൂരഘൃതം.

സപക്ഷപിത്താന്ത്രശകൃദ്വിശാസ്യ-
വിവർജ്ജിതം കേകിനമേകമേവ

ദ്രാക്ഷാംശുമതീരാസ്നാമധുകൈർബലാഭിഃ
പലത്രയോന്മാനമിതൈഃ പൃഥക് ച. ൩൬

പക്ത്വാ ജലേനാഷ്ടഗുണേന തസ്യ
ചതുർത്ഥകാംശപ്രമിതാവശിഷ്ടേ
നീരേ സമക്ഷീരയുതേ ഘൃതസ്യ
പ്രസ്ഥം പചേദ്വാ മധുരസ്യ കല്കൈഃ. ൩൭

കർണ്ണാക്ഷിനാസാരസനാസ്യരോഗാ-
ന്നൂർദ്ധ്വം ച ജത്രോഃ പ്രഭവാന്നിഹന്തി
മായൂരമേതൽ ഘൃതമുഷ്ണകാലം
ത്യക്ത്വാ വസന്തേ ശിശിരേ ഹിമേ ച. ൩൮

സേവ്യം ന വർഷാസു നിദാഘകാലേ
ശരൽസ്വപത്ഥ്യം വിഷഭോജനത്വാൽ
ഉഷ്ണോ ഹി ബർഹീ തു ഭുജംഗഭോക്താ
യതോ ഭിഷഗ്ഭിഃ പരികീർത്തിതം ച. ൩൯

ചിറക്, പിത്തം, അന്ത്രം, മലം, വായ് മുതലായവ കളഞ്ഞ ഒരു മയിലിൻമാംസം. ദശമൂലം അരത്ത ഇരട്ടിമധുരം കുറുന്തോട്ടിവേര് ഇവ മുമ്മൂന്നുപലം. എട്ടിരട്ടി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി ഇടങ്ങഴി പാലും ഇടങ്ങഴി നെയ്യും ചേർത്ത് ജീവനീയഗണം കല്ക്കമായി കാച്ചി സേവിക്കുക; ചെവി, കണ്ണ്, മൂക്ക്, നാക്ക്, വായ് മുതലായി കഴുത്തിനു മുകളിലുണ്ടാകുന്ന സകല രോഗങ്ങളും ശമിക്കും.

പിത്തശിരോഗചികിത്സ.

പിത്തപ്രഭൂതേ ശിരസോ ഗദേ ച
സ്നിഗ്ദ്ധം വിശേഷേണ വിരേചയേദ്വാ
മൃദ്വീകയുക്തൈസ്ത്രിഫലേക്ഷുരസൈർവാ
ഘൃതൈസ്സദുഗ്ദ്ധൈശ്ച ഘൃതൈർനിഷിഞ്ചേൽ. ൪൦

പിത്തത്താലുണ്ടായ ശിരോരോഗത്തിൽ വിശേഷിച്ചും സ്നിഗ്ദ്ധമാക്കി വിരേചിപ്പിക്കണം. മുന്തിരിങ്ങാപ്പഴം കരിമ്പ് ത്രിഫല ഇവയുടെ രസത്തിൽ നെയ്യു ചേർത്ത് ധാരചെയ്യുകയും പാലും നെയ്യുംകൂടി ചേർത്ത് ധാരചെയ്യുകയും ആകാം.

സശർക്കരൈർദുഗ്ദ്ധജലൈഃ ശിരശ്ച
നിഷേചയേച്ചാഥ ഘൃതം തഥാ വാ
വിധാരയേന്മൂർദ്ധ്നി ജലൈഃ ശതം ച
വാരാൻ പ്രധൗതം ശിരസോ ഗദേ ഹി. ൪൧

പഞ്ചസാരയും പാലുംകൂടി ചേർത്ത് തലയിൽ ധാരചെയ്യുക; തലയിൽ നെയ്യുവയ്ക്കുക; വെള്ളംകൊണ്ട് വളരെ പ്രാവശ്യം തല കഴുകുക; ഇവ പിത്തശിരോരോഗത്തിന് നല്ലതാണ്.

ഗർത്തേഷു ശീതൗഷധിവാരിപൂർണ്ണേഷു
നിമജ്ജനം വാ ശിരസോഽനുവേലം
കല്ഹാരപത്മോൽപലചന്ദനാംബു-
സ്പർശൈശ്ച ശീതവ്യജനാനിലൈശ്ച. ൪൨

സംവീജയേൽ പിത്തശിരോഗദേ ച
സചന്ദനോശീരജലാർദ്രവസ്ത്രൈഃ
നഖോൽപലാഭ്യാം പയസാ പ്രദേഹോ
ജലൈഃ ശൃതാഭിഃ പരിഷേചനം സ്യാൽ. ൪൩

കുഴിയിൽ ശീതൗഷധികൾ നിറച്ച് വെള്ളം ഒഴിച്ച് ആ കുഴിയിൽ എപ്പോഴുമെപ്പോഴും തല മുക്കുക; കല്ഹാരം താമരപ്പൂ ചെങ്ങഴിനീർപ്പൂ ചന്ദനം ഇവ ഇട്ട വെള്ളത്തിന്റെ സ്പർശമേൽക്കുക; വിശറി വെള്ളത്തിൽ മുക്കി വീശുക; ചന്ദനം രാമച്ചം ഇരുവേലി മഞ്ചട്ടി അസുരനഖം ചെങ്ങഴനീർക്കിഴങ്ങ് ഇവ പാലിൽ അരച്ചു ദേഹത്തു തേക്കുകയോ കഷായം വച്ച് ധാരചെയ്യുകയോ ചെയ്യുക; ഇവയെല്ലാം പിത്തശിരോരോഗത്തിനു വിശേഷമാണ്.

പിത്തശിരോരോഗത്തിനു നസ്യം.

സഷഷ്ടികാചന്ദനദുഗ്ദ്ധഹവ്യം
സാനന്തികം നസ്യവിധൗ ച സിദ്ധം
സശർക്കരം വാ മധുകം സരാസ്നം
പിത്തോദ്ഭവേ നസ്യമലം പ്രദിഷ്ടം. ൪൪

ഞവരയരി ചന്ദനം കൊടിത്തൂവവേര് ഇവയരച്ച് പാലും നെയ്യും ചേർത്ത നസ്യം ചെയ്യുക; പഞ്ചസാര ഇരട്ടിമധുരം അരത്ത ഇവ പൊടിച്ച് നസ്യം ചെയ്യുക; പിത്തശിരോരോഗം ശമിക്കും.

അന്യയോഗം.

കുഷ്ഠം സനീലോൽപലപത്മശൃംഗീ-
യുക്തം പ്രലിപ്തം സഘൃതം നരാണാം
ശിരഃപ്രഭൂതേ ച തഥൈവ ശൂലേ
പ്രദേഹ ഉക്തോ നലു ചന്ദനാദ്യഃ. ൪൫

കൊട്ടം കരിങ്കുവളക്കിഴങ്ങ് താമരക്കിഴങ്ങ് ചുക്ക് ഇവ അര

ച്ച് നെയ്‌ചേൎത്തു ചാലിച്ച് വെള്ളം വാറ്റിച്ച് തലയിൽ ഇടുക; തലവേദന ശമിക്കും.

രക്തജമായ ശിരോരോഗത്തിന്റെ ചികിത്സ

രക്തപ്രഭവേ ശിരസോ ഗദേ ച
സൎവം വിദധ്യാൽ ഖലു പിത്തവച്ച
അന്നാശനാലേപനസേചനാനി
പാനൌഷധീലോഹിതമോക്ഷണാനി. ൩൬

രക്തകോപത്താലുണ്ടായ ശിരോരോഗത്തിൽ പിത്തജശിരോരോഗത്തിനു പറഞ്ഞിട്ടുള്ള അന്നപാനാശനാദികളെ തന്നെ ചെയ്യണം. വിശേഷിച്ച് രക്തമോക്ഷണവും ചെയ്തുകൊള്ളണം.

കഫജമായ ശിരോരോഗത്തിന്റെ ചികിത്സ.

കഫോദ്ഭവം ലംഘനരൂക്ഷതീക്ഷ്ണ-
ധൂമാവപീഡൈരഥ തീക്ഷ്ണനസ്യൈഃ
പുരാണഗോധൂമയവാന്നരൂക്ഷ-
സ്സ്വമൂലകൈൎജ്ജീൎണ്ണഘൃതൈഃ പ്രതിഘ്‌നു. ൩൭

ജയേത്തഥാ നസ്യവിധാനമത്ര
മധൂകസാരൈരതിസൂക്ഷ്മപിഷ്ടൈഃ
ഹരേണുശൈലേയനതപ്രയാസ്ത്ര
ദേവദ്രുമൈലാഗുരുഭിഃ ശിരശ്ച. ൩൮

സ്ഥൌണേയയുക്തൈൎന്നഖൈഃ പ്രലിമ്പേൽ
ദ്രൈകൈഃ സ്തഥാ ...
കൃഷ്ണാഹചൂൎണ്ണീമധുകോൽപലാനാം
ശതാവരീനീരജലൈഃ പ്രലിപ്തം.

ശിരഃപ്രലേപശ്ശിരസസ്തു ...
സദ്യോ നിഹന്ത്യാന്നഹി തത്ര ചിത്രം. ൩൯

ലംഘനം, രൂക്ഷങ്ങളായും തീക്ഷ്ണങ്ങളായും ഇരിക്കുന്ന ധൂമം, അവപീഡം ഇവകൊണ്ടും, തീക്ഷ്ണനസ്യം, പഴകിയ ഗോതമ്പ്, യവം ഇവയുടെ ചോറ്, ഉണങ്ങിയ മുള്ളങ്കി ... ഇവ ഭക്ഷിച്ചും പഴകിയ നെയ്യുപുരട്ടിയും നസ്യം ചെയ്തും കഫജമായ ശിരോരോഗത്തെ ചികിത്സിക്കണം. ഇരിപ്പക്കാതൽ അരേണുകം കന്മദം തകരം മുത്തങ്ങ അരത്ത ദേവതാരം ... ഏലം ... യാങ്കം രാമച്ചം ഇവ നല്ലവണ്ണം അരച്ച് ... ഉരുക്കുടാതെ രൂക്ഷങ്ങളും ഉഷ്ണങ്ങളുമായ മററു യോഗങ്ങളും പ്രയോഗി

ക്കാം. കറുത്തതമിഴാമ ചുക്ക് ഇരട്ടിമധുരം ചെങ്ങഴിനീർക്കിഴങ്ങ് ഇവ ശതാവരിനീരിൽ നല്ലവണ്ണം അരച്ച് ശിരസ്സിൽ ലേപനം ചെയ്ക; ശിരഃശൂലം വേഗത്തിൽ ശമിക്കും.

യവഷഷ്ടികയോശ്ച പത്ഥ്യമന്നം
പയഃക്ഷീരകട്ടത്രികൈൎവ്വാപി
വരമുദ്ഗകുലത്ഥജം രസശ്ച
പ്രതിദദ്യാൽ ഖലു മാത്രയാ ഭിഷക്. ൪൦

യവം ഞവര ... മാംസം ... ചെറുപയറിൻ ചാറ് മുതിരച്ചാറ് ഇവയൊക്കെയും ശിരോരോഗത്തിൽ പത്ഥ്യമാണ്.

ഹരിദ്രാദിതൈലം.

ഉഭേ ഹരിദ്രേ സരളം ഘനാ ച
വിഡംഗകശ്രീത്രിദശദ്രുകാദ്യൈഃ
ദ്രാക്ഷാരുണാവേതസമൂലപത്ര-
കോശീരസൌവൎച്ചലഗന്ധകാള്യാഃ. ൪൧

ബലാ തഥാ രോഹിഷപല്ലവാശ്ച
സൌവൎച്ചലം വൈ മധുകേന സാൎദ്ധം
ബിലപ്രമാണൈരഖിലൈരമീഭിഃ
പ്രസ്ഥപ്രമാണം തിലതൈലമേകം. ൪൨

തൈലാൽ പയോഭിൎദ്വിഗുണം പ്രപാച്യം
ശിരോരുജം നസ്യവിധാനയോഗാൽ
ശ്ലേഷ്മോദ്ഭവം വാ ത്രിഭവം ച ഹന്യാൽ
തഥോപജിഹ്വാം ഖലു ഗണ്ഡമാലാം. ൪൩

കണ്ഠസ്യ ശാലൂകഗദം വിദാരീം
മുഖസ്യ ശോഷം ച പലസ്യ പാകം
ഗളഗ്രഹം സംചലനം രദാനാം
ഹനോഃ പ്രകമ്പം വിനിഹന്തി സദ്യഃ ൪൪

മഞ്ഞൾ മരമഞ്ഞൾ ചരളം തിപ്പലി വിഴാലരി കൂവളത്തിൻവേര് ദേവതാരം മുന്തിരിങ്ങാപ്പഴം മഞ്ചട്ടി ആററുവഞ്ചിവേര് പച്ചില രാമച്ചം തുവച്ചിലക്കാരം ചന്ദനം ... കുറുന്തോട്ടിവേര് നാന്മുകപ്പുല്ല് തുവച്ചിലയുപ്പ് ഇരട്ടിമധുരം ഇവ ഓരോ പലം വീതം അരച്ചുകലക്കി രണ്ടിടങ്ങഴി പാലും ഇടങ്ങഴി എള്ളെണ്ണയും ചേൎത്ത് പാകത്തിൽ കാച്ചിയരിച്ചെടുത്ത് നസ്യം ചെയ്യുക; കഫജമായും ത്രിദോഷജമായും ഇരിക്കുന്ന തലവേദന, ഉപജിഹ്വം, ഗണ്ഡമാല മുതലായ പല രോഗങ്ങളും ശമിക്കും.

ത്രിദോഷജമായ ശിരോരോഗത്തിന്റെ ചികിത്സ.

ത്രിദോഷജേ വാഥ ശിരോഗദേ ച
കാര്യാ ക്രിയാ യാ ച ത്രിദോഷഹന്ത്രീ
പാനം ച ജീർണ്ണസ്യ ഘൃതസ്യ വൈദ്യൈ-
രുക്തം തഥാസ്മിൻ ബഹുധാ വിചാര്യ. ൧൭

ത്രിദോഷകോപത്താൽ ഉണ്ടായ ശിരോരോഗത്തിൽ ത്രിദോഷഹരമായ ക്രിയ ചെയ്യണം. അതുകൂടാതെ പഴകിയ നെയ്യ് കുടിക്കുന്നതും നല്ലതാണ്.

നസ്യം.

കടുത്രികോഗ്രാസുരദാരുരാസ്നാ-
കപാഥോ നിശാപുഷ്കരമൂലസിദ്ധഃ
നാസാനിപീതശ്ച ശിരോർത്തിമുഗ്രാം
കല്ക്കേന ചൂർണ്ണ്യാസ്ത്രിഭവം നിഹന്യാൽ. ൧൮

ചുക്ക മുളക തിപ്പലി വയമ്പ് ദേവതാരം അരത്ത മഞ്ഞൾ പുഷ്കരമൂലം ഇവ കഷായം വെച്ചോ ചുക്ക് മാത്രം അരച്ച് കലക്കിയോ നസ്യം ചെയ്യുക; ത്രിദോഷജമായ ശിരോരോഗം ശമിക്കും.

മധുകാദിഘൃതം.

മധുകേന മധൂകനാഗരാണാം
സഹ ഭൃംഗദ്രവജന്തുശത്രുസിദ്ധം
ഘൃതമാശു ഷഡേവ ബിന്ദുഭിഃ
പ്രമിതം ഘ്രാണഗതം ശിരോർത്തിഹാരീ. ൧൯

ഇരട്ടിമധുരം ഇരിപ്പക്കാതൽ ചുക്ക് കൃമിശത്രു ഇവ കല്ക്കമായി കയ്യോന്നിനീരും ചേർത്ത് നെയ് കാച്ചി ആറുതുള്ളിവീതം നസ്യം ചെയ്യുക; തലവേദന ശമിക്കും

ക്ഷയജശിരോരോഗത്തിന്.

ക്ഷയപ്രവൃത്തേ ക്ഷയനാശകാരീ
കാര്യോ വിധിർബൃംഹണ ഏവ സവഃ
സർപിർവസാ വാ മധുരൈസ്സഹ ബസ്തഃ
പാത്രം ച വൈദ്യൈർമധുരൈഃ ശൃതം ച. ൨൦

ക്ഷയജമായ ശിരോരോഗത്തിൽ ക്ഷയത്തെ നശിപ്പിക്കുന്നതും തടിപ്പിക്കുന്നതും ആയ ക്രിയ ചെയ്യണം. അതുകൂടാതെ നെയ്യ് വസ ആട്ടിൻമാംസം ഇവയും, കുടിക്കുന്നതിന് മധുരദ്രവ്യങ്ങൾ കൊണ്ട് കുറുക്കിയ ജലവും ഉപയോഗിക്കാം.

കൃമിജമായ ശിരോരോഗത്തിന്.

വാതഘ്നമുക്തം കൃമിജേ കടുനാം
ത്രയം ച നക്താഹ്വജശിഗ്രുബീജൈഃ
മൂത്രൈരജാനാമപി നാവനം സ്യാൽ
കൃമിപ്രണാശായ വദന്തി വൈദ്യാഃ. ൨൧

കൃമിജമായ ശിരോരോഗത്തിൽ വാതഹരമായ ക്രിയ ചെയ്യണം. അതുകൂടാതെ ചുക്ക മുളക തിപ്പലി പുങ്കിൻഅരി മുരിങ്ങയരി ഇവ ആട്ടിൻമൂത്രത്തിൽ അരച്ച് നസ്യം ചെയ്യുക; കൃമികൾ നശിക്കും.

സൂര്യാവർത്ത ചികിത്സ.

സൂര്യാവർത്തഗദേ ച നസ്യമുദിതം സർപിർഗ്ഗുഡൈസ്സാധിതം
ഭക്ഷ്യം ഹവ്യസുസിദ്ധമേവ ബഹുധാ പൂപാന്നമത്ര സ്ഫുടം
പാനം വാ ഘൃതദുഗ്ധയോരഥ തഥാ നസ്യം തഥാ കല്പയേൽ
ക്ഷീരേ മാത്രതിലാൻ പ്രപേഷ്യ മതിമാൻ കുര്യാൽ പ്രലേപം തഥാ

സൂര്യാവർത്തത്തിൽ മുൻപറഞ്ഞ നസ്യവും, നെയ്യ് ശർക്കര ഇവകൊണ്ട് സാധിതമായ ഭക്ഷ്യവും, നെയ്യാൽ ഉണ്ടാക്കിയ അപ്പം അന്നം ഇവയും ഉപയോഗിക്കണം നെയ്യ് പാൽ ഇവ കുടിക്കയും, നസ്യം ചെയ്കയും പാലിൽ എള്ള് പുഴുങ്ങി അരച്ച് ലേപനം ചെയ്യുകയുമാകാം.

അർദ്ധഭേദചികിത്സ.

തഥാ ജീവനീയൈഃ പ്രലേപോഽഥ നസ്യം
വിധേയം ച ഛാഗീപയോഭിഃ സമാനൈഃ
ദ്രവൈർഭൃംഗരാജസ്യ ഘർമ്മപ്രതപ്തൈഃ
പ്രകുര്യാദിഹാർദ്ധപ്രഭേദസ്യ നാശം. ൨൨

ജീവനീയഗണങ്ങൾ അരച്ച് ലേപനം ചെയ്യുക; ആട്ടിൻപാലും കയ്യോന്നിനീരുംകൂടി ചേർത്ത് വെയിലത്തുവെച്ച് തിളപ്പിച്ച് ആറിയാൽ നസ്യം ചെയ്യുക; അർദ്ധപ്രഭേദം ശമിക്കും.

ശിരോരോഗത്തിനു കഷായം.

ശിവാധാത്രീരാത്രിത്രിദശവരഭാഗൈഃ കലിഫല-
ത്വചാ ഭൂനിംബാനാം ശൃതമപി ഗുഡാഢ്യം പിബതി യഃ
കഷായം ഭ്രൂശംഖപ്രഭവമഥ നേത്രാർദ്ധശിരജം
മഹാശൂലം സദ്യോ ജയതി നിതരാം സൂര്യശശിനോഃ. ൨൩

കടുക്കാത്തോട് നെല്ലിക്കാത്തോട് മഞ്ഞൾ അമൃത് താന്നിക്കാത്തോട് ഇലവങ്ഗം പൂത്തരിച്ചുണ്ടവേര് ഇവ കഷായംവച്ച് ശ

ക്കര മേമ്പൊടിചേൎത്ത സേവിക്കുക; പുരികം ചെന്നി നേത്രാഗ്രം ശിരസ്സ് ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന വേദനയും പകൽ ഉണ്ടാകുന്ന തലവേദനയും രാത്രിയിൽ ഉണ്ടാകുന്ന തലവേദനയും ശമിക്കും.

ശംഖകചികിത്സ.

ദാൎവീനിശാപത്മകനിംബകാന്താ-
പ്രലേപനം സൈന്ധവമേവ ചിന്ത്യം
ശംഖപ്രഹാരി പ്രഥിതം ച ശീത-
ജലാഭിഷേകോऽപ്യഥവാ പയോഭിഃ. ൩൨

മരമഞ്ഞൾ മഞ്ഞൾ പത്മകം ആര്യവേപ്പിൻതൊലി ത്രിഫല രാമച്ചം ഇവ അരച്ച് ലേപനം ചെയ്യുക; തണുത്ത വെള്ളംകൊണ്ട് ധാര ചെയ്യുക; അല്ലെങ്കിൽ പാലുകൊണ്ട് ധാരചെയ്യുക; ശംഖകം ശമിക്കും.

സക്ഷീരവൃക്ഷത്വചഭിഃ പ്രപിഷ്ടൈർ-
ല്ലേപസ്തു ശംഖസ്യ വിനാശനായ
സമാഷമാഷ്ട്ര്യാ മധുകസ്യ ചൂൎണ്ണം
നസ്യം തുരീയാംശവിഷാണമാത്രം. ൩൩

നാല്പാമരത്തിൻ്റെ തൊലി അരച്ച് ലേപനംചെയ്ക; ഉഴുന്ന് തൊലി കളയാത്ത ഉഴുന്ന് ഇരട്ടിമധുരം ഇവ പൊടിച്ച് നാലിലൊരുഭാഗം ശുദ്ധിചെയ്ത വിഷവുംചേൎത്ത നസ്യംചെയ്യുക; ശംഖകം ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ശിരോരോഗാധികാരം എന്ന
രണ്ടാംസ്തബകം കഴിഞ്ഞു.

അഥ ഏകോനപഞ്ചാശസ്തബകഃ.

സ്ത്രീരോഗാധികാരഃ.

പ്രദരരോഗനിദാനം.

വിരുദ്ധാന്നമദ്യാശനാൽ ഗൎഭപാതാ-
ദജീൎണ്ണാത്തഥാ മൈഥുനസ്യാതിയോഗാൽ
അഥോ ചാതിയാനാച്ച ശോകാദുപകൎശാ-
ദതീഭാരാഭിഘാതാൽ ദിവാസ്വാപതഃ. ൧

വിരുദ്ധാന്നം ഭക്ഷിക്കുക; സംയോഗവിരുദ്ധമായ മദ്യം സേവിക്കുക; അതിഭക്ഷണം കഴിക്കുക; ഗൎഭമലസുക; അപക്വമായ അന്നം ഭക്ഷിക്കുക; അതിമൈഥുനം ചെയ്ക; വാഹനത്തിൽ കയറി സഞ്ചരിക്കുക; അധികമായി ദുഃഖിക്ക; അധികം വഴിനടക്കുക; അധികം പട്ടിണികിടക്കുക; വലിയ ചുമടെടുക്കുക, അടി ഏൽക്കുക, പകലുറങ്ങുക ഇവയൊക്കെയും പ്രദരരോഗത്തിൻ്റെ നിദാനങ്ങളാണ്.

അസൃഗ്ദരത്തിൻ്റെ സംഖ്യയും സാമാന്യരൂപവും.

ഭവേച്ഛ്ലേഷ്മണഃ പിത്തവാതപ്രകോപാൽ
ത്രികോപാദ്ദരോऽസൃഗ്ഭവഃ സ്ത്രീഗണാനാം
സ്വദോഷാനുരൂപൈശ്ച വൎണ്ണൈസ്സവേദോ
രുജാ ചാങ്ഗമൎദ്ദേന യുക്തഃ പ്രകാമം. ൨

കഫം പിത്തം വാതം ഇവ ഓരോന്നും കോപിച്ചും ത്രിദോഷങ്ങൾ എല്ലാംകൂടി കോപിച്ചും ഇങ്ങനെ സ്ത്രീകൾക്ക പ്രദരം (അസൃഗ്ദരം) നാലുവിധം ഉണ്ടാകും. ഏതു ദോഷമാണോ കോപിച്ചിരിക്കുന്നത് ആ ദോഷത്തിനനുസരിച്ച നിറവും വേദനയും ശരീരത്തിനു കഴപ്പും ഉണ്ടായിരിക്കും.

കഫപ്രദരലക്ഷണം.

ആമം തു പിച്ഛിലമലം തു പുലാകതോയ-
തുല്യം ച പാണ്ഡു പ്രദരം ച കഫേന ചേഷൽ

ആമരസത്തോടുകൂടിയും ഇലവിൻപശപോലെയും ഉമി കഴുകിയ വെള്ളത്തിൻ്റെ നിറത്തിലും വെളുത്തും ഇരിക്കുന്നതു കഫപ്രദരത്തിൻ്റെ ലക്ഷണമാകുന്നു.

പിത്തപ്രദരലക്ഷണം.

പീതം ശിതം ച ചെലു നീലിമരക്തകൃഷ്ണ-
വൎണ്ണാത്മകം ച ഭൃശവേഗിരുജം ച പിത്താൽ. ൩

അല്പമായി മഞ്ഞളിച്ചും തീക്ഷ്ണമായും നീലിച്ചും ചുവന്നും കറുത്തും വളരെ വേഗത്തോടും വേദനയോടുംകൂടിയിരിക്കുന്നതു പിത്തപ്രദരത്തിൻ്റെ ലക്ഷണമാണ്.

വാതപ്രദരലക്ഷണം.

രൂക്ഷാരുണം വാതഭവം തഥാല്പ-
മല്പം വിശേഷാദപി ഫേനിലം ച
സതോദമേനം പ്രദരം സുവൈദ്യാ
മാംസോദകാഭം പ്രവദന്തി സൎവേ. ൪

രക്തം രൂക്ഷമായും ചെമ്പിച്ചും നുരപോലെയും കുത്തിനോ

വോട്ടുകൂടിയും മാംസം കഴുകിയ വെള്ളംപോലെയും കുറേശ്ശ സ്രവിക്കുന്നതു് വാതപ്രദരത്തിന്റെ ലക്ഷണമാണ്.

സന്നിപാതപ്രദരലക്ഷണം.

ക്ഷൌദ്രഘൃതഹരിതാലസന്നിഭം
മജ്ജയാ ച കുണപം ത്രിദോഷജം
വർജ്ജയേച്ച പ്രദരം ഭിഷക് സദാ
ഭേഷജം ച നിഹിതം ന സമ്മതം. ൫

തേൻ നെയ്യ് ഹരിതാലം ഇവയുടെ നിറംപോലെയും മജ്ജയോടു തുല്യമായും ശവത്തിന്റെ ഗന്ധത്തോടുകൂടിയും ഇരിക്കുന്നതു സന്നിപാതാസൃഗ്ദരത്തിന്റെ ലക്ഷണമാണ്. ഇതു അസാദ്ധ്യമാകയാൽ ചികിത്സിക്കേണ്ട ആവശ്യമില്ല.

പ്രദരത്തിലെ ഉപദ്രവങ്ങൾ.

അതിപ്രവൃത്തൌ പ്രദരസ്യ കാർശ്യം
ശ്രമോഽഥ മൂർച്ഛാ ച മദസ് തൃഷാ ച
ദാഹപ്രലാപോഽപ്യതി പാണ്ഡുതാ ച
വാതപ്രഭൂതാ വിവിധാ ഗദാഃ സ്യുഃ. ൬

പ്രദരത്തിൽ രക്തം അധികം സ്രവിച്ചുപോയാൽ കാർശ്യം ക്ഷീണം, മൂർച്ഛ, മദം, തണ്ണീർദാഹം, ചുട്ടു്, അസംബന്ധം പറയുക, അതിയായ വിളർച്ച, വാതജങ്ങളായ പല രോഗങ്ങൾ ഇവ ഉണ്ടാകും.

പ്രദരത്തിന്റെ അസാദ്ധ്യത്വം.

ശശ്വദ്സ്രവന്തീമപി വേഗഹീന-
മാസ്രാവമസ്മിൻ പ്രദരേ കൃശാംഗീം
തൃഷ്ണാതിദാഹജ്വരതോകരക്താം
നാരീമസാദ്ധ്യാം പ്രവദന്തി വൈദ്യാഃ. ൭

എല്ലായ്പോഴും രക്തം സ്രവിക്കുക, ശരീരം ചടയ്ക്കുക, തണ്ണീർദാഹം, വലിയചുട്ടു്, ജ്വരം, രക്തക്ഷയം ഇവയുണ്ടായിരിക്കുക, ഈ ലക്ഷണങ്ങൾ ഉള്ള അസൃഗ്ദരരോഗിണിയെ ഉപേക്ഷിക്കണം.

ശുദ്ധാർത്തവലക്ഷണം.

അപിച്ഛിലം ദാഹരുജാവിഹീനം
യൽ പഞ്ചരാത്രാനുവിബന്ധിനാല്പം
നൈവാധികം ശുദ്ധമിഹാർത്തവം യൽ
പൂർവ്വം പ്രവൃത്ത്യാ ച പ്രവൃത്തിമേതി. ൮

പശപോലല്ലാതെയും ചുട്ടു് വേദന ഇവയോടു കൂടാതെയും അഞ്ചുദിവസംവരെ തുടർന്നുനിൽക്കുന്നതും അത്യല്പവും അത്യധികവും അല്ലാതെ സ്രവിക്കുന്നതും ആയ രക്തം ശുദ്ധരക്തമാകുന്നു.

വാതപ്രദരചികിത്സ.

സൌവർച്ചലം ജീരകനീലപത്മം
സമാക്ഷികം വൈ മധുകേന സാർദ്ധം
ദധ്നാ പിബേദ്വാ വനിതാ പ്രകാമ-
മസൃഗ്ദരാദ്വാതഭവാൽ പ്രമുച്യേൽ. ൯

തുവർച്ചിലക്കാരം ജീരകം കരിങ്കൂവളക്കിഴങ്ങു് ഇരട്ടിമധുരം ഇവ പൊടിച്ചു തേനുംചേർത്തു തൈരിൽ സേവിക്കുക; വാതജമായ അസൃഗ്ദരം ശമിക്കും.

അന്യയോഗം.

മധുകം സസിതം ച കർഷയുഗ്മം
പ്രപിബേത്തണ്ഡുലവാരിണാത്ര നാരീ
പ്രദരാൽ പ്രതിമുച്യതേ നിതാന്തം
ധൃതമേഷാ ജനനീ ഭവേൽ സുതാനാം. ൧൦

മൂന്നുകഴഞ്ചു ഇരട്ടിമധുരം പൊടിച്ചു മൂന്നുകഴഞ്ചു പഞ്ചസാരയുംചേർത്തു അരിക്കാടിയിൽ സേവിക്കുക; പ്രദരം ശമിക്കുകയും സന്താനം ഉണ്ടാകുകയും ചെയ്യും.

പാൽകഷായം.

പ്രസ്ഥദ്വയേ വാരിണി പാച്യ സമ്യക്
ത്വചോ ഹ്യശോകസ്യ പലാഷ്ടശേഷേ
നീരേ ശൃതേ തുല്യപയോ ഗവീനാം
ദുഗ്ദ്ധാവശിഷ്ടം സുശൃതം പിബേദ്വാ. ൧൧

രണ്ടിടങ്ങഴിവെള്ളത്തിൽ അശോകത്തിൻതൊലി പചിച്ചു് എട്ടിലൊന്നാക്കി അതിനുസമം പശുവിൻപാലുംചേർത്തു് വററിച്ചു പാലാക്കി കുടിക്കുക; അസൃഗ്ദരം ശമിക്കും.

മറെറാരുയോഗം.

ദാർവീകുചന്ദനകിരാതതിനേശപുഷ്പ-
വിശ്വാവൃഷാബ്ദകരസാഞ്ജനവാരിപക്വം
പീതം സമാക്ഷികമലം പ്രദരം നിഹന്തി
ശ്വേതാസിതം ച സരുജം ച വിലാസിനീനാം. ൧൨

മരമഞ്ഞൾത്തൊലി രക്തചന്ദനം പുത്തരിച്ചുണ്ടവേരു് ഏറിക്കിൻപൂവു് ചുക്കു ആടലോടകത്തിൻവേരു് മുത്തങ്ങാക്കിഴങ്ങു് ര

സാഞ്ജനം ഇവ കഷായംവച്ചു തേൻ മേമ്പൊടിചേൎത്തു സേവിക്കുക; മഞ്ഞനിറത്തിലും കറുത്തും വേദനയോടുകൂടിയും രക്തംപോകുന്ന പ്രദരം ശമിക്കും.

അന്യയോഗം.

ഏലാദ്രാക്ഷാനളദശിശിരം ശാരിബാ മത്സ്യപിത്താ
ലോദ്ധ്രം തദ്വൽ പട്ടമപി തഥാ കേചകം വാംശ്ശമുസ്താ
ഇക്ഷോൎന്നീരൈരഖിലമഥവാ യാ പിബേൽ കാമിനീ സാ
സദ്യോ മുച്യേൽ പ്രദരദരതോ വാതജാതാൽ പ്രകാമം. ൧൩

ഏലത്തരി മുന്തിരിങ്ങാപ്പഴം രാമച്ചം മത്സ്യാക്ഷി നറുനീണ്ടിക്കിഴങ്ങ് കട്ടകരോഹിണി പാച്ചോറ്റിത്തൊലി ഇരുവേലി സൌവീരാഞ്ജനം മൂവില ഇവ എല്ലാംകൂടി പൊടിച്ചു കരിമ്പിൻനീരിൽ സേവിക്കുക; വാതജമായ പ്രദരരോഗം ശമിക്കും.

നാലുയോഗങ്ങൾ.

സശൎക്കരം മാക്ഷികസംയുതം വാ
വാശാരസം വാ മധുശൎക്കരാഭ്യാം
സുധാലതായാഃ സ്വരസം തഥൈവ
വിദാരികായാശ്ച വരീഭവം സാ. ൧൪

പക്ഷസാരയും തേനും കൂടിയോ; ആടലോടകത്തിൻനീരിൽ തേനും പഞ്ചസാരയും ചേൎത്തോ; അമൃതിൻനീരിൽ തേനും പഞ്ചസാരയുംചേൎത്തോ; പാൽമുതക്കിൻനീരും ശതാവരീരസവും കൂടിയോ സേവിക്കുക; പ്രദരം ശമിക്കും.

കപിത്ഥവേണുപ്രദളാനി പിഷ്ട്വാ
സമാനി ഭുക്താനി ച മാക്ഷികേന
സ്ത്രീണാമസൃക്‌ പൂൎവ്വദരം നിഹന്യാൽ
തീവ്രം തഥാ ചന്ദനകാദിചൂൎണ്ണം. ൧൫

വിളാൎമരത്തിന്റെ ഇലയും മുളന്തിലയും കൂടി സമമായി പൊടിച്ച് അരച്ചു തേനുംചേൎത്തു സേവിക്കുകയോ ചന്ദനാദിചൂൎണ്ണം സേവിക്കുകയോ ചെയ്യുക; അസൃഗ്ദരം ശമിക്കും.

രണ്ടുയോഗങ്ങൾ.

കുരണ്ടബീജൈൎമ്മധുകം സിതാം വാ
സുചന്ദനം പേഷ്യ പിബേദ്ദധി വാ
സവേദനാൽ സാ പ്രദരാൽ പ്രമുച്യേ-
ദശോകജകാഥശൃതം പയോ വാ. ൧൬

മഞ്ഞക്കുറുഞ്ഞിയുടെ അരി ഇരട്ടിമധുരം വെൺചന്ദനം ഇ

വ അരച്ചുകുടിക്കുകയോ അശോകത്തിൻതൊലി കഷായംവച്ച് അതിൽ പാൽചേൎത്തു കുറുക്കി കുടിക്കുകയോ ചെയ്യുക; വേദനയോടുകൂടിയ പ്രദരം ശമിക്കും.

സമംഗാമദാലോദ്ധ്രനീലോൽപലാനി
യവക്ഷാരയുക്താനി വാമാ നിപീയ
ജയേല്ലോഹിതോദ്രേകവേഗം തരാ വാ
വനോദുംബരോതം ജലം മാക്ഷികേന. ൧൭

മഞ്ചട്ടി താതിരിപ്പൂവ് പാച്ചോറ്റിത്തൊലി കരിങ്ങാലിക്കാതൽ ചാമ്പാരം ഇവ കഷായംവച്ചു സേവിക്കുകയോ അത്തിത്തൊലി കഷായംവച്ചു തേൻചേൎത്തു സേവിക്കുകയോ ചെയ്യുക; രക്തത്തിന്റെ വേഗത്തോടുകൂടിയ ഗതി ശമിക്കും.

കഫജമായ അസൃഗ്ദരത്തിന്.

മധുകഫലത്രയലോദ്ധ്രഘനാനാം
സമധുസുരാഷ്ട്രികനിംബസുധാഭിഃ
കഫജമസൃഗ്ദരമുപഹന്യാ-
ദശിതമഥോ രജമലവധൂഭിഃ. ൧൮

ഇരട്ടിമധുരം ത്രിഫല പാച്ചോറ്റിത്തൊലി മുത്തങ്ങാക്കിഴങ്ങ് തുവരിമണ്ണ്, വേപ്പിൻതൊലി അമൃത് ഇവ പൊടിച്ച് തേനിൽ സേവിക്കുക; കഫജമായ അസൃഗ്ദരം ശമിക്കും.

പുഷ്യാനുഗചൂൎണ്ണം.

ജംബ്വാമ്രയോരസ്ഥിയുതാ ച പാഠാ
രസാഞ്ജനേനാശ്മഭിദാസമംഗാ
അംബഷ്ഠകീ മോചരസഃ പത്മം
ജാതം തഥാ കേസരമംബുവാഹം. ൧൯

ലോദ്ധ്രം വിഷാഗൈരികവില്വശുണ്ഠീ
ദ്രാക്ഷാമദാപുഷ്പയുതാഞ്ജനാനി
രക്തചന്ദനം വത്സകമത്സ്യപിത്താ-
നന്താ ച പുഷ്യേണ സമുദ്ധൃതാനി. ൨൦

സൎവ്വാണി തുല്യാനി വിചൂൎണ്ണിതാനി
നിത്യം ച ക്ഷൌദ്രേണ സമാശിതാനി
സുതണ്ഡുലാനാമപി ധൌതനീരൈ-
ൎശസ്താതിസാരഗദേഷു ചാപി. ൨൧

യോന്യാമയേ രേചകരക്തപീത
സിതാസിതേഷു പ്രദരേഷു ചോക്തം

യേ ബാലദോഷാ അപി തത്ര തേഷു
പുഷ്യാനുഗം ചൂൎണ്ണമിദം പ്രദദ്യാൽ. ൨൨

അത്രേയപൂജിതം ചൂൎണ്ണമേതൽ പുഷ്യാനുഗം ഭജേൽ
യാ നാരീ പ്രദരാത്തുൎണ്ണം നാനാവൎണ്ണാൽ പ്രമുച്യതേ.

ഞാവലിന്റെയും മാങ്ങയുടെയും അകത്തെ അസ്ഥി പാടക്കിഴങ്ങ് രസാഞ്ജനം കല്ലൂർവഞ്ചിവേര് മഞ്ചട്ടി പുളിയാരൽ ഇലവിൻപശ താമരയല്ലി മുത്തങ്ങാ പാച്ചോററിത്തൊലി അതിവിടയം കാവിമണ്ണ് കൂവളത്തിൻവേര് ചുക്ക് മുന്തിരിങ്ങാപ്പഴം താതിരിപ്പൂവ് സൌവീരാഞ്ജനം രക്തചന്ദനം കുടകപ്പാലയരി കടുകുരോഹിണി കൊടിത്തൂവവേര ഇവയെല്ലാം പൂയം നക്ഷത്രത്തിൽ പറിച്ചു സമഭാഗങ്ങളായെടുത്തു അരച്ചു തേൻകൂട്ടി അരിക്കാടിയിൽ സേവിക്കുക; അർശസ്സ്, അതിസാരം, യോനിരോഗം, വെളുത്തും കറുത്തും ജലം സ്രവിക്കുന്ന പ്രദരം ഇവ ശമിക്കും.

ഘൃതയോഗങ്ങൾ.

പ്രസ്ഥമശോകജവൽക്കലമംബു-
ദ്രോണമിതേ പരിപാചിതശേഷേ
അംബുനി തണ്ഡുലവാരിസമാനം
പാദമിതോംബുസമാനമജായാഃ. ൨൩

ദുഗ്ദ്ധമഥോത്ര ച ഘൃതമപി പയസാ
തുല്യമതഃ സമമേവ ച ഭാണ്ഡേ
ജീവകരസമപി കേസരദ്രാക്ഷാ
ശോകരതജവരമൃദ്വപതീനാം. ൨൪

ജീവനഗണവരയുക്തപത്രൈശ്ചൈർ-
മ്മേദരവഞ്ജുടയാതശയഷ്ടീ
ഔഷധിഗണമിദമേവ പ്രിയാളൈ-
രല്പതുലിതപലസമ്മിതമാനൈഃ. ൨൫

തുല്യരസജസമകല്കിതസർവ്വം
മൂർച്ഛിതവസുപലഖണ്ഡസമേതം
പുഷ്യ വിദിതവരശുഭദിനേ തൽ
പാച്യമമൃതമിദ പ്രദരഘ്നം. ൨൬

റിപീതം തൽ സർപ്പിർമ്മദുഘനസിദ്ധം സിതതരം
സുരക്തം പീതം വാ സതുജമഥവാ നീലമസകൃൽ
പ്രവൃത്തം രാമാണാം പ്രദരമനിശം ഹന്തി കൃശതാം
കടീശൂലം കുക്ഷിപ്രഭവമഥവാ യോനിജമലം. ൨൭

അരുചിമലനമാന്ദ്യം പാണ്ഡുതാമങ്ഗകാർശ്യം
ശ്വാസനകസനവേഗൈഃ പീഡിതാനാം ജനാനാം
ശമയതി ബഹുധായുഃപുഷ്ടിവൎണ്ണപ്രകാരി
പ്രഗദിതമിദ സുധന്യം വിഷ്ണുനാ ഭൂതലേസ്മിൻ. ൨൮

ഒരിടങ്ങഴി അശോകത്തിൻതൊലി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വച്ച് ൪ ഇടങ്ങഴിയാക്കി അത്രയും അരിക്കാടിയും ചേർത്ത് നാലൊന്നാക്കി അത്രയും ആട്ടിൻപാലും അത്രയും നെയ്യും ചേർത്ത് ഒരു പാത്രത്തിലാക്കി ജീവകരസം താമരയല്ലി മുന്തിരിങ്ങാപ്പഴം അശോകത്തിൻവേര് ശതാവരിക്കിഴങ്ങ് ജീവനീയഗണം ചിററീന്തലിൻവേര് ചെറുകടലാടിവേര് കുങ്കുമപ്പൂവ് ഇരട്ടിമധുരം മുരൾമരത്തിൻഫലം ഇവ അരപ്പലം വീതം കല്ക്കം ചേർത്ത് അരിക്കുന്ന പാത്രത്തിൽ എട്ടുപലം കല്ക്കണ്ടവും ഇട്ടു മൃദ്വഗ്നിയിൽ പൂയംദിവസം കാച്ചി എടുത്ത് സേവിക്കുക; വെളുത്തും ചുവന്നും മഞ്ഞളിച്ചും വേദനയോടുകൂടിയും സ്രവിക്കുന്ന പ്രദരം, കൃശത്വം, അരക്കെട്ടിനുള്ള വേദന, വയററിൽ വേദന, യോനിവേദന, അരുചി, അഗ്നിമാന്ദ്യം, വിളർച്ച, ശ്വാസകാസം മുതലായ സകല രോഗങ്ങളും ശമിക്കും. ആയുസ്സ് വർദ്ധിക്കും. ഈ അശോകഘൃതം വിഷ്ണുവിനാൽ പറയപ്പെട്ടിട്ടുള്ളതാണ്.

ശീതകല്യാണഘൃതം.

കുമുദമുൽപലശാലി തലാജടാ-
പൃതിബലാജടയാ മധുയഷ്ടികാ
യവനഭോജനധാന്യശതാവരീ-
കലശികാത്രപുസീകദളീഫലൈഃ. ൨൯

അപി ച മുദ്ഗദളാവരകാശ്മരീ
നളജീവകപത്മകദുഗ്ദ്ധികാ
ഇഹ ച താലശിരശ്ച വിദാരികാ
സമമിദം പൃഥഗേവ പലാൎദ്ധകം. ൩൦

ദ്വിഗുണനീരമലം ച ചതുർഗ്ഗുണം
പയ അഥോത്ര ഗവാമപി പ്രസ്ഥകം
ഘൃതമിദം ശൃതശേഷമലം സദാ
ഭജതി യാ പ്രമദാ പ്രദരാദ് ദ്രുതം. ൩൧

രുധിരഗുന്മഗദാശ്ച വിമുച്യതേ
രുധിരപിത്തഹലീമകഗർഭജാൽ

ബഹ്ലളത്രപകപിത്തഗദാൽ ധ്രുവം
മദമദഭ്രമദഭ്രമമാശു യഃ. ന-ഫ

അരോചകം ജീർണ്ണതാം ജ്വരം ച
മദം ഭ്രമം പാണ്ഡുഗദം നിഹന്തി
വാമാല്പപുഷ്പാ തരുണീ ന ഗർഭം
യാ വിന്ദതി പ്രാഗ് ലഭതേ സുഗർഭം. ന-ന

അനന്യഹന്യേ വ ച കാമിനീനാം
പ്രീതിപ്രവൃദ്ധിം ച ധവേന കുര്യാൽ
സുശീതകല്യാണമിദം ഘൃതം ച
രസായനം സ്ത്രീനരളകമാത്രം. ഥ-ര

നെയ്യാമ്പൽക്കിഴങ്ങ് ചെങ്ങഴിനീർക്കിഴങ്ങ് ചെങ്ങൊല്ലിൻ വേര് കുറുന്തോട്ടിവേര് വലിയകുറുന്തോട്ടിവേര് ഇരട്ടിമധുരം ഗോതമ്പ് ശതാവരിക്കിഴങ്ങ് ഓരിലവേര കാട്ടുവെള്ളരിവേര് കദളിക്കാ കാട്ടുപയറ് കുമ്പിൾവേര രാമച്ചം ജീവകം പതുമുകം അടപതിയൻകിഴങ്ങ് നിലപ്പനക്കിഴങ്ങ് ... ഇവ പ്രത്യേകം അരപ്പലം വീതം കല്ക്കം ചെയ്ത് എല്ലാറ്റിന്റെയും രണ്ടിരട്ടി വെള്ളവും പശുവിൻപാൽ നാലിരട്ടിയും നെയ്യ് ഒരിടങ്ങഴിയും ചേർത്തു കാച്ചി അരിച്ചു സേവിക്കുക; പ്രദരം, രക്തഗുല്മം, രക്തപിത്തം, ഹലീമകം എന്നരോഗം, ... രോഗം മുതലായി ശ്ലോകത്തിൽ പറഞ്ഞിട്ടുള്ള ... എല്ലാം ശമിക്കും. ഋതുരക്തം കുറഞ്ഞും ഗർഭം ധരിക്കാത്തവളായും ഇരിക്കുന്ന സ്ത്രീക്ക ഗർഭം ഉണ്ടാകും. ഭർത്താക്കന്മാരിൽ പ്രീതി വർദ്ധിക്കും.

മുദ്ഗഘൃതം.

യൂഷേണ മുദ്ഗപ്രഭവേണ മാഷ-
ജാതേന രാസ്നാനവനാഗരാണാം
സിദ്ധം കണാമോചഭൈവൈശ്ച കല്ക്കൈ-
ർഘൃതം തഥാസൃഗ്ദരനാശനം സ്യാൽ. ന-ര

ചെറുപയറ് ഉഴുന്ന് ഇവയുടെ ചാറെടുത്തതിൽ അരത്ത കൊട്ടവേലിക്കിഴങ്ങ് ചുക്ക് തിപ്പലി മുത്തങ്ങ ഇവ കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; അസൃഗ്ദരം ശമിക്കും.

ഇങ്ങനെ പ്രദരചികിത്സ കഴിഞ്ഞു.

സോമരോഗം.

തന്നിദാനം.

നിധുവനേഽതിരതാ വനിതാ ച യാ
ശ്രമയുതാപ്യതിശോകയുതാ ച യാ
അപിഗരസ്യ ച ദോഷയുതാ തഥാ
ബഹുളമന്ത്രജപാദതിസാരിതാ. ന-ന്ന

താസാം ശരീരേഷ്വചിലേഷു ചാപഃ
ക്ഷുഭ്യന്തി താശ്ചൈവ ഭവന്തി താസാം
സംപ്രച്യുതാ സ്ഥാനത ഏവ മൂത്ര-
മാർഗ്ഗം പ്രജന്തീഹ ച നിർമ്മലാസ്താഃ ന-ര

നിർഗ്ഗന്ധശീതാ നിരുജാഃ സിതാശ്ച
നിരന്തരശ്ചാവകൃശാതിമാത്രം
കൃചിന്ന വിന്ദന്തി സുഖം ച താസാം
ശക്നോതി കിഞ്ചിന്ന ച മൂർദ്ധ്നി ധാരം. ന-ട

ശൈഥില്യയുക്താ മുഖതാലുശോഷ-
മൂർച്ഛാംഗസംസ്തംഭയുതാതിതൃഷ്ണാ
ഭക്ഷ്യൈഃ പ്രഭോജ്യൈരപി പേയലേഹ്യൈ-
ർന്ന തൃപ്തിമായാതി ച സോമരോഗേ. ന-ൻ

ശരീരസംധാരണതശ്ച സോമ-
ഇതീരിതസ്തസ്യ ച സംക്ഷയാ ദ്വാ
നിശ്ചേഷ്ടതാ നിർബലതാ ച കാർശ്യം
സംജായതേ സ്ത്രീതനുഗം ച സോമേ. ര-ഠ

സ്ത്രീകൾക്ക മൈഥുനത്തിൽ അധികം താല്പര്യമുണ്ടാകുക; ഏറവും ക്ഷീണിക്കുക; ഏറവും ദുഃഖിക്കുക; വിഷദോഷം; അതിസാരം ഇവയാൽ അവരുടെ ശരീരത്തിൻ എല്ലായിടത്തും ഉള്ള ജലങ്ങൾ ക്ഷോഭിച്ച് ഒഴുകുന്നു. ഇപ്രകാരം സ്ഥാനത്തിൽനിന്നു ഇളകിയ ജലങ്ങൾ മൂത്രമാർഗ്ഗത്തെ പ്രാപിക്കുന്നു.

സോമരോഗലക്ഷണം.

നിർമ്മലകളും മണമില്ലാത്തവയും ശീതങ്ങളും വേദനയില്ലാത്തവയും സിതങ്ങളും ആയ ആ ജലങ്ങൾ അതിമാത്രം സ്രവിക്കുന്നു. അവയുടെ വേഗത്തെ ധരിക്കുന്നതിന ദുർബലയായ സ്ത്രീക്ക ശക്തി കാണുകയില്ല. ഒരിക്കലും സുഖവും ഉണ്ടായിരിക്കയില്ല. ഇതുകൂടാതെ

അവൾക്കു തലയ്ക്കു കനമില്ലായ്ക, മുഖശോഷം, താലുശോഷം, മൂർച്ഛ അംഗസ്തംഭം, തൊലിക്കു ഗന്ധത ഇവയുണ്ടാകും. സോമരോഗമുള്ളവൾക്കു ഭക്ഷണം കഴിച്ചാലും വെള്ളം കുടിച്ചാലും തൃപ്തിവരികയില്ല. ആ ജലങ്ങൾ ശരീരത്തെ സംധാരണം ചെയ്യുന്നതുകൊണ്ടാണ് ഈ രോഗത്തിനു സോമം എന്നു പേരുപറയുന്നത്. അതിനാൽ സോമം ക്ഷയിച്ചാൽ ദേഹത്തിനു യാതൊരു ചേഷ്ടയും ബലവും ഇല്ലാതാകും. ദേഹം ചടയ്ക്കും. ഈ സോമജലം സവേദനമായി മൂത്രത്തോടുകൂടി സ്രവിക്കും. ഈ രോഗം അതിക്രമിച്ചാൽ മൂത്രാതിസാരമായിത്തീരുകയും ചെയ്യും.

സോമരോഗചികിത്സ.

പക്വേളിമം യൽ കദളീഫലം ച
ധാത്രീഫലാനാം സ്വരസം സിതാ ച
സമാക്ഷികം പീതമലം തരുണ്യാ
സോമസ്യ സന്ധാരണമുക്തമാദ്യൈഃ ൨൧

പഴുത്ത കദളിപ്പഴം നെല്ലിക്കായുടെ നീരിൽ കലക്കി പഞ്ചസാരയും തേനുംചേൎത്തു സേവിക്കുക; സോമം സ്രവിക്കുന്നതു ശമിക്കും.

മാഷചൂൎണ്ണമധുയഷ്ടികാമധു-
ശൎക്കരാശ്ച പയസാപി വിദാൎയ്യാഃ
സേവിതാഃ പ്രമദയാ ധൃതമേതാഃ
സോമവാരിപരിധാരണമുക്തം. ൨൨

ഉഴുന്നിൻപൊടി ഇരട്ടിമധുരം പാൽമുതക്കിൻകിഴങ്ങ് ഇവ പൊടിച്ചു തേനും പഞ്ചസാരയും പാലും ചേൎത്തു സേവിക്കുക; ഇതു സോമജലത്തെ ധരിക്കുന്നതിന് ഉത്തമമായ ഒരൌഷധമാണ്.

മൂത്രാതിസാരചികിത്സ.

സ ഏവ സോമഃ സരുജഃ സമൂത്ര-
സ്രാവം പ്രജേച്ചൈവ മുഹുൎമ്മുഹുൎയ്യഃ
തത്ര ത്രുടീനാമപി പത്രകാണാം
ചൂൎണ്ണേന മദ്യാലമപി പായയേച്ച. ൨൩

സോമരോഗംതന്നെ വേദനയോടുകൂടി മൂത്രസ്രാവമായി തീൎന്നാൽ ഏലത്തരി പച്ചില ഇവപൊടിച്ചു മദ്യത്തിൽ ചേൎത്തുകൊടുക്കണം.

താലകന്ദം ച ഖൎജ്ജൂരം മധൂകം ച വിദാരികാം
സിതാമധുയുതാം ഖാദേന്മൂത്രാതിസാരനാശനം. ൨൪

നിലപ്പനക്കിഴങ്ങ് ചിററീന്തലിൻവേര് ഇരട്ടിമധുരം പാൽമുതക്കിൻകിഴങ്ങ് ഇവ പൊടിച്ചു പഞ്ചസാരയും തേനുംചേൎത്തു സേവിക്കുക; മൂത്രാതിസാരം ശമിക്കും.

കദളീകന്ദഘൃതം.

കദളീകന്ദനിൎയ്യാസദ്രോണേ ശതപലാന്വിതം
കദളീകുസുമം പക്വം ക്വാഥം പാദാവശേഷിതം. ൨൫

ഘൃതപ്രസ്ഥം പയസ്തുല്യം പിപ്പല്യേലാലവംഗകം
മഞ്ജിഷ്ഠസ്യ ഫലം മാംസീ കദളീകന്ദ ചന്ദനം ൨൬

ന്യഗ്രോധാദിഗണൈസ്സാൎദ്ധം സവ്വാൻ വാരിസമുദ്ഭവാൻ
സൎവ്വം സമം കൎഷമാത്രം കല്ക്കീകൃത്വാ പചേച്ഛനൈഃ. ൨൭

ഘൃതം ക്വാഥം ച കല്ക്കം ച പക്ത്വാ ചൈവാവതാരയേൽ
പ്രാതഃകാലേ പിബേന്നിത്യം സേവയേൽ കൎഷമാത്രകം. ൨൮

സോമരോഗം ഹരേദ്ദാഹം മൂത്രകൃച്ഛ്രാശ്മരീം തഥാ
പ്രമേഹാൻ വിംശതിം ഹന്യാൽ പ്രമേഹഗജകേസരീ. ൨൯

മൂത്രാതിസാരമത്യുഗ്രം വ്യാധിം വിധ്വംസയേൽ ധ്രുവം
കദളീകന്ദനാമേദം ഘൃതം സൎവ്വരുജാപഹം. ൩൦

ഒന്നു ഇടങ്ങഴി കദളിവാഴമാണത്തിന്റെ നീരിൽ ആറുപലം കദളീപുഷ്പം പചിച്ചു നാലൊന്നാക്കി തിപ്പലി ഏലത്തരി ഇലവൎങ്ങം വഴുതനങ്ങ മാഞ്ചി വാഴമാണം ചന്ദനം ന്യഗ്രോധാദിഗണം ഇവ മുമ്മൂന്നു കഴഞ്ചുവീതം കല്ക്കമായി ഇടങ്ങഴി നെയ്യും ഇടങ്ങഴി പാലുംചേൎത്തു കാച്ചിയെടുത്തു മൂന്നു കഴഞ്ചുവീതം അതിരാവിലെ സേവിക്കുക; സോമരോഗം, മൂത്രകൃച്ഛ്രം, അശ്മരി, ഇരുപതുവിധം പ്രമേഹങ്ങൾ, മൂത്രാതിസാരം ഇവ ശമിക്കും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
സ്ത്രീരോഗാധികാരം എന്ന ൪൯-ാം സ്തബകം കഴിഞ്ഞു.

അഥ പഞ്ചാശത്തമസ്തബകഃ.

യോനിവ്യാപദധികാരഃ.

യോനിഭേദങ്ങൾ.

യോനിഃ പൂർവ്വാ ശ്ലേഷ്മളാ യാ കഫാഢ്യാ
വ്യാതാ ചാന്യാ പണ്ഡിനീ ചാപി ദീർഘാ
അന്യാ വ്യാതാ ശൂലവക്ത്രാ ചതുർത്ഥീ
യോനിഃ പ്രോക്താ പഞ്ചമീ സാ ത്രിദോഷാ. ൧

ശ്ലേഷ്മളാ (കഫാഢ്യാ) പണ്ഡിനീ, ദീർഘാ, ശൂലവക്ത്രാ, ത്രിദോഷാ ഇങ്ങനെ അഞ്ചുവിധത്തിലാണ് യോനികൾ.

മിഥ്യാചാരാദ്ദൂഷിതാം ത്വാർത്തവം
പ്രായഃ പൂർവ്വം ... ...
ദോഷാദന്യാൽ ബീജജാദ്ദൈവയോഗാൽ
പഞ്ച പ്രോക്താ വ്യാപദോ യോനിസംസ്ഥാഃ. ൨

സ്ത്രീകൾക്ക മിഥ്യാചാരത്താലും രജസ്സ് ദുഷിച്ചും ദോഷങ്ങൾ കോപിച്ചും മററു കാരണങ്ങൾകൊണ്ടും ബീജദോഷംകൊണ്ടും ദൈവയോഗത്താലും ഇങ്ങനെ യോനിവ്യാപത്തുകൾ അഞ്ചുവിധത്തിലുണ്ടാകും. സുശ്രുതാദികളുടെ മതത്തിൽ യോനിവ്യാപത്തുകൾ ഇരുപതുവിധത്തിലുണ്ട്. എങ്കിലും അവയിൽ അഞ്ചെണ്ണം മുഖ്യങ്ങളായുള്ളത്. അതിനെയാണ് ഇവിടെ പറവാൻ പോകുന്നത്.

ഉദാവർത്തികാലക്ഷണം.

യാ യോനിരുക്താ പ്രഥമം ച സാപി
സഫേനിലം മുഞ്ചതി വൈ രജശ്ച
കൃച്ഛ്രേണ യുക്താപ്യതിവേദനാഭി-
രുദാവർത്തിനീ സാ ൩

ഏതൊരു യോനിയാണോ ആദ്യം പറയപ്പെട്ടത്, ആ കഫയോനി പതയോടുകൂടി പണിപ്പെട്ട ആർത്തവത്തെ മോചിക്കുന്നു. ഇതിന് ഉദാവർത്തികാ എന്നു പറയുന്നു.

വന്ധ്യാദിലക്ഷണം.

ജ്ഞേയാഥ വന്ധ്യാഥ നിരാർത്തവാ യാ
പരിപ്ലുതാ നിത്യരുജാ ച ഭോഗേ

യാ വാതളാന്യാപ്യതികർക്കശാ സാ
സ്തബ്ധാ ച നിസ്തോദശിരാസ്രയുക്താ. ൪

ആർത്തവം ഇല്ലാത്തവൾക്ക വന്ധ്യയോനിയെന്നും, ഭോഗത്തിൽ നിത്യവും വേദനയുള്ളവൾക്ക പരിപ്ലുതയോനിയെന്നും, അരുകശയായവൾക്ക വാതളയോനിയെന്നും, കുത്തിനോവ്, ശൂലം ഇവയുള്ളവൾക്ക് സ്തബ്ധയോനിയെന്നും പറയുന്നു.

ചതുർയോനയോ വർണ്ണിതാ യാസ്തു പൂർവ്വം
ഭവേദ്വാതജാ വേദനാസ്താസു നിത്യം
സദാഹം ച സംക്ഷീയതേ വാപി യസ്യാഃ
സദാ ലോഹിതം ലോഹിതസ്യ ക്ഷയാഖ്യാ. ൫

മുൻപിൽ പറയപ്പെട്ട നാലുവിധം യോനികളിൽ വാതജയായ യോനിക്ക വേദനയുണ്ടായിരിക്കും. ചൂടും രക്തക്ഷയവും ഉണ്ടായാൽ ആ യോനിക്ക ലോഹിതക്ഷയാ എന്നു പേർ.

സവാതമുദ്ഗിരേൽ ബീജം ഗാമിനീ രജസാ യുതാം
സ്ഥിതം സ്ഥിതം ഹന്തി ഗർഭം പുത്രഘ്നീ രക്തസംക്ഷയാൽ.

ബീജത്തെ, ആർത്തവരക്തത്തോടും വായുവിനോടുംകൂടി പുറപ്പെടീക്കയും ഉണ്ടാകുന്ന ഗർഭത്തെ രക്തക്ഷയത്താൽ ഹനിക്കയും ചെയ്യുന്ന യോനിക്ക പുത്രഘ്നി എന്നു പേർ.

യാ ദാഹപാകജ്വരസംപരീതാ
സപിത്തളാ യോനിരുദാഹൃതാ സാ
തസ്യാം ച പിത്തസ്യ സമാനലിംഗാ-
ക്ഷയോ ഭവേച്ചൈവ വദന്തി വൈദ്യാഃ. ൭

ചൂട്, പഴുപ്പ്, ജ്വരം ഇവയോടുകൂടിയ യോനിക്ക പിത്തളയെന്നു പേർ. അതിൽ പിത്തത്തിന്റെ ലക്ഷണങ്ങൾക്ക് ആധിക്യം ഉണ്ടായിരിക്കുകയും ചെയ്യും.

കർണ്ണിനീലക്ഷണം.

സന്തോഷമാനന്ദമപി ച ഗ്രാമ്യ-
ധർമ്മേണ നാഗച്ഛതി കർണ്ണിനീ സാ
തസ്യാം വിശേഷാദപി കർണ്ണികാന്യാ
സശ്ലേഷ്മരക്തപ്രഭവാ ച സാത്ര. ൮

എത്ര മൈഥുനം ചെയ്താലും സന്തോഷമുണ്ടാകാത്ത യോനി കർണ്ണിനി എന്നു പേർ. കഫരക്തങ്ങൾ കോപിച്ചു യോ

നിയിൽ താമരമൊട്ടുപോലെ ഒരുവക മാംസാങ്കുരങ്ങളുണ്ടാകും. അതിന്നു കണ്ണിക എന്നു പേർ.

ചരണാതിചരണാ ലക്ഷണം.

പൂർവ്വം തദാ മൈഥുനതോ നരാദപി
വിരിച്യതേ സാ ചരണാ ച ചാന്യാ
അനേകധാ മൈഥുനയോഗതോऽപി
ബീജം ന വിന്ദത്യഖിലം തയോസ്സാ. ൯

മൈഥുനത്തിൽ പുരുഷനേക്കാൾ മുൻപിൽ സ്ത്രീയ്ക്കു സ്ഖലനമുണ്ടായാൽ ആ യോനിക്കു ചരണാ എന്നും; പുരുഷൻ അതിമൈഥുനം ചെയ്താലും ഏതുവരെ തൃപ്തിപ്പെടാതെ ഇരിക്കുന്നുവോ അതുവരെ തൃപ്തി ഉണ്ടാകാത്ത യോനിക്ക് അതിചരണാ എന്നും പേർ. ഈ രണ്ടുതരം യോനികളിലും എത്ര മൈഥുനം ചെയ്താലും ഗർഭം ഉണ്ടാകയില്ല.

ശ്ലേഷ്മളാലക്ഷണം.

സശ്ലേഷ്മളാ പിച്ഛിലിതാ ച കണ്ഡൂ-
ഗ്രസ്താതിശീതാ ച തദ്യപാപീഹ
അദ്യ്രാസു നിത്യം ച കഫഹാപ്രത്യയോऽപി
ഭവേൽ പ്രകാമം ഭിഷജോ വദന്തി. ൧൦

പശപോലെയും ചൊറിച്ചിൽ, ശൈത്യം ഇവയോടുകൂടിയും ഇരിക്കുന്ന യോനിക്കു ശ്ലേഷ്മള എന്നു പേർ. മുൻപറയപ്പെട്ട നാലുകൾക്കും (കർണ്ണിനി, കർണ്ണിക, ചരണ, അതിചരണ) കഫാധിക്യമുണ്ടായിരിക്കും.

അനാർത്തവാ വാസ്തനികാ ഭവേദ്യാ
യോനിഃ ഖരസ്പർശയുതാ തു ഗ്രാമ്യേ
ധർമ്മേऽപവാന്യാ കഥിതാ തു ഷണ്ഡീ
മേഢ്രേണ ദീർഘേണ ച ചാണ്ഡിനീ ഭവേൽ. ൧൧

വൃത്താ മഹായോനിരുദാഹൃതാ സാ
യാ സൂചിവക്ത്രാപ്യതിസംവൃതാ ച
യാ സർവ്വലിംഗാ സകലപ്രകോപ-
ജാതാ ഭവേദ്യോനിരുദാഹൃതാ സാ. ൧൨

ആർത്തവത്തോടും സ്തനത്തോടും കൂടാത്തവളും മൈഥുനത്തിൽ പരുപരുപ്പുള്ള യോനിയോടുംകൂടിയിരിക്കുന്നവൾക്ക് ഷണ്ഡി എന്നുപേർ. ദീർഘമായ ലിംഗത്തിൽ അഗ്രഹവും അണ്ഡംപോലെ പുറത്തുവരുന്ന യോനിയുമുള്ളവൾക്ക് അണ്ഡിനി എന്നുപേർ. വ

ലിയ ദ്വാരത്തോടുകൂടിയ യോനി മഹായോനിയാകുന്നു. സൂക്ഷ്മവക്ത്രയായ യോനി സൂചിവക്ത്രയാകുന്നു. എല്ലാ ദോഷങ്ങളുടെ കോപവും ലക്ഷണവും ഉള്ള യോനിക്കു സർവ്വലിംഗ എന്നു പേർ.

യോനികന്ദനിദാനം.

ദിവാ പ്രസ്വാപതഃ ക്രോധാദ്വ്യായാമാദതിമൈഥുനാൽ
നഖദന്തക്ഷതാച്ചാപി വാതാദ്യാഃ കുപിതാ യദി. ൧൩

പൂയശോണിതസങ്കാശം ലകുചസ്യ ഫലം യഥാ
യോനികന്ദഗദം ഘോരം ജനയന്തി ബ്രുവേऽഥ തൽ. ൧൪

പകലുറക്കം, അതികോപം, അതിവ്യായാമം, അതിമൈഥുനം നഖങ്ങൾകൊണ്ടും ദന്തങ്ങൾകൊണ്ടും ഉള്ള മുറിവ് ഈ കാരണങ്ങളാൽ വാതാദികൾ കോപിച്ചു ചലത്തിന്റെയും രക്തത്തിന്റെയും നിറത്തിൽ അഞ്ഞിലി (അയനിച്ചക്കപോലെ) വലുതായ കന്ദത്തെ ഉണ്ടാക്കും. ഇതാണ് യോനികന്ദം.

വാതാദിയോനികന്ദം.

വിവർണ്ണം സ്ഫുടിതം രൂക്ഷം വാതജം തം വിനിർദ്ദിശേൽ
ദാഹരാഗജ്വരായുക്തം പ്രോക്തം കന്ദം പിത്തസമുദ്ഭവം. ൧൫

തിലപുഷ്പനിഭം പ്രോക്തം കണ്ഡൂയുക്തം കഫോദ്ഭവം
സർവ്വലിംഗം ച യൽ പ്രോക്തം സർവ്വദോഷസമുദ്ഭവം. ൧൬

വാതയോനികന്ദം.

വർണ്ണഭേദത്തോടും വിണ്ടുകീറലോടുംകൂടിയും രൂക്ഷമായും ഇരിക്കുന്നതു വാതയോനികന്ദമാണ്.

പിത്തയോനികന്ദം.

ചുവപ്പ് ചൂട് ഇവയോടുകൂടിയതു് പിത്തയോനികന്ദമാണ്.

കഫയോനികന്ദം.

എള്ളിൻപുഷ്പത്തിന്റെ നിറത്തിലും ചൊറിച്ചിലോടുകൂടിയും ഇരിക്കുന്നതു കഫയോനികന്ദമാണ്.

സന്നിപാതയോനികന്ദം.

എല്ലാ ദോഷകോപങ്ങളുടെയും ലക്ഷണങ്ങളോടുകൂടിയതു സന്നിപാതയോനികന്ദമാണ്.

യോനിരോഗചികിത്സ.

നഷ്ടാർത്തവാ യാ ഖലു സൈവ വന്ധ്യാ
മത്സ്യാംശ്ച സാ സേവേത വദന്തി നിത്യം

ബാഹ്യാത്വാ സ്യാദഥ [illegible]
തിലാംശ്ച മാഷാംശ്ച ദധി പ്രകാമം. ൫൭

ഋതുകാലത്തു രക്തമില്ലാത്തവൾ വന്ധ്യയാണ്. അവൾ നി ത്യവും മത്സ്യത്തെയും, കാടി എള്ള് ഉഴുന്ന് തൈര് ഇവയേയും ഉ പയോഗിക്കണം. എന്നാൽ വളരെ രക്തം ഉണ്ടാകും.

വത്തി.

ഇക്ഷ്വാകുബീജൈശ്ച പലാണ്ഡുഡാഭ്യാം
ദന്തീയവക്ഷാരകകിണ്വകാദ്യൈഃ
സ്നുക്ക്ഷീരയുക്തൈശ്ച വിധായ വർത്തിം
യോനൌ പ്രദദ്യാൽ കുസുമപ്രവൃത്ത്യൈ. ൫൮

പേച്ചുരത്തരി തിപ്പലി ശക്കര നാഗദന്തിവേര് ചവക്കാരം കള്ളിന്റെ ഊറൽ മലങ്കാരയ്ക്ക കള്ളിപ്പാല് [illegible] ഇവകൊണ്ടു തിരിയു ണ്ടാക്കി യോനിയിൽ പ്രവേശിപ്പിക്കുക; [illegible] പ്രവർത്തിക്കും.

വചാപാഠാമഞ്ജിഷ്ഠാഷഡ്ഗ്രന്ഥാ-
ജമോദികാസൈന്ധവയാ പലാശൈഃ
ഘൃതേന സംഭജ്യ ക്ഷാരേണ ച
യുക്തൈഃ പ്രയുക്തൈഃ സമം [illegible] ൫൯

പ്രസന്നയാ കൈരപി ഭക്ഷിതൈർവാ
യോന്യർശഗുന്മാൻ ഹൃദയസ്യ രോഗാൻ
ജയേൽ പ്രകാമം പ്രമദാജനാനാം
യേ യത്ര ദോഷാഃ പ്രഭവന്തി തേഷാം. ൬൦

വയമ്പു കരിംജീരകം ആടലോടകത്തിൻവേര് ജീരകം തിപ്പ ലി അയമോദകം ഇന്തുപ്പ് ചവക്കാരം കൊടുവേലിക്കിഴങ്ങു ഇവ നെയ്യിൽ വറുത്തു സമം പഞ്ചസാരയും [illegible] തെളിമദ്യ ത്തിൽ സേവിക്കുക; യോനിരോഗം അർശസ്സ് ഗുല്മം ഹൃദ്രോഗം ഇവ ശമിക്കും.

അന്യ [illegible]ാഗം.

കദംബമൂലപ്രഭവം [illegible]ല്കം
സഹാദിരാഗ്ദാരയുതം [illegible]ദ്വെദ [illegible]
കാലേ വിശേഷാദ [illegible] [illegible] പ്രകാമം
സാ യോനിശൂലാൻ ജയേദജസ്രം. ൬൧

കടമ്പിൻവേരിലെത്തൊലി [illegible]ങ്ങാറിലത്തൊൽ ഇവയരച്ചു [illegible]
ദയ്യാന്നിനിരാൽ സേവിക്കുക; [illegible] [illegible]ശൂലം ശമിക്കും.

✓ അമൃതാദിഘൃതം.

പയൂഷഭീരുത്രിഫലാശിവാഭിഃ
ശ്രീപർണ്ണികംപില്ലകക്ഷീരഘ്ന്യാണൈഃ
ദ്രാക്ഷാപത്രൈഷൈരപി കാസമർദ്ദ-
സ്ഥിരാന്വിതൈരക്ഷമിതൈഃ ശൃതം ച. ൬൨

ഘൃതം ച പ്രസ്ഥപ്രമിതം തു തേനാ-
പ്യാസംവൃതോ യോനിജവാതരോഗാൻ
ഹന്യാദ് ഭിഷഗ്ഭിഃ പ്രമദാജനാനാ-
മുക്തോപി യോജ്യഃ ഖലു ഗർഭദോഷം. ൬൩

അമൃത് ശതാവരിക്കിഴങ്ങ് ത്രിഫല ഗോരോചന ചെറുക ടിഞ്ഞിൻവേര് കമ്പിപ്പാലത്തൊലി പലകപ്പയ്യാനിവേര് മുന്തിരി ങ്ങാപ്പഴം ചിററീന്തലിൻവേര് പൊന്നാരിവീരൻവേര് ഓരിലവേ ര ഇവ മൂന്നുകഴഞ്ചുവീതം. കല്ക്കം ചേർത്തു ഇടങ്ങഴി നെയ്യുകാ ച്ചി ശീലയിൽ മുക്കി യോനിയിൽ ഇടുക; യോനിജങ്ങളായ വാത രോഗങ്ങൾ ശമിക്കും.

നതഗദാമരദാരുപടുത്തമൈർ-
ബൃഹതികാജടയാ ശൃതതൈലകൈഃ
പിചുരലം രചിതോ ഭഗധാരിതഃ
പ്രമദയാ വിരുജം കുരുതേ ഭഗം. ൬൪

തകരം കൊട്ടം ദേവതാരം ഇന്തുപ്പു ചെറുവഴുതിനവേര് ഇ വ കല്ക്കമായി എണ്ണകാച്ചി തുണിയിൽ മുക്കി യോനിയിൽ ധരിക്കു ക; യോനിശൂലം ശമിക്കും.

പിത്തയോനിരോഗചികിത്സ.

സേകാഭ്യംഗപിചുക്രിയാത്ര വിഹിതാ
യാ യോനയഃ പിത്തളാ
വാതേനാപി സമന്വിതാഃ ഖലു താഃ
താസാം സദാ ശീതളാഃ
സർവ്വാ പിത്തഹരാ ഘൃതാനി ബഹുധാ
വാശാബലാസാധിതം
തൈലം പിത്തഹരം ച ദോഷമഖിലം
ജ്ഞാത്വാ ദരാല്പ്യഃ ക്രിയാഃ. ൬൫

പിത്തവദ്ധനയോടുകൂടിയ യോനികൾക്കു ധാര അഭ്യംഗം പി ചു (വസ്ത്ര)ധാരണം ഇവകൾ വിധിക്കപ്പെട്ടിട്ടുണ്ട്. അവ വാത ത്തോടുകൂടിയതാണെങ്കിൽ എപ്പോഴും ശീതളങ്ങളായും പിത്ത

ഹരങ്ങളായും ഇരിക്കണം. പിത്തഹരങ്ങളായ ഘൃതങ്ങളും ആട ലോടകവും കുറുന്തോട്ടിയുംകൂടി കല്ക്കമായി കാച്ചിയ എണ്ണയും ഉപയോഗിക്കാം. ഇതുകൂടാതെ [illegible] അറിഞ്ഞു് പ്രദരത്തിനുള്ള ക്രിയകഠം ചെയ്യുകയും വേണം.

കഫയോനിരോഗചികിത്സ.

യോന്യാം വലാദസന ച ദൂഷിതായാം
രൂക്ഷോഷ്ണയോഗാംശ്ച ഭിഷഗ്വിദധ്യാൽ
തൈലം യവാനീസ്വപട്ടുപ്രസിദ്ധം
പത്ഥ്യാദിസിദ്ധം ച തഥാപ്യരിഷ്ടം. ൨൬

യോനി കഫത്താൽ ദൂഷിച്ചതായാൽ രൂക്ഷങ്ങളായും ഉഷ്ണങ്ങളായും ഇരിക്കുന്ന യോഗങ്ങളെ പ്രയോഗിക്കണം. ജീരകം ഇന്തുപ്പ് ഇവ കല്ക്കമായി കാച്ചിയ തൈലവും പത്ഥ്യാദ്യരിഷ്ടവും കഫദൂഷിതമായ യോനിരോഗത്തിൽ ഉപയോഗിക്കാം.

യോനിരോഗത്തിനു വത്തി.

കണാഷണാമാഷശതാവരീണാം
വത്തിവിധേയാ ഗദസൈന്ധവാഭ്യാം
പ്രദേശിനീ വാത്ര ഭഗേ ഭഗസ്യ
സംശോധിനീ സവ്ഭിഷക്പ്രദിഷ്ടാ. ൨൭

തിപ്പലി കുരുമുളക് ഉഴുന്ന് ശതാവരിക്കിഴങ്ങ് ഇവകൊണ്ടു തിരിയുണ്ടാക്കി യോനിയിൽ പ്രവേശിപ്പിക്കുക; കഫയോനിരോഗം ശമിക്കും. കൊട്ടം ഇന്തുപ്പ് ഇവ പൊടിച്ചു ചൂണ്ടാണിവിരലിൽ പുരട്ടി യോനിയിൽ പ്രവേശിപ്പിച്ചാൽ യോനിക്കു ശുദ്ധിയുണ്ടാകും.

ത്രിദോഷയോനിചികിത്സ.

ത്രിദോഷകോപത്താൽ ഉണ്ടായ യോനിരോഗത്തിന് ദോഷങ്ങളുടെ ബലാബലത്തെ നോക്കി ചികിത്സചെയ്യണം.

വലഭചിച.

ലക്ഷ്മണം ചന്ദനം പത്മകം ദേ നിശേ
മുസ്തകം ശാരിബേ ദേ ശടീ കേസരം
പത്മജന്തുഘ്നകം വീരണം ലോധ്രകം
ഭാരതീ മാംസികാ രേണുകാ ചോൽപലം. ൨൮
കാർഷികം കാർഷികം ഭാഗമേഷാം മിസിർ-
ദേവദാരുശതദംഷ്ട്രാ ച യഷ്ടീമധു

പാചിതം സാധിതം തൈലമേഭിർഘൃതം
വാ തഥാ യോനിരോഗേഷു പാനം പായയേൽ. ൨൯
പൂരണാല്ലേപനാദ്ധാരണാദ്വാ പിചോർ-
യോനിരോഗാപഹം ഭോഗസൌഖ്യപ്രദം
പുത്രദം കാന്തിദം സത്വദം ബുദ്ധിദം ൩൦
കീർത്തിതം ശീലിതം ചേഷ്ടിതം വല്ലഭം.

തിരുതാളി ചന്ദനം പത്മകം മഞ്ഞഠം മരമഞ്ഞഠം മുത്തങ്ങാക്കിഴങ്ങ് നറുനീണ്ടി രണ്ടും കച്ചോലം നാഗപ്പൂവ് താമരക്കിഴങ്ങു വിഴാലരി രാമച്ചം പാച്ചോററിത്തൊലി ബ്രഹ്മി മാഞ്ചി അരേണുകം ചെങ്ങഴിനീർക്കിഴങ്ങ് ചതകുപ്പ ദേവതാരം ഞെരിഞ്ഞിൽ ഇരട്ടിമധുരം ഇവ ഓരോന്നും ൩ കഴഞ്ചുവീതം കല്ക്കമായി എണ്ണയോ നെയ്യോ കാച്ചി പാനംചെയ്യുകയോ യോനിയിൽ പൂരണംചെയ്യുകയോ തേക്കുകയോ തിരിശ്ശീലയിൽമുക്കിഇടുകയോ ചെയ്താൽ യോനിരോഗം ശമിക്കും. ഭോഗസൌഖ്യം ഉണ്ടാകും. പുത്രസമ്പത്തിനെയും കാന്തി, ബലം, ബുദ്ധി ഇവയേയും പ്രദാനം ചെയ്യും.

വന്ധ്യാചികിത്സ.

സിതബലാതിബലാഗജകേസരം
വടജശൃങ്ഗമധൂകസമന്വിതം
ഘൃതപയോമധുഭിഃ പ്രയുതഞ്ച യാ
പിബതി സാപ്യസുതാ സുസുതം ലഭേൽ. ൩൧

പഞ്ചസാര കുറുന്തോട്ടിവേര് വലിയകുറുന്തോട്ടിവേര് നാഗപ്പൂവ് പേരാലിൻമൊട്ടു ഇരിപ്പക്കാതൽ ഇവ അരച്ചു പാലിൽ കലക്കി തേനും ചേർത്തു സേവിക്കുക; പുത്രനില്ലാത്തവഠംക്കു പുത്രനുണ്ടാകും.

വേറൊരു യോഗം.

യദ്ദശഗന്ധാശൃതതോയസിദ്ധ-
പയോഘൃതേനൈവ പിബേച്ച വന്ധ്യാ
സാപ്യാർത്തവസ്ഥാനദിനാൽ പ്രശുദ്ധാ
ഭൂത്വാ സഗർഭാ തനയം പ്രസൂതേ. ൩൨

അമുക്കുരം കഷായംവച്ചു വെള്ളത്തിൽ പാലൊഴിച്ചു വററിച്ചു നെയ്യ് ചേർത്തു സേവിക്കുന്ന സ്ത്രീ ആർത്തവദിവസം മുതൽ ശുദ്ധയായിട്ടു ഗർഭത്തെ ധരിക്കയും ശ്രീമാനായ പുത്രനെ പ്രസവിക്കയും ചെയ്യും.

മറ്റൊരു പ്രയോഗം.

സവത്സൈകവർണ്ണാ ഗവാം ദുഗ്ദ്ധയുക്താ
ജടാ ലക്ഷ്മണായാശ്ച കന്യാപ്രപിഷ്ടാ
സുപുഷ്യാധൃതാ പാത്രവസ്ത്രാന്തശുദ്ധാ
നിപീതാപി വന്ധ്യാഗണേ ഗർഭദാ സ്യാൽ. ൨൨

തിരുതാളിയുടെ വേര് പൂയംദിവസം പറിച്ചെടുത്ത് കിടാവു ജീവിച്ചിരിപ്പുള്ളതും ഒരു നിറത്തിലുള്ളതും ആയ പശുവിന്റെ പാലിൽ കന്യകയെക്കൊണ്ടു അരച്ചു കലക്കി തീണ്ടായിരുന്നു കുളിച്ചതിനശേഷം സേവിക്കുക; നിശ്ചയമായും പ്രസവിക്കാത്ത സ്ത്രീകൾക്കു ഗർഭം ഉണ്ടാകും.

അന്യപ്രയോഗം.

കുരണ്ടമൂലം ച മലാഭവാനി
പുഷ്പാണി തദ്വച്ച വടാങ്കുരാണി
നീലോൽപലം ചാപി ഗവീപയോഭിർ-
വന്ധ്യാനിപീതാനി സുതപ്രദാനി. ൨൩

മഞ്ഞക്കുറിഞ്ഞിയുടെ വേര് താതിരിപ്പൂവ് ... പേരാലിൻമൊട്ടു കരിങ്കുവളക്കിഴങ്ങ് ഇവ പശുവിൻപാലിൽ അരച്ചു കലക്കി സേവിക്കുക; നിശ്ചയമായും ഗർഭം ഉണ്ടാകും.

വിശദവിശിഖപുംഖാപിപ്പലം പാർശ്വപുഷ്പം
ജരണയുതസമാനം പീയമാനം സദാ ...
ജനയതി ബഹുപുത്രാൻ കാമിനീനാം ...
പരിമിതഹിതമന്നം പത്ഥ്യമേവാത്ര യാസാം. ൨൪

വെള്ളത്തകൊഴിഞ്ഞിൽവേര് അരയാലിൻമൊട്ട് ജീരകം ഇവ യഥാകാലം സേവിക്കുക; വളരെപുത്രന്മാർ ഉണ്ടാകും. ഹിതമായ അന്നം പരിമിതമായിട്ടുമാത്രമേ ഭുജിക്കാവൂ.

പത്രമേകം പലാശസ്യ പിഷ്ട്വാ ദുഗ്ദ്ധേന ഗർഭിണീ
പീത്വാ പുത്രമവാപ്നോതി വീര്യവന്തം ന സംശയഃ. ൨൫

പ്ലാശിൻപത്രമാകുന്ന ഒരു മരുന്നുതന്നെ പാലിൽ അരച്ച് സേവിക്കുക; വീര്യവാനായ പുത്രനെ ലഭിക്കും.

സൽപുത്രനെ പ്രസവിക്കുന്നതിന്.

ധീരാ സ്വനാഥസ്യ ച ദക്ഷിണസ്ഥ
ഭാഗേ ച പര്യങ്കഗതാ പ്രസുപ്താ
തൽസംഗഹൃഷ്ടാ സുമനാഃ സ്വനാഥം
ഭജൻ സ്വഗർഭേ വിദധാതി പുത്രം. ൨൬

ഗർഭാധാനകാലത്ത് ധീരയായ സ്ത്രീ സ്വഭർത്താവിന്റെ വലത്തുപുറത്തുകൂടി കയറി കിടക്കയിൽ കിടന്നുറങ്ങി സന്തുഷ്ടയായിട്ട് സ്വഭർത്താവുമായി ചേരുക; അവൾക്ക് പുത്രസന്താനം ലഭിക്കും.

X ഫലസർപ്പിസ്സ്.

മഞ്ജിഷ്ഠാ മധുകം കുഷ്ഠം ത്രിഫലാശർക്കരാബലാ
മേദേ പയസ്യാ കാകോളീ മൂലംചൈവാശ്വഗന്ധജം; ൨൭
അജമോദാ ഹരിദ്രേ ദ്വേ പ്രിയംഗുഃ കടുരോഹിണീ
ഉൽപലം കുമുദം ലാക്ഷാ കാകോള്യൌ ചന്ദനദ്വയം; ൨൮

ഏഷാം കാർഷികൈർഭാഗൈർഘൃതപ്രസ്ഥം വിപാചയേൽ
ശതാവരീരസം ക്ഷീരം ഘൃതാദ്ദേയം ചതുർഗ്ഗുണം; ൨൯

സർപ്പിരേതന്നരഃ പീത്വാ സ്ത്രീഷു നിത്യം വ്യവായവാൻ
പുത്രാൻ ജനയതേ വീരാൻ മേധാഢ്യാൻ പ്രിയദർശനാൻ. ൩൦

യാ ചൈവ സ്ഥിരഗർഭാ സ്യാൽ പുത്രം വാ ജനയേന്മൃതം
അല്പായുഷം വാ ജനയേൽ യാ ച കന്യാം പ്രസൂയതേ. ൩൧

യോനിരോഗേ രജോദോഷേ പരിസ്രാവേ ച ശസ്യതേ
പ്രജാവർദ്ധനമായുഷ്യം സർവ്വഗ്രഹനിവാരണം. ൩൨

നാമ്നാ ഫലഘൃതം ഹ്യേതദശ്വിഭ്യാം പരികീർത്തിതം
അനുക്തം ലക്ഷ്മണാമൂലം ക്ഷിപന്ത്യത്ര ചികിത്സകാഃ. ൩൩

ജീവദ്വത്സൈകവർണ്ണായാ ഘൃതം തത്ര പ്രയുജ്യതേ
ആരണ്യഗോമയേനൈവ ദീപജ്വാലാ പ്രദീയതേ. ൩൪

മഞ്ചട്ടിപ്പൊടി ഇരട്ടിമധുരം കൊട്ടം ത്രിഫല പഞ്ചസാര കുറുന്തോട്ടിവേര് മേദ മഹാമേദ അടപതിയൻകിഴങ്ങ് കാകോളി, അമുക്കുരം അയമോദകം മഞ്ഞൾ മരമഞ്ഞൾ ഞാഴൽപ്പൂവ് കടുകരോഹിണി ചെങ്ങഴിനീർക്കിഴങ്ങ് നെയ്താമ്പൽകിഴങ്ങ് കോലരക്ക് ക്ഷീരകാകോളി ചന്ദനം രക്തചന്ദനം ഇവ മുന്നുകഴഞ്ചുവീതം കല്ക്കമായി ഇടങ്ങഴി നെയ്യും നെയ്യിൽ നാലിരട്ടി ശതാവരിനീരും പാലുംചേർത്ത് കാച്ചി സേവിക്കുക; പുരുഷന് ശുക്ലവർദ്ധനയുണ്ടായി നിത്യംസംഭോഗത്തിൽതാൽപര്യംഉണ്ടാകും. ബുദ്ധിമാന്മാരായും ദർശനീയന്മാരായും ഇരിക്കുന്ന പുത്രന്മാരെ ലഭിക്കും. സ്ഥിരഗർഭയല്ലാത്തവളും കുട്ടിമരിച്ചവളും, അല്പായുസ്സായ പുത്രന്മാരെ ജനിപ്പിക്കുന്നവളും കന്യകകളെ പ്രസവിക്കുന്നവളും ഈ നെയ് സേവിച്ചാൽ അവരുടെ ദോഷങ്ങൾ ശമിക്കും. ഈഘൃതം യോ

നിരോഗംരജോദോഷം, ജലസ്രാവം ഇവയിൽദൃഷ്ടഫലമാണ്. പ്രജാവർദ്ധനവും ആയുഷ്യവും എല്ലാ ഗ്രഹദോഷങ്ങളെയും ശമിപ്പിക്കുന്നതും ആണ്. ഈ യോഗത്തിൽ പറഞ്ഞിട്ടില്ലെങ്കിലും തിരുതാളികൂടി ചികിത്സകന്മാർ ചേർക്കാറുണ്ട്. ഇതു വളരെ മൃദുവായ തീകൊണ്ടുവേണം കാച്ചിഎടുക്കേണ്ടതു്. ഈ ഘൃതത്തിനു ചേർക്കുന്ന നെയ്യ് ഒരുനിറത്തിലുള്ള പശുവിന്റെ പാൽ കാച്ചി തൈരുണ്ടാക്കി അതിൽനിന്ന് എടുത്തതായിരിക്കണം.

ഗർഭനിവാരണചികിത്സ.

കണാവിഡംഗടങ്കണൈഃ പയഃ പിബേച്ച യാബലാ
ഋതൗ ന ഗർഭധാരണം കരോതി വാ കദാപി സാ. ൨൩

തിപ്പലി വിഴാലരി ശുദ്ധിചെയ്ത പൊൻകാരം ഇവ പൊടിച്ച് പാലിൽകലക്കി ആർത്തവകാലത്തു സേവിച്ചാൽ ഒരിക്കലും ഗർഭം ഉണ്ടാകയില്ല.

അന്യയോഗം.

അധാരനാളപേഷിതം ജപാപ്രസൂനമംഗനാ
ത്രിവാഷികൈർഗുഡൈഃ ഋതൗ പിബേന്ന ഗർഭഗാമിനീ

ചെമ്പരത്തിപ്പൂവ് കാടിയിൽ അരച്ച് മൂന്നുവർഷം പഴക്കംചെന്ന ശക്കരയുംചേർത്ത് തീണ്ടാരിന്നിരിക്കുന്ന മൂന്നു ദിവസവും സേവിക്കുക; ഗർഭമുണ്ടാകയില്ല.

ഗർഭിണീചികിത്സാ.

ഗർഭം ഇളകുന്നതിന്.

ഹ്രീബേരമുസ്താതിവിഷേന്ദ്രജാനാം
ക്വാഥം പിബേന്മോചരസാന്വിതാനാം
ഗർഭേ വിശേഷാച്ചലിതേ ച കുക്ഷി
ഗദേ തഥാസൃഗ്ദരകേ ച വാമാ. ൨൪

ഇരുവേലി മുത്തങ്ങ അതിവിടയം കുടകപ്പാലയരി ഇലവിൻപശ ഇവ കഷായംവച്ചു സേവിക്കുക; ഗർഭം ഇളകുന്നതും കുക്ഷിരോഗവും അസൃഗ്ദരവും ശമിക്കും.

ഗർഭിണിക്കുണ്ടാകുന്ന ജ്വരത്തിന്.

മധുകപത്മകപത്മസുചന്ദനൈർ-
നളദശാലിദലാസഹിതൈഃ ശൃതം
സുമധുഖണ്ഡയുതം ഖലു ഗർഭിണീ-
ജ്വരഹരം ഗദിതം പ്രതിസേവിതം. ൨൫

ഇരട്ടിമധുരം പത്മകം താമരക്കിഴങ്ങ് വെൺചന്ദനം രാമച്ചം ചെന്നെല്ലിൻവേര് പച്ചില ഇവ കഷായംവച്ച് തേനും കല്ക്കണ്ടവും മേമ്പൊടിചേർത്തു സേവിക്കുക. ഗർഭിണിക്കുണ്ടാകുന്ന ജ്വരം ശമിക്കും.

ഗർഭസ്രുതി മുതലായവയ്ക്ക്.

ഹ്രീബേരധാന്യകബലാരളുമോചവർണ്ണ-
വത്സാദനീനളദലോഹിതചന്ദനാനാം
ക്വാഥോ യവാഷകവിഷാസമഭാഗികാനാം
ഗർഭസ്രുതിജ്വരഗദാദിഷു ഗർഭിണീനാം. ൨൬

ഇരുവേലി കൊത്തമ്പാലരി കുറുന്തോട്ടിവേര് പലകപ്പയ്യാനിവേര് അമരിവേര് അമൃത് രാമച്ചം രക്തചന്ദനം കൊടിത്തൂവവേര് അതിവിടയം ഇവ സമഭാഗമായി എടുത്ത് കഷായംവച്ച് സേവിക്കുക; ഗർഭസ്രുതി ഗർഭിണിക്കുണ്ടാകുന്ന ജ്വരം മുതലായവ ശമിക്കും.

ഗർഭസ്രാവത്തിന്റെയും ഗർഭപാതത്തിന്റെയും നിദാനം. ✓

ഗ്രാമ്യധർമ്മാധ്വയാനപ്രയാണജ്വരോ-
ല്ലാതരേകപ്രഹാരാതിരൂക്ഷാശനൈഃ
വേഗസന്ധാരണൈർല്ലംഘനൈർധാവനൈഃ
പീഡനാജ്ജീർണ്ണതീക്ഷ്ണാശനൈരുഷ്ണകൈഃ. ൨൭

ഉഷ്ണതിക്തൈരസൈർഭക്ഷിതൈഃ സ്വാപതഃ
ക്വാപി വൈഷമ്യമഞ്ചേഷ്വലം വാ സ്ത്രിയഃ
ക്വാഥപാനൈർധ്രുവം ഛർദ്ദിവേഗേന വാ
ഭീതിയോഗേന ഗർഭസ്രുതിഃ പാതനം. ൨൮

അതിമൈഥുനം, അതിയായി വഴിനടക്കുക; വാഹനങ്ങളിൽ കയറിപ്പോകുക; ജ്വരോൽപാതം, വിരേകം, അടി, അതിരൂക്ഷഭക്ഷണം, മലമൂത്രാദിവേഗം തടുക്കുക; പട്ടിണികിടക്കുക ഓടുക; ഞെക്കുക; ദഹിക്കാത്തതും തീക്ഷ്ണവും ഉഷ്ണവും ആയ വസ്തുക്കളെ ഭക്ഷിക്കുക; ഉഷ്ണതിക്തങ്ങളായ രസങ്ങളെ ഭക്ഷിക്കുക; വിഷമമായ മഞ്ചങ്ങളിൽ കിടന്നുറങ്ങുക; കഷായംകുടിക്കുക; ഛർദ്ദിവേഗം,പേടിക്കുക; ഇവകൊണ്ടൊക്കെയും ഗർഭസ്രവണവും ഗർഭപതനവും ഉണ്ടാകും.

ഗർഭസ്രവണഗർഭപതനകാലം.

ചതുർത്ഥമാസാവധിരേവഗർഭ-
സ്രുതിസ്തഥാ പഞ്ചമതോഽഥ പാതഃ

സ്രുതൌ ച രക്തസ്യ ച ബിന്ദവഃ സ്യുഃ
പാതേ സലിംഗസ്രാവഃ ഗർഭപാതഃ. ൧൨.

ഗർഭം ഉണ്ടായി നാലുമാസത്തിനകം സ്രവിക്കുന്നതിന്ന ഗർഭസ്രുതി എന്നും അഞ്ചാംമാസം തുടങ്ങി സ്രവിക്കുന്നതിന്ന ഗർഭപാതമെന്നും പറയുന്നു. ഗർഭസ്രാവത്തിൽ രക്തബിന്ദുക്കൾ കാണും. ഗർഭപാതത്തിൽ ശിശുവിന്റെ അടയാളത്തോടും ദ്രവത്തോടുംകൂടി ഗർഭം സ്രവിക്കും.

ഗർഭസ്രാവചികിത്സ.

ഗർഭസ്രവശ്ചേദ്യദി ഗർഭവത്യാ
ഗർഭാദ് ധൃതം ചാപി മുറ്റൂർമുറ്റൂർ...
സനീലമാരക്തകമുൽപലം ച
കല്ഹാരശൃംഗാംബുജമൂൽപലം ച. ൧൩

സംശീലയേദ്വാ കുമുദേന സാകം
സ്രാവം ച ഗർഭസ്യ ച ദാഹതർഷൌ
ഏദാമയം ലോഹിതപിത്തമൂർ...
മരോചകം ഛർദ്ദിഗദം ജയേദ്വാ. ൧൪

ഗർഭം ഉള്ളവർക്ക് കൂടെക്കൂടെ ഗർഭസ്രാവം ഉണ്ടായാൽ കരിങ്കുവളക്കിഴങ്ങ് ചെന്താമരക്കിഴങ്ങ് ... കിഴങ്ങ് ... ഗന്ധികപുഷ്പം ആമ്പൽക്കിഴങ്ങ് ഇവ ... സേവിക്കണം. ഗർഭസ്രാവം ചൂട്ട് തണ്ണീർദാഹം ... ഇവ ശമിക്കും.

ഗർഭപാതോപദ്രവങ്ങൾ.

പ്രസ്രംസമാനേऽപി ച ഗർഭവത്യാ
ഗർഭേ തു ദാഹേऽപി ച പാർശ്വ...
ആനാഹകാസൃഗ്ദരമൂത്രസംഗഃ
സംജായതേऽസ്യാ പതതി പ്രകാമം. ൧൫

ഗർഭിണിയുടെ ഗർഭംസ്രവിച്ചാൽ ... ഇരുപുറത്തും വേദന, വയറുവീറ്പ്പ്, ... മൂത്രതടവ് ഇവയുണ്ടായതിന്നശേഷം ഗർഭം പതിക്കയും ചെയ്യും.

ഗർഭം അന്യസ്ഥാനത്തുപോയാലുള്ള ഉപദ്രവങ്ങൾ.

സ്ഥാനം പരിത്യജ്യ യദൈവ ഗർഭോ
സ്ഥാനാന്തരം യാതി തദൈവ ...
പക്വാശയാമാശയയോഃ പ്രകാമം
ക്ഷോഭസ്തു പൂർവോക്തഗദാസ്തഥാ സ്യുഃ. ൧൬

ഗർഭം സ്വസ്ഥാനത്തുനിന്ന മറ്റൊരു സ്ഥാനത്തു മാറിപ്പോയാൽ പക്വാശയത്തിലും ആമാശയത്തിലും ഇളക്കവും മുൻപറഞ്ഞ രോഗങ്ങളും ഉണ്ടാകും.

അവയുടെ ചികിത്സ.

സുസ്നിഗ്ദ്ധശീതക്രിയയാ ജയേത്താൻ
ദർഭസ്യ കാശസ്യ തണ്ഡുലജസ്യ
ത്രികണ്ടകസ്യാപി ച മൂലസിദ്ധം
ദുഗ്ദ്ധം സിതാഭിഃ ഖലു പാർശ്വശൂലേ. ൧൭.

സ്നിഗ്ദ്ധങ്ങളായും ശീതങ്ങളായും ഇരിക്കുന്ന ക്രിയകൊണ്ട് ഗർഭപാതോപദ്രവങ്ങളെയും ഗർഭം അന്യസ്ഥാനത്തു ഗമിച്ചാലുണ്ടാകുന്ന ഉപദ്രവങ്ങളെയും ജയിക്കണം. ... ദർഭവേര് ആറ്റുദർഭവേര് വെള്ളത്താവണക്കിൻവേര് ഞെരിഞ്ഞിൽ ഇവകൊണ്ടു പാൽക്കഷായംവച്ചു സേവിക്കുക; പാർശ്വശൂലം ശമിക്കും.

ഗർഭത്തിൽ ഉണ്ടാകുന്ന വേദനയ്ക്ക്.

താസാം ശ്വദംഷ്ട്രാമധുകപ്രയുക്താ-
മശ്മാനസിദ്ധം ച പയോ നിപീതം
സശർക്കരാം വൈ മധുസംയുതം വാ
സഗർഭകാനാമഥ വേദനാഘ്നം. ൧൮

ഞെരിഞ്ഞിൽ ഇരട്ടിമധുരം വൻകുറുന്തോട്ടിവേര് ഇവയിട്ടു പാൽകഷായംവച്ചു ആറിയാൽ പഞ്ചസാരയും തേനും ചേർത്തു സേവിക്കുക; ഗർഭത്തിൽ ഉണ്ടാകുന്ന വേദന ശമിക്കും.

ഗർഭിണിക്കുണ്ടാകുന്ന അസൃഗ്ദരം മുതലായവയ്ക്ക്.

സഗർഭികാസൃഗ്ദരനാശനായ
കശേരുശൃംഗാടകകല്കയുക്തം
... ൎക്ഷീരം ...
... പ്രസൂതേ ... ൧൯

നീർമുത്തങ്ങ വൻകൊട്ടവേര് ചെങ്ങഴിനീർക്കിഴങ്ങ് ഇവ അരച്ച് പാനംചെയ്ക; ഗർഭിണികൾക്കുണ്ടാകുന്ന അസൃഗ്ദരം ശമിക്കും.

ഗർഭിണിക്കുണ്ടാകുന്ന വയറുവീർപ്പിന്ന്.

രസോനസൌവർച്ചലഹിംഗുയുക്തം
പക്വം പയോനാഹയുതാ സഗർഭാ

പീതാ ഹ്യനാഹാത്തരസാ പ്രമുക്താ
കാലപ്രസൂതാ സുസുതാ ച ഭൂയാൽ. ൩൬

വെളുത്തുള്ളി തുവച്ചിവഗരാം ഇവ കഷായംവച്ചു കായം മേമ്പൊടിചേൎത്തു സേവിക്കുക; ഗർഭത്തിൽ ഉണ്ടാകുന്ന മേൽവയറു വീൎപ്പു ശമിക്കും.

ഗർഭിണിക്കു മൂത്രം തടയുന്നതിന്.

യാ ഗൎഭിണീ നൈ തൃണപഞ്ചമൂലം
കല്ക്കേന സാകം തു പയഃ പിബേൽ സാ
സദ്യോ വിമുച്യേദപി മൂത്രസംഗാൽ
തൽ പഞ്ചമൂലം ച യഥാത്ര വക്ഷ്യേ. ൩൭

തൃണപഞ്ചമൂലം ചേൎത്തു് പാൽകഷായംവച്ചു സേവിച്ചാൽ ഗർഭിണിക്കുണ്ടാകുന്ന മൂത്രതടസ്സം ശമിക്കും. (ചെന്നെല്ലിൻവേരു് കരിമ്പിൻവേരു് ദർഭവേരു് അമവേരു് ആറുദർഭവേരു് ഇവയാണു തൃണപഞ്ചമൂലം.) ഈ തൃണപഞ്ചമൂലം ചൂട്ടു് തണ്ണീർദാഹം മൂത്രത്തടവു് രക്തപിത്തം ഇവയെ ശമിപ്പിക്കും.

ഗർഭിണിക്കു് ഓരോ മാസത്തിലും ഗർഭംസ്രവിച്ചാൽ
ചെയ്യേണ്ട ചികിത്സകൾ.

ദേവദാരു മധുകം ച പയസ്യാ
ശാകബീജസഹിതം പ്രഥമേ ച
കോവിദാരമരുണാ ശതമൂലീ
മേചകാനി ച തിലാനി ദ്വിതീയേ. ൩൮

ഗർഭിണിക്കു് ഒന്നാംമാസത്തിൽ ഗർഭംസ്രവിച്ചാൽ ദേവതാരം ഇരട്ടിമധുരം അടപതിയൻകിഴങ്ങു് ... ഇവ പാൽകഷായംവച്ചും, രണ്ടാംമാസത്തിൽ ഗർഭംസ്രവിച്ചാൽ മലയകത്തി മഞ്ചട്ടി ശതാവരിക്കിഴങ്ങു് കാരെള്ളു് ഇവ പാൽകഷായംവച്ചും സേവിപ്പിക്കണം.

വൃക്ഷാദനീ ചോരക സാരിബാ ച
കാന്താ പയസ്യാ ച തൃതീയമാസേ
അഥോപ്യനന്താമിശാരിബാ ച
രാസ്നാ സുപത്മാ മധുകം ചതുൎത്ഥേ. ൩൯

ഗർഭിണിക്കു മൂന്നാംമാസത്തിൽ ഗർഭംസ്രവിച്ചാൽ ചെറിയ കാട്ടുവെള്ളരിവേരു് ചെങ്ങഴിനീർക്കിഴങ്ങു് നറുനീണ്ടിക്കിഴങ്ങു ഞാഴൽപ്പൂവു് അടപതിയൻകിഴങ്ങു ഇവ പാൽകഷായംവച്ചും; നാലാംമാസത്തിൽ ഗർഭംസ്രവിച്ചാൽ കൊടിത്തൂവവേരു് നറുനീ

ണ്ടിക്കിഴങ്ങു അരത്ത ഓരിലത്താമര ഇരട്ടിമധുരം ഇവ പാൽകഷായംവച്ചും കൊടുക്കണം.

സക്ഷീരിശൃംഗാ ച തഥാ ബൃഹത്യൗ
സകാശ്മരീപഞ്ചമമാസിഹവൈദ്യൈഃ
ബലാശ്വദംഷ്ട്രാമധുപൎണ്ണിപൎണ്ണീ
പൃഥ്വ്യാദികാ ശിഗ്രുയുതാ ച ഷഷ്ഠ്യേ. ൪൦

ഗർഭിണിക്കു അഞ്ചാംമാസത്തിൽ ഗർഭംസ്രവിച്ചാൽ നാല്പാമരമൊട്ടു ചെറുവഴുതിനവേരു് വെൺവഴുതിനവേരു് കുമ്പിൾവേരു ഇവ പാൽകഷായംവച്ചു നെയ്യുചേൎത്തും; ആറാംമാസത്തിൽ ഗർഭംസ്രവിച്ചാൽ കുറുന്തോട്ടിവേരു ഞെരിഞ്ഞിൽ കുമ്പിൾവേരു് കാട്ടുപയറിൻവേരു് മുരിങ്ങത്തൊലി ഇവ പാൽകഷായംവച്ചും കൊടുക്കണം.

ശൃങ്ഗാടകം പത്മജമൂലദ്രാക്ഷേ
മാസേ തഥാ സപ്തമകേ സഗർഭാ
പദ്മാദ്യകോകതാഃ ക്രമശശ്ച സൎവേ
കഷപ്രമാണാഃ ശിശിരാംബുപിഷ്ടാഃ. ൪൧

പലൈകദുഗ്ദ്ധേന വിലോഡിതാഃ സ്യുർ-
ഗർഭവ്യഥാനാശനപാനയോഗാഃ
മാസേഽഷ്ടമേ ചാഥ കപിത്ഥബില്വ-
നിദിഗ്ദ്ധികാഭിർബൃഹതീപടോലൈഃ. ൪൨

പലാഷ്ടകം ദുഗ്ദ്ധമഥം ദ്വിപ്രസ്ഥ
നീരേണ സിദ്ധം പ്രമദാ സഗർഭാ
പിബേച്ച ഗർഭസ്യ ച രക്ഷണായ
തത്രത്യ ശൂലസ്യ വിനാശനായ. ൪൩

ഏഴാംമാസത്തിൽ ഗർഭം സ്രവിച്ചാൽ വൻകൊട്ടവേരു് താമരക്കിഴങ്ങു് മുന്തിരിങ്ങാപ്പഴം ഇവ പാൽകഷായം വച്ചു് സേവിപ്പിക്കണം. മുൻപറഞ്ഞ ശ്ലോകങ്ങളിൽ ഒടുവിലത്തെ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന മരുന്നുകൾ മൂന്നാകഞ്ചുവീതം എട്ടുതുട്ടു തണുത്ത വെള്ളത്തിൽ അരച്ചുകലക്കി ഒരുപലം പാലുംചേൎത്തു കാച്ചിഎടുത്തു വേണം ഗർഭസ്രാവത്തിൽ സേവിപ്പിക്കേണ്ടതു്. അപ്രകാരം സേവിച്ചാൽ ഗർഭസ്രാവംകൊണ്ടുണ്ടാകുന്ന വേദനകൾ ശമിക്കും. എട്ടാംമാസത്തിൽ വിളാർമരത്തിൻകായു് കൂവളത്തിൻവേരു് ചെറുവഴുതിനവേരു് വെൺവഴുതിനവേരു പടവലം ഇവ രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവച്ചു ഇരുനാഴി പാലുംചേൎത്തു കാച്ചിപാലാക്കി

സേവിക്കുക; ഇതു ഗർഭരക്ഷണത്തിന്നും ശൂലനാശനത്തിന്നും നല്ലതാണ്.

പ്രാപ്യേഽഷ്ടമേ മാസി ന ഗർഭവത്യാ
കാര്യം കദാചിന്മൈഥുനമേവ ബുദ്ധ്യാ
വിപദ്യതേഽന്തഃ പതിതോഽപി ജീവേ
മൂകോഽന്ധകഃ കുബ്ജ [illegible] ൨൫

എട്ടുമാസമായിക്കഴിഞ്ഞാൽ പിന്നെ ഗർഭിണി മൈഥുനത്തെ വർജ്ജിക്കണം. അല്ലാതെ മൈഥുനം ചെയ്താൽ ഗർഭത്തിലുള്ള പ്രജ മരിക്കുന്നതിനോ പതിക്കുന്നതിനോ മൂകനായോ അന്ധനായോ കൂ [illegible] ആകാം.

മാസേ സഗർഭാ നവമേ പയസ്യാ-
നന്താ ച പർണ്ണീമധുകേന സാകം
പിഷ്ട്വാ സലാജാൻ സജലാൻ സദുഗ്ദ്ധാൻ
ഗർഭസ്യ സംരക്ഷണശൂലശാന്ത്യൈ. ൨൬

ഒമ്പതാംമാസത്തിൽ ഗർഭമുള്ളവൾ [illegible] കൊടിത്തൂവവേര് കാട്ടുപയറ് ഇരട്ടിമധുരം ഇവ അരച്ച് പാലും മലരും ചേർത്തു സേവിക്കുക; ഇതു് ഗർഭ [illegible] ഗർഭശൂലയ്ക്കും നന്ന്.

ശൃംഗീപയസ്യാപരിസാധിതം യാ
ക്ഷീരം സഗർഭാ ദശമേ നിഷേവേത്
മാസേ സിതാക്ഷീരമഥൌഷധം വാ
സദേവദാരും മധുകം പിബേച്ച. ൨൭

അഥവാ ക്ഷീരശൃംഗീഭ്യാം ക്വഥിതം ശോഭനം [illegible]
അഥവാ വിശദമധുകദേവദാരുഭിരേവ [illegible]. ൨൮

ചുക്ക് അടപതിയൻകിഴങ്ങു [illegible] ക് ദേവതാരം ഇരട്ടിമധുരം ഇവ [illegible] ചേർത്തോ ചുക്കമാത്രമോ; ദേവതാരം ഇരട്ടിമധുരം ഇവയോ പാൽക്കഷായംവെച്ചു ഗർഭിണി പത്താംമാസത്തിൽ സേവിക്കണം.

ഏകാദശേ ദ്വാദശകേഽപി മാസേ
ക്ഷീരീസമം [illegible]
ഗർഭസ്യ ശൂലപ്രശമായ വാമാ
പിബേച്ച തന്യൈവ ചരക്ഷണായ. ൨൯

പതിനൊന്നും പന്ത്രണ്ടും മാസങ്ങളിൽ താമരമൊട്ട് പാ

ച്ചുണ്ട ചെങ്ങഴിനീർക്കിഴങ്ങു കട്ടക്കാരത്തോട്ട ഇവ കഷായംവെച്ചു ഗർഭശൂലം ശമിക്കുന്നതിനും ഗർഭരക്ഷണത്തിന്നും ആയിട്ടു സേവിക്കണം.

സുഖപ്രസവത്തിന്.

യാ പോതകീമൂലകകല്ക്കയുക്ത-
തൈലേന തദ്വച്ച തിലോദ്ഭവേന,
യോന്യന്തരം വൈ യദി ലേപയേൽ സാ
പ്രസൂയതേ ചാശു സുഖേന നാരീ. ൩൦

വലിയവശളച്ചീര അരച്ചു അതും എണ്ണയുംകൂടി ചേർത്തോ എള്ളെണ്ണ തനിച്ചോ യോനിയിൽ തേച്ചാൽ സ്ത്രീ സുഖമായി പ്രസവിക്കും.

അന്യയോഗം.

കൃഷ്ണാ വചാ ചാപി ജലേന പിഷ്ട്വാ
സൈരണ്ഡതൈലേന തു നാഭിലേപാൽ
സുഖപ്രസൂതിം കില ഗുർവ്വിണീനാം
സദ്യഃ പ്രകുര്യ്യാൽ ബഹുപീഡിതാനാം. ൩൧

തിപ്പലി വയമ്പ് ഇവ പച്ചവെള്ളത്തിൽ അരച്ചു ആവണക്കെണ്ണയിൽ ചാലിച്ചു നാഭിയിൽ തേക്കുക; വളരെ ഉപദ്രവങ്ങളുള്ള ഗർഭിണികളും സുഖമായി പ്രസവിക്കും.

സുഖപ്രസവത്തിനുള്ള മന്ത്രം.

"ക്ഷിതിർജ്ജലം വിയത്തേജോ വായുർവിഷ്ണുഃ പ്രജാപതിഃ
സഗർഭാം യാം സദാ പാന്തു വൈശല്യം ച ദധത്വപി.
പ്രസൂയതാമപി ക്ലിഷ്ടമവിഷ്ടാ ച ശുഭാനനേ!
കാർത്തികേയദ്യുതിം പുത്രം കാർത്തികേയാഭിരക്ഷിതം."

ഈ മന്ത്രം ഗർഭിണിയുടെ കണ്ണത്തിൽ [illegible] ജപിക്കണം.

വേറൊന്ന്.

ഗുഞ്ജാമൂലസ്യാപ്യേഷ-
ബന്ധാനാത്മനി മിതസൂത്രൈഃ കടിദേശേ
ബദ്ധാ സദ്യഃസൂതിം
വാമാപ്രകൃത ഏവ വദന്തി. ൩൨

കുന്നിയുടെവേര് എട്ടെണ്ണം പറിച്ചെടുത്തു അരക്കെട്ടിൽ കെട്ടിയാൽ സുഖമായി പ്രസവിക്കും.

മറുപിള്ള പതിക്കുന്നതിന്.

കർപ്പൂരം സോമവള്ളി കുവളത്തിൻകായുടെമജ്ജ ഇത്തിക്കണ്ണി മാഞ്ചി കൊട്ടം ദേവതാരം തിരുവട്ടപ്പശ അരത്ത അകിൽ ചന്ദനം ഏലത്തരി വലിയ കാട്ടുവെള്ളരിവേര് അരേണുകം മനയോല അതിവിടയം ഏലാവാലുകം കോലരക്ക് ഇവ നല്ലവണ്ണം അരച്ചു കുട്ടിയുടെ ദേഹത്തിൽ തേക്കുക; സ്കന്ദഗ്രഹാവേശം ശമിക്കും.

സ്കന്ദഗ്രഹം ബാധിക്കാതിരിക്കാനുള്ള മന്ത്രം.

"തപസാം തേജസാം ചൈവ വപുഷാം യശസാമപി
വിധാനം യോജയേദ്ദേവഃ സ തേ സ്കന്ദഃ പ്രസീദതു.
ഗ്രഹസേനാപതിർദ്ദേവോ ദേവസേനാപതിർവിഭുഃ
ദേവസേനാരിപുഹരഃ പാതു ത്വാം ഭഗവാൻ ഗുഹഃ.
ദേവദേവസ്യ മഹതാം പാവകസ്യ ച യഃ സുതഃ
ഗണോമാകൃത്തികാനാം തു സ തേ ശർമ്മ പ്രയച്ഛതു.
രക്തമാല്യാംബരഃ ശ്രീമാൻ രക്തചന്ദനഭൂഷിതഃ
രക്തദിവ്യവപുർദേവഃ പാതു ത്വാം ക്രൌഞ്ചനാശനഃ."

ഈ മന്ത്രം നിത്യവും പാരായണം ചെയ്താൽ സ്കന്ദഗ്രഹം ബാധിക്കയില്ല.

സ്കന്ദാപസ്മാരലക്ഷണം.

വിസംജ്ഞോ യദാ ഫേനവാമീ ശിശുഃസ്യുഃ
സസംജ്ഞസ്തു രോദിത്യതീവാതു നിത്യം

സപ്തമാസ്രഗന്ധോ ഭവേൽ സ്കന്ദകേന
കൃതാപസ്മൃതിസ്തച്ചികിത്സാം ബ്രുവേƒഥ. ൫൩൦

ബാലൻ ബോധമില്ലാതെ കിടക്കുക, വായിൽക്കൂടി നരച്ഛർദ്ദിക്കുക; ബോധംവീണാൽ വളരെ കരയുക; ശിശുവിന്നു ചലത്തിൻെറയും രക്തത്തിൻെറയും ഗന്ധമുണ്ടാകുക ഇവ സ്കന്ദാപസ്മാരത്തിൻെറ ലക്ഷണമാണ്. അതിനുള്ള ചികിത്സയാണ് അടുത്തു പറയുന്നത്.

സ്കന്ദാപസ്മാര ചികിത്സ.

വില്വം ശിരീഷം സുരസാദിഭിശ്ച
ഗോലോമിഭിവൈ പരിഷേക ഇഷ്ടഃ
ബസ്തസ്യ മൂത്രേണ വിപാചിതം ച
മഭ്യംജനേƒപസ്മൃതിനാശനം സ്യാൽ. ൫൩൧

കൂവളത്തില നെന്മേനിവാകത്തൊലി കാട്ടുതുളസി കരിങ്കറുക ഇവയുടെ നീര് എടുത്തു ദേഹത്തിൽ ഒഴിച്ചു കുളിപ്പിക്കുക; മുൻ പറഞ്ഞ മരുന്നുകൾ കൽക്കമായി അരച്ചിട്ടു ആട്ടിൻമൂത്രം ചേർത്ത് എണ്ണ കാച്ചി തേപ്പിക്കുക, സ്കന്ദാപസ്മാരം ശമിക്കും.

ഘൃതം.

സക്ഷീരവൃക്ഷകാകോളീഗണകാഥേന ഘൃതം
സപയസ്കം പയഃ സിദ്ധം ഹന്ത്യപസ്മൃതിം.

നാല്പാമരത്തിൻതൊലി ജീവനീയഗണം ഇവ കഷായംവച്ചു ഇവതന്നെ കല്ക്കമായി പാലുംചേർത്തു നെയ്യുകാച്ചി സേവിപ്പിക്കുക; ബാലന്മാർക്കുണ്ടാകുന്ന സ്കന്ദാപസ്മാരം ശമിക്കും.

ധൂപനം.

വചാഹിംഗുഭിർഗൃധ്രകോലൂകകാനാം
വിശാകേശശ്രുണ്ഡിനഖൈർലോമഭിശ്ച
വൃഷസ്യാപി ഹവ്യൈസ്തഥാ ധൂപനം ദ്രാഗ്
ഭവേൽ സ്കന്ദജാപസ്മൃതൌ ശാന്തയേ നാം. ൫൩൨

വയമ്പ് കായം കഴുകൻപക്ഷിയുടെ കാഷ്ഠം മൂങ്ങയുടെ രോമം ആനയുടെ നഖം കാളയുടെ രോമം ഇവയെല്ലാംകൂടി നെയ്യും ചേർത്തു പുകയ്ക്കുക, സ്കന്ദാപസ്മാരം ശമിക്കും.

ചതുഷ്പഥേ ബലിം ദത്വാ സ്നാനം ബാലസ്യ കാരയേൽ
രക്ഷാമന്ത്രം പ്രവക്ഷ്യാമി യേന രക്ഷാം ച കാരയേൽ. ൫൩൩

നാൽകവലവഴിയിൽ സ്കന്ദഗ്രഹത്തിനു ബലികൊടുത്തതിനു

ശേഷം കുട്ടിയെ കുളിപ്പിച്ചു രക്ഷ ചെയ്യിക്കണം. അതിനുള്ള രക്ഷാമന്ത്രമാണ് ഇനിയും പറയുന്നത്.

രക്ഷാമന്ത്രം.

"സ്കന്ദാപസ്മാരസംജ്ഞോ യഃ സ്കന്ദസ്യ ദയിതഃ സഖാ
വിശാഖസംജ്ഞശ്ച ശിശോഃ ശിവോƒസ്തു വികൃതാനനഃ"

ശകുനീഗ്രഹം ബാധിച്ചാലുള്ള ലക്ഷണം

സസ്രാവപാകൈർവ്രണൈഃ പ്രയുക്തൈഃ
സ്ഫോടൈശ്ചിതഃ സ്രസ്തതനുശ്ച ഭീത്യാ
ബാലസ്സദാ യശ്ചകിതോ ജ്വരാർത്തോ
ജ്ഞേയഃ ക്ഷതോ ഗ്രഹയാ ശകുന്യാ. ൫൩൪

പഴുത്തൊലിക്കുന്ന വ്രണങ്ങളുണ്ടാകുക, ചൂടോടുകൂടിയ കുമളകളുണ്ടാകുക, ശരീരം തളരുക ഭയപ്പെടുക, വേദനയുണ്ടായിരിക്കുക ഇവ ശകുനിഗ്രഹം ബാധിച്ചാലുണ്ടാകുന്ന ഉപദ്രവങ്ങളാണ്.

തച്ചികിത്സ.

വേതസാമ്രകപിത്ഥാനാം നീരൈഃ
സംശുദ്ധൈശ്ച പരിഷേചനമത്ര
തൈലമേവ മധുരൈശ്ച കഷായൈഃ
സിദ്ധമാശു ചരതാം ച വിലേപ്യം. ൫൩൫

ആററുവഞ്ചി തേന്മാവ് ഇവയുടെ തളിര് വിളാർമരത്തിൻ തളിര് ഇവയുടെ നിരെടുത്തു തിളപ്പിച്ചു ചെറുചൂടെ ദേഹത്തിൽ ധാരചെയ്യുക; മധുരദ്രവ്യങ്ങൾകൊണ്ടുണ്ടാക്കിയ കഷായത്തിൽ കാച്ചിയെടുത്ത എണ്ണതേക്കുക; ശകുനിഗ്രഹബാധ ശമിക്കും.

അന്യലേപനം.

മധുകനളദനീരൈഃ ശാരിബാപത്മലോധ്രൈഃ
കമലഗിരിജമൃദ്ഭിഃ സപ്രിയംഗുഃ പ്രദേഹഃ
ഉദിത ഇഹ യദാന്യൽ സ്കന്ദകാഖ്യഗ്രഹേ യ-
ന്നിഖിലമപി വ്രണാനാം കതപഥ്യാദികം ച. ൫൩൬

ഇരട്ടിമധുരം രാമച്ചം നറുനീണ്ടി പുഷ്കരമൂലം പാച്ചോററിത്തൊലി താമരക്കിഴങ്ങ് കാവിമണ്ണ് ഞാഴൽപ്പൂവ് ഇവ എല്ലാംകൂടി അരച്ചു തേക്കുകയും സ്കന്ദഗ്രഹത്തിനു പറഞ്ഞിരിക്കുന്ന ചികിത്സകളും വ്രണത്തിനു പറഞ്ഞ പഥ്യാദികളും ഉപയോഗിക്കുകയും ചെയ്യുക; ശകുനിഗ്രഹബാധ ശമിക്കും.

ലക്ഷണാം ധാരയേച്ചാപി ദേവീം ച ബൃഹതീം തഥാ
ശിശോശ്ച ശകുനീശാന്ത്യൈ വക്ഷ്യമാണം ബലിം ഹരേൽ.

തിരുതാളി പൂവങ്കുറുന്തൽ ചെറുവഴുതിന ഇവ ദേഹത്തിൽ ധരിക്കുക, ശകുനിഗ്രഹബാധ ശമിക്കും. ഇതുകൂടാതെ ഇനിയും പറയുന്ന ബലിയും കഴിക്കണം.

ബലിക്രിയ.

തിലതണ്ഡുലമാല്യമനശ്ശിലാ-
[illegible]
[illegible]
ശകുനികാപ്രശമായ ശിശോഃബലം. ൧൩൯

എള്ളു് അരി മാല മനയോല [illegible] ഇവയെല്ലാം കൂടി ചേർത്തു [illegible] ഗ്രഹത്തിനു ബലികൊടുക്കുക; [illegible] ശകുനിഗ്രഹബാധ ശമിക്കും.

സ്ഥാനം പ്രയോക്തവ്യമലം ശിശോശ്ച
വിധാനതോ നിഷ്കുടമധ്യ ഏവ
ശിരീഷ ഗന്ധാംബുഗണൈഃ [illegible]
[illegible] ൧൪൦

വിധിപ്രകാരം കുട്ടിക്കു് ഇരിക്കുന്നതിന്ന ഉദ്യാനമധ്യത്തിൽവേണം സ്ഥാനം കല്പിക്കേണ്ടതു്. നന്മേനിവാക ചന്ദനം ഇരുവേലി കൊട്ടം ഗുഗ്ഗുലു കടുക് ഇവയിട്ടു മൂപ്പിച്ച എണ്ണ ദേഹത്തിൽതേച്ചു മർദ്ദിക്കണം.

കുര്യാച്ച പൂജാം കുസുമൈർവിചിത്രൈഃ
ശുഭൈശ്ശകുന്യാ [illegible]
യഥാതഥാ മന്ത്രമുദാഹൃതം ച
[illegible] ൧൪൧

പലനിറത്തിലുള്ള മംഗലപുഷ്പങ്ങൾകൊണ്ടു ശകുനിഗ്രഹത്തിനു പൂജ കഴിച്ചതിനുശേഷം ശിശുവിനു മന്ത്രരക്ഷ ചെയ്യണം. അതിനുള്ള മന്ത്രമാണു് ഇനിയും പറയുന്നതു്.

മന്ത്രം.

“അന്തരിക്ഷേ ച യാ ദേവീ [illegible] വാലങ്കാരഭൂഷിതാ
അധോമുഖീ തീക്ഷ്ണതുണ്ഡാ ശകുനീതേ പ്രസീദതു.
ദുർദ്ദർശിനീ മഹാകായാ പിംഗാക്ഷീ ഭൈരവസ്വരാ
ലംബോദരീ ശങ്കുകർണ്ണീ ശകുനീ തേ പ്രസീദതു.”

രേവതീഗ്രഹം ബാധിച്ചാലുള്ള ലക്ഷണം.

രേഫാദൈർവ്വണൈര്യസ്യ യുതം ച ഗാത്രം

ചിതം ഭവേൽ കർദ്ദമഗന്ധമസ്രം
സംഭിന്നവർച്ചാശ്ച സ്രവേൽ ജ്വരേണ
ദാഹേന ജുഷ്ടസ്സതു രേവതീഭിഃ. ൧൪൨

പൊള്ളലോട്ടും വ്രണങ്ങളോട്ടും കൂടിയിരിക്കുക; ചെളിയുടെ ഗന്ധമുണ്ടായിരിക്കുക, രക്തം ഒലിക്കുക, മലമയഞ്ഞുപോകുക ജ്വരം, ചൂടു് ഇവയുണ്ടായിരിക്കുക ഇവ രേവതീഗ്രഹം ബാധിച്ചാലുള്ള ലക്ഷണങ്ങളാണു്.

ചികിത്സ.

അജഗന്ധാസഹദേവി.

ശൃംഗീ [illegible] പുനർനവായുഗ്മം
[illegible]
തോയേ രേവതീനിഷേചനം യുക്തം. ൧൪൩

ആട്ടനാറിവേള പൂവാങ്കുറുന്തൽ കർക്കടകശൃംഗി നറുനീണ്ടിക്കിഴങ്ങും പാൽവള്ളിക്കിഴങ്ങും തമിഴാമരങ്ങും പാൽമുതക്കിൻ കിഴങ്ങു് ഇവയിട്ടു കുറുക്കിയവെള്ളംകൊണ്ടു കുട്ടിയെ കുളിപ്പിക്കുക, രേവതീഗ്രഹബാധ ശമിക്കും.

തൈലയോഗം.

അജഗന്ധാകഷായേണ തൈലമഭ്യംജനേ ശൃതം
കുഷ്ഠസർജ്ജരസം ലാക്ഷോശീരം ഗജകദംബകൈഃ

മുൻപറഞ്ഞ അജഗന്ധാദി മരുന്നുകൾ കഷായംവച്ചു കൊട്ടം ചെഞ്ചല്യം കോലരക്കു് രാമച്ചം അത്തിത്തിപ്പലി കടമ്പിൻതൊലി ഇവ കല്ക്കമായി എണ്ണകാച്ചി തേച്ചുകുളിപ്പിച്ചാലും രേവതീഗ്രഹബാധ ശമിക്കും.

ധവാദിഘൃതം.

ധവാശ്വകർണ്ണകകുഭൈസ്തിന്ദുകീധാതകീസമൈഃ
കാകോള്യാദിഗണൈഃ സർപ്പിഃ സിദ്ധം ച പേയമിഷ്യതേ.

ഞമ മരുതിൻതൊലി നീർമരുതിൻതൊലി ചെറുചീര താതിരിപ്പൂവു് ജീവനീയഗണം ഇവ കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; രേവതീഗ്രഹബാധ ശമിക്കും.

കുലത്ഥശംഖചൂർണ്ണാനാം പ്രദേഹഃ സാർവ്വഗന്ധികഃ
ഗൃധ്രോലൂകവിശാ വാഞ്ച്യാ യവൈർഹരിത്വേന സന്ധ്യയോഃ.
ഉല്ലേപനം ശിശോഃ കാര്യ്യം രേവത്യാശ്ച നിവൃത്തയേ
ശംഖപുഷ്പപയോധാന്യതണ്ഡുലൈശ്ച ബലിസ്തഥാ. ൧൪൪

മുതിര ശംഖിൻചൂർണ്ണം സർഗ്ഗന്ധദ്രവ്യം ഇവ അരച്ചു തേക്കുക; കഴുകൻ ശൃംഗം ഇവയുടെ കാഷ്ഠം ബൃഹതി യവം ഇവ പൊടിച്ചു നെയ്യുംചേർത്തു രണ്ടുസന്ധ്യയ്ക്കും പുകയ്ക്കുക; ശംഖുപുഷ്പം പാല് ധാന്യം അരി ഇവകൊണ്ടു ബലികൊടുക്കുക; രേവതീഗ്രഹബാധ ശമിക്കും.

രക്ഷാമന്ത്രം.

"നാനാവസ്ത്രധരാ ദേവീ ചിത്രമാല്യാനുലേപനാ
ചലൽകങ്കണശോഭാഢ്യാ രേവതീ മേ പ്രസീദതു
യാന്നമന്തി സദാ ദേവ്യാ നിത്യം വിവിധഭൂഷണാഃ
ലംബാകരാളാ വിനതാ രേവതീ ച ശുഷ്കനാമാ
ശുഷ്കനാസാ ച സാ ദേവീ രേവതീ മേ പ്രസീദതു."

പൂതനാഗ്രഹബാധാലക്ഷണം.

അതീസാരസ്തഥാ തൃഷ്ണാ ജ്വരശ്ഛർദ്ദിരനിദ്രതാ
ഉദ്വേഗോ രോദനം യസ്യ ഗൃഹീതഃ പൂതനയാ ശിശുഃ.

അതിസാരം തണ്ണീർദാഹം ജ്വരം ഛർദ്ദി ഉറക്കമില്ലായ്ക സംഭ്രമം കരച്ചിൽ ഇവ പൂതനാഗ്രഹം ബാധിച്ചാൽ ശിശുവിനുണ്ടാകുന്ന വികാരങ്ങളാണ്.

തച്ചികിത്സ.

അരലുവരുണയുക്താം പാരിഭദ്രം വിശേഷാൽ
ശിശുഗണപരിഷേകേ വങ്കപാരാനതാദ്യാഃ
വടകചടകമാംസം തിത്തിരസ്യാപി ചാത്ര
മധുരഗണസുസിദ്ധം വശ്യമഭ്യംഗ[illegible] കാര്യം. [illegible]

പലകപ്പയ്യാനി നീർമരുതിൻതൊലി വയ്യാമ്പ ഇവയിട്ടു വെള്ളംവെന്തു കുളിപ്പിക്കുക; കയിൽ മാടപ്രാവ് കാടകൾ തിത്തിരിപ്പുള്ള് ഇവയുടെ മാംസരസത്തിൽ ജീവനീയഗണം കൽക്കമായി നെയ്യുകാച്ചി ദേഹത്തു പുരട്ടുക; പൂതനാഗ്രഹബാധ ശമിക്കും.

ധൂപനം.

മഞ്ജിഷ്ഠികാകുഷ്ഠതഗരൈശ്ച യുക്തൈഃ
കാളേയദൂർവാകുശമൂലസജ്ജൈഃ
സതണ്ഡുലൈർഹവ്യയുതൈസ്തു ധൂപഃ
ബാലസ്യ വൈ പൂതനികാം നിഹന്തി. [illegible]

മഞ്ചട്ടി കൊട്ടം തകരം മഞ്ഞച്ചന്ദനം കറുക കുശവേര ചെഞ്ചല്യം അരി ഇവ പൊടിച്ചു നെയ്യുംചേർത്തു പുകയ്ക്കുക; കുട്ടികൾക്കുണ്ടാകുന്ന പൂതനാഗ്രഹബാധ ശമിക്കും.

പൂതനാഗ്രഹബലി.

മത്സ്യൌദനം കൃസരയാ പലലം ശരാവ-
യുഗ്മേന സംപുടവിധാനബലിം വിദധ്യാൽ
ശൂന്യേ ഗൃഹേ ത്യജതി പൂതനികാ ച ബാലം
സംധാരയേച്ചിത്രഫലാം ച തഥൈവ ബിംബീം. [illegible]

മീൻകണ്ണിക്കറുക എള്ളുചേർത്തുള്ള ചോറ് മാംസം ഇവ രണ്ടു പാത്രത്തിലാക്കി പുടവിധിചെയ്തു ആരും താമസമില്ലാത്ത ഗൃഹത്തിൽ കൊണ്ടുചെന്നു ബലികൊടുക്കുകയും ചെറുവിരലൻകോവ നീലക്കോവ ഇവ ധരിക്കുകയും ചെയ്യുക; ശിശുവിനുണ്ടാകുന്ന പൂതനാഗ്രഹബാധ ശമിക്കും.

ഔഷധധാരണം.

കാകാദനീം ച ഗുഞ്ജാം ച ശ്വേതഗുഞ്ജാം തു ധാരയേൽ
ബ്രഹ്മീം പൂതനികാവിഷ്ടഃ കംഭജാതേന വർണ്ണിതം. [illegible]

കാക്കത്തൊണ്ടി വെള്ളക്കുന്നി ബ്രഹ്മി ഇവയിൽ ഏതാണ് സാധാരണ കിട്ടുന്നതു് അതു ധരിച്ചാലും പൂതനാഗ്രഹബാധ ശമിക്കും.

രക്ഷാമന്ത്രം.

"മാലിനീ ചപലാ ദേവീ മലിനാ രുക്ഷമൂർദ്ധജാ
ശൂന്യാഗാരാ ച യാ ദേവീ ബാലകം പാതു പൂതനാ."

അന്ധപൂതനാഗ്രഹലക്ഷണം.

ഛർദ്ദിജ്വരാഭ്യാം കസനേന ബാല-
സ്തഥോഷ്ണ ഗന്ധേന വസാസമേന
കാർശ്യാതിസാരാരുചിഭിഃ സമേതോ
ജ്ഞേയോന്ധകാവേശവശേന ബാലഃ. [illegible]

ഛർദ്ദി പനി ചുമ തണ്ണീർദാഹം നെയ്യലെപ്പോലുള്ള ഗന്ധം കാർശ്യം അതിസാരം അരുചി ഇവ അന്ധപൂതനാഗ്രഹം ബാധിച്ചാലുള്ള ലക്ഷണമാണ്.

തച്ചികിത്സ.

തിക്തദ്രുമാണാം ദളജഃ കഷായഃ
കാര്യോ ഽഭിഷേകാർത്ഥമിഹ ശിശൂനാം
മൃഗാദനീ ചിത്രഫലാ ച ഗുഞ്ജീ
ധാര്യാ ശിരസ്യത്ര ച ബാലകാനാം. [illegible]

തിക്തദ്രുമങ്ങളുടെ (കൂവളം പടവലം കണ്ടകാരിച്ചുണ്ട അമൃത് ആടലോടകം) ഇലകൊണ്ടു കഷായംവച്ചു കുട്ടിയെ കുളിപ്പിക്കുക;

വലിയ കാട്ടുവെള്ളരിവേര് ചെറുവിഴാലരി ഇവ ചേർത്തരച്ച് ഇവ ബാലന്റെ ദേഹത്തിൽ ലേപിപ്പിക്കുക. അന്ധപൂതനാഗ്രഹബാധ ശമിക്കും.

അന്ധപൂതനാബലി.

ആമം പലം പക്വതമം തഥൈവ
രക്തം നിവേദ്യം ച ചതുഷ്പഥേഷ്വസ്യൈ
അന്തർഗൃഹേ സർവ്വസുഗന്ധനീരൈഃ
സംസ്നാപ്യ ധൂപൈരപി ധൂപയേത്തം. ൧൭൭

പച്ചമാംസം പഴം രക്തം ഇവയെല്ലാം അന്ധപൂതനാഗ്രഹത്തിന്നു നാല്ക്കവലയിൽ നിവേദിച്ചതിന്നുശേഷം ഗൃഹാന്തർഭാഗത്തിൽ അഷ്ടസുഗന്ധജലംകൊണ്ടു ശിശുവിനെ സ്നാനംചെയ്യിപ്പിച്ചു ധൂപിക്കണം. ധൂപത്തിനുള്ള ഔഷധം അടുത്തുതന്നെ കാണിക്കുന്നു.

ധൂപനം.

രസോനഗോശൃംഗവിഡാലവിഡ്ഭിർ-
മയൂരപിഞ്ഛൈരഹികഞ്ചുകേന
കാർപ്പാസബീജൈർജ്യവസർപ്പപൈശ്ച
നിർമ്മാല്യകേശൈർദ്ധൂപയേച്ഛിശുഃ. ൧൭൮

അന്ധപൂതനികാവിഷ്ടബാലകം സ്നാപ്യ ധൂപിതം
രക്ഷാമന്ത്രേണ തദ്രക്ഷാം കാരയേച്ച യഥാ ബ്രുവേ. ൧൭൯

വെളുത്തുള്ളി പശുവിൻകൊമ്പ് പൂച്ചക്കാഷ്ഠം മയിൽപ്പീലി പാമ്പിൻപടം പഞ്ഞിക്കുരു യവം കടുക് നിർമ്മാല്യം തലമുടി ഇവയെല്ലാംകൂടി ഒരു ചട്ടിക്കകത്താക്കി, ബാലനെ കുളിപ്പിച്ചതിനുശേഷം ധൂപിക്കണം. അന്ധപൂതനാബാധ ശമിക്കും. ധൂപിച്ചതിനുശേഷം രക്ഷാമന്ത്രം ധരിക്കുകയുംവേണം.

രക്ഷാമന്ത്രം.

"കരാളാ വികരാ മുണ്ഡാ ചണ്ഡേ ശ്മശാനവാസിനീ
ദേവീ ബാലമിമം പ്രീതാ സംരക്ഷത്വന്ധപൂതനാ."

ശീതപൂതനാലക്ഷണം.

വേപതേ കാസതേ ഹന്ത്യരോദനാത്-
ച്ഛർദ്ദ്യതീസാരശീതാർത്തോ ഗന്ധപീഡിതഃ
ബാലകഃ പൂതനാ ശീതശബ്ദാദികാ
യാ തയാ ജുഷ്ടാ ഏവം യദാ ജായതേ. ൧൮൦

വിറയ്ക്കുക ചുമയ്ക്കുക നേത്രരോഗപീഡിതനാകുക ഛർദ്ദി അതി

സാരം തണുപ്പ് ദുർഗ്ഗന്ധം ഇവ ശീതപൂതനാഗ്രഹം ബാധിച്ചാലുള്ള ലക്ഷണങ്ങളാണ്.

തച്ചികിത്സ.

ബിംബീകപിത്ഥകശവഹ്നിമുഖൈശ്ച വിലപ-
പത്രൈർബലാസുരസയാ സഹ നന്ദിവൃക്ഷൈഃ
ബാലസ്യ ചാത്ര പരിഷേചനമാശു കുര്യാ-
ദേഭിർഭിഷക് സകലബാലകതന്ത്രവേത്താ. ൧൮൧

കോവക്കിഴങ്ങ് വിളാർമരത്തിൻകായ് കുശവേരു കൂവളത്തില കുറുന്തോട്ടിവേര് കരിനൊച്ചി അരയാലിൻതൊലി ഇവയിട്ടു വെന്തവെള്ളംകൊണ്ട് കുട്ടിയെ കുളിപ്പിക്കുക, ശീതപൂതനാഗ്രഹബാധ ശമിക്കും.

കുട്ടിയുടെ ദേഹത്തിൽ തേയ്ക്കുന്നതിന് എണ്ണ.

ഛാഗഗോജഭവമൂത്രസമേതം
ദേവദാരുധനസർവ്വസുഗന്ധം
കുഷ്ഠയുക്തതിലതൈലവിപക്വം
അത്ര ബാലകതനൗ പ്രതിമർദ്യം. ൧൮൨

ആട്ടിൻമൂത്രം ഗോമൂത്രം ഇവ ചേർത്തു ദേവതാരം കൊത്തമ്പാലരി സുഗന്ധദ്രവ്യങ്ങളെല്ലാം കൊട്ടം ഇവ കൽക്കമായി എണ്ണ കാച്ചിയെടുത്തു കുട്ടിയുടെ ദേഹത്തിൽ തിരുമ്മുക; ശീതപൂതനാഗ്രഹബാധ ശമിക്കും.

ദേഹത്തിൽ തേയ്ക്കുന്നതിനു നെയ്യ്.

രോഹിണീഖദിരസർജ്ജപലാശൈ-
ർവ്വല്കലൈശ്ച ബകുളസ്യ പയോഭിഃ
ഗവ്യഹവ്യമപി സംശ്രുതമേവം
ബാലകസ്യ ച പ്രദേഹ ഇഹോക്തഃ. ൧൮൩

കടുകരോഹിണി കരിങ്ങാലിക്കാതൽ ചെഞ്ചല്യം പ്ലാശിൻതൊലി ഇലഞ്ഞിത്തൊലി ഇവ കല്ക്കമായി പാലുംചേർത്ത് പശുവിൻനെയ്യ് കാച്ചി കുട്ടിയുടെ ദേഹത്തിൽ തേയ്ക്കുക; ശീതപൂതനാഗ്രഹബാധ ശമിക്കും. ഇതുകൂടാതെ പൂതനാഗ്രഹബാധയ്ക്കു പറഞ്ഞ ഔഷധങ്ങൾ ദേഹത്തിൽ ധരിക്കുന്നതും നല്ലതാണ്.

ധൂപം.

ഗൃധ്രോലൂകവിശാഹികഞ്ചുകയുതാ നിംബച്ഛദാ ചർമ്മജാ
ധൂപേ ബാലഗണസ്യ മാക്ഷികയുതാ ഹവ്യാന്വിതാ ധാരണേ

ഗ്ഗുഞ്ജാ ബില്വമഥോ ബെദിഃ സമുചിതാ മുദ്ഗേന ഭക്തസ്യ ച
സ്നാനം ചാപി ജലാശയേ സമുദിതം ധൂപം തതോ ദാപയേൽ.

കഴുകൻപക്ഷിയുടെയും മൂങ്ങയുടെയും കാഷ്ഠം പാമ്പിൻപടം വേപ്പില ഇവ എല്ലാംകൂടി പൊടിച്ചു [illegible] നെയ്യുംചേർത്ത് പുകയ്ക്കുക; കുന്നിവേര് കൂവളത്തിൻവേര് ഇവ ധരിക്കുക; ചെറുപയറിൻപരിപ്പും ചോറുംചേർത്തു ബലികൊടുക്കുക, ശീതപൂതനാഗ്രഹബാധ ശമിക്കും. കുളത്തിൽ കുളിപ്പിച്ചതിശേഷം വേണം പുകയേല്പിക്കേണ്ടതു്.

രക്ഷാമന്ത്രം.

"മുദ്ഗൌദനാശനാ ദേവീ സുരാശോണിതപായിനീ
ജലാശയാ ജലരതാ പാതു ത്വാം ശീതപൂതനാ"

മുഖമുണ്ഡികാഗ്രഹാവേശലക്ഷണം.

പ്രസന്നവർണ്ണാ[illegible]
ഭവേന്മൂത്രഗന്ധശ്ച [illegible]
ശിശുർമ്മുഖമണ്ഡികാ [illegible]
ഗ്രഹഃ [illegible] എന്നു

മുഖത്തിന്റെനിറം പ്രസന്നമായിരിക്കുക, ശരീരം ഞരമ്പുകളാൽ വ്യാപ്തമായിരിക്കുക; മൂത്രത്തിന്റെ ഗന്ധം ഉണ്ടായിരിക്കുക വളരെ ഭക്ഷിക്കുക ഇവ മുഖമുണ്ഡികാഗ്രഹം ബാധിച്ചാലുള്ള ലക്ഷണങ്ങളാണ്.

തച്ചികിത്സ.

കപിത്ഥബില്വാംശീതബൃഹതീപാടലൈഃ
കുബേരനിംബച്ഛദകാഗ്നിമന്ഥൈഃ
കഷായമാ വിദധ്യാൽ [illegible]
ശിശോർഗൃഹീതസ്യ [illegible]. എന്നും

വ്ളാർമരത്തിന്റില ആടലോടകത്തില ആവണക്കില കൂവളത്തില പേരാലിൻഇല വേപ്പില മുഞ്ഞയില ഇവകൊണ്ടുകഷായംവെച്ച് കുട്ടിയെ കുളിപ്പിക്കുക; മുഖമുണ്ഡികാഗ്രഹബാധ ശമിക്കും.

തൈലം.

ഭൃംഗരാജാശ്വഗന്ധാഭ്യാം [illegible] ച
വചാ തൈലം ശ്രുതം [illegible] ശിശോഃ.

കയ്യോന്നി നീരിൽ [illegible] വെള്ളം കാച്ചി കുട്ടിയെ തേപ്പിക്കുക; മുണ്ഡികാഗ്രഹബാധ ശമിക്കും.

ഘൃതം.

മധൂലികാപഞ്ചമൂലാപാടയാഭിർ-
ഗണേ തു ഗോക്ഷീരികയാ സമേതേ
ഘൃതം ശ്രുതം [illegible] സാർദ്ധം
ബാലസ്യ ഭോജ്യം ച ഗ്രഹാപഹാരി. എന്നും

ഇരട്ടിമധുരം വലിയപഞ്ചമൂലത്തിൻവേര് ഇവ കഷായംവെച്ച് ഇരട്ടിമധുരം കല്ക്കമായി പശുവിൻപാലുംചേർത്തു നെയ്യ് കാച്ചി സേവിപ്പിക്കുക; കുട്ടികൾക്കുള്ള ഗ്രഹബാധ ശമിക്കും.

ധൂപനം.

വചാഘൃതം സർജ്ജരസം സകുഷ്ഠം
ധൂപേഽത്ര ബാലസ്യ തഥാ നിയോജ്യം
ഗോജിഹ്വ [illegible]
തഥാ സർപ്പസ്യ കഞ്ചുകം. എന്നു

വയമ്പ് ചെഞ്ചല്യം കൊട്ടം പാമ്പിൻപടം ഇവ പൊടിച്ച് നെയ്യുംചേർത്തു പുകയ്ക്കുക; [illegible] ആടലോടകത്തിൻവേര് കഴുത്തിൽ ധരിക്കുക.

ബലിക്രിയ.

വർണ്ണകം ചൂർണ്ണകം മാലികാമഞ്ജനം
പാരദം വാ തഥാ സ [illegible] ഗോഷ്ഠകേ
ബലിം സംഹരേൽ ബാലകസ്യ ഗ്രഹാ-
ന്മോചനാർത്ഥം ഭിഷക് [illegible]. എന്നും

അരിതാരം ചുണ്ണാമ്പ് മാല അഞ്ജനം രസം മനയോല ഇവയെല്ലാംചേർത്തു എരുത്തിലിൽവച്ചു ബലികൊടുക്കണം. മുണ്ഡികാഗ്രഹബാധ ശമിക്കും.

രക്ഷാമന്ത്രം.

"അലംകൃതാ രൂപവതീ സുഭഗാ കാമരൂപിണീ
ഗോഷ്ഠമദ്ധ്യാലയരതാ പാതു ത്വാം മുഖമണ്ഡികാ."

നൈഗമേയഗ്രഹാവേശലക്ഷണം.

ഛർദ്ദിഃ സ്പന്ദനയുക്തകണ്ഠമുഖയോഃ ശോഷശ്ച സമ്മൂർച്ഛനം
യസ്യ സ്യാച്ച വിഗന്ധതാപി വിദ്ദശേദ്ദന്തൈരധോഽപി ച യഃ
പശ്യേദ്യച്ച ശിശുഃ സ ചാപി ഭിഷജാ വൈ നൈഗമേയഗ്രഹ-
ഗ്രസ്തശ്ച [illegible] ധ്രുവം. എന്നൻ

ഛർദ്ദി, സ്പന്ദനം, കണ്ഠശോഷം, മുഖശോഷം, മൂർച്ഛ, വിഗന്ധതാ, പല്ലുകടിക്കുക, മേല്പോട്ടുനോക്കുക; ഇവ നൈഗമേയഗ്ര

ഹാവിഷ്ടനായ ബാലൻെറ വികാരങ്ങളാണ്. ഇതിന് അമൃത് മുഞ്ഞ കൊത്തമ്പാലരി ആവിത്തൊലി രാമച്ചം ഇവയിട്ട വെള്ളംവെന്തു ശിശുവിനെ കുളിപ്പിക്കണം.

തച്ചികിത്സ (തൈലം)

പ്രിയംഗുചന്ദനതാസരളൈർമ്മിസീനാം
കുടന്നടേരാദധിതക്രശുക്തൈഃ
തൈലം പചേൽ കാഞ്ജികയുക്തമേതൽ
ബാലഗ്രഹാവേശനിവാരണം ദ്രാക്. ൫൩

ഞാഴൽപൂവ് കൊടിത്തൂവവേര് ചരളം ശതകുപ്പ കഴിമുത്തങ്ങാ ഇവ കല്ക്കമായി സുരാ തൈര് മോര് ചുക്കപ്പുളി കാടി ഇവയും ചേർത്ത് എണ്ണകാച്ചിത്തേയ്ക്കുക, നൈഗമേയഗ്രഹാവേശം ശമിക്കും.

ഘൃതം.

ഹിങ്ഗുമൂലകകാസീസമനോഹ്വാഭിരന്വ
ഖർജ്ജൂരമാക്ഷികയുതം ച ഹവ്യം
സിദ്ധം ച ഹവ്യം ശിശുനൈഗമേയ-
ഗ്രഹാപഹം വൈ ദശമൂലയോഗാൽ. ൫൪

ദശമൂലം കഷായംവച്ച് ചിററീന്തൽവേര ഇരട്ടിമധുരം ഇവ കല്ക്കമായി നെയ്യുകാച്ചിയെടുത്ത് തേറാം ചേർത്ത് സേവിപ്പിക്കുക; ബാലന്മാക്കുണ്ടാകുന്ന നൈഗമേയഗ്രഹാവേശം ശമിക്കും.

ധാരണൌഷധം.

വചാം പയസ്യാം ജടിലാം ച ബാലോ
ഗോലോമികാം ചാഥ വിധാരയേൽ സഃ
സ്നാനം പ്രകുര്യ്യാദപടവ്യകിമ്പകസ്യാ-
പ്യധഃസ്ഥലേ ധൂപനമസ്യ നക്ര്യാൽ. ൫൫

വയമ്പ് അടപതിയൻ കീഴാനെല്ലി ഇവയെ ബാലൻ ധരിക്കുക; പേരാലിൻ ചുവട്ടിൽവച്ച് പുകയ്ക്കുക; നൈഗമേയഗ്രഹാവേശം ശമിക്കും.

ധൂപം.

വിശോലൂകഗൃധ്രപ്രജാതേന ധൂപ-
സ്തഥാ മർക്കടസ്യാപി വാ പൂതനായാഃ
ശിശോർന്നൈഗമേയഗ്രഹാവേശശാന്ത്യൈ
പ്രദേയോ ഭിഷഗ്ഭിസ്തഥാ ചൈത്യഗേഹേ. ൫൬

മൂങ്ങ, കഴുകൻ ഇവയുടെയോ കുരങ്ങിൻെറയോ കാഷ്ഠംകൊണ്ടോ മാഞ്ചിയുടെ വേരുകൊണ്ടോ പുകയ്ക്കുക; കുട്ടികൾക്കുണ്ടാകുന്ന നൈഗമേയഗ്രഹാവേശം ശമിക്കും.

നൈഗമേയഗ്രഹത്തിനുള്ള ബലി.

സതിലതണ്ഡുലമാല്യസമം തദാ
വിവിധഭോജനവസ്തു ബലിം ബുധഃ
വടതരോശ്ച നിവേദ്യ തലേ ധ്രുതം
ശിശുഗണസ്യ ച രക്ഷണമാശു വൈ. ൫൭

എള്ള്, അരി, മാല, പലവിധത്തിലുള്ള ഭക്ഷണസാധനങ്ങൾ ഇവയെല്ലാം ചേർത്ത് പേരാലിൻവൃക്ഷത്തിൻെറ ചുവട്ടിൽവച്ചു ബലികൊടുക്കുക; ശിശുക്കൾക്കുണ്ടാകുന്ന നൈഗമേയഗ്രഹബാധ ശമിക്കും. ഇതുകൂടാതെ രക്ഷയും ചെയ്യണം.

രക്ഷാമന്ത്രം.

"അജാനനശ്ചലൻവിഭ്രുഃ കാമരൂപീ മഹായശാഃ
ബാലം പാലയതാദ്ദേവോ നൈഗമേയോऽഭിരക്ഷതു."

കാമഗ്രഹപീഡാലക്ഷണം.

കൃശഃ സാസ്രദൃശ്യശ്ച സാസ്രപ്രഗന്ധോ
സദാക്ഷീരകാഹാരപൂതിപ്രച്ഛർദ്ദിഃ
ശിശുസ്സാഹസീ കാമസഞ്ജാതപീഡോ
ഹ്യഭീഷ്ടാർത്ഥശാന്തോ ജനാനാം പ്രിയഃ സ്യാൽ. ൫൮

സശബ്ദം നിശായാം തു സംവീക്ഷ്യതേ യൽ
ന ചൈവാത്തി സോയം ക്ഷുധായാം കദാചിച്ച
ശിശുഃ ശുഷ്കവക്ത്രോ രതീശഗ്രഹീതോ
ഭവേൽ കൃച്ഛ്രസാദ്ധ്യോ ബലിസ്തത്ര കാര്യ്യഃ. ൫൯

ദേഹം ചടയ്ക്കുക; കണ്ണുനിറൊലിക്കുക; രക്തഗന്ധം മുലപ്പാൽ ആഹാരം ഇവ ഛർദ്ദിക്കുക; ഛർദ്ദിക്കുന്നതിനു ദുർഗ്ഗന്ധമുണ്ടായിരിക്കുക; സാഹസംചെയ്ക; ഇഷ്ടമായ വസ്തു കൊടുത്താൽ പീഡകൾ ശമിക്കുക; ജനങ്ങൾക്കു പ്രിയനായിരിക്കുക; രാത്രിയിൽ ശബ്ദത്തോടുകൂടി കണ്ണുമിഴിച്ചു നോക്കുക; വിശപ്പുണ്ടായാലും ഭക്ഷിക്കാതെയിരിക്കുക; മുഖം ശോഷിക്കുക ഇവ ബാലന്മാക്കു കാമഗ്രഹം ബാധിച്ചാൽ ഉണ്ടാകുന്ന പീഡകളാണ്. ഈ കാമഗ്രഹാവേശം കൃച്ഛ്രസാദ്ധ്യമാണ്. ഇതിൽ ബലിക്രിയ ചെയ്യണം.

തച്ചികിത്സ.

കപാലോ മഹാമുണ്ഡതികാ ഭവോ യഃ
സോശീരകഃ കാമഗ്രഹാപഹാരീ

മധൂകസപ്തച്ഛദശേലുപത്ര-
കഷായതോയൈപി ബാലസ്നപനാൽതഥൈവ. ൧൭

ശ്രാവണി രാമച്ചം ഇവ കഷായമാക്കി സേവിക്കുക; ഇരിപ്പ ക്കാതൽ ഏഴിലമ്പാലത്തൊലി ഇവയിട്ടു വെള്ളം വെന്തു കുട്ടിയെ കുളിപ്പിക്കുക; കാമഗ്രഹപീഡ ശമിക്കും.

ലേപനം.

സപ്തച്ഛദാമയനിശാശിശിരൈശ്ശിശൂനാ-
മാലേപനം കാമരതിഗ്രഹഹൃത്
സപ്തച്ഛദം പേഷ്യ ച മത്സ്യ പിത്താ-
യുക്തം സമൂവം ശിശുലേപനം സ്യാൽ. ൧൮

ഏഴിലമ്പാലത്തൊലി കൊട്ടം മഞ്ഞൾ ചന്ദനം ഇവയോ; ഏഴിലമ്പാലത്തൊലി കട്ടകരോഹിണി കാരാംകുരുമ്പ ഇവയോ അരച്ചു തേക്കുക; ശിശുക്കൾക്കു ഉണ്ടാകുന്ന കാമഗ്രഹബാധ ശമിക്കും.

ധൂപനം.

സപ്തച്ഛദപാശ്വത്ഥനം സമൂഹ
സിദ്ധാർത്ഥനിംബച്ഛദമേഷശൃംഗീ
വിഡാലവിഡ്ലോമവചാശിശൂനാം
ധൂപോ മധൂകോ ഘൃതമിശ്രിതോസ്തു. ൧൯

ഏഴിലമ്പാലത്തൊലി വെളുത്തുള്ളി കാരാംകുരുമ്പ കടുക് വേപ്പില ആട്ടുകൊട്ടപ്പാല പൂച്ചക്കാഷ്ഠം പൂച്ചയുടെരോമം വയമ്പ് ഇവ എല്ലാംകൂടി പൊടിച്ചു തേനും നെയ്യും ചേർത്തു പുകയ്ക്കുക. കാമഗ്രഹബാധ ശമിക്കും.

അന്യധൂപം.

മൃതസ്യ ഗോരക്ഷസ്യോദരകരസ്യ
ഗവ്യേന ഹവ്യേന യുതസ്യ ധൂപാൽ
സർവേ ഗ്രഹാ യാന്തി ശമം വിശേഷാ-
ജ്ജ്വരാദികാ യേ ച ഗദാശ്ശിശൂനാം. ൨൦

മരിച്ച പശുവിന്റെ വയററിൽനിന്നും എടുത്ത ചാണകം ഉണക്കിപ്പൊടിച്ചു പശുവിൻനെയ്യും ചേർത്തു പുകയ്ക്കുക. കുട്ടികൾക്കുണ്ടാകുന്ന ജ്വരാദികളായ സകല ബാധകളും ഗ്രഹബാധകളും ശമിക്കും.

അശേഷസ്താപശമം.

ഗ്രഹസ്യ ശാന്ത്യൈ ശിശുസഞ്ചയാനാം
സ്കന്ദോ ഗ്രഹേശോഖിലരോഗമധ്യേ

യാ രേവതീ സാ വിധിവൽ പ്രപൂജ്യാ
ബാലസ്യ സർവം ഹിതമിച്ഛതൈവ. ൨൧

കുട്ടികൾക്കുള്ള എല്ലാഗ്രഹബാധകളും രോഗങ്ങളും ശമിക്കുന്നതിനായി സകലഗ്രഹങ്ങൾക്കും അധിപനായ സ്കന്ദനെയും രേവതിയേയും പൂജിക്കണം.

രക്ഷാമന്ത്രം.

"ദിശസ്സൂര്യോന്തരിക്ഷം ച സപ്തർഷികന്ത്രസർവദാ
തേജസാബ്രാഹ്മണാശ്ചാഥ വിഷ്ണോരിന്ദ്രസ്യ തേജസാ
സിദ്ധാനാം തേജസാ ചൈവ രക്ഷിതോസി സുഖീഭവ."

ഈമന്ത്രംകൊണ്ടു വൈദ്യൻ ബാലകനു രക്ഷയെ ചെയ്യണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ബാലരോഗാധികാരം എന്ന
൫൧-ാം സ്തബകം കഴിഞ്ഞു.

അഥ ദ്വിപഞ്ചാശസ്തബകഃ.

വാജീകരണാധികാരഃ

നപുംസകത്വലക്ഷണം.

ഹൃദയാഹിതശോകഭീതിക്രോധൈ-
രഖിലൈർമ്മാനസദുഃഖദൈശ്ച ഭാവൈഃ
മനസീഹ തഥോത രന്തുകാമോ
ധ്വജപാതാൽ പ്രഥമസ്സവീര്യഷണ്ഡഃ. ൧

മനസ്സിലുള്ള ദുഃഖം, ഭയം, കോപം, മനോദുഃഖത്തെ ഉണ്ടാക്കുന്ന വികാരങ്ങൾ ഇവയുള്ളവന്നു രമിക്കാൻ ആഗ്രഹം ജനിക്കുമ്പോൾ അവന്റെ ലിംഗം താണുപോകുന്നു. ഇതാണ് ആദ്യത്തെ ഷണ്ഡത.

ദ്വിതീയഷണ്ഡത.

അതികടൂനി പടൂനി രസാന്യലം
ഭജതി ചാമ്ലതരാണി ബഹൂന്യഥ
അപി ച ശാകവിരുദ്ധപയാംസി യോ
ഭവതി തസ്യ ച ഷാണ്ഡ്യമസംശയം. ൨

ഇതി ദ്വിതീയം ച തഥാ തൃതീയോ
വ്യവായശീലോഽതിതരാം ക്ഷയാച്ച
ക്ലൈബ്യം ച ശുക്ലസ്യ തഥൈവ തസ്യ
വാജീക്രിയാം നൈവ പ്രകുർവതസ്തു. ൩

എരിവും ഉപ്പും പുളിയും ക്രമത്തിലധികം ഭക്ഷിക്കുകയോ ക്ഷീര വിരുദ്ധങ്ങളായ ഫലാദികൾ ഇവ ചേർത്ത് ഭക്ഷണം കഴിക്കുകയോ ചെയ്താൽ അതിന്ന് ഷണ്ഡത്വമുണ്ടാകും. ഇതാണ് രണ്ടാമത്തെ ഷണ്ഡത. മൈഥുനം ശീലിച്ചവൻ ശുക്ലക്ഷയം വരുമ്പോൾ ശുക്ലവൃദ്ധികരങ്ങളായ ക്രിയ ചെയ്യായ്കകൊണ്ട് മൂന്നാമത്തെ ഷണ്ഡതയുണ്ടാകുന്നു.

നാലാമത്തെയും അഞ്ചാമത്തെയും ക്ലീബത്വം.

മഹാമേദരോഗേണ സമന്വിതസ്യ
ക്ലൈബ്യമന്യദ്യഥാ യസ്യ സഃ
സമുക്തശ്ചതുർത്ഥസ്തഥാ പഞ്ചമഃ
ശുക്ലനാഡീപരിച്ഛേദനാൽ. ൪

മഹത്തായ മേദോരോഗത്താൽ ഉണ്ടാകുന്നതാണ് നാലാമത്തെ ഷണ്ഡത. ശുക്ലനാഡി മുറിയുകയാൽ അഞ്ചാമത്തെ ഷണ്ഡതയുണ്ടാകുന്നു.

ആറാമത്തെ ക്ലീബത്വം.

മദനോദ്ധതിരസ്യ കാമിനോ
മനസഃ ക്ഷോഭനിരോധനാച്ച കാമാൽ
അതിബ്രഹ്മരസസ്യ വീര്യരോധാ-
ദപി ഷഷ്ഠഃ ഖലു ഷണ്ഡ ഏവ സഃ. ൫

കാമപീഡിതനായ മനുഷ്യന് മനസ്സിന്റെ ക്ഷോഭത്തെ നിരോധനം ചെയ്കകൊണ്ടും കാമത്താലും ശുക്ലരോധത്താലും ആറാമത്തെ ഷണ്ഡത ഉണ്ടാകുന്നു.

ഏഴാമത്തെ ക്ലീബത്വം.

യൽ ക്ലൈബ്യം സഹജം സ്യാദ്യദ്ധി തൽ
സങ്കീർത്തിതം സപ്തമം
അന്യന്മർമ്മസിരാക്ഷതക്ഷയഭവം
ക്ലൈബ്യം ത്വസാദ്ധ്യം ദ്വയം.

സ്വാഭാവികമായി ഉണ്ടാകുന്ന ക്ലീബത്വമാണ് ഏഴാമത്തെ നപുംസകത്വം. ഇതുകൂടാതെ മർമ്മങ്ങളുടെയും ഞരമ്പുകളുടെയും ക്ഷതത്താലും ക്ലീബത്വം ഉണ്ടാകും. ഇതുരണ്ടും അസാദ്ധ്യമാകുന്നു.

ക്ലൈബ്യത്തിന്ന ചികിത്സ.

കാര്യോ ഹേതുവിപര്യയഃ പ്രഥമതഃ ക്ലീബസ്യ സാദ്ധ്യസ്യ ച
യസ്മാന്മുഖ്യചികിത്സിതം നിഗദിതം ത്യാഗോ നിദാനസ്യ യൽ.

ഏതുകാരണത്താലാണോ നപുംസകത്വം ഉണ്ടായത്; ആ കാരണത്തെ ഉപേക്ഷിച്ചാൽ ആ നപുംസകത്വം നശിക്കും. അതിനാൽ നപുംസകത്വത്തിന്ന നിദാനത്തെ ഉപേക്ഷിക്കയാണ് പ്രധാനമായ ചികിത്സ.

വാജീകരണവിധി.

വാജീകരാൻ യോഗവരാൻ മനുഷ്യഃ
സമ്യഗ് വിശുദ്ധോഽപി നിരാമയോ യഃ
ആ ഷോഡശാൽ സപ്തതിവർഷപൂർത്തേ-
രവാഗ് ബലാദ്യാൻ സുവിചാര്യ കുര്യാൽ. ൧

വാജീകരണയോഗ്യങ്ങളായ യോഗങ്ങളെ വിശുദ്ധനാണെങ്കിലും രോഗഹീനനായ മനുഷ്യൻ പതിനാറുവയസ്സിന്നശേഷം എഴുപതുവയസ്സ് പൂർത്തിയാകുന്നവരെ ബലം അനുസരിച്ച് ഉപയോഗിക്കണം.

ക്ഷയവൃദ്ധ്യുപദംശകാദിരോഗാഃ
പ്രഭവന്ത്യേവ ഹി കാമിനീപ്രസംഗൈഃ
അത ഏവ വിധാനതഃ പ്രകാമം
വിധിനാ വൃഷ്യവിവൃദ്ധയേ നിഷേവേൽ. ൨

ക്ഷയം വൃദ്ധി ഉപദംശം മുതലായ രോഗങ്ങൾ സ്ത്രീസംയോഗംനിമിത്തമാണ് ഉണ്ടാകുന്നത്. അതിനാൽ അവക രോഗങ്ങളുടെ ശാന്തിക്കായി ശുക്ലവൃദ്ധികരങ്ങളായ ഔഷധങ്ങളെ വിധിയനുസരിച്ചു സേവിക്കണം.

വിചിത്രപാനഭോജനാദിവസ്ത്രഗീതവാദ്യകൈഃ
സയാമിനീശയാമിനീഷു കാമിനീവനാനിലൈഃ
മനോജ്ഞഗന്ധനാഗവല്ലിപത്രകൈരസാവഹൈർ-
മനോജവഃ പ്രജായതേ നിഷേവിതൈരസംശയം. ൩

നാനാപ്രകാരത്തിലുള്ള അന്നപാനങ്ങൾ വസ്ത്രങ്ങൾ ഗീതങ്ങൾ വാദ്യങ്ങൾ ചന്ദ്രനോടുകൂടിയ രാത്രി യൌവനയുക്തയായ കാമിനി വനവായുക്കൾ മനോഹരങ്ങളായ ഗന്ധങ്ങൾ താംബൂലം ഇവയെല്ലാം ഉപയോഗിച്ചാൽ കാമവൃദ്ധിയുണ്ടാകും.

പായസം.

വിശുദ്ധവത്സാസുഗവാപയോഭിഃ
സിദ്ധം ച യൽ പായസമേകമേവ

ഗോധൂമചൂൎണ്ണം സസിതം സഹവ്യം
സമാക്ഷികം യൽ പയസാ സുഭുക്തം. ൩൦

കിടാവോട്ടകൂടിയ പശുവിന്റെ പാൽകൊണ്ടുണ്ടാക്കിയ പായസമോ; ഗോതമ്പുപൊടി പാലിൽഇട്ടുകാച്ചി നെയ്യും തേനുംചേൎത്തോ സേവിക്കുക; ശുക്ലവൃദ്ധിയുണ്ടാകും.

പാനകം.

ഈഷദമ്ലദധ്യാഢകമാഢകം
ശൎക്കരഖണ്ഡവരചൂൎണ്ണപ്രസ്ഥകം
ക്ഷൌദ്രമത്ര പലസംമിതം ഘൃതം
തദ്ദ്വിഭാഗതുലിതം പടാവൃതം. ൩൧

വേദമാഷജഗതാ മരിചേന
താവതൈവ വിധിനാ ച ലവംഗൈഃ
കാൎഷികൈശ്ച ത്രുടിഭിസ്സകലം തൽ
ശാലിതം ച സുമൃദാ വരപാത്രേ. ൩൨

ചന്ദ്രചന്ദനമൃഗോത്ഥിതനാഭീ-
ജാതജാതപരഗന്ധസമേതേ
സ്ഥാപിതാ ച ഖലു സൈവ രസാലാ
പാനതോത്യതനുവൃദ്ധിവിധാത്രീ. ൩൩

അല്പം പുളിയും മധുരവുമുള്ള തൈരു് രണ്ടിടങ്ങഴി വെള്ളക്കല്ക്കണ്ടം ഒരിടങ്ങഴി തേൻ ഒരുപലം നെയ്യു് രണ്ടുപലം ചുക്കു് നല്ലമുളകു് ഇലവൎങ്ഗം ഇവ നന്നാലുഴന്നിൻപ്രമാണം ഏലത്തരി മൂന്നുകഴഞ്ചു് ഈമരുന്നുകൾ എല്ലാം പൊടിച്ചു് തൈരിലിട്ടു് ഒരു മുണ്ടിലാക്കി രസം ഞെക്കിയെടുത്തു് നല്ല മൺപാത്രത്തിലാക്കി കൎപ്പൂരം ചന്ദനം കസ്തൂരി ഇവയുംചേൎത്തു അടച്ചുകെട്ടി അകിൽകൊണ്ടു പുകച്ചുവെച്ചിരുന്നു് സ്വസ്ഥനായവൻ കുടിക്കുക; കാമവൃദ്ധി ഉണ്ടാകും.

രതിവൃദ്ധികരമോദകം.

ഗോക്ഷുരേക്ഷുരബലേഭബലാനാം
താലമൂലശതമൂലയുതാനാം
നിസ്തുഷീകൃതസുവാനരബീജൈ-
രശ്വഗന്ധജജടാസഹിതം തൽ. ൩൪

ചൂൎണ്ണിതം ച പയസാ സുഗവീനാം
സിദ്ധമഷ്ടഗുണിതേന വിപാച്യ

സൎവ്വചൂൎണ്ണസമഹവ്യവിപാകം
സൎവ്വതോ ദ്വിഗുണഖണ്ഡസമേതം. ൩൫

യാവദഗ്നിബലമത്തി നരോ യോ
മോദകീകൃതമലം പ്രമദാഭിഃ
രംസ്യതേ ച തനുതേ തനുജാനാം
വൃദ്ധിമൃദ്ധിമഥ ദൈത്യഗുരോശ്ച. ൩൬

ഞെരിഞ്ഞിൽ വയൽചുള്ളിയരി കുറുന്തോട്ടിവേരു് വലിയകുറുന്തോട്ടിവേരു് നിലപ്പനക്കിഴങ്ങു് ശതാവരിക്കിഴങ്ങു് ഉമികളഞ്ഞ നായ്ക്കുരണയരി അമുക്കുരം ഇവ എല്ലാംകൂടി ഉണക്കിപ്പൊടിച്ച പൊടി എട്ടിരട്ടിപാലിൽ പചിച്ചു് പൊടിയുടെ ഒപ്പം നെയ്യും എല്ലാ മരുന്നിന്റെയും രണ്ടിരട്ടി കല്ക്കണ്ടവുംചേൎത്തു് മോദകമാക്കി അഗ്നിബലമനുസരിച്ച ഭക്ഷിക്കുക; വളരെ സ്ത്രീകളോടു രമിക്കുന്നതിനു് ശക്തിയുണ്ടാകും. പുത്രവൃദ്ധി ശുക്ലവൃദ്ധി ഇവയും സിദ്ധിക്കും.

അന്യയോഗം.

കണാലവണവത്സാണ്ഡ സാധിതം ച ഘൃതം നരഃ
പിബൻ വൃഷായതേ വീൎയ്യസമ്പദാ മുദിതോ രതൌ. ൩൭

തിപ്പലി ഇന്തുപ്പു് കസ്തൂരി ഇവകൊണ്ടു നെയ്യുകാച്ചി സേവിക്കുക; ശുക്ലവൃദ്ധിയുണ്ടാകും.

അമൃതപാകം.

പക്വാമ്രജദ്രുമഫലം സുമൃദഃ കടാഹേ
ദ്രോണോന്മിതേ ഭിഷഗഥാഢകസമ്മിതാം ച
ശുദ്ധാം സിതാം ച ഖലു പ്രസ്ഥമിതേന ശുണ്ഠ്യാ
പ്രസ്ഥാൎദ്ധയാ കുഡുബമാരിച ചൂൎണ്ണയുക്താം. ൩൮

പലദ്വയേനാപി കണാഭവേന
ദ്വശേധന ധേനോരപി ചാജ്യകേന
പചേത്തു ദൎവ്യാ ഖലു ദാരുമയ്യാ
പ്രചാലയേത്തദ്ധി ഘനം വിലോക്യ. ൩൯

ഭൂമൌ വതാൎദ്ധാത്ര രജസ്യമീഷാം
കുസ്തുംബരീജീരകചിത്രകാനാം
തപങ്മുസ്തകഗ്രന്ഥികപത്രകാനാം
ലവങ്ഗജാതീഫലകേസരാണാം. ൪൦

ഏലാബൃഹജ്ജീരകസംയുതാനാം
പൃഥക് പൃഥക് ചാപി പലോന്മിതാനാം

സിദ്ധേത്ര ശീതേ മധുനാർദ്ധഭാഗം ച
ദദ്യാൽ പ്രദദ്യാദ് ദ്വിപലം ച തസ്യ
യോ ഭക്ഷയേദ് ഭോജനതോ നരോऽഗ്രേ-
യഥാനലം വാശ്വസമോ രതേ സ്യാൽ.
നിത്യം നിരാമയകരോ ഗ്രഹണീപ്രഹർത്താ
ശ്വാസാപഹോ ഹ്യതികാസവിനാശനശ്ച
രക്താദിപിത്തശമനോऽമ്ലപദാദിപിത്ത-
ഹന്താ ഗദസ്യ വനിതാരമണേ പ്രശസ്തഃ. ൨൧

പഴുത്തമാങ്ങയുടെ നീരു പന്ത്രണ്ടു ഇടങ്ങഴി എടുത്തു ഒരു കലത്തിൽ ആക്കി നാലിടങ്ങഴി പഞ്ചസാര ചുക്ക് ഒരു പലം നല്ലമുളകിൻപൊടി നാഴി, തിപ്പലിപ്പൊടി രണ്ടുപലം ഇവ എല്ലാംകൂടി ചേർത്തു ഒരു ഇടങ്ങഴി പശുവിൻനെയ്യും ചേർത്ത് അടുപ്പത്തുവച്ചു മരച്ചട്ടകംകൊണ്ടു ഇളക്കി കൊഴുത്താൽ വാങ്ങിവച്ചു കൊത്തമ്പാലരി ജീരകം ചെറുതേൻ ഇവ ഓരോന്നു മൂന്നു ങ്ങ കാട്ടുതിപ്പലിവേര് പച്ചില ഏലം ചുക്ക് കറിക്കാ നാഗപ്പൂവ് ഏലത്തരി വാലിയജീരകം ഇവ ഓരോന്നും കാൽപലംവീതം പൊടിച്ചു ചേർത്ത് ആറിയാൽ ഇടങ്ങഴി തേൻകൂടി ചേർത്ത് അഗ്നിബലംപോലെ ഉപയോഗിക്കണം സേവിക്കുക; അതിനാൽ കാതിരസ്കൂ തുടങ്ങിയ ... ശ്വാസം, അരുചി, ക്ഷയം, രക്തപിത്തം അമ്ലപിത്തം ഇവയും ശമിക്കും.

അന്യയോഗം.

ചൂർണ്ണം ഗോക്ഷുരസം ഭവം ധാത്രീഫല
ഹരീതകീ ...
ഭൂതം ഖണ്ഡമധുപ്ലുതം പ്രശമയേൽ
ഷാണ്ഡ്യം നരാണാം ധ്രുവം
യദ്യാന്തം ബഹുധാ സുവൈദ്യകഥിത
ദ്രവ്യൌഷധീനാം സദാ
ജ്ഞാനാദാദരതോ നിരന്തരമിദം
സംസേവനാൽ സംഭവം. ൨൨

ഞെരിഞ്ഞിൽ പൊടിച്ച് അതിൻപാലിൽ പാകംചെയ്ത് തേനും കൽക്കണ്ടവും (പഞ്ചസാരയുമാകാം) ചേർത്ത് ഉപയോഗിക്കുക; നരന്മാർക്കുണ്ടാകുന്ന നപുംസകത്വം ശമിക്കും.

മഹാസുഗന്ധിതൈലം.

കർപ്പൂരാഗരുചോചപത്രനളികാനാകേശരടീധാതകീ-
പുഷ്പൈഃ സപ്തദളൈലവാലുസരളൈഃ ശൈലേയമാംസീപ്ലവൈഃ

ഏലാകുങ്കുമരോചനാദമനകൈഃ ശ്രീവാസജാതീഫലൈഃ
കങ്കോലക്രമുകോച്ചടാമദമുരാകാന്താഹരിദ്രാദ്വയൈഃ. ൨൪

ബാലോശീരഹരേണുകാമലയജസ്ഥൌണേയചണ്ഡാനകൈ-
ജ്ജാതീകോശകുളീരപത്മകനതൈഃ സ്പൃക്കാനഖൈഃ പാലി
കൈഃ
ലാക്ഷാഖ്യാദിയാജനവല്ലിലോധ്രസഹിതൈസ്തൈലം വിപാച്യാഗ്നികം
തൈലാഭ്യക്തതനുർജ്ജരന്നപി ഭവേൽ സ്ത്രീണാം പരം വല്ലഭഃ. ൨൫

ശുക്ലാഢ്യോ ദ്യുതിമാനനല്പതനയഃ ഷണ്ഡോऽപി രത്യുൽസുകോ
വന്ധ്യാ ഗർഭവതീ ഭവേദപി തഥാ വൃദ്ധോऽപി സൂതേ സുതം
കണ്ഡൂസേചദവിചർച്ചികാമലഹരം ദൌർഗ്ഗന്ധ്യകുഷ്ഠാപഹം
അശ്വിഭ്യാം പരികീർത്തിതം ബഹുഗുണം തൈലം സുഗന്ധം മഹൽ.

കർപ്പൂരം അകിൽ ഏലവങ്ങം പച്ചില പവിഴക്കൊടി കോലരക്ക കച്ചോലം താതിരിപ്പൂവ് ഏഴിലമ്പാലത്തൊലി ഏലാവാലുകം ചരളം ചെലേയം മാഞ്ചി ഗന്ധതൃണം ഏലത്തരി കുങ്കുമം ഗോരോചന മക്കിപ്പൂവ് തിരുവട്ടപ്പശ ജാതിക്ക തക്കോലപ്പുട്ടിൽ കമുകിൻവേര് കീഴാനെല്ലി കസ്തൂരി മുരാമാഞ്ചി പേരേലം കരയാമ്പൂവ് കൊട്ടം ഇളയരാമച്ചം അരേണുകം ചന്ദനം തുണീയാങ്കം ചണ്ണക്കിഴങ്ങ് അസുരനാരം പിച്ചകമൊട്ട് ഞണ്ടിൻമാംസം പത്മുകം തകരം ചോനകപ്പുല്ല് കോലരക്ക മഞ്ചട്ടി പാച്ചോററിത്തൊലി ഇരുവേലി ഇവ ഓരോപലം (൧൨ കഴഞ്ചു)വീതം കല്ക്കമായി നാലിടങ്ങഴി എണ്ണകാച്ചി തേക്കുക. ഈ തൈലം മുടങ്ങാതെ തേച്ചാൽ വൃദ്ധനും യുവാവായി സ്ത്രീവല്ലഭനായും ശുക്ലാഢ്യനായും തീരും. അവനു വളരെ പുത്രന്മാരുണ്ടാകും. പ്രസവിക്കാത്തവൾ പ്രസവിക്കും. ചൊറിച്ചിൽ, വിയപ്പ്, മലം, ദുർഗ്ഗന്ധം, കുഷ്ഠം ഇവയുമില്ലാതാകും.

അന്യയോഗം.

ബീജാനി വൈദ്യഃ കപികച്ഛുജാനി
പ്രസ്ഥൈകഗവ്യേ പയസി പ്രകാമം
സംസ്വേദ്യ താവൽ കുഡുബോന്മിതാനി
യാവത്തു തദ്വല്ക്കലമാർദ്രവതാം. ൨൬

വിധായ പിഷ്ടീമഥ നിസ്തുഷാണാം
വൈദ്യോ ഗവീഹവ്യസുസിദ്ധഭൃതഃ
ലേഹ്യശ്ച ഖണ്ഡദ്വിഗുണൈശ്ച പാകൈഃ
പുനസ്ത താമാക്ഷികചൂർണ്ണപാത്രേ. ൨൭

നിധായ താമ്രാമപി വാസരാണാം
മിതാമഥൈകാം തു നരഃ പ്രഭാതേ
സായം സമശ്നാതി പയോന്നപാനൈഃ
സോശീതിവർഷം പ്രമിതായുരേവ. ൮൯

നാഴി നായ്ക്കുരണയരി ഇടങ്ങഴി പശുവിൻപാലിൽ പാകം ചെയ്ത് അരിയുടെ തൊലിക്ക മാർദ്ദവം വന്നാൽ തൊലികളഞ്ഞ് അരച്ച് കൽക്കമായി നെയ്യുകാച്ചി നെയ്യിൽ ഇരട്ടി പഞ്ചസാര ചേർത്ത് അറിയതിനുശേഷം തേൻ നിറച്ചുവച്ചിരിക്കുന്ന പാത്രത്തിൽ ഇട്ട് ൧൦ ഉഴുന്നിൻപ്രമാണം പ്രാതഃകാലത്തിലും വൈകുന്നേരവും സേവിക്കുക; പാൽ അന്നപാനാദികളിൽ ഉപയോഗിക്കണം. ഇങ്ങിനെ ചെയ്താൽ ൮൦ വർഷം ജീവിച്ചിരിക്കും.

വിദാരികാദിഘൃതം.

ദശഗുണപ്രമിതേ ച വിദാരികാ-
സ്വരസകേ ഘൃതമേകഗുണം പചേൽ
ശതഗുണേऽഥ പയസ്യഥവാ ഗവാം
പ്രഥമസാധിതമേവ വിസാധയേൽ. ൯൦

പയസ ഏവ തു പാദമിതേന തൽ
പരിപചേദ്ധരഖണ്ഡരസേന ച
അപി ഘൃതാദഥ പാദമിതൈകൃതൈ-
ർമ്മധുഭിരത്ര സമൈഃ പുനരംശകൈഃ. ൯൧

മഗധജാശതപാദികയാന്വിതാ
സമസകൃൽ പരിപാച്യ ച മോദകാൻ
ഭിഷഗതോ വരമാനമിതാനിമാൻ
ഭജതി താൻ പ്രമദാഃ പ്രഭജേന്നരഃ. ൯൨

പത്തിരട്ടി പാൽമുതക്കിൻനീരിലോ അല്ലെങ്കിൽ നൂറിരട്ടി പാലിലോ ഇടങ്ങഴി നെയ്യ് ചേർത്ത് പാകം ചെയ്ത് നാലിലൊന്നാക്കി നെയ്യുടെ നാലിലൊന്നു കൽക്കണ്ടവും നാലിലൊന്നു നെല്ലിക്കാനീരും മുളനെല്ല് തിപ്പലി അമുക്കുരം ഇവ പൊടിച്ച പൊടിയും ചേർത്ത് അറിയാൽ നെയ്യുസമം തേനൊഴിച്ച് പലപ്രാവശ്യം പചിച്ച് മോദകമാക്കി ഉപയോഗിക്കുക; ഇങ്ങിനെ സ്ത്രീകളെ പ്രാപിക്കത്തക്ക വീര്യവൃദ്ധി ഉണ്ടാകും.

അന്യയോഗം.

ഭിഷഗ്വരീഗർഭഗതം ശൃതം ച
ദുഗ്ദ്ധേ ഗവീനാം വിപചേച്ച താവൽ

ദിക്സമ്മിതോ യാവദലം വിപക്വം
സശർക്കരം മാക്ഷികപിപ്പലീഭ്യാം. ൯൩

വൃഷ്യം വിശേഷാദനരം നരം ച
കുര്യാൽ പ്രയുക്തം ബഹുകാമിനീനാം
ഭോക്താരമാറിഷ്ടകൃതപുത്രജാതം
വൃദ്ധം പ്രകുര്യാത്തരുണീരിരംസും. ൯൪

ശതാവരിനീരും അതിന്റെ പത്തിരട്ടി പശുവിൻപാലുംകൂടി ചേർത്ത് പചിച്ച് പാകമാകുമ്പോൾ പഞ്ചസാര തിപ്പലി ഇവയും ചേർത്ത് അറിയാൽ തേനും ചേർത്ത് സേവിക്കുക; വളരെ കാമിനികളെ അനുഭവിക്കത്തക്ക ശുക്ലവൃദ്ധിയും പുത്രന്മാരും ഉണ്ടാകും.

കാമദേവഘൃതം.

തുരംഗഗന്ധാത്രിഫലാപലാനാം
ശതം തദർദ്ധം പലം ഗോക്ഷുരാണാം
ശതാവരീനാഗബലാമൃതാനാം
മശ്വത്ഥശൃംഗാംബുജബീജമാഷൈഃ. ൯൫

പുനർന്നവാകാശ്മരികാപലാനാം
സമം തദാ തദ്ദശകം പലാനാം
വൈദ്യഃ പൃഥക് ദ്രോണചതുഷ്ടവാരി-
ണ്യാപാച്യ ശേഷേംബുനി ദ്രോണമാത്രേ. ൯൬

ദ്രാക്ഷാകണാപത്മകകുഷ്ഠനാഗ-
പുഷ്പാത്മഗുപ്താഫലപത്മകാനാം
കചന്ദനേനാപി ച ജീവനീയ-
ഗണേന നീലോല്പലകേസരാണാം. ൯൭

പ്രദാപയേൽ കർഷസമാനമീഷാം
ഭാഗാൻ പൃഥക് ഖണ്ഡപലദ്വയം ച
പൌണ്ഡ്രേക്ഷുനീരാഢകസംയുതം ഗോ-
ഹവ്യം തു പ്രസ്ഥപ്രമിതം പയോഭിഃ.

ഗവാം ചതുർഭാഗമിതൈശ്ച സമ്യക്
സംപാചയേൽ കാമദേവാഖ്യഹവ്യം
സരക്തപിത്തക്ഷതവാതരക്ത-
ഹലീമകാരോചകപാണ്ഡുരോഗാൻ. ൯൮

സ്വരക്ഷയം യത്തനുവർണ്ണഭേദം
മൂത്രസ്യ കൃച്ഛ്രം ഖലു പാർശ്വശൂലം

ഉരോവിദാഹം വിനിഹന്തി സദ്യഃ
സേവ്യോ നൃപാണാം പ്രമദാപ്രിയാണാം. ൩൯

ബഹ്വന്തഃപുരചാരിണാം ച ധനിനാം
രാജ്ഞാം പരം പുഷ്ടിദം
മേധാശുക്ലവിവർദ്ധനം ബലകരം
തേജസ്കരം ബൃംഹണം
സർവ്വേഷാം ച രസായനം ഹി പരിമം
ശ്രീകാമദേവം ഘൃതം
നൄണാം ദുർബ്ബലതാഹരം ത്വചിരേണ ജലമു-
ഗ്ധാരാഢ്യമാണാം ധ്രുതം. ൪൦

അമുക്കുരം ആറുപലം ഞെരിഞ്ഞിൽ നാലു പലം ശതാവരി വലിയ കുറുന്തോട്ടിവേരു ഓരില മൂവില മൊട്ടു താമരയരി ഉഴുന്നു അമിഴാമ പുഷ്കരമൂലം ഇവ പത്തുപലംവീതം നാലു ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു് ഒന്ന ഇടങ്ങഴിയാക്കി പിന്നെയും പചിച്ചു പാകമാകുമ്പോൾ മുന്തിരിങ്ങാപ്പഴം തിപ്പലി പതുമുകം കൊട്ടം നാഗപ്പൂവു നായ്ക്കുരണ്ണവി കാകോളി രക്തചന്ദനം കാകോളി ക്ഷീരകാകോളി മേദ മഹാമേദ ജീവകം ഇടവകം അടപതിയൻകിഴങ്ങു കാട്ടുഴുന്നു കാട്ടുചെറു ഇരട്ടിമധുരം കരിംകുറുളക്കിഴങ്ങു താമരവല്ലി ഇവ മൂന്നുകഴഞ്ചുവീതം കല്ക്കണ്ടം രണ്ടുപലം, പുണ്ഡരീകക്കരിമ്പിൻനീരു ൨ ഇടങ്ങഴി, പശുവിൻനെയ്യ് ഒരിടങ്ങഴി, ൨ ഇടങ്ങഴി പശുവിൻപാൽ ഇവയുംചേർത്തു പാകമാക്കി ഉപയോഗിക്കുക; രക്തപിത്തം മുതലായി ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന സകല രോഗങ്ങളും ശമിക്കും. ശുക്ലവൃദ്ധി, ബുദ്ധി, തേജസ്സ്, ഇവയുമുണ്ടാകും. ഇതു് ബൃംഹണവുമാകുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
വാജീകരണം എന്ന
൫൨-ാം സ്ഥാനകം കഴിഞ്ഞു.

അഥ ത്രിപഞ്ചാശസ്ഥാനകഃ.

രസായനാധികാരഃ.

ശുണ്ഠ്യാജാജീപത്ഥ്യാകല്കം യദി യോ ഭുംക്തേ ഭോജ്യസ്യാദൌ
ജലമേവാസൌ നാനാദേശേ സഹതേ നിത്യം പീതം ഭൂരി. ൧

ചുക്കു് അയമോദകം കടുക്ക ഇവ അരച്ചു് ഊണിന്റെ ആദ്യം സേവിച്ചാൽ നാനാദേശങ്ങളിലെ വെള്ളം കുടിച്ചാലുണ്ടാകുന്ന ദോഷം ശമിക്കും.

നാഗരങ്ഗഫലമാതപശുഷ്കം
ഖണ്ഡിതം തു തനുചൂർണ്ണിതകർഷം
തസ്യ യോ ഭജതി ചാപി ഗുഡേന
വാതകർമ്മ കുരുതേ ന ജവേന. ൨

നാരങ്ങ മുറിച്ചു് വെയിലത്തുവച്ചുണക്കി ചെറിയ കഷണങ്ങളാക്കി പൊടിച്ചു മൂന്നുകഴഞ്ചുവീതം ശർക്കരയിൽ സേവിക്കുക; വാതം ഉണ്ടാകയില്ല.

സിതബലാഭവമൂലമലം ഗവീ-
സുപയസാ സഹ പായസമേവ യഃ
ഭജതി പുഷ്പദിനേ ന ച കന്യയാ
പരിവിനിർമ്മിതമേവ സദാ യുവാ. ൩

വെൺകുറുന്തോട്ടിയുടെ വേരും പശുവിൻപാലുംകൂടി വസന്തകാലത്തിൽ കന്യകയാൽ നിർമ്മിതമായ പായസത്തെ ഭുജിച്ചാൽ എന്നും യുവാവായിരിക്കും.

ദേവദാരുരജനീദ്വയപത്മ-
കേസരൈശ്ച രചിതോ വരലേപഃ
ദുർഭഗാസ്യ സുഭഗാ പരിദാനാൽ
പ്രേയസീ ഭവതി ചാഥ ധവസ്യ. ൪

ദേവതാരം മഞ്ഞൾ മരമഞ്ഞൾ താമരവല്ലി ഇവ അരച്ചു ദേഹത്തു തേച്ചാൽ ദുർഭഗയായവളും സുഭഗയായിട്ടു ഭർത്താവിനു ഇഷ്ടയായിത്തീരും.

ധൂപനം.

ജംബൂ ജാതീപർണ്ണജകല്കൈർധൂപോ നാരീയോനിപ്രദത്തഃ
യോനൌ യസ്യ സന്തി ച ദോഷാസ്തേ ന സ്യുർഭവതി
വിദോഷാ. ൫

തൊവൽത്തൊലി പിച്ചകത്തില ഇവ അരച്ചു സ്ത്രീകളുടെ യോനിയിൽ പുകച്ചാൽ യോനിയിൽ ഉള്ള സകല ദോഷങ്ങളും ശമിക്കും.

ഉന്മേഷം ഉണ്ടാകുന്നതിന്.

യഷ്ട്യാശ്വഗന്ധാഭവചൂർണ്ണമേകം
സിതായുതം ഗോഘൃതകേന ലേഹി
രസായനം വിനിദ്രാകരിതം വിമൃഢോ
ജാഗർത്തി നിത്യം സകലേന്ദ്രിയാർത്ഥൈഃ. ൬

അമുക്കുരം പൊടിച്ചു പഞ്ചസാരയും ചേർത്തു പശുവിൻനെയ്യിൽ കുഴച്ചു നിത്യവും സേവിക്കുക; സകല ഇന്ദ്രിയങ്ങളിലും ഉന്മേഷം ഉള്ളവനായിത്തീരും.

ഉറക്കം ഉണ്ടാകുന്നതിന്.

യഃ കാകമാചീഭവമൂലമേകം
സൂത്രേണ ബധ്നാതി ശിരഃപ്രദേശേ
രസായനം വിശേഷാൽ ചിരകാലനഷ്ടാം
നിദ്രാം ച തൽകാലമുപൈതി സദ്യഃ. ൭

മണിത്തക്കാളി (കറുന്തക്കാളി)യുടെ വേരു പറിച്ച് ഒരു ചരടിൽ കോർത്തു ശിരസ്സിൽ ബന്ധിക്കുക; വളരെക്കാലമായിട്ട് ഉറക്കമില്ലാത്തവനു തൽക്കാലംതന്നെ ഉറക്കമുണ്ടാകും.

ലിംഗത്തിന് ഉണർച്ചയുണ്ടാകുന്നതിന്.

വജ്രപർണ്ണീ വചാ യാവശൂകൈസ്സമം
സപ്തഗന്ധായുതം കണ്ടകാരീരസൈഃ
ലിംഗലേപഃ കൃതശ്ചേന്നരാണാം സദാ
വാജിലിംഗേന ലിംഗം തഥാ ജായതേ. ൮

വയൽച്ചുള്ളിവരി മൂവിലവേര് വയമ്പ് ചവക്കാരം അമുക്കുരം ഇവ കണ്ടകാരിച്ചുണ്ടയുടെ നീരിൽ അരച്ച് ലിംഗത്തിൽ തേക്കുക; ലിംഗം കുതിരയുടെ ലിംഗംപോലെ ദൃഢമായിത്തീരും.

ജംബീരശുക്തം.

മാഷാഢകം ദ്രോണജലേ വിപക്വ-
മർദ്ധാവശേഷം പടപൂതമേഷാം
യൂഷം ത്രിപ്രസ്ഥരസേന ചൈക-
താർദ്രസ്യ നീരേണ രസോന്മിതേന. ൯
സകൃത സംയോജ്യ ദൃഢേ നിധായ

സജാതുരമതൽ ഘൃതവസ്തിതൈലാ-
ദിഷേവ യോജ്യം ജഠരാഗ്നിവൃദ്ധ്യൈ. ൧൦
പക്വസ്യ ജംബീരഫലസ്യ നീരം
സമാക്ഷികം മാക്ഷികപാത്രമദ്ധ്യം
മാസം കണാഭിസ്സഹധാന്യരാശൌ
സംധാനിതം ജാതരസം തഥാ സ്യാൽ. ൧൧

നാലിടങ്ങഴി ഉഴുന്ന് പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ച് എട്ടിടങ്ങഴിയാക്കി ഒരു മുണ്ടിൽ അരിച്ചെടുത്ത് മൂന്നിടങ്ങഴി കരിമ്പിൻനീരും അത്രയും ഇഞ്ചിനീരും ചേർത്ത് ഒരു പാത്രത്തിലാക്കി വച്ചിരുന്ന് നെയ്യിലോ എണ്ണയിലോ വസ്തി ചെയ്യുന്നതിലോ ഉപയോഗിക്കുക; പഴുത്ത ചെറുനാരങ്ങാനീരിൽ തിപ്പലിപ്പൊടിയും തേനും ചേർത്ത് ഒരുമാസം നെല്ലിനകത്തു കുഴിച്ചുവച്ചിരുന്ന് എടുത്ത് ഉപയോഗിക്കുക; അഗ്നിവൃദ്ധി ഉണ്ടാകും.

ഗുഡശുക്തം.

ഗുഡമാക്ഷികകാഞ്ജികൈശ്ച തക്രം
ദ്വിഗുണൈശ്ചാപി യഥോത്തരം ക്രമേണ
സകലൈസ്ത്രിദിനാനി ധാന്യരാശൌ
ഗുഡശുക്തം പ്രഭവേച്ച സന്നിധാനാൽ. ൧൨

ശക്കര തേൻ കാടി മോര് ഇവ ക്രമേണ ദ്വിഗുണമായി യോജിപ്പിച്ച്, എല്ലാംകൂടി മൂന്നുദിവസം നെല്ലിൽ കുഴിച്ചു വച്ചിരുന്ന് ഉപയോഗിക്കുക; ഇതിന് ഗുഡശുക്തം എന്നു പേർ.

കണാക്ഷീരസിദ്ധം ഘൃതം മേഹവൈദ്യ-
ന്നിരുക്തം തഥാ സർവ്വരോഗാപഹാരി
ഹരിദ്രാദ്വയേനാപി കാളീയകേന
സുസിദ്ധം ഘൃതം കാമലാരോഗഹാരി. ൧൩

തിപ്പലി കല്ക്കമായി പാലും ചേർത്തു നെയ്യുകാച്ചി സേവിക്കുക; സകല രോഗങ്ങളും ശമിക്കും. മഞ്ഞൾ മരമഞ്ഞൾ മഞ്ഞച്ചന്ദനം ഇവ കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; പിത്തകാമലാരോഗം ശമിക്കും.

ഗുഗ്ഗുലുരസായനം.

ത്രിഫലാസനഗോക്ഷുരാദ്യൈസ്തു
ഖദിരവ്യാസയുതൈശ്ച ഭൃംഗരാജൈഃ
കഥിതൈർവസുഭാഗവാരിഭിശ്ച
പടപൂതക്വഥിതേത്ര പാദശേഷേ. ൧൪

പുരമത്ര പലൈശ്ച ത്രിംശദ്ഭാ
മധുനാ ഹവ്യയുതം പര ചൂർണ്ണ തൽ
ബലവർണ്ണകരം രസായനം വാ-
പ്യശിതം വീര്യകരം വയോധികേഽപി ൧൫

ത്രിഫല രേവങ്ങരാതൽ ഞെരിഞ്ഞിൽ അമൃത് കരിങ്ങാലി ക്കാതൽ ഇവ എട്ടിടങ്ങഴി വെള്ളത്തിൽ കഷായം വച്ച് ൨ ഇട ങ്ങഴിയാക്കി അരിച്ചെടുത്ത്, ൩൦ പലം ശുദ്ധിചെയ്ത ഗുഗ്ഗുലുവും നെയ്യും കയ്യോന്നിനീരും ചേർത്ത് പാകമാകുമ്പോൾ വാങ്ങി ആ റിയാൽ തേനും ചേർത്ത് സേവിക്കുക; വയസ്സധികം ഉള്ളവനും ബ ലം, നിറം ഇവയുണ്ടാകും.

ഗന്ധകരസായനം. X

ശുദ്ധഗന്ധകപലാനി ച പഞ്ച
ഭൃംഗരാജജരസേന വിഭാവ്യ
തത്ത്രിഭാഗതുലിതേന വിവർദ്ധ്യ
ശോഷിതം മധുഹരേണുഘൃതൈശ്ച. ൧൬

ശംഖനേത്രഫലകൈരശിതേ ത-
ന്മാസയുഗ്മമപി വൃദ്ധനരേണ
യൌവനേന ച മദേന ച വീര്യ-
സത്വസാഹസബലൈശ്ച യുതഃ സ്യാൽ. ൧൭

ശുദ്ധിചെയ്ത ഗന്ധകം ൫ പലം, മൂന്നിരട്ടി കയ്യോ ന്നിനീരിൽ ഇട്ട് വെയിലത്തുവച്ചുണക്കി തേൻ അരേണുകം നെയ്യ്, ത്രിഫല ഇവ പൊടിച്ചുചേർത്ത് രണ്ടുമാസം സേവിക്കുക; വൃദ്ധനും കൂടി യുവാവായിത്തീരും. വീര്യവും ബലവും ഉണ്ടാവുകയും ചെയ്യും.

ശതാവരീതാലജടാഗുഡൂചീ-
നാഗശ്രുതിമുണ്ഡനികാദിതുല്യാഃ
ഘൃതേന ലീഢാ ജരഠേന സദ്യഃ
കുര്യാൽ ബലൈശ്വര്യയുതം യുവാനം. ൧൮

ശതാവരിക്കിഴങ്ങ് നിലപ്പനക്കിഴങ്ങ് അമൃതിൻവേറ്റ് മാറാ മ്പിൻകിഴങ്ങ് ശ്രാവണി ഇവ പൊടിച്ച് നെയ്യിൽ സേവിക്കുക; വൃദ്ധനും ബലം, ഐശ്വര്യം, ഇവയോടുകൂടിയവനായിത്തീരും.

ഘൃതേന തൈലേന ജലേന ദുഗ്ദ്ധ-
[illegible] ത്രിഫലാ [illegible]

മാസാൽമാത്രേണ കൃശസ്യ പുഷ്ടിം
കുര്യാദ്യഥാ വാരിദവാര്യശസ്യ. ൧൯

അമുക്കുരം പൊടിച്ച് എണ്ണയിലോ വെള്ളത്തിലോ പാലി ലോ ൧൫ ദിവസം സേവിക്കുക; ചടച്ചവൻ തടിക്കും.

നരഃ സോമരാജീ സമാംശം ച ചൂർണ്ണം
ഗവീദുഗ്ദ്ധയുക്തം ച മാസം പിബേദ്യഃ
ഭവേദസ്ഥിശേഷോഽപി പീവാ സുപുഷ്ടോ
യുവാ വീര്യസത്വോപയുക്തോ ബലാഢ്യഃ. ൨൦

കാർകോകിലരി പൊടിച്ച് പശുവിൻപാലിൽ ഒരു മാസം കുടിക്കുക; അസ്ഥിമാത്രം ശേഷിച്ചവൻ കൂടിയും ദൃഢഗാത്രനായും യുവാവായും വീര്യബലമുള്ളവനായും ഭവിക്കും.

ബുദ്ധിയുണ്ടാവുന്നതിന്.

വൃദ്ധദാരുജജടാഭവചൂർണ്ണം
സപ്തധാ ച ശതമൂലിഭവേന
ഭാവിതം സ്വരസകേന നരാണാം
ഭക്തമാശു വിദധാതി ച മേധാം. ൨൧

മറിക്കുന്നിയുടെ വേരു പൊടിച്ച് ശതാവരിനീരിൽ ഏഴു പ്രാ വശ്യം ഭാവനചെയ്ത് സേവിക്കുക; ബുദ്ധിയുണ്ടാകും.

ഏതദേവ മധുഹവ്യസമം യോ
സപ്തവാസരമതോഽത്തി നരഃ സഃ
ക്ഷീരയൂഷകൃതഭോഷജനസേവീ
കിന്നരൈശ്ച സഹ ഗായതി ഗീതം. ൨൨

മുൻപറഞ്ഞ പൊടി നെയ്യുംതേനുംകൂടി ചേർത്ത് ഏഴുദിവ സം സേവിക്കുകയും പാലോ ചാറോ ചേർത്ത ഭക്ഷിക്കുകയും ചെ യ്യുക; പാട്ടു നന്നായിരിക്കും.

അന്യയോഗം.

പീയൂഷബാണോ ഗദനാഗശത്രു-
മാങ്ഗല്യപുഷ്പീകൃമിശത്രുപത്ഥ്യാഃ
ശതാവരീ ചാപി ഘൃതേന ലീഢാ-
സ്ത്രിഭിർദിനൈഃ സംസ്മൃതിബുദ്ധിദാഃ സ്യുഃ. ൨൩

അമൃത് കൊഴിഞ്ഞിൽവേര് കൊട്ടം ചെറുവഴുതിനവേരു ശംഖുപുഷ്പത്തിൻവേര് അമുക്കുരം കൃമിശത്രു കടുക്കാത്തോട് ശത

വരി ഇവ പൊടിച്ച് മൂന്നുദിവസം നെയ്യിൽ സേവിക്കുക; ബുദ്ധി യുണ്ടാകും.

അപരയോഗം.

വിശാലാപഞ്ചാംഗ പ്രഭവാവലേഹ്യം പസുപലം
സിതാഭിഃ സംയുക്തം മുനിപലമിതാഭിഃ പ്രതിദിനം
സിതാഖ്യൈസ്സമധുവ്യൈർമ്മധുഭിരഥ വാ സ്യാദ്ഥ തുലിതൈ-
ഘൃതൈര്യ്യുക്തം മാസത്രയമശിതമേകാധികമിദം. ൨൫

പയോന്നാശീ നിത്യം പ്രഭവതി നാലക്നസ്ഥന ച സദാ
വിമുക്തോടസൌ രോഗൈർജ്ജരമപി താരുണ്യമഭിതഃ
പ്രപന്നോ ബാലാനാമനവരതമാസ്വാദമധുരം
പ്രഭോക്താ ബാലാനാമപി ജനയിതാ പുഷ്ടവപുഷാം. ൨൬

കാട്ടുവെള്ളരി സമൂലം പൂപലം എടുത്തു പൊടിച്ച് പഞ്ചസാര ഏഴുപലം, നെയ്യ് മൂന്നരപ്പലം തേൻ മൂന്നരപ്പലം ഇവയും ചേർത്തു വച്ചിരുന്നു സേവിക്കുക; പാൽചേർത്തുണ്ണുകയും വേണം. എന്നാൽ രോഗങ്ങൾ മാറി നല്ല യൌവനം ഉണ്ടാകും. ഏററവും മധുരമായ ഇതു് ബാലന്മാൎക്കും പുഷ്ടിയെ ഉണ്ടാക്കുന്നതാണ്.

പീയൂഷവാണീശതമൂലികാനാം
വിഡംഗപത്ഥ്യാഗദശംഖിനീനാം
ഘൃതം ഹ്യപാമാൎഗ്ഗയുതം ശ്രുതം ച
വാണീം സുവാണീം വിദധാതി ഭുക്തം. ൨൭

അമൃതു് ബ്രഹ്മി ശതാവരി വിഴാലരി കടുക്കാത്തോടു് കൊട്ടം ശംഖുപുഷ്പത്തിൻവേരു് ചെറുകടലാടവേരു് ഇവ കല്ക്കമായി നെയ്യു കാച്ചി സേവിക്കുക; വാക്കിനു ശുദ്ധിയുണ്ടാകും.

ബ്രാഹ്മീഘൃതം.

ബ്രാഹ്മീസമൂലാമുപഗൃഹ്യ നീരൈഃ
പ്രക്ഷാളയിത്വാ സ്വരസൈശ്ച തസ്യാഃ
ഉലൂഖലേ ക്ഷുണ്ണതരാം വിധായ
വസ്ത്രേണ നിഷ്പീഡ്യ തഥാ ഗൃഹീതൈഃ. ൨൮

ചതുർഗ്ഗുണൈഃ പ്രസ്ഥമിതം ഘൃതം ച
സംപാചയേദ്വക്ഷ്യഗണൈഃ സുഭദ്രൈഃ

കണാവചാസൈന്ധവശങ്ഖശത്രു-
ഖണ്ഡ്വാദികാനാമപി കാൎഷികാഷം
പ്രദായ സിദ്ധം ചെലു പ്രാശിതം തൽ
വാഗ്ബുദ്ധിവൃദ്ധിം സ്മൃതിമാശു ദദ്യാൽ. ൨൯

കുഷ്ഠാനി ചാർശാംസി നിഹന്തി ഗുല്മാൻ
കാസാൻ പ്രമേഹാനപി വീൎയ്യവൃദ്ധിം
കുൎയ്യാന്നരാണാമപി യോഷിതാം തു
വന്ധ്യാത്വമുന്മോച്യ പ്രസൂതിമുഗ്രം. ൩൦

ബ്രഹ്മി സമൂലം പറിച്ചെടുത്തു കഴുകി ഉരലിലിട്ടു ചതച്ചു് നീരെടുത്തു്, നാലിടങ്ങഴി നീരും എടങ്ങഴി നെയ്യും ചേൎത്തു മഞ്ഞൾ ത്രികോല്പക്കൊന്ന, കൊട്ടം കടുക്കാത്തോടു് നെല്ലിക്ക ഇവ ഓരോ പലം വീതം. തിപ്പലി വയമ്പു് ഇന്തുപ്പു് വിഴാലരി കൽക്കണ്ടം ഇവ മുമ്മൂന്നു കഴഞ്ചുവീതം കല്ക്കം ചേൎത്തു് കാച്ചിയെടുത്തു് സേവിക്കുക; വാക്കു്, ബുദ്ധി, ഓൎമ്മ ഇവ വൎദ്ധിക്കും. ഇതുകൂടാതെ കുഷ്ഠം, അർശസ്സു്, ഗുല്മം, ചുമ, പ്രമേഹം ഈ രോഗങ്ങളും ശമിക്കും. വീൎയ്യവൃദ്ധി ഉണ്ടാകും. പ്രസവിക്കാത്ത സ്ത്രീകൾ പ്രസവിക്കുകയും ചെയ്യും.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ രസായനാധികാരം എന്ന ൫൩-ാം സ്തബകം കഴിഞ്ഞു.

അഥ ചതുഷ്പഞ്ചാശസ്തബകം.

മിശ്രപ്രകരണം.

ത്രിഫലയും അതിൻെറ ഗുണങ്ങളും.

ഏകാശിവാഭീതയുഗം ത്രയം ച
ധാത്ര്യാഃ സുവൈദ്യൈ “സ്ത്രിഫലാ” നിരുക്താ
സേയം ച നേത്രാമയമേഹരോഗാ-
ന്ന്യാം ജ്വരാദീംശ്ച നിരാകരോതി. ൧

കടുക്ക താന്നിക്ക നെല്ലിക്ക ഇവ മൂന്നും കൂടിയതിനു് ത്രിഫല എന്നു പേർ. ഈ ത്രിഫല നേത്രരോഗം, പ്രമേഹം, ജ്വരാദികളായ മററു രോഗങ്ങൾ, ഇവയെ ഇല്ലാതാക്കും.

ത്രികടുവും അതിൻെറ ഗുണങ്ങളും.

ജഗദ്ദൂഷണലാലുചവ്യാദിസ് ത്ര്യൂഷണമേഹി ൨
...ദീപനമേതദ്ഭവതി.

ചുക്കു മുളകു ചെറുതിപ്പലി ഇവയ്ക്കു ത്ര്യൂഷണം(ത്രികടു)എന്നു പേർ. ഇതു് കഫം, പീനസം ഈ രോഗങ്ങളെ ശമിപ്പിക്കും. ദീപനവുമാണ്.

പഞ്ചകോലവും തൽഗുണങ്ങളും.

കണാകണാമൂല്യഗ്നിജഗച്ചവ്യാഭിഃ
സപഞ്ചകോലോ രുചിവഹ്നികാരീ
സംപാചകശ്ചോഷണസംയുതോƒയം
ഷട്കോല ഉക്തോƒതിവിവർദ്ധനോƒത്ര. ൯

തിപ്പലി കാട്ടുതിപ്പലിവേരു കൊടുവേലിക്കിഴങ്ങു കാട്ടുമുളകിൻവേരു ഇവ അഞ്ചും കൂടിയതിന് പഞ്ചകോലം എന്നുപേർ. ഇതു് രുചി, അഗ്നി ഇവയെ ഉണ്ടാക്കും. പഞ്ചകോലത്തിന്റെ കൂടെ നല്ലമുളകുകൂടി ചേർത്താൽ ഷട്കോല (ഷഡൂഷണ)മെന്നു പേർ. ഈ ഷട്കോലം ഏററവും അഗ്നിവർദ്ധനമാണ്.

ത്രിസുഗന്ധവും ചതുർജ്ജാതവും.

ഗജകേസരദളവല്ക്കലമേതദവേഹി
ത്രിസുഗന്ധികമേവാവച്ചതുർജ്ജാതമവേഹി. ൧൦

നാഗപ്പൂവു പച്ചില ഇലവർങ്ഗം ഇവയ്ക്കു "ത്രിസുഗന്ധി" എന്നുപേർ. ഇവയോടു ഏലത്തരികൂടി ചേർത്താൽ "ചതുർജ്ജാത"മെന്നു പറയും.

ജീവനീയഗണവും തൽഗുണങ്ങളും.

കാകോളീ ക്ഷീരകാകോളീ ജീവകർഷഭമേദാ
മഹാമേദാ ജീവന്തീ മധുകമുദ്ഗപർണ്ണീ
മാഷപർണ്ണ്യ ഇതി ദിങ്മിതൈർജ്ജീവനീയഗണഃ
സ്വാദുർഗർഭസന്ധാനകൃൽ സ്തന്യകൃൽ ബൃംഹണോ
വൃഷ്യഃ സ്നിഗ്ദ്ധഃ ശീതസ്തൃട്ക്ഷരക്തപിത്തക്ഷത-
ശോഷജ്വരദാഹാനിലാപഹഃ. ൧൧

കാകോളി ക്ഷീരകാകോളി ജീവകം ഇടവകം മേദ മഹാമേദ അടപതിയൻകിഴങ്ങു ഇരട്ടിമധുരം കാട്ടുപയറു കാട്ടുഴുന്നു ഇവ പത്തുകൾക്കുംകൂടി "ജീവനീയഗണം" എന്നുപേർ. ഇതു്, മധുരരസവും ഗർഭത്തെ സന്ധിപ്പിക്കുന്നതും മുലപ്പാലിനെ ഉണ്ടാക്കുന്നതും ബൃംഹണവും (തടിപ്പിക്കുന്നതും) ശുക്ലവൃദ്ധികരവും സ്നിഗ്ദ്ധവും ശീതഗുണവും തണ്ണീർദാഹം, രക്തപിത്തം, ക്ഷതം, ശോഷം, ജ്വരം, ചൂടു്, വാതം ഇവയെ ശമിപ്പിക്കുന്നതും ആകുന്നു. മേദ മഹാമേദ കാകോളി ക്ഷീരകാകോളി ജീവകം ഇടവകം ഋദ്ധി വൃദ്ധി ഇവയ്ക്കു് അഷ്ടകവർഗ്ഗം എന്നുപേർ. ഗുണം ജീവനീയഗണംപോലെ.

ക്ഷീരിവൃക്ഷങ്ങൾ.

ഉദുംബരോ വടോƒശ്വത്ഥോ വേതസഃ പ്ലക്ഷ ഏവ ച
പഞ്ചൈതേ ക്ഷീരിണോ വൃക്ഷാസ്തേഷാമാദ്യാ സമുദാഹൃതാഃ. ൧൨

അത്തി പേരാൽ അരയാൽ ഇത്തി ആററുവഞ്ചി ഇവ "ക്ഷീരിവൃക്ഷ"ങ്ങളാണ്. ഇവയിൽ ആദ്യത്തെ നാലുകൾക്കു് "നാല്പാമരം" എന്നും പറയും.

ചതുരമ്ലവും പഞ്ചാമ്ലവും.

കോലദാഡിമവൃക്ഷാമ്ലൈരമ്ലവേതസസംയുതൈഃ
ചതുരമ്ലം തു പഞ്ചാമ്ലം മാതുലുംഗസമന്വിതം. ൧൩

ലന്തതാളിമാതളം വാളൻപുളി ഞെരിഞ്ഞാൻപുളി ഇവനാലിനും "ചതുരമ്ല"മെന്നും ഇവ നാലും മാതളനാരങ്ങയുംകൂടി ചേർന്നാൽ പഞ്ചാമ്ലം എന്നും പേർ.

ബൃഹൽപഞ്ചഗവ്യം.

പഞ്ചഗവ്യം ദധിക്ഷീരഘൃതഗോമൂത്രഗോമയൈഃ

തൈരു് പാലു് നെയ്യു് ഗോമൂത്രം ചാണകം ഇവയ്ക്കു് പഞ്ചഗവ്യം എന്നുപേർ.

ലവണവർഗ്ഗം.

സിന്ധുസൌവർച്ചലം ചൈവ വിഡം സാമുദ്രമൌദ്ഭിദം
ഏകദ്വിത്രിചതുഃപഞ്ചലവണാനി ക്രമാദിഹ. ൧൪

ഇന്തുപ്പു് തുവർച്ചിലയുപ്പു്, വിളയുപ്പു് മരക്കലയുപ്പു് ഉവരുപ്പു് ഇവ ലവണവർഗ്ഗം.

പഞ്ചമൂലം ദശമൂലം.

കുമ്പിൾ കൂവളം പാതിരി പലകപ്പയ്യാനി മുഞ്ഞ ഇവ ബൃഹൽപഞ്ചമൂലം. ഓരില മൂവില കറുത്തചുണ്ട വെളുത്തചുണ്ട ഞെരിഞ്ഞിൽ ഇവ ചെറിയ പഞ്ചമൂലം. ഇവരണ്ടും കൂടിയതു് ദശമൂലം.

തൃണപഞ്ചമൂലം.

കുശഃ കാശഃ ശരോ ദർഭഃ ഇക്ഷുശ്ചൈവ തൃണോദ്ഭവം
പഞ്ചതൃണമിദം ഖ്യാതം തൃണാഖ്യം പഞ്ചമൂലകം. ൧൫

കുശ ആററുദർഭ അമ ദർഭ കരിമ്പു് ഇവ അഞ്ചും കൂടിയതു് തൃണപഞ്ചമൂലം.

സർവ്വഗന്ധം.

ചതുർജ്ജാതകകർപ്പൂരകക്കോലാഗുരുശിൽഹകം
ലവങ്ഗസഹിതം [illegible] വിനിർദ്ദിശേൽ. ൧൦

ഏലം ഇലവർങ്ഗം നാഗപ്പൂവ് പച്ചില കർപ്പൂരം തക്കോലം അകിൽ കുന്തുരുക്കം കന്മദം ലവങ്ഗം ഇവയ്ക്കു "സർവ്വഗന്ധം" എന്നപേർ.

കിട്ടാത്ത ഔഷധിക്കു പകരം ചേർക്കേണ്ടവ.

മധ്വഭാവേ ഗുഡോ ജീർണ്ണഃ ശാല്യഭാവേ ച ഷഷ്ടികാ
നതം തഗരമൂലം സ്യാദഭാവേ കുഷ്ഠമേവ ച. ൧൧

തേനിനു പഴയ ശർക്കര, ചെന്നെല്ലിനു ഞവര, തകരത്തിന്നു കൊട്ടം ഇവ പകരമായി ചേർക്കണം.

വൃക്ഷാമ്ലം ദാഡിമാഭാവേ സിതായാഃ ഖണ്ഡമിഷ്യതേ
ചവികാഗജപിപ്പല്യൗ പിപ്പലീമൂലവൽ സ്മൃതൗ. ൧൨

താളിമാതളത്തിനു ഞെരിഞ്ഞാമ്പുളി, പഞ്ചസാരയ്ക്കു കല്ക്കണ്ടം, കാട്ടുമുളകിനും അത്തിത്തിപ്പലിക്കും തിപ്പലീമൂലം; ഇവ പകരമായി ചേർക്കണം.

സൌരാഷ്ട്രമൃദഭാവേ ച ഗ്രാഹ്യാ പങ്കസ്യ പർപ്പടീ
രസാഞ്ജനാപരിപ്രാപ്തൌ ദാർവീക്വാഥഃ പ്രശസ്യതേ. ൧൩

തുവരിമണ്ണിനു പങ്കപർപ്പടി, രസാഞ്ജനത്തിനു മരമഞ്ഞൾ കഷായം ഇവ പകരം ചേർക്കണം.

ലോഹാഭാവേ തു മണ്ഡൂരം ദാവ്യഭാവേ തഥാ നിശാ
സുവർണ്ണരൂപ്യയോഗസ്യാഭാവേ ലോഹം പ്രയോജയേൽ. ൧൪

ലോഹത്തിനു പുരാണകിട്ടം, മരമഞ്ഞളിനു മഞ്ഞൾ, സ്വർണ്ണം വെള്ളി ഇവയ്ക്കു ലോഹം; ഇവ പകരം ചേർക്കണം.

അഭാവാൽ പൌഷ്കരേ മൂലേ കുഷ്ഠം സർവ്വത്ര ഗൃഹ്യതേ
സാമുദ്രം സൈന്ധവാഭാവേ വിഡം വാ ഗൃഹ്യതേ ബുധൈഃ. ൧൫

പുഷ്കരമൂലത്തിനു കൊട്ടം, ഇന്തുപ്പിനു മരക്കലയുപ്പ് അല്ലെങ്കിൽ വിളയുപ്പ് ഇവ പകരമായി ചേർക്കണം.

മേദാഭാവേഽശ്വഗന്ധാ സ്യാൽ മഹാമേദേ തു ശാരിബാ
ജീവകർഷഭകാഭാവേ ഗുഡൂചീ വംശലോചനാ. ൧൬

Dr. SUJAN V.R. M.D(Ay)
Reg. No: 7605
Professor
Dept. of Panchakarma
Ayurveda College Kottakkal

മേദയ്ക്ക് അമുക്കുരം, മഹാമേദയ്ക്കു നറുനീണ്ടി, ജീവകത്തിനു അമൃത്, ഇടവകത്തിനു വംശരോചന (കൂവനൂറ്) ഇവ പകരം ചേർക്കണം.

ഋദ്ധ്യഭാവേ ബലാ ഗ്രാഹ്യാ വൃദ്ധ്യഭാവേ മഹാബലാ
കാകോളീയുഗളാഭാവേ നിക്ഷിപേച്ച ശതാവരീം. ൧൭

ഋദ്ധികു കുറുന്തോട്ടി, വൃദ്ധിക്കു വലിയ കുറുന്തോട്ടി, കാകോളിക്കും ക്ഷീരകാകോളിക്കും ശതാവരി ഇവ പകരം ചേർക്കണം.

യത്ര ച ദ്രവ്യമപ്രാപ്തം ഭേഷജേ പരപൂർവ്വതഃ
ഗ്രാഹ്യം തദ്ഗുണസാമ്യാത്തു ന തത്ര കാപി ദൂഷണം. ൧൮

എവിടെ ഏതു ദ്രവ്യമാണോ കിട്ടാതെ വരുന്നതു്; അവിടെ അതിനു തുല്യഗുണമുള്ള ഔഷധം ചേർക്കുന്നതുകൊണ്ടു് ഒരു ദൂഷ്യവും സംഭവിക്കയില്ല.

ഔഷധലക്ഷണം.

പ്രശസ്തദേശസംഭവം പ്രശസ്തഹസ്തകോദ്ധൃതം
യദല്പകം മഹൽഗുണം സവർണ്ണഗന്ധസദ്രസം
പ്രഭാതകേ ച സത്തിഥൌ സുവാരകേ സമുദ്ധരേ-
ദ്ദരീചിദികപ്രരോഹിതം യഥോക്തയോഗമൃക്ഷകേ. ൧൯

പ്രശസ്തദേശത്തിൽ ഉണ്ടായതും പ്രശസ്തമായ അത്തം നക്ഷത്രത്തിൽ പറിച്ചെടുത്തതും ആയ ഔഷധം അല്പമായാലും മഹൽഗുണമായിരിക്കും. അതതിന്റെ നിറവും ഗന്ധവും രസവും ഉണ്ടായിരിക്കുകയും വേണം. മരുന്നു പറിച്ചെടുക്കുന്നതുതന്നെ പ്രഭാതകാലത്തും, നല്ല തിഥി നല്ല ആഴ്ച ഇവ ഉള്ള ദിവസവും ആണു് ചെയ്യേണ്ടതു്. വടക്കുദിക്കിൽ ഉണ്ടാകുന്ന ഔഷധത്തിനാണു് ഗുണം കൂടുതൽ ഉള്ളതു്.

ഉക്തേ ചന്ദനശബ്ദേ തു ഗൃഹ്യതേ രക്തചന്ദനം
ലവണേ സൈന്ധവം വിദ്യാൽ മൂത്രേ ഗോമൂത്രമിഷ്യതേ. ൨൦

വിശേഷവിധിയില്ലാത്തിടത്തു് ചന്ദനത്തിനു് രക്തചന്ദനവും ലവണത്തിനു് ഇന്തുപ്പും മൂത്രത്തിനു് ഗോമൂത്രവും ചേർത്തുകൊള്ളണം.

ശകൃദ്രസപയഃസർപ്പിഃപ്രയോഗേ ഗവ്യമിഷ്യതേ
വിശേഷോ യത്ര നോക്തഃ സ്യാദേവ യത്ര വിധിഃ സ്മൃതഃ. ൨൧

ചാണകരസം പാൽ നെയ്യ് ഇവയ്ക്കു വിശേഷവിധിയില്ലാത്തിടത്ത് പശുവിന്റേതാണ ചേർക്കേണ്ടത്.

സാരഃ സ്യാൽ ഖദിരാദീനാം നിംബാദീനാം ത്വചസ്തഥാ
ഫലം തു ദാഡിമാദീനാം പടോലാദേഃ ദളം സ്തഥാ. ൨൩

ഖദിരാദികളുടെ കാതലും നിംബാദികളുടെ തൊലിയും ദാഡിമാദികളുടെ കായും പടോലാദികളുടെ ഇലയും ആണ് ചേർക്കേണ്ടത്.

മൂലം ചിത്രകജം ച സൂരണഭവഃ കന്ദോ [illegible] നിംബഛദം
വാശായാശ്ച ഫലാനി ചൈവ ത്രിഫലാജാതാനി പുഷ്പാണ്യഥോ
ധാതക്യാദിഭവാനി ചൈവ [illegible] ചിർ ഖാദിരഃ
ബാലം വില്വഫലം ച പക്വമുദിതം സ്യാദ്ദാഡിമോത്ഥം ഫലം.

ആവണക്കിന്റെ വേരും, കാട്ടുചേനയുടെ കിഴങ്ങും, വേപ്പിന്റെയും ആടലോടകത്തിന്റെയും ഇലയും. കടുക്ക നെല്ലി താന്നി ഇവയുടെ ഫലവും, താതിരിയുടെ പുഷ്പവും, [illegible]യുടെ കാതലും; കൂവളത്തിന്റെ ഇളയകായും മാതളത്തിന്റെ പഴുത്തകായും ഉപയോഗിച്ചുകൊള്ളണം,

വിഡംഗകൃഷ്ണാഗുഡധാന്യഹവ്യ
താംബൂലകാഞ്ജികമധൂൻ വിഹായ
അന്യാനി യോജ്യാനി നവാനി വൈദ്യൈർ-
ദ്രവ്യാണി ശുഷ്കാണി സമസ്തയാനി. ൨൪

വിഴാലരി തിപ്പലി ശർക്കര ധാന്യം നെയ്യ് താംബൂലം കാടി തേൻ ഇവയൊഴിച്ച് ഉള്ള ഔഷധങ്ങളൊക്കെയും പുതിയതു വേണം ഉപയോഗിക്കേണ്ടത്.

പീയൂഷവാശാകുടജാശ്വഗന്ധാ
കൂശ്മാണ്ഡകാദ്യാഃ ശതമൂലികാ[illegible]
ശതപ്രസൂനാ [illegible]
പ്രസാരിണീ ചാദ്ര [illegible]. ൨൫

അമൃത് ആടലോടകം കുടകപ്പാല [illegible] കുമ്പളങ്ങ ശതാവരി ശതപുഷ്പം കരിങ്കുറിഞ്ഞി ഇവ എപ്പോഴും പച്ചയായിത്തന്നെ ഇരിക്കണം.

അംശേऽനുക്തേ ജടാ ഗ്രാഹ്യാ ഭാഗേऽനുക്തേ ത്വഖിലം സമം
പാത്രേऽനുക്തേ മൃദഃ പാത്രം കാലേऽനുക്തേ തു പ്രഹർമുഖം. ൨൬

അവയവം പറയാതിരുന്നാൽ മരുന്നിന്റെ വേരുപയോഗിക്കണം. ഭാഗം പറയാതിരുന്നാൽ എല്ലാ ഭാഗവും, പചിക്കുന്നതിന് പാത്രം പറയാതിരുന്നാൽ മൺപാത്രവും, ഔഷധസേവയുടെ കാലം പറയാതിരുന്നാൽ പ്രഭാതകാലവും ഉപയോഗിക്കണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
മിശ്രപ്രകരണം എന്ന ൫൪-ാം സ്തബകം കഴിഞ്ഞു.

ഉത്തരാർദ്ധം സമാപ്തം.

ശുഭം.

Dr. SUBIN. V.R, M.D(Ay)
Reg. No: 7605
Professor
Dept. Of Panchakarma
VPSV Ayurveda College Kottakkal

ഈ പുസ്തകത്തിന്റെ സർവ്വാവകാശവും കൊല്ലം
വി. വി. പ്രെസ്സ് ഉടമസ്ഥരിൽ ഇരിക്കുന്നു.